# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

2020 ഫെബ്രുവരി 10, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**


എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1298/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും-വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 38

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 38

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 97

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിട്ട 137-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ..546

**III അറിയിപ്പ്**

**IV ഗവർണ്ണറുടെ സന്ദേശം** ..546

**V അടിയന്തരപ്രമേയ നോട്ടീസ്** ..546

**VI ശ്രദ്ധ ക്ഷണിക്കൽ**

(1) സഹകരണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ

– ശ്രീ. രാജു എബ്രഹാം ..547

(2) തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനം

– ശ്രീ. ടി. ജെ. വിനോദ് ..550

**VII സബ്മിഷൻ**

(1) തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

– ശ്രീ. ജി. എസ്. ജയലാൽ ..552

(2) പുതിയപാലത്ത് പാലം നിർമ്മാണം

– ഡോ. എം. കെ. മുനീർ ..554

(3) വില സ്ഥിരതാ പദ്ധതി

– ശ്രീ. കെ. സി. ജോസഫ് ..556

പേജ്

(4) പാലാരിവട്ടം പാലം പുനർനിർമ്മാണം

– ശ്രീ. പി. ടി. തോമസ് ..558

(5) ചേലക്കാട്ടുകുളങ്ങര-വലിയതറക്കടവ് പാലം നിർമ്മാണം

– ശ്രീ. കോവൂർ കുഞ്ഞുമോൻ ..562

(6) കേരള സ്റ്റാമ്പ് ആക്ട്

– ശ്രീ. എം. ഉമ്മർ ..563

(7) റോഡ് നിർമ്മാണം

– ശ്രീ. കെ. യു. ജനീഷ് കുമാർ ..565

(8) കൂലി നൽകുന്നതിലെ കാലതാമസം

– ശ്രീ. സി. കെ. ഹരീന്ദ്രൻ ..566

(9) ചുമർ ചിത്രങ്ങളുടെ സംരക്ഷണം

– ശ്രീ. കെ. സുരേഷ് കുറുപ്പ് ..568

(10) കുടിശ്ശിക നിവാരണം

– ശ്രീ. അനിൽ അക്കര ..569

**VIII ക്രമപ്രശ്നം**

ബഡ്ജറ്റിലെ തിരുത്ത്

– ശ്രീ. എം. ഉമ്മർ ..570

**IX ധനകാര്യം**

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ
സംബന്ധിച്ച പൊതുചർച്ച ..571

**X അടിയന്തരപ്രമേയ ചർച്ച**

കാർഷിക മേഖലയിലെ പ്രതിസന്ധി ..613

**ധനകാര്യം (തുടർച്ച)** ..675

**അനുബന്ധം I&II** ..712&713

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

*2020 ഫെബ്രുവരി 10, തിങ്കൾ*

വാല്യം 179] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2020 ഫെബ്രുവരി മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.........ഓർഡർ ചോദ്യം നമ്പർ *121

*121-ാം നമ്പർ ചോദ്യവുമായി * 133, *138 എന്നീ നമ്പർ ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എ. എൻ. ഷംസീർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് മൂന്ന് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

### വാഹന പരിശോധന കർശനമാക്കുന്നതിന് നടപടി

1 (*121) ശ്രീമതി യു. പ്രതിഭ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. പി. കെ. ശശി:
ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനപ്പെരുപ്പവും റോഡ് സംസ്കാരത്തിന്റെ അഭാവവും റോഡുകളുടെ അവസ്ഥയും കാരണം വാഹനാപകടം വർദ്ധിച്ചുവരികയും 2019-ൽ നാലായിരത്തിലധികം പേർക്ക് ജീവഹാനിയുണ്ടാകുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ ഗതാഗത നിയമലംഘന പരിശോധന കർശനമാക്കാനും വ്യാപിപ്പിക്കാനും മോട്ടോർ വാഹന വകുപ്പ് നടപടിയെടുക്കുമോ;

(ബി) ആധുനികോപകരണങ്ങൾ വാങ്ങാനും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പരിപാടിയുണ്ടോ; നിലവിലുള്ള നിരീക്ഷണ ക്യാമറകൾ പ്രവർത്തനസജ്ജമായി നിലനിർത്താൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) ഹെൽമറ്റ്, സീറ്റ് ബെൽറ്റ് പരിശോധനയ്ക്ക് പ്രാധാന്യം നൽകി വരുന്ന രീതി മാറ്റി അമിത വേഗതയും ഗതാഗത നിയമങ്ങൾ ലംഘിച്ചുകൊണ്ടുള്ള ഡ്രൈവിംഗും കർശനമായി തടയുന്ന തരത്തിൽ പരിശോധന ഫലപ്രദമാക്കുന്നതിനും എന്നാൽ ഇത്തരത്തിലുള്ള പരിശോധന മാന്യമായ രീതിയിൽ ആയിരിക്കുന്നതിനും വേണ്ട ഇടപെടൽ ഉണ്ടാകുമോ;

(ഡി) കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകളിൽ അപകടത്തിന്റെ കാരണം കണ്ടെത്തി അത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ,

(എ) റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണനിരക്കും കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 'സേഫ് കേരള' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഈ 85 സ്ക്വാഡുകളിലായി 85 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഇത്തരം സ്ക്വാഡുകൾ 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്നു.

കേരളത്തിൽ ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ ആധുനികീകരിക്കപ്പെടു ന്നതിന്റെ ഭാഗമായി 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ക്വാഡുകളുടെ സുഗമമായ പ്രവർത്തനത്തിന് 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കുവേണ്ടി പുതിയ ഓഫീസുകൾ തുടങ്ങാനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ ഈ സ്ക്വാഡുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പ് കേരളത്തിലാകമാനം വ്യത്യസ്ത റോഡുകളിലായി 240 ക്യാമറകൾ വിന്യസിച്ചിട്ടുണ്ട്. ഇത്തരം ക്യാമറകളിൽ Red Light Violation, Speed Violation എന്നിവ കണ്ടുപിടിക്കപ്പെടുന്നു. ഇത്തരം ക്യാമറകളുടെ Controlling Station ആയി എറണാകുളത്തും കോഴിക്കോടും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. നാളിതുവരെ ഇതുപ്രകാരം 2047872 ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുകയും 47.81 കോടി രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ട്രാഫിക് നിയമലംഘനങ്ങൾ കുറയ്ക്കുന്നതിലൂടെ മാത്രമേ അപകടനിരക്ക് കുറയ്ക്കാൻ സാധിക്കുകയുള്ളൂ. നിയമലംഘനങ്ങൾക്ക് ശക്തമായ പിഴ ചുമത്തുകയും ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുകയും ചെയ്യുന്നതിലൂടെ ഇത്തരം പ്രവണതകൾ കുറയ്ക്കാൻ സാധിക്കും. 2019-ൽ മോട്ടോർ വാഹന വകുപ്പ് ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ 276584 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അവയിൽ നിന്നായി 33,80,72,125 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ പല കേസ്സുകളിലും തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ 2019-ൽ വിവിധ ട്രാഫിക് നിയമലംഘനങ്ങളിൽ ഉൾപ്പെട്ടവരുടെ 28020 ലൈസൻസുകൾ റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉൾപ്പെടെ നിലവിലുള്ള ആധുനിക ഉപകരണങ്ങൾ കൂടാതെ അമിതവേഗത കണ്ടുപിടിക്കുന്നതിനുള്ള Speed radar, മദ്യപിച്ചവരെ കണ്ടുപിടിക്കുന്നതിന് Alcometer എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിലവിലുള്ള ഇന്റർസെപ്റ്റർ വാഹനങ്ങളിൽ Laser Based Traffic Radar with Integrated Display and Recording, Vehicle Mounted Camera with ANPR System, Breath Analyser with inbuilt printer and Camera, വാഹനങ്ങളുടെ ലൈറ്റുകൾ പരിശോധിക്കാനുള്ള Digital Lux Meter, അമിത ശബ്ദം പരിശോധിക്കുന്നതിനുള്ള Sound Level Meter, ഗ്ലാസിന്റെ Transparency പരിശോധിക്കുന്നതിനുള്ള Transparency Meter, Laptop, Heavy Duty Search Light എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള എല്ലാ ക്യാമറകളും പ്രവർത്തനക്ഷമമാണ്. സ്പീഡ് ക്യാമറകളും റെഡ് ലൈറ്റ് വയലേഷൻ ക്യാമറകളുമാണ് മോട്ടോർ വാഹന വകുപ്പിനുള്ളത്.

(സി) ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടുന്ന അപകടങ്ങളിൽ ഹെൽമറ്റ് ധരിക്കാത്തതുകൊണ്ടാണ് മരണനിരക്ക് ഉയരുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. സീറ്റ് ബെൽറ്റ് ധരിക്കാത്തത് കാറപകടങ്ങളിൽ മരണനിരക്ക് കൂടുന്നതിന് കാരണമാകുന്നു. ആയതിനാൽ ഇക്കാര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങളിൽപ്പെട്ടവയാണ് ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ നിർബന്ധമാക്കുക എന്നത്. ആയതിനാൽ ഇതിന് പ്രാധാന്യം നൽകേണ്ടതുണ്ട്. എന്നാൽ അമിത വേഗത, മറ്റുള്ള ഗതാഗത നിയമലംഘനങ്ങൾ എന്നിവയ്ക്കെതിരെയും മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. Speed violation, Red light violation കണ്ടുപിടിക്കുന്നതിനായി കേരളത്തിലാകമാനം 240 ക്യാമറകൾ വിന്യസിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 17 ഇന്റർസെപ്റ്ററുകളിൽ ഇത്തരം നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള യന്ത്രസംവിധാനങ്ങൾ ഉണ്ട്. ഇത്തരം സംവിധാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ വാഹന ഉടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സാധിക്കും.

(ഡി) 2016-18-ലെ റോഡപകടങ്ങളുടെ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി നാറ്റ്പാകുമായി സഹകരിച്ച് സംസ്ഥാനത്തെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുന്നതിന് പഠനം നടത്തുകയുണ്ടായി. നാറ്റ്പാക് ലഭ്യമാക്കിയ അന്തിമ പഠന റിപ്പോർട്ടിൽ 238 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത 238 ബ്ലാക്ക് സ്പോട്ടിൽ നാഷണൽ ഹൈവേയിൽ കണ്ടെത്തിയ 159 എണ്ണം പരിഹരിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, MoRTH എന്നിവർക്ക് കൈമാറിയിട്ടുണ്ട്. 2013-15-ൽ നടത്തിയ പഠനത്തിലെ ക്രാഷ് ഡാറ്റാ പ്രകാരം കണ്ടെത്തിയ 46 ബ്ലാക്ക് സ്പോട്ടുകൾക്ക് പരിഹാര നടപടി പുരോഗമിച്ചുവരുന്നു. പൊതുമരാമത്ത് (റോഡ്സ്) വകുപ്പിന് ബ്ലാക്ക് സ്പോട്ട് പരിഹാരത്തിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിൽനിന്നും 22.5 കോടി രൂപ (ഇരുപത്തിരണ്ട് കോടി അൻപത് ലക്ഷം രൂപ മാത്രം) കൈമാറുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗ് അംഗീകാരം നൽകുകയും ആയതിന്റെ ആദ്യപടിയായി 6 കോടി രൂപ പൊതുമരാമത്ത് (റോഡ്സ്) വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ മരണ കാരണമായ അപകടങ്ങളും ഗുരുതരമായ അപകടങ്ങളും കൂടുതൽ നടന്ന സ്ഥലങ്ങൾ കണ്ടെത്തി മുൻഗണനാക്രമത്തിൽ അവ പരിഹരിക്കുന്നതിന് നടപടികൾ അതത് റോഡ് Owning Agencies സ്വീകരിച്ചുവരികയാണ്.

**റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി**

2 (*133) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ബി. സത്യൻ:
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരത്തുകളിലുണ്ടാകുന്ന അപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണനിരക്കും ഗണ്യമായി കുറയ്ക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഇതിനായി സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) റോഡപകടങ്ങൾ ഒഴിവാക്കി റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി കഴക്കൂട്ടം മുതൽ അടൂർ വരെ നടപ്പാക്കിവരുന്ന 'മോഡൽ സേഫ് കോറിഡോർ' പദ്ധതി സംസ്ഥാനത്ത് വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) റോഡ് സുരക്ഷയുടെ ഭാഗമായി ഇരുപത്തിനാല് മണിക്കൂറും പട്രോളിംഗ് നടത്തുന്നതിനായി കൂടുതൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുന്നതിനും കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണനിരക്കും കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് നേരത്തെ പറഞ്ഞ ഉത്തരത്തിന്റെ ആവർത്തനമാണ്.

മി. സ്പീക്കർ: കൂടുതലാണെങ്കിൽ മേശപ്പുറത്തുവച്ചാൽ മതി.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മേശപ്പുറത്തുവയ്ക്കാം.

റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ 'സേഫ് കേരള' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി, കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. 85 സ്ക്വാഡുകളിലായി 85 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഇത്തരം സ്ക്വാഡുകൾ എട്ട് മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്നു.

കേരളത്തിൽ ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ ആധുനികീകരിക്കപ്പെടുന്നതിന്റെ ഭാഗമായി 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ ഇന്റർസെപ്റ്റർ വാഹനങ്ങളിലും Laser Based Traffic Radar with Integrated Display and Recording, Vehicle Mounted Analyser with inbuilt printer and Camera, വാഹനങ്ങളുടെ ലൈറ്റുകൾ പരിശോധിക്കാനുള്ള Digital Lux Meter, Sound Level Meter, Transparency Meter, Laptop എന്നിവ കൂടാതെ Heavy Duty Search Light എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്;

ഈ സ്ക്വാഡുകളുടെ സുഗമമായ പ്രവർത്തനത്തിന് 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കുവേണ്ടി പുതിയ ഓഫീസുകൾ തുടങ്ങാനും ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പ് കേരളത്തിലാകമാനം വ്യത്യസ്ത റോഡുകളിലായി 240 ക്യാമറകൾ വിന്യസിച്ചിട്ടുണ്ട്. ഇത്തരം ക്യാമറകൾ Red Light Violation, Speed Violation എന്നിവ കണ്ടുപിടിക്കുന്നു. ഇത്തരം ക്യാമറകളുടെ Controlling Station ആയി എറണാകുളത്തും കോഴിക്കോട്ടും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം കൺട്രോൾ റൂമിൽനിന്നുള്ള ചാർജ്ജ് മെമ്മോ അയയ്ക്കുന്നതടക്കമുള്ള പ്രവൃത്തികൾ ചെയ്യുന്നത് KELTRON എന്ന ഏജൻസിയാണ്. കോഴിക്കോട് കൺട്രോൾ റൂമും KELTRON തന്നെയാണ് കൈകാര്യം ചെയ്യുന്നത്.

ശബരിമല തീർത്ഥാടന കാലത്ത് ഇലവുങ്കൽ എന്ന സ്ഥലം കേന്ദ്രീകരിച്ചു കൊണ്ട് SAFE ZONE എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഈ പ്രോജക്ട് അനുസരിച്ച് ശബരിമലയുടെ 150 km ചുറ്റളവിലുള്ള എല്ലാ റോഡുകളും Mobile Patrolling വഴി അപകടരഹിതമായി നിയന്ത്രിച്ച് വരുന്നു. ഈ പ്രോജക്ട് എല്ലാ വിഭാഗം ആളുകളിൽനിന്നും ഉദ്യോഗസ്ഥരിൽനിന്നും വളരെയധികം പ്രശംസ പിടിച്ചുപറ്റിയിരിക്കുന്ന ഒന്നാണ്. ഈ പ്രോജക്ടിന്റെ കീഴിൽ 18 പട്രോളിംഗ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ വർഷവും നവംബർ 15 മുതൽ ജനുവരി 21-ാം തീയതി വരെയാണ് ഈ പദ്ധതിയുടെ കാലയളവ്. ഈ പദ്ധതിയനുസരിച്ച് അപകടത്തിൽപ്പെടുന്ന തീർത്ഥാടകരുടെ വാഹനങ്ങൾക്ക് ഉടൻതന്നെ സഹായം എത്തിക്കുകയും പരിക്ക് പറ്റിയവരെ ആശുപത്രികളിൽ എത്തിക്കുകയും ചെയ്യുന്നു. ഇതിനായി Ambulance, Crane, വിവിധ കമ്പനികളുടെ സർവ്വീസ് സെന്ററുകൾ മുതലായ സൗകര്യങ്ങൾ 24 മണിക്കൂറും ലഭ്യമാക്കിയിട്ടുണ്ട്.

സുപ്രീംകോടതി നിയോഗിച്ച Supreme Court Committee on Road Safety-യുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അപകടത്തിൽ കുറ്റക്കാരാണെന്ന് തെളിയുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്തുവരുന്നു. കൂടാതെ അപകടകരമായ ഡ്രൈവിംഗ്, മൊബൈൽ ഫോണിന്റെ ഉപയോഗം, ചരക്ക് വാഹനങ്ങളിൽ അമിതഭാരം കയറ്റുക എന്നീ നിയമ ലംഘനങ്ങൾ നടത്തുന്നവരുടെ ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്യുന്നു.

ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശപ്രകാരം Decade Action Plan on Road Safety പദ്ധതി നടപ്പാക്കിവരുന്നു. 2011-2020 ആണ് ഈ പദ്ധതിയുടെ കാലയളവ്. ഇതിന്റെ ഭാഗമായി ഡ്രൈവിംഗ് പഠിതാക്കൾക്കും ഡ്രൈവിംഗ് ലൈസൻസ് നേടിയവർക്കും വ്യത്യസ്ത തരത്തിലുള്ള പരിശീലനം നടത്തിവരുന്നു.

എല്ലാ വർഷവും നവംബർ മാസം മൂന്നാമത്തെ ഞായറാഴ്ചയിലെ Road Accident Victims Day ആയി ആചരിക്കാറുണ്ട്. ഇതിനോടനുബന്ധിച്ച് റോഡ് അപകടങ്ങളിൽപ്പെട്ട് ക്ഷതം അനുഭവിക്കുന്നവരെയും അവരുടെ കുടുംബാംഗങ്ങളെയും

കൂടാതെ പൊതുജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ എല്ലാ താലൂക്ക് മേഖലകളിലും റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങളും യോഗങ്ങളും നടത്തിവരുന്നു.

എല്ലാ വർഷവും ജനുവരി/ഫെബ്രുവരി മാസങ്ങളിൽ ഏതെങ്കിലും ഒരാഴ്ച റോഡ് സുരക്ഷാ വാരമായി ആചരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വ്യത്യസ്തതലത്തിലുള്ള ബോധവൽക്കരണ-വാഹന പരിശോധനകളും ഡ്രൈവർമാരുടെ കാഴ്ചക്ഷമത പരിശോധനയും സ്കൂൾ കുട്ടികൾക്കും മറ്റ് ഡ്രൈവർമാർക്കും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. ഇതോടനുബന്ധിച്ച് Student Police Cadet-നേയും സന്നദ്ധ സംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് ലഘുലേഖകൾ വിതരണം ചെയ്യുന്നു. കൂടാതെ മോട്ടോർ വാഹനറാലി, റോഡ് സുരക്ഷാ ബോധവൽക്കരണവുമായി ബന്ധപ്പെട്ട മൂകാഭിനയം, ഓട്ടൻ തുള്ളൽ എന്നിവ നടത്തിവരുന്നു.

മലപ്പുറം ജില്ലയിലെ എടപ്പാളിൽ Institute of Drivers Training and Research (IDTR) എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഇവിടെ Driving School Instructors Training Programme, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കുള്ള Training Programme, ട്രാഫിക് നിയമ ലംഘനങ്ങളിൽപ്പെടുന്ന ഡ്രൈവർമാർക്കുള്ള ബോധവൽക്കരണ ക്ലാസ് എന്നിവ നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തുവരുന്നു.

വാഹനങ്ങളിലെ വേഗത നിയന്ത്രിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിലേയ്ക്കായി എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും Speed Governor, Vehicle Location Tracking Device എന്നിവ ഘടിപ്പിച്ചുവരുന്നു. ഇത്തരം വാഹനങ്ങളുടെ സർവ്വീസുകൾ നിയന്ത്രിക്കുന്നതിലേയ്ക്കായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ കേന്ദ്രീകൃത കൺട്രോൾ റൂം സജ്ജീകരിച്ചിട്ടുണ്ട്.

(ബി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. <u>സേഫ് കേരള പദ്ധതി</u>

കേരളത്തിലെ റോഡുകളെ അപകടവിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സേഫ് കേരള'.

2. ശബരിമല സേഫ് സോൺ

ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ശബരിമല സേഫ് സോൺ പദ്ധതി.

3. ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത്-മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

4. മാതൃകാ സുരക്ഷാവീഥി

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിനായി പരിഗണനയിലുള്ള ചില പദ്ധതികൾ താഴെപ്പറയുന്നു :

1. തൃശ്ശൂർ-കുന്നംകുളം റോഡ് (24 കി. മീ.)
2. എറണാകുളത്തെ ഇ-യാത്ര പദ്ധതി (വൈപ്പിൻ-മുനമ്പം)
3. കൊട്ടിയം-കുണ്ടറ (17 കി. മീ.)
4. മെഡിക്കൽ കോളേജ്-പേട്ട, തിരുവനന്തപുരം
5. വെള്ളയമ്പലം-തമ്പാനൂർ, തിരുവനന്തപുരം
6. പാവങ്ങാട്-കോരപ്പുഴ, കോഴിക്കോട് (5.5 കി. മീ.)

5. ബോധവൽക്കരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം എഫ്.എം. ഓൾ ഇന്ത്യ റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/

ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

6. <u>റോഡ് സുരക്ഷാ വാരാചരണം</u>

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ച കുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കംചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം 2020 ജനുവരി 11 മുതൽ 17 വരെയായിരുന്നു.

7. <u>സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി</u>

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് 2019 ജൂൺ 10 മുതൽ 14 വരെ സംഘടിപ്പിച്ചു. സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുകയുണ്ടായി. കൂടാതെ സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കേരള റോഡ് സുരക്ഷാ അതോറിറ്റി SCERT-യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ അവബോധം നൽകുന്നതിനായി റോഡ് സുരക്ഷിത യാത്ര എന്ന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

(സി) കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സാങ്കേതിക സഹായത്തോടെ സുരക്ഷിത യാത്ര ലക്ഷ്യം വച്ചുകൊണ്ട് കെ.എസ്.റ്റി.പി. നടപ്പാക്കുന്ന പദ്ധതിയാണ് സേഫ് കോറിഡോർ പദ്ധതി. അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ സംവിധാനങ്ങൾ, ഉപകരണങ്ങൾ, വേഗതാ നിയന്ത്രണ ഉപാധികൾ, സുരക്ഷാ സമ്പ്രദായങ്ങൾ, കാൽനടയാത്രക്കാർക്കുള്ള സുരക്ഷാ സംവിധാനങ്ങൾ, സ്കൂൾ സോൺ സുരക്ഷാ സംവിധാനങ്ങൾ, ക്രാഷ് ബാരിയർ, സിഗ്നൽ സംവിധാനങ്ങൾ

പാർക്കിംഗ് Slot-കൾ, ആധുനിക ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ തെരഞ്ഞെടുക്കപ്പെട്ട റോഡ് ഇടനാഴിയിൽ ഒരുക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്യുന്നത്. സംസ്ഥാനത്ത് മോഡൽ കോറിഡോർ റോഡായി ആദ്യം തെരഞ്ഞെടുത്തത് 82 കി.മീ. ദൈർഘ്യമുള്ള കഴക്കൂട്ടം-അടൂർ ദേശീയപാതയാണ്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

സേഫ് കോറിഡോർ: പാവങ്ങാട്-കോരപ്പുഴ-കോഴിക്കോട്

കെ.എസ്.റ്റി.പി.-യുടെ ധനസഹായത്തോടെ കോഴിക്കോട് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ഏറ്റെടുത്ത് നടത്തുന്ന സംസ്ഥാനത്തെ രണ്ടാമത്തെ സേഫ് കോറിഡോർ പദ്ധതിയാണിത്. ദേശീയപാത 66-ൽ പാവങ്ങാടിനും കോരപ്പുഴയ്ക്കും ഇടയിലുള്ള 5.5 കി.മീ. ദൈർഘ്യത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ ചെലവ് കെ.എസ്.റ്റി.പി.-യുടെ ചലഞ്ച് ഫണ്ടിൽനിന്നാണ് വഹിക്കുന്നത്.

സേഫ് കോറിഡോർ സ്കീമിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം എന്നീ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

1. തൃശ്ശൂർ-കുന്നംകുളം റോഡ് (24 കി.മീ.) - തൃശ്ശൂർ
2. ഇ-യാത്ര പദ്ധതി (വൈപ്പിൻ-മുനമ്പം) - എറണാകുളം
3. കൊട്ടിയം-കുണ്ടറ (17 കി.മീ.)
4. മെഡിക്കൽകോളേജ്-പേട്ട, തിരുവനന്തപുരം
5. വെള്ളയമ്പലം-തമ്പാനൂർ, തിരുവനന്തപുരം

ഈ അഞ്ച് പദ്ധതികൾക്കും കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി നടപ്പാക്കാനായി കെ.എസ്.റ്റി.പി.-ക്ക് അയച്ചിട്ടുണ്ട്.

(ഡി) റോഡപകടങ്ങളും തന്മൂലം പരിക്കേൽക്കുന്നതും മരണം സംഭവിക്കുന്നതും പരമാവധി കുറയ്ക്കുക, സുരക്ഷിത യാത്ര പ്രദാനം ചെയ്യുക, അച്ചടക്കമുള്ള റോഡ് സംസ്കാരം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന ബൃഹത് പദ്ധതിയാണ് 'സേഫ് കേരള' പദ്ധതി. മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുക, മോട്ടോർ വാഹന നിയമം/ട്രാഫിക് നിയമം നടപ്പാക്കുക, നിയമലംഘകരെ കണ്ടെത്തി നടപടി സ്വീകരിക്കുക, ജില്ലാതലത്തിൽ ആധുനിക സംവിധാനത്തോടുകൂടിയ കൺട്രോൾ റൂം സ്ഥാപിക്കുക, 24 മണിക്കൂറും വാഹന പരിശോധന സംവിധാനം ഏർപ്പെടുത്തുക,

ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ട്രാഫിക് നിയമലംഘകർക്ക് നിർബന്ധിത പരിശീലന പരിപാടി നൽകുക, അപകട രക്ഷാ ദൗത്യം ഏകോപിപ്പിക്കുക തുടങ്ങിയവയാണ് പ്രധാനമായും 'സേഫ് കേരള' പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നത്.

'സേഫ് കേരള' പദ്ധതിക്കുവേണ്ടി 51 എൻഫോഴ്സ്മെന്റ് സ്ക്വാഡ് പുതുതായി രൂപീകരിക്കുകയും അതിനുവേണ്ടി 187 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെയും 65 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെയും 10 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും (ആകെ 262) തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. എൻഫോഴ്സ്മെന്റ് സ്ക്വാഡിനുവേണ്ട 61 വാഹനങ്ങളും വെറ്റ് ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി എല്ലാ ജില്ലകളിലും control room-കളും സ്ഥാപിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *138-ന് നോട്ടീസ് നൽകിയ അംഗങ്ങളാരെയും സഭയിൽ കാണുന്നില്ല. ഇത് സഭയോട് കാണിക്കുന്ന ഗൗരവക്കുറവാണ്. സഭയിൽ ശ്രീ. ടി. ജെ. വിനോദ് മാത്രമുണ്ട്, ബാക്കി മൂന്ന് പേരുമില്ല. അത് ശരിയല്ല. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ആണ് എഴുതിത്തന്നത്. ഒന്നാമത്തെ ചോദ്യത്തിനു തന്നെ എഴുതിത്തന്നിട്ട് ആരും വരാതിരിക്കുന്നത് ശരിയല്ല. ശ്രീ. ടി. ജെ. വിനോദ് ഉള്ളതുകൊണ്ട് ഗതാഗത വകുപ്പുമന്ത്രിക്ക് ഉത്തരം പറയാം.

## വാഹനാപകടങ്ങളുടെ വർദ്ധനവ്

3 (*138) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ കുരുതിക്കളം ആകുന്നുവെന്ന വാർത്ത വസ്തുതാപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) 2019-ൽ സംസ്ഥാനത്തുണ്ടായ റോഡപകടങ്ങളിൽ മരണപ്പെട്ടവരുടെയും ഗുരുതരമായി പരിക്കുപറ്റിയവരുടെയും എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തെ റോഡുകളുടെ മോശപ്പെട്ട സ്ഥിതി അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമായതായി വിലയിരുത്തുന്നുണ്ടോ;

(ഡി) മോട്ടോർ വാഹന നിയമലംഘനങ്ങൾക്കുള്ള ശിക്ഷയും വാഹന പരിശോധനയും കർശനമാക്കി അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) ഉണ്ട്. കഴിഞ്ഞ 10 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട റോഡപകട മരണങ്ങൾ സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ഈ കണക്കുകൾ പരിശോധിച്ചാൽ ഓരോ വർഷവും റോഡപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം സ്ഥിരമായി വർദ്ധിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. 2013, 2014, 2017 വർഷങ്ങളിൽ റോഡപകട മരണങ്ങളുടെ നിരക്ക് മുൻവർഷത്തേതിനേക്കാൾ കുറവായിരുന്നു. 2018, 2019 വർഷങ്ങളിൽ ഇത് വർദ്ധിച്ചിട്ടുണ്ട്. മരണസംഖ്യ കൂടുന്നുണ്ടെങ്കിലും ഓരോ വർഷവും റോഡിൽ ഇറങ്ങുന്ന വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന ക്രമാതീതമായ വർദ്ധനവ്, റോഡുകളുടെ അപര്യാപ്തത എന്നിവ പരിഗണിച്ചാൽ മരണനിരക്കിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല എന്ന് കാണാവുന്നതാണ്. ഇത് ഇനിയും കുറച്ചുകൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. ട്രാഫിക് നിയമലംഘനങ്ങൾക്ക് ഉയർന്ന പിഴത്തുക നിലവിൽ വന്നശേഷം വാഹനാപകടങ്ങളിൽ മരണനിരക്കിൽ കുറവ് വന്നിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 2018-ൽ 40181 റോഡപകടങ്ങളിൽ 4303 പേർ മരണപ്പെടുകയും 31672 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. 2019-ൽ 41153 റോഡപകടങ്ങളിൽ 4408 പേർ മരണപ്പെടുകയും 32581 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. 2018-നെ അപേക്ഷിച്ച് 2019-ൽ റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവരുടെയും മരണപ്പെട്ടവരുടെയും എണ്ണത്തിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ 2019 നവംബർ, ഡിസംബർ മാസങ്ങളിൽ തലേവർഷത്തെ അപേക്ഷിച്ച് മരണസംഖ്യ കുറഞ്ഞിട്ടുണ്ട്. 2019 നവംബറിൽ 320 പേരും ഡിസംബറിൽ 354 പേരും മരണപ്പെട്ടപ്പോൾ 2018-ൽ ഇത് യഥാക്രമം 352, 436 എന്നിങ്ങനെയായിരുന്നു.

(സി) ഇല്ല. 2019 സെപ്റ്റംബർ വരെയുള്ള കണക്കുപ്രകാരം 30784 അപകടങ്ങളിൽ റോഡിന്റെ തകരാറുമൂലമുണ്ടായ അപകടങ്ങളുടെ എണ്ണം 80 ആണ്. 3375 അപകടമരണങ്ങളിൽ 17 പേർ മാത്രമാണ് റോഡിന്റെ തകരാർമൂലമുണ്ടായ അപകടങ്ങളിൽ മരണമടഞ്ഞത്. ട്രാഫിക് നിയമങ്ങൾ പാലിക്കാത്തതാണ് റോഡപകടങ്ങൾ കൂടുന്നതിനുള്ള മുഖ്യകാരണമായി വിലയിരുത്തപ്പെട്ടിട്ടുള്ളത്.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്

(ഡി) റോഡപകടങ്ങൾക്കും അതുമൂലമുള്ള മരണങ്ങൾക്കും പ്രധാന കാരണം ഡ്രൈവറുടെ അശ്രദ്ധയും അമിതവേഗവും ട്രാഫിക് നിയമങ്ങൾ പാലിക്കാത്തതുമാണ്. വാഹന പരിശോധന കർശനമാക്കി നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിലൂടെ മാത്രമേ ഇത്തരം പ്രവണതകൾ ഇല്ലാതാക്കാനാകൂ. ഇതിനാവശ്യമായ നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. 2019-ൽ മോട്ടോർ വാഹന വകുപ്പ് ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ 276584 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 338072125 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, വിവിധ ട്രാഫിക് നിയമലംഘനങ്ങളിൽ ഉൾപ്പെട്ട 28020 പേരുടെ ലൈസൻസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. തുടർന്നും മോട്ടോർ വാഹന വകുപ്പ് ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, വളരെ പരിഷ്കൃതമായ സമൂഹത്തിൽ, പ്രത്യേകിച്ച് കേരളത്തിൽ, ദൈനംദിനം വേദനാജനകമായിട്ടുള്ള ഒട്ടേറെ വാർത്തകൾ കേൾക്കാറുണ്ട്. പ്രകൃതിദുരന്തം, മാറാവ്യാധികൾ തുടങ്ങിയവ വന്നപ്പോൾ അതിനെ അതിജീവിച്ച ഒരു പൊതുസമൂഹമാണ് കേരളത്തിലുള്ളത്. വാഹനങ്ങളുടെ എണ്ണം 6 ശതമാനം വർദ്ധിച്ചപ്പോൾ 2019 നവംബർ വരെ സംസ്ഥാനത്തെ റോഡുകളിൽ ഏകദേശം നാലായിരത്തിലധികംപേർ മരിച്ചതായിട്ടുള്ള റിപ്പോർട്ടുകളാണ് വരുന്നത്. അതിന്റെ ഭാഗമായി പ്രാകൃതമായ പരീക്ഷണങ്ങളിൽനിന്ന് മാറി ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് വാഹന പരിശോധന ഉൾപ്പെടെ നടത്താനുള്ള 'സേഫ് കേരള' പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. അത് വളരെ വിജയകരമായി നടത്താൻ സാധിക്കുന്നതാണ്. 34 ആയിരുന്നത് 85 ആക്കി മാറ്റിയതിനാൽ വേണ്ടത്ര സംവിധാനങ്ങൾ കിട്ടുന്നില്ലെന്നും അത് കാര്യക്ഷമമല്ലെന്നുമൊക്കെയുള്ള വാർത്തകൾ പ്രചരിപ്പിക്കുമ്പോൾ, ഇത്രയും വിദ്യാസമ്പന്നരുള്ള നാട്ടിൽ, ഏകദേശം 10 ശതമാനം ആളുകൾ മാത്രമേ നിയമം അനുസരിക്കുന്നുള്ളൂവെന്ന് പറയുമ്പോൾ ഇത് ഏറ്റവും കൂടുതൽ അതിശയിപ്പിക്കുന്ന ഒരു കാര്യമാണ്. അവിടെ എസ്.പി.സി. ഉൾപ്പെടെയുള്ള സംവിധാനങ്ങളെ നന്നായി ഉപയോഗിക്കാൻ കഴിയും. 'സേഫ് കേരള' പദ്ധതി കുറെക്കൂടി കാര്യക്ഷമമാക്കി, വിജയകരമായി ഇവിടെ പരീക്ഷിച്ചതാണ്. അത് കൂടുതൽ കാര്യക്ഷമമാക്കാനുള്ള കർശനമായ ഇടപെടൽ അങ്ങയുടെ ഭാഗത്തു നിന്നും ഉണ്ടാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയായ ഒരു കാര്യമാണ്. എങ്ങനെയായാലും അപകടവും അപകടമരണവും സംഭവിച്ചുകൊണ്ടിരിക്കുന്നത് അങ്ങേയറ്റം വേദനാജനകമായ കാര്യമാണെന്നത് വസ്തുതാപരമായി ശരിയാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ 'സേഫ് കേരള' പദ്ധതിക്ക് സംസ്ഥാന

ഗവൺമെന്റ് നേതൃത്വം നൽകിയിട്ടുള്ളത്. സേഫ് കേരള പദ്ധതിയുടെ പ്രവർത്തനം നവംബർ മാസം മുതലാണ് ആരംഭിച്ചിട്ടുള്ളത്. നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ എടുത്തുപറയത്തക്കതല്ലെങ്കിലും ഒരു മാറ്റം ദൃശ്യമായി തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ നവംബറിനെക്കാൾ എട്ട് ശതമാനം മരണനിരക്ക് ഈ പ്രവർത്തനം ആരംഭിച്ചതിനുശേഷം കുറഞ്ഞിട്ടുണ്ട്. ഡിസംബർ 2019-ൽ മുൻ വർഷത്തേക്കാൾ 18.8 ശതമാനം മരണനിരക്കിൽ കുറവുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ടെന്നാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കാൻ സാധിച്ചാൽ ഗണ്യമായ തോതിൽ അപകടങ്ങളും അപകടമരണവും കുറയ്ക്കാൻ കഴിയും. അതിനുവേണ്ട നടപടികളിലുള്ള അപര്യാപ്തതകൾ പരിഹരിച്ചുകൊണ്ട് കൂടുതൽ കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, പലപ്പോഴും റോഡും റോഡ് സുരക്ഷയും തമ്മിൽ ബന്ധപ്പെട്ടാണ് നിൽക്കുന്നത്. റോഡ് മോശമായാൽ റോഡ് മോശമായതുകൊണ്ടാണ് അപകടമുണ്ടായതെന്ന് എല്ലാവരും പറയും. ഇപ്പോൾ കേരളത്തെ സംബന്ധിച്ച് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത വളരെ മനോഹരമായിട്ടുള്ള ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ദേശീയപാതയിൽനിന്ന് സമാന്തര റോഡിലേയ്ക്ക് ഇറങ്ങുമ്പോൾ യാതൊരു തരത്തിലുള്ള ദിശാസൂചികകളും കേരളത്തിൽ സ്ഥാപിച്ചിട്ടില്ല. രാത്രിയായാൽ റോഡിലെവിടെ നോക്കിയാലും അനധികൃത പാർക്കിംഗാണ് കാണുന്നത്. കേരളത്തിൽ എന്തുകൊണ്ടാണ് towing vehicle സംവിധാനം ഉപയോഗിക്കാത്തത്; എല്ലാ പരിഷ്കൃത നഗരങ്ങളിലും അത്തരം സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. വാഹനം എടുത്തുകൊണ്ടുപോകുന്ന അത്തരം സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, റോഡിന്റെ അപര്യാപ്തത അപകടങ്ങൾ ഉണ്ടാക്കുന്നതിന് ഒരു കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അത് അങ്ങനെയല്ല എന്ന് പൂർണ്ണമായി നിഷേധിക്കാനും സാധിക്കില്ല. എന്നാൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഏറ്റവും നല്ല നിലയിൽ പണിത ആധുനിക സൗകര്യങ്ങളോടുകൂടി നിർമ്മിച്ച റോഡിൽ അമിതവേഗതയിലും അശ്രദ്ധയോടുംകൂടി ആളുകൾ വാഹനം ഓടിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫലമായി അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. കേന്ദ്ര റോഡ് നിയമമനുസരിച്ച് അനധികൃതമായി പാർക്ക് ചെയ്യുന്നത് കുറ്റകരമാണ്. മോട്ടോർ വാഹന വകുപ്പ് പൊതുമരാമത്ത് വകുപ്പുമായി എല്ലാ കാര്യങ്ങളിലും ആശയ വിനിയമം നടത്താറുണ്ട്. അത്തരത്തിലുള്ള അനധികൃത പാർക്കിംഗുകൾക്കെതിരെ പൊതുമരാമത്ത് വകുപ്പ് നല്ല നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇനി അനധികൃതമായി പാർക്കുചെയ്യുന്ന വാഹനങ്ങൾ ആധുനിക സൗകര്യങ്ങളുള്ള വാഹനമുപയോഗിച്ച്

നീക്കംചെയ്യുന്നതിനുള്ള നടപടികൾ സംബന്ധിച്ച് തീർച്ചയായും തീരുമാനം എടുക്കുമ്പോൾ പൊതുമരാമത്ത് വകുപ്പുമായികൂടി ആലോചിച്ചുമാത്രമേ ചെയ്യാൻ കഴിയൂ. നല്ല നിർദ്ദേശമാണ് മുന്നോട്ടുവച്ചിട്ടുള്ളത്. തീർച്ചയായും അക്കാര്യത്തിന്റെ സാധ്യതയെ കുറിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീ. വി. കെ. പ്രശാന്ത്: സർ, നഗരങ്ങളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി ഐ.റ്റി.എം.എസ്. (Intelligent Transit Management System) നടപ്പാക്കുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; പ്രധാനമായും കേരളത്തിലെ തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി തുടങ്ങിയ നഗരങ്ങളിലെങ്കിലും അടിയന്തരമായി ഈ സിസ്റ്റം നടപ്പിലാക്കാൻ ഏത് തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഐ.റ്റി.എം.എസ്. എന്ന പുതിയ ആശയത്തിന്റെ സാധ്യതയെക്കുറിച്ചാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. തീർച്ചയായും അതിന്റെ പൂർത്തീകരണത്തിലേയ്ക്ക് ഇതുവരെയും എത്തിയിട്ടില്ല. വളരെ പെട്ടെന്നുതന്നെ ആ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. ശശി: സർ, വളരെ അപകടകരമായ രൂപത്തിലാണ് വാഹനാപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട ഒരംഗം ചൂണ്ടിക്കാണിച്ചതുപോലെ ദുബായിയിൽ നടപ്പിലാക്കിയിട്ടുള്ള ഇന്റഗ്രേറ്റഡ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം ഇവിടെയും ഫലപ്രദമായി നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. നിലവിലൊരു വാഹനം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ 15 വർഷം കഴിഞ്ഞതിനുശേഷംമാത്രമേ അതിന്റെ റിന്യൂവൽ ഉള്ളൂ. സ്വാഭാവികമായും 15 വർഷം കഴിഞ്ഞ് വാഹനം കൈമാറുന്ന അവസരത്തിൽ മാത്രമേ പ്രശ്നങ്ങൾ വരുന്നുള്ളൂ. ഈ സംവിധാനം മാറ്റി എല്ലാവർഷവും ഓൺലൈൻ റിന്യൂവൽ കൃത്യമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ ഒഫൻസുകൾക്കുള്ള പെനാൽറ്റി ക്ലിയർ ചെയ്ത് വാഹനം കൈമാറാൻ സാധിക്കും. ആ രൂപത്തിലുള്ള ഒരു സിസ്റ്റം കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഓരോ വർഷവും ടാക്സ് അടയ്ക്കുക, ആ സമയത്ത് ബന്ധപ്പെട്ട പരിശോധനകൾ പൂർത്തിയാക്കുക എന്ന നിലപാടാണ് കേരളത്തിൽ ഉണ്ടായിരുന്നത്. എന്നാൽ പിൽക്കാലത്ത് ഒറ്റത്തവണയായി ടാക്സ് അടയ്ക്കുന്ന ഒരു സംവിധാനം കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. അത് ധനകാര്യ മാനേജ്മെന്റുമായി ബന്ധപ്പെട്ട് അന്നെടുത്ത തീരുമാനമാണ്. പെട്ടെന്ന് ഒറ്റത്തവണ

ടാക്സ് അടയ്ക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിന് ആദ്യഘട്ടത്തിൽത്തന്നെ വലിയൊരു സംഖ്യ വരുമാനമായി ലഭിക്കുമെന്ന നിലയ്ക്കാണ് അന്ന് അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചത്. അത് പുനഃപരിശോധിക്കണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ മോട്ടോർ വാഹന വകുപ്പിൽ അങ്ങനെയൊരു നിലപാടിലേയ്ക്ക് പോകാൻ സാധിക്കുകയുള്ളൂ. തീർച്ചയായും അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. പി. കെ. ശശി: സർ, ടാക്സിന്റെ കാര്യമല്ല ഞാനിവിടെ പറഞ്ഞത്, പെനാൽറ്റി അതത് വർഷംതന്നെ ക്ലിയർ ചെയ്തുപോകണമെന്നതാണ് എന്റെ നിർദ്ദേശം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അക്കാര്യം പരിശോധിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസിനുവേണ്ടി ശ്രീ. വി. അബ്ദുറഹിമാൻ: സർ, കഴിഞ്ഞ അഞ്ച് വർഷം കേരളത്തിൽ മാത്രം 1.87 ലക്ഷം അപകടങ്ങളാണ് നടന്നത്. അതിൽ 20292 പേരാണ് മരിച്ചത്. ആരോഗ്യരംഗത്തായാലും മറ്റേത് രംഗത്തായാലും ഇത്തരത്തിലുള്ള അപകടങ്ങൾ സംഭവിക്കുന്നുണ്ട്. ഉദാഹരണത്തിന് പനി വന്ന് മരിക്കുകയാണെങ്കിൽ മൂന്നാംദിനം തന്നെ അതിനെക്കുറിച്ചുള്ള ശക്തമായ ബോധവൽക്കരണവും അതിന്മേലുള്ള നടപടികളും ഉണ്ടാകും. കേരളത്തിലെ റോഡപകട മരണങ്ങളുടെ കഴിഞ്ഞ പത്ത് വർഷത്തെ ശരാശരി നോക്കിയാൽ 4133 പേരാണ് മരിച്ചത്. ഇതിൽ അനേകം ഇരട്ടി ആളുകളാണ് അപകടങ്ങളിൽപ്പെട്ട് പുറത്തിറങ്ങാനാകാതെ വീടുകളിൽ രോഗികളായി കിടക്കുന്നത്. നിലവിലുള്ള സംവിധാനത്തിൽ ട്രാഫിക് പോലീസിനെ ഉപയോഗിക്കുന്നത് ആവശ്യത്തിന് മാത്രമാണ്. ട്രാഫിക് പോലീസുകാരെക്കൊണ്ട് മറ്റെന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അവർ യൂണിഫോം മാറ്റി ആ ജോലിക്ക് പോകുകയാണ്. ഇതിന് സ്ഥിരമായ സംവിധാനമില്ല. മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ ട്രാഫിക് പോലീസിനെ ഏകോപിപ്പിച്ചുകൊണ്ട് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷയ്ക്കായുള്ള പുതിയ ഫോഴ്സ് രൂപീകരിക്കാൻ ഇവയെ സംയോജിപ്പിച്ചുകൊണ്ടുള്ള പുതിയ നടപടികൾ എടുക്കാൻ സാധിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അപകടങ്ങളുടെ എണ്ണം സംബന്ധിച്ച് ഒരു തർക്കം ഉന്നയിച്ച് ആ പ്രശ്നത്തിന്റെ ഗൗരവം ചെറുതാക്കിക്കാണാൻ ഞാൻ ശ്രമിക്കുന്നില്ല. അഞ്ച് വർഷം മുൻപുള്ള ഒരു ഫിഗറുമായാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുള്ളത്. ഇന്നത്തെ മാധ്യമങ്ങളിൽ അക്കാര്യം വന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഫിഗറിൽ വന്ന നേരിയ വ്യത്യാസം ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗൗരവം ലഘൂകരിച്ചുകാണാൻ ഞാൻ

ആഗ്രഹിക്കുന്നില്ല. ട്രാഫിക് പോലീസിന്റെ പ്രവർത്തനം മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനവുമായി സ്ഥിരമായി സമന്വയിപ്പിച്ചുകൊണ്ടുപോകുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കാമോ എന്നതാണ് അദ്ദേഹം രണ്ടാമതായി ഉന്നയിച്ചത്. അത് മോട്ടോർ വാഹന വകുപ്പിന് മാത്രമായി സ്വീകരിക്കാൻ കഴിയുന്ന നടപടിയല്ലെന്ന് അംഗത്തിനറിയാം. ഇങ്ങനെ ഒരു പ്രശ്നം വന്നാൽ ആലോചിക്കാൻ സാധിക്കുന്ന കാര്യമാണോ എന്ന് പോലീസ് ഡിപ്പാർട്ട്മെന്റിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഗവൺമെന്റിന് യാതൊരു മടിയുമില്ല.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, കേരളത്തിലെ റോഡുകൾ മനോഹരമായി മാറിക്കൊണ്ടിരിക്കുമ്പോൾ വാഹന വേഗത കൂടുകയും വേഗത അപകടത്തിലേയ്ക്കെത്തിക്കുകയും റോഡപകടങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതിന് പരിഹാരമുണ്ടാക്കാൻ ട്രാഫിക് അവയർനെസ്സ് ക്യാമ്പയിൻ ഒഴിച്ചുകൂടാനാകാത്തതാണ്. എന്തെല്ലാം ട്രാഫിക് അവയർനെസ്സ് ക്യാമ്പയിനുകളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നത്; നേരത്തെ ഉണ്ടായിരുന്ന സ്റ്റുഡന്റ്സ് ട്രാഫിക് പോലീസ് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; സ്റ്റുഡന്റ്സ് ട്രാഫിക് പോലീസ് സംവിധാനത്തിലേയ്ക്ക് കുട്ടികൾ വരണമെങ്കിൽ അവർക്ക് ഗ്രെയ്സ് മാർക്ക് കൊടുക്കുന്നതുപോലെയുള്ള എന്തെങ്കിലും അട്രാക്ഷൻ ഉണ്ടാകണം. സ്റ്റുഡന്റ്സ് ട്രാഫിക് പോലീസ് സംവിധാനം ഫലപ്രദമല്ലെങ്കിൽ അതിലേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിന് അത്തരം പദ്ധതികൾ ആരംഭിക്കാൻ സാധിക്കുമോ; ദേശീയതലത്തിലും സംസ്ഥാന തലത്തിലും എൻവയോൺമെന്റൽ അവയർനെസ് നല്ലതുപോലെയുണ്ട്. പ്രകൃതി സംരക്ഷിക്കപ്പെടണമെന്ന ബോധം പൊതുസമൂഹത്തിനുണ്ട്. അതുപോലെ ട്രാഫിക് അവയർനെസ്സ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുമോ; മലയാളികൾ വിദേശരാജ്യങ്ങളിൽ ചെന്നാൽ ട്രാഫിക് നിയമങ്ങൾ പാലിക്കുമെങ്കിലും കേരളത്തിൽ പാലിക്കുന്നില്ല. അതിനാൽ വളരെ ശക്തമായ അവയർനെസ്സ് ക്യാമ്പയിനുകൾ നടപ്പിലാക്കാൻ പദ്ധതികളുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം അവസാനമായി സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. കാരണം, ഇക്കാര്യത്തിലൊരു അവബോധം ഉണ്ടാകുകയെന്നതാണ് ഏറ്റവും പ്രധാനം. സ്കൂൾ വിദ്യാർത്ഥികളെ ഇക്കാര്യത്തിലെങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നാണ് അദ്ദേഹം ഉന്നയിച്ച ചോദ്യം. കരിക്കുലത്തിന്റെ ഭാഗമായി ട്രാഫിക് നിയമങ്ങൾ സംബന്ധിച്ച പഠനം നടത്തുന്നതിനുവേണ്ടിയുള്ള പ്രക്രിയ ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഒരു പാഠപുസ്തകം അദ്ധ്യാപകർക്കുള്ള സഹായ കൈപുസ്തകമെന്ന നിലയിൽ തയ്യാറാക്കി കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട

വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ പുസ്തകം പ്രകാശനം ചെയ്തു. വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഈ പ്രശ്നം പരിഹരിക്കുന്നതിനും കൂടുതൽ മേഖലയിലേയ്ക്കും പുതിയ തലമുറയിലേയ്ക്കും ട്രാഫിക് ബോധവൽക്കരണ സന്ദേശം എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ബി. സത്യൻ: സർ, കഴക്കൂട്ടം മുതൽ അടൂർ വരെ അതീവ സുരക്ഷാ ഇടനാഴിയെന്ന നിലയിലുള്ള പദ്ധതി വളരെ നല്ല രീതിയിൽ പൂർത്തീകരിക്കപ്പെടാൻ പോകുകയാണ്. ഇതിന്റെ ഭാഗമായി ക്യാമറ, ലൈറ്റുകൾ, അറ്റകുറ്റപ്പണികൾ, അതീവ അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ സുരക്ഷാപ്രവർത്തനം തുടങ്ങിയ കാര്യങ്ങളെല്ലാം ഏകോപിപ്പിക്കുന്നുണ്ട്. മരാമത്ത് പണികൾക്കായി പ്രത്യേകം ഏർപ്പെടുത്തിയ വിഭാഗമായ National Transportation Planning and Research Centre (NATPAC) നടത്തിയ പഠനങ്ങളുടെ ഭാഗമായാണ് ചെയ്യുന്നത്. ഏറ്റവും അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം തീരെ അപര്യാപ്തമാണെന്ന് മാത്രമല്ല അപകടം നടന്നുകഴിഞ്ഞാൽ അവരെ ആശുപത്രിയിൽ എത്തിക്കാൻ പറ്റുന്ന രീതിയിലുള്ളൊരു ക്രമീകരണംകൂടി ഇതിന്റെ ഭാഗമായി വേണ്ടതാണ്. മറ്റ് ജോലികളിൽനിന്ന് മാറി പോലീസുകാർ എത്തുന്നതുവരെ അപകടത്തിൽപ്പെട്ട ആൾ അവിടെത്തന്നെ കിടക്കേണ്ട അവസ്ഥ ഇപ്പോഴും ഉണ്ട്. ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന ആൾക്കാരെ സഹായിക്കാനായി അതീവ സുരക്ഷാ ഇടനാഴിയുടെ ഭാഗമായി ഒരു ടീമിനെക്കൂടി ചേർത്ത്, അതിനുള്ള സംവിധാനം ഏർപ്പെടുത്താനുള്ള ഏകോപനം ഉണ്ടാകണമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, റോഡപകടങ്ങളിൽപ്പെട്ടവരെ എത്രയും പെട്ടെന്ന് ആശുപത്രികളിൽ എത്തിക്കുകയും അടിയന്തര സഹായം നൽകുകയുമാണ് മരണനിരക്ക് കുറയ്ക്കാൻ വേണ്ടിയുള്ള പോംവഴി. ഇതിന്റെ ഭാഗമായി ഏറ്റവും അഭിനന്ദനാർഹമായ ഒരു നടപടിയാണ് ആരോഗ്യ വകുപ്പിന്റെ കീഴിൽ നടന്നുകൊണ്ടിരിക്കുന്നത്. ട്രോമാകെയർ യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് അപകടം നടന്ന സ്ഥലത്തേയ്ക്ക് അഞ്ച് മിനിട്ടിനകം വാഹനം എത്തിക്കുന്നതിനുള്ള സംവിധാനം ആരോഗ്യ വകുപ്പ് തയ്യാറാക്കിയതിന്റെ ഉദ്ഘാടനം ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നിർവ്വഹിച്ചിട്ടുണ്ട്. ആ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുന്ന മുറയ്ക്ക് അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുകയും ചികിത്സാസൗകര്യം എത്തിക്കുകയും ചെയ്യുന്ന കാര്യത്തിൽ നല്ല പുരോഗതി കൈവരിക്കാൻ സാധിക്കും. അതിലൂടെ അപകട മരണങ്ങൾ കുറയ്ക്കാൻ കഴിയുമെന്ന ശുഭപ്രതീക്ഷയാണ് സർക്കാരിനുള്ളത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, റോഡ് സുരക്ഷയ്ക്കായി വളരെ ശ്രദ്ധേയമായ നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പും സർക്കാരും നന്നായി കൈക്കൊണ്ടുവരുന്നുണ്ട്. നമ്മുടെ അനുഭവത്തിൽ പല ഘടകങ്ങൾ റോഡപകടത്തിലേയ്ക്ക് നയിക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സംസ്കാരശൂന്യമായ ഡ്രൈവിംഗാണ്. ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്താൻ അനേകം സംവിധാനങ്ങൾ ഏർപ്പെടുത്തിയതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നു, അനേകം റോഡുകൾ വരുന്നു, അവയ്ക്കനുസരിച്ചുള്ള ഉദ്യോഗസ്ഥർ എൻഫോഴ്സ്മെന്റ് വിഭാഗത്തിനില്ല എന്ന പ്രശ്നമുണ്ട്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാനുള്ള സാധ്യത ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എന്റെ നിർദ്ദേശം. ഉദാഹരണത്തിന് ഒരു മൊബൈൽ ആപ്ലിക്കേഷൻ ഇതിനായി ഉണ്ടാക്കി അതുപയോഗിച്ച് നിയമലംഘനങ്ങൾ ആർക്കും ഫോട്ടോയെടുത്ത് അപ്‌ലോഡ് ചെയ്യാൻ സാധിക്കും. ഫോട്ടോ എഡിറ്റ് ചെയ്യാനോ മറ്റ് കൃത്രിമങ്ങൾ കാണിക്കാനോ സാധിക്കാത്ത വളരെ സേഫായ സോഫ്റ്റ്‌വെയർ അതിൽ ഉണ്ടാക്കാൻ സാധിക്കും. അത്തരത്തിലുള്ളൊരു പരീക്ഷണത്തിനായി സോഫ്റ്റ്‌വെയർ നിർമ്മിക്കാൻ ആവശ്യമായ തുക റോഡ് സേഫ്റ്റി ഫണ്ടിൽനിന്ന് ഉപയോഗിക്കാവുന്നതാണ്. ടെക്നോളജിയുടെ സഹായത്തോടെ ജനങ്ങളെക്കൂടി ഉപയോഗിച്ച് നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ കഴിയുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, സ്വാഗതാർഹമായ നിർദ്ദേശമാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യിൽനിന്നും ഉണ്ടായിട്ടുള്ളത്. അത് പരിഗണിച്ചുകൊണ്ടുതന്നെ മൂന്നാം കണ്ണ് (തേർഡ് ഐ) എന്ന പേരിൽ ഒരു പുതിയ പ്രോജക്ട് ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ജനങ്ങൾക്ക് മൊബൈൽ ആപ്ലിക്കേഷനിലൂടെ ബന്ധപ്പെട്ട ഓഫീസുകളിൽ വിവരം എത്തിക്കുന്നതിനുള്ള പുതിയ സംവിധാനമാണത്. അതിന്റെ പ്രവർത്തനം ആരംഭിച്ചുതുടങ്ങിയിട്ടേയുള്ളൂ. കുറച്ചുകൂടി ഫലപ്രദമാകുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതുപോലെയുള്ള പ്രശ്നങ്ങൾക്ക് നല്ല തോതിൽ പരിഹാരം കാണാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഏറ്റവും പ്രധാനപ്പെട്ട വിഷയം ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നതിലുള്ള അപാകതയാണ്. ഒന്ന്, തിരുവനന്തപുരം-കരമന റോഡിൽ വീതികൂട്ടിയ പ്രാവച്ചമ്പലം മുതൽ കരമനവരെ വരുന്ന വിശാലമായ പ്രദേശത്ത് പലപ്പോഴും ടൂ വീലർ ഓടിക്കുന്നത് വലതുഭാഗത്തുകൂടിയാണ്. ഇടതുവശത്ത് നല്ല സ്ഥലമുണ്ടെങ്കിലും വലതുഭാഗത്തുകൂടി ഓടിക്കുന്നു. രണ്ട്, വലിയ വാഹനങ്ങൾക്ക്

നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ടൂ വീലറുകൾ ഇത്ര കിലോമീറ്റർ മാത്രംവച്ച് എന്ന് എന്തെങ്കിലും നിയമമുണ്ടാക്കി നിയന്ത്രിക്കാൻ കഴിഞ്ഞാൽ നിരത്തിൽ പൊലിയുന്ന ധാരാളം അപകടങ്ങൾ കുറയ്ക്കാൻ കഴിയും. അതിനുള്ള നിയമസാധ്യത പരിശോധിക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അത് പരിശോധിക്കാതെ പറയാൻ കഴിയില്ല. പ്രത്യേകതരം വാഹനങ്ങൾക്ക് പ്രത്യേക ദൂരപരിധിയിൽ മാത്രമേ ഓടിക്കാൻ കഴിയുകയുള്ളൂ എന്ന നിബന്ധന കൊണ്ടുവരാൻ സംസ്ഥാനത്തിന് മാത്രമായി കഴിയുമെന്ന് തോന്നുന്നില്ല. പരിശോധിക്കാതെ അതിന് മറുപടി പറയാൻ സാധിക്കുകയില്ല.

ശ്രീ. ടി. ജെ. വിനോദ്: സർ, നമ്മുടെ സംസ്ഥാനത്ത് കാൽനടയാത്രക്കാർക്ക് യാതൊരു സംരക്ഷണവും പരിരക്ഷയും നൽകാതെ മുന്നോട്ടുപോകുന്ന സാഹചര്യ മാണുള്ളത്. കാരണം ഇവിടെ പല ട്രാഫിക് പരിഷ്കാരങ്ങളും നടപ്പാക്കുന്നുണ്ടെങ്കിലും അവരുടെ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ചയുണ്ടാകുന്നുണ്ട് എന്നതാണ് എന്റെ ആക്ഷേപം. പ്രത്യേകിച്ച് കൊച്ചി പോലുള്ള നഗരത്തിൽ വാഹന പ്പെരുപ്പമുണ്ടെങ്കിലും കാൽനടയാത്രക്കാരെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ ഉദ്യോഗസ്ഥതലത്തിലോ മറ്റേതെങ്കിലും തലത്തിലോ സ്വീകരിക്കുന്നില്ല. ഉദാഹരണത്തിന്, സീബ്രാ ലൈൻ ക്രോസ് ചെയ്യുമ്പോൾ ഏത് വിദേശ രാജ്യത്തുചെന്നാലും എത്ര സ്പീഡിലുള്ള വാഹനമാണെങ്കിലും കാൽനടയാത്രക്കാർക്ക് സംരക്ഷണം കൊടുക്കുന്ന രീതിയുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. അത്തരമൊരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഇല്ലെന്നത് ഗുരുതരമായ ഒരു വിഷയമായി കണക്കാക്കി ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 2011-2020 വരെ United Nations ഒരു 'റോഡ് സുരക്ഷാ ദശക'ത്തെക്കുറിച്ച് പറഞ്ഞിരുന്നു. 2020 ആകുമ്പോൾ 'സീറോ ആക്സിഡന്റ്' ആയിരുന്നു United Nations-ന്റെ കൺസെപ്റ്റ്. ഇത് നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുപ്രകാരം ആക്സിഡന്റ് എത്ര ശതമാനം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്; പത്ത്വർഷത്തിനുള്ളിൽ ഏതെങ്കിലും വർഷം അപകടം കുറഞ്ഞിട്ടുണ്ടോയെന്നതിനെ സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ, 2011 മുതൽ 2020 വരെ റോഡ് സുരക്ഷാ ദശകമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. അതിന്റെ ഫലമായി ലോകമെമ്പാടും നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ആ പരിപാടി നടത്തുന്നതിന്റെ ഭാഗമായി വലിയ ബഹുജന ക്യാമ്പയിനാണ്

നടത്തിയിട്ടുള്ളത്. അതിന്റെ കൂടെയാണ് നേരത്തെ സൂചിപ്പിച്ചതുപോലെ 'Safe Kerala' പദ്ധതി പ്രവർത്തനം ആരംഭിച്ചത്. അതുംകൂടി കണക്കിലെടുത്തുകൊണ്ടാണ് അങ്ങനെയൊരു പദ്ധതി ആവിഷ്കരിച്ചത്. അതിന്റെ ഫലമായി 2018-നെക്കാൾ 2019 നവംബറിലേയ്ക്ക് എത്തുമ്പോൾ എട്ട് ശതമാനമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അതൊരു നേരിയ ആശ്വാസത്തിനും പ്രതീക്ഷയ്ക്കും വകനൽകുന്നു വെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാൻ സാധിക്കുന്നത്. എന്നാൽ 2019 ഡിസംബർ ആകുമ്പോഴേയ്ക്കും അത് 18.8 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് നാം കൂടുതൽ ശ്രദ്ധിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചാൽ മരണനിരക്ക് കുറയ്ക്കാൻ കഴിയുമെന്നതിന്റെ ശുഭലക്ഷണമായാണ് ഞാൻ കാണുന്നത്, അല്ലാതെ ഒരവകാശ വാദവുമായിട്ടല്ല.

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സീറ്റിൽ ഇല്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല)

ശ്രീ. അൻവർ സാദത്ത്: സർ, ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി റോഡപകടങ്ങൾ കൂട്ടുന്നുണ്ട്. അതിന് കാരണം, പലപ്പോഴും റോഡ് മെയിന്റനൻസിനും മറ്റുകാര്യങ്ങൾക്കും പി.ഡബ്ല്യു.ഡി. ഫണ്ട് അനുവദിക്കുന്നുണ്ടെങ്കിലും മെയിന്റനൻസിന് ടെണ്ടർ ചെയ്യുമ്പോൾ ആ ടെണ്ടർ എടുക്കാത്ത ഒരു സാഹചര്യമുണ്ടാകുന്നുണ്ട്. പി.ഡബ്ല്യു.ഡി.-യെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാരണം, ഗവൺമെന്റിന് സാമ്പത്തിക പ്രതിസന്ധി ഉള്ളതുകൊണ്ട് ട്രഷറിയിൽനിന്ന് കോൺട്രാക്ടർമാർക്ക് ബിൽ മാറാൻ സാധിക്കുന്നില്ല; അതിനൊരു പരിഹാരം കണ്ടെത്താൻ ഗവൺമെന്റ് ശ്രമിക്കുന്നില്ല. അപ്പോൾ സ്വാഭാവികമായും കുഴികൾ അടയ്ക്കാൻ പത്തോ അഞ്ചോ ലക്ഷം രൂപയുടെ വർക്കുകൾപോലും കോൺട്രാക്ടർമാർ ഏറ്റെടുക്കാതെ ബഹിഷ്കരിക്കുന്നു. അതുകൊണ്ട് ഗവൺമെന്റ് എത്രയുംവേഗം ഇടപെട്ട് ഈ സാമ്പത്തിക പ്രതിസന്ധി പരിഹരിച്ച് കുഴികൾ അടയ്ക്കാനും ടെണ്ടർ എടുക്കാനും റോഡ് റീ-ടാറിംഗ് ചെയ്യാനുമുള്ള നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: കുഴികൾ അടയ്ക്കേണ്ട ചുമതല ഗതാഗത വകുപ്പിനല്ല പി.ഡബ്ല്യു.ഡി.-ക്കാണ്.

ശ്രീ. അൻവർ സാദത്ത് : സർ, ഞാൻ പറഞ്ഞത് എന്താണ്? ഞാനത് സമ്മതിച്ചു. സ്വാഭാവികമായും അത്തരം പ്രതിസന്ധി തീർത്തില്ലെങ്കിൽ, കുഴികളിൽ വീണ് എത്രയോ അപകടമുണ്ടാകുന്നു. കഴിഞ്ഞ ദിവസം എറണാകുളത്ത് പാലാരി വട്ടത്തുള്ള വാട്ടർ അതോറിറ്റിയുടെ കുഴിയിൽവീണ് ഒരാൾ മരണപ്പെട്ട സാഹചര്യ മുണ്ടായി. വാട്ടർ അതോറിറ്റിയും ഇതുപോലെ വളരെയേറെ അപാകതകൾ വരുത്തുന്നുണ്ട്. ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എത്രയുംവേഗം ഫണ്ട് കൊടുക്കാനുള്ള സാഹചര്യമുണ്ടാക്കാൻ പ്രിയങ്കരനായ മന്ത്രി ഇടപെട്ട് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, റോഡപകടങ്ങളുടെ കാരണങ്ങളിലൊന്നായി റോഡുകളുടെ അവസ്ഥ ഞാനിവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മറ്റുകാര്യങ്ങൾ ഉന്നയിക്കാൻ അദ്ദേഹത്തിന് അവകാശമുണ്ട്. പക്ഷേ അതിന് മറുപടി പറയാനുള്ള അധികാരം എനിക്ക് ഇല്ലാത്തതുകൊണ്ട് ഞാൻ അതിന് മറുപടി പറയുന്നില്ല.

ശ്രീ. അനിൽ അക്കര: സർ, നമ്മുടെ നാട്ടിൽ അപകടവും റോഡപകടവുംമൂലം രോഗികളെ കൊണ്ടുപോകുന്ന സമയത്തുമൊക്കെ ആംബുലൻസുകളുടെ സേവനം ലഭ്യമാണ്. നമുക്കറിയാം, തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഒരു ആംബുലൻസിൽ രോഗിയെ കൊണ്ടുവന്നതിലുണ്ടായ പ്രശ്നങ്ങളൊക്കെ നാം അഭിമുഖീകരിച്ചതാണ്. ആംബുലൻസുകൾ റോഡിലൂടെ പോകുന്ന സമയത്ത് മറ്റു വാഹനങ്ങളൊക്കെ ഒതുക്കിക്കൊടുത്ത് പോകുന്നൊരു സാഹചര്യമുണ്ട്. സ്വാഭാവികമായും അപകടങ്ങളിൽപ്പെട്ട് രോഗികളെ കൊണ്ടുപോകുമ്പോഴും അല്ലെങ്കിൽ രോഗികൾ പോകാത്തതുമായ ആംബുലൻസ് ഇത്തരത്തിൽ വേഗതയിൽ പോകുന്നതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. പല ആംബുലൻസും രോഗികളെ കൊണ്ടുപോകാതെ മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന പല വിഷയങ്ങളും നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ തവണ തൃശ്ശൂർ ജില്ലയിൽ ആംബുലൻസുമായി ബന്ധപ്പെട്ട് ഒരു പ്രശ്നമുണ്ടായ സമയത്ത് കേരളം മുഴുവനും ആ വിഷയം വളരെ കാര്യമായി ചർച്ചചെയ്തതാണ്. ഞാനൊരു സബ്മിഷനും ഉന്നയിച്ചിരുന്നു. അന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞത്, ആംബുലൻസുകളുടെ മൊത്തത്തിലുള്ള എണ്ണം കണക്കാക്കുന്നതിനും എത്രയെണ്ണം സജീവമായി പോകുന്നുവെന്നതിന്റെ രജിസ്ട്രേഷനും ജി.പി.എസ്.-നകത്ത് ഉൾപ്പെടുത്തി ആംബുലൻസുകളുടെ പ്രവർത്തനം നോക്കി കാണുന്ന രീതിയിലേയ്ക്ക് മാറ്റണമെന്നാണ് പറഞ്ഞിട്ടുള്ളത്. ആംബുലൻസുകൾ ശരിയായ രീതിയിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; അനധികൃതമായ ആംബുലൻസുകൾ ഏതെങ്കിലും പിടിച്ചെടുത്തിട്ടുണ്ടോ; ജി.പി.എസ്. സർവ്വേയിലേയ്ക്ക് ഇത് കൊണ്ടുവന്നിട്ടുണ്ടോ; ആംബുലൻസ് സർവ്വീസിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നം സഭയിൽ നേരത്തെ ഉന്നയിച്ചതാണ്. അന്നും കണ്ടെത്തിയിട്ടുള്ളൊരു പ്രയാസം ആംബുലൻസുകൾ ശബ്ദം മുഴക്കിക്കൊണ്ട് റോഡിലൂടെ പോകുന്നത് അനധികൃതമായിട്ടാണോ എന്ന് കണ്ടുപിടിക്കണമെങ്കിൽ വാഹനം നിർത്തി പരിശോധിക്കണം. രോഗികളുമായി പോകുന്ന ആംബുലൻസ് നിർത്തി പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥരെ ഏൽപ്പിച്ചാൽ ചില ഘട്ടങ്ങളിലെങ്കിലും അത് ദോഷകരമായി ബാധിക്കാനാണ് ഇടയുള്ളതെന്ന വസ്തുത മനസ്സിൽ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ, ആംബുലൻസുകളിൽ ജി.പി.എസ്. പിടിപ്പിക്കണമെന്ന നിർദ്ദേശം ഇതിനകം കൊടുത്തിട്ടുണ്ട്. ഈ മാസം അവസാനത്തോടുകൂടി ആ പ്രവർത്തനം നടത്തുന്നില്ലെങ്കിൽ ആംബുലൻസുകൾ പ്രവർത്തിക്കാൻ അനുവദിക്കില്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അപകടങ്ങൾ ഏതായാലും വളരെ ദുഃഖകരവും പ്രയാസമുണ്ടാക്കുന്നതുമാണ്. പ്രത്യേകിച്ച് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്കാകുമ്പോൾ അത് ഏറെ പ്രയാസമുണ്ടാക്കുന്ന ഒന്നാണ്. കഴിഞ്ഞയാഴ്ച മലപ്പുറത്ത്, മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി ബസ്സിൽനിന്നും തെറിച്ചുവീണ് മരിച്ചത് ബസ്സിന്റെ ഡോർ അടച്ചിട്ടില്ലാത്തതിനാലാണ്. അതുപോലെ, പല വിദ്യാലയങ്ങളിലും വളരെ പഴക്കമുള്ള വാഹനങ്ങളും ഉപയോഗിക്കുന്നുണ്ട്. വിദ്യാലയങ്ങൾക്ക് ബസ്സുകൾ ആവശ്യവും അനിവാര്യവുമാണ്. പക്ഷേ, അതിന്റെ ഗുണനിലവാരവും പഴക്കവും നോക്കുന്ന കാര്യത്തിലും അതിനുള്ളിലെ സുരക്ഷിതത്വം ഉറപ്പാക്കുന്ന കാര്യത്തിലും ശ്രദ്ധിക്കണം. പല ബസ്സുകൾക്കും ഡോറുകളില്ല. നിലവിൽ ഡോറുണ്ടെങ്കിൽത്തന്നെ അവിടെ ഒരാളെ നിർത്തുന്നതിനുപകരം ആ ഡോർ ബസ്സിന്റെ ബോഡിയോടൊപ്പം കെട്ടിവയ്ക്കുന്ന സാഹചര്യമാണുള്ളത്. ഓപ്പണായി കിടക്കുന്ന ഡോറുകൾ കുട്ടികളുടെ ഇടയിലേയ്ക്ക് വലിയ അപകടങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. അത്തരം കാര്യങ്ങൾ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കാനും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർദ്ദേശം കൊടുക്കാനുമുള്ള നടപടിയുണ്ടാകണം. എന്തെങ്കിലും അപകടം വന്നുകഴിഞ്ഞാൽ ചെയ്യാറുണ്ട്, പക്ഷേ അതിനുവേണ്ടി ഒരു നിരന്തരപ്രക്രിയ ഉണ്ടാക്കിയെടുക്കാൻ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അടുത്തകാലത്ത് നടന്ന വേദനാജനകമായ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളിൽ ആയമാരെ നിശ്ചയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷേ, ഒരു സ്ഥലത്തും അത് കർശനമായി പാലിക്കപ്പെടുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. അത്തരം വിദ്യാലയങ്ങളുടെ അംഗീകാരം റദ്ദ് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിർദ്ദേശം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് മോട്ടോർ വാഹന വകുപ്പ് കൊടുത്തിട്ടുണ്ട്. ആ അപകടത്തിൽപ്പെട്ട വാഹനം ഓടിച്ച ഡ്രൈവറുടെയും വാഹനത്തിന്റെയും ലൈസൻസുകൾ റദ്ദ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ ഒരു സംഭവത്തെ മാത്രം കണ്ടുകൊണ്ട് ഒറ്റപ്പെട്ട തീരുമാനം എടുക്കുകയല്ല വേണ്ടത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ, പൊതുവായ നിലപാട് എടുക്കേണ്ടതുണ്ട്. ഞാൻ നേരത്തെ ജി.പി.എസ്.-ന്റെ കാര്യം പറയുകയുണ്ടായി. ജി.പി.എസ്. ഘടിപ്പിക്കാതെ ഒരു വാഹനത്തിനും ഇനി വരുംകാലം ഓടിക്കാൻ കഴിയില്ല. അക്കാര്യത്തിൽ ഞാൻ മെമ്പർമാരോട് ഒരു സഹായം അഭ്യർത്ഥിക്കുന്നത്, കാലാവധി നീട്ടിക്കൊടുക്കണമെന്ന നിവേദനം ദയവായി കവറിംഗ് ലെറ്ററോടുകൂടി അയയ്ക്കരുതെന്നാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അപകടങ്ങൾ പകുതിയായി കുറയ്ക്കാൻ അമിതമായി വേഗം കൂട്ടുകയും ആ വേഗം ആസ്വദിച്ച് ഓടിക്കാൻ കഴിയുകയും നമ്മുടെ തെരുവുകളെ മരണക്കെണികളാക്കി മാറ്റുകയും ചെയ്യുന്ന ബൈക്കുകളുടെ കാര്യത്തിൽ എന്തു ചെയ്യണമെന്ന് തീരുമാനിക്കണം. മറ്റൊന്ന്, മയക്കുമരുന്ന് ഉപയോഗിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്താനുള്ള ഫലപ്രദമായ സംവിധാനമുണ്ടാക്കണം. ഈ രണ്ട് കാര്യങ്ങൾ ചെയ്താൽ കേരളത്തിലെ അപകടം പകുതി കുറയ്ക്കാനാകും.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വളരെ ശ്രദ്ധേയമായ ചോദ്യമാണ്. ആധുനിക രീതിയിലുള്ള 120 മുതൽ 130 വരെ കിലോമീറ്റർ വേഗത്തിൽ ഓടിക്കാൻ കഴിയുന്നതും രണ്ട് മുതൽ നാല് ലക്ഷം രൂപ വരെ വില മതിക്കുന്നതുമായ ഇരുചക്രവാഹനങ്ങളാണ് ഇപ്പോൾ റോഡിൽ ഓടിച്ചുകൊണ്ടിരിക്കുന്നത്. അത് തടയാൻ നിയമംമൂലം സാധ്യമല്ല. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ രണ്ട് ലക്ഷം രൂപയ്ക്ക് മുകളിൽ വിലവരുന്ന മോട്ടോർ വാഹനങ്ങൾക്ക് നല്ല നികുതിയാണ് ഈടാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. അത്തരത്തിൽ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കാൻ കഴിയുമോ എന്നൊരാലോചന നടത്തുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗിച്ച് വാഹനങ്ങളോടിക്കുന്നവരെ സംബന്ധിച്ച് എക്സൈസ് വകുപ്പിന്റെ വിമുക്തി പരിപാടിയുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തുന്നത് നന്നായിരിക്കുമെന്നത് നല്ലൊരു നിർദ്ദേശമാണ്. തീർച്ചയായും ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, തലസ്ഥാനനഗരിയായ തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ അപകടമരണങ്ങൾ ഉണ്ടാകുന്നത് എന്ന് ഇന്നത്തെ പത്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടുത്തകാലത്തായി ശാസ്തമംഗലം പ്രദേശത്ത് രണ്ടുപേർ വാഹനാപകടത്തിൽ മരണപ്പെട്ടു. രണ്ട് മാസത്തോളമായ ഈ അപകടത്തിന് കാരണമായ വാഹനമോടിച്ചിരുന്നത് ആരാണെന്ന് ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. നിരാലംബരായ കുടുംബത്തിലെ അംഗമാണ് ഒരാൾ. മറ്റൊന്ന് വിദ്യാർത്ഥിയായ 24 വയസ്സുള്ള ഒരു ചെറുപ്പക്കാരൻ. നഗരത്തിലെ പല ക്യാമറകളും പ്രവർത്തിക്കുന്നില്ല. ശാസ്തമംഗലം പോലെയുള്ള പ്രധാനപ്പെട്ട ഒരു പ്രദേശത്ത് വൈകുന്നേരം 7.00 മണിക്ക് അപകടമുണ്ടായപ്പോൾ അതിന് കാരണക്കാരനായ വാഹനമോടിച്ചയാളെ ഇതുവരെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നത് ഗുരുതരമായ ഒരു കാര്യമാണ്. ആ കുടുംബം അനാഥമായി, പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അപ്പോൾ ഏറ്റവും കൂടുതൽ മരണനിരക്കുള്ള ഒരു സംസ്ഥാന തലസ്ഥാനമാണിത്. രാജ്ഭവന് മുന്നിൽ പോലീസ് കയറുകെട്ടിയതുകൊണ്ട് ട്രാഫിക് ബ്ലോക്ക് ഉണ്ടാകുന്നു. ഇവിടെയും ക്യാമറകൾ പ്രവർത്തിക്കുന്നില്ല.

തലസ്ഥാനനഗരിയിൽ പല പ്രദേശത്തും അപകടം ഉണ്ടാകാതിരിക്കാൻ ഓവർ സ്പീഡ് ഉണ്ടാകുന്നു. അപ്പോൾ അതിന് വേണ്ട നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം. പോലീസ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നും ക്യാമറകൾ സ്ഥാപിക്കാനും അപകടങ്ങൾ കുറയ്ക്കുന്നതിനുമുള്ള നടപടികളും അപകടത്തിൽപ്പെട്ട് മരിച്ചവരുടെ കുടുംബത്തിന് സാമ്പത്തികസഹായം അനുവദിക്കുന്നതിനുള്ള തീരുമാനവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ;

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പും പോലീസ് ഡിപ്പാർട്ട്മെന്റുമാണ് വ്യത്യസ്ത മേഖലകളിൽ ക്യാമറകൾ സ്ഥാപിച്ച് പരിശോധനകൾ നടത്തിക്കൊണ്ടിരിക്കുന്നത്. മോട്ടോർ വാഹന വകുപ്പിന്റെ ക്യാമറകളിലൂടെ അമിതവേഗത തുടങ്ങിയ കാര്യങ്ങളാണ് കുറ്റകൃത്യങ്ങളായി കണ്ടെത്തി നടപടികൾ സ്വീകരിക്കാനുള്ള സംവിധാനമുള്ളത്. എന്നാൽ പോലീസ് ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന പദ്ധതിയിലൂടെ മറ്റു കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇപ്പോൾ 246 ക്യാമറകൾ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ചിലത് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പ്രവർത്തനക്ഷമമല്ലാതായി മാറിയിട്ടുണ്ട്. ഇതിന്റെ മെയിന്റനൻസ് കെൽട്രോണുമായി ബന്ധപ്പെട്ട് നടത്തുന്നതിൽ സ്വാഭാവികമായുമുണ്ടാകുന്ന കാലതാമസം അക്ഷന്തവ്യമല്ലെന്ന് എനിക്കുതന്നെ അറിയാം. അതുകൊണ്ടുതന്നെ അത് കൂടുതൽ മെച്ചപ്പെട്ട സംവിധാനത്തിലേയ്ക്ക് മാറ്റാനും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: എടുത്ത 3 ചോദ്യങ്ങളും ഗതാഗതവുമായി ബന്ധപ്പെട്ടതാണ്. അതിനാൽ ഇനിയും സമയം അതിനുവേണ്ടി വിനിയോഗിക്കാൻ നിർവ്വാഹമില്ല.

**അക്കാദമിക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

4 (*122) ശ്രീ. വി. ജോയി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ:
പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ക്രമാതീതമായി ഫീസ് വർദ്ധിപ്പിച്ച് ഉന്നതവിദ്യാഭ്യാസം വരേണ്യവൽക്കരിക്കുന്നതും അത് കൂടുതൽ ശക്തിപ്പെടുത്തുന്ന തരത്തിൽ വിദ്യാഭ്യാസനയത്തിന്റെ കരട് രൂപീകരിക്കുകയും ചെയ്തതിന് ബദലായി സാമൂഹ്യവിമോചനത്തിനുതകുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസരംഗം കൂടുതൽ ദൃഢീകരിക്കാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ സർക്കാർ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക ഗുണമേന്മാ വർദ്ധനവിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(സി) സർവ്വകലാശാലകൾ ഐക്യരൂപ്യത്തോടെ പരീക്ഷകൾ യഥാസമയം നടത്തുന്നതിനും പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനും വേണ്ട ഇടപെടൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) കേന്ദ്ര ഗവൺമെന്റ് അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അയച്ചുതന്ന 2019-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ (NEP 2019) കരടിന്മേൽ സംസ്ഥാന സർക്കാർ വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധരുമായി ചർച്ച നടത്തിയിരുന്നു. പ്രസ്തുത നയത്തെ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ വ്യക്തമായ അഭിപ്രായം അറിയിച്ചിട്ടുണ്ട്. കരട് ദേശീയ വിദ്യാഭ്യാസനയത്തിൽ പ്രതിപാദിക്കുന്ന സ്വകാര്യ സർവ്വകലാശാലകളുടെ രൂപീകരണം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പൂർണ്ണമായ സ്വയംഭരണം, ഉന്നത വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരണം തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് അറിയിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളെ ശക്തിപ്പെടുത്തിയും അക്കാദമിക രംഗത്ത് മികവ് വർദ്ധിപ്പിച്ചും ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി ഉറപ്പുവരുത്തിയും ദേശീയ വിദ്യാഭ്യാസ നയത്തിന് ബദലായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം ദൃഢീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തെ വരേണ്യവൽക്കരണത്തിനും വാണിജ്യവൽക്കരണത്തിനും ബദലായി ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. മെരിറ്റും സാമൂഹ്യനീതിയും നിലനിർത്തി ഗുണനിലവാരമുള്ള ഉന്നതവിദ്യാഭ്യാസമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനെ അടിസ്ഥാനമാക്കിയുള്ള ബദൽ നയങ്ങളാണ് സർക്കാർ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി താഴെപ്പറയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്നു.

- സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 248 അദ്ധ്യാപക തസ്തികകളും 27 അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചു. 562 അദ്ധ്യാപക നിയമനങ്ങളും 436 അനദ്ധ്യാപക നിയമനങ്ങളും നടത്തി. സർക്കാർ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക ഉന്നമനത്തിനുമായി കിഫ്ബി പദ്ധതിയിൽ

700 കോടി രൂപയും RUSA പദ്ധതിയിൽ 92 കോടി രൂപയും അനുവദിച്ചു. മൂന്ന് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളും അഞ്ച് എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളും പുതിയതായി ആരംഭിച്ചു. വിവിധ സർക്കാർ കോളേജുകളിൽ 32 ബിരുദാനന്തര പ്രോഗ്രാമുകളും 24 ബിരുദ പ്രോഗ്രാമുകളും 3 എം.ഫിൽ പ്രോഗ്രാമുകളും അനുവദിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയ സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചും സർക്കാർ എയ്ഡഡ് കോളേജുകളിൽ സീറ്റ് വർദ്ധനവ് അനുവദിച്ചും കൂടുതൽ വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിക്കുന്ന ഫീസിൽ പഠിക്കുവാനുള്ള അവസരം ഉറപ്പാക്കി.

- NBA അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നൂതനമേഖലകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഡിസൈൻ എന്നിവയിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ അനുവദിച്ചു.

- സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ ഈ വർഷം മുതൽ ലാറ്ററൽ എൻട്രി സംവിധാനം നടപ്പാക്കി. മാത്തമാറ്റിക്സ് വിഷയമെടുത്ത് പ്ലസ് ടു വിജയിക്കുന്നവർക്ക് പോളിടെക്നിക് കോളേജുകളിൽ രണ്ടാംവർഷ ഡിപ്ലോമ ക്ലാസ്സുകളിലേയ്ക്ക് നേരിട്ട് പ്രവേശനം നേടാൻ അവസരം ഒരുക്കി.

- സർവ്വകലാശാല ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഗുണകരമായ രീതിയിൽ ചട്ടങ്ങൾക്ക് രൂപം നൽകി. കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ പരസ്പരം അംഗീകരിക്കണമെന്നും ദേശീയ പ്രാധാന്യമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യു.ജി.സി. അംഗീകാരമുള്ള സർവ്വകലാശാലകൾ എന്നിവ നൽകുന്ന ബിരുദങ്ങൾ കേരളത്തിലെ സർവ്വകലാശാലകളും തൊഴിൽ ദാതാക്കളും അംഗീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. ഇതുസംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിന് ഉന്നതാധികാര സമിതിയെ നിയമിച്ചു.

- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും പ്രവേശന നടപടികൾ ഏകീകരിച്ചു.

- യു.ജി.സി. നിർദ്ദേശപ്രകാരം ഔട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നല്കിക്കൊണ്ടുള്ള പാഠ്യപദ്ധതി പരിഷ്കരണം ആരംഭിച്ചു.

- ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേയുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം നടത്തിവരുന്നു.
- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 407.52 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 60 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
- സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 7.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.
- പുതിയ കാലഘട്ടത്തിന് അനുസൃതമായി കോഴ്സുകളുടെ ആധുനികവൽക്കരണം നടപ്പിലാക്കിവരുന്നു.
- സാങ്കേതിക സർവ്വകലാശാല പാഠ്യപദ്ധതി ഫലപ്രാപ്തിയിലൂന്നിയ വിദ്യാഭ്യാസ മാതൃകയിൽ കാലാനുസൃതമായി പരിഷ്കരിച്ചുകഴിഞ്ഞു.
- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ അക്കാദമിക അന്തരീക്ഷം മികവുറ്റതാക്കാൻ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്.
- നൈപുണ്യവികസനം, ഗവേഷണ സഹായം എന്നിവയ്ക്കായി 2019-20 സാമ്പത്തിക വർഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് 135 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ ഉറപ്പാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ലൈവ് സ്ട്രീമിംഗിനും ഓൺലൈൻ ക്ലാസ്സുകൾക്കുമായി മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE- Online Resource Initiative of Collegiate Education) സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം ഉപയോഗിച്ചുകൊണ്ട് അക്കാദമിക വിദഗ്ദ്ധരുടെ ക്ലാസ്സുകൾ വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

- വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നല്കുന്നതിനായി 2019-20 സാമ്പത്തിക വർഷം " Jeevani- College Mental Awareness Programme" എന്ന പദ്ധതി 67 ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടപ്പിലാക്കി.

- റൂസ ഒന്നാംഘട്ട പദ്ധതിപ്രകാരം 6 സർവ്വകലാശാലകളിൽ 20 കോടി രൂപ വീതവും രണ്ടാംഘട്ടത്തിന്റെ ഭാഗമായി രണ്ട് സർവ്വകലാശാലകൾക്ക് 50 കോടി രൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്.

- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിൽ AICTE അക്രെഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- അന്തർദ്ദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കിയും ഡിജിറ്റൽ/ ഇ-ലൈബ്രറികൾ സ്ഥാപിച്ചും അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

- ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ എന്നിവയിൽ പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്.

- കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റിയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്റർ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, എനർജി ആൻഡ് എൻവയോൺമെന്റും സ്ഥാപിച്ചിട്ടുണ്ട്.

- എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവയുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതികവിദ്യയിൽ പരിശീലന പരിപാടികളും നടത്തിവരുന്നു.
- CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു.
- എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്റ്റ് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു.
- നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു.
- കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 48 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ വികസനത്തിനായി 297 കോടി രൂപയും 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 59.47 കോടി രൂപയും പൈതൃക കോളേജുകളുടെ വികസന ത്തിനായി 73.76 കോടി രൂപയും സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 49.29 കോടി രൂപയും പുതുതായി ആരംഭിച്ച ആർട്സ് ആൻഡ് സയൻസ് കോളേജിന് 10.23 കോടി രൂപയും കിഫ്ബി പദ്ധതിപ്രകാരം അനുവദിച്ചിട്ടുണ്ട്.
- അസാപിനു കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. പുതിയ ഏഴെണ്ണത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിൽ. ബഹുഭാഷാ പരിശീലനകേന്ദ്രങ്ങൾ സ്ത്രീ ശാക്തീകരണത്തിനായുള്ള She Skills-2019 പദ്ധതി എന്നിങ്ങനെ 1118 സ്ഥാപനങ്ങളിൽ രണ്ട് ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യ പരിശീലനത്തിന് അവസരം സൃഷ്ടിച്ചു.
- സർവ്വകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹി പ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അന്തർ വൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് ലക്ഷ്യമിട്ട് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിലെ അന്തർസർവ്വകലാശാല

കേന്ദ്രങ്ങളടക്കം 18 ഗവേഷണ കേന്ദ്രങ്ങളെ ഒരു കുടക്കീഴിലാക്കി 34.42 കോടി രൂപ ചെലവിൽ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് യാഥാർത്ഥ്യമാക്കി.

- സംസ്ഥാനത്തെ സർവ്വകലാശാലകൾ നൽകുന്ന പരമാവധി സേവനങ്ങളും വിദ്യാർത്ഥി പ്രവേശനം മുതൽ വിവിധ സർട്ടിഫി ക്കറ്റുകൾ വരെ ഓൺ ലൈനിൽ ലഭ്യമാക്കി. എഞ്ചിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ ഓൺലൈൻ മുഖേന നടത്താനായി.

- പ്രൊഫഷണൽ വിദ്യാർത്ഥി സമ്മിറ്റ് സംഘടിപ്പിച്ച് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇതര വൈജ്ഞാനിക മേഖലകളിൽ മികവ് സ്വായത്തമാക്കി മുന്നേറുന്നതിന് വിവിധ തലങ്ങളിൽ വിജയം കൈവരിച്ച പ്രഗത്ഭരുമായി സംവദിക്കുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരമൊരുക്കി. നവകേരള നിർമ്മിതിക്കായി വിദ്യാർത്ഥികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതിനും അവർക്ക് മുഖ്യമന്ത്രിയുമായി സംവദിക്കുന്നതിനും വേദിയൊരുക്കി Students Leaders' Conclave- സംഘടിപ്പിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ലീഡ് പദ്ധതിയിലുൾപ്പെടുത്തി സർവ്വകലാശാലാ, സർക്കാർ കോളേജ് യൂണിയൻ ചെയർമാന്മാർക്ക് വിദേശ-രാജ്യങ്ങളിൽ പരിശീലനത്തിന് പദ്ധതിക്ക് തുടക്കമായി. ഈ വർഷത്തെ പരിശീലനം ഇംഗ്ലണ്ടിലെ കാർഡിഫ് സർവ്വകലാശാലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് ഓൺലൈൻ പരാതി പരിഹാര സംവിധാനം -For The Students നിലവിൽ വന്നു. ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പെൺകുട്ടികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമമുറികൾ, സർവ്വകലാശാലാ സിൻഡി ക്കേറ്റുകളിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പുവരുത്തി.

- ഉന്നതവിദ്യാഭ്യാസ കൗൺസിൽ - ആഭിമുഖ്യത്തിൽ 29.33 കോടി രൂപയുടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. എറുഡെയ്റ്റ് പദ്ധതി പ്രകാരം 3 നോബൽ സമ്മാന ജേതാക്കളും ഒരു ആബേൽ സമ്മാന ജേതാവും ഒരു ബുക്കർ സമ്മാന ജേതാവുമടക്കം 116 പ്രമുഖരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരം സൃഷ്ടിച്ചു.

(സി) ഉണ്ട്. എല്ലാ സർവ്വകലാശാലകളിലും ഏപ്രിൽ 30-നകം ബിരുദ പ്രോഗ്രാമുകളുടെയും മേയ് 31-നകം ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെയും പരീക്ഷാഫലങ്ങൾ പ്രഖ്യാപിക്കാനും ജൂൺ 1-ന് ഒന്നാം വർഷം LLB, പോളിടെക്നിക്, ബിരുദ, ബിരുദാനന്തര ബിരുദ ക്ലാസ്സുകൾ ആരംഭിക്കാനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളിലും ഫലപ്രാപ്തിയിലൂന്നിയ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ പാഠ്യ പദ്ധതി പരിഷ്കരണത്തിനും പൊതു അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കുന്നതിനും പരീക്ഷകൾ, റിസൾട്ടുകൾ എന്നിവ നിശ്ചിത സമയക്രമത്തിൽ പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, കേന്ദ്രസർക്കാരിന്റെ ദേശീയവിദ്യാഭ്യാസ കരടുനയം പുറത്തുവന്നതോടെ പണമില്ലാത്തവർക്ക് വിദ്യാർത്ഥിയായോ ഗവേഷകനായോ കടന്നുചെല്ലാൻ കഴിയാത്തിടമായി വിദ്യാഭ്യാസം മാറുമെന്നുള്ളത് ഏതാണ്ടുറപ്പായി. സ്വകാര്യ സർവ്വകലാശാലകളുടെ രൂപീകരണം, വിദേശ സർവ്വകലാശാലകൾക്ക് അംഗീകാരം ഇതെല്ലാം ഏറ്റവും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. ഗ്രാമീണ മേഖലകളിൽ പുതിയ വിദ്യാലയങ്ങൾ തുറക്കരുതെന്ന് ഈ കരട് നയത്തിൽ പറയുകയാണ്. ഇതിനെതിരായി കേരളത്തിലെ വിദ്യാഭ്യാസ വിചക്ഷണന്മാരുമായി ആലോചിച്ച് മറുപടി നൽകിയതായി അങ്ങ് മറുപടിയിൽ പറയുന്നത് ശ്രദ്ധേയമായിട്ടുള്ള കാര്യമാണ്. NAAC അക്രെഡിറ്റേഷൻ കേരളത്തിലെ എത്ര സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്; ഇനി ലഭിക്കാനുള്ളതിനെ അതിലേയ്ക്കെത്തിക്കുന്നതിനുള്ള എന്ത് നടപടിയാണ് അങ്ങ് സ്വീകരിക്കുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, സംസ്ഥാനത്ത് 66 ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളാണുള്ളത്. ഇതിൽ 34 ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്ക് NAAC-യുടെ അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. NAAC-ന് A+ സ്കോറോ അതിനുമുകളിലോ ലഭിച്ചിട്ടുള്ള രണ്ട് ഗവൺമെന്റ് കോളേജുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അത് സംസ്കൃത കോളേജും വിമൻസ് കോളേജ്, തിരുവനന്തപുരവുമാണ്. 191 എയ്ഡഡ് കോളേജുകളിൽ 143 എയ്ഡഡ് കോളേജുകൾക്ക് NAAC-യുടെ അക്രെഡിറ്റേഷൻ ലഭ്യമായിട്ടുണ്ട്. അതിൽ A+ സ്കോറോ അതിനുമുകളിലോ ലഭിച്ചിട്ടുള്ള എയ്ഡഡ് കോളേജുകളുടെ എണ്ണം 30-ഉം A ലഭിച്ചിട്ടുള്ള എയ്ഡഡ് കോളേജുകളുടെ എണ്ണം 59-ഉം ആണ്. NAAC അക്രെഡിറ്റേഷന് പുറമേ NBA അക്രെഡിറ്റേഷനുമുണ്ട്. ഇത് ടെക്നിക്കൽ സ്ഥാപനങ്ങൾക്കാണ് ലഭിക്കാറുള്ളത്. സംസ്ഥാനത്ത് 9 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളാണുള്ളത്. ഭാഗികമായി കോഴ്സുകൾക്ക് NBA അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ള ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ 8 എണ്ണമാണ്. എയ്ഡഡ്

എഞ്ചിനീയറിംഗ് കോളേജുകൾ 3 എണ്ണമുള്ളതിൽ 3 എണ്ണത്തിനും വിവിധ കോഴ്സുകൾക്ക് NBA-യുടെ അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഏതാണ്ട് 130 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുള്ളതിൽ 23 സ്വാശ്രയ കോളേജുകൾക്ക് വിവിധ കോഴ്സുകൾക്ക് NBA അക്രെഡിറ്റേഷൻ ലഭ്യമായിട്ടുണ്ട്. NBA അക്രെഡിറ്റേഷനും NAAC-ന്റെ അക്രെഡിറ്റേഷനും ലഭിക്കാത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രസ്തുത അക്രെഡിറ്റേഷൻ ലഭ്യമാകുന്നതിലേയ്ക്ക് നയിക്കാൻ എന്തൊക്കെ ഭൗതിക സൗകര്യങ്ങളാണോ നൽകേണ്ടത്/ചെയ്യേണ്ടത് അത് സർക്കാർ സമയബന്ധിതമായി നൽകി രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ കോളേജുകൾക്കും NAAC-ന്റെയോ NBA-യുടേയോ അക്രെഡിറ്റേഷൻ ലഭ്യമാക്കുകയെന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. വി. ജോയി</u>: സർ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആധുനിക കോഴ്സുകൾ തുടങ്ങുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവർത്തിച്ച് പറയുകയാണ്. കുട്ടികൾ പഠിച്ചിറങ്ങുമ്പോൾ മറ്റാരുടേയും പിന്നിലാകാൻ പാടില്ല എന്നദ്ദേഹം നിരവധി സ്ഥലങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഈ കുറവ് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്. അതുപോലെ NIRF (National Institutional Ranking Framework) റേറ്റിംഗിൽ നമ്മുടെ സ്ഥാനം എവിടെയാണ്?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, NIRF-ന്റെ റാങ്കിംഗിൽ 4 സർവ്വകലാശാലകളാണ് ആദ്യത്തെ നൂറ് റാങ്കിൽ വരുന്നത്. രാജ്യത്ത് മൊത്തം 800 സർവ്വകലാശാലകളുണ്ട്. അതിൽ ആദ്യത്തെ നൂറിൽ കേരളത്തിൽനിന്നുള്ള നാല് സർവ്വകലാശാലകൾ വരുന്നു. 22-ാം റാങ്കോടെ കേരള സർവ്വകലാശാല, 30-ാം റാങ്കോടെ എം.ജി സർവ്വകലാശാല, 64-ാം റാങ്കോടെ കാലിക്കറ്റ് സർവ്വകലാശാല, 65-ാം റാങ്കോടെ കുസാറ്റ്. നാല്പതിനായിരത്തോളം കോളേജുകളിൽ ആദ്യ നൂറ് റാങ്കിൽ വരുന്ന 18 കോളേജുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അതിൽ കേരളത്തിൽ ഒന്നാം സ്ഥാനത്ത് 23-ാം റാങ്കോടെ യൂണിവേഴ്സിറ്റി കോളേജാണ്. എല്ലാ കോളേജുകൾക്കും സർവ്വകലാശാലകൾക്കും നല്ല ഇൻഫ്രാസ്ട്രക്ചർ സൗകര്യമൊരുക്കി NIRF-ന്റെ റാങ്കിംഗിൽ മികച്ച നിലയിലേയ്ക്ക് വരുന്നതിന് ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തുകയാണ്. ന്യൂജെൻ കോഴ്സുകളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. ഈ വർഷം ആദ്യമായി നമ്മുടെ സംസ്ഥാനത്ത് റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ എഞ്ചിനീയറിംഗ്, ഡിസൈൻ എന്നീ മൂന്ന് ന്യൂജെൻ കോഴ്സുകളിൽ ബി.ടെക്/എം.ടെക്/ബി.ഡെസ് (ബാച്ചിലർ ഓഫ് ഡിസൈൻ) കോഴ്സുകൾ സ്വാശ്രയ കോളേജുകളിൽ ആരംഭിച്ചു. അടുത്ത

അദ്ധ്യയന വർഷം 60 പുതിയ ന്യൂജെൻ കോഴ്സുകൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. തീർച്ചയായും അതിനുതകുന്ന രീതിയിൽ സൗകര്യങ്ങളുള്ള സ്ഥാപനങ്ങളിൽ ന്യൂജെൻ കോഴ്സുകൾ ആരംഭിക്കുന്നതിന് എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. എ. എൻ. ഷംസീർ: സർ, ഗവൺമെന്റ് കോളേജുകളുടെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി ഗവൺമെന്റ് ധാരാളം ഫണ്ട് നൽകുന്നുണ്ട്. ലാബുകളുടെ നിർമ്മാണത്തിനും മോണിറ്ററിംഗിനും സംവിധാനമുണ്ടോ; ലാബിൽനിന്നുള്ള ഔട്ട്പുട്ട് എന്താണ്; ഔട്ട്പുട്ട് സംവിധാനം മോണിറ്റർ ചെയ്യാനുള്ള സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തുണ്ടോ? അതോടൊപ്പം ഫണ്ട് കൊടുക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. ഇവിടെയിപ്പോൾ കുസാറ്റ് 65-ാം സ്ഥാനത്താണെന്നും മറ്റുചില സർവ്വകലാശാലകൾ 22-ാം സ്ഥാനത്താണെന്നും പറഞ്ഞു. പുറകിൽ നിൽക്കുന്ന യൂണിവേഴ്സിറ്റികളെ മുന്നിൽ കൊണ്ടുവരാൻ എന്തെങ്കിലും ഫണ്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് അലോക്കേറ്റ് ചെയ്യുമോ? പുറകിൽ നിൽക്കുന്ന യൂണിവേഴ്സിറ്റികളാണ് മുന്നോട്ട് വരേണ്ടത്. നിർഭാഗ്യവശാൽ മറ്റുചില യൂണിവേഴ്സിറ്റികൾക്ക് ഇവിടെ ഇഷ്ടംപോലെ ഫണ്ട് കൊടുത്തതായി കണ്ടു. ഫണ്ട് വിതരണത്തിലും ഒരു അൺ-ഇക്വാളിറ്റി കണ്ടതായി എനിക്ക് തോന്നുന്നു. അതുകൊണ്ട് ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടിയുണ്ടാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, സർവ്വകലാശാലകൾക്ക് കാലാകാലങ്ങളായി ആദ്യം അനുവദിച്ച ഫണ്ടിന്റെ നിശ്ചിത ശതമാനം വർദ്ധനവാണ് അനുവദിക്കുന്നത്. പല സർവ്വകലാശാലകൾക്കും ഈക്വലായിട്ടുള്ള ഫണ്ട് ലഭിക്കുന്നില്ലെന്നുള്ള കാലപ്പഴക്കമായ പരാതി മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾ ഇനിയും നടക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലാബുകൾ നവീകരിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പണം നൽകുന്നുമുണ്ട്. സാമാന്യം എല്ലാ കോളേജുകളിലും വേണ്ട ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കുകയും എന്നാൽ സ്പെഷ്യലൈസ്ഡായിട്ടുള്ള ലബോറട്ടറികൾ പത്തോ പതിനഞ്ചോ കോളേജുകൾ കേന്ദ്രീകരിച്ച് ഒരു സ്ഥലത്ത് പൂർണ്ണമായിട്ടും കേന്ദ്രീകരിക്കാൻ കഴിഞ്ഞാൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ലാബുകൾ അത്യുന്നതമായ നിലയിൽ വികസിപ്പിച്ചെടുക്കാൻ സാധിക്കും. അതിനുള്ള ശ്രമങ്ങളും ഗവൺമെന്റ് നടത്തിവരുന്നുണ്ട്. ഇതിനെല്ലാം മോണിറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ സർവ്വകലാശാലകൾക്കും കിഫ്ബിയിൽ നിന്നും പണം അനുവദിക്കുന്നുണ്ട്. അതിന്റെയെല്ലാം വിനിയോഗം സമയബന്ധിതമായി നടക്കണമെന്ന് ബന്ധപ്പെട്ട സർവ്വകലാശാലകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അവരുടെ പ്രൊപ്പോസലുകൾ അംഗീകരിക്കുന്ന മുറയ്ക്ക് കിഫ്ബിയുടെ സാംഗ്ഷൻ ലഭ്യമാക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മുൻകയ്യെടുക്കും.

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീ. എം. സ്വരാജ്: സർ, ശാസ്ത്ര-സാങ്കേതിക-വൈജ്ഞാനിക മേഖലകളിലെ വിസ്ഫോടനങ്ങളെ ഉൾക്കൊള്ളാൻ കഴിയുംവിധം ഉന്നത വിദ്യാഭ്യാസ രംഗത്ത് ന്യൂജനറേഷൻ കോഴ്സുകൾ ആരംഭിച്ചതിനെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത് അഭിനന്ദനീയമാണ്. എന്റെ ചോദ്യം ഉന്നത വിദ്യാഭ്യാസ രംഗത്തെ ചരിത്ര പഠനവുമായി ബന്ധപ്പെട്ടത്തിയുള്ളതാണ്. നമ്മുടെ രാജ്യത്തിന്റെയും നാടിന്റെയും ആധികാരിക ചരിത്രമെന്ന നിലയിൽ പരിഗണിക്കപ്പെടുന്ന ചരിത്രമെല്ലാം രചിച്ചത് ഇംഗ്ലീഷുകാരാണ്. അതാകട്ടെ കൊളോണിയൽ മേധാവിത്വം നിലനിർത്തുന്നതിനുവേണ്ടിയുള്ള രാഷ്ട്രീയ ലക്ഷ്യത്തെയും താല്പര്യത്തെയും പ്രതിഫലിപ്പിക്കുന്ന ചരിത്ര രചനയുമാണ് നടന്നിട്ടുള്ളത്. അതാണ് നമ്മുടെ പാഠ്യപദ്ധതിയുടെ ഭാഗമായി പലപ്പോഴും കടന്നുവരുന്നത്. പിന്നീടുണ്ടായ നാട്ടുകാരുടെ ചരിത്ര രചനയിലും കൊളോണിയൽ സ്വാധീനം പ്രകടമാണ്. എന്നാൽ ഇതിങ്ങനെ തുടർന്ന് കൊണ്ടുപോകുന്നത് ശരിയല്ല. നമ്മുടെ നാടിന്റെ ചരിത്രം ശരിയായി രചിക്കാനും പഠിക്കാനും കഴിയുന്ന സാഹചര്യമുണ്ടാകണം. പ്രത്യേകിച്ച് കേരളത്തിലെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടിട്ടുള്ള ഭാഗങ്ങളെല്ലാം ഇപ്പോഴത്തെ ചരിത്ര ഗ്രന്ഥങ്ങൾ നോക്കിയാൽ ചില വരികളിൽ മാത്രമായി ഒതുങ്ങിയിരിക്കുകയാണ്. ഞാൻ ഈ ചോദ്യം ഉന്നയിക്കാൻ കാരണം, വരാൻ പോകുന്നത് ഐതിഹാസികമായ മലബാർ സമരത്തിന്റെ നൂറാം വാർഷികമാണ്. ഈ വേളയിലെങ്കിലും കേരള ചരിത്രത്തിന്റെ ശരിയായ രചനയ്ക്കും പഠനത്തിനുമുള്ള നടപടികൾ സ്വീകരിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് സാധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, കാലാകാലങ്ങളായി നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ചരിത്ര പാഠങ്ങളിൽ പ്രധാനപ്പെട്ട പല കാര്യങ്ങളും അപ്രധാനമാണെന്ന നിലയിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ബ്രിട്ടീഷുകാർ രചിച്ച ചരിത്രരചനയാണ് ഇന്ത്യ അതിന്റെ ചരിത്ര അവബോധം എന്ത് എന്നുള്ളതിനെ സംബന്ധിച്ച് പഠിക്കുന്നതിന് പ്രയോജനപ്പെടുത്തുന്നത്. ആദ്യകാലത്ത് ബ്രിട്ടീഷുകാരായിരുന്നു ഇന്ത്യയുടെ ചരിത്രം രചിച്ചത്. പിന്നീടാണ് ഇന്ത്യൻ ചരിത്രകാരന്മാർ ഇന്ത്യയുടെ ചരിത്രം രചിക്കുന്ന സാഹചര്യമുണ്ടായത്. അങ്ങനെയാണ് നിഷ്പക്ഷമായ ചരിത്ര രചന നമ്മുടെ രാജ്യത്ത് നടന്നത്. ഡോ. റൊമീള ഥാപ്പർ, ഡോ. ആർ. എസ്. ശർമ്മ, ഡോ. ഇർഫാൻ ഹബീബ്, ഡോ. ഡി. ഡി. കൊസാമ്പി അങ്ങനെയുള്ള ആളുകൾ നമ്മുടെ രാജ്യത്തിന്റെ ചരിത്രം പ്രാമാണികമായി രചിച്ചിട്ടുണ്ട്. ഡോ. രാമചന്ദ്ര ഗുഹയെപ്പോലെയുള്ള ആളുകൾ ആധുനിക ഇന്ത്യയുടെ ചരിത്രത്തെ സംബന്ധിച്ച് വ്യക്തമായിട്ടുള്ള അവബോധവും കാഴ്ചപ്പാടും നൽകിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മലബാർ കലാപം കേരളത്തിന്റെ

മാത്രമല്ല നമ്മുടെ രാജ്യത്തിന്റെ തന്നെ സ്വാതന്ത്ര്യ സമര പോരാട്ട വീഥിയിൽ വളരെ സുപ്രധാനമായിട്ടുള്ള അദ്ധ്യായമാണ്. അതിനെ ഏതാനും വാക്കുകളിൽ അല്ലെങ്കിൽ വാചകങ്ങളിൽ ഒതുക്കിയ സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. മലബാർ കലാപത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന ഈ സമയത്ത് തീർച്ചയായും ചരിത്ര പണ്ഡിതന്മാർ ഇക്കാര്യങ്ങളിൽ വ്യക്തമായിട്ടുള്ള കാഴ്ചപ്പാടോടെ നീങ്ങും. ഡോ. കെ. എൻ. പണിക്കരെപ്പോലെയുള്ള ആളുകൾ മലബാർ കലാപത്തെ മുഖ്യധാരയിലേയ്ക്ക്, മുഖ്യ ചരിത്ര രചനാരംഗത്തേയ്ക്ക് കൊണ്ടുവരുന്നതിൽ സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ടെന്ന കാര്യവും ഈ സന്ദർഭത്തിൽ അനുസ്മരിക്കുകയാണ്.

പ്രൊഫ. കെ. യു. അരുണനുവേണ്ടി ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗം വളരെ കുത്തഴിഞ്ഞ അവസ്ഥയിലായിരുന്നു. പരീക്ഷ എഴുതിയാൽ മഴ കാത്തുനിൽക്കുന്ന വേഴാമ്പലിനെപ്പോലെ കാത്തുനിൽക്കേണ്ട ദുഃസ്ഥിതിക്ക് അറുതി വരുത്തി ഇവിടെ അക്കാദമിക് കലണ്ടർ കൊണ്ടുവന്ന് യഥാസമയം പരീക്ഷയുടെ റിസൾട്ടും മാർക്ക് ലിസ്റ്റും ലഭ്യമാക്കാൻ നടപടി സ്വീകരിച്ച സർക്കാരിനെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, കേരളത്തിൽ ഇപ്പോൾ ഏറ്റവും കൂടുതൽ പ്രശ്നം വരുന്നത് ഇന്റേണൽ അസെസ്സ്മെന്റുമായി ബന്ധപ്പെട്ടാണ്. ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ സമയത്തുതന്നെ ഇന്റേണലിന് മിനിമം മാർക്ക് വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. ഇന്റേണൽ അസെസ്സ്മെന്റ് ഇന്റേണൽ അസാസിനേഷനായ ഒരുപാട് ദുരനുഭവങ്ങൾ, ഒരുപാട് വിദ്യാർത്ഥികളുടെ വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടതിന്റെ കാരണംതന്നെ അദ്ധ്യാപകരുടെ പകപോക്കലാണ്. അപ്പോൾ ഇതൊഴിവാക്കാൻ ഒരു കമ്മിറ്റിയെ വയ്ക്കുകയും ആ കമ്മിറ്റി സർക്കാരിന് ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ കൊണ്ടുവന്നതുപോലെ ഇന്റേണലിന് മിനിമം മാർക്ക് വേണമെന്ന നിബന്ധന മറ്റ് യൂണിവേഴ്സിറ്റികളിലും ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, കുട്ടികളുടെ ഭാവിയിൽ വലിയ വില്ലനായി പലപ്പോഴും രംഗപ്രവേശം ചെയ്യാറുള്ള ഒന്നാണ് ഇന്റേണൽ അസെസ്സ്മെന്റ്. ഇന്റേണൽ അസെസ്സ്മെന്റിന് മിനിമം മാർക്ക് വേണം ജയിക്കാൻ എന്നുള്ള നിബന്ധന ഇപ്രാവശ്യം മുതൽ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷം മുതൽ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്കും ഇത് ബാധകമാക്കുന്നത് പരിശോധിക്കാൻ സർവ്വകലാശാലകളോട് നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളിലും അത് നടപ്പിലാക്കണം എന്നുള്ളത് തന്നെയാണ് എന്റെ വിനീതമായ അഭിപ്രായം. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയോട് ആരോഗ്യ സർവ്വകലാശാലയിലും മിനിമം മാർക്ക് ഇന്റേണൽ അസെസ്സ്മെന്റിന് വേണമെന്നുള്ള നിബന്ധന

ഒഴിവാക്കുന്നതിനെക്കുറിച്ച് സംസാരിച്ചിരുന്നു. നമ്മുടെ സഭയിലെ അംഗമായിരുന്ന മുൻ എം.എൽ.എ. ശ്രീ. എൻ. അനിരുദ്ധന്റെ മകന്റെ ദാരുണമായ മരണം അക്കാലത്ത് വളരെ ഒച്ചപ്പാടുകൾ ഉണ്ടാക്കിയിട്ടുള്ള ഒന്നാണ്. പല അദ്ധ്യാപകരും ഇന്റേണൽ അസെസ്സ്മെന്റിനെ കുട്ടികളെ ബുദ്ധിമുട്ടിക്കാനും പ്രയാസപ്പെടുത്താനും ദുരുപയോഗപ്പെടുത്തുന്നു. ഇപ്പോൾ ഏറ്റവും അവസാനം ഫാത്തിമ ലത്തീഫ് എന്ന കുട്ടി ചെന്നൈ ഐ.ഐ.ടി.-യിൽ മരിക്കാനിടയായ സാഹചര്യംപോലും ഇന്റേണൽ അസസ്സ്മെന്റുമായി ബന്ധപ്പെട്ടാണ് എന്നുള്ള വാർത്തകളാണ് പുറത്തുവന്നു കൊണ്ടിരിക്കുന്നത്. ഇന്റേണൽ അസെസ്സ്മെന്റിന് ജയിക്കണമെങ്കിൽ ആരുടെയും ദയാദാക്ഷണ്യത്തിന് കാത്തുനിൽക്കേണ്ട കാര്യമില്ലെന്ന് വ്യക്തമാക്കപ്പെടേണ്ടതുണ്ട്. അതിനുള്ള നടപടികളാണ് സാങ്കേതിക സർവ്വകലാശാലയിൽ ഈ വർഷം സ്വീകരിച്ചത്, അടുത്ത അദ്ധ്യയന വർഷം മുതൽ എല്ലാ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും സ്വീകരിക്കാനാണ് പോകുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, 132 വർഷത്തിന്റെ ചെറുപ്പത്തിലാണ് പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജ്. മാറുന്ന കാലത്തിനനുസരിച്ച് വിക്ടോറിയ കോളേജിനെ ഒരുക്കാൻ വലിയ പ്രതീക്ഷയോടെയാണ് ഡിജിറ്റലൈസേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് കിഫ്ബിയിൽ പ്രഖ്യാപിച്ച പ്രോജക്ടിനെ വിക്ടോറിയ കോളേജിലെ പൂർവ്വ വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന വലിയ സമൂഹം നോക്കി കണ്ടത്. കിറ്റ്കോയെ നിർമ്മാണച്ചുമതല ഏൽപ്പിച്ചുവെങ്കിലും തുടർനടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല. 2017-18-ൽ അനൗൺസ് ചെയ്തതാണ്. അങ്ങ് ഇടപെട്ട് എത്രയുംപെട്ടെന്ന് കേരളത്തിന്റെ അഭിമാനമായ വിക്ടോറിയ കോളേജിന് ചേരുന്ന തരത്തിൽ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള മുൻകൈ എടുക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, പാലക്കാട് വിക്ടോറിയ കോളേജ് കേരളത്തിലെ ഏറ്റവും പ്രശസ്തമായിട്ടുള്ള കോളേജുകളിൽ ഒന്നുതന്നെയാണ്. അവിടെ കിഫ്ബിയുടെ ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ട്. പക്ഷെ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. കിഫ്ബിക്കുള്ള നിബന്ധനകളും വ്യവസ്ഥകളും പെട്ടെന്നുതന്നെ പാലിച്ച് എന്തെല്ലാമാണോ നമുക്ക് നേടിയെടുക്കാനുള്ളത്; അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ അതുകഴിഞ്ഞ് ടി.എസ്., ഇതെല്ലാം നേടിയെടുത്ത് തുടർ പ്രവർത്തനങ്ങളിലേയ്ക്ക് കടക്കേണ്ടതുണ്ട്. വിക്ടോറിയ കോളേജുൾപ്പെടെ പല കോളേജുകളിലും ലഭിച്ചിട്ടുള്ള ഫണ്ട് യഥാവിധി വിനിയോഗിച്ചാൽ മാത്രമേ അടുത്ത അദ്ധ്യയന വർഷം പുതിയ ന്യൂജെൻ കോഴ്സുകൾ ആരംഭിക്കുന്നതിന് സാധ്യമാകുകയുള്ളൂ. അങ്ങനെ പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോൾ കേരളത്തിലെ എണ്ണംപറഞ്ഞ കോളേജുകൾ പരിഗണിക്കപ്പെടുകതന്നെ ചെയ്യും എന്നുള്ള കാര്യംകൂടി സൂചിപ്പിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം

5 (*123) ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡുകളുടെ എണ്ണം കൂട്ടുന്നതിനുള്ള നിയമ ഭേദഗതിക്ക് ഓർഡിനൻസ് പുറപ്പെടുവിക്കാൻ മന്ത്രിസഭ ഗവർണറോട് ശിപാർശ ചെയ്തിരുന്നോ;

(ബി) പ്രസ്തുത ഓർഡിനൻസിന് ഗവർണർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2021-ൽ സെൻസസ് നടക്കാനിരിക്കെ 2019 ഡിസംബർ 31-ന് ശേഷം വാർഡ് വിഭജനം പോലുള്ള ഭരണപരമായ മാറ്റങ്ങൾ നടത്തരുതെന്ന് കേന്ദ്രം നിർദ്ദേശിച്ചിരുന്നോ; എങ്കിൽ അത്തരം ഒരു നിർദ്ദേശം നിലവിലിരിക്കെ ജനുവരി 1-ന് ശേഷം അതിനായി ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ്;

(ഡി) പ്രസ്തുത ഓർഡിനൻസ് സംബന്ധിച്ച് ഗവർണർ എന്തെങ്കിലും വിശദീകരണം ആരാഞ്ഞിരുന്നോ; എങ്കിൽ എന്ത് വിശദീകരണമാണ് നൽകിയതെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് എന്നിവ ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനായി മന്ത്രിസഭ ഗവർണറോട് ശിപാർശ ചെയ്തിരുന്നു.

(ബി) ഇല്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച സാഹചര്യത്തിൽ ഗവർണർ ഫയൽ തിരികെ നൽകിയിരിക്കുകയാണ്.

(സി) സെൻസസിനുള്ള അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളുടെ (മുനിസിപ്പാലിറ്റികൾ, റവന്യൂ വില്ലേജുകൾ, താലൂക്കുകൾ, സബ് ഡിവിഷനുകൾ, ജില്ലകൾ) അതിരുകളിൽ 31-12-2019-നുശേഷം മാറ്റം വരുത്തരുതെന്ന് Registrar General and Census Commissioner of India നിർദ്ദേശിച്ചിട്ടുണ്ട്. സെൻസസ് റൂളിലെ വ്യവസ്ഥകൾ അനുസരിച്ച് Administrative Boundaries എന്നതുകൊണ്ട് ജില്ലകൾ, താലൂക്കുകൾ, ടൗണുകൾ അല്ലെങ്കിൽ അതുപോലുള്ള സമാനമായ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകൾ എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ഡി) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയോജകമണ്ഡലങ്ങൾ വർദ്ധിപ്പിക്കുന്നതുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളായ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തിയിൽ മാറ്റം ഉണ്ടാവുകയില്ലെന്ന വിശദീകരണമാണ് നൽകിയത്.

## കാർഷിക വിപണി സംവിധാനം കാര്യക്ഷമമാക്കുന്നതിന് പദ്ധതി

6 (*124) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. സജി ചെറിയാൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽ സംഭരണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രഖ്യാപിച്ചിരിക്കുന്ന അന്തർദ്ദേശീയ നിലവാരത്തിലുള്ള റൈസ് പാർക്കുകൾ ആരംഭിക്കാൻ സ്വീകരിച്ചുവരുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) വിപണിയിൽ അമിത വില നിലനിൽക്കുമ്പോഴും കർഷകർക്ക് തുച്ഛമായ വില മാത്രം ലഭിച്ചു വരുന്ന സ്ഥിതി പരിഹരിക്കാനായി സംസ്ഥാനത്ത് കാർഷിക വിപണി സംവിധാനം കാര്യക്ഷമമാക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സുസ്ഥിര കൃഷി വികസനത്തിനു വേണ്ട ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, വളം, ജലസേചന സൗകര്യം തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ എന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ കിൻഫ്രയുടെ നേതൃത്വത്തിലാണ് വ്യവസായ വകുപ്പിന്റെ കീഴിൽ റൈസ് പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിലും പാലക്കാട് ജില്ലയിലെ

കഞ്ചിക്കോട്ടും പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂരിൽ ചേലക്കരയിൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചുവരുന്നു. പാലക്കാട്ടും ആലപ്പുഴയിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റൈസ് പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പാലക്കാട് ആരംഭിക്കുന്ന പ്രതിദിനം 200 ടൺ ശേഷിയുള്ള റൈസ് പാർക്കിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

(ബി) കാർഷികോൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും സംസ്ഥാനത്തൊട്ടാകെ പച്ചക്കറി വികസന പദ്ധതി പ്രകാരം, പഞ്ചായത്തുതലത്തിൽ 198 ക്ലസ്റ്റർ വിപണികളും ബ്ലോക്ക് തലത്തിൽ 32 ഫെഡറേറ്റഡ് വിപണികളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിപണി വികസന പദ്ധതി മുഖേന 400 ഗ്രാമീണ ആഴ്ചചന്തകളും 213 ഇക്കോഷോപ്പുകളും പ്രവർത്തിച്ചുവരുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പ്രകാരം 214 ഇക്കോഷോപ്പുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഓണം, വിഷു എന്നീ ഉത്സവകാലങ്ങളിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രത്യേക വിപണി സംവിധാനവും നടത്തിവരുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ 2017-18 മുതൽ നൂതന വിപണന മാർഗ്ഗം അവലംബിച്ചുവരുന്നുണ്ട്. 'കർഷകമിത്ര' എന്ന സംവിധാനത്തിലൂടെ അധികമുള്ള കാർഷികോൽപ്പന്നങ്ങൾ കർഷകന്റെ വീടുകളിൽ നിന്ന് ശേഖരിച്ച് മറ്റ് വീടുകളിലും വിപണികളിലുമായി വിറ്റഴിക്കുന്നുണ്ട്. ഉൽപ്പന്നങ്ങളുടെ കൈമാറ്റത്തിനുള്ള ഗതാഗതത്തിനും ഓണറേറിയത്തിനുമായി കാലകാലങ്ങളിൽ നിശ്ചയിക്കുന്ന ഒരു നിശ്ചിത സംഖ്യ കർഷകമിത്രങ്ങൾക്ക് നൽകിവരുന്നു. ഇതിനുപുറമേ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ 6 കാർഷിക മൊത്തവ്യാപാര വിപണികളെ കേന്ദ്രസർക്കാർ പദ്ധതി പ്രകാരം ഇലക്ട്രോണിക് നാഷണൽ അഗ്രികൾച്ചർ മാർക്കറ്റിംഗ് e.NAM സംവിധാനത്തിൽ ഉൾപ്പെടുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയനുസരിച്ച് തേയില, നാളികേരം, പൈനാപ്പിൾ, വാഴപ്പഴം, ചക്ക തുടങ്ങി 40 ഇനം കാർഷി കോൽപ്പന്നങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ വിറ്റഴിക്കാൻ കർഷകരെ സഹായിക്കുന്നു.

നെല്ലിന്റെ സംഭരണം ഭക്ഷ്യപൊതുവിതരണ വകുപ്പ് സപ്ലൈകോ വഴിയാണ് നടത്തിവരുന്നത്. നെല്ലിന് കേന്ദ്രത്തിന്റെ താങ്ങുവിലയായി 18.15 രൂപയും സംസ്ഥാന ഇൻസെന്റീവായി 8.80 രൂപയും ചേർത്ത് 26.95 രൂപ കിലോയ്ക്ക് നൽകിവരുന്നു.

(സി) ഉണ്ട്. നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ/നടീൽ വസ്തുക്കൾ എന്നിവ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുൽപ്പാദന ശേഷിയുള്ളതുമായ നെൽവിത്തുകൾ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിയിലൂടെ ഉൽപ്പാദിപ്പിച്ച് കൃഷി വകുപ്പിന് കീഴിലുള്ള കേരള സീഡ് ഡെവലപ്മെന്റ് അതോറിറ്റി മുഖേന കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിൻപ്രകാരം കൃഷി വകുപ്പിന്റെ 8 കോക്കനട്ട് നഴ്സറികളിൽകൂടി ഗുണമേന്മയുള്ള നെടിയഇനം തെങ്ങിൻ തൈകൾ റ്റിx ഡി, ഡിx റ്റി ഉൾപ്പെടെ സങ്കരയിനം തെങ്ങിൻ തൈകൾ, CGD, COD, MYD ഉൾപ്പെടെ കുറിയ ഇനം തെങ്ങിൻതൈകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിത്തൈകൾ, വാഴത്തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കർഷകർക്കാവശ്യമായ വിവിധയിനം നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ എന്നിവ 33 വിത്തുൽപ്പാദന കേന്ദ്രങ്ങൾ വഴിയും 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ മുഖേന വേരുപിടിച്ച കുരുമുളക് വള്ളികൾ, വിവിധയിനം ഫലവൃക്ഷങ്ങളുടെ തൈകൾ, ഗ്രാഫ്റ്റുകൾ, ലെയറുകൾ, അലങ്കാരച്ചെടികൾ, പച്ചക്കറി തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം മോഡൽ ഫ്ലോറികൾച്ചർ & ബയോ ടെക്നോളജി ലാബ് മുഖേന ടിഷ്യൂകൾച്ചർ വാഴത്തൈകൾ, പച്ചക്കറിത്തൈകൾ, ഓർക്കിഡ്, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

വി.എഫ്.പി.സി.കെ., നാഷണൽ സീഡ് കോർപ്പറേഷൻ മുതലായ സർക്കാർ ഏജൻസികളും കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ കൃഷി ഭവനുകൾ മുഖേന നൽകുന്നുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ ബി.എം.എഫ്.സി., കേരള കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ, സംസ്ഥാനത്തുള്ള ഐ.സി.എ.ആർ. സ്ഥാപനങ്ങൾ എന്നിവ മുഖേനയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സീഡ് സർട്ടിഫിക്കേഷനുവേണ്ടി ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സൂക്ഷ്മ ജലസേചന വിദ്യയിലൂടെ കാര്യക്ഷമമായ ജലവിനിയോഗവും ഉൽപ്പാദന-ഉൽപ്പാദനക്ഷമത വർദ്ധനവും ലക്ഷ്യമിട്ടു കൊണ്ട് പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.) പദ്ധതിയിൻകീഴിൽ മൈക്രോ ഇറിഗേഷൻ (സൂക്ഷ്മ ജലസേചനം) ഘടകം സംസ്ഥാനത്ത് നടപ്പിലാക്കുന്നു. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന

(പി.എം.കെ.എസ്.വൈ.)-യുടെ സൂക്ഷ്മ ജലസേചനേതര ഘടകങ്ങളായ ജല സംഭരണികൾ (വ്യക്തികൾക്കുള്ളവ/കമ്മ്യൂണിറ്റി) കുഴൽക്കിണറുകളുടെ നിർമ്മാണം, കുളങ്ങൾ/ചെറിയ ജലസംഭരണികളുടെ പുനരുദ്ധാരണവും നവീകരണവും, വൈദ്യുതിയിലോ ഇന്ധനത്തിലോ സൗരോർജ്ജത്തിലോ പ്രവർത്തിക്കുന്ന പമ്പ്സെറ്റുകൾ, തൽസ്ഥല ജലസംരക്ഷണം എന്നീ പ്രവർത്തനങ്ങൾ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്.

**കർഷകർ നേരിടുന്ന പ്രതിസന്ധി**

7 (*125) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ നയം, വിലത്തകർച്ച, കൃഷി നാശം എന്നിവ കാരണം സംസ്ഥാനത്തെ കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭംമൂലം ബുദ്ധിമുട്ടിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(സി) റബ്ബർ കർഷകർക്ക് സബ്സിഡി നൽകുന്നതിനുള്ള അപേക്ഷ സ്വീകരിക്കേണ്ട എന്ന് റബ്ബർ ബോർഡ് തീരുമാനമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് അറിയുമോ; വെളിപ്പെടുത്തുമോ;

(ഡി) വായ്പ ലഭിക്കുന്നതിന് ബാങ്കുകൾ കൊണ്ടുവന്നിട്ടുള്ള നിബന്ധനമൂലം ബുദ്ധിമുട്ടിലായ കർഷകരെ സഹായിക്കുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കഴിഞ്ഞ രണ്ട് വർഷങ്ങളിലായി സംഭവിച്ച രൂക്ഷമായ വെള്ളപ്പൊക്കം, കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭങ്ങൾ കാരണമുണ്ടായ കൃഷിനാശം എന്നിവ കാർഷികമേഖലയേയും കർഷകരേയും വളരെ പ്രതികൂലമായി ബാധിച്ചു. കർഷകരുടെ കൃഷിയിടങ്ങൾ മൊത്തമായും ഭാഗികമായും വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയ അവസ്ഥയും സംസ്ഥാനത്ത് പലയിടങ്ങളിൽ ഉണ്ടായി. കാർഷിക

രംഗത്തെ അഭിവൃദ്ധിക്കുവേണ്ടി സർക്കാർ മുമ്പില്ലാത്തവിധം അനവധി പദ്ധതികൾ വിഭാവന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തെങ്കിലും 2016-ലെ കൊടിയ വരൾച്ച, 2017-ലെ ഓഖി, 2018-ലെ മഹാപ്രളയം, 2019-ലെ പ്രളയം എന്നിവ നമ്മുടെ സമ്പദ്‌വ്യവസ്ഥയെയും കർഷകരെയും അതീവ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ബീമാ യോജന എന്നീ പദ്ധതികൾ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും പരമാവധി കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) 2016-ലെ വരൾച്ച, 2017-ലെ ഓഖി ചുഴലിക്കാറ്റ്, 2018-ലെ മഹാപ്രളയം, 2019-ലെ പ്രളയം എന്നിവമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരവും ദുരിതാശ്വാസവും ആവർത്തന കൃഷിക്ക് സഹായവും നൽകിയിട്ടുണ്ട്. 2017-18-ൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി 232.6 ലക്ഷം രൂപയും പ്രകൃതിക്ഷോഭത്തിനുള്ള സംസ്ഥാന വിഹിതമായി 992.82632 ലക്ഷം രൂപയും എസ്.ഡി.ആർ. ഫണ്ടായി 921.09428 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2018-ലെ പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജ്ജനി പദ്ധതി നടപ്പിലാക്കിയത്. പുനർജനി പദ്ധതിയിലൂടെ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കാനും സാധിച്ചു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (സി.എം.ഡി.ആർ.എഫ്.) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി 54 കോടി രൂപയും സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും ഉൾപ്പെടെ ആകെ 164.51 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

പ്രളയംമൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ്-മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ കർഷകർക്ക് 22.60338 കോടി രൂപയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയ്ക്കുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയ്ക്കുള്ള 30 ലക്ഷം തൈകളും സൗജന്യമായി കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പരിഹരിക്കുന്നതിന് 'സോയിൽ അമിലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട്' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.

പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2126 ലക്ഷം രൂപയും ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായി 26.21583 ലക്ഷം രൂപയും മഴക്കെടുതിമൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽനിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പമ്പ്സെറ്റ്, പെട്ടി പറ എന്നിവ റിപ്പയർ ചെയ്യുന്നതിന് 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

ഇതിനെല്ലാം പുറമേ വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുക്കൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉൽപ്പാദനോപാധികളുടെ വിതരണത്തിനും നടീൽ

വസ്തുക്കളുടെ വിതരണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി. 2019-ലെ പ്രളയത്തെത്തുടർന്ന് 55.6 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതിയിലും 471.215 ലക്ഷം രൂപ പ്രകൃതിക്ഷോഭത്തിനുള്ള സംസ്ഥാന വിഹിതമായും 106.14984 ലക്ഷം രൂപ എസ്.ഡി.ആർ. ഫണ്ടായും വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ പ്രകാരം അനുവദിച്ച നഷ്ടപരിഹാര തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഉണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം പ്ലാന്റിംഗ് സബ്സിഡികൾക്കുള്ള അപേക്ഷകൾ റബ്ബർ ബോർഡ് സമീപകാലത്തായി പരിഗണിക്കുന്നില്ലായിരുന്നു. എന്നാൽ 1-2-2020-ൽ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിൽ റബ്ബർ ബോർഡിന് 2019-20 വർഷത്തേയ്ക്ക് സമർപ്പിച്ച 242 കോടി രൂപയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ റബ്ബർ ബോർഡ് കർഷകർക്ക് സബ്സിഡി നൽകാനുള്ള നടപടികൾ സജീവമായി പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) നിലവിൽ കേന്ദ്രസർക്കാർ നൽകിവരുന്ന പലിശ സബ്സിഡികൾ കിസാൻ ക്രെഡിറ്റ് കാർഡ് (KCC) പദ്ധതിയിൽ വായ്പയെടുത്തിട്ടുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ബാങ്കുകൾ സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പ ഇപ്പോഴും തുടരുന്നുണ്ട്. 2019 ഒക്ടോബർ 1 മുതൽ സ്വർണ്ണപ്പണയ കാർഷിക വായ്പ എടുത്തിട്ടുള്ള ഉപഭോക്താക്കൾ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം അർഹരാണെങ്കിൽ സ്വർണ്ണപ്പണയ കാർഷിക വായ്പ ബാങ്കുകളുടെ നിബന്ധനപ്രകാരം കിസാൻ ക്രെഡിറ്റ് കാർഡാക്കി മാറ്റുന്നപക്ഷം തുടർന്നും പലിശ സബ്സിഡിക്ക് അർഹരായിരിക്കും. ബാങ്കുകൾ കൊണ്ടുവന്നിട്ടുള്ള നിബന്ധനകളെപ്പറ്റി കർഷകരെ ബോധവൽക്കരിക്കാൻ കൃഷി വകുപ്പിന്റെ നിർദ്ദേശപ്രകാരം പത്രപ്പരസ്യം സംസ്ഥാനതല ബാങ്കേഴ്സ് സമിതി നൽകിയിട്ടുണ്ട്. കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയെക്കുറിച്ചുള്ള ക്യാമ്പയിനുകൾ കൃഷി വകുപ്പുവഴി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കൃഷിക്കാർക്കും കിസ്സാൻ ക്രെഡിറ്റ് കാർഡ് ലഭിക്കാനുള്ള നടപടിക്രമങ്ങളും സ്വീകരിച്ചുവരികയാണ്. കാർഷിക വായ്പ ആവശ്യമുള്ള കർഷകർക്ക് വായ്പ ലഭിക്കുന്നതിന് കൃഷി വകുപ്പ് എല്ലാവിധ സഹായങ്ങളും ചെയ്തുവരുന്നുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെട്ടിടനിർമ്മാണ ചട്ടം

8 (*126) ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. കെ. ജെ. മാക്സി :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരുടെ താല്പര്യം മുൻനിർത്തി കെട്ടിടനിർമ്മാണ ചട്ടം ഉചിതമായി പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) അഴിമതിക്കുള്ള സാധ്യത കുറച്ച് കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈനാക്കിയതിനുശേഷവും കാലതാമസം ഉണ്ടാകുന്നതായുള്ള ആക്ഷേപത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) തീരദേശ നിയന്ത്രണ നിയമത്തിൽ ഭേദഗതി വന്നിട്ടും ജില്ലാ കളക്ടർമാർ തീരദേശത്തു നിന്നും നൂറ് മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ കണക്കെടുക്കാൻ നിർദ്ദേശിച്ചിരിക്കുന്നത് സൃഷ്ടിച്ചിട്ടുള്ള ആശങ്ക പരിഹരിക്കാൻ ആവശ്യമായ ഇടപെടൽ നടത്താൻ സാധിക്കുമോ;

(ഡി) കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. സാധാരണക്കാരുടെ താൽപ്പര്യം മുൻനിർത്തിക്കൊണ്ടും പഴയ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അവ്യക്തത പരിഹരിച്ചുകൊണ്ടും ശാസ്ത്രീയമായ ആസൂത്രിത വികസനം മുൻനിർത്തിയുമാണ് കെട്ടിടനിർമ്മാണ ചട്ടം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നത്.

(ബി) സങ്കീർണ്ണമായ പഴയ കെട്ടിട നിർമ്മാണ ചട്ടം ഓൺലൈൻ ആക്കുന്നതിലെ സാങ്കേതികത്വം കാരണവും പുതിയ സിസ്റ്റത്തിലേയ്ക്ക് ലൈസൻസികളും ഉദ്യോഗസ്ഥരും ക്രമീകരിക്കപ്പെടേണ്ടതിനാലും അപേക്ഷ ഓൺലൈനാക്കിയ ആദ്യ ഘട്ടങ്ങളിൽ കാലതാമസം വന്നിട്ടുണ്ട്. പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലളിതവും ഓൺലൈനാക്കുന്നതിന് എളുപ്പവുമാണ്. പുതിയ കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് സോഫ്റ്റ്‍വെയർ തയ്യാറാക്കിവരുന്നുണ്ട്. ആയത് പ്രാബല്യത്തിൽ വരുമ്പോൾ കാലതാമസം ഇല്ലാതാകുന്നതാണ്.

(സി ) 18-1-2019-ലെ GSR No. 37(E) വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി പുതിയതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2019 CRZ വിജ്ഞാപനത്തിലെ Clause 6(i) പ്രകാരം ടി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ.

(ഡി) ഉണ്ട്. 5-10-2019-ലെ ജി.ഒ. (പി) നമ്പർ 65/2019/ത.സ്വ.ഭ.വ., ജി.ഒ. (പി) നമ്പർ 66/2019/ത.സ്വ.ഭ.വ. (യഥാക്രമം എസ്.ആർ.ഒ. നമ്പർ 724/2019, 726/2019 തീയതി 9-10-2019) പ്രകാരം സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുകയും അതോറിറ്റി നിലവിൽ നന്തൻകോട് സ്വരാജ് ഭവനിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

### മാലിന്യ സംസ്കരണ സംവിധാനങ്ങൾ

9 (*127) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലും ഉറവിട മാലിന്യ സംസ്കരണം വ്യാപകമാക്കുന്നതിൽ അഭിനന്ദനാർഹമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും പ്രശ്നത്തിന്റെ സമ്പൂർണ്ണ പരിഹാരത്തിനായി കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനത്തിന്റെ അനിവാര്യത കണക്കിലെടുത്ത് അതിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വീടുകളിൽ നിന്നും അജൈവ മാലിന്യ ശേഖരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം കാര്യക്ഷമമാണോ; അജൈവ മാലിന്യ സംസ്കരണത്തിന് ക്ലീൻ കേരള കമ്പനി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(സി) വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; നഗരമാലിന്യ സംസ്കരണത്തിന് ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി കേന്ദ്രീകൃത രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11-6-2018-ലെ 82/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായും സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ നിയമിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഓരോ ജില്ലയിലും പദ്ധതിയിൽ പങ്കെടുക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ രൂപകൽപ്പനാ നിർമ്മാണം ആവശ്യമായ സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് തുടങ്ങിയവ പൂർണ്ണമായും സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്വമാണ്. രണ്ട് വർഷത്തെ നിർമ്മാണ കാലാവധി ഉൾപ്പെടെ 27 വർഷമാണ് പദ്ധതിയുടെ നടത്തിപ്പ് കാലയളവ്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിംഗ് ഫീസിനെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെണ്ടറുകൾ സമർപ്പിക്കേണ്ടത്. മേൽപ്പറഞ്ഞ സ്ഥലങ്ങൾ കൂടാതെ കൊച്ചിയിലെ ബ്രഹ്മപുരത്ത് വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ അനുമതികളെല്ലാം ലഭ്യമാക്കി പ്ലാന്റ് നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിൽ എത്തിയിട്ടുണ്ട്. ഇതോടൊപ്പം ഇടുക്കി ജില്ലയിലെ മൂന്നാറിൽ ഒരു വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും പ്രാരംഭഘട്ടത്തിലാണ്.

(ബി) വീടുകളിൽനിന്നും അജൈവ മാലിന്യ ശേഖരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം കാര്യക്ഷമമാണ്. തദ്ദേശഭരണ സ്ഥാപനതലത്തിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മസേന മുഖേന പ്രത്യേക ഇടവേളകളിൽ അജൈവ മാലിന്യങ്ങൾ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ (MCF) ശേഖരിച്ച് വേർതിരിച്ച് സ്ക്രാപ്പ് വ്യാപാരികൾ, ക്ലീൻ കേരള കമ്പനി എന്നിവർക്ക് നൽകുകയും ക്ലീൻ കേരള കമ്പനി ബ്ലോക്ക് /നഗരസഭാതലത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ (RRF) വച്ച് രണ്ടാംഘട്ട തരംതിരിവ് നടത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വിൽപ്പന നടത്തുകയും ചെയ്യുന്ന രീതിയാണ്

നടപ്പിലാക്കിവരുന്നത്. ഇപ്രകാരം ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളിൽ പുനഃചംക്രമണ യോഗ്യമല്ലാത്തവ ഷ്രഡ്സ് ചെയ്ത് റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ പുനഃചംക്രമണം നടത്തുകയോ ശാസ്ത്രീയമായ സംസ്കരണത്തിന് കൈമാറുകയോ ചെയ്യുന്നത് ക്ലീൻ കേരള കമ്പനി മുഖേനയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ ഉൽപ്പാദനത്തിനായി മെഷീനുകൾ വിതരണം ചെയ്യുന്നത് ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിലാണ്. കൂടാതെ ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണം, ശാസ്ത്രീയ പുനഃചംക്രമണം ഗ്ലാസ്, ചില്ലുകുപ്പികൾ തുടങ്ങിയ മറ്റ് അജൈവ മാലിന്യങ്ങളുടെ ശേഖരണം/ സംസ്കരണം എന്നിവയും ക്ലീൻ കേരള കമ്പനി മുഖേന നടത്തുന്നുണ്ട്.

(സി) സംസ്ഥാനത്ത് വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ ഞെളിയൻ പറമ്പിലാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. ഇതിനായുള്ള സ്വകാര്യ ഏജൻസിയെ സുതാര്യമായ ആഗോള ടെണ്ടർ പ്രക്രിയയിലൂടെ കണ്ടെത്തുകയും പദ്ധതി നടത്തിപ്പിനുള്ള കൺസെഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വകാര്യ ഏജൻസിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെണ്ടർ 2019 ജൂൺ മാസത്തിൽ പ്രസിദ്ധപ്പെടുത്തി. മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഓർഗാനിക് റീസൈക്ലിംഗ് സിസ്റ്റംസ് എന്ന സ്ഥാപനവും ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ബ്ലൂ പ്ലാനെറ്റ് എൻവയോൺമെന്റ് സൊല്യൂഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും സംയുക്തമായി മുന്നോട്ട് വന്നിരുന്നു. തുടർന്നുനടന്ന സാങ്കേതികവും സാമ്പത്തികവുമായ പരിശോധനകളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സ്ഥാപനത്തെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർനടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കൊല്ലം ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ 2019 സെപ്റ്റംബർ മാസത്തിൽ പ്രസിദ്ധപ്പെടുത്തി. ബാംഗ്ലൂർ ആസ്ഥാനമായുള്ള Zonta Intratech Pvt Ltd. എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യം പദ്ധതി നടത്തിപ്പിനായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ടെണ്ടറിന്റെ സൂക്ഷ്മ പരിശോധനയിന്മേലുള്ള തുടർനടപടികൾ പുരോഗമിക്കുന്നു. തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്വകാര്യ ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെണ്ടറുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കുടുംബശ്രീ ശക്തിപ്പെടുത്താൻ നടപടി

10 (*128) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ഏതെല്ലാം വിഭാഗക്കാർക്കായാണ് പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്;

(സി) അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വയം വിലയിരുത്തുന്നതിനുമായി വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വിനോദസഞ്ചാര മേഖലയിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാരിന്റെ കാലത്ത് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ അയൽക്കൂട്ടങ്ങളും (32,860 അംഗങ്ങൾ) 48 ട്രാൻസ്ജെൻഡർ അയൽക്കൂട്ടങ്ങളും (556 അംഗങ്ങൾ) 23858 വയോജന അയൽക്കൂട്ടങ്ങളും (283615 അംഗങ്ങൾ) രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രത്യേക അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനായി റിലേഷൻഷിപ്പ് കേരള എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) അയൽക്കൂട്ടങ്ങളുടെ സ്വയം വിലയിരുത്തലിനായി 2017-ൽ ദിശ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2019-20 സാമ്പത്തിക വർഷത്തിൽ സി.ഡി.എസ്.-കളെ സ്വയംപര്യാപ്തമാക്കാൻ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 1064 സി.ഡി.എസ്.-കളെ ഗ്രേഡിംഗ് നടത്തി,

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിലവിലെ സി.ഡി.എസ്.-കളുടെ അവസ്ഥ മനസ്സിലാക്കുകയും ഏറ്റവും മികച്ച ഗ്രേഡ് ലഭിച്ച 14 സി.ഡി.എസ്.-കളുടെ പ്രവർത്തനങ്ങൾ Meet the CDS പ്രോഗ്രാമിലൂടെ സംസ്ഥാന മിഷനിൽവച്ച് അവരുടെ അനുഭവങ്ങൾ അവതരിപ്പിക്കാനുള്ള അവസരം നൽകി. ഇതിൽ 2 സി.ഡി.എസ്.-കളെ കമ്മ്യൂണിറ്റി മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ/ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഉപജീവന സാധ്യത കണക്കിലെടുത്ത് 140 വനിതകൾക്ക് പരിശീലനം നൽകി വിവിധ ജില്ലകളിലായി 28 ഹോംസ്റ്റേകൾ കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്. തുടർന്നും കൂടുതൽ ഹോംസ്റ്റേകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു.

**നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി**

11 (*129) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നാളികേര കൃഷി വികസനത്തിൽ കൗൺസിൽ വഹിക്കുന്ന പങ്കിനെക്കുറിച്ചുള്ള വിവരങ്ങളും ലഭ്യമാക്കുമോ;

(സി) തെങ്ങ് കൃഷിയുടെ വ്യാപനത്തിനും ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയവ നടുന്നതിനും പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

(ഡി) തെങ്ങിൽ നിന്നുള്ള പ്രധാന ഉല്പന്നങ്ങളായ ഉരുക്കെണ്ണ, വെളിച്ചെണ്ണ, നീര എന്നിവ ആരോഗ്യ സംരക്ഷണത്തിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് ക്ലിനിക്കൽ പഠനങ്ങൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) തെങ്ങിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ-സി) കേര കൃഷിയുടെ വിസ്തീർണ്ണത്തിൽ കേരളം മുന്നിലാണെങ്കിലും പ്രതി ഹെക്ടർ നാളികേര ഉൽപ്പാദനം ദേശീയ ശരാശരിയെക്കാൾ താഴെയാണ്. കേര കൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനുവേണ്ടി കേര കൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി മിഷൻ മോഡ് മാതൃകയിൽ കൃഷി വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് വാർഡുതല ക്ലസ്റ്ററുകൾ, പഞ്ചായത്തുതല കേര സമിതികൾ, ബ്ലോക്കുതല ഫെഡറേഷനുകൾ എന്നിവയും രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങുകൃഷി വ്യാപിപ്പിക്കാനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ ഉൽപ്പാദനക്ഷമത ഇല്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 9000 നാളികേരമായി ഉയർത്തുവാനും ലക്ഷ്യമിടുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉൽപ്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻ തൈ ഉൽപ്പാദക കേന്ദ്രങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെടിയഇനം, കുറിയ ഇനം, സങ്കര ഇനം എന്നിവ 60:20:20 അനുപാതത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 10 വർഷംകൊണ്ട് ഇപ്രകാരം രണ്ട് കോടി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിനും കേര കർമ്മസേനകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തിവരുന്നു. 2019-20 സാമ്പത്തിക വർഷം സമഗ്ര നാളികേര വികസനത്തിനായി 1,900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസന കൗൺസിലിന്റെ "കേരകേരളം സമൃദ്ധകേരളം" എന്ന പദ്ധതിപ്രകാരം ഗുണമേന്മയുള്ളതും അത്യുൽപ്പാദനശേഷിയുള്ളതുമായ തെങ്ങിൻ തൈകളുടെ വിതരണോദ്ഘാടനം 6-7-2019-ന് ബഹു. മുഖ്യമന്ത്രി കോഴിക്കോട് ജില്ലയിൽ നിർവ്വഹിച്ചു. കേരഗ്രാമങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 300 പഞ്ചായത്തുകളും കേരഗ്രാമങ്ങളില്ലാത്ത നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും വാർഡ് ഒന്നിന് 75 തെങ്ങിൻ തൈ എന്ന നിരക്കിൽ കർഷകർക്ക് 50% സബ്സിഡിയോടുകൂടി തെങ്ങിൻ തൈകൾ വിതരണം ചെയ്തുവരുന്നു.

കോൾ നിലങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻ തൈകൾ സൗജന്യമായി വച്ചുപിടിപ്പിച്ചു.

(ഡി) വിർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ, നീര എന്നിവയെപ്പറ്റി ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് ക്ലിനിക്കൽ സ്റ്റഡീസ് നടത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*.

(ഇ) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോൽപ്പന്ന സംസ്കരണത്തിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കോക്കനട്ട് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് വേങ്ങേരിയിലെ നഗര കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രത്തിൽ നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യക്തികൾക്കും സ്ഥാപന ങ്ങൾക്കും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്ക ന്നതിനുംവേണ്ടി കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. അഗ്രോ പാർക്കുകൾ സ്ഥാപിക്ക ന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൊതുമേഖലാ സ്ഥാപനമായ കേരഫെഡ് കേര വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക് പൗഡർ, കേരജം, കേശാമൃത്, ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് ഇന്ത്യയ്ക്കകത്തും വിദേശത്തും വിപണം നടത്തിവരുന്നു. കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ലഡു, നീര വിനീഗർ തുടങ്ങിയ ഉൽപ്പന്നങ്ങൾ നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തിവരുന്നു. സംസ്ഥാനത്ത് കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് 2016 മുതൽ "വൈഗ" എന്ന അന്തർദ്ദേശീയ ശിൽപ്പശാലയും പ്രദർശനവും സംഘടിപ്പിച്ചുവരുന്നു.

## സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം

12 (*130) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്ലാസ്റ്റിക്ക് മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും അത് നിരോധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പൊതുജനങ്ങൾക്ക് ശരിയായ രീതിയിൽ അവബോധം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്ലാസ്റ്റിക് നിരോധനംമൂലം ചെറുകിട കച്ചവടക്കാർക്ക് താത്കാലികമായി മാത്രം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഒറ്റത്തവണ ഉപഭോഗം മാത്രമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക് (single-use plastic) 1-1-2020 മുതൽ സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം വ്യക്തികളോ കമ്പനികളോ സ്ഥാപനങ്ങളോ വ്യവസായമോ ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കൾ

നിർമ്മിക്കുകയോ കൊണ്ടുപോകുകയോ സൂക്ഷിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യാൻ പാടുള്ളതല്ല. ജില്ലാ കളക്ടർമാർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർ, Environmental Protection Act 1986 പ്രകാരം കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/ സ്ഥാപനങ്ങൾ തുടങ്ങിയവർ ഈ നിർദ്ദേശങ്ങളുടെ പാലനം കർശനമായി നിരീക്ഷിക്കേണ്ടതും Environmental Protection Act 1986 പ്രകാരം നിയമ നടപടി സ്വീകരിക്കേണ്ടതുമാണ്. (നിയമലംഘനം നടത്തുന്നവർക്കെതിരെ ആദ്യ ഘട്ടത്തിൽ 10,000 രൂപയും രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000 രൂപയും അതിനുശേഷം തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് 50,000 രൂപയും തുടർന്ന് സ്ഥാപനത്തിന്റെ/നിർമ്മാണ പ്രവർത്തനാനുമതി റദ്ദാക്കുന്നതുമാണ്.) മേൽ നിരോധനത്തിൽനിന്നും branded വസ്തുക്കളെ ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വസ്തുക്കളുടെ നിർമ്മാതാക്കൾ/ഉൽപ്പാദകർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിച്ചിട്ടുള്ള/രജിസ്റ്റർ ചെയ്തിട്ടുള്ള Extended Producers Responsibility (EPR) Plan പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ്, കാലാവസ്ഥാ വ്യതിയാന വകുപ്പ്, ശുചിത്വ മിഷൻ, വിവിധ സംഘടനകൾ, ഭൂമിത്രസേന ക്ലബ്ബുകൾ എന്നിവ മുഖേന ബോധവൽക്കരണ പരിപാടികളും പുനരുപയോഗം സാധ്യമായ വസ്തുക്കൾ സംബന്ധിച്ചും അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിരോധനം സംബന്ധിച്ചും ബദലായി ഉപയോഗിക്കാവുന്ന വസ്തുക്കൾ സംബന്ധിച്ചും വിവിധ മീഡിയകളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ബയോമെഡിക്കൽ മാലിന്യം ശേഖരിക്കുന്നതിന് പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം കമ്പോസ്റ്റബിൾ ബാഗുകൾ ഉപയോഗിക്കാം. പ്ലാസ്റ്റിക് കാരി ബാഗുകൾക്ക് പകരമായി തുണി, പേപ്പർ എന്നിവ കൊണ്ടുണ്ടാക്കിയ ബാഗുകൾ ഉപയോഗി ക്കാവുന്നതാണ്. കൂടാതെ നിരോധിച്ച വസ്തുക്കൾക്ക് ബദലായി ഉപയോഗിക്കാവുന്ന വസ്തുക്കൾ നിലവിൽ മാർക്കറ്റിൽ ലഭ്യമാണ്. ഇതുസംബന്ധിച്ച് പരസ്യം ചെയ്തിട്ടുള്ളതും പൊതുജനങ്ങൾ ഇതുമായി സഹകരിച്ച് പ്രകൃതി സൗഹാർദ്ദപരമായ വസ്തുക്കൾ ഉപയോഗിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്.

## മാലിന്യ സംസ്കരണത്തിനായുള്ള നൂതന പദ്ധതികൾ

13 (*131) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും റിസോഴ്സ് റിക്കവറി സെന്ററുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് വികേന്ദ്രീകൃത മാലിന്യ സംസ്കരണ മേഖലയിൽ ഹരിത കർമ്മസേനകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) രാജ്യത്തെ ഗ്രാമങ്ങളുടെ ശുചിത്വനിലവാരം വിലയിരുത്തുന്നതിന് കേന്ദ്ര സർക്കാർ നടത്തിയ സർവ്വേ പ്രകാരം കേരളത്തിന് സ്വച്ഛ് സർവ്വേക്ഷൻ ഗ്രാമീൺ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ. (സാധാ) നമ്പർ 2420/2017/ത.സ്വ.ഭ.വ. തീയതി 15-7-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പരമാവധി പൊതുജന പങ്കാളിത്തം ഉറപ്പാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണത്തിന് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

- ഗാർഹിക/സ്ഥാപനതലങ്ങളിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽത്തന്നെ ഉൽപ്പാദകന്റെ ഉത്തരവാദിത്തത്തിൽ സംസ്കരിക്കുന്ന രീതിയും (വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്കരണം) അത്

സാധ്യമാകാത്ത ഇടങ്ങളിൽ കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ്/ബയോ മെഥനേഷൻ രീതിയും തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

- ചന്തകൾ, അറവുശാലകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.
- മാലിന്യത്തെ ജൈവകൃഷിക്ക് അനുയോജ്യമായ വളമാക്കി മാറ്റി വീടുകളിൽത്തന്നെ കൃഷി വ്യാപിപ്പിക്കുക
- അജൈവ മാലിന്യങ്ങൾ ഹരിത കർമ്മസേനവഴി യൂസർ ഫീയുടെ അടിസ്ഥാനത്തിൽ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് സംഭരിക്കുന്നതിലേയ്ക്ക് എം.സി.എഫ്. (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി)കളും എം.സി.എഫ്.-ൽനിന്ന് അജൈവ മാലിന്യങ്ങൾ രണ്ടാംഘട്ട തരംതിരിവ് നടത്തി റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറുന്നതിനും പുനഃചംക്രമണത്തിന് സാധ്യത കുറവുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്യുന്നതിനും ആർ.ആർ.എഫ്.-കളും തദ്ദേശ സ്ഥാപനതലത്തിൽ സ്ഥാപിച്ചുവരുന്നു. ആർ.ആർ.എഫ്.-കളിൽ നിന്ന് ഷ്രഡ്ഡഡ് പ്ലാസ്റ്റിക്കുകൾ റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നു.
- ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിന് ഹരിത സഹായ സ്ഥാപനങ്ങളെ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കരാറിൽ ഏർപ്പെട്ടുവരുന്നു.
- നഗരമേഖലയിൽ പൊതുയിടങ്ങളും റോഡുകളും യന്ത്രസഹായത്തോടെ വൃത്തിയാക്കൽ
- കൺസ്ട്രക്ഷനും ഡിമോളിഷനുമായി ബന്ധപ്പെട്ട മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്രീകൃത രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ DBFOT അടിസ്ഥാനത്തിൽ PPP മാതൃകയിൽ സ്ഥാപിക്കുന്നതിന് 11-6-2018-ലെ 82/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഇതിൽ കോഴിക്കോട് ജില്ലയിലെ ഞെളിയംപറമ്പിൽ WTE (Waste-to-energy) പ്ലാന്റ് സ്ഥാപിക്കുന്നതിന്

M/s. Zonta Infratech Pvt. Ltd. എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പാലക്കാട്, കണ്ണൂർ, കൊല്ലം ജില്ലകളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ടെണ്ടർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മേൽപ്പറഞ്ഞ സ്ഥലങ്ങൾ കൂടാതെ കൊച്ചിയിലെ ബ്രഹ്മപുരത്ത് അത്യാധുനിക ഖരമാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിനായി നഗരസഭ M/s. G.J. Ecopower Pvt. Ltd. എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പ്ലാന്റ് നിർമ്മിക്കുന്നതിനാവശ്യമായ അനുമതികളെല്ലാം ലഭ്യമാക്കിയിട്ടുള്ളതും പ്ലാന്റ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്.

(ബി) പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്ഥാപനത്തിലുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളിൽ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് ഇനങ്ങളാക്കി വലിയ അളവിൽ കൈമാറാൻ സാധിച്ചാൽ മാത്രമേ അജൈവ മാലിന്യ സംസ്കരണത്തിൽ സുസ്ഥിരത ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യം മുന്നിൽ കണ്ടുകൊണ്ടാണ് ബ്ലോക്ക് അടിസ്ഥാനത്തിലും നഗരസഭാതലത്തിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നത്. ഇത്തരത്തിൽ അജൈവ മാലിന്യ ശേഖരണത്തിനായി ഏകദേശം 837 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും 151 റിസോഴ്സ് റിക്കവറി സെന്ററുകളും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇങ്ങനെ തരംതിരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റേഷൻ സെന്ററുകളിൽ എത്തുന്ന പാഴ്വസ്തുക്കൾ വലിയ അളവിൽ പുനഃചംക്രമണത്തിനായി ഷ്രെഡ്ഡിംഗ്/ബെയ്ലിംഗ് നടത്തുന്നതിനുള്ള സംവിധാനങ്ങളും നിലവിലുണ്ട്. പ്ലാസ്റ്റിക് പാഴ്വസ്തുക്കളിൽ പുനഃചംക്രമണ യോഗ്യമല്ലാത്തവ പൊടിച്ച് റോഡ് ടാറിംഗിനായി ഉപയോഗിച്ചുവരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുന്നതിനായി സജ്ജമാക്കിയ സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. സംസ്ഥാനത്ത് ആകെ 812 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കപ്പെടുന്ന ഹരിതകർമ്മസേന എല്ലാ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് ഉറവിട ജൈവമാലിന്യ പരിപാലനത്തിനു വേണ്ട സഹായം നൽകുകയും നിശ്ചിത ഇടവേളകളിൽ അജൈവമാലിന്യം ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുകയും ചെയ്യുന്നു. ഈ സേവനത്തിന് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും യൂസർഫീയും ഈടാക്കും.

(ഡി) ലഭിച്ചിട്ടുണ്ട്. രാജ്യത്തെ ഗ്രാമങ്ങളുടെ ശുചിത്വ നിലവാരം വിലയിരുത്തുന്നതിന് കേന്ദ്ര ജലശക്തി മന്ത്രാലയം നടത്തിയ സ്വച്ഛ് സർവ്വേക്ഷൻ ഗ്രാമീൺ 2019 പുരസ്കാരത്തിനാണ് കേരള സംസ്ഥാനം അർഹമായത്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) മാനദണ്ഡങ്ങളിൽ ഗുണപരമായും പ്രത്യക്ഷത്തിൽ അളന്ന് തിട്ടപ്പെടുത്താവുന്നതുമായ

മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചതുമായ ജില്ലകളെയും സംസ്ഥാനങ്ങളെയും അവരുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലും ജില്ലകൾ തമ്മിലും സംസ്ഥാനങ്ങൾ തമ്മിലും പ്രവർത്തന മികവ് താരതമ്യം ചെയ്തുമാണ് തെരഞ്ഞെടുപ്പ് നടന്നിട്ടുള്ളത്.

## തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാനുള്ള നടപടികൾ

14 (*132) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ എത്രയാണെന്നും തൊഴിലുറപ്പ് വേതനം രണ്ടാഴ്ചയ്ക്കുള്ളിൽ നൽകണമെന്ന വ്യവസ്ഥ നടപ്പാകുന്നുണ്ടോയെന്നും അറിയിക്കാമോ;

(സി) കേന്ദ്രസർക്കാരിൽ നിന്നും എത്ര മാസത്തെ വേതന കുടിശ്ശിക ലഭിക്കാനുണ്ട്; സാമ്പത്തികമായി സമൂഹത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന ഗുണഭോക്താക്കളെ ദാരിദ്ര്യത്തിലേയ്ക്ക് നയിക്കാതെ അടിയന്തരമായി കുടിശ്ശിക നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംസ്ഥാനത്തിന്റെ പദ്ധതിയായ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും മനുഷ്യാധ്വാനം വിനിയോഗിച്ചുകൊണ്ട് ഉല്പാദന വർദ്ധനവും നാടിന്റെ വികസനവും സാധ്യമാക്കുന്ന തരത്തിൽ കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തൊഴിൽ ദിനങ്ങളോടൊപ്പം സ്ഥായിയായ ആസ്തികളും നിർമ്മിക്കുകയെന്ന പദ്ധതി ലക്ഷ്യം നേടുന്നതിന് ഗ്രാമപഞ്ചായത്തുതലത്തിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി.

2. പദ്ധതിയിലെ വനിതാ പങ്കാളിത്തം കുടുംബശ്രീ സംഘടനാ സംവിധാനംവഴി ഉറപ്പാക്കി. മേറ്റുമാരായി വനിതകൾ പ്രവർത്തിച്ചു വരുന്നു.

3. പദ്ധതി നടത്തിപ്പിന് എഞ്ചിനീയറിംഗ് സംവിധാനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചു.

4. പദ്ധതിയുടെ മോണിറ്ററിംഗ് നടപടികൾ ഊർജ്ജിതമാക്കി.

5. സമൂഹത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് ടി കുടുംബങ്ങൾക്ക് മുൻകൂർ വേതനം നൽകുവാനും 100 ദിവസത്തിലധികം തൊഴിലെടുക്കുന്ന കുടുംബങ്ങൾക്ക് 200 ദിവസം വരെ അധിക തൊഴിൽ നൽകാനും നടപടി സ്വീകരിച്ചു.

6. പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളുടെ ഭാഗമായ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മേറ്റുമാർ എന്നിവർക്ക് 'കില'യുടെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നു.

7. തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിലൂടെ മാത്രം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

8. വിവിധ വകുപ്പുമായുള്ള സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

9. ജി.ഐ.എസ്. സംവിധാനം ഉപയോഗിച്ച് പദ്ധതി ആസൂത്രണ നടപടികൾ ആരംഭിച്ചു.

10. മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം ഉപയോഗിച്ച് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു.

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗരേഖ പരിഷ്കരിക്കുകയും പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ആസ്തിസംരക്ഷണ പ്രവർത്തനങ്ങൾ, സർക്കാർ ധനസഹായത്തോടെ നിർമ്മിക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകവും നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നഗരങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവ പദ്ധതിക്ക് കീഴിൽ ഏറ്റെടുത്ത് ഫലപ്രദമായി നടപ്പാക്കി വരികയും ചെയ്യുന്നു.

(ബി) സംസ്ഥാനത്ത് ആകെ 3626715 കുടുംബങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ സമയബന്ധിതമായി വേതനം അനുവദിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ വേതനം നൽകണമെന്ന വ്യവസ്ഥ നടപ്പാക്കാൻ പലപ്പോഴും കഴിയാറില്ല.

(സി) നിലവിൽ കേന്ദ്രസർക്കാരിൽനിന്നും 15-1-2020 മുതലുള്ള വേതന കുടിശ്ശിക ലഭിക്കാനുണ്ട്. കുടിശ്ശിക അമിതമായി വരുന്ന ഘട്ടങ്ങളിൽ സമയ ബന്ധിതമായി വേതനം അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് കൃത്യമായി ആവശ്യപ്പെടാറുണ്ട്.

(ഡി) ഗുണമേന്മയുള്ളതും ഉൽപ്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണവും തൊഴിലുറപ്പ് പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ട്. ഗ്രാമീണ മേഖലയിലെ ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിനും ജീവനോപാധി മെച്ചപ്പെടുത്തുന്നതിനുമായി പശുത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവ പരമാവധി നിർമ്മിച്ച് നൽകൽ, സ്വയംസഹായ സംഘങ്ങൾക്കുള്ള വർക്ക്ഷെഡ്ഡുകൾ എന്നീ പ്രവൃത്തികൾ ഏറ്റെടുത്തുവരുന്നു. കൂടാതെ ഗ്രാമീണ മാർക്കറ്റുകളുടെ നിർമ്മാണം, കാർഷികാവശ്യങ്ങൾക്കായുള്ള കുളങ്ങൾ, കാർഷിക നഴ്സറികൾ, തെങ്ങ്-റബ്ബർ കൃഷികളുടെ വ്യാപനം, ഗ്രാമീണ റോഡുകൾ, അങ്കണവാടികൾ, സ്കൂൾ ടോയ്‌ലെറ്റുകൾ, സ്കൂൾ ചുറ്റുമതിൽ, കളിസ്ഥലം, ഗാർഹികതല ടോയ്‌ലെറ്റുകൾ, സർക്കാർ വീടുകളുടെ നിർമ്മാണത്തിന് അവിദഗ്ധ തൊഴിൽ സഹായം എന്നിങ്ങനെ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് ഉൽപ്പാദന വർദ്ധനവിനും നാടിന്റെ വികസനത്തിനും ആവശ്യമായ രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം മുതൽ ക്ഷീര കർഷകരേയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടിൽ കൂടുതൽ കന്നുകാലിയുള്ള പ്രതിദിനം 10 ലിറ്ററിൽ കുറയാതെയുള്ള പാൽ ക്ഷീരസഹകരണ സംഘത്തിന് നൽകുന്ന ക്ഷീരകർഷകർക്ക് ഒരു ദിവസത്തെ വേതനം (പരമാവധി 100 ദിവസം) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു. പി.എം.എ.വൈ. ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ സാമഗ്രികൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിച്ച് വിജയകരമായ രീതിയിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു.

## കർഷകരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് നടപടി

15 (*134) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് കർഷകരുടെ സ്ഥിതി ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന തരത്തിൽ പ്രതിസന്ധിയേറിയതാണെന്ന് കേന്ദ്ര കാർഷിക ഉപദേഷ്ടാവ് പോലും വിലയിരുത്തുന്ന സാഹചര്യത്തിൽ സ്വർണ്ണപ്പണയത്തിന്മേലുള്ള വായ്പപോലും കർഷകന് നിഷേധിക്കുന്ന നിലപാട് തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) മഴക്കെടുതിമൂലം കടക്കെണിയിലായ കർഷകരെ രക്ഷിക്കുന്നതിനും കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനും സംസ്ഥാന സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(സി) കർഷകരുടെ താല്പര്യസംരക്ഷണാർത്ഥം സർക്കാർ പുതുതായി പാസ്സാക്കിയ കേരള കർഷക ക്ഷേമനിധി നിയമവും കർഷക കടാശ്വാസ ആനുകൂല്യവർദ്ധനയും എത്രമാത്രം പ്രയോജനപ്രദമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; കർഷകരെ സർഫാസി നിയമത്തിൽ കുരുക്കുന്ന ബാങ്കുകളുടെ നടപടി അവസാനിപ്പിക്കാൻ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിതോല്പന്ന നിർമ്മാണ വ്യവസായത്തിന് നൽകി വരുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>):

(എ) ബാങ്കുകൾ എല്ലാംതന്നെ പലിശ സബ്സിഡി ഇല്ലാതെയുള്ള സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പ ഇപ്പോഴും തുടരുന്നുണ്ട്. കാർഷികാവശ്യങ്ങൾക്കായി ഇടപാടുകാർക്ക് ഈ സംവിധാനം തുടർന്നും ഉപയോഗപ്പെടുത്താവുന്നതാണെന്ന് സംസ്ഥാനതല ബാങ്കേഴ്സ് സമിതി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ കേന്ദ്രസർക്കാർ നൽകിവരുന്ന പലിശ സബ്സിഡികൾ കിസാൻ ക്രെഡിറ്റ് കാർഡ് (KCC) പദ്ധതിയിൽ വായ്പയെടുത്തിട്ടുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വളരെ ചെറിയൊരു ശതമാനം കർഷകരിലേയ്ക്ക് മാത്രമേ എത്തിയിട്ടുള്ളൂ എന്നിരിക്കെ അഗ്രികൾച്ചർ ബാങ്ക് ലോൺ KCC പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് മാത്രമായി പരിമിതപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. പാട്ടക്കർഷകരടക്കമുള്ള അർഹരായ എല്ലാ കർഷകർക്കും കാർഷികാനുബന്ധ പ്രവർത്തനങ്ങളിലേർപ്പെട്ടവർക്കും ലളിതമായ വ്യവസ്ഥയോടെ അഗ്രികൾച്ചർ ഗോൾഡ് ലോൺ തുടർന്നും നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സഹകരണ ബാങ്കുകൾ കാർഷിക-കാർഷികാനുബന്ധ വായ്പകൾക്ക് പരമാവധി 3 ലക്ഷം രൂപ ഒരു വർഷക്കാലാവധിക്ക് സ്വർണ്ണപ്പണയ വായ്പ നൽകിവരുന്നുണ്ട്.

(ബി) അർഹതപ്പെട്ട കാർഷിക വായ്പകൾക്ക് സംസ്ഥാനതല ബാങ്കേഴ്സ് സമിതി തീരുമാനപ്രകാരം ബാങ്കുകൾ മൊറട്ടോറിയം, വായ്പാ പുനഃക്രമീകരണം, അധിക വായ്പ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഹൗസിംഗ് ബോർഡ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിക്കുകയും ആയത് 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും പൊതുമഖലാ വാണിജ്യ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നുമുൾപ്പെടെ കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാക്കുകയും ചെയ്തു. പ്രസ്തുത മൊറട്ടോറിയത്തിന്റെ കാലാവധി 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നിലവിൽ വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും ചെയ്തു. കർഷക കടാശ്വാസ കമ്മീഷൻ അൻപതിനായിരം രൂപയ്ക്ക് മേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ആവർത്തിച്ചുണ്ടായ പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമി തന്നെ നഷ്ടമാകുന്ന സ്ഥിതിയുണ്ടായി. പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ, കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്.

മഹാപ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തു. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചു. വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടു കൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉൽപ്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠിത വർദ്ധിപ്പിക്കൽ എന്നിവയ്ക്കായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് സർക്കാർ അംഗീകാരം ലഭിച്ചു.

പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്രസർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻകീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കേന്ദ്രസർക്കാരിന് സമർപ്പിച്ച 102 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചു.

കൂടാതെ 2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്ക ത്തിന്റെയും കുട്ടനാട് മേഖലയിലുണ്ടായ പ്രളയക്കെടുതികളുടെയും പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വെള്ളപ്പൊക്കംമൂലം പാടശേഖരങ്ങളിലും വീടുകളിലും വെള്ളം കെട്ടിനിൽക്കുന്നത് ഒരു പ്രശ്നമായി നിലനിൽക്കുന്നതിനാൽ അടിയന്ത രമായി വെള്ളം പമ്പ് ചെയ്യുകളയേണ്ട ആവശ്യകതയും കൃഷി നശിച്ച പാടശേഖരങ്ങളിൽ അടിയന്തരമായി വീണ്ടും കൃഷി ഇറക്കേണ്ട ആവശ്യകതയും പരിഗണിച്ച് 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ നിയമത്തിൽ നിയമാനുസൃതമായ ഭേദഗതികൾ പിന്നീട് വരുത്തുന്നതാണെന്ന വ്യവസ്ഥയോടെ കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി പമ്പിംഗ് സബ്സിഡി നൽകുന്നതിനും തൻകൊല്ലത്തെ (തൻ സീസൺ) കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിനും അനുമതി നൽകിക്കൊണ്ടും കോൺട്രാക്ടർ മുഖേന നടത്തുന്ന പമ്പിംഗിന് നൽകിവരുന്ന അതേ നിരക്കുതന്നെ (പുഞ്ചകൃഷിക്ക്

ഏക്കറിന് 1,800 രൂപയും വിരിപ്പ കൃഷിക്ക് ഏക്കറിന് 1,900 രൂപയും) പാടശേഖര സമിതി/കർഷകൻ സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്കും നൽകുന്നതിനും അനുമതി നൽകിക്കൊണ്ട് 4-9-2018-ലെ സ.ഉ.(കൈ) 111/2018/ അഗ്രി. പ്രകാരം ഉത്തരവായി.

കളക്ടറുടെ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ പമ്പുസെറ്റുകൾ ഉപയോഗിച്ച് വാട്ടർ അതോറിറ്റി, ഇറിഗേഷൻ വകുപ്പുകളുടെ നേതൃത്വത്തിൽ മടവീണ പാടശേഖരങ്ങളിലെ വെള്ളം വറ്റിച്ചു. കേടുപാടുകൾ സംഭവിച്ച ബണ്ടുകൾ റിപ്പയർ ചെയ്ത് കിലോമീറ്ററിന് 60,000 രൂപ എന്ന നിരക്കിൽ ധനസഹായം പാടശേഖര സമിതികൾക്ക് നൽകി. 2018-ൽ പ്രളയത്തെത്തുടർന്ന് തകർന്ന മടകളുടെ പുനർനിർമ്മാണം സംബന്ധിച്ച തുടർ പ്രവർത്തനങ്ങളെ ഇ-ടെണ്ടർ/ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കി പാടശേഖര സമിതിവഴി നടപ്പിലാക്കുന്നതിനും ബണ്ട് ബലപ്പെടുന്നതിനും ഉയർത്തുന്നതിനും ഉപയോഗിക്കുന്ന മണ്ണിന്റെ അളവ് 1000 ക്യൂ. മീറ്ററിനുള്ളിൽ വരുന്ന സാഹചര്യത്തിൽ ലെവൽ മെഷർമെന്റില്ലാതെ ടേപ്പ് മെഷർമെന്റ് മുഖേന വാല്യുവേഷൻ നൽകുന്നതിനും പ്രത്യേക അനുമതി നൽകി സർക്കാർ ഉത്തരവായി. 2019-20 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക ദുരിതങ്ങൾ പരിഹരിക്കുന്നതിനും പുനരുദ്ധാരണത്തിനുംവേണ്ടി 'വയനാട് പാക്കേജിൽ' 6.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പും മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്നു. പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ 12 പദ്ധതികൾക്കായി 182.78 കോടി രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ കർഷകരുടെയും സാമ്പത്തിക സുരക്ഷയ്ക്കും ക്ഷേമത്തിനുമായി കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും അതുവഴി കർഷകർക്ക് സാമൂഹ്യ മാന്യതയും സാമ്പത്തിക പുരോഗതിയും ഉറപ്പുവരുത്തുന്നതിനും വരുംതലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും കർഷക സമൂഹത്തിന് ഐശ്വര്യപൂർണ്ണമായ ജീവിതം പ്രദാനം ചെയ്യുന്നതിനും കേരള കർഷക ക്ഷേമനിധി നിയമത്തിലൂടെ സാധിക്കുന്നതാണ്. കൂടാതെ ബാങ്ക്വായ്പ എടുത്തശേഷം കടക്കെണിയിലായ കർഷകർക്ക് കർഷക കടാശ്വാസ ആനുകൂല്യ വർദ്ധനവുമൂലം വലിയ ആശ്വാസമാണ് ലഭിക്കുന്നത്. നിർഭാഗ്യകരമായി ഉണ്ടായിട്ടുള്ള കർഷക ആത്മഹത്യകൾ അവസാനിപ്പിക്കാനും

ഇതുമൂലം സാധിക്കുന്നതാണ്. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കർഷകർക്ക് പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ഇതുമൂലം കൃഷി നശിച്ചാലും ആത്മവിശ്വാസത്തോടെ വീണ്ടും കൃഷി തുടരുന്നതിന് കർഷകർക്ക് വലിയ പിന്തുണയും കേരള കർഷക ക്ഷേമനിധി ബോർഡ് നിയമത്തിലൂടെയും കർഷക കടാശ്വാസ ക്ഷേമനിധി ബോർഡ് നിയമത്തിലൂടെയും കർഷക കടാശ്വാസ ആനുകൂല്യ വർദ്ധനവിലൂടെയും ലഭ്യമാക്കുന്നതാണ്.

സർഫാസി നിയമത്തിലെ റൂൾ 31 (ഐ) പ്രകാരം നടപടികളിൽനിന്ന് കൃഷി ഭൂമിയെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ ആനുകൂല്യം നെൽകൃഷി ചെയ്യുന്ന കർഷകർക്ക് മാത്രമാണ് അനുവദിക്കുന്നത്. ആയത് എല്ലാത്തരം കാർഷിക വിളകൾ കൃഷി ചെയ്യുന്നതും വീട് നിൽക്കുന്ന സ്ഥലം ഉൾപ്പെടെയുള്ള ഭൂമിക്കും ബാധകമാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. ഈ കാര്യം എസ്.എൽ.ബി.സി.-യിൽ സംസ്ഥാന സർക്കാർ ശക്തമായി ഉന്നയിച്ചിരുന്നു. മൊറട്ടോറിയം കാലാവധി നീട്ടിനൽകിയ തീരുമാനത്തിന് വിരുദ്ധമായി ബാങ്കുകൾ കർഷകർക്കെതിരെ സ്വീകരിക്കുന്ന ജപ്തി അടക്കമുള്ള ഒരു നടപടിക്കും സംസ്ഥാന സർക്കാർ സഹകരിക്കില്ല. സർഫാസി നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് ലീഡ് ബാങ്ക് മാനേജർമാരുടെ അദ്ധ്യക്ഷതയിൽ ബാങ്ക് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലകളിൽ സബ് കമ്മിറ്റികൾ രൂപീകരിക്കാനും കർഷകരുടെ വായ്പകളിന്മേലുള്ള നടപടി ഇനിമുതൽ പ്രസ്തുത കമ്മിറ്റി നിശ്ചയിക്കുന്നതാണെന്നും തീരുമാനമെടുത്തിട്ടുണ്ട്.

കർഷകരെ സർഫാസി നിയമത്തിൽ കുരുക്കുന്ന ബാങ്കുകളുടെ നടപടി അവസാനിപ്പിക്കാൻ സഹകരണ വകുപ്പിൽനിന്നും ഇനിപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് സർഫാസി നിയമത്തിലെ വ്യവസ്ഥകൾ ബാധകമാക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത നിയമത്തിന്റെ വകുപ്പ് 31 ഭേദഗതി ചെയ്യുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ 2017 ആഗസ്റ്റ് 21-ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ആയതുപ്രകാരം ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്രസർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ പറഞ്ഞ പ്രകാരം സർഫാസി നിയമത്തിൽ ഇളവുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്ന് അനുകൂല നടപടികൾ സ്വീകരിക്കുന്നതിനായി ബഹു. എം.പി.-മാരുടെ യോഗത്തിൽ ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർഫാസി നിയമപ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട്

സമർപ്പിക്കുന്നതിലേയ്ക്കായി ബഹു. എം.എൽ.എ. ശ്രീ. എസ്. ശർമ്മ ചെയർമാനായി രൂപീകരിച്ചിട്ടുള്ള അഡ്ഹോക് കമ്മിറ്റി നിയമസഭയിൽ 21-11-2019-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികൾ സ്മോൾ ഫാർമേഴ്സ് അഗ്രോ ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി.) വഴി നടപ്പാക്കിവരുന്നു.

| ക്രമ നമ്പർ | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മതല സംരംഭം | 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം രൂപ |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം രൂപ |
| 3 | ഇടത്തരം സംരംഭം | 1 കോടി രൂപ മുതൽ 5 കോടി രൂപ വരെ | 30% പരമാവധി 50 ലക്ഷം രൂപ |

ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 600 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉൽപ്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ചാ ഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി കേരളത്തിൽ 50 ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ സ്ഥാപിക്കാൻ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.എഫ്.എ.സി. മുഖേന ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധ്യമാകും. കൂടാതെ സ്വയംസഹായ സംഘങ്ങൾക്കും വ്യക്തിഗത യൂണിറ്റുകൾക്കും സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന ധനസഹായം നൽകുന്നുണ്ട്. സംസ്ഥാനത്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും അതുവഴി സുസ്ഥിര

കാർഷിക വികസനം സാധ്യമാക്കുന്നതിനും അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. നാളികേരം, വാഴപ്പഴം, പച്ചക്കറി, മാമ്പഴം, തേൻ എന്നീ വിള അധിഷ്ഠിത അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിച്ചിരിക്കുന്നത്. നാളികേര അഗ്രോപാർക്ക്, കോഴിക്കോട് കൂത്താളി ഫാം, വേങ്ങേരി മൊത്ത വ്യാപാര വിപണി എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനും മാംഗോ അഗ്രോപാർക്ക് പാലക്കാട് മുതലമടയിലും പച്ചക്കറി പാർക്ക് ഇടുക്കി വട്ടവട പഴത്തോട്ടത്തും ബനാന പാർക്ക് തൃശ്ശൂർ കണ്ണാറയിലും സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

തെങ്ങിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നമായ നീര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ 2014-15, 2015-16, 2016-17 വർഷങ്ങളിൽ നാളികേര വികസന ബോർഡ് മുഖേന വിവിധ നാളികേര ഉൽപ്പാദക കമ്പനികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ കാർഷിക വിളകളുടെ മൂല്യവർദ്ധിത സാധ്യത മനസ്സിലാക്കുന്നതിനും കാർഷിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും 'വൈഗ' എന്ന പേരിൽ പ്രദർശനം, സെമിനാറുകൾ എന്നിവ കഴിഞ്ഞ 4 വർഷമായി നടത്തിവരുന്നുണ്ട്. സഹകരണ സ്ഥാപനങ്ങൾവഴി കൃഷി അടിസ്ഥാനമാക്കി തേയില, കാപ്പി, റബ്ബർ, കശുവണ്ടി, അടയ്ക്ക, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ തോട്ടവിളകൾ സംസ്കരിക്കൽ, ഭക്ഷ്യവിളകളുടെ സംസ്കരണം, എണ്ണക്കുരുക്കളുടെ സംസ്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും പീഡിത സംസ്കരണ യൂണിറ്റുകൾ നവീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എൻ.സി.ഡി.സി. പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. കൂടാതെ സംസ്കരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള യന്ത്രസാമഗ്രികൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ധനസഹായം അനുവദിക്കുന്നുണ്ട്.

കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുത്തുകൊണ്ട് നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിൽ പുതിയതായി രൂപീകരിച്ച പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (PAPCOS) എന്ന സഹകരണ സംഘത്തിന്റെ അധീനതയിൽ 200 മെട്രിക് ടൺ നെല്ല് സംസ്കരിച്ച് അരിയാക്കുന്നതിന് ഒരു റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യെ കാര്യക്ഷമമാക്കാൻ നടപടി

16 (*135) ശ്രീ. എം. മുകേഷ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ദൈനംദിന വരവ് ചെലവിൽ 450 ലക്ഷം രൂപയുടെ അന്തരമുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.-ക്ക് ഈ സർക്കാരിന്റെ ആത്മാർത്ഥമായ ഇടപെടലിന്റെ ഫലമായി വരുമാന അന്തരം 66 ലക്ഷമാക്കി കുറയ്ക്കാൻ സാധ്യമായിട്ടുണ്ടോ; ശരാശരി പ്രതിദിന വരുമാനത്തിലുണ്ടായ വർദ്ധനവ് എത്രയാണെന്ന് അറിയിക്കാമോ; ഡീസലിന്റെ നിരന്തര വില വർദ്ധനവ് കെ.എസ്.ആർ.ടി.സി.-യെ എത്രമാത്രം പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ സ്ഥിതിയിലും ശമ്പളം യഥാസമയം ലഭ്യമാക്കാൻ സാധിക്കാതെ പോയത് പരിഹരിക്കാൻ സർവ്വീസുകൾ കാര്യക്ഷമമാക്കാൻ മാനേജ്മെന്റിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ; പെർമിറ്റില്ലാതെ സ്വകാര്യ ബസ്സുകൾക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ യഥേഷ്ടം നടത്താമെന്ന കേന്ദ്ര സർക്കാർ തീരുമാനം കെ.എസ്.ആർ.ടി.സി.-യെ എങ്ങനെ ബാധിക്കാനിടയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പുതിയ ബസ്സുകൾ വാങ്ങാനും ബസ് ബോഡി നിർമ്മാണം പുനരാരംഭിക്കാനും നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് തൊട്ട് മുമ്പത്തെ മാസമായ ഏപ്രിൽ 2016-ൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം പ്രതിദിനം ശരാശരി 413 ലക്ഷം രൂപ (പ്രതിമാസം ഏകദേശം 124 കോടി രൂപ) ആയിരുന്നു. ഈ ഭീമമായ ചെലവിന് കാരണം പെൻഷൻ വിതരണവും ശമ്പള വിതരണവും വായ്പായിനത്തിലെ ഉയർന്ന തിരിച്ചടവുമായിരുന്നു. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിച്ചിരുന്ന ഈ ഗുരുതരമായ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി സർക്കാർ മുൻകയ്യെടുത്ത് നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ

ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റിയിരുന്നു. ഇതുപ്രകാരം കെ.എസ്.ആർ. ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശനിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3,100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചുതീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ ഗണ്യമായ കുറവുണ്ടായി.

കെ.എസ്.ആർ.ടി.സി. മുഖ്യമായും സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നത് പെൻഷൻ നൽകുന്നതിനാണ്. കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ ഏർപ്പെടുത്തിയപ്പോൾ ഇതിനായി ഒരു സഞ്ചിതനിധി ആരംഭിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം വരുമാനത്തിൽ നിന്ന് പെൻഷന് ആവശ്യമായ തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിന്നിരുന്നതിനാൽ സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവ മുഖേന കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തിവരുന്നു. കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്ന പെൻഷൻ പെൻഷൻ തുക 10% പലിശ സഹിതം ബഡ്ജറ്റിൽ കെ.എസ്.ആർ. ടി.സി.-ക്ക് വകയിരുത്തിയിട്ടുള്ള 1,000 കോടി രൂപയുടെ വായ്പാ ധനസഹായത്തിൽനിന്നും തിരിച്ചടച്ചുവരുന്നു. ഇപ്രകാരം കൺസോർഷ്യം മുഖേന 2020 ജനുവരി മാസം വരെയുള്ള പെൻഷൻ നൽകിക്കഴിഞ്ഞു. പെൻഷൻ ചെലവ് ഒഴിച്ചുനിർത്തിയാൽ നിലവിലെ പ്രതിമാസ വരുമാനവും ചെലവും തമ്മിലുള്ള അന്തരം പ്രതിദിനം ശരാശരി 140 ലക്ഷം (പ്രതിമാസം ഏകദേശം 42 കോടി രൂപ) രൂപയാണ്. 2019 ഏപ്രിൽ മുതൽ ഡിസംബർ മാസങ്ങളിൽ സർക്കാർ നൽകിയ വായ്പാ ധനസഹായംകൂടി കണക്കിലെടുത്താൽ പിന്നീടുള്ള കോർപ്പറേഷന്റെ പ്രതിമാസ വരുമാനവും ചെലവും തമ്മിലുള്ള അന്തരം പ്രതിദിനം ശരാശരി 70 ലക്ഷം രൂപയായി കുറഞ്ഞിട്ടുണ്ട്. (പ്രതിമാസം ഏകദേശം 21 കോടി രൂപ) 2019 ജനുവരി മാസത്തെ കണക്കനുസരിച്ച് 6,11,97,750 രൂപ പ്രതിദിന ശരാശരി വരുമാനം ഉണ്ടായിരുന്നത് 2020 ജനുവരി മാസത്തെ കണക്ക് അനുസരിച്ച് 6,60,72,892 രൂപയായി വർദ്ധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പ്രതിദിനം ശരാശരി 2.90 കോടി രൂപ ഡീസൽ വാങ്ങുന്ന ഇനത്തിൽ കമ്പനികൾക്ക് നൽകിവരുന്നുണ്ട്. പ്രതിമാസം ശരാശരി 87 കോടി രൂപ ഈ ഇനത്തിൽ ചെലവാകുന്നു. ശമ്പള ഇനത്തിലെ ചെലവ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്നത് ഡീസൽ ഇനത്തിലാണ്. അടിക്കടിയുള്ള ഡീസലിന്റെ വിലക്കയറ്റം കോർപ്പറേഷന്റെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ഗണ്യമായി വർദ്ധിക്കുന്നതിന് ഇടയാക്കുന്നുണ്ട്. ഡീസലിന്റെ

വില ദിനംപ്രതി നൽകുന്നതിനാൽ മാസാവസാനം ശമ്പളത്തിനായി തുച്ഛമായ തുക മാത്രമേ സ്വരൂപിക്കാൻ കഴിയുന്നുള്ളൂ. അടിക്കടിയുള്ള ഡീസൽ വിലയിലെ വർദ്ധനവ് കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. 1-1-2019-ൽ ഡീസൽ വില ലിറ്ററിന് 59.93 രൂപ ആയിരുന്നത് 1-1-2020-ൽ 69.25 രൂപയായി വർദ്ധിച്ചു. തന്മൂലം പ്രതിലിറ്ററിന് 9.32 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ ഉപഭോഗം 12900 കിലോലിറ്റർ ആണെന്നിരിക്കെ ഈ ഇനത്തിൽ പ്രതിമാസം 12 കോടി രൂപയുടെ അധിക ബാധ്യത വന്നിട്ടുണ്ട്.

(ബി) സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കി വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുള്ളത്. അതോടൊപ്പം തൃശ്ശൂർ മുതൽ പാലക്കാട് വരെയും തൃശ്ശൂർ മുതൽ കോഴിക്കോട് വരെയും സൂപ്പർ ഫാസ്റ്റ് സർവ്വീസുകളിലെ സമയം ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-കോട്ടയം, തിരുവനന്തപുരം-എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും ചെയിൻ സർവ്വീസുകൾ 4-8-2019 മുതൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടമായി 1-12-2019 മുതൽ കോട്ടയം മുതൽ തൃശ്ശൂർ വഴി കോഴിക്കോട് വരെയും എറണാകുളം മുതൽ തൃശ്ശൂർ വഴി കോഴിക്കോട് വരെയും ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഉപയോഗിച്ച് ചെയിൻ സർവ്വീസുകൾ കൃത്യമായ ഇടവേളകളിൽ ക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. ടി പുനഃക്രമീകരണത്തിലൂടെ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ രണ്ട് പ്രധാന പാതകളിലൂടെയും സർവ്വീസുകൾ ഉറപ്പുവരുത്തുന്നതിനും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

പെർമിറ്റ് ഇല്ലാതെ സ്വകാര്യ ബസ്സുകൾക്ക് യഥേഷ്ടം സർവ്വീസ് നടത്താമെന്ന കേന്ദ്രസർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ 7-1-2020-ലെ RT-16011/10/2019-T പ്രാഥമിക വിജ്ഞാപന പ്രകാരം എ.സി., ഡീലക്സ് ബസ്സുകൾക്ക് നിലവിലുള്ള പെർമിറ്റ് വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ആയത് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള രാജ്യത്തിലെ എല്ലാ എസ്.ടി.യു.-കളുടെയും നിലനിൽപ്പിനെ വലിയ അർത്ഥത്തിൽ പ്രതിസന്ധിയിലാക്കും. പുതിയ നിർദ്ദേശം നടപ്പിലാക്കിയാൽ അനധികൃത

സ്വകാര്യ കോൺട്രാക്ട് കാര്യേജുകൾ പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നടത്തുന്ന ദീർഘദൂര/അന്തർസംസ്ഥാന സർവ്വീസുകൾ എന്നിവ നിയമ വിധേയമാകുന്നതും കൂടുതൽ കോൺട്രാക്ട് കാര്യേജുകൾ സർവ്വീസ് നടത്തുന്നതിന് എത്തിച്ചേരുന്നതും ഇത് കെ.എസ്.ആർ.ടി.സി.-യുടെ പൂർണ്ണ തകർച്ചയ്ക്ക് വഴി വയ്ക്കുന്നതുമാണ്. മേൽ വിജ്ഞാപനം പ്രകാരമുള്ള നിർദ്ദേശം നടപ്പിലാക്കിയാൽ ഏത് കോൺട്രാക്ട് കാര്യേജുകൾക്കും എവിടേയ്ക്കും ആവശ്യാനുസരണം ഇഷ്ടമുള്ള തുക ഈടാക്കി യാതൊരുവിധ നിയന്ത്രണങ്ങളും ഇല്ലാതെതന്നെ സർവ്വീസ് നടത്താവുന്ന സാഹചര്യം വന്നുചേരും. യാത്രക്കാരുടെ സുരക്ഷിതത്വം ഇത്തരം സർവ്വീസുകളിൽ ഉറപ്പുവരുത്തുന്നതിന് കഴിയുകയില്ല. പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിനുള്ള എതിർപ്പ് അറിയിക്കുന്നതിന് മുന്നോടിയായി വിവിധ ട്രേഡ് യൂണിയനുകളുമായും കെ.എസ്.ആർ.ടി.സി., മോട്ടോർ വാഹന ഉദ്യോഗസ്ഥരുമായും ഗതാഗത വകുപ്പുമന്ത്രിതലത്തിൽ 22-1-2020-ന് ചർച്ച നടത്തിയിട്ടുള്ളതും വിശദാംശങ്ങൾ രൂപീകരിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്.

(സി) 2020 ഡിസംബറിൽ കാലാവധി തീരുന്ന 410 എണ്ണം (സൂപ്പർ ഡീലക്സ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ്) ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ വാങ്ങുന്നതിന് സർക്കാരിൽനിന്ന് മൂലധന സഹായം ലഭ്യമാക്കുന്നതിനും അതല്ലെങ്കിൽ വെറ്റ് ലീസ് മാതൃകയിൽ ബസ്സുകൾ വാടകയ്ക്ക് എടുത്ത് ഓടിക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ പ്രത്യേകം പ്രത്യേകം ലഭ്യമാക്കുവാൻ കെ.എസ്.ആർ.ടി.സി.-യോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രവർത്തനം അവസാന ഘട്ടത്തിലാണെന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭ്യമായി ഇതിന്മേൽ തീരുമാനമെടുത്തശേഷം മാത്രമേ ബസ് ബോഡി നിർമ്മാണം പുനരാരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ കഴിയുകയുള്ളൂ.

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം

17 (*136) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്ന് പഠിച്ചിറങ്ങുന്നവർ പ്രതീക്ഷിത നിലവാരത്തിലുള്ള നൈപുണ്യ ശേഷി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് കെ.ടി.യു. നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം പരിശോധിക്കുന്നതിന് അക്കാദമിക് ഓഡിറ്റിംഗ് നടത്തിയിരുന്നോ; അതിന്റെ വിവരം ലഭ്യമാക്കാമോ; എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ കോഴ്സുകൾക്ക് എൻ.ബി.എ. അക്രെഡിറ്റേഷൻ ഉണ്ടെന്നറിയിക്കാമോ;

(സി) സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും കുറ്റമറ്റതാക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും പഠനം പൂർത്തിയാക്കുന്നവർക്ക് ഉന്നതമായ വിജ്ഞാനവും അതോടൊപ്പം അനുബന്ധ നൈപുണ്യശേഷിയും ഉറപ്പുവരുത്താൻ നവീനമായ പാഠ്യപദ്ധതികൾ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്രസർവ്വകലാശാല ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലെ അക്കാദമിക് കരിക്കുലം വ്യാവസായിക വിദഗ്ദ്ധരുടെ പങ്കാളിത്തത്തോടെ പുനഃക്രമീകരിച്ചിട്ടുണ്ട്. എല്ലാ ബ്രാഞ്ചുകളിലും നൈപുണ്യ വികസനം ഉറപ്പുവരുത്തുന്ന പ്രാക്ടിക്കലുകളും ലാബുകളും ഇന്റേൺഷിപ്പുകളും മിനി പ്രോജക്ടുകളും കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സാങ്കേതിക ശാസ്ത്ര രംഗത്തെ വിജ്ഞാന വൈവിദ്ധ്യങ്ങൾ ഉൾക്കൊള്ളാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ബി.ടെക് മൈനർ ബിരുദവും ആരംഭിക്കും. ഇതുവഴി ഏത് സാങ്കേതിക ശാഖയിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു ശാഖകളിലെ നവീനമായ വിഷയങ്ങൾ പഠിക്കുവാൻ അവസരം ലഭിക്കും. സാങ്കേതിക വ്യവസായ മേഖലയിലെയും ഐ.ടി. അനുബന്ധ വിവരസാങ്കേതിക നൈപുണ്യവികസന സ്റ്റാർട്ട് അപ്പ് രംഗങ്ങളിലെയും സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും കമ്പനികൾക്കും മൈനർ കോഴ്സുകൾ നടത്താനുള്ള അനുവാദമുണ്ടാകും. വ്യാവസായിക രംഗത്തെ വൈവിദ്ധ്യവൽക്കരണത്തിനും അനുബന്ധമായി ഉയർന്നുവരുന്ന കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ തത്സമയംതന്നെ പഠിക്കുവാൻ ഇൻഡസ്ട്രിയൽ എലക്ടീവ് കോഴ്സുകൾ ചെയ്യാൻ അവസരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കും. ഇപ്പോൾത്തന്നെ ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് മെഷീൻ ലേണിംഗിൽ ഒരു കോഴ്സ് അസാപ്പിന്റെ സഹായത്തോടുകൂടി ആരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെ Skill Deliver Platform Kerala മുഖേനയായിരിക്കും കോഴ്സുകൾ നൽകുക.

ഇതോടൊപ്പം അടുത്ത അദ്ധ്യയന വർഷം മുതൽ നൈപുണ്യ വികസനത്തിന് ഊന്നൽ നൽകുന്ന ബി.വോക് കോഴ്സുകൾ ആരംഭിക്കുവാൻ സർവ്വകലാശാല നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സാങ്കേതിക സർവ്വകലാശാലയുടെ അധീനതയിലുള്ള കോഴ്സുകളിൽ പഠന ബോധന പ്രക്രിയയുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി 2015-16 അദ്ധ്യയന വർഷം മുതൽ അക്കാദമിക് ഓഡിറ്റിംഗ് നടത്തിവരുന്നു. ഇതിന്റെ തുടർച്ചയായി 2019-20 അദ്ധ്യയന വർഷവും അക്കാദമിക് ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്. ഓഡിറ്റിംഗിന്റെ റിപ്പോർട്ടുകൾ സർവ്വകലാശാലയുടെ ബന്ധപ്പെട്ട സമിതികൾ വിശകലനം ചെയ്യുകയും അതിനനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സാങ്കേതിക സർവ്വകലാശാലയുടെ അധീനതയിൽ 134 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. ഇതിൽ 20 കോളേജുകളിലെ കോഴ്സുകൾക്ക് എൻ.ബി.എ. അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

(സി) സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും കുറ്റമറ്റതാക്കാൻ ചോദ്യപ്പേപ്പറുകളും അനുബന്ധ ഉത്തരസൂചികയും കൃത്യതയോടെ തയ്യാറാക്കുന്നതിന് എല്ലാ അദ്ധ്യാപകർക്കുംവേണ്ടി സർവ്വകലാശാല ശിൽപ്പശാലകൾ മേഖലാടിസ്ഥാനത്തിൽ നടത്തിവരുന്നു. കേന്ദ്രീകൃത മൂല്യനിർണ്ണയ സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. ചീഫ് എക്സാമിനറും അഡീഷണൽ എക്സാമിനറും ഒരുമിച്ചിരുന്നുതന്നെ മൂല്യനിർണ്ണയം നടത്തണമെന്നതും സർവ്വകലാശാല നിർബന്ധമാക്കിയിട്ടുണ്ട്. പരീക്ഷാ ഹാളുകളിലും പരീക്ഷാ കൺട്രോൾ റൂമിലും സി.സി.റ്റി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മൂല്യനിർണ്ണയത്തിൽ പിഴവു വരുത്തുന്ന അദ്ധ്യാപകരിൽ നിന്നും പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നുണ്ട്. കോളേജുകളിൽ പരീക്ഷകൾ നടക്കുന്ന സമയത്ത് സിൻഡിക്കേറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ സീനിയർ പ്രൊഫസർമാരുൾപ്പെടുന്ന നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മൂല്യനിർണ്ണയത്തിന് ഹാജരാകാത്ത അദ്ധ്യാപകർക്കെതിരെ പിഴയടക്കമുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. പുനർ മൂല്യനിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുവാനും നീതിപൂർവ്വമായ മൂല്യനിർണ്ണയം ഉറപ്പുവരുത്താനുമായി ഒരു റിവ്യൂ സംവിധാനവും സർവ്വകലാശാല ഉടൻതന്നെ പ്രാബല്യത്തിൽ വരുത്തുന്നതാണ്.

## കാർഷികോൽപ്പന്ന വിപണന പദ്ധതികൾ

18 (*137) <u>ശ്രീ. മുരളി പെരുനെല്ലി</u> :

<u>ശ്രീ. പി. വി. അൻവർ</u> :

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂതനവും ഉത്തമവുമായ കൃഷിരീതികൾ സംബന്ധിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങളും അവബോധവും നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷികോല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് നടപ്പിലാക്കിവരുന്ന കർഷകമിത്ര പദ്ധതിയുടെ വിശദാംശം നൽകാമോ;

(സി) കാർഷികോല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ കർഷകർക്ക് അവസരം നൽകുക വഴി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് ആഴ്ച്ചചന്തകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) നൂതനവും ഉത്തമവുമായ കൃഷി രീതികൾ സംബന്ധിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങളും അവബോധവും നൽകുന്നതിന് സംസ്ഥാന വാർഷിക പദ്ധതികളായ കർഷക നൈപുണ്യ അവാർഡ്, ലീഡ്സ്, കർഷക സഭയും ഞാറ്റുവേല ചന്തയും തുടങ്ങിയ പദ്ധതികൾവഴി സാധ്യമാകുന്നു. കാർഷിക ഗവേഷണ ഫലങ്ങൾ സാധാരണ കർഷകരിലെത്തിക്കാൻ വിജ്ഞാനവ്യാപന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സെമിനാറുകൾ, പരിശീലനങ്ങൾ, റിസർച്ച് എക്സ്റ്റെൻഷൻ ഇന്റർഫേസ് തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മ പദ്ധതിവഴിയും കർഷകർക്ക് പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നു. മാനവവിഭവശേഷി വികസനം എന്ന പദ്ധതിപ്രകാരം കൃഷി വകുപ്പിന്റെ കീഴിലുള്ള അഞ്ച് മേഖലാ പരിശീലന കേന്ദ്രങ്ങൾ, രണ്ട് കർഷക പരിശീലന കേന്ദ്രങ്ങൾ, വെള്ളായണിയിൽ പ്രവർത്തിക്കുന്ന ആർ.റ്റി.റ്റി.സി. എന്നിവ വഴി കർഷകർക്ക് നൂതനവും ഉത്തമവുമായ കൃഷിരീതികൾ, യന്ത്രവൽക്കരണം തുടങ്ങിയവ സംബന്ധിച്ച പരിശീനങ്ങൾ നൽകിവരുന്നു.

(ബി) കാർഷിക വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ പൂർണ്ണമായി വിപണനം ചെയ്യുന്നതിനായി സംസ്ഥാനത്ത് ആദ്യമായി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതിയാണ് കർഷകമിത്ര. 2017-18 സാമ്പത്തിക വർഷം ആരംഭിച്ച കർഷകമിത്ര പദ്ധതി(കർഷക മിത്രകളുടെ നിയോഗം, പരിശീലനം & പോർട്ടൽ അധിഷ്ഠിത സേവനം)-യിലൂടെ കർഷകനും ഉണഭോക്താവിനും ന്യായവില ലഭ്യമാക്കുന്ന രീതിയിൽ മധ്യവർത്തികളെ ഒഴിവാക്കി കാർഷിക വിപണനം ശക്തിപ്പെടുത്തുന്നു. തൃശ്ശൂർ ജില്ലയിലെ 105 കൃഷിഭവനുകളിലും ഓരോ കർഷകമിത്രത്തെവീതം നിയോഗിക്കുകയും അതത് പ്രദേശത്തെ കർഷകരുമായി ബന്ധപ്പെട്ട് ഗാർഹികാടി സ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ ജൈവ പച്ചക്കറികൾ, പഴങ്ങൾ എന്നിവ കർഷകരിൽനിന്നും നേരിട്ട് 50% തുക അപ്പോൾത്തന്നെ പണമായി നൽകി സംഭരിക്കുകയും ടി ഉൽപ്പന്നങ്ങൾ ആവശ്യക്കാർക്ക് നേരിട്ട് വീടുകളിലൂടെയും വിപണികളിലൂടെയും വിപണനം നടത്തിവരുന്നു. വിൽപ്പനയ്ക്കുശേഷം ബാക്കി തുക കർഷകന് തൊട്ടടുത്ത ദിവസംതന്നെ നൽകുന്നു. പഞ്ചായത്തുതലത്തിൽ ഉൽപ്പന്നങ്ങളുടെ

സംഭരണ വിലയും വിൽപ്പന വിലയും വി.എഫ്.പി.സി.കെ. പ്രതിദിനം തയ്യാറാക്കുന്ന ഉൽപ്പന്നങ്ങളുടെ സംഭരണവില/ വിൽപ്പന വില അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കുന്നത്. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിലെ വിവിധ തരത്തിലുള്ള രോഗകീടബാധകളെ സംബന്ധിച്ചുള്ള റിപ്പോർട്ടിനായും കർഷക മിത്രങ്ങളുടെ സേവനം പ്രയോജന പ്പെടുത്തിവരുന്നു. ഈ സംവിധാനത്തിലൂടെ സാങ്കേതിക ഉദ്യോഗസ്ഥരുടെ സേവനം അടിയന്തരമായി നൽകാൻ സാധിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്തൊട്ടാകെ 400 ആഴ്ചചന്തകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഉൽപ്പാദന കേന്ദ്രങ്ങൾക്ക് സമീപമായി ആഴ്ചച്ചന്തകൾ സ്ഥാപിക്കുന്നതിലൂടെ ഉൽപ്പന്നങ്ങൾ ഏറ്റവും പുതുമയോടെ ഉപഭോക്താക്കൾക്ക് നൽകാൻ സാധിക്കുന്നുണ്ട്. ആഴ്ചച്ചന്തകൾ ഉൽപ്പാദന കേന്ദ്രങ്ങൾക്ക് സമീപമായതിനാൽ ഉൽപ്പന്നങ്ങൾ ദൂരവിപണികളിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള കൈകാര്യ ചെലവും കടത്ത് കൂലിയിനത്തിൽ ഉണ്ടാകുന്ന ചെലവും ഒഴിവാക്കാൻ സാധിക്കുന്നതിലൂടെ കർഷകന് ചെറിയൊരു ലാഭമുണ്ടാക്കാനും സാധിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള കുടുംബശ്രീ സംവിധാനവുമായി സഹകരിച്ച് കൃഷി വകുപ്പ് ആഴ്ച വിപണികൾ പ്രവർത്തിപ്പിച്ചുവരുന്നു. ഓരോ വിപണി സ്ഥാപിക്കുന്നതിനും ഒരു ലക്ഷം രൂപ (അടിസ്ഥാന സൗകര്യങ്ങൾക്കായി 75,000 രൂപ റിവോൾവിംഗ് ഫണ്ടായി 25000 രൂപ) സഹായധനമായി നൽകിയിട്ടുണ്ട്.

**കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ മാറ്റങ്ങൾ**

19 (*139) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്നും അവ സംസ്ഥാനത്തെ കെട്ടിടനിർമ്മാണ മേഖലയെ ഏതൊക്കെ വിധത്തിൽ ബാധിക്കുമെന്നും വിശദമാക്കുമോ;

(ബി) സാധാരണക്കാരെ മുതൽ വൻകിട ഫ്ലാറ്റ് നിർമ്മാതാക്കളെ വരെ ആശങ്കയിലാക്കുന്നതാണ് പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ എന്നത് ശരിയാണോ; വ്യക്തമാക്കുമോ;

(സി) കെട്ടിട നിർമ്മാണത്തിന് നിലവിൽ കിട്ടിയിരുന്ന ഫ്ലോർ ഏരിയ റേഷ്യോ പുതിയ കെട്ടിടനിർമ്മാണച്ചട്ടം നിലവിൽ വരുന്നതോടെ ഇല്ലാതാകുമോ; അതിന്റെ ഫലമായി, നിർമ്മിക്കുന്ന കെട്ടിടത്തിന്റെ വിസ്തൃതി കുറയ്ക്കേണ്ടതായി വരുമോ;

(ഡി) കെട്ടിടങ്ങൾക്ക്ചുറ്റിലും തുറസ്സായ സ്ഥലം (സെറ്റ് ബാക്ക്) കൂട്ടണമെന്ന പുതിയ വ്യവസ്ഥമൂലം ചെറിയ സ്ഥലത്ത് നിർമ്മാണം നടത്തുന്നവർക്ക് നഷ്ട സാധ്യത കൂടുന്നുവെന്നുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ;

(ഇ) കെട്ടിട നിർമ്മാണത്തിനൊപ്പം മഴവെള്ള സംഭരണിയും സെപ്റ്റിക് ടാങ്കും മലിനജലം സംഭരിക്കുന്ന ടാങ്കും നിർമ്മിക്കണമെന്നത് നിർബന്ധമാക്കിയിട്ടുണ്ടോ;

(എഫ്) പുതുക്കിയ കെട്ടിട നിർമ്മാണ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഉയരം കണക്കാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) പുതിയതായി തയ്യാറാക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വന്ന പ്രധാന മാറ്റങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) അല്ല. പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ Set back, Coverage, FAR, Parking, Height of building എന്നീ പ്രധാന ചട്ടങ്ങളെ സംബന്ധിച്ച് കൂടുതൽ വ്യക്തത കൊണ്ടുവന്നിട്ടുണ്ട്. ഇത് സാധാരണക്കാരെയും വൻകിട കെട്ടിട നിർമ്മാണക്കാരെയും ഒരുപോലെ സഹായിക്കുന്നതാണ്. കൂടാതെ ഒരു വീട് നിർമ്മിക്കുന്ന സാധാരണക്കാർക്ക് പഴയ ചട്ടങ്ങളിൽനിന്നും ലഘൂകരിച്ച വ്യവസ്ഥകളാണ് പുതിയ ചട്ടങ്ങളിൽ (set back പഴയ ചട്ടപ്രകാരം നൽകേണ്ടതിൽനിന്നും കുറവ് മതി) നൽകിയിരിക്കുന്നത്.

(സി) FAR, Coverage എന്നിവയിൽ പഴയ ചട്ടങ്ങളിൽനിന്നും മാറ്റം വരുത്തിയിട്ടില്ല. എന്നാൽ FAR/FSI കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ മൊത്തം വിസ്തൃതി കണക്കിലെടുക്കണമെന്ന് പുതിയ ചട്ടത്തിൽ വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. പഴയ ചട്ടപ്രകാരം കെട്ടിടത്തിനുള്ളിൽ നൽകുന്ന പാർക്കിംഗ്, ലിഫ്റ്റിനുള്ള സ്ഥലം, Generator room-ന്റെ സ്ഥലം A/C Plant-ന്റെ സ്ഥലം എന്നിവ FAR കണക്കുകൂട്ടുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. അതുമൂലം ഒരു plot-ൽ നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ മൊത്തം വിസ്തൃതിയിൽ മാറ്റം വരുന്നില്ല.

(ഡി) പുതിയ ചട്ടത്തിൽ തുറസ്സായ സ്ഥലത്തിൽ കാതലായ വ്യത്യാസം വരുന്നില്ല. 500 ച.മീ.-ന് മുകളിൽ വരുന്ന അസംബ്ലി ഗണത്തിൽപ്പെടുന്ന നിർമ്മാണങ്ങൾക്ക് മാത്രമേ തുറസ്സായ സ്ഥലത്തിൽ മാറ്റം വരുന്നുള്ളൂ. എന്നാൽ ഏകവാസഗൃഹങ്ങൾക്കും 3 സെന്റിന് താഴെയുള്ള സ്ഥലത്തെ നിർമ്മാണങ്ങൾക്കും സെറ്റ് ബാക്ക് കുറച്ചിട്ടുമുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) പുതിയ കെട്ടിട നിർമ്മാണ ചട്ടം 76(2) പ്രകാരം നിർമ്മാണങ്ങൾക്ക് സാധ്യമായ തരത്തിലുള്ള മഴവെള്ള സംഭരണി വ്യവസ്ഥ ചെയ്യുന്നുണ്ട്. ചട്ടം 79 പ്രകാരം 100 ച. മീറ്ററിനുമുകളിലുള്ള നിർമ്മാണങ്ങൾക്ക് septic tank വ്യവസ്ഥ ചെയ്യുന്നുണ്ട്. ചട്ടം 79 (3) പ്രകാരം 300 ച. മീറ്ററിന് മുകളിലുള്ള എല്ലാ പുതിയ വാസഗൃഹകെട്ടിടങ്ങളിലും നിലവിൽ മാലിന്യനിർമ്മാർജ്ജനത്തിന് മറ്റ് സംവിധാനങ്ങൾ ഇല്ലാത്തപക്ഷം Biogas Plant സ്ഥാപിക്കേണ്ടതാണ്. കൂടാതെ മറ്റു ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന രീതിയിൽ മലിനീകരണ നിയന്ത്രണ സംവിധാനം ഒരുക്കേണ്ട താണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(എഫ്) ചട്ടം 2 (bf) പ്രകാരം കെട്ടിടത്തിനോട് ചേർന്നുവരുന്ന പുരയിടത്തിന്റെ ശരാശരി level-ൽനിന്നാണ് കെട്ടിടത്തിന്റെ ഉയരം കണക്കാക്കേണ്ടത്.

## ടൂറിസ്റ്റ് ബസ്സുകൾക്ക് പെർമിറ്റില്ലാതെ സർവ്വീസ് നടത്താൻ അനുമതി

20 (*140) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഡംബര ടൂറിസ്റ്റ് ബസ്സുകൾക്ക് പെർമിറ്റില്ലാതെ സർവ്വീസ് നടത്താൻ അനുമതി നൽകാനുള്ള കേന്ദ്ര നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നടപടി കെ.എസ്.ആർ.ടി.സി.-യെ എപ്രകാരം ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) കേന്ദ്ര നീക്കം ഗതാഗത, അനുബന്ധ മേഖലകളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര ഉപരിതല മന്ത്രാലയത്തിലെ 7-1-2020-ലെ RT-16011/10/ 2019-T നമ്പർ പ്രാഥമിക വിജ്ഞാപന പ്രകാരം എ.സി. ഡീലക്സ് ബസ്സുകൾക്ക് നിലവിലുള്ള പെർമിറ്റ് വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ആയത് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള രാജ്യത്തിലെ എല്ലാ എസ്.ടി.യു.-കളുടെ

നിലനിൽപ്പിനെ വലിയ അർത്ഥത്തിൽ പ്രതിസന്ധിയിലാക്കും. ഇപ്പോൾത്തന്നെ സ്വകാര്യ കോൺട്രാക്റ്റ് കാര്യേജുകൾ അനധികൃതമായും പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടും ദീർഘദൂര/അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നുണ്ട്. പുതിയ നിർദ്ദേശം നടപ്പിലാക്കിയാൽ ഇത്തരം സർവ്വീസുകൾ നിയമവിധേയമാകുന്നതും കൂടുതൽ കൂടുതൽ കോൺട്രാക്റ്റ് കാര്യേജുകൾ സർവ്വീസ് നടത്തുന്നതിന് എത്തിച്ചേരുന്നതും ഇത് കെ.എസ്.ആർ.ടി.സി.-യുടെ പൂർണ്ണ തകർച്ചയ്ക്ക് വഴിവയ്ക്കുമെന്നുള്ളതുമാണ്. മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നടപ്പിലാക്കിയാൽ ഏത് കോൺട്രാക്റ്റ് കാര്യേജുകൾക്കും എവിടേക്കും ആവശ്യാനുസരണം ഇഷ്ടമുള്ള തുക ഈടാക്കി യാതൊരുവിധ നിയന്ത്രണങ്ങളുമില്ലാതെതന്നെ സർവ്വീസ് നടത്താവുന്ന സാഹചര്യം വന്നുചേരും. കൂടുതൽ കൂടുതൽ സർവ്വീസുകൾ യഥേഷ്ടം ആരംഭിക്കുന്നത് റോഡിലെ മത്സര ഓട്ടത്തിനും വലിയ അപകടങ്ങൾക്കും കാരണമാകുന്നതാണ്. ഒറ്റപ്പെട്ട മേഖലകളിലേയ്ക്കുള്ള സർവ്വീസുകളും മലയോര മേഖലകളിലേയ്ക്കുള്ള സർവ്വീസുകളും വരുമാന നഷ്ടം സഹിച്ചും കെ.എസ്.ആർ.ടി.സി. നടത്തിവരുന്നു. നിലവിൽ മെച്ചപ്പെട്ട സർവ്വീസ് നടത്തുന്ന 1463 സൂപ്പർ ക്ലാസ് സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളത്. ടി നിർദ്ദേശം നടപ്പിലായാൽ കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ സൂപ്പർക്ലാസ് സർവ്വീസുകൾക്കും ഇത് ഭീഷണിയായി തീരുന്നതാണ്. ടി നിർദ്ദേശം കോൺട്രാക്ട് കാര്യേജ് സർവ്വീസുകൾക്ക് മാത്രം അനുകൂലമാണ്. സ്റ്റേജ് കാര്യേജ് സർവ്വീസുകൾ നടത്തുന്ന കെ.എസ്.ആർ.ടി.സി.-ക്ക് പ്രസ്തുത നിർദ്ദേശം നടപ്പിൽ വരുത്തുന്നതിനും കോൺട്രാക്ട് കാര്യേജ് സർവ്വീസ് നടത്തുന്നതിനും കഴിയാത്ത സാഹചര്യത്തിൽ സ്വാഭാവികമാവും ടി നിർദ്ദേശം നടപ്പിലാക്കുന്നത് കെ.എസ്.ആർ.ടി.സി.-യെ സമീപഭാവിയിൽത്തന്നെ ഗുരുതര പ്രതിസന്ധിയിലേയ്ക്ക് എത്തിക്കുമെന്നുള്ളതാണ്. മോട്ടോർ വാഹന നിയമത്തിലെ Chapter V പ്രകാരമാണ് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾക്ക് അനുകൂലമായ ദേശസാൽകൃത സ്കീമുകൾ കൊണ്ടുവരുന്നത്. Sec.98 പ്രകാരം മോട്ടോർ വാഹന നിയമത്തിലെ മറ്റ് വ്യവസ്ഥകളേക്കാൾ over riding effect നൽകിയിട്ടുള്ളതുമാണ്. എന്നാൽ പുതിയ നിർദ്ദേശം നിലവിൽ വന്നാൽ ആയത് Chapter V ഉൾപ്പെടെ എസ്.ടി.എ.-കൾക്ക് അനുവദിച്ചുവരുന്ന എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടാൻ കാരണമാകുമെന്ന് കരുതുന്നു. കേരളത്തിലെ ജനസാന്ദ്രതയും സാമൂഹികസ്ഥിതിയും കണക്കിലെടുത്താൽ ഈ നിർദ്ദേശം നടപ്പിലാക്കിയാൽ കൂടുതൽ കൂടുതൽ എ.സി. ബസ്സുകൾ നിരത്തി ലെത്തുമെന്നും സ്റ്റേജ് കാര്യേജ് സർവ്വീസുകൾക്ക് പകരമായി ടി ബസ്സുകൾ സർവ്വീസ് നടത്തുമെന്നും അതുവഴി കെ.എസ്.ആർ.ടി.സി. സർവ്വീസുകൾക്കും സർക്കാരിനും വരുമാന നഷ്ടം ഉണ്ടാകുന്നതുമാണ്. കൂടാതെ ഇപ്പോൾ അനധികൃതമായി നടത്തുന്ന സ്വകാര്യ കോൺട്രാക്റ്റ് കാര്യേജ് ബസ്സുകൾക്ക് അനുമതി നൽകിയാൽ ടി സർവ്വീസുകൾ നിയമപരമായി നടത്താൻ കഴിയുന്നതും ഭാവിയിൽ യാത്രക്കാരുടെ തിരക്ക് അനുഭവപ്പെടുന്ന പ്രത്യേക ഉത്സവകാലങ്ങളിൽ കൂടുതൽ നിരക്ക് യാതൊരു നിയന്ത്രണവുമില്ലാതെ ഈടാക്കാനുള്ള സാധ്യതയും തള്ളിക്കളയാൻ കഴിയുകയില്ല.

(സി) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാരിനുള്ള എതിർപ്പുകൾ അറിയിക്കുന്നതിന് മുന്നോടിയായി വിവിധ ട്രേഡ് യൂണിയനുകളുമായും കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന ഉദ്യോഗസ്ഥരുമായും ബഹു. ഗതാഗത വകുപ്പുമന്ത്രി 22-1-2020-ന് ചർച്ച നടത്തിയിട്ടുള്ളതും വിശദാംശങ്ങൾ രൂപീകരിച്ച് സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്.

## ബിരുദ സർട്ടിഫിക്കറ്റുകൾ റദ്ദാക്കിയ നടപടി

21 (*141) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.ജി. സർവ്വകലാശാലയിലും കേരള സർവ്വകലാശാലയിലും മാർക്ക് കൂട്ടി നൽകിയതിന്റെയും മോഡറേഷന്റെയും അടിസ്ഥാനത്തിൽ നൽകിയ ബിരുദ സർട്ടിഫിക്കറ്റുകൾ റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പരീക്ഷകളുടെ ബിരുദ സർട്ടിഫിക്കറ്റുകളാണ് ഇപ്രകാരം റദ്ദാക്കുന്നതെന്ന് അറിയിക്കാമോ;

(സി) ബിരുദ സർട്ടിഫിക്കറ്റുകൾ റദ്ദാക്കുന്ന തീരുമാനമെടുക്കുന്നതിന് മുമ്പ് ചാൻസലറുടെ അംഗീകാരം തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(ഡി) നോർക്ക റൂട്ട്സിൽ അറ്റസ്റ്റേഷന് സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളിൽ റദ്ദാക്കുന്നവ ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് നോർക്ക റൂട്ട്സ് എം.ജി. സർവ്വകലാശാലക്കും കേരള സർവ്വകലാശാലക്കും കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട സർവ്വകലാശാലകൾ അതിന് മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) എം.ജി. സർവ്വകലാശാല ബി.ടെക് പരീക്ഷകളുടെയും കേരള സർവ്വകലാശാല ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.ബി.എ. എന്നീ പരീക്ഷകളുടെയും ബിരുദ സർട്ടിഫിക്കറ്റുകളാണ് റദ്ദ് ചെയ്യുന്നത്.

(സി) എം.ജി. സർവ്വകലാശാല ചാൻസലറുടെ അംഗീകാരം തേടിയിട്ടില്ല. എം.ജി. സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 4 ചട്ടം 23 (15) പ്രകാരം പരീക്ഷാ കാര്യങ്ങളിൽ നയപരമായി തീരുമാനമെടുക്കാൻ സിൻഡിക്കേറ്റിനുള്ള അധികാരവും സ്റ്റാറ്റ്യൂട്ട് 1992 ചാപ്റ്റർ 35 പ്രകാരവുമാണ് സിൻഡിക്കേറ്റ് തീരുമാനമെടുത്തത്. കേരള സർവ്വകലാശാലയിൽ സെനറ്റിന്റെയും ചാൻസലറുടെയും അംഗീകാരത്തോടെ ബിരുദ സർട്ടിഫിക്കറ്റുകൾ റദ്ദുചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. എം.ജി. സർവ്വകലാശാല മറുപടി നൽകിയിട്ടുണ്ട്. കേരള സർവ്വകലാശാല മറുപടി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വാശ്രയ കോളേജുകളുടെ അക്രെഡിറ്റേഷൻ**

22 (*142) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജുകൾക്ക് അക്രെഡിറ്റേഷൻ നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ തുല്യതാ സർട്ടിഫിക്കറ്റുകൾ നിർത്തലാക്കാൻ ആവശ്യമായവിധം സ്പെഷ്യൽ റൂൾ പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിലേതുപോലെ സംസ്ഥാനത്തെ സർവ്വകലാശാല കളിലും പഞ്ചവത്സര ഡിഗ്രി, പി.ജി കോഴ്സുകളും ഇവയോട് അനുബന്ധിച്ച് ബി.എഡും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) UGC-Mandatory Assessment and Accreditation of Higher Education Institutions Regulation 2012 അനുസരിച്ച് എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും അവ നിലവിൽവന്ന് ആറ് വർഷത്തിനുള്ളിൽ/രണ്ട് ബാച്ച് പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് അക്രെഡിറ്റേഷൻ നേടിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് റൂസ, യു.ജി.സി. പദ്ധതികളിൽ ധനസഹായം ലഭിക്കുന്നതിന് അക്രെഡിറ്റേഷൻ ഒരു മാനദണ്ഡമാണ്. സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് നാക്-ന്റെ 3.25-ൽ കുറയാത്ത അക്രെഡിറ്റേഷൻ യു.ജി.സി. നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) കോഴ്സുകളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ G.O.(Ms)No.272/2018 തീയതി 13-11-2018, G.O.(Ms) No.303/2018 തീയതി 17-12-2018 എന്നീ രണ്ട് ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വോട്ടർപട്ടിക പുതുക്കുന്ന നടപടി**

23 (*143) ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാനിരിക്കുന്ന പഞ്ചായത്ത്, മുനിസിപ്പൽ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വോട്ടർപ്പട്ടിക പുതുക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) 2019-ലെ ലോക് സഭ തെരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടിക ആധാരമാക്കിയാണോ വോട്ടർ പട്ടിക പുതുക്കുന്നത്; അല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. സംസ്ഥാനത്ത് 2020-ൽ നടത്തുന്ന പഞ്ചായത്ത്, മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിന് മുന്നോടിയായി നിലവിലുള്ള വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ 4-1-2020-ലെ ബി1/30139/2019/ സം.തി.ക. നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

(ബി) വോട്ടർ പട്ടിക പുതുക്കുന്നതിന് നിലവിലുള്ള പട്ടിക കരടായി 2020 ജനുവരി 20-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരട് പട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും ജനുവരി 20 മുതൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിച്ചുവരികയാണ്. ഫെബ്രുവരി 14 വരെ അവ സമർപ്പിക്കുന്നതിന് നിലവിൽ അവസരം നൽകിയിട്ടുണ്ട്. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അവ സംബന്ധിച്ചുള്ള തുടർനടപടി സ്വീകരിച്ച് അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 28-ന് പ്രസിദ്ധീകരിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) അല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിലായതിനാൽ ഓരോ വാർഡിനും മാത്രമായി വോട്ടർ പട്ടിക തയ്യാറാക്കേണ്ടതുണ്ട്. അസംബ്ലി പാർലമെന്റ് തെരഞ്ഞെടുപ്പിന് അസംബ്ലി പോളിംഗ് ബൂത്ത് അടിസ്ഥാനമാക്കിയാണ് വോട്ടർ പട്ടിക തയ്യാറാക്കുന്നത്. ഒരു അസംബ്ലി പോളിംഗ് ബൂത്തിൽ ഒന്നിലധികം പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകൾ ഭാഗികമായി ഉൾപ്പെട്ടുവരുന്നുണ്ട്. അതിനാൽ അസംബ്ലി ബൂത്ത് പട്ടിക അതേ രൂപത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന് ഉപയോഗിക്കാൻ കഴിയില്ല. അസംബ്ലി ബൂത്ത് പട്ടിക വാർഡ് തലത്തിൽ ക്രമീകരിക്കുന്നതിന് ഒരു ബൂത്തിന് ഒരു ഓഫീസർ എന്ന നിലയ്ക്ക് 25000-ത്തോളം ഉദ്യോഗസ്ഥരെ നിയോഗിച്ച് ഫീൽഡ് വെരിഫിക്കേഷൻ നടത്തേണ്ടിവരും. പിന്നീട് അവ ഡേറ്റാ എൻട്രി വരുത്തി വാർഡ് തലത്തിൽ ക്രമീകരിച്ച് പ്രസിദ്ധീകരിക്കണം. ഇതിന് കുറഞ്ഞത് 5 മാസക്കാലയളവും ഏകദേശം 10 കോടി രൂപയും വേണ്ടിവരും.

2015-ലെ പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി അത്തരത്തിൽ വോട്ടർ പട്ടിക ക്രമീകരിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വന്തമായി ഒരു ഡാറ്റാബേസ് തയ്യാറാക്കിയിരുന്നു. അത് അടിസ്ഥാനമാക്കിയാണ് നാളിതുവരെയുള്ള ഉപതെരഞ്ഞെടുപ്പുകൾ കമ്മീഷൻ നടത്തിയിരുന്നത്. അതിനാൽ 2020-ലെ പൊതുതെരഞ്ഞെടുപ്പിനായി പ്രസ്തുത വോട്ടർപട്ടിക പുതുക്കി ഉപയോഗിച്ചാൽ മതിയാകും. ഇപ്രകാരം വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. മുകളിൽ വിവരിച്ച കാരണങ്ങളാൽ 2020-ലെ പൊതുതെരഞ്ഞെടുപ്പിനായി 2019-ലെ ലോക് സഭാ തെരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടിക അടിസ്ഥാനമാക്കേണ്ടതില്ലെന്ന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

24 (*144) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി-.യുടെ വരുമാന വർദ്ധനവിനും കാര്യക്ഷമമായ പ്രവർത്തനത്തിനും സമഗ്ര പുനരുദ്ധാരണത്തിനുമായി ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുകയും ജീവനക്കാരെ അനുയോജ്യമായ രീതിയിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധന ഉപയോഗക്ഷമത ദേശീയ ശരാശരിക്ക് ഒപ്പമെത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(സി) വർക്ക് ഷോപ്പുകളുടെ പ്രവർത്തനം, വാഹന ഉപയോഗനിരക്ക് തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ജീവനക്കാരുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സർക്കാരും കോർപ്പറേഷനും ചേർന്ന് വിവിധ സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. പ്രൊഫ. സുശീൽ ഖന്നയുടെ നിർദ്ദേശംകൂടി പരിഗണിച്ച് കോർപ്പറേഷനെ നോർത്ത്, സെൻട്രൽ, സൗത്ത് എന്നിങ്ങനെ മൂന്ന് മേഖലകളാക്കി രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത മേഖലകൾക്ക് ആവശ്യമായ ജീവനക്കാരെ വിന്യസിച്ചിട്ടുള്ളതുമാണ്. ഷെഡ്യൂൾ പുനഃക്രമീകരണ നടപടികളും ജീവനക്കാരുടെ വിന്യാസവും മേഖലാ ഓഫീസുകളുടെ സഹായത്തോടുകൂടി പുരോഗമിച്ചുവരുന്നു. വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. കൂടാതെ കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്ക് പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ് എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ നടത്തിവരുന്നു. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം തൃശ്ശൂർ മുതൽ പാലക്കാട് വരെയും തൃശ്ശൂർ മുതൽ കോഴിക്കോട് വരെയും സൂപ്പർ ഫാസ്റ്റ് സർവ്വീസുകളിലെ സമയം ക്രമീകരിച്ചിട്ടുമുണ്ട്. കൂടാതെ തിരുവനന്തപുരം-കോട്ടയം,

തിരുവനന്തപുരം- എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും ചെയിൻ സർവ്വീസുകൾ 4-8-2019 മുതൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, രണ്ടാം ഘട്ടമായി 1-12-2019 മുതൽ കോട്ടയം മുതൽ തൃശ്ശൂർ വഴി കോഴിക്കോട് വരെയും എറണാകുളം മുതൽ തൃശ്ശൂർ വഴി കോഴിക്കോട് വരെയും ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഉപയോഗിച്ച് ചെയിൻ സർവ്വീസുകൾ കൃത്യമായ ഇടവേളകളിൽ ക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. ടി പുനഃക്രമീകരണത്തിലൂടെ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ രണ്ട് പ്രധാന പാതകളിലൂടെയും സർവ്വീസുകൾ ഉറപ്പുവരുത്തുന്നതിനും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം വർദ്ധിപ്പി ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഷെഡ്യൂൾ ക്യാൻസലേഷൻ വരാതെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ജീവനക്കാർക്ക് അവരവരുടെ മാതൃയൂണിറ്റിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചുനൽകിയിട്ടുണ്ട്. ഇങ്ങനെ മാതൃ യൂണിറ്റിലേയ്ക്ക് സ്ഥലംമാറ്റം നൽകിയതിനോടനുബന്ധിച്ച് ഏതാനും യൂണിറ്റുകളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ 3 മാസത്തേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാരുടെ കുറവുള്ള യൂണിറ്റുകളിലേയ്ക്ക് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്. കൂടാതെ സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ യൂണിറ്റുകളുടെ ഒഴിവുകൾ പരിശോധിച്ച് അർഹമായവ നൽകുന്നുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ മെയിന്റനൻസിനായി ബസ്സുകൾ പിടിച്ചിട്ടിരുന്നത് ഒഴിവാക്കാനും ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിക്കുന്നതിനും ഇത് സഹായിച്ചു. മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാനഭാരം കുറച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യ പ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മെക്കാനിക്കൽ

വിഭാഗം ജീവനക്കാരുടെ ജോലി സമയം പരിഷ്കരിച്ചതിന്റെ ഫലമായി വാഹനങ്ങൾ സർവ്വീസ് കഴിഞ്ഞ് വരുന്ന സമയങ്ങളിൽ ആവശ്യത്തിനനുസൃതമായി ജീവനക്കാരെ ലഭ്യമാക്കാൻ സാധിച്ചു. ഇന്ധനക്ഷമതാ വർദ്ധനയ്ക്കും ടയർ മൈലേജ് വർദ്ധനയ്ക്കും ഓയിൽ ചെലവ് കുറയ്ക്കുന്നതിനുമായി 3 അസിസ്റ്റന്റ് വർക്സ് മാനേജർമാരെ പ്രത്യേകമായി മൂന്ന് മേഖലകളിലും നിയോഗിച്ച് പ്രവർത്തനം നടത്തിവരുന്നു.

(ബി) ഇന്ധനക്ഷമതാ വർദ്ധനയ്ക്കും ടയർ മൈലേജ് വർദ്ധനയ്ക്കും ഇന്ധന ചെലവ് കുറയ്ക്കുന്നതിനുമായി 3 അസിസ്റ്റന്റ് വർക്സ് മാനേജർമാരെ പ്രത്യേകമായി 3 മേഖലകളിലും നിയോഗിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇന്ധനക്ഷമത ദേശീയ ശരാശരിയിൽ എത്തിച്ച് ക്രമേണ ഒരു ലിറ്ററിന് 4.5 കിലോമീറ്റർ എന്ന നിലയിൽ കൊണ്ടുവരണമെന്ന ശിപാർശ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡ്രൈവർമാർക്ക് പരിശീലനം നൽകിവരുന്നു. കെ.എം.പി.എൽ. 2018-ൽ ശരാശരി 4.12 ആയിരുന്നത് 2019-ൽ ശരാശരി 4.16 ആക്കി മെച്ചപ്പെടുത്താനായിട്ടുണ്ട് (കെ.എസ്.ആർ.ടി.സി. + കെ.യു.ആർ.ടി.സി.).

(സി) ബസ്സിന്റെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ (ടാറ്റാ ലൈലാന്റ് തുടങ്ങിയവ) തിരുവനന്തപുരം, ആലുവ, എടപ്പാൾ എന്നീ വർക്ക്ഷോപ്പുകളിൽ ജോലി ക്രമീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതി തയ്യാറാക്കുകയും മാവേലിക്കര, കോഴിക്കോട് എന്നീ റീജിയണൽ വർക്ക്ഷോപ്പുകളിൽ ചെയ്തിരുന്ന എഞ്ചിൻ പ്രൊഡക്ഷൻ താൽക്കാലികമായി നിർത്തലാക്കുകയുമുണ്ടായി. അവയുടെ റീ-കണ്ടീഷനിംഗ് തിരുവനന്തപുരം, ആലുവ, എടപ്പാൾ എന്നീ വർക്ക്ഷോപ്പുകളിൽ ചെയ്തുവരുന്നു. മാവേലിക്കര, കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പുകളിലെ ജീവനക്കാരെ ഡിപ്പോകളിലേയ്ക്ക് പുനർവിന്യസിച്ചു. മാവേലിക്കര, കോഴിക്കോട് വർക്ക്ഷോപ്പുകൾ ബസ്സുകളുടെ റീ കണ്ടീഷൻ വർക്കുകൾ ചെയ്യാൻവേണ്ടി മാത്രമാക്കി മാറ്റണമെന്നത് മേൽ പരാമർശിച്ച നടപടിയും സാമ്പത്തിക ബുദ്ധിമുട്ടും കാരണം പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഡിപ്പോകളിൽ മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം ബസ് സർവ്വീസുകളുടെ ആഗമന സമയവും പുറപ്പെടൽ സമയവും കണക്കിലെടുത്ത് പുനഃക്രമീകരിച്ചിട്ടുണ്ട്. സ്പെയർപാർട്സ് വാങ്ങുന്നതും ഇൻവെന്ററി കൺട്രോൾ ചെയ്യുന്നതും ഏകീകരിക്കുക, കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുക എന്നീ ശിപാർശകളിന്മേൽ നടപടി ആരംഭിക്കുകയും ആയത് പുരോഗതിയിലുമാണ്. പ്രൊഡക്ടിവിറ്റിയും ക്വാളിറ്റിയും വർദ്ധിപ്പിക്കുന്നതിന് ടൂൾസും പ്ലാന്റും ആധുനികവൽക്കരിക്കണം എന്ന ശിപാർശ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ ഇൻപാക്ട് റെഞ്ചസ്, സ്പെഷ്യൽ ടൂൾ, ന്യൂമാറ്റിക് ടയർ ചെയ്ഞ്ചർ, വീൽ അലൈൻമെന്റ് മെഷീൻ തുടങ്ങിയ ആധുനിക ടൂളുകളും പ്ലാന്റും വാങ്ങി ഡിപ്പോകളിൽ ഉപയോഗിച്ചുവരുന്നു. കൂടാതെ വർക്ക്ഷോപ്പുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് 83 ഇനം ടൂൾ വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ജീവനക്കാരുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കോർപ്പറേഷനിലെ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി വിവിധ ഘട്ടങ്ങളിലായി ഗതാഗത വകുപ്പുമന്ത്രിതലത്തിലും കോർപ്പറേഷൻ മാനേജ്മെന്റ് തലത്തിലും ചർച്ചായോഗങ്ങൾ ചേരുകയും പ്രസ്തുത ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ സംസ്കരണം

25 (*145) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖരമാലിന്യ സംസ്കരണ രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായ വീഴ്ചയുടെ പേരിൽ മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം, തൃശ്ശൂർ കോർപ്പറേഷനുകൾക്ക് പിഴ ചുമത്തിയ സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ വീഴ്ചകളാണ് ഉണ്ടായതെന്ന് കണ്ടെത്തി തിരുത്തൽ നടപടി സ്വീകരിച്ചോ; വിശദമാക്കാമോ;

(സി) ജനീവയിലും ബോണിലും പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ സംവിധാനം കേരളത്തിൽ അനുയോജ്യമായ എല്ലാ ജില്ലകളിലും പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഖരമാലിന്യ പരിപാലന നിയമം 2016-ലെ ചട്ടം 22-ൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാകാത്തതിനെത്തുടർന്ന് ബഹു. നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം തൃശ്ശൂർ കോർപ്പറേഷനുകൾക്ക് യഥാക്രമം 14.59 കോടി രൂപയും

4.56 കോടി രൂപയും എൻവയോൺമെന്റൽ കോമ്പൻസേഷൻ ഈടാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളത് സർക്കാർ ഗൗരവമായി കാണുന്നു.

(ബി) 25-4-2019-ലെ OA.No.606/2018 ഉത്തരവ് പ്രകാരം 3 മാതൃകാ സിറ്റി/ടൗൺ/ ഓരോ ജില്ലയിലും 3 ഗ്രാമങ്ങൾ എന്നിവ തെരഞ്ഞെടുക്കുന്നതിനും അവ 6 മാസത്തിനകം എല്ലാ പരിസ്ഥിതി നിയമങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ബാക്കിയുള്ള തദ്ദേശസ്ഥാപനങ്ങളിൽ ഇത് ഒരു വർഷത്തിനകം പാലിക്കണമെന്നും ബഹു. ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിട്ടിരുന്നു. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവയാണ് ആയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട മാതൃകാ നഗരങ്ങൾ.

2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസിൽ 22-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള സമയബന്ധിത പ്രവർത്തനങ്ങളായ ഖരമാലിന്യ സംസ്കരണ പ്ലാന്റ്, സാനിറ്ററി ലാൻഡ് ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തി സ്ഥാപിക്കുക, വേർതിരിച്ച മാലിന്യം വീടുവീടാന്തരം ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക എന്നീ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ലെന്ന ബഹു. നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ നിരീക്ഷണത്തെത്തുടർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തൃശ്ശൂർ നഗരസഭയ്ക്ക് 4.56 കോടി രൂപയും തിരുവനന്തപുരം നഗരസഭയ്ക്ക് 14.59 കോടി രൂപയും എൻവയോൺമെന്റൽ കോമ്പൻസേഷൻ ഈടാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. തൃശ്ശൂർ കോർപ്പറേഷന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ എൻവയോൺമെന്റൽ കോമ്പൻസേഷൻ അടയ്ക്കാനുള്ള നിർദ്ദേശം മലിനീകരണ നിയന്ത്രണ ബോർഡ് തൃശ്ശൂർ കോർപ്പറേഷന് നൽകുകയുണ്ടായി. ഈ ഉത്തരവിനെതിരെ തൃശ്ശൂർ കോർപ്പറേഷൻ ഹൈക്കോടതിയെ സമീപിക്കുകയും തുടർന്ന് നിയമപ്രകാരമുള്ള സമയത്തിനകം ബഹു. ദേശീയ ഹരിത ട്രിബ്യൂണലിൽ അപ്പീൽ നൽകുന്നതിനോ OA-യിൽ ഉൾപ്പെടാനോ അല്ലെങ്കിൽ രണ്ടും പ്രാവർത്തികമാക്കുന്നതിനോ ഹൈക്കോടതി ഉത്തരവ് നൽകി. തുടർന്ന് ഈ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ തൃശ്ശൂർ കോർപ്പറേഷൻ റിട്ട് അപ്പീൽ നൽകുകയും ആയതുപ്രകാരം പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്യുകയും റിട്ട് അപ്പീൽ തീർപ്പാക്കുന്ന സാഹചര്യത്തിൽ മുഴുവൻ തുകയും നൽകുന്നതിനുള്ള ബോണ്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി ഏർപ്പെടുകയുമുണ്ടായി. ഇക്കാര്യത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ മലിനീകരണ നിയന്ത്രണ ബോർഡിന് വിശദീകരണം നൽകുകയും ബോർഡിന്റെ നടപടിയിന്മേൽ ബഹു. ഹൈക്കോടതിയിൽനിന്നും സ്റ്റേ ഓർഡർ വാങ്ങിയിട്ടുള്ളതുമാണ്.

ഖരമാലിന്യ പരിപാലന നിയമം 2016-ലെ ചട്ടം 22-ൽ വ്യവസ്ഥ ചെയ്യുംപ്രകാരം തിരുവനന്തപുരം തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിലേക്കായി കേന്ദ്രീകൃത രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11-6-2018-ലെ 82/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്.

(ഡി) സംസ്ഥാനത്ത് വേസ്റ്റ്-റ്റു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ ഞെളിയൻ പറമ്പിലാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. ഇതിനായുള്ള സ്വകാര്യ ഏജൻസിയെ സുതാര്യമായ ആഗോള ടെണ്ടർ പ്രക്രിയയിലൂടെ കണ്ടെത്തുകയും പദ്ധതി നടത്തിപ്പിനുള്ള കൺസെഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വകാര്യ ഏജൻസിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെണ്ടർ 2019 ജൂൺ മാസത്തിൽ പ്രസിദ്ധപ്പെടുത്തി. മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഓർഗാനിക് റീസൈക്ലിംഗ് സിസ്റ്റംസ് എന്ന സ്ഥാപനവും ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ബ്ലൂ പ്ലാനെറ്റ് എൻവയോൺമെന്റ് സൊല്യൂഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും സംയുക്തമായി മുന്നോട്ടുവന്നിരുന്നു. തുടർന്ന് നടന്ന സാങ്കേതിക സാമ്പത്തിക പരിശോധനകളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സ്ഥാപനത്തെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർനടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കൊല്ലം ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ 2019 സെപ്റ്റംബർ മാസത്തിൽ പ്രസിദ്ധപ്പെടുത്തി. ബാംഗ്ലൂർ ആസ്ഥാനമായുള്ള Zonta Infratech Pvt. Ltd. എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യം പദ്ധതി നടത്തിപ്പിനായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ടെണ്ടറിന്റെ സൂക്ഷ്മ പരിശോധനയിന്മേലുള്ള തുടർനടപടികൾ പുരോഗമിക്കുന്നു. തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്വകാര്യ ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെണ്ടറുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## പൊതുസ്ഥലങ്ങളിലേക്ക് ഫ്ലക്സ് ബോർഡുകൾ

26 (*146) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുസ്ഥലങ്ങളിൽ അനധികൃതമായി ഫ്ലക്സ് ബോർഡുകളും കൊടിതോരണങ്ങളും ബാനറുകളും സ്ഥാപിക്കുന്നവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കണമെന്ന ഹൈക്കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ആയതിന് പരസ്യ നികുതി, പിഴ എന്നിവ ഈടാക്കണമെന്ന ഹൈക്കോടതി വിധി കർശനമായി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസുകൾ റദ്ദാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ&ബി) പൊതു നിരത്തുകളിൽ അനധികൃതമായി സ്ഥാപിച്ച ഫ്ലക്സ് പരസ്യബോർഡുകൾ, കൊടികൾ, തോരണങ്ങൾ എന്നിവ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി WP(c) 22750, 25784 & 42574/2018 എന്നീ ഹർജികളിന്മേൽ പുറപ്പെടുവിച്ച ഉത്തരവുകളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും വ്യക്തവും കർശനവുമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അനധികൃതമായി സ്ഥാപിച്ച ഫ്ലക്സ് ബോർഡുകളും കൊടിതോരണങ്ങളും ബാനറുകളും ഉൾപ്പെടെയുള്ള പരസ്യ ബോർഡുകൾ സമയബന്ധിതമായി നീക്കം ചെയ്തിട്ടുള്ളതുമാണ്. പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നോഡൽ ആഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുതലത്തിൽ ഇതുവരെയും 238278 അനധികൃത ബോർഡുകൾ/ബാനറുകൾ/കൊടികളും നഗരസഭാതലത്തിൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി 197857 അനധികൃത ബോർഡുകൾ/ ബാനറുകൾ/ കൊടികളും നീക്കം ചെയ്തിട്ടുണ്ട്. പ്രവർത്തനം ഊർജ്ജിതമായി തുടരുന്നു. അനധികൃത പരസ്യ ബോർഡുകൾ നീക്കാൻ നടപടി സ്വീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരസ്യ നികുതി പിരിക്കുന്നില്ല. അനധികൃത ബോർഡുകൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെയും സർക്കാരിന്റെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 3,46,733 (മൂന്ന് ലക്ഷത്തി നാൽപ്പത്തിയാറായിരത്തി എഴുന്നൂറ്റി മുപ്പത്തി മൂന്ന്) രൂപയും നഗരസഭാതലത്തിൽ 30,08,544 (മുപ്പത് ലക്ഷത്തി എണ്ണായിരത്തി അഞ്ഞൂറ്റി നാല്പത്തിനാല്) രൂപയും പിഴയായി ഈടാക്കിയിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനധികൃത ബോർഡുകൾ സ്ഥാപിക്കുന്നവരിൽനിന്നും പിഴ ഈടാക്കി നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ആരുടെയും ലൈസൻസ് റദ്ദാക്കിയിട്ടില്ല.

## പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റങ്ങൾ

27 (*147) ശ്രീ. ആർ. രാജേഷ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റങ്ങൾ വരുത്തുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ മേഖലയിലെ അദ്ധ്യാപന രീതിയിലും അദ്ധ്യാപക യോഗ്യതയിലും കോഴ്സുകളുടെ ഘടനയിലും ഉള്ളടക്കത്തിലും സമൂലമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) എഞ്ചിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകൾ ഓൺലൈൻ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രൊഫഷണൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് പ്രൊഫഷണൽ വിദ്യാർത്ഥി സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തി ദേശീയ നിലവാരത്തിലെത്തിക്കാൻ സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം,

അക്രെഡിറ്റേഷൻ ഉൾപ്പെടെ നിലവാര വർദ്ധനവിനായുള്ള പ്രവർത്തനങ്ങൾ, ലാബുകളുടെ നവീകരണം, പഠന പ്രക്രിയയിൽ വിവര സാങ്കേതികവിദ്യയുടെ ഉപയോഗം, ക്യാമ്പസ് നെറ്റ്‌വർക്കിംഗ്, വിദ്യാർത്ഥികളുടെ സ്വയം സംരംഭകത്വശേഷി വികസിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ, സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ, വ്യവസായങ്ങളിലുള്ള ഇന്റേൺഷിപ്പ്, ഇൻഡസ്ട്രി നേതൃത്വം കൊടുക്കുന്ന ഇലക്ടീവ് കോഴ്സുകൾ, പഠനകാലത്ത് ജോലി ചെയ്യാനുള്ള സൗകര്യം എന്നിവ സർക്കാർ ഉദ്ദേശിക്കുന്നു. എ.ഐ.സി.ടി.ഇ.-യുടെ ഫലപ്രാപ്തിയിലൂന്നിയ വിദ്യാഭ്യാസ മാതൃകയെ അടിസ്ഥാനമാക്കിയുള്ള മോഡൽ കരിക്കുലം പ്രകാരം നാല് വർഷം ദൈർഘ്യമുള്ള 25 ബി.ടെക്. കോഴ്സുകളുടെയും മൊത്തം ക്രെഡിറ്റുകൾ 182-ൽ നിന്നും 162 ആയി കുറച്ച് 2019 അഡ്മിഷൻ മുതൽ നടപ്പിലാക്കി.

ഇന്ത്യൻ ഭരണഘടന, തൊഴിൽ നൈതികത, വ്യാവസായിക സുരക്ഷ, സുസ്ഥിര വികസനം, ദുരന്ത നിവാരണം എന്നിവയിലുൾപ്പെടെ വൈവിദ്ധ്യമാർന്ന അഞ്ച് വിഷയങ്ങൾ എല്ലാ എഞ്ചിനീയറിംഗ് ശാഖകളിലും നിർബന്ധമായും വിദ്യാർത്ഥികൾ വിജയിക്കേണ്ട നോൺ ക്രെഡിറ്റ് കോഴ്സുകളാക്കി. വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ ഉന്നത പഠന ഗവേഷണ സാധ്യതകളും അഭിരുചികളും സൃഷ്ടിക്കാൻ കഴിയുന്ന വിധത്തിൽ ബി.ടെക്., ബി.ടെക്. ഹോണേഴ്സ് വിഷയങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. സാങ്കേതിക സർവ്വകലാശാലയിൽ അക്കാദമിക കൗൺസിൽ രൂപീകരിക്കുകയും ബോർഡ് ഓഫ് ഗവർണേഴ്സും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുകയും ചെയ്തു. പോളിടെക്നിക് കോളേജുകളിൽ ലാറ്ററൽ എൻട്രി സംവിധാനം നടപ്പിലാക്കി. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്ന് ബിരുദ ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും സ്റ്റൈപ്പന്റോടെ ഒരു വർഷം ഇന്റേൺഷിപ്പിന് അവസരം നൽകാൻ ഉത്തരവിറക്കിയിട്ടുണ്ട്. സർക്കാർ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിലായി 497 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു. സർവ്വകലാശാല ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ചുള്ള ചട്ടങ്ങൾക്ക് രൂപം നൽകി. കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ പരസ്പരം അംഗീകരിക്കണമെന്നും ദേശീയ പ്രാധാന്യമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകുന്ന ബിരുദങ്ങൾ സംസ്ഥാനത്തെ സർവ്വകലാശാലകൾ അംഗീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. എഞ്ചിനീയറിംഗ് മേഖലയിലെ പാഠ്യപദ്ധതി കാലാനുസൃതമായി പരിഷ്കരിക്കുന്നുണ്ട്. ഘടനയിലും ഉള്ളടക്കത്തിലും സമൂലമായ മാറ്റങ്ങൾ വരുത്തി ഫലപ്രാപ്തിയിലൂന്നിയ വിദ്യാഭ്യാസ മാതൃകകൾ പരിഷ്കരിക്കുന്നു. കാലഘട്ടത്തിന്റെ

മാറുന്ന ആവശ്യകതകൾ മുൻനിർത്തി പുതിയ കോഴ്സുകളും പഠന വിഷയങ്ങളും രൂപപ്പെടുത്തി 2019 അഡ്മിഷൻ മുതൽ നടപ്പിലാക്കി. വിവിധ എഞ്ചിനീയറിംഗ് മേഖലയിൽ ഉന്നത പഠന ഗവേഷണ സാധ്യതകളും അഭിരുചികളും സൃഷ്ടിക്കാനുതകുന്ന തരത്തിൽ ബി.ടെക്. ഹോണേഴ്സ് വിഷയങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. സാങ്കേതിക ശാസ്ത്രരംഗത്തെ വിജ്ഞാന വൈവിദ്ധ്യങ്ങൾ ഉൾക്കൊള്ളാൻ ബി.ടെക്. മൈനർ ബിരുദവും ആരംഭിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് മേഖലയിലെ അദ്ധ്യാപകരുടെ യോഗ്യത കാലാനുസൃതമായി AICTE തലത്തിൽ പരിഷ്കരിക്കുന്നുണ്ട്. അത് സംസ്ഥാനത്തും നടപ്പിൽ വരുത്തുന്നുണ്ട്. അദ്ധ്യാപന രീതിയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് 75-ഓളം കോഴ്സുകൾ സർവ്വകലാശാലാ തലത്തിൽ ഓരോ വർഷവും നടത്തുന്നുണ്ട്. കൂടാതെ ഇൻഡസ്ട്രിയുടെ നേതൃത്വത്തിൽ നടത്തുന്ന ഇലക്ടീവ് കോഴ്സുകളും നടത്താൻ ഉദ്ദേശിക്കുന്നു.

(സി) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ ഒഴികെ മറ്റു കോഴ്സുകളായ എൽ.എൽ.എം., ത്രിവത്സര എൽ.എൽ.ബി., പഞ്ചവത്സര എൽ.എൽ.ബി., ബി.ഫാം (ലാറ്ററൽ എൻട്രി), എം.എസ്‌സി. നഴ്സിംഗ്, ബി.ടെക് (ലാറ്ററൽ എൻട്രി) എന്നീ പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശന പരീക്ഷ ഇതിനകംതന്നെ ഓൺലൈൻവഴി ആക്കിയിട്ടുണ്ട്. BFA, MCA തുടങ്ങിയ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ ഓൺലൈനാക്കാനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് മേഖലയിൽ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് കോളേജ് തലങ്ങളിലും സംസ്ഥാന തലങ്ങളിലും സർവ്വകലാശാലാ തലങ്ങളിലും എല്ലാ വർഷവും പല മേഖലകളിലായി പ്രൊഫഷണൽ വിദ്യാർത്ഥി സംഗമങ്ങൾ നടത്തിവരുന്നുണ്ട്. 20-12-2018-ലെ സ.ഉ. (കൈ) നമ്പർ 309/2018/ ഉ.വി.വ., 18-1-2019-ലെ സ.ഉ. (കൈ) നമ്പർ 09/19/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം 2019 ഫെബ്രുവരി മാസം 10-ാം തീയതി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല കാമ്പസിൽവച്ച് കേരളത്തിലെ മികച്ച 2000 പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥി പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് "പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമ്മിറ്റിന്റെ" ആദ്യ സംഗമം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അസാപ്പിന്റെ നേതൃത്വത്തിൽ നടത്തിയിരുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും നവീനവും ആധുനികവുമായ പ്രവണതകൾ സംബന്ധിച്ച അറിവുകൾ വിദ്യാർത്ഥികളിലേയ്ക്ക് പകർന്നുനൽകി പഠന മേഖലയിലെയും തൊഴിൽ മേഖലയിലെയും പുതിയ സാധ്യതകൾ മനസ്സിലാക്കുന്നതിനും അതുവഴി സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും വികസനത്തിനുവേണ്ട സംഭാവന നൽകുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനുംവേണ്ടി നടപ്പിലാക്കിയ സംരംഭമാണ് "പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമ്മിറ്റ്. വ്യത്യസ്ത പ്രൊഫഷണൽ മേഖലകളിൽ

വ്യക്തിമുദ്ര പതിപ്പിച്ച പ്രഗത്ഭരുടെ അനുഭവ പാഠങ്ങൾ അടുത്തറിയുന്നതിനും അവരുടെ പരിജ്ഞാനം വിദ്യാർത്ഥികൾക്കായി പ്രയോജനപ്പെടുത്തുന്നതിനും "പി.എസ്.എസ്.-2019" അവസരമൊരുക്കി. കൃഷി, ഫിഷറീസ്, വെറ്ററിനറി, മാനേജ്മെന്റ്, നിയമം, ആരോഗ്യം, എഞ്ചിനീയറിംഗ് തുടങ്ങി 12 വിവിധ പ്രൊഫഷണൽ മേഖലകളിലെ രണ്ടായിരത്തോളം വിദ്യാർത്ഥികളെയും അതത് മേഖലകളിലെ പ്രഗത്ഭരെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ഈ സമ്മിറ്റ് സംഘടിപ്പിച്ചത്. വിവിധ സെഷനുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ബഹു. മുഖ്യമന്ത്രിയോട് സംവദിക്കാനുള്ള അവസരവും ഇതിനോടനുബന്ധിച്ച് ഒരുക്കിയിരുന്നു.

ആദ്യ സമ്മിറ്റിന്റെ വിജയം പരിഗണിച്ച് "പ്രൊഫഷണൽ സ്റ്റുഡന്റ് സമ്മിറ്റ്" വരും വർഷങ്ങളിലും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം രണ്ടാം പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമ്മിറ്റ് 2020 ഫെബ്രുവരി 15-ാം തീയതി കുസാറ്റ് ക്യാമ്പസിൽവച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**തീരദേശ പരിപാലന നിയമം ലംഘിച്ച് പണിത കെട്ടിടങ്ങൾ**

28 (*148) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-ലെ തീരദേശ പരിപാലന നിയമം ലംഘിച്ച് പണിത കെട്ടിടങ്ങളുടെ പട്ടിക നൽകാൻ സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഈ കെട്ടിടങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(സി) എന്നത്തേക്ക് ഈ പട്ടിക കൈമാറാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) ഉണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ MA 1808-1809/2019 in C.A. No.4784-4785/2019 കേസ്സിലെ 23-9-2019-ലെ ഉത്തരവിൻ പ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാനായി 16-10-2019-ലെ G.O (Rt)No.98/2017/Envt. പ്രകാരവും 17-10-2019-ലെ G.O.(Rt)No.101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ നഗരാസൂത്രകൻ കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## തീരദേശ സംരക്ഷണ നിയമലംഘനം

29 (*149) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. കെ. എം. ഷാജി :

ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ സംരക്ഷണ നിയമം ലംഘിച്ച് മരടിൽ ഫ്ലാറ്റ് നിർമ്മിച്ച കേസ്സിനോടനുബന്ധിച്ച് സംസ്ഥാനത്തെ ഇത്തരത്തിലുള്ള മുഴുവൻ ചട്ടലംഘനങ്ങളുടെയും കണക്കെടുക്കുവാൻ സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നുവോ;

(ബി) ഇത്തരം കെട്ടിടങ്ങളുടെ പട്ടിക തയ്യാറാക്കാൻ ആരെയാണ് നിയോഗിച്ചതെന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ വർഷത്തെ കേന്ദ്രസർക്കാർ വിജ്ഞാപന പ്രകാരമുള്ള കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) ഉണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ MA1808-1809/2019 in C.A. No.4784-4785/2019 കേസ്സിലെ 23-9-2019-ലെ ഉത്തരവിൻ പ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാനായി 16-10-2019-ലെ G.O.(Rt)No.98/2017/Envt. പ്രകാരവും 17-10-2019-ലെ G.O.(Rt) No.101/2019/ Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ നഗരാസൂത്രകൻ കൺവീനറായും തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ സ.ഉ. (സാധാ) നമ്പർ 80/19/പരി. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠനകേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ എത്രയും പെട്ടെന്ന് തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ലൈഫ് പദ്ധതിയുടെ പൂർത്തീകരണം

30 (*150) ശ്രീ. കെ. ആൻസലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവിഷ്കരിച്ച ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി പൂർത്തിയായ ഭവനങ്ങളുടെ കണക്ക് ലഭ്യമാണോ; ഈ സാമ്പത്തിക വർഷാവസാനത്തോടെ എത്ര വീടുകൾ കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ബി) ഭൂരഹിതരായ ഭവനരഹിതർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്നും അതിന്റെ പുരോഗതിയും അറിയിക്കാമോ;

(സി) വിവിധ ജില്ലകളിലായി ഭൂരഹിതരായ ഭവനരഹിതർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഫ്ലാറ്റ് പണിയുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇവയുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ലൈഫ് മിഷൻ പദ്ധതിയിലെ ഒന്നാംഘട്ടമായ പൂർത്തികരിക്കാനുണ്ടായിരുന്ന വീടുകളുടെ പൂർത്തീകരണ വിഭാഗത്തിൽ കണ്ടെത്തി എഗ്രിമെന്റ് വച്ച് 54173 വീടുകളിൽ 52009 വീടുകളുടെ നിർമ്മാണം (96.01%) പൂർത്തീകരിച്ചു. രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിൽ ലൈഫ്, പി.എം.എ.വൈ. - ലൈഫ് (നഗരം/ഗ്രാമം) ഉൾപ്പെടെ അർഹരായി കണ്ടെത്തി എഗ്രിമെന്റ് വച്ച് വീട് നിർമ്മാണം ആരംഭിച്ച 186597 ഗുണഭോക്താക്കളിൽ 134951 പേരുടെ വീട് നിർമ്മാണം പൂർത്തീകരിച്ചു. ഇത്തരത്തിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി 186960 വീടുകളുടെ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചു. ഈ മാസം അവസാനത്തോടെ 200000 വീടുകൾ പൂർത്തീകരിക്കുന്നതിനും ബാക്കി പൂർത്തീകരിക്കാനുള്ള 40770 വീടുകളുടെ നിർമ്മാണം ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

(ബി) ഭൂരഹിതരായ ഭവനരഹിതർക്കുവേണ്ടി ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ഇടുക്കി ജില്ലയിലെ അടിമാലിയിൽ പ്രവർത്തനം ആരംഭിച്ച ഭവന സമുച്ചയത്തിന് പുറമെ 2020-21 സാമ്പത്തിക വർഷം 84 ഭവന

സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് നടപടികൾ കൈക്കൊണ്ടുവരുന്നത്. ഇതിൽ ഓരോ ജില്ലയിലും ഓരോ പൈലറ്റ് ഭവന സമുച്ചയങ്ങളും (14) കെയർഹോം മുഖേന ഓരോ ഭവന സമുച്ചയങ്ങളും (14) കൂടാതെ വിവിധ ജില്ലകളിലായി 56 ഭവന സമുച്ചയങ്ങളും നിർമ്മിക്കുന്നതിനാണ് നടപടികൾ പുരോഗമിക്കുന്നത്. ഇടുക്കി ജില്ലയിലെ അടിമാലിയിൽ പ്രവർത്തനം തുടങ്ങിയ സമുച്ചയത്തിൽ ആ പഞ്ചായത്തിലെ മുഴുവൻ അർഹരായ 163 കുടുംബങ്ങൾക്കും ഫ്ലാറ്റ് നൽകി പുനരധിവസിപ്പിച്ചിട്ടുണ്ട്.

14 പൈലറ്റ് ഭവന സമുച്ചയങ്ങൾ തൃശ്ശൂർ ജില്ലയിലേയും (വടക്കാഞ്ചേരി മുനിസിപ്പാലിറ്റി) മലപ്പുറം ജില്ലയിലേയും (പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി) ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും 25% പൂർത്തീകരിച്ചും കഴിഞ്ഞു. എറണാകുളം ജില്ലയിൽ ജി.സി.ഡി.എ. വക സ്ഥലത്തും തിരുവനന്തപുരത്ത് കോർപ്പറേഷൻ വക സ്ഥലത്തും പ്രാരംഭ നടപടികൾ പൂർത്തീകരിച്ചുവരുന്നു. ബാക്കിയുള്ള 10 ജില്ലകളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. ഈ മാസംതന്നെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. സഹകരണ വകുപ്പിന് കീഴിലുള്ള കെയർഹോം മുഖേന നിർമ്മിക്കുന്ന 14 സമുച്ചയങ്ങളുടെ സ്ഥല പരിശോധന നടന്നുവരുന്നു. ഇതിനു പുറമെയുള്ള 56 ഭവന സമുച്ചയങ്ങളുടെ സർവ്വേ നടപടികളും ഡി.പി.ആർ. തയ്യാറാക്കലും നടന്നുവരുന്നു. ടി ഭവന സമുച്ചയങ്ങളിൽ തിരുവനന്തപുരം, കൊച്ചി ഒഴികെയുള്ള പൈലറ്റ് സമുച്ചയങ്ങൾ 2020 ആഗസ്റ്റ് മാസത്തോടെയും ബാക്കിയുള്ളവ 2020 അവസാനത്തോടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ലൈഫ് മിഷൻ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ ഭൂരഹിത ഭവനരഹിതരായി 337416 പേരെയാണ് കണ്ടെത്തിയത്. ഇതിൽ രേഖാ പരിശോധനയ്ക്കുശേഷം നാളിതുവരെ 106792 ഗുണഭോക്താക്കൾ അർഹരായിട്ടുണ്ട്. ഭവന സമുച്ചയ നിർമ്മാണത്തിനായി വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും 314 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഭവന സമുച്ചയങ്ങളുടെ നിർമ്മാണം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വൈഗ കാർഷിക മേള

1 (1442) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> :
<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികോത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് തുടങ്ങിയവ ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന വൈഗ പ്രദർശനവും അന്താരാഷ്ട്ര ശില്പശാലയും തുടർന്നും സംഘടിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മുൻവർഷങ്ങളിൽ പ്രസ്തുത മേള സംഘടിപ്പിച്ചതിന്റെ ഫലമായി കൃഷി-കൃഷിയനുബന്ധ മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) കർഷകരിലും യുവാക്കളിലും കാർഷികസംരംഭകത്വം വളർത്തുന്നതിന് ഇത്തരം പരിപാടികൾ എത്രമാത്രം പങ്കുവഹിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2016-2017 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണം, മൂലധനവർദ്ധനവ് തുടങ്ങിയവ ലക്ഷ്യമാക്കി 'വൈഗ' എന്ന പേരിൽ അന്താരാഷ്ട്ര ശിൽപ്പശാലയും പ്രദർശനവും കൃഷി വകുപ്പ് സംഘടിപ്പിച്ചു വരുന്നുണ്ട്. 'വൈഗ' ആദ്യ വർഷം തിരുവനന്തപുരം ജില്ലയിലാണ് സംഘടിപ്പിച്ചത്. പിന്നീടുള്ള വർഷങ്ങളിൽ തൃശ്ശൂർ ജില്ല 'വൈഗ'യുടെ സ്ഥിരം വേദിയായി പരിഗണിച്ചുകൊണ്ട് തൃശ്ശൂരിൽ സംഘടിപ്പിച്ചുവരുന്നു. വൈഗ 2016, വൈഗ 2017, വൈഗ 2018, വൈഗ 2020 എന്ന നാമങ്ങളിൽ 2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലായി വൈഗ സംഘടിപ്പിക്കപ്പെട്ടു കഴിഞ്ഞു. 2020-21 സാമ്പത്തിക വർഷവും വൈഗ നടത്തുന്നതാണ്.

(ബി & സി) ഉണ്ട്. കർഷകരിലും യുവാക്കളിലും കാർഷിക സംരംഭകത്വം വളർത്തുന്നതിന് ഇത്തരം പരിപാടികൾ വളരെയധികം സഹായകരമാണ്. വൈഗ 2020-ലെ ഒരു സെക്ഷൻ/ഒരു ദിവസം പൂർണ്ണമായും യുവാക്കൾക്ക് മാത്രമായിരുന്നു. യുവാക്കളുടെ അഭിപ്രായങ്ങൾ അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ 4-2-2020-ന് ഒരു ശിൽപ്പശാല തിരുവനന്തപുരത്തുള്ള സമേതി എന്ന സ്ഥാപനത്തിൽവച്ച് നടത്തുകയുണ്ടായി. കൃഷിയിലേയ്ക്കും സംരംഭകത്വത്തിലേയ്ക്കും യുവ കർഷകരെ ആകർഷിക്കുന്നതിന് തടസ്സമായി നിൽക്കുന്ന വിഷയങ്ങളും പ്രസ്തുത വിടവുകൾ ഒഴിവാക്കാനുള്ള വിവിധ നിർദ്ദേശങ്ങളും ഈ ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ട്. ഇത്തരം പരിപാടികളിൽനിന്നും പ്രാഥമിക അറിവ് നേടിവരുന്ന ആളുകൾക്ക് പരിശീലനം നൽകാനും അഭിരുചിക്ക് അനുസരിച്ചുള്ള സംരംഭക മേഖലകൾ കണ്ടുപിടിക്കാനും അർഹമായ സാമ്പത്തികാനുകൂല്യം (ബാങ്ക് വായ്പയുടെ അടിസ്ഥാനത്തിൽ) എസ്.എഫ്.എ.സി. മുഖേന നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 25 സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങൾക്ക് എസ്.എഫ്.എ.സി. മുഖേന ധനസഹായം നൽകിയിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം 575 ലക്ഷം രൂപ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കുള്ള സഹായത്തിനായി വകയിരുത്തിയിട്ടുണ്ട്. വായ്പാധിഷ്ഠിത പദ്ധതിയായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനസഹായം ബാക്ക് എൻഡ്

സബ്സിഡിയായി നൽകിവരുന്നു. നവസംരംഭകർക്കായുള്ള പരിശീലന പരിപാടിയും ഇതിനോടൊപ്പം എസ്.എഫ്.എ.സി. നടത്തിവരുന്നുണ്ട്. കാർഷിക മേഖലയിൽ സംരംഭകത്വത്തിന്റെ സാധ്യത പൊതുജനങ്ങളിലെത്തിക്കാൻ വൈഗ വഴി സാധ്യമായിട്ടുണ്ട്.

## കൃഷി സംരംക്ഷണം

2 (1443) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനങ്ങളെ പ്രതിരോധിക്കുവാൻ പര്യാപ്തമായ കൃഷി സംരക്ഷണം, ഈ കാലഘട്ടത്തിൽ അനിവാര്യമാണെന്നിരിക്കെ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മണ്ണിന്റെ സ്വഭാവമാറ്റം അടിസ്ഥാനമാക്കി കേരളത്തെ അഞ്ച് അഗ്രോ ഇക്കോളജിക്കൽ സോണുകളാക്കി തിരിച്ച് കൃഷി നടത്തുന്നതിനുള്ള പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) മണ്ണിന്റെ ഫലഭൂയിഷ്ഠതയും ജലലഭ്യതയും കണക്കിലെടുത്തിട്ടാണോ ഓരോ മേഖലയ്ക്കും അനുയോജ്യമായ കൃഷിസമ്പ്രദായം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ഇതിലൂടെ തളർച്ചയിലായിട്ടുള്ള സംസ്ഥാനത്തെ കാർഷികമേഖലയ്ക്ക് പുനർജീവൻ നൽകുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

## ഉത്തരം

(എ) സർക്കാർ ഉത്തരവ് സ.ഉ. (എം.എസ്.)നമ്പർ 66/2019/അഗ്രി. തീയതി 25-5-2019 പ്രകാരം കേരളത്തിലെ കാർഷിക മേഖലയെ 5 അഗ്രോ ഇക്കോള ജിക്കൽ സോണുകളായി തരംതിരിച്ചിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ അടുത്ത സാമ്പത്തിക വർഷത്തിൽ കേരളത്തിനെ 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി തരംതിരിച്ചാണ് കൃഷി വകുപ്പിന്റെ പദ്ധതികൾ ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്. ഓരോ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിലും അവിടത്തെ കാലാവസ്ഥയ്ക്കും മണ്ണിനും ഭൂപ്രകൃതിക്കും അനുയോജ്യമായ വിളകൾ കാർഷിക സർവ്വകലാശാല തരംതിരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അതെ, ഓരോ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിലും അവിടത്തെ കാലാവസ്ഥയ്ക്കും മണ്ണിനും ഭൂപ്രകൃതിക്കും അനുയോജ്യമായ വിളകൾ കാർഷിക സർവ്വകലാശാല തരംതിരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഓരോ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിലെയും പദ്ധതികൾ തീരുമാനിക്കുന്നത്.

(ഡി) ഉണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകൾ നിശ്ചയിച്ചാണ് ഓരോ അഗ്രോ ഇക്കോളജി യൂണിറ്റിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ആയതുകൊണ്ട് ആ വിളയുടെ പരമാവധി ഉൽപ്പാദനം ആ പ്രദേശത്തു നിന്നും ലഭിക്കും. ഗുണമേന്മയുള്ളതും കൃത്യമായ അളവിലും ഉൽപ്പാദനോപാദികൾ നൽകുന്നതുകൊണ്ട് ഉൽപ്പാദനക്ഷമതയും വർദ്ധിക്കും. ഈ ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനവും പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തുന്നു. കൂടാതെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു.

**കേരള പുനർനിർമ്മാണ പദ്ധതി**

3 (1444) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പുനർനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ് സമർപ്പിച്ച ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു; ഇതുപ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രളയബാധിത പ്രദേശങ്ങളിൽ മണ്ണിന് വന്നിട്ടുള്ള മാറ്റം പഠനവിഷയം ആക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ മണ്ണ് സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) കേരള പുനർനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് 945 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 182.76 കോടി രൂപയുടെ 12 പദ്ധതികൾക്ക് സ.ഉ.(കൈ) 34/2019/ആ.സാ.വ. തീയതി 12-12-2019 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതികൾ ചുവടെ ചേർക്കുന്നു :

- സംയോജിത കൃഷിയിലൂടെ ഇടുക്കി, വയനാട് ജില്ലകൾ കേന്ദ്രീകരിച്ച് ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തൽ (50 കോടി രൂപ)

- ആതിരപ്പള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി (7.92 കോടി രൂപ)
- അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക പദ്ധതി (7.99 കോടി രൂപ)
- കേരളത്തിൽ കാർഷിക വിപണന ശൃംഖല മെച്ചപ്പെട്ടുത്തുന്നതിനുള്ള പദ്ധതി (15 കോടി രൂപ)
- വയനാട് ജില്ലയിൽ ഉദ്യാനവിള കൃഷിക്കും പുഷ്പകൃഷിക്കുമായി മികവിന്റെ കേന്ദ്രം (4 കോടി രൂപ)
- കുട്ടനാട് നെൽക്കൃഷി ആവാസ വ്യവസ്ഥയുടെ സുസ്ഥിര വികസനം (2.91 കോടി രൂപ )
- യന്ത്രവൽകൃത കൃഷി, ജേം പ്ലാസം കൺസർവേഷൻ, ജൈവവൈവിദ്ധ്യ കൃഷിരീതികൾ എന്നിവയിലൂടെ വടക്കൻ കേരളത്തിലെ കൈപ്പാട് തണ്ണീർത്തടങ്ങളുടെ വികസനം (3 കോടി രൂപ)
- ചെങ്ങന്നൂർ സമൃദ്ധി-തരിശുരഹിത മണ്ഡലം പദ്ധതി (10 കോടി രൂപ)
- കൃഷി വകുപ്പിന്റെ കീഴിലുള്ള മുണ്ടേരി ഫാമിന്റെയും മറ്റ് കൃഷി ഭവനുകളുടെയും പുനരുദ്ധാരണം (6 കോടി രൂപ)
- പ്രളയബാധിത ജില്ലകൾ ഉൾപ്പെടുത്തി മണ്ണ് സംരക്ഷണ വകുപ്പിന്റെ 6 പദ്ധതികൾ (60.94 കോടി രൂപ)
- നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ സമഗ്ര വികസനത്തിനായി സംയോജിത ഫാം പരിപാലനം (10 കോടി രൂപ)
- അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മ സേനകൾ എന്നിവയുടെ ശാക്തീകരണത്തിലൂടെ മേഖലാതലത്തിൽ സർവ്വീസ് ഡെലിവറിക്ക് പിന്തുണ (5 കോടി രൂപ)

ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചിരിക്കുന്ന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിക്കുന്നതാണ്. ബാക്കി പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ.) പരിഗണനയിലാണ്.

(സി) പ്രളയബാധിത പ്രദേശങ്ങളിൽ മണ്ണിന് വന്നിട്ടുള്ള മാറ്റം കേരള കാർഷിക സർവ്വകലാശാല പഠനവിധേയമാക്കിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല, പ്രളയാനന്തരം കൃഷിയിടങ്ങളിൽ അനുവർത്തിക്കേണ്ട പരിപാലന മുറകൾ അടങ്ങിയ വിശദമായ ലഘുലേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ഇത് വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ഫാം ഇൻഫർമേഷൻ ബ്യൂറോയിലൂടെയും സംസ്ഥാനം മുഴുവൻ എത്തിക്കുകയും ആകാശവാണിയുടെ തൃശ്ശൂർ നിലയംവഴി വിദഗ്ദ്ധ ശാസ്ത്രജ്ഞന്മാരുടെ അഭിമുഖം, ചർച്ച എന്നിവ പ്രക്ഷേപണം ചെയ്യുകയുമുണ്ടായി. പ്രളയാന്തരം നദീതടങ്ങളിലുണ്ടായ എക്കൽ/മണ്ണ് നിക്ഷേപം എന്നിവയുടെ തോത്/ ഗുണം എന്നിവ മനസ്സിലാക്കുന്നതിനായി ചാലക്കുടി പുഴയോരം കേന്ദ്രീകരിച്ച് ഒരു പഠനം സർവ്വകലാശാല നടത്തുന്നുണ്ട്.

കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കോളേജുകളിൽ ബിരുദാനന്തര ബിരുദ ഗവേഷണത്തിന്റെ ഭാഗമായി പ്രളയത്തിനോടനുബന്ധിച്ച് മണ്ണിന് വന്നിട്ടുള്ള മാറ്റം പഠനവിധേയമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേരളത്തെ 23 വിവിധ കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായി തരംതിരിച്ചതിൽ 12 യൂണിറ്റുകളിലും (യൂണിറ്റുകൾ 3, 4, 5, 6, 9, 10, 12, 13, 14, 15, 16, 20) ഈ പഠനം നടപ്പിലാക്കിവരുന്നുണ്ട്. ഗവേഷണഫലം ലഭിക്കുന്നതിനനുസരിച്ച് ഉചിതമായ മണ്ണ് സംരക്ഷണ മുറകളും വളപ്രയോഗ രീതികളും സർവ്വകലാശാല ശിപാർശ ചെയ്യുന്നതനുസരിച്ച് നടപ്പാക്കുന്നതാണ്. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് 2018-ലെ പ്രളയാനന്തരം മണ്ണിന്റെ രാസ-ഭൗതിക സ്വഭാവങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് കാസർഗോഡ് ഒഴികെയുള്ള 13 പ്രളയ ബാധിത ജില്ലകളിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പഠനം നടത്തി ഓരോ ജില്ലയിലെയും മണ്ണ് പരിശോധനാ ഫലങ്ങളും പ്രളയാനന്തരം കൃഷിഭൂമിയിൽ വന്നിട്ടുള്ള മാറ്റങ്ങളും സംബന്ധിച്ച വിശദവിവരങ്ങൾ ഉൾപ്പെടുത്തി "Soil Health Status of Kerala in the post flood Scenario" എന്ന റിപ്പോർട്ട് കർഷകർക്കും ഉദ്യോഗസ്ഥർക്കും ഗവേഷകർക്കും പൊതുജനങ്ങൾക്കും പ്രയോജനകരമായവിധം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രളയാനന്തര പാരിസ്ഥിതിക പുനർജീവനവും പുനർനിർമ്മാണവും ലക്ഷ്യമിട്ട് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുകയും ഇതുപ്രകാരം റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി 6 ജില്ലകളിലായി 60.94 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## കാർഷിക മേഖലയുടെ പുനരുദ്ധാരണം

4 (1445) ശ്രീ. എസ്. ശർമ്മ :
ശ്രീ.സി. കെ. ശശീന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ജീവനി എന്ന പേരിൽ നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്ന ഈ പദ്ധതിയിൽ മറ്റ് ഏതെല്ലാം വകുപ്പുകളാണ് പങ്കാളികളാകുന്നതെന്ന് വിശദമാക്കാമോ;

(ഡി) പരമ്പരാഗത ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ദീർഘകാലാടിസ്ഥാനത്തിൽ പച്ചക്കറി വികസനത്തിനുവേണ്ടിയും നാളികേര വികസനത്തിനുവേണ്ടിയും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നാളികേര വികസനത്തിനുവേണ്ടി കോക്കനട്ട് കൗൺസിൽ രൂപീകരിച്ചു. പത്ത് വർഷത്തേയ്ക്ക് തുടർച്ചയായി നടത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അടുത്ത 10 വർഷം കൊണ്ട് 1.44 ലക്ഷം ഹെക്ടറിൽ നാളികേര കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി ഓരോ വാർഡിലും 72 തെങ്ങിൻ തൈകൾ വീതം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ജനവരി 2020 മുതൽ 2021 വിഷുവരെയുള്ള കാലയളവിലേയ്ക്ക് വേണ്ടി ആരംഭിച്ചിട്ടുണ്ട്. അഗ്രോ പാർക്കുകൾ, കർഷകർ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് വിപണന സൗകര്യങ്ങൾ, മൂല്യവർദ്ധനവിനുള്ള സൗകര്യങ്ങൾ, ചെറുകിട പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും കൂടി വേണ്ടിയാണ് സ്ഥാപിക്കുന്നത്. കൂടാതെ യന്ത്രവൽക്കരണം, വിജ്ഞാന വ്യാപനം, മണ്ണ് പരിശോധനാ സഹായം മറ്റ് സാങ്കേതിക സഹായങ്ങൾ നൽകുന്നതടക്കമുള്ള സേവനങ്ങൾ സംയോജിപ്പിച്ച് നൽകുന്നതിനുവേണ്ടി

കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മസേനകളുടെയും സ്ഥാപനം, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, കൃഷി വകുപ്പിനുകീഴിലുള്ള ഫാമുകളുടെയും മറ്റ് ഓഫീസുകളുടെയും പരിശീലന കേന്ദ്രങ്ങളുടെയും വിപണികളുടെയും ലാബുകളുടെയും അടിസ്ഥാന സൗകര്യ വികസനം ദീർഘകാലാടിസ്ഥാനത്തിലുള്ളതാണ്. സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഭൂരിഭാഗം പദ്ധതികളും വാർഷിക പദ്ധതികളാണെങ്കിൽക്കൂടി ദീർഘകാലാടിസ്ഥാനത്തിലുള്ള കാഴ്ചപ്പാടോടുകൂടിയാണ് അവ നടപ്പിലാക്കുന്നത്.

(ബി) ഉണ്ട്. സർക്കാർ ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ, ഹരിത കേരളം മിഷന്റെ ഉപഘടകമായ ' സുജലം സുഫലം' എന്നിവർ പങ്കാളികളാകുന്നുണ്ട്.

(ഡി) പരമ്പരാഗത പച്ചക്കറി ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി, തഴുതാമ, കുടങ്ങൽ, വാളരിപ്പയർ, ചെക്കർമാണിസ്, കോവൽ, ചതുരപ്പയർ, നാടൻ ഇനങ്ങളായ ആനക്കൊമ്പൻ, വെണ്ട, നിത്യവഴുതന, പട്ടുചീര, നാടൻ വെള്ളരി, വേങ്ങേരി വഴുതന, അരിക്കൊഴിഞ്ഞി പയർ, അഞ്ചൽ പയർ, പുള്ളിപ്പയർ, വട്ടിവഴുതന, ഇലച്ചേമ്പ്, കഞ്ഞിക്കുഴിപ്പയർ, മണിത്തക്കാളി, മലപ്പുണ്ട് വെളുത്തുള്ളി, ഓണക്കൂർ പാവൽ, ഏറ്റുമാനൂർ കോവൽ, പുതുപ്പാടി ലോക്കൽ പയർ, ചാവക്കാട് കുർക്ക, കോടാലി മുളക്, പൊട്ടുവെള്ളരി, ചെറുവള്ളി പാവൽ, എടയൂർമുളക്, എടക്കര കയ്പ, കുഷ്മാണ്ഡം കുമ്പളം, വള്ളിച്ചീര, കാർക്കുന്തൽ പയർ, കുളത്തനാടൻ പയർ, വെള്ള ചൗ ചൗ, ഇരിനാവ്, വെള്ളരി, മുള്ളൻ കക്കിരി, പൊന്നൻ വെള്ളരി, കാഞ്ഞങ്ങാട് ലോക്കൽ പയർ, ആട്ടുകൊമ്പ്, അമര മുതലായവ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി എന്ന ഘടകത്തിലൂടെ പ്രോത്സാഹിപ്പിക്കുന്നു. ഇതിനായി പരമ്പരാഗത പച്ചക്കറി ഇനങ്ങൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ കർഷകരുടെ കൈവശമുള്ള നാടൻ വിത്തുകൾ പരസ്പരം കൈമാറുന്നതിനുള്ള വിത്തുകൈമാറ്റ കൂട്ടായ്മകളും " ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാർഷിക മേഖലയിലെ മൂല്യവർദ്ധനവ്

5 (1446) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനായും കാർഷിക മേഖലയിലെ പുനരുജ്ജീവനത്തിനായും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഏതൊക്കെ കാർഷിക മേഖലയുടെയും കാർഷിക ഉല്പന്നങ്ങളുടെയും കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിജയകരമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) അഗ്രി സ്റ്റാർട്ടപ്പുകൾക്കും അഗ്രി ബിസിനസ്സ് ഇൻകുബേറ്ററുകൾക്കും നൽകുന്ന ധനസഹായം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ചക്ക അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ കാര്യത്തിൽ കൈക്കൊണ്ട നടപടികളും അവയുടെ ഫലവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനും ഉതകുന്ന വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ വ്യവസായത്തിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകിവരുന്നു. ചെറുകിട-ഇടത്തരം സംരംഭകർക്ക് വ്യവസായ വകുപ്പുമുഖേന നടപ്പാക്കിവരുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വായ്പാധിഷ്ഠിത സബ്സിഡി ഒരു യൂണിറ്റിന് പരമാവധി 50 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ സ്വയം സഹായ സംഘങ്ങൾ, വ്യക്തിഗത യൂണിറ്റുകൾ എന്നിവയ്ക്കും എസ്.എഫ്.എ.സി. മുഖേന മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനും ധനസഹായം നൽകുന്നുണ്ട്.

സംസ്ഥാനത്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും അതുവഴി സുസ്ഥിര കാർഷിക വികസനം സാധ്യമാക്കുന്നതിനും അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. നാളികേരം, മാമ്പഴം, വാഴപ്പഴം, പച്ചക്കറി, തേൻ എന്നീ വിള അധിഷ്ഠിത അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനാണ്

ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. നാളികേര അഗ്രോപാർക്ക് കോഴിക്കോട് കുറ്റ്യാടി ഫാമിലും വേങ്ങേരി മൊത്തവ്യാപാര വിപണിയിലും സ്ഥാപിക്കുന്നതിനും മാംഗോ അഗ്രോപാർക്ക് പാലക്കാട് മുതലമടയിലും പച്ചക്കറി പാർക്ക് ഇടുക്കി പീരുമേട്ടിലും ബനാന പാർക്ക് തൃശ്ശൂർ കണ്ണാറയിലും സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. (കണ്ണാറയിലെ അഗ്രോ പാർക്ക് നിർമ്മാണം പൂർത്തിയാക്കിവരുന്നു). തെങ്ങിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നമായ നീര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് 2014-15, 2015-16, 2016-17 വർഷങ്ങളിൽ നാളികേര വികസന ബോർഡ് മുഖേന വിവിധ നാളികേര ഉൽപ്പാദക കമ്പനികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ കാർഷിക വിളകളുടെ മൂല്യവർദ്ധിത സാധ്യത മനസ്സിലാക്കുന്നതിനും കാർഷിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വൈഗ എന്ന പേരിൽ പ്രദർശനം, സെമിനാറുകൾ എന്നിവ കഴിഞ്ഞ 4 വർഷമായി നടത്തിവരുന്നുണ്ട്.

(ബി) എസ്.എഫ്.എ.സി. മുഖേന നടപ്പാക്കുന്ന പദ്ധതികൾ കർഷകർ ഉൾപ്പെടെയുള്ള സംരംഭകർ ഈ മേഖലയിൽ വരുന്നതിന് സഹായകരമായിട്ടുണ്ട്. വളരെ മുതൽമുടക്ക് ആവശ്യമുള്ളതിനാൽ ചെറുകിട, ഇടത്തരം കർഷകർക്ക് മൂല്യവർദ്ധനവിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഇത്തരം പദ്ധതികൾ സഹായകരമായിട്ടുണ്ട്. കൂടാതെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭിക്കുന്നതിനാൽ സംരംഭകരായ കർഷകർക്ക് പരമാവധി വരുമാനം ലഭിക്കാൻ ഇത് സഹായകരമാകുന്നുണ്ട്. അതത് പ്രദേശത്തെ കർഷകരിൽനിന്നും അവരുടെ ഉൽപ്പന്നങ്ങൾ ഉയർന്ന വിലയ്ക്ക് വാങ്ങുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകവഴി കർഷകർക്കും ഉയർന്ന വരുമാനം ലഭിക്കുന്നതിന് സാധ്യമാകുന്നുണ്ട്.

ഉത്പാദന പദ്ധതികൾക്കൊപ്പം വിപണനത്തിനും വിളവെടുപ്പിന് ശേഷമുള്ള സംസ്കരണത്തിനും മൂല്യവർദ്ധനവിനും കൂടുതൽ അർത്ഥവത്തായ പദ്ധതി എന്ന നിലയ്ക്കാണ് അഗ്രോപാർക്കുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട വിളകളിൽനിന്ന് ഉൽപ്പാദിപ്പിക്കാൻ സാധ്യമായ ഏതൊരുൽപ്പന്നവും നിർമ്മിക്കുന്നതിനുള്ള സൗകര്യമായിരിക്കും അഗ്രോപാർക്കുകളിൽനിന്നും ലഭ്യമാകുക. ഇതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സംസ്കരണം, മൂല്യ വർദ്ധനം, പാക്കിംഗ്, ലേബലിംഗ് തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും വേണ്ടിയുള്ള അത്യാധുനിക സൗകര്യങ്ങൾ അഗ്രോപാർക്കുകളിൽനിന്നും കർഷകർ/ സംരംഭകർക്ക് ലഭ്യമാകുന്നതാണ്.

(സി) കാർഷിക മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അഗ്രി ബിസിനസ്സ് ഇൻകുബേറ്റേഴ്സിനുമായി 2019-20 വാർഷിക ബഡ്ജറ്റിൽ 20 ലക്ഷം രൂപ ധനസഹായത്തിന് വകയിരുത്തിയിട്ടുണ്ട്. കാർഷിക മൂല്യവർദ്ധന വുമായി ബന്ധപ്പെട്ട് പുതിയ സംരംഭങ്ങൾ തുടങ്ങുന്ന കർഷക ഗ്രൂപ്പുകൾ, ഫാർമർ

പ്രൊഡ്യൂസർ കമ്പനികൾ എന്നിവർക്ക് ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ RKVY-RAFTAR പദ്ധതിയിലുൾപ്പെടുത്തി ഒരു അഗ്രി ഇൻക്യുബേഷൻ സെന്റർ തൃശ്ശൂരിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനകം 40 പേർക്ക് പരിശീലനം നൽകി കഴിഞ്ഞു. ദേശീയതലത്തിലെ പരിശോധനയ്ക്കുശേഷം സംരംഭകർക്ക് 25 ലക്ഷം രൂപവരെ ധനസഹായം ലഭ്യമാണ്. തൃശ്ശൂരിൽ പ്രവർത്തിക്കുന്ന അഗ്രി ഇൻക്യുബേഷൻ സെന്ററിന് പുറമെ വയനാട്, കോട്ടയം, മലപ്പുറം, കണ്ണൂർ എന്നീ കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ മിനി ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) 2018-ൽ ചക്കയെ കേരളത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിക്കുകയുണ്ടായി. പത്തനംതിട്ട കൃഷി വിജ്ഞാൻ കേന്ദ്രം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം, റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, അമ്പലവയൽ എന്നീ സ്ഥാപനങ്ങൾ ചക്കയുടെ മൂല്യവർദ്ധനവിന്റെ സാധ്യതകൾ മനസ്സിലാക്കുന്നതിന് നിരവധി ഗവേഷണങ്ങൾ/ പഠനങ്ങൾ നടത്തിവരുന്നു. ചക്കയിൽനിന്നും മറ്റ് കാർഷിക വിളകളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ എസ്.എഫ്.എ.സി. മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ചക്കയിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കൂടുതൽ സൂക്ഷ്മ/ചെറുകിട സംരംഭകർ മുന്നോട്ടു വരുന്നുണ്ട്.

## പഴവർഗ്ഗ കൃഷി പ്രോത്സാഹനം

6 (1447) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാണ്യവിളകൾക്ക് ഉണ്ടായിട്ടുള്ള വിലയിടിവുമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി മറികടക്കുവാൻ നാണ്യവിള തോട്ടങ്ങളുടെ നിശ്ചിത വിസ്തൃതിയിൽ പഴവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്രകാരം കൃഷി ചെയ്യുന്ന പതിനഞ്ച് ഏക്കറിൽ കൂടുതൽ വിസ്തൃതിയുള്ള തോട്ടങ്ങളിൽ അവ കൈവശം വയ്ക്കുന്നതിന് അനുമതി നൽകുന്ന രീതിയിൽ ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കൃഷി വകുപ്പ് ഇക്കാര്യത്തിൽ എന്ത് ശിപാർശയാണ് നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ?

### ഉത്തരം

(എ-സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി

7 (1448) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്കായി കൃഷി വകുപ്പിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാകുക; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് പുതിയ പദ്ധതിയായ 'ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൻകീഴിൽ നിലവിലുള്ള പച്ചക്കറി വികസന പദ്ധതി ഘടകമായ "പ്രോജക്ട് അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി"-യിലുൾപ്പെടുത്തി സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി നടത്തുന്നതിന് ആവശ്യാനുസരണം ഉൽപ്പാദനോപാധികൾ (വിത്ത്, വളം, പച്ചക്കറി തൈകൾ, കാർഷികോൽപ്പാദനോപാധികൾ തുടങ്ങിയവ) തുള്ളിനന, തിരിനന, മഴമറ എന്നിവ ഉൾപ്പെടുത്തി പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

## ഒറ്റപ്പാലം മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

8 (1449) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം മണ്ഡലത്തിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ കുളങ്ങൾ കാർഷികാവശ്യങ്ങൾക്കായി ഉപയോഗയോഗ്യമാക്കുന്ന പദ്ധതി പ്രകാരം ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളുടെ നവീകരണ പദ്ധതിയുടെ കാലികസ്ഥിതി അറിയിക്കുമോ;

(സി) ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽപ്പെട്ട കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ ആറാട്ടുകുളത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി 71.28 ലക്ഷം രൂപയുടെ ഭരണാനുമതി ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ-25 സ്കീമിലുൾപ്പെടുത്തി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതും ആയതിന്റെ പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതുമാണ്. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പുമുഖേന ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ തച്ചനാട്ടുകര പഞ്ചായത്തിലെ തള്ളച്ചിറക്കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നബാർഡ് ആർ.ഐ.ഡി.എഫ്. XX-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ തള്ളച്ചിറ കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 30-9-2017-ന് പൂർത്തീക രിച്ചിട്ടുണ്ട്.

(സി) തള്ളച്ചിറ കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് 7,50,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 6,91,268 രൂപ ചെലവഴിച്ച് പ്രവർത്തനങ്ങൾ പൂർത്തീ കരിച്ചിട്ടുണ്ട്.

**പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള തോട്ടങ്ങൾ**

9 (1450) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ എത്ര തോട്ടങ്ങളുണ്ടെന്നും അവ എവിടെയെന്നും വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള എത്ര ശതമാനം ഭൂമിയിൽ കൃഷി വ്യാപിപ്പിച്ചിട്ടുണ്ടെന്നും തരിശായി എത്ര ഏക്കർ ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) റബ്ബർ പ്ലാന്റേഷൻ, കശുമാവ് കൃഷി എന്നിവയിൽ ഏതിൽ നിന്നുമാണ് കൂടുതൽ ആദായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ 12 തോട്ടങ്ങളുണ്ട്.

| | | |
|---|---|---|
| 1 | കൊടുമൺ എസ്റ്റേറ്റ് | പത്തനംതിട്ട ജില്ല |
| 2 | ചന്ദനപ്പള്ളി എസ്റ്റേറ്റ് | പത്തനംതിട്ട ജില്ല |
| 3 | തണ്ണിത്തോട് എസ്റ്റേറ്റ് | പത്തനംതിട്ട ജില്ല |
| 4 | കല്ലാല എസ്റ്റേറ്റ് | എറണാകുളം ജില്ല |
| 5 | ആതിരപ്പിള്ളി എസ്റ്റേറ്റ് | എറണാകുളം ജില്ല |
| 6 | ഓയിൽ പാം എസ്റ്റേറ്റ് | എറണാകുളം ജില്ല |
| 7 | പേരാമ്പ്ര എസ്റ്റേറ്റ് | കോഴിക്കോട് ജില്ല |
| 8 | നിലമ്പൂർ എസ്റ്റേറ്റ് | മലപ്പുറം ജില്ല |
| 9 | കാസർഗോഡ് എസ്റ്റേറ്റ് | കാസർഗോഡ് ജില്ല |
| 10 | രാജപുരം എസ്റ്റേറ്റ് | കാസർഗോഡ് ജില്ല |
| 11 | ചീമേനി എസ്റ്റേറ്റ് | കാസർഗോഡ് ജില്ല/ കണ്ണൂർ ജില്ല |
| 12 | മണ്ണാർക്കാട് എസ്റ്റേറ്റ് | പാലക്കാട് ജില്ല |

(ബി) പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള കൃഷി ഭൂമിയിൽ 90.87% കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. കൃഷിക്ക് അനുയോജ്യമല്ലാത്ത തരിശായ ഭൂമി 3336.268 ഏക്കർ ഉണ്ട്.

(സി) റബ്ബറിൽനിന്നുമാണ് കൂടുതൽ ആദായം ലഭിക്കുന്നത്.

## കാലാവസ്ഥയ്ക്കനുസൃതമായി കാർഷികരംഗത്ത് നടപ്പിലാക്കിയ പദ്ധതികൾ

10 (1451) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥയിൽ വന്ന പ്രകടമായ മാറ്റങ്ങൾക്കനുസൃതമായി കൃഷി രീതികൾ പരിഷ്കരിയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നു വിശദമാക്കാമോ;

(ബി) പ്രസ്തുത മാറ്റങ്ങൾക്കനുസൃതമായി അനുയോജ്യമായതും അല്ലാത്തതുമായ കാർഷിക വിളകൾ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം പഠനങ്ങളാണ് നടത്തി വരുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 25-5-2019-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 66/2019/കൃഷി പ്രകാരം കേരളത്തിലെ കാർഷിക മേഖലയെ താഴെപ്പറയുംപ്രകാരം 5 അഗ്രോ ഇക്കോളജിക്കൽ സോൺ (കാർഷിക പാരിസ്ഥിതിക മേഖല)-ആയി പുനർവിഭജിച്ചിട്ടുണ്ട്.

| | | |
|---|---|---|
| AEZ-1 | - | കോസ്റ്റൽ പ്ലെയിൻ |
| AEZ-2 | - | മിഡ് ലാന്റ് ലാറ്ററൈറ്റ്സ് |
| AEZ-3 | - | ഫുട്ട് ഹിൽസ് |
| AEZ-4 | - | ഹൈ ഹിൽ |
| AEZ-5 | - | പാലക്കാട് പ്ലെയിൻസ് |

കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെത്തുടർന്ന് മേഖലയുടെ കാർഷിക പുനർനിർമ്മാണത്തിനുമായി കൃഷി വകുപ്പിന്റെ നിലവിലുള്ള ഭരണപരമായ അതിർത്തികൾക്കും ചട്ടക്കൂടുകൾക്കും മാറ്റം വരുത്താതെയും തദ്ദേശ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതികളും സംവിധാനങ്ങളും അതേപടി തുടർന്നുകൊണ്ടും തദ്ദേശസ്ഥാപനങ്ങളും കൃഷി വകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കികൊണ്ടുമാണ് വിഭജനം നടത്തിയിട്ടുള്ളത്. കൂടാതെ മേൽപ്പറഞ്ഞ സോണുകളെ മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, കൃഷി സമ്പ്രദായം മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. കൃഷി വകുപ്പുമുഖേന 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വിള അടിസ്ഥാനമാക്കിയുള്ള പദ്ധതികളെല്ലാം മേൽ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ വിശദമായ പഠനവും ചർച്ചകളും നടത്തിയതിന്റെ അടിസ്ഥാനത്തിൽ അഗ്രോ ഇക്കോളജിക്കൽ സോൺ ആധാരമാക്കിയുള്ള വിളയിനങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സോൺ ആധാരമാക്കി ശിപാർശ ചെയ്യുന്ന വിളയിനങ്ങളുടെ പട്ടിക പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതികൾ**

11 (1452) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ട് പ്രളയങ്ങൾ തകർത്ത കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിലേക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ;

(ബി) ഇതിലേക്കായി എത്ര തുക ബഡ്ജറ്റ് വിഹിതമായി അനുവദിച്ചു; ഇതിൽ എത്ര തുക നാളിതുവരെ ഏതെല്ലാം പദ്ധതിക്കായി ചെലവഴിച്ചു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നശിച്ചുപോയ വിളയുടെ വിസ്തീർണ്ണം അനുസരിച്ച് നഷ്ടപരിഹാരത്തുകയും ഇൻഷ്വർ ചെയ്ത വിളകൾക്ക് ഇൻഷ്വറൻസ് തുകയും നൽകുന്നു. 'പുനർജനി' എന്ന പേരിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പാക്കേജിന്റെ ഭാഗമായി സൗജന്യ നെൽ വിത്ത് വിതരണം, പച്ചക്കറി കൃഷി പുനരുദ്ധാരണം, 'ഓപ്പറേഷൻ ഡബിൾ കോൾ', സബ്സിഡിയോടുകൂടി ദീർഘകാല സുഗന്ധവിളകളുടെ നടീൽ വസ്തുക്കൾ വാങ്ങൽ, മണ്ണ് പരിപോഷണത്തിന്റെ ഭാഗമായി കുമ്മായം പോലുള്ള വസ്തുക്കൾ ചേർക്കുന്നതിനുള്ള സബ്സിഡി, ജലസേചനത്തിന് പമ്പുസെറ്റുകൾ വാങ്ങുന്നതിനുള്ള സബ്സിഡി, പാടശേഖരങ്ങൾ/കർഷക ഗ്രൂപ്പുകൾ എന്നിവയുടെ പെട്ടി, പറ മറ്റ് യന്ത്രസാമഗ്രികൾ നന്നാക്കുന്നതിനുള്ള ധനസഹായം, പുഷ്പകൃഷി വികസനത്തിനുള്ള സഹായം, എലി നശീകരണ ക്യാമ്പുകൾ നടത്തുന്നതിനുള്ള സഹായം എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. കേരള പുനർനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് 945 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 182.76 കോടി രൂപയുടെ 12 പദ്ധതികൾക്ക് സ.ഉ.(കൈ)34/2019/ആ.സാ.വ. തീയതി 12-12-2019 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതികൾ ചുവടെ ചേർക്കുന്നു :

- സംയോജിത കൃഷിയിലൂടെ ഇടുക്കി, വയനാട് ജില്ലകൾ കേന്ദ്രീകരിച്ച് ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തൽ (50 കോടി രൂപ)

- അതിരപ്പള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി (7.92 കോടി രൂപ)
- അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക പദ്ധതി (7.99 കോടി രൂപ)
- കേരളത്തിൽ കാർഷിക വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (15 കോടി രൂപ)
- വയനാട് ജില്ലയിൽ ഉദ്യാനവിള കൃഷിക്കും പുഷ്പകൃഷിക്കുമായി മികവിന്റെ കേന്ദ്രം (4 കോടി രൂപ)
- കുട്ടനാട് നെൽകൃഷി ആവാസ വ്യവസ്ഥയുടെ സുസ്ഥിര വികസനം (2.91 കോടി രൂപ)
- യന്ത്രവൽകൃത കൃഷി, ജേം പ്ലാസം കൺസർവേഷൻ, ജൈവവൈവിദ്ധ്യ കൃഷിരീതികൾ എന്നിവയിലൂടെ വടക്കൻ കേരളത്തിലെ കൈപ്പാട് തണ്ണീർത്തടങ്ങളുടെ വികസനം (3 കോടി രൂപ)
- ചെങ്ങന്നൂർ സമൃദ്ധി-തരിശുരഹിത മണ്ഡലം പദ്ധതി (10 കോടി രൂപ)
- കൃഷി വകുപ്പിന്റെ കീഴിലുള്ള മുണ്ടേരി ഫാമിന്റെയും മറ്റ് കൃഷി ഭവനുകളുടെയും പുനരുദ്ധാരണം (6 കോടി രൂപ)
- പ്രളയബാധിത ജില്ലകൾ ഉൾപ്പെടുത്തി മണ്ണ് സംരക്ഷണ വകുപ്പിന്റെ 6 പദ്ധതികൾ (60.94 കോടി രൂപ)
- നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ സമഗ്ര വികസനത്തിനായി സംയോജിത ഫാം പരിപാലനം (10 കോടി രൂപ)
- അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മ സേനകൾ എന്നിവയുടെ ശാക്തീകരണത്തിലൂടെ മേഖലാതലത്തിൽ സർവ്വീസ് ഡെലിവറിക്ക് പിന്തുണ (5 കോടി രൂപ)

ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചിരിക്കുന്ന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിക്കുന്നതാണ്. ബാക്കി പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ.) പരിഗണനയിലാണ്. വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കുമുണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങളുടെ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി

ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജും ഉൾപ്പെടെ ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് അംഗീകാരം നൽകി. 2019-20 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക ദുരിതങ്ങൾ പരിഹരിക്കുന്നതിനും പുനരുദ്ധാരണത്തിനുംവേണ്ടി വയനാട് പാക്കേജിൽ ഉൾപ്പെടുത്തി 6.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പും മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രളയാനന്തരം വിവിധ സംസ്ഥാന പദ്ധതികളിലൂടെ ചെലവഴിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ചെങ്ങാലിക്കോടൻ വാഴകൃഷിക്ക് നൽകിയ സഹായം**

12 (1453) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭൗമസൂചിക പദവി ലഭിച്ച ചെങ്ങാലിക്കോടൻ നേന്ത്രവാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന ചേലക്കര നിയോജകമണ്ഡലത്തിലെ വാഴ കർഷകർക്ക് എന്തെല്ലാം സാമ്പത്തിക-സാങ്കേതിക സഹായങ്ങളാണ് കൃഷിഭവൻ മുഖേന 2018-19, 2019-20 എന്നീ വർഷങ്ങളിൽ നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഭൗമസൂചിക പദവി ലഭിച്ച ചെങ്ങാലിക്കോടൻ നേന്ത്രവാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര, വരവൂർ എന്നീ കൃഷി ഭവനുകളിലെ വാഴക്കർഷകർക്ക് 2018-19 സാമ്പത്തിക വർഷത്തിൽ സ്പെഷ്യൽ അഗ്രികൾച്ചർ സോൺ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വാഴക്കൃഷി വ്യാപനത്തിന് ഹെക്ടറിന് 20,000 രൂപ നിരക്കിൽ 8,30,960 രൂപയും വിപണന കേന്ദ്രത്തിനായി 2 ലക്ഷം രൂപയും കർഷകർക്ക് പരിശീലനം നൽകുന്നതിനായി 25,000 രൂപയും നൽകുകയുണ്ടായി. കൂടാതെ 4 പ്രദർശനത്തോട്ടത്തിന് 80,000 രൂപയും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും പോസ്റ്റ് ഹാർവെസ്റ്റിംഗിനുമായി 2 ലക്ഷം രൂപയും നൽകുകയുണ്ടായി. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൻകീഴിൽ വാഴക്കൃഷി വ്യാപനത്തിന് 38.748 ഹെക്ടറിന് 10,17,135 രൂപ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2018-19 സാമ്പത്തിക വർഷത്തിൽ നൽകുകയുണ്ടായി. 2019-20 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ചെങ്ങാലിക്കോടൻ വാഴ വിള വിസ്തൃതി വ്യാപനത്തിനായി 22.1856 ഹെക്ടറിന് 5,82,372 രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**ജീവനി പദ്ധതി**

13 (1454) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന ജീവനി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജീവനി പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ കോഴിക്കോട് ജില്ലയിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കൃഷി വകുപ്പ് 2020 ജനവരി ഒന്ന് മുതൽ 2021 ഏപ്രിൽ (വിഷു)വരെയുള്ള 470 ദിവസം നീണ്ടുനിൽക്കുന്ന "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കാനും ലക്ഷ്യമിടുന്നു. കാർഷിക സർവ്വകലാശാലയുടെ കീടനാശിനി അവശിഷ്ട പരിശോധന റിപ്പോർട്ടുപ്രകാരം പൊതുവിപണിയിൽ ലഭിക്കുന്ന 20.12% പച്ചക്കറി, 28% പഴവർഗ്ഗങ്ങൾ, 66% സുഗന്ധവ്യഞ്ജനങ്ങളിലും കീടനാശിനികളുടെ അവശിഷ്ടം കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 90% പച്ചക്കറികൾക്ക് ശിപാർശ ചെയ്യാത്ത കീടനാശിനികളുടെ അവശിഷ്ടവും ശിപാർശ ചെയ്തിട്ടുള്ള അളവിൽ കൂടുതലുമാണ് കണ്ടിട്ടുള്ളത്. ഇവയെല്ലാംതന്നെ നമ്മുടെ ആരോഗ്യത്തിന് വളരെ ഹാനികരമാണ്. ജൈവം എന്ന പേരിൽ സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും വിൽക്കുന്ന പച്ചക്കറികളിൽ നിന്നും എടുത്തിട്ടുള്ള സാമ്പിളുകളിലും 25% കീടനാശിനിയുടെ അവശിഷ്ടം കണ്ടെത്തിയിട്ടുള്ളത് ആശങ്കാജനകമാണ്. ഇതിനൊരു മാറ്റം വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ 365 ദിവസവും പച്ചക്കറികൾ വീട്ടുവളപ്പിൽത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിനായി "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ജീവനി പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു :

1. ഭൗമസൂചിക പദവി ലഭിച്ച വിത്തുൾപ്പെടെ 100 പരമ്പരാഗത പച്ചക്കറി വിത്തിനങ്ങൾ തെരഞ്ഞെടുത്ത് പ്രചരിപ്പിക്കുക.

2. എല്ലാ വീട്ടിലും കറിവേപ്പില, പപ്പായ, മുരിങ്ങ, പലതരം ചീരകൾ, വാഴ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

3. 2500 സ്കൂളുകളിൽ പച്ചക്കറികൃഷി നടപ്പിലാക്കുക. അതോടൊപ്പം മറ്റ് പൊതു/സ്വകാര്യ സ്ഥാപനങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.

4. ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ 1000 ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.

5. കൃഷി പാഠശാല എന്ന പേരിൽ എല്ലാ കൃഷി ഭവനുകളും വഴി കർഷകർക്കുള്ള പരിശീലനവും ബോധവൽക്കരണവും സംഘടിപ്പിക്കുക, ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ബോധവൽക്കരണ ക്ലാസ്സുകൾ, ആരോഗ്യ ക്യാമ്പുകൾ എന്നിവിടങ്ങളിൽ "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്ക് നൽകുക.

6. ഗ്രാമ-നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പിൽ/മട്ടുപ്പാവുകളിൽ 6 ലക്ഷത്തോളം ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.

7. രണ്ട് ലക്ഷത്തോളം കർഷകർ ഉൾപ്പെടുന്ന പ്രവർത്തന മികവുള്ള ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക.

8. നിലവിലുള്ള മഴമറകൾ വിപുലീകരിച്ച് ശക്തിപ്പെടുത്തുന്നതുൾപ്പെടെ 2000 മഴമറകൾക്ക് പ്രോത്സാഹനം നൽകുക.

9. 10000 സൂക്ഷ്മ ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുക (നിലവിലുള്ളത് ഉൾപ്പെടെ)

10. ആദിവാസി മേഖലയിൽ പരമ്പരാഗതമായി കൃഷി ചെയ്തുവരുന്ന പച്ചക്കറി വിളകളുടെ പ്രോത്സാഹനവും കൃഷി പരിപാലനമുറയുടെ ചിത്രീകരണവും.

11. ബ്ലോക്ക് തലത്തിൽ ദ്വൈവാര ഉൽപ്പാദനത്തിനായുള്ള ക്രോപ്പ് കലണ്ടർ തയ്യാറാക്കുക.

12. 25 ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനു(എഫ്.പി.ഒ.)കൾക്കുള്ള പ്രോത്സാഹനം.

13. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള 24x7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ എസ്.എഫ്.എ.സി.-യുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കൽ, പ്രത്യേക പോർട്ടൽ ഉരുത്തിരിച്ചെടുക്കൽ, ദ്വൈവാരിക പ്രസിദ്ധീകരണം, കൃഷി ഇൻഫോ, ഹ്രസ്വ വീഡിയോ (എഫ്.ഐ.ബി.), ന്യൂസ് ലൈറ്റർ (വെജിറ്റബിൾ സെൽ), പ്രതിമാസ ടി.വി. ചാനൽ പരിപാടി എന്നിവ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുത്തി രൂപീകരിക്കുക.

14. 25 അഗ്രി സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ 100-ഓളം കർഷകരുടെ നൂതന കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുക.

15. ആത്മ പദ്ധതിയുടെ നേതൃത്വത്തിൽ 200 ഫാം ഫീൽഡ് സ്കൂൾ പ്രോത്സാഹിപ്പിക്കുക.

16. 400 ബയോ ഫാർമസികളുടെ (നിലവിലുള്ളതുൾപ്പെടെ) അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കർഷകർക്കാവശ്യമായ ജൈവ ഉൽപ്പാദന ഉപാധികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക.

17. കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പച്ചക്കറി കളിലെ പ്രതിമാസ കീടനാശിനി അവശിഷ്ട പരിശോധന ഫലം സർക്കാർ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

18. നിലവിലുള്ള ബി.എൽ.എഫ്.ഒ. വിപണി, ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ച ചന്ത, ഇക്കോഷോപ്പ് ഉൾപ്പെടെയുള്ള 1000 മാർക്കറ്റുകളെ വിപുലീകരിക്കുക.

19. 50 മൂല്യവർദ്ധിത യൂണിറ്റുകളുടെ വികസനം.

20. പ്രാദേശിക ഗ്രാമീണ ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി പച്ചക്കറി മേളകളും ചന്തകളും സംഘടിപ്പിക്കുക.

21. കർഷകരുടെ നാടൻ വിത്തുകൾ പരസ്പരം കൈമാറുന്ന വിത്തുകൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുക.

(സി) സംസ്ഥാന കൃഷി വകുപ്പ് നടപ്പാക്കുന്ന "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിക്കായി കോഴിക്കോട് ജില്ലയിൽ 1074942 പച്ചക്കറി തൈകളും 12169 വിത്ത് പായ്ക്കറ്റുകളും ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ എം.എൽ.എ./എം.പി.-മാരുടെ വീടുകളിലും ജനപ്രതിനിധികളുടെ വീടുകളിലും അംഗീകാരമുള്ള മാധ്യമ പ്രവർത്തകരുടെ വീടുകളിലും 960 പോഷക തോട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് 82 കൃഷി പാഠശാലകളും 264 ക്യാമ്പയിനുകളും 80 പരിശീലന പരിപാടികളും

നടപ്പിലാക്കിയിട്ടുണ്ട്. ആയതിനുപുറമെ 9.3 ഹെക്ടറിൽ പരമ്പരാഗത വിത്തിനങ്ങളും ഇതുവരെ കൃഷി ചെയ്തിട്ടുണ്ട്. ഇതിനുപുറമെ പച്ചക്കറി തൈകൾ, ബഹുവർഷ പച്ചക്കറി തൈകൾ എന്നിവ കർഷകർക്ക് വിതരണം ചെയ്യുന്ന പരിപാടികൾ തുടർന്നുവരുന്നു.

## കൃഷിയുടെ വ്യാപനം

14 (1455) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയുള്ള കാലയളവിൽ കേരളത്തിൽ നെൽകൃഷിയുടെയും മറ്റു പച്ചക്കറി കൃഷികളുടെയും വ്യാപനത്തിന് സഹായകരമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇത്തരം പദ്ധതികളുടെ ഭാഗമായി നെൽകൃഷിയുടെയും പച്ചക്കറി കൃഷികളുടെയും ഉത്പാദനം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) കേരളത്തിലെ നാണ്യവിള കർഷകരെ സഹായിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ "നെൽക്കൃഷി വികസന പദ്ധതി", കേന്ദ്രാവിഷ്കൃത പദ്ധതിയായ "രാഷ്ട്രീയ കൃഷി വികാസ് യോജന"യുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകിവരുന്നു. "ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി" പാലക്കാട് ജില്ലയിൽ നടപ്പാക്കിവരുന്നു. നെൽക്കൃഷി വികസന പദ്ധതിപ്രകാരം സുസ്ഥിര നെൽക്കൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽക്കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകുന്നു. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനുപുറമെ ബ്ലോക്കുതലത്തിലുള്ള പദ്ധതികളുടെ സംയോജനത്തിനും റൈസ് മില്ല് സ്ഥാപിക്കുന്നതിനും പദ്ധതിയധിഷ്ഠിത ധനസഹായവും നൽകിവരുന്നു. നെൽക്കൃഷിക്ക് കുമ്മായം വിതരണം ചെയ്യുന്നതിന് ഹെക്ടറൊന്നിന് 5,400 രൂപ ധനസഹായം നൽകുന്നുണ്ട്. കൂടാതെ സൂക്ഷ്മ ദ്വിതീയ മൂലകവളങ്ങൾ പ്രയോഗിക്കുന്നതിന് ഹെക്ടറൊന്നിന് 500 രൂപ ധനസഹായവും നൽകുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പദ്ധതിപ്രകാരം ഹെക്ടറൊന്നിന് 3,500 രൂപയുടെ ധനസഹായം നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000 രൂപ ധനസഹായം നൽകുന്നു. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപ യോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുൽപ്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലായ അത്യുൽപ്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകുന്നു. മരുന്ന് തളിക്കുന്നതിന് സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുന്നത്. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകുന്നു.

കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ "സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ സ്കീമും (എസ്.എം.എ.എം.)" നിലവിലുണ്ട്. നെൽകർഷകർക്ക് ഭൂപരിധിയില്ലാതെ കാർഷിക വൈദ്യുതി സൗജന്യവും ഹെക്ടറിന് 1,000 രൂപ പ്രകാരം ഉൽപ്പാദന ബോണസും നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് 'സമഗ്ര പച്ചക്കറി വികസന പദ്ധതി'. കർഷകർക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിനാവശ്യമായ ഉൽപ്പാദനോപാധികളും സാങ്കേതിക പരിജ്ഞാനവും നൽകി വരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുകവഴി ഓരോ വർഷത്തിലും പച്ചക്കറികൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കു ന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് 2020 ജനുവരി ഒന്ന് മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടുനിൽക്കുന്ന "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം " എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കാനും

വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കാനും ലക്ഷ്യമിടുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതി വഴി നടപ്പിലാക്കുന്ന മുഖ്യ ഘടകങ്ങൾ ഇവയാണ്.

- വീട്ടുവളപ്പിലെ പച്ചക്കറിക്കൃഷി പ്രോത്സാഹനം/ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും
- സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
- ജില്ലാ ക്ലസ്റ്റർ വികസനം
- ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
- ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
- നഴ്സറികൾ സ്ഥാപിക്കൽ
- പച്ചക്കറി കൃഷിക്കുവേണ്ടി മിനി പോളീഹൗസുകളുടെ പ്രോത്സാഹനം
- ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ
- സൂക്ഷ്മജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
- കൃഷിയിടങ്ങളിൽ ബയോ-കൺട്രോൾ ഏജന്റ് നിർമ്മാണവും പരിശീലനവും
- മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
- സേഫ്-ടു-ഈറ്റ്-ബ്രാന്റിംഗ്
- മഴമറ നിർമ്മാണം

- ദേവികുളം ബ്ലോക്കിലെ വെളുത്തുള്ളികളുടെ ഇനം തിരിച്ചുള്ള പഠനം
- പരമ്പരാഗത വിത്തിനങ്ങളുടെ ഉൽപ്പാദനവും പ്രചരണവും/ഭൗമ സൂചിക രജിസ്ട്രേഷൻ
- വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം

(ബി) 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ സ്ഥലത്തെ നെൽകൃഷിയിൽനിന്നും 858242 മെട്രിക് ടൺ നെല്ലായിരുന്നു ഉൽപ്പാദിപ്പിച്ചത്. 2018-19-ൽ പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ചിട്ടും 202985 ഹെക്ടറിൽനിന്നും 864144 മെട്രിക് ടൺ നെല്ല് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. ശരിയായ പദ്ധതി നിർവ്വഹണവും കൃത്യമായ ഇടപെടലുകളും കൊണ്ട് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 2015-16-ൽ 6.28 ലക്ഷം മെട്രിക് ടണ്ണായിരുന്നു പച്ചക്കറി ഉൽപ്പാദനം. 2017-18-ൽ അത് 10.01 ലക്ഷം ടണ്ണായും 2018-19-ൽ 12.12 ലക്ഷം ടണ്ണായും വർദ്ധിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ നാണ്യവിള കർഷകരെ സഹായിക്കുന്നതിനായി പ്രധാന സുഗന്ധവ്യഞ്ജന വിളകളുടെ വികസനത്തിനായിട്ടുള്ള ഒരു പ്രത്യേക പദ്ധതി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം, വിള വ്യാപനം, നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കൽ, കീടരോഗ നിയന്ത്രണം മുതലായ ഘടകങ്ങൾക്ക് പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. കാസർഗോഡ് ജില്ലയിലെ കവുങ്ങു കർഷകരെ സഹായിക്കുന്നതിനായി 'അരക്കനട്ട് പാക്കേജ്' എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. അടയ്ക്കാത്തോട്ടങ്ങളിൽ രോഗബാധിതമായ മരങ്ങൾ നീക്കം ചെയ്ത് പുതിയ തൈകൾ നട്ടുപിടിപ്പിക്കൽ, ഉൽപ്പാദനോപാധികൾ, രോഗനിയന്ത്രണം എന്നിവയ്ക്ക് പ്രസ്തുത പദ്ധതിപ്രകാരം സാമ്പത്തിക സഹായം നൽകുന്നു. റബ്ബർ കൃഷിക്കാരെ സഹായിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലൂടെ റബ്ബർ കർഷകർക്ക് ഒരു കിലോയ്ക്ക് 150 രൂപ ഉറപ്പുവരുത്തുന്നു. റബ്ബർ ഉൽപ്പാദന സംഘങ്ങൾ മുഖേന രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് വിപണി വില താഴുന്ന അവസരങ്ങളിൽ കിലോയ്ക്ക് 150 രൂപ അടിസ്ഥാനമാക്കി ശേഷിക്കുന്ന തുക സർക്കാർ ധനസഹായമായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു.

**കോതമംഗലം നിയോജകമണ്ഡലത്തിലെ ഹരിത കേരളം പദ്ധതികൾ**

15 (1456) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കോതമംഗലം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി പ്രസ്തുത മണ്ഡലത്തിൽ പുതിയ പദ്ധതികൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) കാർഷിക-മലയോര മേഖലയായ കോതമംഗലം മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പുമുഖേന (സുജലം സുഫലം പദ്ധതി വഴി) കോതമംഗലം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

| നമ്പർ | പദ്ധതി | ഹെക്ടർ/എണ്ണം | തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | സമഗ്ര നെൽകൃഷി വികസനം | 400 ഹെക്ടർ | 17500000 |
| 2 | തരിശ് നെൽകൃഷി | 27 ഹെക്ടർ | 488160 |
| 3 | പാടശേഖരങ്ങളുടെ കൈകാര്യ ചെലവ് | 180 ഹെക്ടർ | 64800 |
| 4 | തെങ്ങുകൃഷി വികസനം | 25 ഹെക്ടർ | 3886951 |
| 5 | സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം | 300 ഹെക്ടർ | 792000 |
| 6 | പച്ചക്കറി വികസനം വിത്ത് വിതരണം | 2000 ഹെക്ടർ | 440000 |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | പച്ചക്കറി തൈ വിതരണം | 90000 എണ്ണം | 225000 |
| 8 | സ്കൂൾ പച്ചക്കറിത്തോട്ടം | 21 എണ്ണം | 84000 |
| 9 | പച്ചക്കറി ക്ലസ്റ്റർ | 11 എണ്ണം | 825000 |
| 10 | പമ്പ് സെറ്റ് വിതരണം | 20 എണ്ണം | 200000 |
| 11 | സ്പ്രേയർ വിതരണം | 18 എണ്ണം | 27000 |
| 12 | തരിശ് പ്രദേശങ്ങളിലെ പച്ചക്കറിക്കൃഷി | 6 ഹെക്ടർ | 180000 |
| 13 | എൻ.ജി.ഒ.-യ്ക്ക് പച്ചക്കറി വിത്ത് | 2000 എണ്ണം | 20000 |
| 14 | പോഷകത്തോട്ടം | 200 എണ്ണം | 10000 |
| 15 | മഴമറ | 10 എണ്ണം | 500000 |
| 16 | ഗ്രോബാഗ് വിതരണം | 380 എണ്ണം | 401000000 |
| 17 | കമ്പോസ്റ്റ് കുഴി നിർമ്മാണം | 12 എണ്ണം | 30000 |
| 18 | തിരിനന ജലസേചനം | 11 എണ്ണം | 22000 |
| 19 | ജൈവ ക്ലസ്റ്റർ | 3 എണ്ണം | 75000 |
| 20 | ഫലവൃക്ഷ തൈ വിതരണം | 17 ഹെക്ടർ | 367745 |
| 21 | സ്റ്റാഗേർഡ് ക്ലസ്റ്റർ | 17 എണ്ണം | 255000 |
| 22 | സീറോ എനർജി കൃഷി വികസനം | 2 എണ്ണം | 50000 |

| (1) | (2) | (3) | (4) |
|---|---|---|---|
| 23 | പൈനാപ്പിൾ കൃഷി വികസനം | 95 ഹെക്ടർ | 2493750 |
| 24 | വാഴ കൃഷി വികസനം | 178 ഹെക്ടർ | 4679530 |
| 25 | ജീവനി പദ്ധതി-പച്ചക്കറി തൈ വിതരണം | 110000 എണ്ണം | 36700 |
| 26 | ജീവനി പദ്ധതി - പച്ചക്കറി വിത്ത് വിതരണം | 1650 എണ്ണം | 30600 |

(ബി) കോതമംഗലം മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ജനകീയാസൂത്രണം വഴി വിവിധയിനം പുതിയ പദ്ധതികൾ അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നുണ്ട്.

(സി) കാർഷിക മലയോര മേഖല ആയതിനാൽ പൈനാപ്പിൾ, കുരുമുളക്, ജാതി, വാഴ, പച്ചക്കറി, നെല്ല്, തെങ്ങ് എന്നിവയ്ക്ക് ആകർഷകമായ പദ്ധതികൾ കൃഷി വകുപ്പുമുഖേനയും ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തിയും നടപ്പിലാക്കാവുന്നതാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ഫണ്ട് വകയിരുത്തേണ്ടതുണ്ട്. കൂടാതെ കൃഷിയിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനവും നടത്തേണ്ടതുണ്ട്.

## സുഗന്ധവിള വികസന പദ്ധതി

16 (1457) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഗന്ധവിളകളുടെ വികസനത്തിനായി ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ;

(ബി) ഏതൊക്കെ സുഗന്ധവിളകളുടെ വികസനത്തിനും കൃഷി വ്യാപനത്തിനുമാണ് സർക്കാർ ഊന്നൽ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സുഗന്ധവിള വികസന പദ്ധതിയുടെ ഭാഗമായി നടത്തുന്ന പുതുകൃഷിയുടെയും കൃഷി പുനരുദ്ധാരണത്തിന്റെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ വിവിധ വിളകൾക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സുഗന്ധവിളകളുടെ വികസനത്തിനായി ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. സുഗന്ധവിള വികസന പദ്ധതി 2019-20 പ്രകാരം കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കൽ, കുരുമുളകുതോട്ടങ്ങളുടെ പുനരുജ്ജീവനം, കുരുമുളകുതോട്ടങ്ങളുടെ കൃഷി വ്യാപനം എന്നീ പദ്ധതിഘടകങ്ങൾക്കുപുറമേ ഇടുക്കി ജില്ലയിലെ കുരുമുളക് തോട്ടങ്ങളുടെ സമഗ്ര വികസനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
2. വയനാട് പാക്കേജിലൂടെ വയനാട് ജില്ലയിലെ കുരുമുളക് കൃഷിയുടെ സമഗ്ര വികസനത്തിനായി വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖേന നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ സുഗന്ധവ്യഞ്ജന വിളകളുടെ വിളവിസ്തൃതി വ്യാപനത്തിനും നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് ധനസഹായം നൽകിവരുന്നു. വിള വിസ്തൃതി വ്യാപനം ഘടകത്തിൽ ഉൾപ്പെടുത്തി ജാതി, ഗ്രാമ്പൂ, കറുവപ്പട്ട, കുരുമുളക് എന്നിവ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറൊന്നിന് 20,000 രൂപയും ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറൊന്നിന് 12,000 രൂപയും ധനസഹായം നൽകുന്നു.

(ബി) സുഗന്ധവിള വികസന പദ്ധതിപ്രകാരം കുരുമുളക്, ജാതി, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ വികസനത്തിനും വ്യാപനത്തിനും പുനരുജ്ജീവനത്തിനുമാണ് സർക്കാർ ഊന്നൽ നൽകുന്നത്.

(സി & ഡി) സുഗന്ധവിള വികസന പദ്ധതിയുടെ ഭാഗമായി നടത്തുന്ന പുതുകൃഷി പ്രകാരം, കുരുമുളക്, ജാതി, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. 2019-20 സാമ്പത്തിക

വർഷത്തിൽ 875 ഹെക്ടറിൽ കുരുമുളകിനും 136 ഹെക്ടറിൽ ഇഞ്ചി, മഞ്ഞൾ എന്നിവയ്ക്കും 6.5 ഹെക്ടറിൽ ജാതി, ഗ്രാമ്പൂ എന്നിവയുടെയും കൃഷി വിസ്തൃതി വർദ്ധിപ്പിക്കാനും പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്.

സുഗന്ധവിള വികസന പദ്ധതി പ്രകാരമുള്ള കൃഷി പുനരുദ്ധാരണത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 2500 ഹെക്ടറിൽ കുരുമുളക് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിവരുന്നു. ഉൽപ്പാദനക്ഷമത കുറഞ്ഞ തോട്ടങ്ങളിൽ പഴയ കുരുമുളക് വള്ളികൾ മാറ്റി പുതിയവ വച്ചുപിടിപ്പിക്കുക, രോഗ കീടനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നിവ ഈ പദ്ധതി വഴി നടപ്പിലാക്കുന്നു. ഇതിനുവേണ്ടിവരുന്ന ആകെ കൃഷിച്ചെലവിന്റെ 50% തുക ധനസഹായമായി (10,000/ഹെക്ടറിന്) നൽകിവരുന്നു. 2019-20 വർഷത്തിൽ 250 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ വിവിധ വിളകൾക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

17 (1458) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി സംസ്ഥാനത്ത് പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) വീട്ടുമുറ്റത്തെ പച്ചക്കറി കൃഷി, മട്ടുപ്പാവ് കൃഷി തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ കർഷകർക്ക് എന്തെങ്കിലും സബ്സിഡി നൽകുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) കൃഷി ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തതയോടൊപ്പം വിഷവിമുക്ത പച്ചക്കറിയുൽപ്പാദനം ലക്ഷ്യമിട്ട് 2020 ജനുവരി ഒന്ന് മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തിനുള്ള വിഷവിമുക്ത പച്ചക്കറി സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറിക്കൃഷി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രോത്സാഹിപ്പിക്കാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിനായി കീടരോഗ പ്രതിരോധശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും നാടൻ ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി, തഴുതാമ, കുടങ്ങൽ, വാളരിപ്പയർ, ചെക്കർമാണിസ്, കോവൽ, ചതുരപ്പയർ മുതലായവയുടെ കൃഷി വീട്ടുവളപ്പിൽ പ്രോത്സാഹിപ്പിക്കുന്നു.

കൃഷി പാഠശാല

വീട്ടമ്മമാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, കർഷകത്തൊഴിലാളികൾ, ഉപഭോക്താക്കൾ എന്നിവർക്ക് സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിലൂടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമായി 470 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന/ബോധവൽക്കരണ പരിപാടിയാണ് കൃഷി പാഠശാല. നടീൽ മുതൽ വിളവെടുപ്പുവരെയുള്ള വിവിധ ഘട്ടങ്ങളിൽ ജൈവ പച്ചക്കറി കൃഷിക്ക് അനുവർത്തിക്കേണ്ട കൃഷിമുറകൾ കൃഷി പാഠശാലയിൽ പ്രതിപാദിക്കപ്പെടുന്നു. ഇതുവരെ 1200 പാഠശാലകൾ ആരംഭിക്കുകയും ആയതിന് 29800 കർഷകർ പങ്കെടുക്കുകയുമുണ്ടായി.

ആരോഗ്യ വകുപ്പുമായി സംയോജിച്ചുകൊണ്ടുള്ള ക്യാമ്പയിനുകൾ

ആരോഗ്യത്തിനായി സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറ്റീഷ്യൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റ്, ഹരിത കേരള മിഷന്റെ ഉപഘടകമായ സുജലം സുഫലം, പ്രൈമറി ഹെൽത്ത് സെന്റർ, ആരോഗ്യ ക്യാമ്പുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ബോധവൽക്കരണം നടത്തുന്നു. ഈ ബോധവൽക്കരണ പരിപാടിയിൽ ഒരു വ്യക്തിക്ക് ശരാശരി എല്ലാ പോഷകങ്ങളും ലഭിക്കാനുള്ള ഭക്ഷണക്രമത്തെക്കുറിച്ച് (ഹെൽത്തി പ്ലേറ്റ്) അവബോധം നൽകുന്നു. ഇത്തരത്തിൽ സംസ്ഥാനത്ത് ഇതുവരെ 2090 ക്യാമ്പയിനുകൾ നടപ്പിലാക്കുകയുണ്ടായി.

വീട്ടുവളപ്പിലെ പച്ചക്കറി കൃഷി

എല്ലാ വീട്ടുവളപ്പിലും വിഷരഹിത പച്ചക്കറി 365 ദിവസവും ലഭിക്കുന്ന തിനായി കീടരോഗ പ്രതിരോധ ശേഷിയുള്ള പരമ്പരാഗത പച്ചക്കറി ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ,

കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി മുതലായവ കൃഷി ചെയ്തുവരുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികളും കർഷകർക്ക് നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിക്കായുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു.

പോഷകത്തോട്ടം

സുരക്ഷിതമായ പഴങ്ങളും പച്ചക്കറികളും നഗര/ഗ്രാമ പ്രദേശത്തെ വീട്ടുവളപ്പുകളിൽ കൃഷി ചെയ്യുക ഇതോടൊപ്പം പ്രദർശനത്തോട്ടം എന്ന നിലയിൽ കേരളത്തിലെ എല്ലാ ജില്ല/ബ്ലോക്ക്/പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ ജനപ്രതിനിധികളുടെ അംഗീകരിക്കപ്പെട്ടിട്ടുള്ള മാധ്യമ പ്രവർത്തകരുടെ വാസസ്ഥലത്തോ അവർക്ക് സ്വീകാര്യമായ മറ്റ് ഇടങ്ങളിലോ ജൈവ രീതിയിലുള്ള പോഷക പ്രദർശനത്തോട്ടം നടപ്പിലാക്കിവരുന്നു. ആയതിലേയ്ക്കായി കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി എന്നിവ കൃഷി ചെയ്യുന്നു. ഇതുവരെ 10247 പോഷകത്തോട്ടം ആരംഭിക്കുകയുണ്ടായി.

വിത്ത് കൈമാറ്റ കൂട്ടായ്മ

കർഷകരുടെ കൈവശമുള്ള നാടൻ വിത്തുകൾ പരസ്പരം കൈമാറുന്നതിനുള്ള വിത്തുകൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുക ഇതിലൂടെ പരമ്പരാഗത പച്ചക്കറി കൃഷി 565 ഹെക്ടറിൽ ആരംഭിക്കുകയുണ്ടായി.

വിദ്യാലയങ്ങൾ, പൊതു/സ്വകാര്യ സ്ഥാപനങ്ങളിൽ പച്ചക്കറികൃഷി

വിദ്യാലയങ്ങൾ പൊതു/സ്വകാര്യ സ്ഥാപനങ്ങൾ (ജയിൽ വളപ്പുകൾ, പോലീസ് സ്റ്റേഷൻ, വി.എച്ച്.എസ്.സി./ഐ.ടി.ഐ. കോളേജുകൾ, അങ്കണവാടി, വയൽ വരമ്പ്) എന്നിവിടങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും സുരക്ഷിത പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു.

ഉല്പാദനോപാധികളുടെ ലഭ്യത

ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ഫാമുകൾ, 'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ബ്ലോക്ക് ലെവൽ നഴ്സറികൾ, ചെറിയ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മ

സേനകൾ എന്നിവ മുഖാന്തരം പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിക്കുകയും അത്തരത്തിൽ 2.5 ലക്ഷം വിത്തുപായ്ക്കറ്റുകളും 185 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്യുകയുണ്ടായി. മറ്റുൽപ്പാദനോപാധികളായ ജൈവവളങ്ങൾ, ചെറിയ കാർഷികോപകരണങ്ങൾ, ജൈവകീടനാശിനി തുടങ്ങിയവ ന്യായവിലയ്ക്ക് ഇക്കോ-ഷോപ്പ്, ഹരിത ഗ്രൂപ്പ്, അഗ്രോ സർവ്വീസ് സെന്റർ എന്നിവ മുഖാന്തരം കർഷകർക്ക് ലഭ്യമാക്കുന്നു.

(ബി) വീട്ടുമുറ്റത്തെ പച്ചക്കറി കൃഷി, മട്ടുപ്പാവ് കൃഷി തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ പ്രോത്സാഹനം നടത്തിവരുന്നുണ്ട്. വീട്ടുവളപ്പിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുപായ്ക്കറ്റുകളും പച്ചക്കറി തൈകളും സ്കൂൾ കുട്ടികൾ, കർഷകർ, വനിതകൾ, സാർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി 100 ശതമാനം സബ്സിഡി നൽകി വിതരണം ചെയ്യുന്നു. കൂടാതെ മാധ്യമങ്ങൾ വഴിയും എൻ.ജി.ഒ.-കൾ മുഖേനയും 100 ശതമാനം സബ്സിഡി നൽകി പച്ചക്കറികൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. മട്ടുപ്പാവ് കൃഷിയും മാലിന്യ സംസ്കരണവും എന്ന ഘടക ത്തിലുൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡി നിരക്കിൽ 500 രൂപ ഗുണഭോക്തൃ വിഹിതമായി പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിക്കായുള്ള സഹായവും നൽകിവരുന്നു.

(സി) കൃഷി ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നതിന് സർക്കാർ 2020 ജനവരി ഒന്ന് മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം വിഷവിമുക്ത പച്ചക്കറി സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വീട്ടുവളപ്പിലെ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കാനും ലക്ഷ്യമിടുന്നു. ആരോഗ്യമുള്ള ജീവിതം നയിക്കുന്നതിന് ഭക്ഷണത്തിൽ 12-ഓളം ധാതുലവണങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഇത് ലഭിക്കുന്ന തിനായുള്ള സുരക്ഷിതമായ പഴങ്ങളും പച്ചക്കറികളും നഗര/ഗ്രാമ പ്രദേശത്തെ വീട്ടുവളപ്പുകളിൽ ഉൽപ്പാദിപ്പിക്കുക, ഇത് പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ല/ബ്ലോക്ക്/പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലെ ജന പ്രതിനിധികളുടെ വാസസ്ഥലത്തോ അവർക്ക് സ്വീകാര്യമായ മറ്റ് ഇടങ്ങളിലോ അംഗീകരിക്കപ്പെട്ടിട്ടുള്ള മാധ്യമ പ്രവർത്തകരുടെ വസതികളിലും ജൈവ രീതിയിലുള്ള പോഷകത്തോട്ടം സജ്ജീകരിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ, വീട്ടുവളപ്പിൽ 6 ലക്ഷം പോഷകത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ വീടുകളിലും കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി എന്നിവ വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

## പ്രധാനമന്ത്രി ഫസൽ ബീമ യോജന

18 (1459) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈം മിനിസ്റ്റർ ഫസൽ ബീമ യോജന (പി.എം.എഫ്.ബി.വൈ.) പദ്ധതിയിൽ ഏതെല്ലാം വിളകളെയാണ് ഇൻഷ്വർ ചെയ്യാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2019-20 വർഷത്തിൽ എത്ര കൃഷിക്കാരാണ് മേൽ പദ്ധതിയിൽ സംസ്ഥാനത്ത് അംഗമായിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഈ സാമ്പത്തിക വർഷം മേൽ പദ്ധതിയനുസരിച്ച് ഇൻഷ്വർ ക്ലെയിമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രൈം മിനിസ്റ്റർ ഫസൽ ബീമ യോജന (പി.എം.എഫ്.ബി.വൈ.) പദ്ധതിയുടെ ആനുകൂല്യം ഓരോ സംസ്ഥാനങ്ങളിലെയും പ്രഖ്യാപിത വിളകൾക്കാണ് ലഭ്യമാക്കുന്നത്. കേരളത്തിന്റെ പ്രഖ്യാപിത വിളകളായ നെല്ല്, വാഴ, മരിച്ചീനി എന്നിവയ്ക്കാണ് ഈ പദ്ധതിയിലൂടെ ഇൻഷ്വർ ചെയ്യാൻ സാധിക്കുന്നത്.

(ബി) 2019-20 വർഷത്തിൽ ഫസൽ ബീമ യോജന (പി.എം.എഫ്.ബി.വൈ.) പദ്ധതിയിൽ ഖാരിഫ് 2019 സീസണിൽ 7792 പേരും റാബി 2019 സീസണിൽ 6769 പേരും അംഗങ്ങളായിട്ടുണ്ട്.

(സി) 2019-20 വർഷത്തിൽ പ്രധാൻമന്ത്രി ഫസൽ ബീമ യോജന പദ്ധതിപ്രകാരവും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും കർഷകർക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | സീസൺ | കർഷകർക്ക് അനുവദിച്ച തുക (രൂപ) |
|---|---|---|---|
| 1 | PMFBY & RWBCIS | Kharif 2018 | 3,33,00,000 |
| 2 | PMFBY & RWBCIS | Rabi 2018-19 | 7,82,000 |
| 3 | PMFBY & RWBCIS | Kharif 2019 | 4,52,00,000 |

## തിരുവനന്തപുരം ജില്ലയിലെ ഹരിത കേരളം പദ്ധതികൾ

19 (1460) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ?

ഉത്തരം

കൃഷി വകുപ്പിന്റെ പൊതുവായ പദ്ധതികൾക്കൂടി ഉൾപ്പെടുത്തി ഹരിത കേരളം മിഷന്റെ ഭാഗമായി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സുജലം-സുഫലം ഉപമിഷന്റെ ഭാഗമായി ജില്ലയിലെ കൃഷിയോഗ്യമായ തരിശ് സ്ഥലങ്ങൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കർമ്മസേന എന്നിവയുടെ സഹകരണത്തോടെ ഏറ്റെടുത്ത് നെല്ല്, പച്ചക്കറി, വാഴ, മരച്ചീനി, മറ്റ് കിഴങ്ങുവർഗ്ഗവിളകൾ എന്നിവ കൃഷി ചെയ്തുവരുന്നു. കൃഷി വകുപ്പ് മുഖേന ജില്ലയിൽ ഇതുവരെ 240.69 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷിയും 256.18 ഹെക്ടർ തരിശുഭൂമിയിൽ വാഴ, മരച്ചീനി, പച്ചക്കറി തുടങ്ങിയ വിളകളും കൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്. ജില്ലയിലെ 73 പഞ്ചായത്തുകളിൽ ഓരോ വാർഡുവീതം തെരഞ്ഞെടുത്ത് എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പിലാക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ നടത്തി. പച്ചക്കറി കൃഷി, ടെറസ് കൃഷി എന്നിവ ചെയ്യുന്നതിനായി പരിശീലന പരിപാടികളും സംഘടിപ്പിച്ചു. പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം ചെയ്യുകയും ഗ്രോബാഗുകളിലും മൺചട്ടികളിലും പച്ചക്കറി കൃഷി നടപ്പിലാക്കുകവഴി പ്രസ്തുത വാർഡുകളിൽ 60% മുതൽ 90% വരെ വീടുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

പഴം, പച്ചക്കറി, ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ വേണ്ടി ത്രിതല പഞ്ചായത്തുകളും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വിവിധ ഗ്രാമപഞ്ചായത്തുകളും സംയുക്തമായി നടപ്പിലാക്കിവരുന്ന ഹരിതഭവനം, ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വിഭാവനചെയ്ത പദ്ധതിയാണ്. വാഴ, പപ്പായ, ജാമ്പ, പേര, പ്ലാവ്, മാവ് മുതലായ പഴവർഗ്ഗ ഇനങ്ങളുടെ തൈകൾ മൺചട്ടി/ഗ്രോബാഗിൽ പച്ചക്കറി, മുരിങ്ങ, കറിവേപ്പ്, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ, കിണർ റീ-ചാർജ്ജ്, മാലിന്യ സംസ്കരണത്തിനായി റിംഗ് കമ്പോസ്റ്റ്/മണ്ണിര കമ്പോസ്റ്റ്, മുട്ടക്കോഴി, കൂട് എന്നിവയും ഈ പദ്ധതിയിൽ വിതരണം ചെയ്യുന്നു. 2018-19 വർഷത്തിൽ 2300 ഹരിതഭവനങ്ങൾ നടപ്പാക്കാൻ സാധിച്ചു. 2019-20 വർഷം 1000 ഹരിത ഭവനങ്ങളാണ് വിഭാവന ചെയ്തിരിക്കുന്നത്.

ജില്ലയിൽ 1900 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു ഹെക്ടർ ജൈവ കൃഷി ചെയ്യുന്നതിന് 3,000 രൂപയാണ് ധനസഹായമായി നൽകുന്നത്. ജൈവ ഉൽപ്പന്നങ്ങൾ "safe to eat" എന്ന ബ്രാന്റിൽ എക്കോഷോപ്പ കൾവഴി വിതരണം ചെയ്യുന്നു. 38 എക്കോഷോപ്പുകൾ ജില്ലയിൽ പ്രവർത്തിച്ചു വരുന്നു. തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി 21 കർമ്മസേനകൾ കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. കാർഷിക സേവനം ഒരു കുടക്കീഴിൽ എന്ന ലക്ഷ്യത്തോടെ 7 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഹരിത കേരളം മിഷൻ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ തലക്കുളങ്ങൾ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നവീകരിച്ചു. കൂടാതെ പുഴകളും തോടുകളും വൃത്തിയാക്കി ജലസേചന സൗകര്യം വർദ്ധിപ്പിച്ചു.

**തെങ്ങിൻതൈകൾ വിതരണം ചെയ്യുന്ന പദ്ധതി**

20 (1461) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര കൃഷി വികസനത്തിന്റെ ഭാഗമായി വാർഡുകൾ തോറും തെങ്ങിൻതൈകൾ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം ഇതുവരെ എത്ര തെങ്ങിൻ തൈകളാണ് വിതരണം ചെയ്തതെന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(ബി) തൃശ്ശൂർ, പൊന്നാനി കോൾനിലങ്ങളിലെ ബണ്ടുകളിൽ തെങ്ങിൻ തൈകൾ നടുന്ന പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) തൃശ്ശൂർ, പൊന്നാനി കോൾനിലങ്ങളിലെ ബണ്ടുകളിൽ തെങ്ങിൻ തൈകൾ നടുന്ന പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ ഇതുവരെ എത്ര തെങ്ങിൻതൈകൾ നട്ടുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നാളികേര വികസന കൗൺസിൽ പദ്ധതിപ്രകാരം സംസ്ഥാനത്തെ എല്ലാ വാർഡുകളിലും 75 തെങ്ങിൻതൈകൾ വീതം വിതരണം ചെയ്യുന്ന പദ്ധതി 2019-20 വർഷം സംസ്ഥാനത്ത് ആരംഭിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിപ്രകാരം ഇതുവരെ വിതരണം ചെയ്ത തെങ്ങിൻതൈകളുടെ ഇനവും ജില്ലയും തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | നെടിയ ഇനം | കുറിയ ഇനം | സങ്കര ഇനം | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 11450 | 3150 | 3150 | 17750 |
| കൊല്ലം | 11835 | 3945 | 3945 | 19725 |
| പത്തനംതിട്ട | 6750 | 2250 | 2250 | 11250 |
| ആലപ്പുഴ | 12960 | 4320 | 4320 | 21600 |
| കോട്ടയം | 16103 | 1500 | 4317 | 21920 |
| ഇടുക്കി | 2767 | 196 | 2925 | 5888 |
| എറണാകുളം | 17616 | 0 | 1216 | 18832 |
| തൃശ്ശൂർ | 19490 | 7080 | 8830 | 35400 |
| പാലക്കാട് | 18980 | 0 | 5245 | 24225 |
| മലപ്പുറം | 27595 | 8142 | 12958 | 48695 |
| കോഴിക്കോട് | 23925 | 1910 | 13180 | 39015 |
| വയനാട് | 9420 | 0 | 5130 | 14550 |
| കണ്ണൂർ | 13860 | 0 | 16740 | 30600 |
| കാസർഗോഡ് | 5000 | 0 | 11575 | 16575 |
| ആകെ | 197751 | 32493 | 95781 | 326025 |

(ബി) തൃശ്ശൂർ ജില്ലയിൽ സർക്കാർ അധീനതയിലുള്ള കോൾബണ്ടുകളിൽ വച്ചുപിടിപ്പിക്കുന്നതിന് 15326 തെങ്ങിൻ തൈകളാണ് അനുവദിച്ചിരുന്നത്. 8300 തെങ്ങിൻ തൈകൾ നട്ടുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള തെങ്ങിൻ തൈകൾ നടുന്നതിനായി നിലമൊരുക്കുന്ന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പൊന്നാനി കോൾ നിലങ്ങളിലെ ബണ്ടുകളിൽ തെങ്ങിൻ തൈകൾ നടപ്പുവർഷം നട്ടുപിടിപ്പിക്കുന്നത് ആരംഭിച്ചിട്ടില്ല.

(സി) മണലൂർ നിയോജകമണ്ഡലത്തിൽ 5690 തെങ്ങിൻ തൈകൾ നട്ടുകഴിഞ്ഞിട്ടുണ്ട്.

## വിത്തുസംരക്ഷണവും വിളകളുടെ പരിപാലനവും

21 (1462) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിത്തുസംരക്ഷണത്തിനും വിളകളുടെ പരിപാലനത്തിനുമായി കൃഷി വകുപ്പ് നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ വിശദമാക്കാമോ;

(ബി) എല്ലാ കൃഷി ഭവനുകളിലും വിള ആരോഗ്യകേന്ദ്രം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാർഷിക പ്രവർത്തനങ്ങൾ ഏകീകരിക്കുക എന്ന ലക്ഷ്യത്തോടെ ഓരോ ബ്ലോക്കിലും അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) സംസ്ഥാനത്തെ കൃഷി ഭവനുകൾ കാലോചിതമായി നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുൽപ്പാദന ശേഷിയുള്ളതുമായ നെൽവിത്തുകൾ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിയിലൂടെ ഉൽപ്പാദിപ്പിച്ച് കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി മുഖേന കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. നെല്ലിന്റെയും ചെറു ധാന്യങ്ങളുടെയും പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണവും കൃഷിയിടങ്ങളിലെ വ്യാപനവും ലക്ഷ്യമാക്കി 'Scheme for conservation and multiplication of Traditional and Indegeneous varities of Paddy and Millets' എന്ന പ്ലാൻ പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ആധുനിക സൗകര്യങ്ങളോടെയുള്ള വിത്ത് ബാങ്ക് രൂപീകരിക്കുന്നതിനുള്ള പദ്ധതി കൃഷി വകുപ്പ് കാർഷിക സർവ്വകലാശാലയുമായി ചേർന്ന് നടപ്പിലാക്കിവരുന്നു.

കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഒരു ഘടകമാണ് "പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനവും വിത്ത് ഉൽപ്പാദനവും." നാടൻ/പരമ്പരാഗത പച്ചക്കറികളുടെ വിത്ത് ഉൽപ്പാദനവും വിതരണവും വ്യാപിപ്പിക്കുന്നതിനും ജനിതക സമ്പത്ത് നിലനിർത്തുന്നതിനും പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്ത പരമ്പരാഗത പച്ചക്കറി വിളകളുടെ വിത്ത് വ്യാപകമായി ഉൽപ്പാദിപ്പിക്കുന്നതിനും കർഷകർക്ക് വിത്ത് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി വി.എഫ്.പി.സി.കെ. നടപ്പിലാക്കുന്നുണ്ട്. വിളകൾക്കുണ്ടാകുന്ന കീടരോഗബാധ, സസ്യപോഷണത്തിന് ആവശ്യമായ മൂലകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ നിമിത്തമുണ്ടാകുന്ന രോഗങ്ങൾ എന്നിവ അതത് സമയത്ത് ഫീൽഡുതല നിരീക്ഷണങ്ങളിലൂടെ കണ്ടെത്തി യഥാസമയം കർഷകർക്ക് നൽകുക എന്ന ലക്ഷ്യത്തോടെ വിള ആരോഗ്യ പരിപാലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) നിലവിൽ 252 വിള ആരോഗ്യ ക്ലിനിക്കുകൾ കൃഷി ഭവനുമായി ചേർന്ന് സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചുവരുന്നു. പുതിയ 25 വിള ആരോഗ്യ കേന്ദ്രങ്ങൾ കൂടി സ്ഥാപിക്കാനുള്ള നടപടി പൂർത്തിയായിവരുന്നു. ഘട്ടംഘട്ടമായി എല്ലാ കൃഷി ഭവനുകളിലും വിള ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്.

(സി) ഓഫീസ് പ്രവർത്തനങ്ങൾക്കും മെഷിനറി സൂക്ഷിക്കാൻ സ്ഥലം നൽകാൻ താൽപ്പര്യമുള്ള, കൃഷി കൂടുതൽ നടക്കുന്നതും തൊഴിൽ ദൗർലഭ്യം അനുഭവപ്പെടുന്നതും കാർഷിക യന്ത്രവൽക്കരണം സാധ്യമാകുന്നതുമായ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ കാർഷിക പ്രവർത്തനങ്ങൾ സുഗമമായി നടപ്പാക്കുന്നതിന് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) അഗ്രോ സർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി പദ്ധതിയിൽ Infrastructure Support and Block ADA, District level Officer & Krishibhavan for modernisation of plant health clinics എന്ന ഘടകത്തിൽ കൃഷി ഭവനുകളുടെ നവീകരണത്തിന് അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനനുസരിച്ച് ധനസഹായം അനുവദിക്കുന്നു. സംസ്ഥാനത്തെ കൃഷി ഭവനുകളുടെ കാലോചിതമായ നവീകരണവും കൃഷി ഭവനുകൾ കൂടുതൽ കർഷക സൗഹൃദമുള്ള ഓഫീസുകളായി മാറ്റുന്നതിനുംവേണ്ടി 2020-21-ൽ ഈ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് കൃഷി ഭവനുകൾ മുഖേന കമ്പ്യൂട്ടർ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങാനുള്ള അനുവാദം

ലഭ്യമാകുന്നതാണ്. കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളും ഓൺലൈൻ ആയി അപേക്ഷിക്കേണ്ടവയായതിനാൽ കൃഷി ഭവനുകളുടെ നവീകരണം ഒരു അനിവാര്യ ഘടകമാണ്. ഈ നവീകരണത്തിലൂടെ എല്ലാ കർഷകർക്കും നേരിട്ട് കൃഷി ഭവനുകൾ മുഖേന അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കാനുള്ള സൗകര്യം ഉണ്ടാവുന്നതാണ്.

**ആദിവാസി മേഖലകളിലെ കാർഷികോൽപ്പാദനം**

22 (1463) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസിമേഖലകളിലെ കൃഷിക്കും പ്രാദേശികവിളകളുടെ വികസനത്തിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ട്രൈബൽ അഗ്രികൾച്ചറിനായി പ്രത്യേക കാർഷികമേഖല രൂപീകരി ച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ആദിവാസിമേഖലയിലെ കാർഷികോത്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക, പോഷകാഹാരക്കുറവിന് പരിഹാരം കണ്ടെത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ആരംഭിച്ച 'മില്ലറ്റ് വില്ലേജ് 'പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) തികച്ചും ജൈവമായ രീതിയിൽ ഉത്പാദിപ്പിക്കുന്ന ഈ ഉത്പന്നങ്ങളുടെ മാർക്കറ്റിംഗ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ആദിവാസി മേഖലകളിലെ കൃഷിക്കും പ്രാദേശിക വിളകളുടെ വികസനത്തിനുമായി 'Development and promotion of Location Specific Crops' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിപ്രകാരം വിവിധ ജില്ലകളിൽ എള്ള്, നിലക്കടല, കരിമ്പ് എന്നീ വിളകൾ കൃഷി ചെയ്യുന്നു. കൂടാതെ ആദിവാസി മേഖലകളിൽ ചെറുധാന്യങ്ങൾ, പയർ, പച്ചക്കറി, എള്ള്, നിലക്കടല തുടങ്ങിയ കൃഷികളും പ്രോത്സാഹിപ്പിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമുള്ള സാമ്പത്തിക സഹായത്തോടെ 2017-2018 മുതൽ അട്ടപ്പാടി Millet Village എന്ന പ്രത്യേക പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ഇടുക്കി ജില്ലയിലെ ആദിവാസി ഊരിലും ചെറുധാന്യങ്ങളുടെ കൃഷി വ്യാപിപ്പിച്ചുവരുന്നു. ആദിവാസി മേഖലകളിലെ കാർഷികോൽപ്പന്നങ്ങൾ ആദിവാസി വിഭാഗങ്ങൾക്കിടയിലെ പോഷകാഹാരത്തിനുവേണ്ടിയും പ്രയോജനപ്പെടുത്തുന്നുണ്ട്.

(ബി) രൂപീകരിച്ചിട്ടില്ല.

(സി) ആദിവാസി മേഖലയിലെ പോഷാകാഹാരക്കുറവിന് പരിഹാരം കണ്ടെത്തുക, കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 2017-2018 മുതൽ അട്ടപ്പാടി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിപ്രകാരം ചെറുധാന്യങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിന് ആനുകൂല്യങ്ങൾ നൽകിവരുന്നു. ഇതുകൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി ജലസേചനം, വന്യമൃഗങ്ങളിൽനിന്നും സംരക്ഷണത്തിനുള്ള വേലി എന്നിവയ്ക്കായും തുക വകയിരുത്തിയിട്ടുണ്ട്. 2017-18 രണ്ടാം വിളക്കാലത്ത് അഗളി, ഷോളയാർ, പുതൂര് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 45 ആദിവാസി ഊരുകളിലായി 300 ഹെക്ടറിൽ ചെറുധാന്യങ്ങൾ കൃഷി ചെയ്ത് 27.345 MT ധാന്യങ്ങൾ ഉൽപ്പാദിപ്പിച്ചു. 215 ഹെക്ടറിൽ പച്ചക്കറികളും പയറുവർഗ്ഗങ്ങളും കൃഷി ചെയ്ത് 62.68 MT ഉൽപ്പാദനവും ലഭിച്ചു. 2018-19 വർഷത്തിൽ ഒന്നാം വിളക്കാലത്ത് ഇതേ പഞ്ചായത്തുകളിലെ 40 ആദിവാസി ഊരുകളിൽ 225 ഹെക്ടർ സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്യുകയും 69.135 MT ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുകയും ചെയ്തു. കൂടാതെ 260 ഹെക്ടറിൽ പച്ചക്കറികളും പയറുവർഗ്ഗങ്ങളും കൃഷി ചെയ്ത് 447.5 MT ഉൽപ്പാദനം ലഭിച്ചു.

2018-19-ലെ രണ്ടാം വിളക്കാലത്ത് അഗളി, ഷോളയാർ, പുതൂര് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 45 ആദിവാസി ഊരുകളിലായി 240 ഹെക്ടർ സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്യുകയും 94.24 MT ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുകയും 280 ഹെക്ടറിൽ പച്ചക്കറികളും പയറുവർഗ്ഗങ്ങളും കൃഷി ചെയ്ത് 265 MT ഉൽപ്പാദിപ്പിക്കുകയും ചെയ്തു. 2019-2020 ഒന്നാം വിളക്കാലത്ത് 70 ഊരുകളിലായി 450 സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്യുകയും 299.7 MT ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുകയും ചെയ്തു. 310 ഹെക്ടറിൽ പച്ചക്കറികളും പയറുവർഗ്ഗങ്ങളും കൃഷി ചെയ്ത് 399.18 MT ഉൽപ്പാദനം ലഭിച്ചു. 2019-2020 രണ്ടാം വിളക്കാലത്ത് അഗളി, ഷോളയാർ, പുതൂര് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന ആദിവാസി ഊരുകളിലായി 250 ഹെക്ടർ സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്യുകയും 142.25 MT ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുകയും 230 ഹെക്ടറിൽ പച്ചക്കറികളും പയറുവർഗ്ഗങ്ങളും കൃഷി ചെയ്ത് 157.1 MT ഉൽപ്പാദിപ്പിക്കുകയും ചെയ്തു.

ഈ പദ്ധതിപ്രകാരം ആകെ 191 ഊരുകളിൽ 71 ഊരുകളിലുള്ള 1460 കർഷകർക്ക് അവരുടെ പാരമ്പര്യ വിളകളായ ചെറുധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും അവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതിലൂടെ പോഷകാഹാരക്കുറവ് പരിഹരിക്കു

ന്നതിനും കഴിഞ്ഞിട്ടുണ്ട്. ഉൽപ്പാദിപ്പിക്കപ്പെട്ട ധാന്യങ്ങൾ ഊരുകളിലെ ഭക്ഷ്യ ആവശ്യത്തിന് ഉപയോഗിക്കുകയും ബാക്കി ധാന്യങ്ങളായിത്തന്നെ വിൽപ്പന നടത്തുകയുമാണ് ചെയ്തിട്ടുള്ളത്.

(ഡി) ഈ ഉൽപ്പന്നങ്ങൾ ചെറിയ അളവിൽ കോയമ്പത്തൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സഹായത്തോടുകൂടി സംസ്കരിച്ച വിവിധ ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നുണ്ട്. ബാക്കിയുള്ള ധാന്യങ്ങൾ പ്രാദേശിക വിപണന സംവിധാനങ്ങളുടെ സഹായത്തോടെയും കർഷകർ നേരിട്ടും വിൽപ്പന നടത്തുകയാണ്. നാളിതുവരെ 7.968 MT ചെറുധാന്യങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിതരണം ചെയ്തിട്ടുണ്ട്. ഇവ കൂടാതെ വൻപയർ, ചിയ എന്നിവയും ചെറിയ അളവിൽ ഉൽപ്പന്നങ്ങളാക്കി വിതരണം ചെയ്തിട്ടുണ്ട്. മില്ലറ്റ് വില്ലേജ് പദ്ധതി പ്രകാരം ധാന്യങ്ങളും പയറുവർഗ്ഗങ്ങളും സംഭരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിതരണം നടത്തുന്നതിനുള്ള നടപടികൾ ആലോചിച്ചുവരുന്നു. ജൈവ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ജൈവ സർട്ടിഫിക്കേഷൻ ലഭിക്കുന്ന മുറയ്ക്ക് ജൈവ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ സാധിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

23 (1464) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്.-25-ന് കീഴിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി (കെ.എൽ.ഡി.സി. ഉൾപ്പെടെ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരവും അനുവദിച്ച തുകയും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-25 സ്കീമിലുൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിലുൾപ്പെട്ട പാലമേൽ, നൂറനാട് പഞ്ചായത്തുകളിലെ കരിങ്ങാലിച്ചാൽ പുഞ്ചയുടെ ഭാഗമായ തുരുത്തേൽ, നൂറുകോടി, വിളയിൽകടവ്, ചൂരക്കാവിനാൽ, കുതിരകെട്ടുംതടം, കരിങ്ങാലിച്ചാൽ, അമ്പടവം, കരയമുട്ടം എന്നീ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും തഴക്കര പഞ്ചായത്തിലെ കോതറ, പോരടി, പുത്തൻകുളം എന്നീ കുളങ്ങളുടെ നവീകരണത്തിനുമായി 801.27 ലക്ഷം രൂപയുടെ ഭരണാനുമതി കെ.എൽ.ഡി.സി.-ക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതിക ഭരണാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ കെ.എൽ.ഡി.സി. സ്വീകരിച്ചുവരുന്നു.

## കൊരട്ടിച്ചാൽ സംരക്ഷണ നടപടികൾ

24 (1465) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി-കാടുകുറ്റി ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കൊരട്ടിച്ചാൽ സംരക്ഷണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി അനുവദിച്ച ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും, ഇനിയും ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത് എന്നും വ്യക്തമാക്കാമോ;

(സി) കൊരട്ടിച്ചാൽ നവീകരണ-സംരക്ഷണ പ്രവൃത്തികളുടെ രണ്ടാംഘട്ട പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതിയും ഫണ്ടും സർക്കാർ ലഭ്യമാക്കുമോ; വിശദവിവരം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കൊരട്ടി-കാടുകുറ്റി ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കൊരട്ടിച്ചാൽ സംരക്ഷണ നടപടികളുടെ ആദ്യഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

- കനാൽ താഴ്ച കൂട്ടലും ബണ്ട് നിർമ്മാണവും 2225 മീറ്റർ
- 10 മീറ്റർ സ്പാനുള്ള സ്ലൂയിസ് പണി
- രണ്ട് പൈപ്പ് സ്ലൂയിസുകളുടെ നിർമ്മാണം (ട്രാക്ടർ റാമ്പിനുപകരം)
- നാല് പൈപ്പ് സ്ലൂയിസുകളുടെ നിർമ്മാണ പ്രവൃത്തി

ഒന്നാംഘട്ട പദ്ധതിപ്രകാരം നിലവിൽ അനുമതി കിട്ടിയ പ്രവൃത്തികളിൽ രണ്ട് ട്രാക്ടർ റാമ്പുകളുടെ നിർമ്മാണം സ്ഥലം ലഭ്യമല്ലാത്തതിനാൽ പാടശേഖര സമിതിയുടെ ശിപാർശ പ്രകാരം ഉപേക്ഷിച്ചു. പെട്രോനൈറ്റ് സി.സി.കെ. ലിമിറ്റഡ് പൈപ്പ് ലൈൻ കടന്നുപോകുന്ന 76.00 മീറ്റർ ദൂരം കൊരട്ടിച്ചാലിൽ പ്രവൃത്തി ചെയ്യുന്നതിന് അനുമതി ലഭിക്കാത്തതിനാൽ ഒഴിവാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ മറ്റു പ്രവൃത്തികളൊന്നുംതന്നെ ബാക്കിയില്ല.

രണ്ടാം ഘട്ടത്തിൽ പൂരത്തീകരിക്കാനുള്ള പ്രവൃത്തികൾ ഇവയാണ്.

- ജലസംഭരണിയുടെ ആഴം കൂട്ടൽ
- ബണ്ട് നിർമ്മാണം

- 6 മീറ്റർ സ്പാൻ ഉള്ള സ്ലൂയിസ് കം ട്രാക്ടർ പാക്കേജ് നിർമ്മാണം
- റാമ്പ് നിർമ്മാണം
- മെയിൻ ബണ്ടുകളിൽ പൈപ്പ് സ്ലൂയിസുകളുടെ നിർമ്മാണം

(സി) കുലയിടം-കൊരട്ടിച്ചാൽ പാടത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്ക് ജി.ഒ.(എം.എസ്.)നമ്പർ 11/2015/എ.ഡി. തീയതി 22-1-2015 പ്രകാരം 493.5 ലക്ഷം രൂപയുടെ ഭരണാനുമതിയും രണ്ടാംഘട്ട പ്രവൃത്തികൾക്ക് സ്റ്റേറ്റ് അഗ്രികൾച്ചറൽ എഞ്ചിനീയറുടെ ഉത്തരവ് നമ്പർ 2019-2020/2019-17 തീയതി 9-7-2019 പ്രകാരം 264.6 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

**ജൈവപച്ചക്കറി പ്രോത്സാഹനത്തിനായി പ്രാദേശിക സംഘങ്ങൾ**

25 (1466) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജനങ്ങൾക്ക് വിഷരഹിതമായ പച്ചക്കറികളും ജൈവ പച്ചക്കറികളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി പ്രാദേശിക സംഘങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രാദേശിക റസിഡൻസ് അസോസിയേഷനുകളെ പഞ്ചായത്ത് തലത്തിലെ കൃഷി ഭവനുകളുമായി ബന്ധപ്പെടുത്തി ഇതിനായുള്ള ബോധവൽക്കരണവും മറ്റ് പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ രൂപീകരിച്ച കർഷകരുടെ ക്ലസ്റ്ററുകൾ, ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷൻ, ഇക്കോഷോപ്പുകൾ, വിപണി മാർക്കറ്റുകൾ, ആഴ്ച ചന്തകൾ, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റ്, ഹരിത ഗ്രൂപ്പ്, വി.എഫ്.പി.സി.കെ.-യുടെ കീഴിലുള്ള സ്വാശ്രയ സംഘങ്ങൾ, സ്വാശ്രയ വിപണികൾ എന്നിവ മുഖാന്തരം കർഷകർ ഉൽപ്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികൾ, ജൈവ പച്ചക്കറികൾ എന്നിവ ന്യായമായ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

(സി) പ്രാദേശിക റസിഡന്റ്സ് അസോസിയേഷനുകളെ പഞ്ചായത്ത് തലത്തിലെ കൃഷി ഭവനുകളുമായി ബന്ധപ്പെടുത്തി ബോധവൽക്കരണവും മറ്റ് പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി ഭവൻ വഴി റസിഡന്റ്സ് അസോസിയേഷനുകൾക്ക് പഞ്ചായത്തുതലത്തിൽ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. നഗരപ്രദേശങ്ങളിലെ 3-5 വരെയുള്ള റസിഡന്റ്സ് അസോസിയേഷനുകളെ വാർഡുതലത്തിൽ ഫെഡറേറ്റ് ചെയ്ത് ഹരിത ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ഹരിത ഗ്രൂപ്പിനുകീഴിലുള്ള കർഷകരെകൊണ്ട് പച്ചക്കറി കൃഷി നടപ്പിലാക്കുകയും അവർക്കാവശ്യമുള്ള ഉൽപ്പാദനോപാധികൾ ലഭ്യമാക്കുക, കീടരോഗബാധ, മറ്റ് കൃഷിമുറകൾ എന്നിവയെക്കുറിച്ച് കൃഷി ഉദ്യോഗസ്ഥരുടെ സഹായത്താൽ അവബോധം സൃഷ്ടിക്കുക, കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റും സംഭരിച്ച് വിപണനം നടത്തുക എന്നിവയാണ് ഹരിത ഗ്രൂപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

**ജീവനി പദ്ധതി**

26 (1467) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിതമായ പച്ചക്കറി സംസ്ഥാനത്താകെ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് ജീവനി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;വിശദ വിവരം ലഭ്യമാക്കാമോ;

(ബി) സ്കൂളുകളെയും സർക്കാർ ഓഫീസുകൾ ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങളെയും പദ്ധതിയിൽ പങ്കെടുപ്പിക്കുന്നുണ്ടോ;

(സി) സ്കൂളുകളിലും പൊതുസ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികളുടെ വിതരണം എങ്ങനെയാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിഷരഹിതമായ പച്ചക്കറി സംസ്ഥാനത്താകെ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് 2020 ജനുവരി ഒന്ന് മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതുവഴി വീട്ടുവളപ്പിലെ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കാനും ലക്ഷ്യമിടുന്നു. "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയിലൂടെ താഴെപ്പറയുന്ന 21 ഇന പരിപാടിയാണ് ആസൂത്രണം ചെയ്തുവരുന്നത്. (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. ഭൗമസൂചിക പദവി ലഭിച്ച വിത്തുൾപ്പെടെ 100 പരമ്പരാഗത പച്ചക്കറി വിത്തിനങ്ങൾ തെരഞ്ഞെടുത്ത് പ്രചരിപ്പിക്കുക.

2. എല്ലാ വീട്ടിലും കറിവേപ്പില, പപ്പായ, മുരിങ്ങ, പലതരം ചീരകൾ, വാഴ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

3. 2500 സ്കൂളുകളിൽ പച്ചക്കറികൃഷി നടപ്പിലാക്കുക. അതോടൊപ്പം മറ്റ് പൊതു/സ്വകാര്യ സ്ഥാപനങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.

4. ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ 1000 ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.

5. കൃഷി പാഠശാല എന്ന പേരിൽ എല്ലാ കൃഷിഭവനുകളും വഴി കർഷകർക്കുള്ള പരിശീലനവും ബോധവൽക്കരണവും സംഘടിപ്പിക്കുക, ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ബോധവൽക്കരണ ക്ലാസ്സുകൾ, ആരോഗ്യ ക്യാമ്പുകൾ എന്നിവിടങ്ങളിൽ "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്ക് നൽകുക.

6. ഗ്രാമ-നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പിൽ/മട്ടുപ്പാവുകളിൽ 6 ലക്ഷത്തോളം ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.

7. രണ്ട് ലക്ഷത്തോളം കർഷകർ ഉൾപ്പെടുന്ന പ്രവർത്തന മികവുള്ള ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക.

8. നിലവിലുള്ള മഴമറകൾ വിപുലീകരിച്ച് ശക്തിപ്പെടുത്തുന്നതുൾപ്പെടെ 2000 മഴമറകൾക്ക് പ്രോത്സാഹനം നൽകുക.

9. 10000 സൂക്ഷ്മ ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുക (നിലവിലുള്ളത് ഉൾപ്പെടെ)

10. ആദിവാസി മേഖലയിൽ പരമ്പരാഗതമായി കൃഷി ചെയ്തുവരുന്ന പച്ചക്കറി വിളകളുടെ പ്രോത്സാഹനവും കൃഷി പരിപാലനമുറയുടെ ചിത്രീകരണവും.

11. ബ്ലോക്ക് തലത്തിൽ ദ്വൈവാര ഉൽപ്പാദനത്തിനായുള്ള ക്രോപ്പ് കലണ്ടർ തയ്യാറാക്കുക.

12. 25 ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനു (എഫ്.പി.ഒ.) കൾക്കുള്ള പ്രോത്സാഹനം.

13. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള 24x7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ എസ്.എഫ്.എ.സി.-യുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കൽ, പ്രത്യേക പോർട്ടൽ ഉരുത്തിരിച്ചെടുക്കൽ, ദ്വൈവാരിക പ്രസിദ്ധീകരണം, കൃഷി ഇൻഫോ, ഹ്രസ്വ വീഡിയോ (എഫ്.ഐ.ബി.), ന്യൂസ് ലൈറ്റർ (വെജിറ്റബിൾ സെൽ),പ്രതിമാസ ടി.വി. ചാനൽ പരിപാടി എന്നിവ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുത്തി രൂപീകരിക്കുക.

14. 25 അഗ്രി സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ 100-ഓളം കർഷകരുടെ നൂതന കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുക.

15. ആത്മ പദ്ധതിയുടെ നേതൃത്വത്തിൽ 200 ഫാം ഫീൽഡ് സ്കൂൾ പ്രോത്സാഹിപ്പിക്കുക.

16. 400 ബയോ ഫാർമസികളുടെ (നിലവിലുള്ളതുൾപ്പെടെ) അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കർഷകർക്കാവശ്യമായ ജൈവ ഉൽപ്പാദന ഉപാധികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക.

17. കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട പരിശോധന ഫലം സർക്കാർ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

18. നിലവിലുള്ള ബി.എൽ.എഫ്.ഒ. വിപണി, ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ച ചന്ത, ഇക്കോഷോപ്പ് ഉൾപ്പെടെയുള്ള 1000 മാർക്കറ്റുകളെ വിപുലീകരിക്കുക.

19. 50 മൂല്യവർദ്ധിത യൂണിറ്റുകളുടെ വികസനം.

20. പ്രാദേശിക ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി പച്ചക്കറി മേളകളും ചന്തകളും സംഘടിപ്പിക്കുക.

21. കർഷകരുടെ നാടൻ വിത്തുകൾ പരസ്പരം കൈമാറുന്ന വിത്തുകൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുക.

വീട്ടമ്മമാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, കർഷകത്തൊഴിലാളികൾ, ഉപഭോക്താക്കൾ എന്നിവർക്ക് സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിലൂടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനും നടീൽ മുതൽ വിളവെടുപ്പുവരെയുള്ള വിവിധ ഘട്ടങ്ങളിൽ ജൈവ പച്ചക്കറികൃഷിക്ക് അനുവർത്തിക്കേണ്ട കൃഷിമുറകൾക്കും 470 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന/ബോധവത്കരണ പരിപാടിയാണ് കൃഷി പാഠശാല. ഇതുവരെ 1200 പാഠശാലകൾ ആരംഭിക്കുകയും ആയതിന് 29800 കർഷകർ പങ്കെടുക്കുകയുമുണ്ടായി.

ആരോഗ്യത്തിനായി സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പു വരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറ്റീഷ്യൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റ്, ഹരിത കേരള മിഷന്റെ ഉപഘടകമായ സുജലം സുഫലം, പ്രൈമറി ഹെൽത്ത് സെന്റർ, ആരോഗ്യ ക്യാമ്പുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ബോധവൽക്കരണം നടത്തുന്നു. ഈ ബോധവൽക്കരണ പരിപാടിയിൽ ഒരു വ്യക്തിക്ക് ശരാശരി എല്ലാ പോഷകങ്ങളും ലഭിക്കാനുള്ള ഭക്ഷണക്രമത്തെക്കുറിച്ച് (ഹെൽത്തി പ്ലേറ്റ്) അവബോധം നൽകുന്നു.

എല്ലാ വീട്ടുവളപ്പിലും വിഷരഹിത പച്ചക്കറി 365 ദിവസവും ലഭിക്കുന്നതിനായി കീടരോഗ പ്രതിരോധശേഷിയുള്ള പരമ്പരാഗത പച്ചക്കറി ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി മുതലായവ കൃഷി ചെയ്തുവരുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികൾ എന്നിവ കർഷകർക്ക് നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിക്കായുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു. സുരക്ഷിതമായ പഴങ്ങളും പച്ചക്കറികളും നഗര/ഗ്രാമ പ്രദേശത്തെ വീട്ടുവളപ്പുകളിൽ കൃഷി ചെയ്യുക ഇതോടൊപ്പം പ്രദർശനത്തോട്ടം എന്ന നിലയിൽ കേരളത്തിലെ എല്ലാ ജില്ല/ബ്ലോക്ക്/പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലെ ജനപ്രതിനിധികളുടെ അംഗീകരിക്കപ്പെട്ടിട്ടുള്ള മാധ്യമ പ്രവർത്തകരുടെ വാസസ്ഥലത്തോ അവർക്ക് സ്വീകാര്യമായ മറ്റ് ഇടങ്ങളിലോ ജൈവ രീതിയിലുള്ള പോഷക പ്രദർശനത്തോട്ടം നടപ്പിലാക്കിവരുന്നു. ആയതിലേയ്ക്കായി കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി എന്നിവ കൃഷി ചെയ്യുന്നു. ഇതുവരെ 10247 പോഷകത്തോട്ടം ആരംഭിക്കുകയുണ്ടായി.

കർഷകരുടെ കൈവശമുള്ള നാടൻ വിത്തുകൾ പരസ്പരം കൈമാറുന്നതിനുള്ള വിത്തുകൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിലൂടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി 565 ഹെക്ടറിൽ ആരംഭിക്കുകയുണ്ടായി. വിദ്യാലയങ്ങൾ പൊതു/സ്വകാര്യസ്ഥാപനങ്ങൾ (ജയിൽ വളപ്പുകൾ, പോലീസ് സ്റ്റേഷൻ, വി.എച്ച്.എസ്.സി./ഐ.ടി.ഐ. കോളേജുകൾ, അങ്കണവാടി, വയൽ വരമ്പ്) എന്നിവിടങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും സുരക്ഷിത പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു. ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഡിപ്പാർട്ടുമെന്റ് ഫാമുകൾ,

'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ബ്ലോക്ക് ലെവൽ നഴ്സറികൾ, ചെറിയ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മ സേനകൾ എന്നിവ മുഖാന്തരം പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിക്കുകയും അത്തരത്തിൽ 2.5 ലക്ഷം വിത്തു പായ്ക്കറ്റുകളും 185 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്യുകയുണ്ടായി. മറ്റുൽപ്പാദനോപാധികളായ ജൈവവളങ്ങൾ, ചെറിയ കാർഷികോപകരണങ്ങൾ, ജൈവകീടനാശിനി തുടങ്ങിയവ ന്യായവിലയ്ക്ക് ഇക്കോ-ഷോപ്പ്, ഹരിത ഗ്രൂപ്പ്, അഗ്രോ സർവ്വീസ് സെന്റർ എന്നിവ മുഖാന്തരം കർഷകർക്ക് ലഭ്യമാക്കുന്നു.

(ബി) ഉണ്ട്.

(സി) സ്കൂളുകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ അതത് സ്കൂളുകളിലെ ഉച്ചഭക്ഷണത്തിനായും ബാക്കി വരുന്നത് അദ്ധ്യാപകർക്കും മറ്റുദ്യോഗസ്ഥർക്കും വിദ്യാർത്ഥികൾക്കും ഉപയുക്തമാക്കപ്പെടുന്നു. പൊതുസ്ഥലങ്ങളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആവശ്യം കഴിച്ച് ബാക്കിയുള്ളവ ഇക്കോഷോപ്പ്, വിപണി, ആഴ്ച ചന്തകൾ എന്നിവയിലൂടെ വിൽപ്പന നടത്തിവരുന്നു. പ്രാദേശിക ഗ്രാമീണ ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി പച്ചക്കറി മേളകളും ചന്തകളും സംഘടിപ്പിച്ച് വിൽപ്പന നടത്തിവരുന്നു.

## വിഷരഹിത പച്ചക്കറികൾ

27 (1468) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിതമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളിൽ അമിതമായ തോതിൽ രാസകീടനാശിനി പ്രയോഗം നടത്തിയിട്ടുള്ളവ കേരളത്തിന്റെ അതിർത്തികളിൽത്തന്നെ പരിശോധിച്ച് തടയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ജൈവ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

### <u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിഷരഹിതമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിയും കേന്ദ്ര സർക്കാർ 'പരമ്പരാഗത കൃഷി വികാസ് യോജന' പദ്ധതിയും നടപ്പിലാക്കിവരുന്നു.

ജൈവകൃഷിയും ഉത്തമകൃഷി മുറകളും എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടികൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം പരിശോധനാഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. റിപ്പോർട്ടുകളിൽനിന്നും അനുവദനീയമായ അളവിലും (MRL) കൂടുതൽ കീടനാശിനി അവിശിഷ്ടം ഉൽപ്പന്നങ്ങളിൽ അടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കുന്നു. ഇത് പൊതുജനങ്ങളെയും കർഷകരെയും ബോധവൽക്കരിക്കുന്നതിന് സഹായകരമാകുന്നുണ്ട്.

കേരള കാർഷിക സർവ്വകലാശാല പ്രസിദ്ധീകരിച്ച കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ റിപ്പോർട്ടുപ്രകാരം ഇക്കോഷോപ്പിൽനിന്നും ശേഖരിച്ച പച്ചക്കറി സാമ്പിളുകളിൽ മറ്റുള്ളവയെ അപേക്ഷിച്ച് അവശിഷ്ട വിഷാംശം കുറവാണ്. പരമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതിയിൽ APEDA അംഗീകാരമുള്ള ലാബുകളിൽ പഴം, പച്ചക്കറി ഉൾപ്പെടെ 350-ൽ അധികം സാമ്പിളുകൾ 2019-ൽ പരിശോധിക്കുകയും കീടനാശിനി വിമുക്തമെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ബി) കേരളത്തിന്റെ അതിർത്തിയിൽത്തന്നെ പഴം, പച്ചക്കറികൾ പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിലവിൽ കൃഷി വകുപ്പിന്റെ കീഴിൽ സംവിധാനങ്ങൾ ഇല്ല. ഈ വിഷയം കൈകാര്യം ചെയ്യുന്നത് ഭക്ഷ്യ സുരക്ഷാ വകുപ്പാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പ് ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷ വേളകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ പരിശോധനകൾ നടത്തുന്നുണ്ട്.

(സി) സംസ്ഥാനത്ത് ജൈവ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പച്ചക്കറി കൃഷിയിലെ സ്വയംപര്യാപ്തത

28 (1469) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ.യു. ജനീഷ് കുമാർ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തതയോടൊപ്പം വിഷമുക്ത പച്ചക്കറിയുല്പാദനം കൂടി ലക്ഷ്യമിടുന്ന നവീന പദ്ധതിയായ ജീവനിയെ കുറിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സംസ്ഥാനത്തുണ്ടായിരുന്ന പച്ചക്കറി ഉല്പാദന സ്ഥിതിയിൽ നിന്ന് നിലവിൽ കൈവരിച്ച നേട്ടം വിശദമാക്കാമോ;

(സി) കൃഷി ആശ്രയിക്കാവുന്ന ഉപജീവനമാർഗ്ഗമാക്കി പുതു തലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് ഉല്പാദക കമ്പനികൾ, മൂല്യവർദ്ധിതോല്പന്ന വ്യവസായം, ശീതീകൃത സംഭരണ കേന്ദ്രങ്ങൾ, കാർഷികോപകരണങ്ങൾ, നൂതന കൃഷി രീതി മുതലായവ വ്യാപിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

### ഉത്തരം

(എ) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തതയോടൊപ്പം വിഷമുക്ത പച്ചക്കറിയുൽപ്പാദനം കൂടി ലക്ഷ്യമിടുന്ന നവീന പദ്ധതിയാണ് "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം." വീട്ടുവളപ്പിലെ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കാനുമാണ് ജീവനി പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. കീടരോഗ പ്രതിരോധശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, നാടൻ ഇനങ്ങൾ എന്നിവയുടെ കൃഷി വീട്ടുവളപ്പിൽ പ്രോത്സാഹിപ്പിക്കുന്നു. കൃഷി പാഠശാല, ആരോഗ്യ വകുപ്പുമായി സംയോജിച്ചുകൊണ്ടുള്ള ബോധവത്കരണം, നല്ല കാർഷികമുറ അനുവർത്തിച്ചിട്ടുള്ള പച്ചക്കറികളുടെ വിപണനം, പോഷകത്തോട്ടം, വിത്ത് കൈമാറ്റ കൂട്ടായ്മ, ജീവനി-പച്ചക്കറി ഗ്രാമം, ഹരിത ബ്ലോക്ക്, നഗരം-നാമകരണം, 1000 മാർക്കറ്റുകളുടെ വിപുലീകരണം വിദ്യാലയങ്ങളിലും പൊതു/ സ്വകാര്യ സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി, ഹരിത ഗ്രൂപ്പ് എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന പദ്ധതി ഘടകങ്ങൾ. (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2015-2016 വർഷത്തിൽ സംസ്ഥാനത്തുണ്ടായിരുന്ന പച്ചക്കറി കൃഷി വിസ്തൃതി 46500 ഹെക്ടറും ഉൽപ്പാദനം 6.28 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു. 2017-18-ൽ പച്ചക്കറി വിസ്തൃതി 69047 ഹെക്ടറും ഉൽപ്പാദനം 10.01 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നത് 2018-19 സാമ്പത്തിക വർഷം ആയപ്പോഴേയ്ക്കും 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുതിൽനിന്നും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. പച്ചക്കറി വികസന പദ്ധതിവഴി കഴിഞ്ഞ മൂന്ന് വർഷമായി 29336.55 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്യാനും ഉൽപ്പാദനം 4.87 ലക്ഷം മെട്രിക് ടൺ അധികമായി ഉൽപ്പാദിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും അതുവഴി സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും പുതുതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും കൃഷിയെ ഒരു ഉപജീവനമാർഗ്ഗമായി പുതുതലമുറ അംഗീകരിക്കുന്നതിലേയ്ക്കുമായി വിവിധ മൂല്യവർദ്ധിത പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നു. കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകിവരുന്നു. ചെറുകിട-ഇടത്തരം സംരംഭകർക്ക് വ്യവസായ വകുപ്പുമുഖേന നടപ്പാക്കിവരുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വായ്പാധിഷ്ഠിത സബ്സിഡി ഒരു യൂണിറ്റിന് പരമാവധി 50 ലക്ഷം രൂപവരെ ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ വ്യക്തിഗത യൂണിറ്റുകൾ, സ്വയംസഹായ സംഘങ്ങൾ എന്നിവയ്ക്കും എസ്.എഫ്.എ.സി. മുഖേന മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനും ധനസഹായം നൽകുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് തുടങ്ങിയവ ലക്ഷ്യമാക്കി വൈഗ എന്ന പേരിൽ അന്താരാഷ്ട്ര ശിൽപ്പശാലയും പ്രദർശനവും കൃഷി വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. കർഷകരിലും യുവാക്കളിലും കാർഷിക സംരംഭകത്വം വളർത്തുന്നതിന് ഇത്തരം പരിപാടികൾ സഹായകരമാണ്. 2016 മുതൽ ആരംഭിച്ച വൈഗയിൽ പങ്കെടുത്ത 30-ഓളം കർഷകർ/യുവാക്കൾ എന്നിവർക്ക് എസ്.എഫ്.എ.സി. മുഖേന സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്. 2020 ജനുവരിയിൽ തൃശ്ശൂരിൽവച്ച് നടത്തിയ വൈഗയിൽ പങ്കെടുത്ത 25-ഓളം സംരംഭകർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ എസ്.എഫ്.എ.സി. സ്വീകരിച്ചുവരുന്നു.

പുതുതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി വി.എഫ്.പി.സി. കെ.-യുടെ കീഴിൽ സ്വാശ്രയ/സമിതികളുടെ ആഭിമുഖ്യത്തിൽ മൂല്യവർദ്ധിത യൂണിറ്റുകളായ പഴം സംസ്കരണ യൂണിറ്റ്, മരച്ചീനി സംസ്കരണ യൂണിറ്റ്, കട്ട്

വെജിറ്റബിൾ യൂണിറ്റ് എന്നിവ നടപ്പിലാക്കിവരുന്നു. കോട്ടയം ജില്ലയിലെ പാറത്തോട് പ്രവർത്തിക്കുന്ന യൂണിറ്റിൽ വാഴപ്പഴം, പൈനാപ്പിൾ എന്നിവ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി തളിർ എന്ന ബ്രാൻഡിൽ വിതരണം ചെയ്തുവരുന്നു. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി സ്വാശ്രയ കർഷക സമിതിയുടെ കീഴിൽ മരച്ചീനിയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്നുണ്ട്. കേരളീയ വിഭവങ്ങളായ സാമ്പാർ, അവിയൽ, വിവിധയിനം മെഴുക്കുപുരട്ടി, തോരൻ എന്നിവ പാകം ചെയ്യുന്നതിന് പച്ചക്കറികൾ കഷണങ്ങളാക്കി റെഡി ടു കുക്ക് പായ്ക്കറ്റുകളിൽ വിപണനം ചെയ്യുന്നതിന് തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ വെജിറ്റബിൾ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

വയനാട് ജില്ലയിലെ ഇടവക പഞ്ചായത്തിൽ വി.എഫ്.പി.സി.കെ. പായ്ക്ക് ഹൗസിനോടനുബന്ധിച്ച് 10 മെട്രിക് ടൺ ശേഷിയുള്ള ശീതീകരണ സംഭരണ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. കൂടാതെ, തൃശ്ശൂർ ജില്ലയിലെ പരിയാരത്ത് നിർമ്മാണം പൂർത്തീകരിച്ചുവരുന്ന പായ്ക്ക് ഹൗസിനോടനുബന്ധിച്ചും 10 മെട്രിക് ടൺ ശേഷിയുള്ള ശീതീകരണ സംഭരണ കേന്ദ്രം പ്രവർത്തനമാരംഭിക്കുന്നതാണ്. ഇതുകൂടാതെ, സർക്കാരിന്റെ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പലക്കാട് ജില്ലയിലെ പെരുമാട്ടിയിൽ ഒരു വെജിറ്റബിൾ ഡ്രൈയിംഗ് യൂണിറ്റും തിരുവനന്തപുരം ജില്ലയിലെ വെമ്പായത്ത് ഒരു മഞ്ഞൾ സംസ്കരണ യൂണിറ്റും തുടങ്ങുന്നതിനുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, കാക്കനാട് ആരംഭിക്കുന്ന വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോസെസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സെന്ററിനോടനുബന്ധിച്ച് വെജിറ്റബിൾ ഡ്രൈയിംഗ് യൂണിറ്റ്, റൈപ്പനിംഗ് യൂണിറ്റ്, ശീതീകരണ സംഭരണ കേന്ദ്രം എന്നിവ തുടങ്ങുന്നതിനുള്ള അംഗീകാരവും നൽകിയിട്ടുണ്ട്.

കാർഷികോപകരണങ്ങൾ 50 ശതമാനം സബ്സിഡി നിരക്കിൽ കൗൺസിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, പാർട്ടിസിപ്പേറ്ററി ഗാരന്റി സിസ്റ്റം, ഉത്തമ കൃഷിമുറകൾ അനുസരിച്ചുള്ള കൃഷി രീതികൾ, കയറ്റുമതി അധിഷ്ഠിതമായ പഴം-പച്ചക്കറി കൃഷി എന്നിവ വഴി ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനും അതുവഴി പുതുതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കൗൺസിൽ നടപ്പിലാക്കിവരുന്നു. യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതിലേയ്ക്കായി കർഷകർ, കർഷകത്തൊഴിലാളികൾ, സ്വയം സഹായ സംഘങ്ങൾ, സംരംഭകർ തുടങ്ങിയവർക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിലേയ്ക്ക് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (സ്മാം) എന്ന പദ്ധതിയിൽ സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ സംരംഭകർ, സ്വയം സഹായ സംഘങ്ങൾ,

കർഷകരുടെ സംഘങ്ങൾ എന്നിവ വഴി വിവിധങ്ങളായ കാർഷിക യന്ത്രവൽക്കരണ പ്രവൃത്തികൾ കർഷകരിൽ എത്തിക്കുന്നതിനും കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനും കാർഷിക യന്ത്രങ്ങളുടെ ബാങ്കുകൾ രൂപീകരിക്കുന്നതിനും ധനസഹായം നൽകിവരുന്നു. കേരളത്തിലുടനീളം ട്രാക്ടർ, പവർ ടില്ലർ, സെൽഫ് പ്രൊപ്പൽഡ് മെഷീൻ, ട്രാൻസ്പ്ലാന്റർ, കമ്പയിൻഡ് ഹാർവെസ്റ്റർ, പ്രോസെസ്സിംഗ് മെഷിനറി തുടങ്ങി വിവിധ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വളരെ കുറവ് സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ട് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ മഴമറ തുള്ളിനന/തിരിനന, ഇന്നൊവേഷൻ പ്രോജക്ടിലുൾപ്പെടുത്തി അക്വാപോണിക്സ് തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. വേനൽ കാലവും മഴക്കാലവും ഉൾപ്പെടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കാനുള്ള പ്രോത്സാഹനമാണ് മിനി പോളീ ഹൗസും റെയിൻ ഷെൽട്ടറും. ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും ഈർപ്പം നിലനിർത്തുന്നതിനും ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. മത്സ്യകൃഷിയും പച്ചക്കറി കൃഷിയും സംയോജിപ്പിച്ച് നടപ്പിലാക്കുന്ന അക്വാപോണിക്സ് കൃഷിരീതി സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതിയിൽ ഇന്നൊവേഷൻ പ്രോജക്ട് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സബ്സിഡി നൽകി വരുന്നു.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 40-4000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളീ ഹൗസുകൾ നിർമ്മിക്കുന്നതിന് 50 ശതമാനം സബ്സിഡിയും ഹൈടെക് ഫാമിംഗ് പദ്ധതിപ്രകാരം 400 ചതുരശ്ര മീറ്ററും അതിൽ കൂടുതലും വിസ്തീർണ്ണമുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് 70 ശതമാനം സബ്സിഡിയും നൽകിവരുന്നു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് മൊത്തം വിലയുടെ 50 ശതമാനം വരെ ധനസഹായം നൽകിവരുന്നു. കൂടാതെ കാർഷികോൽപ്പന്നങ്ങൾ സംസ്കരിക്കുന്നതിനും തരംതിരിക്കുന്നതിനും പാക്കിംഗിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മാർക്കറ്റുകളിൽ ഒരുക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകും.

വിവിധ ഘടകങ്ങൾക്കുള്ള ധനസഹായം ചുവടെ പറയും പ്രകാരമാണ് :

| ഇനം | ധനസഹായം നിരക്ക് (യൂണിറ്റ് ഒന്നിന്) |
|---|---|
| പായ്ക്ക് ഹൗസ് | 2 ലക്ഷം രൂപ |
| സംയോജിത പായ്ക്ക് ഹൗസ് | സമതല പ്രദേശം - 17.5 ലക്ഷം രൂപ<br>മലയോര പ്രദേശം - 25 ലക്ഷം രൂപ |
| പ്രീക്കൂളിംഗ് യൂണിറ്റ് | സമതല പ്രദേശം - 8.75 ലക്ഷം രൂപ<br>മലയോര പ്രദേശം - 12.5 ലക്ഷം രൂപ |
| കോൾഡ് റൂം (സ്റ്റേജിംഗ്) | സമതല പ്രദേശം - 5.25 ലക്ഷം രൂപ<br>മലയോര പ്രദേശം - 7.5 ലക്ഷം രൂപ |
| മൊബൈൽ പ്രീക്കൂളിംഗ് യൂണിറ്റ് | സമതല പ്രദേശം - 8.75 ലക്ഷം രൂപ<br>മലയോര പ്രദേശം - 12.5 ലക്ഷം രൂപ |
| കോൾഡ് സ്റ്റോറേജ് (ടൈപ്പ് 1) | സമതല പ്രദേശം -0.08 ലക്ഷം/മെട്രിക് ടൺ (5000 മെട്രിക് ടൺ സംഭരണശേഷി) |
| റീഫർ വാൻ | സമതല പ്രദേശം - 9.1 ലക്ഷം രൂപ<br>മലയോര പ്രദേശം - 13 ലക്ഷം രൂപ |
| പ്രൈമറി/മൊബൈൽ / മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ് | സമതല പ്രദേശം - 10 ലക്ഷം രൂപ<br>മലയോര പ്രദേശം - 13.75 ലക്ഷം രൂപ |
| റൈപ്പനിംഗ് ചേംബർ | സമതല പ്രദേശം - 35,000 രൂപ<br>മലയോര പ്രദേശം -50,000 രൂപ |
| പ്രിസർവേഷൻ യൂണിറ്റ് | 1 ലക്ഷം രൂപ |

**നെന്മാറ മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി**

29 (1470) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമടയിൽ അനുവദിച്ച മാംഗോ ഹബ്ബിന്റെ പ്രവർത്തനം ഏത് ഘട്ടംവരെയായെന്ന് വിശദമാക്കാമോ;

(ബി) മാംഗോ ഹബ്ബിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മാംഗോ ഹബ്ബുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമടയിൽ എം.ഐ.ഡി.എച്ച്., ആർ.കെ.വി.വൈ., പി.കെ.വി.വൈ., പി.എം.കെ.എസ്.വൈ. എന്നീ നാലു പദ്ധതികളിലായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ കീഴിൽ 700 ലക്ഷം രൂപയുടെ മാവുകൃഷി വികസനത്തിനായുള്ള പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിവരികയാണ്. മുതലമടയിലെയും പദ്ധതിയിലുൾപ്പെട്ട അനുബന്ധ പഞ്ചായത്തുകളിലെയും മാവുകർഷകരിൽനിന്നും മാങ്ങ ശേഖരിച്ച് വേർതിരിച്ച് സംഭരിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള പാക്ക് ഹൗസ് സ്ഥാപിക്കാനുള്ള പദ്ധതിയാണ് മാംഗോ അഗ്രോ പാർക്ക്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ നിന്നും 20 കോടി രൂപ ലഭ്യമാക്കി നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഇൻകെൽ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ആയതിന്റെ പ്രാഥമിക സ്ഥല പരിശോധന സ്റ്റേറ്റ് സീഡ് ഫാം മുതലമടയിൽ നടത്തിയിട്ടുമുണ്ട്.

മാംഗോ ഹബ്ബിന് സ്ഥലസൗകര്യങ്ങൾ പ്രത്യേകമായി ആവശ്യമായി വരുന്നില്ല. മാംഗോ അഗ്രോ പാർക്കിന് ആവശ്യമായ സ്ഥലം സ്റ്റേറ്റ് സീഡ് ഫാം മുതലമടയിൽ കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽനിന്നും നീക്കിവച്ചിരിക്കുന്ന 7 കോടി രൂപയിൽനിന്നും ആർ.കെ.വി.വൈ. പദ്ധതിപ്രകാരം മാവ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2 ലക്ഷം രൂപ കർഷകർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. 25,78,804 രൂപയുടെ ഭൗതിക ലക്ഷ്യവും കൈവരിച്ചിട്ടുണ്ട്.

## കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

30 (1471) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. സജിമോൻ ജേക്കബ്ബ്, തെരുവ പ്ലാക്കൽവീട്, പുതുവേലി, വെളിയന്നൂർ എന്നയാൾ വീടുവയ്ക്കുവാനായി നിയമപ്രകാരം ഭൂമി സ്വഭാവവ്യതിയാനം വരുത്തുന്നതിന് പാലാ ആർ.ഡി.ഒ.-യ്ക്ക് സമർപ്പിച്ച അപേക്ഷയിൻമേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി വെളിയന്നൂർ കൃഷിഭവനിൽ എന്നാണ് നിർദേശം ലഭിച്ചത്;

(ബി) ഈ ഭൂമിയെ സംബന്ധിച്ച റിപ്പോർട്ട് വെളിയന്നൂർ കൃഷി ആഫീസർ പാലാ ആർ.ഡി.ഒ.-യ്ക്ക് നൽകിയിട്ടുണ്ടോ;

(സി) ടിയാന്റെ അപേക്ഷാവസ്തു 2008-ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡേറ്റാ ബാങ്കിൽ ടി നിയമം നിലവിൽ വന്നശേഷം ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ടോ;

(ഡി) അപ്രകാരം ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ളതാണെങ്കിൽ അപേക്ഷാ വസ്തുവിനെ ടി ഡേറ്റാബാങ്കിൽ കൃഷിയോഗ്യമായ നിലമോ നെൽവയലോ തണ്ണീർത്തടമോ ആയി വിജ്ഞാപനം ചെയ്തിട്ടുണ്ടോ;

(ഇ) 30-5-2017-ലെ റവന്യൂ (പി ) വകുപ്പിലെ 34/17 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള ഡേറ്റാ ബാങ്കിലെ ന്യൂനതകൾ പരിഹരിച്ച് തയ്യാറാക്കിയ പുതിയ ഡേറ്റാ ബാങ്കിൽ അപേക്ഷാവസ്തുവിനെ നിലമോ നെൽവയലോ തണ്ണീർത്തടമോ ആയി വിജ്ഞാപനം ചെയ്യുവാൻ പ്രാദേശിക നിരീക്ഷണ സമിതി ശിപാർശ ചെയ്തിട്ടുണ്ടോ?

### ഉത്തരം

(എ) 12-11-2019-ൽ വെളിയന്നൂർ കൃഷി ഭവനിൽ ലഭിച്ചു.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഗസറ്റ് വിജ്ഞാപനം ചെയ്ത ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നത് നിലവും തണ്ണീർത്തടവും മാത്രമാണ്. എന്നാൽ ടി വസ്തുവിനെക്കുറിച്ചുള്ള അഭിപ്രായക്കുറിപ്പിന്റെ കോളത്തിൽ 10 വർഷത്തിലധികം പ്രായമുള്ള തെങ്ങ്, കമുക് എന്നിവയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രാദേശികതല നിരീക്ഷണ സമിതി നാളിതുവരെയായി ശിപാർശ ചെയ്തിട്ടില്ല.

**ആറന്മുള മണ്ഡലത്തിൽ നെൽകൃഷിയുടെ വർദ്ധന**

31 (1472) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആറൻമുള നിയോജകമണ്ഡലത്തിൽ നെൽകൃഷിയുടെ വിസ്തൃതിയിൽ ഉണ്ടായ വർദ്ധനയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ കാലയളവിൽ നിയോജകമണ്ഡലത്തിൽ നെല്ലുല്പാദനത്തിൽ ഉണ്ടായ വർധനവിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആറന്മുള നിയോജക മണ്ഡലത്തിൽ 277 ഹെക്ടർ നെൽകൃഷിയാണ് ഉണ്ടായിരുന്നത്. നിലവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ 693 ഹെക്ടർ നെൽകൃഷിയുണ്ട്. മൂന്ന് വർഷംകൊണ്ട് 416 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആറന്മുള നിയോജക മണ്ഡലത്തിൽ 277 ഹെക്ടർ സ്ഥലത്തുനിന്നും 1165 മെട്രിക് ടൺ നെല്ലാണ് ഉൽപ്പാദിപ്പിച്ചിരുന്നത്. നിലവിൽ 693 ഹെക്ടറിൽനിന്നും 3810 മെട്രിക് ടൺ നെല്ല് ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. മൂന്ന് വർഷം കൊണ്ട് 2645 മെട്രിക് ടൺ ഉൽപ്പാദന വർദ്ധനവുണ്ടായി. വിസ്തൃതിയിലുണ്ടായ വർദ്ധനവിനുപുറമേ കൃത്യമായ ഇടപെടലുകൾ കാരണം ഉൽപ്പാദനത്തിലും ഉത്പാദനക്ഷമതയിലും വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

**കുട്ടനാട്, അപ്പർ കുട്ടനാട് ഭാഗങ്ങളിലെ നെൽകൃഷി വിളവെടുപ്പ്**

32 (1473) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാട്, അപ്പർ കുട്ടനാട് ഭാഗങ്ങളിൽ നെൽകൃഷി വിളവെടുപ്പ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ വർഷത്തെ വിളവിനേക്കാൾ എത്ര ശതമാനം അധിക ലഭ്യതയാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ;

(സി) സ്വകാര്യമില്ലുകളുടെ ചൂഷണത്തിൽ നിന്ന് നെൽകർഷകരെ സംരക്ഷിക്കുവാൻ സർക്കാർ പ്രഖ്യാപിച്ച ചെങ്ങന്നൂർ പ്രഭുറാം മില്ലിനോട് ചേർന്നുള്ള ആധുനിക നെല്ല് കുത്ത് മില്ല് സ്ഥാപിക്കുന്നതിന്റെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാട്, അപ്പർ കുട്ടനാട് ഭാഗങ്ങളിൽ നെൽകൃഷി വിളവെടുപ്പ് 2020 ഫെബ്രുവരി അവസാനത്തെ ആഴ്ച മുതൽ ആരംഭിക്കുന്നതാണ്.

(ബി) കഴിഞ്ഞ വർഷം പ്രളയം കഴിഞ്ഞുള്ള കൃഷിക്ക് ലഭിച്ച വിളവിനേക്കാൾ അധികം ഈ വർഷം പ്രതീക്ഷിക്കുന്നില്ല. എന്നാൽ ശരാശരി വിളവിനേക്കാൾ ഉദ്ദേശം 10 ശതമാനം വിളവർദ്ധന പ്രതീക്ഷിക്കുന്നു.

(സി) ചെങ്ങന്നൂർ പ്രഭുറാം മില്ലിനോട് ചേർന്ന് ആധുനിക നെല്ലുകുത്ത് മില്ല് സ്ഥാപിക്കുന്നത് പരിഗണനയിലില്ല.

**നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം**

33 (1474) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 27 എ പ്രകാരം വിജ്ഞാപനം ചെയ്യാത്ത ഭൂമിക്ക് സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനായി പാലാ ആർ.ഡി.ഒ.-യിൽ നിന്നും റിപ്പോർട്ടിനായി എത്ര അപേക്ഷകൾ വെളിയന്നൂർ കൃഷി ഭവനിൽ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകൾക്ക് വെളിയന്നൂർ കൃഷി ആഫീസർ പാലാ ആർ.ഡി.ഒ.-യ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഇതിൽ എത്ര അപേക്ഷകരാണ് വീട് വയ്ക്കുന്നതിനായി ഭൂമിക്ക് സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) വെളിയന്നൂർ കൃഷി ഭവനിൽ നിന്നും പാലാ ആർ.ഡി.ഒ-യ്ക്ക് റിപ്പോർട്ട് നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) വെളിയന്നൂർ കൃഷി ആഫീസിൽ നിന്നും ഈ വിഷയം സംബന്ധിച്ച് ആർ.ഡി.ഒ.-യ്ക്ക് റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടെങ്കിൽ ആയവയുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 27 എ പ്രകാരം വിജ്ഞാപനം ചെയ്യാത്ത ഭൂമിക്ക് സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനായി പാലാ ആർ.ഡി.ഒ.-യിൽനിന്നും റിപ്പോർട്ടിനായി 11 അപേക്ഷകൾ വെളിയന്നൂർ കൃഷി ഭവനിൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധം 1 ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 4 ആപേക്ഷകൾക്ക് വെളിയന്നൂർ കൃഷി ആഫീസർ പാലാ ആർ.ഡി.ഒ.-യ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) 10 അപേക്ഷകൾ

(ഡി) പ്രാദേശികതല നിരീക്ഷണ സമിതി സ്ഥല പരിശോധന നടത്തി തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം മാത്രമാണുള്ളത്. ചില അപേക്ഷകളിൽ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ റിപ്പോർട്ട് ലഭ്യമായതിനുശേഷം തീരുമാനമെടുക്കേണ്ടതുണ്ട്.

(ഇ) വെളിയന്നൂർ കൃഷി ഓഫീസിൽനിന്നും ഈ വിഷയം സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് 4 റിപ്പോർട്ടുകൾ നൽകിയിട്ടുള്ളതിന്റെ പകർപ്പ് അനുബന്ധം II ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.*

**കുട്ടനാട്ടിലെ ജലത്തിലുള്ള ലവണാംശത്തിന്റെ വർദ്ധനവ്**

34 (1475) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കുട്ടനാട്ടിലെ ജലത്തിലുള്ള ലവണാംശത്തിന്റെ അളവിൽ ക്രമാതീതമായി വർദ്ധനവുണ്ടാകുന്നുവെന്ന രാജ്യാന്തര കായൽ നില ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ പഠനത്തിൽ കണ്ടെത്തിയെന്ന വാർത്തകളുടെ നിജസ്ഥിതിയെന്താണ്; ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ജലത്തിലെ ലവണാംശത്തിന്റെ വർദ്ധനവ് കുട്ടനാട്ടിലെ നെൽകൃഷിയെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധിക്ക് എപ്രകാരം പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടനാട്ടിലെ ജലത്തിലുള്ള ലവണാംശത്തിന്റെ അളവിൽ ക്രമാതീതമായി വർദ്ധനവുണ്ടായിട്ടുണ്ടെന്ന് രാജ്യാന്തര കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ടി കേന്ദ്രത്തിൽനിന്നും സർക്കാരിൽ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ പരമാവധി 10 മുതൽ 11 ppt വരെ ലവണത്വം രേഖപ്പെടുത്തിയ മേഖലകളിൽ ഇപ്പോൾ ലവണത്വം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സ്ഥിതിവിശേഷമാണുള്ളത്. 2017-18 കാലയളവിൽ ഫെബ്രുവരി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മാസത്തിൽ ബണ്ടിന്റെ തൊട്ടുവടക്കു ഭാഗത്ത് വൈക്കം കായലിൽ പരമാവധി 23.1 ppt വരെ ലവണത്വം രേഖപ്പെടുത്തപ്പെട്ടു. തണ്ണീർമുക്കം ബണ്ട് അടച്ചിരുന്നപ്പോൾ പോലും 2018 ഡിസംബർ, ഏപ്രിൽ മാസങ്ങളിൽ കുട്ടനാടൻ മേഖലയിൽ ലവണാംശം നെൽകൃഷിയെ സാരമായി ബാധിക്കുന്ന തോതിൽ (9.2 ppt) ഉയർന്നിരുന്നു.

(ബി) നെൽകൃഷിക്ക് ഏറ്റവും സുരക്ഷിതമായ ലവണാംശത്തിന്റെ അനുപാതം 1 മില്ലിമോസാണ്. ഈ ലവണാംശം വർദ്ധിക്കുന്നതനുസരിച്ച് വിളവിന് ആനുപാതികമായ കുറവുണ്ടാകുന്നു. 2 ppt-ക്ക് മുകളിൽ പോകുകയാണെങ്കിൽ വിളനാശത്തിന്റെ സാധ്യത കൂടുതലാകുന്നു. 50-90 ദിവസത്തിനുള്ളിൽ പ്രായമായ നെൽച്ചെടിയെ പ്രതികൂലമായി ബാധിക്കുന്നതാണ്. കൂടാതെ മണ്ണിലും ലവണാംശം എത്തപ്പെടുന്നതിനാൽ മണ്ണിന്റെ ഫലഭൂയിഷ്ഠതയെയും ഉത്പാദനക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നതാണ്.

(സി) വെള്ളം കയറ്റി ലവണാംശം കഴുകിക്കളയുകയാണ് പരിഹാരമെങ്കിലും ഇപ്പോൾ കഴുകിയിറക്കാൻ വെള്ളമില്ലാത്ത സാഹചര്യമാണ്. പി.ഐ.പി., കെ.ഐ.പി. ഇറിഗേഷൻ വഴി ഒരു പരിധിവരെ ലവണാംശം കുറയ്ക്കുവാൻ സാധിക്കുന്നതാണ്. മൺസൂണിനുശേഷം കായലിന്റെ ജലനിരപ്പ് കടൽ നിരപ്പിനേക്കാൾ ഉയർത്തി നിർത്താനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. നദികളിൽനിന്നുള്ള വേനൽക്കാല ജലപ്രവാഹം വർദ്ധിപ്പിച്ചും വർഷകൃഷി ചെയ്യാത്ത പാടങ്ങൾ ജലസംഭരണികൾ ആയി നിലനിർത്തി കായലിലെ ജലനിരപ്പുയർത്തിയും ഓര് കയറ്റത്തെ പ്രതിരോധിക്കാം. ഭാവിയിൽ ഓരുകയറ്റം വർദ്ധിക്കുന്ന മാസങ്ങളിൽ (ഫെബ്രുവരി, മാർച്ച്) കൃഷി അവസാനിപ്പിക്കുംവിധം നിർദ്ദേശിക്കപ്പെട്ട കാർഷിക കലണ്ടർ അനുസരിച്ച് കൃഷി ഇറക്കേണ്ടതുണ്ട്. ഇപ്രകാരം കാർഷിക കലണ്ടർ നടപ്പാക്കാനുതകുംവിധം കായൽ നിലങ്ങളുടെ പുറംബണ്ടുകളും മറ്റും ശക്തിപ്പെടുത്തുന്നതുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനവും നടത്തേണ്ടിയിരിക്കുന്നു. കൂടാതെ സമയബന്ധിതമായി ഷട്ടറുകൾ (തണ്ണീർമുക്കം, തോട്ടപ്പള്ളി) വേലിയിറക്ക സമയത്ത് അടയ്ക്കുകയും ഓരുമുട്ടുകൾ ഇടുകയും ചെയ്താൽ ലവണാംശത്തിന്റെ അളവ് നിയന്ത്രിക്കാവുന്നതാണ്. പി.ഐ.പി., കെ.ഐ.പി. കനാൽ വഴിയുള്ള ജലസേചനം കൃത്യസമയത്ത് നടത്തുകവഴി പ്രസ്തുത പ്രതിസന്ധിക്ക് പരിഹാരം കാണാൻ സാധിക്കും. ഇതിനായി മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ സമയോചിതമായ പ്രവർത്തനം ഉറപ്പാക്കുന്നതാണ്.

## നെൽപ്പാടങ്ങളുടെ വിസ്തൃതി വർദ്ധന

35 (1476) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. സി. കമറുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന പാടങ്ങളുടെ വിസ്തൃതിയിൽ വർദ്ധനവ് വന്നിട്ടുണ്ടോ; എങ്കിൽ എത്രത്തോളമെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് അനുമതിയോടെയും അല്ലാതെയും പാടങ്ങൾ നികത്തുന്നുണ്ടെങ്കിലും പാടങ്ങളുടെ വിസ്തൃതിയിലും വിളവിലും വർദ്ധനവുണ്ടാകുന്നതായ കണക്കുകളാണ് പുറത്തുവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) യാഥാർത്ഥ്യ ബോധമില്ലാതെ കണക്കുകൾ സൃഷ്ടിച്ചെടുക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നു. 2017-18 വർഷാന്ത്യത്തോടെ അത് 220449 ഹെക്ടർ ആയി വർദ്ധിച്ചു. 2018-19-ലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നശിച്ചെങ്കിലും 202907 ഹെക്ടർ നെൽകൃഷി നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. നിയമനിർമ്മാണത്തിലൂടെയും ജനപ്രതിനിധികളുടെയും കൃഷി വകുപ്പിന്റെയും സമയോചിതമായ ഇടപെടലുകളിലൂടെയും നിലവിലുള്ള കൃഷിയിടങ്ങളിലെ നെൽകൃഷി നിലനിർത്തുന്നതിനൊപ്പം തരിശുനിലങ്ങൾ കൂടുതലായി കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചതുകൊണ്ടാണ് പാടങ്ങളുടെ വിസ്തൃതിയിലും വിളവിലും വർദ്ധനവുണ്ടാകുന്നത്.

(സി) നെൽകൃഷിയുടെ വിസ്തൃതി സംബന്ധിച്ച കണക്കുകൾ കൃഷി വകുപ്പും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പും വെവ്വേറെ എടുക്കുകയും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കൂട്ടായി പരിശോധിച്ചശേഷമുള്ള അന്തിമ കണക്കാണ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പരാതി ലഭിച്ചാൽ പരിശോധിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## നീര ഉൽപ്പാദനം

36 (1477) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കർഷകർക്ക് പരമാവധി ആദായം ലഭിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കേര കർഷകർക്ക് പ്രയോജനകരമായിട്ടുള്ള നീര ഉൽപ്പാദനം വ്യാപകമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. കേരകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 2019-20 വർഷം കേരകേരളം സമൃദ്ധകേരളം എന്ന പേരിൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. തേങ്ങയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും 0.2 ഹെക്ടർ വീതമുള്ള മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തിവരുന്നു. പദ്ധതിയധിഷ്ഠിത നാളികേര വികസനത്തിനായി 100 ലക്ഷം രൂപ നടപ്പുവർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തി ചെലവഴിച്ചുവരുന്നു. ബ്ലോക്കുതല ക്യാമ്പയിനുകൾ സംഘടിപ്പിച്ച് നാളികേരത്തിന്റെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെയും ഗുണങ്ങൾ പ്രചരിപ്പിച്ച് ഉപയോഗം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെങ്ങുകൃഷിയുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കി ഗവേഷണ പദ്ധതികളിലൂടെ പരിഹാരം കാണാൻ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ

നടപ്പുവർഷം വിനിയോഗിച്ചുവരുന്നു. തെങ്ങിനെ ബാധിക്കുന്ന കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടത്തുന്നതിലേയ്ക്കായി 250 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാധ്യത മനസ്സിലാക്കുന്നതിനും കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി വൈഗ എന്ന പേരിൽ പ്രദർശനവും അന്തർദേശീയ ശിൽപ്പശാലയും കൃഷി വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എസ്.എഫ്.എ.സി. മുഖാന്തരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വൈവിദ്ധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2014-15 മുതൽ 2017-18 വരെ കാലയളവിൽ നീര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എട്ടോളം നാളികേര ഉൽപ്പാദക കമ്പനികൾക്ക് കൃഷി വകുപ്പ് ധനസഹായം നൽകിയിരുന്നു. ആരോഗ്യകരമായ പാനീയം എന്ന നിലയിൽ നീരയെ കൊണ്ടുവരുന്നതിനായി അതിന്റെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതികവിദ്യ, ചേരുവകൾ, ഗുണനിലവാരം എന്നിവ സംബന്ധിച്ച് പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിനും നീരയെ ഒറ്റ ബ്രാന്റായി പൊതുവിപണിയിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നീരയ്ക്ക് അന്തർദ്ദേശിയ ലോഗോ, പരസ്യ വാചകം എന്നിവ തയ്യാറാക്കുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോ മത്സരം നടത്തി തീരുമാനമായിട്ടുണ്ട്. നീരയുടെ ഷെൽഫ് ലൈഫ് കൂട്ടുന്നതിന് ടെട്രാ പാക്കിംഗ് സംവിധാനം കൊണ്ടുവരുന്നതിന് ആലോചനകൾ നടന്നുവരുന്നുണ്ട്. നീരയുടെ ഗുണനിലവാര സ്റ്റാന്റേർഡ് തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയ്ക്ക് അതിന്റെ ഗുണമേന്മ ജനങ്ങളിലെത്തിക്കുന്നതിന് ദേശീയ-അന്തർദ്ദേശീയ തലത്തിൽ വിവിധ മേളകൾ, സെമിനാറുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ നാളികേര വികസന ബോർഡ് സംഘടിപ്പിക്കുന്നുണ്ട്.

**കേരഫെഡ്**

37 (1478) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലയളവിൽ കേരഫെഡുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അഴിമതികൾ ഏതൊക്കെയാണെന്ന വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത അഴിമതിക്കേസ്സുകളിൽ എത്ര പേർക്കെതിരെ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) 2011-16 കാലയളവിൽ കേരഫെഡിൽ പച്ചത്തേങ്ങ സംഭരണം, ഉണക്ക് യന്ത്രങ്ങൾ എന്നിവ വാങ്ങുന്നതിനായും അനുബന്ധ ഷെഡ്ഡുകളുടെ നിർമ്മാണത്തിനായും കരുനാഗപ്പള്ളി, നടുവണ്ണൂർ പ്ലാന്റുകളുടെ ശേഷി വർദ്ധനയ്ക്കുവേണ്ടിയുള്ള യന്ത്രങ്ങളും മറ്റും വാങ്ങുന്നതിനായും ക്ഷണിച്ച ദർഘാസ് നടപടികളിലെ ക്രമക്കേടുകൾ, കരാർ ജീവനക്കാർക്ക് അധിക ശമ്പളം നൽകിയത് തുടങ്ങിയവയുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ സംബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് സെൽ പ്രാരംഭ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

കേരഫെഡിലെ രേഖകൾ അനുസരിച്ച് 2011-2016 കാലയളവിൽ താഴെ പരാമർശിക്കുന്ന പ്രകാരം വിവിധ വിഷയങ്ങളിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു :

1. വിജിലൻസ് എൻക്വയറി നമ്പർ QV.19/2014/SIUI- കേരഫെഡിന്റെ 19-3-2013-ലെ ഭരണസമിതി തീരുമാനമനുസരിച്ച് M/s.AUM Consultancy, Chennai എന്ന സ്ഥാപനത്തെ കേരഫെഡിന്റെ 'Marketing Consultancy' ആയി നിയമിച്ചത് സംബന്ധിച്ച്
2. വിജിലൻസ് കേസ് ക്രൈം നമ്പർ VC/03/2018/SIU-1-മെക്കാനിക്കൽ കൊപ്ര ഡ്രയറുകൾ വാങ്ങുകയും സ്ഥാപിക്കുകയും ചെയ്തത് സംബന്ധിച്ച്.
3. വിജിലൻസ് കേസ് നമ്പർ VC/01/14/SIS-1-2013-2016 കാലയളവിലെ പച്ചത്തേങ്ങാ സംഭരണം സംബന്ധിച്ച്
4. വിജിലൻസ് കേസ് നമ്പർ VC/01/14/SIUI-2013-ൽ ഉപഹാരങ്ങൾ വാങ്ങിയത് വിതരണം ചെയ്തത് സംബന്ധിച്ച്.
5. വിജിലൻസ് കേസ് നമ്പർ VC/04/17/SRT-കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറിയിൽ 2014-ൽ കൊപ്രയാട്ട് യന്ത്രം സ്ഥാപിച്ചത് സംബന്ധിച്ച്.

(ബി) സ്പെഷ്യൽ വിജിലൻസ് സെൽ സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ടിനെത്തുടർന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറായിരുന്ന ശ്രീ. അശോക് കുമാർ തെക്കനെ ഡയറക്ടർ സ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും ടിയാനെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ചേലക്കര കേര ബയോ പാർക്ക് നിർമ്മാണ പുരോഗതി

38 (1479) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച ചേലക്കര കേര ബയോ പാർക്ക് നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി എന്താണെന്ന് അറിയിക്കാമോ;

(ബി) അടിസ്ഥാനസൗകര്യ പ്രവൃത്തികൾ പൂർത്തീകരിച്ച് കേര ബയോ പാർക്ക് എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നബാർഡ് ആർ.ഐ.ഡി.എഫ്.-XXII പദ്ധതിയിലുൾപ്പെട്ട ചേലക്കര കോക്കനട്ട് ബയോപാർക്ക് നിർമ്മാണ പ്രവൃത്തികളിൽ കമ്പിവേലി, ചുറ്റുമതിൽ, സംരക്ഷണ ഭിത്തി നിർമ്മാണം, ഗേറ്റ് എന്നീ പ്രവൃത്തികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമുഖേന പൂർത്തീകരിച്ചിട്ടുണ്ട്. കോക്കനട്ട് ബയോപാർക്ക് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി പി.ഡബ്ല്യു.ഡി. ബിൽഡിംഗ് വിഭാഗത്തെ ഏൽപ്പിക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബയോപാർക്കിന്റെ നിലവിൽ ഭരണാനുമതി നൽകിയ പ്രകാരമുള്ള മറ്റ് പ്രവൃത്തികൾ ഏറ്റെടുത്തുചെയ്യാൻ 19-11-2019-ൽ കൂടിയ മീറ്റിംഗിന്റെ തീരുമാനപ്രകാരം കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെ.എൽ.ഡി.സി. എഞ്ചിനീയർമാർ ഫാം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി കോക്കനട്ട് പാർക്കിനായി തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിലെ ആശയങ്ങൾക്ക് അനുസൃതമായ രീതിയിൽ ഒരു മാസ്റ്റർ പ്ലാൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ മാതൃകയിൽ തയ്യാറാക്കേണ്ടതാണെന്ന് തീരുമാനിച്ചിരുന്നു. ആയതിൻപ്രകാരം കെ.എൽ.ഡി.സി. ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് ആക്ഷൻ പ്ലാൻ, കൺസപ്റ്റ് നോട്ട് എന്നിവ തയ്യാറാക്കി ടി പ്രവൃത്തിക്ക് അനുവാദം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം മീറ്റിംഗിലെ തീരുമാനപ്രകാരം നിർദ്ദിഷ്ട ചേലക്കര ബയോ പാർക്കിലെ സ്ഥലം, മരങ്ങൾ ഉൾപ്പെടെയുള്ള മറ്റ് വസ്തുവകകളുടെ വിശദമായ സർവ്വേ, ഒരു സർവ്വേ ഏജൻസി മുഖേന കെ.എൽ.ഡി.സി. ഉദ്യോഗസ്ഥർ നടത്തിയിട്ടുണ്ട്. ആയതിന്മേലുള്ള തുടർനടപടികൾ പൂർത്തീകരിച്ചുവരുന്നു.

## വ്യത്യസ്ത ഇനം വിളകളുടെ വിത്ത് സംരക്ഷണം

39 (1480) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന വ്യത്യസ്ത ഇനം വിളകളുടെ വിത്ത് സംരക്ഷിക്കുന്നതിന് കൃഷി വകുപ്പിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) കീടബാധയും പ്രതികൂല കാലാവസ്ഥയുംമൂലം തെങ്ങുകൾ നശിക്കുകയും നാളികേര ഉത്പാദനം കുറയുകയും ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ നാട്ടിൽ നൂറ്റാണ്ടുകളായി കൃഷി ചെയ്തിരുന്ന തെങ്ങിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) ഓരോ പ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുസൃതമായ സ്വഭാവമുള്ള വിളകളുടെ വിത്തിനങ്ങൾ സംരക്ഷിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ 'Scheme for Conservation and multiplication of Traditional and Indigeneous varieties of Paddy and Millets' എന്ന പ്ലാൻ പദ്ധതി പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും കൃഷിയിടങ്ങളിലെ വ്യാപനത്തിനും ലക്ഷ്യം വച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു. നെല്ലിന്റെയും ചെറുധാന്യങ്ങളുടെയും പരമ്പരാഗത ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയിലുൾപ്പെടുത്തി ഹെക്ടറിന് 10,000 രൂപ ധനസഹായം കർഷകർക്ക് നൽകിവരുന്നു. ആധുനിക സൗകര്യങ്ങളോടെയുള്ള വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം കൃഷി വകുപ്പ് കേരള കാർഷിക സർവ്വകലാശാലയ്ക്ക് 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു. 2018 മുതൽ 2023 വരെയുള്ള 5 വർഷത്തെ കാലയളവിലേയ്ക്കാണ് വിത്ത് ബാങ്ക് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന വിത്ത് വിഭാഗവും പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രവുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) കേരളത്തിന്റെ ചില പ്രദേശങ്ങളിൽ രോഗപ്രതിരോധശേഷിയും ഉൽപ്പാദനക്ഷമതയുമുള്ള ചില സവിശേഷ തെങ്ങിനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ആദിനാട്, തിരുവനന്തപുരം ജില്ലയിലെ ഇടവ എന്നീ പ്രദേശങ്ങൾ, കാസർഗോഡ് ജില്ലയിലെ ബേഡകം എന്നിവിടങ്ങളിൽ

സവിശേഷതകളുള്ള പരമ്പരാഗത തെങ്ങിനങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം തെങ്ങിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഇനങ്ങളെപ്പറ്റിയുള്ള ശാസ്ത്രീയ പഠനങ്ങൾ സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CPCRI), കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു.

(സി) 'Scheme for Conservation and multiplication of Traditional and Indigenous varieties of Paddy and Millets' പദ്ധതിപ്രകാരം പരമ്പരാഗത ഇനങ്ങളുടെ വിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരം സംഭരിച്ച് മറ്റ് കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നെല്ലിന്റെ നാടൻ/പരമ്പരാഗത/തനതായ ഇനങ്ങളുടെ ഒരു ജനിതക ശേഖരം നിലവിലുണ്ട്. ഇതിൽനിന്നും തെരഞ്ഞെടുത്ത ചില ഇനങ്ങളുടെ വിത്തുകൾ (പറമ്പുവട്ടൻ, തവളക്കണ്ണൻ, തെക്കൻ ചീര, ചെങ്കയമ, കട്ടമോടൻ, കറുത്ത മോടൻ, ചുവന്ന മോടൻ, രക്തശാലി, ചെന്നെല്ല്, ചൊമാല, കല്ലടി ആര്യൻ) ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിത്ത് ലഭ്യമാക്കിവരുന്നു. കൂടാതെ മറ്റിനങ്ങളായ എറവപാണ്ടി, വെള്ളരി, തെക്കൻ ചീമേനി, കവുങ്ങിൻ പൂങ്കുല, തെക്കൻ എന്നിവയുടെയും വിത്തുൽപ്പാദനം നടത്തിവരുന്നുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ ആഭിമുഖ്യത്തിൽ 28 പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുത്പാദനം (ഓരോ പ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുസൃതമായി ഭൗമസൂചിക പദവി ലഭിച്ച പച്ചക്കറി ഇനങ്ങൾ ഉൾപ്പെടെ) തെരഞ്ഞെടുത്ത കർഷകരുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

**കേരഗ്രാമം പദ്ധതി**

40 (1481) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ ഈ രംഗത്ത് വന്നിട്ടുള്ള പ്രകടമായ മാറ്റങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പലവിധ പരസ്യങ്ങളിൽ ആകർഷരായി കർഷകർ ഗുണമേന്മയില്ലാത്ത തെങ്ങിൻ തൈകൾ കൃഷി ചെയ്തു വഞ്ചിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേര കൃഷിയിൽ ഏറ്റവും പ്രധാനപ്പെട്ട ആദ്യ ചുവടുവയ്പ്പ് മെച്ചപ്പെട്ട തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും എന്നുള്ളത് കൊണ്ടുതന്നെ, ലാഭേച്ഛകൂടാതെ പ്രസ്തുത തെങ്ങിൻ തൈകൾ മാത്രം വിതരണം നടത്താൻ സാധിക്കുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തെങ്ങിന്റെ ഇടവിളകൃഷി വർദ്ധിപ്പിക്കാനും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനും കേരഗ്രാമം പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. തെങ്ങുകയറ്റ യന്ത്രങ്ങൾ ലഭ്യമാക്കിയതിലൂടെ തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കാനും കൃത്യസമയത്ത് വിളവെടുപ്പ് നടത്താനും സാധിക്കുന്നുണ്ട്. ജൈവവള യൂണിറ്റുകൾ പദ്ധതിപ്രകാരം ആരംഭിക്കുകയും ജൈവവള ലഭ്യത പദ്ധതി മേഖലയിൽ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും കേരോൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്താനും സാധിച്ചിട്ടുണ്ട്. സംയോജിത കീടരോഗ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ തെങ്ങിനെ ബാധിക്കുന്ന കീടരോഗങ്ങളെ പ്രതിരോധിക്കുവാൻ സാധിച്ചിട്ടുണ്ട്. നാളികേര കൃഷിയുടെ അഭിവൃദ്ധിക്കായി ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, സംയോജിത വിള പരിപാലന മുറകൾ എന്നീ ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ തെങ്ങുകൃഷി മേഖലയിൽ ഉത്തേജനം ഉണ്ടാക്കുന്നതിനും കൃഷി പരിപോഷിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരഗ്രാമം പദ്ധതി സംസ്ഥാനത്താകമാനം ഘട്ടംഘട്ടമായി നടപ്പിൽ വരുത്തുകയാണ്.

(ബി) വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും ലക്ഷ്യമിട്ടുകൊണ്ട് 2019-20 വർഷത്തെ കേര സമൃദ്ധി പദ്ധതിയിലും നാളികേര വികസന കൗൺസിൽ പദ്ധതിയിലും ഉൾപ്പെടുത്തി വിത്തുതേങ്ങാ സംഭരണം നടത്തി കൃഷി വകുപ്പ് ഫാമുകളിലും കോക്കനട്ട് നഴ്സറികളിലും പാകി തെങ്ങിൻതൈ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

**കേരഗ്രാമം പദ്ധതി**

41 (1482) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കേരഗ്രാമങ്ങളാണ് സർക്കാർ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേരഗ്രാമങ്ങളിലൂടെ നാളികേര കൃഷിയിൽ എത്ര ഹെക്ടർ അധികവർദ്ധനവ് വന്നിട്ടുണ്ടെന്നും നിലവിലുള്ള ഉല്പാദനത്തിൽ എത്ര അധികവർദ്ധനവ് വന്നിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) കേരഗ്രാമങ്ങൾക്ക് സർക്കാർ ഇതുവരെയായി എത്ര കോടി രൂപയുടെ സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 236 കേര ഗ്രാമങ്ങളാണ് സർക്കാർ അനുവദിച്ചത്. അവ താഴെപ്പറയും പ്രകാരമാണ്.

| വർഷം | കേരഗ്രാമങ്ങൾ |
|---|---|
| 2014-15<br>2015-16 | 30 |
| 2016-17 | 30 |
| 2017-18 | 44 |
| 2018-19 | 77 |
| 2019-20 | 55 |

(ബി) തുടർച്ചയായ 250 ഹെക്ടർ തെങ്ങുകൃഷിയുള്ള പ്രദേശത്താണ് സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ചുകൊണ്ടുള്ള കേരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്. നാളികേര ഉൽപ്പാദനത്തിലുണ്ടായ വർദ്ധനവ് സംബന്ധിച്ച കേരഗ്രാമം തിരിച്ചുള്ള കണക്കുകൾ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. എങ്കിലും കേന്ദ്ര നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരിച്ച കണക്കുകൾപ്രകാരം 2014-15 വർഷം സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം 48,966 ലക്ഷം നാളികേരം എന്നത് 2018-19 വർഷം 76,313.5 ലക്ഷം നാളികേരമായി വർദ്ധിക്കുന്നതിന് കേരഗ്രാമം പദ്ധതിയും സഹായകരമായിട്ടുണ്ട്.

(സി) 2014-15 മുതൽ 2018-19 വരെ കേരഗ്രാമം പദ്ധതികൾക്കായി 161.5527 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2019-20-ൽ അനുവദിച്ച 43 കോടി രൂപ ചെലവഴിച്ചുവരുന്നു. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | കേരഗ്രാമങ്ങൾ | വിനിയോഗിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| (1) | (2) | (3) |
| 2014-15<br>2015-16 | 30 | 2508.07<br>3565.74 |

| (1) | (2) | (3) |
|---|---|---|
| 2016-17 | 30 | 3718.56 |
| 2017-18 | 44 | 3087.87 |
| 2018-19 | 77 | 3275.03 |
| 2019-20 | 55 | 4300.00 (തുക ചെലവഴിച്ചുവരുന്നു.) |

**കേരഗ്രാമം പദ്ധതി**

42 (1483) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ഏതെല്ലാം; വിശദമാക്കുമോ;

(സി) കേരഗ്രാമം പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ ഷോളയൂർ, മങ്കര, കോങ്ങാട്, പെരുമാട്ടി, കൊഴിഞ്ഞാമ്പാറ, കടമ്പഴിപ്പുറം, കരിമ്പുഴ, കരിമ്പ, പൊറ്റശ്ശേരി, കാരാകുറുശ്ശി, ആലത്തൂർ-എരിമയൂർ, മുതലമട, അനങ്ങനടി, കൊപ്പം, പുതുപ്പരിയാരം-പുതുശ്ശേരി, അലനല്ലൂർ-കോട്ടോപാടം, കൊല്ലങ്കോട്, വടക്കാഞ്ചേരി, കണ്ണമ്പ്ര, തച്ചമ്പാറ, പരദൂർ എന്നീ പഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട, കൊല്ലങ്കോട് എന്നീ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ട്. 2018-19 വർഷം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ മുതലമട പഞ്ചായത്തിൽ നടപ്പുവർഷം രണ്ടാം വർഷ പദ്ധതി സഹായം നൽകിവരുന്നു. 2019-20 വർഷം കൊല്ലങ്കോട് പഞ്ചായത്തിനെ കേരഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഒന്നാം വർഷ പദ്ധതി സഹായവും നൽകിവരുന്നു.

(സി) 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികളും സംയോജിത പരിചരണ മുറകളുടെ ഭാഗമായ തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമെ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

**റബ്ബർ കർഷകർക്കുള്ള സബ്സിഡി**

43 (1484) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ കർഷകർക്കുള്ള സബ്സിഡി നിർത്തലാക്കി പകരം വായ്പ പദ്ധതി നടപ്പാക്കുമെന്ന കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ തീരുമാനം സംസ്ഥാനത്തെ റബ്ബർ കർഷകരെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) മുപ്പത് വർഷം മുമ്പ് റബ്ബർ ബോർഡ് നടപ്പാക്കി പരാജയപ്പെട്ടതുമൂലം ഉപേക്ഷിച്ച പദ്ധതിയാണ് ഇപ്പോൾ വീണ്ടും കൊണ്ടുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റബ്ബർ ബോർഡിലെ ജീവനക്കാരുടെ എണ്ണം പകുതിയായി കുറച്ചും റബ്ബർ ബോർഡിന്റെ പ്രവർത്തനം ഘട്ടം ഘട്ടമായി അവസാനിപ്പിക്കുവാനുമുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ഡി) റബ്ബർ കർഷകർക്ക് ആവർത്തന കൃഷിക്ക് നൽകിക്കൊണ്ടിരുന്ന സബ്സിഡി നിർത്തലാക്കിയതുമൂലം ഉണ്ടായ ബുദ്ധിമുട്ട് കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ കേന്ദ്രവാണിജ്യ മന്ത്രാലയത്തിന്റെ ഇത്തരം തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വായ്പാധിഷ്ഠിത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ റബ്ബർ ബോർഡ് നടത്തിയിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ ഇതുവരെയും രൂപകൽപ്പന നടത്താത്ത സാഹചര്യത്തിൽ ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

(സി) റബ്ബർ ബോർഡിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിനും ഓഫീസുകൾ നിർത്തലാക്കുന്നതിനുമെതിരെ കേന്ദ്ര വാണിജ്യ മന്ത്രിക്ക് രണ്ട്തവണ നേരിൽ നിവേദനം നൽകിയിട്ടുണ്ട്. റബ്ബർ ബോർഡ് പുനഃസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 2019 നവംബറിൽ അംഗീകരിച്ച പദ്ധതിപ്രകാരം റബ്ബർ ബോർഡിലെ ജീവനക്കാരുടെ എണ്ണം ഘട്ടംഘട്ടമായി 2022-23 വർഷത്തോടെ 1649-ൽനിന്നും 905 ആയി കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായി അറിയുന്നു.

(ഡി) ഫണ്ടിന്റെ അപര്യാപ്തതയും മറ്റ് സാങ്കേതിക കാരണങ്ങളും കാരണം റബ്ബർ ബോർഡ് ആവർത്തന കൃഷിക്ക് നൽകിക്കൊണ്ടിരിക്കുന്ന സബ്സിഡി അപേക്ഷകൾ സ്വീകരിക്കുന്നത് കേന്ദ്ര സർക്കാർ തൽക്കാലം തടഞ്ഞുവച്ചിരിക്കുകയാണ്. 1-2-2020-ൽ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ് പ്രകാരം 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് 242 കോടി രൂപ റബ്ബർ ബോർഡിന് വകയിരുത്തിയിട്ടുണ്ട്. സബ്സിഡി വെട്ടിക്കുറച്ചതും അനുവദിക്കാത്തതും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അനുകൂലമായ നടപടി ഉണ്ടായിട്ടില്ല.

## വയനാട് ജില്ലയിൽ പ്രളയത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം

44 (1485) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-ലെയും 2019-ലെയും പ്രളയത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം വയനാട് ജില്ലയിൽ പൂർണ്ണമായും വിതരണം ചെയ്തോ; വിശദമാക്കാമോ;

(ബി) എത്ര രൂപയുടെ നഷ്ടപരിഹാരം ഇതിനകം വിതരണം ചെയ്തു; ഇനി എത്ര രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്യാനുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. 2018-ലെ പ്രളയത്തിൽ സംസ്ഥാനത്തൊട്ടാകെ കുടിശ്ശിക തുകയായി 26 കോടി രൂപയും 2019-ലെ പ്രളയത്തിൽ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 44 കോടി രൂപയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം 46.602873 കോടി രൂപയും അധികമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഇനത്തിൽ 25,99,84,556 രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇനി 3,56,23,410 രൂപ വിതരണം ചെയ്യാനുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 9,48,06,883 രൂപ വിതരണം ചെയ്യാനുണ്ട്.

**പ്രകൃതിക്ഷോഭം മുഖേന കൃഷി നശിച്ച കർഷകർക്കുള്ള ബാങ്ക് വായ്പ**

45 (1486) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭം മുഖേന കൃഷി നശിച്ച കർഷകർക്ക് ബാങ്ക് വായ്പ തിരിച്ചടവിന് ഇളവ് ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുമായി ലഭിച്ച അപേക്ഷകളിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നല്കിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ വാണിജ്യ/ഷെഡ്യൂൾഡ് ബാങ്കുകളിൽ ലഭിച്ചിട്ടുള്ള അർഹമായ എല്ലാ അപേക്ഷകൾക്കും ബാങ്കുകൾ അർഹതപ്പെട്ട മോറട്ടോറിയം, വായ്പാ പുനഃക്രമീകരണം, അധിക വായ്പ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളതായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭം മുഖേന കൃഷി നശിച്ച കർഷകർക്ക് ബാങ്ക് വായ്പാ തിരിച്ചടവിന് ഇളവ് ലഭിക്കുന്നതിനുള്ള ആനുകൂല്യം ലഭിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ ലഭിച്ച 98 അപേക്ഷകളിലും വായ്പാ തിരിച്ചടവിന് ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ച കർഷകരുടെ ലോണുകൾ പുനഃക്രമീകരിക്കാനുള്ള അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ ബാങ്കേഴ്സ് സമിതി യോഗങ്ങളിൽ നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ ലഭിക്കുന്ന അപേക്ഷകളിൽ നിയമാനുസൃതം സാധ്യമായ പരമാവധി ഇളവുകൾ അനുവദിച്ച് വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്.

## ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കൽ

46 (1487) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയുടെ അഭിവൃദ്ധിക്കായി കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണമേന്മയുള്ള വിത്തുകൾ വിതരണം ചെയ്യുന്നതിലൂടെ കാർഷികോത്പ്പാദനം വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുൽപ്പാദനശേഷിയുള്ളതുമായ നെൽവിത്തുകൾ രജിസ്റ്റേഡ് വിത്തുൽപ്പാദന പദ്ധതിയിലൂടെ ഉൽപ്പാദിപ്പിച്ച് കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി മുഖേന കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. വി.എഫ്.പി.സി.കെ., നാഷണൽ സീഡ് കോർപ്പറേഷൻ മുതലായ സർക്കാർ ഏജൻസികളും കർഷകർക്കാവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ കൃഷിഭവനുകൾ മുഖേന നൽകുന്നുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, ബി.എം.എഫ്.സി., കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, സംസ്ഥാനത്തുള്ള ഐ.സി.എ.ആർ. സ്ഥാപനങ്ങൾ എന്നിവ മുഖേനയും ഗുണമേന്മയുള്ള വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) ഗുണമേന്മയുള്ള വിത്തുകൾ വിതരണം ചെയ്തതിലൂടെ വിളകളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, ഡിപ്പാർട്ട്മെന്റ് ഫാമുകൾ, വി.എഫ്.പി.സി.കെ. എന്നിവ ഗുണനിലവാരമുള്ള വിത്ത് ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ

കണക്കുകൾപ്രകാരം ധാന്യവർഗ്ഗ വിളകളുടെ ഉൽപ്പാദനക്ഷമത 2001-02 വർഷത്തിൽ 2148 കിലോ/ഹെക്ടർ ആയിരുന്നത് 2017-18 വർഷത്തിൽ 2681 കിലോ/ഹെക്ടർ ആയി വർദ്ധിച്ചു. ഇതേ കാലയളവിൽ പയർവർഗ്ഗങ്ങളുടെ ഉൽപ്പാദനക്ഷമത 766.8 കിലോ/ഹെക്ടർ ആയിരുന്നത് 972.4 കിലോ/ഹെക്ടർ ആയി വർദ്ധിച്ചു. ഈ വർദ്ധനവിന് വിത്തിന്റെ ഗുണനിലവാരം ഒരു പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. പച്ചക്കറി വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള മറ്റ് വിളകളിലും അത്യുൽപ്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിലൂടെ മെച്ചപ്പെട്ട ഉൽപ്പാദനക്ഷമത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## കൃഷിപ്പണികളിലെ കരാർ സംഘങ്ങൾ

47 (1488) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിപ്പണികളിൽ കരാർ സംഘങ്ങൾ പിടിമുറുക്കുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെൽകൃഷി മേഖലയിലും മറ്റ് കൃഷിയിടങ്ങളിലും തദ്ദേശീയരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇല്ല.

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള കാർഷിക കർമ്മ സേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവിടങ്ങളിലെ രജിസ്റ്റർ ചെയ്ത തദ്ദേശീയരായവർക്ക് അംഗത്വവും പരിശീലനവും നൽകി നെൽകൃഷി മേഖലയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു. എം.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ തൊഴിലുറപ്പ് ജെ.എൽ.ജി. ഗ്രൂപ്പുകൾ മുഖേന 3 വർഷത്തിൽ കൂടുതൽ തരിശിട്ടിരിക്കുന്ന പാടശേഖരങ്ങളിൽ ഒറ്റത്തവണ തരിശുകൃഷി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ പദ്ധതി നടപ്പിലാക്കുകവഴി തദ്ദേശീയരായ കർഷകത്തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു. കൂടാതെ പാടശേഖരങ്ങളുമായി ബന്ധപ്പെട്ട തോടുകൾ വൃത്തിയാക്കൽ, ബണ്ട് നിർമ്മാണം തുടങ്ങിയ പൊതുപ്രവൃത്തികൾക്കും എം.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിലൂടെ തദ്ദേശീയരായ കർഷകത്തൊഴിലാളികൾക്ക് തൊഴിലവസരം ലഭ്യമാക്കിവരുന്നുണ്ട്.

## കർഷക ക്ഷേമനിധി

48 (1489) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച കർഷക ക്ഷേമനിധിയിലേക്ക് അംഗത്വം നല്കി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) അംഗത്വം നൽകുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ ഇവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതി നിലവിൽ വരുന്നതോടെ നിലവിൽ നൽകിവരുന്ന കർഷക പെൻഷൻ എന്താകുമെന്ന് വിശദമാക്കുമോ;

(ഡി) കിസാൻ അഭിമാൻ പദ്ധതി അംഗങ്ങൾ ഭാവിയിൽ ഈ പദ്ധതിയുടെ ഭാഗമാകുമോ; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ഇല്ല. കർഷക ക്ഷേമനിധി നടപ്പിൽവരുത്തുന്നതിനുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കിവരുന്നു. ഇതുസംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ച കഴിഞ്ഞാൽ അംഗത്വം ലഭിക്കുന്നതിനുള്ള അപേക്ഷ കർഷകർക്ക് സമർപ്പിക്കാവുന്നതാണ്.

(സി) നിലവിൽ നൽകിവരുന്ന കർഷക പെൻഷൻ പദ്ധതിയിൽ അംഗമായവർക്ക് ക്ഷേമനിധി മുഖേന സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ തുടർന്നും പെൻഷൻ നൽകുന്നതായിരിക്കും.

(ഡി) കിസാൻ അഭിമാൻ പദ്ധതി അംഗങ്ങൾ ഭാവിയിൽ ഈ പദ്ധതിയുടെ ഭാഗമാകും. ഇവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ നൽകുന്നതായിരിക്കും.

## പ്രകൃതി ദുരന്തങ്ങളിൽ അകപ്പെട്ട കർഷകർ

49 (1490) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങളിൽ സംരക്ഷണം ലഭ്യമാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാനത്തെ എത്ര നെൽകർഷകരെയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ രജിസ്റ്റർ ചെയ്ത കർഷകർ എത്രയാണ്; വ്യക്തമാക്കാമോ;

(സി) പ്രളയദുരന്തത്തിൽ അകപ്പെട്ട എത്ര പേർക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ബാക്കിയുള്ള കർഷകർക്ക് ആശ്വാസ ധനസഹായം എന്നത്തേക്ക് ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2,54,854 നെൽകർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 260 കർഷകർ.

(സി&ഡി) 40,42,200 രൂപയുടെ ക്ലെയിം ലഭിച്ചിട്ടുണ്ട്. തുക അനുവദിച്ചു വരുന്നു.

**കോതമംഗലം താലൂക്കിലെ വന്യമൃഗശല്യംമൂലമുള്ള കൃഷിനാശം**

50 (1491) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ കാട്ടാനകൾ അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യംമൂലം കുട്ടമ്പുഴ, പിണ്ടിമന, കോട്ടപ്പടി ഉൾപ്പെടെ വിവിധ പ്രദേശങ്ങളിൽ കൃഷിനാശം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വന്യമൃഗങ്ങൾ കാർഷിക വിളകൾ നശിപ്പിക്കുന്നത് തടയുന്നതിന് കൃഷി വകുപ്പ് എന്തെങ്കിലും പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ വന്യമൃഗശല്യംമൂലം കോതമംഗലം ബ്ലോക്കിൽ ഉണ്ടായിട്ടുള്ള കൃഷി നാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഇത്തരത്തിൽ വന്യമൃഗശല്യംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരമായി ധനസഹായം അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്രപേർക്ക് ധനസഹായം ലഭ്യമാക്കിയെന്നും എത്ര തുക ധനസഹായം അനുവദിച്ചെന്നും വ്യക്തമാക്കാമോ;

(ഇ) ഇത്തരത്തിൽ വന്യമൃഗ ആക്രമണത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് വേഗത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് കാട്ടുപന്നി, മയിൽ, കുരങ്ങ്, ആന, എരണ്ടപ്പക്ഷി എന്നിവ കാർഷിക വിളകൾക്ക് നഷ്ടമുണ്ടാക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ കർഷകർ ഇലക്ട്രിക് വേലി, പ്ലാസ്റ്റിക് വേലി, വയർ ഉപയോഗിച്ചുള്ള വേലി, തേനീച്ച വേലി, സോളാർ വേലി, പടക്കം പൊട്ടിക്കുക, തീപ്പന്തങ്ങൾ ഉപയോഗിച്ച് ഭയപ്പെടുത്തുക, ഉച്ചത്തിൽ ശബ്ദമുണ്ടാക്കുക, വയലിന് ചുറ്റും കുഴിയെടുക്കുക, പുകയ്ക്കുക എന്നീ മാർഗ്ഗങ്ങൾ അവലംബിക്കാറുണ്ട്. വികർഷണ വസ്തുക്കളായ ആവണക്കെണ്ണ, വെളുത്തുള്ളി മിശ്രിതം, മുളക് മിശ്രിതം എന്നിവയും വന്യമൃഗങ്ങളിൽനിന്നുള്ള സംരക്ഷണത്തിനായി ഉപയോഗിക്കാറുണ്ട്. കേരളത്തിലെ വനം-വന്യജീവി വകുപ്പ് സോളാർ വേലി, വൈദ്യുതി വേലി (electric fencing), elephant trenching, elephant walls എന്നിവ വിളകളെ സംരക്ഷിക്കുന്നതിനുവേണ്ടി നിർമ്മിക്കാറുണ്ട്. സംസ്ഥാന കൃഷി വകുപ്പ് ആത്മ പദ്ധതിയുടെ ഭാഗമായി Ecodon, Borep എന്നീ വികർഷണ വസ്തുക്കൾ ഉപയോഗിച്ചുള്ള ഡെമോൺസ്ട്രേഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്. Ecodon, Borep എന്നിവ കാട്ടുപന്നിയുടെ ശല്യത്തിനെതിരെയാണ് ഉപയോഗിച്ചു വരുന്നത്.

(സി) കോതമംഗലം ബ്ലോക്കിൽ 12 ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

(ഡി&ഇ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം വിള ഇൻഷ്വർ ചെയ്ത കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. ടി പദ്ധതിപ്രകാരം 2 കർഷകർക്കായി 2,37,750 രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. വന്യമൃഗ ആക്രമണത്തിൽ കൃഷി നശിച്ചാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം വേഗത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബണ്ടുകൾ പുനർനിർമ്മിക്കുന്നതിന് നടപടി**

51 (1492) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ തുടർച്ചയായി ഉണ്ടായിട്ടുള്ള പ്രളയത്തിന്റെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ വിവിധ പാടശേഖരങ്ങളിൽ ബണ്ടുകൾ തകർന്നുപോകുകയും കൃഷി ഇറക്കുവാൻ പറ്റാത്ത സാഹചര്യമുണ്ടായതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പാടശേഖരങ്ങളിൽ തകർന്ന പോയിട്ടുള്ള ബണ്ടുകൾ പുനർനിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ പ്രളയത്തിന്റെ ഭാഗമായി തകർന്ന് പോയിട്ടുള്ള പാടശേഖരങ്ങളിലെ ബണ്ടുകൾ അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബണ്ടുകൾ പുനർനിർമ്മിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മണ്ണ് സംരക്ഷണ വകുപ്പിനും കാർഷിക എഞ്ചിനീയറിംഗ് വിഭാഗത്തിനും അറിയിപ്പ് നൽകുകയും അടുത്ത സാമ്പത്തിക വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽ ബണ്ടുകളുടെ പുനരുദ്ധാരണത്തിന് വേണ്ട തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നറിയിക്കുകയും ചെയ്തിട്ടുണ്ട്.

**പ്രളയത്തിൽ കാർഷികമേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങൾ**

52 (1493) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കഴിഞ്ഞ വർഷങ്ങളിൽ നടന്ന പ്രളയ ദുരന്തമുൾപ്പെടെയുള്ള മറ്റു ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനവും സംസ്ഥാനത്തെ കാർഷിക മേഖലയേയും കർഷകരേയും ഏത് രീതിയിൽ ബാധിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഇവമൂലം ഓരോ വർഷവും കർഷകർക്കും കാർഷികമേഖലയ്ക്കുമുണ്ടായ നാശനഷ്ടങ്ങൾ എന്തെല്ലാം എന്നും എത്ര കർഷകരുടെ ജീവൻ നഷ്ടപ്പെട്ടുവെന്നും എത്ര പേർ ആത്മഹത്യ ചെയ്തുവെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കഷ്ടനഷ്ടങ്ങൾക്കും ജീവഹാനി സംഭവിച്ച കർഷക കുടുംബങ്ങൾക്കും സഹായം നല്കാനായി എന്തെല്ലാം കേന്ദ്രസഹായം ആവശ്യപ്പെട്ടു എന്നും ലഭ്യമായത് എന്തെല്ലാമെന്നും വിശദമാക്കാമോ;

(ഡി) ഇവരുടെ കുടുംബ സഹായങ്ങൾക്കും കൃഷിനാശങ്ങൾക്കും വേണ്ടി കേന്ദ്ര ഇൻഷ്വറൻസ്, സംസ്ഥാന ഇൻഷ്വറൻസ് വഴി നല്കിയതുൾപ്പെടെ മറ്റ് എന്തെല്ലാം സഹായങ്ങൾ ഓരോ വർഷവും ഈ സർക്കാർ നൽകി എന്നറിയിക്കാമോ; എത്ര കുടുംബങ്ങൾക്ക് /കർഷകർക്ക് എന്ന് വിശദമാക്കാമോ?

## ഉത്തരം

(എ&ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിലായി സംഭവിച്ച രൂക്ഷമായ വെള്ളപ്പൊക്കം, കാലാവസ്ഥാവ്യതിയാനം, പ്രകൃതിക്ഷോഭങ്ങൾ കാരണമായുണ്ടായ കൃഷിനാശം കാർഷിക മേഖലയേയും കർഷകരെയും വളരെ പ്രതികൂലമായി ബാധിച്ചു. കർഷകരുടെ കൃഷിയിടങ്ങൾ മൊത്തമായും ഭാഗികമായും വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയ അവസ്ഥയും സംസ്ഥാനത്ത് പലയിടങ്ങളിലുമുണ്ടായി. 2016-17-ലെ വരൾച്ച, 2017-18-ലെ തെക്കുപടിഞ്ഞാറൻ, വടക്കുകിഴക്കൻ മൺസൂൺ, പ്രീമൺസൂൺ കാലയളവുകളിലായി 74420 ഹെക്ടർ സ്ഥലത്ത് 1,256 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018-ലെ മഹാപ്രളയത്തിൽ 236649.5 ഹെക്ടർ സ്ഥലത്തായി 18,545.25 കോടി രൂപയുടെ കൃഷിനാശം അടക്കം ആകെ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. 2019-ലെ വരൾച്ചയിൽ 2562 ഹെക്ടർ സ്ഥലത്ത് 82 കോടി രൂപയുടെയും 2019-ലെ പ്രളയത്തിൽ 96241.9 ഹെക്ടർ സ്ഥലത്തായി 1,780.9132 കോടി രൂപയുടെയും നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. 346888 കർഷകരെ ബാധിച്ചിട്ടുണ്ട്. മഹാപ്രളയത്തെത്തുടർന്ന് ഇടുക്കി, വയനാട് ജില്ലകളിൽ 9 കർഷകർ വീതവും കണ്ണൂർ ജില്ലയിൽ 2-ഉം കാസർഗോഡ് ജില്ലയിൽ 1-ഉം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. പ്രളയത്തിൽ ജീവഹാനി സംഭവിച്ച കർഷകരുടെ വിശദാംശങ്ങൾ പ്രത്യേകമായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി&ഡി) പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിന് കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ച 102.00 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു. പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും പ്രകൃതിക്ഷോഭത്തിനുവേണ്ടിയുള്ള കണ്ടിൻജൻസി ഫണ്ട് പദ്ധതിപ്രകാരവും പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി നഷ്ടം ഉണ്ടായതിനും കേടുവന്ന പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ബണ്ടുകളുടെ പുനർനിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനും എസ്.ഡി.ആർ. ഫണ്ടിൽനിന്നും ധനസഹായം നൽകിവരുന്നുണ്ട്. ഇവയ്ക്കുപുറമെ പ്രധാനമന്ത്രി ഫസൽ ബീമ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും അംഗങ്ങളായ കർഷകർക്ക് ധനസഹായം നൽകിവരുന്നുണ്ട്. വിവിധ പദ്ധതികളിൽ നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വന്യമൃഗശല്യംമൂലമുള്ള വിളനാശത്തിന് നടപടി

53 (1494) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വനമേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ വന്യമൃഗശല്യംമൂലം കാർഷിക വിളകൾ നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കർഷകർക്ക് വിളനാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം വിതരണം ചെയ്യാൻ കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്കിന്റെ പരിധിയിൽവരുന്ന കുത്തനൂർ, പട്ടാമ്പി ബ്ലോക്കിലെ കൊപ്പം പഞ്ചായത്ത്, ആലത്തൂർ ബ്ലോക്കിലെ കാവശ്ശേരി പഞ്ചായത്ത്, കിഴക്കഞ്ചേരി പഞ്ചായത്ത്, കൊല്ലങ്കോട് ബ്ലോക്കിലെ കൊല്ലങ്കോട്, പുതുനഗരം പഞ്ചായത്തുകൾ മലമ്പുഴ ബ്ലോക്കിലെ പുതുശ്ശേരി പഞ്ചായത്ത് എന്നിവിടങ്ങളിൽ ആന, മയിൽ, പന്നി തുടങ്ങിയ വന്യമൃഗങ്ങൾ കാർഷിക വിളകൾക്ക് നഷ്ടം വരുത്തുന്നുണ്ട്.

(ബി) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി കൃഷി ഭവൻ പരിധിയിൽ വന്യമൃഗശല്യംമൂലം നശിച്ച ഇൻഷ്വർ ചെയ്ത നെൽകൃഷിക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം കിഴക്കഞ്ചേരി പഞ്ചായത്തിലെ നെൽകൃഷി ഇൻഷ്വർ ചെയ്ത ഒരു കർഷകന് വന്യമൃഗങ്ങളുടെ ആക്രമണംമൂലം നശിച്ച കൃഷിക്ക് 7,000 രൂപ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന വിളനാശങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ നിലവിലെ മാനദണ്ഡങ്ങൾ അനുവദിക്കുന്നില്ല. എന്നാൽ വനം വകുപ്പ് വന്യമൃഗശല്യം കാരണം വിള നശിച്ച കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്.

## പ്രളയത്തിലും മഴക്കെടുതിയിലും കാർഷികരംഗത്തുണ്ടായ നഷ്ടം

54 (1495) ശ്രീ. കെ. എൻ. എ. ഖാദർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2019-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിലും മഴക്കെടുതികളിലും കാർഷിക രംഗത്തുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ബി) കർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആകെ 1,780.9132 കോടി രൂപയുടെ നഷ്ടം കാർഷികരംഗത്തുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും പ്രകൃതിക്ഷോഭത്തിനു വേണ്ടിയുള്ള കണ്ടിൻജൻസി ഫണ്ട് പദ്ധതിപ്രകാരവും പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി നഷ്ടം ഉണ്ടായതിനും കേടുവന്ന പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ബണ്ടുകളുടെ പുനർനിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനും എസ്.ഡി.ആർ. ഫണ്ടിൽനിന്നും ധനസഹായം നൽകിവരുന്നുണ്ട്. ഇവയ്ക്കുപുറമെ പ്രധാനമന്ത്രി ഫസൽ ബീമ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും അംഗങ്ങളായ കർഷകർക്ക് ധനസഹായം നൽകിവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കർഷകർക്കുള്ള ധനസഹായം

55 (1496) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2018-19 വർഷത്തിലെ കാലവർഷക്കെടുതിയിൽ കൃഷി നശിച്ച നെയ്യാറ്റിൻകര നഗരസഭ, പെരുമ്പഴുതൂർ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത കർഷകർക്കുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തുകയാണ് ഓരോ കൃഷിഭവനിൽ നിന്നും കർഷകർക്ക് നൽകേണ്ടതെന്ന് വിശദമാക്കാമോ;

(സി) വിതരണം നടത്തിയ നഷ്ടപരിഹാരത്തുക എത്രയെന്ന് കൃഷിഭവനുകൾ തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 വർഷം കാലവർഷക്കെടുതിയിൽ കൃഷി നശിച്ച നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കർഷകർക്ക് എസ്.ഡി.ആർ.എഫ്. തുകയും ചെങ്കൽ, കുളത്തൂർ കൃഷി ഭവനുകളൊഴികെ സംസ്ഥാന വിള ഇൻഷ്വറൻസ് തുകയും പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. വിള ഇൻഷ്വറൻസിൽ നൽകാനുള്ള ചെങ്കൽ കൃഷി ഭവനിലെ 41,66,800 രൂപയും കുളത്തൂർ കൃഷി ഭവനിലെ 1,13,550 രൂപയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വെയ്സ് ആന്റ് മീൻസ് ക്ലിയറൻസിന് സമർപ്പിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിലെ കുടിശ്ശിക നൽകുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കർഷകർക്ക് ഇനി നൽകാനുള്ള തുകയുടെ കണക്ക് കൃഷി ഭവൻ തിരിച്ച് ചുവടെ ചേർക്കുന്നു :

| കൃഷി ഭവൻ | പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായം കുടിശ്ശിക തുക (രൂപയിൽ) |
|---|---|
| | സ്റ്റേറ്റ് ഫണ്ട് |
| കാരോട് | 459438 |
| ചെങ്കൽ | 13688944 |
| കുളത്തൂർ | 2193095 |
| തിരുപുറം | 1226316 |
| പെരുമ്പഴുതൂർ | 959664 |
| നെയ്യാറ്റിൻകര നഗരസഭ | 5164514 |
| അതിയന്നൂർ | 667201 |

(സി) 2018-19 വർഷം കർഷകർക്ക് വിതരണം നടത്തിയ ദുരിതാശ്വാസ ധനസഹായത്തിന്റെ കണക്ക് കൃഷി ഭവൻ തിരിച്ച് ചുവടെ ചേർക്കുന്നു :

| കൃഷിഭവൻ | പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായം (രൂപയിൽ) | | വിള ഇൻഷ്വറൻസ് (രൂപ) |
|---|---|---|---|
| | സ്റ്റേറ്റ് ഫണ്ട് | എസ്. ഡി.ആർ.എഫ്. | |
| (1) | (2) | (3) | (4) |
| കാരോട് | 0 | 65262 | 852050 |
| ചെങ്കൽ | 0 | 1577226 | 1758600 |

| (1) | (2) | (3) | (4) |
|---|---|---|---|
| കുളത്തൂർ | 0 | 358123 | 1149450 |
| തിരുപുറം | 0 | 185099 | 239600 |
| പെരുമ്പഴുതൂർ | 70805 | 108988 | 1915900 |
| നെയ്യാറ്റിൻകര നഗരസഭ | 410422 | 489882 | 4144000 |
| അതിയന്നൂർ | 648045 | 89919 | 188700 |

**പ്രളയക്കെടുതിയിൽ കാർഷിക മേഖലയിലുണ്ടായ നാശനഷ്ടം**

56 (1497) ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽ കാർഷിക മേഖലയിൽ ഉണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിവിധ വിളകളുടെ അടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(ബി) ഇത്തരം കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ 19,001.84 കോടി രൂപയുടെയും 2019-ൽ 1780.9138 കോടി രൂയുടെയും നാശനഷ്ടമാണ് പ്രളയക്കെടുതിയിൽ കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ളത്. വിവിധ വിളകളുടെ അടിസ്ഥാനത്തിലുള്ള നഷ്ടം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവന ത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്. പുനർജനി പദ്ധതിയിലൂടെ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കാനും സാധിച്ചു. പ്രളയംമൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ്-മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ കർഷകർക്ക് 22.60338 കോടി രൂപയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയുടെ 77 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 75 ലക്ഷം രൂപയുടെ 30 ലക്ഷം തൈകളും സൗജന്യമായി കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പരിഹരിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്റ്റഡ് ഡിസ്ട്രിക്ട്' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.

കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2,126 ലക്ഷം രൂപയും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായി 26.21583 ലക്ഷം രൂപയും മഴക്കെടുതിമൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽനിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പമ്പ് സെറ്റ്, പെട്ടി പറ എന്നിവ റിപ്പയർ ചെയ്യുന്നതിന് 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുക്കൃഷി ആരംഭിക്കുന്നതിനും

വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണത്തിനും നടീൽ വസ്തുക്കളുടെ വിതരണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി.

| പദ്ധതി | 2018-19-ൽ നൽകിയ തുക | 2019-20-ൽ നൽകിയ തുക |
|---|---|---|
| വിള ഇൻഷ്വറൻസ് പദ്ധതി | 51 കോടി | 55.60 കോടി |
| പ്രകൃതിക്ഷോഭം ദുരിതാശ്വാസത്തിനുള്ള സംസ്ഥാന വിഹിതം | 164.51 കോടി | 4.7121576 കോടി |
| എസ്.ഡി.ആർ. ഫണ്ട് | 115.98 കോടി | 1.0614984 കോടി |

**കൃഷിക്കായി കർഷകർക്ക് നൽകുന്ന സബ്സിഡി**

57 (1498) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രധാന കാർഷിക വിളകളായ കപ്പ, വാഴ, ചേമ്പ്, ചേന എന്നിവയ്ക്ക് ഉൽപ്പാദനച്ചെലവിനനുസരിച്ചിട്ടുള്ള വില കർഷകർക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കാർഷിക വിളകൾ ഉത്പാദിപ്പിക്കുന്ന കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) സബ്സിഡിയോടുകൂടി കൃഷി ചെയ്യാൻ സർക്കാർ വായ്പ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കാർഷികോൽപ്പന്നങ്ങളുടെ വില കുറഞ്ഞ് കർഷകർ കടക്കെണി യിലാകുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശി ക്കുന്നത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2019-20 സാമ്പത്തിക വർഷം 'പയർ വർഗ്ഗ, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം' എന്ന പേരിൽ കൃഷി വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കുന്നു. ഇതിൻ പ്രകാരം കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിൽനിന്നും ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ സംഭരിച്ച് തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ (സീഡ് വില്ലേജ്) മൾട്ടിപ്ലൈ ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. 'സീഡ് വില്ലേജ്'-ലെ കർഷകർക്ക് സീഡ് മൾട്ടിപ്ലിക്കേഷൻ പ്രത്യേക ധനസഹായം അനുവദിക്കും. പ്രസ്തുത പ്രവർത്തനങ്ങൾക്കായി പ്രത്യേക പരിശീലനവും നടത്തുന്നു.

(സി) കൃഷി വകുപ്പ് മുഖേന കർഷകർക്ക് വായ്പ നൽകുന്നില്ല. വിവിധ പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന കർഷകർക്ക് സബ്സിഡി മാത്രമേ കൃഷി വകുപ്പ് മുഖേന നൽകുന്നുള്ളൂ.

(ഡി) കാർഷിക ഉല്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടാകുന്ന അവസരങ്ങളിൽ പ്രസ്തുത ഉത്പന്നങ്ങൾ ന്യായമായ വിലയിൽ സംഭരിച്ച് കർഷകരെ രക്ഷിക്കുന്നതിനായി 'വില സ്ഥിരതയ്ക്കായി വിപണി ഇടപെടൽ' എന്ന പദ്ധതി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നു. ഇതിൻപ്രകാരം ഓണം, ക്രിസ്തുമസ്, റംസാൻ, വിഷു തുടങ്ങിയ ഉത്സവ കാലങ്ങളിൽ കർഷകരിൽനിന്നും ഉയർന്ന വില നൽകി പഴം, പച്ചക്കറി ഇനങ്ങൾ സംഭരിക്കുകയും കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന ഓണച്ചന്തകൾ മുഖേന വിപണനം ചെയ്യുന്നു. കൂടാതെ VFPCK-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ 6 മൊത്ത വ്യാപാര വിപണികൾ, എക്കോഷോപ്പുകൾ, ആഴ്ചചന്തകൾ എന്നിവ മുഖേനയും കാർഷികോൽപ്പന്നങ്ങളുടെ വിപണന സൗകര്യം ലഭ്യമാണ്. കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ സപ്ലൈകോ മുഖേന നടത്തുന്ന നെല്ല് സംഭരണം നെൽ കർഷകർക്ക് ഉയർന്ന വില ഉറപ്പാക്കാൻ സഹായിക്കുന്നു. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി' റബ്ബറിന് കിലോയ്ക്ക് 150 രൂപ കർഷകർക്ക് ലഭ്യമാക്കാൻ സഹായിക്കുന്നു.

**പഴവർഗ്ഗകൃഷിക്കും തോട്ടഭൂമിയുടെ പരിരക്ഷ**

58 (1499) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. പി. ജെ. ജോസഫ് :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴവർഗ്ഗ തോട്ടങ്ങൾക്കും തോട്ടങ്ങളുടെ പരിരക്ഷ നൽകാൻ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ തോട്ടങ്ങൾ അടഞ്ഞുകിടക്കുന്നതും തോട്ടവിളകളുടെ തുടർച്ചയായ നഷ്ടവും പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) നാണ്യവിളകളും പഴവർഗ്ഗങ്ങളും ഉൾപ്പെടുന്ന തോട്ടങ്ങളെ സംബന്ധിച്ച് പതിനഞ്ച് ഏക്കറിൽ കൂടുതലായാലും കൈവശം വയ്ക്കാവുന്ന ഭൂമിക്ക് തോട്ടങ്ങളുടെ പരിരക്ഷ കിട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി പഴവർഗ്ഗ വിളകകളുടെയും തോട്ടവിളകളുടെയും വിളവിസ്തൃതി വ്യാപനമാണ് നടപ്പിലാക്കിവരുന്നത്. പഴവർഗ്ഗ വിളകളായ വാഴയ്ക്കും കൈതച്ചക്കയ്ക്കും ഹെക്ടറൊന്നിന് 26,750 രൂപ, ടിഷ്യൂകൾച്ചർ വാഴയ്ക്ക് 37,500 രൂപ, പപ്പായയ്ക്ക് 22,500 രൂപ, മാവ്/പ്ലാവ്-ന് 18,000 രൂപ എന്ന നിരക്കിലും തോട്ടവിളയായ കശുമാവിന് 12,000 രൂപയും വിളവിസ്തൃതി വ്യാപനത്തിന് ധനസഹായമായി നൽകുന്നു.

(ബി) പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളൊന്നുംതന്നെ അടഞ്ഞു കിടക്കുന്നില്ല.

(സി) ഉചിതമായി പരിഗണിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിലെ കൃഷിയോഗ്യമായ തരിശുഭൂമികൾ**

59 (1500) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര ഹെക്ടർ തരിശു ഭൂമികളാണുള്ളത്; ഇവ ഏതെല്ലാം കൃഷി ഭവനുകളുടെ കീഴിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത്തരം തരിശുഭൂമികൾ ആരുടെ ഉടമസ്ഥതയിലാണെന്ന വിവരം കൃഷി ഓഫീസുകൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിലുള്ള തരിശുഭൂമികളിൽ കൃഷിചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിൽ 182 ഹെക്ടർ കൃഷിയോഗ്യമായ തരിശു ഭൂമിയുണ്ടെന്ന് കണക്കാക്കുന്നു. കായംകുളം മണ്ഡലത്തിലെ 5 കൃഷി ഭവനുകളുടെ പരിധിയിലായിട്ടാണ് തരിശുഭൂമി കാണുന്നത്. ദേവികുളങ്ങര കൃഷി ഭവനുകീഴിൽ 50 ഹെക്ടറും കായംകുളം കൃഷി ഭവനുകീഴിൽ 57 ഹെക്ടറും കണ്ടല്ലൂർ കൃഷി ഭവനുകീഴിൽ 20 ഹെക്ടറും പത്തിയൂർ കൃഷി ഭവനു കീഴിൽ 5 ഹെക്ടറും കൃഷ്ണപുരം കൃഷി ഭവനുകീഴിൽ 50 ഹെക്ടറും കൃഷിയോഗ്യമായ തരിശുഭൂമിയുണ്ട്.

(ബി) തരിശുഭൂമികൾ ആരുടെ ഉടമസ്ഥതയിലാണെന്ന വിവരം ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കൃഷ്ണപുരം കൃഷിഭവന്റെ പരിധിയിൽ വരുന്ന തരിശുഭൂമിയിൽ നെല്ല്, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് കൃഷി ഭവനുകളുടെ കൃഷി യോഗ്യമായ തരിശുനിലയങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**പാലക്കാട് ജില്ലയിൽ നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി**

60 (1501) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരിശ്ശായി കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അത് സംബന്ധിച്ച നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ?

ഉത്തരം

(എ) തരിശ്ശായി കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തീവ്രയത്നത്തിന്റെ ഫലമായി പാലക്കാട് ജില്ലയിൽ 225.7418 ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ 12 നിയോജകമണ്ഡലങ്ങളിൽ ആരംഭിച്ച തരിശുകൃഷി സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു :

| നിയോജകമണ്ഡലം | തരിശുകൃഷി സംബന്ധിച്ച കണക്ക് (ഹെക്ടർ) |
|---|---|
| മണ്ണാർക്കാട് | ഇല്ല |
| കോങ്ങാട് | 22 |
| തൃത്താല | 35 |
| പട്ടാമ്പി | 65 |
| ഷൊർണ്ണൂർ | 37.9 |
| ഒറ്റപ്പാലം | 13.7818 |
| മലമ്പുഴ | 4.06 |
| പാലക്കാട് | 1.5 |
| തരൂർ | 2.4 |
| ചിറ്റൂർ | 32.5 |
| നെന്മാറ | 4 |
| ആലത്തൂർ | 7.6 |
| ആകെ | 225.7418 |

## വിള ഇൻഷ്വറൻസ് പദ്ധതി

61 (1502) ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം പല ചെറുകിട കർഷകർക്കും ലഭിക്കുന്നില്ലെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പാടശേഖര സമിതിയുടെ നേതൃത്വത്തിൽ വിള ഇൻഷ്വർ ചെയ്യുന്നതിനു പകരം കർഷകർക്ക് ഓരോരുത്തർക്കും തങ്ങളുടെ കാർഷികവിള നേരിട്ട് ഇൻഷ്വർ ചെയ്യുന്നതിനുള്ള സാഹചര്യം രൂപപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൃഷി ഭവനിൽ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രീമിയം തുക അടച്ച എല്ലാ ചെറുകിട കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(ബി) തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, തേയില, പുകയില, നെല്ല്, ചെറുധാന്യങ്ങൾ, (കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി) മാവ് എന്നീ വിളകളെ ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വിളയ്ക്കുമുള്ള പ്രീമിയം തുക കൃഷി ഭവനിലടച്ച് ടി പദ്ധതിയിൽ അംഗമാകാം.

(സി) നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും സ്വന്തം കൃഷിസ്ഥലം വ്യക്തമായി അതിർത്തി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ കർഷകരുടെ താല്പര്യാർത്ഥം വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്.

**വിള ഇൻഷ്വറൻസ് സംവിധാനം**

62 (1503) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥാ വ്യതിയാനംമൂലം നശിക്കുന്ന വിളകൾക്കുള്ള ഇൻഷ്വറൻസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്മാർട്ട് കാർഡ് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതുസംബന്ധിച്ച് താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതുമൂലം കർഷകർക്ക് ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സ്മാർട്ട് കാർഡ് ഇൻഷ്വറൻസ് സംവിധാനം നടപ്പിലാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## കാർഷികവിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

63 (1504) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാർഷികവിളകൾക്ക് സർക്കാർ നടപ്പാക്കിയ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരത്തുക ലഭിക്കാത്തതുമൂലം കർഷകർ ദുരിതത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാരിന്റെ സാമ്പത്തികസഹായം മാത്രം ആശ്രയിച്ചിരിക്കുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനും നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനും സത്വരനടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) 2019-ലെ പ്രളയം മൂലമുണ്ടായിട്ടുള്ള കൃഷിവിളകളുടെ നാശനഷ്ടങ്ങളുടെ കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഇവയ്ക്ക് വിള ഇൻഷ്വറൻസ് പരിരക്ഷയും, നഷ്ടപരിഹാരത്തുകയും വിതരണം ചെയ്യുന്നത് പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 55.60 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ഇനി നൽകാനുള്ള 44 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019-ലെ പ്രളയംമൂലമുണ്ടായിട്ടുള്ള കൃഷി വിളകളുടെ നാശനഷ്ടങ്ങളുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കർഷക കടാശ്വാസ കമ്മീഷൻ

64 (1505) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ വഴി കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) നിലവിൽ കർഷക കടാശ്വാസം വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ വഴി വിവിധ സഹകരണ ബാങ്കുകളിൽ/സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ള കർഷകർക്കായി ചുവടെ ചേർക്കും പ്രകാരം കടാശ്വാസ തുക അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

| വർഷം | അനുവദിച്ച തുക |
|---|---|
| 2018-2019 | 6,74,71,222 |
| 2017-2018 | 19,76,64,765 |
| 2016-2017 | 20 കോടി |

കൂടാതെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക വായ്പ തിരിച്ചടക്കാനാകാതെ പ്രതിസന്ധിയിലാവുമ്പോൾ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള കർഷകരുടെ വായ്പാ തുകയിൽനിന്നും നിശ്ചിത നിബന്ധനകൾക്ക് വിധേയമായി പരമാവധി അനുവദിക്കുന്ന കടാശ്വാസ തുകയുടെ പരിധി ഒരു ലക്ഷം രൂപയിൽനിന്നും 2 ലക്ഷം രൂപയായി ഉയർത്തി ഉത്തരവായിട്ടുണ്ട്.

(ബി) കർഷക കടാശ്വാസ കമ്മീഷനിൽ ലഭിക്കുന്ന വിശദാംശങ്ങൾ അടങ്ങിയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി എല്ലാ മാസത്തിലും വിവിധ ജില്ലാ ആസ്ഥാനങ്ങളിൽ സിറ്റിംഗ് നടത്തി അർഹരായ അപേക്ഷകർക്ക് കടാശ്വാസം അനുവദിച്ചുവരുന്നു. ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽനിന്നും എടുത്ത വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചുവരുന്നു. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ 2019 ഡിസംബർ 31 വരെ സമയം അനുവദിച്ചിരുന്നു.

**കർഷക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യങ്ങൾ**

65 (1506) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി വയനാട് ജില്ലയിൽ നിന്നും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾ തീർപ്പായി; എത്ര അപേക്ഷകൾ നിരസിച്ചു; ഇനി എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ കർഷക കടാശ്വാസ പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ കടാശ്വാസം കർഷകർക്ക് ലഭ്യമാക്കിയെന്നതിന്റെ വർഷം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(സി) കർഷക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം ലഭിച്ച കർഷകർക്ക് സർക്കാർ ബാങ്കിൽ വിഹിതം അടയ്ക്കാത്തത് കാരണം ഈടുവച്ച രേഖകൾ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര രൂപ വിവിധ ബാങ്കുകൾക്ക് നൽകാനുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർക്ക് കടാശ്വാസത്തിനായി കമ്മീഷനിൽ അപേക്ഷ സമർപ്പിക്കേണ്ട തീയതി 31-12-2019 വരെ ആയിരുന്നു. 2018-19 കാലയളവിൽ വയനാട് ജില്ലയിൽനിന്നും കടാശ്വാസത്തിന് പരിഗണിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ സൂക്ഷ്മ പരിശോധന നടത്തി യോഗ്യമായ 3558 എണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 1678 എണ്ണം കടാശ്വാസ ആനുകൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി സിറ്റിംഗിനായി സമർപ്പിച്ചിട്ടുണ്ട്. ഇനി ആറായിരത്തോളം അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി യോഗ്യമായ അപേക്ഷകൾ കണ്ടെത്തേണ്ടതുണ്ട്. രജിസ്റ്റർ ചെയ്ത അപേക്ഷകളിൽ ഇനി 1880 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ പദ്ധതി പ്രകാരം കർഷകർക്ക് ലഭ്യമാക്കിയ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | കമ്മീഷൻ ശിപാർശ ചെയ്ത തുക | സർക്കാർ അനുവദിച്ച തുക |
|---|---|---|
| 2016-17 | 11,76,26,021 | 20,00,00,000 |
| 2017-18 | 10,99,82,209 | 19,76,74,265 |
| 2018-19 | 12,60,42,674 | 6,74,71,222 |
| 2019-20(2019 ഡിസംബർ വരെ) | 14,20,84,589 | 17,34,63,192 |
| ആകെ | 495735493 | 638608679 |

(സി&ഡി) കടാശ്വാസം ലഭിച്ച കർഷകൻ തന്റെ വിഹിതം അടച്ചുകഴിഞ്ഞാൽ ബാങ്കിൽ ഈടായി നൽകിയിരുന്ന രേഖകൾ കാലതാമസം കൂടാതെ തിരിച്ച് നൽകണമെന്ന് കമ്മീഷന്റെ ഉത്തരവിൽത്തന്നെ വ്യക്തമാക്കാറുണ്ട്.

## ചെറുകിട ഇടത്തരം കർഷകരെ സഹായിക്കുന്നതിന് നടപടി

66 (1507) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണപ്പണയ കാർഷിക വായ്പകൾ ഉടൻ തന്നെ കിസാൻ ക്രെഡിറ്റ് കാർഡ് മുഖേനയാക്കണമെന്നാവശ്യപ്പെട്ട് ഇടപാടുകാർക്ക് ബാങ്കുകൾ നോട്ടീസ് നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ ചെറുകിട ഇടത്തരം കർഷകരെ സഹായിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ബാങ്കുകൾ വായ്പകൾ നൽകുന്നത് നിർത്തിവയ്ക്കുകയും നേരത്തെ നൽകിയ വായ്പകൾക്ക് നോട്ടീസ് നൽകുകയും ചെയ്യുന്നത് കാർഷിക മേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കിസാൻ ക്രെഡിറ്റ് കാർഡ് വഴി ഒരു ലക്ഷം രൂപയുടെ വായ്പ ലഭിക്കണമെങ്കിൽ സ്വന്തം പേരിൽ അര ഏക്കർ ഭൂമിയെങ്കിലും വേണമെന്ന വ്യവസ്ഥ സംസ്ഥാനത്തെ പാട്ടക്കൃഷിക്കാരെയും ചെറുകിട ഗ്രൂപ്പ് ഫാമിംഗ് കൃഷിക്കാരെയും ദോഷകരമായി ബാധിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കൃഷി വകുപ്പ് പരിഹാരം നിർദ്ദേശിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്കുകൾ എല്ലാംതന്നെ സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പ ഇപ്പോഴും തുടരുന്നുണ്ട്. എന്നാൽ നിലവിൽ കേന്ദ്ര സർക്കാർ നൽകിവരുന്ന ഹ്രസ്വകാല വിള ഉല്പാദന കാർഷിക വായ്പകൾക്കുള്ള പലിശ സബ്സിഡികൾ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ വായ്പയെടുത്തിട്ടുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട ഇടത്തര കർഷകരെ സഹായിക്കാനുള്ള നടപടികൾ കൃഷി വകുപ്പ് വഴി സ്വീകരിച്ചുവരുന്നു. പലിശ സബ്സിഡിയില്ലാതെ സ്വർണ്ണപ്പണയ കാർഷിക വായ്പ തുടരാവുന്നതാണ്. സഹകരണ മേഖലയിലെ കാർഷിക വായ്പകളും കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാറുടെ 17/2017 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കാർഷിക ആവശ്യങ്ങൾക്കായി നൽകുന്ന സ്വർണ്ണപ്പണയ വായ്പ ബാങ്കുകൾ നിർത്തലാക്കിയിട്ടില്ല. ബാങ്കുകൾ എല്ലാംതന്നെ സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പ ഇപ്പോഴും തുടരുന്നുണ്ട്. എന്നാൽ നിലവിൽ കേന്ദ്ര

സർക്കാർ നൽകിവരുന്ന പലിശ സബ്സിഡികൾ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ വായ്പ എടുത്തിട്ടുള്ളവർക്കുമാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. 2019 ഒക്ടോബർ 1 മുതൽ സ്വർണ്ണപ്പണയ കാർഷിക വായ്പ എടുത്തിട്ടുള്ള ഉപഭോക്താക്കൾ കിസാൻ ക്രെഡിറ്റ് പദ്ധതി പ്രകാരം അർഹരാണെങ്കിൽ സ്വർണ്ണപ്പണയ കാർഷിക വായ്പ ബാങ്കുകളുടെ നിബന്ധന പ്രകാരം കിസാൻ ക്രെഡിറ്റ് കാർഡ് മുഖേനയാക്കി മാറ്റുന്നപക്ഷം തുടർന്നും പലിശ സബ്സിഡിക്ക് അർഹരായിരിക്കും. ഇതിനായി ബാങ്ക് ശാഖകളെ സമീപിച്ച് കർഷകർ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം പലിശ സബ്സിഡികൾ ഇല്ലാതെ സ്വർണ്ണപ്പണയ കാർഷിക വായ്പ തുടരാവുന്നതാണ്. ഇക്കാര്യം സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കാൻ കൃഷി വകുപ്പിന്റെ നിർദ്ദേശപ്രകാരം പത്രപ്പരസ്യങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ എല്ലാ കർഷകർക്കും കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കാൻ ഉള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിനായി കൃഷി ഭവൻ തലത്തിൽ ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്. അർഹരായ ചെറുകിട ഇടത്തര കർഷകർക്ക് കൃഷി ആവശ്യത്തിനായി എടുക്കുന്ന സ്വർണ്ണപ്പണയ വായ്പയ്ക്കും പലിശ സബ്സിഡി നൽകണമെന്ന് ബാങ്ക് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബാങ്ക് വായ്പകൾ സംബന്ധിച്ച പ്രശ്നങ്ങളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഇടപെടുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി യോഗങ്ങളിൽ അവതരിപ്പിച്ച ബാങ്ക് അധികൃതരുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്.

(സി) ഒരു ലക്ഷം രൂപയുടെ വായ്പ ലഭിക്കണമെങ്കിൽ സ്വന്തം പേരിൽ അര ഏക്കർ ഭൂമിയെങ്കിലും വേണമെന്ന ഒരു പൊതുവ്യവസ്ഥ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ ഇല്ല. ഒറ്റയ്ക്കും കൂട്ടായും കിസാൻ ക്രെഡിറ്റ് കാർഡ് വായ്പ ലഭ്യമാണ്. കൃഷി ചെയ്യുന്ന ഭൂമിയുടെ അളവ്, ചെയ്യുന്ന കൃഷി, അതിനുള്ള കൃഷിച്ചെലവ്, വിളവെടുപ്പിനുശേഷമുള്ള സംഭരണം, മറ്റ് ചെലവുകൾ, കർഷക കുടുംബത്തിന്റെ ഉപഭോഗ ആവശ്യം എന്നിവ കണക്കിലെടുത്താണ് കിസാൻ ക്രെഡിറ്റ് കാർഡ് വഴി കാർഷിക വായ്പ അനുവദിക്കുന്നത്. ഓരോ ജില്ലയിലും ഓരോ വിളകൾക്ക് പ്രത്യേകമായ വായ്പാ തോത് (scale of finance) നിശ്ചയിച്ചിട്ടുണ്ട്. കൃഷിച്ചെലവ് നിർണ്ണയിക്കുന്നത് ജില്ലാതലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ്. ഇവയുടെയൊക്കെ അടിസ്ഥാനത്തിലാണ് വായ്പാതുക നിശ്ചയിക്കുന്നത്.

## കിസാൻ ക്രെഡിറ്റ് കാർഡുടമകൾക്ക് മാത്രം സ്വർണ്ണപ്പണയ കൃഷിവായ്പ നൽകാനുള്ള കേന്ദ്ര സർക്കാർ തീരുമാനം

67 (1508) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ള കർഷകർ എത്രയെന്നും കാർഷിക മേഖലയെയും കൃഷിയെയും ആശ്രയിച്ച് ജീവിക്കുന്നവർ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇവർക്ക് നിലവിൽ ലഭ്യമാകുന്ന കുറഞ്ഞ പലിശയ്ക്കുള്ള വായ്പകൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(സി) കാലാകാലങ്ങളായി നൽകിവരുന്ന 4% പലിശനിരക്കിലുള്ള സ്വർണ്ണപ്പണയ കൃഷിവായ്പ കിസാൻ ക്രെഡിറ്റ് കാർഡുള്ളവർക്കുമാത്രം നൽകിയാൽ മതിയെന്ന കേന്ദ്രസർക്കാർ തീരുമാനം സംസ്ഥാനത്തെ എത്ര പേരെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രകൃതിദുരന്തങ്ങളിൽപ്പെട്ട് കാർഷിക മേഖല നട്ടം തിരിയുന്ന ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ പ്രസ്തുത കർഷകവിരുദ്ധ തീരുമാനം നടപ്പാക്കുന്നതിനെതിരെ സ്വീകരിച്ചുവരുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2019 ഡിസംബർ 31 വരെ സംസ്ഥാനത്ത് ബാങ്കുകൾ നിലവിൽ 1626212 കിസാൻ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകൾ നൽകിയിട്ടുള്ളതായാണ് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയിലെ വിവരം. 6-2-2020 വരെ സംസ്ഥാനത്തെ കൃഷിഭവനുകളിൽ കർഷക രജിസ്ട്രേഷൻ ചെയ്ത കർഷകരുടെ എണ്ണം 1975658 ആണ്. സഹകരണ വകുപ്പിനുകീഴിൽ, കിസാൻ ക്രെഡിറ്റ് കാർഡുള്ള കർഷകരുടെ വിവരം ചുവടെ ചേർക്കുന്നു :

| നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 25276 |

| (1) | (2) | (3) |
|---|---|---|
| 2 | കൊല്ലം | 17473 |
| 3 | പത്തനംതിട്ട | 1054 |
| 4 | ആലപ്പുഴ | 2384 |
| 5 | കോട്ടയം | 2684 |
| 6 | ഇടുക്കി | 34600 |
| 7 | എറണാകുളം | 60725 |
| 8 | തൃശ്ശൂർ | 50250 |
| 9 | പാലക്കാട് | 28575 |
| 10 | മലപ്പുറം | 22891 |
| 11 | കോഴിക്കോട് | 133 |
| 12 | വയനാട് | 29860 |
| 13 | കണ്ണൂർ | 63299 |
| 14 | കാസർഗോഡ് | 39383 |
| | ആകെ | 378587 |

(ബി) കർഷകർക്ക് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും വേണ്ട സമയത്തും അളവിലും ലളിതമായ നടപടികളിലൂടെയും കിസാൻ ക്രെഡിറ്റ് കാർഡിലൂടെ ബാങ്ക് വായ്പ പ്രദാനം ചെയ്യുന്നു. നിലവിൽ കിസാൻ ക്രെഡിറ്റ് കാർഡ് മുഖേനയുള്ള കാർഷിക വായ്പകൾക്ക് കേന്ദ്ര സർക്കാർ 2% പലിശയിളവ് നൽകുന്നതോടൊപ്പം കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3% താങ്ങ് പലിശയിളവും നൽകുന്നു. ഇത്തരത്തിൽ കർഷകർക്ക് കുറഞ്ഞ പലിശനിരക്കായ 4%-ൽ വായ്പ ലഭിക്കുന്നു.

വിവിധയിനങ്ങളിലുള്ള കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പൂർണ്ണമായി പലിശയിളവോടുകൂടിയുമാണ് സഹകരണ ബാങ്കുകൾ മുഖേന നൽകിവരുന്നത്.

(സി) പരിശോധിച്ചിട്ടുണ്ട്. എസ്.എൽ.ബി.സി.-യുടെ സെപ്റ്റംബർ 2019 വരെയുള്ള കണക്കുപ്രകാരം കേരളത്തിലെ ബാങ്കുകളിലെ കാർഷിക വായ്പകളിൽ 21% മാത്രമാണ് കിസാൻ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകൾ വഴിയുള്ളത്. 7541910 അക്കൗണ്ടുകളിൽ കാർഷിക വായ്പ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ എല്ലാ കർഷകർക്കും 4% പലിശനിരക്കിൽ സ്വർണ്ണപ്പണയ വായ്പ ഉൾപ്പെടെയുള്ള കാർഷിക വായ്പ നൽകണമെന്ന ആവശ്യം കൃഷി വകുപ്പ് ബാങ്ക് അധികൃതരോട് ഉന്നയിച്ചിട്ടുണ്ട്.

(ഡി) കൃഷി വകുപ്പിന്റെ നിർദ്ദേശപ്രകാരം കാർഷിക സ്വർണ്ണപ്പണയ വായ്പ സംബന്ധിച്ചും പലിശ സബ്സിഡിയെക്കുറിച്ചും കൃഷിക്കാരെ ബോധവൽക്കരിക്കാനായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി പത്രപ്പരസ്യം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കർഷകർക്കും കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി കൃഷി ഭവനുകളിൽ കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ ഇടപെടുന്നുണ്ട്. ബാങ്ക് വായ്പയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സിമതി, ബ്ലോക്ക്തല ബാങ്കേഴ്സ് സമിതി തുടങ്ങിയ വേദികളിൽ ബന്ധപ്പെട്ടവരെ ധരിപ്പിക്കാറുണ്ട്.

**കാർഷിക വായ്പകൾക്കുള്ള മൊറട്ടോറിയം**

68 (1509) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2019 ഡിസംബർ 31 വരെ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം നീട്ടാൻ 2019 മാർച്ച് 5-ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനമെടുത്തിരുന്നോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത തീരുമാനം ഉത്തരവായി ഇറങ്ങുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ;

(സി) ഉദ്യോഗസ്ഥർ കർഷകരുടെ പ്രശ്നങ്ങൾ വളരെ ലാഘവത്തോടെ കാണുന്നതുകൊണ്ടാണോ കർഷകരെ സംബന്ധിക്കുന്ന ഉത്തരവ് സമയബന്ധിതമായി പുറപ്പെടുവിക്കാൻ കഴിയാതെ വന്നത് എന്നറിയിക്കാമോ;

(ഡി) കാർഷിക വായ്പകൾക്കുള്ള മൊറട്ടോറിയം വീണ്ടും നീട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുവരെ എന്നറിയിക്കാമോ?

ഉത്തരം

(എ) തീരുമാനമെടുത്തിരുന്നു.

(ബി&സി) 5-3-2019-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 7-3-2019-ൽ കൃഷി വകുപ്പിൽനിന്നും സ.ഉ.(കൈ) 41/2019/കൃഷി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മോറട്ടോറിയം സംബന്ധിച്ച ഉത്തരവ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനുമുമ്പ് പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിന് കഴിഞ്ഞില്ല. മന്ത്രിസഭായോഗ തീരുമാനങ്ങൾ സംബന്ധിച്ച ഉത്തരവുകൾ സമയബന്ധിതമായി പുറപ്പെടുവിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം പൊതുഭരണ വകുപ്പ് നൽകിയിട്ടുണ്ട്.

(ഡി) കാർഷിക വായ്പകൾ പുനഃക്രമീകരിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്ന അവസാന തീയതി 2020 മാർച്ച് 31 വരെ നീട്ടിയിട്ടുണ്ട്.

**പൈനാപ്പിൾ കർഷകർക്കുള്ള സഹായങ്ങൾ**

69 (1510) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൈനാപ്പിൾ കർഷകരെയും തൊഴിലാളികളെയും സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

(ബി) പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ വൈനും മദ്യവും ഉൽപ്പാദിപ്പിക്കുന്നതിന് ലൈസൻസ് നൽകാനുള്ള സർക്കാർ തീരുമാനത്തിൽ പഴവർഗ്ഗങ്ങളുടെ ലിസ്റ്റിൽ പൈനാപ്പിൾ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖേന നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോട്ടികൾച്ചർ പദ്ധതിയുടെ 2019-20 സാമ്പത്തിക വർഷത്തെ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച വാർഷിക

കർമ്മ പദ്ധതിയിലെ വിള വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 816.70 ഹെക്ടർ സ്ഥലത്ത് പൈനാപ്പിൾ കൃഷി നടപ്പിലാക്കിവരുന്നു. ഹെക്ടറൊന്നിന് 35,000 രൂപ ധനസഹായം 75:25 എന്ന അനുപാതത്തിൽ രണ്ട് ഗഡുക്കളായി കർഷകർക്ക് നൽകുന്നു. PMKSY പദ്ധതി പ്രകാരം (ഡ്രിപ്പ്, സ്പ്രിംഗ്ളർ, പമ്പ്സെറ്റ്) എന്നിവയ്ക്കും ധനസഹായം നൽകുന്നുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്ന കർഷകർക്ക് കൈതച്ചക്ക കൃഷിക്കുണ്ടാകുന്ന വിളനാശത്തിന് ഹെക്ടർ ഒന്നിന് 50,000 രൂപ പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു.

സംസ്ഥാനത്ത് പൈനാപ്പിൾ കർഷകരെ സഹായിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം ഹോർട്ടികോർപ്പ് വിപണിയിടപെടൽ നടത്തിവരുന്നു. 2017-18, 2018-19 എന്നീ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പൈനാപ്പിൾ വില തകർച്ച നേരിട്ടപ്പോൾ ഹോർട്ടികോർപ്പ് സർക്കാർ നിർദ്ദേപ്രകാരം വാഴക്കുളത്തെ പൈനാപ്പിൾ കർഷകരും അവരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും മാർക്കറ്റ് വിലയേക്കാൾ അധിക വില നൽകി പൈനാപ്പിൾ സംഭരിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഉല്പാദിപ്പിച്ച പൈനാപ്പിൾ പൂർണ്ണമായും മെച്ചപ്പെട്ട വിലയ്ക്ക് വിറ്റഴിക്കുന്നതിന് നമ്മുടെ കർഷകർക്ക് സാധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ്പിന് വിപണിയിടപെടൽ ആവശ്യമായി വന്നില്ല. അധിക ഉല്പാദന സീസണുകളിൽ വില തകർച്ച ഒഴിവാക്കുന്നതിനാണ് ഹോർട്ടികോർപ്പ് വിപണിയിടപെടൽ നടത്തിവരുന്നത്. ആവശ്യമായ ഘട്ടങ്ങളിൽ ഇനിയും പൈനാപ്പിൾ സംഭരിക്കുന്നതിന് ഹോർട്ടികോർപ്പ് തയ്യാറാണ്.

(ബി) പഴവർഗ്ഗങ്ങളിൽനിന്നും വീര്യം കുറഞ്ഞ വൈനും മദ്യവും ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ചുള്ള കേരള കാർഷിക സർവ്വകലാശാലയുടെ പഠന റിപ്പോർട്ടിൽ മറ്റ് പഴവർഗ്ഗങ്ങളോടൊപ്പം പൈനാപ്പിളും പ്രതിപാദിച്ചിട്ടുള്ളതിനാൽ പഴവർഗ്ഗങ്ങളുടെ ലിസ്റ്റിൽ പൈനാപ്പിൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ചാത്തൻചാൽ, പറയൻതോട് സംരക്ഷണ പ്രവർത്തനങ്ങൾ**

70 (1511) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചാത്തൻചാൽ, പറയൻതോട് എന്നീ ജലസ്രോതസ്സുകളുടെ സംരക്ഷണ-നവീകരണ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിനായി അനുമതിയും ഫണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മണ്ഡലത്തിലെ ജലസ്രോതസ്സായ ചാത്തൻചാലിന്റെ നവീകരണ പ്രവൃത്തികൾക്കായി നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 25-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 727 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. പറയൻതോടിന്റെ അടിസ്ഥാന സൗകര്യ പ്രവൃത്തികൾക്കായി ലഭ്യമായ നിവേദനത്തിന്മേൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കശുമാങ്ങയിൽനിന്നും മദ്യം**

71 (1512) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ കശുമാവ് കൃഷി നടത്തുന്നുണ്ടോ; എങ്കിൽ എത്ര ഹെക്ടർ സ്ഥലത്താണ് കൃഷി നടത്തുന്നത്;

(ബി) പ്രസ്തുത തോട്ടത്തിൽ നിന്നും ലഭിക്കുന്ന കശുമാങ്ങയിൽ നിന്നും മദ്യം ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുവാൻ കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിനായി കോർപ്പറേഷൻ എക്സൈസ് വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ നിയമങ്ങൾ ഇക്കാര്യത്തിനായി ഭേദഗതി ചെയ്യേണ്ടി വരും; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ 5270.44 ഹെക്ടറിൽ കശുമാവ് കൃഷി നടത്തുന്നുണ്ട്.

(ബി&സി) പ്ലാന്റേഷൻ കോർപ്പറേഷൻ കശുമാങ്ങയിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കശുമാങ്ങയിൽനിന്നും ഫെനി പോലുള്ള ആൽക്കഹോളിക് പാനീയങ്ങൾ, വൈൻ തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് കോർപ്പറേഷൻ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിനായി അബ്കാരി ചട്ടങ്ങളിൽ നിയമഭേദഗതി വരുത്തേണ്ടതുണ്ട്.

## കർഷക ക്ഷേമനിധി ബോർഡ്

72 (1513) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനം കേരളമാണോയെന്നറിയിക്കാമോ;

(ബി) ഈ ക്ഷേമനിധി ബോർഡ് വഴി കർഷകന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) അതെ. ഈ ക്ഷേമനിധി ബോർഡ് വഴി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകന് നൽകുവാൻ ലക്ഷ്യമിടുന്നു.

1. അംശദായം ഒടുക്കിയതിന്റെ അടിസ്ഥാനത്തിലും ഒടുക്കിയ വർഷത്തിന്റെ അടിസ്ഥാനത്തിലും പദ്ധതിപ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ കർഷകർക്ക് 60 വയസ്സിനുശേഷം പെൻഷൻ.

2. കർഷകന്റെ മരണാനന്തരം പദ്ധതിപ്രകാരമുള്ള അവകാശികൾക്ക് ഫാമിലി പെൻഷൻ.

3. അനാരോഗ്യം നിമിത്തമോ അവശത നിമിത്തമോ ജോലിയിൽ തുടരാൻ സാധിക്കാത്ത കർഷകർക്ക് ബോർഡ് നിശ്ചയിക്കുന്ന നിരക്കിൽ പെൻഷനും മറ്റാനുകൂല്യങ്ങളും.

4. എല്ലാ കർഷകർക്കും ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും മക്കളുടെ വിദ്യാഭ്യാസത്തിനും സ്ത്രീ അംഗങ്ങൾക്ക് വിവാഹത്തിനും പ്രസവത്തിനും ധനസഹായം.

5. അംഗങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾക്കോ അപകട മരണത്തിനോ നഷ്ടപരിഹാരം.

6. 25 വർഷം അംശദായം അടച്ചവർക്ക് പെൻഷന് പുറമെ ഒരു നിശ്ചിത തുക.

## വെളിയന്നൂർ കൃഷി ഭവന്റെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം

73 (1514) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി. ഒ. (പി) നമ്പർ 34/17/റവന്യൂ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഡാറ്റാ ബാങ്കിലെ തെറ്റുകൾ പരിഹരിച്ച് പുതുതായി ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് സർക്കാർ നിശ്ചയിച്ച സമയപരിധിയും ദീർഘിപ്പിച്ച് നൽകിയ സമയപരിധിയും കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ വെളിയന്നൂർ കൃഷി ഭവന്റെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഡേറ്റാ ബാങ്ക് എന്ന് പ്രസിദ്ധീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വെളിയന്നൂർ കൃഷി ഭവനിലെ പ്രസിദ്ധീകരിക്കപ്പെട്ട നിലവിലെ ഡാറ്റാ ബാങ്കിലെ തെറ്റുകൾ പരിഹരിക്കുന്നതിനായി വെളിയന്നൂർ കൃഷി ഭവനിൽ ലഭിച്ച അപേക്ഷകളിന്മേൽ സ്ഥലപരിശോധന നടത്തി തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്. ഉപഗ്രഹചിത്ര പരിശോധനയ്ക്കായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിൽ അപേക്ഷകൾ അയച്ചിട്ടുള്ളതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അവയും തീർപ്പാക്കുന്നതാണ്. നിലവിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഡാറ്റാ ബാങ്ക് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ നൽകിയ ഉപഗ്രഹ ചിത്രം ഉപയോഗിച്ച് വാലിഡേഷൻ നടത്തി പുനഃപ്രസിദ്ധീകരിക്കാനാണ് പ്രാദേശികതല നിരീക്ഷണ സമിതി തീരുമാനിച്ചിട്ടുള്ളത്.

(ബി) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ സഹായത്തോടെ ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ചുള്ള വാലിഡേഷൻ പൂർത്തിയാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് പ്രാദേശികതല നിരീക്ഷണ സമിതി ഡാറ്റാ ബാങ്ക് പുനഃപ്രസിദ്ധീകരിക്കുന്നതാണ്.

## പ്രളയാനന്തരം നടത്തിയ കാർഷിക മുന്നൊരുക്ക പ്രവർത്തനങ്ങൾ

74 (1515) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രളയാനന്തരം കൃഷി പുനരാരംഭിക്കുന്നതിന് കൃഷി ഭവനുകൾ വഴി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ പ്രളയാനന്തരം കൃഷി എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ കാർഷിക മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്ന മൂന്ന് പഞ്ചായത്തുകളിലെ കൃഷി ഭവനുകളിൽ പാടശേഖര സമിതികളുടെ യോഗം ചേർന്ന് നശിച്ചുപോയ തോടുകൾ, വരമ്പുകൾ എന്നിവയുടെ കണക്കുകൾ എടുക്കുകയും അതുപ്രകാരം തൊഴിലുറപ്പുമായി ബന്ധപ്പെട്ട് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി വരമ്പ് നന്നാക്കിക്കൊടുക്കുകയും തോടിന്റെ അരികിൽ ചാക്കുകൾ അടുക്കി ജലസേചന യോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കനാലുകളിൽ അടിഞ്ഞുകൂടിയിരുന്ന മണ്ണ് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) മുന്നൊരുക്ക പ്രവർത്തനങ്ങളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

**തൊണ്ടർനാട് കൃഷിഭവനിലെ ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ**

75 (1516) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടിമണ്ഡലത്തിൽ തൊണ്ടർനാട് കൃഷിഭവനിൽ കൃഷി ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കെതിരെ ഉന്നയിക്കപ്പെട്ട കുറ്റത്തിന്മേലുള്ള അന്വേഷണം നടത്തിയ ഏജൻസി ഏതാണ്;

(സി) അന്വേഷണം നടത്തിയ ഏജൻസി കൃഷി വകുപ്പിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) റിപ്പോർട്ടിൽ മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ പരാമർശങ്ങൾ ഉള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(എഫ്) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൊണ്ടർനാട് കൃഷി ഭവനിൽ നടപ്പിലാക്കിയ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ നടത്തിയ സാമ്പത്തിക ക്രമക്കേടിന്മേൽ സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ കണ്ടെത്തലുകളിലെ ശിപാർശ അനുസരിച്ചാണ് കൃഷി ഓഫീസറായ ശ്രീമതി രജനി ജി. വി., കൃഷി അസിസ്റ്റന്റുമാരായ ശ്രീ. പ്രദീപൻ പി. വി., ശ്രീ. രഞ്ജിത്ത് കെ. കെ. എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തത്.

(ബി) വയനാട് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗമാണ് ഇവർക്കെതിരെ അന്വേഷണം നടത്തിയത്.

(സി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഉണ്ട്.

(ഇ) വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ തുടർനടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ബാധകമല്ല.

**കൃഷി ഓഫീസുകളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

76 (1517) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൃഷി ഓഫീസുകളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ അയിലൂർ കൃഷി ഭവനിൽ ഒരു കൃഷി അസിസ്റ്റന്റിന്റെ തസ്തികയും എലവഞ്ചേരി കൃഷി ഭവനിൽ ഒരു പാർട്ട് ടൈം സ്വീപ്പറിന്റെ തസ്തികയും ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) അയിലൂർ കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റിന്റെ നിയമനം നിലവിലുള്ള കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും പാർട്ട് ടൈം സ്വീപ്പറിന്റെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്**

77 (1518) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് സ്പെഷ്യൽ റൂൾസ് എപ്പോൾ നടപ്പിലാക്കാനാകും; വിശദാംശം ലഭ്യമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്മേലുള്ള പരിശോധന നടന്നുവരുന്നു. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## കൃഷി വകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

78 (1519) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കൃഷി വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇവയിൽ പൂർത്തീകരിക്കാനുള്ളവ എന്തൊക്കെയാണെന്നും പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാലമേൽ, നൂറനാട് പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന കരിങ്ങാലിച്ചാൽ പുഞ്ചയിൽ 2017-18 വർഷം 1.75 കോടി രൂപയുടെ ചുവടെ പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകി.

1. പാലമേൽ പഞ്ചായത്തിലെ ഭഗവാൻ കളവും കല്ലുകുളവും പുനരുദ്ധീകരിക്കുക.
2. പാലമേൽ പഞ്ചായത്തിലെ വെട്ടുച്ചേരിമുക്കിലെ രണ്ട് റാമ്പുകളുടെ റിപ്പയറും പുനർനിർമ്മാണവും
3. ചൂരക്കാവിനാൽ പാടശേഖരത്തിലെ കനാൽ എന്റിലെ ഡൈവേർഷൻ സമ്പിന്റെ നിർമ്മാണം
4. വിളയിൽകടവ് പാടശേഖരത്തിൽ 10 എച്ച്.പി. പമ്പ് സെറ്റ് സ്ഥാപിക്കൽ, പമ്പ് ഹൗസ് നിർമ്മാണവും ഇലക്ട്രിഫിക്കേഷനും

5. കരിങ്ങാലിച്ചാൽ മെയിൻ ബണ്ടിൽ പമ്പ് ഹൗസ് ഇലക്ട്രിഫി ക്കേഷൻ, രണ്ട് വെർട്ടിക്കൽ ആക്സിൽ, ഫ്ലോ പമ്പ്-30 എച്ച്.പി. വീതമുള്ളത് സ്ഥാപിക്കൽ

6. മുണ്ടക്കൽ പാടത്ത് പമ്പ് ഹൗസ് നിർമ്മാണവും ഇലക്ട്രിഫി ക്കേഷനും

7. പള്ളിമുക്കം-വാട്ടർ ഡൈവേർഷൻ സമ്പിലെ ഇറിഗേഷൻ വർക്കുകളും 10/20 എച്ച്.പി. ഡിസ്ചാർജ്ജ് പമ്പ് സ്ഥാപിക്കൽ, പമ്പ് ഹൗസ്, പൈപ്പ് ലൈൻസ്, കോൺക്രീറ്റ് ചാനൽ നിർമ്മാണം

8. രണ്ടെണ്ണം 30 എച്ച്.പി. വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ് വലിയ തുരുത്തിൽ സ്ഥാപിക്കുക, പമ്പ് ഹൗസ് നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, ബണ്ടുകൾ ബലപ്പെടുത്തൽ തുടങ്ങിയവ

ചെന്നിത്തല പഞ്ചായത്ത് ബ്ലോക്ക് 7-ൽ ബണ്ട് നിർമ്മാണത്തിനും തോട് താഴ്ത്തുന്നതിനുമായി ആർ.ഐ.ഡി.എഫ്.-ൽ 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി&സി) പാലമേൽ പഞ്ചായത്തിലെ ഭഗവാൻ കുളവും കല്ലുകുളവും പുനരുദ്ധീകരിക്കുക, പാലമേൽ പഞ്ചായത്തിലെ വെട്ടച്ചേരിമുക്കിലെ രണ്ട് റാമ്പുകളുടെ റിപ്പയറും പുനർ നിർമ്മാണവും പള്ളിമുക്കം-വാട്ടർ ഡൈവേർഷൻ സമ്പിലെ ഇറിഗേഷൻ വർക്കുകളും 10/20 എച്ച്.പി. ഡിസ്ചാർജ്ജ് പമ്പ് സ്ഥാപിക്കൽ, പമ്പ് ഹൗസ്, പൈപ്പ് ലൈൻസ്, കോൺക്രീറ്റ് ചാനൽ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കി വിവിധ പ്രവർത്തനങ്ങൾ പൂർത്തീകരി ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കോന്നി കേന്ദ്രമാക്കി പ്രത്യേക കാർഷിക മേഖല

79 (1520) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ കോന്നി കേന്ദ്രമാക്കി ഒരു പ്രത്യേക കാർഷിക മേഖല (സ്പെഷ്യൽ അഗ്രികൾച്ചറൽ സോൺ) രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ തോട്ടവിളകളെ സംരക്ഷിക്കാനുതകുന്ന രീതിയിൽ പ്രസ്തുത മേഖല ആരംഭിക്കുമോ എന്നറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) കേരളത്തിലെ കാർഷിക മേഖലയെ കാലാവസ്ഥ, ഭൂപ്രകൃതി, മണ്ണിന്റെ സ്വഭാവം മുതലായവ അടിസ്ഥാനമാക്കി താഴെപ്പറയുംപ്രകാരം അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലകൾ (അഗ്രോ ഇക്കോളജിക്കൽ സോൺ) ആയി വിഭജിച്ചുകൊണ്ട് 25-5-2019 തീയതിയിലെ ജി.ഒ. (ആർ.റ്റി.) നമ്പർ 66/2019/അഗ്രി പ്രകാരം ഉത്തരവായിട്ടുണ്ട്.

AEZ-1 കോസ്റ്റൽ പ്ലെയിൻ

AEZ-2 മിഡ് ലാൻഡ് ലാറ്ററൈറ്റ്

AEZ-3 ഫുട്ട് ഹിൽസ്

AEZ-4 ഹൈ ഹിൽസ്

AEZ-5 പാലക്കാട് പ്ലെയിൻസ്

2020-21 സാമ്പത്തിക വർഷം മുതൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിള അടിസ്ഥാനത്തിലുള്ള പദ്ധതികളെല്ലാം പ്രസ്തുത സോണുകൾ അടിസ്ഥാനമാക്കി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അഗ്രോ ഇക്കോളജിക്കൽ സോണുകളെ 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളാക്കി; ഇവ അടിസ്ഥാനമാക്കിയുള്ള വിള നിർണ്ണയം ചെയ്യുന്ന നടപടികൾ പൂർത്തീകരിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

80 (1521) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കായംകുളം മണ്ഡലത്തിലെ ഭരണിക്കാവ്, ചെട്ടിക്കുളങ്ങര, പത്തിയൂർ, കൃഷ്ണപുരം, ദേവികുളങ്ങര, കണ്ടല്ലൂർ ഗ്രാമപഞ്ചായത്തുകളിലും കായംകുളം നഗരസഭാ പ്രദേശത്തും കൃഷി വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചെന്നും, പദ്ധതികളുടെ പുരോഗതി എന്തൊക്കെയെന്നും പ്രവൃത്തികൾ തരംതിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ കായംകുളം മണ്ഡലത്തിലെ ഭരണിക്കാവ്, ചെട്ടികുളങ്ങര, പത്തിയൂർ, കൃഷ്ണപുരം, ദേവികുളങ്ങര, കണ്ടല്ലൂർ ഗ്രാമപഞ്ചായത്തുകളിലും കായംകുളം നഗരസഭാ പ്രദേശത്തും കൃഷി വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ പറയുന്നവയാണ് :

1. ദേവികുളങ്ങര പഞ്ചായത്തിലെ ദേവികുളങ്ങര ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

2. കണ്ടല്ലൂർ പഞ്ചായത്തിലെ കോട്ടയ്ക്കകത്ത് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ.

3. കണ്ടല്ലൂർ പഞ്ചായത്തിലെ കണ്ടത്ത് വയൽ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ.

4. ചെട്ടികുളങ്ങര പഞ്ചായത്തിലെ ചെന്നിട്ട ആല്യംമൂട്ടിൽ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ.

(ബി) കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

1. ദേവികുളം ക്ഷേത്രക്കുളം പണി പൂർത്തീകരിച്ചു. ആകെ അടങ്കൽ തുക - 41.74 ലക്ഷം രൂപ. നൽകിയ തുക-16.608 ലക്ഷം രൂപ.

2. കോട്ടയ്ക്കകത്ത് പാടശേഖരം പണി പൂർത്തീകരിച്ചു. ചെലവഴിച്ച തുക - 43.76 ലക്ഷം രൂപ, തുക നൽകിയിട്ടില്ല.

3. കണ്ടത്ത് വയൽ പാടശേഖരം പണി ആരംഭിച്ചിട്ടില്ല. അടങ്കൽ തുക - 13.15 ലക്ഷം രൂപ. പ്രവൃത്തി ആരംഭിക്കുന്നതിന് കോൺട്രാക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

4. ചെട്ടിക്കുളങ്ങര പഞ്ചായത്തിലെ ചെന്നിട്ട ആല്യംമൂട്ടിൽ പാടശേഖരം- അടങ്കൽ തുക - 27.51 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - തുക ചെലവഴിച്ചിട്ടില്ല.

## പാലക്കാട് ജില്ലയിലെ കൃഷി വകുപ്പ് പ്രവൃത്തികൾ

81 (1522) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ കൃഷി വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ 'അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക പദ്ധതിക്ക്' (Comprehensive and Sustainable Agriculture Development Project for Attappady) സ.ഉ. (കൈ) നമ്പർ 34/2019/ആ.സാ.വ. തീയതി 12-12-2019 പ്രകാരം 7.99 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അട്ടപ്പാടിയിലെ 192 പട്ടികവർഗ്ഗ ഊരുകളുടെ കാർഷിക മേഖലയിലെ ഉന്നമനത്തെ ലക്ഷ്യമിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. അട്ടപ്പാടി മേഖല രണ്ട് പ്രത്യേക അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. പൂർണ്ണമായും ജൈവ കൃഷി രീതികൾ അവലംബിച്ച് അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെയും അവിടത്തെ കാർഷിക മേഖലയുടെയും സുസ്ഥിര വികസനവും ഈ മേഖലയുടെ പരിസ്ഥിതി സന്തുലനവും നിലനിർത്താനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ജൈവകൃഷി രീതികളിലൂടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായാണ് ഈ പദ്ധതി.

പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ താഴെപ്പറയുന്നവയാണ് :

- ചെറുധാന്യങ്ങൾ, എണ്ണക്കുരു, പച്ചക്കറി എന്നിവയുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുക:- ഏകദേശം 2000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി മുറകൾ പ്രയോഗിച്ച് സുസ്ഥിരമായ കാർഷികോൽപ്പാദനമാണ് ഇതുവഴി ഉദ്ദേശിക്കുന്നത്.

- കൃഷി ചെയ്യുമ്പോഴുള്ള വന്യമൃഗശല്യം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക:- വന്യമേഖലയിൽ കൃഷി ചെയ്യുമ്പോഴുള്ള വന്യമൃഗശല്യം ചെറുക്കാൻ ഒരു നൂതന പദ്ധതിയായ തേനീച്ച വേലികൾ ചെയ്യാനുദ്ദേശിക്കുന്നു. കാട്ടാനശല്യം ഒഴിവാക്കുന്നതിന് തേനീച്ചവേലികൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഇവയിൽനിന്നും ലഭിക്കുന്ന തേൻ കർഷകർക്ക് മറ്റൊരു വരുമാന മാർഗ്ഗവുമാണ്.

- പൂർണ്ണമായും ജൈവരീതിയിൽ കൃഷി ചെയ്യുന്നതിനുവേണ്ടി ജൈവ കൃഷിക്ക് സഹായകമാവുന്ന ജൈവ കീടനാശിനികളും ജീവാണുവളങ്ങളും നൽകുക.

- ഇത്തരത്തിൽ കൃഷി ചെയ്തുവരുന്ന വിളകൾക്ക് സംഭരണം ഉറപ്പാക്കാനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

- അട്ടപ്പാടിയിലെ തനത് വിത്തുകൾ സംരക്ഷിക്കുന്നതിനുവേണ്ടി സീഡ് ബാങ്ക് നിർമ്മിക്കുക:- ഇരുപത് ഊരുകളിലായാണ് ഈ പദ്ധതി നടത്താൻ ഉദ്ദേശിക്കുന്നത്. സീഡ് ബാങ്കുകളിലൂടെ ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ വിത്തുകൾ ശേഖരിച്ചുവയ്ക്കുന്നതാണ്.

- കാർഷിക ഉൽപ്പന്നങ്ങളുടെ, പ്രത്യേകിച്ച് ചെറുധാന്യങ്ങളുടെ മൂല്യ വർദ്ധനവിനുവേണ്ടിയുള്ള സഹായം നൽകുക:- ജൈവകൃഷിരീതിയിൽ ഇവയുടെ ഉൽപ്പാദനക്ഷമത കുറവായതിനാൽ മൂല്യവർദ്ധനവിലൂടെ കർഷകർക്ക് കൂടുതൽ നേട്ടങ്ങൾ ഇതുവഴി കൈവരിക്കാനാകും.

- ഓർഗാനിക് സർട്ടിഫിക്കേഷനും ഭൗമസൂചിക പട്ടം ലഭിക്കുന്നതിനും വേണ്ടിയുള്ള സഹായം നൽകുക:- ഓർഗാനിക് സർട്ടിഫിക്കേഷനുള്ള നടപടികൾ 40 ഊരുകളിൽ ആരംഭിക്കുകയും അവയ്ക്ക് സി-1 സർട്ടിഫി ക്കേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 30 ഊരുകളിൽ ഓർഗാനിക് സർട്ടിഫിക്കേഷനുള്ള നടപടികൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതാണ്. അട്ടപ്പാടിയിലെ തനത് വിളകളായ 'ആറ്റുകൊമ്പ് അവര', 'അട്ടപ്പാടി തുവര' എന്നിവയ്ക്ക് ഭൗമസൂചികപട്ടം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടി കടുക്, പൊരി ചീര എന്നിവയ്ക്കും ഭൗമസൂചികപട്ടം ലഭിക്കുവാനുള്ള നടപടികൾ പദ്ധതിയിലൂടെ സ്വീകരിക്കുന്നതാണ്.

ഉപരിപദ്ധതിക്കുപുറമെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിനായി അനുവദിച്ചിട്ടുള്ള 'കേരളത്തിലെ വിപണി ശൃംഖലയുടെ ശാക്തീകരണം' എന്ന പദ്ധതിയും പാലക്കാട് ജില്ലയ്ക്ക് പ്രയോജനപ്പെടുന്നതാണ്.

**കയ്പമംഗലം മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ**

82 (1523) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയ്പമംഗലം നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കാമോ;

(ബി) പദ്ധതിയുടെ പേര്, നടപ്പിലാക്കിയ മണ്ഡലത്തിലെ മേഖലകൾ, ലക്ഷ്യം, തുക എത്രപേർക്ക് പ്രയോജനപ്പെട്ടു എന്നീ വിവരങ്ങൾ പട്ടികരൂപത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയ്പമംഗലം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് ഏഴ് പഞ്ചായത്തുകളിൽ (എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം, കയ്പമംഗലം, എടത്തുരിത്തി) നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പച്ചക്കറി കൃഷിക്കുള്ള പ്രോത്സാഹനം**

83 (1524) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് പരിധിക്കുകീഴിൽ പച്ചക്കറി കൃഷിയ്ക്കുള്ള പ്രോത്സാഹനവും സഹായവുമായി കൃഷി ഭവനുകൾ മുഖേന എന്തെല്ലാമാണ് നൽകിയിട്ടുള്ളത്;

(ബി) 2016-17, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ വിശദാംശം കൃഷി ഭവൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും കർഷകർ വിളയിച്ച പച്ചക്കറിയുടെ ശരാശരി അളവ് എത്രയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് പരിധിക്കുകീഴിൽ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനും സഹായത്തിനുമായി പച്ചക്കറി വിത്തുകളുടേയും പച്ചക്കറി തൈകളുടേയും സൗജന്യ വിതരണം, ബഹുവർഷ പച്ചക്കറി നടീൽവസ്തുക്കളുടെ കിറ്റ് സബ്സിഡിയോടു കൂടിയുള്ള വിതരണം, പമ്പുസെറ്റുകളുടെയും സസ്യ സംരക്ഷണ ഉപകരണങ്ങളുടെയും സബ്സിഡി നിരക്കിലുള്ള വിതരണം, സബ്സിഡിയോടുകൂടി സൂക്ഷ്മ ജലസേചനം, തിരിനന, തുള്ളിനന എന്നീ ജനസേചന പദ്ധതികൾ, പച്ചക്കറി ക്ലസ്റ്ററുകൾക്ക് സാമ്പത്തിക സഹായം, റിവോൾവിംഗ് ഫണ്ട്, കമ്പോസ്റ്റ് യൂണിറ്റുകൾക്കുള്ള സബ്സിഡി, മട്ടുപ്പാവ് കൃഷിയുടെ കീഴിൽ ഗ്രോബാഗ് യൂണിറ്റുകൾ, തരിശ് നിലത്തെ പച്ചക്കറി കൃഷിക്ക് സാമ്പത്തിക സഹായം, പച്ചക്കറി കൃഷിക്കുള്ള കൂലിച്ചെലവ്, മഴമറ, സീറോ എനർജി കൂൾ ചേമ്പർ എന്നിവയ്ക്കുള്ള സബ്സിഡി നിരക്കിലുള്ള സഹായം തുടങ്ങിയ വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2016-17, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ കൃഷിഭവൻ തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി)

| ക്രമ നമ്പർ | കൃഷിഭവൻ | 2016-17 (ടണ്ണിൽ) | 2017-18 (ടണ്ണിൽ) | 2018-19 (ടണ്ണിൽ) | 2019-20 (ടണ്ണിൽ) |
|---|---|---|---|---|---|
| 1 | പഴയന്നൂർ | 1878 | 1901 | 1899 | 1759 |
| 2 | ചേലക്കര | 1640 | 1379.5 | 1543.5 | 1368.5 |
| 3 | തിരുവില്വാമല | 42.7 | 39.8 | 44.9 | 55.98 |
| 4 | കൊണ്ടാഴി | 148 | 146.75 | 138.10 | 132.19 |
| 5 | പാഞ്ഞാൾ | 109.2 | 211.9 | 216.3 | 200 |
| 6 | വള്ളത്തോൾ നഗർ | 57.5 | 68.25 | 43.5 | 45.5 |

**വെൺകടമ്പിൽ കാന നിർമ്മാണം**

84 (1525) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ വെൺകടമ്പിൽ കൃഷിവകുപ്പ് 2016-17-ൽ കാന-നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി പൂർത്തീകരിക്കുന്നതിലെ തടസ്സം എന്തെന്ന് വിശദമാക്കുമോ; പദ്ധതിപ്രകാരം ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) വെൺകടമ്പിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ല എങ്കിൽ ഭരണാനുമതി നൽകിയ തുകയിൽ ചെലവായ തുക കഴിച്ച് ബാക്കിവരുന്ന തുകയ്ക്ക് കുളത്തൂർ പഞ്ചായത്തിലെ മറ്റേതെങ്കിലും പാടശേഖരത്തിന് ഭരണാനുമതി നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിപ്രകാരം എത്ര തുകയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ വെൺകടമ്പ് ഏലായിലെ വികസന പ്രവർത്തനങ്ങൾക്ക് RKVY Scheme-ൽ ഉൾപ്പെടുത്തി 2015-16-ൽ 92.50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) നീർത്തടാധിഷ്ഠിത ചാലുകൾ കോൺക്രീറ്റ് ചെയ്ത് സ്ഥിരമായി കാന നിർമ്മിക്കുക എന്ന പ്രവൃത്തി സമീപസ്ഥല ഉടമകൾ തടസ്സപ്പെടുത്തുന്നതാണ് ഈ പദ്ധതി പൂർത്തീകരിക്കുന്നതിലെ പ്രധാന തടസ്സം. ഈ പദ്ധതിപ്രകാരം 1325 മീറ്റർ നീളത്തിൽ കാന നിർമ്മാണവും നാല് റാമ്പുകളുമാണ് നിർമ്മിക്കാനുള്ളത്.

(സി) RKVY സ്കീം പ്രകാരം പ്രോജക്ട് അധിഷ്ഠിതമായിമാത്രം ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ അനുവദിച്ചിട്ടുള്ള തുക ടി പ്രോജക്ടിന് മാത്രമാണ് ഉപയോഗിക്കാൻ സാധ്യമാകുന്നത്.

(ഡി) പദ്ധതിപ്രകാരം 23,19,615 രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്.

## കാർഷിക മേഖലയിൽ നെതർലാൻഡിന്റെ നേട്ടങ്ങൾ പകർത്താൻ നടപടി

85 (1526) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ നെതർലൻഡിന്റെ നേട്ടങ്ങളിലും അനുഭവങ്ങളിലും നമുക്ക് യോജിക്കുന്നവ പകർത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ കേരളത്തിൽ വയനാട്ടിലെ അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ ഇൻഡോ-ഡച്ച് കർമ്മപദ്ധതി പ്രകാരം പച്ചക്കറി-പുഷ്പവിളകളുടെ മികവിന്റെ കേന്ദ്രം സ്ഥാപിക്കാനായി തീരുമാനിച്ചിട്ടുണ്ട്. 13 കോടി രൂപ ചെലവ് കണക്കാക്കുന്ന പദ്ധതിയുടെ വിശദമായ അന്തിമ രൂപരേഖ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH)-ന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നാല് കോടി രൂപ ഈ പദ്ധതിക്കായി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

## പച്ചക്കറി കൃഷിയുടെ പ്രോത്സാഹനം

86 (1527) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ജീവനി പദ്ധതിയുടെ ഭാഗമായി ആറൻമുള നിയോജകമണ്ഡലത്തിൽ പച്ചക്കറി ഉത്പാദനത്തിനായി ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) പച്ചക്കറി കൃഷി വ്യാപനത്തിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തതയോടൊപ്പം സുരക്ഷിത ഭക്ഷണവും ലക്ഷ്യമാക്കി "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പേരിൽ ഒരു കർമ്മ പദ്ധതി 2020 ജനവരി ഒന്ന് മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസംകൊണ്ട് നടപ്പിലാക്കുന്നു. സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾ പ്രകാരം പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. 2018-19 സാമ്പത്തിക വർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ 12.12 ലക്ഷം മെട്രിക് ടൺ ആയിരുന്നു ഉൽപ്പാദനം. ആയത് 2019-20 വർഷത്തിൽ 96000 ഹെക്ടർ ആയി വർദ്ധിപ്പിക്കുന്നതിനും ഉത്പാദനം 15.08 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു. പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷകക്ഷേമവകുപ്പ് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതി ഘടകങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

- ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും
- സ്ഥാപനങ്ങൾവഴി പച്ചക്കറികൃഷി
- ജില്ലാ ക്ലസ്റ്റർ വികസനം
- ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം

- ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
- നഴ്സറികൾ സ്ഥാപിക്കൽ
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ
- സൂക്ഷ്മ ജലസേചനവും ജലസേചനംവഴിയുള്ള വളപ്രയോഗവും
- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
- മഴമറനിർമ്മാണം
- "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം"
- വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം

(ബി) ജീവനി പദ്ധതിയുടെ ഭാഗമായി ആറന്മുള നിയോജക മണ്ഡലത്തിലുൾപ്പെട്ട പന്തളം, പുല്ലാട്, ഇലന്തൂർ ബ്ലോക്കുകളിലെ പഞ്ചായത്തുകളിൽ ജൈവകാർഷിക ഉൽപ്പാദനോപാധികളും പച്ചക്കറി വിത്തുകളും പച്ചക്കറി തൈകളും പോഷകത്തോട്ടങ്ങളുടെ നിർമ്മാണത്തിനുള്ള തൈകളും വിതരണം ചെയ്തുവരുന്നു. കൂടാതെ ജനപ്രതിനിധികളുടെയും അംഗീകൃത മാധ്യമ പ്രവർത്തകരുടെയും വീട്ടുവളപ്പിൽ പോഷകത്തോട്ടം നടപ്പിലാക്കിവരുന്നു. പരമ്പരാഗത പച്ചക്കറികളുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കാൻ കാർഷിക കൂട്ടായ്മകൾ സംഘടിപ്പിച്ച് വിത്ത് കൈമാറ്റത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തുതല കാമ്പയിനുകൾ ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു. കൃഷിയെക്കുറിച്ച് അവബോധം വളർത്താൻ കൃഷി പാഠശാലകൾ നടപ്പിലാക്കിവരുന്നു. കാർഷിക കർമ്മസേന, ആത്മ കർഷക ഗ്രൂപ്പുകൾ, പച്ചക്കറി വികസന പദ്ധതിയിലെ കർഷക കൂട്ടായ്മകൾ എന്നിവ മുഖേന ജൈവ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം നടത്തു ന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മണ്ണ് പരിശോധനാ ക്യാമ്പയിനുകൾ പഞ്ചായത്തുകൾ തോറും നടപ്പിലാക്കി വരുന്നു. ആറന്മുള നിയോജകമണ്ഡലത്തിൽ 2970 പച്ചക്കറി വിത്തുപായ്ക്കറ്റുകളും 64013 പച്ചക്കറി തൈകളും വിതരണം ചെയ്യുകയുണ്ടായി. 497 പോഷക തോട്ടങ്ങളിലെ കൃഷി ആരംഭിച്ചിട്ടുണ്ട്. 30 ഹെക്ടറിൽ പരമ്പരാഗത ഇനങ്ങൾ ഉപയോഗിച്ച് കൃഷി ആരംഭിച്ചുകഴിഞ്ഞു. 854 ബഹുവർഷ പച്ചക്കറി തൈകളുടെ അടുക്കളത്തോട്ടത്തിലേക്കായി വിതരണം, 332 മാതൃകാ തോട്ടങ്ങൾ എന്നിവ ആരംഭിച്ചുകഴിഞ്ഞു. 41 കൃഷി പാഠശാലകളും 20 ക്യാമ്പയിനുകളും നടത്തുകയുണ്ടായി. 8 അംഗീകൃത മാധ്യമപ്രവർത്തകരുടെ വീട്ടുവളപ്പിൽ ബഹുവർഷ പച്ചക്കറി തൈകളും സീസണൽ തൈകളും ഉപയോഗിച്ച് കൃഷി ആരംഭിക്കുകയുണ്ടായി.

## ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റി

87 (1528) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രൂപീകരിച്ച ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ;

(ബി) ഇത് രൂപീകരിച്ചതിനുശേഷം കാർഷിക മേഖലയിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC)-യുടെ കീഴിൽ നവമാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ച് കൂടുതൽപേരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് കാർഷിക വിവരസങ്കേതം പദ്ധതി സഹായിക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ വെബ്പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷൻ/ഫേസ്ബുക്ക് ഗ്രൂപ്പ്/ഫേസ്ബുക്ക് ലൈവ്/വാട്ട്സ്ആപ്പ് ഗ്രൂപ്പ്/എസ്.എം.എസ് ഗ്രൂപ്പ്/യൂട്യൂബ് ചാനൽ തുടങ്ങിയ മാധ്യമങ്ങൾവഴി കൃഷിയിലേക്കും അനുബന്ധ തൊഴിൽ മേഖലകളിലേക്കും കൂടുതൽ കർഷകരെ ആകർഷിച്ചുവരുന്നു. ആലപ്പുഴ കേന്ദ്രമാക്കി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കീഴിൽ ഒരു കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) 'കാർഷിക വിവരസങ്കേതം ഒരു വിരൽത്തുമ്പിൽ' കാർഷിക കാൾസെന്റർ - 1800-425-1661 മുഖേനയുള്ള സേവനങ്ങൾമൂലം കൂടുതൽ കർഷകർക്ക് ആധുനിക കാർഷിക വിവരങ്ങൾ ലഭിക്കുന്നു. അവരുടെ സംശയങ്ങൾക്ക് കാൾ സെന്റർ, വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷനുകൾ, എസ്.എം.എസ്. എന്നിവമൂലം മറുപടി ലഭിക്കുന്നു. കൃഷി വകുപ്പുമന്ത്രിയുമായി നേരിട്ട് സംവദിക്കാനും കർഷകരുടെ അഭിപ്രായങ്ങൾ ഫീഡ്ബാക്കുകൾ എന്നിവ നൽകുവാനും "കൃഷിമന്ത്രി വിളിപ്പുറത്ത്" പരിപാടി പ്രയോജനപ്പെടുന്നു. കൃഷി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും സേവനങ്ങൾ കർഷകരിലേക്ക് പരമാവധി എത്തിക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങളും സംശയങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനും സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും "കൃഷിമന്ത്രി വിളിപ്പുറത്ത്" പ്രയോജനപ്പെടുന്നു. ഓൺലൈൻ ഫാർമേഴ്സ് ഫീൽഡ് സ്കൂളിൽ ശീതകാല പച്ചക്കറികളെക്കുറിച്ച് നടത്തിയ ഫീൽഡ് സ്കൂൾ 48337 ഗുണഭോക്താക്കളിലെത്തുകയും ഇതിൽ പലരും സ്വന്തംനിലയിൽ ശീതകാല പച്ചക്കറികൾ കൃഷി

ചെയ്യുകയും ചെയ്തു. കാർഷിക പദ്ധതികൾ, ആധുനിക കൃഷിരീതികൾ എന്നിവ ചെറിയ വീഡിയോകളായി കാർഷിക വിവരസങ്കേതം വാട്ട്സ്ആപ്പ് ഗ്രൂപ്പ്, ഫേസ്ബുക്ക് പേജ് എന്നിവകളിലൂടെ കർഷകർക്ക് നൽകുന്നു. ഇതുകൂടാതെ കിസാൻ കൃഷിദീപം, നൂറുമേനി യൂട്യൂബ് ചാനലുകളിലൂടെ ഇരുപത്തിനാല് മണിക്കൂറും കർഷകർക്ക് ലഭ്യമാക്കുന്ന രീതിയിൽ നൽകിയിട്ടുണ്ട്. അനുഭവസമ്പത്തുള്ള ഉദ്യോഗസ്ഥരുടെ ക്ലാസ്സുകൾ തൽസമയം കേരളത്തിലെന്നല്ല ലോകമെമ്പാടുമുള്ള കർഷകർക്ക് പ്രയോജനപ്പെടുത്തുവാൻ 'കൃഷിപാഠശാല' പരിപാടിയിലൂടെ സാധിക്കുന്നു. ജീവനി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പച്ചക്കറി വിളകളുടെ ജൈവകൃഷി രീതികളെക്കുറിച്ചും ആരോഗ്യ സംരക്ഷണത്തെക്കുറിച്ചും വിശദമായ ഓൺലൈൻ ഫാർമേഴ്സ് ഫീൽഡ് സ്കൂൾ പരിപാടിയാണിത്. രണ്ടാഴ്ചയിലൊരിക്കൽ 45 മിനിട്ട് ദൈർഘ്യമുള്ള പരിപാടിയിൽ 30 മിനിട്ട് ക്ലാസ്സും 15 മിനിട്ട് കർഷകരുമായുള്ള ചോദ്യോത്തര പരിപാടിയുമാണുള്ളത്.

## ഫീൽഡ് അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ

88 (1529) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണ് സംരക്ഷണ വകുപ്പിൽ ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഈ ലിസ്റ്റിൽ എത്രപേർ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഈ സീനിയോരിറ്റി ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് ഫീൽഡ് അസിസ്റ്റന്റുമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) 2016 മുതൽ 2019 വരെ ഫീൽഡ് അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) 2016 മുതൽ 2019 വരെ ഉണ്ടായ ഒഴിവുകളിലേയ്ക്ക് നാളിതുവരെ ഫീൽഡ് അസിസ്റ്റന്റുമാരായി പ്രൊമോഷൻ നൽകാതിരുന്നതിന് കാരണം വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള ഫീൽഡ് അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ തസ്തികകളിലേയ്ക്ക് എന്നത്തേക്ക് പ്രൊമോഷൻ നടപടികൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(എഫ്) വ്യക്തമായി സീനിയോരിറ്റി ലിസ്റ്റും ഫീൽഡ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഉണ്ടായിട്ടും പ്രൊമോഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് ഉദ്യോഗ തലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ?

ഉത്തരം

(എ&ബി) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിവരുന്നു.

(സി) 2016 മുതൽ 2019 വരെ ഉണ്ടായിട്ടുള്ള ഫീൽഡ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2016 | - | 2 ഒഴിവുകൾ |
| 2017 | - | 2 ഒഴിവുകൾ |
| 2018 | - | 3 ഒഴിവുകൾ |
| 2019 | - | 3 ഒഴിവുകൾ |

(ഡി&ഇ) ഓരോ കലണ്ടർ വർഷവും KS&SSR Rule 28 b(i)4(a) പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് MGTE/KGTE പാസ്സായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽനിന്നും അപേക്ഷ ക്ഷണിച്ച് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഫീൽഡ് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് തസ്തികമാറ്റം വഴിയാണ് നിയമനം നടത്തുന്നത്. ശ്രീ. പ്രകാശ് ഒ. ബി., ഡ്രൈവർ ഫയൽ ചെയ്ത O.A. 682/2017 നമ്പർ കേസ്സിന്റെയും ശ്രീ. രമേഷ് കുമാർ എ. പി., ലാബ് അറ്റൻഡർ ഫയൽ ചെയ്ത 2762/2016 നമ്പർ കേസ്സിന്റെയും അടിസ്ഥാനത്തിൽ 3-11-2018-ലെ ജി.ഒ. (ആർ.ടി.) 1097/2018/അഗ്രി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സീനിയോറിറ്റി നിശ്ചയിച്ചാണ് 2015-ലെ ഒഴിവുകൾ 28-6-2019-ലെ E(2) 16117/2019 നമ്പർ ഉത്തരവ് പ്രകാരം നികത്തിയത്. തുടർന്ന് 2016-ലെ ഒഴിവുകൾ നികത്തുന്നതിന് നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പ്രൊമോഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് ഉണ്ടാകുന്ന ഭരണപരമായ കാലതാമസമേ ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ളൂ.

**കോട്ടുക്കലിൽ കാർഷിക കോളേജ്**

89 (1530) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ കോട്ടുക്കലിലെ കൃഷി ഫാമിൽ കാർഷിക സർവ്വകലാശാലക്ക് കീഴിൽ ഒരു കാർഷിക കോളേജ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോർട്ടികൾച്ചർ പഠനത്തിനായി ഒരു കാർഷിക കോളേജ് ഇവിടെ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള പുതിയ വെയർഹൗസുകൾ

90 (1531) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി വെയർഹൗസുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എവിടെയൊക്കെയെന്ന് വിശദമാക്കുമോ;

(സി) വെയർഹൗസുകൾ പുതിയതായി ആരംഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര വെയർഹൗസുകൾ ഉണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ നിലവിലുള്ള വെയർഹൗസുകളിൽ 14 പുതിയ ഗോഡൗണുകളുടെ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) കാഞ്ഞങ്ങാട്, പട്ടണക്കാട്, പയ്യന്നൂർ, മുതലമട, പൊൻകുന്നം, ചങ്ങനാശ്ശേരി, ഏറ്റുമാനൂർ, പെരിന്തൽമണ്ണ, തകഴി, ആലപ്പുഴ, ആറ്റിങ്ങൽ, കരുനാഗപ്പള്ളി, വണ്ടൻമേട്, നെടുമങ്ങാട് എന്നീ വെയർഹൗസുകളിലാണ് പുതിയ ഗോഡൗണുകളുടെ പണി പൂർത്തീകരിച്ചത്.

(സി) ഉണ്ട്. പുതിയതായി വെയർഹൗസുകൾ നിർമ്മിക്കുമ്പോൾ ഈ സ്ഥലത്ത് ബിസിനസ്സ് ലഭിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിയിട്ടാണ് പുതിയ വെയർഹൗസുകൾ നിർമ്മിക്കുന്നത്. ഇതിനായി ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ലഭ്യമാക്കി ഗോഡൗൺ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടത്തിന്റെ നമ്പർ ലഭിച്ചശേഷം ചട്ടപ്രകാരമുള്ള ഫീസ് ഒടുക്കി ബന്ധപ്പെട്ട ജില്ലാ കളക്ടറിൽനിന്നും വെയർഹൗസ് തുടങ്ങുവാനുള്ള ലൈസൻസ് കരസ്ഥമാക്കേണ്ടതുണ്ട്.

(ഡി) 55 വെയർഹൗസുകളുണ്ട്.

## പൊതുസർവ്വീസ് രൂപീകരണം

91 (1532) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ മൂന്ന് വകുപ്പുകളെ സംയോജിപ്പിച്ച് ഏകീകൃത പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി അതത് വകുപ്പുകളുടെ ജീവനക്കാരുടെ സർവ്വീസ് സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആശങ്കകൾ പരിഹരിച്ചിട്ടുണ്ടോ; അവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ രൂപീകരിച്ച കമ്മിറ്റിയിലുള്ള അംഗങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കമ്മിറ്റി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി വന്നിട്ടുള്ള ചെലവുകൾ ഇനം തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾസിന്മേൽ സർക്കാർ, 2018 നവംബർ 8, 9 തീയതികളിൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയിൽ ഉന്നയിച്ച നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും പരിശോധന നടത്തി ആവശ്യമായവ ഉൾക്കൊള്ളിച്ച് സ്റ്റേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ ഭേദഗതി വരുത്തുകയുണ്ടായി. കരട് ചട്ടങ്ങളിന്മേൽ വകുപ്പ് മേധാവികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിക്കുന്നതിനായി 20-9-2019-ലെ സ.ഉ. (സാധാ) നമ്പർ 2036/2019/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണ-ഗ്രാമീൺ)- ചെയർപേഴ്സൺ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ - മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ - കൺവീനർ എന്നിവരടങ്ങുന്ന മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ കില ഡയറക്ടറുമായും പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പ് മേധാവികളുമായും 2019 ഒക്ടോബർ 17, 18 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി മുമ്പാകെ വകുപ്പ് മേധാവികൾ ഉന്നയിച്ച നിർദ്ദേശങ്ങളിന്മേൽ കമ്മിറ്റിയുടെ അഭിപ്രായം/ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്.

(സി) പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണ-ഗ്രാമീൺ)-ചെയർപേഴ്സൺ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ-മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ-കൺവീനർ.

(ഡി) കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി നാളിതുവരെ ചെലവുകളൊന്നും ഉണ്ടായിട്ടില്ല.

**മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി**

92 (1533) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിന് രൂപീകരിച്ച ഉപസമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) കാലാവധി നിശ്ചയിച്ചിട്ടില്ല എങ്കിൽ കാലാവധി നിർണ്ണയിച്ച് തീരുമാനമെടുക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിക്കുന്നതിനും മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിനുംവേണ്ടി ഉപസമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ടെങ്കിലും റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലാവധി നിശ്ചയിച്ച് നൽകിയിട്ടില്ല.

(ബി) എത്രയുംവേഗം റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉപസമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**തദ്ദേശ സ്ഥാപനങ്ങളിലെ പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കാനുള്ള തീരുമാനം**

93 (1534) <u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ഗീതാ ഗോപി</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിലെ പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കുന്ന തോടുകൂടി ഓരോ മാസവും നടക്കുന്ന കൃത്യമായ ഓഡിറ്റും സർപ്രൈസ് ഓഡിറ്റും ഇല്ലാതാക്കുമോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റുകൾ നിർത്തലാക്കിയാൽ ഗ്രാമപഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങളും നികുതി സമാഹരണ പ്രവർത്തനങ്ങളും കൃത്യമായി വിലയിരുത്താൻ കഴിയുമോ;

(സി) പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കുന്നതോടെ പദ്ധതി നിർവ്വഹണത്തിൽ പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഫലപ്രദമായി ഇടപെടാനും പ്രവർത്തന മേഖലകൾ കണ്ടെത്തി പരിഹാരം കാണുന്നതിനുള്ള സാധ്യത എത്രത്തോളമായി രിക്കുമെന്ന് വിശദീകരിക്കുമോ;

(ഡി) പെർഫോമൻസ് ഓഡിറ്റ് ഇല്ലാതാക്കുന്നതോടെ ക്ഷേമപദ്ധതികളുടെ ഗുണങ്ങളും ആനുകൂല്യങ്ങളും യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയുമോ; വ്യക്തമാക്കുമോ;

(ഇ) തദ്ദേശ സ്ഥാപനങ്ങളിലെ പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കുന്ന തോടുകൂടി എത്ര ജീവനക്കാരെ പുനർവിന്യസിക്കേണ്ടി വരുമെന്ന് വ്യകുതമാക്കുമോ?

ഉത്തരം

(എ-ഇ) ടി വിഭാഗത്തിലെ ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജോലിഭാരം കുറയ്ക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. പുനർവിന്യാസത്തെ സംബന്ധിച്ച അന്തിമ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

**വാർഡ് വിഭജന ഓർഡിനൻസ്**

94 (T* 1535) ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. അനിൽ അക്കര :
ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം വെളിപ്പെടുത്തുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് ഒരു വർഷം മുമ്പ് തന്നെ വാർഡ് വിഭജനം പൂർത്തിയാക്കണമെന്ന് സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ നൽകിയിട്ടുണ്ടോ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) ഇത് സംബന്ധിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതുദിവസത്തെ മന്ത്രിസഭാ യോഗത്തിലാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഓർഡിനൻസിന് ഗവർണർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് അദ്ദേഹം എന്തെങ്കിലും വിശദീകരണം ആരാഞ്ഞിരുന്നോ; വിശദാംശം നൽകാമോ;

(ഇ) വാർഡുകളുടെ എണ്ണം കൂട്ടുന്നതിലൂടെ നിലവിലുള്ള വാർഡുകളുടെ പരിധിയിൽ മാറ്റം ഉണ്ടാകാൻ ഇടയാകില്ലേ എന്നും ഇത് 2020-ൽ നടക്കുന്ന സെൻസസ് നടപടികളെ ദോഷകരമായി ബാധിക്കുന്ന സാഹചര്യം ഉണ്ടാക്കുകയില്ലേ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 935 ഗ്രാമപഞ്ചായത്തുകളിലും 56 മുനിസിപ്പാലിറ്റികളിലും നാല് മുനിസിപ്പൽ കോർപ്പറേഷനുകളിലും 122 ബ്ലോക്ക് പഞ്ചായത്തുകളിലും ഒരു ജില്ലാ പഞ്ചായത്തിലും 2001 സെൻസസ് പ്രകാരമുള്ള ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടുള്ള വാർഡ്/ഡിവിഷൻ ആണ് നിലനിൽക്കുന്നത്. എന്നാൽ ആറ് ഗ്രാമപഞ്ചായത്തുകളിലും 31 മുനിസിപ്പാലിറ്റികളിലും രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകളിലും 30 ബ്ലോക്ക് പഞ്ചായത്തുകളിലും 13 ജില്ലാ പഞ്ചായത്തുകളിലും 2011-ലെ സെൻസസ് പ്രകാരമുള്ള അടിസ്ഥാന വിവരം അനുസരിച്ചുള്ള വാർഡ്/ഡിവിഷൻ ആണ് രൂപീകരിച്ചിരിക്കുന്നത്. ഏത് തലത്തിലും പ്രാദേശിക അതിർത്തിയിൽപ്പെട്ട പ്രദേശത്തെ ജനസംഖ്യയും തദ്ദേശ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം സംസ്ഥാനമൊട്ടാകെ കഴിയുന്നിടത്തോളം ഒരുപോലെ ആയിരിക്കണമെന്ന് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 (സി)-യിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. കൂടാതെ ഒരു പ്രദേശത്തെ ജനസംഖ്യയെ പരിഗണിച്ചുകൊണ്ട് ആയിരിക്കണം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെ അംഗസംഖ്യ നിശ്ചയിക്കേണ്ടതെന്ന് കേരള പഞ്ചായത്തീരാജ് ആക്ട് ചട്ടം 6, കേരള മുനിസിപ്പൽ ആക്ട് ചട്ടം 6 എന്നിവ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ പ്രാദേശിക ഭരണത്തിൽ കൂടുതൽ ജനപ്രതിനിധികൾക്ക് കടന്നുവരുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി വികസന പ്രക്രിയയിൽ കൂടുതൽ ജനപ്രാതിനിധ്യം ഉറപ്പിക്കുന്നതിനും അതോടൊപ്പം ഭരണഘടന ജനങ്ങൾക്ക് നൽകുന്ന ആനുപാതിക പ്രാതിനിധ്യം എന്ന അവകാശം സംരക്ഷിക്കുന്നതിനുമാണ് വാർഡ് വിഭജനം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് ചുരുങ്ങിയത് ഒരു വർഷം മുമ്പെങ്കിലും വാർഡുകളുടെ അതിർത്തി പുനർനിർണ്ണയം പൂർത്തിയാക്കൽ നിർബന്ധമാക്കണമെന്ന് നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ നൽകിയിട്ടുണ്ട്.

(സി) ഇല്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് എന്നിവ ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനായി 26-12-2019-ാം തീയതിയിലെ മന്ത്രിസഭാ യോഗം ഗവർണറോട് ശിപാർശ ചെയ്തിരുന്നു.

(ഡി) പ്രസ്തുത ഓർഡിനൻസ് സംബന്ധിച്ച് ഗവർണർ വിശദീകരണം ആരാഞ്ഞിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയോജകമണ്ഡലങ്ങൾ വർദ്ധിപ്പിക്കുന്നതുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളായ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തിയിൽ മാറ്റം ഉണ്ടാവുകയില്ലെന്ന വിശദീകരണമാണ് നൽകിയത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച സാഹചര്യത്തിൽ ഗവർണർ ഫയൽ തിരികെ നൽകിയിരിക്കുകയാണ്.

(ഇ) വാർഡുകളുടെ എണ്ണം കൂട്ടുന്നതിലൂടെ നിലവിലുള്ള വാർഡുകളുടെ പരിധിയിൽ മാറ്റം ഉണ്ടാകാൻ സാധ്യതയുണ്ട്. 2000-ലും 2010-ലും സംസ്ഥാനത്ത് വാർഡ് പുനഃസംഘടനയും പുതിയ തദ്ദേശ സ്ഥാപനങ്ങളുടെ രൂപീകരണവും നടന്നിട്ടുള്ളതാണ്. ഇക്കാലത്ത് സെൻസസ് നടപടികൾക്ക് യാതൊരു തടസ്സവും നേരിട്ടിട്ടില്ല. 2001-ലും 2011-ലും സംസ്ഥാനത്ത് സെൻസസ് നടക്കുകയും സമയബന്ധിതമായിത്തന്നെ സെൻസസ് വകുപ്പിന് ഡാറ്റകൾ ശേഖരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ കഴിയുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ഇത്തവണയും വാർഡുകളുടെ പുനഃസംഘടനയോടൊപ്പം സെൻസസിന്റെ പ്രവർത്തനങ്ങളും സമാന്തരമായി നടക്കുകയും യാതൊരു തടസ്സവും കൂടാതെ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുകയും ചെയ്യുന്നതാണ്.

## പകൽവീട് പദ്ധതി

95 (T*1536) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകൽവീട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വയോജനങ്ങൾക്കായി ഭക്ഷണം, മരുന്ന് തുടങ്ങിയവ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ പകൽവീടുകൾക്കായുള്ള കെട്ടിട നിർമ്മാണത്തിനും നിലവിലുള്ള പകൽവീടുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വിനോദ ഉപാധികൾക്കുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുമായുള്ള പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പകൽവീടുകളുടെ സുഗമമായ പ്രവർത്തനത്തിന് നിയോഗിച്ചിട്ടുള്ള കെയർ ഗിവർമാർക്ക് പ്രതിമാസം 7,000 രൂപയിൽ അധികരിക്കാത്ത വേതനം നൽകുന്നതിനുള്ള പ്രോജക്ടുകളും ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നുണ്ട്. നഗരസഭകളിൽ വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി വയോമിത്രം, പകൽവീട്, പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ നിരാശ്രയരായവർക്ക് ആശ്രയ പദ്ധതിയിലുൾപ്പെടുത്തി ഭക്ഷണം നൽകുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ മുഖാന്തരം നടപ്പാക്കുന്നു. നഗരസഭകളിൽ വയോജനങ്ങൾക്കായി വൃദ്ധസദനങ്ങളിൽ നൽകിയിട്ടുള്ള ഭക്ഷണം, മികച്ച അലോപ്പതി സംവിധാനം, വയോ അമൃതം പദ്ധതി, കൗൺസിലിംഗ്, മ്യൂസിക് തെറാപ്പി എന്നിവ നടപ്പിലാക്കിവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## തൈക്കൂട്ടം തൂക്കുപാലം

96 (1537) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ തകർന്ന് പ്രവർത്തനരഹിതമായ കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ തൈക്കൂട്ടം തൂക്കുപാലം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി നിർമ്മാണ ഏജൻസിയായ 'കെൽ' മുഖാന്തരം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് അനുമതിയും ഫണ്ടും ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) നിർമ്മാണ ഏജൻസിയായ 'കെൽ' മുഖാന്തരം പണി കഴിപ്പിച്ചിട്ടുള്ള കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ തൈക്കൂട്ടം തൂക്കുപാലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽ ഉൾപ്പെട്ടതല്ല. അതിനാൽ 2018-ലെ മഹാപ്രളയത്തിൽ തകർന്ന തൈക്കൂട്ടം തൂക്കുപാലം അറ്റകുറ്റപ്പണി നടത്തുന്നതിന് ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിൽനിന്ന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## പുറമ്പോക്ക് കോളനി നിവാസികളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

97 (1538) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പുറമ്പോക്ക് കോളനികൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; ഇത്തരം കോളനി നിവാസികളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ;

(ബി) സംസ്ഥാനത്തെ പുറമ്പോക്ക് കോളനി നിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**വാർഡുകൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം**

98 (1539) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനത്തെ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനം ഈ സർക്കാരിന്റെ കാലത്ത് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; വിശദമാക്കാമോ;

(ബി) പഞ്ചായത്ത് വിഭജിക്കണമെന്നോ മുനിസിപ്പാലിറ്റിയായി ഉയർത്തണമെന്നോ സംസ്ഥാനത്തെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം ഈ സർക്കാരിന്റെ കാലത്ത് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനത്തെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവും ആവശ്യപ്പെട്ടിട്ടില്ല.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിലെ അതിരമ്പുഴ, ഇടുക്കി ജില്ലയിലെ പുറപ്പുഴ, എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ, പാലക്കാട് ജില്ലയിലെ പുതുശ്ശേരി, അഗളി, മലപ്പുറം ജില്ലയിലെ പുൽപ്പറ്റ, മൂന്നിയൂർ, വയനാട് ജില്ലയിലെ നെന്മേനി, കാസർഗോഡ് ജില്ലയിലെ മംഗൽപാടി എന്നീ ഗ്രാമപഞ്ചായത്തുകളാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

**വാർഡുകളുടെ പുനർനിർണ്ണയം**

99 (1540) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകളുടെ അതിരുകൾ പുനർനിർണ്ണയിക്കാനുള്ള തീരുമാനപ്രകാരം 2015-ൽ സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമുള്ള വാർഡുകളുടെ അതിരുകൾ പുനർനിർണ്ണയിക്കേണ്ട സാഹചര്യമുണ്ടോ;

(ബി) 2021-ലെ സെൻസസ് നടപടികളുടെ ഭാഗമായി വീണ്ടും പ്രസ്തുത സ്ഥാപനങ്ങളുടെ വാർഡുകൾ പുനഃക്രമീകരിക്കേണ്ടിവരുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ഭരണപരമായ പ്രതിസന്ധികളും പരിഗണിച്ച് വാർഡ് വിഭജന നടപടികൾ ഒഴിവാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുറഞ്ഞ അംഗസംഖ്യയും കൂടിയ അംഗസംഖ്യയും ഒന്നുവീതം വർദ്ധിപ്പിക്കുന്നതിന് കേരള പഞ്ചായത്തീരാജ് ആക്ട് ചട്ടം 6, കേരള മുനിസിപ്പൽ ആക്ട് ചട്ടം 6 എന്നിവ ഭേദഗതി ചെയ്യുന്ന ബിൽ പരിഗണനയിലുണ്ട്. പ്രസ്തുത ബിൽ നിയമമാകുകയാണെങ്കിൽ വാർഡുകളുടെ അതിരുകൾ പുനർനിർണ്ണയിക്കേണ്ട സാഹചര്യമുണ്ടാകും.

(ബി) വാർഡ് വിഭജന നടപടികൾ ഒഴിവാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഇൻഫർമേഷൻ കേരള മിഷൻ**

100 (1541) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.കെ.എം.-നെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സ്വയംഭരണ സ്ഥാപനമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഐ.കെ.എം. സൊസൈറ്റിയുടെ ഭരണനിർവ്വഹണ സംവിധാനങ്ങൾ എങ്ങനെയാണെന്ന് വിശദമാക്കാമോ; ഇവയുടെ അധികാരം എന്തെല്ലാം കാര്യങ്ങളിലാണെന്ന് വിശദമാക്കാമോ;

(സി) ഐ.കെ.എം.-ന്റെ ബൈലാ പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഘടനയിൽ ജനപ്രതിനിധികളുടെ നോമിനേഷൻ കൃത്യമായി പാലിക്കുന്നുണ്ടോ; യോഗങ്ങൾ എത്രമാസങ്ങൾക്കിടയിൽ കൂടിയിരിക്കണം എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്; കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ യോഗം കൂടിയ തീയതികൾ അറിയിക്കാമോ;

(ഡി) ഐ.കെ.എം. സൊസൈറ്റിയിലെ മെമ്പർമാർ ആരെല്ലാമാണ്; മെമ്പർഷിപ്പ് ഫീ ഇനത്തിൽ 2013-14 മുതൽ 2019-20 വരെ തദ്ദേശസ്ഥാപനങ്ങൾ ഐ.കെ.എം-ന് നൽകേണ്ട തുക എത്രയെന്ന് വിശദമാക്കാമോ;

(ഇ) ഐ.കെ.എം. മെമ്പർഷിപ്പ് ഫീസ് സംബന്ധിച്ച് പുറത്തിറക്കിയ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 22-12-2012-ലെ സ.ഉ. (കൈ) നമ്പർ 343/2012/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം.-നെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം1 ആയി ചേർക്കുന്നു*.

(ബി) നിലവിലുള്ള ബൈലോ പ്രകാരം ഐ.കെ.എം-ന്റെ ഭരണസംവിധാനം നിർവ്വഹിക്കപ്പെടുന്നത് ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി, ഓഡിറ്റ് കമ്മിറ്റി, പ്രോജക്റ്റ് കമ്മിറ്റി, എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ മുഖേനയാണ്. ടി കമ്മിറ്റിയുടെ അധികാരം സംബന്ധിച്ച് പ്രതിപാദിക്കുന്ന ബൈലോയുടെ പകർപ്പ് അനുബന്ധം2 ആയി ചേർത്തിരിക്കുന്നു. *

(സി) എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ കേരള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റിനെ അംഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ബൈലോ പ്രകാരം യോഗങ്ങൾ രണ്ടുമാസത്തിലൊരിക്കൽ കൂടിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന തീയതികളിൽ യോഗങ്ങൾ കൂടിയിട്ടുണ്ട് :

പതിനൊന്നാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 12 ജൂലൈ 2017

പന്ത്രണ്ടാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 25 ആഗസ്റ്റ് 2017

പതിമൂന്നാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 14 സെപ്റ്റംബർ 2017

പതിനാലാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 9 നവംബർ 2017

പതിനഞ്ചാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 5 ജനുവരി 2018

പതിനാറാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 22 മേയ് 2018

പതിനേഴാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 30 ഒക്ടോബർ 2018

പതിനെട്ടാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 27 ഡിസംബർ 2018

പത്തൊമ്പതാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 25 മാർച്ച് 2019

(ഡി) ഇൻഫർമേഷൻ കേരള മിഷന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ഖണ്ഡിക നമ്പർ 8 പ്രകാരം താഴെപ്പറയുന്നവർ ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയിലെ അംഗങ്ങളാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. Government of Kerala
2. All Grama Panchayats in the State
3. All Block Panchayats in the State
4. All District Panchayats in the State
5. All Municipalities in the State
6. All Municipal Corporations in the State
7. Kerala Institute of Local Administration
8. Information Technology Mission, Kerala
9. Kerala State Council for Science, Technology and Environment
10. Kudumbasree

ഇൻഫർമേഷൻ കേരളാ മിഷന്റെ ബൈലോ, റൂൾസ് ആന്റ് റെഗുലേഷൻസ് ഖണ്ഡിക നമ്പർ 20-ൽ 2013-14 മുതൽ 2015-16 വരെ വർഷങ്ങളിൽ താഴെപ്പറയുംവിധം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മൂന്ന് തവണകളായി മെമ്പർഷിപ്പ് ഫീ ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

| | | Membership fee in installments | | | (Rs. in lakhs) |
|---|---|---|---|---|---|
| No. | Local Government | 2013-14 | 2014-15 | 2015-16 | Total |
| 1 | Each Grama Panchayat | 3 | 3 | 3 | 9 |
| 2 | Each Block Panchayat | 5 | 5 | 5 | 15 |
| 3 | Each District Panchayat | 15 | 15 | 15 | 45 |
| 4 | Each Municipality | 10 | 10 | 10 | 30 |
| 5 | Each Municipal Corporation | 20 | 20 | 20 | 60 |

(ഇ) സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു*.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്ക് ബദൽ ഉല്പന്നങ്ങൾ

101 (1542) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് നിരോധനം കർശനമായി നടപ്പിലാക്കിയ സാഹചര്യത്തിൽ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾക്കുപകരം ബദൽ ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനും ശുചിത്വ മിഷനും പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ബി) കുടുംബശ്രീ സംവിധാനത്തെ വ്യാപകമായി പ്രയോജനപ്പെടുത്തി പ്രാദേശികമായി എളുപ്പത്തിൽ ലഭ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗ പ്പെടുത്തി ബദൽ ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും വ്യാപകമാക്കുന്നതിനും ജനകീയമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്കുപകരം ബദൽ ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കുന്നതിനായി കേരളത്തിലുടനീളം 1319 കുടുംബശ്രീ സംരംഭങ്ങൾ നിലവിലുണ്ട്. വിപണിയിലെ സാന്നിധ്യമറിയിക്കുന്നതിന് എല്ലാ ജില്ലയിലും ബദൽ ഉല്പന്ന പ്രദർശനങ്ങളും ക്യാമ്പയിനുകളും വിവിധ ബോധവൽക്കരണ പരിപാടികളും തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ ശുചിത്വ മിഷൻ മുഖേനയും കുടുംബശ്രീ മുഖേനയും സംഘടിപ്പിച്ചുവരുന്നുണ്ട്. പ്രാദേശികമായി ലഭ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ (പാള, ഈറ, കൈതോല, മുള, തൊണ്ട് തുടങ്ങിയവ) ഉപയോഗപ്പെടുത്തി കുടുംബശ്രീ യൂണിറ്റുകൾ ബദൽ ഉല്പന്നങ്ങളും പ്രകൃതി സൗഹൃദ ഉല്പന്നങ്ങളും നിർമ്മിച്ച് വിപണിയിൽ എത്തിക്കുന്നുണ്ട്. മേളകളിലൂടെയും ക്യാമ്പയിനു കളിലൂടെയും പ്രവർത്തനം കൂടുതൽ ജനങ്ങളിലേക്ക് എത്തുന്നതിനുള്ള നടപടികളും തുടരുന്നുണ്ട്. കുടുംബശ്രീ ജില്ലാ മിഷനുകളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹരിത സംരംഭങ്ങൾക്ക് വിപണിയിൽ സജീവമാകാൻ നിർദ്ദേശങ്ങളും പിന്തുണകളും നൽകിവരുന്നു. 3 രൂപ മുതൽ വിലവരുന്ന തുണിസഞ്ചികളും പേപ്പർ കവറുകളും ഉൾപ്പെടെ വിപണിക്കാവശ്യമായ വിവിധ ഉല്പന്നങ്ങൾ നൽകുവാൻ കുടുംബശ്രീ യൂണിറ്റുകൾ സജീവമായിട്ടുണ്ട്. കൂടുതൽ പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്ക് ബദൽ കണ്ടെത്തി വിപണിയിലെത്തിക്കുന്നതിലേക്കുള്ള പ്രവർത്തനവും ഇതോടൊപ്പം കുടുംബശ്രീ സൂക്ഷ്മ സംരംഭ മേഖലയിൽ നടന്നു വരുന്നു.

കുടുംബശ്രീ യൂണിറ്റുകളെ പ്രയോജനപ്പെടുത്തി പ്ലാസ്റ്റിക്കിന് പകരമായി പരിസ്ഥിതി സൗഹൃദമായ 50 തരം ഉൽപ്പന്നങ്ങൾ നിലവിൽ നിർമ്മിച്ചുവരുന്നുണ്ട്. തുണി, പാള ഉല്പന്നങ്ങൾ, വിവിധ മുള-ഈറ-തടി ഉൽപ്പന്നങ്ങൾ, ചിരട്ട-മൺ ഉൽപ്പന്നങ്ങൾ, കൈതോല ഉൽപ്പന്നങ്ങൾ, ചണ ഉൽപ്പന്നങ്ങൾ തുടങ്ങി വിവിധ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഇതിൽപ്പെടുന്നു. ഇത്തരത്തിലുള്ള ജില്ലാതല യൂണിറ്റുകളുടെ കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽനിന്നും അസംസ്കൃത വസ്തുക്കൾ നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനും വലിയ ഓർഡറുകൾ ചെയ്തുകൊടുക്കുന്നതിനും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിന് മുന്നോടിയായുള്ള നടപടികൾ

102 (1543) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, അപേക്ഷാ രീതി തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ;

(ബി) ഓരോ തദ്ദേശ സ്ഥാപനത്തിലും ഇതിനുവേണ്ടി പ്രത്യേകം ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം, അവരുടെ ചുമതലകൾ എന്തെല്ലാം തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ;

(സി) വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷ നിരസിക്കപ്പെട്ടാൽ അപേക്ഷ നൽകുന്നതിനുള്ള അപ്പീൽ അതോറിറ്റികൾ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനുള്ള വാർഡ് വിഭജന നടപടികൾ അറിയിക്കാമോ;

(ഇ) മലപ്പുറം ജില്ലയിലെ മലപ്പുറം, കൊണ്ടോട്ടി, അരീക്കോട് ബ്ലോക്ക് പഞ്ചായത്തുകളിലും അവയുടെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലും വർദ്ധിക്കാൻ സാധ്യതയുള്ള വാർഡുകളുടെ എണ്ണം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഓരോ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി വാർഡിലേക്കും പ്രത്യേകം പ്രത്യേകം വോട്ടർപട്ടികയാണ് തയ്യാറാക്കുന്നത്. 2020-ലെ പൊതുതെരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്ക് 2020 ജനവരി ഒന്നിനോ അതിനുമുമ്പോ 18 വയസ് പൂർത്തിയായതും പ്രസ്തുത വാർഡിലെ സാധാരണ താമസക്കാരനായിരിക്കുകയും

ചെയ്യുന്ന ഒരു ഭാരത പൗരന് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ സ്ഥിരബുദ്ധി ഇല്ലാത്ത ആളായിരിക്കുകയോ അല്ലെങ്കിൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച അഴിമതി പ്രവൃത്തികളാൽ വോട്ട് രേഖപ്പെടുത്തുന്നതിൽനിന്ന് അയോഗ്യനാക്കിയിട്ടുള്ളതോ ആയ ഒരാളിന് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല. പേര് ചേർക്കു ന്നതിന് lsgelecton.kerala.gov.in എന്ന സൈറ്റിൽ ഓൺലൈനായി വേണം അപേക്ഷ (ഫാറം 4) സമർപ്പിക്കേണ്ടത്. അപേക്ഷ അയയ്ക്കുന്ന വേളയിൽ ലഭിക്കുന്ന ഹിയറിംഗ് നോട്ടീസ് പ്രകാരം ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ മുമ്പാകെ ഹാജരായി വിവരങ്ങൾ നൽകേണ്ടതാണ്.

(ബി) വോട്ടർപട്ടിക പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ ഗ്രാമപഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും അതത് സ്ഥാപനത്തിന്റെ സെക്രട്ടറിമാരെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ചുതലപ്പെടു ത്തിയിട്ടുണ്ട്. മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് അഡീഷണൽ സെക്രട്ടറിമാരെയാണ് ഇതിലേക്ക് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇവരെ സഹായി ക്കുന്നതിന് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ഒരു അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് എന്നിവരിൽ ഒരാളെയും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിൽ ഒന്നിലധികം അസിസ്റ്റന്റ് എഞ്ചിനീയർ/ജൂനിയർ സൂപ്രണ്ട്/പി.എ. ടു സെക്രട്ടറി തുടങ്ങിയവരെയും അസിസ്റ്റന്റ് ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇലക്ഷൻ ക്ലാർക്ക്/ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പേര് ചേർക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളിന്മേൽ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കേണ്ടത് ഇവരുടെ ചുമതലയാണ്.

(സി) ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് അപ്പീൽ അധികാരി അതത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരാണ്. എന്നാൽ മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവ സംബന്ധിച്ച് അപ്പീൽ അധികാരി അതത് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാരാണ്. എന്നാൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച സമയവിവര പട്ടിക നിലവിലില്ലാത്ത സമയത്ത് അപേക്ഷ നിരസിച്ചത് സംബന്ധിച്ചുള്ള അപ്പീൽ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനാണ് സമർപ്പിക്കേണ്ടത്.

(ഡി) 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന് മുന്നോടിയായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും വാർഡുകളുടെയും ഡിവിഷനുകളുടെയും വിഭജനവും അതിർത്തി നിർണ്ണയവും നടത്തുന്നതിന് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## ജനന സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ

103 (1545) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനന സർട്ടിഫിക്കറ്റിലെ പേര്, പിതാവിന്റെ/മാതാവിന്റെ പേര് എന്നിവ തിരുത്തുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം തിരുത്തിയ പിതാവിന്റെ പേര് ജനന സർട്ടിഫിക്കറ്റിൽ തിരുത്തി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) ജനന സർട്ടിഫിക്കറ്റിലെ തിരുത്തലുകൾ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കുന്ന ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഗസറ്റ് വിജ്ഞാപനം വഴി പേര് മാറ്റിയാൽ അതിൻപ്രകാരം ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയോ മാതാപിതാക്കളുടെയോ പേര് തിരുത്താവുന്നതല്ല. ജനന സർട്ടിഫിക്കറ്റിനൊപ്പം ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പും നോട്ടറി മുമ്പാകെയുള്ള സത്യവാങ്മൂലവും ചേർത്ത് നിയമപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് alias ചേർത്ത് നൽകാവുന്നതാണ്. കൂടാതെ കുട്ടിയുടെ ജനനത്തിനുമുമ്പ് മാതാപിതാക്കളുടെ പേര് ഗസറ്റ് വിജ്ഞാപന പ്രകാരം തിരുത്തിയിട്ടുണ്ടെങ്കിൽ അപ്രകാരം ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് ചേർത്ത് തിരുത്തൽ വരുത്തി സർട്ടിഫിക്കറ്റ് രജിസ്ട്രാറുടെ 10-5-2017 തീയതിയിലെ ബി1-15343/2017 നമ്പർ സർക്കുലറിലെ 9.15 ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച് സർക്കാർ ഉത്തരവുകളും സ്പഷ്ടീകരണവും ക്രോഡീകരിച്ച് ജനന മരണ രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ കൂടുതൽ വ്യക്തതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ചീഫ് രജിസ്ട്രാറുടെ 10-5-2017 തീയതിയിലെ ബി1-15343/2017 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിലെ ഖണ്ഡിക 9-ൽ ജനന മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ സംബന്ധിച്ച് പ്രതിപാദിക്കുന്നു. ടി സർക്കുലറിന്റെയും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എം.എൽ.എ.-എസ്.ഡി.എഫ്., എം.എൽ.എ.-എ.ഡി.എസ്. പ്രവൃത്തികൾ

104 (1546) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എഞ്ചിനീയറിംഗ് വിഭാഗം മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ എം.എൽ.എ.-എസ്.ഡി.എഫ്., എം.എൽ.എ.-എ.ഡി.എസ്. പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ, പൂർത്തീകരിക്കാനുള്ളവ എന്നിങ്ങനെ വേർതിരിച്ച് വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) എം.എൽ.എ.-എ.ഡി.എസ്. പ്രവൃത്തികളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം (1))*. എം.എൽ.എ.-എസ്.ഡി.എഫ് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കുന്നതാണ്.

(ബി) ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം (2))*

(സി) പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് എല്ലാ മാസവും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ റിവ്യൂ മീറ്റിംഗ് നടത്താറുണ്ട്. കാലതാമസം വരുത്തുന്ന കരാറുകാർക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകാറുമുണ്ട്.

## ജൈവ ക്യാരി ബാഗുകൾ

105 (1547) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ച സാഹചര്യത്തിൽ ഇവയ്ക്ക് ബദലായി പഞ്ചായത്തുകളുടെ നേതൃത്വത്തിൽ തുണിസഞ്ചികളും മറ്റ് ജൈവ സഞ്ചികളും നിർമ്മിക്കാൻ പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തൊഴിലുറപ്പ് തൊഴിലാളികൾ ഉൾപ്പെടെയുള്ള വനിതകളെ ഉൾപ്പെടുത്തി പഞ്ചായത്ത് തോറും ഇത്തരത്തിലുള്ള ജൈവ ക്യാരി ബാഗുകൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾക്ക് ബദലായി തുണിസഞ്ചികളും മറ്റ് ജൈവ സഞ്ചികളും നിർമ്മിക്കാൻ പഞ്ചായത്തുകളിൽ നിലവിൽ പദ്ധതികളില്ല. എന്നാൽ പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾക്ക് ബദലായി തുണിസഞ്ചികളും മറ്റ് പ്രകൃതി സൗഹൃദ ഉല്പന്നങ്ങളും നിർമ്മിക്കുന്ന 1319 കുടുംബശ്രീ സംരംഭങ്ങൾ സംസ്ഥാനത്തിൽ നിലവിലുണ്ട്. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് അതത് കുടുംബശ്രീ ജില്ലാമിഷനുകൾ വഴി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിലെ ജൈവ ക്യാരിബാഗ് യൂണിറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുപുറമെ, ഇത്തരം യൂണിറ്റുകൾ നിലവിലില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി പ്രകൃതി സൗഹൃദ ക്യാരിബാഗുകൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനവും കുടുംബശ്രീ മിഷനും സംയുക്തമായി നടപടി സ്വീകരിച്ചുവരുന്നു.

(സി) ചെറുകിട യൂണിറ്റുകളിലൂടെ പ്രകൃതി സൗഹൃദ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് കുടുംബശ്രീ സി.ഡി.എസ്. വഴി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## കേരള പുനർനിർമ്മാണ പദ്ധതിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

106 (1548) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനഃനിർമ്മാണ(റീ ബിൽഡ് കേരള) പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകളിലെ റോഡുകൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## അമൃത് പദ്ധതി

107 (1549) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ നടത്തുന്ന അമൃത് പദ്ധതി ഏതൊക്കെ കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലുമാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) അമൃത് പദ്ധതി പ്രകാരം ജലവിതരണം, അഴുക്കുചാൽ നിർമ്മാണം തുടങ്ങിയ മേഖലകളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതി കാലാവധി അവസാനിക്കുന്നതിന് മുമ്പ് പൂർത്തിയാക്കുവാൻ സാധിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ കീഴിൽ വിവിധ പ്രവൃത്തികൾക്കായി കൺസൾട്ടൻസി കരാർ നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അറിയിക്കുമോ;

(ഇ) കൺസൾട്ടൻസിയ്ക്കായി ആകെ എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(എഫ്) സർക്കാർ ഏജൻസികളെ ഒഴിവാക്കി സ്വകാര്യ ഏജൻസികൾക്ക് കരാർ നൽകുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് പദ്ധതി നടത്തിപ്പിൽ കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുള്ളത്; വ്യക്തമാക്കാമോ?

### ഉത്തരം

(എ) നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് കേരളത്തിലെ 6 (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) കോർപ്പറേഷനുകളിലും 3 (ആലപ്പുഴ, ഗുരുവായൂർ, പാലക്കാട്) മുനിസിപ്പാലിറ്റികളിലുമായാണ് നടപ്പിലാക്കിവരുന്നത്.

(ബി) അഞ്ച് മേഖലകളിലായാണ് (സെക്ടറുകൾ) അമൃത് പദ്ധതി നടപ്പിലാക്കുന്നത്.

- ശുദ്ധജല വിതരണം
- സ്വീവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ്
- സ്റ്റോം വാട്ടർ ഡ്രെയിനേജ്
- അർബൻ ട്രാൻസ്പോർട്ട് (നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട്)

- പാർക്ക് ആന്റ് ഓപ്പൺ സ്പെയിസ്
- 2,357.66 കോടി രൂപയുടെ ആകെ 1025 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു.
- ഈ പദ്ധതികൾക്ക് 2,262.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- ഇതിൽ 1021 പദ്ധതികൾക്ക് 2,134.36 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.
- 2,125.95 കോടി രൂപയുടെ 1020 പദ്ധതികൾ ടെണ്ടർ ചെയ്തു.
- 1,669.01 കോടി രൂപയുടെ 962 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു.
- 155.34 കോടി രൂപയുടെ 351 പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചു.
- 656.90 കോടി രൂപ നാളിതുവരെ ചെലവഴിച്ചു.

അമൃത് പദ്ധതിയുടെ ഭാഗമായുള്ള കാര്യശേഷി വികസന പരിപാടിയിൽ വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുകയുണ്ടായി. മൂന്ന് ഘട്ടങ്ങളിലായി നടത്തിയ പരിശീലന പരിപാടിയിൽ 2001 പേർക്ക് പരിശീലനം നൽകി. അമൃത് നഗരങ്ങളിൽ ജി.ഐ.എസ്. അടിസ്ഥാനത്തിലുള്ള നഗരാസൂത്രണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം കോർപ്പറേഷനിൽ LAP & TIPS സംവിധാനവും ആസൂത്രണത്തിനായി നടപ്പിലാക്കിയിട്ടുണ്ട്.

(സി) അമൃത് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന സ്വീവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിലെ പദ്ധതികളൊഴികെ ബാക്കി എല്ലാ പദ്ധതികളും പദ്ധതി കാലാവധിയായ 2020 മാർച്ച് 30-ന് പൂർത്തീകരിക്കുന്നതിനായുള്ള തീവ്രശ്രമങ്ങൾ നടന്നുവരുന്നു. കൂടാതെ കേന്ദ്ര നഗരകാര്യ മന്ത്രാലയവുമായി നടന്ന വീഡിയോ കോൺഫറൻസിൽ പദ്ധതി കാലാവധി രണ്ട് വർഷംകൂടി ദീർഘിപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത നഗരസഭകളിലെ ശുദ്ധജല വിതരണം, സെപ്റ്റേജ്, സ്വീവറേജ് പദ്ധതികളുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റിയാണ്. നഗരസഭകൾ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളിൽ അതത് നഗരസഭകൾ ക്വട്ടേഷൻ/ദർഘാസ്

മുഖേന തെരഞ്ഞെടുത്ത സ്ഥാപനങ്ങൾക്കാണ് കൺസൾട്ടൻസി നൽകിയിട്ടുള്ളത്. കൺസൾട്ടൻസി സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി* ചേർത്തിട്ടുണ്ട്. അമൃത് പദ്ധതികൾക്കായി സർക്കാർ നേരിട്ട് കൺസൾട്ടൻസി കരാർ നൽകിയിട്ടില്ല.

(ഇ) കൺസൾട്ടൻസിക്കായി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. കൺസൾട്ടൻസിക്ക് ആവശ്യമായ തുക അമൃത് പദ്ധതിയുടെ ഭരണപരവും ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും നഗരസഭകൾക്ക് നൽകുന്നതാണ്. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നതൊഴികെ നഗരസഭകൾ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ക്വട്ടേഷൻ/ദർഘാസ് മുഖേന തെരഞ്ഞെടുത്ത കൺസൾട്ടൻസിക്ക് നഗരസഭകൾ മുഖേനയാണ് തുക നൽകുന്നത്.

(എഫ്) സർക്കാർ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റി കൂടാതെ അതത് നഗരസഭകൾ, ശുചിത്വമിഷൻ എം-പാനൽ ചെയ്ത സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും മത്സരാധിഷ്ഠിത ക്വട്ടേഷൻ/ദർഘാസ് മുഖേന ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനങ്ങൾക്കാണ് കൺസൾട്ടൻസി നൽകിയത്.

**ഫണ്ട് ഡെപ്പോസിറ്റ് ചെയ്ത് നൽകുന്നതിലെ കാലതാമസം**

108 (1550) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന നിധിയിൽ ഭരണാനുമതി നൽകപ്പെട്ട പദ്ധതികളുടെ തുക തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്ത് നൽകുന്നതിന് ദീർഘമായ കാലതാമസം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് 18-1-2020-ൽ പത്തനാപുരം എം.എൽ.എ. നൽകിയ കത്ത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയുണ്ടായിട്ടുണ്ടോ എന്നും ഇതിന്മേൽ സർക്കാർ തലത്തിലും ചീഫ് എഞ്ചിനീയർ തലത്തിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ;

(സി) എം.എൽ.എ.-എ.ഡി.എസ്.(MLA-ADS) പദ്ധതികൾ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കേണ്ടതാണ് എന്ന് ഭരണാനുമതിയിൽത്തന്നെ വ്യക്തമായി നിഷ്കർഷിച്ചിരിക്കെ, ഫണ്ട് ഡെപ്പോസിറ്റ് ചെയ്ത് നൽകാൻ മാസങ്ങളോളം കാലതാമസമുണ്ടാകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പദ്ധതികളുടെ തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിലും പൂർത്തിയായ പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നതിലും ദീർഘമായ കാലതാമസം ഉണ്ടായിട്ടില്ല.

(ബി&സി) പത്തനാപുരം എം.എൽ.എ., തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് 18-1-2020-ൽ നൽകിയ കത്തിനുള്ള മറുപടി, 3-2-2020-ന് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും എം.എൽ.എ.-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എം.എൽ.എ. നിർദ്ദേശിച്ചിരുന്ന പ്രവൃത്തികളുടെ തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള ഓഫീസ് നടപടികൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ടി തുക ഡെപ്പോസിറ്റ് ചെയ്യുന്നതാണ്.

## ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം

109 (1551) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ് എന്നിവ എത്ര വീതമെന്ന് അറിയിക്കാമോ;

(ബി) അതിൽ ഓരോ ഗ്രാമപഞ്ചായത്തും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, ചെലവഴിച്ച തുക എന്നിവയുടെ വിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

110 (1552) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം തദ്ദേശ വികസന പദ്ധതികൾ ആകമാനം സ്തംഭനാവസ്ഥയിലായിരിക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) 883 കോടി രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിൽ ആയതിനാൽ കരാറുകാർ വർക്കുകൾ ഏറ്റെടുത്ത് നടത്താൻ തയ്യാറാകാത്തതും നിലവിലുള്ള വർക്കുകൾ നിർത്തിവക്കേണ്ടി വന്നിരിക്കുന്നതുമായ ഗുരുതരമായ സ്ഥിതിവിശേഷത്തിന് പരിഹാരമായി സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഗണ്യമായ കുറവ് വരുന്ന സാഹചര്യത്തെക്കുറിച്ച് പരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) തദ്ദേശ വികസന പദ്ധതികൾ ആകമാനം സ്തംഭനാവസ്ഥയിലായിരിക്കുന്ന സ്ഥിതിവിശേഷം നിലവിലില്ല.

(ബി) സാമ്പത്തിക ഞെരുക്കത്തെത്തുടർന്ന് ട്രഷറി നിയന്ത്രണം സർക്കാർ മുമ്പും ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ നിയന്ത്രണത്തിൽ പണത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇളവ് വരുത്താറുണ്ട്. ട്രഷറി നിയന്ത്രണം നീക്കുംവരെ കാത്തിരിക്കാൻ കഴിയാത്ത കോൺട്രാക്ടർമാർക്ക് ബിൽ ഡിസ്കൗണ്ടിംഗ് നടത്തി പണം ലഭ്യമാക്കാനുള്ള സമ്പ്രദായവും ഏർപ്പെടുത്തിവരുന്നുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഗണ്യമായ കുറവ് വരുന്ന സാഹചര്യം നിലവിലില്ല.

## ട്രഷറി നിയന്ത്രണംമൂലം ബില്ലുകൾ മാറി നൽകുന്നില്ലെന്ന പരാതി

111 (1553) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതലപഞ്ചായത്തുകളുടെയും നഗരസഭകളുടെയും പദ്ധതിപ്രവർത്തനം പൂർത്തിയാക്കി സമർപ്പിച്ച ബില്ലുകൾപോലും ട്രഷറി നിയന്ത്രണംമൂലം മാറി നൽകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2020 ഫെബ്രുവരി ഒന്ന് വരെ ഇപ്രകാരം എത്ര കോടി രൂപയുടെ ബില്ലുകൾ മാറി നൽകാൻ ഉണ്ടെന്ന് അറിയിക്കുമോ;

(സി) 2019 മാർച്ച് 31-ന് നഗരസഭകളുടെ എത്രകോടി രൂപയുടെ ബില്ലുകൾ ആണ് ക്യൂവിൽ നിർത്തിയതെന്നും ഇതിൽ എത്ര കോടി രൂപയുടെ ബില്ലുകൾ മാറി നൽകിയെന്നും വെളിപ്പെടുത്തുമോ;

(ഡി) 2020 ഫെബ്രുവരി ഒന്ന് വരെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ട്രഷറിയിൽ ബിൽ പെൻഡിംഗ് ഉണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2020 ഫെബ്രുവരി ഒന്ന് വരെയുള്ള ട്രഷറി പെൻഡിംഗ് ബില്ലുകളുടെ തുക വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| തദ്ദേശ സ്ഥാപനതരം | ട്രഷറി ബിൽ പെൻഡിംഗ് തുക |
|---|---|
| ഗ്രാമപഞ്ചായത്ത് | 348.34 കോടി |
| ജില്ലാ പഞ്ചായത്ത് | 116.27 കോടി |
| ബ്ലോക്ക് പഞ്ചായത്ത് | 106.63 കോടി |
| കോർപ്പറേഷൻ | 90.35 കോടി |
| മുനിസിപ്പാലിറ്റി | 99.76 കോടി |

(സി) 2019 മാർച്ച് 31-ന് നഗരസഭകളുടെ 261.36 കോടി രൂപയുടെ ബില്ലുകളാണ് ട്രഷറി ക്യൂവിലേക്ക് മാറ്റിയിരുന്നത്. ക്യൂവിലുൾപ്പെട്ടിരുന്ന ബില്ലുകൾ മാറുന്നതിനുള്ള നടപടിക്രമം പാലിച്ച് ട്രഷറികളിൽ നഗരസഭകൾ സമർപ്പിച്ചിരുന്ന മുഴവൻ ബില്ലുകളും പാസ്സാക്കി നൽകിയിട്ടുണ്ട്. 2019 മാർച്ച് 31-ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിരുന്ന 837.66 കോടി രൂപയുടെ ബില്ലുകളാണ് (നഗരസഭകൾ ഉൾപ്പെടെ) ക്യൂവിലേക്ക് മാറ്റിയിരുന്നത്. ഇവയിൽ 826.62 കോടി രൂപയുടെ ബില്ലുകൾ പാസ്സാക്കി നൽകിയിട്ടുണ്ട്. പ്രാദേശിക സർക്കാരുകളുടെ (നഗരസഭകൾ ഉൾപ്പെടെ) ട്രഷറി ക്യൂവിലേക്ക് മാറ്റിയിരുന്ന, 11.04 കോടി രൂപയുടെ

ബില്ലുകൾ ഇനി പാസ്സാക്കാനുണ്ട്. ഈ ബില്ലുകൾ പാസ്സാക്കാൻ കഴിയാത്തത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ കൃവിലുൾപ്പെടുത്തിയിരുന്ന ബില്ലുകൾ മാറുന്നതിനുള്ള നടപടിക്രമം പാലിച്ച് ബില്ലുകൾ ട്രഷറികളിൽ സമർപ്പിക്കാത്തതിനാലാണ്.

(ഡി) 2020 ഫെബ്രുവരി ഒന്ന് വരെയുള്ള ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

| തദ്ദേശ സ്ഥാപന തരം | ചെലവ് തുക (കോടി) | ചെലവ് % |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 1687.51 | 48.68 |
| ജില്ലാ പഞ്ചായത്ത് | 302.75 | 32.39 |
| ബ്ലോക്ക് പഞ്ചായത്ത് | 441.34 | 47.96 |
| കോർപ്പറേഷൻ | 231.67 | 30.64 |
| മുനിസിപ്പാലിറ്റി | 374.26 | 38.65 |

**തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഭിന്നശേഷിക്കാർക്കായി നീക്കിവച്ചിട്ടുള്ള തുക ചെലവഴിക്കൽ**

112 (1554) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾക്കായി അനുവദിക്കുന്ന ബജറ്റ് വിഹിതത്തിൽ ഭിന്നശേഷിക്കാർക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ ചെലവഴിക്കൽ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) 2019-20 സാമ്പത്തികവർഷത്തിൽ പദ്ധതി തുകയുടെ എത്ര ശതമാനമാണ് പ്രസ്തുത വിഭാഗത്തിനായി നീക്കി വച്ചിരുന്നത്; അതിൽ എത്ര ഭാഗം ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; അതത് തദ്ദേശ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) സർക്കാർ കർശന നിർദേശം നൽകിയിട്ടും ഭിന്നശേഷിക്കാർക്കായി നീക്കിവച്ചിട്ടുള്ള തുക ചെലവഴിക്കാത്ത തദ്ദേശ സ്ഥാപനങ്ങളുടെ അടുത്ത വർഷത്തെ മറ്റ് പദ്ധതികൾക്കുള്ള വിഹിതവും വെട്ടിച്ചുരുക്കാൻ നടപടി സ്വീകരിക്കുമോ; ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ ഏകീകൃത നിരക്കിൽ ഭിന്നശേഷിക്കാർക്കായി തുക അനുവദിക്കുന്നതിന് പകരം അതത് തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ ജീവിക്കുന്ന ഭിന്നശേഷിക്കാരുടെ എണ്ണത്തിന് ആനുപാതികമായി പദ്ധതി വിഹിതം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി., റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവർക്കായി വകയിരുത്തണം.

(ബി) 2019-20 സാമ്പത്തികവർഷത്തിൽ പ്രസ്തുത വിഭാഗത്തിനായി നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു :

| തദ്ദേശ സ്ഥാപനം | നീക്കിവച്ചിട്ടുള്ള തുക (കോടിയിൽ) | പദ്ധതി തുകയുടെ ശതമാനം | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 51.28 | 1.48 | 25.51 (49.76%) |
| ജില്ലാ പഞ്ചായത്ത് | 20.15 | 2.16 | 6.17 (30.63%) |
| ബ്ലോക്ക് പഞ്ചായത്ത് | 24.05 | 2.57 | 36.52% |
| നഗരസഭ/ കോർപ്പറേഷൻ | 18.5 | 1 | 6.64 (36%) |

(സി) പഞ്ചായത്തുകളിൽത്തന്നെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ്, ബത്ത എന്നിവ നൽകുന്നതിനായി ഒരു കുട്ടിക്ക് ശരാശരി 22,000 രൂപ മുതൽ 28,000 രൂപ വരെ നൽകേണ്ടിവരും. ഫണ്ടിന്റെ അപര്യാപ്തത കാരണം പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പൂർണ്ണമായ തുക നൽകാൻ സാധിക്കുന്നില്ല. ആയതിനാൽ തദ്ദേശ സ്ഥാപനങ്ങളുടെ അടുത്ത വർഷത്തെ മറ്റ് പദ്ധതികൾക്കുള്ള വിഹിതവും വെട്ടിച്ചുരുക്കുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതും ഇപ്പോൾ പരിഗണനയിലില്ല.

(ഡി) അതത് തദ്ദേശ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിയിൽ ജീവിക്കുന്ന ഭിന്നശേഷിക്കാരുടെ എണ്ണത്തിന് ആനുപാതികമായി തുക വകയിരുത്തുകയാണ് ചെയ്യുന്നത്. പദ്ധതി വിഹിതത്തിന്റെ 5% എന്നുള്ളത് കുട്ടികൾ, ഭിന്ന ശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവർക്കായി ആകെ വകയിരുത്തിയിരിക്കേണ്ട ഏറ്റവും കുറഞ്ഞ തുകയാണ്. ഇതിന് ഉപരിയായി എത്ര തുക വേണമോ തദ്ദേശ സ്ഥാപനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് വകയിരുത്താവുന്നതാണ്.

**ലക്കിടി കെ.എസ്.ഇ.ബി.എൽ. ഓഫീസിന് പഞ്ചായത്ത് ഫണ്ടിൽനിന്ന് വാടക**

113 (1555) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലക്കിടി ഗ്രാമപഞ്ചായത്തിൽ പുതിയതായി ആരംഭിക്കുന്ന കെ.എസ്.ഇ.ബി.എൽ.-ന് ലക്കിടി സെക്ഷൻ ഓഫീസിനുവേണ്ടി വാടകയ്ക്ക് എടുക്കുന്ന കെട്ടിടത്തിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് വാടക നൽകുന്നതിനായി അനുവാദം ആവശ്യപ്പെട്ട് പ്രസ്തുത ഗ്രാമ പഞ്ചായത്ത് ഭരണസമിതി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**റർബൻ മിഷൻ പദ്ധതിയുടെ പുരോഗതി**

114 (1556) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് റർബൻ മിഷൻ പദ്ധതി പ്രകാരം ഏതൊക്കെ ജില്ലകളിലാണ് ക്ലസ്റ്ററുകൾ അനുവദി ച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച റർബൻ മിഷൻ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(സി) റർബൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന ക്ലസ്റ്ററുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ, എറണാകുളം, കോട്ടയം, തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, തൃശ്ശൂർ, കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ റർബൻ മിഷൻ പദ്ധതിപ്രകാരം ക്ലസ്റ്ററുകൾ അനുവദിച്ചിട്ടുണ്ട്.

(ബി)

<table>
<tr><th colspan="3">റർബൻ മിഷൻ പദ്ധതി</th></tr>
<tr><td colspan="3">റർബൻ ഫേസ്-I</td></tr>
<tr><td>1. മങ്ങാട്ടിടം-കോട്ടയം</td><td>കണ്ണൂർ ജില്ല</td><td></td></tr>
<tr><td>2. പുത്തൻവേലിക്കര-കുന്നുകര</td><td>എറണാകുളം ജില്ല</td><td rowspan="3">പ്രവൃത്തികൾ 60% പൂർത്തീകരിച്ചു. ഇതര പ്രവൃത്തികൾ നിർവ്വഹണ പുരോഗതിയിലാണ്.</td></tr>
<tr><td>3. മണർകാട്-പുതുപ്പള്ളി</td><td>കോട്ടയം ജില്ല</td></tr>
<tr><td>4. വെള്ളനാട്-ആര്യനാട്</td><td>തിരുവനന്തപുരം ജില്ല</td></tr>
<tr><td colspan="3">റർബൻ ഫേസ്-II</td></tr>
<tr><td>1. ചെമ്പിലോട്-പെരളശ്ശേരി</td><td>കണ്ണൂർ ജില്ല</td><td rowspan="4">പ്രവൃത്തികൾ 30% പൂർത്തീകരിച്ചു. നിർമ്മാണം പുരോഗമിച്ചുവരുന്നു.</td></tr>
<tr><td>2. കഞ്ഞിക്കുഴി-മാരാരിക്കുളം</td><td>ആലപ്പുഴ ജില്ല</td></tr>
<tr><td>3. എടപ്പാൾ-വട്ടംകുളം</td><td>മലപ്പുറം ജില്ല</td></tr>
<tr><td>4. പുന്നയൂർകുളം-വടക്കേക്കാട്</td><td>തൃശ്ശൂർ ജില്ല</td></tr>
</table>

| റർബൻ ഫേസ്-III | | |
|---|---|---|
| 1. നെടുമ്പന-തൃക്കോവിൽവട്ടം | കൊല്ലം ജില്ല | പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്. |
| 2. പുതുക്കോട്-കാവശ്ശേരി | പാലക്കാട് ജില്ല | |
| 3. താനാളൂർ-നിറമരുതൂർ | മലപ്പുറം ജില്ല | |
| 4. പിണറായി-വേങ്ങാട് | കണ്ണൂർ ജില്ല | |

നാഷണൽ റർബൻ മിഷൻ പദ്ധതി മൂന്ന് ഫേസുകളിലായി 12 ക്ലസ്റ്ററുകളിൽ കുടിവെള്ള പദ്ധതികൾ, അങ്കണവാടി നിർമ്മാണം, അഗ്രി സർവ്വീസസ്, സ്കൂളുകൾ, സ്മാർട്ട് ക്ലാസ്റൂം, റൂറൽ മാർക്കറ്റുകൾ, പി.എച്ച്.സി.-കളുടെ നിർമ്മാണവും നവീകരണവും, സ്കിൽ ഡെവലപ്മെന്റ് പ്രവൃത്തികൾ, റോഡ് നിർമ്മാണം, വൈദ്യുതീകരണം, വാട്ടർ കൺസോളിഡേഷൻ തുടങ്ങിയ വിവിധ മേഖലകളിലായി 957 പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. മേൽ പ്രവൃത്തികളിൽ 253 എണ്ണം പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ലാ തലത്തിൽ ക്ലസ്റ്ററുകളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ഫേസ്-I അവസാന ഗഡു കേന്ദ്ര ഫണ്ടിനായി ക്ലസ്റ്ററുകളുടെ സ്പെഷ്യൽ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. ഫേസ്-II രണ്ടാം ഗഡു കേന്ദ്ര ഫണ്ടിന് പ്രൊപ്പോസൽ സമർപ്പിച്ചു.

(ഡി) ഫേസ്-I, ഫേസ്-II, ഫേസ്-III-കളിലായുള്ള മുഴുവൻ ക്ലസ്റ്ററുകളുടെയും പ്രവൃത്തികൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

## വർക്കല നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതിവിഹിതം

115 (1557) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ വർക്കല നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ് എന്നിവ എത്രവീതമെന്ന് വിശദമാക്കാമോ;

(ബി) ആയതിൽ നിന്നും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ വർക്കല നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം 2 ആയും ചെലവഴിച്ച തുക അനുബന്ധം 3 ആയും ചേർക്കുന്നു.*

വർക്കല നഗരസഭയ്ക്ക് അനുവദിച്ചതും ചെലവഴിച്ചതുമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | വികസന ഫണ്ട് | | മെയിന്റനൻസ് ഫണ്ട് | |
|---|---|---|---|---|
| | വിഹിതം | ചെലവ് | വിഹിതം | ചെലവ് |
| 2016-17 | 146962299 | 7349547 | 40118004 | 15294416 |
| 2017-18 | 162313437 | 89193823 | 42852956 | 10207120 |
| 2018-19 | 158868256 | 89267709 | 35462525 | 13049038 |

**തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന കേന്ദ്ര/സംസ്ഥാന ഫണ്ടുകൾ**

116 (1558) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ഓരോവർഷവും എത്ര കേന്ദ്രസഹായം ആവശ്യപ്പെട്ടു; എത്ര തുക ലഭ്യമായി; ലഭ്യമായ തുകയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ (വിഭാഗം തിരിച്ച്) എത്ര തുക ചെലവാക്കി; എത്ര തുക ലാപ്സ് ആയി; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് (വിഭാഗം തിരിച്ച്) വികസനപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക എത്ര; അതിൽ എത്ര ചെലവാക്കി; എത്ര ലാപ്സ് ആയി; വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) എത്ര ജീവനക്കാർ സംസ്ഥാന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന കേന്ദ്ര /സംസ്ഥാന ഫണ്ടുകൾ യഥാസമയം വിനിയോഗിക്കാത്തതായി കണ്ടെത്തി; എത്ര ജീവനക്കാരുടെ പേരിൽ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ലഭ്യമാകുന്ന ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കാനും അവരുടെ അഭിപ്രായങ്ങളെ തിരസ്കരിക്കുന്ന ഉദ്യോഗസ്ഥരെ ശിക്ഷിക്കാനും വേണ്ടി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധം ആയി ചേർക്കുന്നു*.

(സി) ഗ്രാമവികസന വകുപ്പിൽ ഒരാൾക്കെതിരെ അച്ചടക്ക നടപടി തുടർന്നുവരുന്നു. മറ്റ് വകുപ്പുകളിൽ കേന്ദ്ര/സംസ്ഥാന ഫണ്ടുകൾ യഥാസമയം വിനിയോഗിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം യഥാസമയം നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ജനപ്രതിനിധികളുടെ അവലോകന യോഗങ്ങളും പരിശോധനകളും വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ തിരസ്കരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമപരമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നുണ്ട്.

**ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പയ്യാമ്പലത്ത് വൈദ്യുത ശ്മശാനം**

117 (1559) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പയ്യാമ്പലത്ത് ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് വൈദ്യുത ശ്മശാനം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഡി.ബി 3/249/18 നമ്പർ ഫയലിൻമേൽ അന്തിമ ഉത്തരവ് ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ ഫയലിൽ മതിയായ റിപ്പോർട്ടുകൾ ഉണ്ടായിട്ടും ഒന്നരവർഷമായി അന്തിമ ഉത്തരവ് ലഭ്യമാക്കാത്തതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഈ വിഷയത്തിൽ അന്തിമ ഉത്തരവ് എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കാമോ;

(ഡി) മറ്റേതെങ്കിലും മണ്ഡലത്തിലേയ്ക്ക് സമാനവിഷയത്തിൽ ഇതിനുമുൻപ് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) കണ്ണൂർ കോർപ്പറേഷനിലെ പയ്യാമ്പലത്ത് നിർമ്മിക്കുന്ന ആധുനിക രീതിയിലുള്ള വാതക ശ്മശാനത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് സ്പെയ്സ് ആർട്ട് ഗോൾഫ് ലിങ്ക് റോഡ്, മാലാപ്പറമ്പ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തു ന്നതിന് അനുമതി ലഭ്യമാക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ ഡി.പി.ആർ. സ്പേസ് ആർട്സ് തൃപ്തികരമായി തയ്യാറാക്കിയോയെന്ന വിവരം ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറോടും പഞ്ചായത്ത് ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽ ആവശ്യത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കു ന്നതിന് സ്പേസ് ആർട്ട്സ് എന്ന സ്ഥാപനത്തെ 8-5-2018-ലെ സ.ഉ. (സാധാ) നമ്പർ 1291/18/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി

118 (1560) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭ്യമായവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) ഇലിഞ്ഞാലക്കുട നിയോജകമണ്ഡലത്തിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികളുടെ നിർവ്വഹണം ബ്ലോക്ക് പഞ്ചായത്ത് മുഖാന്തരം നടപ്പിലാക്കിവരുന്നു. പ്രസ്തുത പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

**ഇൻഫർമേഷൻ കേരള മിഷൻ**

119 (1561) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ എന്നാണ് രൂപീകരിച്ചത്; ഇതിന്റെ ഉത്തരവ് ലഭ്യമാക്കാമോ; ഇതുപ്രകാരം സംസ്ഥാന ആസൂത്രണ ബോർഡുമായി ഏർപ്പെട്ട ധാരണാപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഇവയിൽ എന്തെല്ലാം മാറ്റങ്ങളാണ് പിന്നീട് വരുത്തിയത്; ഇവയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) 1999 മുതൽ 2007 വരെ എത്ര സർക്കാർ അംഗീകൃത തസ്തികകൾ ഐ.കെ.എം.-ൽ ഉണ്ട്; പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചതിന്റെ സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ;

(ഡി) 1999 മുതൽ 2007 വരെയുള്ള കാലയളവിൽ എത്ര ജീവനക്കാർ ഐ.കെ.എം.-ൽ ഉണ്ടായിരുന്നു; പ്രസ്തുത നിയമനങ്ങൾക്ക് ഐ.കെ.എം. ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ അംഗീകാരം ഉണ്ടായിരുന്നുവോ; ഉണ്ടെങ്കിൽ കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) സ.ഉ.(ആർ.റ്റി.) നമ്പർ 3865/2008/എൽ.എസ്.ജി.ഡി. തീയതി. 3-11-2008 പ്രകാരം ഐ.കെ.എം.-ൽ എത്ര സർക്കാർ അംഗീകൃത തസ്തികകൾ ഉണ്ട്; ഈ തസ്തികകളിലേക്ക് ഐ.കെ.എം. എക്സിക്യൂട്ടീവ് ചെയർമാൻ &ഡയറക്ടർ നിയോഗിച്ച ജീവനക്കാരുടെ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ആസൂത്രണ ബോർഡിനേയും ബന്ധപ്പെടുത്തി Computer Network സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഉത്തരവ് G.O. Ms (No.) 38/99/plg dated 12-8-1999 പ്രകാരം പ്ലാനിംഗ് ബോർഡിന് കീഴിൽ സി-ഡിറ്റിന്റെ ഒരു പ്രോജക്ടായാണ് ഇൻഫർമേഷൻ കേരള മിഷൻ രൂപീകരിച്ചത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു. ധാരണാപത്രത്തിന്റെ പകർപ്പ് സംസ്ഥാന ആസൂത്രണ ബോർഡിൽനിന്നും ലഭ്യമാക്കി സമർപ്പിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇൻഫർമേഷൻ കേരള മിഷന്റെ പ്രാരംഭ ഉദ്ദേശ്യലക്ഷ്യങ്ങളും ഇവയിൽ പിന്നീട് വരുത്തിയ മാറ്റങ്ങളും അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി-ഇ) വിശദവിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷനിൽനിന്ന് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ**

120 (1562) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മൊത്തം സേവന ദാതാവ് (റ്റി.എസ്.പി.) ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) 2016 ആഗസ്റ്റ് മുതൽ 2020 ജനുവരി 31 വരെ തദ്ദേശ സ്ഥാപനങ്ങളിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ച സോഫ്റ്റ്‌വെയറുകളിന്മേൽ എത്ര പരാതികൾ രജിസ്റ്റർ ചെയ്തു; എത്ര പരാതികൾ പരിഹരിക്കാനുണ്ട്; വിശദമാക്കുമോ; ഓരോ സോഫ്റ്റ്‌വെയറുകളിന്മേലും ലഭിച്ച പരാതികളുടെ മാസവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഐ.കെ.എം. വികസിപ്പിച്ച സോഫ്റ്റ്‌വെയറുകൾ ഏതെല്ലാം; വിശദമാക്കുമോ; ഇതിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഉപയോഗിക്കാവുന്ന എത്ര സോഫ്റ്റ്‌വെയർ ഉണ്ട്; ഇതിൽ ഓൺലൈൻ സേവനങ്ങൾ നൽകുന്ന സോഫ്റ്റ്‌വെയറുകൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുറത്ത് ഇറക്കിയ സംസ്ഥാന സർക്കാരിന്റെ വികസന റിപ്പോർട്ടിൽ ഐ.കെ.എം-ന്റെ നേട്ടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ; വിശദാംശം നൽകുമോ;

(ഇ) ഐ.കെ.എം. തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി വികസിപ്പിച്ച എല്ലാ സോഫ്റ്റ്‌വെയറുകളുടെയും നിലവിലെ ഇംപ്ലിമെന്റേഷൻ സ്റ്റാറ്റസ് തദ്ദേശ സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അനുബന്ധം 1 ആയി ചേർക്കുന്നു*.

(സി) അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ഇ) അനുബന്ധം 3 ആയി ചേർക്കുന്നു.*

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബി.ഒ.ടി. വ്യവസ്ഥയിൽ പദ്ധതികൾ**

121 (1563) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വകാര്യ പങ്കാളിത്തത്തോടെ ബി.ഒ.ടി. വ്യവസ്ഥയിൽ പദ്ധതികൾ ആരംഭിക്കാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സാമ്പത്തിക പരിമിതി കാരണം ഷോപ്പിംഗ് കോംപ്ലക്സ്, ഫിഷ് മാർക്കറ്റ് തുടങ്ങിയ പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ ഇത്തരം പദ്ധതികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബി.ഒ.ടി. സംവിധാനത്തെ കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

122 (1564) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർത്തിയാക്കുവാൻ ഒരു വർഷത്തിൽ കൂടുതൽ സമയം വേണ്ടിവരുന്ന പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം മുതൽ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ട എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇതിനുള്ള പ്രത്യേക സാഹചര്യം എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) അടുത്ത വർഷത്തെ വികസന പദ്ധതികൾക്കൊപ്പം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ദുരന്തമാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പുതിയ ബഹു വർഷ പ്രോജക്ടുകൾ 2020-21 വാർഷിക പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ല എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള ഭരണ സമിതിയുടെ അവസാന വർഷമാണ് 2020-21 എന്നതിനാലാണ് പുതിയ ബഹു വർഷ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മുമ്പ് ആരംഭിച്ച ബഹു വർഷ പ്രോജക്ടുകളുടെ 2020-21 വർഷത്തേയ്ക്കുള്ള പ്രോജക്ട് ഘടകം പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(സി) ഉണ്ട്, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കേണ്ടതും പ്രസ്തുത പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ വർക്കുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ദുരന്ത നിവാരണ പദ്ധതിക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം നൽകുന്നത്.

**ഇരിങ്ങാലക്കുടയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

123 (1565) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസനഫണ്ട്, പ്രാദേശിക വികസനഫണ്ട് എന്നിവ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് പറയാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*.

**തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളാക്കി മാറ്റാൻ നടപടി**

124 (1566) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ നിർമ്മാണ പ്രക്രിയയിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളാക്കി മാറ്റാനും ആയത് വഴി തദ്ദേശസ്വയംഭരണ മേഖലകളുടെ വികസനവും പരിസ്ഥിതി സംരക്ഷണവും ശുചിത്വം ഉറപ്പാക്കാനും ഈ സർക്കാർ സ്വീകരിച്ച പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേന്ദ്ര/സംസ്ഥാന സർക്കാർ പദ്ധതികൾ ഏകോപിപ്പിച്ച് ഫണ്ടുകൾ ലാപ്സ് ആക്കാതെ ഫലവത്തായി ഉപയോഗപ്രദമാക്കാൻ വേണ്ടി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം; അറിയിക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് (കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത്) സർക്കാർ അനുവദിച്ച തുക (കേന്ദ്ര/സംസ്ഥാന ഫണ്ടുകൾ)എത്ര എന്നും എത്ര ചെലവാക്കി എന്നും മേഖല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ മേഖലകളുടെ വികസനവും പരിസ്ഥിതി സംരക്ഷണവും ശുചിത്വവും ഉറപ്പാക്കുന്നതിനുവേണ്ടി നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം മിഷൻ എന്നിങ്ങനെ നാല് മിഷനുകൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഹരിത കേരളം മിഷൻ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പരമാവധി പൊതുജന പങ്കാളിത്തം ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ മാലിന്യ സംസ്കരണം, ശുചിത്വം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പുതിയ നഗരസഭകളുടെ കെട്ടിട നിർമ്മാണം, ആധുനിക അറവുശാലകളുടെ നിർമ്മാണം, ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം തുടങ്ങിയ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഏകീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. പ്രളയാനന്തര പുനർ നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള നടപടികൾക്കായി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് രൂപീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2020 ജനുവരി 1 മുതൽ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18, 2018-19 വർഷങ്ങളിലെ പദ്ധതി ചെലവിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുന്നേതന്നെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും പദ്ധതികൾക്ക് അംഗീകാരം നേടുന്നതിനും സാധിച്ചു. ഇതുവഴി പദ്ധതി നിർവ്വഹണത്തിന് 12 മാസം സമയം ലഭിച്ചതിലൂടെ പ്രോജക്ടുകളുടെ ചെലവിനത്തിൽ കാര്യക്ഷമത കൈവരിക്കാനും തുക ലാപ്സ് ആകുന്നത് കുറയ്ക്കാനും സാധിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ജിഡ ഫണ്ട് വിനിയോഗം

125 (T1567) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടന്നുവരുന്ന മുളവുകാട് റോഡിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടന്നുവരുന്ന 5.5 കി.മീ. ദൂരമുള്ള മുളവുകാട് റോഡിന്റെ ആദ്യഘട്ടമായ 2.5 കി.മീ. നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാം ഘട്ടമായ 3 കി.മീ. ദൂരത്തിൽ ആദ്യഭാഗം 1.5 കി.മീ. ദൂരം 55% പണി പൂർത്തിയാക്കിയിട്ടുണ്ട്. മാർച്ച് 2020-നുള്ളിൽ ഈ ഭാഗം പൂർത്തീകരിക്കുന്നതാണ്.

(ബി) നിർദ്ദിഷ്ട പ്രദേശം വെള്ളക്കെട്ടുള്ളതാണ്. കഴിഞ്ഞ വർഷം കനത്ത മഴയും വെള്ളപ്പൊക്കം ഉണ്ടായതും യൂട്ടിലിറ്റി ഷിഫ്റ്റ് ചെയ്യുന്നതിന് താമസം നേരിട്ടതും കോൺട്രാക്ടറുടെ സാമ്പത്തിക പ്രതിസന്ധിയും പദ്ധതി വൈകുന്നതിന് കാരണമായിട്ടുണ്ട്. സ്ഥലം വിട്ടുകിട്ടുന്നതിനുള്ള തടസ്സങ്ങൾമൂലം രണ്ടാം ഭാഗത്തിലെ 1.5 കി.മീ. റോഡ് നിർമ്മാണത്തിന് കാലതാമസം നേരിടുന്നുണ്ട്. മറ്റ് തടസ്സങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ

126 (1568) ശ്രീ. സജി ചെറിയാൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു. (4-2-2020 വരെയുള്ളത്)

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 48.82% |
| ബ്ലോക്ക് പഞ്ചായത്ത് | 47.29% |
| ജില്ലാ പഞ്ചായത്ത് | 33.08% |
| മുനിസിപ്പാലിറ്റി | 36.52% |
| കോർപ്പറേഷൻ | 29.61% |
| ആകെ | 42.66% |

പൊതുവിഭാഗം, എസ്.സി.പി., റ്റി.എസ്.പി. എന്നീ ഇനങ്ങളിൽ ചെലവാക്കിയ ശതമാനം ചുവടെ ചേർക്കുന്നു. (4-2-2020 വരെയുള്ളത്)

| | |
|---|---|
| ജനറൽ | 51.86% |
| എസ്.സി.പി. | 40.45% |
| റ്റി.എസ്.പി. | 41.62% |

(ബി) 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20 വർഷത്തെ വികസന പദ്ധതികൾ കാലേക്കൂട്ടി തയ്യാറാക്കി 2018 ഡിസംബർ 31-ന് മുമ്പ് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നീക്കിയതിനുശേഷം സ്പിൽ ഓവർ പ്രോജക്ടുകൾകൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള

ഉത്തരവുകളും നൽകിയിരുന്നു. ഉദ്യോഗസ്ഥ തലത്തിൽ പരിശീലനങ്ങളും നൽകിയിരുന്നു. വകുപ്പ് മേധാവികൾ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്. സർക്കാർ തലത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ നടന്നുവരികയാണ്.

(സി) 2020-21 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് ഉത്തരവിറങ്ങിയിട്ടുണ്ട്. ആസൂത്രണ നടപടിക്രമങ്ങൾ 2019 ഡിസംബർ 7-ന് ആരംഭിച്ച് 2020 മാർച്ച് 5-ന് ജില്ലാ ആസൂത്രണ സമിതിക്ക് വാർഷിക പദ്ധതി സമർപ്പിക്കുന്ന രീതിയിലുള്ള ഒരു കലണ്ടറാണ് തയ്യാറാക്കിയിരുന്നത്. കലണ്ടർ പ്രകാരം പദ്ധതി ആസൂത്രണത്തിന്റെ ഓരോ ഘട്ടവും പൂർത്തിയാക്കണം. പദ്ധതി രൂപീകരണ പുരോഗതി സർക്കാർ തലത്തിൽ അവലോകനം ചെയ്യുന്നു.

## ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കിയ പദ്ധതികൾ

127 (1569) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കിയ പദ്ധതികളിലൂടെ എത്ര തുകയാണ് ചെലവഴിച്ചതെന്ന് ജില്ല തിരിച്ച് വിവരിക്കാമോ;

(ബി) സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) നടപ്പുവർഷം ഗ്രാമപഞ്ചായത്തുകളുടെ 6-2-2020 വരെയുള്ള പദ്ധതി പുരോഗതി വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ഫണ്ടിനം | ചെലവ് തുക | ചെലവ് % |
|---|---|---|
| വികസന ഫണ്ട് | 1699.9 കോടി | 49.04 |
| മെയിന്റനൻസ് ഫണ്ട് | 627.54 കോടി | 34.44 |

ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു* .

(ബി) പദ്ധതി നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവുമാക്കുന്നതിനായി 10-7-2019-ലെ ഡി.എ 1/221/2019/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. നിർവ്വഹണ കലണ്ടർ കൃത്യമായി പാലിച്ച് കഴിവതും 70 ശതമാനമെങ്കിലും പദ്ധതി ചെലവ് ഡിസംബർ 31-നകം വരുത്തണം. ഈ ലക്ഷ്യം നേടുന്നതിന് ജൂൺ മാസം 30-ന് 15 ശതമാനവും സെപ്റ്റംബർ 30-ന് 45 ശതമാനവും പദ്ധതി ചെലവ് കൈവരിക്കണം.

2. പ്രവൃത്തികളുടെ പാർട്ട് ബിൽ, പ്രത്യേകിച്ച് നിർമ്മാണ പ്രവൃത്തികളുടെ, തയ്യാറാക്കി നൽകണം. എഞ്ചിനീയർമാരെ ഇക്കാര്യത്തിൽ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കണം.

3. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയിൽനിന്നും എസ്റ്റിമേറ്റ് വാങ്ങി തുക നേരത്തെ നൽകുകയും പ്രോജക്ടുകൾ ഈ വർഷംതന്നെ പൂർത്തിയാക്കുകയും ചെയ്യണം.

## ലൈഫ് ഭവന പദ്ധതി

128 (T1570) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ നാല് ഗ്രാമപഞ്ചായത്തുകളിലും രണ്ട് നഗരസഭകളിലുമായി ലൈഫ് ഭവന പദ്ധതിയിലൂടെ എത്ര കുടുംബങ്ങൾക്കാണ് വീട് നിർമ്മിച്ച് നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര വീടുകളുടെ നിർമ്മാണമാണ് പുരോഗമിച്ചു കൊണ്ടിരിക്കുന്നതെന്നും എത്ര വീടുകളുടെ നിർമ്മാണമാണ് ഇതിനോടകം പൂർത്തീകരിച്ചതെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) കൊയിലാണ്ടി നിയമസഭാമണ്ഡലത്തിലെ നാല് ഗ്രാമപഞ്ചായത്തുകളിലും രണ്ട് നഗരസഭകളിലുമായി ലൈഫ് ഭവന പദ്ധതിയിലൂടെ 2150 കുടുംബങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) ലൈഫ് ഭവന പദ്ധതിയിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 1220 ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയായി. 930 വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

---

Tമാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു
*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലൈഫ് ഭവന പദ്ധതി

129 (1571) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലും കരുനാഗപ്പള്ളി നഗരസഭയിലും എത്ര ഭവനങ്ങൾ പൂർത്തീകരിച്ച് കൈമാറ്റം നടത്തിയെന്നും എത്ര ഭവനങ്ങൾ ഇനിയും ഈ പദ്ധതി പ്രകാരം പൂർത്തീകരിക്കേണ്ടതുണ്ടെന്നും വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹരായവരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും പദ്ധതി നടപ്പിലാക്കുന്ന കാലഘട്ടത്തിൽ തന്നെ വീട് ലഭ്യമാകുമോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ലൈഫ് പദ്ധതി പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലും പൂർത്തീകരിച്ച ഭവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

1. ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

ലൈഫ് ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ ആകെ 111 വീടുകളാണ് വിവിധ ഡിപ്പാർട്ട്മെന്റുകളുടേതായി ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പൂർത്തീകരിക്കാൻ ഉണ്ടായിരുന്നത്. മുഴുവൻ വീടുകളും ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ചു.

രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണത്തിൽ ആറ് ഗ്രാമപഞ്ചായത്തുകളിൽ നിന്നായി 785 ഗുണഭോക്താക്കളാണ് ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഭവന നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. അതിൽ 627 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 54 വീടുകൾ റൂഫ് ലെവലിലും 32 വീടുകൾ ലിന്റൽ ലെവലിലും 55 വീടുകൾ ബേസ്മെന്റ് ഘട്ടവും പൂർത്തീകരിച്ചു.

മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന നിർമ്മാണത്തിൽ 1107 ഗുണഭോക്താക്കളാണ് ഗ്രാമപഞ്ചായത്തുകളിൽ രേഖാ പരിശോധനയ്ക്ക് ഹാജരായി അർഹത തെളിയിച്ചിട്ടുള്ളത്. ടി ആളുകളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി

ലൈഫ് ഒന്നാംഘട്ടത്തിൽ 15 വീടുകളാണ് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പൂർത്തീകരിക്കാനുണ്ടായിരുന്നത്. ഇതിൽ 14 വീടുകൾ പൂർത്തീകരിച്ചു.

രണ്ടാം ഘട്ടമായ പി.എം.എ.വൈ-ലൈഫ് പദ്ധതിയിൽ ഭൂമിയുള്ള 604 ഗുണഭോക്താക്കളാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ഇതിൽ 337 വീടുകൾ പൂർത്തീകരിച്ചു.

മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിൽ അർഹത തെളിയിച്ച 421 ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനാണ് നിലവിൽ ലക്ഷ്യമിടുന്നത്. പുതിയ ഗുണഭോക്താക്കളെ നിലവിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ലൈഫ് ഭവന പദ്ധതി**

130 (T* 1572) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തിയായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇതിനായി എത്ര തുക പ്രാദേശിക ഭരണകൂടങ്ങൾ ചെലവഴിച്ചിട്ടുണ്ട്; എത്ര തുക സർക്കാർ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) പദ്ധതിയ്ക്കായി സർക്കാർ ഏതെങ്കിലും തരത്തിലുള്ള വായ്പ ബാങ്കുകളിൽ നിന്ന് ലഭ്യമാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ വായ്പാ തിരിച്ചടവ് പൂർണ്ണമായും സർക്കാർ തന്നെ വഹിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; എത്ര തുകയാണ് ഇത്തരത്തിൽ തിരിച്ചടവിനായി വേണ്ടി വരുന്നത്; വ്യക്തമാക്കുമോ;

(ഡി) അർഹരായ ഗുണഭോക്താക്കളെ ലൈഫ് ഭവന പദ്ധതിയുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കി പക്ഷപാതപരമായിട്ടാണ് പട്ടിക തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലൈഫ് ഭവന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ സംസ്ഥാനത്ത് 52009 വീടുകൾ പൂർത്തിയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു* .

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 564.88 കോടി രൂപയും സംസ്ഥാന സർക്കാർ 105 കോടി രൂപയുമാണ് ഒന്നാംഘട്ട പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്.

(സി) ഒന്നാംഘട്ട പദ്ധതിക്കായി വായ്പ ലഭ്യമാക്കിയിട്ടില്ല.

(ഡി) അർഹരായ ഗുണഭോക്താക്കളെ ലൈഫ് ഭവന പദ്ധതിയുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കി പക്ഷപാതപരമായിട്ടാണ് പട്ടിക തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി

131 (T*1573) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലും അനുവദിച്ച വീടുകൾ എത്രയെന്നും അവയിൽ പൂർത്തീകരിച്ചവ എത്രയെന്നും വിശദമാക്കാമോ;

(ബി) ഇതിൽ കായംകുളം മണ്ഡലത്തിൽ മാത്രം അനുവദിച്ച വീടുകൾ എത്രയെന്നും പൂർത്തീകരിച്ചവ എത്രയെന്നും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലും അനുവദിച്ച വീടുകളുടെയും പൂർത്തീകരിച്ച വീടുകളുടെയും വിശദവിവരം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു*.

(ബി) കായംകുളം മണ്ഡലത്തിൽ മാത്രം അനുവദിച്ച വീടുകളുടെയും പൂർത്തീകരിച്ച വീടുകളുടെയും വിശദവിവരം അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു. *

**ലൈഫ് പദ്ധതി**

132 (T* 1574) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് ഭൂമി വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനും ധനസഹായം അനുവദിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഒന്നിലേറെ പ്രാവശ്യം ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും ധനസഹായം അനുവദിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്ത് 165 പേർക്ക് ഭൂമി വാങ്ങുന്നതിനും 240770 പേർക്ക് വീട് വയ്ക്കുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഒന്നിലേറെ പ്രാവശ്യം ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും ധനസഹായം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ലൈഫ് പദ്ധതി**

133 (1575) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി മുഖേന നാളിതുവരെയായി എത്ര ഭവനങ്ങൾ/ഭവന സമുച്ചയങ്ങൾ പൂർത്തിയായിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) ഇതിൽ ഭൂമിയില്ലാത്ത എത്ര ആളുകൾക്ക് ഭൂമി വാങ്ങി വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) ഇതിനായി എത്ര തുക നാളിതുവരെയായി ചെലവഴിച്ചിട്ടുണ്ട്; കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) കുടുംബ റേഷൻ കാർഡിൽ നിന്നും പേര് മാറ്റി സ്വന്തമായി റേഷൻ കാർഡ് എടുത്ത പലരും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടും വീട് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ കീഴിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് കൺസൾട്ടൻസികളെ തെരഞ്ഞെടുത്തിട്ടുണ്ടോ എന്നും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ;

(എഫ്) കേന്ദ്ര സർക്കാരിൽ നിന്നും ലൈഫ് പദ്ധതി മുഖേനയുള്ള ഭവന പദ്ധതികൾക്കായി എത്ര തുക ഇക്കാലയളവിൽ ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ജി) ഏറനാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര ആളുകൾക്ക് പ്രസ്തുത പദ്ധതിയിൽ വീട് അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് പദ്ധതി മുഖേന നാളിതുവരെയായി 173906 ഭവനങ്ങളും (ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു*) ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഒരു ഭവന സമുച്ചയവും പൂർത്തിയായിട്ടുണ്ട്. ഭൂരഹിത ഭവനരഹിതർക്ക് 2020 ഒക്ടോബറോടുകൂടി സംസ്ഥാനത്ത് 85 ഭവനസമുച്ചയങ്ങൾ നിർമ്മിച്ചുനൽകാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.

എല്ലാ ജില്ലകളിലും ലൈഫ് മിഷന്റെ നേതൃത്വത്തിൽ പൈലറ്റായി നിർമ്മിക്കുന്ന 14 ഭവനസമുച്ചയങ്ങൾക്കും 2 സുനാമി ഫ്ലാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ലൈഫ് മിഷന്റെ സഹായത്തോടുകൂടി ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബി.എൽ.സി. മാതൃകയിൽ) ഭവന സുമച്ചയ നിർമ്മാണം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ വരുന്ന രാമേശ്വരം വില്ലേജിൽ ലൈഫ് മിഷന്റെ സഹായത്തോടുകൂടി ജി.സി.ഡി.എ.-യുടെ മേൽനോട്ടത്തിൽ നിർമ്മിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. തൃശ്ശൂർ ജില്ലയിൽ റെഡ് ക്രസന്റിന്റെ സഹയത്തോടുകൂടി (സ്പോൺസർഷിപ്പ്) വടക്കാഞ്ചേരി നഗരസഭയിൽ 140 അപ്പാർട്ടുമെന്റുകളടങ്ങിയ ഭവന സമുച്ചയ നിർമ്മാണം

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന കരിമഠം കോളനിയിൽ നിലവിൽ കോർപ്പറേഷൻ നിർമ്മിച്ചു നൽകിയിട്ടുള്ള മാതൃകയിൽ ഒരു ഭവനസമുച്ചയം ലൈഫ് മിഷൻ സഹായത്തോടു കൂടി നിർമ്മിച്ചു നൽകുന്നതിനുള്ള പ്രാരംഭ നടപടിയിലാണ്. ബാക്കിയുള്ള 10 ജില്ലകളെ മൂന്ന് റീജിയണുകളായി തരംതിരിച്ച് [കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് (റീജിയൺ-1), പാലക്കാട്, ഇടുക്കി, കോട്ടയം (റീജിയൺ-2), ആലപ്പുഴ, പത്തനംതിട്ട, കൊല്ലം (റീജിയൺ-3)] ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനായി പ്രീഫാബ് (Light Gauge Steel Frame Plus Pre Engineered Building) സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പ്രാരംഭ പണികൾ ആരംഭിച്ചിട്ടുണ്ട്. സഹകരണ വകുപ്പിന്റെ കെയർഹോം പദ്ധതിയിലൂടെയും 14 ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ടി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ പരിശോധനകൾ നടന്നു വരികയാണ്.

ഇതിനുപുറമെ കണ്ടെത്തിയ 56 സ്ഥലങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള 38 സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നില നിർത്തി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി സ്ഥലങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സർവ്വേ നടപടികൾ, ഡി.പി.ആർ. തയ്യാറാക്കൽ തുടങ്ങിയവ പുരോഗമിക്കുന്നു.

(ബി) ഭൂമിയില്ലാത്ത 165 ഗുണഭോക്താക്കൾക്ക് വസ്തു വാങ്ങി നൽകിയിട്ടുണ്ട്. ഇവർക്ക് വീട് നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇതിലേക്കായി സംസ്ഥാന വിഹിതമായ 5.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതം വിനിയോഗിച്ചിട്ടില്ല.

(ഡി) കുടുംബ റേഷൻ കാർഡിൽ ഉൾപ്പെട്ടുമുകാരണം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടും അർഹരാകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 6-9-2019-ലെ സ.ഉ. (സാധാ) നമ്പർ 1946/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ-പട്ടികജാതി/മത്സ്യത്തൊഴിലാളി വിഭാഗങ്ങൾ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട് എന്ന മാനദണ്ഡത്തിന് ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഇ) ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് കൺസൾട്ടൻസികളെ തെരഞ്ഞെടുത്തിട്ടുണ്ട്. 10 സ്ഥലങ്ങളിലെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്.

(എഫ്) പി.എം.എ.വൈ - (അർബൻ/റൂറൽ ) - ലൈഫ് പദ്ധതികൾക്കായി 880.95 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(ജി) ഏറനാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വീട് അനുവദിച്ചു നൽകിയതിന്റെ വിശദവിവരം അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു*.

**ലൈഫ് മിഷൻ**

134 (1576) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോഴുണ്ടായിരുന്ന ഭൂരഹിത ഭവനരഹിതർ/ഭൂമിയുള്ള ഭവനരഹിതർ/അന്യസംസ്ഥാനത്തു നിന്നും വർഷങ്ങളായി സംസ്ഥാനത്തുള്ള ഭവനരഹിത കുടുംബങ്ങൾ എന്നിവ എത്ര എന്നും അവരിൽ എത്ര പേർക്ക് ഈ സർക്കാർ നാളിതുവരെ വീട് നല്കുകയോ/വീടുവയ്ക്കുവാനുള്ള സഹായം നല്കുകയോ ചെയ്തു എന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്ന ലൈഫ് മിഷൻ വഴി ഈ സർക്കാർ കാലയളവിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും എത്ര പേർക്ക് ഇതുവഴി വാസയോഗ്യമായ വീടുകൾ ലഭ്യമായി എന്നുമുള്ള വിശദാംശം വർഷം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ഇനിയും സ്വന്തമായി വീടില്ലാത്തവർ എത്രയെന്നും അവർക്ക് വീട് നല്കുവാനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി സർക്കാർ ഓരോ വർഷവും ചെലവാക്കിയ തുക എത്രയെന്നും എത്ര കേന്ദ്രസഹായം അഭ്യർത്ഥിച്ചുവെന്നും എത്ര ലഭ്യമായി എന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. ടി സർവ്വേയിലൂടെ ഭൂരഹിത ഭവനരഹിതരായി 337416 പേരെയും ഭൂമിയുള്ള ഭവനരഹിതരായി 176080 പേരെയും കണ്ടെത്തി. ഇതിൽ നാളിതുവരെ 106792 പേർ ഭൂരഹിത

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭവനരഹിതരായും 100460 പേർ ഭൂമിയുള്ള ഭവനരഹിതരായും രേഖാ പരിശോധനയിലൂടെ ഭവന നിർമ്മാണത്തിനുള്ള ധനസഹായത്തിന് അർഹരായിട്ടുണ്ട്. ഇതിനുപുറമെ പി.എം.എ.വൈ. (ഗ്രാമീൺ)-ൽ 42431 പേരും പി.എം.എ.വൈ (അർബൻ)-ൽ 88021 പേരും അർഹരായിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരിൽ 165 പേർക്ക് ഭവന നിർമ്മാണത്തിനായി വസ്തു വാങ്ങി നൽകുകയും 163 പേരെ ഭവനസമുച്ചയത്തിൽ പുനരധിവസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയുള്ള ഭവന രഹിതരിൽ 186597 പേർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) ലൈഫ് മിഷൻ മുഖേന നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) സർവ്വേയിലൂടെ കണ്ടെത്തിയ ഭവനരഹിതരിൽ ഭൂമിയുള്ള ഭവനരഹിതരായ 186597 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഭൂരഹിത ഭവനരഹിതരിൽ 163 പേർക്ക് ഭവന സമുച്ചയം നിർമ്മിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർ ഭവനരഹിതരായിട്ടുണ്ട്. ഭൂമിയുള്ള ഭവനരഹിതരിൽ ലൈഫ് മാനദണ്ഡപ്രകാരം അർഹരാകുന്നവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുകയും അർഹരായ ഭൂരഹിത ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിച്ചു നൽകിയും ഭൂമി വാങ്ങി നൽകി വീട് വയ്ക്കുന്നതിന് ധനസഹായം നൽകാനുമാണ് ലക്ഷ്യമിടുന്നത്.

(ഡി) ലൈഫ് പദ്ധതി പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷത്തിൽ 784.1 കോടി രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 2890.6 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സഹായത്തിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

**ലൈഫ് മിഷൻ പദ്ധതി**

135 (1577) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി (പി.എം.എ.വൈ.-അർബൻ, പി.എം.എ.വൈ.-ഗ്രാമീൺ) വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട അമ്പലമുകൾ അമൃതകുടീരം കോളനിയിലെ 124 കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള ഫണ്ട് കൈമാറിയിട്ടുണ്ടോ;

(ബി) വീടുകൾ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 6-11-2019-ലെ സ.ഉ. (സാധാ) നമ്പർ 2476/2019/ത.സ്വ.ഭ.വ. പ്രകാരം അമ്പലമുകൾ അമൃതകുടീരം കോളനിയിലെ 125 കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിലും പി.എം.എ.വൈ. (അർബൻ) പദ്ധതിയിലും ഉൾപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഫണ്ട് ലഭ്യമായിട്ടില്ല.

(ബി) വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

**ലൈഫ് മിഷൻ പദ്ധതി**

136 (1578) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഞ്ച് സെന്റിൽ താഴെ ഭൂമിയുള്ള നിർദ്ധന വിഭാഗത്തിലുള്ള ആളുകളുടെ സ്ഥലത്തിന് കെ.എൽ.യു. ഇല്ലാത്തതിനാൽ ലൈഫ് മിഷൻ പദ്ധതിൽ ഉൾപ്പെടുത്താൻ കഴിയാത്ത സ്ഥിതിയുണ്ടെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഭാഗത്തിലുള്ളവരെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് അഞ്ച് സെന്റിൽ താഴെ ഭൂമിയുള്ള നിർദ്ധന വിഭാഗത്തിലുള്ള ആളുകളുടെ സ്ഥലത്തിന് കെ.എൽ.യു. ഇല്ലാത്തതിനാൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ലൈഫ് പദ്ധതിപ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾ**

137 (1579) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ;

(ഡി) കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിനെ ലൈഫ് മിഷൻ ഭവന സമുച്ചയം നിർമ്മിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് 26-10-2019-ലെ എൽ.എസ്.ജി.ഡി.-DB1/101/2019-എൽ.എസ്.ജി.ഡി. നമ്പർ കത്തിന് ലൈഫ് മിഷൻ ഓഫീസിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നും രണ്ടും ഘട്ടങ്ങളിലായി 240770 വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 186960 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവന രഹിതരായി കണ്ടെത്തിയ 106792 അർഹരായ ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയങ്ങൾ വഴി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) കണ്ണൂർ ജില്ലയിൽ 13014 വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 7965 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

(സി) കല്ല്യാശ്ശേരി മണ്ഡലത്തിൽ 463 വീടുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നാളിതുവരെ 294 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

(ഡി) ലൈഫ് മിഷൻ ഭവനസമുച്ചയം നിർമ്മിക്കുന്ന സ്ഥലങ്ങളുടെ ലിസ്റ്റിൽ കണ്ണൂർ ജില്ലയിലെ പട്ടുവം എന്ന സ്ഥലം ഉൾപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ പട്ടുവം, കോഴിക്കോട് ജില്ലയിലെ മുക്കം എന്നീ സ്ഥലങ്ങൾ ലൈഫ് മിഷൻ ഭവനസമുച്ചയം നിർമ്മിക്കുന്ന സ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന വിവരം തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**ലൈഫ് മിഷൻ ഫ്ലാറ്റുകൾ**

138 (1580) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് മിഷൻ നിർമ്മിക്കാൻ തീരുമാനിച്ച ഫ്ലാറ്റുകളിൽ എത്രയെണ്ണം പണി പൂർത്തിയായി എന്ന് അറിയിക്കാമോ;

(ബി) ഓരോ ഫ്ലാറ്റിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ നിർമ്മിക്കാൻ തീരുമാനിച്ച 85 ഫ്ലാറ്റുകളിൽ ഒരെണ്ണം അടിമാലി ഗ്രാമപഞ്ചായത്തിൽ ഉദ്ഘാടനം ചെയ്ത് 163 കുടുംബങ്ങൾക്ക് നൽകുകയും ബാക്കിയുള്ളവയുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ വിവിധ ഘട്ടത്തിലുമാണ്.

(ബി) ഭൂരഹിത ഭവനരഹിതർക്ക് 2020 ഒക്ടോബറോടുകൂടി സംസ്ഥാനത്ത് 85 ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. എല്ലാ ജില്ലകളിലും ലൈഫ് മിഷന്റെ നേതൃത്വത്തിൽ പൈലറ്റായി നിർമ്മിക്കുന്ന 14 ഭവന സമുച്ചയങ്ങൾക്കും 2 സുനാമി ഫ്ലാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ലൈഫ് മിഷന്റെ സഹായത്തോടുകൂടി ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബി.എൽ.സി. മാതൃകയിൽ) ഭവന സമുച്ചയ നിർമ്മാണം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ വരുന്ന രാമേശ്വരം വില്ലേജിൽ ലൈഫ് മിഷന്റെ സഹായത്തോടുകൂടി ജി.സി.ഡി.എ.-യുടെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നടപടികൾ പുരോഗമിക്കുന്നു. തൃശ്ശൂർ ജില്ലയിൽ റെഡ് ക്രസന്റിന്റെ സഹായത്തോടുകൂടി (സ്പോൺസർഷിപ്പ്) വടക്കാഞ്ചേരി നഗരസഭയിൽ 140 അപ്പാർട്ട്മെന്റുകളടങ്ങിയ ഭവനസമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന കരിമഠം കോളനിയിൽ നിലവിൽ കോർപ്പറേഷൻ നിർമ്മിച്ച് നൽകിയിട്ടുള്ള മാതൃകയിൽ ഒരു ഭവന സമുച്ചയം ലൈഫ് മിഷൻ സഹായത്തോടുകൂടി നിർമ്മിച്ച് നൽകുന്നതിനുള്ള പ്രാരംഭ നടപടിയിലാണ്. ബാക്കിയുള്ള 10 ജില്ലകളെ മൂന്ന് റീജിയണുകളായി തരംതിരിച്ച് [കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് (റീജിയൺ 1), പാലക്കാട്, ഇടുക്കി, കോട്ടയം (റീജിയൺ 2), ആലപ്പുഴ, പത്തനംതിട്ട, കൊല്ലം (റീജിയൺ 3] ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനായി പ്രീഫാബ് (Light Gauge Steel Frame Plus Pre Engineered Building) സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പ്രാരംഭ പണികൾ ആരംഭിച്ചിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ കെയർഹോം പദ്ധതിയിലൂടെയും 14 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ടി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ പരിശോധനകൾ നടന്നു വരികയാണ്. ഇതിനുപുറമെ കണ്ടെത്തിയ 56 സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ

ഉടമസ്ഥതയിലുള്ള 38 സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി സ്ഥലങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സർവ്വേ നടപടികൾ, ഡി.പി.ആർ. തയ്യാറാക്കൽ തുടങ്ങിയവ പുരോഗമിക്കുന്നു.

**ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് അദാലത്ത്**

139 (1581) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ കുടുംബ സംഗമം/ അദാലത്ത് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത്തരം അദാലത്തിലൂടെ എന്തൊക്കെ വിഷയങ്ങളാണ് പരിഹരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അദാലത്തുകൾക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഏത് ഫണ്ടിൽ നിന്നുമാണ് ഇത് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ കുടുംബ സംഗമം/അദാലത്ത് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) അദാലത്തിലൂടെ നൽകുന്ന സേവനങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) അദാലത്തുകൾ സംഘടിപ്പിക്കുന്നതിനായി 4-12-2019-ലെ സ.ഉ. (സാധാ) നമ്പർ 2751/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും കുടുംബസംഗമത്തിന്റെ നടത്തിപ്പിലേക്കാവശ്യമായ നിർവ്വഹണ തുക ചുവടെ പറയുംപ്രകാരം വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയിരുന്നു.

ബ്ലോക്കുതല സംഗമം

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | - | 20,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | - | 50,000 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| മുനിസിപ്പാലിറ്റിതല സംഗമം | - | 2,00,000 |
| കോർപ്പറേഷൻതല സംഗമം | - | 3,00,000 |
| <u>ജില്ലാതല സംഗമം</u> | | |
| ജില്ലാ പഞ്ചായത്ത് വിഹിതം | - | 1,00,000 |
| ഗ്രാമപഞ്ചായത്ത് വിഹിതം | - | 5,000 |

## ലൈഫ് പദ്ധതിയിൽനിന്നും ഒഴിവാക്കപ്പെട്ടവർ

140 (1582) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡ് ലഭിക്കാത്തതിനാൽ പട്ടാമ്പി മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) റേഷൻ കാർഡ് ഇല്ലാത്തതിനാൽ ഒഴിവാക്കപ്പെട്ടവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റേഷൻ കാർഡ് ലഭിക്കാത്തതിനാൽ പട്ടാമ്പി മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽനിന്നും രണ്ടാം ഘട്ടത്തിൽ 512 പേരും മൂന്നാം ഘട്ടത്തിൽ 489 പേരും ഒഴിവായിട്ടുണ്ട്.

(ബി) കുടുംബ റേഷൻ കാർഡിൽ ഉൾപ്പെട്ടുകാരണം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടും അർഹരാകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 6-9-2019-ലെ സ.ഉ.(സാധാ) നമ്പർ 1946/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ-പട്ടികജാതി/മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട് എന്ന മാനദണ്ഡത്തിന് ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

## ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകൾ

141 (1583) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകളാണ് നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) 2020 ജനുവരി മാസം വരെ എത്ര വീടുകൾ പൂർത്തിയായെന്നും, ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എത്രയാണെന്നും അറിയിക്കാമോ;

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്തെ വീടില്ലാത്തവർക്കായി എത്ര ഫ്ലാറ്റ് സമുച്ചയങ്ങളാണ് സർക്കാർ നിർമ്മിക്കാനുദ്ദേശിക്കുന്നത്; ഓരോന്നിന്റെയും നിർമ്മാണ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ 240770 വീടുകളാണ് നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്.

(ബി) ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവിഷ്കരിച്ച ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി 173906 വീടുകൾ പൂർത്തിയായിട്ടുണ്ട്. 66864 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളുടെ പ്രവൃത്തി നടപ്പ് സാമ്പത്തികവർഷം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി നിലവിൽ 85 ഭവന സമുച്ചയങ്ങളുടെ നിർമ്മാണമാണ് ലക്ഷ്യമിടുന്നത്. എല്ലാ ജില്ലകളിലും ലൈഫ് മിഷന്റെ നേതൃത്വത്തിൽ പൈലറ്റായി നിർമ്മിക്കുന്ന 14 ഭവനസമുച്ചയങ്ങൾക്കും 2 സുനാമി ഫ്ലാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ലൈഫ് മിഷന്റെ സഹായത്തോടുകൂടി ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബി.എൽ.സി. മാതൃകയിൽ) ഭവന സമുച്ചയ നിർമ്മാണം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ വരുന്ന രാമേശ്വരം വില്ലേജിൽ ലൈഫ് മിഷന്റെ സഹായത്തോടുകൂടി ജി.സി.ഡി.എ.-യുടെ മേൽനോട്ടത്തിൽ നിർമ്മിക്കാനുള്ള ഭവന സമുച്ചയ നിർമ്മാണത്തിന്റെ നടപടികൾ പുരോഗമിക്കുന്നു. തൃശ്ശൂർ ജില്ലയിൽ റെഡ് ക്രസന്റിന്റെ സഹായത്തോടുകൂടി (സ്പോൺസർഷിപ്പ്) വടക്കാഞ്ചേരി നഗരസഭയിൽ 140 അപ്പാർട്ട്മെന്റുകളടങ്ങിയ ഭവന സമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന കരിമഠം കോളനിയിൽ നിലവിൽ കോർപ്പറേഷൻ നിർമ്മിച്ച് നൽകിയിട്ടുള്ള മാതൃകയിൽ ഒരു ഭവന സമുച്ചയം ലൈഫ് മിഷൻ സഹായത്തോടുകൂടി നിർമ്മിച്ച് നൽകുന്നതിനുള്ള പ്രാരംഭ നടപടിയിലാണ്. ബാക്കിയുള്ള 10 ജില്ലകളെ മൂന്ന് റീജിയണുകളായി തരംതിരിച്ച് [കാസർഗോഡ്,

കണ്ണൂർ, വയനാട്, കോഴിക്കോട് (റീജിയൺ 1), പാലക്കാട്, ഇടുക്കി, കോട്ടയം (റീജിയൺ 2), ആലപ്പുഴ, പത്തനംതിട്ട, കൊല്ലം (റീജിയൺ 3)] ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനായി പ്രീഫാബ് (Light Gauge Steel Frame Plus Pre Engineered Building) സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പ്രാരംഭ പണികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ പൈലറ്റായി ഒരു ഭവനസമുച്ചയം ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ കെയർഹോം പദ്ധതിയിലൂടെയും 14 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ടി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ പരിശോധനകൾ നടന്നുവരികയാണ്. ഇതിനുപുറമെ കണ്ടെത്തിയ 56 സ്ഥലങ്ങളിൽ ഭവനസമുച്ച യങ്ങൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള 38 സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി സ്ഥലങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സർവ്വേ നടപടികൾ, ഡി.പി.ആർ. തയ്യാറാക്കൽ തുടങ്ങിയവ പുരോഗമിക്കുന്നു.

**ലൈഫ് ഭവനനിർമ്മാണ പദ്ധതി**

142 (1584) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലൈഫ് ഭവനനിർമ്മാണ പദ്ധതിപ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര പേർക്ക് വീടും സ്ഥലവും നൽകി എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട, സ്വന്തം നിലയിൽ സ്ഥലം ലഭ്യമാക്കിയ 70 പേർക്ക് ഭവന നിർമ്മാണത്തിന് നിലവിൽ ആനുകൂല്യം നൽകി യിട്ടുണ്ട്. പാർപ്പിട സമുച്ചയ നിർമ്മാണത്തിനായി ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ 2 ഏക്കർ 47 സെന്റ് സ്ഥലത്തിന്റെ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. (വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.)*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ലൈഫ് മിഷൻ പദ്ധതി**

143 (1585) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയിലൂടെ എത്ര വീടുകളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര വീടുകളാണ് സർക്കാർ അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 52009 വീടുകളും രണ്ടാം ഘട്ടത്തിൽ 121897 വീടുകളും പൂർത്തിയായിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 54173 വീടുകളും രണ്ടാം ഘട്ടത്തിൽ 186597 വീടുകളും അനുവദിച്ചിട്ടുണ്ട്.

**ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടം**

144 (1586) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഇതുവരെ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഓരോ ജില്ലയിലും ഭവനസമുച്ചയ നിർമ്മിതിക്കായി എത്ര ഏക്കർ സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ വീടിന് അർഹതപ്പെട്ട എത്ര പേരുണ്ടെന്നാണ് സർവ്വേയിൽ കണ്ടെത്തിയതെന്നും അതിൽ എത്രപേരെയാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്നും അറിയിക്കാമോ;

(ഡി) പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചാണോ ഫ്ലാറ്റുകൾ നിർമ്മിക്കുന്നത്; എങ്കിൽ അതിന്റെ പ്രത്യേകത എന്താണ്; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണെന്നും അവർക്ക് കൺസൾട്ടൻസി ഫീസ് ഇനത്തിൽ എന്ത് തുകയാണ് നൽകിയതെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസത്തിന് ഭവനസമുച്ചയങ്ങൾ വഴി ഫ്ലാറ്റുകൾ നൽകുന്നതിനായി 85 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. കൂടാതെ വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള 229 പുതിയ സ്ഥലങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ സ്ഥലപരിശോധന ജില്ലാ തലത്തിൽ നടന്നുവരികയാണ്. ഇടുക്കി ജില്ലയിൽ അടിമാലി ഗ്രാമപഞ്ചായത്തിൽ 163 ഗുണഭോക്താക്കൾക്ക് ഇതിനോടകം ഫ്ലാറ്റ് നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ലൈഫ് മിഷന്റെ നേതൃത്വത്തിൽ പൈലറ്റായി നിർമ്മിക്കുന്ന 14 ഭവന സമുച്ചയങ്ങൾക്കും 2 സുനാമി ഫ്ലാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ലൈഫ് മിഷന്റെ സഹായത്തോടുകൂടി ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബി.എൽ.സി. മാതൃകയിൽ) ഭവനസമുച്ചയ നിർമ്മാണം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ വരുന്ന രാമേശ്വരം വില്ലേജിൽ ലൈഫ് മിഷന്റെ സഹായത്തോടുകൂടി ജി.സി.ഡി.എ.-യുടെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നടപടികൾ പുരോഗമിക്കുന്നു. തൃശ്ശൂർ ജില്ലയിൽ റെഡ് ക്രസന്റിന്റെ സഹായത്തോടു കൂടി (സ്പോൺസർഷിപ്പ്) വടക്കാഞ്ചേരി നഗരസഭയിൽ 140 അപ്പാർട്ട്മെന്റു കളടങ്ങിയ ഭവന സമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന കരിമഠം കോളനിയിൽ നിലവിൽ കോർപ്പറേഷൻ നിർമ്മിച്ച് നൽകിയിട്ടുള്ള മാതൃകയിൽ ഒരു ഭവനസമുച്ചയം ലൈഫ് മിഷൻ സഹായത്തോടുകൂടി നിർമ്മിച്ച് നൽകുന്നതിനുള്ള പ്രാരംഭ നടപടിയിലാണ്. ബാക്കിയുള്ള 10 ജില്ലകളെ മൂന്ന് റീജിയണുകളായി തരംതിരിച്ച് [കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് (റീജിയൺ 1), പാലക്കാട്, ഇടുക്കി, കോട്ടയം (റീജിയൺ 2), ആലപ്പുഴ, പത്തനംതിട്ട, കൊല്ലം (റീജിയൺ 3)] ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനായി പ്രീഫാബ് (Light Gauge Steel Frame Plus Pre Engineered Building) സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പ്രാരംഭ പണികൾ ആരംഭിച്ചിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ കെയർഹോം പദ്ധതിയിലൂടെയും 14 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ടി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ പരിശോധനകൾ നടന്നുവരികയാണ്. ഇതിനുപുറമെ കണ്ടെത്തിയ 56 സ്ഥലങ്ങളിൽ ഭവന

സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള 38 സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി സ്ഥലങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സർവ്വേ നടപടികൾ, ഡി.പി.ആർ. തയ്യാറാക്കൽ തുടങ്ങിയവ പുരോഗമിക്കുന്നു.

(ബി) ഭവനസമുച്ചയ നിർമ്മിതിക്കായി കണ്ടെത്തിയ സ്ഥലങ്ങളുടെ വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) ലൈഫ് മിഷൻ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ 337416 ഭൂരഹിത ഭവനരഹിതരായി കണ്ടെത്തി. ഇതിൽ നാളിതുവരെ രേഖാ പരിശോധനയിലൂടെ 106792 പേർ അർഹരായിട്ടുണ്ട്.

(ഡി) പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഫ്ലാറ്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നത്. വളരെ വേഗത്തിൽ പണിത് തീർക്കാവുന്നതും പരിസ്ഥിതി സൗഹാർദ്ദവുമായ കെട്ടിടങ്ങളാണ് ലൈഫ് പദ്ധതിയിൽ പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നത്. പ്രളയക്കെടുതികൾ ആവർത്തിക്കുന്നതും ഉരുൾപൊട്ടൽ വ്യാപിക്കുന്നതിന്റെയും പശ്ചാത്തലത്തിൽ പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചുകൊണ്ട് നിർമ്മാണം നടത്തുന്നതിന് വേണ്ടിയാണ് പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് തീരുമാനിച്ചത്.

(ഇ) പദ്ധതി നടപ്പിലാക്കുന്നതിനായി കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട്. ടി.ഡി.എൽ.സി.സി.എസ്., ഹാബിറ്റാറ്റ്, സി.ആർ. നാരായണറാവു എന്നിവരെയാണ് കൺസൾട്ടൻസികളായി നിയോഗിച്ചിട്ടുള്ളത്. കൺസൾട്ടൻസി ഫീസ് ഇനത്തിൽ നാളിതുവരെ 22.70 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ ലൈഫ് മിഷൻ പദ്ധതി

145 (1587) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ ഈ പദ്ധതിയുടെ മൂന്നാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ 11252 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ ഭൂരഹിത ഭവനരഹിതരായി 8760 ഗുണഭോക്താക്കളാണ് അർഹരായിട്ടുള്ളത്. ഇതിൽ 192 പേർ സ്വന്തമായി ഭൂമി ആർജ്ജിച്ചും ഒരാൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം ഭൂമി വാങ്ങി നൽകിയും ഭൂമിയുള്ള ഭവനരഹിതരായി മാറിയിട്ടുണ്ട്. ഇതിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 477 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിന് പ്രോജക്ട് വച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ വടക്കഞ്ചേരിയിൽ ലൈഫ് മിഷൻ 140 അപ്പാർട്ടുമെന്റുകളടങ്ങിയ ഭവനസമുച്ചയത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ബാക്കിയുള്ള ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ഭവന സമുച്ചയ നിർമ്മാണത്തിന് സ്ഥലങ്ങൾ കണ്ടെത്തിവരുന്നു.

**വികലാംഗരായ കോളനി നിവാസികളുടെ പുനരധിവാസം**

146 (1588) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വികലാംഗരായ ഭൂരഹിതരും ഭവനരഹിതരുമായ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി മുട്ടത്തറയിൽ രണ്ടേക്കർ സ്ഥലം നഗരകാര്യവകുപ്പിന് കൈമാറിയിരുന്നുവോ; എങ്കിൽ വീടുകൾ നിർമ്മിച്ചുനൽകി ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) 'ലൈഫ് മിഷൻ' പദ്ധതിയിലുൾപ്പെടുത്തി വികലാംഗരായ ഭവനരഹിത കോളനി നിവാസികൾക്ക് വീടുകൾ നിർമ്മിച്ച് നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നിവേദനം നൽകി മൂന്ന് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) സർക്കാരിന്റെ 18-2-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 138/2016/ റവന്യൂ ഉത്തരവ് പ്രകാരം തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 2610-ൽപ്പെട്ട 2.2 ഹെക്ടർ (5.5 ഏക്കർ) സ്ഥലത്തുനിന്നും 1.41 ഹെക്ടർ ഭൂമി വികലാംഗ കോളനിയിൽ താമസിക്കുന്ന കുടുംബാംഗങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭവനം നിർമ്മിച്ച് നൽകുന്നതിനായി നഗരകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. നഗരകാര്യ വകുപ്പിന് കൈമാറിയിട്ടുള്ള പ്രസ്തുത ഭൂമിയിൽ മുട്ടത്തറയിലെ വികലാംഗ കോളനിയിലെ നിവാസികളുടെ പുനരധിവാസത്തിനായി നഗരകാര്യ വകുപ്പിൽ നിന്നും പ്രസ്തുത സ്ഥലം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് കൈമാറികിട്ടുന്ന മുറയ്ക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതാണ്. ആയതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

## ചങ്ങനാശ്ശേരിയിൽ ലൈഫ് മിഷൻ പദ്ധതി

147 (1589) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലും പായിപ്പാട് പഞ്ചായത്തിലും വീടും സ്ഥലവും ഇല്ലാത്തവർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകുവാനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് ചങ്ങനാശ്ശേരി മുനിസിപ്പൽ ടൗണിൽ പോത്തോട് ഭാഗത്ത് ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി പ്രയോജനപ്പെടുത്താവുന്ന സ്ഥലം ലഭ്യമാക്കുന്നതിന് മുനിസിപ്പാലിറ്റിയിൽ നിന്നും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചങ്ങനാശ്ശേരിയിൽ ലൈഫ് മിഷൻ പദ്ധതിയുടെ നടപടികൾ സമയബന്ധിതമായി തീർക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിൽ ഭൂരഹിത ഭവന രഹിതർക്ക് ഫ്ലാറ്റ് നിർമ്മിക്കാൻ മുനിസിപ്പാലിറ്റി തീരുമാനിച്ചിട്ടുണ്ടെങ്കിലും പായിപ്പാട് പഞ്ചായത്തിൽ ഫ്ലാറ്റ് പണിയാനുള്ള സ്ഥലം നിലവിൽ ഇല്ലാത്തതിനാൽ 2020-21 വർഷത്തെ പദ്ധതിയിൽ സ്ഥലം വാങ്ങാനുള്ള പ്രോജക്ട് ഉൾപ്പെടുത്താൻ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ചങ്ങനാശ്ശേരി മുനിസിപ്പൽ ടൗണിൽ - പോത്തോട് ഫ്ലാറ്റ് സമുച്ചയം പണിയുന്നതിനായി മുനിസിപ്പാലിറ്റി വക 1½ ഏക്കർ ഭൂമി അനുവദിക്കുന്നതിന് 24-12-2019-ന് ചേർന്ന കൗൺസിൽ യോഗം തീരുമാനിച്ചിട്ടുണ്ട്.

(സി) ചങ്ങനാശ്ശേരിയിൽ ലൈഫ് മിഷൻ പദ്ധതി സമയബന്ധിതമായി തീർക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വീട് നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

148 (1590) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി എത്ര രൂപയ്ക്ക് വീട് നിർമ്മിച്ച് നൽകിയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതി പ്രകാരമാണ് ഇത്തരത്തിൽ വീട് നൽകിയതെന്നും ഇതിനാവശ്യമായ ഫണ്ടിന്റെ സ്രോതസ്സ് ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) വീടുകൾ നിർമ്മിച്ച് നൽകാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ പഞ്ചായത്തിലുമുള്ള ഭവനരഹിതരായ ആളുകളുടെ കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ എത്ര പേർ ഇനിയും സ്വന്തമായി വീടുകൾക്കുവേണ്ടി കാത്തിരിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി 6,521.11 കോടി രൂപ വീട് നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ലൈഫ് പദ്ധതി പ്രകാരവും പി.എം.എ.വൈ.-ലൈഫ് (അർബൻ-റൂറൽ) പദ്ധതി പ്രകാരവുമാണ് വീട് നൽകിയത്. ഇതിനാവശ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 20% ഹഡ്കോ ലോൺ തുകയും ബഡ്ജറ്റ് വിഹിതവും കേന്ദ്ര ഫണ്ടുമാണ് വിനിയോഗിച്ചത്.

(സി) 31-7-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 151/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു:

1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3. വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

4. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 6-9-2019-ലെ ഉത്തരവ് സ.ഉ.(സാധാ) നമ്പർ 1946/2019/ത.സ്വ.ഭ.വ. പ്രകാരം മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ലൈഫ് ഗുണഭോക്താക്കൾക്ക് ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങൾക്ക് ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. സർവ്വേ പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കളിൽ അർഹരായവർ ഒഴികെ ഭവനരഹിതരായിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

## മുനിസിപ്പൽ ജീവനക്കാരുടെ പെൻഷനും ആനുകൂല്യങ്ങളും

149 (1592) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിക്കുന്ന വേളയിൽ മുനിസിപ്പൽ ജീവനക്കാർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കി വരുന്നുണ്ടോ എന്നറിയിക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇത് ഏത് അക്കൗണ്ടിലേക്കാണ് വരവ് വയ്ക്കുന്നതെന്നും വിരമിക്കുമ്പോൾ ഈ അക്കൗണ്ടിൽ നിന്നുമാണോ നിലവിൽ ആനുകൂല്യങ്ങൾ നൽകുന്നതെന്നും അറിയിക്കുമോ;

(സി) ഈ ചെലവിനത്തിലുള്ള തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും ചെലവാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) ഈ തുക സർക്കാർ എന്നത്തേക്കാണ് തിരിച്ച് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതെന്നും ഈയിനത്തിൽ നിലവിൽ സർക്കാരിന് എത്ര കുടിശ്ശികയുണ്ട് എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽനിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിനാണ് 10/1991-ൽ സെൻട്രൽ പെൻഷൻ സ്കീം ആരംഭിച്ചത്. നഗരസഭയിലെ റെഗുലർ ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% നഗരസഭാ ഫണ്ടിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നു. 1-4-2013-നുശേഷം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷനാണ് ബാധകം. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ജീവനക്കാരുടെ ശമ്പളത്തിന്റെ 10%-വും നഗരസഭാ വിഹിതമായി 10%-വും വസൂലാക്കി നാഷണൽ പെൻഷൻ സ്കിമിൽ ഒടുക്കിവരുന്നു.

(ബി) സെൻട്രൽ പെൻഷൻ സ്കിം പ്രകാരമുള്ള തുക നഗരകാര്യ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള റ്റി.പി.എ.-701010200000064 അക്കൗണ്ടിലാണ് നഗരസഭാ സെക്രട്ടറിമാർ ഒടുക്കുന്നത്. ആയതിൽനിന്നാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുന്നത്.

(സി) നഗരസഭകൾ പെൻഷൻ ആനുകൂല്യങ്ങൾ നഗരസഭയുടെ ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നും അനുവദിച്ച് നൽകാൻ 4-3-2016-ലെ സ.ഉ.(എം.എസ്.) നമ്പർ 49/2016/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും നഗരസഭകൾക്ക് 31-3-2019 വരെ 440,70,52,207 രൂപ അനുവദിച്ച് നൽകാനുള്ളതിൽ 5-2-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 305/2020/ത.സ്വ.ഭ.വ.പ്രകാരം 50 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## പുതിയ പഞ്ചായത്തുകളുടെ രൂപീകരണം

150 (1593) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനോ നിലവിലെ പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനോ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എറണാകുളം ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുതവിഷയം സംബന്ധിച്ച ഫയൽ നടപടികളുടെ ഇപ്പോഴത്തെ ഘട്ടം എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) പുതിയ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതിയുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപികരിക്കാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പട്ടിക സർക്കാർ പരിശോധിക്കുകയും വിവിധ കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## ഗ്രാമപഞ്ചായത്ത് കുടിവെള്ള വിതരണം

151 (1594) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2019-20 വർഷത്തിൽ വരൾച്ചാ കാലത്ത് ഒരു ഗ്രാമപഞ്ചായത്തിന് കുടിവെള്ള വിതരണത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 11 ലക്ഷമാക്കി സർക്കാർ നിശ്ചയിച്ചിരുന്നോയെന്ന് അറിയിക്കാമോ;

(ബി) പതിനായിരത്തിൽ താഴെ ജനസംഖ്യയുള്ള സ്ഥാപനങ്ങൾക്കും 60000-ൽ കൂടുതൽ ജനസംഖ്യയുള്ള സ്ഥാപനങ്ങൾക്കും ഒരേ നിരക്കാണോ നിശ്ചയിച്ചത്;

(സി) വരൾച്ച രൂക്ഷമായതിനാൽ വലിയ പഞ്ചായത്തുകളിൽ അധിക തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ അധിക തുക ചെലവഴിച്ച എത്ര ഗ്രാമപഞ്ചായത്തുകൾ മേൽ തുക ചെലവഴിക്കുന്നതിനുള്ള സർക്കാരിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) എത്ര ഗ്രാമപഞ്ചായത്തുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2-3-2019-ലെ സ.ഉ.(സാധാ) നമ്പർ 500/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 1-4-2019 മുതൽ 31-5-2019 വരെ ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് തനത് ഫണ്ടിൽനിന്നോ പ്ലാൻ ഫണ്ടിൽനിന്നോ 11 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഒരേ നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി & ഡി) ഉണ്ട്. 2019-ാം വർഷം കുടിവെള്ള വിതരണം നടത്തിയ വകയിൽ അധികമായി തുക ചെലവഴിച്ച, വകുപ്പിൽ ലഭ്യമായ ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ഇ) 8 ഗ്രാമപഞ്ചായത്തുകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു.*

**ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്ക് ഏകീകൃത ഐ.ഡി. കാർഡ്**

152 (1595) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്ക് വകുപ്പിലെ ജില്ല/സംസ്ഥാന ഓഫീസുകളിലെ ജീവനക്കാർക്കുള്ളത് പോലെ ഏകീകൃത ഐ.ഡി. കാർഡ് വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മറ്റ് വകുപ്പുകളെ പോലെ എല്ലാ ജീവനക്കാർക്കും ഏകീകൃത ഐ.ഡി. കാർഡ് വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

**ജനസംഖ്യാടിസ്ഥാനത്തിൽ വാർഡ് വിഭജനം**

153 (1596) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 78 ഗ്രാമപഞ്ചായത്തുകളിൽ 15000-ൽ താഴെ ജനസംഖ്യ മാത്രമുള്ള ചെറിയ ഗ്രാമപഞ്ചായത്തുകളിലെ നിലവിലുള്ള 13 വാർഡുകൾ നിലനിർത്തുന്നതിന് പകരം ഒരു വാർഡ് കൂടി വർദ്ധിപ്പിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു വാർഡിലെ പരമാവധി ജനസംഖ്യ 2500 ആയതിനാൽ 35 വാർഡുകളായി പുനഃക്രമീകരിക്കപ്പെടേണ്ട സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തായ കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിൽ നിലവിൽ 24 വാർഡുകൾ മാത്രമാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ 24-ൽ അധികം വാർഡുകൾ രൂപീകരിക്കേണ്ട 56 ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്തുണ്ടായിരിക്കെ വലിയ ഗ്രാമപഞ്ചായത്തുകൾ വിഭജിക്കപ്പെടാത്തതിലെ അശാസ്ത്രീയത വിലയിരുത്തിയിട്ടുണ്ടോ;

(സി) 2011-ലെ സെൻസസ് പ്രകാരം 2015-ൽ പുനഃക്രമീകരിച്ച സംസ്ഥാനത്തെ 24 മുനിസിപ്പാലിറ്റികളിലെയും കണ്ണൂർ കോർപ്പറേഷനിലെയും ബന്ധപ്പെട്ട ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെയും വാർഡുകൾ അതേ ജനസംഖ്യാ കണക്ക് പ്രകാരം വീണ്ടും പുനഃക്രമീകരിക്കേണ്ടതുണ്ടോ?

ഉത്തരം

(എ) പ്രാദേശിക ഭരണത്തിൽ കൂടുതൽ ജനപ്രതിനിധികൾക്ക് കടന്നു വരുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി വികസന പ്രക്രിയയിൽ കൂടുതൽ ജനപ്രാതിനിധ്യം ഉറപ്പിക്കുന്നതിനും അതോടൊപ്പം ഭരണഘടന ജനങ്ങൾക്ക് നൽകുന്ന അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമാണ് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അംഗസംഖ്യ വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പൊതുവേ ജനസംഖ്യ കുറഞ്ഞ ഗ്രാമപഞ്ചായത്തുകൾ വികസന കാര്യങ്ങളിലും പിന്നോക്കം നിൽക്കുന്നതായി കാണുന്നു.

അത്തരം പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ വികസനത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അതുവഴി സംസ്ഥാനത്തൊട്ടാകെ ഒരു സംതുലിതമായ വികസനം ആസൂത്രണം ചെയ്യുന്നതിനുമായിട്ടുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് സർക്കാർ പുതിയ മാനദണ്ഡം നടപ്പിലാക്കുന്നത്.

(ബി) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ ജനസാന്ദ്രത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള വലിയ ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ച് രൂപീകരിക്കാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തു കളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നത് സർക്കാർ പരിഗണിച്ചിരുന്നു. എന്നാൽ സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള വിവിധ കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയാണുണ്ടായത്.

(സി) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുറഞ്ഞ അംഗസംഖ്യയും കൂടിയ അംഗസംഖ്യയും ഒന്ന് വീതം വർദ്ധിപ്പിക്കുന്ന ബിൽ പരിഗണനയിലുണ്ട്. പ്രസ്തുത ബിൽ നിയമമാകുകയാണെങ്കിൽ വാർഡുകളുടെ അതിരുകൾ പുനർ നിർണ്ണയിക്കേണ്ട സാഹചര്യമുണ്ടാകും.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക

154 (T 1597) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ 2014-ലെ ലോക സഭ തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടികയാണോ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഉപയോഗിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത വോട്ടർ പട്ടിക വാർഡ് തിരിച്ച് തയ്യാറാക്കിയാണോ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അന്ന് ഉപയോഗിച്ചത്;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2020-ൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ 2019-ൽ നടന്ന ലോക് സഭ തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടിക ഉപയോഗിക്കുന്നതിന് പകരം 2015-ലെ വോട്ടർ പട്ടിക ഉപയോഗിക്കുവാൻ തീരുമാനിച്ചത് ഏതു സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) അഞ്ച് വർഷം മുമ്പുള്ള വോട്ടർപട്ടിക ഉപയോഗിക്കുന്നതിലൂടെ അർഹരായ വോട്ടർമാർക്ക് അവരുടെ വോട്ടവകാശം വിനിയോഗിക്കുവാൻ അവസരം ഇല്ലാതാകുമെന്നതിനാൽ ഇക്കാര്യത്തിൽ പുനഃപരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2015-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക തയ്യാറാക്കിയത് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ 2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഉപയോഗിച്ച അസംബ്ലി ബൂത്ത്തല വോട്ടർ പട്ടിക വാർഡ് തലത്തിൽ ക്രമീകരിച്ചാണ്.

(ബി) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ അസംബ്ലി ബൂത്ത്തല വോട്ടർ പട്ടിക ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർ മുഖേന ഫീൽഡ് വെരിഫിക്കേഷൻ നടത്തി പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡ് തലത്തിൽ ക്രമീകരിച്ചാണ് 2015-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് നടത്തിയത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിലായതിനാൽ ഓരോ വാർഡിനും മാത്രമായി വോട്ടർ പട്ടിക തയ്യാറാക്കേണ്ടതുണ്ട്. അസംബ്ലി, പാർലമെന്റ് തെരഞ്ഞെടുപ്പ് അസംബ്ലി പോളിംഗ് ബൂത്ത് അടിസ്ഥാനമാക്കിയാണ് വോട്ടർപട്ടിക തയ്യാറാക്കുന്നത്. ഒരു അസംബ്ലി പോളിംഗ് ബൂത്തിൽ ഒന്നിലധികം പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകൾ ഭാഗികമായി ഉൾപ്പെട്ട് വരുന്നുണ്ട്. അതിനാൽ അസംബ്ലി ബൂത്ത്തല വോട്ടർ പട്ടിക അതേ രൂപത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന് ഉപയോഗിക്കാൻ കഴിയില്ല. അസംബ്ലി ബൂത്ത് പട്ടിക വാർഡ് തലത്തിൽ ക്രമീകരിക്കുന്നതിന് ഒരു ബൂത്തിന് ഒരു ഓഫീസർ എന്ന നിലയ്ക്ക് 25000-ത്തോളം ഉദ്യോഗസ്ഥരെ നിയോഗിച്ച് ഫീൽഡ് വെരിഫിക്കേഷൻ നടത്തേണ്ടിവരും. പിന്നീട് അവ ഡാറ്റാ എൻട്രി വരുത്തി വാർഡ് തലത്തിൽ ക്രമീകരിച്ച് പ്രസിദ്ധീകരിക്കണം. ഇതിന് കുറഞ്ഞത് 5 മാസകാലയളവും ഏകദേശം 10 കോടി രൂപയും വേണ്ടിവരും.

2015-ലെ പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി അത്തരത്തിൽ വോട്ടർ പട്ടിക ക്രമീകരിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വന്തമായി ഒരു ഡാറ്റാബേസ് തയ്യാറാക്കിയിരുന്നു. അത് അടിസ്ഥാനമാക്കിയാണ് നാളിതു

വരെയുള്ള ഉപതെരഞ്ഞെടുപ്പുകളും കമ്മീഷൻ നടത്തിയിരുന്നത്. അതിനാൽ 2020-ലെ പൊതുതെരഞ്ഞെടുപ്പിനായി പ്രസ്തുത വോട്ടർ പട്ടിക പുതുക്കി ഉപയോഗിച്ചാൽ മതിയാകും. ഇപ്രകാരം വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. മുകളിൽ വിവരിച്ച കാരണങ്ങളാൽ 2020-ലെ പൊതു തെരഞ്ഞെടുപ്പിനായി 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടിക അടിസ്ഥാനമാക്കേണ്ടതില്ല എന്ന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) 2015-ലെ പൊതു തെരഞ്ഞെടുപ്പിനുശേഷം ഉപതെരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിന് ഉപയോഗിച്ച വോട്ടർ പട്ടികയും മറ്റ് വാർഡുകളിൽ 2015-ലെ പൊതുതെരഞ്ഞെടുപ്പിന് ഉപയോഗിച്ച വോട്ടർ പട്ടികയും 2020 ജനുവരി 20-ന് കരടായി പ്രസിദ്ധീകരിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു. അത്തരത്തിൽ തയ്യാറാക്കുന്ന വോട്ടർ പട്ടിക വാർഡ് പുനർവിഭജനത്തിനുശേഷം പുതിയ വാർഡുകളെ അടിസ്ഥാനമാക്കി പുനഃക്രമീകരിച്ച് വീണ്ടും കരടായി പ്രസിദ്ധീകരിക്കും. അത്തരത്തിൽ തയ്യറാക്കുന്ന വോട്ടർപട്ടിക ഉപയോഗിച്ച് 2020-ലെ പൊതുതെരഞ്ഞെടുപ്പ് നടത്താനാണ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്. അർഹരായ വോട്ടർമാർക്ക് പ്രസ്തുത വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളതിനാൽ വോട്ടവകാശം വിനിയോഗിക്കാനുള്ള അവസരം ഇല്ലാതാകുന്ന സാഹചര്യമില്ല.

## വികലാംഗ പെൻഷൻ

155 (1598) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരായ 60 വയസ് കഴിഞ്ഞവർക്ക് വാർദ്ധക്യ പെൻഷനും വികലാംഗ പെൻഷനും നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം രണ്ട് പെൻഷനും അപേക്ഷ നൽകിയിട്ട് ആർക്കെങ്കിലും ഇത്തരത്തിൽ രണ്ട് പെൻഷൻ നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത്തരം ആളുകളുടെ തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് നൽകാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത ഉത്തരവ് പ്രകാരം രണ്ട് പെൻഷനും അപേക്ഷ നൽകിയിട്ടുള്ള 8740 പേർക്ക് ഇത്തരത്തിൽ രണ്ട് പെൻഷൻ നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**തെരുവുനായ ശല്യം**

156 (1599) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരുവുനായ ശല്യം വർദ്ധിച്ചുവരുന്ന എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ബി) അപകടകാരികളായ തെരുവുനായ്ക്കളെ കൊല്ലുന്നതിന് സംസ്ഥാനത്ത് എന്തെങ്കിലും വിധത്തിലുള്ള നിരോധനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ അപകടകാരികളായ തെരുവുനായ്ക്കളെ ഇല്ലായ്മ ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ /ചുമതലകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിന് കൈക്കൊള്ളാവുന്ന ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗമായ അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ ജില്ലാ മിഷൻ, മൃഗസംരക്ഷണ വകുപ്പ്, ജില്ലാ പഞ്ചായത്ത്, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ, പദ്ധതിക്ക് തുക വകയിരുത്തി, എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷനുകൾ സ്വന്തം നിലയ്ക്കും എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കിവരുന്നു. ആയതിനായി എ.ബി.സി. പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീയെ കൂടി ഉൾപ്പെടുത്തിക്കൊണ്ടും കുടുംബശ്രീ രൂപീകരിക്കുന്ന മൈക്രോ സംരംഭക യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തിക്കൊണ്ടും 5-5-2017-ലെ സ.ഉ.(സാധാ) 1450/17/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ എ.ബി.സി. പദ്ധതി കാര്യക്ഷമമാക്കുന്നതിനും പരിസര ശുചിത്വം പാലിക്കുന്നതിനും മാലിന്യം അലക്ഷ്യമായി കൈയൊഴിയുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും അതിലൂടെ തെരുവുനായ ശല്യം കുറയ്ക്കുന്നതിനും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നുണ്ട്. അതോടൊപ്പം 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വളർത്തുനായ ഉള്ള ഏതൊരാളും ഗ്രാമപഞ്ചായത്തിൽനിന്നും

കർശനമായി വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പേവിഷ പ്രതിരോധ കുത്തിവയ്പ് എടുത്തിട്ടുള്ള എല്ലാ നായ്ക്കൾക്കും ലൈസൻസ് നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ വർഷാവർഷം വളർത്തുനായ്ക്കൾക്ക് ലൈസൻസ് പുതുക്കുകയും വേണമെന്ന് ജനങ്ങൾക്ക് അവബോധം നൽകിവരുന്നു. ഇതിലൂടെ തെരുവു നായകളുടെ വ്യാപനം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുസ്ഥലങ്ങളിലും മാർക്കറ്റുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് പൊതുസ്ഥലങ്ങളിൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

2001-ലെ അനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങളിലെ ചട്ടം 6(2), (3) പ്രകാരം തെരുവുനായ സംരക്ഷണത്തിലേർപ്പെട്ടിരിക്കുന്ന അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമുള്ള സംഘടനകളെ എ.ബി.സി. പ്രോഗ്രാമിന് ചുമതലപ്പെടുത്തുന്നതിന് സർക്കാരിന്റെ 9-11-2018-ലെ ആർ.സി.3/422/2017/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. ചട്ടം 4 പ്രകാരമുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ വളർത്തുനായ്ക്കൾക്ക് ലൈസൻസിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

(ബി) 1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത (തടയൽ) ആക്ടിലെ 13-ാം നമ്പർ വകുപ്പ് പ്രകാരവും എ.ബി.സി. റൂൾ 2001-ലെ ചട്ടം 9 പ്രകാരവും മാരകമായ മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതും പേവിഷബാധയേറ്റതുമായ നായ്ക്കളെ മാത്രമേ കൊല്ലാൻ സാധിക്കുകയുള്ളൂ. ഇതുസംബന്ധിച്ച് സർക്കാർ 28-9-2015-ൽ ജി.ഒ.(ആർ.റ്റി.) നമ്പർ 2941/2015/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പഞ്ചായത്ത് രാജ് ആക്ടിലെ 166-ാം വകുപ്പിലെ ഒന്നാം ഉപവകുപ്പ് പ്രകാരം നിർവചിക്കപ്പെട്ടിട്ടുള്ള അനിവാര്യ ചുമതലകളിലെ 27-ാം ക്രമനമ്പരായി വളർത്ത് നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുന്നതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും കേന്ദ്ര നിയമമായ 2001-ലെ എ.ബി.സി. റൂൾസ് പ്രകാരം തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതിയാണ് നിലവിൽ നടപ്പാക്കിവരുന്നത്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ ജില്ലാ മിഷൻ, മൃഗസംരക്ഷണ വകുപ്പ്, ജില്ലാ പഞ്ചായത്ത്, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ, പദ്ധതിക്ക് തുക വകയിരുത്തി, എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. സർക്കാരിന്റെ 27-8-2016-ലെ 45151/

ആർ.സി.3/2014/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരവും സന്നദ്ധ മൃഗ സംഘടനകളുടെ സേവനം തെരുവുനായകളുടെ വന്ധ്യംകരണത്തിനും തുടർന്നുള്ള പരിപാലനത്തിനും ഉപയോഗപ്പെടുത്താവുന്നതാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഖരമാലിന്യ സംസ്കരണത്തിന് നടപടി

157 (1600) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഖര മാലിന്യ സംസ്കരണത്തിനായി പുതുതായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ മാലിന്യ സംസ്കരണ പദ്ധതികൾക്ക് പരമാവധി പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ജൈവ-അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും യൂസർഫീയുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ മുഖേനയോ അല്ലെങ്കിൽ ഹരിത കർമസേന മുഖേനയോ ശേഖരിച്ച് സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും നടപടി സ്വീകരി ച്ചിട്ടുണ്ടോ;

(ഡി) വൻതോതിൽ മാലിന്യങ്ങൾ ഉണ്ടാകുന്ന ചന്തകൾ, അറവുശാലകൾ, കല്യാണമണ്ഡപങ്ങൾ, വൻകിട ഹോട്ടലുകൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കര ണത്തിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ഇ) പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കുള്ള പിഴയും ശിക്ഷയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എഫ്) കേരളത്തിൽ എവിടെല്ലാമാണ് ആധുനിക സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന ജൈവ-അജൈവ മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്; വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ഹരിത കേരളം എന്ന ലക്ഷ്യം നേടുന്നതിനായി സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനും ജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുമായി ഉറവിട മാലിന്യ സംസ്കരണത്തിനാണ് ഊന്നൽ നൽകുന്നത്.

ഇതിനനുസൃതമായി സംസ്ഥാനത്ത് ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ നടപ്പിലാക്കിവരുന്നു. ഗാർഹിക സ്ഥാപന തലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനമൊരുക്കാൻ കഴിയാത്തവർക്കായി കമ്മ്യൂണിറ്റി തലങ്ങളിൽ തുമ്പൂർമൂഴി മാതൃകയിൽ എയ്റോബിക് കമ്പോസ്റ്റിംഗ് ബിന്നുകൾ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടപ്പിലാക്കി വരുന്നുണ്ട്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകർമ്മ സേന രൂപീകരിച്ച്, അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ രണ്ടാംഘട്ട തരംതിരിവിനും പുനഃചംക്രമണ സാധ്യതയുള്ളവ പുനഃചംക്രമണം നടത്തുന്നതിലേയ്ക്ക് കൈമാറുന്നതിനും പുനഃചംക്രമണ സാധ്യത കുറവുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്യുന്നതിലേയ്ക്ക് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സ്ഥാപിച്ചുവരുന്നു. സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് ഇപ്രകാരമുള്ള വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നത്. കോഴിക്കോട് ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കരാർ ഒപ്പുവച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ നടപടികൾ പുരോഗമിക്കുന്നു.

(ബി) ഹരിത കേരളം മിഷന്റെയും ശുചിത്വ മിഷന്റെയും ആഭിമുഖ്യത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പു വരുത്തിയാണ് ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച്, തരംതിരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടപ്പിലാക്കി വരുന്നത്.

(സി) സ്വീകരിച്ചിട്ടുണ്ട്. ജൈവ-അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും യൂസർ ഫീയുടെ അടിസ്ഥാനത്തിൽ ശേഖരിച്ച് സംസ്കരിക്കുന്നതിനായാണ് ഹരിത കർമ്മസേന എന്ന സ്വയം സംരംഭക സംവിധാനം രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ആകെ 812 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) ചന്തകളിലെ മാലിന്യ സംസ്കരണത്തിന് ഓരോ ചന്തകളുടെയും നേരിട്ടുള്ള ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉത്തരവാദിത്വവും ഉറപ്പാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകി മാർക്കറ്റുകളിൽ ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തി

ആധുനികവൽക്കരിക്കുന്നതിനുള്ള കർമ്മ പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 30-9-2019-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 2141/2019/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി&ഒ ലൈസൻസോടു കൂടി പ്രവർത്തിക്കുന്ന അറവുശാലകൾ, കല്യാണമണ്ഡപങ്ങൾ, വൻകിട ഹോട്ടലുകൾ എന്നിവിടങ്ങളിൽ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണെന്ന് 22-7-2017-ലെ സ.ഉ.(സാധാ) നമ്പർ 2511/2017/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുതായി ഡി&ഒ ലൈസൻസിന് അപേക്ഷിക്കുന്ന മേൽപ്പറഞ്ഞ രീതിയിലുള്ള സ്ഥാപനങ്ങൾ മേൽവിവരിച്ച രീതിയിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി&ഒ ലൈസൻസ് ഇനി മേലിൽ നൽകാവൂ എന്ന് ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ പ്രത്യേകമായി ശേഖരിച്ച് പ്രത്യേകം ഫീസ് ഒടുക്കി സംസ്കരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അറവുമാലിന്യങ്ങൾ, കോഴി മാലിന്യങ്ങൾ എന്നിവ ജില്ലാതലത്തിൽ പി.പി.പി. മോഡലിൽ തയ്യാറാക്കുന്ന പദ്ധതികൾ മുഖേന സംസ്കരിക്കേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) പിഴ വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(എഫ്) 11-6-2018-ലെ സ.ഉ.(കൈ) നമ്പർ 82/2018/ത.സ്വ.ഭ.വ. പ്രകാരം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പ്ലാന്റുകൾ തുടങ്ങുന്നതിനാണ് നയപരമായ തീരുമാനമെടുത്തിരുന്നത്.

| ക്രമ നമ്പർ | ജില്ല | സ്ഥലം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | പെരിങ്ങമ്മല |
| 2 | കൊല്ലം | കുരീപ്പുഴ |

| (1) | (2) | (3) |
|---|---|---|
| 3 | തൃശ്ശൂർ | ലാലൂർ |
| 4 | പാലക്കാട് | കഞ്ചിക്കോട് |
| 5 | മലപ്പുറം | പാണക്കാട് |
| 6 | കോഴിക്കോട് | ഞെളിയംപറമ്പ് |
| 7 | കണ്ണൂർ | ചേലോറ |

മേൽ പരാമർശിച്ച സ്ഥലങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മലയ്ക്കും തൃശ്ശൂർ ജില്ലയിലെ ലാലൂരിനും പകരമായി പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൊച്ചിയിലെ ബ്രഹ്മപുരത്ത് മാലിന്യത്തിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന പ്ലാന്റ് നിർമ്മിക്കുന്നതിനാവശ്യമായ അനുമതികൾ എല്ലാം ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിലാണ്. ഇതോടൊപ്പം ഇടുക്കി ജില്ലയിലെ മൂന്നാറിൽ ഒരു വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

## ശുചിത്വ മിഷൻ മാലിന്യ സംസ്കരണ പ്രോജക്ടുകൾ

158 (1601) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2020 സാമ്പത്തിക വർഷം ശുചിത്വ മിഷൻ മലപ്പുറം ജില്ലയിൽ എത്ര മാലിന്യ സംസ്കരണ പ്രോജക്റ്റുകൾ പൂർത്തീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) ബയോഗ്യാസ് യൂണിറ്റുകൾ, ബയോബിൻ, മണ്ണിര കമ്പോസ്റ്റ്, റിങ് കമ്പോസ്റ്റ് എന്നിങ്ങനെ വിവിധയിനത്തിലുള്ള പ്രോജക്റ്റുകളുടെ വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2019-2020 സാമ്പത്തിക വർഷം ശുചിത്വ മിഷൻ മലപ്പുറം ജില്ലയിൽ 65 മാലിന്യ സംസ്കരണ പ്രോജക്ടുകൾ പൂർത്തീകരിച്ചു.

| | | | |
|---|---|---|---|
| (ബി) | ബയോഗ്യാസ് യൂണിറ്റുകൾ | - | 512 |
| | ബയോബിൻ | - | 108 |
| | മണ്ണിര കമ്പോസ്റ്റ് | - | 90 |
| | റിംഗ് കമ്പോസ്റ്റ് | - | 202 |
| | പൈപ്പ് കമ്പോസ്റ്റ് | - | 1912 |
| | എയ്റോബിക് കമ്പോസ്റ്റ് | - | 11 |
| | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) | - | 14 |

## നഗരങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ

159 (1602) ഡോ. എം. കെ. മുനീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ മാലിന്യ പ്രശ്നങ്ങളുടെ പരിഹാരത്തിനായി എന്തെങ്കിലും ആധുനിക സംവിധാനം ഒരുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി ലോക ബാങ്ക് സഹായത്തോടെ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിലേക്കായി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11-6-2018-ലെ 82/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ മേഖലയിലെ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതുസ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ നിയമിച്ചിട്ടുണ്ട്.

ഇതിൽ കോഴിക്കോട് ഞെളിയംപറമ്പിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആഗോള ടെണ്ടറിലൂടെ തെരഞ്ഞെടുത്ത M/s Zonta Infratech Pvt. Ltd. എന്ന കമ്പനിയുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. പാലക്കാട്, കണ്ണൂർ ജില്ലകളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച കൊല്ലം ജില്ലയിലെ ടെണ്ടർ പരിശോധനകൾ പൂർത്തിയാക്കി നെഗോസിയേഷൻ നടപടികൾ പുരോഗമിക്കുന്നു. മലപ്പുറം, തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ കൊച്ചിയിലെ ബ്രഹ്മപുരത്ത് വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ അനുമതികൾ എല്ലാം ലഭ്യമാകുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരള അർബൻ സർവ്വീസ് ഡെലിവറി പ്രോജക്ട് (KUSDP)-നായി വേൾഡ് ബാങ്കിൽനിന്ന് 300 മില്യൺ USD-യ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ വേസ്റ്റ് മാനേജ്മെന്റ്, സെപ്റ്റേജ് ആന്റ് സ്വീവേജ് മാനേജ്മെന്റ്, സാനിറ്റേഷൻ സെക്ടർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ.

**ഹരിത കേരള മിഷൻ പദ്ധതികൾ**

160 (1603) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരള മിഷന്റെ ഭാഗമായി മാവേലിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് വകയിരുത്തിയ തുക എത്രയെന്ന് വിവരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ മാവേലിക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം ജലസ്രോതസ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ മാവേലിക്കര മുനിസിപ്പാലിറ്റിയും തഴക്കര, മാവേലിക്കര, തെക്കേക്കര, ചുനക്കര, വള്ളിക്കുന്നം, പാലമേൽ, നൂറനാട്, മാവേലിക്കര താമരക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളുമാണുള്ളത്. മാവേലിക്കര നിയോജകമണ്ഡലത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത

കേരളം പദ്ധതിയുടെ ഭാഗമായി ഹരിത കർമ്മസേന രൂപീകരിക്കുകയും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മാവേലിക്കര നഗരസഭയിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മാവേലിക്കര നഗരസഭയിൽ ഹരിത കേരളം മിഷന്റെ ഭാഗമായി സർവ്വേ, സ്വാപ് ഷോപ്പ്, ജലവിഭവ പരിപാലനവും സംരക്ഷണവും, മാലിന്യ കൂമ്പാരങ്ങൾ നീക്കി സൗന്ദര്യവത്കരണം, കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും ശുചീകരണം, ഹരിത ചട്ടപാലനം നടപ്പിലാക്കൽ, സൗഹൃദ ഉല്പന്നങ്ങളുടെ വിനിയോഗം സാർവ്വത്രികമാക്കൽ, ജൈവ അജൈവ മാലിന്യങ്ങളുടെ തരംതിരിക്കലും സംസ്കരണവും ഉറവിട മാലിന്യ സംസ്കരണോപാധികളുടെ പരിചയപ്പെടുത്തലും എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ സ്ഥാപനവും എം.ആർ.എഫ്.-ഷ്രെഡ്ഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനം 'പുഴ ഒഴുകട്ടെ' എന്ന പദ്ധതിയും നടപ്പിലാക്കി.

(ബി) 13324380 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സ്വച്ച് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി മാവേലിക്കര നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ വകയിരുത്തിയ 133,,24,380 രൂപയിൽ 4,519,206 രൂപ ഇതുവരെ വിനിയോഗിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) മാവേലിക്കര നഗരസഭ പരിധിയിൽ വെള്ളൂർകുളം, തെരുവിൽകുളം, റ്റി.എ. കനാലിലെ ശുചീകരണം എന്നിവ നടന്നുവരുന്നു. കോട്ടാതോട് വൃത്തിയാക്കൽ ആരംഭഘട്ടത്തിലാണ്.

## മാലിന്യസംസ്കരണ മേഖലയിൽ നഗരസഭകൾക്ക് ആധുനിക സംവിധാനം

161 (1604) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകൾക്ക് മാലിന്യസംസ്കരണ മേഖലയിൽ ആധുനിക സംവിധാനമൊരുക്കുന്നതിനായി ലോക ബാങ്കിൽ നിന്ന് 1950 കോടി രൂപ കടമായി എടുക്കുന്നുണ്ടോ;

(ബി) പ്രസ്തുത തുകയുടെ കൂടെ സംസ്ഥാന വിഹിതവും കൂടി ചേർത്ത് പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയെത്രയെന്ന് വ്യക്തമാക്കുമോ;

(സി) നഗരങ്ങൾ നേരിടുന്ന മാലിന്യ സംസ്കരണ പ്രശ്നം പരിഹരിക്കുക എന്നതാണോ പദ്ധതിയുടെ ലക്ഷ്യം; എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയിൽ നഗരസ്വഭാവമുള്ള പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെടുകയുണ്ടായോ ; ലോക ബാങ്ക് പ്രസ്തുത നിർദ്ദേശം നിരസിച്ചിരുന്നോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) കേരള അർബൻ സർവ്വീസ് ഡെലിവറി പ്രോജക്റ്റ് (KUSDP) നായി വേൾഡ് ബാങ്കിൽനിന്ന് 300 മില്യൺ USD യ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ വേസ്റ്റ് മാനേജ്മെന്റ്, സെപ്റ്റേജ് ആന്റ് സ്വീവേജ് മാനേജ്മെന്റ്, സാനിട്ടേഷൻ സെക്ടർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ.

## പ്ലാസ്റ്റിക് നിരോധനം

162 (T* 1605) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലാസ്റ്റിക് നിരോധനം ഏതെല്ലാം തരത്തിലുള്ളവയ്ക്കാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പരിസ്ഥിതി വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള 17-12-2019-ലെ സ.ഉ. (കൈ) 7/2019/പരി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളാണ് സംസ്ഥാനത്ത് പൂർണ്ണമായും നിരോധിച്ചിട്ടുള്ളത്.

1. പ്ലാസ്റ്റിക് ക്യാരി ബാഗുകൾ (കനം നോക്കാതെ)
2. ടേബിളിൽ വിരിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റ്സ് (നിരോധനത്തിൽനിന്നും ക്ലിംഗ് ഫിലിം ഒഴിവാക്കിയിട്ടുണ്ട്)
3. തെർമോക്കോൾ, സ്റ്റൈറോഫോം എന്നിവ ഉപയോഗിച്ചുണ്ടാക്കുന്ന പ്ലേറ്റുകൾ, കപ്പുകൾ, അലങ്കാര വസ്തുക്കൾ
4. ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ, സ്റ്റിറർ
5. പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ പ്ലേറ്റുകൾ, പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ ബൗളുകൾ, പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ ബാഗുകൾ.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

6. നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ലാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ്
7. പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, ബ്രാൻഡില്ലാത്ത പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ
8. 500 മി.ലി.-നുതാഴെയുള്ള കുടിവെള്ള ബോട്ടിലുകൾ
9. പ്ലാസ്റ്റിക് ഗാർബേജ് ബാഗുകൾ
10. പി.വി.സി. ഫ്ലക്സ് മെറ്റീരിയൽസ്
11. വിൽപ്പന കേന്ദ്രങ്ങളിൽ പഴങ്ങളും പച്ചക്കറികളും പായ്ക്ക് ചെയ്യാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പായ്ക്കറ്റുകൾ

## പ്ലാസ്റ്റിക് റീസൈക്കിൾ യൂണിറ്റുകൾ

163 (1606) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യുന്ന എത്ര യൂണിറ്റുകൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) സർക്കാർ മുൻകൈയ്യെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അത്തരം പ്ലാസ്റ്റിക് റീസൈക്കിൾ യൂണിറ്റുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 8-4-2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് II(i) പ്രകാരം പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ ഇൻഡസ്ട്രിയൽ പാർക്കുകളിലെ അഞ്ച് ശതമാനം ഭൂമി മാലിന്യ സംസ്കരണം/ പുനഃചംക്രമണത്തിനായി മാറ്റിവയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇത് കർശനമായും നടപ്പിലാക്കേണ്ടതും ആവശ്യാനുസരണം ഈ ഭൂമി നാമമാത്രമായ വിലയ്ക്ക് നൽകേണ്ടതുമാണെന്ന് നിർദ്ദേശം നൽകി 27-11-2019-ലെ സ.ഉ.(കൈ) നമ്പർ 6/2019/പരി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പ്ലാസ്റ്റിക് നിരോധനം

164 (1607) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗംമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഒറ്റതവണ ഉപയോഗത്തിനുള്ള പ്ലാസ്റ്റിക്ക് നിരോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) നിരോധനത്തിൽ നിന്നും ഏതെങ്കിലും വിഭാഗത്തെ ഒഴിവാക്കി യിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) ബിവറേജസ് കോർപ്പറേഷൻ, കേര ഫെഡ്, മിൽമ, ജല അതോറിറ്റി എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നതായ ഉല്പന്നങ്ങളുടെ പ്ലാസ്റ്റിക് കുപ്പികളും കവറുകളും തിരിച്ചെടുക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഇ) പ്ലാസ്റ്റിക് ബാഗുകൾക്ക് ബദലായി ബയോ ഡി ഗ്രേഡബിൾ ബാഗുകൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)പരിസ്ഥിതി വകുപ്പിൽനിന്നുമുള്ള 27-11-2019-ലെ സ.ഉ.(കൈ) നമ്പർ 6/2019/പരി., 17-12-2019-ലെ സ.ഉ.(കൈ) നമ്പർ 7/2019/പരി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് ഒറ്റത്തവണ മാത്രം ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ 2020 ജനുവരി 1 മുതൽ നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഒറ്റത്തവണ മാത്രം ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധനം കൃത്യമായി പാലിക്കപ്പെടുന്നത് ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും സംസ്ഥാന മലിനീകരണ നിയമന്ത്രണ ബോർഡ്, റവന്യൂ അധികാരികൾ, ആരോഗ്യ വകുപ്പ് എന്നിവർ മുഖേനയും പരിശോധനകൾ നടത്തിവരുന്നു. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്കുള്ള ബദൽ ഉല്പന്നങ്ങളുടെ അനുയോജ്യത പരിശോധിക്കാൻ CSIR-NIST-യുടെ സഹായത്തോടെ മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരമുള്ള തുടർ നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

(സി) ടേബിളിൽ വിരിക്കാൻ ഉപയോഗിക്കുന്ന ക്ലിങ് ഫിലിം ഷീറ്റ്, പ്ലാസ്റ്റിക് വ്യവസായത്തിൽ എക്സ്പോർട്ട് ചെയ്യുന്നതിനായി നിർമ്മിച്ചിട്ടുള്ള പ്ലാസ്റ്റിക് വസ്തുക്കൾ, ആരോഗ്യ പരിപാലന രംഗത്ത് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ/ ഉപകരണങ്ങൾ, കംപോസ്റ്റബൾ പ്ലാസ്റ്റിക്കിൽനിന്ന് നിർമ്മിച്ച പ്ലാസ്റ്റിക് വസ്തുക്കൾ - Plastic Waste (Management and Handling) Rule 2016-ൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ കംപോസ്റ്റബിൾ പ്ലാസ്റ്റിക് ഗണത്തിൽപ്പെടുന്ന Indian Standard IS or ISO

17088:2008 ലേബൽ പതിപ്പിച്ചത്, മുൻകൂട്ടി അളന്നുവച്ചിരിക്കുന്ന ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, പഞ്ചസാര, ധാന്യപ്പൊടികൾ, മുറിച്ചുവെച്ചിരിക്കുന്ന മത്സ്യ മാംസാദികൾ എന്നിവ സൂക്ഷിക്കുവൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പായ്ക്കറ്റുകൾ എന്നിവയെ നിരോധനത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ബ്രാൻഡഡ് വസ്തുക്കളെയും നിരോധനത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എല്ലാതരം പ്ലാസ്റ്റിക്കും ഒന്നിച്ച് നിരോധിക്കുന്നത് പ്രാവർത്തികമല്ലാത്തതുകൊണ്ടാണ് മേൽപ്പറഞ്ഞവയെ ഒഴിവാക്കിയിട്ടുള്ളത്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്ന പ്ലാസ്റ്റിക് കുപ്പികളും കവറുകളും തിരിച്ചെടുക്കുന്നതിന് അവയുടെ നിർമ്മാതാക്കൾ/ ഉല്പാദകർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിച്ചിട്ടുള്ള/ രജിസ്റ്റർ ചെയ്തിട്ടുള്ള എക്സ്റ്റെന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (EPR) പ്ലാൻ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഒറ്റത്തവണ മാത്രം ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. പ്ലാസ്റ്റിക് കുപ്പികൾ തിരിച്ചെടുക്കുന്നതിനായി റിവേഴ്സ് വെൻഡിംഗ് മെഷീൻ തിരുവനന്തപുരം ഇടപ്പഴഞ്ഞിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലെ സൂപ്പർ മാർക്കറ്റുകളിലും ടി മെഷീൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നൽകുന്നതാണ്. ബിവറേജ് ബോട്ടിലുകൾ തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് കേരള സ്റ്റേറ്റ് ബിവറേജസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡ് എന്നിവർക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. മിൽമ, കേര എന്നിവയുടെ കവറുകൾ തിരിച്ചെടുക്കുന്നതിനുള്ള കർമ്മ പദ്ധതി ക്ലീൻ കേരള കമ്പനി മുഖേന തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മിനറൽ വാട്ടർ ബോട്ടിലുകൾ, ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് പ്രോഡക്ട്സ്, മാട്രസസ്, എൻഡ് ഓഫ് ലൈഫ് വെഹിക്കിൾസ് എന്നിവ സംബന്ധിച്ച് ഇ.പി.ആർ. നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകളുടെ അസോസിയേഷൻ ഭാരവാഹികളുടെ യോഗം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വിളിച്ചുചേർക്കുകയും തിരികെ ലഭിക്കുന്ന ബോട്ടിലുകൾക്ക് വില നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഇ) പ്ലാസ്റ്റിക് ബാഗുകൾക്ക് ബദലുകൾ നിർമ്മിക്കുന്ന സംരംഭങ്ങൾക്ക് കുടുംബശ്രീ മുഖേനയുള്ള വായ്പകൾ നിലവിൽ ലഭ്യമാണ്.

## പ്രാദേശിക തലത്തിലെ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല

165 (1608) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാദേശികതലത്തിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ദുരന്തനിവാരണ, പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത് ദുരന്തനിവാരണ അതോറിറ്റിയും അതിന്റെ മേൽനോട്ട ചുമതല റവന്യൂ വകുപ്പിനുമായിരിക്കെ ഇപ്രകാരം ഒരു സംവിധാനം ഏർപ്പെടുത്തുക വഴി തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള പ്രാദേശികസംവിധാനങ്ങളും റവന്യൂ വകുപ്പിനുകീഴിലുള്ള ഏജൻസികളും തമ്മിലുള്ള ഏകോപനം എപ്രകാരം ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹികാധിഷ്ഠിതവുമായ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് സംബന്ധിച്ച് സ.ഉ.(കൈ) നമ്പർ 156/2019/ത.സ്വ.ഭ.വ. തീയതി 4-12-2019 പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാന-ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികളിലും Orange Book on Disaster Management-ലും ഇത്തരം ക്രമീകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദുരന്ത നിവാരണ അതോറിറ്റികളുടെ ചുമതലകൾ നിയമംമൂലം നിർവ്വചിച്ചിട്ടുള്ളതിനാൽ മാറ്റങ്ങളൊന്നും ഉണ്ടാകുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്ത നിവാരണ പദ്ധതി ആസൂത്രണ സമിതി അംഗീകാരത്തിനുശേഷം അന്തിമ അംഗീകാരത്തിനും റിക്കോർഡിനായും ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം

166 (1609) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കു നടക്കുന്ന തെരഞ്ഞെടുപ്പിന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വാർഡ് വിഭജനത്തിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) നിലവിൽ വാർഡ് വിഭജനത്തിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

ഗ്രാമപഞ്ചായത്ത്

ജനസംഖ്യ 15000 വരെ 13 വാർഡ് അധികരിക്കുന്ന ഓരോ 2500 പേർക്കും 1 വാർഡ് വീതം അധികമായി പരമാവധി 23 വാർഡ്.

ബ്ലോക്ക് പഞ്ചായത്ത്

ജനസംഖ്യ 150000 വരെ 13 വാർഡ് അധികരിക്കുന്ന ഓരോ 25000 പേർക്കും 1 വാർഡ് വീതം അധികമായി പരമാവധി 23 വാർഡ്.

ജില്ലാ പഞ്ചായത്ത്

ജനസംഖ്യ 1000000 വരെ 16 വാർഡ് അധികരിക്കുന്ന ഓരോ 100000 പേർക്കും 1 വാർഡ് വീതം അധികമായി പരമാവധി 32 വാർഡ്.

മുനിസിപ്പാലിറ്റി

ജനസംഖ്യ 20000 വരെ 25 വാർഡ് അധികരിക്കുന്ന ഓരോ 2500 പേർക്കും 1 വാർഡ് വീതം അധികമായി പരമാവധി 52 വാർഡ്.

മുനിസിപ്പൽ കോർപ്പറേഷൻ

ജനസംഖ്യ 400000 വരെ 55 വാർഡ് അധികരിക്കുന്ന ഓരോ 10000 പേർക്കും 1 വാർഡ് വീതം അധികമായി പരമാവധി 100 വാർഡ്.

## വാർഡുകളുടെ പുനഃസംഘടന

167 (1610) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളുടെ പുനഃസംഘടനയ്ക്കായി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ സെൻസസ് നടപടികളെ ഇത് ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നാണ് കരുതുന്നത്;

(ബി) വാർഡുകളുടെ പുനഃസംഘടന സെൻസസുമായി ബന്ധപ്പെട്ട വീടുകളുടെ പട്ടിക തയ്യാറാക്കലിനെയും വീട്ടുനമ്പരിലെ മാറ്റങ്ങൾ സെൻസസ് നടപടികളെയും ബാധിക്കാനിടയുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ വാർഡുകളുടെ പുനഃസംഘടന കാരണം സെൻസസ് നടപടികളിൽ മറ്റെന്തെല്ലാം തടസ്സങ്ങളാണ് ഉണ്ടാകാനിടയുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളുടെ പുനഃസംഘടനയ്ക്കായി തീരുമാനമെടുത്തിട്ടുണ്ട്. 2001-ലെയും 2011-ലെയും സെൻസസിന് മുന്നോടിയായി 2000-ലും 2010-ലും സംസ്ഥാനത്ത് വാർഡ് പുനഃസംഘടനയും പുതിയ തദ്ദേശ സ്ഥാപനങ്ങളുടെ രൂപീകരണവും നടന്നിട്ടുള്ളതാണ്. ഇക്കാലത്ത് സെൻസസ് നടപടികൾക്ക് യാതൊരു തടസ്സവും നേരിട്ടിട്ടില്ല. 2001-ലും 2011-ലും സംസ്ഥാനത്ത് സെൻസസ് നടക്കുകയും സമയബന്ധിതമായി തന്നെ സെൻസസ് വകുപ്പിന് ഡാറ്റകൾ ശേഖരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ഇത്തവണയും വാർഡുകളുടെ പുനഃസംഘടനയോടൊപ്പം സെൻസസിന്റെ പ്രവർത്തനങ്ങളും സമാന്തരമായി യാതൊരു തടസ്സവും കൂടാതെ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. വാർഡ് പുനഃസംഘടന യാതൊരു തരത്തിലും സെൻസസ് നടപടികളെ പ്രതികൂലമായി ബാധിക്കില്ല.

(ബി) കരുതുന്നില്ല.

(സി) വാർഡുകളുടെ പുനഃസംഘടനയോടൊപ്പം സെൻസസിന്റെ പ്രവർത്തനങ്ങളും സമാന്തരമായി യാതൊരു തടസ്സവും കൂടാതെ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. വാർഡ് പുനഃസംഘടന യാതൊരു തരത്തിലും സെൻസസ് നടപടികളെ പ്രതികൂലമായി ബാധിക്കില്ല.

**ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അവ്യക്തത ഒഴിവാക്കുന്നതിന് നടപടി**

168 (1611) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ റോഡുകളുടെ പേരുകളിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് സ്ഥലപരിശോധന നടത്തി പ്രസ്തുത രജിസ്റ്ററുകൾ കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ തിരിച്ചറിയത്തക്കവിധം അവയുടെ പേരുകൾ എഴുതി പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, ദുരന്തനിവാരണ ഫണ്ട് മുതലായവ അനുവദിക്കുമ്പോൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അവ്യക്തത, ഇരട്ടിപ്പ് എന്നിവ വലിയ തോതിൽ പ്രശ്നമുണ്ടാക്കുന്ന സാഹചര്യമുള്ളതിനാൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) നടപടി സ്വീകരിക്കുന്നതാണ്.

**റോഡ് പുനർനിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ**

169 (1612) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2018-ലെ മഹാപ്രളയത്തിൽ തകർന്ന മേലൂർ ഗ്രാമപഞ്ചായത്തിലെ വെട്ടുകടവ് - കാലടി കപ്പേള റോഡും കൊരട്ടി ഗ്രാമപഞ്ചായത്തിലെ പാലപ്പിള്ളി - നെട്ടുക്കോട്ട റോഡും പുനർനിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനും, അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

2018-ലെ മഹാപ്രളയത്തിൽ തകർന്ന മേലൂർ ഗ്രാമപഞ്ചായത്തിലെ വെട്ടുകടവ് - കാലടി കപ്പേള റോഡ്, കൊരട്ടി ഗ്രാമപഞ്ചായത്തിലെ പാലപ്പിള്ളി - നെടുങ്കോട്ട റോഡ് എന്നിവ സി.എം.ഡി.ആർ.എഫ്. പ്രകാരം സി.എം.എൽ.ആർ. ആർ.പി. പദ്ധതിയിൽ തെരഞ്ഞെടുത്ത റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവയാണ്. 14 ജില്ലകളിലെയും ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനായി സി.എം.ഡി.ആർ.എഫ്.-ൽ (മുഖ്യമന്ത്രിയുടെ റോഡ് പദ്ധതി) ആകെ 961.264 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## നഗരസഭ, പഞ്ചായത്ത് റോഡുകൾ

170 (1613) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര നഗരസഭ, പഞ്ചായത്ത് റോഡുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പേരും കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പ്രസ്തുത റോഡുകൾക്കുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഗതാഗതയോഗ്യമല്ലാത്തതും അറ്റകുറ്റപ്പണി തീരെ നടക്കാത്തതുമായ റോഡുകൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ശേഷിയില്ലായ്മയാണ് റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് കാരണമെങ്കിൽ അത്തരം റോഡുകൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ സഹായം നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ഗ്രാമീണ റോഡുകൾ പുനർനിർമ്മിക്കുന്നതിന് നടപടി

171 (1614) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകൾ പുനർനിർമ്മിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഈ ഫണ്ട് വിനിയോഗിച്ച് നവീകരിക്കാനുദ്ദേശിക്കുന്ന റോഡുകൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് ലിസ്റ്റ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന തദ്ദേശ സ്ഥാപന ങ്ങളുടെ കീഴിൽവരുന്ന റോഡുകളുടെ നവീകരണത്തിന് സി.എം.ഡി.ആർ.എഫ്.-ൽ നിന്നും ആകെ 961.264 കോടി രൂപ അനുവദിക്കുന്നതിന് 9-1-2020-ലെ സ.ഉ. (കൈ) നമ്പർ 13/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) അന്തിമപട്ടിക തയ്യാറാക്കിവരുന്നു.

**ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം**

172 (1615) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിലുണ്ടായ കനത്ത മഴയിലും പ്രളയത്തിലും തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; ഇതിനായി വകയിരുത്തിയിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ കഴിഞ്ഞ വർഷങ്ങളിലുണ്ടായ കനത്ത മഴയിലും പ്രളയത്തിലും തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി തദ്ദേശ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുകൂടാതെ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നിവയിൽ ഉൾപ്പെടുത്തിയും പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതോടൊപ്പം ആർ.കെ.ഐ.-യിൽ ഉൾപെടാത്തതും പുനർനിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് 'മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗ്രാമീണ റോഡുകളുടെ അന്തിമ പട്ടിക തയ്യാറാക്കിവരുന്നു.

**കാസർഗോഡ് ജില്ലയിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

173 (1616) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ നിന്നും പി.എം.ജി.എസ്.വൈ-ൽ (പഴയ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന) ഉൾപ്പെടുത്തി എത്ര റോഡുകളാണ് അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിന്റെ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽനിന്നും പി.എം.ജി.എസ്.വൈ.-III-ൽ (പഴയ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന) ഉൾപ്പെടുത്തേണ്ട റോഡുകളുടെ പട്ടിക തയ്യാറാക്കിവരുന്നു. അനുമതിക്കായി സമർപ്പിച്ചിട്ടില്ല.

(ബി) പി.എം.ജി.എസ്.വൈ.-III-ൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഫെസിലിറ്റി സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട റോഡുകളുടെ ബ്ലോക്കു തല മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തി അന്തിമ ഘട്ടത്തിലാണ്.

## റോഡ് സൈഡ് പുറമ്പോക്കിൽ താമസിക്കുന്നവർക്കുള്ള പുനരധിവാസം

174 (1617) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ മുപ്പത്തിമൂന്ന് കോടി രൂപ മുടക്കിൽ കിഫ്ബി നിർമ്മിക്കുന്ന ചങ്ങനാശ്ശേരി-കവിയൂർ റോഡിന് നിശ്ചിത അളവിലുള്ള വീതി കൂട്ടുമ്പോൾ ചങ്ങനാശ്ശേരി ടൗണിലും പായിപ്പാട് ഗ്രാമപഞ്ചായത്തിലുംപ്പെട്ട പ്രസ്തുത റോഡ്സൈഡ് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് മുനിസിപ്പാലിറ്റിയും പഞ്ചായത്തും ഭൂമിയും വീടും നൽകുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം നടക്കുന്നതുകൊണ്ട് ഭവന രഹിതരാകുന്ന ഇവരെ അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചങ്ങനാശ്ശേരി കവിയൂർ റോഡ് സൈഡ് പായിപ്പാട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പുറമ്പോക്കിൽ താമസിക്കുന്നവരിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് അർഹതയനുസരിച്ച് ഭൂമിയും വീടും അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) റോഡ് നിർമ്മാണം നടക്കുന്നതുകൊണ്ട് ഭവനരഹിതരാകുന്നവരെ ലൈഫ് ഭവന പദ്ധതിയിൽക്കൂടി മാത്രമേ നിലവിലെ സാഹചര്യത്തിൽ പുനരധിവസിപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ.

## റോഡുകളുടെ പുനർനിർമ്മാണം

175 (1618) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയാനന്തര പുനർസൃഷ്ടിക്കായി തദ്ദേശസ്വയംഭരണ വകുപ്പുവഴി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇതിലൂടെ എത്ര കിലോമീറ്റർ റോഡ് പുനർനിർമ്മിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ റോഡുകളുടെ പുനർനിർമ്മാണത്തിനായാണ് ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പ്രളയത്തിൽ തകർന്നതും RKI പദ്ധതിയിലുൾപ്പെടുത്താത്തതും എന്നാൽ പുനർനിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുവേണ്ടി 961.264 കോടി രൂപ സി.എം.ഡി.ആർ.എഫ്.-ൽനിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രവൃത്തികൾക്ക് പ്രത്യേക ഭരണാനുമതി നൽകിക്കഴിഞ്ഞാൽ മാത്രമേ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുകയുള്ളൂ.

## നിലമ്പൂർ എൽ.എ.സി.-യിലെ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ

176 (1619) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന നിലമ്പൂർ എൽ.എ.സി. യിലെ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ വിവരങ്ങളും, അനുവദിച്ച തുകയും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) 2019-ലെ പ്രളയത്തിൽ തകർന്ന നിലമ്പൂർ നിയോജകമണ്ഡലത്തിന് പ്രത്യേക പരിഗണന നൽകി കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) നിലമ്പൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾ മേൽ പദ്ധതിയിലേയ്ക്ക് സമർപ്പിച്ച റോഡുകളുടെ പ്രൊപ്പോസലുകൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) 2018-ലെയും 2019-ലെയും പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ റോഡുകളുടെ പുനരുദ്ധാരണത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ 961.264 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. ടി നടപടികൾ പുരോഗമിക്കുന്നു.

## വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല-ഒളരി റോഡിന്റെ പുനർനിർമ്മാണം

177 (1620) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-മണലൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല-ഒളരി റോഡിന്റെ ചെയിനേജ് 6/500 മുതൽ 10/000 വരെയുള്ള ഭാഗം റീ ബിൽഡ് കേരള /ഗ്രാമീണറോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് 3-1-2020-ലെ ആർ.കെ.ഐ.3/37/2019 നമ്പർ കത്തിലെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) തൃശ്ശൂർ നഗരത്തെയും വെങ്കിടങ്ങ് പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന ഏറ്റവും ദൈർഘ്യം കുറഞ്ഞ ഈ റോഡിന്റെ പുനർനിർമ്മാണം സാധ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) തൃശ്ശൂർ-മണലൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല-ഒളരി റോഡ് പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതല്ല. അതിനാൽ ഈ വകുപ്പിൽ നടപടി സ്വീകരിച്ചിട്ടില്ല.

(ബി&സി) ഇല്ല.

## പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

178 (1621) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിന് നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വയനാട് ജില്ലയിലെ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഉണ്ടെങ്കിൽ ഈ തുക ഉപയോഗിച്ച് നവീകരിക്കാൻ ഉദ്ദേശിക്കുന്ന വയനാട് ജില്ലയിലെ റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വയനാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-ലെയും 2019-ലെയും പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ റോഡുകളുടെ പുനരുദ്ധാരണത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആകെ 961.264 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണത്തിനായുള്ള ഭരണാനുമതി നൽകിയിട്ടില്ല. ഭരണാനുമതി നൽകാനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ടൈൽ ഫാക്ടറി-കാട്ടിലുവിള-കാരിയോട് റോഡ് പുനർനിർമ്മാണം

179 (1622) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിലെ ടൈൽ ഫാക്ടറി-കാട്ടിലുവിള-കാരിയോട് റോഡ് റീ ബിൽഡ് കേരള എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. 23-12-2019-ൽ നൽകിയ നമ്പർ എൽ.എസ്.ജി.ഡി./06/2019 എന്ന നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ ഫണ്ട് ഉപയോഗിച്ച് പ്രളയത്തിൽ തകർന്ന റോഡുകളുടെ നിർമ്മാണം നടത്തുന്നതിന് ഏതൊക്കെ പഞ്ചായത്തുകളിലാണ് ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ചെങ്കൽ പഞ്ചായത്തിലെ ടൈൽ ഫാക്ടറി-കാട്ടിലുവിള-കാരിയോട് റോഡ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഉപയോഗിക്കുന്ന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ ഏജൻസി ആയി ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണം

180 (1623) ശ്രീ. ഡി. കെ. മുരളി :
ശ്രീ. എം. നൗഷാദ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകൾ ആവർത്തിച്ചുണ്ടായ കനത്ത മഴയിലും അതിതീവ്ര പ്രളയത്തിലും തകർന്നത് പുനരുദ്ധരിക്കുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി പുതിയ റോഡുകൾക്ക് അനുവാദം ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത റോഡുകളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) റോഡുകളുടെ നിർമ്മാണത്തിനും അവയുടെ പുനരുദ്ധാരണത്തിനും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നടത്തുന്ന പ്രവർത്തനത്തിന്റെ കാര്യക്ഷമത വിലയിരുത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## 2018-ലെ പ്രളയത്തിൽ മുങ്ങിപ്പോയ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം

181 (1624) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ മുങ്ങിപ്പോയ പഞ്ചായത്ത് റോഡുകൾ പുനരുദ്ധരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) മഹാപ്രളയത്തിൽ ഒട്ടുമിക്ക സ്ഥലങ്ങളും മുങ്ങിപ്പോയ അയിരൂർ, കോട്ടാങ്ങൽ പഞ്ചായത്തുകളിലെ ഏതൊക്കെ റോഡുകളാണ് ഇത്തരത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചത്;

(സി) അയിരൂർ, കോട്ടാങ്ങൽ പഞ്ചായത്തുകളിലെ റോഡുകൾ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടാതെ പോയതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത റോഡുകൾക്കൂടി പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. അയിരൂർ - കോട്ടാങ്ങൽ പഞ്ചായത്തുകളിലേയ്ക്കായി നിലവിൽ 1.75 കോടി രൂപയുടെ പ്രൊപ്പോസലാണ് ജില്ലയിൽനിന്നും സമർപ്പിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആകെ 961.264 കോടി രൂപ 14 ജില്ലകളിലേയ്ക്കായി അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അന്തിമ പട്ടിക തയ്യാറാക്കിവരുന്നു. വിട്ടുപോയ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് ജില്ലാ തലത്തിലുള്ള ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് അന്തിമ പട്ടിക തയ്യാറാക്കുന്നതാണ്.

## പൂവം-നക്രപുതുവൽ റോഡിന്റെ പുനരുദ്ധാരണം

182 (1625) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ മാടപ്പള്ളി ബ്ലോക്കിൽ പായിപ്പാട് പഞ്ചായത്തിൽ പൂവം-നക്രപുതുവൽ റോഡിന്റെ പുനരുദ്ധാരണം സംബന്ധിച്ച് മന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിന്റെ തീരുമാനം അനുസരിച്ച് റോഡ് ടാറിംഗ് നടത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ ശോച്യാവസ്ഥ പരിഗണിച്ച് റോഡ് നിർമ്മാണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ & ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള പൂവം-നക്രപുതുവൽ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം വർക്കിംഗ് ഗ്രൂപ്പിൽ വച്ച് അനുമതി നേടുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

## ക്ഷീര കർഷകർക്ക് തൊഴിലുറപ്പുപദ്ധതി

183 (T* 1626) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ക്ഷീരോത്പാദക സഹകരണ സംഘാംഗങ്ങളായ ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൂറ് ദിവസത്തെ വേതനം സർക്കാർ ലഭ്യമാക്കി യിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ക്ഷീരോത്പാദന മേഖലകൾ കേന്ദ്രീകരിച്ച് കൂടുതൽ പ്രദേശങ്ങളിൽ പദ്ധതി വ്യാപിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) രണ്ടോ അതിലധികമോ കന്നുകാലികളുള്ള ക്ഷീരകർഷകർക്ക് 10 ലിറ്ററിൽ കുറയാതെയുള്ള പാൽ ക്ഷീര സഹകരണ സംഘത്തിന് നൽകുന്ന ദിവസം ഒരു ദിവസത്തെ വേതനം എന്ന നിരക്കിൽ പരമാവധി 100 ദിവസത്തെ വേതനം അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ നടപ്പ് വർഷം മുതൽ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഇതുപ്രകാരം 3488 കുടുംബങ്ങൾക്ക് ഇതേവരെ 47,905 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുകയും വേതനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 100 ദിവസത്തെ വേതനത്തിന് ഇതുവരെ ആരും അർഹരായിട്ടില്ല.

(ബി) കേരളത്തിലെ ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്തിന് മാത്രമായി ടി പദ്ധതി ചുരുക്കിയിട്ടില്ല. കേരളത്തിലെ എല്ലാ നഗരസഭകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

## തൊഴിലുറപ്പ് പദ്ധതി

184 (1627) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം എത്ര തൊഴിൽ ദിനങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2019-20 സാമ്പത്തിക വർഷം തൊഴിലുറപ്പ് പ്രതിഫലമായി എത്ര തുക കേന്ദ്ര സർക്കാർ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലുറപ്പ് പ്രതിഫലം നൽകുന്നതിൽ കുടിശ്ശികയുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2019-20 സാമ്പത്തിക വർഷം കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 7 കോടി തൊഴിൽ ദിനങ്ങൾ അനുവദിച്ചിട്ടുണ്ട്.

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ 3-2-2020 വരെ 308523.10 ലക്ഷം രൂപ തൊഴിലുറപ്പ് വേതനമായി അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. നിലവിൽ 4916.81 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും വേതന കുടിശ്ശികയായി ലഭിക്കാനുണ്ട്.

**തൊഴിലുറപ്പ് പദ്ധതിയിലെ സോഷ്യൽ ഓഡിറ്റ്**

185 (1628) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ;

(ബി) ഇതിനായി സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് തൽസ്ഥാനത്ത് നിന്നും മാറ്റിയിട്ടുണ്ടോ; എങ്കിൽ അതിന്റെ സാഹചര്യം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനുമായി ചുവടെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഗ്രാമവികസന വകുപ്പിലെയും തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിലെയും സീനിയർ ഉദ്യോഗസ്ഥർ ഫീൽഡുതല പരിശോധനയും പദ്ധതിയുടെ മോണിറ്ററിംഗ് നടപടികളും ഊർജ്ജിതമാക്കി.

2. പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ജില്ലാ-സംസ്ഥാന തലങ്ങളിൽ ക്വാളിറ്റി മോണിറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3. തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിലൂടെ മാത്രം നൽകിവരുന്നു.

4. മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം ഉപയോഗിച്ച് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു.

5. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിച്ചു.

(ബി) ഉണ്ട്.

(സി) ഉണ്ട്. കിലയിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ഡോ. എബി ജോർജ്ജിന്റെ സേവനം 28-11-2019-ലെ കില/ 2016/101/1030 നമ്പർ കത്തിലൂടെ കില ഡയറക്ടർ തിരികെ ആവശ്യപ്പെട്ട സാഹചര്യത്തിലാണ് 4-12-2019-ലെ സ.ഉ.(സാധാ) നമ്പർ 2749/2019/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ടിയാന്റെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃസ്ഥാപനത്തിലെ തസ്തികയിലേക്ക് വിടുതൽ ചെയ്തത്. ടിയാൻ കിലയിൽ ഇതുവരെ തിരികെ ജോയിൻ ചെയ്തിട്ടില്ല.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

186 (1629) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ഉപജീവനത്തിനും വരുമാനവർദ്ധനവിനും ഏറെ സഹായകരമാകുന്ന മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ദുർബ്ബലപ്പെടുത്താനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിനെതിരെ എന്തെല്ലാം ശക്തമായ ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ബി) പദ്ധതിയ്ക്കായുള്ള ബജറ്റ് വിഹിതം വെട്ടിക്കുറച്ചതിനൊപ്പം തൊഴിൽ ദിനങ്ങളിൽ കുറവ് വരുത്തിയതും കൂലി യഥാസമയം നൽകാതെ കുടിശിക വരുത്തുന്നതും പദ്ധതി നടത്തിപ്പിൽ എന്തെല്ലാം പ്രതിസന്ധികളാണ് സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതി കൂടുതൽ ഉല്പാദനപരമാക്കി മാറ്റുന്നതിനായി പരമ്പരാഗത മേഖലകളിലെ ജോലികൾ കൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; അതിന് അനുമതി ലഭിച്ചിട്ടുണ്ടോ ; അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിലും പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖകളിലും കേന്ദ്ര സർക്കാർ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന സാഹചര്യങ്ങൾക്കനുസൃതമായി വിലയിരുത്തി സംസ്ഥാനത്ത് പരമാവധി തൊഴിൽ ദിനങ്ങളും ആസ്തികളും സൃഷ്ടിക്കാൻ കഴിയുന്ന തരത്തിലുള്ള ഇടപെടലുകളാണ് നടത്തിവരുന്നത്. കൂടാതെ പദ്ധതി ദുർബ്ബലപ്പെടുത്താനുള്ള നീക്കങ്ങൾ ഉണ്ടാകുമ്പോഴെല്ലാം അതിനെതിരെയുള്ള സംസ്ഥാനത്തിന്റെ വികാരം അറിയിക്കാറുണ്ട്.

(ബി) 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തിന് 948 ലക്ഷം തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കുള്ള ലേബർ ബഡ്ജറ്റാണ് കേന്ദ്ര ഉന്നതാധികാര സമിതിക്ക് മുന്നേ സമർപ്പിക്കപ്പെട്ടിരുന്നത്. എന്നാൽ സംസ്ഥാനത്തിന് 700 ലക്ഷം തൊഴിൽ ദിനങ്ങളാണ് കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആവശ്യാധിഷ്ഠിത പദ്ധതിയായതിനാൽ 700 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ട ശേഷം കൂടുതൽ തൊഴിൽ ദിനങ്ങൾ ആവശ്യമുള്ള പക്ഷം അധിക തൊഴിൽ ദിനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് അപേക്ഷ നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് മുൻ സാമ്പത്തിക വർഷങ്ങളിൽ വർഷാദ്യം അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റിനുപരിയായി അധിക തൊഴിൽ ദിനങ്ങൾ കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട ലേബർ ബഡ്ജറ്റ് വെട്ടിക്കുറയ്ക്കുകയോ തൊഴിൽ ദിനങ്ങളിൽ കുറവ് വരുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ തൻസാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അവിദഗ്ധ തൊഴിലാളികളുടെ വേതനം ലഭ്യമാക്കുന്ന കാര്യത്തിൽ വലിയ കുടിശ്ശിക വരുത്തിയിരുന്നു. ആയത് തൊഴിൽ പങ്കാളിത്തത്തിൽ കുറവുണ്ടാക്കുകയും പദ്ധതി നിർവ്വഹണ വേഗത കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഫണ്ട് ലഭ്യതയ്ക്ക് കാലതാമസം വരുന്നത് ഫലത്തിൽ ഗ്രാമീണ മേഖലയിൽ തൊഴിലില്ലായ്മ സൃഷ്ടിക്കുകയും ഗ്രാമീണ ആസ്തികൾ സൃഷ്ടിക്കുന്നതിന് തടസ്സമാകുകയും പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയയെ പിന്നോട്ടടിക്കുകയും ചെയ്യുന്നതാണെന്ന് വിലയിരുത്തപ്പെടുന്നു.

(സി) ഗ്രാമീണ മേഖലയിലെ പ്രധാന വരുമാന മാർഗ്ഗമെന്ന നിലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ക്ഷീര കർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നെൽകൃഷിയിൽ കൊയ്ത്തിനുശേഷം പുതുതായി വിളവ് ഇറക്കുന്നതുവരെയുള്ള ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികൾ എന്നിവയും കയർ, കൈത്തറി, ഖാദി മേഖലയിലെ പ്രവർത്തനങ്ങളും തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തിയിനങ്ങളായി ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന് സംസ്ഥാനം ശിപാർശ നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല.

## തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിന് നടപടി

187 (1630) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പ് സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ തൽസ്ഥാനത്തു നിന്നും മാറ്റിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനുമായി ചുവടെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഗ്രാമവികസന വകുപ്പിലെയും തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിലെയും സീനിയർ ഉദ്യോഗസ്ഥർ ഫീൽഡുതല പരിശോധനയും പദ്ധതിയുടെ മോണിറ്ററിംഗ് നടപടികളും ഊർജ്ജിതമാക്കി.
2. പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ജില്ല-സംസ്ഥാന തലങ്ങളിൽ ക്വാളിറ്റി മോണിറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3. തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിലൂടെ മാത്രം നൽകിവരുന്നു.

4. മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം ഉപയോഗിച്ച് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു.

5. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരം സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിച്ചു.

(ബി) ഉണ്ട്.

(സി) ഉണ്ട്. കിലയിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന ഡോ. എബി ജോർജ്ജിന്റെ സേവനം 28-11-2019-ലെ കില/2016/101/1030 നമ്പർ കത്തിലൂടെ കില ഡയറക്ടർ തിരികെ ആവശ്യപ്പെട്ട സാഹചര്യത്തിലാണ് 4-12-2019-ലെ സ.ഉ.(സാധാ) നമ്പർ 2749/2019/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ടിയാന്റെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃസ്ഥാപനത്തിലെ തസ്തികയിലേക്ക് വിടുതൽ ചെയ്തത്. ടിയാൻ കിലയിൽ ഇതുവരെ തിരികെ ജോയിൻ ചെയ്തിട്ടില്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർ പട്ടിക

188 (1631) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇലക്ഷനുവേണ്ടി തയ്യാറാക്കുന്നത് 2015-ലെ വോട്ടർ പട്ടികയാണെന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിനുവേണ്ടി തയ്യാറാക്കിയ വോട്ടർ പട്ടിക നിലവിലിരിക്കെ 2015-ലെ വോട്ടർ പട്ടിക എടുത്താൽ വീണ്ടും നാൽപ്പത് ലക്ഷത്തോളം പേർ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അപേക്ഷയുമായി ഓഫീസുകൾ കയറിയിറങ്ങി നടക്കണമെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(സി) അപേക്ഷയുമായി അക്ഷയ/ഇൻഫർമേഷൻ കേന്ദ്രം/തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പോയി പുതിയ അപേക്ഷകൾ നൽകിയാൽ മാത്രമേ പുതിയ പട്ടികയിൽ പേര് ചേർക്കുവാൻ കഴിയുകയുള്ളൂ എന്നത് പരിശോധിച്ച് 2019-ലെ പാർലമെന്റ് ഇലക്ഷനുവേണ്ടി തയ്യാറാക്കിയ പട്ടിക സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നാൽപ്പത് ലക്ഷത്തോളം പേർ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് വലിയ തുക ചെലവാകുമെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഭരണഘടനയുടെ 243 K, 243 ZA എന്നീ അനുച്ഛേദങ്ങൾ പ്രകാരം യഥാക്രമം ഗ്രാമ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വോട്ടർ പട്ടിക തയ്യാറാക്കലിന്റെയും തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെയും ചുമതല സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്. വോട്ടർ പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണ് എന്നതിനാൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനം സർക്കാർ പരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

(ബി-ഡി) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ 2020-ലെ പൊതു തെരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്ക് വോട്ടർ പട്ടിക പുതുക്കുന്നതിന് അടിസ്ഥാന പട്ടികയായി ഉപയോഗിക്കുന്നത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയ 2015-ലെ പൊതു തെരഞ്ഞെടുപ്പിനോ അതിന് ശേഷം നടന്ന ഉപതെരഞ്ഞെടുപ്പുകൾക്കോ ഉപയോഗിച്ച വോട്ടർ പട്ടികയാണ്. അത്തരത്തിൽ കരടായി പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയിൽ 25158230 വോട്ടർമാരാണുള്ളത്. എന്നാൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഉപയോഗിച്ച വോട്ടർ പട്ടികയിൽ 26151534 വോട്ടർമാരാണുള്ളത്. തദ്ദേശ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. ഫെബ്രുവരി 14 വരെ ഈ ഘട്ടത്തിൽ അത്തരത്തിൽ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് lsgelection.kerala.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി വേണം അപേക്ഷ സമർപ്പിക്കേണ്ടത്. അത്തരത്തിൽ സമർപ്പിക്കുന്ന ഓൺലൈൻ അപേക്ഷകൾ സംബന്ധിച്ചുള്ള വിവരങ്ങൾ നിശ്ചിത ദിവസം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ അപേക്ഷകർ ഹാജരായി നൽകേണ്ടതാണ്. ആൾമാറാട്ടം തടയുന്നതിനും

വോട്ടർപട്ടികയിലെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനുമാണ് അത്തരത്തിൽ നേർവിചാരണ നടത്തി വിവരങ്ങൾ ശേഖരിക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സ്വന്തമായി കമ്പ്യൂട്ടർ ഉള്ളവർക്കും സ്മാർട്ട് ഫോൺ ഉള്ളവർക്കും സ്വന്തമായി തന്നെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## കേന്ദ്രാവിഷ്കൃത പദ്ധതി

189 (1632) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാന ഗവൺമെന്റിനുള്ള വിഹിതത്തിൽ കുറവ് വന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 2016 മാർച്ച് 31-ന് ശേഷം ഇതുവരെ എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാൻ അനുമതി ലഭ്യമായെന്നും ഇതിന് എത്ര കോടി രൂപ അനുവദിച്ചുവെന്നും വെളിപ്പെടുത്താമോ;

(സി) ഇതിന് പുറമെ എം.പി.-മാരുടെ ഗ്രാമങ്ങൾ ദത്തെടുക്കൽ പദ്ധതിയിൽ എത്ര കിലോമീറ്റർ റോഡുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാന ഗവൺമെന്റിനുള്ള വിഹിതത്തിൽ കുറവ് വന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

<u>പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ.-ജി)</u>

പദ്ധതിയുടെ സംസ്ഥാന വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ ചിലത് കേരളത്തിന് അനുയോജ്യമല്ലാത്തതിനാൽ മതിയായ ഗുണഭോക്താക്കളെ സംസ്ഥാനത്തുനിന്നും ലഭ്യമാകാത്തതാണ് വിഹിതം കുറയുന്നതിന് കാരണമായത്.

<u>പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.)</u>

2015 വരെ നൂറ് ശതമാനം വിഹിതവും കേന്ദ്രമാണ് വഹിച്ചിരുന്നത്. 2016 മുതൽ 60:40 അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന വിഹിതം ലഭിച്ചുകൊണ്ടിരിക്കുന്നത്. വർഷംതോറുമുള്ള പ്രവൃത്തി ലക്ഷ്യത്തിനനുസൃതമായ കേന്ദ്ര ഫണ്ടിൽ വ്യതിയാനം വരാറുണ്ട്.

<u>സ്വച്ഛ് ഭാരത് മിഷൻ</u>

ശുചിത്വമിഷൻ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതികളുടെ കേന്ദ്ര സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| വർഷം | പദ്ധതി | കേന്ദ്രം | സംസ്ഥാനം | ആകെ |
|---|---|---|---|---|
| 2015-16 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) | 2881.34 | 992.13 | 3873.47 |
| 2016-17 | | 9825.36 | 6550.24 | 16375.59 |
| 2017-18 | | 9802.23 | 6534.82 | 16337.05 |
| 2018-19 | | 1247.01 | 831.34 | 2078.35 |
| 2019-20 | | 0 | 0 | 0 |

| വർഷം | പദ്ധതി | കേന്ദ്രം | സംസ്ഥാനം | ആകെ |
|---|---|---|---|---|
| 2015-16 | സ്വച്ഛ് ഭാരത് മിഷൻ (നഗരം) | 1918.00 | 639.67 | 2557.00 |
| 2016-17 | | 2444.00 | 814.00 | 3258.00 |
| 2017-18 | | 0 | 0 | 0 |
| 2018-19 | | 3095.25 | 2063.50 | 5158.75 |
| 2019-20 | | 2260.91 | 1507.23 | 3768.14 |

(ബി) 707.349 കി.മീ. ദൈർഘ്യം വരുന്ന 187 റോഡുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന് 568.65 കോടി രൂപ അനുവദിച്ചു.

(സി) ആകെ 118.451 കി.മീ. ദൈർഘ്യം വരുന്ന 33 റോഡുകൾ അനുവദിച്ചിട്ടുണ്ട്.

## കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഇളവുകൾ

190 (1633) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പരിപാലന നിയമത്തിൽ കേന്ദ്രസർക്കാർ ഏറ്റവും ഒടുവിൽ വരുത്തിയ ഭേദഗതികളുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ എന്തെങ്കിലും ഇളവുകൾ വരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) കടൽ, കായൽ, നദികൾ, തോടുകൾ എന്നിവയ്ക്ക് സമീപം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് നിലവിലുള്ള നിയന്ത്രണങ്ങളുടെ വിശദാംശം അറിയിക്കാമോ;

(സി) കെട്ടിട നിർമ്മാണത്തിന് അനുമതി തേടിക്കൊണ്ടുള്ള അപേക്ഷകൾ തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ കെട്ടിക്കിടക്കുകയാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇളവുകൾ വരുത്തിയിട്ടില്ല. എന്നാൽ കെട്ടിട നിർമ്മാണ ചട്ടം 5(4) രണ്ടാം പ്രൊവിസോ പ്രകാരം തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്ന 300 ച.മീ. വരെ മൊത്ത വിസ്തീർണ്ണമുള്ള ഏക കുടുംബ വാസഗൃഹങ്ങൾക്ക് ബാധകമാകുന്ന നിലവിലുള്ള തീരദേശ നിയന്ത്രണ മേഖല നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സെക്രട്ടറിക്ക് അനുമതി നൽകാവുന്നതാണ്. കൂടാതെ ചട്ടം 5(4) പ്രകാരം തീരദേശം നിയന്ത്രണ മേഖലയായി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്തെ നിർമ്മാണങ്ങൾക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ എൻ.ഒ.സി. ലഭ്യമാക്കേണ്ടതാണ്.

(ബി) 2011 സി.ആർ.ഇസഡ് വിജ്ഞാപനത്തിന്റെ വ്യവസ്ഥകളും 2011 തീരദേശ പരിപാലന പ്ലാനുകളുമായിരിക്കും തീരദേശ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ സംസ്ഥാനത്ത് ബാധകമായിട്ടുള്ളത്. പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തീരപ്രദേശങ്ങളെ സി.ആർ.ഇസഡ്. III-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 200 മീറ്റർ, വേലിയേറ്റ സ്വാധീനമുള്ള കായൽ/നദി/തോട് എന്നിവയിൽനിന്നും 100 മീറ്റർ അല്ലെങ്കിൽ വീതി, ഏതാണോ കുറവ് അത്രയും ഭാഗം വികസന നിഷിദ്ധ മേഖല (NDZ). കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽ നിന്നും NDZ-ൽപ്പെടുന്ന ദൂരപരിധിക്കുള്ളിൽ നിബന്ധനകൾക്ക് വിധേയമായി മത്സ്യബന്ധനത്തൊഴിലാളി

കൾക്കും/പരമ്പരാഗത തീരദേശവാസികൾക്കും നിലവിലെ തറ വിസ്തീർണ്ണം പരിമിതപ്പെടുത്തിക്കൊണ്ട് ഭവനങ്ങളുടെ പുനർ നിർമ്മാണങ്ങളും അറ്റകുറ്റപ്പണികളും അനുവദനീയമാണ്. കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 200 മീറ്റർ ദൈർഘ്യത്തിൽ അവികസിത മേഖലയും 200-500 മീറ്റർ വരെ നിയന്ത്രണ മേഖലയുമാണ്.

സി.ആർ.ഇസഡ്. III-ൽ കടലിൽനിന്നും 100 മീറ്ററിനും 200 മീറ്ററിനും പരിധിയിൽ മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തീരദേശ വാസികൾക്കും $100m^2$ വരെ തറ വിസ്തീർണ്ണമുള്ള പുതിയ ഭവന നിർമ്മാണം അനുവദനീയമാണ്. സി.ആർ.ഇസഡ്. III-ൽ 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ അനുമതി നൽകാവുന്ന കെട്ടിടങ്ങളുടെ പരമാവധി ഉയരം 9 മീറ്റർ ആണ്. പ്ലിന്ത് ഏരിയയ്ക്ക് 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെടുന്ന തീരപ്രദേശങ്ങൾ സി.ആർ.ഇസഡ്. II-ൽ ഉൾപ്പെടുന്നു. ജലാശയത്തിന്റെ വേലിയേറ്റ രേഖയ്ക്കും പ്രസ്തുത നിർമ്മാണ സ്ഥലത്തിനും ഇടയിൽ അംഗീകൃത റോഡോ, കെട്ടിടമോ (1991-ന് മുമ്പ് നിലവിലുള്ളവ) ഉണ്ടെങ്കിൽ ആയതിന്റെ കരഭാഗത്ത് പുതിയ കെട്ടിട നിർമ്മാണം അനുവദിക്കുന്നു. കായൽ ദ്വീപ് പ്രദേശങ്ങളിൽ ഗാർഹിക കെട്ടിട നിർമ്മാണങ്ങൾക്കായി 50 മീറ്റർ തീരദേശ ദൂരപരിധി കേരളത്തിലെ എല്ലാ തീരദേശ നിയന്ത്രണ മേഖലയിലും ബാധകമാണ്.

(സി) G.O.(Rt) No. 69/2013/S&TD dated 12-12-2013 പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സി.ആർ.ഇസഡ്. III-ൽ വികസന നിഷിദ്ധ മേഖലയായി കരുതപ്പെടുന്ന കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനും കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനും ഇടയിൽ നിലവിലുള്ള തറവിസ്തീർണ്ണത്തിന് വിധേയമായി വീടുകളുടെ അറ്റകുറ്റ പണികളും പുനർ നിർമ്മാണവും കടലിന്റെ വേലിയേറ്റ രേഖയിൽനിന്ന് 100-200 മീറ്ററിനും ഇടയിൽ $100m^2$ വരെ തറ വിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണവും പുനർ നിർമ്മാണവും അറ്റകുറ്റപണികളും വികസന നിഷിദ്ധ മേഖലയുടെ വെളിയിൽ (കടലിൽ നിന്ന് 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ) $250m^2$ വരെയുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും അനുമതി നൽകാനുള്ള അധികാരവും സി.ആർ.ഇസഡ്. II-ൽ $250m^2$ വരെയുള്ള ഭവനങ്ങളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും അനുമതി നൽകുന്നതിനുള്ള അധികാരവും 14-5-2018-ലെയും 26-6-2018-ലെയും ഉത്തരവ് 5194/എ 2/2017/KCZMA പ്രകാരം പ്രസ്തുത ജില്ലാ കമ്മിറ്റികൾക്ക് നൽകിയിട്ടുണ്ട്. തുടർന്ന് തീർപ്പാക്കാതെ കെട്ടിക്കിടന്ന അപേക്ഷകളെല്ലാം തന്നെ ടി ജില്ലാ കമ്മിറ്റികൾ വഴി തീർപ്പാക്കിയിട്ടുമുണ്ട്.

## വൈത്തിരി ഗ്രാമപഞ്ചായത്തിൽ വീട് പണിയുന്നതിനുള്ള അനുമതി

191 (1634) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിൽ റീസർവ്വേ 126-ന്റെ സബ് ഡിവിഷനുകളിൽപ്പെട്ട സ്ഥലങ്ങളിൽ വീട് പണിയുന്നതിനായി ആരെല്ലാം പ്രസ്തുത പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) കെ.വി.രാമചന്ദ്രൻ, മാളവിക, ചുണ്ടേൽ പി.ഒ എന്ന വ്യക്തിയ്ക്ക് വീട് പണിയുന്നതിന് അനുമതി നൽകിയ സ്ഥലത്തിന്റെ റീസർവ്വേ നമ്പർ ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) ഒരു വ്യക്തിയിൽ നിന്ന് ഒരേ റീസർവ്വേയിൽപ്പെട്ട സ്ഥലം വാങ്ങിയവരിൽ ഒരാൾക്ക് വീട് പണിയാൻ അനുമതി നൽകുകയും അടുത്ത ആൾക്ക് അനുമതി നൽകാതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈത്തിരി പഞ്ചായത്തിലെ 2011 മുതലുള്ള ലഭ്യമായ രജിസ്റ്ററുകൾ പരിശോധിച്ചതിൽ റീസർവ്വേ നമ്പർ 126-ന്റെ സബ് ഡിവിഷനുകളിൽപ്പെട്ട സ്ഥലങ്ങളിൽ വീട് പണിയുന്നതിനായി 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. (1) മേരി വർഗ്ഗീസ്, മോനാച്ചേരി ഹൗസ്, ചുണ്ടേൽ പി.ഒ., (2) കെ. വി. രാമചന്ദ്രൻ, മാളവിക ഹൗസ്, ചുണ്ടവയൽ, ചുണ്ടേൽ പി.ഒ., (3) ആന്റണി എം.പി., മൽപ്പാൻ ഹൗസ്, തളിപ്പുഴ, (4) ബി. സദാനന്ദൻ, എ. എസ്. വില്ല, ചുണ്ടവയൽ, ചുണ്ടേൽ പി.ഒ.

(ബി) 126/2

(സി) കെ. വി. രാമചന്ദ്രൻ, മാളവിക ഹൗസ്, ചുണ്ടേൽ പി.ഒ. എന്നവർക്ക് കേരള നെൽവയൽ തണ്ണീർത്തട നിയമം 2008 നിലവിൽ വരുന്നതിന് മുമ്പുള്ള വീടിന് മുകൾനില പണിയുന്നതിനാണ് പെർമിറ്റ് അനുവദിച്ചത്.

## വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ കെട്ടിടാനുമതി

192 (1635) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ സി1/10495/ 2010 നമ്പർ ഫയൽ പ്രകാരം കെട്ടിടാനുമതി ലഭിക്കുന്നതിനായി മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് കത്ത് അയച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കത്ത് എപ്രകാരം എന്നയച്ചെന്നു വ്യക്തമാക്കുമോ; പ്രസ്തുത കത്ത് അയച്ച ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കത്തിന് മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്ത് മാന്വൽ/മാന്വൽ ഓഫ് ഓഫീസ് പ്രോസീജിയേഴ്സ് എന്നിവ പ്രകാരം പ്രസ്തുത കത്തിന്മേൽ എന്തെല്ലാം തുടർനടപടികളാണ് ഓഫീസ് സ്വീകരിക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കുമോ; അപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 1-8-2011-ലെ സി1-10495/2010 നമ്പർ പ്രകാരം മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് കത്ത് അയച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കത്ത് കക്ഷിയുടെ കൈവശം നേരിട്ട് നൽകുകയും ആയതിന്റെ പകർപ്പ് 1-8-2011-ന് തപാൽ വഴി അയയ്ക്കുകയും ചെയ്തു. ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) മറുപടി ലഭ്യമായിട്ടില്ല.

(ഡി) മാന്വൽ ഓഫ് ഓഫീസ് പ്രൊസീജിയേഴ്സ് പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ഓർമ്മക്കുറിപ്പ് നൽകുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ശ്രീമതി മേരി വർഗ്ഗീസ് എന്നവർ കെട്ടിട നിർമ്മാണാനുമതി ലഭ്യമാകുന്നതിന് മുമ്പുതന്നെ പ്രസ്തുത സ്ഥലത്ത് അനധികൃതമായി പില്ലർ നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടതിനാൽ മേൽ പ്രവൃത്തി നിർത്തിവയ്ക്കുന്നതിനും അനധികൃതമായി നിർമ്മാണം നടത്തിയ ഭാഗം പൊളിച്ചുനീക്കുന്നതിനും 17-8-2011-ലെ സി1-10495/10 നമ്പർ പ്രകാരം നോട്ടീസ് നൽകിയതിനാലാണ് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നൽകിയ പ്രസ്തുത കത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നത്.

(ഇ) തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതായി കാണുന്നില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനം

193 (1636) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ഫ്ലാറ്റുകളും വില്ലകളും ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് നടപ്പാക്കിയ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, രജിസ്ട്രേഷൻ ഇനത്തിൽ സംസ്ഥാനത്ത് ഈടാക്കുന്ന തുക എത്രയാണ്; വിശദമാക്കാമോ;

(ബി) മറ്റ് സംസ്ഥാനങ്ങളെക്കാൾ ഏകദേശം അഞ്ചിരട്ടി രജിസ്ട്രേഷൻ ഫീസ് സംസ്ഥാനത്ത് ഈടാക്കുന്നതിനുള്ള സാഹചര്യം എന്താണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അതോറിറ്റി റിയൽ എസ്റ്റേറ്റ് ഏജന്റുമാരിൽ നിന്നും രജിസ്ട്രേഷൻ ഇനത്തിൽ എന്ത് തുകയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നിരക്ക് ഉയർന്നതാകയാൽ റിയൽ എസ്റ്റേറ്റ് ഏജന്റുമാർ പ്രതിസന്ധിലാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 2018-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം പ്ലോട്ടിന്റെ ഓരോ ചതുരശ്ര മീറ്റർ വിസ്തൃതിക്കും 10 രൂപ എന്ന നിരക്കിലും കൂടാതെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനത്തിൽ ഓൺ ഗോയിംഗ് റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 25 രൂപ നിരക്കിലും പുതിയ റസിഡൻഷ്യൽ പ്രോജക്ടുകൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലും വാണിജ്യാവശ്യത്തിനും മറ്റുമുള്ള പ്രോജക്ടുകൾക്ക് ചതുരശ്ര മീറ്ററിന് 100 രൂപ നിരക്കിലുമാണ് രജിസ്ട്രേഷൻ ഫീസ് നിർണ്ണയിച്ചിട്ടുള്ളത്.

ഭൂമി വികസിപ്പിച്ച് കെട്ടിടങ്ങൾ ഉൾപ്പെടാതെ പ്ലോട്ടുകളായി തിരിക്കാൻ മാത്രം ഉദ്ദേശിക്കുന്ന പ്ലോജക്ടുകൾക്ക് സ്ഥലത്തിന്റെ വിസ്തൃതിയുടെ മാത്രം അടിസ്ഥാനത്തിൽ ഫീസ് കണക്കാക്കിയാൽ മതിയാകും. എന്നാൽ കെട്ടിടത്തിന്റെ വില്പനയും നിർമ്മാണവും കൂടി ഉൾപ്പെടുന്നുണ്ടെങ്കിൽ പ്ലോട്ടിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിലും കെട്ടിടത്തിന്റെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനത്തിലും കണക്കാക്കുന്ന ആകെ തുക രജിസ്ട്രേഷൻ ഫീസായി ഒടുക്കേണ്ടതുണ്ട്.

(ബി) മറ്റ് സംസ്ഥാനങ്ങളിലെ റിയൽ എസ്റ്റേറ്റ് മേഖലയെ അപേക്ഷിച്ച് രജിസ്റ്റർ ചെയ്യേണ്ടതായ റിയൽ എസ്റ്റേറ്റ് പ്രോജക്ടുകളുടെ എണ്ണം കേരളത്തിൽ പൊതുവെ കുറവാണ്. റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, അപ്പലേറ്റ് ട്രിബ്യൂണൽ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി ആവശ്യമുള്ള തുക കണ്ടെത്തേണ്ട ഒരു പ്രധാന വരുമാന സ്രോതസ് രജിസ്ട്രേഷൻ ഫീസാണ്.

(സി) 2018-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങളിലെ ചട്ടം 11(2) പ്രകാരം റിയൽ എസ്റ്റേറ്റ് ഏജന്റുമാരായി രജിസ്റ്റർ ചെയ്യുന്നതിന് വ്യക്തികളാണെങ്കിൽ 25,000 രൂപയും മറ്റുള്ളവരാണെങ്കിൽ 2,50,000 രൂപയും ഫീസ് ഒടുക്കേണ്ടതുണ്ട്.

(ഡി) ഉണ്ട്. ഇക്കാര്യത്തിൽ യുക്തമായ നടപടി സ്വീകരിക്കാൻ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ചെയർമാന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അനധികൃത ഫ്ലാറ്റ് പൊളിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം

194 (T1637) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരടിലെ അനധികൃത ഫ്ളാറ്റ് പൊളിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഓരോ ഫ്ളാറ്റ് സമുച്ചയത്തിലും ഫ്ളാറ്റുകൾ വിലക്ക് വാങ്ങി രജിസ്റ്റർ ചെയ്ത ഫ്ളാറ്റുടമകൾക്ക് ലഭിക്കുന്നതിന് അർഹതയുണ്ടോ;

(ബി) ഫ്ളാറ്റ് പൊളിച്ച സ്ഥലത്ത് നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അനുമതി തേടി പുതിയവ പണിയുവാൻ സാധിക്കുമോ; വിശദമാക്കാമോ;

(സി) ഫ്ളാറ്റ് ഉടമകൾക്ക് സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; പ്രസ്തുത നഷ്ടപരിഹാരത്തുക അനധികൃതമായി ഫ്ളാറ്റ് നിർമ്മിച്ച നിർമ്മാതാക്കളിൽ നിന്നും ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ വിഷയം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനാ വിഷയമായതിനാൽ ബഹു. സുപ്രീം കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

(ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, കെ.എം.ബി.ആർ. 2019, CRZ Rule, Structural Zone Notification, Wetland Act എന്നിവയ്ക്ക് വിധേയമായി പ്ലാൻ സമർപ്പിക്കുന്ന മുറയ്ക്ക് സ്ഥലപരിശോധന നടത്തി മാത്രമേ നിർമ്മാണാനുമതി നൽകുന്ന കാര്യം തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

(സി) നൽകിയിട്ടുണ്ട്. മരട് മുനിസിപ്പൽ സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമുള്ള കെട്ടിട ഉടമകൾക്കെല്ലാം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ഇതുവരെ 59,32,32,780 (അൻപത്തൊൻപത് കോടി മുപ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി എൺപത്) രൂപ ചെലവഴിച്ചിട്ടുണ്ട്. നഷ്ടപരിഹാര തുക അനധികൃതമായി ഫ്ലാറ്റ് നിർമ്മിച്ച നിർമ്മാതാക്കളിൽനിന്നും ഈടാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യാൻ മരട് മുനിസിപ്പൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള കെട്ടിട നിർമ്മാണം

195 (1638) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്യാകുളങ്ങര സി.എച്ച്.സി.-ക്ക് കെട്ടിട നിർമ്മിക്കുന്നതിന് 2018-2019 സാമ്പത്തിക വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി നാൽപ്പത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടും പ്രസ്തുത പ്രവൃത്തി നാളിതുവരെയായും ആരംഭിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കാലതാമസം ഒഴിവാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും, എന്നത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കന്യാകുളങ്ങര സി.എച്ച്.സി.-ക്ക് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഇ-ടെണ്ടർ മുഖാന്തരം തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് മുഖേന ടെണ്ടർ ചെയ്യുകയും പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാർ ഉടമ്പടി ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണം നടത്തേണ്ട സ്ഥലത്ത് നിലവിലുള്ള ഒരു പഴയ കെട്ടിടം പൊളിച്ചുമാറ്റിയാൽ മാത്രമേ പുതിയ കെട്ടിടത്തിന്റെ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത സി.എച്ച്.സി. വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ വരുന്ന സ്ഥാപനമാണ്. ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ വാല്യൂവേഷൻ തയ്യാറാക്കി പലതവണ ലേലം വിളിക്കുകയും ഇപ്പോൾ ഒരാൾ ലേലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ലേലത്തുക 7-2-2020-ൽ അടച്ച് എത്രയും പെട്ടെന്ന് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് ലേലം ഏറ്റെടുത്തയാൾക്ക് വാമനപുരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിടം പൊളിച്ചുമാറ്റിയാൽ ഉടൻ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## എളവള്ളി സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം

196 (1639) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന മണലൂർ മണ്ഡലത്തിലെ എളവള്ളി സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി കരാറുകാരൻ നിർത്തിവെച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ കരാർ കാലാവധി എന്നാണ് അവസാനിക്കുന്നത്; കരാർ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാനാകുമോ; ഇക്കാര്യത്തിൽ കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടോ; അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളിന്റെ കെട്ടിട നിർമ്മാണം പുനരാരംഭിച്ച് എത്രയും വേഗം പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരാർ കാലാവധി 21-1-2020-ൽ അവസാനിച്ചു. കരാർ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാനായില്ല. കരാറുകാരന്റെ ഭാഗത്തുനിന്നും പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ലിന്റൽ, സൺഷെയ്ഡ് എന്നിവയുടെ കോൺക്രീറ്റിംഗ് പൂർത്തിയാക്കിയ ശേഷം ടിയാൻ പാർട്ട് ബിൽ ആവശ്യപ്പെടുകയും ആയത് ലഭിച്ചശേഷം മാത്രമേ തുടർന്ന് പണിയൂ എന്ന് വാക്കാൽ അറിയിക്കുകയും ചെയ്തിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി അക്രെഡിറ്റഡ് ഏജൻസിയല്ലാത്ത കരാറുകാരന്റെ കരാർ ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ അഡ്വാൻസ്, പാർട്ട് ബിൽ എന്നിവ ലഭിച്ചില്ല എന്ന കാരണത്താൽ പണി പൂർത്തീകരിക്കാത്തത് ചട്ട ലംഘനമാണ്.

(സി) കരാറുകാരനോട് പ്രവൃത്തി പൂർത്തീകരിക്കാൻ മുല്ലശ്ശേരി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കരാർ കാലാവധി അവസാനിച്ചതിനാൽ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള കരാറിൽ ഏർപ്പെടാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറുകാരന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

197 (1640) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പൂർത്തിയാക്കുവാൻ ശേഷിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി &സി) ലിസ്റ്റ് അനുബന്ധം 2, 3 ആയി ചേർക്കുന്നു*

(ഡി) പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുകയും പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ മാസവും പുരോഗതി അവലോകന യോഗം നടത്തുകയും ചെയ്യുന്നുണ്ട്.

## ഐ.കെ.എം. സൊസൈറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണം

198 (1641) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.കെ.എം.-നെ പുനഃസംഘടിപ്പിച്ച് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാൻ തീരുമാനിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എന്നാണ് ഈ ഉത്തരവ് ഇറങ്ങിയത്;

(ബി) സർക്കാർ ഉത്തരവ് പ്രകാരം എന്നാണ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്; സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഐ.കെ.എം. തയ്യാറാക്കിയ ജീവനക്കാരുടെ കരട് ശമ്പള പരിഷ്കരണ പട്ടികയിൽ പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് മാറ്റങ്ങൾ നിർദ്ദേശിച്ചിരുന്നോ; എന്നാണ് ഈ നിർദ്ദേശങ്ങൾ നൽകിയത്; ഇതിൽ നാളിതുവരെ ഐ.കെ.എം. മാനേജ്മെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) ജീവനക്കാരുടെ ശമ്പളപരിഷ്കരണ അനോമലികൾ പരിഹരിക്കാൻ വേണ്ടി എക്സിക്യൂട്ടീവ് കമ്മിറ്റി എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്നും, എന്നാണ് ഈ തീരുമാനം എടുത്തതെന്നും ഇതിന്മേൽ ഐ.കെ.എം. മാനേജ്മെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ഇ) ജീവനക്കാരുടെ ശമ്പള പരിഷ്കരണ അനോമലികൾ പരിഹരിക്കുന്നതിലേക്കായി 2018 ജനുവരി മുതൽ സർക്കാരിൽ നിന്ന് ഐ.കെ.എം.-ലേക്ക് നൽകിയ കത്തുകളുടെ വിശദാംശങ്ങൾ നൽകുമോ; ഇതിന്മേൽ ഐ.കെ.എം. സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇൻഫർമേഷൻ കേരള മിഷന്റെ പുനരുദ്ധാരണവും (Restructuring) ശമ്പളപരിഷ്കരണവും സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചുകൊണ്ട് 31-8-2017-ൽ സ.ഉ.(കൈ) നമ്പർ 176/2017/ ത.സ്വ.ഭ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1-1-2018-ലെ 20/ഇ 1/2018/ഐ.കെ.എം. നമ്പർ നടപടിക്രമം പ്രകാരം 1-9-2017 മുതൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഐ.കെ.എം. തയ്യാറാക്കിയ ജീവനക്കാരുടെ കരട് ശമ്പള പരിഷ്കരണ പട്ടികയിൽ പഞ്ചായത്ത് ഡയറക്ടർ മാറ്റങ്ങളൊന്നും നിർദ്ദേശിച്ചിട്ടില്ല.

(ഡി) 5-1-2018-ൽ ചേർന്ന ഐ.കെ.എം-ന്റെ പതിനഞ്ചാം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് (എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ), ടീം ലീഡർ (അഡ്മിനിസ്ട്രേഷൻ), ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) എന്നിവരെ ഉൾപ്പെടുത്തി ഒരു സബ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 22-3-2018-ലെ IKM/1027/E4/2018 നമ്പർ കത്ത് പ്രകാരം സബ് കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഐ.കെ.എം. ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവിലെ

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് ആവലാതിക്കാരെ നേരിൽ കേട്ട് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ അനോമലി പരിഹരിക്കുന്നതിനായി മറ്റൊരു കമ്മിറ്റി രൂപീകരിക്കേണ്ട ആവശ്യം ഇല്ലാത്തതിനാൽ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം സബ് കമ്മിറ്റി രൂപീകരിച്ചില്ല. എന്നാൽ 19-12-2019-ലെ കത്ത് പ്രകാരം അനോമലി പരിഹരിക്കുന്നതിനായി ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി (എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ), എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ 19-12-2019-ൽ വീണ്ടും അഭ്യർത്ഥിക്കുകയാണുണ്ടായത്.

(ഇ) ജീവനക്കാരുടെ ശമ്പള പരിഷ്കരണ അനോമലികൾ പരിഹരിക്കുന്നതിലേക്കായി എംപ്ലോയീസ് ഫെഡറേഷൻ സമർപ്പിച്ച 28-9-2017-ലെ നിവേദനം റിപ്പോർട്ടിനായി 4/2018-ൽ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയച്ചുകൊടുത്തിരുന്നു. ഐ.കെ.എം. ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് ആവലാതിക്കാരെ നേരിൽ കേട്ട് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തീരുമാനമെടുക്കേണ്ട വിഷയങ്ങളിൽ 22-5-2018-ൽ ചേർന്ന 16-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാന പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ/ ടീം ലീഡർ, അഡ്മിനിസ്ട്രേഷൻ/ ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ)/ടീം ലീഡർ, അക്കൗണ്ട്സ് എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിക്കാനും സർക്കാർ തീരുമാനമെടുക്കേണ്ട ഇനങ്ങളിൽ എക്സിക്യൂട്ടീവ് ഡയറക്ടർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് (എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ), ടീം ലീഡർ (അഡ്മിനിസ്ട്രേഷൻ) എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് അനോമലി പരിഹരിക്കുന്ന വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിച്ച് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് സഹിതം സമർപ്പിക്കാനും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 31-1-2019-ലെ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത തീരുമാനങ്ങൾ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ 19-12-2019-ലെ കത്ത് പ്രകാരം അനോമലി പരിഹരിക്കുന്നതിനായി ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി (എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ), എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ 19-12-2019-ൽ അഭ്യർത്ഥിക്കുകയാണുണ്ടായത്.

## ഐ.കെ.എം. ജീവനക്കാരുടെ ലീവ് സറണ്ടർ

199 (1642) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കത്ത് നമ്പർ. ഐ.ബി1/188/2016/LSGD, ഐ.ബി1/ 78/2018/LSGD പ്രകാരം ലീവ് സറണ്ടർ വിഷയത്തിൽ സർക്കാർ ഐ.കെ. എമ്മിന് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഐ.കെ.എം. , ഇ.ഡി.-യുടെ ഓഫീസ് ഓർഡർ നമ്പർ 1162/E1/2018 പ്രകാരം എന്താണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഐ.കെ.എം. സൂചിക ഫയൽ നമ്പർ 2721/2018-ന്റെ കുറിപ്പ്/നടപ്പ് ഫയലിന്റെ ശരി പകർപ്പ് ലഭ്യമാക്കുമോ; ലീവ് സറണ്ടർ മുൻകാല പ്രാബല്യത്തിൽ ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ഐ.കെ.എം.-ൽ ലഭിച്ചു; ഇവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) എ.ജി.-യുടെ 2016-17, 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ ആർജ്ജിതാവധി സംബന്ധിച്ച പരാമർശം എന്തായിരുന്നു എന്ന് അറിയിക്കാമോ; ഇതിൽ ഐ.കെ.എം. സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; എ.ജി.-യുടെ 23-10-2019 -ലെ ഓഡിറ്റ് എൻക്വയറി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇത് പ്രകാരം എ.ജി.-ക്ക് നൽകിയ മറുപടി ലഭ്യമാക്കുമോ;

(ഇ) 2011 മുതൽ ധനകാര്യ പരിശോധനാ വിഭാഗം ഐ.കെ.എം.-ൽ നടത്തിയ പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പും, അത് പ്രകാരം ഐ.കെ.എം.-ൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

### ഉത്തരം

(എ) പ്രസ്തുത കത്തുകളുടെ പകർപ്പുകൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി-ഡി) വിശദ വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷനിൽനിന്ന് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ഇ) 16-10-2015-ലെ അർദ്ധ ഔദ്യോഗിക കത്തുപ്രകാരം ലഭിച്ച ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.* ഈ വിഷയത്തിൽ നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. മറ്റ് വർഷങ്ങളിലെ പരിശോധനാ റിപ്പോർട്ട് സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ യോഗ്യതയുള്ളവരുടെ നിയമനം

200 (1643) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നടത്തുന്ന മാലിന്യനിർമ്മാർജന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ള ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ യോഗ്യതയുള്ളവരെക്കൂടി നിയമിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വിവിധ തസ്തികകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ പ്രധാനപ്പെട്ട യോഗ്യത ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ആണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യനിർമ്മാർജനവുമായി ബന്ധപ്പെട്ട് അതാത് സ്ഥാപനങ്ങളിൽ സ്ഥിരമോ താൽകാലികമോ ആയ പ്രത്യേക തസ്തികകൾ നിലവിലുണ്ടോ;

(ഡി) ഈ തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ഒരു യോഗ്യതയായി പരിഗണിച്ച് വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നടത്തുന്ന മാലിന്യനിർമ്മാർജ്ജന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് നിലവിൽ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർമാർ ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് സ്ഥിരം തസ്തികകൾ നിലവിൽ ഉണ്ട്.

പഞ്ചായത്ത് വകുപ്പിന് കീഴിൽ 22 സാനിറ്ററി ഹെൽത്ത് ഇൻസ്പെക്ടർമാർ ജോലി ചെയ്തുവരുന്നു. വിവിധ പഞ്ചായത്തുകളിലായി 10 പേരും മുനിസിപ്പാലിറ്റികളിലായി പരിവർത്തനം ചെയ്ത പഞ്ചായത്തുകളിൽ നിലവിൽ 12 പേരും ജോലി ചെയ്തുവരുന്നു.

(ഡി) മുനിസിപ്പൽ കോമൺ സർവ്വീസിൽ ടി തസ്തികകളിലേക്കുള്ള നിയമനങ്ങൾ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരമാണ് നടത്തിവരുന്നത്. ത്രിതല പഞ്ചായത്തുകളിൽ ടി തസ്തികകളിലേക്കുള്ള നിയമനങ്ങൾ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 പ്രകാരമാണ് നൽകുന്നത്.

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക

201 (1644) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ-സർവ്വീസ് പരിശീലനം ഇൻ-സർവ്വീസ് ആക്കിയപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ;

(സി) വി.ഇ.ഒ.-മാരുടെ പരിശീലന സിലബസ് പരിഷ്കരിക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) വി.ഇ.ഒ.-മാരുടെ പരീക്ഷാ റിസൾട്ട് പ്രഖ്യാപിക്കുന്നതിന് സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് അംഗങ്ങളെന്നും സമിതി അവസാനമായി യോഗം ചേർന്നതെന്നാണെന്നും പ്രസ്തുത യോഗത്തിൽ ആരൊക്കെ പങ്കെടുത്തുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ തസ്തികകൾ ഒന്നും തന്നെ വെട്ടിക്കുറച്ചിട്ടില്ല. 24-3-2010-ലെ സ.ഉ.(സാധാ) നമ്പർ 1006/10/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 999 ഗ്രാമപഞ്ചായത്തുകളിലായി 2055 വി.ഇ.ഒ. സർക്കിളുകൾ ആണ് ഉണ്ടായിരുന്നത്. എന്നാൽ 2010 മുതൽ 2016 വരെയുള്ള കാലഘട്ടങ്ങളിൽ പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിച്ചതിനെത്തുടർന്നും ഗ്രാമപഞ്ചായത്തുകൾ കോർപ്പറേഷനുകളിലേയ്ക്ക് ലയിപ്പിച്ചതിനെത്തുടർന്നും ലയിപ്പിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ 90 വി.ഇ.ഒ. സർക്കിളുകൾ ഇല്ലാതാവുകയുണ്ടായി. ഇതിനെത്തുടർന്ന് ഗ്രാമവികസന വകുപ്പിൽ നിലവിൽ 1965 വി.ഇ.ഒ. തസ്തികകൾ മാത്രമാണുള്ളത്.

(ബി) പുതുതായി നിയമിക്കപ്പെടുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കുള്ള 6 മാസത്തെ പ്രീ-സർവ്വീസ് പരിശീലനം, പരിശീലന വിഷയങ്ങൾക്ക് മാറ്റം വരുത്താതെ 3 മാസത്തെ ഇൻ-സർവ്വീസ് പരിശീലനമാക്കി മാറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 137/2016/ത.സ്വ.ഭ.വ. തീയതി 28-9-2016 അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 15-7-2016-ൽ ഗ്രാമവികസന കമ്മീഷണർ 6 മാസത്തെ ഇൻ-സർവ്വീസ് ട്രെയിനിംഗ്/പ്രീ-സർവ്വീസ് ട്രെയിനിംഗ് പരിഷ്കരിക്കുന്നതിന് വിശദമായ നിർദ്ദേശം സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാർ സ.ഉ.(എം.എസ്.) 137/2016/ ത.സ്വ.ഭ.വ. തീയതി 28-9-2016 പ്രകാരം വി.ഇ.ഒ.-മാരുടെ 6 മാസത്തെ പ്രീ-സർവ്വീസ് പരിശീലനം, പരിശീലന വിഷയങ്ങൾക്ക് മാറ്റംവരുത്താതെ 3 മാസത്തെ ഇൻ-സർവ്വീസ് പരിശീലനമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിൽ "ഗ്രാമവികസന കമ്മീഷണർ നിർദ്ദേശിച്ച പരിഷ്കരിച്ച സിലബസ് പ്രകാരം" എന്നുകൂടി ഉൾപ്പെടുത്തി തിരുത്തി ഉത്തരവാകുന്നതിനായി 3 മാസത്തെ ഇൻ-സർവ്വീസ് പരിശീലനത്തിലുള്ള സിലബസ് ഉൾപ്പെടെ ഗ്രാമവികസന കമ്മീഷണർ നിർദ്ദേശം സമർപ്പിച്ചിരുന്നു. അത് പരിശോധിച്ച് വരുന്നു. സിലബസിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ റിസൾട്ട് അംഗീകരിക്കുന്നതിന് പരീക്ഷാ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. അവസാനമായി യോഗം ചേർന്നത് 16-1-2020-ലാണ്. ബോർഡ് അംഗങ്ങളുടെ വിവരങ്ങളും അവസാന യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം 3, അനുബന്ധം 4)*

## ഇൻഫർമേഷൻ കേരള മിഷൻ പുനഃസംഘടനാ റിപ്പോർട്ട്

202 (1645) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.കെ.എം. പുന:സംഘടനയും ശമ്പള പരിഷ്കരണവും സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം ഓരോ ജീവനക്കാർക്കും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ നൽകിയ നിയമന ഉത്തരവിന്റെയും ശമ്പള ഫിക്സേഷൻ ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) 31-8-2017-ലെ ജി.ഒ.(എംഎസ്.).176/17/എൽ.എസ്.ജി.ഡി. പ്രകാരം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) സർക്കാർ കത്ത് നമ്പർ ഐ.ബി.1./6/2019/എൽ.എസ്.ജി.ഡി. പ്രകാരം എന്തൊക്കെ വിശദാംശങ്ങളാണ് ഐ.കെ.എം.നോട് ആവശ്യപ്പെട്ടത്; ഈ ഫയലിന്മേൽ എത്ര കത്തുകൾ സർക്കാർ ഐ.കെ.എം.ലേയ്ക്ക് നൽകിയിട്ടുണ്ട്; ഇതിന്മേൽ ഐ.കെ.എം. സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഐ.കെ.എം. ജീവനക്കാരുടെ വിഷയവുമായി ബന്ധപ്പെട്ട് 2018 ജനുവരി മുതൽ 2020 ജനുവരി വരെ സർക്കാർ ഐ.കെ.എം.-ന് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ; അതുപ്രകാരം ഐ.കെ.എം.-ൽ നിന്ന് വന്ന മറുപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സർക്കാർ നൽകുന്ന കത്തുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലെ ഐ.കെ.എം.-ന്റെ വീഴ്ചകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?-

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി)ഇൻഫർമേഷൻ കേരള മിഷന്റെ റീ സ്ട്രക്ചറിംഗ് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മൂന്ന് കത്തുകൾ (23-2-2019, 20-3-2019, 26-6-2019) നൽകിയിട്ടുണ്ട്. ഐ.കെ.എം. സ്വീകരിച്ച തുടർനടപടി റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ല.

(ഡി) ലഭ്യമായവ അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റി നിയമനങ്ങൾ**

203 (1646) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലോ & റൂൾസ് പ്രകാരം ജീവനക്കാരുടെ നിയമനം സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതാണോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഐ.കെ.എം. സൊസൈറ്റിയിലെ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് നിലവിൽ ഉണ്ടോ; സ്പെഷ്യൽ റൂൾസ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ സർക്കാർ ഐ.കെ.എം.-നോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) ഐ.കെ.എം. സൊസൈറ്റിയിലെ കരാർ നിയമനങ്ങൾക്ക് ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി)നമ്പർ 27/2016/FIN dt.26-2-2016 ഉത്തരവ് ബാധകമാണോ; കരാർ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റിന് അർഹതയുണ്ടോയെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഐ.കെ.എം. സൊസൈറ്റിയിൽ സർക്കാരിൽ നിന്ന് നിർബന്ധമായും അംഗീകാരം വാങ്ങേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇക്കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കാനുള്ള സർക്കാർ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അനുവദനീയമായ തസ്തികകളിൽ പ്രൊമോഷൻ/ഓപ്പൺ റിക്രൂട്ട്മെന്റ് / ഡെപ്യൂട്ടേഷൻ എന്നീ നിയമനങ്ങൾ അംഗീകൃത റൂൾസ് & റെഗുലേഷൻസ് പ്രകാരം നടത്തുന്നത് ഇൻഫർമേഷൻ കേരള മിഷന്റെ ബൈലോ 12-13 പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാര പരിധിയിൽ വരുന്നതാണ്.

(ബി) ഇല്ല. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള കരട് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ സർക്കാർ ഐ.കെ.എം.-ന് പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി) നമ്പർ 27/2016/FIN dt. 26-2-2016 ഉത്തരവ് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും (Autonomous Bodies) ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്കും ബാധകമാണ്. 22-12-2012-ലെ സ.ഉ.(കൈ) നമ്പർ 343/2012/ത.സ്വ.ഭ.വ. പ്രകാരം ഇൻഫർമേഷൻ കേരള മിഷനെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി ആന്റ് ചാരിറ്റബിൾ സൊസൈറ്റിസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്യുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. നിലവിൽ കരാർ നിയമനങ്ങൾ ഒരു വർഷത്തേയ്ക്ക് മാത്രം നടത്തുകയും ആവശ്യകതയുടെ അടിസ്ഥാനത്തിൽ ദീർഘിപ്പിക്കുകയുമാണ് ചെയ്തുവരുന്നത്. ഇപ്രകാരം നിയമിക്കപ്പെടുന്ന കരാർ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റിന് അർഹതയില്ല.

(ഡി) ഐ.കെ.എം.-ന്റെ ബൈലോ പ്രകാരം സർക്കാരിൽനിന്നും നിർബന്ധമായും മുൻകൂർ അംഗീകാരം വാങ്ങേണ്ട കാര്യങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.* ഇക്കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ നിലവിൽ ഇല്ല. എന്നാൽ ഐ.കെ.എം.-ന്റെ പ്രവർത്തനങ്ങൾ സർക്കാർ അവലോകനം ചെയ്യാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗ്രാമപഞ്ചായത്തുകളിലെ തസ്തികകൾ

204 (1647) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പഞ്ചായത്ത് വകുപ്പിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ വിവരങ്ങൾ ഓരോ തസ്തികകളുടെ അടിസ്ഥാനത്തിലുള്ള പട്ടിക സഹിതം വിശദമാക്കാമോ;

(ബി) 2020 ഡിസംബർ 31 വരെ വിരമിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തുകളിൽ അസി. സെക്രട്ടറി ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്; ഇത്തരം പഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) ഗ്രാമപഞ്ചായത്തുകളുടെ ജോലിഭാരം കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുതുക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരങ്ങൾ തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു :

| തസ്തിക | എണ്ണം |
|---|---|
| (1) | (2) |
| ജോയിന്റ് ഡയറക്ടർ | 1 |
| സെക്രട്ടറി | 11 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 |
| സീനിയർ ക്ലാർക്ക് | 14 |
| ക്ലാർക്ക് | 312 |

| (1) | (2) |
|---|---|
| അക്കൗണ്ടന്റ് | 31 |
| ലൈബ്രേറിയൻ | 1 |
| ഓഫീസ് അറ്റൻഡന്റ് | 38 |
| ഡ്രൈവർ | 9 |
| ഫുൾ ടൈം സ്വീപ്പർ | 30 |
| പാർട്ട് ടൈം സ്വീപ്പർ | 8 |

(ബി) പഞ്ചായത്ത് വകുപ്പിൽ 2020 ഡിസംബർ 31 വരെ വിരമിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| തസ്തിക | എണ്ണം |
|---|---|
| (1) | (2) |
| ജോയിന്റ് ഡയറക്ടർ | 2 |
| പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | 2 |
| അക്കൗണ്ട്സ് ഓഫീസർ | 1 |
| സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ | 9 |
| സെക്രട്ടറി | 77 |
| അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് | 29 |
| ജൂനിയർ സൂപ്രണ്ട് | 18 |
| ഹെഡ് ക്ലാർക്ക് | 13 |

| (1) | (2) |
|---|---|
| അക്കൗണ്ടന്റ് | 13 |
| സീനിയർ ക്ലാർക്ക് | 43 |
| ക്ലാർക്ക് | 24 |
| സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 3 |
| യു.ഡി. ടൈപ്പിസ്റ്റ് | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| ലൈബ്രേറിയൻ | 2 |
| ഓഫീസ് അറ്റൻഡന്റ് | 18 |
| ഡ്രൈവർ | 4 |
| ഫുൾ ടൈം സ്വീപ്പർ | 24 |
| പാർട്ട് ടൈം സ്വീപ്പർ | 14 |
| പാർട്ട് ടൈം ലൈബ്രേറിയൻ | 5 |
| പാർട്ട് ടൈം ഫെറിമാൻ | 1 |
| പാർട്ട് ടൈം പൗണ്ട് കീപ്പർ | 1 |

(സി) പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത 76 ഗ്രാമപഞ്ചായത്തുകൾ നിലവിലുണ്ട്. പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ഷൊർണ്ണൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലുള്ള ഒഴിവുകൾ

205 (1648) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; തസ്തികയും തദ്ദേശസ്വയംഭരണ സ്ഥാപനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കാമോ?

ഉത്തരം

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ചുവടെ പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

| തസ്തിക | ഒഴിവുകളുടെ എണ്ണം | തദ്ദേശസ്വയംഭരണ സ്ഥാപനം |
|---|---|---|
| ഒന്നാം തരം ഓവർസിയർ | 1 | നെല്ലായ ഗ്രാമപഞ്ചായത്ത് |
| രണ്ടാംതരം ഓവർസിയർ | 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി |
| | 2 | ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി |
| മൂന്നാംതരം ഓവർസിയർ | 1 | ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി |
| | 1 | അനങ്ങനടി/ചലവറ ഗ്രാമപഞ്ചായത്ത് |
| | 1 | തൃക്കടേരി ഗ്രാമപഞ്ചായത്ത് |
| സീനിയർ ക്ലാർക്ക് | 1 | വാണിയംകുളം ഗ്രാമപഞ്ചായത്ത് |
| ആകെ | 8 | |

(ബി) പി.എസ്.സി. ലിസ്റ്റ് പ്രകാരം നികത്തേണ്ട തസ്തികകൾ അപ്രകാരവും പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകൾ, സ്ഥാനക്കയറ്റം മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ഇറച്ചി മാലിന്യ സംസ്കരണ കമ്പനിക്കെതിരെ കേസ്സ്

206 (1649) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ കോഴി ഇറച്ചി കടകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷൻ കരാർ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അത് ഏത് കമ്പനിക്കെന്നും കരാർ തുക എത്രയെന്നും പ്രസ്തുത സ്വകാര്യ കമ്പനിയെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനിക്ക് ഇറച്ചി മാലിന്യം സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) മാലിന്യം വഴിയിൽ തള്ളിയതിന് പ്രസ്തുത കമ്പനിക്കെതിരെ ശാസ്താംകോട്ട പോലീസ് കേസെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ശേഖരിക്കുന്ന മാലിന്യം വഴിയിൽ തള്ളാതെ കമ്പനി ശാസ്ത്രീയമായി സംസ്കരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എവർ ഗ്രീൻ കംപോസ്റ്റ്, വെട്ടിക്കവല, കൊട്ടാരക്കര. കിലോഗ്രാമിന് ഏഴ് രൂപ നിരക്കിൽ പൈലറ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

(സി-ഇ) തിരുവനന്തപുരം കോർപ്പറേഷനാണ് പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തിട്ടുള്ളത്. കമ്പനിക്ക് ഇറച്ചി മാലിന്യം സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനം ഉണ്ടോയെന്നും മറ്റുമുള്ള വിഷയങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്.

## കൊച്ചി നഗരസഭയുടെ അമൃത് പദ്ധതി

207 (1650) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭയുടെ 15, 16, 17 ഡിവിഷനുകളിൽ അമൃത് പദ്ധതിയിൽ സ്വീവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ 44.56 കോടി രൂപയ്ക്ക് ഭരണാനുമതിയും 42.95 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുള്ള ഡിസെൻട്രലൈസ്ഡ് സ്വീവറേജ് പദ്ധതിയുടെ നിജസ്ഥിതി വ്യകത്മാക്കാമോ;

(ബി) ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മേൽ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യ രണ്ട് ടെണ്ടറുകളിൽ പ്രതികരണം ലഭിച്ചിരുന്നില്ല. മൂന്നാമത്തെ ടെണ്ടറിൽ ഡിവിഷൻ 16, ഡിവിഷൻ 17 എന്നീ പ്രവൃത്തികളുടെ ഏക ദർഘാസുകൾ യഥാക്രമം 30.71%-ഉം 48.83%-ഉം എസ്റ്റിമേറ്റിനേക്കാൾ അധിക നിരക്കിൽ കരാർ ലഭിച്ചിരുന്നു. നാലാമത്തെ ടെണ്ടറിൽ ഡിവിഷൻ 15-ലെ പ്രവൃത്തിക്ക് 57.79% അധിക നിരക്കിൽ ദർഘാസ് ലഭിച്ചിരുന്നു. മേൽ പ്രവൃത്തികളുടെ ദർഘാസ് നിരക്കുകൾ എസ്റ്റിമേറ്റിനേക്കാൾ അധിക നിരക്കായതിനാൽ പുതുക്കിയ എസ്റ്റിമേറ്റിന് അമൃത് പദ്ധതികളുടെ ഉന്നതാധികാര സമിതിയുടെ അംഗീകാരം ലഭ്യമാകേണ്ടതുണ്ട്. ഉന്നതാധികാര സമിതിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## കൊച്ചി നഗരസഭയിൽ സഞ്ചയ ഇ-ഗവേണൻസ് നടപ്പിലാക്കാൻ നടപടി

208 (1651) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭ മാത്രം സ്വകാര്യ ഏജൻസിയുടെ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതുകാരണം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ സഞ്ചയ ഇ-ഗവേണൻസ് പദ്ധതിയുടെ നികുതി ഓൺലൈൻ ആയി അടയ്ക്കുന്നതുൾപ്പെടെയുള്ള പ്രയോജനം മെട്രോ നഗരമായ കൊച്ചി നിവാസികൾക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കൊച്ചി നഗരസഭയിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി Tata Consultancy Services(TCS)നെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. നികുതി ഓൺലൈനായി അടയ്ക്കുന്നത് ഉൾപ്പെടെയുള്ള മൊഡ്യൂളുകൾ TCS തയ്യാറാക്കിയിട്ടുണ്ടെങ്കിലും നിലവിൽ ഈ സംവിധാനം പ്രവർത്തനക്ഷമമായിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി വിവിധ തലത്തിൽ ചർച്ച നടന്നുവരുന്നു.

**ഖരമാലിന്യ സംസ്കരണ യൂണിറ്റുകൾ**

209 (1652) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന്റെ 22 -ാം ചട്ടപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ 2019 ഏപ്രിൽ 18-ന് മുൻപ് ഖരമാലിന്യ സംസ്കരണത്തിനുള്ള യൂണിറ്റുകൾ സ്ഥാപിക്കേണ്ടതുണ്ടോ;വ്യക്തമാക്കാമോ;

(ബി) ഇതു പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ കോർപ്പറേഷനുകൾ നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ;

(സി) ഖരമാലിന്യ സംസ്കരണത്തിലുണ്ടായ വീഴ്ചയ്ക്ക് തിരുവനന്തപുരം നഗരസഭയ്ക്ക് 14.59 കോടി രൂപയും തൃശ്ശൂർ നഗരസഭയ്ക്ക് 4.56 കോടി രൂപയും നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ പരിസ്ഥിതി കോമ്പൻസേഷൻ പെനാൽറ്റിയായി സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് ചുമത്തിയിട്ടുണ്ടോ; പ്രസ്തുത തുക നഗരസഭകൾ അടച്ചിട്ടുണ്ടോ ;ഇല്ലെങ്കിൽ എന്തുകൊണ്ടെന്നുള്ള വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ 22-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന സമയക്രമം അനുസരിച്ച് ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 7-4-2018-നുള്ളിലും ഒരു ലക്ഷത്തിന് താഴെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 7-4-2019-നുള്ളിലും ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തന സജ്ജമാക്കേണ്ടതാണ്.

(ബി) സ.ഉ. (സാധാ) നമ്പർ 2420/2017/ത.സ്വ.ഭ.വ. തീയതി 15-7-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഹരിതകേരളം മിഷൻ- ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, തൃശ്ശൂർ കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ

22-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യും പ്രകാരമുള്ള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മാലിന്യത്തിൽനിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ തിരുവനന്തപുരം, തൃശ്ശൂർ കോർപ്പറേഷനുകളുടെ പരിധികളിൽ ഉൾപ്പെടെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് 11-6-2018-ലെ 82/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ മേഖലയിലെ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) 25-4-2019-ലെ OA.No.606/2018-ലെ ഉത്തരവ് പ്രകാരം 3 മാതൃകാ സിറ്റി/ടൗൺ/ഓരോ ജില്ലയിലും 3 ഗ്രാമങ്ങൾ എന്നിവ തെരഞ്ഞെടുക്കുന്നതിനും അവ 6 മാസത്തിനകം എല്ലാ പരിസ്ഥിതി നിയമങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും ബാക്കിയുള്ള തദ്ദേശസ്ഥാപനങ്ങളിൽ ഇത് ഒരു വർഷത്തിനകം പാലിക്കണമെന്നും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിട്ടിരുന്നു. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവയാണ് ആയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട മാതൃകാ നഗരങ്ങൾ. 2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസിൽ 22-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള സമയബന്ധിത പ്രവർത്തനങ്ങളായ ഖരമാലിന്യ സംസ്കരണ പ്ലാന്റ്, സാനിറ്ററി ലാൻഡ് ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തി സ്ഥാപിക്കുക, വേർതിരിച്ച മാലിന്യം വീടുവീടാന്തരം ശേഖരിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുക എന്നീ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ലെന്ന ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ നിരീക്ഷണത്തെ തുടർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തൃശ്ശൂർ നഗരസഭയ്ക്ക് 4.56 കോടി രൂപയും തിരുവനന്തപുരം നഗരസഭയ്ക്ക് 14.59 കോടി രൂപയും എൻവയോൺമെന്റൽ കോമ്പൻസേഷൻ ഈടാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. തൃശ്ശൂർ കോർപ്പറേഷന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ എൻവയോൺമെന്റൽ കോമ്പൻസേഷൻ അടയ്ക്കാനുള്ള നിർദ്ദേശം മലിനീകരണ നിയന്ത്രണ ബോർഡ് തൃശ്ശൂർ കോർപ്പറേഷന് നൽകുകയുണ്ടായി. ഈ ഉത്തരവിനെതിരെ തൃശ്ശൂർ കോർപ്പറേഷൻ ഹൈക്കോടതിയെ സമീപിക്കുകയും തുടർന്ന് നിയമപ്രകാരമുള്ള സമയത്തിനകം ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിൽ അപ്പീൽ നൽകുന്നതിനോ OA-യിൽ ഉൾപ്പെടാനോ അല്ലെങ്കിൽ രണ്ടും പ്രാവർത്തികമാക്കുന്നതിനോ ഹൈക്കോടതി ഉത്തരവ് നൽകി. തുടർന്ന് ഈ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ തൃശ്ശൂർ കോർപ്പറേഷൻ റിട്ട്

അപ്പീൽ നൽകുകയും ആയതുപ്രകാരം പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്യുകയും റിട്ട് അപ്പീൽ തീർപ്പാക്കുന്ന സാഹചര്യത്തിൽ മുഴവൻ തുകയും നൽകുന്നതിനുള്ള ബോണ്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി ഏർപ്പെടുകയുമുണ്ടായി. ഇക്കാര്യത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ മലിനീകരണ നിയന്ത്രണ ബോർഡിന് വിശദീകരണം നൽകുകയും ബോർഡിന്റെ നടപടിയിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സ്റ്റേ ഓർഡർ വാങ്ങിയിട്ടുള്ളതുമാണ്.

## തമ്പാനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഇരുനിലകെട്ടിട നിർമ്മാണം

210 (1653) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തമ്പാനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഇരുനിലകെട്ടിടം നിർമ്മിച്ചുനൽകുന്നതിനായി 1.20 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയും ആദ്യഘട്ടമെന്ന നിലയിൽ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന സ്കീമിൽ നിന്നും 60 ലക്ഷം രൂപ അനുവദിക്കുകയും ഒന്നാംഘട്ടം നിർമ്മാണത്തിനായി 2017-ൽ ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്ത് രണ്ടു വർഷം കഴിഞ്ഞിട്ടും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭ പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിന് അനുമതി നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ബി) അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം നഗരസഭാ കൗൺസിലിന്റെ പരിഗണനയിലാണെന്നറിയിച്ചിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടിയുമുണ്ടാകാത്തതിലെ കാരണം വ്യക്തമാക്കുമോ;

(സി) തുക ലാപ്സായി പോകാതിരിക്കുന്നതിനും ഇനിയും കാലതാമസം ഉണ്ടാകാതിരിക്കാനും സാധാരണക്കാരുടെ ആവശ്യത്തിനായി നിർമ്മിക്കുന്ന പി.എച്ച്.സി. കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് നഗരസഭയുടെ അനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിനും സർക്കാർ അടിയന്തിര നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ടി വിഷയം തിരുവനന്തപുരം നഗരസഭയുടെ മരാമത്ത് കമ്മിറ്റി മുഖേന കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കൗൺസിൽ തീരുമാനം ലഭ്യമായിട്ടില്ല. കൂടാതെ സ്മാർട്ട് സിറ്റി പ്രോജക്റ്റിൽ (Upgradation of Public Health Centres-PHCS) ഉൾപ്പെടുത്തി തിരുവനന്തപുരം രാജാജി നഗറിൽ

സ്ഥിതി ചെയ്യുന്ന പബ്ലിക് ഹെൽത്ത് സെന്ററിന്റെ നിർമ്മാണത്തിനായി 1,69,70,000 രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിൽ സ്വീകരിച്ചു വരുന്നുണ്ട്.

## ക്രിക്കറ്റ് മത്സരത്തിനിടയിലെ ഗ്രീൻ പ്രോട്ടോക്കോൾ ലംഘനം

211 (1654) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന ഇന്ത്യ-വെസ്റ്റിൻഡീസ് ക്രിക്കറ്റ് മത്സരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കിയിരുന്നോ;

(ബി) പ്രസ്തുത മത്സരത്തിൽ ഭക്ഷണവിതരണത്തിന് ലൈസൻസ് എടുത്തിരുന്ന ഏതെങ്കിലും സ്ഥാപനം ഗ്രീൻ പ്രോട്ടോക്കോൾ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ബാധകമാക്കിയിരുന്നു.

(ബി) ഉണ്ട്.

(സി) ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാത്ത താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് കഴക്കൂട്ടം ഹെൽത്ത് ഇൻസ്പെക്ടറുടെ ഓഫീസ് മുഖേന നോട്ടീസ് നൽകിയിട്ടുണ്ട്.

1. ഒയാസിസ് കാറ്ററിംഗ് ആന്റ് ഇവന്റ്സ് മാനേജ്മെന്റ്സ്
2. ശിവൻ ജ്യൂസ് ആന്റ് സ്നാക്സ് കാറ്ററിംഗ് സർവ്വീസ്
3. ലൈഫ് ഇവന്റ്സ്, അയിരൂപ്പാറ

## ടാങ്കറുകളിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം

212 (1655) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ കുടിവെള്ള ടാങ്കറുകളിൽ വിതരണം ചെയ്യുന്ന ജലം ഗുണനിലവാരം ഇല്ലാത്തതാണെന്ന് കോർപ്പറേഷൻ ഹെൽത്ത് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ;

(ബി) മലിനജലം വിതരണം ചെയ്യുന്ന ടാങ്കറുകളെ നിയന്ത്രിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ശുദ്ധജലം വിതരണം ചെയ്യുന്ന ടാങ്കറുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരം ടാങ്കറുകളിൽ ഫ്ളോ മീറ്റർ ഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നഗരസഭാ പരിധിയിലെ മുഴുവൻ കുടിവെള്ള വിതരണ ടാങ്കറുകളും ലൈസൻസ് പരിധിയിൽ കൊണ്ടുവന്നു. ഓൺലൈൻ സംവിധാനത്തിലൂടെ കുടിവെള്ള ശേഖരണം വാട്ടർ അതോറിറ്റിയിൽനിന്ന് മാത്രമായി ശേഖരിക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി.

(സി) ഉണ്ട്. കുടിവെള്ള ടാങ്കറുകളുടെ ലൈസൻസ് വ്യവസ്ഥകളുടെ ഭാഗമായി ഡിജിറ്റൽ ഫ്ലോ മീറ്റർ ഏർപ്പെടുത്തിയിട്ടുണ്ട്.

## ബ്രഹ്മപുരത്തെ മാലിന്യ പ്ലാന്റ്

213 (1656) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാലിന്യത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പ്ലാന്റ് ബ്രഹ്മപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൊച്ചിയിലെ ബ്രഹ്മപുരത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഖര മാലിന്യം സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായി 2016 സെപ്റ്റംബർ മാസം 17-ന് കൊച്ചി കോർപ്പറേഷനും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത G.J.Ecopower Pvt. Ltd., എന്ന സ്ഥാപനവുമായി കൺസെഷൻ എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്. പ്രതിദിനം 500 ടൺ വരെ സംസ്കരണ ശേഷിയുള്ളതായിരിക്കും പ്രസ്തുത പ്ലാന്റ്. എന്നാൽ പദ്ധതി തുടങ്ങുന്നതിനുവേണ്ട പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനും പ്ലാന്റിന്റെ നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിന്

കമ്പനിക്കുണ്ടായ കാലതാമസവും കാരണം കമ്പനിക്ക് കൃത്യസമയത്ത് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിരുന്നില്ല. പദ്ധതി തുടങ്ങുന്നതിനാവശ്യമായ മറ്റെല്ലാ അനുമതികളും ക്ലിയറൻസുകളും കമ്പനിക്ക് ലഭ്യമായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത നിർണ്ണയ പഠനം 2019 മേയ് മാസത്തിൽ കമ്പനി പൂർത്തികരിക്കുകയും തുടർന്ന് നടന്ന ജനഹിത പരിശോധനയുടെയും മറ്റ് നടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിൽ 2019 സെപ്റ്റംബർ മാസത്തിൽ പദ്ധതിക്കാവശ്യമായ പാരിസ്ഥിതിക അനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുന്നതിനുള്ള നിരക്ക് 6.17 രൂപ നിശ്ചയിച്ചുകൊണ്ടുള്ള Power Purchase Agreement 2019 ജൂൺ 19-ന് വൈദ്യുതി ബോർഡും കമ്പനിയും തമ്മിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 16-1-2020-ലെ സ.ഉ.(സാധാ)നമ്പർ 144/2020/LSGD ഉത്തരവ് പ്രകാരം പദ്ധതിക്കായുള്ള ഭൂമി ദീർഘകാല പാട്ട വ്യവസ്ഥയിൽ കമ്പനിക്ക് നൽകുന്നതിന് സർക്കാർ കൊച്ചി കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ആവറേജ് താരിഫ് ഉപരിയായി വരുന്ന ചെലവ് കമ്പനിക്ക് നൽകുന്നത് സംബന്ധിച്ച് 30-1-2020-ലെ സ.ഉ.(സാധാ) നമ്പർ 259/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകാതെ തന്നെ തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കോട്ടൺഹിൽ സ്കൂളിലെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിലെ കാലതാമസം

214 (1657) ശ്രീ. വി. എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വഴുതയ്ക്കാട് ഗവ. കോട്ടൺഹിൽ സ്കൂൾ പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും നഴ്സറി സ്കൂളിനുമായി 2015-16 സാമ്പത്തിക വർഷം ആസ്തി വികസന സ്കീമിൽ നിന്നും 45 ലക്ഷം രൂപ ചെലവഴിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിച്ചുനൽകുന്നതിന് ഭരണാനുമതി നൽകിയ പ്രവൃത്തി ആരംഭിക്കുന്നതിന് പഴയ കെട്ടിടം നഗരസഭ പൊളിച്ചുമാറ്റി സൈറ്റ് ക്ലിയർ ചെയ്ത് നൽകണമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതിനായുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) വിദ്യാർത്ഥികളുടെ പഠന സൗകര്യവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിന് തിരുവനന്തപുരം നഗരസഭ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം നഗരസഭ പരിധിയിലെ കോട്ടൺഹിൽ സ്കൂളിനും പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും നഴ്സറി സ്കൂളിനുമായി കെട്ടിടം പണിയുന്നതിന് സൗകര്യപ്രദമായ സ്ഥലം സ്കൂൾ കോമ്പൗണ്ടിൽ ഇല്ലാത്തതിനാലും നിലവിൽ കുട്ടികൾക്ക് പഠിക്കാൻ സ്ഥലപരിമിതി ഉള്ളതിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി പുതിയ നിർമ്മാണത്തിന് സൗകര്യം ചെയ്യുന്നതിന് തിരുവനന്തപുരം നഗരസഭ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ കെട്ടിടം പൊളിച്ചു മാറ്റുന്നതിനെതിരെ ചില വ്യക്തികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വിജിലൻസ്, ബഹുമാനപ്പെട്ട മേയർ, പുരാവസ്തു വകുപ്പ് എന്നിവർക്ക് പരാതി നൽകിയിരുന്നു. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാതികൾ തള്ളിക്കളയുകയും ടി കെട്ടിടം പൊളിക്കുന്നതിനുമുള്ള നടപടികൾ നഗരസഭ സ്വീകരിച്ചുവരുന്നു. ആയത് പ്രകാരം സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ക്വട്ടേഷൻ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

**തിരുവനന്തപുരം നഗരത്തിന് സ്മാർട്ട് സിറ്റി പദ്ധതി**

215 (1658) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം തിരുവനന്തപുരം നഗരത്തിന് എത്ര കോടി രൂപയുടെ പദ്ധതിയാണ് അനുവദിച്ചുകിട്ടിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്രകോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര പദ്ധതികളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്; പൂർത്തീകരിച്ച പദ്ധതികളുടെയും നിർവ്വഹണം ആരംഭിച്ചിട്ടുള്ള പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആകെ 1,538.19 കോടി രൂപയുടെ 43 പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 198.56 കോടി രൂപയുടെ 18 പദ്ധതികളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൂർത്തിയാക്കിയ പദ്ധതികളുടെയും നിർവ്വഹണം ആരംഭിച്ചിട്ടുള്ള പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു*.

(ഡി)

| ക്രമ നമ്പർ | വിശദവിവരം | ഫണ്ട് ലഭിച്ചത് | ഫണ്ട് വിനിയോഗിച്ചത് | ഉപയോഗം ശതമാന കണക്കിൽ |
|---|---|---|---|---|
| 1 | പ്രോജക്ട് ഫണ്ട് | 96 കോടി | 0.44 കോടി | 0.46% |
| 2 | ഭരണ വിനിയോഗ തുക | 4 കോടി | 11.76 കോടി | 294% |
| | ആകെ | 100 കോടി | 12.2 കോടി | |

**തിരുവനന്തപുരം നഗരത്തിൽ അമൃത് പദ്ധതി**

216 (1659) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് പദ്ധതി പ്രകാരം തിരുവനന്തപുരം നഗരത്തിന് എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് അനുവദിച്ചുകിട്ടിയതെന്ന് വ്യക്തമാക്കുമോ;

(ബി) അതിൻ പ്രകാരം എത്ര കോടി രൂപയുടെ എത്ര പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; പ്രവർത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്; പൂർത്തീകരിച്ച പ്രവൃത്തികളുടെയും നിർവ്വഹണം ആരംഭിച്ചിട്ടുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിനായി നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അമൃത് പദ്ധതി പ്രകാരം തിരുവനന്തപുരം നഗരത്തിന് 357.50 കോടി രൂപയുടെ പ്രവൃത്തികളാണ് അനുവദിച്ചുകിട്ടിയത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 357.35 കോടി രൂപയുടെ 275 പ്രവൃത്തികൾക്കാണ് അനുവാദം നൽകിയിട്ടുള്ളത്.

| | | |
|---|---|---|
| കുടിവെള്ള വിതരണം | - | 99.04 കോടി രൂപ |
| സ്വീവറേജ് | - | 159.66 കോടി രൂപ |
| സ്റ്റോം വാട്ടർ ഡ്രെയിനേജ് | - | 61.07 കോടി രൂപ |
| അർബൻ ട്രാൻസ്പോർട്ട് | - | 31.73 കോടി രൂപ |
| ഗ്രീൻ സ്പേസ് &പാർക്ക് | - | 5.85 കോടി രൂപ |
| ആകെ | - | 357.35 കോടി രൂപ |

(സി) 275 പ്രവൃത്തികളും ടെണ്ടർ ചെയ്തിട്ടുണ്ട്.

<u>നിർവ്വഹണം ആരംഭിച്ചിട്ടുള്ള പ്രവൃത്തികൾ-242 എണ്ണം</u>

| | | |
|---|---|---|
| കുടിവെള്ള വിതരണം | - | 43 എണ്ണം |
| സ്വീവറേജ് | - | 88 എണ്ണം |
| സ്റ്റോം വാട്ടർ ഡ്രെയിനേജ് | - | 103 എണ്ണം |
| അർബൻ ട്രാൻസ്പോർട്ട് | - | 4 എണ്ണം |
| ഗ്രീൻ സ്പേസ് &പാർക്ക് | - | 4 എണ്ണം |

<u>പൂർത്തീകരിച്ച പ്രവൃത്തികൾ-129 എണ്ണം</u>

| | | |
|---|---|---|
| കുടിവെള്ള വിതരണം | - | 14 എണ്ണം |
| സ്വീവറേജ് | - | 43 എണ്ണം |
| സ്റ്റോം വാട്ടർ ഡ്രെയിനേജ് | - | 70 എണ്ണം |
| അർബൻ ട്രാൻസ്പോർട്ട് | - | 1 എണ്ണം |
| ഗ്രീൻ സ്പേസ് &പാർക്ക് | - | 1 എണ്ണം |

(ഡി) നാളിതുവരെ 102.45 കോടി രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചു.

| | | |
|---|---|---|
| കുടിവെള്ള വിതരണം | - | 43.04 കോടി രൂപ |
| സ്വീവറേജ് | - | 29.42 കോടി രൂപ |
| സ്റ്റോം വാട്ടർ ഡ്രെയിനേജ് | - | 26.81 കോടി രൂപ |
| അർബൻ ട്രാൻസ്പോർട്ട് | - | 2.36 കോടി രൂപ |
| ഗ്രീൻ സ്പേസ് &പാർക്ക് | - | 0.82 കോടി രൂപ |

## തിരുവനന്തപുരം നഗരസഭയിൽനിന്നും ഭരണാനുമതി ലഭിക്കാനുള്ള കാലതാമസം

217 (1660) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ 16 പ്രദേശങ്ങളിൽ ആസ്തി വികസന സ്കീമിൽ നിന്നും തുക ചെലവഴിച്ച് പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പുകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 27-2-2016-ൽ ഭരണാനുമതി നൽകിയിരുന്നോ;

(ബി) ഭരണാനുമതി നൽകി മൂന്നരവർഷം പിന്നിട്ടിട്ടും നഗരസഭയിൽനിന്നും ഇതുവരെ അനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 27-2-2016-ൽ നഗരസഭയ്ക്ക് ഉത്തരവിന്റെ പകർപ്പ് സർക്കാർ കൈമാറിയിട്ടും മൂന്നര വർഷങ്ങൾക്കു ശേഷവും തീരുമാനം കൈക്കൊള്ളാൻ കഴിയാത്തതിലെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഇപ്രകാരം നടപടികൾ വൈകുന്നതുകൊണ്ട് ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം ലഭിക്കാതെ പോകുകയും തുക ലാപ്സായി പോകുകയും ചെയ്യാതിരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിനായി നഗരസഭയിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-ഡി) 27-2-2016-ലെ സ.ഉ.(സാധാ) നമ്പർ 910/16/ത.സ്വ.ഭ.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത വിഷയം പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 6-6-2019-ലെ മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പർ II(20) പ്രകാരം സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് പരിസ്ഥിതി സൗഹൃദ ബസ് ഷെൽട്ടർ നിർമ്മാണ പ്രോജക്ട് നിലവിലുള്ളതിനാൽ ഇരട്ടിപ്പുണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ സ്മാർട്ട് സിറ്റി പ്രോജക്ട് നടപ്പിലാക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് തീരുമാനിച്ചതിനുശേഷം ടി വിഷയം പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## സാംസ്കാരിക സംഘടനയ്ക്കായി സ്ഥലം വിട്ടുനൽകുന്നതിനുള്ള അനുമതി

218 (1661) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഗീതസംവിധായകൻ ശ്രീ.എം.കെ.അർജ്ജുനൻ മാസ്റ്റർ നേതൃത്വം നൽകുന്ന പശ്ചിമകൊച്ചിയിലെ ആശ എന്ന സാംസ്കാരികസംഘടനയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് കൊച്ചി കോർപ്പറേഷൻ വക മൂന്ന് സെന്റ് സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ചുള്ള 143/ആർസി4/2018/എൽ.എസ്.ജി.ഡി. നമ്പർ ഫയലിൽ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണമെന്തെന്നും എന്നത്തേയ്ക്കു ലഭ്യമാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കൊച്ചി പള്ളുരുത്തി മേഖലയിൽ പ്രവർത്തിക്കുന്ന സംഗീത സംവിധായകൻ ശ്രീ. എം. കെ. അർജ്ജുനൻ മാസ്റ്റർ രക്ഷാധികാരിയായിട്ടുള്ള ആശ (AASA) എന്ന സാംസ്കാരിക സംഘടനയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് കൊച്ചി നഗരസഭയിലെ 19-ാം ഡിവിഷനിൽ ഗവൺമെന്റ് ഹോസ്പിറ്റലിന് എതിർവശത്തായി സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും 3 സെന്റ് സ്ഥലം പ്രതിവർഷം 5,000 രൂപ നിരക്കിൽ മൂന്ന് വർഷത്തേയ്ക്ക് വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പാട്ടത്തിന് അനുവദിക്കുന്നതിന് കൊച്ചി മുനിസിപ്പൽ സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി.

ടി വിഷയത്തിന്മേൽ നിയമ വകുപ്പ് 26-11-2019-ന് നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ബി.റ്റി.ആർ. പ്രകാരം ഭൂമി പുറമ്പോക്ക് "ഡ്രെഡ്ജിംഗ് ഗ്രൗണ്ട്" എന്ന് രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത ഭൂമി നഗരസഭ ആർജ്ജിച്ചതാണോ അതോ നഗരസഭയിൽ നിക്ഷിപ്തമായതാണോ എന്നതിൽ വ്യക്തത വരുത്തി നൽകാൻ കൊച്ചി നഗരസഭ സെക്രട്ടറിയോട് 18-12-2019-ലെ കത്തുമുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

## കായംകുളം നഗരസഭയിൽ അത്യാധുനിക വൈദ്യുതശ്മശാനം

219 (1662) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നഗരസഭയിൽ അത്യാധുനിക രീതിയിലുള്ള വൈദ്യുതശ്മശാനം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

വൈദ്യുതശ്മശാനം നിർമ്മിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുള്ളതിനാൽ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## പിഴല-കണക്കിവിറ്റി റോഡ് നിർമ്മാണം

220 (T* 1663) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിഴല - കണക്കിവിറ്റി മുതൽ പിഴല പ്രദേശം വരെയുള്ള 350 മീറ്റർ റോഡ് നിർമ്മിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിനുശേഷം ജിഡ സ്വീകരിച്ച തുടർനടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പിഴല-കണക്കിവിറ്റി പാലം മുതൽ പിഴല റോഡുവരെയുള്ള 350 മീറ്റർ റോഡ് നിർമ്മിക്കുന്നതിന് അക്രെഡിറ്റഡ് ഏജൻസികളായ KMRL, ULCCS, CIAL എന്നീ ഏജൻസികളിൽ ആരെയെങ്കിലും ഏൽപ്പിക്കുന്നതിനാണ് ജിഡയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളത്.

(ബി) ജില്ലാ കളക്ടർ ആന്റ് ജിഡ സെക്രട്ടറി KMRL-വുമായി ബന്ധപ്പെട്ട് അലൈൻമെന്റ് തയ്യാറാക്കി എസ്റ്റിമേറ്റ് സഹിതം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഡ്രാഫ്റ്റ് അലൈൻമെന്റ് തയ്യാറാക്കി ചർച്ച ചെയ്തിരുന്നുവെങ്കിലും പിന്നീട് ഇക്കാര്യത്തിൽ പുരോഗതിയൊന്നും ഉണ്ടായില്ല.

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ജിഡ സെക്രട്ടറി ULCCS-വുമായി ബന്ധപ്പെട്ട് അലൈൻമെന്റ് തയ്യാറാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടതനുസരിച്ച് ULCCS ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി അലൈൻമെന്റ് തയ്യാറാക്കി 3-1-2020-ൽ വൈപ്പിൻ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൂടിയ പഞ്ചായത്ത് ഭരണാധികാരികൾ, ഉദ്യോഗസ്ഥർ, സ്ഥലം ഉടമസ്ഥർ, റവന്യൂ ഉദ്യോഗസ്ഥർ, ജിഡ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട യോഗത്തിൽ അവതരിപ്പിച്ചിരുന്നു. ശേഷം സ്ഥലം ഉടമകളുടെയും പഞ്ചായത്ത് അധികാരികളുടെയും സാന്നിധ്യത്തിൽ സ്ഥലത്ത് peg mark ചെയ്ത് രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ഈ അലൈൻമെന്റിന് അനുസൃതമായ വിശദമായ എസ്റ്റിമേറ്റും സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ വിവരങ്ങളും ഉടൻ ലഭ്യമാക്കുന്നതിന് ULCCS-നോട് ആവശ്യപ്പെട്ടിരുന്നു. ആയതനുസരിച്ച് ULCCS സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 16-12-2019, 3-1-2020 എന്നീ തീയതികളിൽ സ്ഥലം ഉടമകളുടെ യോഗം വിളിച്ചുകൂട്ടുകയും ഈ യോഗത്തിൽ സ്ഥലം ഉടമകൾ സ്ഥലം വിട്ടുനൽകുന്നതിന് സമ്മതം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലം advance possession-ൽ എടുത്ത് വർക്ക് ഓർഡർ നൽകിയാലുടൻ പ്രവൃത്തി തുടങ്ങാവുന്നതും 3-4 മാസത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതുമാണ്.

## മരടിൽ പൊളിച്ച ഫ്ലാറ്റുകളുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യൽ

221 (1664) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിൽ പൊളിച്ച ഫ്ലാറ്റുകളുടെ അവശിഷ്ടങ്ങൾ എഴുപുന്ന, അരൂർ ഗ്രാമപഞ്ചായത്തുകളിൽ ഒരുക്കിയിട്ടുള്ള യാഡുകളിൽ നിക്ഷേപിക്കാനാണോ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മാലിന്യം നീക്കം ചെയ്യുന്നതിനുള്ള കരാർ ഏത് കമ്പനിക്കാണ് നൽകിയിട്ടുള്ളത്; എത്ര ലക്ഷം രൂപയാണ് കരാർ തുക; വെളിപ്പെടുത്താമോ;

(സി) അരൂർ പഞ്ചായത്തിലും എഴുപുന്ന പഞ്ചായത്തിലും യാഡുകൾ സ്ഥാപിക്കുന്നതിന് പ്രസ്തുത പഞ്ചായത്തിന്റെ അനുമതി തേടിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ;

(ഡി) ഫ്ലാറ്റുകളുടെ അവശിഷ്ടം പ്രസ്തുത പഞ്ചായത്തുകളിലേയ്ക്ക് നീക്കുന്നതിനെതിരെ രണ്ട് പഞ്ചായത്തുകളും എന്തെങ്കിലും എതിർപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലുകളാണ് ഇതിനകം നടത്തിയത്; വിശദമാക്കുമോ?

ഉത്തരം

(എ) അരൂർ പഞ്ചായത്തിലെ ചന്തിരൂർ എന്ന സ്ഥലത്താണ് ഫ്ലാറ്റ് പൊളിച്ച അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

(ബി) പ്രോംപ്റ്റ് എന്റർപ്രൈസസ് എന്ന കമ്പനിക്ക് 35,13,000 (മുപ്പത്തിയഞ്ച് ലക്ഷത്തി പതിമൂന്നായിരം രൂപ മാത്രം) രൂപയ്ക്കാണ് നൽകിയിട്ടുള്ളത്.

(സി) തേടിയിരുന്നു.

(ഡി) മരടിലെ പൊളിച്ച ഫ്ലാറ്റുകളുടെ അവശിഷ്ടം നിക്ഷേപിക്കുന്നതിന് എതിരെ പ്രസ്തുത പഞ്ചായത്തുകളിൽനിന്നും എതിർപ്പുകളുണ്ടായി. ആയത് പഞ്ചായത്ത് പ്രസിഡന്റുമായി സംസാരിച്ച് ഒത്തുതീർപ്പാക്കുന്നതിനുവേണ്ടി മരട് മുനിസിപ്പാലിറ്റി ശ്രമിച്ചിട്ടുണ്ട്.

## കാഞ്ഞൂർ പഞ്ചായത്തിലെ പാലത്തിന്റെ പുനർനിർമ്മാണം

222 (T* 1665) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-ലെ പ്രളയത്തിൽ ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ പാത്തിപാലവും അപ്രോച്ച് റോഡും തകർന്നുപോയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാലം പുനർനിർമ്മിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി പാലം പുനർനിർമ്മിക്കാൻ എൽ.എ.സി.-എ.ഡി.എസ്. ഫണ്ടു പയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും ടെണ്ടറിൽ കരാറുകാർ ആരുംതന്നെ പങ്കെടുത്തിട്ടില്ലാത്തതിനാൽ ക്വട്ടേഷനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പത്തനാപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന നിധി

223 (1666) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനാപുരം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന നിധിയിൽ 17-10-2019-ൽ ഭരണാനുമതി ലഭ്യമായിട്ടുള്ള ചാലിയക്കര തോടിനു കുറുകെയുള്ള കോസ്‌വേ നിർമ്മാണം, പുളിച്ചിമാൻ കടവ് പാലം വീതി

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾക്കുള്ള തുക തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തു നൽകുവാൻ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ 19-12-2019-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അയച്ച റിക്വിസിഷൻ, പ്രൊസീഡിംഗ്സ് എന്നിവയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

പത്തനാപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള ചാലിയക്കര തോടിന് കുറുകെയുള്ള കോസ് വേ നിർമ്മാണം, പുളിച്ചിമാൻ കടവ് പാലം വീതി വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾക്ക് അലോട്ട്മെന്റ് നൽകുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ആഫീസിൽ പൂർത്തീകരിച്ചിട്ടുണ്ട്. എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതികൾക്ക് തുക അനുവദിക്കേണ്ട 4515-00-800-96 എൽ.എ.സി.-എ.ഡി.എസ്. എന്ന ശീർഷകത്തിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കുന്നത്തുനാട് പഞ്ചായത്തിന്റെ പുറമ്പോക്ക് സ്ഥലം**

224 (1667) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് പഞ്ചായത്തിന്റെ പുറമ്പോക്ക് സ്ഥലം വിട്ടുകൊടുത്തു കൊണ്ട് ഇൻഫോപാർക്കിൽ ഒരു ഗേറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ കാലതാമസമുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കുന്നത്തുനാട് പഞ്ചായത്തിന്റെ പുറമ്പോക്ക് സ്ഥലം വിട്ടുകൊടുത്തു കൊണ്ട് ഇൻഫോപാർക്കിൽ ഒരു ഗേറ്റ് സ്ഥാപിക്കുന്ന വിഷയം ഈ വകുപ്പിലെ ആർ.സി.4/12/2017/ത.സ്വ.ഭ.വ. ഫയലിൽ കൈകാര്യം ചെയ്തുവരുന്നു. പ്രസ്തുത ഫയൽ റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി നൽകിയിരിക്കുകയാണ്.

## കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ വികസന പദ്ധതികൾ

225 (1668) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത സ്ഥലം വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 3-4-2018-ന് ചേർന്ന യോഗത്തിനുശേഷം ഉണ്ടായിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പ് ആർ. സി. സെക്ഷനിലുണ്ടോ; ആയതിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷനു ഭൂമി അനുവദിക്കുന്നതിനുവേണ്ടി 3-4-2018-ലെ മീറ്റിംഗിന്റെ തുടർച്ചയായി കടുത്തുരുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനം നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) പോളിടെക്നിക്കിന്റെ ബാക്കിയുള്ള സ്ഥലം വിവിധ സർക്കാർ ഓഫീസുകളായ അംഗൻവാടി, ഹോമിയോ ഡിസ്പെൻസറി, ഫയർ സ്റ്റേഷൻ എന്നിവയ്ക്കു നൽകാമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ സർക്കാർ ഇതുവരെ എന്തു നിലപാട് സ്വീകരിച്ചു എന്നറിയിക്കാമോ;

(ഇ) ഒരു ഫയൽ രണ്ട് വർഷക്കാലമായി തീരുമാനമാകാതെ കിടക്കുന്നതിന്റെ കാരണം അറിയിക്കാമോ;

(എഫ്) 3-4-2018-നുശേഷം എൽ.എസ്.ജി.ഡി. ആർ. സി. 4 സീറ്റിൽ സ്ഥലംമാറ്റം ലഭിച്ചു വന്നവരെല്ലാം പ്രസ്തുത ഫയലിനെക്കുറിച്ചു ചോദിക്കുമ്പോൾ അറിയില്ല എന്നു മറുപടി നൽകികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച മാന്വൽ ഫയൽ നിലവിലുണ്ടോ എന്നറിയിക്കാമോ; ആർ. സി. 4/137/2017 എന്ന ഫയൽ ക്ലോസ് ചെയ്തിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ?

### ഉത്തരം

(എ) കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13-4-2018-ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മൂന്ന് ഏക്കർ ഇരുപത്തിമൂന്ന് സെന്റ് സ്ഥലത്തുനിന്നും ലൈഫ് മിഷനുവേണ്ടി ഒരേക്കർ സ്ഥലം പ്രത്യേകം അളന്ന് തിട്ടപ്പെടുത്തിത്തരുന്നതിനായി വൈക്കം തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുള്ളതും അളന്ന് നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(ബി) ഉണ്ട്. ഗവൺമെന്റ് പോളിടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് നേരിട്ട് വിലയ്ക്ക് വാങ്ങിയതും അക്വിസിഷൻ വഴി ഏറ്റെടുത്തിട്ടുള്ളതുമായ ഭൂമിയുടെ ആകെ വിസ്തീർണ്ണവും പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണവും തമ്മിൽ വൈരുദ്ധ്യം കാണുന്നതിനാൽ, ആയതിൽ വ്യക്തത വരുത്തുന്നതിനും പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ 19 ഏക്കർ 39.14 സെന്റിൽ കൂടുതലായി ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി പഞ്ചായത്ത് ഏറ്റെടുത്തതോ അതോ അതിന്റെ അധീനതയിലുള്ളതോ ആണ് എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാനും അല്ലാത്തപക്ഷം ഓരോ ആവശ്യത്തിനും അനുവദിക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പരും വിസ്തീർണ്ണവും കൃത്യമായി രേഖപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് ഏറ്റെടുത്ത ഭൂമി മാത്രം ഉൾപ്പെടുന്ന പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർക്കും കോട്ടയം ജില്ലാ കളക്ടർക്കും കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും 23-10-2018-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഓരോ ആവശ്യത്തിനും അനുവദിക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവ കൃത്യമായി രേഖപ്പെടുത്തി, പഞ്ചായത്ത് ഏറ്റെടുത്ത ഭൂമി മാത്രം ഉൾപ്പെടുന്ന പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) വിവിധ ആവശ്യങ്ങൾക്ക് ഭൂമി അനുവദിക്കേണ്ടതുള്ളതിനാൽ വിവിധതരം പ്രൊപ്പോസലുകളും റിപ്പോർട്ടുകളും വിവിധ അധികാരികളിൽനിന്നും ലഭിക്കേണ്ടതും ഇപ്രകാരം നൽകുന്ന പ്രൊപ്പോസലുകൾ അപൂർണ്ണമായതിനാലും ബന്ധപ്പെട്ട രേഖകൾ ഉൾക്കൊള്ളിക്കാത്തതിനാലും ആയത് പരിശോധിക്കേണ്ടതും വിവിധ വകുപ്പുകളുടെ അഭിപ്രായം ആവശ്യമായിട്ടുള്ളതിനാലുമാണ് ടി വിഷയത്തിൽ തീരുമാനമാകാൻ കാലതാമസമെടുക്കുന്നത്.

(എഫ്) മാന്വൽ ഫയൽ നിലവിലുണ്ട്. ഈ വിഷയം കൈകാര്യം ചെയ്യുന്ന ആർ.സി.4/137/2017/ത.സ്വ.ഭ.വ. മാന്വൽ ഫയലിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

## എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വിഭജനം

226 (1669) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വിഭജിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതി മുമ്പാകെയുള്ള WP(C)14852/2019(F) നമ്പർ കേസിന്റെ വിധി എന്തായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) സെൻസസ് നടപടികൾ നടക്കുന്നതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുവാൻ ആകില്ലായെന്ന നിലപാട് സർക്കാർ അഭിഭാഷകൻ കോടതിയിൽ സ്വീകരിച്ചിരുന്നോയെന്നും അത് സർക്കാരിന്റെ നിലവിലുള്ള നിലപാടിന് അനുസൃതമായിരുന്നോയെന്നും വ്യക്തമാക്കാമോ;

(സി) ഈ കേസിൽ സർക്കാർ ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ-സി) എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വിഭജിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഡോളർമാൻ കോമത്ത് എന്ന വ്യക്തി WP(C)No. 14852/2019(F) എന്ന നമ്പരായി ഫയൽ ചെയ്തിരുന്ന കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 7-1-2020-ൽ വിധി പുറപ്പെടുവിച്ചിരുന്നു. ഈ വിധി പുറപ്പെടുവിക്കുന്നതിന് മുമ്പുള്ള വാദം കേൾക്കുന്ന വേളയിൽ സർക്കാർ അഭിഭാഷകൻ വാർഡ് വിഭജനം നടത്താൻ ആകില്ലെന്ന നിലപാട് സ്വീകരിക്കുകയുണ്ടായില്ല. പഞ്ചായത്ത് വിഭജനം നടത്തുന്നത് പ്രായോഗികമല്ലെന്ന വാദമാണ് ഉന്നയിക്കുകയുണ്ടായത്. ഇതുസംബന്ധിച്ച് സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടില്ല. ആയതിനാൽ 7-1-2020-ലെ വിധി പുനഃപരിശോധിക്കണമെന്ന് സർക്കാർ അഭിഭാഷകൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 7-1-2020-ലെ വിധിയിലെ ചില ഭാഗങ്ങൾ പുനഃപരിശോധിക്കുകയും ആയത് തിരിച്ചെടുക്കുകയും ചെയ്തുകൊണ്ട് പുതുക്കിയ വിധി 24-1-2020-ന് പുറപ്പെടുവിച്ചിട്ടുണ്ട്. സാമ്പത്തിക ബാധ്യത പരിഗണിച്ചാണ് പഞ്ചായത്ത് വിഭജനം നടത്താത്തതെന്നാണ് സർക്കാർ കോടതിയെ അറിയിച്ചത്. ഈ വാദം പരിഗണിച്ചാണ് പുതുക്കിയ വിധി പുറപ്പെടുവിച്ചിട്ടുള്ളത്.

## വെഞ്ഞാറമൂട് പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന് ഭൂമി

227 (1670) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള 18.0186 സെന്റ് സർക്കാർ ഭൂമി കൈമാറുന്നതിന് ആർ.സി. 1/24/2019/ത.സ്വ.ഭ.വ നമ്പർ ഫയൽ പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഭൂമി കൈമാറുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സമ്മതപത്രം നൽകിയിട്ടുണ്ടോ;

(സി) സമ്മതപത്രം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖ നൽകാമോ;

(ഡി) നൽകിയിട്ടില്ലായെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ

ഉത്തരം

(എ) വെഞ്ഞാറമൂട് പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിനുവേണ്ടി കൈമാറ്റം ചെയ്യേണ്ട സർക്കാർ ഭൂമി 50 സെന്റിൽ താഴെ(18.0186 സെന്റ്) ആയതിനാൽ 5-6-2018-ലെ G.O.(P)31/2018/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി-ഡി) വെഞ്ഞാറമൂട് പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള ഭൂമി വില്ലേജ് റെക്കോർഡ് പ്രകാരം വാമനപുരം ബ്ലോക്ക് എന്ന് കാണുന്നതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതിപത്രം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത ഭൂമി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്വാർജ്ജിത ഭൂമി അല്ലാത്ത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള ഭൂമികൾ സർക്കാർ വിജ്ഞാപനം മുഖേന റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തപ്പെടുത്തിയാലേ ഭൂമി കൈമാറ്റം സാധ്യമാകുവെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

## തിരുവനന്തപുരം നഗരാതിർത്തിയിൽ തട്ടുകടകളുടെ വ്യാപനം

228 (1671) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരാതിർത്തിയിൽ ഫുട്പാത്ത് കയ്യേറിയും, പൊതുസ്ഥലം കയ്യേറിയും തട്ടുകടകൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടനിലക്കാരുടെ സഹായത്തോടെയാണ് ഇത്തരം തട്ടുകടകൾ വ്യാപകമാകുന്നതെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള തട്ടുകടകൾ ഒഴിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) രജിസ്ട്രേഷൻ ഇല്ലാത്തതും പുതുതായി സ്ഥാപിക്കുന്നതുമായ തട്ടുകടകൾ എടുത്തുമാറ്റാൻ നഗരസഭ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി അതാത് സമയംതന്നെ നടന്നുവരുന്നു. NULM പദ്ധതി വഴി വഴിയോര കച്ചവടക്കാരെ കണ്ടെത്തുകയും ആയതിന് പോലീസ് ക്ലിയറൻസ്, ആധാർ, ബാങ്ക് പാസ് ബുക്ക്, റേഷൻ കാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. വെൻഡിംഗ് സോൺ നിശ്ചയിച്ച് കടകൾ നിർമ്മിച്ച് ടി കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്ന പ്രവൃത്തികൾ നടന്നുവരികയാണ്. സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് തുകയും വകയിരുത്തി നടപടികൾ നടന്നുവരുന്നു.

## റിട്ടയർ ചെയ്ത ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്

229 (1672) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നഗരസഭകളിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാർ പ്രോവിഡന്റ് ഫണ്ട് തുക സംബന്ധിച്ച് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്;

(ബി) ഇത്തരം കേസ്സുകൾക്ക് വസ്തുതാവിവരണം നൽകുന്നതിനായി കോടതിയിൽ നിന്നും നോട്ടീസ് ലഭിച്ച തീയതി, വസ്തുതാവിവരണം നൽകിയ തീയതി, കേസ് നമ്പർ എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(സി) വസ്തുതാ വിവരണം നൽകാൻ കാലതാമസം ഉണ്ടാകുന്നതുകൊണ്ട് ജീവനക്കാർക്ക് കൂടുതൽ പലിശ നൽകേണ്ടി വരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 53 കേസ്സുകൾ.

(ബി)

| കേസ് നമ്പർ | | നോട്ടീസ് ലഭിച്ച തീയതി | വസ്തുതാ വിവരണം നൽകിയ തീയതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | OA 2672/16 | 10-9-2017 | 20-12-2017 |
| 2 | OA 935/16 | 19-5-2016 | 17-6-2016 |
| 3 | OA 1577/16 | 1-2018 | 7-1-2018 |
| 4 | OA2249/15 | 30-12-2015<br>30-4-2016 | 8-3-2016<br>10-5-2016 |
| 5 | OA2232/16 | 31-7-2017<br>27-9-2017<br>16-12-2019 | 15-9-2017<br>13-10-2017<br>26-12-2019 |
| 6 | OA1266/14 | 4-2-2017<br>27-07-2017 | 18-3-2017<br>4-8-2017 |
| 7 | OA2174/15 | 17-2-2016 | 12-10-2017<br>9-12-2019 |
| 8 | OA1913/16 | 8-2-2017 | 16-11-2019 |
| 9 | OA744/18 | 24-5-2018 | 18-5-2019 |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | OA402/18 | 6-12-2019 | 17-12-2019 |
| 11 | OA727/18 | 16-12-2019 | 20-12-2019 |
| 12 | OA478/18 | 20-2-2019 | 28-2-2019 |
| 13 | OA1162/15 | 11-5-2016 | 21-5-2016 |
| 14 | OA409/19 | 4-12-2019 | 13-12-2019 |
| 15 | OA596/16 | 12-3-2016 | 6-3-2017 |
| 16 | OA122/16 | 3-5-2017 | 20-5-2017 |
| 17 | OA39/17 | 3-2-2017 | 1-3-2017 |
| 18 | OA1147/18 | 6-7-2018 | 2-9-2019 |
| 19 | OA52/13 | 18-12-2019 | 21-12-2019 |
| 20 | OA797/18 | 4-1-2020 | 6-1-2020 |
| 21 | OA580/16 | 22-1-2020 | 29-1-2020 |
| 22 | OA321/18 | 12-10-2018 | 23-10-2018 |
| 23 | OA1204/19 | 11-12-2019 | 24-12-2019 |
| 24 | OA405/19 | 1-11-2019 | 24-12-2019 |
| 25 | OA412/19 | 15-3-2019 | 26-4-2019 |
| 26 | OA2505/18 | 20-5-2019 | 22-5-2019 |
| 27 | OA1837/15 | 10-10-2019 | 19-11-2019 |

| (1) | (2) | (3) | (4) |
|---|---|---|---|
| 28 | OA2421/18 | 11-1-2019 | 16-1-2019 |
| 29 | OA703/19 | 26-8-2019 | 6-9-2019 |
| 30 | OA2868/17 | 7-2-2018 | 3-11-2018 |
| 31 | OA25205/17 | 1-8-2017 | 7-8-2017 |
| 32 | OA17967/19 | 2-7-2019 | 6-7-2019 |
| 33 | OA15750/19 | 10-6-2019 | 5-7-2019 |
| 34 | OA18510/19 | 13-8-2019 | 16-8-2019 |
| 35 | OA118/2020 | 10-1-2020 | 13-1-2020 |
| 36 | OA1745/19 | 14-9-2019 | |
| 37 | OA1864/18 | 5-10-2018 | 8-11-2019 |

(സി) ഇല്ല.

**ഐ.കെ.എം. ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

230 (1673) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ.(ആർ.റ്റി.)നമ്പർ 3867/08/എൽ.എസ്.ജി.ഡി. തീയതി 3-11-2008 പ്രകാരം ഇൻഫർമേഷൻ കേരളം മിഷനെ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽകൊണ്ട് വരാൻ നിയോഗിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും അതിന്മേൽ സ്വീകരിച്ച തുടർ നടപടികളും വിശദമാക്കുമോ;

(ബി) ജി.ഒ.(ആർ.റ്റി.)നമ്പർ 2653/11/എൽ.എസ്.ജി.ഡി. തീയതി 14-11-2011 പ്രകാരം ഐ.കെ.എം. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ടും അതിൻമേൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(സി) ജി.ഒ.(ആർ.റ്റി.)നമ്പർ 2971/2013/എൽ.എസ്.ജി.ഡി. തീയതി 4-12-2013 പ്രകാരം ഐ.കെ.എം. ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് & സാലറി ഘടന സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ടും അതിൽമേൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(ഡി) ജി.ഒ.(ആർ.റ്റി.)നമ്പർ 3116/15/എൽ.എസ്.ജി.ഡി. തീയതി 13-10-2015 പ്രകാരം രൂപീകരിച്ച എക്സ്പേർട്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഇതിന്മേൽ എന്തെല്ലാം ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ട്; ഇവ പ്രകാരം സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ഇ) ഐ.കെ.എം. പുനഃസംഘടനയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ (രസീതി നമ്പർ; 2135565/2018/സി.എം.-സി.ഒ.എം.പി./ഐ.ബി.ഐ./10/2018/എൽ.എസ്.ജി.ഡി.)സർക്കാരും ഐ.കെ.എം.-ഉം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിശദവിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷനിൽനിന്ന് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ഇ) ടി നിവേദനത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാൻ ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നിവേദനത്തിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

231 (1674) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ബാലറ്റ് പേപ്പർ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) രാജ്യത്ത് ഇലക്ട്രോണിക് വോട്ടിംഗ് മെഷിനുകൾ ഉപയോഗിച്ച് നടന്ന തെരഞ്ഞെടുപ്പിൽ വോട്ടിംഗ് ക്രമക്കേട് ഉണ്ടായിട്ടുള്ളതായ വാർത്തകൾ പ്രചരിച്ചുകൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ അടുത്ത വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പൂർണ്ണമായും ബാലറ്റ് പേപ്പർ ഉപയോഗിച്ച് നടത്തുന്നതിന് സർക്കാർ തലത്തിൽ തീരുമാനിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ ചുമതലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വെളിപ്പെടുത്താമോ;

(സി) ഇത്തരത്തിൽ ബാലറ്റിലേയ്ക്ക് മാറ്റുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഭരണഘടനയുടെ 243 K, 243 ZA എന്നീ അനുച്ഛേദങ്ങൾ പ്രകാരം യഥാക്രമം പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വോട്ടർ പട്ടിക തയ്യാറാക്കലിന്റെയും തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെയും ചുമതല സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണ് എന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ നടപടി സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ല. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2020-ൽ നടത്തുന്ന പൊതു തെരഞ്ഞെടുപ്പിന് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കാനാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്.

(സി) കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിയമ തടസ്സമുള്ളതായി കാണുന്നില്ല.

**വളാഞ്ചേരി നഗരസഭയിലെ ബൈലാ ഭേദഗതി**

232 (1675) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ ബൈലാ ഭേദഗതിയുമായി ബന്ധപ്പെട്ട് നഗരസഭ അധികൃതർ സമർപ്പിച്ച പ്രൊപ്പോസൽ സെക്രട്ടേറിയറ്റിലെ (ആർ.ഡി.)സെക്ഷനിൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചതിന് ശേഷമാണോ വീണ്ടും അർബൻ അഫയേഴ്സ് ഡയറക്ടർക്ക് കൈമാറിയത്;

(സി) അർബൻ അഫയേഴ്സ് ഡയറക്ടറേറ്റിലെ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ; മുനിസിപ്പാലിറ്റി നൽകിയ പ്രൊപ്പോസൽ ഡയറക്ടേറ്റിൽ പരിശോധിച്ചതിനു ശേഷമാണോ സർക്കാരിന് നൽകിയത്; എങ്കിൽ വീണ്ടും ഡയറക്ടറോട് പരിശോധിക്കുവാൻ ആവശ്യപ്പെട്ടതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ബൈലാ ഭേദഗതിയുമായി ബന്ധപ്പെട്ട ഫയലിൽ അടിയന്തര നടപടി സ്വീകരിച്ച് പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വളാഞ്ചേരി നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ വളാഞ്ചേരി നഗരസഭ-മിനി വ്യവസായ കേന്ദ്രം കരട് ബൈലാ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് സമർപ്പിച്ചിരുന്നു.

(ബി) വളാഞ്ചേരി നഗരസഭയുടെ അധീനതയിലുള്ള വ്യവസായ കേന്ദ്രം പ്ലോട്ടുകളായി തിരിച്ച് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി പാട്ടത്തിന് അനുവദിക്കുന്നതിനായി നഗരസഭ തയ്യാറാക്കി സമർപ്പിച്ചതായിരുന്നു ടി ബൈലാ. നഗരസഭയുടെ അധീനതയിലുള്ള സ്ഥലം വ്യവസായത്തിനായി പാട്ടത്തിന് നൽകുന്നതിന്റെ നിയമവശംകൂടി പരിശോധിച്ച് ഇക്കാര്യത്തിൽ നഗരകാര്യ ഡയറക്ടറുടെ വിശദമായ ശിപാർശ ആവശ്യമായിരുന്നു. അത് ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് നഗരകാര്യ ഡയറക്ടറോട് തേടിയത്.

(സി) നഗരകാര്യ ഡയറക്ടറേറ്റിലെ ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 571 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് സാക്ഷ്യപ്പെടുത്താൻ നഗരകാര്യ ഡയറക്ടർ നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെടുകയും ആവശ്യമായ നടപടി സ്വീകരിച്ചതായി സെക്രട്ടറി നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

ഈ വകുപ്പിൽനിന്ന് നേരത്തെ ഇത്തരത്തിൽ നഗരസഭയുടെ അധീനതയിലുള്ള സ്ഥലം പാട്ടത്തിന് അനുവദിക്കുന്നതിനായി നിയമാവലിയൊന്നും അംഗീകരിച്ച് കൊടുത്തിട്ടില്ലാത്ത സാഹചര്യത്തിലാണ് ഇക്കാര്യത്തിൽ നഗരകാര്യ ഡയറക്ടറോട് വിശദമായ റിപ്പോർട്ട് തേടിയത്.

(ഡി) ബൈലായിന്മേൽ വിശദമായ റിപ്പോർട്ട് നഗരകാര്യ ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കരാറുകാരനുള്ള ബോണസ്

233 (1676) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ വകുപ്പിന്റെ പ്രവൃത്തികൾ പൂർത്തീകരണ കാലാവധിക്കു മുമ്പുതന്നെ പൂർത്തീകരിച്ചാൽ നിർവ്വഹണോദ്യോഗസ്ഥനും കരാറുകാരനുമായുള്ള ഉടമ്പടി പ്രകാരം ബോണസ് നൽകുന്ന നടപടി വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) എങ്കിൽ, എത്ര തുക ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നൽകിവരുന്നത്; വിശദാംശങ്ങൾ നൽകാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) നിർവ്വഹണോദ്യോഗസ്ഥനും കരാറുകാരനും തമ്മിലുള്ള ഉടമ്പടിയിൽ ബോണസ് നൽകാൻ വ്യവസ്ഥയുണ്ടായിട്ടും കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പൂർത്തീകരണകാലാവധിക്കു മുമ്പുതന്നെ പ്രവൃത്തി പൂർത്തീകരിച്ച വിദ്യാനഗർ-നീർച്ചാൽ-മുണ്ട്യത്തടുക്ക റോഡ് മെക്കാഡം ടാറിംഗ് ഫസ്റ്റ് & സെക്കൻഡ് റീച്ചുകൾ പൂർത്തിയാക്കിയ കരാറുകാരന് ബോണസ് തുക നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികൾ പൂർത്തീകരണ കാലാവധിക്ക് മുൻപേ പൂർത്തീകരിച്ചാൽ കരാറുകാരന് ബോണസ് നൽകുന്ന നടപടി ഈ വകുപ്പിൽ നടപ്പിലാക്കിയിട്ടില്ല.

## തദ്ദേശസ്വയംഭരണ വകുപ്പുകളെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പാക്കുന്നതിന് നടപടി

234 (1677) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരാസൂത്രണം, തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിംഗ് എന്നീ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പായി രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

പൂർത്തിയായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾസിന്മേൽ സർക്കാർ, 2018 നവംബർ 8, 9 എന്നീ തീയതികളിൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയിൽ ഉന്നയിച്ച നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും പരിശോധന നടത്തി ആവശ്യമായവ ഉൾക്കൊള്ളിച്ച് സ്റ്റേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ ഭേദഗതി വരുത്തുകയുണ്ടായി. കരട് ചട്ടങ്ങളിന്മേൽ വകുപ്പുമേധാവികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിക്കുന്നതിനായി 20-9-2019-ലെ സ.ഉ.(സാധാ) നമ്പർ 2036/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി ( തദ്ദേശസ്വയംഭരണ- ഗ്രാമീണ്) ചെയർപേഴ്സൺ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ-മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ-കൺവീനർ എന്നിവരടങ്ങുന്ന 3 അംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, ഭേദഗതി വരുത്തിയ കരട് വിശേഷാൽ

ചട്ടങ്ങളിന്മേൽ കില ഡയറക്ടറുമായും പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പ് മേധാവികളുമായും 2019 ഒക്ടോബർ 17, 18 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി മുമ്പാകെ വകുപ്പുമേധാവികൾ ഉന്നയിച്ച നിർദ്ദേശങ്ങളിന്മേൽ കമ്മിറ്റിയുടെ അഭിപ്രായം/ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിസീവ് സാംഗ്ഷൻ

235 (1678) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ടൂറിസം വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും നിർമ്മാണവും മറ്റും നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് 2019 മാർച്ച് മുതൽ 2020 ജനുവരി വരെ എത്ര പ്രവൃത്തികൾക്ക് പെർമിസീവ് സാംംഗ്ഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്കാണ് പെർമിസീവ് സാംംഗ്ഷൻ അനുവദിച്ചിട്ടുള്ളതെന്നും ആയതിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഉത്തരം

(എ) 3 പ്രവൃത്തികൾക്ക് പെർമിസീവ് സാംഗ്ഷൻ അനുവദിച്ചിട്ടുണ്ട്.-

(ബി) 1. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്.

2. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കരിയർ ഡെവലപ്മെന്റ് സെന്റർ

3. ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മാണം.

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

## തദ്ദേശസ്വയംഭരണ വകുപ്പിലെ RC4/13/2018/LSGD നമ്പർ ഫയൽ

236 (1679) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ RC4/13/2018/LSGD നമ്പർ ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത ഫയൽ തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നൽകിയത്; മന്ത്രിയുടെ ഓഫീസ് ഫയൽ ഒപ്പിട്ട് സ്വീകരിച്ച പേജിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ ഫയലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ ഫയലിൽ കോടതി വിധിക്കെതിരെ അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ സർവ്വേ നമ്പർ 177-ൽപ്പെട്ട 35 സെന്റ് ചിറ പുറമ്പോക്ക് ശ്രീ. എബി ജോർജ്ജിന് കൈമാറുന്നതുമായി നിലനിൽക്കുന്ന WP(C)35957/2015 കേസ്സിലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായത്തിന്മേൽ അപ്പീൽ ഫയൽ ചെയ്യുന്ന വിഷയത്തിന്മേൽ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലിനോട് ഉപദേശം ആരായുകയും അപ്പീലിന് സാധ്യതയില്ലെന്ന് നിയമോപദേശം ലഭിച്ച സാഹചര്യത്തിൽ സ്ഥലം കൈമാറ്റം ചെയ്യുന്നതിന് കൊടകര ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരം തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഫയൽ 8-10-2019-ൽ വകുപ്പുമന്ത്രിയുടെ ഓഫീസിൽ നൽകുകയും (പകർപ്പ് അനുബന്ധമായി ചേർക്കുന്നു*) 30-1-2020-ൽ ആയത് മടക്കി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) കോടതി വിധിക്കെതിരെ അപ്പീലിന് സാധ്യതയില്ലെന്നുള്ള നിയമോപദേശം അഡ്വക്കേറ്റ് ജനറൽ ഓഫീസിൽനിന്നും 24-12-2019-ൽ സെക്ഷനിൽ ലഭിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

**ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് ജീവനക്കാരുടെ ശമ്പളം**

237 (1680) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് ജീവനക്കാരുടെ ശമ്പളം മുടങ്ങുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മറ്റേതെങ്കിലും ജില്ലയിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് ജീവനക്കാരുടെ ശമ്പളം മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) സർക്കാർ ജീവനക്കാരായ ഇവരുടെ ശമ്പളം മുടങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ശമ്പളം മുടക്കം കൂടാതെ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും ശമ്പളം മുടങ്ങുന്ന സാഹചര്യമുണ്ട്. ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽനിന്ന് താൽക്കാലിക വായ്പയായി തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ ലഭിക്കുന്ന ഫണ്ടുപയോഗിച്ച് ഇപ്പോൾ എല്ലാ ജില്ലകളിലും ജീവനക്കാർക്ക് ശമ്പളം നൽകിവരുന്നു.

(സി&ഡി) കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടും ആയതിന്റെ 40% സംസ്ഥാന വിഹിതവും ഉപയോഗിച്ചാണ് ജീവനക്കാരുടെ ശമ്പള വിതരണവും മറ്റ് ആഫീസ് ചെലവുകളും നടത്തുന്നത്. മതിയായ കേന്ദ്ര വിഹിതത്തിന്റെ അഭാവവും ആയത് ലഭിക്കുന്നതിലെ കാലതാമസവും മൂലമാണ് ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന സാഹചര്യമുണ്ടായത്. ഇത് പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയ്ക്ക് ആനുപാതികമായി ഡി.ആർ.ഡി.എ.-യിൽ ജീവനക്കാരെ നിലനിർത്തി ബാക്കിയുള്ളവരെ മറ്റ് ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനായി ഗ്രാമ വികസന കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**ഡി.ആർ.ഡി.എ.-കളിലെ ജീവനക്കാരുടെ ശമ്പളം**

238 (1681) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഡി.ആർ.ഡി.എ.-കളിലെ ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ല എന്ന കര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സാമാജികരുടെ ആസ്തി വികസന ഫണ്ട് പ്രകാരമുള്ള പദ്ധതികൾ അടക്കം നടപ്പിലാക്കുന്ന എ.ഡി.സി. ഓഫീസുകളിൽ ജോലി ഭാരം അധികരിച്ചിരിക്കുന്നതിനാൽ ഡി.ആർ.ഡി.എ.-കളിലെ ജീവനക്കാരെ എ.ഡി.സി. ഓഫീസുകളിൽ പുനർവിന്യസിക്കുന്ന കാര്യം സർക്കാർ അടിയന്തരമായി പരിശോധിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടും ആയതിന്റെ 40% സംസ്ഥാന വിഹിതവും ഉപയോഗിച്ചാണ് ജീവനക്കാരുടെ ശമ്പള വിതരണവും മറ്റ് ആഫീസ് ചെലവുകളും നടത്തുന്നത്. മതിയായ കേന്ദ്ര വിഹിതത്തിന്റെ അഭാവവും ആയത് ലഭിക്കുന്നതിലെ കാലതാമസവും മൂലമാണ് ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന സാഹചര്യമുണ്ടായത്.

(ബി) കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയ്ക്ക് ആനുപാതികമായി ഡി.ആർ.ഡി.എ.-യിൽ ജീവനക്കാരെ നിലനിർത്തി ബാക്കിയുള്ളവരെ മറ്റ് ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനായി ഗ്രാമ വികസന കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## തൊഴിലുറപ്പ് പദ്ധതിയുടെ സമഗ്ര ആഡിറ്റ്

239 (1682) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുടെ സമഗ്ര ആഡിറ്റ് നടത്തിയിട്ടുണ്ടോ; അതിനുള്ള സംവിധാനം എന്താണ്;വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് 152 ബ്ലോക്കിലും സമഗ്ര ആഡിറ്റിന് റിസോഴ്സ് പേഴ്സണെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; അതിനായി അപേക്ഷ ക്ഷണിച്ചിരുന്നോ; വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇതിനകം എത്രപേരെ റിസോഴ്സ് പേഴ്സണായി നിയമിച്ചു; അവർക്ക് നൽകുന്ന വേതനം എത്രയാണ്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ സോഷ്യൽ ആഡിറ്റ് ഡയറക്ടറെ സ്ഥലം മാറ്റിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്തെന്നും, ഏത് തസ്തികയിലേക്കാണ് മാറ്റിയതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനായി സർക്കാർ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി എന്ന ഒരു സ്വതന്ത്ര ഏജൻസി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം നടക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റിംഗ് ഉറപ്പാക്കുകയാണ് സൊസൈറ്റിയുടെ

ധർമ്മം. 30-11-2019 ലെ 2610 ഗ്രാമപഞ്ചായത്ത് വാർഡുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ സംസ്ഥാന സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഫെസിലിറ്റേറ്റ് ചെയ്തിട്ടുണ്ട്.

(ബി&സി) ഉണ്ട്. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പെഴ്സൺമാരെ നിയമിക്കുന്നതിന് 13-3-2018 തീയതിയിൽ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചിരുന്നു. എഴുത്തുപരീക്ഷയുടെയും മുഖാമുഖത്തിന്റെയും അടിസ്ഥാനത്തിൽ 52 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരെ ഇതിനകം നിയമിച്ചിട്ടുണ്ട്. ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്ക് 15,000 രൂപ (വേതനം-13,000 രൂപ യാത്രാബത്ത 2,000 രൂപ) പ്രതിമാസം നൽകിവരുന്നു. കൂടാതെ ഫോൺ അലവൻസായി 250 രൂപയും പ്രതിമാസം നൽകിവരുന്നു.

(ഡി) ഉണ്ട്. കിലയിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽനിന്നും അന്യത്ര സേവന വ്യവസ്ഥയിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന ഡോ. എബി ജോർജ്ജിന്റെ സേവനം 28-11-2019-ലെ കില/2016/101/1030 നമ്പർ കത്തിലൂടെ കില ഡയറക്ടർ തിരികെ ആവശ്യപ്പെട്ട സാഹചര്യത്തിലാണ് 4-12-2019-ലെ സ.ഉ.(സാധാ)നമ്പർ 2749/2019/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ടിയാന്റെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃസ്ഥാപനത്തിലെ തസ്തികയിലേയ്ക്ക് വിടുതൽ ചെയ്തത്. ടിയാൻ കിലയിൽ ഇതുവരെ തിരികെ ജോയിൻ ചെയ്തിട്ടില്ല.

## പി.എം.ജി.എസ്.വൈ. പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ

240 (1683) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽപ്പെടുത്തി കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും അനുമതിക്കായി സമർപ്പിച്ചിട്ടുള്ള റോഡ് പ്രവൃത്തികളുടെ പേരുവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അനുമതി ലഭ്യമാക്കുന്നതിന്റെ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) അനുമതി ലഭിച്ച് നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും നൽകാമോ?

<u>ഉത്തരം</u>

(എ&ബി) പി.എം.ജി.എസ്.വൈ.-III-യിൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഫെസിലിറ്റി സർവ്വേ നടപടികൾ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ ബ്ലോക്ക് പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന പി.എം.ജി.എസ്.വൈ.-യിൽ ഏറ്റെടുക്കാവുന്ന റോഡുകളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. അനുമതിക്കായി സമർപ്പിച്ചിട്ടില്ല.

(സി) കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ മാലയിൽ മലപ്പത്തൂർ വൈദ്യൻകുന്ന് റോഡിന്റെ ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കിൽ അനുമതി ലഭിച്ചതിൽ മുമ്പ് ഒഴിവാക്കിയവ ഒഴിച്ചിട്ടുള്ള വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

## ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം

241 (1684) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പ്രളയങ്ങളിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനായി മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം എത്ര തുക അനുവദിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ പുനർനിർമ്മിക്കേണ്ട ഗ്രാമീണ റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പട്ടിക ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2018-ലെയും 2019-ലെയും പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ റോഡുകളുടെ പുനരുദ്ധാരണത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആകെ 961.264 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾക്ക് പ്രത്യേക ഭരണാനുമതി നൽകി കഴിഞ്ഞാൽ മാത്രമേ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുകയുള്ളൂ.

## ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ് പ്രോജക്ട്

242 (1685) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പണി പൂർത്തീകരിച്ചിട്ടുള്ളതും പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതുമായ കണ്ണങ്ങാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന് സമീപത്തുനിന്നും ആരംഭിച്ച് ശ്രീകൃഷ്ണ ടെമ്പിൾ റോഡ് വരെയുള്ള റോഡിന്റെ പ്രോജക്ട് കൊച്ചി നഗരസഭയിൽ നിന്നും റിപ്പോർട്ട് ചെയ്തത് അനുസരിച്ച് ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തിയത് ഏത് വർഷം ആയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ട് കാലാവധിക്കുള്ളിൽ നടപ്പിലാക്കുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) ജൻറം (ജെ.എൻ.എൻ.യു.ആർ.എം.) പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി നഗരസഭയിൽ റോഡ് പ്രോജക്ടുകളൊന്നും നടപ്പിലാക്കിയിട്ടില്ല.

## കെട്ടിട നിർമ്മാണ ചട്ടങ്ങൾ

243 (1686) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സർക്കാർ സമഗ്രമായ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) വസ്തുവിന് മുന്നിലൂടെ റോഡ് ഉണ്ടെങ്കിൽ മൂന്ന് സെന്റ് പ്ലോട്ടുകാരും 3 മീറ്റർ ഒഴിച്ചിടണമെന്ന ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ;

(സി) മാളിക നിർമ്മിക്കുന്നവരും, മൂന്ന് സെന്റിൽ കൊച്ചു കൂര നിർമ്മിക്കുന്നവരും ഒരേ ചട്ടം പാലിക്കണമെന്ന വ്യവസ്ഥ സാമാന്യ നീതിക്ക് നിരക്കാത്തതാകയാൽ പ്രസ്തുത ഭേദഗതിയിലെ സാധാരണക്കാരെ ബാധിക്കുന്ന കാര്യങ്ങളിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 1999, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011 ഇവ പരിഷ്കരിച്ച് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 2019, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2019 ഇവ 8-11-2019-ൽ നിലവിൽ വന്നിട്ടുണ്ട്.

കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിൽ കൂടുതൽ സുതാര്യത വരുത്തുന്നതിന് ആവശ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനും ചട്ടങ്ങളിലെ വ്യവസ്ഥകൾ ജനസൗഹൃദമാക്കുന്നതിനും ചട്ടങ്ങളിലെ അവ്യക്തത ഒഴിവാക്കുന്നതിനുമാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കേണ്ടി വന്നത്. കൂടാതെ കേന്ദ്ര പദ്ധതികളായ അമൃത്, സ്മാർട്ട് സിറ്റി എന്നിവയിൽ മോഡൽ ബിൽഡിംഗ് ബൈലോയ്ക്ക് അനുസൃതമായി ചട്ടങ്ങൾ പരിഷ്കരിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ആയതിന്റെ കൂടി അടിസ്ഥാനത്തിലാണ് ചട്ടങ്ങൾ പരിഷ്കരിച്ചിട്ടുള്ളത്.

(ബി) വസ്തുവിന്റെ മുന്നിലുള്ള റോഡ് നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, ജില്ലാ റോഡുകൾ, കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ട് ഇവ പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള റോഡുകൾ ഇവിയിലേതെങ്കിലും ഒന്നാണെങ്കിൽ മാത്രം റോഡതിരിൽനിന്നും 3 മീറ്റർ മാറി നിർമ്മാണം നടത്തേണ്ടതും മറ്റ് നോട്ടിഫൈ ചെയ്യാത്ത റോഡാണെങ്കിൽ 2 മീറ്റർ മാത്രം നൽകിയാൽ മതിയാകുന്നതുമാണ്. (കെട്ടിട നിർമ്മാണ ചട്ടം 23(2)). ഇത് പഴയ ചട്ടത്തിലെ പോലെ തന്നെ പുതിയ ചട്ടത്തിലും നില നിർത്തിയിട്ടുണ്ട്. കൂടാതെ 3 സെന്റിലെ നിർമ്മാണത്തിന് മാത്രം ലഭ്യമായിരുന്ന ഈ ഇളവ് എല്ലാത്തരം നിർമ്മാണങ്ങൾക്കും ലഭ്യമാക്കുന്നതിനായി 6 മീറ്ററിൽ താഴെ വീതിയുള്ള നോട്ടിഫൈ ചെയ്യാത്ത റോഡിൽനിന്നുള്ള അകലം 2 മീറ്റർ മതിയാകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പുതിയ ചട്ടം നൽകുന്ന പുതിയ ആനുകൂല്യമാണ്.

(സി) പുതിയ കെട്ടിട നിർമ്മാണ ചട്ടത്തിൽ മാളിക നിർമ്മിക്കുന്നവർക്കും 3 സെന്റിൽ കൊച്ചുകൂര നിർമ്മിക്കുന്നവർക്കും ഒരേ ചട്ടമല്ല വ്യവസ്ഥ ചെയ്തിട്ടുള്ളത്. 3 സെന്റിൽ (125 ച.മീ.) താഴെ വിസ്തീർണ്ണമുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഇളവുകൾ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (കെട്ടിട നിർമ്മാണ ചട്ടം 50). 3 സെന്റിൽ താഴെയുള്ള സ്ഥലത്തെ നിർമ്മാണങ്ങൾക്ക് ലഭിക്കുന്ന ഇളവുകൾ വലിയ കെട്ടിടങ്ങൾക്ക് ലഭിക്കുകയില്ല.

പഴയ ചട്ട പ്രകാരം 3 സെന്റിൽ താഴെയുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുമ്പോൾ ഒരു വശം 90 സെന്റീമീറ്റർ തുറസ്സായ സ്ഥലം നൽകേണ്ടത് പുതിയ ചട്ടത്തിൽ 60 സെന്റീമീറ്റർ ആയി ചുരുക്കുകയും ഈ വശങ്ങളിൽ ജനലുകൾ വയ്ക്കാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (പഴയ ചട്ടത്തിൽ 90 സെ.മീ. തുറസ്സായ സ്ഥലം ഉണ്ടെങ്കിൽ മാത്രമേ ജനൽ വയ്ക്കാൻ അനുവദിച്ചിരുന്നുള്ളൂ.) ആയതിനാൽ 3 സെന്റിൽ താഴെയുള്ളവർക്ക് വായുസഞ്ചാരമുള്ള വീട് നിർമ്മിക്കാവുന്നതാണ്. ഈ ഇളവുകൾ 3 സെന്റിന് മുകളിലുള്ള സ്ഥലങ്ങൾക്ക് ബാധകമല്ല. വലിയ കെട്ടിടങ്ങളുടെ കാര്യത്തിൽ പഴയ ചട്ടപ്രകാരം ഉയരത്തിനനുസൃതമായി അതാത് നിലകളിൽ

 തുറസ്സായ സ്ഥലം നൽകിയാൽ മതിയായിരുന്നത് പുതിയ ചട്ടത്തിൽ കെട്ടിടത്തിന്റെ ആകെ ഉയരത്തിനാവശ്യമായ തുറസ്സായ സ്ഥലം തറനിരപ്പിൽത്തന്നെ നൽകാൻ നിഷ്കർഷിച്ചിട്ടുണ്ട്. കെട്ടിടത്തിൽ ദുരിതം ഉണ്ടാകുന്ന സാഹചര്യത്തിലും രക്ഷാ പ്രവർത്തനവേളയിലും താഴെ സെറ്റ്ബാക്ക് വേണ്ടത് വളരെ പ്രധാനം ആയതുകൊണ്ടും കെട്ടിടങ്ങളുടെ ഇടയിൽ വായു സഞ്ചാരത്തിനും വേണ്ടിയാണ് ഇങ്ങനെ ഭേദഗതി കൊണ്ടുവന്നത്.

## കേരള സർവ്വകലാശാലയിൽ മോഡറേഷൻ മാർക്ക് നൽകിയതിലുള്ള ക്രമക്കേട്

244 (1687) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാലയിൽ മോഡറേഷൻ മാർക്ക് കൂട്ടിനൽകിയതിൽ ക്രമക്കേട് നടന്നതായി ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ക്രമക്കേട് സോഫ്റ്റ്‌വെയർ തകരാർമൂലമാണെന്ന് യൂണിവേഴ്സിറ്റി നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിദഗ്ധ സമിതിയുടെ അന്വേഷണം പൂർത്തിയായോ;

(സി) സോഫ്റ്റ്‌വെയറിനുണ്ടായ തകരാറാണ് ക്രമക്കേടിന് കാരണമെങ്കിൽ കേരള യൂണിവേഴ്സിറ്റി നടത്തിയ മറ്റെല്ലാ പരീക്ഷകളിലും ഇത്തരം പ്രശ്നം ഉണ്ടാകേണ്ടതല്ലേ;

(ഡി) എങ്കിൽ, അപ്രകാരം ഉണ്ടാകാത്ത സാഹചര്യത്തിൽ ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരികയാണ്.

(ബി) സിൻഡിക്കേറ്റ് നിയോഗിച്ച വിദഗ്ധ സമിതിയുടെ അന്വേഷണ റിപ്പോർട്ടിൽ സോഫ്റ്റ്‌വെയർ തകരാർമൂലമാണ് ക്രമക്കേട് സംഭവിച്ചതെന്ന് കണ്ടെത്തുകയും അതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) റെഗുലേഷനുകളിലുള്ള വ്യത്യസ്തത പരിഗണിച്ച് ഓരോ പരീക്ഷയ്ക്കും വ്യത്യസ്തമായ സോഫ്റ്റ്‌വെയറുകളാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

## പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ

245 (1688) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സർക്കാർ മേഖലയിൽ പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കോളേജുകളുടെ പേരും ഇവ ഓരോന്നും പ്രവർത്തനം ആരംഭിച്ച തീയതിയും അറിയിക്കാമോ;

(ബി) ഈ കോളേജുകളിൽ എത്രയെണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നുണ്ടെന്നും എത്ര കോളേജുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കാമോ;

(സി) പുതിയ കോളേജുകൾ ആരംഭിക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പേരും ആരംഭിച്ച വർഷവും ചുവടെ ചേർക്കുന്നു.

1. ഗവൺമെന്റ് കോളേജ്, വൈപ്പിൻ-2017
2. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, കിനാലൂർ, കരിന്തളം, കാസർഗോഡ്-2018
3. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, തോലനൂർ, തരൂർ, പാലക്കാട്-2018
4. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, ശാന്തൻപാറ, പൂപ്പാറ, ഇടുക്കി-2018

(ബി) 1. ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, കിനാലൂർ, കരിന്തളം- കിനാലൂർ പഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ ബിൽഡിംഗിൽ പ്രവർത്തിക്കുന്നു.

2. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, തോലനൂർ, തരൂർ-തോലനൂർ സർക്കാർ സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

3. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, ശാന്തൻപാറ, പൂപ്പാറ-ശാന്തൻപാറ പഞ്ചായത്ത് എൽ.പി. സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

4. സർക്കാർ കോളേജ് വൈപ്പിൻ-ഗവൺമെന്റ് ന്യൂ എൽ.പി. സ്കൂൾ ഇളംകുന്നപ്പുഴയിൽ പ്രവർത്തിക്കുന്നു.

(സി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ഉന്നത വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

246 (1689) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഭാവിയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ലൈവ് സ്ട്രീമിംഗിനും ഓൺലൈൻ ക്ലാസ്സുകൾക്കുമായി മേഘ നാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE-Online Resource Initiative of Collegiate Education) സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം ഉപയോഗിച്ചുകൊണ്ട് അക്കാദമിക വിദഗ്ദ്ധരുടെ ക്ലാസ്സുകൾ വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

- വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനായി 2019-20 സാമ്പത്തിക വർഷം "Jeevani-College Mental Awareness Programme" എന്ന പദ്ധതി 67 ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നടപ്പിലാക്കി.

- റൂസ ഒന്നാം ഘട്ട പദ്ധതിപ്രകാരം 6 സർവ്വകലാശാലകളിൽ 20 കോടി രൂപ വീതവും രണ്ടാം ഘട്ടത്തിന്റെ ഭാഗമായി രണ്ട് സർവ്വകലാശാലകൾക്ക് 50 കോടി രൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്.

- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എഞ്ചിനീയറിംഗ്, പോളി ടെക്നിക് കോളേജുകളിൽ AICTE അക്രെഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- അന്തർദ്ദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കിയും ഡിജിറ്റൽ/ ഇ-ലൈബ്രറികൾ സ്ഥാപിച്ചും അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

- ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയിൽ പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്.

- കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് ആന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്റർ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, എനർജി ആന്റ് എൻവയോൺമെന്റും സ്ഥാപിച്ചിട്ടുണ്ട്.

- എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവയുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതികവിദ്യയിൽ പരിശീലന പരിപാടികളും നടത്തിവരുന്നു.
- CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു.
- എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈൻ ഡെവലപ്പ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു.
- നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു.
- അസാപ്പിന് കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. പുതിയ ഏഴെണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിൽ. ബഹുഭാഷാ പരിശീലന കേന്ദ്രങ്ങൾ സ്ത്രീ ശാക്തീകരണത്തിനായുള്ള She Skills-2019 പദ്ധതി എന്നിങ്ങനെ 1118 സ്ഥാപനങ്ങളിൽ രണ്ട് ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനോടൊപ്പം നൈപുണ്യ പരിശീലനത്തിന് അവസരം സൃഷ്ടിച്ചു.
- സർവ്വകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അന്തർ വൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് ലക്ഷ്യമിട്ട് മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിലെ അന്തർസർവ്വകലാശാല കേന്ദ്രങ്ങളടക്കം 18 ഗവേഷണ കേന്ദ്രങ്ങളെ ഒരു കുടക്കീഴിലാക്കി 34.42 കോടി രൂപ ചെലവിൽ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് യാഥാർത്ഥ്യമാക്കി.
- സംസ്ഥാനത്തെ സർവ്വകലാശാലകൾ നൽകുന്ന പരമാവധി സേവനങ്ങളും വിദ്യാർത്ഥി പ്രവേശനം മുതൽ വിവിധ സർട്ടിഫിക്കറ്റുകൾ വരെ ഓൺലൈനിൽ ലഭ്യമാക്കി. എഞ്ചിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ ഓൺലൈൻ മുഖേന നടത്താനായി.

- പ്രൊഫഷണൽ വിദ്യാർത്ഥി സമ്മിറ്റ് സംഘടിപ്പിച്ച് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇതര വൈജ്ഞാനിക മേഖലകളിൽ മികവ് സ്വായത്തമാക്കി മുന്നേറുന്നതിന് വിവിധ തലങ്ങളിൽ വിജയം കൈവരിച്ച പ്രഗത്ഭരുമായി സംവദിക്കുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരമൊരുക്കി. നവകേരള നിർമ്മിതിക്കായി വിദ്യാർത്ഥികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതിനും അവർക്ക് മുഖ്യമന്ത്രിയുമായി സംവദിക്കുന്നതിനും വേദിയൊരുക്കി Students Leaders' Conclave സംഘടിപ്പിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ലീഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വകലാശാല, സർക്കാർ കോളേജ് യൂണിയൻ ചെയർമാന്മാർക്ക് വിദേശ രാജ്യങ്ങളിൽ പരിശീലനത്തിന് പദ്ധതിക്ക് തുടക്കമായി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് ഓൺലൈൻ പരാതി പരിഹാര സംവിധാനം- For the Students നിലവിൽ വന്നു. ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പെൺകുട്ടികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമമുറികൾ. സർവ്വകലാശാല സിൻഡിക്കേറ്റുകളിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പുവരുത്തി.
- ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 29.33 കോടി രൂപയുടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. എറുഡെയ്റ്റ് പദ്ധതി പ്രകാരം 3 നോബൽ സമ്മാന ജേതാക്കളും ഒരു ആബേൽ സമ്മാന ജേതാവും ഒരു ബുക്കർ സമ്മാന ജേതാവുമടക്കം 116 പ്രമുഖരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരം സൃഷ്ടിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു :

1. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, വൈപ്പിൻ
2. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, കിനാലൂർ, കരിന്തളം, കാസർഗോഡ്
3. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, തോലന്നൂർ, പാലക്കാട്
4. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, ശാന്തൻപാറ, ഇടുക്കി

5. സംസ്ഥാനത്ത് പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിലേയ്ക്കായി അനുമതി നൽകിയ നടുവിൽ (കണ്ണൂർ), ഹരിപ്പാട് (ആലപ്പുഴ), വിളപ്പിൽശാല (തിരുവനന്തപുരം), മുക്കം (കോഴിക്കോട്), മാനന്തവാടി (വയനാട്), മഞ്ചേരി (മലപ്പുറം) എന്നിവയിൽ മഞ്ചേരി (മലപ്പുറം), മാനന്തവാടി (വയനാട്) എന്നീ രണ്ട് സ്ഥാപനങ്ങൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

എയ്ഡഡ് മേഖലയിൽ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) കണ്ണൂർ ജില്ലയിലെ കണ്ണവം, പിണറായി ഗ്രാമപഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനൂർ, കുറ്റിപ്പുറം, കൊണ്ടോട്ടി, കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, ഇടുക്കി ജില്ലയിലെ കൊന്നത്തടി എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക്കുകൾ വയനാട് ജില്ലയിൽ ഒരു മാതൃകാ ഡിഗ്രി കോളേജ് എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ഇല്ല.

**പുതിയ സർക്കാർ കോളേജുകൾ അനുവദിക്കുന്നത്**

247 (1690) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് പുതിയതായി സർക്കാർ കോളേജുകൾ അനുവദിച്ചിരുന്നത്; വ്യക്തമാക്കാമോ;

(ബി) ഇതിൽ വേങ്ങര മണ്ഡലം ഉൾപ്പെട്ടിരുന്നുവോ; എങ്കിൽ അവിടെ സർക്കാർ കോളേജ് സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം വ്യവസ്ഥകളിലാണ് കോളേജുകൾ അനുവദിച്ചിരുന്നത്; ടി കോളേജുകൾക്കേതിനെങ്കിലും സ്ഥലം ലഭ്യമാവാത്ത അവസ്ഥ നിലവിലുണ്ടോ; പ്രസ്തുത കോളേജുകൾക്ക് സ്ഥലം ഏറ്റെടുത്ത് നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊടുവള്ളി, ബാലുശ്ശേരി, മങ്കട, കൊണ്ടോട്ടി, താനൂർ, തൃത്താല, കോങ്ങാട്, തവനൂർ, ഉദുമ, പയ്യന്നൂർ, തലശ്ശേരി, കുന്ദമംഗലം, നാദാപുരം, ഒല്ലൂർ, ആറന്മുള, കാട്ടാക്കട, നെയ്യാറ്റിൻകര.

(ബി) ഇല്ല.

(സി) സർക്കാരിന്റെ നയപരമായ തീരുമാനത്തിന് വിധേയമായാണ് കോളേജുകൾ ആരംഭിക്കുന്നത്. ഭൂമി ലഭ്യമാകാത്ത കോളേജുകൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ അതാത് കളക്ടറേറ്റുകൾ/കിഫ്ബി/കിറ്റ്കോ മുഖാന്തരം പുരോഗമിക്കുന്നു.

## സഹകരണ കോളേജുകൾക്ക് അഫിലിയേഷൻ

248 (1691) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച രീതിയിൽ പ്രവർത്തിക്കുന്നതും സ്ഥല സൗകര്യമുള്ളതുമായ സഹകരണ കോളേജുകൾക്ക് കേരളത്തിലെ സർവ്വകലാശാലകളിൽ അഫിലിയേഷൻ നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മാതൃകയിൽ സംസ്ഥാന സഹകരണ കോളേജുകളെ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നത് ബന്ധപ്പെട്ട സർവ്വകലാശാലകളാണ്.

(ബി) പരിഗണനയിലില്ല.

## വയനാട് ജില്ലയിലെ കോളേജുകളിൽ പുതിയ കോഴ്സുകൾ

249 (1692) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയനവർഷാരംഭത്തിൽ വയനാട് ജില്ലയിലെ ഏതെങ്കിലും കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കൽപ്പറ്റ ഗവ. കോളേജിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പുതിയ കോഴ്സുകൾ ഏതെല്ലാമെന്നും ടി കോഴ്സുകൾ എന്നാരംഭിക്കാനാവുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 30-1-2020-ലെ സ.ഉ.(കൈ) നമ്പർ 59/2020 ഉ.വി.വ. പ്രകാരം മാനന്തവാടി ഗവൺമെന്റ് കോളേജിൽ അടുത്ത അദ്ധ്യയന വർഷം മുതൽ എം.എസ്.സി. ഇലക്ട്രോണിക്സ് കോഴ്സ് അനുവദിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ സമാഹൃത പ്രൊപ്പോസൽ പ്രകാരം വയനാട് ജില്ലയിലെ മറ്റ് കോളേജുകളിൽ കോഴ്സ് അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) കൽപ്പറ്റ സർക്കാർ കോളേജിൽ വിവിധ കോഴ്സുകൾ ആരംഭിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്.

## പ്രകൃതിദുരന്തനിവാരണം ബിരുദ തലത്തിൽ പാഠ്യവിഷയമായി ഉൾപ്പെടുത്താൻ നടപടി

250 (1693) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്തനിവാരണം എന്ന വിഷയത്തിൽ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നാച്ചുറൽ ഹസാർഡ്സ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന പേരിൽ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) പ്രകൃതിദുരന്തങ്ങൾ തുടർക്കഥയാകുന്ന പുതിയ സാഹചര്യത്തിൽ ഇവയെക്കുറിച്ചും ദുരന്തങ്ങളെ അതിജീവിക്കുവാൻ മനുഷ്യസാധ്യമായ അറിവ് സമൂഹത്തിൽ വ്യാപിപ്പിക്കുന്നതിനും ഇത്തരം കോഴ്സുകൾ പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ദുരന്ത നിവാരണം ബിരുദ തലത്തിൽ ഒരു നിർബന്ധ പാഠ്യ വിഷയമായി ഉൾപ്പെടുത്തുന്നതിന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രകൃതിദുരന്തനിവാരണം എന്ന വിഷയത്തിൽ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നാച്ചുറൽ ഹസാർഡ്സ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന പേരിൽ 60 മണിക്കൂർ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് ജോഗ്രഫി വകുപ്പിന് കീഴിൽ രണ്ട് വർഷമായി നടത്തിവരുന്നുണ്ട്. വിവിധ

അക്കാദമിക് ധാരയിൽനിന്നുള്ള +2 യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പ്രയോജനപ്പെടുത്തുന്ന തരത്തിലാണ് പഠനരീതി സജ്ജമാക്കിയിട്ടുള്ളത്. ആഴ്ചയിൽ മൂന്ന് ദിവസം (ചൊവ്വ, ബുധൻ, വ്യാഴം) വൈകിട്ട് 3 മണി മുതൽ 5.30 വരെയാണ് സമയക്രമം.

(ബി&സി) ദുരന്തനിവാരണ നടപടികൾ സംസ്ഥാനത്തും അതീവ പ്രസക്തമായ ഇന്നത്തെ സാഹചര്യത്തിൽ ബിരുദ ബിരുദാനന്തരതലത്തിൽ പ്രകൃതി ദുരന്ത നിവാരണം സംബന്ധിച്ച വിഷയങ്ങൾ ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തുന്നതിന് സർവ്വകലാശാലകൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

## കോളേജ് യൂണിയൻ ചെയർമാന്മാർക്ക് ലണ്ടനിൽ പരിശീലനം

251 (1694) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിലെ യൂണിയൻ ചെയർമാന്മാരെ ലണ്ടനിൽ പരിശീലനത്തിന് അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ലണ്ടനിലെ ഏതു സർവ്വകലാശാലയിലാണ് ഇവരെ പരിശീലനത്തിന് അയയ്ക്കുന്നതെന്നും പ്രസ്തുത പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഈ പരിശീലന പരിപാടിക്കായി എത്ര കോടി രൂപ ചെലവ് വരും; ഇതിനായുള്ള ഫണ്ട് എപ്രകാരമാണ് കണ്ടെത്തുകയെന്നും വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രസ്തുത പരിശീലനപരിപാടിക്കായി കോടികൾ മുടക്കുന്നതിനുള്ള ന്യായീകരണം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള യൂണിവേഴ്സിറ്റികളിലെയും തെരഞ്ഞെടുപ്പിലൂടെ അവരോധിക്കപ്പെട്ടിട്ടുള്ള ചെയർമാൻ/ചെയർപേഴ്സൺമാർക്ക് വിദേശ സർവ്വകലാശാലയിൽ പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ലണ്ടനിലെ കാർഡിഫ് സർവ്വകലാശാലയിലാണ് പരിശീലനത്തിന് അയയ്ക്കുന്നത്. ചുവടെ ചേർക്കുന്ന മാനദണ്ഡപ്രകാരമാണ് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത്.

1. അപേക്ഷകർ സംസ്ഥാനത്തെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയോ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലോ വിദ്യാർത്ഥി ആയിരിക്കണം.

2. അപേക്ഷകർ യൂണിവേഴ്സിറ്റി നിയമപ്രകാരം ചെയർമാൻ/ ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെട്ടതും ഇപ്പോൾ ഭാരവാഹിത്വം വഹിക്കുന്നവരും ആയിരിക്കണം.

(സി) ഈ പരിശീലന പരിപാടിക്കായി പ്ലാൻ ഫണ്ടിൽ 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഈ വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇന്നവേറ്റീവായ സ്കീമാണ് LEAD (Leadership Building For Elected Student Representatives in Government Colleges). സംസ്ഥാനത്തെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള യൂണിവേഴ്സിറ്റികളിലെയും തെരഞ്ഞെടുപ്പിലൂടെ അവരോധിക്കപ്പെട്ട ചെയർമാൻ/ചെയർപേഴ്സൺമാർക്ക് വിദേശ സർവ്വകലാശാലകളിൽ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്ന പദ്ധതിയാണിത്. ഒരു നല്ല എക്സ്പോഷറും പഠനവും പ്രമുഖരുമായുള്ള ആശയ സംവാദവും ജനാധിപത്യ സ്ഥാപനങ്ങൾ സന്ദർശിക്കുകയുമാണ് ഈ പരിപാടിയിലൂടെ ലക്ഷ്യംവെയ്ക്കുന്നത്. ബ്രിട്ടീഷ് കൗൺസിലുമായി സർക്കാർ ഏർപ്പെട്ടിരിക്കുന്ന MOU-ൽ വിദ്യാർത്ഥികൾക്കും അദ്ധ്യപകർക്കും സന്ദർശനത്തിനായും പഠനത്തിനായും വിഭാവന ചെയ്തിട്ടുണ്ട്. താരതമ്യേന ചെലവ് കുറഞ്ഞതും നല്ല ഒരു ഷെഡ്യൂൾ പ്രകാരം ഒരാഴ്ച നീണ്ടുനിൽക്കുന്ന പഠനവും തയ്യാറാക്കിയിട്ടുള്ള ലോകത്തിലെ മുൻപന്തിയിൽ നിൽക്കുന്ന സർവ്വകലാശാലകളിൽ ഒന്നായ CARDIFF University-ൽ ആണ് 2019-20 വർഷത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

## ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പുതിയ കോഴ്സുകൾ

252 (1695) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ എത്ര പുതിയ കോഴ്സുകളും എത്ര പുതിയ തസ്തികകളും അനുവദിച്ചിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പത്തിരിപാല ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ പുതിയ കോഴ്സുകളും പുതിയ തസ്തികകളും അനുവദിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി എന്താണെന്ന വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) പുതിയ കോഴ്സുകളുടെ വിശദാംശം അനുബന്ധംI ആയും പുതിയ തസ്തികകളുടെ വിശദാംശം അനുബന്ധം II ആയും ചേർക്കുന്നു.*

(ബി) കോഴ്സും തസ്തികയും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

## സ്വകാര്യ കോളേജുകളുൾപ്പെടെയുള്ള കോളേജുകൾക്ക് സ്വയംഭരണാവകാശം

253 (1696) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ കോളേജുകളുൾപ്പെടെയുള്ള കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കേരളത്തിലെ സർവ്വകലാശാലാ നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014-ലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് നിലവിൽ സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണ പദവിക്ക് ശിപാർശ നൽകിവരുന്നത്. പ്രസ്തുത സർവ്വകലാശാലാ നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ടിൽ ഭേദഗതി വരുത്തിയതിനുശേഷം മാത്രം, NAAC ഗ്രേഡ് പോയിന്റ് 3.5-നും അതിനുമുകളിലുള്ള കോളേജുകൾക്ക് സ്വയംഭരണ പദവി നൽകിയാൽ മതിയെന്ന് ഓട്ടോണമി അപ്രൂവൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇന്റേണൽ അസെസ്സ്മെന്റിന്റെ മിനിമം മാർക്ക് നിബന്ധന വേണ്ടെന്ന തീരുമാനം

254 (1697) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ കേരള സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെയും സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും ഇന്റേണൽ അസെസ്സ്മെന്റിന് നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്ക് നിബന്ധന വേണ്ടെന്ന് വയ്ക്കുവാൻ തീരുമാനിച്ചിട്ടിട്ടുണ്ടോ ;എങ്കിൽ പ്രസ്തുത തീരുമാനമെടുത്തതിന്റെ സാഹചര്യമെന്തായിരുന്നു;വ്യക്തമാക്കുമോ;

(ബി) സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാതെ അക്കാഡമിക് കാര്യങ്ങൾക്കായി അദ്ധ്യാപകർ വിദേശ യാത്ര നടത്തുമ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിലും കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ഇന്റേണൽ അസെസ്സ്മെന്റിന് മിനിമം മാർക്ക് ഒഴിവാക്കിയിട്ടുണ്ട്. എം.ജി. സർവ്വകലാശാലയും കേരള സർവ്വകലാശാലയും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയും കാലിക്കറ്റ് സർവ്വകലാശാലയും ഈ വിഷയത്തിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

ബി.ടെക് പാഠ്യ പദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായാണ് ആഭ്യന്തര മൂല്യ നിർണ്ണയത്തിന് മിനിമം മാർക്ക് വേണ്ടെന്ന് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല തീരുമാനിച്ചത്. യു.ജി. കോഴ്സുകളുടെ പരിഷ്കരിച്ച റെഗുലേഷൻ പ്രകാരം ഇന്റേണൽ അസെസ്മെന്റിന് ഇംപ്രൂവ്മെന്റിനുള്ള അവസരമില്ലാത്തതിനാൽ മിനിമം മാർക്ക് എന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ടെന്ന് കണ്ണൂർ സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സർക്കാർ ജീവനക്കാരുടെ വിദേശയാത്ര സംബന്ധിച്ച 16-2-2019-ലെ സ.ഉ.(അച്ചടി)നമ്പർ 12/2019/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സർക്കാരിനോ/വകുപ്പിനോ യാതൊരു സാമ്പത്തിക ബാധ്യതയും ഇല്ലാതെ സർക്കാർ/എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് വിദേശ

രാജ്യങ്ങളിൽ കോൺഫറൻസുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ, റിസർച്ച് മീറ്റിംഗുകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിന് സ്ഥാപനമേധാവിയിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങി അപേക്ഷകൾ ഓൺലൈൻ സോഫ്റ്റ്‌വെയർ ആയ SOAFT (System for Online Application for Foreign Travel) മുഖാന്തരം വകുപ്പ് മേധാവിക്ക് നേരിട്ട് സമർപ്പിക്കുന്നതിനും അവ പരിശോധിച്ച് അദ്ധ്യാപകർക്ക് ടി കാര്യങ്ങൾക്ക് വിദേശയാത്രയ്ക്കുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുള്ള അധികാരം 19-8-2019-ലെ സ.ഉ. (സാധാ) നമ്പർ 1483/2019/ഉ.വി.വ. പ്രകാരം വകുപ്പ് മേധാവിക്ക് നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തെ നിയമപഠനം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് നടപടി

255 (1698) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നിയമപഠനം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി നിയമ സർവ്വകലാശാലയോ നിയമവിദ്യാഭ്യാസ ഡയറക്ടറേറ്റോ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

സംസ്ഥാനത്തെ ലാ കോളേജുകൾ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതിനാൽ ലാ കോളേജ് അദ്ധ്യാപകരെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ കൊണ്ടുവരുന്ന വിഷയം പരിശോധിക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന്, ഒരു മൂന്നംഗ സമിതി മേൽവിഷയം പരിശോധിക്കുകയും ലാ കോളേജുകൾക്കായി ഒരു പ്രത്യേക നിയമ ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന ശിപാർശ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ, പ്രസ്തുത ശിപാർശ ധനവകുപ്പ് അംഗീകരിച്ചില്ല. പുതിയ തസ്തികകൾ സൃഷ്ടിക്കാതെ തന്നെ ലാ കോളേജുകളിലെ അദ്ധ്യാപകരെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ കൊണ്ടുവരുന്നതിനുള്ള അനുമതി മാത്രമാണ് ധനവകുപ്പ് നൽകിയിട്ടുള്ളത്. ഈ വിഷയം സർക്കാർ ഇപ്പോൾ പരിശോധിച്ചുവരികയാണ്.

## ക്യാമ്പസ് കൗൺസിൽ രൂപീകരണം

256 (1699) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജ് ക്യാമ്പസ്സുകളിൽ വിദ്യാർത്ഥികളുടെ പരാതി കേൾക്കുന്നതിനും തീർപ്പ് കല്പിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണ്; അറിയിക്കുമോ;

(ബി) വിദ്യാർഥികളെ വിലയിരുത്തുവാൻ അദ്ധ്യാപകർക്ക് അവസരം നൽകുന്നത് പോലെ അദ്ധ്യാപകരെ വിലയിരുത്തുവാൻ വിദ്യാർത്ഥികൾക്കും അവസരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പി.റ്റി.എ. പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ക്യാമ്പസ്സ് കൗൺസിൽ രൂപീകരിച്ച് അവരുടെ അംഗീകാരത്തോട് കൂടി മാത്രം ക്യാമ്പസ്സുകളിൽ നിയമങ്ങളും നിയന്ത്രണങ്ങളും നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം പാർട്ട് ടൈം ജോലി ചെയ്യുന്നതിന് അവസരമൊരുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകളിൽ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിദ്യാർത്ഥികളുടെ പരീക്ഷാ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ വകുപ്പ് മേധാവിയുടെ നേതൃത്വത്തിലും കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ നേതൃത്വത്തിലും ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റികൾ നിലവിലുണ്ട്. കൂടാതെ, വിദ്യാർത്ഥികളുടെ പൊതുവായ പരാതികൾ സംബന്ധിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് കോളേജ് കൗൺസിലുകളും സ്റ്റുഡന്റ്സ് ഗ്രീവൻസ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. അക്കാദമിക കാര്യങ്ങളിൽ പരാതികൾ കേൾക്കുന്നതിനായി കോളേജ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും പെൺകുട്ടികളെ സംബന്ധിക്കുന്ന പരാതികൾ കേൾക്കുന്നതിനായി വുമൺസ് സെല്ലുകളും രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ, വിദ്യാർത്ഥികളുടെ അപ്പീൽ പരാതികൾ പരിഹരിക്കുന്നതിനായി സർവ്വകലാശാലാതലത്തിൽ പരാതി പരിഹാര സെല്ലുകളുമുണ്ട്. റാഗിംഗ് സംബന്ധമായ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ആന്റി റാഗിംഗ് കമ്മിറ്റികളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) സർവ്വകലാശാലാ തലത്തിൽ NBA/AICTE നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ സർവ്വകലാശാലകൾ എല്ലാ സെമസ്റ്ററുകളിലും വിദ്യാർത്ഥികളിൽനിന്നും Feed Back സ്വീകരിക്കാറുണ്ട്. കൂടാതെ, വിദ്യാർത്ഥികളെ വിലയിരുത്താൻ അദ്ധ്യാപകർക്ക് അവസരം നൽകുന്നതുപോലെ അദ്ധ്യാപകരെയും അവരുടെ പ്രവർത്തന മികവും വിലയിരുത്താൻ വിദ്യാർത്ഥികൾക്കും അവസരം നൽകാറുണ്ട്. പോളിടെക്നിക് കോളേജുകളിൽ വിദ്യാർത്ഥികളിൽനിന്നും ഡിപ്പാർട്ട്മെന്റ് ഹെഡ് മുഖേന പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ Feed Back എടുക്കാറുണ്ട്. ഇതുകൂടാതെ NAAC Accreditation-ന്റെ ഭാഗമായും അദ്ധ്യാപകരെ വിലയിരുത്താൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ട്.

(സി) ക്യാമ്പസ്സുകളിൽ നിയമങ്ങളും നിയന്ത്രണങ്ങളും നടപ്പിലാക്കുന്നത് സർക്കാർ/സർവ്വകലാശാല നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായിട്ടാണ്. ഇത്തരം നിയമങ്ങളും ചട്ടങ്ങളും യു.ജി.സി.-യുടെയും മറ്റ് ദേശീയ റെഗുലേറ്ററി സമിതികളുടെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കോളേജുകളിൽ നടപ്പിലാക്കി വരുന്നത്.

(ഡി) ഉണ്ട്. വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ അവരുടെ അഭിരുചി ക്കനുസരിച്ച് വിവിധ മേഖലകളിൽ പാർട്ട് ടൈം ജോലികൾ ചെയ്യുന്നതിനുള്ള അവസരമുണ്ട്.

കൂടാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനവും നേടുന്നതിന് പ്രൊഡക്ഷൻ ആന്റ് ട്രെയിനിംഗ് (PAT) സെന്ററുകൾ കോഴിക്കോട് സർക്കാർ വനിതാ പോളിടെക്നിക് കോളേജ്, പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. തിരുരങ്ങാടി സർക്കാർ പോളിടെക്നിക് കോളേജ് തൃശ്ശൂർ, എം.റ്റി.ഐ. എന്നിവിടങ്ങളിൽ പ്രൊഡക്ഷൻ ആന്റ് ട്രെയിനിംഗ് (PAT) സെന്ററുകൾ സ്ഥാപിക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഉൽപ്പാദന പ്രക്രിയ യോടൊപ്പം ഇതിൽ ഭാഗമാകുന്ന വിദ്യാർത്ഥികൾക്ക് ഒരു ചെറിയ വരുമാനം ലഭിക്കുന്ന രീതിയിലാണ് PAT സെന്ററുകൾ പ്രവർത്തിക്കുന്നത്.

**സർക്കാർ കോളേജുകളിൽ ഈവനിംഗ് ക്ലാസ്സുകൾ**

257 (1700) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻകാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ സർക്കാർ കോളേജുകളിൽ ഈവനിംഗ് ക്ലാസ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ ജോലിയുള്ളവർക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിന് സഹായകമായ ഈവനിംഗ് ക്ലാസ്സുകൾ ആരംഭിക്കുന്നത് പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം സർക്കാർ ലാ കോളേജിൽ 2014-15 അക്കാദമിക വർഷം മുതൽ ത്രിവത്സര എൽ.എൽ.ബി.(അഡീഷണൽ ബാച്ച്-സെൽഫ് ഫിനാൻസിങ്ങ് ഈവനിംഗ്) കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ബാർ കൗൺസിൽ ഓഫ് ഇന്ത്യ, യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് മറ്റ് സർക്കാർ ലാ കോളേജുകളിലും ഈവനിംഗ് കോഴ്സുകൾ ആരംഭിക്കുന്നതാണ്.

ഈവനിംഗ് കോഴ്സുകൾക്ക് AICTE അംഗീകാരം ലഭിച്ചിട്ടുള്ള സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ ഈവനിംഗ് ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകൾ നടത്തിവരുന്നുണ്ട്.

നിലവിൽ ഈവനിംഗ് ക്ലാസ്സുകൾ ഇല്ലാത്ത പോളിടെക്നിക് കോളേജുകളിൽ AICTE അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈവനിംഗ് കോഴ്സുകൾ ആരംഭിക്കുന്നതാണ്.

**വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി രാഷ്ട്രീയം**

258 (1701) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൽഫ് ഫൈനാൻസ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി രാഷ്ട്രീയം അനുവദിക്കുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായുള്ള കരട് ബില്ലിന് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ക്യാമ്പസ് രാഷ്ട്രീയം നിരോധിച്ചുകൊണ്ടുള്ള സുപ്രീംകോടതിയുടെയും കേരള ഹൈക്കോടതിയുടെയും ഉത്തരവുകൾ നിലനിൽക്കുമ്പോൾ അതുകൂടി പരിഗണിച്ചിട്ടാണോ ഇപ്രകാരമുള്ള നിയമനിർമ്മാണം കൊണ്ടുവരുന്നത്; അറിയിക്കുമോ;

(സി) പ്രസ്തുത നിയമനിർമ്മാണത്തിനെതിരെ മെട്രോമാൻ ശ്രീ.ഇ. ശ്രീധരൻ വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) " വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി യൂണിയനുകൾ രൂപീകരിക്കുന്നതിനുവേണ്ടിയും വിദ്യാർത്ഥി പരാതി പരിഹാര കമ്മീഷൻ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ഒരു ആക്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്" ഒരു കരട് ബിൽ തയ്യാറാക്കുകയും ഇതിന് മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് നിലവിലുള്ള കോടതി വിധികൾ കൂടി കണക്കിലെടുത്തുകൊണ്ടാണ് നിയമനിർമ്മാണം നടത്തുന്നത്.

(സി) Foundation for Restoration of National Values (FRNV) എന്ന സംഘടനയുടെ പ്രസിഡന്റ് ഡോ. ഇ. ശ്രീധരൻ 25-11-2019-ന് അഡ്വ. കെ. എം. സത്യാനന്ദ മേനോൻ മുഖേന സമർപ്പിച്ച ഒരു വക്കീൽ നോട്ടീസ് ലഭിച്ചിട്ടുണ്ട്. ആയത് HEDN-K1/23/2020 നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

## തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിലെ വനിതാ ഹോസ്റ്റൽ നിർമ്മാണം

259 (1702) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ വനിതാ ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഇതിലേക്കാവശ്യമായ ബാക്കി തുക പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം 2202-03-103-75-01-00-00-PV ശീർഷകത്തിൽ വനിതാ ഹോസ്റ്റൽ നിർമ്മാണ പ്രവർത്തനത്തിനായി 3 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കൈമാറിയിട്ടുമുണ്ട്. പൊതുമരാമത്ത് വകുപ്പ് മണ്ണ് പരിശോധന നടത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) 2019-20 സാമ്പത്തിക വർഷം നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കുന്ന ശീർഷകത്തിൽ തുക അവശേഷിക്കുന്നില്ല. ആയതിനാൽ ഈ സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽനിന്നും ഈ ആവശ്യത്തിന് തുക അനുവദിക്കാൻ നിർവ്വാഹമില്ല.

## വിദ്യാർത്ഥി പ്രതിനിധികളുടെ വിദേശയാത്ര

260 (1703) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥി നേതാക്കൾക്കോ വിദ്യാർത്ഥി പ്രതിനിധികൾക്കോ വിദേശ രാജ്യത്ത് ഏതെങ്കിലും തരത്തിലുള്ള പരിശീലനം നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് പദ്ധതിയുടെ ഉദ്ദേശ്യമെന്ന് വ്യക്തമാക്കുമോ;

(ബി) പരിശീലന പരിപാടിക്കായി ഏതെല്ലാം കോളേജിലെ ഏതെല്ലാം വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ എന്ന നിലയിൽ തെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഓരോ വിദ്യാർത്ഥിയ്ക്കും ഏകദേശം എത്ര രൂപ വീതം ആകെ എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പരിശീലനപരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ നിന്നും സാമ്പത്തിക അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ധനകാര്യ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉന്നയിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ഉന്നതവിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുള്ള നിർദ്ദേശമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള യൂണിവേഴ്സിറ്റികളിലെയും തെരഞ്ഞെടുപ്പിലൂടെ അവരോധിക്കപ്പെട്ട ചെയർമാൻ/ ചെയർപേഴ്സൺമാർക്ക് വിദേശ സർവ്വകലാശാലകളിൽ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്ന പദ്ധതിയാണിത്. ഒരു നല്ല എക്സ്പോഷറും പഠനവും പ്രമുഖരുമായുള്ള ആശയ സംവാദവും ജനാധിപത്യ സ്ഥാപനങ്ങൾ സന്ദർശിക്കുകയുമാണ് ഈ പരിപാടിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

(ബി) സംസ്ഥാനത്തെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിലെയും തെരഞ്ഞെടുപ്പിലൂടെ അവരോധിക്കപ്പെട്ട ചെയർമാൻ/ചെയർപേഴ്സൺമാരെയാണ് പ്രസ്തുത പരിശീലന പരിപാടിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെയും കോളേജിന്റെയും പട്ടിക അംഗീകരിച്ച് അന്തിമ തീരുമാനമായിട്ടില്ല.

വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ എന്ന നിലയിൽ തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ല. ഒരു വിദ്യാർത്ഥിക്ക് 823 യൂറോ എന്ന നിരക്കിൽ പരമാവധി 75 വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീ, കോഴ്സ് മെറ്റീരിയലുകൾ, സർട്ടിഫിക്കറ്റ്, കോഴ്സ് ഇവാല്യുവേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്ക് 61,700 യൂറോ ആണ് ആകെ ചെലവ്. യാത്ര ടിക്കറ്റ്, വിസ തുടങ്ങിയവയുടെ നിരക്കുകൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല.

(സി) ഇല്ല. ഈ പരിശീലന പരിപാടിക്കായി പ്ലാൻ ഫണ്ടിൽ 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ച നൂതന പദ്ധതികൾ**

261 (1704) ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. മുകേഷ് :
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ നിലവാരം ഉറപ്പ് വരുത്തുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കോളേജ് വിദ്യാഭ്യാസ മേഖലയിൽ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) ദേശീയ ശരാശരിയേക്കാൾ ഉയർന്ന നിലയിൽ എത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പരീക്ഷകൾ കൃത്യസമയത്ത് തന്നെ നടത്തുന്നതിനും പരീക്ഷാഫലങ്ങൾ യഥാസമയം പ്രസിദ്ധീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജനാധിപത്യവൽക്കരണവും സാമൂഹ്യവൽക്കരണവും ഉറപ്പാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ നിലവാരം ഉറപ്പ് വരുത്തിന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ലൈവ് സ്ട്രീമിംഗിനും ഓൺലൈൻ ക്ലാസ്സുകൾക്കുമായി മേഘ നാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE-Online Resource Initiative of Collegiate Education) സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം ഉപയോഗിച്ചുകൊണ്ട് അക്കാദമിക വിദഗ്ധരുടെ ക്ലാസ്സുകൾ വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

- വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനായി 2019-20 സാമ്പത്തിക വർഷം "Jeevani-College Mental Awareness Programme" എന്ന പദ്ധതി 67 ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നടപ്പിലാക്കി.

- റൂസ ഒന്നാം ഘട്ട പദ്ധതിപ്രകാരം 6 സർവ്വകലാശാലകളിൽ 20 കോടി രൂപ വീതവും രണ്ടാം ഘട്ടത്തിന്റെ ഭാഗമായി രണ്ട് സർവ്വകലാശാലകൾക്ക് 50 കോടി രൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്.

- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എഞ്ചിനീയറിംഗ്, പോളി ടെക്നിക് കോളേജുകളിൽ AICTE അക്രെഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- അന്തർദ്ദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കിയും ഡിജിറ്റൽ/ ഇ-ലൈബ്രറികൾ സ്ഥാപിച്ചും അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

- ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയിൽ പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്.

- കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി,

തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് ആന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്റർ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, റൂറൽ ടെക്നോളജി ഡെവലപ്പ്മെന്റ് സെന്റർ, എനർജി & എൻവയോൺമെന്റും സ്ഥാപിച്ചിട്ടുണ്ട്.

- എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവയുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതികവിദ്യയിൽ പരിശീലന പരിപാടികളും നടത്തിവരുന്നു.
- CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു.
- എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു.
- നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തി വരുന്നു.
- കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 48 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ വികസനത്തിനായി 297 കോടി രൂപയും 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 59.47 കോടി രൂപയും പൈതൃക കോളേജുകളുടെ വികസനത്തിനായി 73.76 കോടി രൂപയും സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 49.29 കോടി രൂപയും പുതുതായി ആരംഭിച്ച ആർട്സ് ആന്റ് സയൻസ് കോളേജിന് 10.23 കോടി രൂപയും കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.
- അസാപ്പിന് കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. പുതിയ ഏഴെണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിൽ. ബഹുഭാഷാ പരിശീലന കേന്ദ്രങ്ങൾ സ്ത്രീ ശാക്തീകരണത്തിനായുള്ള She Skills-2019 പദ്ധതി എന്നിങ്ങനെ 1118 സ്ഥാപനങ്ങളിൽ രണ്ട് ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനോടൊപ്പം നൈപുണ്യ പരിശീലനത്തിന് അവസരം സൃഷ്ടിച്ചു.

- സർവ്വകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അന്തർ വൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് ലക്ഷ്യമിട്ട് മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിലെ അന്തർസർവ്വകലാശാല കേന്ദ്രങ്ങളടക്കം 18 ഗവേഷണ കേന്ദ്രങ്ങളെ ഒരു കുടക്കീഴിലാക്കി 34.42 കോടി രൂപ ചെലവിൽ കൺവർജൻസ് അക്കാദമിക് കോംപ്ലക്സ് യാഥാർത്ഥ്യമാക്കി.

- സംസ്ഥാനത്തെ സർവ്വകലാശാലകൾ നൽകുന്ന പരമാവധി സേവനങ്ങളും വിദ്യാർത്ഥി പ്രവേശനം മുതൽ വിവിധ സർട്ടിഫിക്കറ്റുകൾ വരെ ഓൺലൈനിൽ ലഭ്യമാക്കി. എഞ്ചിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ ഓൺലൈൻ മുഖേന നടത്താനായി.

- പ്രൊഫഷണൽ വിദ്യാർത്ഥി സമ്മിറ്റ് സംഘടിപ്പിച്ച് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇതര വൈജ്ഞാനിക മേഖലകളിൽ മികവ് സ്വായത്തമാക്കി മുന്നേറുന്നതിന് വിവിധ തലങ്ങളിൽ വിജയം കൈവരിച്ച പ്രഗത്ഭരുമായി സംവദിക്കുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരമൊരുക്കി. നവകേരള നിർമ്മിതിക്കായി വിദ്യാർത്ഥികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതിനും അവർക്ക് മുഖ്യമന്ത്രിയുമായി സംവദിക്കുന്നതിനും വേദിയൊരുക്കി Students Leaders' Conclave- സംഘടിപ്പിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ലീഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വകലാശാല, സർക്കാർ കോളേജ് യൂണിയൻ ചെയർമാന്മാർക്ക് വിദേശ രാജ്യങ്ങളിൽ പരിശീലനത്തിന് പദ്ധതിക്ക് തുടക്കമായി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് ഓൺലൈൻ പരാതി പരിഹാര സംവിധാനം - For the Students നിലവിൽ വന്നു. ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പെൺകുട്ടികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമ മുറികൾ. സർവ്വകലാശാല സിൻഡിക്കേറ്റുകളിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പുവരുത്തി.

- ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 29.33 കോടി രൂപയുടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. എറുഡെയ്റ്റ് പദ്ധതിപ്രകാരം 3 നോബൽ സമ്മാന ജേതാക്കളും ഒരു ആബേൽ സമ്മാന ജേതാവും ഒരു ബുക്കർ സമ്മാന ജേതാവുമടക്കം 116 പ്രമുഖരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരം സൃഷ്ടിച്ചു.

(ബി) ഉണ്ട്. 2018-19 ലെ ആൾ ഇൻഡ്യ ഹയർ എഡ്യൂക്കേഷൻ സർവ്വേ അനുസരിച്ച് GER കേരളത്തിലേത് 30.8 ശതമാനം പുരുഷന്മാരും 43.2 ശതമാനം സ്ത്രീകളുമാണ്. ഇതേസമയം ഇതിന് തുല്യമായ ദേശീയ ശരാശരി 26.3 ശതമാനം പുരുഷന്മാരും 26.4 ശതമാനം സ്ത്രീകളുമാണ്.

(സി) എല്ലാ സർവ്വകലാശാലകളിലും പരീക്ഷാ മൂല്യനിർണ്ണയം എന്നിവ മാർച്ച്-ഏപ്രിൽ മാസത്തിൽതന്നെ നടത്തുന്നതിനും ഏപ്രിൽ 30-നകം ബിരുദ പ്രോഗ്രാമുകളുടെയും മേയ് 31-നകം ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെയും പരീക്ഷാ ഫലങ്ങൾ പ്രഖ്യാപിക്കാനും പൊതു അക്കാദമിക് കലണ്ടർ പ്രസിദ്ധീ കരിക്കുന്നതിനും പരീക്ഷകൾ, റിസൾട്ടുകൾ എന്നിവ നിശ്ചിത സമയ ക്രമത്തിൽ പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജനാധിപത്യവൽക്കരണവും സാമൂഹ്യവൽക്കരണവും ഉറപ്പാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

- കരിക്കുലം പരിഷ്കരണത്തിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും(Quality Higher Education for All):- ബിരുദ/ ബിരുദാനന്തര ബിരുദ കരിക്കുലവും സിലബസ്സും യു.ജി.സി. നിർദ്ദേശങ്ങൾക്കും അനുസരിച്ച് കാലോചിതമായി പരിഷ്കരിക്കുന്നു.

- വിദ്യാർത്ഥി പ്രവേശനത്തിലെ ഏകജാലക സംവിധാനം:- ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് വിദ്യാർത്ഥി പ്രവേശനത്തിന് ഏകജാലക സമ്പ്രദായം നടപ്പിലാക്കിയതോടെ വിദ്യാർത്ഥി പ്രവേശനത്തിൽ മെരിറ്റും സംവരണവും പാലിക്കുന്നത് ഉറപ്പുവരുത്തി.

- 'പ്രബുദ്ധത' പദ്ധതി:- ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യ വൽക്കരണവും സാമൂഹ്യവൽക്കരണവും ലക്ഷ്യമാക്കിയുള്ള പദ്ധതിയാണ് പ്രബുദ്ധത.

- ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി:- സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിലും സർവ്വകലാശാലാ ഡിപ്പാർട്ടുമെന്റുകളിലും ബിരുദ, ബിരുദാനന്തര തലത്തിൽ നോൺ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥി കൾക്കായി 2009 മുതൽ നടപ്പിലാക്കിയതാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി. വർഷത്തിൽ 4200 വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

## കായികക്ഷമതയ്ക്കായി യു.ജി.സി. നിർദ്ദേശങ്ങൾ

262 (1705) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകരമായ ജീവിത ശൈലി ലക്ഷ്യമിട്ട് കോളേജുകളിലും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും വിദ്യാർത്ഥികൾക്ക് കായികക്ഷമതാ പ്രവർത്തനങ്ങൾക്കായി നാൽപ്പത്തിയഞ്ച് മിനിട്ട് സമയം നീക്കി വയ്ക്കണമെന്ന് യു.ജി.സി. നിഷ്കർഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് പുറമെ കായികക്ഷമതയ്ക്കായി മറ്റ് ഏതെങ്കിലും നിർദ്ദേശം യു.ജി.സി. നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത യു.ജി.സി. നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കണമെന്ന് യു.ജി.സി. നിർദ്ദേശിക്കുന്നുണ്ട്.

1. ഫിറ്റ്നസ് അവർ (FITNESS HOUR):- 2020 ജനുവരി മുതൽ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ദിവസേന 45 മുതൽ 60 മിനിട്ട് വരെയുള്ള FITNESS HOUR ഉണ്ടായിരിക്കണം.

2. ഫിറ്റ്നസ് ക്ലബ്ബ് (FITNESS CLUBS):- എല്ലാ സ്ഥാപനങ്ങളിലും ഒരു വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ സ്പോർട്സ്/ഫിറ്റ്നസ് പ്രേമികളെ ചേർത്ത് ഫിറ്റ്നസ് ക്ലബ്ബുകൾ രൂപീകരിക്കണം.

3. ഫിറ്റ്നസ് ക്യാമ്പയിനുകൾ (FITNESS CAMPAIGNS):- തെരഞ്ഞെടു ക്കപ്പെട്ട ആശയങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ മാസവും ഫിറ്റ്നസ് ക്യാമ്പയി നുകൾ സംഘടിപ്പിക്കണം.

4. സ്പോർട്സ് മത്സരങ്ങൾ (SPORTS COMPETITIONS):- എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ദേശീയ സംസ്ഥാന സ്പോർട്സ് മത്സരങ്ങളുടെ മുന്നോടിയായി വാർഷിക സ്പോർട്സ് മത്സരങ്ങൾ സംഘടിപ്പിക്കണം.

5. സ്ഥാപനങ്ങളുടെ സ്റ്റാർ റേറ്റിംഗ് (STAR RATING OF INSTITUTIONS):- ഫിറ്റ്നസ് അവർ, ഫിറ്റ്നസ് ക്ലബ്ബ്സ്, ഫിറ്റ്നസ് ക്യാമ്പയിനുകൾ, സ്പോർട്സ് മത്സരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ സ്റ്റാർ റേറ്റിംഗ് നിശ്ചയിക്കാവുന്നതാണ്.

6. ഭക്ഷണ ശീലം (FOOD HABITS):- എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരോഗ്യകരമായ ഭക്ഷണശീലം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളുടെ വളപ്പിൽ പ്രവർത്തിക്കുന്ന ക്യാന്റീനുകളിൽ 'JUNK FOODS'-ന്റെ വിൽപ്പന നിരോധിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത യു.ജി.സി. നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മാനന്തവാടി മണ്ഡലത്തിൽ റൂസ പദ്ധതി പ്രകാരം ആരംഭിക്കാനുദ്ദേശിക്കുന്ന സർക്കാർ കോളേജ്**

263 (1706) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ 'റൂസ' പദ്ധതി പ്രകാരം ആരംഭിക്കാനുദ്ദേശിക്കുന്ന സർക്കാർ കോളേജിന്റെ പ്രവർത്തനം തുടങ്ങുന്നതിന് എതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ;വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ നടന്നു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) RUSA-MHRD-യിൽനിന്നും ഫണ്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനം ആരംഭിക്കാൻ സാധിക്കുക. 2020-ൽ മോഡൽ ഡിഗ്രി കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) റൂസ 2-ാം ഘട്ടത്തിന്റെ ഭാഗമായി വയനാട് ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മാതൃകാ ഡിഗ്രി കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി കോളേജിനാവശ്യമായ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറി കിട്ടേണ്ടതുണ്ട്. ആയതിലേയ്ക്കായി ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പേരിയ വില്ലേജിലെ 75 ഏക്കർ ഭൂമിയിൽനിന്നും 10 ഏക്കർ ഭൂമി നൽകാമെന്ന് അറിയിച്ചുകൊണ്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 25-1-2019-ലെ G.O.(Rt) No.194/2019/H&FWD പ്രകാരം ഉത്തരവിറക്കുകയും പ്രസ്തുത ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തി 20-11-2019-ലെ G.O.(Rt)No.2783/2019/ H&FWD പ്രകാരം പുതുക്കിയ ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം മോഡൽ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കിയതിന്റെ റിപ്പോർട്ട് സർവ്വേ ഡയറക്ടർ നൽകിയിട്ടുണ്ട്. നിലവിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിലെ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന്റെ ഫയൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലുമാണ്. പ്രസ്തുത സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് RUSA-MHRD-യെ അറിയിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## സർക്കാർ കോളേജ് കെട്ടിടങ്ങളുടെ നവീകരണം

264 (1707) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കോളേജുകളുടെ കെട്ടിടങ്ങൾ നവീകരിക്കുന്നതിനും പുതിയ കെട്ടിടങ്ങൾ പണിയുന്നതിനും കിഫ്ബി മുഖാന്തരവും അല്ലാതെയും അനുവദിച്ച തുകയുടെ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) എത്ര കോളേജുകളിൽ ഇതു പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ;

(സി) ഇതിൽ കോഴിക്കോട് ജില്ലയിലെ കണക്കുകൾ പ്രത്യേകം നൽകാമോ?

<u>ഉത്തരം</u>

(എ) അനുബന്ധം(1)-ൽ ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിനുശേഷം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2019-20 വർഷം നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടികൾ നടന്നുവരുന്നു.

(സി) അനുബന്ധം(2)-ൽ ചേർക്കുന്നു*.

## തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജിന്റെ വികസന പദ്ധതികൾ

265 (1708) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജിന്റെ വികസനത്തിനായി കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) എന്നത്തേക്ക് ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തിയായി. വർക്ക് ഓർഡർ 18-1-2020-ന് നൽകുകയും പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) 13.76 കോടി രൂപയുടെ പദ്ധതി നിർവ്വഹണത്തിനായി 12 മാസത്തെ കാലാവധിയാണ് നൽകിയിട്ടുള്ളത്. 2021 മാർച്ചിൽ പദ്ധതി പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) ടി പദ്ധതിയിൽ രണ്ട് നിലകളിലായി 46629 ചതുരശ്ര അടി അക്കാഡമിക് ബ്ലോക്ക്, ചുറ്റുമതിൽ, ഗേറ്റ്, ഇലക്ട്രിഫിക്കേഷൻ വർക്ക്, സമ്പ്, സെപ്റ്റിക് ടാങ്ക് തുടങ്ങിയവ ഉൾപ്പെട്ടിരിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലയാളം ലക്ചറർ നിയമനം

266 (T1709) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മലയാളം ലക്ചറർ നിയമനവുമായി ബന്ധപ്പെട്ട് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നാളിതുവരെ 38 പേർക്ക് (ഒരു എൻ.ജെ.ഡി. ഉൾപ്പെടെ) നിയമനം നൽകിയിട്ടുണ്ട്.

## റിട്ട് പെറ്റീഷനിന്മേൽ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ്

267 (1710) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമിതയായ മേഴ്സി ടി. വർഗ്ഗീസ് മുതൽപേർ ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) No.9832 of 2016 റിട്ട് പെറ്റീഷനിന്മേൽ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ ഉത്തരവ് നടപ്പാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നടപ്പിലാക്കിയിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 9832/2016(D) തീയതി 13-9-2017 പ്രകാരമുള്ള വിധി ന്യായത്തിന്മേൽ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ലക്ചറർ ഇൻ ബോട്ടണി തസ്തികയിലെ ഒഴിവുകൾ

268 (1711) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ കോളേജുകളിൽ ലക്ചറർ ഇൻ ബോട്ടണി തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ കോളേജുകൾ പ്രസ്തുത തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ആയത് അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ, നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ&ബി) ലക്ചറർ ഇൻ ബോട്ടണി തസ്തികയിൽ മടപ്പള്ളി ഗവൺമെന്റ് കോളേജിൽ ഒരു ഒഴിവുണ്ട്. പ്രസ്തുത ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) കാസർഗോഡ് ഗവൺമെന്റ് കോളേജ്, ഇലന്തൂർ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് എന്നിവിടങ്ങളിൽ ബോട്ടണി വിഭാഗത്തിൽ ഓരോ പുതിയ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## മന്നാനിയ ആർട്സ് ആന്റ് സയൻസ് കോളേജിലെ അദ്ധ്യാപക നിയമനം

269 (1712) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാങ്ങോട് മന്നാനിയ ആർട്സ് ആന്റ് സയൻസ് കോളേജിൽ കോമേഴ്സ് വിഭാഗത്തിൽ നിലവിലുള്ള 7 തസ്തികകൾക്കുപുറമേ 5 അദ്ധ്യാപക തസ്തിക കൂടി സൃഷ്ടിക്കണം എന്നപേക്ഷിച്ചുകൊണ്ട് കോളേജ് ഡി4/25697/18 തീയതി: 5-3-2019 പ്രകാരം നൽകിയ അപേക്ഷയിൻമേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) കോളേജിൽ കോൺട്രാക്ട് അദ്ധ്യാപകരാണ് ഇപ്പോൾ പഠിപ്പിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വേണ്ടി ഇപ്പേൾ പഠിപ്പിക്കുന്ന കോൺട്രാക്ട് അദ്ധ്യാപകർക്ക് പകരം സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഡി4/25697/2018, 5-3-2019-ലെ കത്ത് പ്രകാരം പാങ്ങോട് മന്നാനിയാ ആർട്സ് ആന്റ് സയൻസ് കോളേജിൽ കൊമേഴ്സ് വിഭാഗത്തിൽ 5 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിഗണിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തസ്തികകൾ സൃഷ്ടിക്കപ്പെടുന്ന മുറയ്ക്ക് മാത്രമേ സ്ഥിരം അദ്ധ്യാപക നിയമനങ്ങൾ സാധ്യമാവുകയുള്ളൂ. പകരം സംവിധാനം എന്ന നിലയിൽ നിയമിക്കപ്പെടുന്ന താൽക്കാലിക അദ്ധ്യാപകരും മതിയായ യോഗ്യതകൾ ഉള്ളവർ തന്നെയാണ്.

**സ്വകാര്യ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ**

270 (1713) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള സംസ്ഥാനത്തെ സ്വകാര്യ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇതിന് മുമ്പ് സ്വകാര്യ കോളേജുകളിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചത് എന്നാണ്; അതിൻപ്രകാരമുള്ള വിവരങ്ങൾ നൽകാമോ;

(സി) ഇപ്പോൾ പുതുക്കി നിശ്ചയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം നിലവിൽ തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളുടെയും ട്രെയിനിംഗ് കോളേജുകളുടെയും അറബിക് കോളേജുകളുടെയും സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെട്ട

ജി.ഒ.(എം.എസ്.)നമ്പർ 60/2016/ ഉ.വി.വ.,29-2-2016-ലെ ഉത്തരവിലെ അനോമലി പരിഹരിച്ച് ജി.ഒ.(എം.എസ്.)നമ്പർ 308/2019/ഉ.വി.വ., തീയതി 1-9-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇതിനുമുമ്പ് സ്വകാര്യ കോളേജുകളിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചത് ജി.ഒ.(എം.എസ്.)നമ്പർ 60/2016/ഉ.വി.വ.,29-2-2016-ലെ ഉത്തരവ് പ്രകാരമാണ്.

(സി) ജി.ഒ.(എം.എസ്.)നമ്പർ 60/2016/ഉ.വി.വ.,29-2-2016-ലെ ഉത്തരവ് പ്രകാരം എയ്ഡഡ് കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കിയപ്പോൾ "E" ഗ്രേഡ് ഒഴിവാക്കിയതിനെ തുടർന്ന് ചില കോളേജുകളിൽ ചില തസ്തികകളുടെ എണ്ണം അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ഈ വിഷയം പരിശോധിച്ച് 1-9-2019-ലെ ജി.ഒ.(എംഎസ്.)നമ്പർ 308/2019/ഉ.വി.വ. പ്രകാരം 5 കോഴ്സുകൾ വരെയുള്ള കോളേജുകളെ "E" ഗ്രേഡിലേയ്ക്ക് മാറ്റുകയും ടി കോളേജുകൾക്കായി 8 തസ്തികകൾ അനുവദനീയമാണെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

## പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ സേവന വ്യവസ്ഥകൾ

271 (1714) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ബന്ധപ്പെട്ട സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് പ്രകാരമാണോ നിശ്ചയിക്കുന്നത്; വിശദമാക്കുമോ;

(ബി) സ്റ്റാറ്റ്യൂട്ട് പ്രകാരം ക്ലാസ് ഫോർ ജീവനക്കാരുടെ പ്രൊബേഷൻ നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ഈ വിഭാഗത്തിലെ ജീവനക്കാർ ഒരു വർഷം സേവനം പൂർത്തിയാക്കിയാൽ മാത്രമെ പ്രൊമോഷന് അർഹതയുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വ്യവസ്ഥ പ്രകാരം എന്ന് വിശദമാക്കുമോ;

(ഡി) ക്ലാസ് ഫോർ ജീവനക്കാർക്ക് പ്രൊബേഷൻ നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള ലാബ് അസിസ്റ്റന്റ്/ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിലേക്ക് പ്രൊമോഷൻ നിയമനം നടത്താമെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡർമാർക്ക് ലാബ് അസിസ്റ്റന്റ്/ലൈബ്രറി അസിസ്റ്റന്റ് ആയി പ്രൊമോഷൻ നൽകാൻ ലഭിച്ചിട്ടുള്ള അപേക്ഷയിൽ എന്ത് തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(എഫ്) നിലവിലുള്ള ലാബ് അസിസ്റ്റന്റ്/ലൈബ്രറി അസിസ്റ്റന്റ് തസ്തികകൾ താൽക്കാലികമായി ഓഫീസ് അറ്റൻഡർ തസ്തികയിലേക്ക് തരം താഴ്ത്തണമെന്ന അപേക്ഷ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടും കാലാകാലങ്ങളിലുള്ള എയ്ഡഡ് കോളേജുകൾക്ക് ബാധകമായ സർക്കാർ ഉത്തരവുകളും അനുസരിച്ചാണ് നിശ്ചയിക്കുന്നത്.

(ബി) യൂണിവേഴ്സിറ്റികളിൽ എയ്ഡഡ് കോളേജിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊബേഷൻ കാലാവധി സംബന്ധിച്ച് യാതൊന്നും നിഷ്കർഷിച്ചിട്ടില്ല.

(സി) ഉണ്ട്. യോഗ്യത നിയമനരീതി എന്നിവയുടെ കാര്യത്തിൽ സമാന സർക്കാർ സ്ഥാപനത്തിൽ പ്രാബല്യത്തിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു ഉയർന്ന കാറ്റഗറി/ഗ്രേഡിലുണ്ടാകുന്ന ഒരു ഒഴിവ് തൊട്ടടുത്ത താഴ്ന്ന കാറ്റഗറി/ഗ്രേഡിൽനിന്നും നികത്തേണ്ടതാണെന്ന സർവ്വകലാശാല സാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പ്രസ്തുത ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയ സ്ഥാനക്കയറ്റങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എയ്ഡഡ് കോളേജുകളിലെ ലാബ്/ ലൈബ്രറി അസിസ്റ്റന്റ് തസ്തികകൾ താൽക്കാലികമായി ഡൗൺഗ്രേഡ് ചെയ്യുന്നത് വളരെയധികം നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങളിലേയ്ക്കും നയിക്കുന്നതിനാൽ ടി ആവശ്യം ഇപ്പോൾ സർക്കാർ പരിഗണിക്കുന്നില്ല.

## പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക

272 (1715) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് കോഴ്സുകളും അഞ്ഞൂറിൽ താഴെ കുട്ടികളുമുള്ള പ്രൈവറ്റ്, എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരെ ഏതു ഗ്രേഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇത്തരം കോളേജുകളുടെ അനദ്ധ്യാപക ജീവനക്കാരുടെ എണ്ണം 15-ൽ നിന്നും 8 ആയി പരിമിതപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് അടിസ്ഥാനമായ പഠനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇത്തരം കോളേജുകളിൽ ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ടെങ്കിലും ലാബ് അസിസ്റ്റന്റുമാരുടെ തസ്തിക നൽകാത്തതിനാൽ കോളേജുകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഏതെങ്കിലും കോളേജിന്റെ പരാതി ഇക്കാര്യത്തിൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു തീരുമാനം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം കോളേജുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ തസ്തിക നിലനിർത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ച് കോഴ്സും, അഞ്ഞൂറിൽ താഴെ കുട്ടികളുമുള്ള പ്രൈവറ്റ്, എയ്ഡഡ് കോളേജുകളെ 'E' ഗ്രേഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) ഈ വിഷയത്തിൽ ലഭിച്ച അപേക്ഷ അനന്തര നടപടിക്കായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ ഗ്രേഡിംഗ്

273 (1716) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 5 കോഴ്സുകളുള്ള കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ 'ഡി' ഗ്രേഡിൽ നിന്ന് 'ഇ' ഗ്രേഡാക്കി മാറ്റുന്നത് കോളേജുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) കോളേജുകളിലെ അനദ്ധ്യാപക നിയമനത്തിൽ ഗ്രേഡ് മാറ്റത്തിലൂടെ സർക്കാർ മാനദണ്ഡങ്ങൾ മാറ്റുന്നത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; വിശദമാക്കാമോ;

(സി) 1-9-2019-ലെ സ.ഉ.(എം.എസ്)308/2019/എച്ച്.ഇ.ഡി.എൻ. ഉത്തര വിറക്കുന്നതിന്റെ മുന്നോടിയായി സംസ്ഥാനത്തെ എയ്ഡഡ് കോളേജ് മാനേജ്മെന്റുകളുമായോ അനദ്ധ്യാപക സംഘടനാ പ്രതിനിധികളുമായോ ചർച്ച നടത്തിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) തസ്തിക നിർണ്ണയത്തിനുള്ള ഗ്രേഡ് മാറ്റത്തിലെ അപാകത പരിഹരിക്കുന്നതിന് വേണ്ടി 5 കോഴ്സുകളും, 500 വിദ്യാർത്ഥികളുമുള്ള കോളേജുകളെ 'ഡി' ഗ്രേഡിൽ തന്നെ ഉൾപ്പെടുത്താൻ സർക്കാർ നപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) അനധ്യാപക സ്റ്റാഫ് പാറ്റേൺ ഗ്രേഡിംഗിൽ സർക്കാർ കോളേജുകൾക്കും എയ്ഡഡ് കോളേജുകൾക്കും ഒരേ നിബന്ധനകളും മാനദണ്ഡങ്ങളുമാണോ സ്വീകരിച്ചു വരുന്നത് വിശദമാക്കാമോ;

(എഫ്) മൂന്ന് മുതൽ അഞ്ച് വരെ കോഴ്സുകളുള്ള സർക്കാർ കോളേജ് ഓഫീസിലെ ഏറ്റവും ഉയർന്ന സൂപ്പർവൈസറി തസ്തിക ഏതാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) 21-12-2017-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 2311/2017/ഉ.വി.വ. ഉത്തരവനുസരിച്ച് 29-2-2016-ലെ ജി.ഒ.(എം.എസ്) നമ്പർ 60/2016/ഉ.വി.വ. ഉത്തരവിന് വിധേയമായി സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമ്പോൾ ഉണ്ടായ അനോമലികൾ പരിഹരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷയായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സംഘടനാ പ്രതിനിധി ശ്രീ. എൻ. സത്യാനന്ദൻ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 1-9-2019-ലെ ജി.ഒ. (എം.എസ്) നമ്പർ 308/2019/ഉ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) 1-9-2019-ലെ അനോമലി ഉത്തരവ് ഇറക്കുന്നതിന്റെ മുന്നോടിയായി എയ്ഡഡ് കോളേജ് മാനേജ്മെന്റുകളുമായോ, അദ്ധ്യാപക സംഘടനകളുമായോ ചർച്ച നടത്തിയിട്ടില്ല. എന്നാൽ ജീവനക്കാരുടെ സംഘടനാ പ്രതിനിധിയായി ശ്രീ. എൻ. സത്യാനന്ദനെ അനോമലി പരിഹരിക്കുന്നതിനുള്ള കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ&എഫ്) സർക്കാർ കോളേജുകളിലെ തസ്തിക നിർണ്ണയത്തിനുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം കോഴ്സുകളുടെ എണ്ണം അടിസ്ഥാനപ്പെടുത്തിയല്ല സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നത്. വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായാണ് സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നത്. എയ്ഡഡ് കോളേജുകളിൽ കോഴ്സുകളുടെയും കുട്ടികളുടേയും എണ്ണത്തെ അടിസ്ഥാനമാക്കിയാണ് അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നത്.

## പുതിയ പി.ജി. കോഴ്സുകൾ

274 (1717) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ എളേരിത്തട്ട് ഇ.കെ.നായനാർ-മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ പി.ജി. കോഴ്സുകൾക്കായി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) മുൻ മുഖ്യമന്ത്രിയും, തൃക്കരിപ്പൂർ എം.എൽ.എ.യുമായിരുന്ന ഇ. കെ. നായനാരുടെ സ്മരണാർത്ഥമുള്ള ഈ സ്ഥാപനത്തിൽ ഈ വർഷം പുതിയ പി.ജി. കോഴ്സ് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

## ഇലന്തൂർ ആർട്സ് ആന്റ് സയൻസ് കോളേജ് നിർമ്മാണം

275 (1718) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിൽ പുതുതായി അനുവദിച്ച ഇലന്തൂർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ സ്ഥലമെടുപ്പ് ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന് കിറ്റ്കോയുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് അനുമതി നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത നടപടികൾ എത്ര സമയം കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കോളേജിനായി ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള 3 ഏക്കർ സ്ഥലം ലഭിച്ചിട്ടുണ്ട്. ടി സ്ഥലം കൈമാറിക്കിട്ടുന്നതിന് റവന്യൂ നടപടികൾ പുരോഗമിക്കുന്നു. ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

## അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ്

276 (1719) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ്& സയൻസ് കോളേജിന്റെ രണ്ടാംഘട്ട കെട്ടിട നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങാനാവുമെന്നാണ് കരുതുന്നത്; ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 9.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 6-1-2020-ലെ G.O.(Rt)No.33/2020/HEDN പ്രകാരം പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനുള്ള SPV ആയി KITCO-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കരുനാഗപ്പള്ളി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ പ്രവർത്തനം

277 (1720) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ആർട്ട്സ് & സയൻസ് കോളേജിനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി വിശദീകരിക്കുമോ;

(ബി) ഈ കോളേജിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഇവിടേക്കാവശ്യമായ അനദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ കോളേജിന്റെ പ്രവർത്തനത്തിനാവശ്യമായ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് അടിയന്തരമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ.ഉ.(സാധാ)നമ്പർ 1492/2019/ഉ.വി.വ., 20-8-2019-പ്രകാരം കരുനാഗപ്പള്ളി ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ 5 ഏക്കർ ഭൂമി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി കൈമാറുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിന്റെ പരിശോധനയിലാണ്.

(ബി) പ്രിൻസിപ്പാൾ-1, അദ്ധ്യാപക തസ്തികകൾ-5

(സി) ഇല്ല.

(ഡി) പരിശോധിച്ചുവരുന്നു.

**പൂക്കോട്ടുകാവിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്**

278 (1721) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൂക്കോട്ടുകാവിൽ ഒരു സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ എന്നാണ് സർക്കാരിന് ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) അടുത്ത അദ്ധ്യയന വർഷാംരംഭത്തിൽ കോളേജ് പ്രവർത്തിക്കുന്ന തരത്തിൽ ഭരണാനുമതിയും മറ്റും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ആദ്യഘട്ടത്തിൽ ഏതെല്ലാം കോഴ്സുകൾ ആരംഭിക്കും എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 14-6-2019-ലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പി1/9329/2019/ കോ.വി.വ. നമ്പർ കത്ത് പ്രകാരമാണ് പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുള്ളത്.

(ബി-ഡി) ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിരുന്നെങ്കിലും ശിപാർശ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കുന്നതിനുള്ള നിർദ്ദേശം പ്രസ്തുത വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്. ആകയാൽ നിലവിൽ ഈ നിർദ്ദേശം പരിഗണനയിലില്ല.

**ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ**

279 (1722) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ ശിപാർശകൾ ഇതിനകം നടപ്പാക്കിയെന്നും ശേഷിക്കുന്നവ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സ്വാശ്രയ കോളേജ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ആയത് നടപ്പിലാക്കിയിട്ടില്ല.

**എം.ജി. സർവ്വകലാശാലയിലെ എം.കോം. വൈവ പരീക്ഷയിൽ മാർക്ക് ദാനം**

280 (1723) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാലയിലെ സ്വാശ്രയ കോളേജുകളിലെ എം.കോം. വൈവ പരീക്ഷയിലെ മാർക്ക് ദാനം സംബന്ധിച്ച് പരീക്ഷാ ബോർഡ് ചെയർമാന്റെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) എം.കോം. ടാക്സേഷൻ പരീക്ഷയിൽ സിലബസിലില്ലാത്ത ചോദ്യം വന്നതിനെത്തുടർന്ന് പരീക്ഷ റദ്ദാക്കി പുതിയ പരീക്ഷ നടത്തിയിരുന്നോ;

(സി) പ്രസ്തുത പരീക്ഷയുടെ ഫലം ബോർഡ് ചെയർമാൻ ഒപ്പുവച്ച് അംഗീകരിക്കാതെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നോ;

(ഡി) പ്രസ്തുത പരീക്ഷാ ഫലം പിൻവലിക്കേണ്ട സാഹചര്യം ഉണ്ടായോ എന്ന് അറിയിക്കാമോ;

(ഇ) പരീക്ഷാ ബോർഡ് ചെയർമാനെ തൽസ്ഥാനത്ത് നിന്നും മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മാർക്ക് ദാനം നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള രണ്ട് കോളേജുകളിലെ എം.കോം കോഴ്സിന്റെ ആദ്യ മൂന്ന് സെമസ്റ്ററുകളിലെ എഴുത്തുപരീക്ഷകളിലും പരാജയപ്പെട്ടവരും താഴ്ന്ന ഗ്രേഡായ ബി., സി. എന്നിവ ലഭിച്ചവരുമായ വിദ്യാർത്ഥികൾക്ക് നാലാം സെമസ്റ്ററിലെ വൈവ പരീക്ഷയിലും പ്രോജക്ട് മൂല്യനിർണ്ണയത്തിലും ഉയർന്ന ഗ്രേഡുകൾ നൽകിയിരിക്കുന്നതായി എം.കോം പരീക്ഷാ ബോർഡ് ചെയർമാൻ അഭിപ്രായപ്പെടുകയുണ്ടായി.

(ബി) ഇല്ല.

(സി) എം.കോം ഫിനാൻസ് പരീക്ഷയുടെ രണ്ട് കോളേജുകളിലെ പരീക്ഷാ ഫലം ഒപ്പ് വച്ച് അംഗീകരിക്കാൻ ബോർഡ് ചെയർമാൻ വിസമ്മതിച്ചതിനെ തുടർന്ന് തടഞ്ഞുവെയ്ക്കുകയും പിന്നീട് സർവ്വകലാശാല നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 31-10-2019-ൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(ഡി) ഉണ്ടായിട്ടില്ല.

(ഇ) മാറ്റിയിരുന്നു. കോട്ടയം ബസേലിയസ് കോളേജിൽ പ്രവർത്തിച്ചിരുന്ന കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിലെ ചീഫ് എക്സാമിനർ ആയിരുന്ന ശ്രീ. ബിനോ തോമസ്, അസോസിയേറ്റ് പ്രൊഫസർ, ബി.എ.എം. കോളേജ് തുരുത്തിക്കാട്, ക്യാമ്പ് അധികാരികളുടേയോ സർവ്വകലാശാല അധികാരികളുടേയോ അനുവാദമില്ലാതെ 11-12-2019-ൽ മാധ്യമ പ്രവർത്തകരുടെ മുമ്പിൽ സർവ്വകലാശാലയെ അപകീർത്തിപ്പെടുത്തുന്ന രീതിയിലും മൂല്യനിർണ്ണയ ക്യാമ്പിന്റെ രഹസ്യാത്മകത ലംഘിക്കുന്ന രീതിയിലും പെരുമാറിയതായി പരാതി ലഭിച്ചതിനെത്തുടർന്ന് പ്രാഥമിക അന്വേഷണം നടത്തിയ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൻ പ്രകാരം ശ്രീ. ബിനോ തോമസിനെ പരാമർശിത കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിന്റെ ചീഫ് എക്സാമിനർ സ്ഥാനത്തുനിന്നും മറ്റു പരീക്ഷാ ചുമതലകളിൽനിന്നും മാറ്റി നിർത്തിക്കൊണ്ട് ഉത്തരവായി.

## തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന്റെ കീഴിൽ ആർട്സ് ആന്റ് സയൻസ് കോളേജ്

281 (T1724) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന്റെ കീഴിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി വിശദമാക്കാമോ;

(ബി) കോളേജിന് അനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളത്; ഈ അദ്ധ്യയനവർഷം കോഴ്സുകൾ ആരംഭിക്കുന്ന തരത്തിൽ കോളേജിനുള്ള അനുമതി ലഭ്യമാക്കാനാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ദേവസ്വം ബോർഡിന്റെ കീഴിൽ തൃക്കാഞ്ഞിരപുരത്ത് ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നെങ്കിലും പര്യാപ്തമായ സ്ഥലം ഇല്ലായിരുന്നു. അധികമായി ആവശ്യമുണ്ടായിരുന്ന ഭൂമി ലഭ്യമാക്കുന്നതിനുള്ള രേഖകൾ സഹിതം ദേവസ്വം ബോർഡ് കത്ത് ഹാജരാക്കിയിട്ടുണ്ട്. എയ്ഡഡ് കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിനെതിരെ കോടതി കേസുകൾ ഉള്ള സാഹചര്യത്തിൽ ഈ വിഷയത്തിൽ നിയമോപദേശം തേടിയിരിക്കുകയാണ്. നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## യു.ജി., പി.ജി. കോഴ്സുകളുടെ ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയം

282 (1725) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു തുടങ്ങിയ കോഴ്സുകളുടെ ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയം കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ മാത്രം വളരെ ഗൗരവപൂർവ്വം നടത്തുമ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയിലെ യു.ജി, പി.ജി. തുടങ്ങിയ കോഴ്സുകളുടെ ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് അദ്ധ്യാപകരെ യൂണിവേഴ്സിറ്റി ക്യാമ്പുകളിലേയ്ക്ക് വിളിച്ച് ഉത്തരകടലാസ്സ് കെട്ടുകളാക്കി വീടുകളിലേയ്ക്ക് കൊടുത്തയക്കുന്ന കാര്യം പരിശോധിക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പാർട്ട് ഓഫ് ഡ്യൂട്ടി എന്ന തലക്കെട്ടിൽ അദ്ധ്യാപകർ വീട്ടിൽ കൊണ്ടുപോയി ഉത്തരകടലാസ്സ് മൂല്യനിർണ്ണയം നടത്തുന്നത് യു.ജി, പി.ജി. കോഴ്സുകൾക്ക് എസ്.എസ്.എൽ.സി, പ്ലസ്ടു കോഴ്സുകളെപ്പോലെ പ്രാധാന്യം അർഹിക്കുന്നില്ല എന്നുള്ളത് കൊണ്ടാണോ എന്ന് വ്യക്തമാക്കുമോ;

(സി) വീടുകളിൽ കൊണ്ടുപോയി ഉത്തരകടലാസ് മൂല്യനിർണ്ണയം നടത്തുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് ഏതെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ ഇത്തരത്തിൽ വീട്ടിൽ കൊണ്ടുപോയി മൂല്യ നിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട് പരാതികൾ ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) ഗസ്റ്റ് അദ്ധ്യാപകർ ഇത്തരത്തിൽ പേപ്പർ വീട്ടിൽ കൊണ്ടുപോകുന്നുണ്ടോ; എങ്കിൽ ഇതിൽ പരാതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) 2010 ജനുവരി മുതൽ മൂല്യ നിർണ്ണയവുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ച പരാതികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) എസ്.എസ്.എൽ.സി., പ്ലസ്.ടു. തുടങ്ങിയ കോഴ്സുകളുടെ പരീക്ഷ വർഷാന്ത്യത്തിൽ നടക്കുന്ന ഏക പരീക്ഷകളാണ്. ആയത് കേന്ദ്രീകൃതമായി വേനലവധിക്കാലയളവിൽ സുഗമമായി നടത്താൻ കഴിയുന്നതാണ്. എന്നാൽ നിരവധി പരീക്ഷകൾ നടത്തുന്ന സർവ്വകലാശാലയിൽ വിദ്യാർത്ഥികളുടെ അദ്ധ്യയന ദിനങ്ങൾ നഷ്ടപ്പെടാതെ സെമസ്റ്റർ സമ്പ്രദായം നിലനിർത്തി എല്ലാ പരീക്ഷകളുടെയും മൂല്യനിർണ്ണയം പൂർണ്ണമായി കേന്ദ്രീകൃത രീതിയിൽ നടത്തിയെടുക്കുന്നത് പ്രയാസകരമാണ്. ഈ സാഹചര്യത്തിൽ, സമയബന്ധിതമായി ഫലപ്രഖ്യാപനം നടത്തുന്നതിനുവേണ്ടിയാണ് ഹോം വാല്യൂവേഷന് ഉത്തരകടലാസുകൾ നൽകുന്നത്. എല്ലാ പരീക്ഷകൾക്കും തുല്യ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്.

(സി) ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി-എഫ്) കാലിക്കറ്റ് സർവ്വകലാശാലയുടെ ഒന്നാം സെമസ്റ്റർ എം.ബി.എ. ജനവരി 2019 (സി.യു.സി.എസ്.എസ്.) മാനേജീരിയൽ എക്കണോമിക്സ് എന്ന വിഷയത്തിന്റെ പരീക്ഷയുടെ ആറ് ഉത്തരകടലാസുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് പേര് വയ്ക്കാത്ത ഒരു പരാതി ലഭിച്ചിരുന്നു. ഇതിനെ തുടർന്ന് ആറ് വിദ്യാർത്ഥികൾക്ക് പുനഃപരീക്ഷ നടത്തിയിട്ടുണ്ട്. ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താറുണ്ട്.

## സർക്കാർ പ്രസ്സുകളുടെ നവീകരണം

283 (1726) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിക്ക് വിവിധ വകുപ്പുകളിൽ നിന്നും അച്ചടിക്കൂലിയിനത്തിലും മറ്റും ലഭിക്കേണ്ട തുക എത്രയെന്ന് വിശദമാക്കുമോ; ഇതിന്റെ വകുപ്പ് തിരിച്ചുള്ള കണക്കിന്റെ വിശദാംശം നൽകുമോ;

(ബി) സർക്കാരിൽ നിന്നും ലഭിക്കേണ്ട ഫണ്ട് കിട്ടാത്തതിനാൽ പാഠപുസ്തകം അച്ചടിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളും മറ്റും മുടങ്ങുന്ന സാഹചര്യം സംജാതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അടിയന്തരമായി കെ.ബി.പി..എസ്. -ന് നൽകേണ്ട തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വകുപ്പുതിരിച്ചുള്ള കണക്കിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഇല്ല. നടപടി സ്വീകരിച്ചുവരുന്നു.

## കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ വഴി നൽകുന്ന വിദ്യാഭ്യാസ വായ്പകൾ

284 (1727) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ വഴി വിദ്യാഭ്യാസ വായ്പകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം എത്ര തുക ഈയിനത്തിൽ അനുവദിച്ചിട്ടുണ്ട്; ജില്ലാ തിരിച്ചുള്ള കണക്കു ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഈ സാമ്പത്തിക വർഷത്തിൽ (2019 ഏപ്രിൽ മുതൽ 2020 ജനവരി വരെ) വിദ്യാഭ്യാസ വായ്പയായി അനുവദിച്ച തുക ജില്ല തിരിച്ച് അനുബന്ധം 2 ആയി ചേർക്കുന്നു. *

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കോളേജ് യൂണിയൻ ഭാരവാഹികൾക്ക് പരിശീലന പരിപാടി**

285 (1728) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളേജ് യൂണിയൻ ഭാരവാഹികൾക്ക് ലണ്ടനിലെ കാർഡിഫ് സർവ്വകലാശാലയിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പരിപാടിയുടെ ലക്ഷ്യമെന്തെല്ലാമാണ്; ഇതിനുമുമ്പ് കോളേജ് യൂണിയൻ ഭാരവാഹികൾക്ക് സംസ്ഥാനതലത്തിൽ എന്തെങ്കിലും പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) കോളേജ് യൂണിയൻ ഭാരവാഹികൾക്ക് സംസ്ഥാനത്ത് സ്ഥിരമായി നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിക്കുന്ന കാര്യം ആലോചനയിലുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരഞ്ഞെടുപ്പിലൂടെ അവരോധിക്കപ്പെട്ട ചെയർപേഴ്സൺമാർക്ക് ഒരു നല്ല എക്സ്പോഷറും പഠനവും പ്രമുഖരുമായുള്ള ആശയ സംവാദവും ജനാധിപത്യ സ്ഥാപനങ്ങൾ സന്ദർശിക്കുകയുമാണ് ഈ പരിപാടിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്; ഇല്ല.

(സി) കോളേജ് യൂണിയൻ ഭാരവാഹികൾക്ക് സംസ്ഥാനത്ത് സ്ഥിരമായി നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. കൂടുതൽ ചർച്ചകൾ നടത്തി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചും ദേശീയ തലത്തിലുള്ള പരിപാടികൾ ചേർത്തും അടുത്ത വർഷത്തേയ്ക്കുള്ള പദ്ധതിയുടെ പ്രൊപ്പോസൽ മുൻകൂട്ടി സമർപ്പിക്കേണ്ടതാണെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

## കോളേജ് യൂണിയൻ ചെയർമാന്മാർക്കുള്ള വിദേശ പരിശീലന പദ്ധതി

286 (1729) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ യൂണിയൻ ചെയർമാൻമാരെ ഇംഗ്ലണ്ടിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ പരിശീലനത്തിനായി അയയ്ക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര യൂണിയൻ ചെയർമാൻമാർക്ക് യാത്രയ്ക്ക് അനുമതി നൽകിയിട്ടുണ്ട്; ഇവരുടെ വിശദാംശം വെളിപ്പെടുത്താമോ;

(സി) യൂണിയൻ ചെയർമാൻമാർ അല്ലാത്തവരെ യാത്രയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇവരുടെ വിശദാംശം നൽകാമോ;

(ഡി) യൂണിയൻ ചെയർമാൻമാരെ കൂടാതെ അദ്ധ്യാപകരും പ്രസ്തുത യാത്രാസംഘത്തിലുണ്ടോ; എങ്കിൽ ഇവരുടെ വിശദാംശം നൽകാമോ;

(ഇ) പ്രസ്തുത യാത്രയ്ക്ക് ചെലവഴിക്കുന്ന തുക എത്രയാണ്; ഏത് ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക ചെലവഴിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള യൂണിവേഴ്സിറ്റികളിലെയും തെരഞ്ഞെടുപ്പിലൂടെ അവരോധിക്കപ്പെട്ട ചെയർമാൻ/ ചെയർപേഴ്സൺമാർക്ക് വിദേശ സർവ്വകലാശാലകളിൽ ഇൻഡക്ഷൻ ട്രെയിനിംഗ് നല്കുന്ന പദ്ധതിയാണിത്. ഒരു നല്ല എക്സ്പോഷറും പഠനവും പ്രമുഖരുമായുള്ള ആശയ സംവാദവും ജനാധിപത്യ സ്ഥാപനങ്ങൾ സന്ദർശിക്കുകയുമാണ് ഈ പരിപാടിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ബ്രിട്ടീഷ് കൗൺസിലുമായി സർക്കാർ ഏർപ്പെട്ടിരിക്കുന്ന MoU-ൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സന്ദർശനത്തിനായും പഠനത്തിനായും വിഭാവന ചെയ്തിട്ടുണ്ട്. താരതമ്യേന ചെലവുകുറഞ്ഞതും നല്ല ഒരു ഷെഡ്യൂൾ പ്രകാരം ഒരാഴ്ച നീണ്ടു നിൽക്കുന്ന പഠനവും തയ്യാറാക്കിയിട്ടുള്ള, ലോകത്തിലെ മുൻപന്തിയിൽ നിൽക്കുന്ന സർവ്വകലാശാലകളിൽ ഒന്നായ CARDIFF University-ൽ ആണ് 2019-20 വർഷത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

(ബി) സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള യൂണിവേഴ്സിറ്റികളിലെയും യൂണിവേഴ്സിറ്റി നിയമ പ്രകാരം ചെയർമാൻ/ ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെട്ടതും ഇപ്പോൾ ഭാരവാഹിത്വം വഹിക്കുന്നവരുമായ ആകെ 59 വിദ്യാർത്ഥികളുടെ ലിസ്റ്റ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് അംഗീകരിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(സി) ഇല്ല.

(ഡി) ടി വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഇ) പ്രസ്തുത പരിശീലന പരിപാടിക്കായി പ്ലാൻ ഫണ്ടിൽ 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പരമാവധി 75 വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീ, കോഴ്സ് മെറ്റീരിയലുകൾ, സർട്ടിഫിക്കറ്റകോഴ്സ് ഇവാല്യുവേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്ക് 61,700 യൂറോ ആണ് ആകെ ചെലവ്, യാത്ര ടിക്കറ്റ്, വിസ തുടങ്ങിയവയുടെ നിരക്കുകൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല.

## വയനാട് ജില്ലയിൽ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ

287 (1730) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിൽ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

വയനാട് ജില്ലയിൽ സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ കെട്ടിടവും മറ്റ് അനുബന്ധ സാഹചര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് കോച്ചിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## നെയ്യാറ്റിൻകര ആറാലുംമൂട് യു.ഐ.റ്റി. സെന്ററിന് ഭൂമി

288 (1731) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ആറാലുംമൂട് യു.ഐ.റ്റി. സെന്ററിനുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കൈവശം ഉള്ള ഊരൂട്ടുകാലയിലെ ഭൂമി കൈമാറുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) 2020 മാർച്ചിന് മുൻപ് യു.ഐ.റ്റി. സെന്ററിന് ഭൂമി കൈമാറ്റം ചെയ്യാൻ കഴിയുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) യു.ഐ.റ്റി. സെന്ററിന് പൊതുവിദ്യാഭ്യാസ വകുപ്പ് നിലവിൽ എത്ര സെന്റ് സ്ഥലമാണ് കൈമാറുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാറ്റിൻകര വില്ലേജിൽ ബ്ലോക്ക് നമ്പർ 25-ൽ റീസർവ്വേ 6/7-ൽപ്പെട്ട നെയ്യാറ്റിൻകര ടി.ടി.ഐ.-യുടെ അധീനതയിലുള്ള 8.60 ആർ സർക്കാർ ഭൂമി, സർക്കാർ ഭൂമി പാട്ടത്തിനനൽകുന്ന വ്യവസ്ഥകൾ പ്രകാരം കേരള സർവ്വകലാശാലയുടെ കീഴിലുള്ള ആറാലുംമൂട് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കേരള യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ പേരിൽ 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നതിന് 5-2-2020-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

**തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ സംഘർഷം**

289 (1732) ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ തുടർച്ചയായി നടക്കുന്ന സംഘർഷങ്ങളും നിയമലംഘനങ്ങളുംമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പഠിപ്പ് മുടക്കിയ പ്രതിപക്ഷ അനുകൂല വിദ്യാർത്ഥി സംഘടനാ പ്രവർത്തകരെ സസ്പെൻഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഭരണപക്ഷ അനുകൂല വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ കോളേജ് പ്രിൻസിപ്പലിനെ മണിക്കൂറുകളോളം തടഞ്ഞ് വയ്ക്കുകയുണ്ടായോ;

(സി) കോളേജിലുണ്ടായ കത്തികുത്ത് സംഭവത്തിന് ശേഷം കോളേജിൽ ഏർപ്പെടുത്തിയ പോലീസ് സംരക്ഷണം പിൻവലിക്കുകയുണ്ടായോ; എങ്കിൽ ആരുടെ സമ്മർദ്ദഫലമായിട്ടാണ് ഇവരെ പിൻവലിച്ചത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോളേജിൽ ഒരു വിദ്യാർത്ഥിനി ഭരണപക്ഷ അനുകൂല വിദ്യാർത്ഥി സംഘടനക്കാരുടെ മാനസിക പീഢനംമൂലം ആത്മഹത്യക്ക് ശ്രമിച്ച സംഭവത്തെത്തുടർന്ന് വിദ്യാഭ്യാസ ഡയറക്ടർ നൽകിയ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയായിരുന്നുവെന്നും അവ നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോളേജിൽ നിന്ന് ലഭ്യമാക്കിയ വിവരം അനുസരിച്ച് പഠിപ്പ് മുടക്കിയ പ്രതിപക്ഷ അനുകൂല വിദ്യാർത്ഥി സംഘടനാ പ്രവർത്തകരെ സസ്പെൻഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ഭരണപക്ഷ അനുകൂല വിദ്യാർത്ഥി സംഘടന പ്രവർത്തകർ പ്രിൻസിപ്പാളിനെ തടഞ്ഞുവച്ചിട്ടില്ല. 28-11-2019-ന് ഉച്ചയ്ക്കുശേഷം വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ സസ്പെൻഡ് ചെയ്യണമെന്നാവശ്യപ്പെട്ട് നൽകിയ പരാതിയിൽ നടപടിയെടുക്കുന്നതിലേയ്ക്കായി പ്രിൻസിപ്പലിനെ തടഞ്ഞു വച്ച സംഭവമുണ്ടായിട്ടുണ്ട്.

(സി) കോളേജിൽ ഉണ്ടായ കത്തിക്കുത്ത് സംഭവത്തിനുശേഷം ക്യാമ്പസിനുള്ളിൽ ക്രമസമാധാന അന്തരീക്ഷം പുനഃസ്ഥാപിക്കുന്നതിന് വേണ്ടിയും ഇതിനെ തുടർന്ന് അക്രമ സംഭവങ്ങൾ ഉണ്ടാകതിരിക്കുന്നതിനുമായി പോലീസ് ബന്തവസ്സ് ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ക്യാമ്പസിനുള്ളിൽ സമാധാന അന്തരീക്ഷം പുനഃസ്ഥാപിച്ചതിനെത്തുടർന്ന് പോലീസ് സംരക്ഷണം പിൻവലിക്കുകയാണുണ്ടായത്. നിലവിൽ കോളേജും പരിസരവും പോലീസ് നിരീക്ഷണത്തിൽ തുടർന്നുവരികയാണ്. ആരുടെയും സമ്മർദ്ദത്തിന് വഴങ്ങിയല്ല ക്യാമ്പസിനുള്ളിൽ പോലീസ് സംരക്ഷണം പിൻവലിച്ചിട്ടുള്ളത്.

(ഡി) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിനി നടത്തിയ ആത്മഹത്യാ ശ്രമവുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ ചുവടെ ചേർക്കുന്നു :

1. വിദ്യാർത്ഥി സംഘടനകളെ ക്യാമ്പസുകളിൽ കർശനമായി നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം.
2. 2004-ലെ Kerala Students Union Vs Sojan Franceis എന്ന കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ സുപ്രധാന വിധിയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കലാലയങ്ങളിലെ സംഘടനാ പ്രവർത്തനങ്ങൾ വ്യവസ്ഥിതിപ്പെടുത്താനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം.

3. എല്ലാ കോളേജുകളിലും യു.ജി.സി. നിഷ്കർഷിക്കുന്ന Grievance Redressal Committee, Anti Ragging Committee, Womens study centre, Discipline committee മുതലായ കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

4. ജീവനി പദ്ധതിയിൽ കീഴിൽ എല്ലാ കോളേജുകളിലും കൗൺസിലിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങളും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെയും അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി കോളേജിലെ അദ്ധ്യാപകരുടെ ബയോ മെട്രിക് പഞ്ചിംഗ് സ്റ്റേറ്റ്മെന്റ് എടുക്കുകയും കൃത്യസമയത്ത് എത്തിച്ചേരുന്നതിൽ വീഴ്ച വരുത്തിയ അദ്ധ്യാപകർക്ക് മെമ്മോ നൽകുകയും വിശദീകരണം നൽകുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

യൂണിവേഴ്സിറ്റി കോളേജിലെ Grievance Redressal Committee, Anti Ragging Committee, Women's cell എന്നിവ കാര്യക്ഷമമാക്കാനും ഇല്ലാത്തവ പുനഃസംഘടിപ്പിക്കാവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അനുദിനം മാറി ക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത പ്രശ്നങ്ങൾ നേരിടുന്നതിനുമായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനുമായി 2019-20 സാമ്പത്തിക വർഷം "Jeevani-College Mental Awareness Programme" എന്ന പദ്ധതി എല്ലാ സർക്കാർ കോളേജുകളിലും ആവിഷ്കരിച്ചിട്ടുണ്ട്. ആയതിനുള്ള നിർദ്ദേശം എല്ലാ സർക്കാർ കോളേജുകൾക്കും നല്കുകയും ആയത് ആരംഭിക്കു ന്നതിനുള്ള നടപടികൾ കോളേജുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി കോളേജുകളിൽ സൈക്കോളജിയിൽ ബിരുദ ബിരുദാനന്തരം പൂർത്തി യാക്കിയ ക്ലിനിക്കൽ എക്സ്പീരിയൻസ് ഉള്ളവരെ ജീവനി അപ്രന്റീസുമാരായി താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് 3 ദിവസത്തെ പരിശീലന പരിപാടി വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം വിമൻസ് കോളേജിൽ വച്ച് നടത്തുകയുണ്ടായി. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നവംബർ 26-ന് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഇടപെടലുകൾ

290 (1733) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം കാലാകാലങ്ങളായി ഉണ്ടാക്കിയെടുത്ത പേരിനും പെരുമയ്ക്കും വിശ്വാസ്യതയ്ക്കും കോട്ടം തട്ടുന്ന നടപടികൾ ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ ഏതൊക്കെ ഇടപെടലുകളാണ് ഉണ്ടായത്;

(സി) എം.ജി. സർവ്വകലാശാലയുടെ ബി-ടെക് പരീക്ഷയിൽ തോറ്റ വിദ്യാർത്ഥിനിയെ വിജയിപ്പിച്ച വിഷയത്തിൽ ചാൻസലർ വിശദീകരണം തേടിയിരുന്നോ;

(ഡി) ഇത് സംബന്ധിച്ച് വൈസ് ചാൻസലർ, ചാൻസലർക്ക് വിശദീകരണം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) സ്വയംഭരണ സ്ഥാപനമായ സർവ്വകലാശാലകൾ അദാലത്ത് ദിവസം ഫയലുകൾ മന്ത്രിക്ക് നേരിട്ട് നൽകണമെന്നും അദാലത്തിൽ തീർപ്പാക്കിയ അപേക്ഷകളുടെ വിശദാംശം അന്നേ ദിവസം തന്നെ മന്ത്രിക്ക് നൽകണമെന്നും നിർദ്ദേശിച്ചിരുന്നോ; എങ്കിൽ ഇത്തരം നിർദ്ദേശം നൽകിയതിനുള്ള സാഹചര്യം എന്തായിരുന്നു; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) തേടിയിരുന്നു.

(ഡി) ഉണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം മുൻകാലങ്ങളിൽ നടത്തിയിട്ടുള്ളതുപോലെ സർവ്വകലാശാല വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കോളേജ് മാനേജർമാർ, പ്രിൻസിപ്പൽമാർ എന്നിവർക്ക് വേണ്ടിയും സർവ്വകലാ ശാലയിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളിൽ തീർപ്പുകൽപ്പിക്കാൻ 22-2-2019-ൽ അദാലത്ത് നടത്തിയിട്ടുണ്ട്. ഇതിനായി സിൻഡിക്കേറ്റിന്റെ അധികാരത്തോടുകൂടിയ അദാലത്ത് നിർവ്വാഹക സമിതിയുടെ ഒരു യോഗം

21-2-2019-ൽ വിവിധ ഫയലുകളിൽ തീർപ്പുകൽപ്പിച്ച് ടി വിവരം 22-2-2019 അദാലത്തിൽ പ്രഖ്യാപിക്കുകയാണുണ്ടായത് 21-2-2019-ൽ കൂടിയ ടി സമിതി ഒരു ബി.ടെക് വിദ്യാർത്ഥിനിക്ക് ഒരു മാർക്ക് മോഡറേഷനായി നൽകാൻ ശിപാർശ ചെയ്യുകയും ആയത് വൈസ് ചാൻസലർ 21-2-2019-ൽ തന്നെ അംഗീകരിക്കുകയും ഈ വിവരം 22-2-2019-ലെ അദാലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. തുടർന്ന് ഈ വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. ഇതിനിടെ ഒരു മാർക്ക് മുതൽ 5 മാർക്കുവരെ മോഡറേഷൻ നൽകുന്നതുമൂലം 180-ഓളം വിദ്യാർത്ഥികൾക്ക് പ്രയോജനകരമാണെന്നുകണ്ടും, ബി.ടെക് കോഴ്സ് എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിലേയ്ക്ക് മാറ്റപ്പെടുകയും ചെയ്ത പ്രത്യേക സാഹചര്യത്തിലും മേഴ്സി ചാൻസ് പരീക്ഷകൾ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാലും കാലിക്കറ്റ് സർവ്വകലാശാല സമാന രീതിയിൽ മോഡറേഷൻ നൽകിയതും പരിഗണിച്ച് 30-4-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ബി.ടെക് കോഴ്സിന് പരാമാവധി 5 മാർക്ക് വരെ മോഡറേഷൻ നൽകാൻ തീരുമാനിച്ചു. സർവ്വകലാശാലയിലെ പരീക്ഷാ നടത്തിപ്പും അംഗീകരിക്കലും ഫലം പ്രസിദ്ധീകരിക്കലും മഹാത്മാഗാന്ധി സർവ്വകാലാശാല ആക്ട് 1985-ലെ വ്യവസ്ഥകൾ പ്രകാരം സിഡിക്കേറ്റിന്റെ അധികാര പരിധിയിൽ വരുന്നതിനാലും വിദ്യാർത്ഥികളുടെ ഭാവിയെമാത്രം മുൻനിർത്തി സർവ്വകലാശാല സദുദ്ദേശപരമായ തീരുമാനം കൈക്കൊള്ളുകയും ആയിരുന്നുവെന്ന് ചാൻസലറെ അറിയിച്ചിട്ടുണ്ട്.

(ഇ) അദാലത്തിൽ ലഭിക്കുന്ന അപേക്ഷകൾ സർവ്വകലാശാലാ തലത്തിൽ രൂപീകരിച്ച സംഘാടക സമിതി പരിശോധിച്ച് തീർപ്പാക്കേണ്ടതാണെന്നും സർക്കാർ അംഗീകാരം ആവശ്യമുള്ള വിഷയങ്ങൾ മാത്രം ബഹു. മന്ത്രിയുടെ പരിഗണനയ്ക്ക് നൽകേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു. അദാലത്തിൽ വരുന്ന പരാമവധി അപേക്ഷകൾ തീർപ്പാക്കുന്നതിനും അദാലത്ത് വിജയകരമായി നടത്തുന്നതിനും ലക്ഷ്യമിട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും നൽകിയ പൊതു മാർഗ്ഗ നിർദ്ദേശങ്ങളിൽ മേൽ നിർദ്ദേശങ്ങൾ ഉൾപ്പെടുന്നു.

**ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മാലദ്വീപ് സന്ദർശനം**

291 (1734) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം 2019 നവംബറിൽ മാലദ്വീപ് സന്ദർശിച്ചിരുന്നോ;

(ബി) പ്രസ്തുത സംഘത്തിൽ ആരൊക്കെ ഉൾപ്പെട്ടിരുന്നുവെന്നും സന്ദർശനത്തിന്റെ ഉദ്ദേശം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) ഈ സന്ദർശനംമൂലം ഉണ്ടായ നേട്ടങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത സന്ദർശനത്തിന് ആകെ എന്ത് തുക ചെലവായെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള ഉന്നത സംഘം 2019 നവംബറിൽ മാലദ്വീപ് സന്ദർശിച്ചിരുന്നില്ല.

(ബി-ഡി) ബാധകമല്ല.

## ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ പ്രവർത്തനം

292 (1735) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ആവശ്യമായ സ്ഥലം ലഭിക്കാതെ തുടർപ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടുകൊണ്ടിരിക്കുന്നവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കാഞ്ഞിരപ്പള്ളിയിൽ ഐ.എച്ച്.ആർ.ഡി. കോളേജ് അനുവദിച്ചപ്പോൾ പ്രസ്തുത കോളേജിന് ആവശ്യമായ സ്ഥലം ആര് ലഭ്യമാക്കണമെന്നായിരിന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് പരിമിതിയുള്ള പക്ഷം പ്രസ്തുത കോളേജ് എങ്ങനെ മുൻപോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ആവശ്യമായ അഞ്ച് ഏക്കർ സ്ഥലം ലഭിക്കാതെ അഫിലിയേഷൻ തുടരാൻ സാധ്യമല്ലെന്ന എം.ജി. യൂണിവേഴ്സിറ്റിയുടെ അറിയിപ്പ് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സാങ്കേതിക സ്ഥാപനങ്ങൾ ഒട്ടുമില്ലാത്ത പ്രദേശമെന്ന നിലയിൽ പ്രസ്തുത സർക്കാർ സ്ഥാപനം കാഞ്ഞിരപ്പള്ളിയിൽ തന്നെ നിലനിർത്തുന്നതിന് 5 ഏക്കർ സ്ഥലമെന്ന മാനദണ്ഡത്തിൽ ഇളവ് വരുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) താഴെ പറയുന്ന ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങൾക്ക് സ്ഥല പരിമിതിമൂലം അഫിലിയേഷൻ തുടർന്ന് നൽകുന്നതിന് എം.ജി. യൂണിവേഴ്സിറ്റി തടസ്സം ഉന്നയിച്ചിട്ടുണ്ട്.

1. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കാഞ്ഞിരപ്പള്ളി.
2. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കട്ടപ്പന
3. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുത്തൻവേലിക്കര.

(ബി) 25-5-2009-ൽ അന്നത്തെ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസിൽ വച്ച് നടത്തിയ മീറ്റിംഗിൽ കാഞ്ഞിരപ്പള്ളി ഗവ. ഹൈസ്കൂൾ പ്രവർത്തിച്ചുവരുന്ന കാമ്പസിൽനിന്നും 1.8 ഏക്കർ സ്ഥലം മുപ്പത് വർഷത്തേയ്ക്ക് ഐ.എച്ച്.ആർ.ഡി.-ക്ക് അപ്ലൈഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിനായി പാട്ടത്തിന് നൽകാൻ തീരുമാനിച്ചിരുന്നു. ബന്ധപ്പെട്ട മീറ്റിംഗിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി&ഡി) ജനപ്രതിനിധികളും ഗ്രാമപഞ്ചായത്ത് അധികാരികളുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലം കോളേജിന് ലഭ്യമാക്കുന്നതിനുവേണ്ടി ഐ.എച്ച്.ആർ.ഡി. നിരന്തരം ശ്രമങ്ങൾ നടത്തിയെങ്കിലും ഇതുവരെ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. സ്വന്തമായി സ്ഥലം വിലകൊടുത്ത് വാങ്ങുന്നതിനുള്ള സാമ്പത്തിക സ്ഥിതി നിലവിൽ ഐ.എച്ച്.ആർ.ഡി.-ക്ക് ഇല്ല. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഇ) ഈ വിഷയം സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡത്തിൽ ഇളവ് വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയാണ്.

**എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം**

293 (1736) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള പകുതിയോളം എഞ്ചിനീയറിംഗ് കോളേജുകൾക്ക് നിലവാരമില്ലായെന്ന് അക്കാദമിക് ആഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കോളേജുകളുടെ നിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുവാൻ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പിൽമാരുടെ യോഗം വിളിച്ചുചേർക്കുവാൻ ആലോചിക്കുന്നുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) തീരെ നിലവാരമില്ലാത്ത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ അഫിലിയേഷൻ തുടരുന്ന കാര്യത്തിൽ കേരള സാങ്കേതിക സർവ്വകലാശാല എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ഡി) കോളേജുകൾക്ക് നിലവാരമില്ലായെന്ന റിപ്പോർട്ട് ബോർഡ് ഓഫ് ഗവണേഴ്സ് യോഗം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) അക്കാദമിക് ഓഡിറ്റിന്റെ വിശദമായ വിലയിരുത്തലിന്റെയും സിൻഡിക്കേറ്റ് സബ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നിലവാരമില്ല എന്ന് ബോധ്യപ്പെടുന്ന എഞ്ചിനീയറിംഗ് കോളേജുകൾക്ക് തുടർ അഫിലിയേഷൻ നല്കുന്ന കാര്യത്തിൽ സർവ്വകലാശാലയാണ് തീരുമാനമെടുക്കേണ്ടത്.

(ഡി) ഇല്ല. ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ വിശദമായ വിലയിരുത്തൽ ആവശ്യമായതിനാൽ റിപ്പോർട്ട് ബോർഡ് ഓഫ് ഗവർണേഴ്സ് യോഗം അംഗീകരി ച്ചിട്ടില്ല.

**എഞ്ചിനീയറിംഗ് കോളേജുകളിൽ ആഡിറ്റ്**

294 (1737) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 140 എഞ്ചിനീയറിംഗ് കോളേജുകളിൽ സാങ്കേതിക സർവ്വകലാശാല അക്കാഡമിക് ആഡിറ്റിംഗ് നടത്തിയിരുന്നോ;

(ബി) ഇതിനായി എന്തു തുകയാണ് ചെലവഴിച്ചതെന്നും എത്ര അദ്ധ്യാപകരുടെ സേവനം വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ ആഡിറ്റിംഗിൽ സംസ്ഥാനത്തെ പല സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും മുന്നിലെത്തിയെന്നും പഠന മികവിൽ മുന്നിട്ട് നിൽക്കുന്ന സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾക്ക് അർഹമായ സ്ഥാനം ലഭിച്ചില്ലായെന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ആഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

<u>ഉത്തരം</u>

(എ) നടത്തിയിരുന്നു.

(ബി) അക്കാഡമിക് ആഡിറ്റിംഗിനായി ചെലവായ തുകയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. 2019-20-ലെ ആഡിറ്റിംഗിനായി 116 അദ്ധ്യാപകരുടെ സേവനമാണ് സർവ്വകലാശാല വിനിയോഗിച്ചത്.

(സി) ഇല്ല.

(ഡി) ഇല്ല. ആഡിറ്റ് റിപ്പോർട്ട് സർവ്വകലാശാല വിശദമായി വിലയിരുത്തി വരികയാണ്.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസം

295 (1738) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് എത്തുന്നവരിൽ വിജയിക്കാത്ത 69% പേർ പഠിച്ച വിഷയങ്ങൾ വിട്ട് വേറെ മേഖലകൾ തേടി പോകുന്നതിനാൽ അവർക്ക് പ്രത്യേക സംരക്ഷണം നൽകി നിശ്ചിതമേഖലയിൽ വിജയിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിൽ നൈപുണ്യത്തിന് ഊന്നൽ നൽകിക്കൊണ്ട് തൊഴിലധിഷ്ഠിത ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ, വൊക്കേഷണൽ ഡിഗ്രി എന്നിവ നൽകാനുള്ള തീരുമാനം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ പരിഗണനയിലുണ്ട്. തൊഴിലധിഷ്ഠിതമായ കോഴ്സുകൾ കൂടുതലായി പഠിച്ച് അധിക യോഗ്യത നേടാനുള്ള അവസരവും നിലവിൽ സർവ്വകലാശാലയിൽ ലഭ്യമാണ്.

സാങ്കേതിക ശാസ്ത്ര രംഗത്തെ വിജ്ഞാന വൈവിദ്ധ്യങ്ങൾ ഉൾക്കൊള്ളാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ബി.ടെക് മൈനർ ബിരുദം ആരംഭിക്കും. ഇതുവഴി ഏതു സാങ്കേതിക ശാഖയിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു ശാഖകളിലെ നവീനമായ വിഷയങ്ങൾ പഠിക്കാൻ അവസരം ലഭിക്കും. സാങ്കേതിക വ്യവസായ മേഖലയിലെയും ഐ.ടി. അനുബന്ധ വിവര സാങ്കേതിക, നൈപുണ്യ വികസന, സ്റ്റാർട്ടപ്പ് രംഗങ്ങളിലെയും, സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും കമ്പനികൾക്കും

മൈനർ കോഴ്സുകൾ നടത്താനുള്ള അനുവാദമുണ്ടാകും. വ്യാവസായിക രംഗത്തെ വൈവിദ്ധ്യവൽക്കരണത്തിനും അനുബന്ധമായി ഉയർന്നുവരുന്ന കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ തത്സമയംതന്നെ പഠിക്കാനുമുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന രീതിയിലാണ് ഈ കോഴ്സ് വിഭാവന ചെയ്തിരിക്കുന്നത്. ബി.ടെക് മൈനർ കോഴ്സിന് രജിസ്റ്റർ ചെയ്യാൻ ഗ്രേഡ് നിർബന്ധമല്ല. എന്നാൽ മൂന്നാം സെമസ്റ്റർ മുതൽ 5 കോഴ്സുകളിൽ നിന്നായി 20 ക്രെഡിറ്റുകൾ അധികമായി നേടിയിരിക്കണം.

## പുതിയ പോളിടെക്നിക് കോളേജുകൾ

296 (1739) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സംസ്ഥാനത്ത് സർക്കാർ മേഖലയിൽ കൂടുതൽ പോളിടെക്നിക് കോളേജുകൾ ആരംഭിക്കാനുള്ള നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് പുതിയതായി എത്ര പോളിടെക്നിക് കോളേജുകൾ തുടങ്ങാനാണ് സർക്കാർ ആലോചിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) സർക്കാർ മേഖലയിൽ പോളിടെക്നിക് കോളേജ് നിലവിലില്ലാത്ത കൊല്ലം താലൂക്കിൽ പുതിയതായി ഒരു സർക്കാർ പോളിടെക്നിക് കോളേജ് ആരംഭിക്കുണമെന്ന ആവശ്യം പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ കണ്ണവം ഗ്രാമപഞ്ചായത്ത്, പിണറായി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ലയിലെ താനൂർ, കുറ്റിപ്പുറം, കൊണ്ടോട്ടി, ഇടുക്കി ജില്ലയിലെ കൊന്നത്തടി എന്നിവിടങ്ങളിൽ സർക്കാർ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ടുകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. സാധ്യതാ പഠന റിപ്പോർട്ടുകളിൽ അന്തിമ തീരുമാനമായിട്ടില്ല.

(സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഉന്നത, സാങ്കേതിക വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തൽ

297 (1740) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത, സാങ്കേതിക വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സർക്കാർ പോളിടെക്നിക്കുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉന്നത, സാങ്കേതിക വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) സർക്കാർ പോളിടെക്നിക് കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തികയിൽ നിലവിൽ 4 ഒഴിവുകളുണ്ട്. നിലവിൽ AICTE നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉള്ളവരുടെ അഭാവംകാരണം പ്രൊമോഷന് കാലതാമസം നേരിടുന്നതിനാൽ KS&SSR ഭാഗം II ചട്ടം 31 (a) (i) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതുകൂടാതെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ 3 ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകൾ പ്രൊമോഷനിലൂടെ നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹെഡ് ഓഫ് സെക്ഷൻ തസ്തിയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ പോളിടെക്നിക് കോളേജുകളിലെ ലക്ചറർ ഉൾപ്പെടെയുള്ള മറ്റ് തസ്തികയിലെ നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുകയും നിയമനം ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നല്കുകയും ചെയ്യുന്നു. തസ്തികമാറ്റ നിയമനത്തിനായുള്ള ഒഴിവുകൾ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

## ലക്ചറർ ഇൻ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ തസ്തികയിലെ നിയമനം

298 (1741) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 472/2012 (ലക്ചറർ ഇൻ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ) പ്രകാരമുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്നും വിജ്ഞാപനം പുറപ്പെടുവിക്കുപ്പോൾ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നതെന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) തസ്തിക നമ്പർ 472/2012 (ലക്ചറർ ഇൻ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ) പ്രകാരമുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് 19-12-2017-ൽ നിലവിൽ വന്നു. വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ 6 ഒഴിവുകൾ ഉണ്ടായിരുന്നതിൽ 5 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഒരെണ്ണം (ലോ വിഷൻ NCA) മാറ്റി വച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള 11 ഒഴിവുകളിൽ 2 ഒഴിവുകൾ (ലക്ചറർ ഇൻ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ-1, ലക്ചറർ ഇൻ ഇൻസ്ട്രുമെന്റ് ടെക്നോളജി-1,) പി.എസ്.സി.-യുടെ NCA (No Candidate Available) നിയമനത്തിനായി നീക്കിവച്ചിരിക്കുന്നു. 7 ഒഴിവുകളിലേക്ക് (തസ്തികമാറ്റത്തിനായുള്ളവ) യോഗ്യരായ ജീവനക്കാരുടെ അഭാവത്തിൽ ഇപ്പോൾ നിലവിലുള്ള ലക്ചറർ ഇൻ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ (പോളിടെക്നിക്) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതിന് റിപ്പോർട്ട് ചെയ്യുകയും അതിൻപ്രകാരം പി.എസ്.സി. നിയമന ശിപാർശ നൽകുകയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 5-2-2020-ലെ ഇസി5/14538/18 ഡി.ടി.ഇ. നമ്പർ പ്രകാരം നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. 2 ഒഴിവുകൾ പ്രൊമോഷൻ മുഖേന ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ നിലവിലെ വിശേഷാൽ ചട്ടങ്ങൾ പ്രകാരം 13:7 ക്രമീകരിക്കുന്നതിലേയ്ക്കായി തസ്തികമാറ്റ നിയമനത്തിനായി നീക്കി വച്ചിരിക്കുന്നു. മേൽ പറഞ്ഞ 11 ഒഴിവുകളിൽ പഠന പ്രക്രിയയ്ക്ക് വിഘാതം സംഭവിക്കാതിരിക്കാൻ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

**നടുവിൽ പോളിടെക്നിക് നിർമ്മാണം**

299 (1742) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ ഉടമസ്ഥതയിലുള്ള അഞ്ച് ഏക്കർ സ്ഥലം പുതിയതായി ആരംഭിക്കുന്ന നടുവിൽ പോളിടെക്നിക്കിന് കൈമാറുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയെത്തിയെന്ന് അറിയിക്കാമോ;

(ബി) പോളിടെക്നിക്കിന്റെ അംഗീകാരത്തിന് എ.ഐ.സി.ടി.ഇ.-യിൽ അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പോളിടെക്നിക്കിനാവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ടെൻഡർ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 9-10-2019-ലെ സ.ഉ.(കൈ) നമ്പർ 307/2019/റവ. പ്രകാരം നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന് കൈവശമുള്ള 7.52 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ സ്ഥലം കൈമാറാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കാൻ കണ്ണൂർ ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. സ്ഥലകൈമാറ്റവുമായി ബന്ധപ്പെട്ട വില്ലേജ്/താലൂക്ക് രേഖകളിൽ മാറ്റം വരുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു.

(ബി) 2020-21 വർഷത്തേയ്ക്ക് AICTE അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 15-11-2019-ലെ സ.ഉ.(സാധാ) നമ്പർ 2034/2019/ഉ.വി.വ. പ്രകാരം 207 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം മാത്രമാണ് ആരംഭിക്കാനുള്ളത്. ഈ പ്രവൃത്തി സാങ്കേതിക അനുമതിക്ക് വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. ബാക്കിയുള്ള എല്ലാ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

**നടുവിൽ പോളിടെക്നിക്കിന്റെ നിർമ്മാണം**

300 (1743) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നടുവിൽ പോളിടെക്നിക്കിലെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) അടുത്ത അദ്ധ്യയന വർഷമെങ്കിലും ക്ലാസ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എം.എൽ.എ. ഫണ്ടിലും എം.പി. ഫണ്ടിലും നിന്ന് അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് AICTE-യുടെ നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് 500 ചതുരശ്ര മീറ്റർ കെട്ടിടത്തിന്റെ അഭാവമുള്ളത് പരിഹരിക്കുന്നതിന് 15-11-2019-ലെ സ.ഉ.(സാധാ) നമ്പർ 2034/2019/ഉ.വി.വ. പ്രകാരം 1060 ചതുരശ്ര മീറ്റർ കെട്ടിടത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ

വയറിംഗ് നടത്തുന്നതിനായി 3,67,820 രൂപയുടെ ഭരണാനുമതിയും അലോട്ട്മെന്റും നൽകിയിട്ടുണ്ട്. പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ നടുവിൽ പോളിടെക്നിക്കിന് കൈവശാവകാശം ലഭിക്കുന്നതിന് വിട്ടുനൽകിയ സ്ഥലത്ത് ടെക്നിക്കൽ സ്കൂളിനുവേണ്ടി പണികഴിപ്പിച്ച കെട്ടിടത്തിന്റെ വിവിധ മുറികളുടെ ഇടച്ചുമരുകൾ നീക്കംചെയ്ത് AICTE മാനദണ്ഡമനുസരിച്ച് പോളിടെക്നിക്കാവശ്യമായ രീതിയിൽ മുറികൾ പുനർനിർമ്മിക്കുന്നതിനും റാമ്പുകൾ, ടോയിലെറ്റ് ബ്ലോക്കുകൾ (ആൺകുട്ടികൾ, പെൺകുട്ടികൾ, ഭിന്നശേഷിയുള്ളവർ) എന്നിവ നിർമ്മിക്കുന്നതിനും ഫയർ & സേഫ്റ്റി സൗകര്യമൊരുക്കുക, ചുറ്റുമതിൽ നിർമ്മിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2020-21 വർഷത്തേയ്ക്ക് AICTE അംഗീകാരം നേടി ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) എം.എൽ.എ.- എം.പി. ഫണ്ടുകളിൽനിന്നും അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## പോളിടെക്നിക് ക്യാമ്പസിന്റെ ചുറ്റുമതിൽ നിർമ്മാണം

301 (1744) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വനിത റെസിഡൻഷ്യൽ പോളിടെക്നിക് ക്യാമ്പസിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് ഫണ്ട് അനുവദിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണ്;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാകും; വിശദമാക്കാമോ?

ഉത്തരം

(എ-സി) പയ്യന്നൂർ മണ്ഡലത്തിലെ വനിത റെസിഡൻഷ്യൽ പോളിടെക്നിക് ക്യാമ്പസിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് 2017-18-ലെ നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 230 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആദ്യ നിർവഹണ ഏജൻസി കൈറ്റ് ആയിരുന്നു. നിലവിൽ KITCO ആണ് നിർവ്വഹണ ചുമതല വഹിക്കുന്നത്. ടെണ്ടർ നടപടികൾ നടന്നുവരുന്നു.

## മാവേലിക്കരയിൽ സർക്കാർ പോളിടെക്നിക്

302 (1745) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ ഒരു സർക്കാർ പോളിടെക്നിക് ആവശ്യമാണെന്ന നിവേദനം/ ശിപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സർക്കാർ പോളിടെക്നിക് തുടങ്ങുവാനാവശ്യമായ പഠനം നടത്തുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) മാവേലിക്കരയിൽ പുതിയ പോളിടെക്നിക് സ്ഥാപിക്കുന്നതിനുള്ള നിവേദനം/ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാൻ കഴിയും.

## പോളിടെക്നിക്കുകളിലെ ബോർഡ് ഓഫ് ഗവർണേഴ്സ്

303 (1746) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോളിടെക്നിക് കോളേജുകളിൽ തൊഴിൽ സാധ്യത അനുസരിച്ചുള്ള പുതിയ പാഠ്യപ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സംസ്ഥാനത്തെ സർക്കാർ പോളിടെക്നിക്കുകളിൽ ബോർഡ് ഓഫ് ഗവർണേഴ്സ് രൂപീകരിച്ചിട്ടുണ്ടോ; ആരൊക്കെയാണ് അതിലെ അംഗങ്ങൾ;

(സി) എയ്ഡഡ് പോളിടെക്നിക്കുകളിൽ ഇത്തരം ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ;

(ഡി) പോളിടെക്നിക്കുകൾക്ക് സ്വയംഭരണം നൽകുന്നതിനുള്ള ആദ്യപടിയായിട്ടാണോ മേല്പറഞ്ഞ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ പോളിടെക്നിക്കുകൾക്കും ബോർഡ് ഓഫ് ഗവർണേഴ്സ് രൂപീകരിച്ചിട്ടുണ്ട്. താഴെപ്പറഞ്ഞിരിക്കുന്ന അംഗങ്ങളാണ് ബോർഡ് ഓഫ് ഗവർണേഴ്സിൽ ഉൾപ്പെടുന്നത്.

1. ചെയർമാൻ
2. മെമ്പർ സെക്രട്ടറി (സ്ഥാപനത്തിലെ പ്രിൻസിപ്പൽ)
3. മെമ്പർ (എക്സ്-ഒഫിഷ്യോ)-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
4. മെമ്പർ (എക്സ്-ഒഫിഷ്യോ)-എ.ഐ.സി.റ്റി.ഇ.
5. മെമ്പർ (എക്സ്-ഒഫിഷ്യോ)-ഉന്നത വിദ്യാഭ്യാസ വകുപ്പ്, കേരള സർക്കാർ
6. മെമ്പർ (എക്സ്-ഒഫിഷ്യോ)-ധനകാര്യ വകുപ്പ്, കേരള സർക്കാർ
7. മെമ്പർ (എക്സ്-ഒഫിഷ്യോ)-സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ.
8. മെമ്പർ (വ്യവസായ മേഖലയിലെ പ്രതിനിധി)-02 നമ്പർ
9. മെമ്പർ (ഇൻസ്റ്റിറ്റ്യൂഷൻ)-02 നമ്പർ

(സി) രൂപീകരിച്ചിട്ടുണ്ട്.

(ഡി) AICTE അംഗീകാരം ലഭിക്കാനാവശ്യമായ ആവശ്യ നിബന്ധനകൾക്കനുസരിച്ചാണ് ബോർഡ് ഓഫ് ഗവർണേഴ്സ് രൂപീകരിച്ചിട്ടുള്ളത്.

## ചാലക്കുടി റീജിയണൽ സയൻസ് സെന്ററിന്റെയും പ്ലാനറ്റോറിയത്തിന്റെയും നിർമ്മാണം

304 (1747) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ റീജിയണൽ സയൻസ് സെന്ററിന്റേയും പ്ലാനറ്റോറിയത്തിന്റേയും നിർമ്മാണത്തിലുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കി സമയബന്ധിതമായി റീജിയണൽ സയൻസ് സെന്ററിന്റേയും പ്ലാനറ്റോറിയത്തിന്റേയും നിർമ്മാണം പൂർത്തിയാക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചാലക്കുടി റീജിയണൽ സയൻസ് സെന്ററിന്റെയും പ്ലാനറ്റോറിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് സംബന്ധിച്ച് 4-10-2018, 2-7-2019 തീയതികളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുചേർക്കുകയും നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് അടിയന്തരമായി സയൻസ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പ്രവർത്തനമാരംഭിക്കാനിരിക്കുന്ന ചാലക്കുടി പ്ലാനറ്റോറിയത്തിന് 6 തസ്തികകൾ അനുവദിക്കുന്നതിന് 25-9-2019-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-10-2019-ലെ സ.ഉ. (സാധാ)നമ്പർ 361/2019/ഉ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. 10-1-2020-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ ചാലക്കുടി റീജിയണൽ സയൻസ് സെന്ററിന്റെ ഓരോ ഘട്ടത്തിന്റെയും നിർമ്മാണം പൂർത്തിയാക്കേണ്ടതിന്റെ തീയതിക്രമം നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം 2020-ൽ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി സമയബന്ധിതമായി സെന്റർ കമ്മീഷൻ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫീസ് വർദ്ധനവ്**

305 (1748) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഫീസിൽ വർദ്ധനവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഓരോ കോഴ്സിനും എന്ത് ഫീസ് വർദ്ധനവാണ് വരുത്തിയത്; എന്നുമുതലാണ് ഇതിന് പ്രാബല്യം നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ഫീസ് വർദ്ധനവ് വരുത്തുവാനുണ്ടായ പ്രത്യേക കാരണം എന്തെന്ന് അറിയിക്കാമോ ;

(ഡി) ഇതിനായി ഏതെങ്കിലും കമ്മിറ്റി ശിപാർശ ചെയ്തിരുന്നോ; എങ്കിൽ ഏത് കമ്മിറ്റിയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) 6-9-2019-ലെ G.O. (Ms) No.311/2019/H.Edn, ധന വകുപ്പിൽ നിന്നുള്ള G.O.(P)നമ്പർ 28/2019/Fin 1-4-2019-തീയതി എന്നീ ഉത്തരവുകൾ പ്രകാരം പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ളവയുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, യൂണിവേഴ്സിറ്റി ഫീസ് മുതലായവയിൽ 5 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2019-2020 അദ്ധ്യയന വർഷം മുതൽ ഈ വർദ്ധനവിന് പ്രാബല്യവും നൽകിയിട്ടുണ്ട്.

(സി&ഡി) റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഫീസ് വർദ്ധനവ് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല.

## കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ

306 (1749) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ പരിശീലനത്തിനായി ഉന്നതവിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കമ്മ്യൂണിറ്റി സ്കിൽ പാർക്കുവഴി ഏതെല്ലാം തരത്തിലുള്ള തൊഴിൽ പരിശീലനമാണ് വിദ്യാർത്ഥികൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ പാർക്കുകളിൽ നിർമ്മാണം പൂർത്തിയായവയിൽ തൊഴിൽ പരിശീലനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) സാങ്കേതിക മേഖലയിലെയും വ്യവസായ മേഖലയിലെയും മാറിമാറി വരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി അസാപ്പിനുകീഴിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിച്ചുവരുന്നു. കൂടാതെ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.റ്റി.ഐ. മുതലായ സ്ഥാപനങ്ങളിൽ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ച് വ്യവസായ മേഖലയിലെ ആവശ്യങ്ങൾക്കനുസൃതമായ നൈപുണ്യ

പരിശീലനം നൽകുന്നു. പ്രായോഗിക പരിശീലനം ഉറപ്പാക്കുന്നതിനായി പരിശീലനം നേടിയ വിദ്യാർത്ഥികളെയും പരിശീലന സ്ഥാപനങ്ങളെയും കൂട്ടിയിണക്കുന്നതിനായി ഇന്റേൺഷിപ് പോർട്ടൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കാസർഗോഡ്, പാണ്ടിക്കാട്, ലക്കിടി, ചാത്തന്നൂർ, പെരുമ്പാവൂർ, കളമശ്ശേരി, കുന്നന്താനം, കുളക്കട എന്നീ എട്ട് ഇടങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും വയനാട് ജില്ലയിലെ സി.എസ്.പി. മാനന്തവാടിയുടെ നിർമ്മാണം അന്തിമഘട്ടത്തിലുമാണ്. കൂടാതെ പാലയാട്, തവനൂർ, കുന്നംകുളം, ചെറിയ കലവൂർ, പാമ്പാടി, കഴക്കൂട്ടം, വിഴിഞ്ഞം എന്നീ ഏഴ് ഇടങ്ങളിലെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സാങ്കേതിക മേഖലയിലെയും വ്യവസായ മേഖലയിലെയും ആവശ്യകതയ്ക്കനുസരിച്ചുള്ള നൈപുണ്യ വികസന കോഴ്സുകളിലാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴി പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്. അത് പ്രകാരം ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐ.ഒ.ടി.), ബ്ലോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് തുടങ്ങിയ മേഖലകളിലെ കോഴ്സുകളിലും അപ്പാരൽ, ഫുഡ് &ബിവറേജസ്, ഓട്ടോമൊബൈൽ, ലോജിസ്റ്റിക്, ഹോസ്പിറ്റാലിറ്റി, ബ്യൂട്ടി & വെൽനസ്സ്, മാന്യുഫാക്ചറിംഗ് മുതലായ കോഴ്സുകളിലുമാണ് പരിശീലനം നൽകുന്നത്.

(ഡി) നിർമ്മാണം പൂർത്തീകരിച്ച എട്ട് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ ഏഴ് ഇടങ്ങളിൽ നൈപുണ്യ പരിശീലനം ആരംഭിച്ചിട്ടുണ്ട്.

## യു.ജി.സി. അംഗീകാരമുള്ള വിദൂര പഠന വിദ്യാഭ്യാസ കോഴ്സുകൾ

307 (1750) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. അംഗീകാരമുള്ള ഏതെല്ലാം വിദൂര പഠന വിദ്യാഭ്യാസ കോഴ്സുകളാണ് കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) യു.ജി.സി. അംഗീകാരമുള്ള വിദൂര പഠന വിദ്യാഭ്യാസ കോഴ്സുകൾ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾ അംഗീകാരത്തിനായി അപേക്ഷിക്കുന്ന പക്ഷം ആയത് നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) <u>കേരള സർവ്വകലാശാല</u>:- യു.ജി.സി അംഗീകാരമുള്ള നിരവധി വിദൂര പഠന കോഴ്സുകൾ കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ട്. കേരള സർവ്വകലാശാല അംഗീകരിച്ച മറ്റ് സർവ്വകലാശാലയുടെ കോഴ്സ് ലിസ്റ്റും അനുബന്ധ വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. (www.kerala university.ac.in-Academic-Recognition Norms)

മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കട്ട് സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നീ സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള യു.ജി.സി. അംഗീകാരമുള്ള വിദൂര പഠന വിദ്യാഭ്യാസ കോഴ്സുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

<u>കണ്ണൂർ സർവ്വകലാശാല</u>:- യു.ജി.സി. അംഗീകൃത കേന്ദ്ര/സംസ്ഥാന/കൽപ്പിത/പ്രൈവറ്റ് സർവ്വകലാശാലകളുടെയും ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളുടെയും വിദൂര വിദ്യാഭ്യാസ ബിരുദങ്ങൾക്ക് (കണ്ണൂർ സർവ്വകലാശാല അംഗീകരിച്ച കോഴ്സുകളാണെങ്കിൽ), 2010 നവംബർ 30-ന് മുൻപ് അപേക്ഷകർ അഡ്മിഷൻ നേടിയതാണെങ്കിൽ തുല്യത/അംഗീകാര സർട്ടിഫിക്കറ്റ് അനുവദിക്കുന്നുണ്ട്. അല്ലാത്തപക്ഷം, അതാത് സർവ്വകലാശാലയുടെ അധികാര പരിധിക്കുള്ളിലാണ് കോഴ്സ് പൂർത്തിയാക്കിയതെന്ന് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റും യു.ജി.സി.-യുടെ ഏറ്റവും പുതിയ റെഗുലേഷൻ പ്രകാരമുള്ളതാണെങ്കിൽ പ്രസ്തുത തുല്യത നൽകാമോയെന്ന് സ്കീമും സിലബസും പരിശോധിച്ച് ശിപാർശ നൽകുന്നതിനായി സർവ്വകലാശാലയുടെ ബന്ധപ്പെട്ട പഠന ബോർഡിന് സമർപ്പിക്കാനാവശ്യമായ രേഖകളും ഹാജരാക്കിയാൽ മാത്രമാണ് തുല്യതയുടെ വിഷയം പരിഗണിക്കുന്നത്.

(ബി) വിദൂര വിദ്യാഭ്യാസത്തിലൂടെ നേടിയ ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും ഇതുസംബന്ധിച്ചുള്ള യു.ജി.സി. റെഗുലേഷൻ 2017 അടിസ്ഥാനപ്പെടുത്തിയാണ് പ്രസ്തുത റെഗുലേഷൻ അനുസരിച്ച് 2017-നുമ്പ് വിദൂര വിദ്യാഭ്യാസത്തിലൂടെ നേടിയ ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് അതാത് സർവ്വകലാശാലകളാണ് തീരുമാനം കൈക്കൊള്ളുന്നത്.

ഇതുസംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള യു.ജി.സി. റെഗുലേഷൻ (UGC Notification No.F.No.2-4/2018(DEB-1) പ്രകാരം NAAC അക്രെഡിറ്റേഷനിൽ 3.26-ഓ അതിന് മുകളിലോ ഗ്രേഡ് ലഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് മാത്രമേ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ യു.ജി.സി. അനുവാദം നൽകുന്നുള്ളൂ.

(സി) അപേക്ഷ ലഭിക്കുന്നപക്ഷം സർവ്വകലാശാലകൾ നടപടി സ്വീകരിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർവ്വകലാശാല പഠന വകുപ്പുകളിലെ അദ്ധ്യാപക നിയമനം

308 (1751) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാല പഠന വകുപ്പുകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(ബി) 2016 മേയ് ഒന്നിന് ശേഷം കലിക്കറ്റ്, കണ്ണൂർ, കുസാറ്റ് എന്നീ യൂണിവേഴ്സിറ്റികളിലെ പഠനവകുപ്പുകളിലെ അദ്ധ്യാപക നിയമനത്തിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ സംവരണ തസ്തികകൾ ഏതെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) WP(C) No. 9785 of 2015 നമ്പർ കേസ്സിലെ 3/2/2016-ലെ വിധി പ്രകാരം നിയമനങ്ങളിൽ സംവരണ മാനദണ്ഡങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ കേരള ഹൈക്കോടതി കാലിക്കറ്റ് സർവ്വകലാശാലക്ക് നിർദ്ദേശം നൽകിയിട്ടും ആയത് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ;

(ഡി) കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗത്തിലെ 2019 : 1420 തീരുമാനപ്രകാരം അംഗീകരിച്ച അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട റിപ്പോർട്ട് തയ്യാറാക്കാൻ ആധാരമാക്കിയ രേഖകൾ ഏതെല്ലാമെന്ന് അറിയിക്കാമോ; റിപ്പോർട്ടിന്റെ ഒരു പകർപ്പ് നൽകാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനായി 2016 മേയ് 1-നുശേഷം ചുവടെ പറഞ്ഞിരിക്കുന്ന വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. Notification No.Ad.D3/SLS/Notif/2014(PF) dated 21-6-2017
2. Notification No.Ad.D2/136/Notif/2018(1) dated 22-10-2019
3. Notification No.Ad.D2/136/Notif/2018(2) dated 22-10-2019

4. Notification No.Ad.D2/136/Notif/2018 (3) dated 22-10-2019
5. Notification No.Ad.D2/136/Notif/2018(1) dated 26-12-2019
6. Notification No.Ad.D2/136/Notif/2018(2) dated 26-12-2019

ഈ വിജ്ഞാപനങ്ങൾ മുഖാന്തരം പരസ്യപ്പെടുത്തിയിരിക്കുന്ന തസ്തികകളിൽ നൽകിയിരിക്കുന്ന റിസർവ്വേഷൻ ചാർട്ട് പ്രകാരമുള്ള സംവരണവും ഭിന്നശേഷിക്കാർക്കുള്ള സംവരണവും ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല സംവരണ തസ്തികകൾ വ്യക്തമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധം-1 ആയി ചേർക്കുന്നു*. 31-12-2019-ന് കാലിക്കറ്റ് സർവ്വകലാശാല പഠന വകുപ്പുകളിലെ അദ്ധ്യാപക നിയമനത്തിനായി പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ സംവരണ തസ്തികകൾ വ്യക്തമാക്കിയിട്ടില്ല.

(സി) 9785 of 2015 w-നു പുറമെ 17961 of 2015-U, 18659 of 2015- F and 18797 of 2015-Y എന്നീ കേസ്സുകളിലെ 3-2-2016-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിപ്രകാരം സംവരണം നിയമന സമയത്ത് മാത്രമേ പാലിക്കാവൂ എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് അദ്ധ്യാപക നിയമനത്തിനുള്ള വിജ്ഞാപനം ഇറക്കിയത്.

(ഡി) റിപ്പോർട്ട് തയ്യാറാക്കാനായി വിവിധ വകുപ്പുകൾ നല്കിയ ഒഴിവുകളുടെ വിവരങ്ങൾ, എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്റർ, യൂണിവേഴ്സിറ്റി രേഖകൾ, ഉത്തരവുകൾ എന്നിവയാണ് ആധാരമാക്കിയിരിക്കുന്നത്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു.*

## വിദൂര പഠനത്തിനായി പ്രത്യേക സർവ്വകലാശാല

309 (1752) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദൂരപഠനത്തിനായി ഒരു പ്രത്യേക സർവ്വകലാശാല ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഓപ്പൺ സർവ്വകലാശാലയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാര നിർണ്ണയം**

310 (1753) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. വി. കെ. പ്രശാന്ത് :

ശ്രീ. പി. കെ. ശശി :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസമേഖലയുടെ സമഗ്രവിവരശേഖരണം ലക്ഷ്യമിട്ട് ഉന്നതവിദ്യാഭ്യാസ സർവ്വേ ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാര നിർണ്ണയത്തിനായി സ്റ്റേറ്റ് അസെസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ പ്രാവർത്തികമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അക്കാദമികരംഗത്തും ഗവേഷണരംഗത്തും അവയെ ഉത്കൃഷ്ട സ്ഥാപനങ്ങൾ ആക്കിത്തീർക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഉന്നത വിദ്യാഭ്യാസ സർവ്വേ ആരംഭിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര വിവര ശേഖരണം ലക്ഷ്യമിട്ട് ഓൾ ഇന്ത്യാ ഹയർ എഡ്യൂക്കേഷൻ സർവ്വേ മാതൃകയിലാണ് ഓൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ നടപ്പാക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ എയ്ഡഡ് സ്വയംഭരണ സ്വാശ്രയ കോളേജുകളുടെയും സർവ്വകലാശാലകളുടെയും വിവരങ്ങൾ ശേഖരിക്കാനാണ് ഈ സർവ്വേയിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട ആധികാരിക വിവരങ്ങളുടെ അഭാവം പരിഹരിക്കുക എന്ന വലിയ ലക്ഷ്യമാണ് സാക്ഷാൽക്കരിക്കപ്പെടുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച ഈ വിവരശേഖരണം ഭാവിയിൽ സർക്കാരിനും ഉന്നത വിദ്യാഭ്യാസ കൗൺസിലിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ സഹായകമാകും. ഉന്നത വിദ്യാഭ്യാസ

സ്ഥാപനങ്ങളെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ, കോഴ്സുകൾ, പരീക്ഷകൾ, ഫണ്ട് സംബന്ധമായ വിവരങ്ങൾ, സാമൂഹ്യ ഇടപെടലുകൾ എന്നിങ്ങനെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും ഓരോ സ്ഥാപനവും പോർട്ടലിലൂടെ നൽകണം. എല്ലാ വർഷവും തുടരുന്ന ഒരു പ്രക്രിയയാണ് ഈ സർവ്വേ. നടപ്പുവർഷത്തെ സർവ്വേയിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്ക്, മുൻ വർഷത്തെ വിവരങ്ങൾകൂടി ലഭ്യമാക്കാൻ അവസരമുണ്ടാകും. ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി വർഷന്തോറും ഒരു സ്ഥിതിവിവരക്കണക്ക് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കാനും പദ്ധതിയുണ്ട്. ഉന്നത വിദ്യാഭ്യാസ സർവ്വേയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാന ത്തിലാണ് സ്ഥാപനങ്ങളെ Kerala Institutional Ranking Framework (KIRF) റാങ്കിംഗിന് പരിഗണിക്കുന്നത്.

(ബി) പ്രാവർത്തികമായിട്ടില്ല.

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി അക്കാദമിക രംഗത്തും ഗവേഷണ രംഗത്തും അവയെ ഉത്കൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെപ്പറയുന്നവയാണ് :

1. കരിക്കുലം പരിഷ്കരണം
2. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി
3. ചാൻസലേഴ്സ് അവാർഡ്
4. ക്ലസ്റ്റർ കോളേജ് പദ്ധതി
5. എറുഡൈറ്റ് പദ്ധതി
6. പ്രബുദ്ധത
7. ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ
8. ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ
9. സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം രൂപീകരണം
10. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക്
11. ക്രോസ് ഡിസിപ്ലിനറി ലിറ്ററസി ക്യാമ്പയിൻ, 2020.

## സർവ്വകലാശാലകൾ ദേശീയ/അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി

311 (1754) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ ദേശീയ/അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) സർവ്വകലാശാലകളിൽ കാലിക പ്രസക്തിയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ കോളേജുകളിൽ അത്യാധുനിക രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ ദേശീയ/അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. കരിക്കുലം പരിഷ്ക്കരണം:- ബിരുദതല വിദ്യാഭ്യാസം Choice Based Credit Semester System (CBCSS) മാതൃകയിൽ പുനഃസംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകി എല്ലാവർക്കും ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ ഈ സമ്പ്രദായം സംസ്ഥാനത്ത് 2009-10 മുതൽ നടപ്പിലാക്കിത്തുടങ്ങി. ഇതിന് ചുവടുപിടിച്ച് കേരളത്തിലെ സർവ്വകലാശാലകൾ ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും പുനഃസംഘടിപ്പിച്ചു.

   ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ. ഡി. ജമ്മീസിന്റെ അദ്ധ്യക്ഷതയിലുള്ള വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് ചർച്ചയ്ക്കായി സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി നൽകുന്ന കരിക്കുലം ഫ്രെയിം വർക്കിൽ, വൈജ്ഞാനിക രംഗത്തെ പുതിയ അറിവുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതികൾ രൂപീകരിക്കാനാണ് സർവ്വകലാശാലകൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകിവരുന്നത്.

2. ഔട്ട്-കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകളും (GA): ഔട്ട്-കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഔട്ട്-കം ബെയ്സ്ഡ് എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് സിലബസ്സിലും കരിക്കുലത്തിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇതിനായുള്ള പരിശീലനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകിക്കഴിഞ്ഞു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. എൻ. ജെ. റാവുവിന്റെ നേതൃത്വത്തിലാണ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലനം നൽകിയത്. സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കും മറ്റ് കോളേജുകളിലെ അദ്ധ്യാപകർക്കായുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു.

3. ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ (FTC):- ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചത്. Humanities & Social Science, Science, Commerce and Management എന്നീ സ്ക്രീമുകളിൽ അദ്ധ്യാപകർക്കായി പരിശീലനം സംഘടിപ്പിക്കുന്നു.

4. ചാൻസലേഴ്സ് അവാർഡ്:- ബഹു. കേരള ഗവർണർ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി

12 വർഷം കഴിയാത്ത സർവ്വകലാശാലകളെ "Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയും അല്ലാത്തവയ്ക്ക് 5 കോടി രൂപയുമാണ് അവാർഡായി നൽകുന്നത്.

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി റൂസ ഒന്നാം ഘട്ടത്തിൽ ഉയർന്ന NAAC grade ഉള്ള കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും ഘടകം 3 പ്രകാരം 20 കോടി രൂപ വീതം നൽകുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്. കൂടാതെ, റൂസ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഗവേഷണ മേഖലയിലെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി 50 കോടി രൂപ ലഭിക്കുന്ന പദ്ധതിയിൽ ഗവേഷണ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച കുസാറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല എന്നിവർ പങ്കാളികളാണ്. റൂസയുടെ ഭാഗമായി സർക്കാർ കോളേജുകളെ പരസ്പരം ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ കോളേജുകളിലെ സ്ത്രീ-സൗഹൃദ കേന്ദ്രങ്ങൾ എന്നിവയും സംസ്ഥാനത്തെ സർവ്വകലാശാലകളെ ദേശീയ/അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച വിവിധ പദ്ധതികളാണ്.

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഗവേണിംഗ് ബോഡി യോഗം സമിതി രൂപീകരിച്ചു. പ്രൊഫ. രാജൻ ഗുരുക്കൾ, ഡോ. ബി. ഇക്ബാൽ, ഡോ. ഉഷാ ടൈറ്റസ്, ഐ.എ.എസ്, പ്രൊഫ. സാബു തോമസ് (മഹാത്മാഗാന്ധി സർവ്വകലാശാല), ഡോ. എ. രാമചന്ദ്രൻ (കുഫോസ്), ഡോ. ആർ.വി.ജി. മേനോൻ, എന്നിവരടങ്ങിയ സമിതിയാണ് പഠനം നടത്തുക. കോഴ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് യു.ജി.സി.-യുടെ ടെന്യൂവർ ട്രാക്ക് സമ്പ്രദായത്തിന്റെ സാധ്യതകൾ ഈ സമിതി പരിശോധിക്കും. ഒരു കോഴ്സിന്റെ ഓരോ സെമസ്റ്ററുകളും വിവിധ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് അവസരം ഒരുക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനുള്ള ചുമതലയും ഈ സമിതിക്കാണ്.

(സി) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ അത്യാധുനിക രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ താഴെപ്പറയുന്നവയാണ് :

1. റൂസ ഒന്നാംഘട്ടത്തിന്റെ ഭാഗമായി ഘടകം 7 പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിന് 2 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിയിൽ നിലവിൽ 22 ഗവൺമെന്റ് കോളേജുകൾ പങ്കാളികളാണ്.

2. റൂസ ഒന്നാം ഘട്ടത്തിന്റെതന്നെ ഭാഗമായി ഘടകം 5 പ്രകാരം മാതൃകാ ഡിഗ്രി കോളേജാക്കി ഉയർത്തുന്നതിന് 4 കോടി രൂപ ലഭിക്കുന്ന പദ്ധതിയിൽ മൂന്നാർ ഗവൺമെന്റ് കോളേജ് ഭാഗമാണ്.

3. റൂസ രണ്ടാം ഘട്ടത്തിന്റെതന്നെ ഭാഗമായി ഘടകം 9 പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി 2 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിയിൽ നിലവിൽ 14 ഗവൺമെന്റ് കോളേജുകൾ പങ്കാളികളാണ്.

4. റൂസ രണ്ടാം ഘട്ടത്തിന്റെതന്നെ ഭാഗമായി ഘടകം 8 പ്രകാരം സ്വയംഭരണ കോളേജുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ മേഖലയിലെ ഏക സ്വയംഭരണ കോളേജായ മഹാരാജാസിന് ഫണ്ട് ലഭിക്കാൻവേണ്ട നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

5. സർക്കാർ കോളേജുകളെ പരസ്പരം ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ കോളേജുകളിലെ സ്ത്രീ-സൗഹൃദ കേന്ദ്രങ്ങൾ, അംഗപരിമിതർ ആയിട്ടുള്ള വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം എന്നിവ അടിസ്ഥാന സൗകര്യ വികസനത്തിനും ഗുണമേന്മ വർദ്ധനവിനുമായി ആവിഷ്കരിച്ച വിവിധ പദ്ധതികളാണ്.

റൂസ മുഖേന ലഭിക്കുന്ന ഫണ്ടുകൾ പ്രധാനമായും നിർമ്മാണം, പുനരുദ്ധാരണം, പർച്ചേസ് എന്നിങ്ങനെ മൂന്ന് രീതിയിലാണ് കൈകാര്യം ചെയ്യപ്പെടുന്നത്. ഇതിൽ മൊത്തം തുകയുടെ 50 ശതമാനംവരെ ആവശ്യമെങ്കിൽ നിർമ്മാണം, പുനരുദ്ധാരണം എന്നിവയിൽ ഉൾപ്പെടുത്തി ആധുനീകരണത്തിന് ഉപയോഗിക്കാവുന്നതാണ്.

സർക്കാർ കോളേജുകളിൽ അത്യാധുനിക രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

1. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ മിഷന്റെ ഭാഗമായി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഐ.ടി. രംഗത്തെ നിലവാരം പ്രയോജനപ്പെടുത്തി വിവരസാങ്കേതികവിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്റ്റിവിറ്റി എന്ന പദ്ധതി നടന്നുവരുന്നു.

2. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി ഗവേഷണ സ്ഥാപനങ്ങളെയും ഉന്നത വിദ്യാപീഠങ്ങളെയും മികവിന്റെ കേന്ദ്ര ങ്ങളാക്കി വികസിപ്പിക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

3. കേരളത്തിലെ സർക്കാർ കോളേജുകളിലെ ലൈബ്രറികളുടെയും ലബോറട്ടറികളുടെയും സമഗ്രവികസനത്തിനായി വകുപ്പിന് കീഴിൽ ലൈബ്രറി ലബോറട്ടറി വികസനം എന്ന പദ്ധതിയും നടത്തിവരുന്നു.

4. 2019-20 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി "Infrastructure Upgradation, Development & Maintenance of Govt. Colleges 4202-01-203-72" (ക്യാപിറ്റൽ) ശീർഷകത്തിൽ 30 കോടി രൂപയും " Quality Enhancement & Accreditation 4202-01-203-71"(ക്യാപിറ്റൽ) ശീർഷകത്തിൽ 10 കോടി രൂപയും "Infrastructure Upgradation, Development & Maintenance of Govt. Colleges 2202-02-103-50" (റവന്യൂ) ശീർഷകത്തിൽ 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസന ത്തിനായി "Development of libraries, Laboratories & Furniture 2202-03-103-76" (റവന്യൂ) ശീർഷകത്തിൽ 7.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2202-03-103-70 ASSET MAINTENANCE FUND ശീർഷകത്തിൽ 16,81,70,000 രൂപ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ നിലവിലുള്ള ASSET-ന്റെ MAINTENANCE-നും അനുവദിച്ചിട്ടുണ്ട്. കോളേജുകളിലെ ഡി.സി.സി. ഫണ്ടും പ്രസ്തുത ആവശ്യത്തിനായി വിനിയോഗിക്കുന്നു.

5. സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജുകളുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് 16-6-2018-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Ms) 1131/2017/ H.Edn പ്രകാരം 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും പ്രഖ്യാപിച്ചിരുന്നു. ഇതിനായി കോളേജുകളുടെ മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. തയ്യാറാക്കാൻ KITCO-ടെക്നിക്കൽ ടീം എന്നിവരെ സർക്കാർ

തലത്തിൽ നിയമിച്ചിരുന്നു. KITCO-ടെക്നിക്കൽ ടീം എന്നിവർ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ കോളജ് തലത്തിൽ അംഗീകരിച്ച് KITE-KITCO മുഖാന്തരം സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതും ആയത് സർക്കാർ തലത്തിൽ പരിശോധിച്ച് KIIFB-ലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള ഭരണാനുമതി KITCO-യ്ക്ക് നൽകുകയും ആയത് പ്രകാരം അപ്‌ലോഡ് ചെയ്ത മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. KIIFB-അവലോകനം നടത്തി 36 കോളേജുകൾക്ക് 260.77 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

**സർവ്വകലാശാലകളിലെ അദാലത്ത് നടത്തുന്നതിലെ ചട്ടലംഘനം**

312 (1755) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ അദാലത്ത് നടത്താൻ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഓഫീസും നേരിട്ട് ഇടപെട്ടതായുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി രേഖകളിൽനിന്നും വ്യക്തമാകുകയുണ്ടായോ;

(ബി) മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കഴിഞ്ഞ ഫെബ്രുവരി രണ്ടിനു നൽകിയ കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് അദാലത്ത് തീരുമാനിച്ചതെന്നും ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിമാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതെന്നുമുള്ള ആക്ഷേപങ്ങൾ പരിശോധിക്കുകയുണ്ടായോ;

(സി) മന്ത്രിയുടെ നിർദ്ദേശം എന്ന നിലയിൽ പ്രൈവറ്റ് സെക്രട്ടറി നൽകിയ കുറിപ്പിലെ ഒമ്പതു നിർദ്ദേശങ്ങൾ ഒരുമാറ്റവും വരുത്താതെയാണ് പ്രിൻസിപ്പൽ സെക്രട്ടറി പ്രത്യേക സർക്കുലറാക്കി കാലിക്കറ്റ്, എം.ജി., കണ്ണൂർ, കുസാറ്റ് തുടങ്ങിയ സർവ്വകലാശാലാ രജിസ്ട്രാർമാർക്കയച്ചതെന്ന ആക്ഷേപത്തിൽ വസ്തുതയുണ്ടോ; ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മന്ത്രിക്ക് ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയോട് നിർദ്ദേശിക്കാം എന്നല്ലാതെ സർവ്വകലാശാലകളെ സംബന്ധിക്കുന്ന ഒരു വിഷയത്തിലും നേരിട്ട് ഉത്തരവോ കുറിപ്പോ ഇറക്കാൻ പാടില്ലെന്ന് നിയമം അനുശാസിക്കുന്നുണ്ടോ; എങ്കിൽ, മന്ത്രിയുടെ നടപടി ചട്ടലംഘനമായി സർക്കാർ കാണുന്നുണ്ടോ?

<u>ഉത്തരം</u>

(എ) സർവ്വകലാശാലകളിൽ തീർപ്പാകാതെ കിടന്ന ഫയലുകളിൽ തീരുമാന മെടുക്കുന്നതിനായി ഫയൽ അദാലത്ത് നടത്തുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ സർവ്വകലാശാലകൾക്ക് നൽകിയിരുന്നു എന്ന് രേഖകളിൽ വ്യക്തമായിട്ടുണ്ട്.

(ബി) പരിശോധിക്കുകയുണ്ടായി.

(സി) ആക്ഷേപമായി കരുതുന്നില്ല.

(ഡി) ഇക്കാര്യത്തിൽ മന്ത്രി ഉത്തരവിട്ടിട്ടുണ്ട്. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

**കേരള സർവ്വകലാശാലയിലെ മോഡറേഷൻ ക്രമക്കേട്**

313 (1757) <u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല, മോഡറേഷൻ ക്രമക്കേടിലൂടെ വിദ്യാർത്ഥികളെ വിജയിപ്പിച്ച സംഭവം സംബന്ധിച്ച് ഏതൊക്കെ തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്;

(ബി) ഇത് സംബന്ധിച്ച് അന്വേഷിച്ച ജില്ലാ ക്രൈംബ്രാഞ്ച്, കേസ് രജിസ്റ്റർ ചെയ്ത് വിശദമായ അന്വേഷണം നടത്തണമെന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ക്രമക്കേട് സോഫ്റ്റ്‌വെയർ തകരാർമൂലം സംഭവിച്ചതാണെന്ന് സർവ്വകലാശാലയുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; ഇത് ക്രൈംബ്രാഞ്ചിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(ഡി) യൂണിവേഴ്സിറ്റിയുടെ വിശ്വാസ്യതയെ തന്നെ തകർക്കുന്ന ഇത്തരം കാര്യങ്ങളിൽ സമഗ്രമായ അന്വേഷണം നടത്തി വസ്തുത വെളിച്ചത്ത് കൊണ്ടുവരുന്നതിന് സമഗ്ര അന്വേഷണം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർവ്വകലാശാലാ ആഭ്യന്തര സമിതി, സിൻഡിക്കേറ്റ് നിയോഗിച്ച വിദഗ്ദ്ധ സമിതി, ക്രൈം ബ്രാഞ്ച് എന്നിവ വഴി അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) മോഡറേഷൻ മാർക്കിൽ ക്രമക്കേട് നടന്നതുമായി ബന്ധപ്പെട്ട് കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർ സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിന്മേൽ, തിരുവനന്തപുരം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് പ്രാഥമിക അന്വേഷണം നടത്തി പ്രസ്തുത സംഗതി സംബന്ധിച്ച് ക്രൈം ബ്രാഞ്ചിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ ശിപാർശ ചെയ്തുകൊണ്ട് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ചിൽ ക്രൈം നമ്പർ 519/CB/VNM/D/2019 U/s 420, 468 IPC & 56 C, 66D of IT Act 2008 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) സിൻഡിക്കേറ്റ് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ അന്വേഷണ റിപ്പോർട്ടിൽ സോഫ്റ്റ്‌വെയർ തകരാർമൂലമാണ് ക്രമക്കേട് സംഭവിച്ചതെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത വിവരം രേഖാമൂലം ക്രൈം ബ്രാഞ്ചിനെ അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കേസ് ക്രൈം ബ്രാഞ്ച് സമഗ്രമായി അന്വേഷിച്ചുവരുന്നു.

**കാര്യവട്ടം കാമ്പസിൽ പാർക്കിംഗ് ഫീസായി ഈടാക്കിയ തുക**

314 (1758) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഡിസംബർ മാസം കാര്യവട്ടം സ്പോർട്സ് ഹബ്ബിൽ നടന്ന ഇൻഡ്യ-വെസ്റ്റ് ഇൻഡീസ് 20-20 ക്രിക്കറ്റ് മൽസരവുമായി ബന്ധപ്പെട്ട് കാര്യവട്ടം കാമ്പസിനുള്ളിൽ പാർക്കിംഗ് ഫീസായി ഓരോ ഇനം വാഹനത്തിനും എത്ര രൂപ വീതമാണ് കേരള യൂണിവേഴ്സിറ്റി അധികൃതർ ഈടാക്കിയതെന്ന് വിശദമാക്കാമോ;

(ബി) കൂടിയനിരക്കിൽ പാർക്കിംഗ് ഫീസ് ഈടാക്കിയെങ്കിലും അതിനനുസരിച്ചുള്ള പാർക്കിംഗ് സൗകര്യം കാമ്പസിനുള്ളിൽ ഏർപ്പെടുത്തിയിരുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ദിവസം പാർക്കിംഗ് ഫീസിനത്തിൽ കേരള യൂണിവേഴ്സിറ്റിയ്ക്ക് എത്ര തുക ഓരോ ഇനം വാഹനത്തിനും ലഭിച്ചുവെന്നതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 8-12-2019-ന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന ക്രിക്കറ്റ് മത്സരവുമായി ബന്ധപ്പെട്ട് കാര്യവട്ടം കാമ്പസിനുള്ളിൽ പാർക്കിംഗ് ഫീസായി ഓരോ ഇനം വാഹനങ്ങൾക്കും ഈടാക്കിയ തുക ചുവടെ നൽകുന്നു :

| | | |
|---|---|---|
| 1 | ടൂ വീലർ വാഹനങ്ങൾക്ക് | 100 രൂപ |
| 2 | ത്രീ വീലർ വാഹനങ്ങൾക്ക് | 200 രൂപ |
| 3 | കാർ | 250 രൂപ |
| 4 | മിനി ബസ് | 500 രൂപ |
| 5 | ഹെവി ബസ് | 750 രൂപ |

(ബി) കാമ്പസിനുള്ളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തിയിരുന്നു. പാർക്കിംഗ് ചെയ്യുന്നതിനായി കാട് വെട്ടിത്തെളിച്ച് കൂടുതൽ സ്ഥലം ഒരുക്കിയിരുന്നു. കൂടാതെ മറ്റ് വാഹനങ്ങൾക്ക് തടസ്സം കൂടാതെ പാർക്ക് ചെയ്യുന്നതിനും വാഹനങ്ങളുടെ സുരക്ഷിതത്വത്തിനുമായി ഏകദേശം 25 പേരെ നിയോഗിച്ചിരുന്നു. ഇതിൽ പുറത്തുനിന്നുള്ള 9 ട്രാഫിക് വാർഡന്മാരെക്കൂടാതെ സെക്യൂരിറ്റി ഗാർഡുമാരും ഉൾപ്പെടുന്നു. രാത്രി 11.00 മണി വരെ പാർക്കിംഗ് ഉണ്ടായിരുന്നതിനാൽ പ്രത്യേകം ജനറേറ്റർ സ്ഥാപിച്ച് എല്ലായിടത്തും ലൈറ്റുകളും സ്ഥാപിച്ചിരുന്നു. ഇത്തരത്തിൽ പാർക്കിംഗിനുവേണ്ടി എല്ലാവിധ സൗകര്യങ്ങളും കാമ്പസിൽ സജ്ജീകരിച്ചിരുന്നു.

(സി) 8-12-2019-ന് കാര്യവട്ടം കാമ്പസിനുള്ളിൽ പാർക്കിംഗ് ഫീസ് ഇനത്തിൽ സർവകലാശാലയ്ക്ക് ഓരോ ഇനം വാഹനത്തിനും ലഭിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. | 441 ടൂ വീലർ | 441x100 = 44,100 രൂപ |
| 2. | 4 ത്രീ വീലർ വാഹനങ്ങൾക്ക് | 4x200 = 800 രൂപ |
| 3. | 1003 കാർ | 1003x250 = 2,50,750 രൂപ |
| 4. | 3 മിനി ബസ് | 3x500 = 1500 രൂപ |
| 5. | ഹെവി ബസ് | 0 |
| | ആകെ | 2,97,150 രൂപ |

## ഓഫ് കാമ്പസ് സെന്ററുകൾ

315 (1759) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിൽ എത്ര ഓഫ് കാമ്പസ് സെന്ററുകൾ ഉണ്ടെന്നും അത് എവിടെയൊക്കെയാണെന്നും അവിടെത്തെ കോഴ്സുകൾ ഏതൊക്കെയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള ഓഫ് കാമ്പസ് സെന്ററുകളുടെയും അവിടത്തെ കോഴ്സുകളെയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. Kerala Police Academy Ramavarmapuram, Thrissur

   M.Sc Forensic Science

2. John Mathai Centre Aranattukara, Thrissur

   Dept. of Economics

   M.A Economics

   M.Phil

   Ph.D

   M.A Financial Economics

3. Dept. of School of Drama and Fine Arts, Thrissur

   BTA

   MTA

   M.A Music

   M.Phil

   Ph.D

   Dip in Theatre Acting

   PG Diploma in Theatre Technology

Certificate Course in Music

Certificate Course for Advanced studies in Mridangam

Music Therapy

4. ITSR Chethalayam, Wayanad.

B.A Sociology

M.A Sociology

5. Calicut University Centre, Kadamat, Lakshadweep

B.A Arabic

B.A English

B.A Economics

B.Sc Mathematics

M.A Arabic

M.A English

M.A Economics

M.Sc Mathematics

6. Calicut University Centre, Kavarathy, Lakshadweep

B.Ed

7. P.M Sayed Calicut University Centre, Antroth, Lakshadweep

B.A. Political Science

B.Com

B.Sc Aqua Culture

M.Sc Aqua Culture

M.Com

## എം.ജി. സർവ്വകലാശാലയിലെ മോഡറേഷൻ

316 (1761) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. സർവ്വകലാശാല സംഘടിപ്പിച്ച അദാലത്തിൽ പരീക്ഷയിൽ പരാജയപ്പെട്ട ഒരു ബി.ടെക് വിദ്യാർത്ഥിനിക്ക് ഒരു മാർക്ക് അധിക മോഡറേഷൻ നൽകുവാൻ തീരുമാനിച്ചിരുന്നോ എന്നറിയിക്കാമോ;

(ബി) ഏതെങ്കിലും ഒരു പേപ്പർ മാത്രം പരാജയപ്പെട്ട എല്ലാ ബി.ടെക് വിദ്യാർത്ഥികൾക്കും ഒരു മാർക്കിന് പകരം അഞ്ച് മാർക്ക് മോഡറേഷൻ നൽകുവാൻ യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത തീരുമാനം സർവ്വകലാശാല പിന്നീട് പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്ന് അറിയിക്കാമോ;

(ഡി) ഇപ്രകാരം അധിക മോഡറേഷൻ നൽകിയതിലൂടെ എത്ര വിദ്യാർത്ഥികളാണ് വിജയിച്ചതായി പ്രഖ്യാപിച്ചത്; അതിൽ എത്ര പേർക്ക് ബി.ടെക് ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്തു;

(ഇ) മോഡറേഷൻ നൽകി വിജയിപ്പിച്ച തീരുമാനം പിൻവലിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ വിശദീകരണം തേടിയിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ അക്കാഡമിക് കൗൺസിലിൽ തീരുമാനം എടുക്കുകയോ, സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലെ നിബന്ധന അനുസരിച്ച് ചാൻസലറുടെ അനുമതി തേടുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അദാലത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്. നയപരമായ തീരുമാനം സർവ്വകലാശാലയുടെ നേട്ടങ്ങളെ തമസ്കരിക്കുംവിധം പ്രചരിച്ച വിവാദങ്ങൾ കണക്കിലെടുത്തും പൊതുസമൂഹത്തിനു മുന്നിൽ സർവ്വകലാശാലയും അക്കാദമിക സമൂഹവും സംശയത്തിന്റെ നിഴലിൽ പോലും വരാതിരിക്കാനുമായി 24-10-2019-ലെ ഇനം നമ്പർ 01/19.09 സിൻഡിക്കേറ്റ് തീരുമാനപ്രകാരം പിൻവലിച്ചിട്ടുള്ളതാകുന്നു.

(ഡി) 116 വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടുണ്ട്. അതിൽ 44 പേർക്ക് ഇതിനകം ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഇല്ല. മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 4 ചട്ടം 23 (15) പ്രകാരം പരീക്ഷാ കാര്യങ്ങളിൽ നയപരമായി തീരുമാനമെടുക്കാൻ സിൻഡിക്കേറ്റിനുള്ള അധികാരവും ബിരുദം റദ്ദാക്കാൻ സിൻഡിക്കേറ്റ് ചാൻസലറോട് അനുമതി തേടേണ്ടുന്ന സാഹചര്യവും വ്യക്തമാക്കുന്ന മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997 ചാപ്റ്റർ 35-ന്റെ പരിധിയിൽ ഇക്കാര്യം വരുന്നില്ലെന്ന സർവകലാശാല സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിലാണ് സർവകലാശാല സിൻഡിക്കേറ്റ് ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ചുട്ടിപ്പാറയിലുള്ള സ്ഥാപനങ്ങൾ**

317 (1762) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അധീനതയിൽ ആറന്മുള നിയോജക മണ്ഡലത്തിലെ പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽപ്പെടുന്ന ചുട്ടിപ്പാറയിലുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത സ്ഥലത്ത് യൂണിവേഴ്സിറ്റിയുടെ അധീനതയിൽ എത്ര വിസ്തീർണ്ണം സ്ഥലം ഉണ്ട് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ചുട്ടിപ്പാറയിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനായി സ്വീകരിച്ചുവരുന്നതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അധീനതയിൽ ഇപ്പോൾ പത്തനംതിട്ട, ചുട്ടിപ്പാറയിൽ സ്ഥാപനങ്ങളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല. 2016-17 അദ്ധ്യയന വർഷംവരെ ചുട്ടിപ്പാറയിൽ സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങളായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസ്, സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആന്റ് സയൻസസ് എന്നീ സ്ഥാപനങ്ങൾ 2017-18 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തോടെ സർക്കാർ

രൂപീകൃതമായ സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ് (CPAS) എന്ന സൊസൈറ്റിയുടെ അധീനതയിലും നിയന്ത്രണത്തിലും പ്രവർത്തിച്ചു പോരുന്നു.

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ സ്ഥലത്തിന്റെ വിസ്തീർണം താഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | സ്ഥാപനം | സ്ഥലത്തിന്റെ വിസ്തീർണം (Asset Register പ്രകാരം) |
|---|---|---|
| 1 | INE | 3 acre |
| 2 | STAS | 81.04 are<br>50.06 are |
| 3 | SALS | 81.04 are<br>50.06 are (Campus shared by STAS) |
| 4 | MGUIAC | Accommodated in the building of SALS |

(സി) സർവ്വകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും അധീനതയിലും നിലവിൽ സ്ഥാപനങ്ങളൊന്നുംതന്നെ ചുട്ടിപ്പാറയിൽ പ്രവർത്തിക്കുന്നില്ല.

## സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം

318 (1764) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് അവയുടെ സ്വയംഭരണാവകാശം നഷ്ടമായതായും പ്രവേശനം, പരീക്ഷ എന്നിവയുടെ നടത്തിപ്പിൽ ഗുരുതരമായ വീഴ്ച വന്നതായും കണ്ടെത്തിയിട്ടുണ്ടോ;

(ബി) സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം സംരക്ഷിക്കുന്നതിനും അഡ്മിഷൻ, പരീക്ഷ എന്നിവയുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനുമായി എല്ലാ യൂണിവേഴ്സിറ്റികളുടെയും വൈസ് ചാൻസലർമാരുടെ യോഗം ചാൻസലർ വിളിച്ച് ചേർക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത യോഗത്തിലുണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ നടത്തിപ്പിൽ ഇത് വരെ ഉണ്ടാകാത്ത വിധത്തിലുള്ള ആക്ഷേപങ്ങളും ആരോപണങ്ങളും ഉണ്ടായ സാഹചര്യത്തിൽ ഇക്കാര്യത്തെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഇല്ല.

(ഡി) സമഗ്രമായ അന്വേഷണം നടത്തേണ്ട സാഹചര്യമല്ല.

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ**

319 (1765) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരീക്ഷാനടത്തിപ്പ് സുഗമമാക്കുന്നതിനും, റിസൾട്ട് വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) കേരളത്തിലെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളും സേവനങ്ങളും പൂർണ്ണമായും കമ്പ്യൂട്ടർവൽകരിച്ചിട്ടുണ്ടോ;

(സി) സർക്കാർ കോളേജുകളിലെ ക്ലാസ്സ് മുറികൾ ഹൈ-ടെക് ആക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) പരീക്ഷാ നടത്തിപ്പ് സുഗമമാക്കുന്നതിനും റിസൾട്ട് വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമായി സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവകലാ

ശാലകളിലെ പ്രോ-വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാഡമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾക്കനുസൃതമായി സർവ്വകലാശാലകൾ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും യഥാസമയം നടത്തുന്നുണ്ട്.

(ബി) എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഒഴികെ മറ്റ് സർവ്വകലാശാലകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായിട്ടില്ല.

(സി) പുതുതായി നിലവിൽ വന്ന മൂന്ന് കേളേജുകളിലൊഴികെ ബാക്കി എല്ലാ സർക്കാർ കോളേജുകളിലും ഹൈടെക് ക്ലാസ്സ് മുറികൾ നിലവിലുണ്ട്. ആയത് നിലവിലില്ലാത്ത പുതിയ കേളേജുകളിൽ അടുത്ത സാമ്പത്തിക വർഷം ഹൈടെക് ക്ലാസ്സ് മുറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും പഠന പ്രക്രിയയിൽ വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സ്മാർട്ട് ക്ലാസ്റൂമുകളും ലൈബ്രറി ഓട്ടോമേഷനും നടപ്പിക്കിയിട്ടുണ്ട്. സുസജ്ജമായ കമ്പ്യൂട്ടർ ലാബുകളും കോമൺ കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും ലാംഗ്വേജ് ലാബുകളും സ്ഥാപിച്ചിട്ടുണ്ട്.

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

320 ([T]1766) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ നൈപുണ്യ വികസന പദ്ധതിയായ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിനുള്ള എ.ഡി.ബി. സഹായം എന്നാണ് അവസാനിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പുതിയ പദ്ധതിക്ക് വായ്പ നൽകാൻ എ.ഡി.ബി. സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വായ്പ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 30-6-2020-ൽ.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി&സി) എ.ഡി.ബി. ധനസഹായത്തോടെയുള്ള ഒന്നാം ഘട്ടം അവസാനിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതിനായുള്ള രണ്ടാംഘട്ട പദ്ധതി നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. എന്നാൽ ഇതുസംബന്ധിച്ച വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല.

## വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ

321 (1767) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഫഖ് ബോർഡിൽ രജിസ്റ്റർ ചെയ്ത എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബോർഡിൽ ന്യായമായും രജിസ്റ്റർ ചെയ്യേണ്ടതും എന്നാൽ രജിസ്റ്റർ ചെയ്യാത്തതുമായ എത്ര സ്ഥാപനങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ നിന്ന് സർക്കാരിന് കിട്ടുന്ന വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥാപനങ്ങൾക്കുവേണ്ടി സർക്കാർ വിനിയോഗിക്കുന്ന തുക എത്രയാണെന്നും ഏതെല്ലാം കാര്യങ്ങൾക്കാണ് തുക വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ അധീനതയിൽ സർക്കാർ ഭൂമിയുണ്ടെങ്കിൽ പ്രസ്തുത ഭൂമി സ്ഥാപനങ്ങൾക്ക് തന്നെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 306 |
| കൊല്ലം | - | 265 |
| കോട്ടയം | - | 132 |
| പത്തനംതിട്ട | - | 45 |
| ആലപ്പുഴ | - | 213 |
| ഇടുക്കി | - | 95 |

| | | |
|---|---|---|
| എറണാകുളം | - | 435 |
| തൃശ്ശൂർ | - | 574 |
| പാലക്കാട് | - | 519 |
| മലപ്പുറം | - | 3,738 |
| കോഴിക്കോട് | - | 2,034 |
| വയനാട് | - | 239 |
| കണ്ണൂർ | - | 884 |
| കാസർഗോഡ് | - | 675 |
| ആകെ | - | 10,154 |

(ബി) വഖഫ് സ്വത്തുക്കളുടെ സർവ്വേ സംബന്ധിച്ച നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതും രജിസ്റ്റർ ചെയ്യാത്തതുമായ സ്ഥാപനങ്ങളുടെ കണക്ക് വ്യക്തമാകുകയുള്ളൂ.

(സി) ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽനിന്ന് സർക്കാരിന് വരുമാനം ലഭിക്കുന്നില്ല.

(ഡി) ബോർഡിൽ രജിസ്റ്റർ ചെയ്ത വഖഫ് സ്ഥാപനങ്ങൾക്കുവേണ്ടി സർക്കാർ തുക വിനിയോഗിക്കുന്നില്ല.

(ഇ) പരിശോധിക്കാവുന്നതാണ്.

**ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ നിയമനങ്ങൾ**

322 (1768) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) നിലവിൽ പ്രസ്തുത കോർപ്പറേഷനിൽ എത്ര ജീവനക്കാരുണ്ട്; അതിൽ ഡെപ്യൂട്ടേഷൻ, കരാർ നിയമനം, ദിവസവേതനം എന്നീ രീതിയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കോർപ്പറേഷൻ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും എത്ര പേരെ നിയമിച്ചു;

(ഡി) പ്രസ്തുത നിയമനങ്ങൾ നടത്തിയത് ഏത് രീതിയിലായിരുന്നെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കോർപ്പറേഷനിലെ സ്പെഷ്യൽ റൂൾസ് അടിയന്തരമായി തയ്യാറാക്കി നിയമനങ്ങൾ പി.എസ്.സി. വഴിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ 'റിക്രൂട്ട്മെന്റ് റൂൾസ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടില്ല.

(ബി) നിലവിൽ കോർപ്പറേഷനിൽ 27 ജീവനക്കാരുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പുനർ നിയമനം | 1 |
| ഡെപ്യൂട്ടേഷൻ | 2 |
| കരാർ | 15 |
| ദിവസവേതനം | 9 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ, ദിവസവേതനാടിസ്ഥാനത്തിൽ 39 പേരെ പല അവസരങ്ങളിലായി നിയമിച്ചിട്ടുണ്ട്. ഇതിൽ 15 പേരുടെ സേവനം അവസാനിക്കുകയോ പിരിഞ്ഞുപോവുകയോ ചെയ്തതിനാൽ 24 പേർ മാത്രമാണ് നിലവിലുള്ളത്. അതിൽ കരാർ അടിസ്ഥാത്തിൽ 15 പേരെയും ദിവസവേതനാടിസ്ഥാനത്തിൽ 9 പേരെയുമാണ് നിയമിച്ചിട്ടുള്ളത്.

(ഡി) അംഗീകൃത ഒഴിവുകളിൽ അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രത്തിൽ പരസ്യം നൽകി കൂടിക്കാഴ്ച നടത്തി റാങ്ക് ലിസ്റ്റ് തയ്യാറായിക്കിയാണ് നിയമനങ്ങൾ നടത്തിയത്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

## ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ നിയമനങ്ങൾ

323 (1769) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ നിയമനങ്ങൾ പി.എസ്.സി. -ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പിലെ നിയമനങ്ങൾ സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി.-ക്ക് വിടുമ്പോൾ നിലവിൽ കരാർ / താത്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആരെയെങ്കിലും സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവരുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇങ്ങനെ സ്ഥിരപ്പെടുത്തുന്നതിന് ആരെങ്കിലും അപേക്ഷ തന്നിട്ടുണ്ടോ; എങ്കിൽ അപേക്ഷയുടെ പകർപ്പ് സഹിതം വിശദാംശം നൽകുമോ?

ഉത്തരം

(എ) സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. സ്പെഷ്യൽ റൂൾസ് രൂപീകരിച്ചതിനുശേഷം നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതാണ്.

(ബി) ഇല്ല.

(സി) ഇല്ല.

## ന്യൂനപക്ഷ വിഭാഗത്തിലെ സമുദായങ്ങൾ

324 (1770) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗമായി ഏതൊക്കെ സമുദായങ്ങളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ സമുദായവും സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനം വരുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗമായി ക്രിസ്ത്യൻ, മുസ്ലിം, ബുദ്ധ, ജൈന, സിഖ് എന്നീ സമുദായങ്ങളാണുള്ളത്.

(ബി) 2011 സെൻസസ് പ്രകാരമുള്ള ഓരോ സമുദായത്തിന്റെയും ജനസംഖ്യയുടെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| മുസ്ലിം | 26.56% |
| ക്രിസ്ത്യൻ | 18.38% |
| സിഖ് | 0.01% |
| ബുദ്ധ | 0.01% |
| ജൈന | 0.01% |

**കോന്നി മണ്ഡലത്തിൽ സൗജന്യ പരിശീലന ഉപകേന്ദ്രം**

325 (1771) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ യുവജനങ്ങൾക്കായി ഒരു സൗജന്യ പരിശീലന ഉപകേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത കേന്ദ്രം എന്നത്തേയ്ക്ക് പ്രവർത്തനം തുടങ്ങുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കോന്നി നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന ഉപകേന്ദ്രം ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല.

**ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി**

326 (1772) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി, ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി എന്നിവ പ്രകാരം സർക്കാർ ഇതുവരെ എത്രപേർക്ക് സഹായം അനുവദിച്ചിട്ടുണ്ട്; അനുവദിച്ച തുക സഹിതം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഇമ്പിച്ചിബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതിക്കായി നാളിതുവരെ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം, അനുവദിച്ച തുക എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ഇമ്പിച്ചിബാവ ഭവന പദ്ധതി**

327 (1773) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഇമ്പിച്ചിബാവ ഭവനപദ്ധതിക്കായി ചെലവഴിച്ച തുക എത്രയാണ്; ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ഇനി ഭവനങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 3038 വീടുകളും 1000 ഭവനങ്ങളുടെ പുനരുദ്ധാരണത്തിനും തുക അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കായി 133.61 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇമ്പിച്ചിബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതിക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ഇമ്പിച്ചിബാവ ഭവന പദ്ധതി നിലവിൽ ലൈഫ് മിഷനുമായി യോജിച്ചാണ് നടപ്പിലാക്കുന്നത്.

**മദ്രസ അദ്ധ്യാപകർക്കുള്ള വായ്പത്തുക**

328 (1774) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസ അദ്ധ്യാപകർക്ക് വായ്പ നൽകുവാൻ വേണ്ടി അനുവദിച്ച ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കാതെ ഏതെങ്കിലും ബാങ്കുകളിൽ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബാങ്കുകളിലാണെന്നും നിക്ഷേപിച്ച തുക എത്രയെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിക്ഷേപങ്ങൾ എന്നുമുതലാണ് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളത്; ഇതിന് ഇതുവരെയും ലഭിച്ച പലിശ എത്രയാണ് പ്രസ്തുത പലിശ എന്തിനെല്ലാം ചെലവഴിച്ചു എന്നതിന്റെ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത ഫണ്ടുകൾ ട്രഷറികളിൽ നിക്ഷേപിക്കാതെ ബാങ്കുകളിൽ നിക്ഷേപിച്ചത് സർക്കാരിന്റെ അനുമതിയോടുകൂടിയാണോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) മദ്രസ അദ്ധ്യാപകർക്ക് വായ്പ നൽകുന്നതിന് അനുവദിച്ച ഫണ്ട് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടില്ല. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ശേഷിച്ച ഓഹരി മൂലധനം പഞ്ചാബ് നാഷണൽ ബാങ്കിലും ഫെഡറൽ ബാങ്കിലും ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിട്ടുണ്ട്. ഇപ്രകാരം 2014-15 മുതൽ 2018-19 വരെയായി 55,50,00,000 രൂപയാണ് നിക്ഷേപിച്ചിരുന്നത്. ഇതിൽനിന്നും 37,90,00,000 രൂപ വായ്പ നൽകുന്നതിലേയ്ക്കായി വിവിധ ഘട്ടങ്ങളിലായി പിൻവലിച്ചിട്ടുണ്ട്.

(ബി) 23-7-2014 മുതലാണ് ബാങ്കുകളിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചത്. 1,59,19,358 രൂപയാണ് പലിശയിനത്തിൽ ഇതുവരെ ലഭ്യമായത്. പ്രസ്തുത പലിശ കോർപ്പറേഷന്റെ വിവിധ ഇടപാടുകൾക്കായി വിനിയോഗിച്ചുവരുന്നു.

(സി) പ്രസ്തുത ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കാതെ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് സർക്കാരിന്റെ അനുമതി നേടിയിരുന്നില്ല. ട്രഷറിയിൽ നിക്ഷേപിച്ചാൽ ട്രഷറി നിയന്ത്രണം നിലവിലുള്ളപ്പോൾ അപേക്ഷകർക്ക് വായ്പ നൽകാൻ കഴിയാതെ വരുന്നതിനാലാണ് ആവശ്യമുള്ളവർക്ക് യഥാസമയം വായ്പ ലഭ്യമാക്കുകയെന്ന സദുദ്ദേശത്തോടുകൂടി ബാങ്കുകളിൽ നിക്ഷേപിച്ചത്.

## ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലെ പി.എസ്.സി. കോച്ചിംഗ് സെന്ററുകൾ

329 (1775) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിലെ പി.എസ്.സി. കോച്ചിംഗ് സെന്ററുകളിൽ ഫാക്കൽറ്റി ആയി ക്ലാസ്സ് എടുക്കുന്ന അദ്ധ്യാപകരുടെ ഓണറേറിയം എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഓണറേറിയത്തിന്റെ എത്ര മാസത്തെ കുടിശ്ശിക നൽകുവാനുണ്ട്; വിശദവിവരം നൽകാമോ;

(സി) പ്രസ്തുത കുടിശ്ശിക നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും ഇത് എപ്പോൾ ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളിൽ ക്ലാസ്സെടുക്കുന്ന അദ്ധ്യാപകരുടെ ഓണറേറിയം മണിക്കൂറിന് 500 രൂപയാണ്.

(ബി) ആഗസ്റ്റ് 2019 വരെയുള്ള ഓണറേറിയം നൽകിയിട്ടുണ്ട്. സെപ്റ്റംബർ മുതലുള്ള 5 മാസത്തെ ഓണറേറിയം നൽകാനുണ്ട്.

(സി) കുടിശ്ശിക നൽകുന്നതിന് ഒരു കോടി രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

## ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലെ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

330 (1776) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ നിയമിതരായ ഉദ്യോഗസ്ഥരെ സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള ശിപാർശകൾ എന്തെങ്കിലും ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ ഡയറക്ടറേറ്റിൽനിന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

## ടൂറിസ്റ്റ് ബസ്സുകളുടെ പരിശോധന

331 (1777) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ യാത്രയ്ക്ക് ഉപയോഗിക്കുന്ന ബസ്സുകളിലെ ചിത്രപ്പണികളും ശബ്ദവും പരിധി ലംഘിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല ബസ്സുകളിലും നിലവിലുള്ള മാനദണ്ഡങ്ങൾ ലംഘിച്ച് ഡാൻസ് ഫ്ലോറുകൾ പോലും സജ്ജീകരിച്ചിരിക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ടൂറിസ്റ്റ് ബസ്സുകൾക്ക് (കോൺട്രാക്ട് ക്യാരേജ്) ഏകീകൃത നിറം ഏർപ്പെടുത്തുന്നതിന് നിർദ്ദേശമുണ്ടോ;

(ഡി) ടൂറിസ്റ്റ് ബസ്സുകളുടെ പരിശോധന കർശനമാക്കുന്നതിനും, നിയമ ലംഘനങ്ങൾ കണ്ടെത്തിയാൽ പിഴ ഈടാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ടൂറിസ്റ്റ് ബസ്സുകളിൽ മറ്റു റോഡ് ഉപഭോക്താക്കളുടെ ശ്രദ്ധ തിരിക്കുന്ന തരത്തിലുള്ള ചിത്രങ്ങളും എഴുത്തുകളും പ്രദർശിപ്പിക്കുന്നുവെന്ന് വ്യാപകമായ പരാതി ഉയർന്നതിനാലും ഇത്തരം നടപടികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി WP(c)No.7164/2019-ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചതിനാലും കർശന നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു.

(സി) ഉണ്ട്.

(ഡി) ടൂറിസ്റ്റ് ബസ്സുകൾ ഉൾപ്പെട്ട നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിന് മോട്ടോർ വാഹന വകുപ്പ് കർശന പരിശോധന നടത്തിവരുന്നു. ഇത്തരം വാഹനങ്ങളുടെ നിയമവിരുദ്ധ സർവ്വീസിനെതിരെ നടത്തിയ "Operation night rider"-ൽ 14602 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 5,13,94,000 രൂപ ഈടാക്കുകയും ചെയ്തു. അനുവാദം കൂടാതെ ചിത്രങ്ങളും പരസ്യങ്ങളും മറ്റും പ്രദർശിപ്പിക്കുന്ന തിനെതിരെ നടത്തിയ "Operation thunder"-ൽ 1491 ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുകയും 18,11,300 രൂപ പിഴയായി ഈടാക്കുകയു ചെയ്തു. ഈ നടപടികൾ തുടർന്നുവരുന്നു.

## ആർ.ടി.ഓഫീസ് രൂപീകരണം

332 (1778) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം കേന്ദ്രമാക്കി ആർ.ടി.ഒ. ഓഫീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ഫയൽ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഫയൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പുതിയ ആർ.ടി.ഒ. / സബ് ആർ.ടി.ഒ. ഓഫീസുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ഉണ്ട്. പിറവം കേന്ദ്രമാക്കി സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വാഹന രജിസ്ട്രേഷനിൽ ഉണ്ടാകുന്ന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഗതാഗത കമ്മീഷണർ നൽകുന്ന പ്രൊപ്പോസലിന്മേൽ, ധനകാര്യ വകുപ്പിന്റെ അനുമതിയോടു കൂടിയാണ് പുതിയ ആർ.ടി./സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്നത്.

## ഗതാഗത സംവിധാനം പ്രകൃതിസൗഹൃദമാക്കുന്നതിന് നടപടി

333 (1779) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗതാഗത സംവിധാനം പ്രകൃതിസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇലക്ട്രിക്, സോളാർ വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദീകരിക്കുമോ;

(സി) വൈദ്യുതി വാഹനങ്ങളുടെ ബാറ്ററി ചാർജ്ജ് ചെയ്യുന്നതിനായി കെ.എസ്.ഇ.ബി.എൽ.-മായി സഹകരിച്ച് കൂടുതൽ ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പൊതുയാത്രാവാഹനങ്ങളെ കൂടുതലായി ആശ്രയിക്കുകയും അതുവഴി ഇന്ധനത്തിന്റെ ഉപയോഗവും വാഹനാപകടങ്ങളും കുറയ്ക്കുന്നതിന് വേണ്ടി പ്രചരണപരിപാടികൾ സംഘടിപ്പിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഗതാഗത സംവിധാനം പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി CNG, LPG, LNG എന്നിവ ഇന്ധനമായി ഉപയോഗിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഓട്ടോറിക്ഷകൾ 2020 മാർച്ച് 31-നുള്ളിൽ CNG, LNG, LPG ഇലക്ട്രിക് ബദൽ സംവിധാനങ്ങളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇലക്ട്രിക് വാഹനങ്ങളുടെ നികുതി ഗണ്യമായി കുറച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് ആദ്യ 5 വർഷത്തേയ്ക്ക് നികുതിയിൽ 50 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങളുടെ നികുതിയിലും ആദ്യത്തെ 5 വർഷത്തേയ്ക്ക് 25 ശതമാനം കുറവ് അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് 25,000 രൂപ മുതൽ 30,000 രൂപ വരെ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇത്തരം ഓട്ടോറിക്ഷകളെ പെർമിറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.എൽ.-മായി ധാരണയിലെത്തിയിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ പ്രാഥമിക നടപടിയെന്ന നിലയിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ സജ്ജമായിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഇലക്ട്രിക് വെഹിക്കിൾ പോളിസിയുമായി ബന്ധപ്പെട്ട് എറണാകുളത്ത് Auto expo സംഘടിപ്പിച്ചിരുന്നു. കൂടാതെ ശ്രീ. ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗും ഗതാഗത വകുപ്പും സംയുക്തമായി ഒരു e mobility സിമ്പോസിയം സംഘടിപ്പിച്ചിരുന്നു. തുടർന്നും ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

**വാഹൻ വെബ്സൈറ്റ്**

334 (1780) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനങ്ങളുടെ വിശദാംശങ്ങൾ രാജ്യവ്യാപക കമ്പ്യൂട്ടർ ശൃംഖലയായ 'വാഹൻ'-ലേക്ക് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഇതുമൂലം ചെക്ക് പോസ്റ്റുകളിൽ പെർമിറ്റ് വിതരണം ഓൺലൈനായി നൽകുവാൻ സാധിക്കുമോ; വിശദമാക്കുമോ;

(സി) ഇതരസംസ്ഥാന വാഹനങ്ങൾ സംസ്ഥാനത്തേക്ക് പ്രവേശിക്കുമ്പോൾ നികുതി 'വാഹൻ' വെബ്സൈറ്റ് വഴി ട്രഷറിയിലേക്ക് അടയ്ക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1-4-2019-മുതൽ സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ഓഫീസുകളിലും 'വാഹൻ' നടപ്പിൽ വരുത്തിയിട്ടുണ്ട്. പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ 'വാഹൻ' വഴിയാണ്. സംസ്ഥാനത്തെ 1.35 കോടിയിലേറെ വരുന്ന വാഹനങ്ങളുടെ ഡാറ്റ പഴയ സോഫ്റ്റ്‌വെയറായ 'സ്മാർട്ട് മൂവിൽ' നിന്നും പല ഘട്ടങ്ങളിലായി 'വാഹൻ'-ലേക്ക് മാറ്റപ്പെട്ടു കഴിഞ്ഞു. കറക്ഷൻസോ, മിസ്സിംഗ് ഡാറ്റയോ ഉണ്ടെങ്കിൽ അടുത്ത 6 മാസത്തിനുള്ളിൽ വാഹന ഉടമകളുടെ പങ്കാളിത്തത്തോടുകൂടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ തയ്യാറാക്കിവരുന്നു.

(ബി) ചെക്ക്പോസ്റ്റിൽ പ്രധാനമായും മൂന്ന് തരത്തിലുള്ള പെർമിറ്റുകളാണ് ഇപ്പോൾ നൽകിവരുന്നത്.

(i) കേരള കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ സ്പെഷ്യൽ പെർമിറ്റ്:- ഇതിൽ കേരള വാഹനങ്ങളുടെ സ്പെഷ്യൽ പെർമിറ്റ് ആർ.ടി. ഓഫീസ് മുഖാന്തരം ഓൺലൈനായി ചെയ്യാനുള്ള സംവിധാനം നിലവിൽ വന്നുകഴിഞ്ഞു. ആയതിനാൽ ഇത്തരം പെർമിറ്റുകൾ ചെക്ക്പോസ്റ്റിനെ സമീപിക്കാതെ തന്നെ വാഹന ഉടമകൾക്ക് ലഭ്യമാകുന്നതാണ്.

(ii) അന്യസംസ്ഥാന വാഹനങ്ങളുടെ ഇ.വി. പെർമിറ്റ്

(iii) അന്യസംസ്ഥാന വാഹനങ്ങളുടെ താൽക്കാലിക പെർമിറ്റ്:- അന്യസംസ്ഥാനത്തുനിന്ന് സ്പെഷ്യൽ പെർമിറ്റ് ഇല്ലാതെ വരുന്ന മോട്ടോർ ക്യാബ്, കോൺട്രാക്ട് കാര്യേജ് തുടങ്ങിയ വാഹനങ്ങളുടെ ഇ.വി. പെർമിറ്റ് (Extension of validity) ചെക്ക്പോസ്റ്റ് വഴിയുള്ള (ii&iii) പെർമിറ്റ് എൻ.ഐ.സി. ഡൽഹിയുമായി ബന്ധപ്പെട്ട് Enable ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഇല്ല. ഇതിലേയ്ക്കുള്ള വാഹൻ മൊഡ്യൂൾ സോഫ്റ്റ്‌വെയർ നമ്മുടെ സംസ്ഥാനത്തിന്റെ പേമെന്റ് ഗേറ്റ് വേ ആയ ഇ-ട്രഷറിയുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ആയതിന്റെ നടപടികളും സോഫ്റ്റ്‌വെയർ ടെസ്റ്റിംഗും പൂർത്തിയാകുന്ന മുറയ്ക്ക് ഈ സംവിധാനം നിലവിൽ വരുന്നതാണ്.

## സ്കൂൾ ബസ്സുകളുടെ ഇൻഷ്വറൻസ് പ്രീമിയം

335 (1781) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ സ്കൂൾ ബസുകളുടെ ഇൻഷ്വറൻസ് പ്രീമിയം വർഷത്തിൽ ഒരു ലക്ഷം രൂപയോളമെന്നത് പി.ടി.എ.-കൾക്ക് താങ്ങാവുന്നതിലധികമായതിനാൽ ഇൻഷ്വറൻസ് കമ്പനികളുമായി ബന്ധപ്പെട്ട് പ്രസ്തുത തുക കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സാധിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതി

336 (1782) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡംബര ബസുകൾക്ക് പെർമിറ്റില്ലാതെ ഓടാൻ കഴിയുന്ന വിധത്തിൽ കേന്ദ്ര മോട്ടോർ വാഹന നിയമം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് അറിവ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അന്തർ സംസ്ഥാന പാതകളിൽ ഓടുന്ന സ്വകാര്യബസ്സുകൾക്കെല്ലാം സംസ്ഥാനത്തിനുള്ളിലും ഓടുന്നതിന് ഈ ഭേദഗതി വഴിയൊരുക്കുമോ; വ്യക്തമാക്കുമോ;

(സി) സ്വകാര്യ ലക്ഷ്വറി ബസ്സുകൾക്ക് സംസ്ഥാന സർക്കാരിന്റെ സ്റ്റേജ് കാര്യേജ് പെർമിറ്റ് വേണ്ടാത്ത അവസ്ഥ ഈ ഭേദഗതി സൃഷ്ടിക്കുമോ; വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യെ ഈ ഭേദഗതി എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ബസ് മേഖല കുത്തകകൾക്ക് കൈമാറാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കമാണോ ഇതെന്നും ഇതിന്മേൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് കേന്ദ്രം കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 22 സീറ്റിൽ കൂടുതലുള്ള ലക്ഷ്വറി ക്ലാസ് വാഹനങ്ങൾക്ക് പെർമിറ്റ് ഇല്ലാതെ സർവ്വീസ് നടത്തുന്നതിന് അനുവാദം നൽകുന്ന തരത്തിലാണ് നിയമ ഭേദഗതി വരുത്താൻ ഉദ്ദേശിച്ചിരിക്കുന്നത്.

(സി) കേന്ദ്രത്തിന്റെ കരട് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരികയാണെങ്കിൽ സ്വകാര്യ ലക്ഷ്വറി ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് എടുക്കേണ്ട ആവശ്യമില്ല.

(ഡി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലത്തിന്റെ 7-1-2020-ലെ RT-16011/10/2019-T നമ്പർ പ്രാഥമിക വിജ്ഞാപനം എ.സി., ഡീലക്സ് ബസ്സുകൾക്ക് നിലവിലുള്ള പെർമിറ്റ് വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കു കയാണെങ്കിൽ ആയത് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള രാജ്യത്തിലെ എല്ലാ എസ്.റ്റി.യു.-കളുടെയും നിലനിൽപ്പിനെ വലിയ അർത്ഥത്തിൽ പ്രതിസന്ധി യിലാക്കും. പുതിയ നിർദ്ദേശം നടപ്പിലാക്കിയാൽ കൂടുതൽ സ്വകാര്യ കോൺട്രാക്ട് ക്യാരേജുകൾ സർവ്വീസ് നടത്തുന്നതിന് എത്തിച്ചേരുന്നതും, ഇത് കെ.എസ്.ആർ. ടി.സി.-യുടെ പൂർണ്ണ തകർച്ചയ്ക്ക് വഴി വയ്ക്കുന്നതുമാണ്. മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നടപ്പിലാക്കിയാൽ ഏത് കോൺട്രാക്ട് ക്യാരേജുകൾക്കും എവിടേയ്ക്കും ആവശ്യാനുസരണം ഇഷ്ടമുള്ള തുക ഈടാക്കി യാതൊരുവിധ നിയന്ത്രണങ്ങളുമില്ലാതെ തന്നെ സർവ്വീസ് നടത്താവുന്ന സാഹചര്യം വന്നുചേരും. കൂടാതെ നിലവിൽ രാത്രികാലത്ത് അനധികൃതമായി നടത്തുന്ന ദീർഘദൂര സർവ്വീസുകൾ/അന്തർ സംസ്ഥാന സർവ്വീസുകൾ കേരളത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളിലും വ്യാപകമായി നടത്തുകയും സർക്കാരിന് ടി സർവ്വീസുകളെ നിയമപരമായി തടയാൻ കഴിയാത്ത സാഹചര്യം ഉടലെടുക്കുകയും ചെയ്യും. യാത്രക്കാരുടെ സുരക്ഷിതത്വം ഇത്തരം സർവ്വീസുകളിൽ ഉറപ്പുവരുത്തുന്നതിന് കഴിയുകയില്ല.

(ഇ) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാരിനുള്ള എതിർപ്പുകൾ അറിയിക്കുന്നതിന് മുന്നോടിയായി വിവിധ ട്രേഡ് യൂണിയനുകളുമായും കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന ഉദ്യോഗസ്ഥരുമായും ബഹു. ഗതാഗത വകുപ്പുമന്ത്രി 22-1-2020-ന് ചർച്ച നടത്തിയിട്ടുള്ളതും വിശദാംശങ്ങൾ രൂപീകരിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്.

## സ്വകാര്യ വാഹനങ്ങളിൽ സുതാര്യമായതും കാഴ്ച പൂർണ്ണമായി മറയ്ക്കാത്തതുമായ സൺഫിലിം ഒട്ടിക്കുന്നത് സംബന്ധിച്ച്

337 (1783) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഴ്ച പൂർണ്ണമായി മറയ്ക്കാത്തതും നിശ്ചിത ശതമാനം സുതാര്യമായതും ആയ സൺഫിലിം സ്വകാര്യ വാഹനങ്ങളിൽ ഒട്ടിക്കുന്നതിന് നിയമപരമായ തടസ്സം സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള സൺഫിലിം സ്വകാര്യ വാഹനങ്ങളിൽ ഒട്ടിക്കുന്നതിന് ആവശ്യമായ നിയമപരിരക്ഷ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. യാതൊരുതരത്തിലുള്ള ഫിലിമുകളും വാഹനങ്ങളിൽ ഒട്ടിക്കാൻ പാടുള്ളതല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ഡിജിറ്റൽ ലോക്കർ സംവിധാനത്തിലൂടെയുള്ള അധിക സേവനങ്ങൾ

338 (1784) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റിന്റെ ഡിജിറ്റൽ ലോക്കർ സംവിധാനമായ ഡിജി ലോക്കർ എന്ന ആപ്ലിക്കേഷനിൽ നിലവിൽ ഇഷ്യൂവ്ഡ് ഡോക്കുമെന്റായി വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്(ആർ. സി.) മാത്രമാണ് ഗതാഗത വകുപ്പിൽ നിന്നും ലഭ്യമായിട്ടുള്ളതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഡ്രൈവിംഗ് ലൈസൻസ്, വാഹന ഇൻഷ്വറൻസ്, റോഡ് ടാക്സ് തുടങ്ങിയ രേഖകൾ ഡിജി ലോക്കറിൽ ഇഷ്യൂവ്ഡ് ഡോക്കുമെന്റായി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) ഡിജി ലോക്കറിൽ സംസ്ഥാന ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ഗതാഗത വകുപ്പ് അതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്രീകൃത സോഫ്റ്റ്‌വെയറായ പരിവാഹനിൽ വാഹനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ വാഹൻ മുഖേനയും ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട സേവനങ്ങൾ സാരഥി മുഖേനയുമാണ് നൽകിവരുന്നത്. 1-1-2019 മുതൽ സംസ്ഥാനത്ത് പുതിയ ഡ്രൈവിംഗ് ലൈസൻസ് നൽകിവരുന്നത് സാരഥിയിലൂടെയാണ്. വയനാട്, കാസർഗോഡ് ജില്ലകളിലെ ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച മുഴുവൻ സേവനങ്ങളും സാരഥിയിലൂടെ നൽകിവരുന്നു. മറ്റ് ജില്ലകളിലെ ലൈസൻസ് ഡേറ്റ സാരഥിയിലേയ്ക്ക് പൂർണ്ണമായി മാറുന്നത് മുതൽ ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച മുഴുവൻ സേവനങ്ങളും സാരഥി മുഖേന ലഭ്യമാകും. ഇത്തരത്തിൽ വാഹനിലും സാരഥിയിലും ലഭ്യമായിട്ടുള്ള എല്ലാ വിവരങ്ങളും ഡിജി ലോക്കറിൽ ലഭിക്കുന്നതാണ്.

(സി) കേന്ദ്രീകൃത സോഫ്റ്റ്‌വെയറായ പരിവാഹൻ കേരള സംസ്ഥാനത്ത് നടപ്പിലായത് മുതൽ വാഹൻ മുഖേനയും സാരഥി മുഖേനയും രേഖപ്പെടുത്തിയിട്ടുള്ള എല്ലാ വിവരങ്ങളും ഡിജി ലോക്കറിൽ ലഭ്യമാകുന്നതാണ്.

**പയ്യന്നൂർ ആർ.ടി. ഓഫീസ് പ്രവർത്തനം തുടങ്ങുന്നത്**

339 (1785) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ അനുവദിച്ച ആർ.ടി. ഓഫീസ് പ്രവർത്തനം തുടങ്ങുന്ന നടപടികൾ ഏത് വരെയായെന്ന് വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത ഓഫീസ് എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 474/2019/ഗതാഗതം തീയതി 16-10-2019 പ്രകാരം പയ്യന്നൂർ സബ് ആർ.ടി. ഓഫീസിന്റെ പ്രവർത്തനത്തിനായി സ്വകാര്യ വ്യക്തിയുടെ കെട്ടിടം വാടകയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ ഫർണിഷിംഗിനായി നാല് അംഗീകൃത ഏജൻസികളിൽനിന്നും എസ്റ്റിമേറ്റ് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി എസ്റ്റിമേറ്റുകൾ പരിശോധിച്ച് അനുയോജ്യമായത് തെരഞ്ഞെടുത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ട്രാഫിക് സിഗ്നൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ നടപടി

340 (1786) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷന്റെ മുമ്പിലുള്ള ട്രാഫിക് സിഗ്നൽ സമ്പ്രദായം കാര്യക്ഷമമായി പ്രവർത്തിക്കാത്തതുമൂലം പ്രതിദിനം അനേകം അപകടങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് പ്രസ്തുത സിഗ്നലുകൾക്ക് പകരമായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന സിഗ്നൽ സംവിധാനം സ്ഥാപിച്ച് ഇവിടത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് വകുപ്പിൽനിന്നും ലഭ്യമായ, കേടായ സിഗ്നൽ തകരാറ് പരിഹരിക്കേണ്ട ആന്വൽ മെയിന്റനൻസ് പ്രൊപ്പോസലിൽ, കരുനാഗപ്പള്ളി ജംഗ്ഷനിൽ പോലീസ് സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ഉൾപ്പെട്ടിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റി പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും സംസ്ഥാനം മുഴുവൻ സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റുകളുടെ തകരാർ പരിഹരിക്കുന്നതിന് ആന്വൽ മെയിന്റനൻസ് കോസ്റ്റായി 4,78,01,309 രൂപ 34-ാമത് കേരള റോഡ് സേഫ്റ്റി യോഗം അംഗീകരിക്കുകയും ആദ്യ ഗഡുവായി ഒരു കോടി രൂപ 22-12-2018-ൽ സംസ്ഥാന പോലീസ് മേധാവിക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാന പോലീസ് മേധാവിയോ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖേനയോ പ്രസ്തുത സ്ഥലത്ത് ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനായി സാധ്യതാ പഠനം നടത്തി, നിർദ്ദിഷ്ട മാതൃകയിൽ പ്രൊപ്പോസൽ കേരള റോഡ് സുരക്ഷ അതോറിറ്റിക്ക് സമർപ്പിക്കുന്ന പക്ഷം, റോഡ് സേഫ്റ്റി ഫണ്ട് അനുവദിക്കുന്നതിനായി പരിഗണിക്കുന്നതാണ്.

## ട്രാഫിക് നിയമലംഘനം കണ്ടെത്താൻ ഹൈവേകളിൽ ഹൈസ്പീഡ് ക്യാമറകൾ

341 (1787) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറ്റ് ബെൽറ്റ് കർശനമാക്കുകയും ഇരുചക്രവാഹനങ്ങളിൽ പിൻസീറ്റുകാർക്ക് കൂടി ഹെൽമറ്റ് നിർബന്ധമാക്കുകയും ചെയ്തതോടുകൂടി റോഡപകടങ്ങളിലെ മരണസംഖ്യ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിയമലംഘനം കണ്ടെത്തുവാൻ ഹൈവേകളിൽ ഹൈസ്പീഡ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും നിലവിൽ അവയിലെത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നുമുള്ള വിവരം നൽകുമോ;

(സി) പ്രവർത്തനക്ഷമമല്ലാത്തവ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിനും, ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സീറ്റ് ബെൽറ്റ് കർശനമാക്കുകയും ഹെൽമറ്റ് പിൻസീറ്റുകാർക്കും കൂടി നിർബന്ധമാക്കുകയും മറ്റു റോഡുനിയമങ്ങൾ കർശനമായി നടപ്പാക്കുകയും ചെയ്യുന്നുണ്ട്. 2018-നെ അപേക്ഷിച്ച് 2019-ലെ മരണനിരക്കിൽ കുറവ് വന്നിട്ടില്ലെങ്കിലും 2019 നവംബർ, ഡിസംബർ മാസങ്ങളിൽ മുൻവർഷത്തെ അപേക്ഷിച്ച് മരണ നിരക്ക് കുറഞ്ഞിട്ടുണ്ട്.

(ബി) നിയമലംഘനം കണ്ടെത്താൻ 143 സ്പീഡ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 64 സ്പീഡ് ക്യാമറകൾ പ്രവർത്തനക്ഷമമാണ്.

(സി) പ്രവർത്തനക്ഷമമല്ലാത്ത സ്പീഡ് ക്യാമറകൾ പ്രവർത്തനക്ഷമമാക്കാൻ കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മോട്ടോർ വാഹന അപകടനിരക്ക്**

342 (1788) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമത്തിന്റെ അടിസ്ഥാനത്തിൽ പിഴ ഇനത്തിൽ ഈടാക്കുന്ന തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ അപകട നിരക്ക് കുറഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ പിഴ കൊടുക്കുന്നവരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള പ്രകടമായ മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2018-ൽ 40181 അപകടങ്ങൾ ഉണ്ടായി. 2019-ൽ ഇത് 41153 ആണ്. ഇതിൽനിന്നും അപകടനിരക്കിൽ കാര്യമായ മാറ്റം വന്നിട്ടില്ല എന്ന് കാണാം. എന്നാൽ 2019 നവംബർ, ഡിസംബർ മാസങ്ങളിലെ മരണനിരക്ക് മുൻ

വർഷത്തെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്. 2019 നവംബറിൽ ഇത് 320-ഉം ഡിസംബറിൽ 354-ഉം ആണ്. 2018-ൽ ഇത് യഥാക്രമം 352, 436 എന്നിങ്ങനെ ആയിരുന്നു.

(ബി) പിഴ ഒടുക്കുന്നവരുടെ എണ്ണം വർദ്ധിച്ചതായി കാണുന്നില്ല.

(സി) തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ ട്രാഫിക് നിയമ ലംഘനങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. 2019-ൽ നവംബർ, ഡിസംബർ മാസങ്ങളിൽ 2018 വർഷത്തെ അപേക്ഷിച്ച് മരണനിരക്ക് കുറഞ്ഞിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ ട്രാഫിക് സിഗ്നൽ സംവിധാനം**

343 (1789) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ടൗൺ ഭാഗത്തും, പാലക്കാട് കുളപ്പുള്ളി കെ.എസ്.ടി.പി. പാതയിലെ ലക്കിടി കൂട്ടുപാതയിലും ഇലക്ട്രോണിക് ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ഇലക്ട്രോണിക് ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് കുളപ്പുള്ളി സംസ്ഥാനപാതയിലെ ലക്കിടി കൂട്ടുപാത ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ബഹു. എം.എൽ.എ. സമർപ്പിച്ച നിവേദനത്തെ തുടർന്ന് സംസ്ഥാന പോലീസ് മേധാവിയോട് പ്രസ്തുത കാര്യത്തിനായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സിവിൽ പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചശേഷമേ ഇതിനുവേണ്ട ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂവെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം മാത്രമേ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

(ബി) റോഡ് സുരക്ഷാ കമ്മീഷണറുടെ 26-12-2019-ലെ കത്ത് മുഖേന സംസ്ഥാന പോലീസ് മേധാവിയോടും ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ്) വകുപ്പിനോടും സിവിൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ആരാഞ്ഞിട്ടുണ്ട്.

പ്രസ്തുത സ്ഥലത്ത് സിവിൽ പ്രവൃത്തികൾ പൂർത്തിയാകുകയും ഇലക്ട്രിക്കൽ സംവിധാനം സ്ഥാപിക്കാനുള്ള സാഹചര്യം നിലവിൽ വരികയുംചെയ്യുന്ന മുറയ്ക്ക് സംസ്ഥാന പോലീസ് മേധാവി മുഖേനയോ DRSC മുഖേനയോ സിഗ്നൽ സംവിധാനം സ്ഥാപിക്കാനുള്ള പ്രൊപ്പോസൽ കേരള റോഡ് സേഫ്റ്റി ഫണ്ടിംഗിനായി സമർപ്പിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

### വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നത്

344 (1790) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഴയ സ്വകാര്യ ബസ്സുകൾക്കും ചരക്ക് വാഹനങ്ങൾക്കും 2020 മുതൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ടൂറിസ്റ്റ് ബസ്സുകൾ ഉൾപ്പെടെയുള്ള കോൺട്രാക്റ്റ് ക്യാരേജ് വാഹനങ്ങൾക്ക് 2019 ഡിസംബർ 31-ന് മുമ്പ് ജി. പി. എസ്. ഘടിപ്പിക്കണമെന്ന നിർദ്ദേശം പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള സമയപരിധി എന്നാണ് അവസാനിച്ചത് ; നിലവിൽ എത്ര ശതമാനം സ്കൂൾ വാഹനങ്ങളിൽ അത് ഘടിപ്പിച്ചു; വിശദാംശം നല്കുമോ;

(ഡി) ജി.പി.എസ്. ഘടിപ്പിക്കാത്ത വാഹനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

#### ഉത്തരം

(എ) പഴയ വാഹനങ്ങളിൽ സമയബന്ധിതമായി VL TD ഘടിപ്പിക്കുന്നതിന് G.O.(P) No. 41/2019/Tran dated 28-11-2019 പ്രകാരം സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ടൂറിസ്റ്റ് ബസ്സുകൾ ഉൾപ്പെടെയുള്ള കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്ക് 2019 ഡിസംബർ 31-ന് മുമ്പ് ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം പൂർണ്ണതോതിൽ നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജി.പി.എസ്. സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇക്കാര്യം നിരീക്ഷിക്കുന്നതിനായി അതത് ജില്ലയിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ (എൻഫോഴ്സ്മെന്റ്) നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ, ജി.പി.എസ്. സംവിധാനം ഘടിപ്പിച്ച വാഹനങ്ങൾക്ക് മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്നുകൂടി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള സമയ പരിധി 30-11-2019-ൽ അവസാനിച്ചു. സംസ്ഥാനത്ത് പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽ നിർബന്ധമായും ജി.പി.എസ്. ഘടിപ്പിച്ചിരിക്കണം. പഴയ സ്കൂൾ വാഹനങ്ങളിൽ നിർബന്ധമായും VLTD ഘടിപ്പിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും ഘടിപ്പിക്കാത്ത വാഹനങ്ങളുടെ സ്കൂൾ അധികൃതർക്ക് കാലതാമസം കൂടാതെ വാഹനങ്ങളിൽ ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം അതത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ നൽകണമെന്നും അറിയിച്ചിട്ടുണ്ട്.

(ഡി) ജി.പി.എസ്. സംവിധാനം ഘടിപ്പിച്ച വാഹനങ്ങൾക്ക് മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## നെത്തല്ലൂർ കവലയിലെ അപകടസാധ്യത കുറയ്ക്കാൻ നടപടി

345 (1791) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം - കോഴഞ്ചേരി സംസ്ഥാന പാത, ചങ്ങനാശ്ശേരി - വാഴൂർ റോഡുമായി ചേരുന്ന നെത്തല്ലൂർ കവലയിൽ ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് നാറ്റ്പാക് പഠനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് സർക്കാരിനോ പൊതുമരാമത്ത് വകുപ്പിനോ ലഭ്യമാക്കിയിട്ടുണ്ടോ;

(സി) പഠനം നടത്തിയിട്ടില്ലായെങ്കിൽ അടിയന്തരമായി പഠനം നടത്താൻ നടപടി സ്വീകരിക്കാമോ?

### ഉത്തരം

(എ) നെത്തല്ലൂർ കവലയിൽ നാറ്റ്പാക് സുരക്ഷാ പരിശോധന 2019 കാലയളവിൽ നടത്തിയിട്ടുണ്ട്.

(ബി) റോഡ് സുരക്ഷാ പരിശോധന റിപ്പോർട്ടും വിശദമായ പഠന ത്തിനുള്ള പ്രൊപ്പോസലും ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പിന് (റോഡുകളും നിരത്തുകളും) 13-6-2019-ലെ NATPAC/223/2019-JSC2(TSD) നമ്പർ കത്ത് മുഖേന നാറ്റ്പാക് സമർപ്പിച്ചിട്ടുണ്ട്.

(സി) വിശദമായ പഠനം കൺസൾട്ടൻസി അടിസ്ഥാനത്തിൽ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്നപക്ഷം ആയതിന് സന്നദ്ധമാണെന്ന് നാറ്റ്പാക് അറിയിച്ചിട്ടുണ്ട്.

## റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

346 (1792) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കാനും റോഡ് സുരക്ഷാ പരിശോധന കർശനമാക്കുന്നതിനും ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് റോഡപകടങ്ങളുടെ നിരക്ക് കുറഞ്ഞിട്ടുണ്ടോ എന്നതിന്റെ കണക്ക് വർഷം തിരിച്ച് വെളിപ്പെടുത്താമോ?

ഉത്തരം

(എ) റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണനിരക്കും കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ 'സേഫ് കേരള' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി, കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഈ 85 സ്ക്വാഡുകളിലായി 85 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഇത്തരം സ്ക്വാഡുകൾ 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്നു.

മോട്ടോർ വാഹന വകുപ്പ് കേരളത്തിലാകമാനം വ്യത്യസ്ത റോഡുകളിലായി 240 ക്യാമറകൾ വിന്യസിച്ചിട്ടുണ്ട്. ഇത്തരം ക്യാമറകൾ Red Light Violation, Speed Violation എന്നിവ കണ്ടുപിടിക്കുന്നു. ഇത്തരം ക്യാമറകളുടെ Controlling Station ആയി എറണാകുളത്തും കോഴിക്കോടും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം കൺട്രോൾ റൂമിന്റെ ചാർജ്ജ് മെമ്മോ അയയ്ക്കുന്നതടക്കമുള്ള പ്രവൃത്തികൾ ചെയ്യുന്നത് KELTRON എന്ന ഏജൻസിയാണ്. കോഴിക്കോട് കൺട്രോൾ റൂമും KELTRON തന്നെയാണ് കൈകാര്യം ചെയ്യുന്നത്. നാളിതുവരെ ഇതുപ്രകാരം 2047872 ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുകയും 47.81 കോടി രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

സുപ്രീം കോടതി നിയോഗിച്ച Supreme Court Committee on Road Safety-യുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അപകടത്തിൽ കുറ്റക്കാരാണെന്ന് തെളിയുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്തുവരുന്നു. കൂടാതെ

അപകടകരമായ ഡ്രൈവിംഗ്, മൊബൈൽ ഫോണിന്റെ ഉപയോഗം, ചരക്ക് വാഹനങ്ങളിൽ അമിതഭാരം കയറ്റുക എന്നീ നിയമലംഘനങ്ങൾ നടത്തുന്നവരുടെയും ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്യുന്നു. 2019-ൽ ഇത്തരത്തിൽ 28020 ലൈസൻസ് മോട്ടോർ വാഹന വകുപ്പ് സസ്പെന്റ് ചെയ്യുകയുണ്ടായി. ഇത്തരത്തിൽ സസ്പെന്റ് ചെയ്യപ്പെടുന്നവർക്ക് corrective class-കൾ നൽകിയശേഷം മാത്രമേ ലൈസൻസ് പുനഃസ്ഥാപിച്ച് നൽകുകയുള്ളൂ. ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശപ്രകാരം Decade Action Plan on Road Safety പദ്ധതി നടപ്പാക്കിവരുന്നു. 2011-2020 ആണ് ഈ പദ്ധതിയുടെ കാലയളവ്. ഇതിന്റെ ഭാഗമായി ഡ്രൈവിംഗ് പഠിതാക്കൾക്കും ഡ്രൈവിംഗ് ലൈസൻസ് നേടിയവർക്കും വ്യത്യസ്ത തലത്തിലുള്ള പരിശീലനം നടത്തിവരുന്നു.

എല്ലാ വർഷവും ജനവരി/ഫെബ്രുവരി മാസങ്ങളിൽ ഏതെങ്കിലും ഒരാഴ്ച റോഡ് സുരക്ഷാ വാരം ആയി ആചരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വ്യത്യസ്ത തലത്തിലുള്ള ബോധവൽക്കരണ-വാഹന പരിശോധനകളും ഡ്രൈവർമാരുടെ കാഴ്ചക്ഷമതാ പരിശോധനയും സ്കൂൾ കുട്ടികൾക്കും മറ്റ് ഡ്രൈവർമാർക്കും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. ഇതോടനുബന്ധിച്ച് Student Police Cadet-നേയും സന്നദ്ധ സംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് ലഘുലേഖകൾ വിതരണം ചെയ്യുന്നു. കൂടാതെ മോട്ടോർ വാഹനറാലി, റോഡ് സുരക്ഷാ ബോധവൽക്കരണവുമായി ബന്ധപ്പെട്ട മൂകാഭിനയം, ഓട്ടൻ തുള്ളൽ എന്നിവ നടത്തിവരുന്നു. മലപ്പുറം ജില്ലയിലെ എടപ്പാളിൽ Institute of Drivers Training and Research (IDTR) എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഇവിടെ Driving School Instructors Training Programme, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കുള്ള Training Programme, ട്രാഫിക് നിയമ ലംഘനങ്ങളിൽപ്പെടുന്ന ഡ്രൈവർമാർക്കുള്ള ബോധവൽക്കരണ ക്ലാസ് എന്നിവ നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു വരുന്നു.

വാഹനങ്ങളിലെ വേഗത നിയന്ത്രിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും Speed Governor, Vehicle Location Tracking Device എന്നിവ ഘടിപ്പിച്ചുവരുന്നു. ഇത്തരം വാഹനങ്ങളുടെ സർവ്വീസുകൾ നിയന്ത്രിക്കുന്നതിലേയ്ക്കായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ കേന്ദ്രീകൃത കൺട്രോൾ റൂമും കൂടാതെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഓരോ കൺട്രോൾ റൂമും സജ്ജീകരിച്ചിട്ടുണ്ട്. VLTDS (GPS) ഘടിപ്പിച്ച വാഹനങ്ങളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി Panic Button ഘടിപ്പിച്ചിട്ടുണ്ട്. എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ ഈ ബട്ടൺ അമർത്താവുന്നതും ആയതിന്റെ സിഗ്നലുകൾ കൺട്രോൾ റൂമുകളിൽ അപ്പോൾ തന്നെ ലഭ്യമാവുകയും വേണ്ട നടപടികൾ

ഉടൻതന്നെ എൻഫോഴ്സ്മെന്റ് സ്ക്വാഡിന് സ്വീകരിക്കാൻ കഴിയുകയുംചെയ്യുന്നു. കൂടാതെ റൂട്ട് മാറി ഓടുക, ഓവർ സ്പീഡ് മുതലായ നിയമ ലംഘനങ്ങൾ വളരെ എളുപ്പത്തിൽ കണ്ടുപിടിച്ച് നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നു.

(ബി) റോഡപകടങ്ങളുടെ എണ്ണത്തിൽ നേരിയ വർദ്ധന ഉണ്ടായിട്ടുണ്ട്.

| വർഷം | എണ്ണം |
|---|---|
| 2016 | 39420 |
| 2017 | 38470 |
| 2018 | 40181 |
| 2019 | 41153 |

**റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രായോഗിക നടപടികൾ**

347 (1793) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ റോഡപകടങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ഡി) റോഡപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിനായി നിയമം കർശനമാക്കുന്നതുൾപ്പെടെ കൂടുതൽ പ്രായോഗിക നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡപകടങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. എന്നാൽ വാഹനപ്പെരുപ്പത്തിനനുസൃതമായ വർദ്ധന ഉണ്ടായിട്ടില്ല. 2018-ൽ 40181 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. 2019-ൽ ഇത് 41153 ആയി.

(ബി) റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണങ്ങൾക്കും ഏറ്റവും പ്രധാന കാരണം മോട്ടോർ വാഹന നിയമങ്ങളുടേയും ട്രാഫിക് നിയമങ്ങളുടേയും ലംഘനമാണ്. 2018-ൽ നടന്ന 40181 അപകടങ്ങളിൽ 31492 അപകടങ്ങളും ഇത്തരത്തിലുള്ളവ യാണ്. 2019 സെപ്റ്റംബർ വരെയുള്ള കണക്കനുസരിച്ച് 30784 അപകടങ്ങളിൽ 27821 അപകടങ്ങളും റോഡ് നിയമലംഘനം വഴി ഉണ്ടായിട്ടുള്ളതാണ്. റോഡ് നിയമങ്ങൾ പാലിക്കുകയും അവ ശക്തമായി നടപ്പിലാക്കുകയും ചെയ്താൽ അപകട നിരക്ക് ഗണ്യമായി കുറയ്ക്കാനാവും. ഇതിനാവശ്യമായ നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(സി&ഡി) ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പാക്കുകയും ലംഘനങ്ങൾക്ക് കനത്ത ശിക്ഷ നൽകുകയും ചെയ്യുകവഴി റോഡപകടങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കാനാകും. ഇതിനായി മോട്ടോർ വാഹന വകുപ്പ് കർശന പരിശോധന നടത്തി വരുന്നു. 2019-ൽ ട്രാഫിക് നിയമങ്ങൾ ലംഘിച്ചവർക്കെതിരെ 276584 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 33,80,72,125 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. മദ്യപിച്ച് വാഹനം ഓടിക്കുക, അശ്രദ്ധമായും അപകടകരമായ വിധത്തിലും വാഹനം ഓടിക്കുക എന്നീ കുറ്റങ്ങൾക്ക് 2019-ൽ 28020 ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ, കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ, മോട്ടോർ വാഹന വകുപ്പ് 'സേഫ് കേരള' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി, കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഈ 85 സ്ക്വാഡുകളിലായി 85 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഇത്തരം സ്ക്വാഡുകൾ 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്നു.

## രാത്രികാലങ്ങളിലെ റോഡപകടങ്ങൾ

348 (1794) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് സിഗ്നലുകൾ രാത്രികാലങ്ങളിൽ അണയ്ക്കുന്നതുമൂലം റോഡപ കടങ്ങൾ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രധാനപ്പെട്ട ജംഗ്ഷനുകളിലെ ട്രാഫിക് സിഗ്നലുകൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കണമെന്ന് റോഡുസുരക്ഷാ അതോറിറ്റി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നോ;

(സി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദമാക്കുമോ ;

(ഡി) രാത്രികാലങ്ങളിൽ വൺവേ തെറ്റിച്ചുവരുന്ന വാഹനങ്ങൾ അപകടങ്ങൾ വരുത്തുന്നതുമൂലമുള്ള സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) 2019-ൽ ഇപ്രകാരം വൺവേ തെറ്റിച്ചുവന്ന വാഹനാപകടങ്ങളിൽപ്പെട്ട് എത്രപേർ മരണമടഞ്ഞുവെന്ന് അറിയിക്കാമോ ;

(എഫ്) രാത്രികാലങ്ങളിലും വൺവേ സിസ്റ്റം ബാധകമായിട്ടുള്ള സ്ഥലങ്ങളിൽ അത് കർശനമായി പാലിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-ലെ റോഡപകടങ്ങളിൽ 1227 അപകടങ്ങൾ നടന്നത് ട്രാഫിക് സിഗ്നലുകളിലാണ്. അതിൽ 132 പേർ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) 40-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗ തീരുമാന പ്രകാരം peak, non peak & night signal എന്നീ ടൈം പ്ലാനുകൾ പ്രകാരം ട്രാഫിക് സിഗ്നലുകൾ ആവശ്യാനുസരണം 24 മണിക്കൂറും പ്രവർത്തിപ്പി ക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

(ഡി) വിലയിരുത്തിയിട്ടുണ്ട്.

(ഇ) 2018-ൽ ഇത്തരത്തിൽ ദിശ മാറി ഓടിച്ചതുകാരണം 115 പേർ മരണപ്പെടുകയുണ്ടായി. 2019-ൽ ഇത്തരത്തിൽ ദിശ മാറി ഓടിച്ചതുകാരണം കോഴിക്കോട് സിറ്റിയിലും കാസർഗോഡും ഓരോ മരണങ്ങൾ നടന്നിട്ടുണ്ട്.

(എഫ്) 40-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗതീരുമാന പ്രകാരം എല്ലാ ജില്ലാ കളക്ടർമാർക്കും ഇതുസംബന്ധിച്ച് രാത്രികാലങ്ങളിലും ONE WAY TRAFFIC SYSTEM നടപ്പിലാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പെർമിറ്റില്ലാതെ സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷകൾ

349 (1795) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേകിച്ച് തലസ്ഥാന നഗരിയിൽ വാടകയ്ക്ക് സർവ്വീസ് നടത്തുന്നതിന് എത്ര മൂന്ന് വീലർ ഓട്ടോറിക്ഷകൾക്കാണ് നഗര പെർമിറ്റ് നൽകി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ചിട്ടുള്ള പെർമിറ്റുകളെക്കാൾ പതിന്മടങ്ങ് ഓട്ടോറിക്ഷകൾ തലസ്ഥാനനഗരി ഉൾപ്പെടെയുള്ള നഗരങ്ങളിൽ സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാതിരിക്കുന്നത് അന്തരീക്ഷമലീനീകരണം വർദ്ധിക്കാനിടയാക്കും എന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(സി) ഇത്തരത്തിൽ പെർമിറ്റില്ലാതെയുള്ള ഡീസൽ ഓട്ടോറിക്ഷകൾ ഉൾപ്പെടെയുള്ള മൂന്ന് വീലർ ഓട്ടോറിക്ഷകളുടെ ഓട്ടം നിയന്ത്രിക്കേണ്ടത് ആവശ്യ മാണെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ അത് എപ്രകാരം നടപ്പിലാക്കുമെന്നറി യിക്കാമോ?

<u>ഉത്തരം</u>

(എ) 17609 എണ്ണം.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാപകമായ ചെക്കിംഗ് നടത്തി ഇത്തര ത്തിലുള്ള ഓട്ടോറിക്ഷകളെ കണ്ടെത്തി ഇവയ്ക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു.

## കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ/ഡ്രൈവർ തസ്തികയിൽ ജോലിനോക്കുന്നവരുടെ പ്രതിമാസ ശമ്പളം

350 (T1796) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വിവിധ ആരോഗ്യപ്രശ്നങ്ങളുള്ള ഏറ്റവും കടുത്ത ജോലിനോക്കുന്ന കണ്ടക്ടർ/ഡ്രൈവർ വിഭാഗങ്ങളിലുള്ളവരുടെ പ്രതിമാസ ശമ്പളം കഴിഞ്ഞ ഒന്നര വർഷത്തിലധികമായി നൽകാതിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്ഥാപനത്തിലെ ജീവനക്കാർക്കുമാത്രം അർഹമായ ശമ്പളം നൽകാതിരിക്കുന്ന സമീപനം തിരുത്തുന്നതിന് സത്വരം ഇടപെടുമോ;

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രതിമാസ ശമ്പളം തടഞ്ഞു വയ്ക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൃത്യമായി മാസശമ്പളം നൽകുന്നതിന് ആവശ്യമായ പ്രാവർത്തിക നടപടികൾ നിർദ്ദേശിക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഇ) ഇത്തരം ജീവനക്കാരുടെ കുടിശ്ശികയുള്ള ശമ്പളം വരുന്ന മാർച്ച് ഒന്നിന് മുമ്പ് നൽകാൻ അടിയന്തരനിർദ്ദേശം നൽകുമോ; ഏത് സർവ്വീസ് റൂളിന്റെ അടിസ്ഥാനത്തിലാണ് ഇവരുടെ ശമ്പളം ഇങ്ങനെ തടഞ്ഞ് വയ്ക്കുന്നതെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽ 2019 ഡിസംബർ മാസം വരെയുള്ള ശമ്പളം കുടിശ്ശികയില്ലാതെ നൽകിക്കഴിഞ്ഞു. വിവിധ കാരണങ്ങളാൽ സപ്ലിമെന്ററി സാലറി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരുടെ 2018 മാർച്ച് മുതലുള്ള സപ്ലിമെന്ററി ശമ്പളം നൽകാൻ കുടിശ്ശികയുണ്ട്. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലമാണ് ഈ തുക വിതരണം ചെയ്യാൻ സാധിക്കാത്തത്. കേർപ്പറേഷന്റെ വരുമാനത്തിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

(സി) ജീവനക്കാരുടെ പ്രതിമാസ ശമ്പളം തടഞ്ഞുവയ്ക്കുന്നതിന് യാതൊരു തീരുമാനവുമെടുത്തിട്ടില്ല.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് കോർപ്പറേഷന്റെ സ്വന്തം വരുമാനത്തിൽനിന്ന് ലഭിക്കുന്ന തുകയും പ്രതിമാസം സർക്കാർ നൽകുന്ന വായ്പാ ധനസഹായവും കൊണ്ടാണ്. ഗ്രോസ്സ് ശമ്പളവും വേതനവും നൽകുവാൻ ശരാശരി 84 കോടി രൂപ ആവശ്യമാണെങ്കിലും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ, ദൈനംദിന ചെലവുകൾ നടത്തിക്കഴിഞ്ഞ് ശരാശരി 30 കോടി രൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽ നിന്ന് പ്രതിമാസം കെ.എസ്.ആർ.ടി.സി.-ക്ക് സ്വരൂപിക്കാൻ കഴിയുന്നത്. സർക്കാർ വായ്പാ ധനസഹായവും ചേർത്ത് മാസാന്ത്യം ശരാശരി 51 കോടി രൂപ മാത്രമേ കെ.എസ്.ആർ.ടി.സി.-യുടെ കയ്യിൽ ശമ്പള വിതരണത്തിനായി ഉണ്ടാവുകയുള്ളൂ. ആയതിനാൽ നെറ്റ് ശമ്പളവും വേതനവും നൽകുന്നതിന് തൊട്ടടുത്ത മാസം 15 മുതൽ 20 ദിവസം വരെയുള്ള പ്രതിദിന വരുമാനം കൂടി സ്വരൂപിച്ചാണ് കഴിഞ്ഞ കുറെ മാസങ്ങളായി ഇത് നൽകിവരുന്നത്. ഇക്കാരണത്താൽ ചില മാസങ്ങളിൽ ശമ്പളം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം നൽകാൻ സാധിച്ചിട്ടില്ലാത്തതിനാൽ തൊട്ടടുത്ത മാസത്തെ വരുമാനവും എടുത്താണ് ശമ്പള വിതരണം നടത്തിവരുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം മെച്ചപ്പെടുന്ന മുറയ്ക്ക് ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിന് സാധിക്കുന്നതാണ്.

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ 2019 ഡിസംബർ മാസം വരെയുള്ള ശമ്പളം കുടിശ്ശികയില്ലാതെ നൽകിക്കഴിഞ്ഞു. വിവിധ കാരണങ്ങളാൽ സപ്ലിമെന്ററി സാലറി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരുടെ 2018 മാർച്ച് മുതലുള്ള സപ്ലിമെന്ററി

ശമ്പളം നൽകാൻ കുടിശ്ശികയുണ്ട്. ഈ ഇനത്തിൽ തുക വിതരണം ചെയ്യുന്നതിന് 7.91 കോടി രൂപ ആവശ്യമാണ്. 12/2017, 1/2018, 2/2018 മാസങ്ങളിലെ സപ്ലിമെന്ററി സാലറി ഒറ്റത്തവണയായി 2/2019-ൽ നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ബാക്കി തുകകൾ കൊടുത്തു തീർക്കുന്നതാണ്. ജീവനക്കാരുടെ ശമ്പളം തടഞ്ഞുവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-യിലെ ഹിതപരിശോധന

351 (1797) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ 2016-ൽ ഹിതപരിശോധന വഴി അംഗീകാരം നേടിയ സംഘടനകളുടെ അംഗീകാര കാലാവധി അവസാനിച്ചിട്ടുണ്ടോ;

(ബി) ഹിതപരിശോധനയുടെ അംഗീകാര കാലാവധി അവസാനിച്ചതോടെ തൊഴിൽപരമായ ചർച്ചകൾ നടത്തുന്നതിനായി എല്ലാ രജിസ്റ്റേർഡ് സംഘടനകളെയും യോഗങ്ങൾക്ക് വിളിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള ഹിതപരിശോധന എന്നത്തേക്ക് നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) അവസാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

ഹിതപരിശോധനയുടെ അംഗീകാര കാലാവധി അവസാനിച്ച സാഹചര്യത്തിൽ കോർപ്പറേഷനിൽ പുതിയ ഹിതപരിശോധന നടന്ന് തൊഴിലാളി സംഘടനകൾക്ക് അംഗീകാരം ലഭ്യമാകുന്നതുവരെ യൂണിറ്റുകളിൽ നടക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിലും/തൊഴിലാളി സംഘടനകളെ ഉൾപ്പെടുത്തി നടത്തുന്ന ചർച്ചകളിലും നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളിലെ ഒരു അംഗത്തെ പങ്കെടുപ്പിക്കാവുന്നതാണെന്ന നിർദ്ദേശം കോർപ്പറേഷൻ, യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യിലെ യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതിനും ഹിതപരിശോധന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ലേബർ കമ്മീഷണർക്ക് കോർപ്പറേഷൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ

ഹിതപരിശോധന സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 20-2-2020-ൽ റിട്ടേണിംഗ് ഓഫീസറെ നിയമിക്കുന്നതാണെന്നും രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻ & ലേബർ കമ്മീഷണർ കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്. റിട്ടേണിംഗ് ഓഫീസറുടെ നിർദ്ദേശപ്രകാരം കോർപ്പറേഷനിൽ ഹിതപരിശോധന നടത്തുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ കടം

352 (1798) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കടം 3430 കോടി രൂപയാണെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിരുന്നുവോ;

(ബി) കെ.എസ്.ആർ.ടി.സി.-ക്കായി കൂടുതൽ സാമ്പത്തിക സഹായം തേടി മാനേജ്മെന്റ് നൽകിയ നാൽപ്പത് കോടി രൂപയുടെ പ്രൊപ്പോസൽ ധനവകുപ്പ് നിരസിച്ചിരുന്നുവോ;

(സി) ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി. ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന നാൽപ്പത്തിയേഴ് കോടി രൂപ നേരത്തെ ധനകാര്യ വകുപ്പ് സ്വന്തമാക്കിയിരുന്നുവോ;

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് ധനവകുപ്പ് നിരവധി സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ടെന്നും ആ തുകയിലേക്ക് നാൽപ്പത്തിയേഴ് കോടി രൂപ വരവ് വയ്ക്കുകയുമാണെന്ന് ധനവകുപ്പ് കെ.എസ്.ആർ.ടി.സി.-യെ അറിയിച്ചിരുന്നുവോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ കണക്കുകൾ പ്രകാരം, 2019 സെപ്റ്റംബർ മാസം വരെ കെ.എസ്.ആർ.ടി.സി.-യിൽ നിലനിൽക്കുന്ന കടം 3,430.56 കോടി രൂപയാണ്. ആയതിൽ ബസ്, ടയർ, സ്പെയർ എന്നിവയുടെ സപ്ലൈയേഴ്സിനും സിവിൽ കരാറുകാർക്കും ജീവനക്കാരുടെ ആനുകൂല്യങ്ങളുടെ കുടിശ്ശികയും ചേർത്ത് 319.74 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. 2013-ലെ ഡീസൽ പ്രൈസ് വേരിയേഷൻ വന്നതുമൂലമുണ്ടായ ബാധ്യത 54.40 കോടി രൂപയും ജി.എസ്.ടി., എസ്.ബി.ഐ. ക്യാപ്പിന്റെ കുടിശ്ശിക ഇനത്തിൽ 12.75 കോടി രൂപയും കൺസോർഷ്യം വായ്പയുടെ ബാലൻസായി 3,043.67 കോടി രൂപയും ചേർത്ത് 2019 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം 3,430.56 കോടി

രൂപയുടെ ബാദ്ധ്യതയുണ്ട്. ഇതുകൂടാതെ എം.എ.സി.ടി. കേസ്സുകളിൽ ഏകദേശം 50 കോടി രൂപയുടെ ക്ലെയിമിന്റെ കുടിശ്ശികയും കൂടാതെ ഓയിൽ കമ്പനികളും കെ.എസ്.ആർ.ടി.സി.-യുമായുള്ള കരാർ പ്രകാരം അനുവദനീയമായ ഡ്യൂ (Due) ആകാത്ത 135 കോടി രൂപയുടെ ക്രെഡിറ്റും നിലനിൽക്കുന്നുണ്ട്. കൂടാതെ പാലിയേക്കര ടോൾ ഇനത്തിൽ 77.60 കോടി രൂപയുടെ കുടിശ്ശിക സംബന്ധിച്ച കേസ് കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ്.

(ബി) കോർപ്പറേഷനിൽ ഡിസംബർ മാസത്തെ ശമ്പളം നൽകുന്നതിനായി, പ്രതിമാസം അനുവദിക്കുന്ന 20 കോടി രൂപയ്ക്ക് പുറമെ അധികമായി 40 കോടി രൂപയും ചേർത്ത് മൊത്തം 60 കോടി രൂപ അനുവദിക്കണമെന്ന് കെ.എസ്.ആർ. ടി.സി. അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, ഡിസംബർ മാസത്തെ ശമ്പളത്തിനായി ജനുവരി മാസം ആദ്യം 20 കോടി രൂപയും രണ്ടാമത് 5 കോടി രൂപയും ചേർത്ത് മൊത്തം 25 കോടി രൂപ അനുവദിക്കുകയുണ്ടായി.

(സി) ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ കെ.എസ്.ആർ.ടി.സി. നിക്ഷേപിച്ചിരുന്ന 47 കോടി രൂപ (47,29,86,782 രൂപ) 31-3-2018-ൽ സർക്കാർ പിൻവലിച്ചിട്ടുണ്ട്.

(ഡി) രേഖാമൂലമുള്ള അറിയിപ്പുകളൊന്നും ധനകാര്യ വകുപ്പ് നേരിട്ട് കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിട്ടില്ല. എന്നാൽ 1,000 കോടി രൂപയിലധികം കെ.എസ്.ആർ.ടി.സി.-ക്ക് നൽകിക്കഴിഞ്ഞതായും സർക്കാർ പിൻവലിച്ച തുകയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും കൂടുതൽ തുക അനുവദിക്കാനാകില്ലെന്നും ധനകാര്യ വകുപ്പ് ഗതാഗത വകുപ്പിനെ അറിയിക്കുകയുണ്ടായി. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം കെ.എസ്.ആർ.ടി.സി.-ക്ക് കൂടുതൽ തുക അനുവദിക്കാനാകില്ലെന്നും മുൻനിലപാടിൽ ഉറച്ചുനിൽക്കുന്നതായും ഇക്കാര്യം വീണ്ടും ഉന്നയിച്ചപ്പോൾ ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു.

## കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിംഗ് സംവിധാനം

353 (1799) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിംഗ് സംവിധാനം മാത്രമുള്ള ഇ.ടി.എം. (ഇലക്ട്രോണിക്ക് ടിക്കറ്റിംഗ് മെഷീൻ)വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിരുന്നോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ;

(ബി) ഇതുപ്രകാരം ആരൊക്കെ ടെണ്ടർ ലഭ്യമാക്കിയെന്നും ഇതിൽ ഏറ്റവും കുറഞ്ഞ ടെണ്ടർ നൽകിയത് ഏത് കമ്പനിയാണെന്നും അറിയിക്കാമോ;

(സി) മെഷീൻ വാങ്ങുന്നതിന് ആരെയാണ് ഗവൺമെന്റ് തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത് ; തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ; എന്ന് മുതലാണ് ടി കമ്പനി മെഷീനുകൾ കെ.എസ്.ആർ.ടി.സി.-യ്ക്ക് സപ്ലൈ ചെയ്യുന്നതിന് കരാർവച്ചിരിക്കുന്നത്;

(ഡി) കരാർ പ്രകാരം തരുന്ന മെഷീനിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്നും ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്നും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഇ) മുമ്പ് മെഷീൻ ലഭ്യമാക്കി കെ.എസ്.ആർ.ടി.സി.-യുമായി കരാർ ഉണ്ടായിരുന്ന കമ്പനി അവരുടെ എ.എം.സി. വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായപ്പോൾ മെഷീൻ പ്രവർത്തിപ്പിക്കാതെ അതിന്റെ സെർവ്വറുമായുള്ള ബന്ധം വിച്ഛേദിച്ചത് കണക്കിലെടുത്ത് മെഷീൻ സപ്ലൈ ചെയ്യുന്ന കമ്പനിയുമായി കരാർ ഉണ്ടാക്കുമ്പോൾ ഇക്കാര്യത്തിൽ ഗവൺമെന്റ്-ന്റെ മേൽനോട്ടം ഏർപ്പെടുത്തുമോ;

(എഫ്) ടി കമ്പനിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം എന്ന് മുതലാണ് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പുതിയ ഇലക്ട്രോണിക്ക് ടിക്കറ്റിംഗ് മെഷീൻ ഏർപ്പെടുത്താനാവുകയെന്ന് വെളിപ്പെടുത്തുമോ;

(ജി) പുതിയ കമ്പനിയുമായി കരാറിലേർപ്പെടുമ്പോൾ മെഷീൻ കേടാവുകയാണെങ്കിലോ അതിന്റെ ബാറ്ററി ചാർജ്ജ് നിലനിൽക്കാതിരിക്കുകയാണെങ്കിലോ അത് ഗൗരവമായി കണ്ട് കമ്പനിയിൽ നിന്ന് അത്തരം കാര്യങ്ങളിലെ വീഴ്ച പരിഹരിക്കുന്നതിന് പ്രത്യേകം ശ്രദ്ധചെലുത്തുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിംഗ് സംവിധാനം മാത്രമുള്ള ഓഫ് ലൈൻ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ വാങ്ങുന്നതിനായി 8-8-2019, 31-10-2019 എന്നീ തീയതികളിൽ ടെണ്ടർ ക്ഷണിച്ചിരുന്നു.

(ബി & സി) ആദ്യ ഇ-ടെണ്ടറിൽ,

1. M/s. Soft land India Ltd
2. M/s. Quantam Power System
3. M/s. ITI Ltd.

എന്നീ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തു. ആയതിൽ M/s. Soft land India Ltd എന്ന സ്ഥാപനം മാത്രം യോഗ്യത നേടി. ഒരു സ്ഥാപനം മാത്രം യോഗ്യത നേടിയതിനാൽ വീണ്ടും ഇ-ടെണ്ടർ ക്ഷണിച്ചു. ഇതിൽ M/s. Soft land India Ltd, M/s. ITI Ltd എന്നീ രണ്ട് കമ്പനികൾ പങ്കെടുത്തു. ഇതിൽ യോഗ്യത നേടിയ M/s. Soft land India Ltd-ന്റെ ടെക്നിക്കൽ ഇവാല്യൂവേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുശേഷം ഫിനാൻഷ്യൽ ബിഡ് തുറക്കുമ്പോൾ മാത്രമേ ഏത് കമ്പനിയാണ് ഏറ്റവും കുറഞ്ഞ ടെണ്ടർ നൽകിയതെന്ന് അറിയാൻ സാധിക്കുകയുള്ളൂ.

(ഡി) ദർഘാസിൽ പങ്കെടുത്ത സ്ഥാപനങ്ങൾ നൽകിയ സാമ്പിൾ സാങ്കേതിക പരിശോധന നടത്തുന്നതിനായി പുറത്തുനിന്നും വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ), എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്), സി-ഡാക്ക്, ഐ. ടി. മിഷൻ എന്നീ സ്ഥാപനങ്ങളിൽനിന്നുള്ള ടെക്നിക്കൽ മെമ്പർമാർ എന്നിവർ അടങ്ങിയ കമ്മിറ്റി പ്രസ്തുത മെഷീനുകളുടെ ഹാർഡ് വെയർ ഇവാല്യൂവേഷനും ഫീൽഡ് ട്രയലും നടത്തി തൃപ്തികരമാണ് എന്നുള്ള റിപ്പോർട്ട് നൽകിയാൽ മാത്രമേ കരാർ നൽകുകയുള്ളൂ. കൂടാതെ 3 വർഷത്തെ replacement warranty-യോടുകൂടിയാണ് മെഷീൻ വാങ്ങുന്നത്.

(ഇ) മെഷീൻ വിതരണം ചെയ്യുന്ന കമ്പനിയുമായി കരാർ ഉണ്ടാക്കുന്നത് കെ.എസ്.ആർ.ടി.സി. ഭരണ സമിതിയുടെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്.

(എഫ്) പുതിയ മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ കരാറുകൾ ഒന്നും തന്നെയില്ല.

(ജി) 3 വർഷത്തെ replacement warranty-യോടുകൂടിയാണ് മെഷീൻ വാങ്ങുന്നത്. മെഷീന് ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും പുതിയ കമ്പനിയുമായി കരാറിൽ ഏർപ്പെടുമ്പോൾ കരാർ വ്യവസ്ഥകളിൽ ടി കാര്യങ്ങൾ ശിക്ഷാർഹമാക്കുന്നതിനുള്ള ഉടമ്പടികൾ ചേർക്കുന്നതാണെന്നും കെ.എസ്.ആർ.ടി.സി. അറിയിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക സഹായം

354 (1800) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുമെന്ന പ്രകടനപത്രികയിലെ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. നിലവിൽ അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വസ്തുത ശരിയല്ലേ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) 2019-ൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് സംസ്ഥാന സർക്കാർ നൽകിയ സാമ്പത്തിക സഹായമെത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വൻ പ്രതിസന്ധിയിലേക്ക് നീങ്ങുന്നുവെന്ന് കാട്ടി പ്രത്യേക സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ആർ.ടി.സി. സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള സർക്കാരിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് തൊട്ട് മുമ്പത്തെ മാസമായ ഏപ്രിൽ 2016-ൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 124 കോടി രൂപ (പ്രതിദിനം 413 ലക്ഷം രൂപ) ആയിരുന്നു. ഈ ഭീമമായ ചെലവിന് കാരണം പെൻഷൻ വിതരണവും ശമ്പള വിതരണവും വായ്പായിനത്തിലെ ഉയർന്ന തിരിച്ചടവുമായിരുന്നു. കെ.എസ്.ആർ. ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സർക്കാരും കോർപ്പറേഷനും ചേർന്ന് വിവിധ സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിച്ചിരുന്ന ഗുരുതരമായ സാമ്പത്തിക പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി, സർക്കാർ മുൻകയ്യെടുത്ത് നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റിയിരുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3,100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചു തീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ ഗണ്യമായ കുറവുണ്ടായി.

കെ.എസ്.ആർ.ടി.സി. മുഖ്യമായും സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നത് പെൻഷൻ നൽകുന്നതിനാണ്. കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ ഏർപ്പെടുത്തിയപ്പോൾ ഇതിനായി ഒരു സഞ്ചിതനിധി ആരംഭിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം വരുമാനത്തിൽ നിന്ന് പെൻഷന് ആവശ്യമായ തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിന്നിരുന്നതിനാൽ, സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവ മുഖേന കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തിവരുന്നു. കൺസോർഷ്യം മുഖേന വിതരണംചെയ്യുന്ന പെൻഷൻ തുക, 10% പലിശ സഹിതം, ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് വകയിരുത്തിയിട്ടുള്ള 1,000 കോടി രൂപയുടെ വായ്പാ ധനസഹായത്തിൽ നിന്നും തിരിച്ചടച്ചുവരുന്നു. ഇപ്രകാരം കൺസോർഷ്യം മുഖേന 2020 ജനുവരി മാസം വരെയുള്ള പെൻഷൻ നൽകിക്കഴിഞ്ഞു. പെൻഷൻ ചെലവ് ഒഴിച്ച് നിർത്തിയാൽ നിലവിലെ പ്രതിമാസ വരുമാനവും ചെലവും തമ്മിലുള്ള അന്തരം 42 കോടി (പ്രതിദിനം ശരാശരി 140 ലക്ഷം രൂപ) രൂപയായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ മുൻകാലം മുതൽ സാമ്പത്തിക പ്രതിസന്ധി നിലനിന്നിരുന്നു. ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനായി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഉയർന്ന പലിശ നിരക്കിലും ഹ്രസ്വകാല തിരിച്ചടവ് കാലാവധിയിലും നിരവധി വായ്പകൾ കാലാകാലങ്ങളിൽ കെ.എസ്.ആർ.ടി.സി. എടുത്തിരുന്നതായിരുന്നു ഈ പ്രതിസന്ധിക്ക് കാരണം. ഈ വായ്പകളുടെ തിരിച്ചടവ് കെ.എസ്.ആർ.ടി.സി.-ക്ക് കനത്ത ബാധ്യതയായി മാറി.

നിലവിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് കോർപ്പറേഷന്റെ സ്വന്തം വരുമാനത്തിൽ നിന്ന് ലഭിക്കുന്ന തുകയും പ്രതിമാസ സർക്കാർ ധനസഹായവും കൊണ്ടാണ്. ഗ്രോസ്സ് ശമ്പളവും വേതനവും നൽകാൻ ശരാശരി 84 കോടി രൂപ ആവശ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ദൈനംദിന ചെലവുകൾ നടത്തിക്കഴിഞ്ഞ് ശരാശരി 30 കോടി രൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽനിന്ന് പ്രതിമാസം സ്വരൂപിക്കാൻ കഴിയുന്നത്. സർക്കാർ നൽകുന്ന ധനസഹായവും ചേർത്ത് മാസാന്ത്യം ശരാശരി 51 കോടി രൂപ മാത്രമേ കോർപ്പറേഷന്റെ കയ്യിൽ ഉണ്ടാവുകയുള്ളൂ. ആയതിനാൽ തൊട്ടടുത്ത മാസം 15 മുതൽ 20 വരെയുള്ള പ്രതിദിന വരുമാനം കൂടിച്ചേർത്താണ് കഴിഞ്ഞ കുറേ മാസങ്ങളായി നെറ്റ് ശമ്പളവും വേതനവും നൽകിവരുന്നത്. ഇക്കാരണത്താൽ ചില മാസങ്ങളിൽ ശമ്പളം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം നൽകാൻ സാധിച്ചിട്ടില്ലാത്തതിനാൽ തൊട്ടടുത്ത മാസത്തെ വരുമാനവും എടുത്താണ് ശമ്പള വിതരണം നടത്തിവരുന്നത്.

(സി) 2019 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് പ്ലാൻ, നോൺ-പ്ലാൻ ഇനങ്ങളിലായി ആകെ 1014.155 കോടി രൂപ വായ്പാ ധനസഹായമായി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. പരമാവധി ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ പെർമിറ്റ് കാലാവധി

355 (1801) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴ് വർഷ പെർമിറ്റ് കാലാവധി പൂർത്തിയാകുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ഇരുന്നൂറിലധികം സൂപ്പർ ക്ലാസ്സ് ബസ്സുകൾ നിരത്തിൽ നിന്നും പിൻവലിക്കേണ്ട സാഹചര്യം സംജാതമായിട്ടുണ്ടോ;

(ബി) ബസ്സുകളുടെ പെർമിറ്റ് കാലാവധി ഏഴ് വർഷത്തിൽ നിന്നും ഒൻപത് വർഷമായി വർദ്ധിപ്പിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന്മേലുള്ള തീരുമാനം എന്താണെന്ന് അറിയിക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. നേരിടുന്ന പെർമിറ്റ് സംബന്ധമായ പ്രതിസന്ധി മറികടക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്റ്റേജ് കാര്യേജ് പെർമിറ്റുകളുടെ കാലാവധി 5 വർഷമാണ്. നിലവിൽ പെർമിറ്റ് കാലാവധി തീരുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി. യഥാസമയം പുതുക്കിയാണ് സർവ്വീസ് നടത്തിവരുന്നത്. എന്നാൽ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ്, ലക്ഷ്വറി, സൂപ്പർ ഡീലക്സ് സർവ്വീസ് അല്ലെങ്കിൽ സൂപ്പർ എക്സ്പ്രസ്സ് എന്നീ തരം സർവ്വീസുകളായി ഉപയോഗിക്കാവുന്ന ബസ്സുകളുടെ കാലപ്പഴക്കം നിലവിലുണ്ടായിരുന്ന 5 വർഷത്തിൽനിന്നും 7 വർഷമായി വർദ്ധിപ്പിച്ചുകൊണ്ട് 4-12-2019-ലെ സ.ഉ. (പി)43/19/ഗതാ. പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കാലാവധി തീരുന്ന മുറയ്ക്ക് ടി ബസ്സുകൾ ഓർഡിനറി സർവ്വീസുകളായി ഉപയോഗിക്കാവുന്നതാണ്.

(ബി) ഉണ്ട്. യാത്രക്കാരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് പ്രസ്തുത ആവശ്യം സർക്കാർ പരിഗണിച്ചിട്ടില്ല.

(സി) പുതിയ ബസ്സുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളി യൂണിയനുകളുടെ റഫറണ്ടം

356 (1802) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തൊഴിലാളി യൂണിയനുകളുടെ റഫറണ്ടം നടത്തേണ്ട തീയതി സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. ലേബർ കമ്മീഷണർക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ ആരാണ് കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ കത്ത് നൽകിയതെന്നും എന്നാണ് പ്രസ്തുത കത്ത് നൽകിയതെന്നും അറിയിക്കുമോ;

(ബി) ലേബർ കമ്മീഷണറുടെ ഓഫീസിൽ നിന്ന് കെ.എസ്.ആർ.ടി.സി.-ക്ക് മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് അറിയിക്കാമോ; ഈ തീയതി മുതൽ കെ.എസ്.ആർ.ടി.സി. റഫറണ്ടം നടത്തുന്നതുമായി ബന്ധപ്പെട്ട് നടത്തിയ കത്തിടപാടുകളുടെ വിവരം തീയതി സഹിതം വെളിപ്പെടുത്തുമോ;

(സി) തൊഴിലാളി യൂണിയനുകളുടെ റഫറണ്ടം നടത്തുന്നത് നീട്ടിക്കൊണ്ട് പോകുന്നത് ജനാധിപത്യ സംവിധാനത്തിന് യോജിച്ചതല്ലാത്തതിനാൽ 2020 ഫെബ്രുവരി 29-ന് റഫറണ്ടം നടത്താൻ കർശന നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) നൽകിയിരുന്നു. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. 28-6-2019-ന് കത്ത് നൽകിയിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്. 22-11-2019-ൽ നടന്ന ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളുടെ വിവരങ്ങൾ ലഭ്യമാക്കാൻ രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻ & ലേബർ കമ്മീഷണർ 3-12-2019-ലെ കത്ത് പ്രകാരം കോർപ്പറേഷനെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 19-12-2019-ലെ കത്ത് പ്രകാരം കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളുടെ വിവരങ്ങൾ രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻ & ലേബർ കമ്മീഷണർക്ക് കോർപ്പറേഷൻ കൈമാറുകയുണ്ടായി.

ബഹു. കേരള ഹൈക്കോടതിയുടെ 24-1-2020-ലെ W.P(c) 34676/2019 (H) നമ്പർ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യിലെ ഹിതപരിശോധനയുമായി ബന്ധപ്പെട്ട് ടൈം ഷെഡ്യൂൾ തയ്യാറാക്കി ലഭ്യമാക്കാനും 29-1-2020-ലെ കത്ത് പ്രകാരം കോർപ്പറേഷൻ രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻ

& ലേബർ കമ്മീഷണറെ അറിയിച്ചിരുന്നു. ആയതിൻ പ്രകാരം 30-1-2020-ലെ കത്ത് പ്രകാരം ലേബർ കമ്മീഷണർ ഹിത പരിശോധനയുമായി ബന്ധപ്പെട്ട് ടൈം ഷെഡ്യൂൾ കോർപ്പറേഷന് കൈമാറുകയുണ്ടായി.

(സി) കെ.എസ്.ആർ.ടി.സി.-യിലെ യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള ഹിതപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ലേബർ കമ്മീഷണർക്ക് കോർപ്പറേഷൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹിതപരിശോധന സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 20-2-2020-ൽ റിട്ടേണിംഗ് ഓഫീസറെ നിയമിക്കുന്നതാണെന്നും രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻ & ലേബർ കമ്മിഷണർ കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്. റിട്ടേണിംഗ് ഓഫീസറുടെ നിർദ്ദേശപ്രകാരം കോർപ്പറേഷനിൽ ഹിതപരിശോധന നടത്തുന്നതാണ്.

### കെ.എസ്.ആർ.ടി.സി.-യിലെ ശമ്പള വിതരണത്തിൽ വിവേചനം

357 (1803) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ആരോഗ്യമുള്ള ലൈൻ ഡ്യൂട്ടി നോക്കുന്നവരുടെ ശമ്പളം 2019 ഡിസംബർ വരെയുള്ളത് കൃത്യമായി കൊടുത്ത് തീർത്തിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഈ ജോലി നോക്കുന്ന ആരോഗ്യ പ്രശ്നങ്ങളുള്ളവർക്ക് ഡ്യൂട്ടി നോക്കിയ ചുരുങ്ങിയ ദിവസത്തെ ശമ്പളം നൽകാതെ നീട്ടിക്കൊണ്ട് പോകുന്നത്; കാരണം വ്യക്തമാക്കുമോ;

(ബി) കെഎസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കിയതിനു ശേഷമാണോ ശമ്പള തുക നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; എങ്കിൽ ഇതിനുള്ള കാരണം അറിയിക്കുമോ;

(സി) പ്രസ്തുത ആളുകളുടെ പ്രതിമാസ ശമ്പളത്തുക കുടിശ്ശികയുള്ളത് നൽകാതെ നീട്ടിക്കൊണ്ട് പോകുന്നത് ഏത് കാരണമായാലും നീതിയല്ലാത്തതിനാൽ ഉടൻ പ്രാബല്യത്തിൽ വിതരണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) മേലിൽ പൂർണ്ണ ഡ്യൂട്ടി കൃത്യമായി ചെയ്യുന്നവരുടെ ഒപ്പം തന്നെ ഇത്തരം ആരോഗ്യപ്രശ്നങ്ങളുള്ളവരുടെ ശമ്പള തുകയും വിവേചനമില്ലാതെ നല്കാനുള്ള നടപടിക്ക് നിർദ്ദേശിക്കുമോ; ആയത് വരുംമാസം മുതൽ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ആവശ്യമായ സജ്ജീകരണങ്ങളേർപ്പെടുത്തുമോ?

## ഉത്തരം

(എ-ഡി) കെ.എസ്.ആർ.ടി.സി.-യിൽ 2019 ഡിസംബർ മാസം വരെയുള്ള ശമ്പളം കുടിശ്ശികയില്ലാതെ നൽകിക്കഴിഞ്ഞു. വിവിധ കാരണങ്ങളാൽ സപ്ലിമെന്ററി സാലറി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരുടെ 2018 മാർച്ച് മുതലുള്ള സപ്ലിമെന്ററി ശമ്പളം നൽകാൻ കുടിശ്ശികയുണ്ട്. ഓരോ മാസവും മെയിൻ സാലറിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ വേതനം മുടക്കംകൂടാതെ കൃത്യമായി നൽകിവരുന്നു. എന്നാൽ ഡ്യൂട്ടി കുറവുള്ളതും ലീവ് പാസ്സാക്കാൻ താമസിച്ചിട്ടുള്ളതുമായവരുടെയും ശമ്പളം സപ്ലിമെന്ററി സാലറി ആയിട്ടാണ് വിതരണം ചെയ്യുന്നത്. ഇങ്ങനെ സപ്ലിമെന്ററി സാലറിയായ ശമ്പളം 2/2018 വരെ നൽകിക്കഴിഞ്ഞു. ഇതിൽ ആരോഗ്യപ്രശ്നങ്ങളുള്ളവരുടെ ശമ്പളത്തിൽ കോർപ്പറേഷൻ വിവേചനം കാണിക്കാറില്ല. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലമാണ് 2018 മാർച്ച് മുതലുള്ള സപ്ലിമെന്ററി സാലറി തുക വിതരണം ചെയ്യാൻ സാധിക്കാത്തത്. കോർപ്പറേഷന്റെ വരുമാനത്തിൽനിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്.

## മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ മൂന്നക്ഷര കോഡ്

358 (1804) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണസൗകര്യാർത്ഥം ഡിപ്പോകളുടെ കോഡ് മൂന്നക്ഷരമാക്കി കെ.എസ്.ആർ.ടി.സി. ചുരുക്കിയതുമൂലം മാള ഡിപ്പോയ്ക്ക് നിയമസഭാ സാമാജികർക്ക് മാത്രം അനുവദിച്ച് നൽകിയിട്ടുള്ള ലെറ്റർകോഡ് നൽകിയിരിക്കുന്നത് പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ തുടർന്നുള്ള നടപടി ഏതുവരെയായി; വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിലല്ലാതെ മറ്റൊരു സർക്കാർ സ്ഥാപനത്തിലും ഇത്തരത്തിൽ സാമാജികരുടെ നാമത്തിന്റെ ചുരുക്കപദം സമാനമായി ഉപയോഗിക്കാത്തതിനാൽ പുനഃപരിശോധനയ്ക്ക് സർക്കാർ നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; എന്നാണ് ഇത് ലഭ്യമാക്കിയത്; വ്യക്തമാക്കുമോ;

(സി) ഈ നിർദ്ദേശം ലഭ്യമായതിനുശേഷം എന്ന് മുതൽ നടപടികൾ പ്രാവർത്തികമാക്കിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇക്കാര്യം പുനഃപരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 7-11-2019-ലെ TRANS-A2/406/2019-TRANS നമ്പർ കത്ത് പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തി രിക്കുന്നു*

കെ.എസ്.ആർ.ടി.സി.-യുടെ കമ്പ്യൂട്ടർ സംവിധാനത്തിലാണ് ഡിപ്പോകളുടെ പേരുകൾ മൂന്നക്ഷരം കോഡിലാക്കി മാറ്റിയത്. അപ്രകാരം മാള ഡിപ്പോയുടെ കോഡായി MLA എന്ന് സൗകര്യാർത്ഥം എടുക്കുകയുണ്ടായി. ഈ കോഡ് മാറ്റണമെങ്കിൽ വർഷങ്ങളോളം ഉള്ള കമ്പ്യൂട്ടർ റിക്കാർഡുകളിൽ തിരുത്തൽ വരുത്തേണ്ടതുണ്ട്. ടി വിഷയം പരിശോധിക്കുന്നതാണെന്ന് കെ.എസ്.ആർ.ടി.സി. ഉറപ്പ് നൽകിയിട്ടുണ്ട്.

## ആഡംബര ബസ്സുകൾക്ക് പെർമിറ്റ്

359 (1805) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡംബര ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരം ബസ്സുകൾക്ക് പെർമിറ്റ് അനുവദിച്ചാൽ അന്തർസംസ്ഥാന സർവ്വീസുകളടക്കം നടത്തുന്ന കെ.എസ്.ആർ.ടി.സി.-യെ പ്രതികൂലമായി ബാധിക്കു മെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പെർമിറ്റുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ. ടി.സി.-യുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം 7-1-2020-ൽ RT-16011/ 10/2019-T നമ്പരായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം എ.സി., ഡീലക്സ് ശ്രേണിയിലുള്ള 22 സീറ്റുകൾക്ക് മുകളിലുള്ള ബസ്സുകൾക്ക് മോട്ടോർ വാഹന നിയമത്തിലെ 66(1) വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ ഒഴിവാക്കണമെന്ന നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 7-1-2020-ലെ RT-16011/10/2019-T നമ്പർ പ്രാഥമിക വിജ്ഞാപനം എ.സി., ഡീലക്സ് ബസ്സുകൾക്ക് നിലവിലുള്ള പെർമിറ്റ് വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ആയത് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള രാജ്യത്തിലെ എല്ലാ എസ്.റ്റി.യു.-കളുടെയും നിലനിൽപ്പിനെ വലിയ അർത്ഥത്തിൽ പ്രതിസന്ധിയിലാക്കും. പുതിയ നിർദ്ദേശം നടപ്പിലാക്കിയാൽ കൂടുതൽ സ്വകാര്യ കോൺട്രാക്ട് ക്യാരേജുകൾ സർവ്വീസ് നടത്തുന്നതിന് എത്തിച്ചേരുന്നതും ഇത് കെ.എസ്.ആർ.ടി.സി.-യുടെ പൂർണ്ണ തകർച്ചയ്ക്ക് വഴിവയ്ക്കുമെന്നുള്ളതുമാണ്. കൂടാതെ, ഏത് കോൺട്രാക്ട് ക്യാരേജുകൾക്കും എവിടേയ്ക്കും ആവശ്യാനുസരണം ഇഷ്ടമുള്ള തുക ഈടാക്കി യാതൊരുവിധ നിയന്ത്രണങ്ങളും ഇല്ലാതെതന്നെ സർവ്വീസ് നടത്താവുന്ന സാഹചര്യം വന്നുചേരും. ടി നിർദ്ദേശം നടപ്പിലാക്കിയാൽ നിലവിൽ രാത്രികാലത്ത് അനധികൃതമായി നടത്തുന്ന ദീർഘദൂര സർവ്വീസുകൾ/ അന്തർ സംസ്ഥാന സർവ്വീസുകൾ കേരളത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളിലും വ്യാപകമായി നടത്തുകയും കെ.എസ്.ആർ.ടി.സി.-ക്ക് ടി സർവ്വീസുകളെ നിയമപരമായി തടയാൻ കഴിയാത്ത സാഹചര്യം ഉടലെടുക്കുമെന്നുള്ളതുമാകുന്നു. യാത്രക്കാരുടെ സുരക്ഷിതത്വം ഇത്തരം സർവ്വീസുകളിൽ ഉറപ്പ് വരുത്തുന്നതിന് കഴിയുകയില്ല.

(സി) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാരിനുള്ള എതിർപ്പുകൾ അറിയിക്കുന്നതിന് മുന്നോടിയായി വിവിധ ട്രേഡ് യൂണിയനുകളുമായും കെ.എസ്.ആർ.ടി.സി., മോട്ടോർ വാഹന ഉദ്യോഗസ്ഥരുമായും ബഹു.ഗതാഗത വകുപ്പുമന്ത്രി 22-1-2020-ന് ചർച്ച നടത്തിയിട്ടുള്ളതും വിശദാംശങ്ങൾ രൂപീകരിച്ച് സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്.

**കെ.എസ്.ആർ.ടി.സി. പെൻഷൻ ആനുകൂല്യങ്ങൾ**

360 (1806) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരിൽ എത്രപേർക്കാണ് ഇനിയും പെൻഷൻ ആനുകൂല്യങ്ങൾ നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) റിട്ടയർ ചെയ്ത ജീവനക്കാർക്ക് ഏതു മാസം വരെയാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതെന്നും പി.എഫ്. ആനുകൂല്യങ്ങൾ ഏതു വരെ നൽകി എന്നും അറിയിക്കാമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും 12/2019 വരെ റിട്ടയർ ചെയ്ത 796 ജീവനക്കാരിൽ 207 പേർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കാനുണ്ട്. ആയതിൽ 127 പേർക്ക് പെൻഷൻ മാത്രം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) റിട്ടയർ ചെയ്ത ജീവനക്കാർക്ക് 2019 നവംബർ വരെയാണ് പെൻഷൻ ആനുകൂല്യങ്ങളും പി.എഫ്. ആനുകൂല്യങ്ങളും നൽകിയിട്ടുള്ളത്.

**കെ.എസ്.ആർ.ടി.സി.-യിലെ നിയമനം**

361 (T* 1807) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ മേലിൽ ഒരു കാരണവശാലും ഒരു തസ്തികയിലും പി.എസ്.സി.-യിൽ നിന്നല്ലാതെ നിയമനം പാടില്ലെന്ന ഹൈക്കോടതി നിർദ്ദേശം അംഗീകരിക്കുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നിർദ്ദേശം എന്നാണ് ലഭ്യമായത്; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന് ഇത്തരമൊരു നിർദ്ദേശം കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിൽ മാത്രം കോടതിയിൽ നിന്ന് ലഭ്യമാകാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ;

(സി) ഇതിനെതിരെ അപ്പീൽ നൽകുന്നതിന് സർക്കാരിന് ആലോചനയുള്ളതായ റിപ്പോർട്ടുകൾക്ക് അടിസ്ഥാനമുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യിലേക്ക് വരുമാനം എത്തിക്കുന്ന ഏണിംഗ് ജീവനക്കാരുടെ കാര്യത്തിൽ മാത്രം ഈ സർക്കാർ കോടതി നിർദ്ദേശം പെട്ടെന്ന് പാലിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതര വിഭാഗങ്ങളിലുൾപ്പെടെയുള്ളവരുടെ നിയമന കാര്യത്തിൽ നിലവിലെ കോടതി നിർദ്ദേശം എപ്രകാരം പാലിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി.-യിൽനിന്നല്ലാതെ നിയമനം പാടില്ല എന്ന ഹൈക്കോടതി നിർദ്ദേശം ലഭിച്ചിട്ടില്ല. എന്നാൽ WA2248/18-ലും സമാന കേസ്സുകളിലുമായി ബഹു: കോടതി ഡിവിഷൻ ബഞ്ച്

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

21-12-2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ കെ.പി.എസ്.സി.-യുമായി ആലോചിച്ചുമാത്രമേ കെ.എസ്.ആർ.ടി.സി.-യിൽ നിയമനം നടത്താവൂ എന്ന പൊതുനിയമം ഉദ്ധരിക്കുക മാത്രമാണ് ഉണ്ടായത്. Kerala PSC (Addl. Functions as respect the Kerala RTC) Act 1970 (Act 3 of 1970) 9-2-1970-ൽ നിലവിൽ വന്നിട്ടുള്ളതും ആയതിൽ മേൽ വ്യവസ്ഥ ഉള്ളതുമാണ്. കാലഹരണപ്പെട്ട പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗാർത്ഥികൾ നൽകിയ കേസ്സിൽ എംപാനൽ ജീവനക്കാരുടെ സേവനം നിർത്തലാക്കണമെന്ന് ഉത്തരവായിട്ടുള്ളതാണ്.

(സി) ടി ഹൈക്കോടതി ഉത്തരവ് ബഹു. സുപ്രീം കോടതി പരിശോധിച്ച് SLP തീർപ്പാക്കിയിട്ടുള്ളതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WA 2248/2018 നമ്പർ കേസ്സിലെ 21-12-2018-ലെ വിധിന്യായത്തിൽ പി.എസ്.സി.-യുമായി ആലോചിച്ചു മാത്രമേ കെ.എസ്.ആർ.ടി.സി.-യിൽ നിയമനം നടത്താവൂ എന്ന് നിരീക്ഷിച്ചിട്ടുള്ളതിനാൽ ഭാവിയിൽ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടാകുന്ന സ്ഥിരം ഒഴിവുകൾ പി.എസ്.സി.-യുമായി അലോചിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഇ.പി.എഫ്.**

362 (1808) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഇ.പി.എഫ്. -ലേക്ക് പിടിക്കുന്ന തുക കൃത്യമായി കെ.എസ്.ആർ.ടി.സി. പ്രസ്തുത ഫണ്ടിൽ അടയ്ക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ബി) 31-12-2019 വരെ ഇപ്രകാരം ജീവനക്കാരിൽ നിന്നും പിടിച്ച എത്ര തുകയാണ് ഇ.പി.എഫ്.-ലേക്ക് അടയ്ക്കുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇ.പി.എഫ്. കൃത്യമായി അടയ്ക്കാത്ത കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിന്റെ നടപടി സോമൻ VS കേരള സംസ്ഥാനം എന്ന കേസ്സിന്റെ വിധിന്യായത്തിൽ ഹൈക്കോടതിയുടെ നിശിത വിമർശനത്തിന് കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഇ.പി. എഫ്.-ലേയ്ക്ക് പിടിക്കുന്ന തുക കൃത്യമായി ഫണ്ടിൽ അടയ്ക്കാൻ സാധിക്കുന്നില്ല.

(ബി) 53,57,62,279 രൂപ.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(c) 32816/2004-ാം നമ്പരായി സോമൻ മുതൽ പേർ പരാതിക്കാരായി നൽകിയ റിട്ട് ഹർജിയുടെ 24-12-2004-ലെ വിധിന്യായത്തിൽ സാമ്പത്തിക പരാധീനത കാരണം പ്രോവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ പരാതിക്കാർക്ക് ഉൾപ്പെടെ അനുവദിക്കുന്നതിന് സാവകാശം നൽകണമെന്ന കോർപ്പറേഷന്റെ വാദത്തെ ബഹുമാനപ്പെട്ട ഹൈക്കോടതി വിമർശിക്കുകയുണ്ടായിട്ടുണ്ട്.

(ഡി) 2004-ലെ ടി ബഹു. ഹൈക്കോടതി വിധിയിന്മേൽ യാതൊരു നടപടികളും നിലനിൽക്കുന്നതായി കാണുന്നില്ല. എന്നിരുന്നാലും കെ.എസ്.ആർ. ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് ടി തുകകൾ അടച്ചു തീർക്കുന്നതാണ്.

**ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം**

363 (1809) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ രാത്രികാല ദീർഘദൂര സർവ്വീസുകളിൽ നിലവിലുണ്ടായിരുന്ന ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അപകടങ്ങൾ ഒഴിവാക്കുന്നതിനും യാത്രക്കാരുടെ സുരക്ഷയ്ക്കും കോർപ്പറേഷന്റെ വരുമാന ലാഭത്തിനും ഈ സംവിധാനം തുടരേണ്ടത് ആവശ്യമല്ലേയെന്ന് വ്യക്തമാക്കുമോ;

(സി) രാജ്യത്തെ 53 ആർ.ടി.സി.-കളിലും ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം നിലവിലുള്ളത് പരിഗണിച്ച് കെ.എസ്.ആർ.ടി.സി.-യിലും പ്രസ്തുത സംവിധാനം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ദീർഘദൂര/അന്തർ സംസ്ഥാന സർവ്വീസുകളിൽ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം കെ.എസ്.ആർ.ടി.സി.-യിൽ 23-1-2017 മുതൽ നടപ്പിലാക്കിയിരുന്നതാണ്. എന്നാൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന ഡ്രൈവർ വിഭാഗം ജീവനക്കാരെ ബഹു. കേരള ഹൈക്കോടതിയുടെ 8-4-2019-ലെ W.A.1011/19 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ടതിനെത്തുടർന്ന് സർവ്വീസുകൾ കാര്യക്ഷമമായും കൃത്യമായും നടത്താൻ കഴിയാത്ത സാഹചര്യം വന്നുചേർന്നു. ടി പ്രതിസന്ധി പരിഹരിക്കുന്നതിനായും ഡ്രൈവർ വിഭാഗം ജീവനക്കാരുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുമായി നിലവിലുണ്ടായിരുന്ന ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം 4-10-2019 മുതൽ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. നിലവിൽ ഡ്രൈവർ വിഭാഗം ജീവനക്കാരുടെ അപര്യാപ്തതമൂലം സർവ്വീസുകൾ റദ്ദുചെയ്യേണ്ട സാഹചര്യമുള്ളതിനാൽ ടി ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഇപ്പോൾ പുനരാരംഭിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ ആശ്രിത നിയമനം

364 (1810) <u>ശ്രീ. പി. കെ.ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെരുമ്പാവൂർ വിജിലൻസ് സ്ക്വാഡിന്റെ ചുമതല വഹിച്ചിരുന്ന പി.രാജീവിന്റെ ഒരു ആശ്രിതന് നിയമനം നൽകുന്നതിന് പകരം രണ്ട് പേർക്ക് ആശ്രിത നിയമനം നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; റിപ്പോർട്ടിലെ കാതലായ ഉള്ളടക്കം വിശദീകരിക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം നിയമവിരുദ്ധമായി നിയമനം നൽകിയതിന് ഉത്തരവാദികളായവർ ആരൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഉത്തരവാദികളായവർക്കെതിരെ കെ.എസ്.ആർ.ടി.സി. തലത്തിൽ നാളിതുവരെ സ്വീകരിച്ച ശിക്ഷാനടപടികൾ എന്തെല്ലാം; ഓരോ ഉദ്യോഗസ്ഥനെതിരെയും സ്വീകരിച്ച നടപടികൾ വെവ്വേറെ വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിന് ആഭ്യന്തര/വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോയെന്നും എങ്കിൽ എന്ന്, എപ്രകാരം അന്വേഷണം നടത്തുന്നതിനാണ് ആവശ്യപ്പെട്ടിരുന്നതെന്നും പ്രസ്തുത അന്വേഷണത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആശ്രിത നിയമനം നടത്തിയതുമായി ബന്ധപ്പെട്ട് എറണാകുളം സ്ക്വാഡ് നടത്തിവരുന്ന അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ല. 19-7-1990-ൽ ബഹു. കേരള ഹൈക്കോടതിയുടെ OP.No.6851/1987 പ്രകാരമുള്ള ഹൈക്കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാകാത്തതിനാലാണ് അന്വേഷണം പൂർത്തീകരിക്കാൻ കഴിയാതെ വന്നത്. ആയത് ലഭ്യമാക്കി അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം നടത്തുന്ന അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ മറ്റ് തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-യിൽ രണ്ടാം ശനിയാഴ്ച പ്രവൃത്തി ദിവസം

365 (1811) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ മിക്ക വിഭാഗം ജീവനക്കാർക്കും രണ്ടാം ശനിയാഴ്ച പ്രവൃത്തി ദിവസമാക്കിയെങ്കിലും മിനിസ്റ്റീരിയൽ വിഭാഗത്തിന് മാത്രം ഈ അവധി ഒഴിവാക്കാതെ നിലനിർത്തി വരുന്നതിന്റെ കാരണം എന്തെന്ന് അറിയിക്കുമോ;

(ബി) ഈ വിഭാഗത്തിന് മാത്രം ഈ പൊതു അവധി നിലനിർത്തി നല്കുന്ന രീതിക്ക് അടുത്ത മാസം മുതൽ മാറ്റം വരുത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഈ നടപടി ഏതൊക്കെ രീതിയിൽ സ്ഥാപനത്തിന് സാമ്പത്തിക മുതൽക്കൂട്ടാകുമെന്ന് കരുതുന്നുവന്നു വെളിപ്പെടുത്തുമോ;

(ഡി) മിനിസ്റ്റീരിയൽ വിഭാഗത്തിന് നൽകുന്ന പ്രസ്തുത പൊതുഅവധി കണ്ടക്ടർ/ ഡ്രൈവർ വിഭാഗങ്ങൾക്കും കൂടി ബാധകമാക്കുമോ?

<u>ഉത്തരം</u>

(എ-സി) Negotiable Instrument Act പ്രകാരം അവധി നൽകുന്ന സ്ഥാപനമാകയാലാണ് രണ്ടാം ശനി അവധി ബാധകമായ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനി അവധി അനുവദിച്ചുവരുന്നത്. പ്രസ്തുത Act പ്രകാരം എല്ലാ ശനിയാഴ്ചകളിലും ഉച്ചയ്ക്കുശേഷം ടി

വിഭാഗം ജീവനക്കാർക്ക് അവധി നൽകേണ്ടതാണ്. എന്നാൽ ഭരണപരമായ സൗകര്യാർത്ഥം ഇവയെ ഒന്നിപ്പിച്ച് ഒന്ന്, മൂന്ന് ശനിയാഴ്ചകൾ പ്രവൃത്തി ദിവസങ്ങളാക്കുന്നതുവഴി രണ്ട്, നാല് ശനിയാഴ്ചകൾ പൂർണ്ണമായും അവധി നേടുന്നതിന് ടി വിഭാഗം ജീവനക്കാർ അർഹത നേടുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി.-യിൽ ഇപ്രകാരം അവധിക്ക് അർഹരായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ചമാത്രമാണ് പൂർണ്ണമായും അവധി അനുവദിച്ചുവരുന്നത്. അർഹമായ അവധികൾ അർഹരായ വിഭാഗം ജീവനക്കാർക്ക് അനുവദിക്കുന്നതിന് കോർപ്പറേഷൻ ബാധ്യസ്ഥമാണ്. രണ്ടാം ശനിയാഴ്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവധിയായി അനുവദിക്കുന്നതുവഴി കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. ആയതിനാൽ ടി വിഭാഗം ജീവനക്കാർക്ക്, രണ്ടാം ശനി അവധി ദിനത്തിൽനിന്ന് ഒഴിവാക്കേണ്ടതില്ല.

(ഡി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് Negotiable Instrument Act പ്രകാരവും ടി വിഭാഗം ജീവനക്കാരുടെ ജോലിയുടെ സ്വഭാവം പരിഗണിച്ചുമാണ് അവധികൾ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്.

കണ്ടക്ടർ/ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റാ, കളക്ഷൻ ബാറ്റാ, കിലോമീറ്റർ/ലിറ്റർ അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു. എന്നാൽ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ഇത്തരം അലവൻസുകൾ നൽകുന്നില്ല.

സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതോടൊപ്പം ജീവനക്കാർക്ക് നിയമപരമായി ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ/അവധികൾ അനുവദിക്കുന്നതിന് കോർപ്പറേഷൻ ബാധ്യസ്ഥമാണ്. ആയതിനാൽ ചെയ്യുന്ന സേവനങ്ങൾക്ക് അനുസൃതമായ അവധികൾ, ആനുകൂല്യങ്ങൾ കണ്ടക്ടർ-ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നല്കപ്പെടുന്നതിനാൽ രണ്ടാം ശനി അവധി ടി വിഭാഗം ജീവനക്കാർക്ക് അനുവദിക്കാൻ നിർവ്വാഹമില്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ വിഹിതം**

366 (1812) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കെ.എസ്. ആർ.ടി.സി. ജീവനക്കാരുടെ വിഹിതമായി 2016 ജൂണിന് ശേഷം എത്ര തുകയാണ് ശമ്പളത്തിൽനിന്നും പിടിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക പെൻഷൻ ഫണ്ടിലേക്ക് കൃത്യമായി അടയ്ക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; അതിനുള്ള കാരണമെന്താണ്;

(സി) നിലവിൽ പെൻഷൻ ഫണ്ടിലേക്ക് എത്ര തുകയാണ് അടയ്ക്കുവാനുള്ളത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കെ.എസ്. ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും 2016 ജൂലൈ മുതൽ 71,59,36,263 രൂപ ജീവനക്കാരുടെ എൻ.പി.എസ്. വിഹിതമായി ഈടാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയാണ് പെൻഷൻ ഫണ്ടിലേയ്ക്ക് തുക അടയ്ക്കാത്തതിന് കാരണം.

(സി) നിലവിൽ പെൻഷൻ ഫണ്ടിലേയ്ക്ക് ജീവനക്കാരുടെ വിഹിതം + കെ.എസ്.ആർ.ടി.സി. വിഹിതം (₹ 65,40,27,656 + ₹ 65,40,27,656) ചേർന്ന തുകയായ 130,80,55,312 രൂപയാണ് അടയ്ക്കാനുള്ളത്.

## കോന്നി കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡിന്റെ നിർമ്മാണ പുരോഗതി

367 (1813) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദ വിവരം അറിയിക്കുമോ;

(ബി) പണി പൂർത്തിയാക്കി എന്നത്തേയ്ക്ക് ബസ് സ്റ്റാൻഡിന്റെ പ്രവർത്തനം പൂർണ്ണമായി ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) ബസ്സ് സ്റ്റാൻഡിന്റെ പണി പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കി പണി വേഗത്തിൽ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) കെട്ടിടത്തിന്റെ പണികൾ പൂർണ്ണമായും പൂർത്തീകരിച്ചു കഴിഞ്ഞു. എന്നാൽ അതിർത്തി സംബന്ധിച്ച തർക്കംമൂലം യാർഡിന്റെ പണി തുടരാൻ കഴിഞ്ഞിട്ടില്ല. 2015-ൽ എഗ്രിമെന്റ് വച്ചെങ്കിലും ഇത്രയും കാലതാമസമുണ്ടായതിനാൽ പണി തുടർന്ന് ചെയ്യാൻ താല്പര്യമില്ലെന്ന് കരാറുകാരൻ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

കോന്നിയിലെ നിർദ്ദിഷ്ട കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുവേണ്ടി 2 ഏക്കർ 70.86 സെന്റ് സ്ഥലമാണ് കോന്നി ഗ്രാമപഞ്ചായത്ത് കെ.എസ്.ആർ.ടി.സി.-ക്കായി നൽകിയത്. എന്നാൽ ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിക്കിട്ടിയിട്ടില്ല. അതിർത്തി നിർണ്ണയിച്ച് ടി സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ രജിസ്റ്റർ ചെയ്ത് ലഭിക്കുകയും അതിർത്തി തർക്കം പരിഹരിക്കുകയും ചെയ്തതിനുശേഷം മാത്രമേ പുതിയതായി ടെണ്ടർ വിളിച്ച യാർഡിന്റെ പണി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

## കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോ

368 (1814) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ആകെ എത്ര സർവ്വീസുകളാണ് ഉള്ളത്;

(ബി) ഈ ഡിപ്പോയ്ക്ക് നിലവിൽ എത്ര ബസ്സുകൾ ഉണ്ടെന്നും ഇതിൽ എത്രയെണ്ണം സർവ്വീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര സർവ്വീസുകളാണ് നിർത്തിവച്ചിട്ടുള്ളതെന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ;

(ഡി) നിർത്തിവച്ചിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 68 സർവ്വീസുകൾ.

(ബി) ആകെ 67 ബസ്സുകൾ കായംകുളം ഡിപ്പോയിലുണ്ട്. 3-2-2020-ലെ കണക്ക് പ്രകാരം 56 ബസ്സുകൾ സർവ്വീസ് നടത്തിയിട്ടുണ്ട്.

(സി) 3-2-2020-ലെ കണക്കുപ്രകാരം അറ്റകുറ്റപ്പണികൾ കാരണം 11 ബസ്സുകൾ സർവ്വീസ് നടത്തിയിട്ടില്ല.

(ഡി) കോർപ്പറേഷനും യാത്രക്കാർക്കും ഗുണകരമാകുന്ന രീതിയിൽ ടി സർവ്വീസുകൾ പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കായംകുളം ഡിപ്പോ ടെർമിനൽ ബസ് സ്റ്റേഷനാക്കുന്നതിന് നടപടി

369 (1815) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് ദശാബ്ദത്തിലേറെ പഴക്കമുള്ള കായംകുളം കെ.എസ്. ആർ.ടി.സി. ബസ് ഡിപ്പോയുടെ കെട്ടിടങ്ങൾ തികച്ചും ജീർണ്ണാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ബസ് ഡിപ്പോ പുതിയ ടെർമിനൽ ബസ് സ്റ്റേഷനായി മാറ്റുന്നതിനുവേണ്ടി എന്തെങ്കിലും നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ബസ് ടെർമിനൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കെ.എസ്. ആർ.ടി.സി. നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ KIIFB മുഖാന്തരം പുതിയ ബസ് ടെർമിനൽ നിർമ്മിക്കുന്നതിന് INKEL ഒരു ഡിസൈൻ തയ്യാറാക്കി കെ.എസ്.ആർ.ടി.സി.-യിൽ അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത ഡിസൈൻ കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യകതയ്ക്ക് ഉതകുന്ന രീതിയിൽ മാറ്റംവരുത്തി നൽകാൻ അനൗദ്യോഗികമായി INKEL-ന് കെ.എസ്.ആർ.ടി.സി. നിർദ്ദേശം നല്കിയിട്ടുണ്ട്.

## മാനന്തവാടി ഡിപ്പോയിലെ ബസ്സുകളുടെ പെർമിറ്റ് പുതുക്കാൻ നടപടി

370 (1816) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ചില റൂട്ടുകളിലെ ബസുകളുടെ പെർമിറ്റ് യഥാസമയം പുതുക്കാത്തതിനാൽ സർവ്വീസ് നിർത്തിവയ്ക്കേണ്ടി വന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം റൂട്ടിലെ ബസ്സുകൾക്കാണ് പെർമിറ്റ് പുതുക്കാത്തതിനാൽ സർവ്വീസ് നിർത്തിവയ്ക്കേണ്ടി വന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാനന്തവാടി - കല്ലോടി - പുതുശ്ശേരി റൂട്ട്.

(സി) പുതിയ പെർമിറ്റിന് അപേക്ഷ നൽകുകയും ആയത് വയനാട് ആർ.ടി.ഒ. ഇതിനോടകം പാസ്സാക്കി നൽകിയിട്ടുമുണ്ട്.

**കണ്ടക്ടർമാർക്ക് ഇ.ടി.എം.**

371 (1817) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനുകളിൽ ഏറ്റവും പ്രാധാന്യമുള്ള തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിലെ കണ്ടക്ടർമാർക്ക് ആവശ്യമായ ചാർജ്ജോടുകൂടിയ ഇ.ടി.എം. ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം ഏണിംഗ് സ്റ്റാഫുകളെ ദീർഘദൂര ഡ്യൂട്ടിക്കായി അയയ്ക്കുമ്പോൾ അവർക്ക് അടിസ്ഥാനമായി ജോലി നോക്കുന്നതിനാവശ്യമായ പ്രവർത്തനക്ഷമതയുള്ള ഇ.ടി.എം. ലഭ്യമാക്കാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകളും മാനസിക സംഘർഷവും ഗൗരവമായി കാണുമോ; വ്യക്തമാക്കുമോ;

(സി) ഇത്തരം മെഷീനുകൾ കേടാവുകയാണെങ്കിൽ അവ നന്നാക്കുന്നതിന് ഡിപ്പോ അധികാരികൾ തയ്യാറാകുന്നില്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2013 ഒക്ടോബർ മാസത്തിലാണ് മൂന്നര വർഷം വാറണ്ടിയോടു കൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ M/s. Quantum Aeon Power System എന്ന കമ്പനിയിൽനിന്ന് വാങ്ങിയത്. ടി മെഷീനുകളുടെ വാറണ്ടി കാലാവധി 2017-ഓടുകൂടി അവസാനിക്കുകയും തുടർന്ന് ഒരു വർഷത്തേയ്ക്ക് എ.എം.സി. നൽകുകയും ചെയ്തു. എന്നാൽ ടി കാലാവധി അവസാനിച്ചതിനുശേഷം നിലവിൽ പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ ടി കമ്പനിയിൽനിന്നുള്ള സേവനങ്ങൾ നിലവിൽ ലഭ്യമല്ല.

(ബി) കാണുന്നുണ്ട്. പുതിയ ഇ.ടി.എം.-കൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ടി ഇ.ടി.എം. ഉപയോഗിക്കുന്നതുവഴി കണ്ടക്ടർ വിഭാഗത്തിന്റെ ജോലിഭാരം കുറയുകയും ടിക്കറ്റ് വിതരണം കൂടുതൽ സുഗമമായി നടക്കുകയും ചെയ്യും.

(സി) ഇ.ടി.എം.-കളുടെ കേടുപാടുകൾ പരിഹരിക്കാൻ ഡിപ്പോതലത്തിൽ സാധിക്കുകയില്ല. ഇതിന്റെ അറ്റകുറ്റപ്പണികൾ നടത്തിയിരുന്നത് ഇ.ടി.എം. ദാതാവായ കമ്പനി നേരിട്ടാണ്. നിലവിൽ ടി കമ്പനിയുമായി എഗ്രിമെന്റ് ഇല്ലാത്തതിനാലും സ്പെയർ പാർട്സുകൾ ലഭ്യമല്ലാത്തതിനാലും അറ്റകുറ്റപ്പണികൾ ചെയ്യുന്നില്ല.

## കെ.എസ്.ആർ.ടി.സി. പരിഷ്കരണ നടപടികൾ നടപ്പാക്കുന്നതിൽ വിവേചനം

372 (1818) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ തലസ്ഥാന ഡിപ്പോയുടെ ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്ഥാപിച്ചിരുന്ന സി.സി.ടി.വി. ഒരു തൊഴിലാളി സംഘടനയുടെ ആവശ്യാർത്ഥം എടുത്ത് മാറ്റേണ്ടതായി വന്നിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സിസ്റ്റം വനിതാ ജീവനക്കാരെ ലക്ഷ്യം വയ്ക്കുന്നതായുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണോ അതോ കെ.എസ്.ആർ.ടി.സി.-യിൽ ലൈൻ ഡ്യൂട്ടി വിഭാഗത്തിൽ നടപ്പിലാക്കിവരുന്ന കർശനമായ തൊഴിൽ പരിഷ്കരണ നടപടികളുടെ തുടർനടപടി എന്ന രീതിയിലാണോ എടുത്ത് മാറ്റിയത് എന്ന് അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ ലൈൻ ഡ്യൂട്ടിക്കാരായ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും കാര്യത്തിൽ നടത്തിയ പരിഷ്കരണ നടപടിയെന്നപോലെ ഓഫീസിന്റെ നടത്തിപ്പിലും പുനരുദ്ധാരണ പരിഷ്കരണം ആവശ്യമാണെന്ന് സുശീൽഖന്ന സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ;

(ഡി) മിനിസ്റ്റീരിയൽ ജീവനക്കാരുടെ കാര്യത്തിൽ മാത്രം നടപടിക്ക് സർക്കാർ വിമുഖത കാട്ടുന്നതായോ ക്യാമറ സ്ഥാപിച്ച് ആരംഭിച്ച തൊഴിൽ നിരീക്ഷണ പരിഷ്കരണ രീതിയിൽ നിന്ന് പുറകോട്ട് പോകുന്നതായോ ഉള്ള ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ;

(ഇ) ഒരേ സ്ഥാപനത്തിലെ രണ്ട് വിഭാഗങ്ങൾക്കിടയിൽ പരിഷ്കരണ നടപടികൾ നടപ്പാക്കുന്നതിൽ വിവേചനം കാട്ടുന്നതായ ആക്ഷേപം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഡിപ്പോയുടെ ഓഫീസിനുള്ളിൽനിന്നും എടുത്ത് മാറ്റിയ സി.സി.ടി.വി. ക്യാമറകൾ പഴയപടി അതേ ഇടങ്ങളിലോ ഓഫീസ് നിരീക്ഷണം കുറേക്കൂടി സാധ്യമായ ഇടങ്ങളിലേക്കോ പുനഃസ്ഥാപിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വനിതാ ജീവനക്കാരെ ലക്ഷ്യം വയ്ക്കുന്നതായുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സി.സി.ടി.വി. ക്യാമറകൾ മാറ്റിയത്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണ നടപടികളാണ് പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്. Managerial, Administrative എന്നീ വിഭാഗങ്ങളിലെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ടിൽ പരാമർശമുണ്ട്.

(ഡി&ഇ) ഇത്തരത്തിലുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**ചടയമംഗലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ വികസനം**

373 (1819) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം കെ.എസ്.ആർ.ടി. സി. സബ്.ഡിപ്പോയ്ക്ക് സൗജന്യമായി ലഭ്യമാക്കിയ ഭൂമിയിൽ ഒന്നര ഏക്കറിലധികം ഭൂമി നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.സി. റോഡിനോട് ചേർന്ന് കിടക്കുന്ന ഈ ഭൂമി കൂടി ഉപയോഗപ്പെടുത്തി പ്രസ്തുത സബ് ഡിപ്പോയുടെ വികസനത്തിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സബ്ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തി വന്നിരുന്ന സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് സർവ്വീസുകൾ നിർത്തലാക്കിയത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിർത്തലാക്കിയ പ്രസ്തുത സർവ്വീസുകൾ അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചടയമംഗലം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് 3 ഏക്കർ 40 സെന്റ് സ്ഥലം അനുവദിച്ചുനൽകിയിട്ടുണ്ട്. ആയതിന് പട്ടയം ലഭിച്ചിട്ടില്ല. ഡിപ്പോയിൽ നിലവിൽ 58 ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു. ബസ്സുകൾ പാർക്കിംഗ് ചെയ്യുന്നതിനോടൊപ്പം ഗ്യാരേജ്, ഡീസൽ പമ്പ്, ഓഫീസ് കെട്ടിടം, ലേഡീസ് വെയിറ്റിംഗ് റൂം, ടോയ്‌ലെറ്റ് ബ്ലോക്ക് എന്നിവയും നിലവിലെ സ്ഥലത്ത് പ്രവർത്തിച്ചുവരുന്നു.

(ബി) ചടയമംഗലം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് 3 ഏക്കർ 40 സെന്റ് സ്ഥലം അനുവദിച്ചുനൽകിയിട്ടുണ്ടെങ്കിലും ആയതിന് പട്ടയം ലഭിച്ചിട്ടില്ല. പഞ്ചായത്തുവക സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പേർക്ക് പതിച്ചുതരുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ വികസന പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്താൻ നിർവ്വാഹമില്ലാത്തതാണ്. ബഹു. എം.പി.-യുടെയോ, ബഹു. എം.എൽ.എ.-യുടെയോ ആസ്തി വികസന ഫണ്ട് ലഭ്യമാക്കുകയാണെങ്കിൽ ഇക്കാര്യം പരിഗണിക്കാൻ സാധിക്കും.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൃത്യമായ ഇടവേളകളിൽ യാത്രക്കാർക്ക് കൂടുതൽ ഗുണകരമാകുന്ന രീതിയിൽ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ രണ്ട് പ്രധാന ദേശസാൽക്കൃത റൂട്ടുകളിലും ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയും തൃശ്ശൂർ മുതൽ പാലക്കാട് വരെയും തൃശ്ശൂർ മുതൽ കോഴിക്കോട് വരെയും സൂപ്പർ ഫാസ്റ്റ് സർവ്വീസുകളും കൃത്യമായ ഇടവേളകളിലായി ക്രമീകരിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങളുടെ ഭാഗമായി ബസ്സുകൾ പ്രധാന ഡിപ്പോകളിലേയ്ക്ക് മാറ്റിയതിൻ പ്രകാരമാണ് ചടയമംഗലം യൂണിറ്റിൽനിന്ന് 3 സർവ്വീസുകൾ മാറ്റിയിട്ടുള്ളത്. എന്നാൽ ടി സർവ്വീസുകൾ എല്ലാം ടി ഡിപ്പോയിലൂടെ യഥാസമയം തന്നെ കടന്നുപോകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ യാത്രക്കാർക്കും കോർപ്പറേഷനും വളരെയധികം പ്രയോജനകരമാകുന്നതിനാൽ ടി ക്രമീകരണം മാറ്റുന്നതിന് നിർവ്വാഹമില്ലാത്തതാണ്.

## വെൺപകൽ - ഭാസ്കർനഗർ റൂട്ടിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

374 (1820) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും വെൺപകൽ ആശുപത്രി - ഭാസ്കർനഗർ റൂട്ടിൽ നിലവിൽ എത്ര സർവ്വീസുകൾ നടത്തുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്ന് വെൺപകൽ-ഭാസ്കർനഗർ റൂട്ടിൽ ഓടിയിരുന്ന ബസ് സർവ്വീസ് നിർത്തി വച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 3 സർവ്വീസുകൾ.

(ബി) സർവ്വീസ് നിർത്തിവച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പത്തനംതിട്ട ഡിപ്പോയിൽനിന്നും ബംഗ്ളൂരുവിലേയ്ക്കുള്ള സ്കാനിയ ബസ്സുകൾ**

375 (1821) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ഡിപ്പോയിൽ നിന്നും ബംഗ്ളൂരുവിലേയ്ക്ക് എത്ര സ്കാനിയ ബസ്സുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) പ്രസ്തുത സർവ്വീസുകളുടെ നിലവിലെ കളക്ഷൻ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഡിപ്പോയിൽ ഡ്രൈവർ, കണ്ടക്ടർ എന്നീ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ഡിപ്പോയിൽ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിരുന്ന രണ്ട് സ്കാനിയ ബസ്സുകൾ ഉപയോഗിച്ച് ബംഗ്ളൂരുവിലേയ്ക്ക് സർവ്വീസ് നടത്തിയിരുന്നു. എന്നാൽ ടി ബസ്സുകൾ ലഭ്യമല്ലാത്തതിനാൽ ഇപ്പോൾ പ്രസ്തുത സർവ്വീസ് ഡീലക്സ് ബസ്സുകൾ ഉപയോഗിച്ച് ക്രമീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഡീലക്സ് ബസ്സുകൾക്ക് ശരാശരി 50,138 രൂപ കളക്ഷൻ ലഭ്യമാകുന്നുണ്ട്.

(സി) ഷെഡ്യൂളുകളുടെ റാഷണലൈസേഷൻ നടന്നുവരുന്നു. അതിനുശേഷം മാത്രമേ സ്റ്റാഫ് സ്ട്രെംഗ്ത് ക്രമീകരിക്കാൻ കഴിയൂ. അതുകൊണ്ടുതന്നെ ഒഴിവുകളുടെ എണ്ണം കണക്കാക്കാൻ ഇപ്പോൾ കഴിയുകയില്ല.

## കെ.എസ്.ആർ.ടി.സി. റാന്നി ഓപ്പറേറ്റിംഗ് സെന്ററിന് കൂടുതൽ സർവ്വീസുകൾ

376 (1822) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. റാന്നി ഓപ്പറേറ്റിംഗ് സെന്ററിന് നിലവിൽ എത്ര ഷെഡ്യൂളുകളാണുള്ളത്; എത്ര ബസ്സുകൾ ഉണ്ട്; ഇവിടത്തെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ;

(ബി) ഏറെ യാത്രാക്ലേശം അനുഭവപ്പെടുന്ന മലയോര മേഖല എന്ന പരിഗണന നൽകി സെന്ററിന് കൂടുതൽ ബസ്സുകൾ അനുവദിക്കുന്നതിനും ജീവനക്കാരെ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അന്യസംസ്ഥാനത്തുനിന്നും ധാരാളം പേർ തൊഴിലിനും മറ്റ് ആവശ്യങ്ങൾക്കും റാന്നിയിലേക്ക് യാത്രചെയ്യുന്ന സാഹചര്യത്തിൽ സെന്ററിൽ നിന്നും തെങ്കാശിയിലേക്കും തേനി വഴി മധുരയ്ക്കും സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ 13 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നിലവിൽ 16 ബസ്സുകളാണുള്ളത്.

ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഡ്രൈവർ | - | 23 |
| കണ്ടക്ടർ | - | 21 |
| മെക്കാനിക്ക് | - | 9 |
| മിനിസ്റ്റീരിയൽ | - | 1 (ദിവസവേതനം), |
| ഗാർഡ് | - | 2 (ദിവസവേതനം). |

ഷെഡ്യൂൾ റാഷണലൈസേഷനുശേഷം മാത്രമേ സ്റ്റാഫ് സ്ട്രെംഗ്ത് ക്രമീകരിക്കുന്നതിന് കഴിയുകയുള്ളൂ.

(ബി) നിലവിൽ പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ പഠന റിപ്പോർട്ട് പ്രകാരം മാത്രമേ കെ.എസ്.ആർ.ടി.സി.-യിൽ പുതിയ

ജീവനക്കാരെ നിയോഗിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ പുതിയ ജീവനക്കാരെ അനുവദിക്കുന്ന കാര്യത്തിൽ ഇപ്പോൾ തീരുമാനം എടുക്കാൻ നിർവ്വാഹമില്ല. റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ ലഭ്യമായ ഭൗതിക സാഹചര്യങ്ങൾ ഉപയോഗിച്ച് കൂടുതൽ ബസ്സുകൾ നല്കി കൂടുതൽ സർവ്വീസുകൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കൂടാതെ നിലവിലുള്ള കെട്ടിടംപോലും ഒഴിഞ്ഞ് കൊടുക്കണമെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം കെ.എസ്.ആർ.ടി.സി.-യോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത ആവശ്യത്തിന്മേൽ അനുകൂല തുടർനടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

(സി) കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന ഗതാഗത കരാർ വ്യവസ്ഥകൾ പ്രകാരമാണ് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലുള്ള കരാറുകളിൽ റാന്നിയിൽനിന്ന് തെങ്കാശി, മധുര, തേനി എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസുകൾ പുതുതായി ആരംഭിക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

## കെ.എസ്.ആർ.ടി.സി. പെൻഷനേഴ്സ് യാത്രാപാസ്

377 (1823) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പെൻഷൻ പറ്റിയവർക്ക് പ്രതിമാസ പെൻഷൻ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. നൽകുന്ന പെൻഷനേഴ്സ് യാത്രാപാസ്സിൽ പെൻഷൻ പറ്റുന്നയാളുടെ സ്പൗസ്, കേന്ദ്ര/സംസ്ഥാന സർവ്വീസ് പെൻഷനുകളൊന്നും കൈപ്പറ്റുന്നില്ലെങ്കിൽ അയാളുടെ ഫോട്ടോ പതിച്ച കാർഡിനൊപ്പം സ്പൗസിന്റെ ഫോട്ടോയും കൂടി പതിച്ച് നൽകുന്നതിന് സർക്കാർ തീരുമാനിക്കുമോ;

(ബി) സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് പല കാരണങ്ങളാലും വിവിധ തരത്തിലുള്ള പാസ്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ഡീലക്സ് ബസ്സുകളിൽ ഭാഗികമായോ പൂർണ്ണമായോ സൗജന്യ യാത്രയ്ക്ക് അനുവദിക്കുമ്പോഴും സർവ്വീസ് കാലമത്രയും കെ.എസ്.ആർ.ടി.സി.-യിൽ ലൈൻ ഡ്യൂട്ടി നോക്കി കടുത്ത രോഗത്തിനടിപ്പെടുന്നവരുടെ ജീവിതപങ്കാളിയ്ക്ക് മറ്റ് കേന്ദ്ര/സംസ്ഥാന സർവ്വീസ് പെൻഷനുകളൊന്നും ലഭിക്കാത്തപക്ഷം സൗജന്യ യാത്രാനുമതി നൽകാൻ തീരുമാനമെടുക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ അനുവദിക്കാൻ കഴിയുകയില്ല.

(ബി) സർവ്വീസിൽ നിന്ന് വിരമിച്ചവർക്ക് വർഷത്തിൽ ഒരിക്കൽ കുടുംബ പാസ് (പെൻഷണറുടെ സ്പൗസിനും) സംസ്ഥാനത്തിനകത്ത് ദൂരപരിധി ഇല്ലാതെ യാത്ര ചെയ്യാൻ അനുവദിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ, നിലവിൽ വർഷത്തിലൊരിക്കൽ നൽകുന്ന ഫാമിലി പാസ് ഒഴികെ പെൻഷണറുടെ ജീവിത പങ്കാളിയ്ക്ക് മറ്റ് സൗജന്യയാത്രാനുമതി നൽകാൻ നിർവ്വാഹമില്ല.

## കെ.എസ്.ആർ.ടി.സി.-യിലെ എക്സ്-ഗ്രേഷ്യാ പെൻഷൻ കുടിശ്ശിക

378 (1824) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ എക്സ്-ഗ്രേഷ്യാ പെൻഷൻകാർക്ക് പെൻഷൻ കുടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) താമരശ്ശേരി ഡിപ്പോയിൽനിന്ന് ഡ്രൈവറായി റിട്ടയർ ചെയ്ത. പി. സി. അഹമ്മദ് കുട്ടി എന്നയാൾ കുടിശ്ശികയായ എക്സ്-ഗ്രേഷ്യാ പെൻഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കുടിശ്ശിക നൽകുന്നതിൽ കാലതാമസം വരാനിടയായ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

ജീവനക്കാർ വിരമിക്കുമ്പോൾ വിവിധ കാരണങ്ങളാൽ പെൻഷൻ അനുവദിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം മൂലമാണ് കുടിശ്ശിക ഉണ്ടായിട്ടുള്ളത്.

(ബി) ടിയാന്റെ 12/2018, 1/2019 എന്നീ കാലയളവിലെ പെൻഷൻ കുടിശ്ശിക ബിൽ യൂണിറ്റിൽനിന്നും തയ്യാറാക്കി അയച്ചത് ലഭ്യമാകുകയും ആയതിൻപ്രകാരം പുതുതായി തയ്യാറാക്കുന്ന സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർക്ക് പെൻഷൻ വിതരണത്തിനായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

(സി) 2017 ഡിസംബർ മുതൽ നാളിതുവരെയും കെ.എസ്.ആർ.ടി.സി.- യിലെ പെൻഷൻ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയാണ് വിതരണം ചെയ്തു വരുന്നത്. പെൻഷൻ വിവിധ കാരണങ്ങളാൽ യഥാസമയം ലഭിക്കാത്തവരുടെ കുടിശ്ശിക ബിൽ യൂണിറ്റിൽനിന്നും തയ്യാറാക്കിവന്നത് 16-3-2019-ൽ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്. തുടർന്ന് ഇത്തരത്തിൽ പെൻഷൻ ലഭിക്കാത്തവരുടെ നാളിതുവരെയുള്ള ബില്ലുകൾ യൂണിറ്റുകളിൽനിന്നും ശേഖരിച്ച് പെൻഷൻ വിതരണത്തിനുള്ള പട്ടിക തയ്യാറാക്കി സഹകരണ സംഘത്തിന് ഉടൻ നൽകുന്നതാണ്.

## അങ്ങാടിപ്പുറത്തുനിന്ന് കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

379 (1825) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചുവേളി - നിലമ്പൂർ റൂട്ടിലോടുന്ന രാജ്യറാണി എക്സ്പ്രസ്സിന്റെ സമയ മാറ്റംമൂലം പ്രധാന സ്റ്റേഷനായ അങ്ങാടിപ്പുറത്ത് എത്തുന്നവരുടെ യാത്രാക്ലേശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികളുടെയും മറ്റ് യാത്രക്കാരുടേയും പ്രയാസങ്ങൾ കണക്കിലെടുത്ത് അങ്ങാടിപ്പുറത്ത് നിന്ന് മലപ്പുറം, മഞ്ചേരി, വളാഞ്ചേരി, പെരിന്തൽമണ്ണ റൂട്ടുകളിൽ കൂടുതൽ കെ .എസ്. ആർ .ടി .സി. ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ മലപ്പുറം-പെരിന്തൽമണ്ണ റൂട്ടിൽ പാലക്കാട്- കോഴിക്കോട് ടൗൺ ടു ടൗൺ സർവ്വീസുകളും പെരിന്തൽമണ്ണയിൽനിന്നും മഞ്ചേരി-അരീക്കോട് വഴി താമരശ്ശേരിയിലേയ്ക്ക് ചെയിൻ സർവ്വീസുകളും നിലവിലുണ്ട്. അങ്ങാടിപ്പുറത്തു നിന്നുള്ള യാത്രക്കാർക്ക് ടി സർവ്വീസുകൾ ഉപയോഗപ്പെടുത്താവുന്നതാണ്. കൂടുതൽ സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം യാത്രക്കാർക്ക് ഗുണകരവും കോർപ്പറേഷന് സാമ്പത്തിക നേട്ടവും ഉറപ്പ് വരുത്തി പരിശോധിക്കുന്നതാണ്.

## മൂന്നാറ്റുമുക്ക്-കൊറ്റംപള്ളി ഫാസ്റ്റ് സർവ്വീസ്

380 (1826) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും മൂന്നാറ്റു മുക്ക്-കൊറ്റംപള്ളി ഫാസ്റ്റ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ആയതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കാമോ?

ഉത്തരം

മൂന്നാറ്റു മുക്ക് - കൊറ്റംപള്ളി ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് 31-1-2020 മുതൽ ആരംഭിച്ചിട്ടുണ്ട്.

## രാത്രികാലങ്ങളിൽ RCC-മെഡിക്കൽ കോളേജ് റോഡിലൂടെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

381 (1827) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും വിവിധയിടങ്ങളിലേക്ക് പോയി മടങ്ങി തലസ്ഥാനത്തെത്തുന്നതും രാത്രി കാലങ്ങളിൽ തമ്പാനൂർ ബസ് സ്റ്റാന്റിൽ നിന്ന് വിവിധയിടങ്ങളിലേക്ക് പുറപ്പെടുന്നതുമായ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ യാത്ര നിർബന്ധമായും ഏറ്റവും അധികം രോഗികൾ ചികിത്സക്കായെത്തുന്ന ആർ.സി.സി.-മെഡിക്കൽ കോളേജ് റോഡുവഴി മാത്രമേ പാടുള്ളു എന്ന് നിഷ്കർഷിക്കുമോ; ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് എന്തെങ്കിലും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമോ; എങ്കിൽ എപ്രകാരമെന്ന് വിശദമാക്കുമോ;

(ബി) ഇക്കാര്യം നിർബന്ധമായും പരിശോധിച്ച് നടപ്പിൽ വരുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) രാത്രികാലങ്ങളിൽ തിരുവനന്തപുരത്തേയ്ക്ക് വരുന്നതും വിവിധ സ്ഥലങ്ങളിലേയ്ക്ക് തിരുവനന്തപുരത്തുനിന്നും പുറപ്പെടുന്നതുമായ എല്ലാ ബസ്സുകളും നിർബന്ധമായും ആർ.സി.സി.-മെഡിക്കൽ കോളേജ് റോഡ് വഴി ക്രമീകരിക്കണമെന്ന നിർദ്ദേശം പ്രായോഗികമല്ല. വിവിധ ഭാഗങ്ങളിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് (മെഡിക്കൽ കോളേജ് ഭാഗത്തേയ്ക്ക് അല്ലാത്ത) ധാരാളം യാത്രക്കാർ ഉള്ള ബസ്സുകളും തിരുവനന്തപുരത്ത് നിന്നും പുറപ്പെടുന്ന ദീർഘദൂര ബസ്സുകളും മെഡിക്കൽ കോളേജ് വഴി ക്രമീകരിക്കുന്നത് മറ്റ് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുമെന്ന് കരുതുന്നില്ല. കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന നഷ്ടവും പൊതുജനങ്ങൾക്ക് കൂടുതൽ സമയനഷ്ടവും ഉണ്ടാകുമെന്നതിനാൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

**ഗതാഗത നിയമ ലംഘനത്തിനുള്ള പിഴ**

382 (1828) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയമ ലംഘനത്തിനെതിരെ കർശന നടപടി സ്വീകരിക്കുവാൻ മോട്ടോർ വാഹന വകുപ്പിന് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ട്രാഫിക് നിയമ ലംഘനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പ് നൽകുന്ന നോട്ടീസ് അവഗണിക്കുകയും പിഴ അടയ്ക്കാത്തതുമായ സംഭവങ്ങൾ വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇപ്രകാരം നൽകിയ നോട്ടീസുകളുടെ അടിസ്ഥാനത്തിൽ പിഴയിനത്തിൽ നാളിതുവരെ പിരിഞ്ഞ് കിട്ടാനുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) നിയമലംഘനം നടത്തി പിഴ അടയ്ക്കാത്തവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നൽകിയിട്ടുണ്ട്. വ്യത്യസ്ത കേസ്സുകളിൽ ഹൈക്കോടതിയും കൂടാതെ സുപ്രീം കോടതിയുടെ ആക്സിഡന്റ് റിഡക്ഷൻ കമ്മിറ്റിയും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

| | | |
|---|---|---|
| (സി) ഡി.റ്റി.സി. തിരുവനന്തപുരം | - | 14,01,29,875 |
| ഡി.റ്റി.സി. എറണാകുളം | - | 2,23,87,720 |
| ഡി.റ്റി.സി. തൃശ്ശൂർ | - | 99,02,800 |
| ഡി.റ്റി.സി. കോഴിക്കോട് | - | 51,48,400 |
| ആകെ | - | 17,75,68,795 |

(ഡി) കരിമ്പട്ടികയിൽപ്പെടുത്തുന്നുണ്ട്.

## മഞ്ചേശ്വരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

383 (1829) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിനോടനുബന്ധിച്ച് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ഇതുവരെ അനുവദിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഞ്ചേശ്വരത്ത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേശ്വരം കേന്ദ്രമാക്കി സബ് ആർ.റ്റി. ഓഫീസ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## മോട്ടോർ വാഹന വകുപ്പ് പരിശോധന

384 (1830) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി 25-ാം തീയതി കുമളി - മൂന്നാർ സംസ്ഥാന പാതയിൽ വിവാഹത്തിന് പോകുകയായിരുന്ന വരനും സംഘവും സഞ്ചരിച്ചിരുന്ന വാഹനം മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് പിടികൂടി പരിശോധിച്ചിരുന്നോ;

(ബി) പ്രസ്തുത പരിശോധനയുടെ ഫലമായി വരന് വിവാഹ മുഹൂർത്തത്തിന് എത്തിച്ചേരാൻ സാധിച്ചില്ലായെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(സി) വരൻ സഞ്ചരിച്ചിരുന്ന വാഹനത്തിന് പിഴ ഈടാക്കിയിരുന്നോ; എങ്കിൽ എന്ത് തുകയാണ് ഈടാക്കിയത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2020 ജനുവരി 25-ാം തീയതി വിവാഹാവശ്യത്തിന് പോവുകയായിരുന്ന KL69 A 318 എന്ന വാഹനം അനധികൃത ടാക്സി സർവ്വീസ് നടത്തുകയാണെന്ന് ലഭിച്ച പരാതിയെ തുടർന്ന് ഇടുക്കി എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധിക്കുകയും ചെക്ക് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. അടിയന്തര സാഹചര്യം പരിഗണിച്ച് വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കസ്റ്റഡിയിലെടുത്ത് ചെക്ക് റിപ്പോർട്ടിന്റെ പകർപ്പ് നൽകി വാഹനം ഉടനടി വിട്ടുനൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച രേഖാമൂലമുള്ള പരാതി നാളിതുവരെ ലഭിച്ചിട്ടില്ല.

(സി) പിഴയായി 3,000 രൂപയും അനധികൃതമായി ടാക്സി സർവ്വീസ് നടത്തിയതിന് നികുതിയായി 2,170 രൂപയും ഈടാക്കിയിട്ടുണ്ട്.

## മലപ്പുറം ആർ.ടി. ഓഫീസ് പരിധി പുനർനിർണ്ണയ നടപടി

385 (1831) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ആർ.ടി. ഓഫീസ് പരിധി പുനർനിർണ്ണയ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ; വിശദാംശം നൽകുമോ;

(ബി) ആയതിന്റെ സാധ്യതാ റിപ്പോർട്ട് മധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ട് പരിശോധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അതിർത്തി പുനർ നിർണ്ണയ നടപടികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്ക് ആസ്ഥാനമാക്കി പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ടി ഓഫീസിന്റെ അധികാര പരിധി നിർണ്ണയിക്കുന്നതിനും ആയതിനോടൊപ്പം മലപ്പുറം ആർ.ടി. ഓഫീസ് പരിധി പുനർനിർണ്ണയിക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയായി വരികയാണ്.

(ബി&സി) കൊണ്ടോട്ടി ആസ്ഥാനമാക്കി പുതിയ സബ് ആർ.ടി. ഓഫീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ടി ഓഫീസിന്റെ അധികാര പരിധി നിർണ്ണയിച്ചു കൊണ്ടും മലപ്പുറം ആർ.ടി. ഓഫീസിന്റെ അധികാര പരിധി പുനർ നിർണ്ണയിച്ചു കൊണ്ടും മദ്ധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, ട്രാൻസ്പോർട്ട് കമ്മീഷണർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിർത്തി പുനർനിർണ്ണയ നടപടികൾ പുരോഗമിച്ചു വരുന്നു.

## മോട്ടോർ വാഹന നിയമ ലംഘനങ്ങൾ

386 (1832) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഡിസംബർ മുതൽ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കി ഉത്തരവായിട്ടുണ്ടോ;

(ബി) ഹെൽമറ്റ് ധരിക്കാത്തത് ഉൾപ്പെടെയുള്ള മോട്ടോർ വാഹന നിയമ ലംഘനങ്ങൾക്ക് 2019 ഡിസംബർ മുതൽ പിഴ ഈടാക്കിയ ഇനത്തിൽ എന്ത് തുകയാണ് ഇതുവരെ ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) നിയമലംഘനങ്ങളുടെ പേരിൽ എത്ര ടൂറിസ്റ്റ് ബസ്സുകളിൽ നിന്നും ഈ കാലയളവിൽ പിഴ ഈടാക്കിയിട്ടുണ്ട്; അവരിൽ നിന്നും പിഴയിനത്തിൽ എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട ഹൈക്കോടതി Wp(c) No.25181/2010, 27865/2015, WA No.2261/2015 എന്നീ കേസ്സുകളിൽ 19-11-2019-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ 1989-ലെ കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 347(A) റദ്ദാക്കിയ സാഹചര്യത്തിൽ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാണ്.

| | | |
|---|---|---|
| (ബി) ഡി.റ്റി.സി. തിരുവനന്തപുരം | - | 3,22,98,330 |
| ഡി.റ്റി.സി. എറണാകുളം | - | 5,11,31,710 |
| ഡി.റ്റി.സി. തൃശ്ശൂർ | - | 3,66,79,693 |
| ഡി.റ്റി.സി. കോഴിക്കോട് | - | 1,52,28,615 |
| ആകെ | - | 13,53,38,348 |

(സി) നിയമലംഘനങ്ങളുടെ പേരിൽ ആകെ 14602 വാഹനങ്ങൾ പരിശോധിക്കുകയും പിഴയിനത്തിൽ 5,13,94,000 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**വർദ്ധിച്ചുവരുന്ന ടൂവീലർ അപകടങ്ങൾ**

387 (1833) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിച്ച് വരുന്ന ടൂവീലർ അപകടങ്ങളും മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളിൽ ഇടതുവശം ചേർന്നു പോകേണ്ട ഇരുചക്ര വാഹനങ്ങൾ റോഡ് നിറഞ്ഞ് അലക്ഷ്യമായി ഓടിക്കുന്നത് നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) റോഡുകളിൽ ടൂവീലറുകളുടെ സഞ്ചാരത്തിന് കൃത്യമായി സ്ഥലം മാർക്ക് ചെയ്യുന്ന നടപടികൾ ഗൗരവമായി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2019-ൽ 2018-നെ അപേക്ഷിച്ച് ടൂവീലർ അപകടങ്ങളിലും മരണങ്ങളിലും 6% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2019-ൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മൊത്തം അപകടങ്ങളുടെ 63%വും ടൂവീലർ അപകടങ്ങളാണ്. മറ്റു വാഹനങ്ങളെക്കാൾ ഇരുചക്രവാഹനങ്ങൾ എണ്ണത്തിൽ കൂടുതലായതും ട്രാഫിക് നിയമലംഘനങ്ങളുമാണ് ഇതിന് കാരണം.

(ബി) റോഡുകളിൽ ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ മോട്ടോർ വാഹന വകുപ്പ് നടപടിയെടുത്തുവരുന്നു. ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വാഹനങ്ങളും ഇടതുവശം ചേർന്ന് പോകേണ്ടതാണ്. വൺവേ അല്ലാത്ത റോഡുകളിൽ ഈ നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) തിരക്കേറിയ കവലകളിൽ സ്ഥല പരിമിതിമൂലം ബൈക്ക് ലൈനുകൾ രേഖപ്പെടുത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ, ചിലയിടങ്ങളിൽ ആയത് നടപ്പിലാക്കാൻ ശ്രമം നടന്നുവരുന്നു.

## ഇന്റർനാഷണൽ ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് കം ഡ്രൈവർ കോച്ചിംഗ് സെന്റർ

388 (1834) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന് കീഴിൽ ഇന്റർനാഷണൽ ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് കം ഡ്രൈവർ കോച്ചിംഗ് സെന്റർ ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എവിടെയാണെന്നും, അതിനായുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ എന്തൊക്കെ ആധുനിക സൗകര്യങ്ങളാണ് ഒരുക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും ആയതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്ഥലം ഏറ്റെടുത്തിട്ടില്ല. മലപ്പുറം ജില്ലയിലെ ഇൻകെൽ എന്ന സ്ഥാപനത്തിന്റെ ഒഴിഞ്ഞ് കിടക്കുന്ന 30 ഏക്കർ സ്ഥലം പ്രസ്തുത ആവശ്യത്തിലേയ്ക്കായി ലീസ് തുക ഒഴിവാക്കി മോട്ടോർ വാഹന വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്യുന്ന വിഷയത്തിൽ വ്യവസായ വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്.

(സി) നൂതന ഇലക്ട്രോണിക് ക്ലാസ് മുറികൾ, തിയറി ട്രെയിനിംഗ് ക്ലാസ് റൂമുകൾ, ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്ക്, വാഹന യാർഡ്, ഗ്യാരേജ് പാർക്കിംഗ്, പാരലൽ പാർക്കിംഗ്, യു.എ.ഇ. മോഡൽ യു.ടേൺ, റൗണ്ട് എബൗട്ട്, 6 ട്രാക്ക് ലൈൻ, സിഗ്നൽ ലൈറ്റ്, സിമുലേറ്റർ പരിശീലനം, ലെഫ്റ്റ് ഹാൻഡ് ഡ്രൈവിന് അനുയോജ്യമായ വാഹനങ്ങൾ തുടങ്ങി ആധുനിക സൗകര്യങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്.

G.O.(Rt) No.24/2020/Tran. dated 21-1-2020 പ്രകാരം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 5055-00-50-98 എന്ന ഹെഡ്ഡിൽ ആകെ 35.42 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത് (ഇതിൽ 14.22 കോടി രൂപ 2019-20 പ്ലാൻ ഫണ്ടിൽ നിന്നും 21.20 കോടി രൂപ 2020-21 പ്ലാൻ ഫണ്ടിൽനിന്നുമാണ്.)

## ആർ.ടി. ഓഫീസുകളിൽ താൽക്കാലിക രജിസ്ട്രേഷനുണ്ടാകുന്ന കാലതാമസം

389 (1835) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ടി. ഓഫീസുകളിൽ പുതിയ വാഹനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷന് കാലതാമസം വരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമം

390 (1836) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതി സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ഭേദഗതി പ്രകാരമുള്ള പിഴ തുക ഏതെല്ലാം നിയമലംഘന ങ്ങൾക്കാണ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം 1-9-2019- ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവട് പിടിച്ച് സംസ്ഥാന സർക്കാർ വിവിധ നിയമ ലംഘനങ്ങൾക്കുള്ള രാജിയാക്കൽ ഫീസ് നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് 26-10-2019-ലെ സ.ഉ.(പി) 37/2019/ഗതാ. നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**മോട്ടോർ വാഹന വകുപ്പിലെ ക്രമക്കേടുകൾ**

391 (1837) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന ഉദ്യോഗസ്ഥർ സ്വകാര്യ വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള വകുപ്പ് നിർദ്ദേശങ്ങൾ അട്ടിമറിച്ച് ഉടമകളെ ബുദ്ധിമുട്ടിക്കുന്നുവെന്നുള്ള പരാതികൾക്ക് പരിഹാരം കണ്ടെത്തുമോ;

(ബി) വാഹന കൈമാറ്റത്തിന് മോട്ടോർ വാഹന വകുപ്പ് ഇറക്കിയിട്ടുള്ള സർക്കുലർ വിശദീകരിക്കാമോ; ഇതു സംബന്ധിച്ച കുടിശ്ശിക ഇല്ലാ സർട്ടിഫിക്കറ്റ് നൽകേണ്ടത് ആരെന്ന് വ്യക്തമാക്കാമോ; ആയത് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) കടലാസ് രഹിതവും പൂർണ്ണമായി ഓൺലൈനുമായി നിർവ്വഹിക്കേണ്ട നടപടികൾ ഉദ്യോഗസ്ഥരുടെ ഇഷ്ടാനുസരണം മാറ്റിമറിക്കുന്ന രീതിക്ക് അറുതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മോട്ടോർ വാഹന വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലും ഇടനിലക്കാരുടെ തട്ടിപ്പുകൾ ഏറ്റവും കൂടുതൽ നടക്കുന്ന ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ, ടാക്സ് അടയ്ക്കൽ, വാഹനങ്ങളുടെ ഫിറ്റ്നസ് ഫീ എന്നിവയിലൂടെയുള്ള തട്ടിപ്പുകൾ അവസാനിപ്പിക്കുമോ;

(ഇ) വാഹൻ സോഫ്റ്റ്‌വെയറിൽ നുഴഞ്ഞ് കയറിയവരെ പുറത്താക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) വാഹനങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് പുറത്തിറക്കിയ സർക്കുലർ 4/2019 ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.* വാഹനം കൈമാറ്റം ചെയ്യുമ്പോൾ വാഹനം വാങ്ങുന്ന വ്യക്തി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അപേക്ഷയും അഡ്രസ്സ് പ്രൂഫും സമർപ്പിച്ച് ഫീസ് ഒടുക്കിയാൽ മാത്രമേ വാഹന കൈമാറ്റം സംബന്ധിച്ച വിവരങ്ങൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ രേഖകളിൽ ഉൾപ്പെടുത്താൻ കഴിയുമായിരുന്നുള്ളൂ. വാഹനം വാങ്ങിയ വ്യക്തി അപേക്ഷ സമർപ്പിച്ചില്ലെങ്കിൽ പഴയ ഉടമസ്ഥന്റെ പേരിൽ വാഹനം നിലനിൽക്കുകയും അദ്ദേഹം വഞ്ചിതനാകാനുള്ള സാദ്ധ്യത നിലനിൽക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ പുതിയ സർക്കുലറും വാഹന സോഫ്റ്റ്‌വെയറിലെ സൗകര്യവും ഉപയോഗപ്പെടുത്തി വാഹന ഉടമയ്ക്കുതന്നെ വാഹനം വാങ്ങുന്ന വ്യക്തിയുമായി ചേർന്ന് അപേക്ഷ സമർപ്പിക്കാനുള്ള സൗകര്യം ലഭ്യമായിരിക്കുന്നു. ഈ സർക്കുലർ അനുസരിച്ച് തന്നെയാണ് ഇപ്പോൾ വാഹന കൈമാറ്റം നടത്തുന്നത്.

എന്നാൽ വാഹന ഉടമയും വാങ്ങുന്ന വ്യക്തിയും വ്യത്യസ്ത ഓഫീസുകളുടെ പരിധിയിലാണുള്ളതെങ്കിൽ രണ്ട് ഓഫീസുകളിലും പോകേണ്ടി വരുന്നെന്ന പരാതി ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ അതിന് അനുസൃതമായി സോഫ്റ്റ്‌വെയർ മോഡിഫിക്കേഷനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു. 80% അപേക്ഷകളും ഇത്തരത്തിൽ സ്വീകരിക്കുന്നു. അപേക്ഷകളുടെ ഹാർഡ് കോപ്പി ഒഴിവാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) തട്ടിപ്പുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) വാഹൻ സോഫ്റ്റ്‌വെയറിൽ ആരുംതന്നെ നുഴഞ്ഞ് കയറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന തരത്തിലാണ് സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. MoRTH-ന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഡൽഹി NIC-യാണ് ഈ സംവിധാനം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

**ഡ്രൈവിംഗ് ലൈസൻസിനുള്ള മാനദണ്ഡങ്ങൾ**

392 (1838) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കാൻ ഡ്രൈവിംഗ് പരിശോധനയ്ക്ക് എത്ര ദിവസം കാത്തിരിക്കണമെന്നും ലൈസൻസ് ലഭിക്കാനുള്ള സമയം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കുന്ന ഒരാൾക്ക് ടെസ്റ്റിനുവേണ്ടി മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്ന അവസ്ഥ ഇപ്പോൾ നിലവിലുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒരു മാസത്തെ അവധിക്ക് നാട്ടിൽ വരുന്ന പ്രവാസികൾക്കും മറ്റും ഇതുമൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അപേക്ഷകന് 18 വയസ്സ് പൂർത്തിയായിരിക്കണം.

(ബി) ഓൺലൈൻ മുഖാന്തരമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അതത് ഓഫീസിലെ അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് ലേണേഴ്സ് അപേക്ഷകരുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾത്തന്നെ ലേണേഴ്സ് ടെസ്റ്റിന് ഹാജരാകാനുള്ള തീയതി ലഭിക്കും. ടി തീയതിയിൽ ലേണേഴ്സ് ടെസ്റ്റിന് ഹാജരായി ടെസ്റ്റ് പാസ്സാകുമ്പോൾ ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകുവാനുള്ള തീയതി ലഭിക്കും. നിലവിൽ 2 മാസത്തിനുള്ളിലുള്ള ഒരു തീയതിയാണ് ലഭിക്കുന്നത്.

(സി) മാസങ്ങളോളം കാത്തിരിക്കേണ്ടതായ അവസ്ഥ നിലവിലില്ല. കേന്ദ്ര സോഫ്റ്റ്‌വെയറായ സാരഥിയിലൂടെയാണ് നിലവിൽ പുതിയ ലൈസൻസ് സംബന്ധമായ സേവനങ്ങൾ ലഭിക്കുന്നത്. പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയതിലുള്ള ചെറിയ കാലതാമസമല്ലാതെ മാസങ്ങളോളം കാത്തിരിക്കേണ്ടതായ അവസ്ഥ ഇല്ല.

(ഡി) സാരഥി സോഫ്റ്റ്‌വെയറിലൂടെ എവിടെനിന്നും അപേക്ഷകന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ലേണേഴ്സ് ലൈസൻസ് ലഭിച്ചശേഷം നിലവിലെ നിയമപ്രകാരം ചുരുങ്ങിയത് 30 ദിവസം കഴിഞ്ഞ് മാത്രമേ ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകാനുള്ള തീയതി ലഭ്യമാകുകയുള്ളൂ.

**ടൂറിസ്റ്റ് ബസ്സുകളുടെ നിയമലംഘനം**

393 (1839) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായ ലൈറ്റും ശബ്ദസംവിധാനവും ചിത്രപരസ്യങ്ങളും പ്രദർശിപ്പിക്കുന്ന ടൂറിസ്റ്റ് ബസ്സുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പഠനയാത്രയ്ക്കായി പോകുന്ന ഇത്തരം ബസ്സുകൾ അപകടകരമായ രീതിയിൽ അഭ്യാസപ്രകടനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അനധികൃതമായി ലൈറ്റും ശബ്ദസംവിധാനങ്ങളും ചിത്രപ്പണികളും പ്രദർശിപ്പിക്കുന്ന കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്കെതിരെ സി.എഫ്. റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്കും ഏകീകൃത കളർ കോഡ് ഏർപ്പെടുത്താനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) 7 വാഹനങ്ങൾക്കെതിരെ നടപടിയെടുക്കുകയും ഡ്രൈവർമാരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്നും പരിശോധന കർശനമാക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**ചടയമംഗലത്തെ സബ് ആർ.ടി. ഓഫീസിന്റെ പ്രവർത്തനം**

394 (1840) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലത്ത് പുതിയതായി അനുവദിച്ച സബ് ആർ.ടി. ഓഫീസ് പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ് പ്രവർത്തന പരിധിയിൽ ചടയമംഗലം നിയോജക മണ്ഡലത്തിലെ വെളിനല്ലൂർ പഞ്ചായത്ത് കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പഞ്ചായത്ത് കൂടി പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചടയമംഗലത്ത് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. KL 82 എന്ന ഓഫീസ് കോഡും അനുവദിച്ചിട്ടുണ്ട്. കൂടാതെ, ഓഫീസ് പരിധി നിർണ്ണയിക്കുന്നതിനായുള്ള വിജ്ഞാപനം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചടയമംഗലം ഓഫീസ് പ്രവർത്തന പരിധിയിൽ വെളിനല്ലൂർ പഞ്ചായത്തിനെ ഉൾപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

## വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം

395 (1841) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ (ആർ.സി.) വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പരാതിക്ക് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കൊല്ലം ആർ.ടി. ഓഫീസ് പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സമയബന്ധിതമായി വിതരണം ചെയ്യുന്നതിൽ വീഴ്ചവരുത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പരാതി പരിഹരിക്കാനായി കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. ഡീലർമാർ HSRP update ചെയ്യുന്നതിൽ വരുത്തുന്ന വീഴ്ചയാണ് പുതിയ വാഹനങ്ങളുടെ ആർ.സി.വിതരണം ചെയ്യുന്നതിനുള്ള കാലതാമസത്തിന് കാരണം. എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. വഴി ഡീലർമാർക്ക് ടി വിഷയത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ വാഹനത്തിന്റെ രജിസ്ട്രേഷൻ വാഹൻ എന്ന സോഫ്റ്റ്‌വെയറിലാണ് ചെയ്യുന്നത്. High Security Number Plate നിർബന്ധമാക്കിയതിനുശേഷം വാഹനത്തിൽ High Security Number Plate ഘടിപ്പിച്ചതായി ഡീലർ/മാനുഫാക്ച്ചറർ വാഹനിൽ രേഖപ്പെടുത്തിയാൽ മാത്രമേ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പ്രിന്റ് ലഭിക്കുകയുള്ളൂ. വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അയച്ചുനൽകുന്നതിനുള്ള സ്റ്റാമ്പ് പതിപ്പിച്ച മേൽവിലാസം എഴുതിയ കവറുകൾ അതത് അപേക്ഷയുടെ ഒപ്പമാണ് അപേക്ഷകൻ സമർപ്പിക്കുന്നത്. ഇത്തരം അപേക്ഷകൾ ഓരോ ദിവസത്തെയും പ്രത്യേകം കെട്ടുകളായി സൂക്ഷിക്കുകയാണ്. റാൻഡം ആയി രജിസ്ട്രേഷൻ നമ്പർ അലോട്ട്മെന്റ് നടക്കുന്നതിനാൽ ഓരോ ദിവസത്തേയും രജിസ്ട്രേഷൻ നമ്പറുകൾ തുടർച്ചയായിട്ടുള്ളവ ആയിരിക്കുകയുമില്ല. കൂടാതെ ഒരു ദിവസത്തെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് എടുക്കുമ്പോൾ ഏതെങ്കിലും ഒരു വാഹനത്തിന്റെ എങ്കിലും High Security Number Plate

അപ്ഡേറ്റ് ചെയ്തിട്ടില്ലെങ്കിൽ ആ ദിവസത്തെ രജിസ്ട്രേഷൻ പ്രിന്റ് ഒരുമിച്ച് എടുക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഓരോ ദിവസവും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ആകാത്ത വാഹനങ്ങളുടെ ഓരോന്നായി High Security Number Plate അപ്ഡേറ്റ് ആയോ എന്ന് പരിശോധിച്ചശേഷം മാത്രം ഓരോരോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്തു നോക്കേണ്ട സാഹചര്യമാണ്. ഇത് കൂടുതൽ സമയനഷ്ടം ഉണ്ടാക്കുന്നു. ഈ പ്രശ്നങ്ങൾ കുറെയെങ്കിലും പരിഹരിക്കുന്നതിനായി ഓരോ ദിവസത്തെയും രജിസ്ട്രേഷൻ നടത്തിയിട്ടുള്ള വാഹനങ്ങളിൽ High Security Number Plate അപ്ഡേറ്റ് ചെയ്തിട്ടുള്ളതും എന്നാൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ആകാത്തതുമായ വാഹനങ്ങളുടെ ലിസ്റ്റോ അല്ലെങ്കിൽ ഒരു ദിവസത്തെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് എടുക്കാൻ ശ്രമിക്കുമ്പോൾ അന്നേ ദിവസത്തെ High Security Number Plate അപ്ഡേറ്റ് ആയിട്ടുള്ളതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ആകാത്തതുമായ എല്ലാ വാഹനങ്ങളുടെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ഒരുമിച്ച് ലഭ്യമാക്കേണ്ട രീതിയിലോ സോഫ്റ്റ്‌വെയർ പരിഷ്കരിച്ചു തരാൻ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വാഹന ഉടമയ്ക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ കാലതാമസം നേരിടാതിരിക്കാനായി ഓരോ ദിവസത്തെയും High Security Number Plate രേഖപ്പെടുത്തിയിട്ടുള്ള പ്രിന്റ് വേഗത്തിൽ നൽകാൻ ശ്രദ്ധിച്ചു വരുന്നുണ്ട്.

(സി) വാഹൻ സോഫ്റ്റ്‌വെയറിലേയ്ക്ക് പുതിയ രജിസ്ട്രേഷൻ നടപടികൾ മാറിയപ്പോൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് എടുക്കുന്നതിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ കാര്യത്തിൽ ഉദ്യോഗസ്ഥർ ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല.

## നിലമ്പൂർ ആർ.ടി. ഓഫീസ് കെട്ടിടം

396 (1842) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ആർ.ടി. ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഉടമസ്ഥന്റെ പേരും വിലാസവും ലഭ്യമാക്കാമോ;

(ബി) വാടക ഇനത്തിൽ എത്ര തുകയാണ് ബിൽഡിംഗിനും സ്ഥലത്തിനുമായി നൽകുന്നത്; ഇനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(സി) ഓഫീസ് പ്രവർത്തിക്കുന്നത് എത്ര ചതുരശ്ര അടിയിലാണ് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. വി. പി. അബ്ദുൾ കരീം
വലിയ പീടികക്കൽ ഹൗസ്,
കുറ്റമ്പാറ പി. ഒ,
അമരമ്പലം, നിലമ്പൂർ, മലപ്പുറം.

(ബി) 18,467 രൂപ പ്രതിമാസം വാടകയിനത്തിൽ നൽകുന്നു. സ്ഥലത്തിന് വാടക നൽകുന്നില്ല.

(സി) 1807 സ്ക്വയർ ഫീറ്റ്

**കാഞ്ഞിരപ്പള്ളി സബ് ആർ. ടി. ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റാൻ നടപടി.**

397 (1843) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി പൂർത്തിയായ പൊൻകുന്നം സിവിൽ സ്റ്റേഷനിലേക്ക് കാഞ്ഞിരപ്പള്ളി സബ് ആർ. ടി. ഓഫീസ് ഇതുവരെ മാറ്റി പ്രവർത്തിപ്പിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു വർഷത്തിലധികമായി മതിയായ സൗകര്യമുള്ള വാടക രഹിത സർക്കാർ കെട്ടിടം ലഭ്യമായിട്ടും മോട്ടോർ വാഹന വകുപ്പ് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന്റെ സാംഗത്യം എന്തെന്ന് വ്യക്തമാക്കാമോ; സർക്കാരിനുണ്ടാകുന്ന വാടക നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പൊതുജനത്തിന് എളുപ്പം എത്തിച്ചേരാൻ സാധിക്കുന്ന പൊൻകുന്നം സിവിൽ സ്റ്റേഷനിലേക്ക് പ്രസ്തുത ഓഫീസ് അടിയന്തരമായി മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാഞ്ഞിരപ്പള്ളി സബ് ആർ.ടി. ഓഫീസിന് പൊൻകുന്നം സിവിൽ സ്റ്റേഷനിൽ അനുവദിച്ച സ്ഥലത്തിന്റെ പണികൾ പൂർത്തിയായി. മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളും ഓൺലൈൻ സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ (കമ്പ്യൂട്ടർ ഉപകരണങ്ങൾ, നെറ്റ്‌വർക്ക് സംവിധാനങ്ങൾ) ഉണ്ടെങ്കിൽ മാത്രമേ ഓഫീസിന്റെ പ്രവർത്തനം പൂർത്തിയാകുകയുള്ളൂ. ആയത് ലഭ്യമാക്കുന്നതിനുള്ള വർക്ക് ഓർഡർ കെൽട്രോണിന് നൽകിയിട്ടുണ്ട്.

(ബി) നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 10-2-2020-ൽ പുതിയ ഓഫീസിലേയ്ക്ക് മാറുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

## കോലഞ്ചേരിയിൽ ജോയിന്റ് ആർ.ടി. ഓഫീസ്

398 (1844) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോലഞ്ചേരിയിൽ ജോയിന്റ്.ആർ.ടി. ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

കോലഞ്ചേരിയിൽ ജോയിന്റ് ആർ.ടി. ഓഫീസ് അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## സേഫ് കേരള പദ്ധതി

399 (1845) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി ആരംഭിച്ച സേഫ് കേരള പദ്ധതിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള നിരീക്ഷണ ക്യാമറകൾ നവീകരിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണനിരക്കും കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'സേഫ് കേരള'. ഈ പദ്ധതിയുടെ ഭാഗമായി, കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഈ 85 സ്ക്വാഡുകളിലായി 85 മോട്ടോർ വെഹിക്കിൾ ഇൻസെക്ടർ മാരെയും 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഇത്തരം സ്ക്വാഡുകൾ 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്നു.

കേരളത്തിൽ ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ ആധുനികീകരിക്കപ്പെട്ടുന്നതിന്റെ ഭാഗമായി 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ ഇന്റർസെപ്റ്റർ വാഹനങ്ങളിലും Laser Based Traffic Radar with Integrated Display and Recording, Vehicle Mounted Camera with ANPR System,

Breathe Analyser with inbuilt printer and camera, വാഹനങ്ങളുടെ ലൈറ്റുകൾ പരിശോധിക്കുവാനുള്ള Digital Lux Meter, Sound Level Meter, Transparency Meter, Laptop എന്നിവയും കൂടാതെ Heavy Duty Search Light-ഉം ലഭ്യമാക്കി യിട്ടുണ്ട്. ഈ സ്ക്വാഡുകളുടെ സുഗമമായ പ്രവർത്തനത്തിന് 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കുവേണ്ടി പുതിയ ഓഫീസുകൾ തുടങ്ങുന്നതിനും സ്ക്വാഡുകൾക്ക് ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സേഫ് കേരള പദ്ധതിയിൽ ഉൾപ്പെട്ട സ്ക്വാഡുകൾ ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. 2019-ൽ ആകെ ഇത്തരം 276584 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 33,80,72,125 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള നിരീക്ഷണ ക്യാമറകൾ നവീകരിക്കുന്നതിനും പരിപാലിക്കുന്നതിനുമായി കെൽട്രോണുമായി വാർഷിക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

## വാഹൻ സാരഥി സോഫ്റ്റ്‌വെയർമൂലമുണ്ടായിട്ടുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി

400 (1846) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രീകൃത വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറായ 'വാഹൻ സാരഥി' യിലേയ്ക്ക് മോട്ടോർ വാഹന വകുപ്പ് മാറിയതോടെ വാഹനങ്ങളുടെ നികുതി അടയ്ക്കാൻ ലഭിച്ചിരുന്ന സാവകാശം (ഗ്രേസ് പിരീഡ്) പൂർണ്ണമായും ഇല്ലാതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വെബ്സൈറ്റിൽ ക്ഷേമനിധി തുക അടച്ചാലും ആയത് മോട്ടോർ വാഹന വകുപ്പിന്റെ വെബ് സൈറ്റിൽ കൃത്യമായി ലഭിക്കാത്തതിനാൽ വാഹന ഉടമകൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ വിഷയങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരി ക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വാഹനങ്ങളുടെ നികുതി അടയ്ക്കാൻ കേരള മോട്ടോർ വാഹന ടാക്സേഷൻ ആക്ട് പ്രകാരം ഓരോ തരം വാഹനങ്ങൾക്കും പ്രത്യേകം പ്രത്യേകം ഗ്രേസ് പിരീഡ് നിശ്ചയിച്ചിട്ടുണ്ട്. ഉദാ: നോൺ ട്രാൻസ്പോർട്ട് വെഹിക്കിളിനും കോൺട്രാക്റ്റ് ക്യാരേജിനും 14 ദിവസവും ചരക്ക് വാഹനങ്ങൾക്ക് ഒരു മാസവും സ്റ്റേജ് ക്യാരേജ് ബസ്സുകൾക്ക് 45 ദിവസവും ആണ് ഗ്രേസ് പിരീഡ്. 'വാഹൻ' - ലേക്ക് മാറിയ ശേഷവും ഇതേ ഗ്രേസ് പിരീഡുകൾ നൽകുന്നുണ്ട്. ഗ്രേസ് പിരീഡിനുള്ളിൽ നികുതി അടയ്ക്കുന്നതിന് പിഴ ഈടാക്കുന്നില്ല. ഗ്രേസ് പിരീഡിനുള്ളിൽ നികുതി

അടയ്ക്കാത്ത വാഹനങ്ങൾ റോഡിലുപയോഗിക്കുന്നതിന് തടസ്സവുമില്ല. എന്നാൽ ഗ്രേസ് പിരീഡിനുള്ളിൽ പെർമിറ്റ് റിന്യൂവൽ, വാഹന കൈമാറ്റം, സി.എഫ്. ടെസ്റ്റ് എന്നിങ്ങനെയുള്ള ഒരു സേവനവും നികുതി അടയ്ക്കാതെ ലഭ്യമാകുന്നതല്ല.

(ബി) മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വെബ്സൈറ്റ് 'വാഹൻ' സോഫ്റ്റ്‌വെയറുമായി Integrate ചെയ്തിട്ടുണ്ട്. ഇത് നടപ്പിൽ വരുത്തി തുടങ്ങിയ കാലയളവിൽ ഏതാണ്ട് ഒരു മാസത്തോളം ഇത്തരം പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ അവയെല്ലാം ഏതാണ്ട് പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(സി) ഗ്രേസ് പിരീഡിനുള്ളിൽ നികുതി അടയ്ക്കാതെ വാഹനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിന് കേന്ദ്രീകൃത വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറായ വാഹനിൽ ഉത്തരവുകളൊന്നും നിലനിൽക്കുന്നതായി കാണുന്നില്ല. ഈ വിഷയം പരിഹരിക്കുന്നതിനുള്ള നടപടികൾ ഗതാഗത കമ്മീഷണർ സ്വീകരിച്ചുവരുന്നു.

## മോട്ടോർ വാഹന നിയമ ഭേദഗതി

401 (1847) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതി പ്രകാരമുള്ള പിഴത്തുകയിൽ കുറവ് വരുത്തരുതെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര നിർദ്ദേശം പാലിക്കാത്ത പക്ഷം ഭരണഘടനയുടെ 356-ാം വകുപ്പ് പ്രകാരം നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിരുന്നോ; വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ&ബി) കേന്ദ്ര ഉപരിതല റോഡ് ഗതാഗത മന്ത്രാലയത്തിൽനിന്നും ലഭിച്ച 6-1-2020-ലെ RT/11012/02/2019-MVL-Pt.8 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. 2019-ലെ മോട്ടോർ വെഹിക്കിൾസ് (ഭേദഗതി) ആക്ട് പ്രകാരം വിവിധ കുറ്റകൃത്യങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പിഴത്തുകയിൽ എന്തെങ്കിലും തരത്തിലുള്ള ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. എന്നാൽ മോട്ടോർ വെഹിക്കിൾസ് ആക്ടിലെ 200-ാം വകുപ്പ് പ്രകാരം വിവിധ കുറ്റങ്ങൾ രാജിയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള രാജിയാക്കൽ ഫീസ് പുതുക്കി നിശ്ചയിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. 26-10-2019-ലെ ജി.ഒ.(പി)37/2019/ഗതാ. പ്രകാരം നിശ്ചയിച്ചിട്ടുള്ള തുക പിഴത്തുക അല്ല, മറിച്ച് 200-ാം വകുപ്പ് (i)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിനുള്ള അധികാരമുപയോഗിച്ച്, വിവിധ കുറ്റങ്ങൾ രാജിയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കോമ്പൗണ്ടിംഗ് തുകയായതിനാൽ സർക്കാരിന്റെ നടപടിയിൽ അപാകതയൊന്നുംതന്നെയില്ല.

## വാഹനങ്ങളുടെ പുക പരിശോധന

402 (1848) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുക പരിശോധനാ സർട്ടിഫിക്കറ്റ് വാഹനങ്ങളിൽ സൂക്ഷിച്ചില്ലെങ്കിൽ ഈടാക്കുന്ന പിഴ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വാഹനങ്ങളുടെ പുക പരിശോധനാ നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; എത്ര ശതമാനം വർദ്ധനവാണ് വരുത്തിയതെന്ന് അറിയിക്കാമോ;

(സി) പുക പരിശോധനാ ഏജൻസികളിലെ ടെക്നീഷ്യന്മാരുടെ യോഗ്യതയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ഒരു വാഹനം പരിശോധനാ ഉദ്യോഗസ്ഥൻ തടഞ്ഞു നിർത്തി പരിശോധിക്കുന്ന സമയത്ത് വാഹന ഉടമയുടെയോ/ഡ്രൈവറുടെയോ പക്കൽ സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ ടി വാഹനത്തിന്റെ standard of emission പരിശോധിച്ച് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ നിർദ്ദേശം നൽകേണ്ടതും തുടർച്ചയായുള്ള 7 ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. ഹാജരാക്കിയ സർട്ടിഫിക്കറ്റ് അനുസരിച്ച് standard of emission-ന്റെ അളവ് വാഹനത്തിന്റെ പുകയിൽ അനുവദിച്ചതിൽ കൂടുതൽ ആണെങ്കിൽ ആദ്യത്തെ കുറ്റത്തിന് 2,000 രൂപയും രണ്ടാമത്തെ കുറ്റത്തിനും തുടർന്നുള്ള കുറ്റങ്ങൾക്ക് 10,000 രൂപയും പിഴ അടയ്ക്കേണ്ടതാണ്.

(ബി) ഉണ്ട്. വാഹനങ്ങളുടെ പുക പരിശോധനാ നിരക്ക് 33% മുതൽ 50% വരെ ഉയർത്തി. 14-11-2019-ലെ ജി.ഒ. (ആർറ്റി) നമ്പർ 519/2019/ട്രാൻസ്. പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) മാറ്റംവരുത്തിയിട്ടുണ്ട്. എസ്.എസ്.എൽ.സി.-യോ തത്തുല്യ യോഗ്യതയോ കൂടാതെ ഐ.ഡി.റ്റി.ആർ. ഇടപ്പാളിൽ രണ്ടാഴ്ചത്തെ പരിശീലന പരിപാടിയിൽ പങ്കെടുത്ത സർട്ടിഫിക്കറ്റ് എന്നിവയാണ് യോഗ്യതകൾ.

## പുത്തൻകുരിശിൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം

403 (1849) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുത്തൻകുരിശിൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കേന്ദ്രം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പുത്തൻകുരിശിൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ബി) 5-10-2016-ലെ G.O.(Rt)No.381/2016/Tran. പ്രകാരം കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവർ ടെസ്റ്റിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനും 14-10-2016-ലെ G.O.(Rt)No.392/2016/Tran. പ്രകാരം കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഹെൽമറ്റുകളുടെ ഗുണനിലവാരം

404 (1850) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഹെൽമറ്റുകൾ ഏറെയും ഗുണനിലവാരം ഇല്ലാത്തതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മോട്ടോർ വാഹന നിയമം കർശനമായി നടപ്പിലാക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി ഐ.എസ്.ഐ. അംഗീകാരമുള്ള ഹെൽമറ്റുകൾ മാത്രമേ സംസ്ഥാനത്ത് വിൽക്കപ്പെടുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(സി) ഇത്തരം ഹെൽമറ്റുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) ഐ.എസ്.ഐ. മാർക്ക് വ്യാജമായി പതിച്ച് ഹെൽമറ്റ് വിൽക്കുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഗുണനിലവാരമില്ലാത്ത ഹെൽമറ്റുകൾ റോഡരികിലും മറ്റുമായി വിൽക്കപ്പെടുന്നത് മോട്ടോർ വാഹന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വില്പനകൾ തടയുന്നതിനായി പോലീസ്, ജി.എസ്.ടി. വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവരുടെ സഹകരണത്തോടെ നടപടികൾ സ്വീകരിക്കാൻ എല്ലാ ആർ.ടി.ഒ.-മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ State Police Chief, GST Commissioner, Legal Metrology Commissioner എന്നിവരുടെ സഹകരണം തേടിയിട്ടുണ്ട്.

(സി&ഡി) മോട്ടോർ വാഹന വകുപ്പിന് സ്വന്തമായി ഇക്കാര്യത്തിൽ നടപടി സാധ്യമല്ലാത്തതിനാൽ പോലീസ് സഹകരണത്തോടെ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 'വേഗ' ബോട്ട് സർവ്വീസ്

405 (T1851) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ ബോട്ടായ 'വേഗ' എന്നാണ് സർവ്വീസ് ആരംഭിച്ചത്; പ്രസ്തുത ബോട്ട് നിർമ്മിക്കുന്നതിനായി എന്ത് തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) വേഗ ബോട്ട് ഇപ്പോൾ പ്രവർത്തനക്ഷമമാണോ; ഇല്ലെങ്കിൽ എന്നുമുതലാണ് അത് പ്രവർത്തനരഹിതമായതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബോട്ട് അറ്റകുറ്റപ്പണി നടത്തി അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 4-11-2018 മുതലാണ് വേഗ ബോട്ട് സർവ്വീസ് ആരംഭിച്ചത്. ടി ബോട്ട് നിർമ്മാണത്തിനായി 1,86,00,000 രൂപ ചെലവായിട്ടുണ്ട്.

(ബി&സി) ടി ബോട്ട് ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

## പശ്ചിമ കൊച്ചിയിലെ ജനങ്ങൾ നേരിടുന്ന യാത്രാക്ലേശം

406 (1852) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗതത്തെ പ്രധാന യാത്രാമാർഗ്ഗമായി ആശ്രയിക്കുന്ന പശ്ചിമ കൊച്ചിയിലെ ജനങ്ങൾ നേരിടുന്ന യാത്രാക്ലേശത്തിന് പരിഹാരം കാണുന്നതിനായി 3-12-2016, 12-6-2019, 4-11-2019, 15-11-2019 തുടങ്ങിയ തീയതികളിലായി ചർച്ചചെയ്ത് എടുത്ത തീരുമാനങ്ങളിൽ നടപ്പിലാക്കിയവ ഏതെല്ലാമാണെന്ന് അറിയിക്കാമോ ;

(ബി) നടപ്പിലാക്കേണ്ടതായ തീരുമാനങ്ങൾ ഏതെല്ലാമെന്നും അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) മേൽ പറഞ്ഞ യോഗങ്ങളിൽ എടുത്ത തീരുമാനങ്ങളിൽ ഒന്നായ മട്ടാഞ്ചേരി ബോട്ടുജെട്ടിയിലെ ഡ്രഡ്ജിംഗ് നടത്തുവാൻ നാളിതുവരെ സാധിക്കാത്തതിന് കാരണം വിശദമാക്കാമോ;

(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 3-12-2016-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ എറണാകുളം-കമാലക്കടവ് സർവ്വീസ് ആരംഭിക്കുകയും തേവര യാർഡ്, മട്ടാഞ്ചേരി ബോട്ട് ജെട്ടി എന്നിവിടങ്ങളിൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് എക്സിക്യൂട്ടീവ്

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

എഞ്ചിനീയർ, ഇറിഗേഷൻ വിഭാഗത്തിന് കത്ത് നല്കുകയും ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമാക്കുകയും ആയതിലേയ്ക്ക് എറണാകുളം മേഖലയിൽ അസിസ്റ്റന്റ് വർക്സ് മാനേജരെ നിയമിക്കുകയും ഫോർട്ട് കൊച്ചി മുസിരിസ് ബിനാലെയുടെ ഭാഗമായി ബോട്ട് സർവ്വീസുകൾ കാര്യക്ഷമമായി നടത്തുകയും ചെയ്തു. 12-6-2019-ൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം എറണാകുളം ജില്ലയിലെ ബോട്ട് ജെട്ടികളുടെയും ജലപാതകളുടെയും നവീകരണത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി 10-7-2019-ൽ ജലഗതാഗത വകുപ്പിലേയും ഇറിഗേഷൻ വകുപ്പിലേയും ഉദ്യോഗസ്ഥർ ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പരിശോധനയുടെ അടിസ്ഥാനത്തിൽ ചെയ്യേണ്ട നവീകരണ പ്രവൃത്തികൾ സംബന്ധിച്ച് വിശദമായ കത്ത് ഇറിഗേഷൻ വിഭാഗത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. 4-11-2019, 15-11-2019 എന്നീ തീയതികളിലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പുതുവർഷത്തോടനുബന്ധിച്ച് സ്പെഷ്യൽ സർവ്വീസ് നടത്തുകയും മറ്റ് ബോട്ട് സർവ്വീസുകൾ കാര്യക്ഷമമായി നടത്തുകയും ചെയ്തു.

(ബി) ബോട്ടുചാലുകളുടെ ആഴം കൂട്ടലും ബോട്ടുജെട്ടികളുടെ നവീകരണവും സംബന്ധിച്ച തീരുമാനങ്ങളാണ് പ്രധാനമായും നടപ്പിലാക്കേണ്ടത്.

(സി&ഡി) ഡ്രഡ്ജിംഗ്, ബോട്ട്ജെട്ടികളുടേയും കെട്ടിടങ്ങളുടേയും നിർമ്മാണം, നവീകരണം എന്നിവ ചെയ്യേണ്ടത് ഇറിഗേഷൻ വകുപ്പാണ്. ബോട്ടുചാലുകൾ ആഴം കൂട്ടുന്നതിനും ബോട്ടുജെട്ടികൾ നവീകരിക്കുന്നതിനും ഇറിഗേഷൻ വിഭാഗത്തിന് നിലവിൽ ഫണ്ട് ഉണ്ടെന്നും അതുപയോഗിച്ച് ആഴം വർദ്ധിപ്പിക്കാമെന്നും ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണ്ണ് ആഴക്കടലിൽ കളയുന്നതിന് കൊച്ചിൻ പോർട്ടിന്റെ അനുവാദം ആവശ്യമാണെന്നും 15-11-2019-ൽ ചേർന്ന യോഗത്തിൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ പരാമർശിക്കുകയും അനുവാദം നല്കുന്നതിനായി ഇറിഗേഷൻ വകുപ്പ്, കൊച്ചിൻ പോർട്ട് ട്രസ്റ്റിന് കത്ത് നൽകണമെന്നും പോർട്ട് ജനറൽ ഫോർമാൻ ടി യോഗത്തിൽ അറിയിച്ചിട്ടുള്ളതാണ്. മട്ടാഞ്ചേരി ബോട്ടുജെട്ടിയുടെ നവീകരണത്തിനായി ചെയ്യേണ്ട പ്രവർത്തനങ്ങൾ, ഡ്രഡ്ജിംഗ് നടത്തേണ്ട ആവശ്യകത എന്നിവ സംബന്ധിച്ച് ഇറിഗേഷൻ വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്. ടി ജോലികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി ഇറിഗേഷൻ വിഭാഗവുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എറണാകുളം സീനിയർ സൂപ്രണ്ട്, ട്രാഫിക് സൂപ്രണ്ട് എന്നിവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(നക്ഷത്രചിഹ്നമിടാത്ത 1544, 1591, 1756, 1760, 1763 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല).

10.00 A.M.]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട 137-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, പതിനാലാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിലെ 1-11-2019-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 137-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

## അറിയിപ്പ്

## ഗവർണ്ണറുടെ സന്ദേശം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ 8-ാം ഉപചട്ട പ്രകാരം ബഹുമാനപ്പെട്ട ഗവർണ്ണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

" I thank the fourteenth Kerala Legislative Assembly for the Motion of Thanks adopted on 5th February, 2020 by its Eighteenth Session on my address to the Assembly on 29th January, 2020."

## IV അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: കേരളത്തിലെ കാർഷിക മേഖലയും കർഷകരും നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധികളും പ്രയാസങ്ങളും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഒരു പ്രധാനപ്പെട്ട വിഷയമായതിനാൽ ഇത് ചർച്ച ചെയ്യാവുന്നതാണ്.

മി. സ്പീക്കർ: സംസ്ഥാനത്തെ നിലവിലെ അവസ്ഥയിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യാമെന്ന നിലപാടാണ് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിരിക്കുന്നത്. പ്രസ്തുത വിഷയം നമുക്ക് ചർച്ച ചെയ്യാം. അടിയന്തരപ്രമേയത്തിന്മേലുള്ള ചർച്ചയുടെ സമയം റൂൾ പ്രകാരം ഉച്ചയ്ക്കുശേഷം 1.00 മണിയാണ്.

*അനുബന്ധമായി ചേർത്തിരിക്കുന്നു

## V ശ്രദ്ധ ക്ഷണിക്കൽ

### (1) സഹകരണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ

ശ്രീ. രാജു എബ്രഹാം: സർ, സഹകരണ ബാങ്കുകളുടെ പണമിടപാടുകൾക്ക് രണ്ട് ശതമാനം നികുതി ഏർപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ തീരുമാനം സഹകരണ മേഖലയുടെ നട്ടെല്ലൊടിക്കുമെന്നുള്ളതാണ് ഞാൻ ഇന്ന് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

മി. സ്പീക്കർ: അങ്ങ് പ്രസംഗത്തിന് അധികം സമയമെടുക്കുന്ന ആളല്ല. എന്നാലും ഒരു കാര്യം സൂചിപ്പിക്കുകയാണ്. അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കുന്ന സാഹചര്യത്തിൽ ശ്രദ്ധ ക്ഷണിക്കലും സബ്മിഷനും പരമാവധി സമയം ചുരുക്കി അവതരിപ്പിക്കാൻ എല്ലാ അംഗങ്ങളും ശ്രദ്ധിക്കണം.

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായും സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളുടെ ഉന്നമനത്തിനായും നിലനിൽക്കുന്ന സഹകരണ മേഖല ആദായ നികുതി വകുപ്പിന്റെ തത്വദീക്ഷയില്ലാത്ത ഇടപെടലുകൾമൂലം കടുത്ത വെല്ലുവിളി നേരിടുകയാണ്. സംഘത്തിന്റെ നിലനിൽപ്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര ആദായ നികുതിയെ സംബന്ധിച്ച് ഇതിനുമുമ്പ് ബഹുമാന്യരായ കേരള മുഖ്യമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയെങ്കിലും മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള നീക്കങ്ങളുണ്ടാകുന്നില്ല. കേരളത്തിലെ സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം എല്ലാ കാലഘട്ടങ്ങളിലും ജനങ്ങളുടെ രക്ഷയ്ക്കെത്തുന്നത് സഹകരണ ബാങ്കുകളാണ്. കേരളത്തിലെ സഹകരണ മേഖലയെ ആശ്രയിക്കുന്ന നല്ലൊരു വിഭാഗവും പാവപ്പെട്ടവർ, ചെറുകിട കച്ചവടക്കാർ, കൂലിവേലക്കാർ തുടങ്ങിയ സാധാരണക്കാരാണ്. സഹകരണ വാരാഘോഷത്തോട നുബന്ധിച്ച് നടക്കുന്ന നിക്ഷേപ സമാഹരണമാണ് സഹകരണ മേഖലയുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാന സ്രോതസ്സ്. അത്തരത്തിൽ കടന്നുവരുന്ന ആളുകളെ പിന്തിരിപ്പിക്കാനാണ് ഇത്തരം പുതിയ നിയമം ഉപകരിക്കുക. കേരളത്തിൽ ഇ.എം.എസ്. ഭവന പദ്ധതി നടപ്പാക്കിയതുൾപ്പെടെ ജനങ്ങളുടെ പ്രധാന ആവശ്യങ്ങൾ മുന്നിൽ വന്നപ്പോൾ സഹകരണ മേഖലയാണ് കൈത്താങ്ങായി വന്നത്. ഇത്തവണത്തെ പ്രളയത്തെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉജ്ജീവനി പദ്ധതി കൊണ്ടുവന്നു. 10 ലക്ഷം രൂപ വായ്പ നൽകുകയും അതിൽ 2 ലക്ഷം രൂപ സംസ്ഥാന സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സബ്സിഡി നൽകുകയും ചെയ്യുന്ന ഒരു പദ്ധതിയാണത്. കേരളത്തിലെ വാണിജ്യ ബാങ്കുകൾ ആ പദ്ധതിയെ അട്ടിമറിച്ചു. ധാരാളം ഉപാധികൾ വച്ചുകൊണ്ടാണ് അട്ടിമറി

നടത്തിയത്. അത്തരം മേഖലകളിലും കേരളത്തിന്റെ രക്ഷയ്ക്കെത്തിയത് സഹകരണ മേഖലയാണ്. കെയർ ഹോം പദ്ധതിയിലൂടെ 2150-ഓളം വീടുകൾ സഹകരണ മേഖലയിൽ ചെയ്തുകൊടുത്തു. അങ്ങനെ ഏത് കണക്കെടുത്താലും സഹകരണ മേഖല കേരളത്തിലെ ജനങ്ങളോടൊപ്പം നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ്. അതിനെ തകർക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ ഇപ്പോൾ  കൊണ്ടുവന്നിരിക്കുന്നത്. അത് പ്രതിഷേധാർഹമാണ്. അതിശക്തമായ പ്രതിഷേധം കേരളം ഉയർത്തിക്കൊണ്ടുവരണമെന്നതാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണ മേഖലയ്ക്ക് വളരെയേറെ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നുവെന്ന രീതിയിലാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി 2020 ഫെബ്രുവരി 1-ാം തീയതി പാർലമെന്റിൽ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചത്. എന്നാൽ തുടർന്ന് ഇക്കാര്യങ്ങൾ പരിശോധിച്ചപ്പോൾ പല കാര്യങ്ങളും അനാകർഷകവും അവ്യക്തവുമാണെന്നാണ് മനസ്സിലാകുന്നത്. ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം നിലവിൽ 30 ശതമാനം ആദായ നികുതി, സർചാർജ്, സെസ് എന്നിവ നൽകിവരുന്ന സഹകരണ സംഘങ്ങളെ കോർപ്പറേറ്റ് കമ്പനികളുമായി തുല്യതപ്പെടുത്തുന്ന കുറഞ്ഞ ടാക്സ് നിരക്കായ 22 ശതമാനം ടാക്സ്, 10 ശതമാനം സർചാർജ്, 4 ശതമാനം സെസ് എന്ന നിലയിലേയ്ക്ക് കുറച്ചുകൊണ്ടുവരുന്നതിന് നിർദ്ദേശിക്കുന്നു.  എന്നാൽ 22 ശതമാനം ടാക്സ് നിരക്ക് സ്വീകരിക്കുന്ന, അതായത് ഓപ്ഷൻ സ്വീകരിക്കാനുള്ള അവകാശം, സംഘങ്ങൾക്ക്  മറ്റ് കിഴിവുകളോ ഇളവുകളോ നൽകില്ല.  കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള രീതിയിൽ മിനിമം അനുമാന നികുതി പരിധിയിൽനിന്ന് സഹകരണ സംഘങ്ങളെ ഒഴിവാക്കുന്നു എന്നുമുണ്ട്. മേൽ പ്രതിപാദിച്ച കേന്ദ്ര ബഡ്ജറ്റ് പ്രഖ്യാപനത്തിൽ താഴെപ്പറയുന്ന കാര്യങ്ങളാണ് നമ്മെ സംബന്ധിച്ച് പ്രസക്തമാകുന്നത്.

നിലവിൽ PACS, PCARDB എന്നിവയ്ക്ക് ആദായ നികുതി നിയമത്തിലെ സെക്ഷൻ 80P അനുസരിച്ചുള്ള കിഴിവാണ് അനുവദിച്ചിട്ടുള്ളത്. നിയമംമൂലം പരിരക്ഷിക്കപ്പെട്ടിട്ടുള്ള ഈ കിഴിവ് എടുത്തുകളയുന്നത് സംബന്ധിച്ച് ബഡ്ജറ്റ് സ്പീച്ചിൽ പറയുന്നില്ല. PACS-കൾക്ക് സെക്ഷൻ 80P-യുടെ പരിരക്ഷ ഉണ്ടെങ്കിലും കേരളത്തിലെ PACS-കൾ ബാങ്കുകൾക്ക് സമാനമായ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് ചൂണ്ടിക്കാട്ടി ആദായ നികുതി വകുപ്പ് ഉദ്യോഗസ്ഥർ വ്യാപകമായി PACS-കൾക്ക് ആദായ നികുതി അസെസ്മെന്റ് നടത്തിവരുന്നുണ്ട്.  2013-14  മുതലാണ് ഈ രീതി വ്യാപകമായിട്ടുള്ളത്. ഇതിനെതിരെ സംഘങ്ങൾ കോടതിയെ സമീപിക്കുകയും കോടതിയിൽനിന്നും അനുകൂലമായും പ്രതികൂലമായും വിധികളുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്.  ഈ

വിഷയങ്ങളെ സംബന്ധിച്ച് സർക്കാർ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് രണ്ട് തവണ നിവേദനം നൽകിയിരുന്നു. സംസ്ഥാന നിയമസഭ ഏകകണ്ഠമായ പ്രമേയത്തിലൂടെ ഈ ആവശ്യം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിനാൽ PACS-കളുടെ സെക്ഷൻ 80P പ്രകാരമുള്ള ആദായ നികുതി പരിരക്ഷ സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമുള്ളതായി കാണുന്നു. 1-4-2007-ൽ പ്രാബല്യത്തിൽ വന്ന 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതിയിലൂടെ ആദായ നികുതി നിയമത്തിലെ വകുപ്പ് 80P ഭേദഗതി വരുത്തി ഉപവകുപ്പ് നാല് കൂട്ടിച്ചേർക്കപ്പെട്ടതോടെ 2007-08 സാമ്പത്തിക വർഷം മുതൽ ആദായ നികുതി വകുപ്പ്_മേൽനിയമത്തിലെ 80P (2) പ്രകാരമുള്ള ആനുകൂല്യം PACS, PCARDB എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് നിഷേധിക്കുകയുണ്ടായി. അക്കാലം മുതൽ PACS, PCARDS ഒഴികെയുള്ള സംഘങ്ങൾ അറ്റലാഭത്തിൽ 30% നികുതിയും സർചാർജ്ജും സെസ്സും നൽകിവരുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ നികുതി അടയ്ക്കുന്നവർക്ക് പല നികുതിയിളവുകളും നിയമം അനുശാസിച്ചിരുന്നു. പുതിയ നിർദ്ദേശമനുസരിച്ച് 22 ശതമാനം നികുതി ഓപ്റ്റ് ചെയ്യുന്നവർക്ക് യാതൊരു ഇളവുകൾക്കും അർഹത ഉണ്ടാകില്ല. ഇക്കാരണംകൊണ്ടുതന്നെ പുതിയ നികുതി നിരക്ക് മേൽ സംഘങ്ങൾക്ക് അനാകർഷകമാണ്.

1-9-2019 മുതൽ പ്രാബല്യത്തിൽവന്ന ആദായ നികുതി നിയമത്തിന്റെ 194 N വകുപ്പും സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിക്കുമെന്നുതന്നെയാണ് വിലയിരുത്തിയിട്ടുള്ളത്.

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിലെ സഹകരണപ്രസ്ഥാനത്തെ ദുർബ്ബലപ്പെടുത്തുന്ന കേന്ദ്രസർക്കാരിന്റെ നികുതി നയങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തി ഈ പ്രസ്ഥാനത്തെ സംരക്ഷിച്ചുനിർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സഹകരണ സംഘങ്ങളുടെ ബാലൻസ്ഷീറ്റ് തയ്യാറാക്കൽ, കണക്കുകളുടെ ഓഡിറ്റ് എന്നീ കാര്യങ്ങളിൽ ഏകീകൃതമായ രീതി അവലംബിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കും. ഇതിനാവശ്യമായ പരിഷ്കരണങ്ങൾ ഓഡിറ്റ് മാന്വലിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ മാറിമാറി വരുന്ന നികുതി നിയമങ്ങൾ കേരളത്തിലെ സഹകരണസംഘങ്ങളെ ഏതെല്ലാം നിലയിൽ ബാധിക്കുമെന്നത് സംബന്ധിച്ച് പരിശോധിച്ച് സമയാസമയങ്ങളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമവിദഗ്ധർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, സഹകരണ മേഖലയിലെ വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു സ്ഥിരം സമിതി രൂപീകരിക്കും. ഇവർ ലഭ്യമാക്കുന്ന റിപ്പോർട്ടിനെ ആസ്പദമാക്കി കേരളത്തിലെ സഹകരണ സംഘങ്ങളുടെ ഉത്തമതാല്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ ഔദ്യോഗികവും നിയമപരവുമായ നടപടികൾ സ്വീകരിക്കും.

## (2) തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനം

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, 2019-ലെ സി.ആർ.ഇസഡ്. വിജ്ഞാപനം തീരദേശവാസികൾക്ക് വളരെ ആനുകൂല്യം നൽകുന്നതാണ്. സി.ആർ.ഇസഡ്.-മായി ബന്ധപ്പെട്ട് ഒരുപാട് ചർച്ചകൾ നടക്കുകയാണ്. പ്രത്യേകിച്ച് കൊച്ചി പോലെയുള്ള നഗരത്തിന്റെ പ്രാന്തപ്രദേശത്ത് വലിയ രീതിയിൽ ചർച്ച ചെയ്യപ്പെട്ട ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിച്ചതുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിൽക്കുന്നു. 2019-ലെ തീരദേശ പരിപാലന വിജ്ഞാപനം നടപ്പാക്കിയാൽ തീരദേശവാസികൾക്ക് ഒരുപാട് ആനുകൂല്യങ്ങൾ ലഭ്യമാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിലെ ഏകദേശം 73 നിയോജകമണ്ഡലങ്ങളെ ബാധിക്കുന്ന ഒരു വിഷയമാണിത്. ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും സ്പീക്കറുടെയുമെല്ലാം നിയോജകമണ്ഡലങ്ങളും തീരദേശ പരിപാലന നിയമത്തിന്റെ ഭാഗമായി കടന്നു വരുന്നതാണ്. പക്ഷേ, 2019-ലെ വിജ്ഞാപനം നടപ്പാക്കുന്നതിന് ഗവൺമെന്റ് കാര്യമാത്ര പ്രസക്തമായ നടപടികളെടുക്കുന്നില്ല. കേരളത്തിലെ യു.ഡി.എഫ്. സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം രൂപീകരിച്ച ഡോ. ശൈലേഷ് നായക് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച 2019-ലെ തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനം കേരളത്തിലെ തീരദേശ വാസികൾക്ക് ഒട്ടനവധി ഇളവുകൾ നൽകുന്നതാണ്. ഈ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുന്നതിന് സംസ്ഥാനങ്ങൾ പുതിയ തീരദേശ പരിപാലന പദ്ധതി തയ്യാറാക്കി ആറ്മാസത്തിനകം അംഗീകാരം വാങ്ങണമെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും കേരളം ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എടുത്തതായി കാണുന്നില്ല. ഈ വിജ്ഞാപനത്തിന്റെ ഗുണഫലങ്ങൾ ലഭിക്കുന്നതിന് തീരദേശവാസികൾ ഇനിയും എത്രകാലം കാത്തുനിൽക്കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ? ഭൗമശാസ്ത്ര പഠനകേന്ദ്രത്തിനാവശ്യമായ രേഖകളും ആവശ്യമായ തുകയും യഥാസമയം കൈമാറുന്നതിൽ വന്ന വീഴ്ചയല്ലേ ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ഇത്രയും കാലതാമസമുണ്ടാക്കിയത്? ഈ നിയമം നടപ്പാക്കാത്തതുമൂലം ലൈഫ് മിഷനിൽ ഉൾപ്പെട്ട 7000-ത്തോളം പാവപ്പെട്ട കുടുംബങ്ങൾക്കുള്ള വീടുകളുടെ പ്ലാൻപോലും പാസ്സാക്കാൻ സാധ്യമാകാത്ത സ്ഥിതിയാണുള്ളതെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് ഈ വിഷയത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എസ്. രാജേന്ദ്രൻ)

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 1991-ൽ തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനം (സി.ആർ.ഇസഡ്. നോട്ടിഫിക്കേഷൻ) രാജ്യത്ത് നിലവിൽ വന്നെങ്കിലും നമ്മുടെ സംസ്ഥാനത്ത് തീരദേശ പരിപാലന പ്ലാൻ പ്രാബല്യത്തിൽ വന്നത് 27-9-1996-ൽ മാത്രമാണ്. 6-1-2011-ന് കേന്ദ്ര സർക്കാർ സി.ആർ.ഇസഡ്. വിജ്ഞാപനത്തിൽ ഭേദഗതി വരുത്തി പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ പ്രസ്തുത വിജ്ഞാപനപ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിച്ച് കേരളത്തിൽ നിലവിൽ വന്നത് 28-2-2019-ലാണ്. നിയന്ത്രണങ്ങൾക്കുള്ള ദൂരപരിധിയുടെ കാര്യത്തിൽ 1991-ലെയും 2011-ലെയും വിജ്ഞാപനങ്ങൾ തമ്മിൽ വലിയ വ്യത്യാസമില്ലായിരുന്നു. 18-1-2019-ൽ ദൂരപരിധിയിൽ ഇളവ് വരുത്തി പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചുവെങ്കിലും പ്രസ്തുത വിജ്ഞാപനത്തിലെ 6(1) വ്യവസ്ഥപ്രകാരം സംസ്ഥാന തീരദേശ പരിപാലന പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്കുമാത്രമേ പുതിയ വിജ്ഞാപനത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകൂ എന്നത് അതിൽത്തന്നെ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുവരെ 2011-ലെ സി.ആർ.ഇസഡ്. വ്യവസ്ഥകളും അതുപ്രകാരമുള്ള തീരദേശ പരിപാലന പ്ലാനുമായിരിക്കും സംസ്ഥാനത്ത് ബാധകമാകുന്നത്. 2019-ലെ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് ദേശീയ ഭൗമശാസ്ത്ര പഠനകേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൽ യാതൊരു വീഴ്ചയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല; എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. തീരദേശ പരിപാലന പ്ലാൻ അംഗീകരിക്കപ്പെട്ടാൽ ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് വലിയൊരളവിൽ പരിഹാരം കാണാൻ കഴിയും. സംസ്ഥാന തീരദേശ പരിപാലന പ്ലാൻ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സി.ആർ.ഇസഡ്. നോട്ടിഫിക്കേഷൻ 2019 പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുന്നതുവരെ 2019-ലെ സി.ആർ.ഇസഡ്. നോട്ടിഫിക്കേഷനിലെ 3(A)-യും സമഗ്ര ദ്വീപ് പരിപാലന പദ്ധതിയും ഒഴികെയുള്ള വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് വിജ്ഞാപനത്തിലെ വ്യവസ്ഥകളിൽ ഇളവ് ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിൽനിന്നും അനുവാദം തേടുന്നതാണ്. വീടില്ലാത്ത പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായുള്ള വീട് നിർമ്മാണം വേഗത്തിൽ നടന്നുവരികയാണ്. ഇത്തരമൊരു ഘട്ടത്തിൽ തീരദേശ മേഖലയിൽ താമസിക്കുന്നവരെ പ്രതികൂലമായി ബാധിക്കുന്ന ഒരു നടപടിയും സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ടി. ജെ. വിനോദ്: സർ, ഇതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അടിയന്തരമായി ഉണ്ടാകണമെന്നുള്ളതാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഭൗമശാസ്ത്ര പഠനകേന്ദ്രത്തിനാവശ്യമായ രേഖയും തുകയും സർക്കാർ നൽകി എന്നത്തേയ്ക്ക് ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയും?

ശ്രീ. ഇ. പി. ജയരാജൻ: സർ, തീരദേശ ഭൗമ പഠനകേന്ദ്രത്തിനുവേണ്ടി ദേശീയ ഭൗമശാസ്ത്ര പഠനകേന്ദ്രത്തെ പൂർണ്ണമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ എല്ലാ രേഖകളും നൽകിക്കഴിഞ്ഞു. കഴിയുന്നത്ര വേഗത്തിൽ ഇതുസംബന്ധിച്ച് ഒരു തീരുമാനമുണ്ടാക്കാൻ തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. തീരദേശ പ്രദേശങ്ങളിലെ ജനങ്ങളിൽ ഈ നിയമം സംബന്ധിച്ചുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് അതീവതാല്പര്യം കാണിക്കുന്നുണ്ട്. ആവശ്യമായ നടപടികളെല്ലാം സ്വീകരിച്ചുവരികയാണ്.

## VI സബ്മിഷൻ

### (1) തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. ജി. എസ്. ജയലാൽ: സർ, ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ ഒന്നരവർഷത്തിലധികമായി പ്രവർത്തനമില്ലാതെ അടച്ചിട്ടിരിക്കുകയാണ്. മില്ലിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 27-9-2018-ൽ കഴിഞ്ഞെങ്കിലും അത് പൂർത്തീകരിച്ച് നാളിതുവരെ പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല. മിൽ നവീകരണത്തിനായി നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കൗൺസിൽ ഗവൺമെന്റ് ഗ്യാരന്റിയായി 12 കോടി രൂപ ഉൾപ്പെടെ 57 കോടി രൂപയുടെ പുനരുദ്ധാരണ പാക്കേജ് അനുവദിച്ചു. അതിൽ 45 കോടി രൂപ ഗവൺമെന്റിലേയ്ക്ക് കൈമാറി. പ്രാരംഭ നടപടികൾക്കായി 15 കോടി രൂപ സഹകരണ മില്ലുകളുടെ കേന്ദ്രീകൃത ഭരണസമിതിയായ ടെക്സ്ഫെഡിന് 2015 ആഗസ്റ്റിൽ നൽകുകയും ചെയ്തു. അതിനുശേഷം 12 കോടി രൂപയുടെ മെഷീനറികൾ മില്ലിൽ ഇറക്കിവച്ചിട്ട് മൂന്ന് വർഷമായി. അവ സ്ഥാപിച്ച് നവീകരണ ജോലികൾ പൂർത്തിയാക്കുന്നതിനായി മിൽ പൂർണ്ണമായി ലേ ഓഫ് ചെയ്യുകയും ചെയ്തു. ലേ ഓഫ് ചെയ്ത് ഒന്നരവർഷത്തിലധികമായിട്ടും യാതൊരുവിധ നവീകരണ ജോലികളും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. സംയുക്ത ട്രേഡ് യൂണിയൻ നേതാക്കൾ ഇതിനകം നാല് തവണ അങ്ങയെ വന്നുകണ്ട് ഈ വിവരങ്ങൾ ധരിപ്പിച്ചതാണ്. നൂറിൽപ്പരം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകാനുണ്ട്. ഇ.എസ്.ഐ., പി.എഫ്., എൽ.ഐ.സി. തുടങ്ങിയ ആനുകൂല്യങ്ങൾ മുടങ്ങിയിരിക്കുകയാണ്. പി.എഫ്. അടയ്ക്കാത്തതുകൊണ്ട് ഇരുപതിൽപ്പരം ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നില്ല. ലേ ഓഫ് വേതനവും അഞ്ച് മാസമായി കുടിശ്ശികയാണ്. മുന്നൂറിൽപ്പരം ജീവനക്കാരും

അവരുടെ കുടുംബാംഗങ്ങളും ഏറെ ദുരിതത്തിലാണ്. ഈ മില്ലിലെ സംയുക്ത ട്രേഡ് യൂണിയനുകളും സമരത്തിന്റെ പാതയിലേയ്ക്ക് വരികയാണ്. ഈ സാഹചര്യത്തിൽ മിൽ നവീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് മിൽ തുറക്കുന്നതിനും ജീവനക്കാരുടെ കുടിശ്ശികാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും എത്രയുംവേഗം നടപടികൾ സ്വീകരിച്ച് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 1976-ൽ സഹകരണ മേഖലയിൽ രജിസ്റ്റർ ചെയ്ത് 1983-ൽ പ്രവർത്തനമാരംഭിച്ച കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവൃത്തികൾ നടന്നുവരികയാണ്. കേരളത്തിൽ 1962 മുതൽ പ്രവർത്തനമാരംഭിച്ച ആധുനികവൽക്കരണം ഇല്ലാത്തതും കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന ടെക്സ്റ്റൈൽ നയവും അതോടൊപ്പം സാമ്പത്തിക രംഗത്തുണ്ടായിട്ടുള്ള ചില പ്രശ്നങ്ങൾ, പ്രത്യേകിച്ച് നോട്ട് നിരോധനം, ജി.എസ്.ടി. തുടങ്ങിയ നടപടികളുടെയൊക്കെ ഫലമായി വലിയ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന രംഗമാണ് കേരളത്തിലെ സ്പിന്നിംഗ് മേഖല. കേരളത്തിലെ പൊതുസഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകളെല്ലാം യഥാർത്ഥത്തിൽ വലിയ നഷ്ടത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇവ ലാഭകരമാക്കിത്തീർക്കാൻ, നഷ്ടമില്ലാതെ പ്രവർത്തിപ്പിച്ചുകൊണ്ട് പോകാനുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. ഈ സർക്കാർ സ്പിന്നിംഗ് മില്ലുകൾക്ക് പൊതുവായി പരുത്തി വാങ്ങി വിതരണം ചെയ്യുന്നതിന്റെ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസിംഗ് കമ്മിറ്റി (CCPC) പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ആവശ്യത്തിന് പരുത്തി വാങ്ങി വിതരണം ചെയ്ത് വരികയാണിപ്പോൾ. കേരളത്തിലെ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം പദ്ധതിക്കാവശ്യമായ നൂലുകൾ സ്പിന്നിംഗ് മില്ലുകളിൽനിന്നും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സർക്കാരിന്റെ ഇടപെടലുകളിലൂടെ വിവിധ സ്പിന്നിംഗ് മില്ലുകൾ നൂൽ കയറ്റുമതി ചെയ്തു. തിരുവനന്തപുരം സ്പിന്നിംഗ് മില്ലിൽ നിന്നും ചൈനയിലേയ്ക്ക് നൂൽ കയറ്റുമതി ചെയ്തുകൊണ്ടിരുന്നു. മിൽ നവീകരിക്കുന്നതിന് എൻ.സി.ഡി.സി. അംഗീകരിച്ച 57.39 കോടി രൂപയുടെ പുതുക്കിയ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എൻ.സി.ഡി.സി. അനുവദിച്ച 45.19 കോടി രൂപയിൽനിന്നും 2,094.71 ലക്ഷം രൂപയും പ്രവർത്തന മൂലധനമായി 1,078.46 ലക്ഷം രൂപയും കൂടി ആകെ 3,173.17 ലക്ഷം രൂപ മില്ലിന് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത മില്ലിൽ 13 ഓഫീസ് സ്റ്റാഫ് ഉൾപ്പെടെ 202 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. ഈ വാർഷിക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 775 ലക്ഷം രൂപയിൽ 250 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേരള ടെക്സ്റ്റൈൽ കോർപ്പറേഷനിൽനിന്നും മില്ലിന് തിരികെ ലഭിക്കാനുള്ള തുക നൽകുന്നതിന് സർക്കാർ നിർദ്ദേശം

നൽകിയിട്ടുണ്ട്. അധികം താമസിയാതെ തന്നെ ആ തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മില്ലിലെ തൊഴിലാളികളുടെ ഗ്രാറ്റിവിറ്റി, പി.എഫ്., ഇ.എസ്.ഐ., ലേ ഓഫ് വേജസ് തുടങ്ങിയ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിന് മില്ലിലെ പഴകിയ മെഷീനുകൾ വിൽപ്പന നടത്തിയതുവഴി ലഭിച്ച 1.04 കോടി രൂപ അവിടെത്തന്നെ വിനിയോഗിച്ചിട്ടുണ്ട്. 2018 ഒക്ടോബർ മുതൽ 2019 ആഗസ്റ്റ് വരെയുള്ള 11 മാസത്തെ ലേ ഓഫ് വേതനത്തിന്റെ കുടിശ്ശികയായ 209 ലക്ഷം രൂപയോളം തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 31-1-2020 വരെ 130 ലക്ഷം രൂപയും മറ്റ് നിയമപരമായ അടവുകളുൾപ്പെടെ 885.61 ലക്ഷം രൂപയും അടയ്ക്കാൻ ബാക്കി നിൽക്കുകയാണ്. സർക്കാർ ധനസഹായത്തിലൂടെ കേരളത്തിലെ സ്പിന്നിംഗ് മിൽ തൊഴിലാളികളുടെ ഗ്രാറ്റിവിറ്റി ഉൾപ്പെടെയുള്ള മുഴുവൻ ആനുകൂല്യങ്ങളും നൽകാൻ സാധിക്കുന്നതല്ലെന്ന കാര്യം നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ട് അത് വേഗത്തിൽ പ്രവർത്തിപ്പിച്ച് കൂടുതൽ മെച്ചപ്പെട്ട നില കൈവരിക്കാനാണ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. എന്നാൽ സ്പിന്നിംഗ് മിൽ ഏറ്റെടുത്തിട്ടുള്ള നവീകരണ പദ്ധതി പൂർത്തീകരിക്കുന്നതോടൊപ്പം മെച്ചപ്പെട്ട ഉൽപ്പാദനം കൈവരിക്കാനും അതുവഴി തൊഴിലാളികളുടെ മുഴുവൻ ബാധ്യതകളും കൊടുത്തുതീർക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. ഈ സാഹചര്യത്തിൽ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനും ബാക്കിയുള്ള സഹായം ഘട്ടംഘട്ടമായി അനുവദിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

### (2) പുതിയപാലത്ത് പാലം നിർമ്മാണം

ഡോ. എം. കെ. മുനീർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പുതിയപാലത്ത് വലിയപാലം നിർമ്മിക്കാൻ കിഫ്ബിയിൽനിന്നും 60 കോടി രൂപയാണ് അനുവദിച്ചത്. പ്രസ്തുത പ്രവൃത്തിക്കായി ആദ്യ ഗഡുവായ 18 കോടി രൂപയാണ് കിഫ്ബി അനുവദിച്ചതനുസരിച്ച് കോഴിക്കോട് ട്രഷറിയിൽ എത്തിയിട്ടുള്ളത്. കഴിഞ്ഞ നാല് മാസമായി ട്രഷറിയിൽ എത്തിയിട്ടുള്ള പണം പിൻവലിക്കാൻ സാധിക്കാത്തതിന്റെ പേരിൽ സ്ഥലമെടുപ്പ് മുടങ്ങിക്കിടക്കുകയാണ്. ഇത്തരമൊരു ദയനീയാവസ്ഥ മുമ്പുണ്ടായിട്ടില്ല. കിഫ്ബിയിൽനിന്നും പണം അനുവദിച്ച് നൽകിയതിന് കിഫ്ബിയോടും അതിന്റെ സി.ഇ.ഒ. എടുത്ത താൽപ്പര്യത്തോടും അങ്ങേയറ്റം നന്ദി പറയുന്നു. പക്ഷേ, ഈ സർക്കാരിന്റെ നാലാമത്തെ വർഷമാണിത്. ഇനി ആകെ പത്ത് മാസമാണുള്ളത്. ഈ പാലത്തിന്റെ പണി ഈ കാലഘട്ടത്തിൽ തീർക്കാൻ കഴിയുകയില്ല. സ്ഥലമുടമകൾക്ക് നൽകാനായി ട്രഷറിയിലുള്ള പണമെങ്കിലും കൊടുക്കണ്ടേ? പ്രസ്തുത പ്രവൃത്തിക്കായി 60 കോടി രൂപ വേണം.

അതിൽ 48 കോടി രൂപയോളം സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ആവശ്യമായി വരും. അതിൽ 18 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ഞാൻ പൊതുപ്രവർത്തനം തുടങ്ങിയിട്ട് 25 വർഷമായെങ്കിലും ഇതുപോലൊരു അനുഭവം എനിക്ക് ഇതുവരെ ഉണ്ടായിട്ടില്ല. എനിക്ക് ഇനി ഇതിന്റെ പുറകിൽ നടക്കാൻ വയ്യ. ഈ ആവശ്യത്തിലേയ്ക്ക് തിരുവനന്തപുരത്തുനിന്നും കോഴിക്കോട്ടും കോഴിക്കോട്ടു നിന്നും തിരുവനന്തപുരത്തേയ്ക്കും കയറിയിറങ്ങി മതിയായി. പ്രസ്തുത പ്രവൃത്തിക്കായി ആ പണം അനുവദിക്കുന്നില്ലെങ്കിൽ അവിടെ സത്യാഗ്രഹം കിടക്കേണ്ട അവസ്ഥയിലാണ്. കിഫ്ബിയിൽനിന്നും ലഭിച്ച പണം ഉപയോഗിക്കാൻ കഴിയുന്നില്ല. കിഫ്ബി സി.ഇ.ഒ.-യും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും എടുത്ത താൽപ്പര്യം ഞങ്ങൾ അംഗീകരിക്കുന്നു. പണം കിട്ടാതെ പാലം പണി തുടങ്ങാൻ കഴിയുകയില്ല. ബഡ്ജറ്റിലുണ്ടായിരുന്ന പ്രൊപ്പോസൽ പെട്ടെന്ന് ആരംഭിക്കാൻ വേണ്ടിയാണ് കിഫ്ബിയിലേയ്ക്ക് മാറ്റിയത്. ഇതുസംബന്ധിച്ച് മലയാള മനോരമ പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. അങ്ങ് അവിടെ വന്ന് ജനങ്ങളുടെ വികാരം മനസ്സിലാക്കണം. അവിടെ എല്ലാ പാർട്ടിക്കാരും ഒരുമിച്ച് നിൽക്കുകയാണ്. ഇനി ഇക്കാര്യവുമായി ബന്ധപ്പെട്ട് അങ്ങയുടെ മുന്നിൽ ഞാൻ വരില്ല. അങ്ങ് തന്നെ കളക്ടറോട് പറഞ്ഞ് പണം റിലീസ് ചെയ്ത് തരുന്നതിനുള്ള സംവിധാനമുണ്ടാക്കിത്തരണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇതിനുമുമ്പ് ഇക്കാര്യത്തിനായി വന്നതായി എനിക്ക് ഓർമ്മയില്ല. അതുകൊണ്ട് ഇനി വരില്ലെന്ന് പറഞ്ഞത് എന്താണെന്ന് എനിക്കറിയില്ല.

1-6-2018-ന് കൂടിയ കിഫ്ബിയുടെ എട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി പുതിയപാലത്ത് വലിയപാലം എന്ന പദ്ധതിക്കായി 59 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിയിൽ ലാൻഡ് അക്വിസിഷന് മാത്രം 48 കോടി രൂപ ആവശ്യമുണ്ട്. അതിൽ 18 കോടി രൂപയുടെ ഡിമാന്റ് ലെറ്റർ 25-2-2019-ന് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയായ റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിക്കുകയും പ്രസ്തുത തുക 1-3-2019-ന് പദ്ധതി നിർവ്വഹണ ഏജൻസിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതല്ലാതെ കിഫ്ബിയിലേയ്ക്ക് വേറെ തുകയൊന്നും വന്നിട്ടില്ല. കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് കൊടുത്തത് അവിടെ തടസ്സം വന്ന് കിടക്കുന്നുവെന്നാണ് അങ്ങ് പറയുന്നത്. തടസ്സം എന്താണെന്നത് സംബന്ധിച്ച് ഞാൻ ഇന്നുതന്നെ അന്വേഷിക്കുന്നതാണ്. ലാൻഡ് അക്വിസിഷനായി കൈമാറുന്ന കിഫ്ബി പണം ഇങ്ങനെയുള്ള ways and means നിയന്ത്രണത്തിന് വിധേയമല്ല. ഇക്കാര്യത്തിൽ സംഭവിച്ചത് എന്താണെന്നുള്ളത് പരിശോധിക്കാം.

## (3) വിലസ്ഥിരതാ പദ്ധതി

ശ്രീ. കെ. സി. ജോസഫ്: സർ, റബ്ബറിന്റെ വിലസ്ഥിരതാ പദ്ധതി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചതാണ്. കഴിഞ്ഞ ബഡ്ജറ്റിലെ പാരഗ്രാഫ് 40-ൽ റബ്ബറിന്റെ താങ്ങുവിലയ്ക്ക് 500 കോടി രൂപ വകയിരുത്തുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ അക്കാര്യം അന്വേഷിച്ചു. വിലസ്ഥിരതാ പദ്ധതിയുടെ അക്കൗണ്ടിൽ 500 കോടി രൂപ അനുവദിച്ചിട്ടും ആകെ ചെലവഴിച്ചത് 120 കോടി രൂപ മാത്രമാണ്. എന്നുമാത്രമല്ല, നോട്ടീസിൽ പറയുന്നത്, 7 മാസത്തെ കുടിശ്ശികയെന്നാണ്. 2019 മാർച്ച് 1 മുതലുള്ള 11 മാസത്തെ കുടിശ്ശിക നൽകിയിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷമുള്ള കുടിശ്ശികയാണ് ആകെ നൽകിയത്. പുതിയ പ്രഖ്യാപനങ്ങൾക്ക് മുമ്പായി 2019 മാർച്ച് 1 മുതലുള്ള കുടിശ്ശിക ദയവായി നൽകണം. 500 കോടി രൂപ മാറ്റിവച്ചത് യാഥാർത്ഥ്യമാണെങ്കിൽ ദയവായി നടപ്പിലാക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കെ. എം. മാണി പ്രഖ്യാപിച്ച പദ്ധതിയാണിത്. അന്ന് ഒരു കിലോ റബ്ബറിന്റെ വില 85 രൂപയായിരുന്നു. അന്ന് സർക്കാരിന്റെ 65 രൂപകൂടി ചേർന്നാണ് 150 രൂപ പ്രഖ്യാപിച്ചത്. 65 രൂപ സർക്കാരും 85 രൂപ മാർക്കറ്റിലെ വിലയും ചേർത്ത് 150 രൂപ. ഇന്ന് റബ്ബറിന്റെ വില 131 രൂപയാണ്. സർക്കാരിന്റെ കോൺട്രിബ്യൂഷൻ 19 രൂപ മാത്രമാണ്. അഞ്ച് വർഷത്തെ വിലത്തകർച്ചയും ഉല്പാദനക്കുറവും ആ മേഖലയിലെ പ്രതിസന്ധിയും കണക്കിലെടുത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയെന്നുള്ളത് 200 രൂപയാക്കുമെന്നാണ് ഞങ്ങൾ വിചാരിച്ചത്. പക്ഷെ പ്രഖ്യാപനമുണ്ടായില്ല. അതുകൊണ്ട് റബ്ബറിന്റെ വിലസ്ഥിരതാ പദ്ധതിയുടെ താങ്ങുവില 150 രൂപയിൽ നിന്ന് 200 രൂപയാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. കേരളത്തിന്റെ കാർഷിക മേഖലയിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ, നിങ്ങളുടെയും ഞങ്ങളുടെയും സംഘടനകളും സംഘടനയില്ലാത്തവരും രാഷ്ട്രീയമില്ലാത്തവരുമെല്ലാം സമരത്തിലാണ്. ഇക്കാര്യത്തിൽ ഗൗരവതരമായ പരിഗണനയുണ്ടാകണം. പ്രഖ്യാപനങ്ങൾ മാത്രം പോര, അത് നടപ്പിലാക്കാനുള്ള ആർജ്ജവവും സന്നദ്ധതയുമുണ്ടാകണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. കേരളത്തിലെ റബ്ബർ കർഷകർക്കാവശ്യമായ പിന്തുണയും സാമ്പത്തിക സഹായവും നൽകി കാർഷിക മേഖലയിൽ അവരെ ഉറപ്പിച്ചുനിർത്താനുള്ള ഇടപെടലുകളാണ് കഴിഞ്ഞ നാല് വർഷമായി ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. റബ്ബറിന്റെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയാണ് അതിൽ ഏറ്റവും വലുത്. റബ്ബർ ബോർഡിന്റെ സാങ്കേതിക സഹകരണത്തോടെയാണ് ഈ

പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പൂർണ്ണ സാമ്പത്തിക ബാദ്ധ്യത സംസ്ഥാന സർക്കാരിനാണ്. ഈ പദ്ധതി പ്രകാരം സ്വാഭാവിക റബ്ബറിന്റെ താങ്ങുവിലയായ 150 രൂപയും റബ്ബർ ബോർഡ് കിലോയ്ക്ക് അതേ ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതാണ് ഇതിന്റെ രീതി. ഒരു ഹെക്ടറിൽ പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുക. 5 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടർ റബ്ബർ കൃഷിക്ക് ആനുകൂല്യം ലഭിക്കും. ഈ പദ്ധതിയിൻകീഴിൽ ആർ.എസ്.എസ്. 1, ആർ.എസ്.എസ്. 2, ആർ.എസ്.എസ്. 3, ആർ.എസ്.എസ്. 4, ആർ.എസ്.എസ്. 5, ലാറ്റക്സ് എന്നീ തരം റബ്ബറിന് ആനുകൂല്യം നൽകുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നാല് വർഷത്തിനിടയിൽ 1,482.83 കോടി രൂപ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവായി കൃഷി വകുപ്പ് മുഖാന്തരം ധനകാര്യ വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ, റബ്ബറിന്റെ വിലയും താങ്ങുവിലയും തമ്മിൽ വ്യത്യാസമുണ്ടായിട്ടുപോലും യു.ഡി.എഫ്. സർക്കാർ നൽകിയതിനേക്കാൾ കൂടുതൽ തുക ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊടുത്തിട്ടുണ്ട്. അതുകൂടാതെ ആവർത്തന കൃഷി ചെയ്യുന്ന റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി പച്ചക്കറി കൃഷി ചെയ്യുന്നതിനും പൈനാപ്പിൾ, വാഴ ഉൾപ്പെടെയുള്ള ഹ്രസ്വകാല ഫലവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനും കൃഷി വകുപ്പുവഴി റബ്ബർ കർഷകർക്കുവേണ്ടി ആദ്യമായൊരു സ്കീമുണ്ടാക്കിയതും ഈ സർക്കാരാണ്. 2020 ഫെബ്രുവരി 6-ന് ആർ.എസ്.എസ്. 4 റബ്ബറിന് ആഭ്യന്തര മാർക്കറ്റിലെ വില കിലോയ്ക്ക് 133.50 രൂപയായിരുന്നു. അതാകട്ടെ അന്താരാഷ്ട്ര വിലയേക്കാൾ ഉയർന്ന വിലയാണ്. റബ്ബർ കർഷകർക്ക് നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് 150 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ വിഹിതം അനുവദിക്കണമെന്ന ആവശ്യം ഇതുവരെ പരിഗണിച്ചിട്ടില്ല. അങ്ങ് ഉൾപ്പെടെയുള്ള ആളുകളുമായി ചർച്ച നടത്തി ടാസ്ക് ഫോഴ്സിന്റെ മുമ്പാകെ 21 ആവശ്യങ്ങളുന്നയിച്ചതിൽ പ്രധാനപ്പെട്ട കാര്യം, ഈ സ്കീമിൽ കേന്ദ്രഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ കൂടി വേണമെന്നുള്ളതായിരുന്നു. തത്വത്തിൽ അംഗീകരിച്ചുവെന്ന് അവർ മറുപടി പറഞ്ഞെങ്കിലും ഇന്നുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല. സ്വാഭാവിക റബ്ബറിന്റെ വില അന്താരാഷ്ട്ര വിലയേക്കാൾ വളരെ കൂടുതലാണെന്നതിനാൽ ഇറക്കുമതി നിയന്ത്രിക്കാത്തിടത്തോളം കാലം സ്വാഭാവിക റബ്ബറിന്റെ വിലയിലുള്ള മത്സരക്ഷമത കുറയാനും തന്മൂലം ഇറക്കുമതി വൻതോതിൽ കൂടാനും സാദ്ധ്യതയുണ്ട്. ഈ സാഹചര്യത്തിൽ വളരെ സങ്കീർണ്ണമായി പ്രശ്നങ്ങൾ കണ്ടുവേണം ഉല്പന്നത്തിന്റെ

വിലയും അതിനുള്ള ആനുകൂല്യങ്ങളും നിശ്ചയിക്കേണ്ടത്. ആയതിനാൽ സ്വാഭാവിക റബ്ബർ നൽകുന്ന റബ്ബർ പ്രൊഡക്ഷന് 150 രൂപ എന്നുള്ളത് 200 രൂപയായി വർദ്ധിപ്പിക്കാനുള്ള തീരുമാനം ഇതുവരെ കൈക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. എന്നാൽ റബ്ബർ കർഷകരുടെ കൃഷിയിടങ്ങളിലുൾപ്പെടെ ഇന്റഗ്രേറ്റഡ് ഫാമിംഗ് നടപ്പിലാക്കി അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. പ്രളയക്കെടുതിയിലുൾപ്പെടെ നഷ്ടങ്ങൾ സംഭവിച്ച് സാമ്പത്തിക പ്രതിസന്ധിയിൽ കഴിയുന്ന റബ്ബർ കർഷകർക്ക് ആശ്വാസമാകുംവിധം റബ്ബർ ബോർഡിൽനിന്നും സർക്കാരിന് ലഭിച്ച ക്ലെയിമുകളിൽ 98.53 കോടി രൂപ സബ്സിഡിയായി 2019 സെപ്റ്റംബർ വരെ വിതരണം ചെയ്തിട്ടുണ്ട്. 2019 സെപ്റ്റംബറിനുശേഷം റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച് സർക്കാരിലേയ്ക്കയച്ച 57 കോടി രൂപയുടെ സബ്സിഡിയാണ് ഇപ്പോൾ കർഷകർക്ക് വിതരണം ചെയ്യാൻ കുടിശ്ശികയായിട്ടുള്ളത്. എന്നാൽ സംസ്ഥാനത്തിന് തനത് റവന്യൂ വരുമാനത്തിൽ കുറവ് വന്നതും 2019 ഒക്ടോബറിനുശേഷമുള്ള ജി.എസ്.ടി. കോമ്പൻസേഷൻ ലഭിക്കാത്തതും നടപ്പ് സാമ്പത്തിക വർഷാവസാനം കടമെടുക്കുന്നതിനുള്ള പരിധി കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചതുമൂലവുമുണ്ടായിട്ടുള്ള സാമ്പത്തിക സ്ഥിതിയെ ഇത് പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ 2019 സെപ്റ്റംബറിനു ശേഷം റബ്ബർ കർഷകർക്ക് നൽകാനുള്ള സബ്സിഡി വിതരണത്തിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിലും നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, 2019 ഫെബ്രുവരി മാസത്തിനുശേഷം ഇതുവരെയും സബ്സിഡി കൊടുത്തിട്ടില്ല. അതങ്ങ് പരിശോധിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പരിശോധിക്കാം. ഇവിടെ കിട്ടിയ കണക്കനുസരിച്ചുള്ള കുടിശ്ശിക തുകയാണ് ഞാൻ പറഞ്ഞത്. എത്ര കുടിശ്ശികയുണ്ടെങ്കിലും ആ തുക അടിയന്തരമായി കൊടുത്തുതീർക്കാനാവശ്യമായ നടപടി സ്വീകരിക്കും.

## (4) പാലാരിവട്ടം പാലം പുനർനിർമ്മാണം

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിലെ മാധ്യമങ്ങൾ ഏറ്റവും പ്രധാനപ്പെട്ട വാർത്തയായി ഓരോ ദിവസവും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നതും ടെലിവിഷനിലെ സായാഹ്ന ചർച്ചകളിൽ നിറഞ്ഞുനിൽക്കുന്നതുമായ വിഷയമാണ് പാലാരിവട്ടം പാലം. സ്ഥലം എം.എൽ.എ. എന്ന നിലയിൽ എനിക്ക് റോഡിലൂടെ നടക്കാൻ കഴിയാത്ത സാഹചര്യമാണ്. കേരളത്തിലെ ഏറ്റവും തിരക്കുള്ള

ജംഗ്ഷനാണ് പാലാരിവട്ടം. പ്രത്യേകിച്ച് കളക്ടറേറ്റിലേയ്ക്ക് പോകുന്ന സിവിൽ ലൈൻ റോഡിലുൾപ്പെടെയുണ്ടാകുന്ന ഗതാഗതക്കുരുക്ക് വർണ്ണനാതീതമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് പറയേണ്ടതില്ല. പാലാരിവട്ടം പാലം അടിയന്തരമായി പണിയാനുള്ള നടപടി സ്വീകരിക്കണം. പാലം പൊളിക്കണം, പൊളിക്കണ്ട, പാലം കൂടുതൽ ശക്തിപ്പെടുത്തണം തുടങ്ങിയ പല വാദങ്ങളുമുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച് എല്ലാ പത്രങ്ങളും എഡിറ്റോറിയൽ എഴുതി. പാലാരിവട്ടം പാലത്തെ സംബന്ധിച്ച് സമയബന്ധിതമായ തീരുമാനമെടുക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നൂറിൽപ്പരം പാലങ്ങൾ പണിത ആളാണ് അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി. കേരളത്തിലെ മറ്റ് പാലങ്ങൾ പണിതതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ പേരിൽ കാര്യമായ പരാതിയൊന്നും കേട്ടതായി അറിയില്ല. 2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും ഞാനും പങ്കെടുത്ത പാലാരിവട്ടം പാലത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ കോൺട്രാക്ടർക്ക് വലിയൊരു സമ്മാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൊണ്ട് കൊടുപ്പിച്ചു. 2016-ൽ ഉദ്ഘാടനം കഴിഞ്ഞ് രണ്ടാഴ്ച കഴിഞ്ഞപ്പോൾ പാലത്തിന് ചെറിയ തകരാറ് കാണുകയും അപ്പോൾത്തന്നെ ആർ.ബി.ഡി.സി.കെ.എൽ. (റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്)-നെയും കിറ്റ്കോയെയും അറിയിച്ചു എന്നാണ് കോൺട്രാക്ടർ കൊടുത്ത പത്രപ്രസ്താവനയിൽ പറയുന്നത്. എന്നാൽ 2019-ൽ മാത്രമാണ് അതിന് മറുപടി കിട്ടിയതെന്നും അവർ പറയുന്നു. ഇതുമായി ബന്ധപ്പെട്ട് കോൺട്രാക്ടർമാർ കേസ്സിന് പോയി. ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും ലോഡ് ടെസ്റ്റ് നടത്താൻ പറഞ്ഞു. ഗവൺമെന്റ് സുപ്രീംകോടതിയിൽ പോയപ്പോൾ രണ്ടാഴ്ചത്തേയ്ക്ക് തൽസ്ഥിതി തുടരാൻ പറഞ്ഞിരിക്കുകയാണ്. അതുകഴിഞ്ഞ് എന്താകുമെന്ന് അറിയില്ല. ഏതായാലും ഈ പാലം തുറന്നുകൊടുക്കണം. പുതിയ പാലം പണിയാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ചെറിയ വാഹനങ്ങളെങ്കിലും കടത്തിവിടാനുള്ള സൗകര്യമുണ്ടാക്കണം. പാലാരിവട്ടം പാലത്തിന് വലിയ പ്രശ്നമാണെന്ന പ്രതീതി കേരളമാകെ വന്നിരിക്കുകയാണ്. ലോഡ് ടെസ്റ്റ്, സർക്കാർ എടുത്ത നിലപാട് എന്നിവ സംബന്ധിച്ച് ജനങ്ങൾക്ക് ആശങ്കയുണ്ട്. അതുകൊണ്ട് എം.എൽ.എ. എന്ന നിലയിൽ എനിക്ക് റോഡിലിറങ്ങി നടക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. എന്റെ ഓഫീസ് സ്ഥിതി ചെയ്യുന്നത് ഈ പാലത്തിന് തൊട്ടടുത്താണ്. രാവിലെയും വൈകിട്ടും വഴിയെ പോകുന്നവരെല്ലാം എന്റെ അടുത്തേയ്ക്കാണ് വരുന്നത്. എന്നെ ഇതിൽനിന്നും രക്ഷിക്കണം. പാലം പണിതതിൽ അഴിമതിയുണ്ടെങ്കിൽ കണ്ടുപിടിക്കണം. ഇക്കാര്യം ഗൗരവതരമായി കണ്ട് സമയബന്ധിതമായി നടപടി സ്വീകരിക്കണം. വരാൻ പോകുന്ന തെരഞ്ഞെടുപ്പുകളിലൊക്കെ ഇക്കാര്യം വലിച്ചു നീട്ടിക്കൊണ്ട് പോകാതെ ഇതിന്റെ യഥാർത്ഥത്തിലുള്ള വസ്തുത കണ്ടെത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. പി. ടി. തോമസ് ഉന്നയിച്ച പാലാരിവട്ടം പാലം അടിയന്തരമായി പുനർനിർമ്മിച്ച് ഗതാഗതയോഗ്യമാക്കണമെന്നും പൊതുജനങ്ങൾക്കുള്ള പ്രയാസം പരിഹരിക്കണമെന്നുമുള്ള ആവശ്യം നൂറ് ശതമാനവും ശരിയാണ്. അതിനുവേണ്ടിയാണ് ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഏകദേശം മൂന്നുമാസംമുമ്പ് സാങ്കേതിക തീരുമാനമെടുത്ത് ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തി. ഡി.എം.ആർ.സി. വളരെ സന്തോഷപൂർവ്വം ഇതിനുള്ള പ്രവർത്തനം ഏറ്റെടുത്തപ്പോഴാണ് കോൺട്രാക്ടർ കോടതിയിൽ കേസ് കൊടുത്തത്. കോൺട്രാക്ടറോടൊപ്പം എറണാകുളം ജില്ലയിലെ ചില സ്വകാര്യ എഞ്ചിനീയർമാരും കക്ഷിചേർന്നു. ഗവൺമെന്റുമായി ബന്ധപ്പെട്ട് നിൽക്കുന്ന 'കിറ്റ്കോ' എന്ന സ്ഥാപനം ഗവൺമെന്റിനെതിരെ കോൺട്രാക്ടറോടൊപ്പം ചേർന്ന് ഹർജി നൽകുകയും വ്യക്തമായിട്ടുള്ള സാങ്കേതിക റിപ്പോർട്ടുകൾ സർക്കാർ അവിടെ സമർപ്പിക്കുകയും ചെയ്തു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ആധികാരിക റിപ്പോർട്ട് വലിയ രണ്ട് വാല്യങ്ങളായാണ് പ്രസിദ്ധീകരിച്ചത്. അതിൽ ഈ പാലത്തിനുണ്ടായിരിക്കുന്ന തകരാറുകൾ വിശദമായി പറഞ്ഞിട്ടുണ്ട്. ബഹുഭൂരിപക്ഷം ഗർഡറുകളും മാറ്റിയേ പറ്റൂ. റിപ്പയർ ചെയ്തു നിർത്തിയാലും 10 വർഷമേ കാലാവധിയുണ്ടാകൂ. റിപ്പയർ ചെയ്തിട്ട് വേണമെങ്കിൽ ലോഡ് ടെസ്റ്റിംഗ് നടത്താം. അതിനുമുമ്പ് നടത്താൻ പാടില്ല. കാരണം ഡിഫ്ലക്ഷൻ എന്നുപറയുന്ന വിള്ളൽ, അത് പി.ഡബ്ല്യു.ഡി. മാന്വലിലും ഇന്ത്യൻ റോഡ് കോൺഗ്രസ് ചട്ടങ്ങളിലും അനുവദനീയമായതിൽനിന്നും വളരെ കൂടുതലായതിനാൽ ചെയ്യാൻ പാടില്ല. ശ്രീ. ഇ. ശ്രീധരൻ അത് പരിശോധിച്ചു. അദ്ദേഹം പറഞ്ഞത്, 10 വർഷത്തേയ്ക്കുള്ള പാലം നിർമ്മിക്കുന്നതിനുപകരം 100 വർഷം ആയുസ്സുള്ള പാലം നിർമ്മിക്കാമെന്നും 18 കോടി രൂപ ചെലവ് വരുമെന്നുമാണ്. പണം അദ്ദേഹത്തിന് തൽക്കാലം വേണ്ട; അദ്ദേഹം നമുക്കുവേണ്ടി നിർമ്മിച്ച ധാരാളം മേൽപ്പാലങ്ങളുടെ ബാക്കി തുക കയ്യിലുണ്ടെന്നും അതുകൊണ്ട് പണി ചെയ്യാമെന്നും കണക്കൊക്കെ പിന്നീട് നോക്കാമെന്നും അദ്ദേഹം പറഞ്ഞു. കോൺട്രാക്റ്റ് എറ്റെടുത്ത് അദ്ദേഹം പ്രവർത്തനം തുടങ്ങുമ്പോഴാണ് കോടതിയിൽ കേസ് കൊടുത്തത്. അദ്ദേഹത്തിന്റെ റിപ്പോർട്ടിലും ഈ പ്രശ്നങ്ങൾ കുറേക്കൂടി ഗുരുതരമായി ഉന്നയിച്ചു. ചട്ടപ്രകാരം ഗവൺമെന്റ് 3 ചീഫ് എഞ്ചിനീയർമാരെ നിയോഗിച്ച് അന്വേഷിച്ചപ്പോൾ അവർ ഈ രണ്ട് റിപ്പോർട്ടിനോടും യോജിച്ചുകൊണ്ട് ശ്രീ. ഇ. ശ്രീധരൻ പറഞ്ഞതു പോലെ, 100 വർഷം നിലനിൽക്കുന്ന പാലമാണ് നല്ലതെന്ന് തീരുമാനിച്ചു. ബേസ്മെന്റ് നിലനിർത്തി ബാക്കിയുള്ളതെല്ലാം മാറ്റാമെന്ന് പറഞ്ഞു. അതിനെതിരെയാണ് കേസ് പോയത്. ഇതുമായി ബന്ധപ്പെട്ട് സാങ്കേതിക റിപ്പോർട്ടുകളെല്ലാം കോടതിയിൽ സമർപ്പിച്ചു. പക്ഷെ, ബഹുമാനപ്പെട്ട ജഡ്ജി കോൺട്രാക്ടറുടെ വാദം

അംഗീകരിച്ചുകൊണ്ട്, ഈ ഡിഫ്ലക്ഷൻ ഇത്രയധികം പാടില്ലെന്നുള്ളതെല്ലാം മാറ്റിവച്ചുകൊണ്ട് ഭാരപരിശോധന നടത്താൻ പറഞ്ഞു. അത് കുഴപ്പമാണെന്നുള്ളതു കൊണ്ട് ഞങ്ങൾ അതിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിച്ചു. അതും അദ്ദേഹം പരിഗണിച്ചില്ല. സുപ്രീംകോടതിയിൽ പോയപ്പോൾ ഭാരപരിശോധന സ്റ്റേ ചെയ്യുകയും തൽസ്ഥിതി തുടരണമെന്നും ഇതുമായി ബന്ധപ്പെട്ട് രണ്ടാഴ്ചകൊണ്ട് തീരുമാനമെടു ക്കാമെന്ന് പറയുകയും ചെയ്തു. കോൺട്രാക്റ്റർക്ക് നോട്ടീസ് കൊടുത്തിരിക്കുകയാണ്. സുപ്രീംകോടതി എന്തുപറഞ്ഞാലും അത് നടപ്പിലാക്കുമെന്ന് കഴിഞ്ഞ ദിവസം ഞാൻ ചോദ്യോത്തരവേളയിൽ പറഞ്ഞിരുന്നു. അതുകൊണ്ട് ഇനി അധികം അങ്ങേയ്ക്ക് വിഷമിക്കേണ്ടി വരില്ല. സുപ്രീംകോടതി താമസിയാതെ തീരുമാനം പറയും. ഈ പരിശോധന വേണമെന്ന് പറഞ്ഞാൽ ഞങ്ങൾ അപ്പീലിന് പോകാനൊന്നും ഉദ്ദേശിക്കുന്നില്ല. ഈ കോൺട്രാക്റ്റ് ഇങ്ങനെ പോകേണ്ട കാര്യമെന്താണ്, അതിൽ പിശകില്ലേ? അങ്ങ് ഒരിക്കലും തെറ്റായ ഒരു അഭിപ്രായം ഇതുവരെ പറഞ്ഞിട്ടില്ല. പലരും പലതും പറഞ്ഞുകൊണ്ടിരിക്കുകയാണ്. വിജിലൻസ് ഉദ്യോഗസ്ഥരെ ഞാൻ ഇന്നുവരെ കണ്ടിട്ടില്ല, കാണാനുദ്ദേശിക്കുന്നുമില്ല.

എറണാകുളം ജില്ലയെപ്പറ്റി എനിക്കൊരു കാര്യം പറയാനുണ്ട്. അവിടെ വാളെടുക്കുന്നവനെല്ലാം വെളിച്ചപ്പാടാണ്. ലോകത്ത് ഇങ്ങനെയൊരു സ്ഥലം ഞാൻ കണ്ടിട്ടില്ല; തിരുവനന്തപുരത്തില്ല, കോഴിക്കോടില്ല, തൃശ്ശൂരില്ല. അപ്പോൾ അവിടെ എന്തോ തകരാറുണ്ട്. എന്റെ അഭിപ്രായത്തിൽ ക്രിമിനലൈസേഷൻ നടക്കുകയാണ്. എല്ലാ കാര്യങ്ങളെയും ക്രിമിനൽ കാഴ്ചപ്പാടിലാണ് കാണുന്നത്; ഇതൊന്നും ശരിയല്ല. ഇവിടെ ഇപ്പോൾ രണ്ട് വലിയ പാലങ്ങൾ പണിത് കൊണ്ടിരിക്കുകയല്ലേ? അതിൽ വൈറ്റില പാലത്തെക്കുറിച്ച് എന്ത് കള്ളപ്രചരണങ്ങളാണ് നടക്കുന്നത്? നാല് ദിവസം മുമ്പ് ഒരു ബാലന്റെ ശബ്ദത്തിൽ, ഇവിടെ ഭയങ്കര കുഴപ്പമാണ്, ഒരു തൂണ് ഇങ്ങനെയിരിക്കുകയാണ്, അങ്ങനെയിരിക്കുകയാണ് എന്നൊക്കെപ്പറയുന്ന ഒരു വീഡിയോ പ്രചരിപ്പിക്കുകയാണ്. ആളെ കാണിക്കുന്നില്ല. ഇതൊക്കെ പരിശോധിച്ച് അറിയാവുന്നവർ ചെയ്യുതാണ്. ഇങ്ങനെയൊക്കെ പറയുമ്പോൾ നമ്മൾ അന്വേഷിച്ച് പോകും. ഇത് ലോകത്തെവിടെയെങ്കിലും ഉണ്ടോ? കുഴപ്പമുണ്ടെങ്കിൽ എന്നായാലും വെളിച്ചത്ത് വരും. അതിന് നമ്മൾ സമാധാനം പറയേണ്ടിയും വരും. അതിൽ അറിഞ്ഞോ അറിയാതെയോ എന്തെങ്കിലും നിർദ്ദേശം കൊടുത്താൽ മാത്രമേ അവിടെ പ്രശ്നമുള്ളൂ. നമ്മുടെ പേരിൽ ഒന്നും ചെയ്യാൻ പറ്റില്ല. കാരണം രാജ്യത്ത് ഒരുപാട് നിർമ്മാണം നടക്കുകയാണ്. ഈ പാലം അല്ലാതെ ഒരു പാലവും പ്രശ്നമില്ല. സമയക്കുറവുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. എത്രയുംവേഗം സുപ്രീംകോടതിയുടെ തീരുമാനം നടപ്പിലാക്കാം. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു പ്രശ്നവുമില്ല. നല്ല പാലം അവിടെ പണിയണം എന്നുമാത്രമേയുള്ളൂ.

## (5) ചേലക്കാട്ടുകുളങ്ങര - വലിയതറക്കടവ് പാലം നിർമ്മാണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കുന്നത്തൂർ, കരുനാഗപ്പള്ളി എന്നീ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വളരെ വർഷങ്ങൾ പഴക്കമുള്ള ഒരു വിഷയമാണ്. പള്ളിക്കൽ ആറിന് കുറുകെ ചേലക്കാട്ടുകുളങ്ങര-വലിയ തറക്കടവ് പാലം നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രണ്ട് വർഷങ്ങൾക്കുമുമ്പ് ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കുറേ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. അതിർത്തി നിർണ്ണയിച്ചുകൊണ്ടുള്ള കല്ലിടീൽ നടന്നു. അപ്പുറത്തു മിപ്പുറത്തുമുള്ള ഭൂവുടമകളെ വിളിച്ചുവരുത്തി തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കരുനാഗപ്പള്ളിയിൽനിന്നും ശാസ്താംകോട്ടയിലേയ്ക്കും കൊട്ടാരക്കരയിലേയ്ക്കും പുനലൂരിലേയ്ക്കും കരുനാഗപ്പള്ളിയിൽനിന്നും ശാസ്താംകോട്ട-അടൂർ-പത്തനംതിട്ട മേഖലകളിലേയ്ക്കും എളുപ്പം പോകാൻകഴിയുന്ന ഒരു മാർഗ്ഗമാണിത്. ഇപ്പോഴുള്ള ബഡ്ജറ്റിൽ 464-ാം നമ്പരായി അത് ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന് ടോക്കൺ പ്രൊവിഷൻ മാത്രമേയുള്ളൂ. അതുകൊണ്ട് വളരെ പഴക്കമുള്ള ഈ വിഷയം വളരെ അടിയന്തരമായി പരിഹരിക്കുന്നതിന്, പള്ളിക്കൽ ആറിന് കുറുകെ ഒരു പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ അങ്ങ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിന് അഡീഷണൽ ആതറൈസേഷൻ അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ പറഞ്ഞ ചേലക്കാട്ടുകുളങ്ങര-വലിയതറക്കടവ് പാലത്തിന് 2013-14-ലെ ബഡ്ജറ്റിലുണ്ടായിരുന്നത് 100 രൂപ ടോക്കൺ പ്രൊവിഷനാണെങ്കിലും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി അതിർത്തി കല്ലുകളിട്ടു. 2018-19-ൽ ലാൻഡ് അക്വിസിഷൻ നടപടി തുടങ്ങാൻ റവന്യൂ അധികാരികൾ പോയപ്പോൾ അവിടെ കല്ലുകളൊന്നും കാണാനില്ല; ആരോ കൊണ്ടുപോയി. ഇതുപോലെ കരമന-കളിയിക്കാവിളയിലെ കല്ലും ആരോ എടുത്തുകൊണ്ടുപോയി. അതുകൊണ്ട് വീണ്ടും കല്ലിടണം. " So laying boundary stones to various bridges under Bridges Sub division, Kollam" എന്ന പ്രോജക്ടിൽപ്പെടുത്തി കല്ല് പുനഃസ്ഥാപിക്കാൻ എം.എൽ.എ.-യും റവന്യൂ അധികാരികളും സൈറ്റിലെത്തിയപ്പോൾ നാട്ടുകാർ എതിർത്തു, കല്ല് സ്ഥാപിക്കാൻ കഴിഞ്ഞില്ല. നിലവിൽ പാലത്തിന്റെ റീ-ഡിസൈൻ കിട്ടി. പക്ഷെ, ബഡ്ജറ്റിൽ പ്രൊവിഷനില്ല. അതുകൊണ്ട് ബഡ്ജറ്റിൽ ആവശ്യമായ തുക 20 ശതമാനമായാലും അത് വകയിരുത്താൻ കഴിഞ്ഞാൽ പാലം നിർമ്മിക്കാൻ കഴിയും. ഇപ്പോൾ നാട്ടുകാരുടെ എതിർപ്പൊക്കെ അവസാനിച്ച് കാണുമെന്ന് കരുതുന്നു.

## (6) കേരള സ്റ്റാമ്പ് ആക്ട്

ശ്രീ. എം. ഉമ്മർ: സർ, 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ സെക്ഷൻ 45(ബി) അനുസരിച്ച് പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 320/18 പ്രകാരം സംസ്ഥാനത്ത് രജിസ്ട്രേഷനിലുണ്ടായിട്ടുള്ള അണ്ടർ വാല്യുവേഷൻ കേസ്സുകൾ 1-1-1986 മുതൽ 31-3-2019 വരെ ഈടാക്കുന്നതിന് പൊതുജനങ്ങൾക്ക് നോട്ടീസ് നൽകിയിരിക്കുകയാണ്. മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുമാത്രം ആയിരത്തിയഞ്ഞൂറിലധികം കേസ്സുകൾക്കാണ് ഇപ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. 45 (ബി) വകുപ്പുപ്രകാരം ഉദ്യോഗസ്ഥർ നോട്ടീസ് നൽകിയ നടപടിക്രമം ശരിയാണ്. എന്നാൽ 2019-ലെ ധനകാര്യ ബില്ലിൽ 1959-ലെ സ്റ്റാമ്പ് ആക്ടിന് 33(എ) എന്നൊരു പുതിയ വകുപ്പ് കൂട്ടിച്ചേർത്തു. അതുപ്രകാരം 45 (ബി) വകുപ്പനുസരിച്ച് തുക ഒടുക്കാത്ത വ്യക്തിയുടെ ആധാരങ്ങൾ അസ്ഥിരപ്പെടുത്താൻ വ്യവസ്ഥയുണ്ട്. എന്നാൽ 33(എ) വകുപ്പിന്റെ ക്ലിപ്തനിയമപ്രകാരം Provided എന്നുപറയുന്നു. ഇത്തരം അസ്ഥിരപ്പെടുത്തൽ 10 വർഷത്തിലധികരിച്ച രജിസ്ട്രേഷനുകൾക്ക് ബാധകമല്ലെന്ന് കഴിഞ്ഞ ധനകാര്യ ബില്ലിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രായോഗികമായി 21 വർഷം മുമ്പുവരെയുള്ള കേസ്സുകൾക്ക് ഓഫീസിൽനിന്നും നോട്ടീസ് അയച്ചു കൊണ്ടിരിക്കുന്നത് നിയമസഭ പാസ്സാക്കിയ നിയമത്തിന് വിരുദ്ധമാണ്. ഇരുപത്തിയൊന്ന് വർഷം മുമ്പ് നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിനുമേൽ കൊടുത്തിട്ടുള്ള ആധാരത്തിന് നൽകിയ നോട്ടീസാണ് എന്റെ കൈവശമിരിക്കുന്നത്. ഇരുപത്തിയൊന്ന് വർഷങ്ങൾക്കുമുമ്പ് രജിസ്റ്റർ ചെയ്ത ആധാരത്തിന് ഇപ്പോൾ ഇത്ര തുക അടയ്ക്കണമെന്ന് നോട്ടീസ് അയച്ചിരിക്കുകയാണ്. ഇത് നമ്മൾ പാസ്സാക്കിയ നിയമത്തിന് വിരുദ്ധമാണ്. പ്രളയത്തിന്റെയും പൗരത്വ ഭേദഗതി നിയമത്തിന്റെയും പേരിൽ ജനങ്ങൾ ആശങ്കയിലായിരിക്കുന്നതിനിടെയാണ് 21 വർഷം മുമ്പ് രജിസ്റ്റർ ചെയ്ത സ്വന്തം പുരയിടത്തിന്റെ രജിസ്ട്രേഷനിൽ വ്യത്യാസം വരുന്നതിനാൽ വീണ്ടും ആയിരക്കണക്കിന് രൂപ നികുതിയടയ്ക്കണമെന്ന നോട്ടീസ് വന്നത്. ഇത് പൊതുജനങ്ങൾക്ക് വലിയ പ്രയാസമുണ്ടാക്കുന്നു. ഇത് നിയമസഭ പാസ്സാക്കിയ നിയമത്തിന് വിരുദ്ധമാണ്. ഇക്കാര്യം പരിശോധിച്ച് പത്ത് വർഷം മുമ്പയച്ച നോട്ടീസുകൾ നിർത്തലാക്കണമെന്നും ഇനി ഇത്തരത്തിൽ നോട്ടീസ് അയയ്ക്കാതിരിക്കാനും അയച്ച നോട്ടീസുകൾ പിൻവലിക്കാനും വേണ്ട നിർദ്ദേശം നൽകണമെന്നുമാണ് എനിക്ക് അഭ്യർത്ഥി ക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, രജിസ്ട്രേഷൻ നിയമപ്രകാരം അണ്ടർ വാല്യുവേഷൻ നടത്തിയ വസ്തുവകകൾക്ക് ശരിയായ വില പുനർനിർണ്ണയിച്ച് നോട്ടീസ് നൽകി ഈടാക്കുന്നതും വാല്യുവേഷൻ നടത്തി രജിസ്റ്റർ ചെയ്തുകഴിഞ്ഞശേഷം എന്തെങ്കിലും പാകപ്പിഴകൊണ്ട് ഗവൺമെന്റിലേയ്ക്ക്

അടയ്ക്കാത്തതുമായ തുക വീണ്ടും സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് മന്ത്രിമാരല്ല. അത് നിയമപ്രകാരം നടക്കുന്ന കാര്യങ്ങളാണ്. കേരള സ്റ്റാമ്പ് ആക്ടിലെ വകുപ്പ് 45-ഉം 45(ബി)-യും33 (എ)-യും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ല. അത് പ്രയോഗത്തിൽ വന്നിരിക്കുന്ന വകുപ്പുകളാണ്. കേരള മുദ്രപ്പത്ര ആക്ടിലെ 45(ബി) വസ്തുവിന്റെ വില കുറച്ചുവച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുതിലുള്ള റവന്യൂ നഷ്ടം ഈടാക്കാൻവേണ്ടിയുള്ളതാണ്. 45(ബി) പ്രകാരം അണ്ടർ വാല്യുവേഷൻ നടപടി സ്വീകരിക്കുന്നതിന് ആധാരത്തിലെ പ്രതിഫലം ശരിയായി രേഖപ്പെടുത്തിയില്ലെന്ന് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് വിശ്വസിക്കാൻ കാരണമുണ്ടായിരിക്കണം. രജിസ്റ്റർ ചെയ്തശേഷം ശരിയായ വിലനിർണ്ണയത്തിനായി ജില്ലാ രജിസ്ട്രാർക്ക് അത് റഫർ ചെയ്യുന്നു. വില നിർണ്ണയിച്ചതിനുശേഷം കുറവ് മുദ്രവിലയടയ്ക്കാൻ ആധാരകക്ഷിക്ക് നോട്ടീസ് നൽകും. എന്നിട്ടും പണം അടയ്ക്കുന്നില്ലെങ്കിൽ വീണ്ടും നോട്ടീസ് നൽകും. അന്തിമ ഉത്തരവ് നൽകിയിട്ടും പണമടയ്ക്കാത്ത കേസ്സുകൾ വീണ്ടും നോട്ടീസ് അയയ്ക്കുന്നതിന് ചട്ടങ്ങളിലോ ആക്ടുകളിലോ തടസ്സമൊന്നുമില്ല. സ്വമേധയാ ജില്ലാ രജിസ്ട്രാർക്ക് അണ്ടർ വാല്യുവേഷൻ നടപടി സ്വീകരിക്കാം. പക്ഷെ അത് ആധാരം രജിസ്റ്റർ ചെയ്ത് അഞ്ച് വർഷത്തിനുള്ളിലായിരിക്കണം. കേരള മുദ്രപ്പത്ര ആക്ടിലെ 45 വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് The Kerala Stamp (Prevention of Under valuation of Instruments) Rules, 1968 പ്രകാരം ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. കേരള മുദ്രപ്പത്ര ആക്ടിലെ വകുപ്പ് 33(എ) അണ്ടർ വാല്യുവേഷനുമായി നേരിട്ട് ബന്ധമുള്ളതല്ല, അതിൽ ആധാരവില പുതുക്കി നിശ്ചയിക്കുന്നില്ല. വീണ്ടും വാല്യൂ ചെയ്യുന്നതേയുള്ളൂ. രജിസ്റ്റർ ചെയ്ത ഡോക്യുമെന്റിൽ പേമെന്റ് വീട്ടുപോകുകയോ മറ്റ് അപാകതയുണ്ടാവുകയോ ചെയ്താൽ അത് തിരുത്തുന്നതിന് അധികാരികളെ ആതറൈസ് ചെയ്യുന്നതാണ് 33 (എ). അത് ആധാരത്തിൽ പറഞ്ഞ മുദ്രവില വാങ്ങാതെ മറ്റ് തരത്തിൽ അടച്ചുപോയെങ്കിൽ ആ കുറവ് പരിഹരിക്കുക തുടങ്ങിയവ അടക്കമുള്ള കാര്യങ്ങളാണ്. രജിസ്ട്രേഷൻ പൂർത്തിയായ ആധാരം ബന്തവസ്സ് ചെയ്യുന്നതിനാണ് ടി വകുപ്പ് ഉപയോഗിക്കപ്പെടുന്നത്. അപ്രകാരമുള്ള നടപടി വകുപ്പ് 33(എ) പ്രകാരം ആധാരത്തിന്റെ പ്രതിഫലം, മൂല്യം, വില എന്നിവയ്ക്കൊന്നും പുതിയതായി നിശ്ചയിക്കുന്നില്ല. അപാകതകളോ നോട്ടക്കുറവോ ഉണ്ടെങ്കിൽ പരിഹരിക്കൽ മാത്രമാണ് ഉദ്ദേശ്യം. ആധാരം രജിസ്റ്റർ ചെയ്ത് പത്ത് വർഷത്തിനുള്ളിൽ അതടയ്ക്കാൻ ആധാരകക്ഷിക്ക് നോട്ടീസ് നൽകാവുന്നതാണ്. പത്ത് വർഷത്തിനുമുമ്പ് രജിസ്റ്റർ ചെയ്ത ആധാരങ്ങൾക്ക് നടപടി സ്വീകരിക്കാൻ ഇപ്പോൾ കഴിയില്ല. ഇവ രണ്ടും തമ്മിൽ പരസ്പരം ബന്ധമുള്ളതല്ല. ഒന്നിന് പകരമുള്ളതല്ല മറ്റേത്, രണ്ടും രണ്ടാണ്. ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. അത് നിർത്തിവയ്പ്പിക്കാൻ മന്ത്രിക്ക് അധികാരമില്ല. നിയമം ഭേദഗതി ചെയ്യാൻ മാത്രമേ സാധിക്കൂ.

## (7) റോഡ് നിർമ്മാണം

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, കേരളത്തിലെ റോഡ് വികസനത്തിൽ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ പ്രശംസനീയമാണ്. കുഴികളില്ലാത്ത റോഡിലൂടെ സഞ്ചരിക്കുകയെന്ന ജനങ്ങളുടെ ഏറെക്കാലമായ ആഗ്രഹം ഇന്ന് യാഥാർത്ഥ്യമായിരിക്കുന്നു. ഇച്ഛാശക്തിയുള്ള മന്ത്രിയുടെയും ഗവൺമെന്റിന്റെയുമെല്ലാം ഇടപെടലിന്റെ ഫലമായാണ് ഇത് സാധ്യമായത്. ശബരിമല തീർത്ഥാടകർക്കും പത്തനംതിട്ട ജില്ലയിലെ മലയോര മേഖലയിലെ ജനങ്ങൾക്കുമെല്ലാം ഏറെ സഹായകരമാകുന്ന നിർദ്ദിഷ്ട പ്ലാപ്പള്ളി - അച്ചൻകോവിൽ റോഡുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. തമിഴ്നാട്ടിലെ തെങ്കാശി - ചെങ്കോട്ട നഗരങ്ങളുമായി ആ മേഖലയിലെ ആളുകൾക്ക് ബന്ധപ്പെടാൻ ഈ റോഡ് ഏറെ ഉപകാരമാകും. ഇതിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വസ്തുതാപരമായ കാര്യമാണ്. അച്ചൻകോവിൽ-പ്ലാപ്പള്ളി റോഡ് അച്ചൻകോവിലിനെയും പ്ലാപ്പള്ളിയെയും ബന്ധിപ്പിക്കുന്നതാണ്. മേക്കര-അച്ചൻകോവിൽ-കല്ലേലി-എലിയറയ്ക്കൽ - കോന്നി - തണ്ണിത്തോട്- ചിറ്റാർ - സീതത്തോട് - വാലുപാറ -ആങ്ങമൂഴി എന്നീ മലയോര പ്രദേശങ്ങളിലൂടെ കടന്നു പോകുന്ന 104 കിലോമീറ്റർ ദൈർഘ്യമുള്ള ശബരിമല തീർത്ഥാടകർക്ക്, പ്രത്യേകിച്ചും തമിഴ്നാട്ടിൽനിന്നും വരുന്നവർക്ക് വളരെ പ്രയോജനപ്പെടുന്ന റോഡാണിത്. കോന്നി-പുനലൂർ നിയോജകമണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്ന ടി റോഡിന്റെ നവീകരണത്തിന് 2017-18-ൽ കിഫ്ബിയിൽ 25 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗവൺമെന്റ് ഉത്തരവ് 2017 ജൂലൈ മാസത്തിൽ തന്നെ പുറപ്പെടുവിക്കുകയും ആ വർഷത്തിൽത്തന്നെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും ചെയ്തു. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പൂർണ്ണമായ സർവ്വേയും ഇൻവെസ്റ്റിഗേഷനും വേണമായിരുന്നു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ട് പാലങ്ങൾ അവിടെ പുനർനിർമ്മിക്കേണ്ടതുണ്ട്. അതിന്റെ ഡിസൈൻ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയാക്കി ഡി.പി.ആർ. ഫൈനലൈസ് ചെയ്യുന്ന മുറയ്ക്ക് കിഫ്ബി ഡയറക്ടർ ബോർഡിൽവച്ച് പാസ്സാക്കി റോഡ് ഫണ്ട് ബോർഡ് വഴി ടെണ്ടർ ചെയ്ത് പണി ആരംഭിക്കാവുന്നതാണ്.

## (8) കൂലി നൽകുന്നതിലെ കാലതാമസം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. സംസ്ഥാനത്താകെ 3626715 കുടുംബങ്ങൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നഗര ജനസംഖ്യ ഇതിലുൾപ്പെടില്ല. ഇരുപത് ലക്ഷത്തിൽപ്പരം കുടുംബങ്ങൾ ഇതിൽ ആക്ടീവാണ്. ഇവരുടെ വേതനം രണ്ട് വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. 271 രൂപയാണ് അവർക്ക് ഇന്ന് വേതനമായി ലഭിക്കുന്നത്. ജീവിത വിലസൂചികയിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് വരുമാനത്തിലും മാറ്റം വന്നില്ലെങ്കിൽ ജീവിതക്ലേശം വർദ്ധിക്കും. ഇന്ന് ലഭിക്കുന്ന തുച്ഛമായ വേതനംപോലും കേന്ദ്രം ആറ് മാസത്തോളം കുടിശ്ശിക വരുത്തിക്കൊണ്ടിരിക്കുകയാണ്. ദാരിദ്ര്യ ലഘൂകരണത്തിനായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി, ഈ രംഗത്ത് തൊഴിലെടുക്കുന്നവരുടെ വേതനത്തിൽ ദീർഘമായ കാലയളവിൽ കുടിശ്ശിക വരുത്തുന്നത് ഗ്രാമീണ ജീവിതം കൂടുതൽ ദുരിതപൂർണ്ണ മാക്കുകയാണ്. പ്രളയകാല കെടുതികളെ നേരിടാൻ നൂറിൽനിന്ന് നൂറ്റിയൻപത് ദിവസമായി തൊഴിൽദിനം വർദ്ധിപ്പിക്കാനും സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് വേതനം മുൻകൂർ കൊടുക്കാനും നൂറ് ദിവസം തൊഴിലെടുക്കുന്നവർക്ക് ഇരുന്നൂറ് ദിവസമായി വർദ്ധിപ്പിക്കാനും സംസ്ഥാന ഗവൺമെന്റെടുത്ത തീരുമാനം അഭിനന്ദനീയമാണ്. തൊഴിൽദിനം 200 ദിവസമായി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ഈ ഇനത്തിൽ കഴിഞ്ഞ വർഷത്തെ തുകപോലും 2020-21-ലെ കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. 9,500 കോടി രൂപ വെട്ടിക്കുറച്ചിരിക്കുകയാണ്. ഇത് കേരളത്തിന്റെ വിഹിതം കുറയാനുള്ള സാധ്യതയുണ്ട് എന്ന ആശങ്കയിലാണ് കേരളം. കാർഷിക-ക്ഷീര മേഖലകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. എങ്കിൽമാത്രമേ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. കേന്ദ്രം കേരളത്തിന് നൽകുന്ന ഗൈഡ്‌ലൈൻ മാറിയാൽ മാത്രമേ തൊഴിൽദിനം കൂടുതൽ വർദ്ധിപ്പിക്കാനാകുകയുള്ളൂ. അയ്യങ്കാളി നഗര പദ്ധതിയിലെ തുക 75 കോടി രൂപയിൽനിന്നും 100 കോടി രൂപയായി വർദ്ധിപ്പിച്ചത് നല്ല കാര്യമാണ്. നഗരങ്ങളിൽ ഇത് നടപ്പിലാക്കാൻ അർബൻ ഡിപ്പാർട്ട്മെന്റിനെ ശക്തമായി ഉപയോഗിക്കേണ്ടതുണ്ട്. ഇക്കാര്യത്തിലുള്ള ആശങ്ക അകറ്റാൻ നടപടി സ്വീകരിക്കണം.

11.00 A.M.]

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം പ്രവൃത്തി പൂർത്തീ കരിച്ച് രണ്ടാഴ്ചയ്ക്കകം തൊഴിലാളികൾക്ക് വേതനം ലഭിക്കാൻ അർഹതയുണ്ട്.

സമയബന്ധിതമായി വേതനം ലഭ്യമാകുന്നതിലേയ്ക്കുവേണ്ടി സംസ്ഥാനത്ത് ഗ്രാമ പഞ്ചായത്തുകളിൽ 97 ശതമാനം മസ്റ്റർറോളുകളും ആദ്യ 8 ദിവസത്തിനകം നടപടികൾ പൂർത്തിയാക്കി എം.ഐ.എസ്.-ൽ രേഖപ്പെടുത്തിവരുന്ന സ്ഥിതിയാണുള്ളത്. തുടർന്ന് സമയബന്ധിത വേതന നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. എന്നാൽ കേന്ദ്ര സർക്കാർ കൈകാര്യം ചെയ്യുന്ന രണ്ടാം ഘട്ടത്തിൽ തൻവർഷം 22.01 ശതമാനം മസ്റ്റർറോളുകൾ മാത്രമാണ് 15 ദിവസത്തിനകം വേതനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയത്. ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ വിദഗ്ധ തൊഴിലാളികൾക്കുള്ള വേതനം കേന്ദ്ര സർക്കാർ അനുവദിച്ചതും കുടിശ്ശിക കാലയളവും ചുവടെ പറയും പ്രകാരമാണ്.

8-4-2019-ൽ 5 മാസത്തെ കുടിശ്ശികയായി 1,511.72 കോടി രൂപ, 4-7-2019-ൽ അനുവദിച്ചത് 235.59 കോടി രൂപ, 22-7-2019-ൽ 105 കോടി രൂപ, 5-8-2019-ൽ 42.47 കോടി രൂപ. ഈ മൂന്ന് തുകകളും മൂന്ന് മാസത്തെ കുടിശ്ശികയ്ക്ക് മൂന്ന് ഘട്ടങ്ങളിലായി നൽകിയതാണ്. 7-1-2020-ന് 295 കോടി രൂപ 5 മാസത്തെ കുടിശ്ശികയായി നൽകിയതാണ്. 20-1-2020-ന് 4 മാസത്തെ കുടിശ്ശികയായി 832.38 കോടി രൂപയും 3-2-2020-ന് 4 മാസത്തെ കുടിശ്ശിക 62 കോടി രൂപയും അനുവദിക്കുകയുണ്ടായി. പ്രവൃത്തി പൂർത്തിയാക്കി രണ്ടാഴ്ചയ്ക്കുള്ളിൽ വേതനം വിതരണം നടത്തണമെന്നിരിക്കെ ഇക്കാര്യത്തിൽ വലിയ കാലവിളംബമാണ് കേന്ദ്രസർക്കാരിൽ നിന്നുണ്ടാകുന്നത്. 3-2-2020-ൽ അനുവദിക്കപ്പെട്ട 62.71 കോടി രൂപയടക്കം 25-1-2020 വരെ വിതരണം ചെയ്യാനുള്ള വേതനമാണ് ലഭ്യമായിട്ടുള്ളത്. അതുപോലെ പ്രവൃത്തിയിൽ ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ പണം സമയബന്ധിതമായി കേന്ദ്ര സർക്കാർ അനുവദിക്കാത്ത സാഹചര്യവുമുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന സാധനഘടകം, ഫണ്ടിന് ആനുപാതിക സംസ്ഥാന വിഹിതം, പദ്ധതി പ്രവർത്തനത്തിന് തടസ്സമാകാത്ത തരത്തിൽ റിലീസ് ചെയ്തുവരുന്നുണ്ട്. ഈ ഇനത്തിൽ നിലവിൽ 175 കോടി രൂപയുടെ കുടിശ്ശികയുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും സമയബന്ധിതമായി തൊഴിലാളികൾക്കുള്ള വേതനം ലഭ്യമാകാത്തതും സാധനഘടകം തുക ലഭ്യമാകാത്തതും പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭ്യമാകാൻ വൈകുന്ന സാഹചര്യങ്ങളിലെല്ലാം സമയബന്ധിതമായി ഫണ്ട് റിലീസ് ആവശ്യപ്പെട്ട് ആവശ്യമായ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വകുപ്പുമന്ത്രി, അഡീഷണൽ ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ളവർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്തുകയും ബഹുമാനപ്പെട്ട പാർലമെന്റംഗങ്ങൾ ഈ വിഷയം പാർലമെന്റിൽ ഉന്നയിച്ചിട്ടുള്ളതുമാണ്. ഇത്തരത്തിൽ സർക്കാർ സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായിട്ടാണ് നാല് മാസങ്ങൾക്കുശേഷം ഏകദേശം 900

കോടി രൂപ വേതന ഇനത്തിൽ ലഭ്യമാക്കി 2020 ജനുവരി 25 വരെയുള്ള വേതനം വിതരണം നടത്താൻ കഴിഞ്ഞിട്ടുള്ളത്. ഇപ്പോൾ 13 ജില്ലകൾക്കായി ജനുവരി മാസം 31-നാണ് 50 ദിവസത്തെ അധീഷണലായിട്ടുള്ള തൊഴിൽ അനുവദിച്ചു കൊണ്ട് ഉത്തരവിറങ്ങിയിട്ടുള്ളത്. 60 ദിവസമാണ് നമുക്ക് പ്രവൃത്തി നടത്താൻ ആകെയുള്ളത്. നേരത്തെ നൽകാതെ വച്ചുതാമസിപ്പിച്ച് ഈ പദ്ധതി നടത്താതിരിക്കാൻ കഴിയുന്ന രീതിയിലാണ് 50 ദിവസം അനുവദിച്ചിട്ടുള്ളത്. എന്നാലും തീവ്രമായ പരിശ്രമം നടത്തി പരമാവധി തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണ്.

## (9) ചുമർ ചിത്രങ്ങളുടെ സംരക്ഷണം

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഏറ്റുമാനൂർ ശിവക്ഷേത്രത്തിലെ ചുമർ ചിത്രങ്ങളുടെ അപൂർവ്വത ആദ്യമായി തിരിച്ചറിഞ്ഞതും ലോകശ്രദ്ധയിൽ കൊണ്ടു വന്നതും 1913-ൽ പ്രശസ്ത കലാനിരൂപകനായ ആനന്ദകുമാര സ്വാമിയാണ്. ദ്രാവിഡ ചിത്രകലയുടെ ഏറ്റവും പഴക്കമേറിയതും ഉത്തമവുമായ നിദർശനമാണ് ഈ ചിത്രങ്ങളെന്നാണ് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്. അദ്ദേഹത്തെത്തുടർന്ന് നിരവധി കലാനിരൂപകർ ഈ ചുമർ ചിത്രങ്ങളുടെ പ്രാധാന്യം അടിവരയിട്ട് പറഞ്ഞിട്ടുണ്ട്. ലോകത്ത് മറ്റെവിടെയാണെങ്കിലും മുൻഗണന നൽകി ഈ ചിത്രങ്ങൾ സംരക്ഷിക്കപ്പെടുന്നതാണ്. ഈ ക്ഷേത്രത്തിന്റെ ചുമരുകളിലുള്ള കേരളത്തിന്റെ അഭിമാനമായ കലാപാരമ്പര്യം വിളിച്ചോതുന്ന ചിത്രങ്ങൾ ദൗർഭാഗ്യവശാൽ അവഗണനമൂലം നശിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി മുൻഗണന കൊടുത്ത് ഈ ചിത്രങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിന്റെ ഉജ്ജ്വലമായ കലാപാരമ്പര്യം സംരക്ഷിക്കപ്പെടുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കോട്ടയം ജില്ലയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള സുപ്രസിദ്ധമായ പ്രദോഷ നൃത്തം/ശിവതാണ്ഡവം കേരളത്തിലെ ഏറ്റവും പ്രശസ്തമായ ചുമർചിത്രങ്ങളിലൊന്നാണ്. പുരാതനമായ ശ്രീപത്മനാഭ സ്വാമിക്ഷേത്രം ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള ചുമർചിത്രങ്ങൾ പൈതൃക സ്വത്തുക്കളായി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. നമ്മുടെ സാംസ്കാരിക പാരമ്പര്യം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഏറ്റുമാനൂർ ക്ഷേത്രത്തിലെ നൂറ്റാണ്ടുകൾ പഴക്കമുള്ളതും ലോകപ്രശസ്തവുമായ ചുമർ ചിത്രങ്ങൾ

തനിമയോടെ സംരക്ഷിക്കുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. നാശോന്മുഖവും വാസ്തുശിൽപ്പ ഭംഗിയുള്ളതുമായ അമ്പലങ്ങൾ പഴമയിൽ പുനരുദ്ധരിക്കുന്നതിന് 'തത്വമസി' എന്നൊരു പദ്ധതി ആവിഷ്കരിക്കുന്നതാണെന്ന് ഇത്തവണത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഏറ്റുമാനൂർ ശിവക്ഷേത്രത്തിലെ നൂറ്റാണ്ടുകൾ പഴക്കമുള്ളതും ലോകപ്രശസ്തവുമായ ചുമർ ചിത്രങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ പ്രത്യേക പരിഗണന നൽകുന്നതാണ്.

## (10) കുടിശ്ശിക നിവാരണം

ശ്രീ. അനിൽ അക്കര: സർ, സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ ഏറ്റവും മാതൃകാപരമായി കാലങ്ങളായി നടന്നുവരുന്ന ഒരു വലിയ പദ്ധതിയാണ് നവകേരളം കുടിശ്ശിക നിവാരണ ക്യാമ്പയിൻ. അത് ജനുവരി മാസം 1-ാം തീയതി മുതൽ ഫെബ്രുവരി 29-ാം തീയതി വരെയാണ് നടക്കുന്നത്. പ്രത്യേകിച്ച്, സാമ്പത്തിക മാന്ദ്യത്തിന്റെ കാലഘട്ടത്തിൽ, കച്ചവടരംഗമൊക്കെ വലിയ പ്രശ്നങ്ങളിൽ നിൽക്കുന്ന ഈ സന്ദർഭത്തിൽ, ഇത്തരത്തിലുള്ള വൺടൈം സെറ്റിൽമെന്റുകൾ വളരെ ഉപകാരപ്രദമാണ്. സ്വാഭാവികമായും സാധാരണ വായ്പകളൊക്കെ അവിടെ ഒത്തുതീർപ്പാക്കുന്നുണ്ട്. സർക്കാരിന്റെ വിശദീകരണത്തിൽ എല്ലാ വായ്പാ ഒത്തുതീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇപ്പോൾ സഹകരണ ബാങ്കുകളിൽ വൺടൈം സെറ്റിൽമെന്റിലൂടെ സാധാരണ തരത്തിലുള്ള വായ്പകളൊക്കെ ഒത്തുതീർപ്പാക്കുന്നുണ്ട്. വ്യാപാരികളൊക്കെ കൂടുതലായി ആശ്രയിക്കുന്നത് ഒ.ഡി.(ഓവർഡ്രാഫ്റ്റ്) ആണ്. പല ബാങ്കുകളിലും ഈ ആവശ്യവുമായി ചെല്ലുന്ന സമയത്ത് മുതൽ മുഴുവൻ അടയ്ക്കുകയും പിന്നീട് ഒത്തുതീർപ്പ് വ്യവസ്ഥയിലേയ്ക്ക് സംസ്ഥാന സർക്കാരിന്റെ സമിതി പരിശോധിക്കുമെന്നുപറഞ്ഞ് വൺടൈം സെറ്റിൽമെന്റ് ഓവർഡ്രാഫ്റ്റ് വായ്പകൾക്ക് (ഒ.ഡി. വായ്പകൾ) പല സഹകരണ സംഘങ്ങളിലും നടപ്പിലാക്കാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഈ പദ്ധതിയുടെ എല്ലാതരത്തിലുള്ള ഗുണങ്ങളും സാധാരണക്കാരായ ആളുകൾക്കും ലഭിക്കുന്ന തരത്തിൽ ഒ.ഡി. വായ്പകൾ കൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലുൾപ്പെടുത്തുന്നതിന്റെ ആവശ്യകതയിലേക്കാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഒ.ഡി. വായ്പ ചെറുകിട വ്യാപാരികൾക്കൊക്കെ ഏറെ ഗുണപ്രദമാണ്. ഒ.ഡി. വായ്പകൾക്കുള്ള സെറ്റിൽമെന്റ് ചില സംഘങ്ങളിൽ നടക്കുന്നില്ല. അതിന് പ്രത്യേക നിർദ്ദേശം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പ്രാഥമിക സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയുടെ കുടിശ്ശിക കുറയ്ക്കുന്നതിനും സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നൊഴിവാകുന്നതിന് അവസരമൊരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്തെ സഹകരണ മേഖലയിൽ 'നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2020' ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ കാലാവധി 2020 ജനുവരി 1 മുതൽ ഫെബ്രുവരി 29 വരെയാണ്. പ്രസ്തുത പദ്ധതിയിൽ 2019 ഡിസംബർ 31 വരെ പൂർണ്ണമായോ ഭാഗികമായോ കുടിശ്ശികയായ വായ്പകൾ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സ്വർണ്ണപ്പണയ വായ്പ, നിക്ഷേപത്തിന്മേലുള്ള വായ്പ എന്നിവ മാത്രമാണ് ഈ പദ്ധതിയിൽ നിന്നൊഴിവാക്കിയിട്ടുള്ളത്. 29-11-2019-ന് 13 ജില്ലാ സഹകരണ ബാങ്കുകൾ ലയിച്ച് ഒന്നായി മാറിയ കേരള ബാങ്ക് 2020 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ നടത്തുന്ന കുടിശ്ശിക നിവാരണ പദ്ധതിയിലും ഓവർഡ്രാഫ്റ്റ് വായ്പകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് നടത്തുന്ന കുടിശ്ശിക നിവാരണ പദ്ധതിയിലും ഒ.ഡി. വായ്പകൾ ഉൾപ്പെടുത്തി യിട്ടുണ്ട്. ഏതെങ്കിലും ബാങ്കുകൾ അത് നൽകാതിരിക്കുകയാണെങ്കിൽ അക്കാര്യം പ്രത്യേകം പരിശോധിക്കേണ്ട കാര്യമാണ്.

## VII ക്രമപ്രശ്നം

### ബഡ്ജറ്റിലെ തിരുത്ത്

ശ്രീ. എം. ഉമ്മർ: സർ, 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 7-2-2020-ൽ നടത്തിയ പ്രസംഗത്തിലും അതിനുശേഷം അച്ചടിച്ച് വിതരണം ചെയ്ത ബഡ്ജറ്റ് പ്രസംഗത്തിന്റെ ആറാമത്തെ ഖണ്ഡികയിലും 'ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 130 അനുസരിച്ച് കേരള സർക്കാർ കേന്ദ്ര സർക്കാരിനെതിരെ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു' എന്നാണ് പരാമർശിക്കുന്നത്. ആർട്ടിക്കിൾ 130-ൽ ഹൈക്കോടതി സിറ്റിംഗ് നടത്തേണ്ട ആസ്ഥാനത്തെക്കുറിച്ചാണ് പറയുന്നത്. എന്നാൽ സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാരിനെതിരെ കേസ് ഫയൽ ചെയ്യുന്ന തിനുള്ള അധികാരം ആർട്ടിക്കിൾ 131-ലാണുള്ളത്. സുപ്രധാന രേഖയായ ബഡ്ജറ്റിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിലും ഇങ്ങനെ ആർട്ടിക്കിൾ 130 പ്രകാരം കേന്ദ്ര സർക്കാരിനെതിരെ സംസ്ഥാന ഗവൺമെന്റ് കേസ് ഫയൽ ചെയ്തു എന്നുപറയുന്നത് misquote ചെയ്തതാണ്. നമ്മുടെ പ്രധാനപ്പെട്ട രേഖ എന്നുള്ള നിലയ്ക്ക് അത് തിരുത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, മറുപടി പ്രസംഗത്തിൽ തിരുത്ത് പറയാം.

മി. സ്പീക്കർ: അച്ചടിച്ച് വിതരണം നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ വന്ന പിശക് തിരുത്തി erratum സർക്കുലേറ്റ് ചെയ്യുന്നതാണ്.

## VIII ധനകാര്യം

### 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. വി. ശശി): സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, അവതരിപ്പിച്ച 2020-2021-ലെ സംസ്ഥാന ബഡ്ജറ്റിനെ ഞാൻ സർവാത്മനാ സ്വാഗതം ചെയ്യുന്നു. നിയമസഭയിൽ ഈ ബഡ്ജറ്റ് ചർച്ചയ്ക്ക് തുടക്കംകുറിക്കാൻ അവസരം ലഭിച്ചതിൽ എനിക്ക് വളരെയേറെ സന്തോഷമുണ്ട്. സർജിക്കൽ സ്ട്രൈക്കിന്റെ കാര്യമാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. ശത്രുരാജ്യത്തിനെതിരെ നടത്തുന്ന ആക്രമണത്തിൽ അഭിമാനപൂർവ്വം ഇപ്പോൾ കേന്ദ്ര ഭരണാധികാരികൾ ഉയർത്തിക്കാട്ടുന്ന യുദ്ധ തന്ത്രമാണ് സർജിക്കൽ സ്ട്രൈക്ക്. അത് ശത്രുക്കളെ നശിപ്പിച്ചിട്ടുണ്ടോ, ശത്രുരാജ്യങ്ങളെ കീഴടക്കിയിട്ടുണ്ടോയെന്ന വിവരങ്ങളൊന്നും ഇതുവരെ പുറത്തുവന്നിട്ടില്ല. എങ്കിലും സർജിക്കൽ സ്ട്രൈക്ക് ഒരു വലിയ സംഭവമായി കേന്ദ്ര സർക്കാർ കരുതുന്നു. പലപ്പോഴും ശത്രുക്കളുടെമേലുള്ള ഫലപ്രദമായ യുദ്ധതന്ത്രമാണിതെന്ന് അവർ വിശ്വസിക്കുന്നു. 2020-2021 ധനകാര്യ വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റ് കേരള ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചപ്പോൾ കേന്ദ്ര സർക്കാരിന്റെ ഈ യുദ്ധതന്ത്രം എന്റെ ഓർമ്മയിൽ എത്തിയത് യാദൃശ്ചികമല്ല. നടപ്പുസാമ്പത്തിക വർഷം അനുവദനീയമായ വായ്പാ വിഹിതത്തിൽ 5,325 കോടി രൂപ മുന്നറിയിപ്പില്ലാതെ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു. അതിനുപുറമെ അവസാന പാദത്തിൽ ലഭിക്കുമായിരുന്ന വായ്പയായ 4,900 കോടി രൂപയിൽനിന്നും 3,000 കോടി രൂപയും വെട്ടിക്കുറച്ചു. ഫലത്തിൽ തിരിച്ചടവ് കഴിഞ്ഞാൽ അവസാനം മൂന്ന് മാസം അസൽ വായ്പാ സഹായം ലഭ്യമല്ലാതെ സർക്കാർ പ്രവർത്തിക്കണം. ഇതിനിടയിൽ ജി.എസ്.ടി. കുടിശ്ശിക മൂവായിരം കോടി രൂപ കടന്നു. മൊത്തം 8,330 കോടി രൂപയുടെ വിടവാണ് അവസാന മൂന്നുമാസം വരാൻ പോകുന്നത്. നെല്ല് സംഭരണത്തിന്റെ കേന്ദ്ര വിഹിതമായ 1,035 കോടി രൂപ തടഞ്ഞുവച്ചതും തൊഴിലുറപ്പ് പദ്ധതി കുടിശ്ശിക ആറ് മാസം വൈകിപ്പിച്ചതും 2019-ലെ പ്രളയദുരിതാശ്വാസ സഹായത്തിൽനിന്നും ഒഴിവാക്കിയതും ഈ സാമ്പത്തിക പ്രതിസന്ധി മൂർച്ഛിപ്പിക്കുകയാണ്. ജി.എസ്.ടി. കൗൺസിൽ നൽകിയ വാഗ്ദാനത്തിൽനിന്നും കേന്ദ്ര സർക്കാർ ഏകപക്ഷീയമായി പിൻവാങ്ങുകയും ചെയ്തു.

കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ ഫെബ്രുവരി ഒന്നിന് പാർലമെന്റിൽ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ് കേട്ടപ്പോൾ ഇതിന്റെ മർമ്മഭേദിയായ പ്രഹരം ഞെട്ടലോടെ നമ്മൾ തിരിച്ചറിഞ്ഞിരുന്നു. അടുത്ത ദശകത്തിലേയ്ക്കുള്ള ആദ്യ ബഡ്ജറ്റിൽ ഭാവനാപൂർണ്ണമായ ഒരു പരിഷ്കാരവും കേന്ദ്ര ധനമന്ത്രി നിർദ്ദേശിച്ചിട്ടില്ല. ദേശീയ സമ്പദ്ഘടന നേരിടുന്ന പ്രതിസന്ധികൾക്ക് പ്രതിരോധമൊന്നും ബഡ്ജറ്റിലില്ല. പക്ഷെ, പഴയ ഐ.എഫ്.എസ്.-കാരിയായ ധനമന്ത്രി കണക്കുകൂട്ടി ഒരു സർജിക്കൽ സ്ട്രൈക്ക് നടത്തി. അത് പ്രധാനമായും കേരളത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. ശത്രുരാജ്യത്തെയെന്നപോലെ കേരളത്തിനുമേൽ നടത്തിയ ഒരു കടന്നാക്രമണം. ജി.എസ്.ടി. നികുതി വിനിയോഗത്തിൽ കടുത്ത വിവേചനം നിലനിൽക്കെ കേന്ദ്ര വിഹിതം വെട്ടിക്കുറച്ചു. പ്രളയ ദുരിതത്തിൽ താഴ്ന്നുപോകുമ്പോഴുള്ള ഒരു തള്ളായിവേണം ഇതിനെ കാണാൻ. മുൻകാലങ്ങളിൽ ലഭിച്ചിരുന്ന 2.5 ശതനമാനം കേന്ദ്ര വിഹിതം 1.943 ശതമാനമായി കുറയുമ്പോൾ കേരളത്തിന് പെട്ടെന്നുതന്നെ 1,164.41 കോടി രൂപയുടെ വരുമാന നഷ്ടമാണുണ്ടാകുന്നത്. കേന്ദ്ര വിഹിതത്തിൽ അടിക്കടിയുണ്ടാകുന്ന വെട്ടിക്കുറയ്ക്കലുകൾക്കും തടഞ്ഞുവയ്ക്കലുകൾക്കും മേലെ ഒരു സർജിക്കൽ സ്ട്രൈക്കാണ് കേന്ദ്ര ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങൾ. ഇത്തരമൊരു പ്രഖ്യാപനത്തിന് പിന്നാലെ സംസ്ഥാന സർക്കാർ കേന്ദ്രത്തിന്റെ മാതൃകാ നിയമങ്ങൾ നടപ്പാക്കിയാൽ പിന്തുണ നൽകാമെന്ന അവിവേകവും കേന്ദ്ര ധനമന്ത്രി തന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രകടിപ്പിച്ചിട്ടുണ്ട്. ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന നിയമങ്ങളും നയങ്ങളും കേന്ദ്ര സർക്കാർ നടപ്പാക്കിവരികയാണെന്ന് ഏവർക്കുമറിയാം. അതിനോട് കേരളം വിയോജിക്കുക മാത്രമല്ല, ശക്തമായ പ്രതിരോധത്തിന് മുന്നിട്ടിറങ്ങുകയും ചെയ്തിട്ടുണ്ട്. ഏറ്റവുമൊടുവിൽ കേന്ദ്ര സർക്കാർ ആവിഷ്കരിക്കുകയും പാർലമെന്റ് പാസ്സാക്കുകയും രാഷ്ട്രപതി ഒപ്പുവയ്ക്കുകയും ചെയ്ത പൗരത്വ ഭേദഗതി നിയമത്തിനെതിരെ കേരളം ഒറ്റക്കെട്ടായി നിലകൊണ്ടത് ഏറെ ശ്രദ്ധേയമാണ്. പൗരത്വ ഭേദഗതി നിയമം പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേരള നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കുകയും ഭരണഘടനാ വിരുദ്ധമായ നിയമം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്യുകയും ചെയ്തു. പൗരത്വ ഭേദഗതി നിയമത്തിനെതിരെ ആദ്യം രംഗത്തെത്തിയ കേരളം അവരുടെ കണ്ണിലെ കരടായി മാറിയതിൽ അത്ഭുതമില്ല. എന്നാൽ കേരളം ഒറ്റക്കെട്ടായി ഈ അധാർമ്മികതയെ ചോദ്യം ചെയ്യുകയാണ്. ഈ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയവും ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നൽകിയ ഹർജിയും കേരളത്തിന്റെ ഉറച്ച നിലപാട് വ്യക്തമാക്കുന്നു. ഇത് കേരളമാണ്, മതത്തിന്റെ നാടല്ല, ദൈവത്തിന്റെ

സ്വന്തം നാടാണ്. മതവും ദൈവവും ഒന്നല്ല എന്നുവിളിച്ച് പറയാൻ ദൈവത്തിന്റെ സ്വന്തം നാടിന് കഴിയും. ദൈവത്തിന് മതമില്ല, ദൈവം സ്നേഹമാണെന്ന് ഭാരതത്തിന്റെ ആചാര്യന്മാർ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. 'ഒരൊറ്റ മതമുണ്ടുലകിന്നുയരാം പ്രേമമതൊന്നല്ലോ'-എന്നാണ് കേരളത്തിന്റെ മഹാകവി പാടി പഠിപ്പിച്ചത്. മതത്തേയും ദൈവത്തേയും തിരിച്ചറിയുന്ന നമ്മൾ ഊട്ടുപുരയിൽനിന്നും മതത്തിന്റെ പേരിൽ ഒരാളേയും പുറത്താക്കാൻ കൂട്ടുനിൽക്കില്ല.

'ജാതി ഭേദം മതദ്വേഷം

ഏതുമില്ലാതെ സർവ്വരും

സോദരത്വേന വാഴുന്ന

മാതൃകാസ്ഥാനമാണിത്.' - എന്ന വേദവാക്യം ഒരു നൂറ്റാണ്ടിനുമുമ്പ് ഈ മണ്ണിൽ കുറിച്ചിട്ട ആചാര്യനുണ്ട്. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്നായിരുന്നു ഗുരുകൽപ്പന. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി'- എന്ന ഔദാര്യവും ആ ദർശനത്തിലുണ്ട്. മതത്തെക്കുറിച്ച് നവോത്ഥാന കേരളത്തെ പഠിപ്പിച്ചത് ശ്രീനാരായണ ഗുരുവാണ്. പല മതങ്ങളുടെയും സാരം ഒന്നുതന്നെയാണെന്ന് അറിയാതെ അന്ധൻ ആനയെ കണ്ടതുപോലെ പലവിധ യുക്തികൾ പറയുന്ന പാമരന്മാരുടെ പുറകെ നടന്ന് ആശയക്കുഴപ്പത്തിലാകരുതെന്ന ഗുരുവചനം അറിയുന്നവരാണ് നമ്മൾ. ഈ പാമരന്മാർ ഡൽഹിയിൽനിന്നും ശിവഗിരിയിൽ വന്ന് കുമ്പിട്ടുകൊണ്ട് അവരുടെ പാപക്കറ കഴുകി കളയാനാകുമോ? ഗുരുദേവൻ മുന്നറിയിപ്പ് നൽകിയിരുന്നു;

'പൊരുതു ജയിപ്പതസാദ്ധ്യമൊന്നിനോടൊ-

ന്നൊരു മതവും പൊരുതാലൊടുങ്ങുവീല

പരമതവാദിയിതോർത്തിടാതെ പാഴേ

പൊരുതു പൊലിഞ്ഞിടുമെന്ന ബുദ്ധിവേണം' ഈ പരമതവാദി മതവിദ്വേഷം വളർത്തുന്നവനാണ്. അവൻ കഥയറിയാതെ പൊരുതി നശിക്കുന്നു. ബുദ്ധിയുള്ളവർ അതിന്റെ വഴിയേ പോകരുത്. ഒരു നൂറ്റാണ്ടിനുമുമ്പ് ശ്രീനാരാണയ ഗുരു ഉപദേശിച്ചു തന്ന ഈ ബുദ്ധിയുടെ പൊരുൾ ഭാരതത്തിന്റെ സാംസ്കാരിക പൈതൃകമാണ്. പടയോട്ടങ്ങളുടെയും അധികാര മാറ്റങ്ങളുടെയും ചരിത്ര വഴിയിൽ ആധുനിക ഭാരതം അതിന്റെ മുഖമുദ്രയാക്കിയത് ഈ മതേതര ദർശനമാണ്. ഈ ബോധ്യത്തിൽ നിന്നാണ് കേരള നിയമസഭ ഒറ്റക്കെട്ടായി പൗരത്വ ഭേദഗതി നിയമം റദ്ദാക്കണമെന്ന പ്രമേയം പാസ്സാക്കിയത്. അഭയം തേടുന്നവരിൽ മതം തെരയുന്ന സംസ്കാരം ഭാരത

സംസ്കാരത്തിന് ചേരുന്നതല്ലെന്ന് വിളിച്ചുപറയാൻ ഒരു കേരളീയന് പാർലമെന്റിന്റെ പിന്തുണയും രാഷ്ട്രപതിയുടെ ഒപ്പും ആവശ്യമില്ല. കേന്ദ്ര സർക്കാരിന്റെ സർജിക്കൽ സ്ട്രൈക്കിനെ കേരളം പ്രതിരോധിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കരുത്തുകൊണ്ടാണ്. കേന്ദ്രം സാമ്പത്തികമായി ശ്വാസം മുട്ടിക്കുമ്പോഴും വികസന വിഷയത്തിൽ കേരളത്തെ മുന്നോട്ട് നയിക്കാൻ ജനപക്ഷത്തു നിൽക്കുന്ന സർക്കാരിൽ ഭാവനാശാലിയായ ഒരു ധനമന്ത്രിയുടെ സാന്നിദ്ധ്യമുണ്ടെന്ന് തെളിയിക്കുന്നതാണ് ഈ ബഡ്ജറ്റ്. കേരളത്തിന്റെ 2020-2021-ലെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ആമുഖമായി പറഞ്ഞ വസ്തുതകളുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അഞ്ച് വർഷം വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചതിനേക്കാൾ വലിയ വിഹിതം നാല് വർഷംകൊണ്ട് എൽ.ഡി.എഫ്. സർക്കാർ വിനിയോഗിച്ചുകഴിഞ്ഞു. ക്ഷേമ പെൻഷനുകൾക്കുവേണ്ടി വിനിയോഗിച്ച തുക കഴിഞ്ഞ സർക്കാരിന്റെ കാലയളവിനേക്കാൾ രണ്ടിരട്ടിയായ കാര്യം പറയാതിരിക്കാനാകുമോ? കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷത്തെയും എൽ.ഡി.എഫ്. സർക്കാരിന്റെ നാല് വർഷത്തെയും താരതമ്യം ചെയ്യുമ്പോൾ, ഇതെല്ലാം എങ്ങനെ സാധിക്കുന്നുവെന്ന അത്ഭുതം പ്രതിപക്ഷ നിരയിലുണ്ടാകുക സ്വാഭാവികമാണ്. ക്ഷേമപദ്ധതിയുടെ കാര്യത്തിൽ മാത്രമല്ല, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ വിതരണത്തിൽപ്പോലും മുൻ സർക്കാരിനേക്കാൾ മൂന്നിരട്ടി ചെലവിട്ട് ഈ സർക്കാർ റെക്കോർഡ് സ്ഥാപിച്ചു. അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനവിനിയോഗം എത്രമാത്രം ശാസ്ത്രീയവും കാര്യക്ഷമവുമാണെന്നറിയാൻ ആരോഗ്യ-വിദ്യാഭ്യാസ മേഖല പരിശോധിച്ചാൽ മാത്രം മതി. ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും സമഗ്ര പുരോഗതി വിഭാവന ചെയ്യുന്ന ബഡ്ജറ്റ് കിഫ്ബി വഴി 20,000 കോടി രൂപ ചെലവഴിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കേരളം നേരിടുന്ന വരൾച്ചയെ മുന്നിൽ കണ്ട് 4,384 കോടി രൂപയുടെ കുടിവെള്ള വിതരണ പദ്ധതിയും ബഡ്ജറ്റ് വിഭാവന ചെയ്യുന്നു. ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപമുള്ള കേരള ബാങ്ക് പ്രവർത്തന സജ്ജമാകുകയാണ്. മൂന്ന് ലക്ഷം കോടി രൂപയുടെ ബിസിനസ്സും പ്രാഥമിക സംഘങ്ങളുടെ 500 ടച്ച് പോയിന്റുകളുമുള്ള കേരള ബാങ്ക് കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ധനകാര്യ സ്ഥാപനമാകുന്നു. കേരള ബാങ്ക് ജനങ്ങളെ കൊള്ളയടിക്കില്ല; നിക്ഷേപം നാടിന്റെ വികസനത്തിനുതന്നെ ഉതകും.

കാർഷിക മേഖലയുടെ സമഗ്ര വികസനമാണ് ബഡ്ജറ്റിൽ ലക്ഷ്യമിടുന്നത്. ഫലവൃക്ഷ, ഡെയറി വ്യാപനത്തിന് 1,000 കോടി രൂപ ചെലവഴിക്കും. ഹരിത കേരളം മിഷന് 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിൽ 10 വർഷത്തിനുള്ളിൽ 50,000 കോടി രൂപയുടെ കാർഷിക വരുമാനമാണ് ലക്ഷ്യമിടുന്നത്. കൃഷി വകുപ്പിന്റെ ഊർജ്ജിതമായ പ്രവർത്തനം

പദ്ധതി നടത്തിപ്പിന് പ്രയോജനമാകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വി.എഫ്.പി.സി.കെ., കൃഷി വകുപ്പുവഴി 500 കോടി രൂപ ജീവനി പദ്ധതിയായും ചെലവഴിക്കും. ആഹാരം, വസ്ത്രം, ഭവനം എന്നീ അടിസ്ഥാന സൗകര്യങ്ങളിൽ ഊന്നിയുള്ള ഭാവനാപൂർണ്ണമായ പദ്ധതികളാണ് ബഡ്ജറ്റിൽ വിഭാവന ചെയ്യുന്നത്. പുതിയ നികുതി നിർദ്ദേശങ്ങൾ ജനജീവിതത്തെ നേരിട്ട് ബാധിക്കാതിരിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്. ഇളവുകളും ആനുകൂല്യങ്ങളും അർഹിക്കുന്ന മേഖലകൾക്കെല്ലാം അനുവദിച്ചിട്ടുണ്ട്. 25 രൂപയ്ക്ക് ഉച്ചയൂണ് നൽകുന്ന 1,000 കുടുംബശ്രീ ഹോട്ടലുകൾ ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയേക്കാൾ ഗുണകരമായ പ്രഖ്യാപനമാണ്. ഒരു ലക്ഷം ഭവനങ്ങൾ, ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി 217 കോടി രൂപ, ന്യൂനപക്ഷങ്ങളടക്കം മുന്നാക്ക-പിന്നാക്ക സമുദായ ക്ഷേമത്തിന് 174 കോടി രൂപ, കാർഷിക മേഖലയിൽ 1.5 ലക്ഷം തൊഴിലവസരം, സർക്കാർ-എയ്ഡഡ് കോളേജുകളിൽ 1000 അദ്ധ്യാപക തസ്തികകൾ, മത്സ്യ മേഖലയ്ക്ക് 6000 ഭവനങ്ങൾ, രാജ്യത്ത് ഏറ്റവും കൂടുതൽ ഔഷധങ്ങൾ വിറ്റഴിക്കുന്ന സംസ്ഥാനമെന്ന നിലയിൽ പൊതുമേഖലാ ഔഷധ നിർമ്മാണ കമ്പനികൾക്ക് മുന്തിയ പരിഗണന, ക്ഷീരമേഖലയുടെ സമഗ്ര വികസനം തുടങ്ങി കൂടുതൽ കരുത്തോടെയും കരുതലോടെയും നിരവധി പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ രംഗത്ത് ദൃശ്യമായ വളർച്ച കണക്കിലെടുത്ത് 2019-ലെ ഇന്ത്യാ ടുഡേ അവാർഡ് കേരളത്തിനാണ് ലഭിച്ചത്. കന്നുകാലി സമ്പത്തിലും പാലുല്പാദനത്തിലുമുണ്ടായ വർദ്ധനവ് വളരെ ശ്രദ്ധേയമാണ്. പുതിയ തലമുറ ഉരുക്കളെ സംസ്ഥാനത്തുതന്നെ വളർത്തിയെടുക്കാനാരംഭിച്ച കിടാരി പാർക്ക് പദ്ധതി, ക്ഷീരകർഷക കുടുംബത്തോടൊപ്പം അവരുടെ കന്നുകാലികളെയും ഉൾപ്പെടുത്തി മെഡിക്കൽ പരിരക്ഷവരെ നൽകുന്ന ക്ഷീരസാന്ത്വനം എന്ന സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി, 254 ഹെക്ടർ തരിശുഭൂമിയിൽ നടപ്പാക്കിയ തീറ്റപ്പുൽ കൃഷി എന്നിങ്ങനെ ഒട്ടേറെ പുതിയ പദ്ധതികൾ ഈ രംഗത്ത് നടപ്പാക്കുന്നു. ചുരുക്കത്തിൽ ജനജീവിതത്തിന്റെ എല്ലാ മേഖലകളിലേയ്ക്കും ബഡ്ജറ്റിന്റെ സഹായ പദ്ധതികൾ എത്തുന്നുണ്ടെന്നത് നമുക്ക് കാണാം.

ഈ ബഡ്ജറ്റ് പ്രഖ്യാപനങ്ങളെ വെറും വാഗ്ദാനങ്ങളെന്ന് പരിഹസിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഇതെങ്ങനെ സാധ്യമാകുമെന്ന് കണ്ടെത്താനുള്ള കഴിവില്ലായ്മ കൊണ്ടാണ് ആ പരിഹാസവുമായി അവർ വരുന്നത്. അത് മുന്നിൽക്കണ്ട് ബഹുമാനപ്പെട്ട ധനമന്ത്രി ആമുഖത്തിൽത്തന്നെ ഈ സർക്കാരിന്റെ നേട്ടങ്ങൾ ഒന്നൊന്നായി പറഞ്ഞുവച്ചു. യു.ഡി.എഫ്. സർക്കാരിന്റെ അഞ്ച് വർഷത്തെ വികസനം ഈ സർക്കാർ നാല് വർഷംകൊണ്ട് മറികടന്നു. കേന്ദ്ര സർക്കാരിന്റെ നിരന്തരമായ സാമ്പത്തിക ദ്രോഹ നടപടികളെ പ്രതിരോധിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ ഈ നേട്ടം കൈവരിച്ചത്. ഇതിനിടയിൽ രണ്ട് പ്രളയ ദുരന്തങ്ങളേയും ഓഖി ദുരന്തത്തേയും കേരളത്തിന് അതിജീവിക്കേണ്ടി വന്നു.

മഹാനടൻ പത്മശ്രീ പ്രേംനസീറിന്റെ ജന്മനാടാണ് ഞാൻ പ്രതിനിധാനം ചെയ്യുന്ന ചിറയിൻകീഴ്. അവിടെ അദ്ദേഹത്തിന് ഒരു സ്മാരകം എന്ന ആവശ്യം കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ധനമന്ത്രി അംഗീകരിച്ചിരുന്നു. അതിനെത്തുടർന്ന് കെ.എസ്.എഫ്.ഡി.സി. ചെയർമാനായിരുന്ന, നമ്മെ വിട്ടുപോയ ലെനിൻ രാജേന്ദ്രൻ 'പ്രേംനസീർ ഫിലിം സ്ക്വയർ' എന്ന പേരിൽ ഒരു പ്രൊപ്പോസൽ തയ്യാറാക്കി നൽകുകയുണ്ടായി. എന്നാൽ അതിനാവശ്യമായ സ്ഥലം പ്രതീക്ഷിച്ച വേഗതയിൽ ലഭ്യമല്ലാതെ വന്നതിനാൽ അതുമായി മുന്നോട്ട് പോകാനായില്ല. എന്നാൽ ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള ശാർക്കര വില്ലേജിലെ 74 സെന്റ് ഭൂമി പ്രേംനസീർ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാനായി സാംസ്കാരിക വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രേംനസീർ സാംസ്കാരിക കേന്ദ്രം ചിറയിൻകീഴിൽ സ്ഥാപിക്കാൻ 5 കോടി രൂപയുടെ ധനസഹായം അനുവദിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജനപങ്കാളിത്തത്തോടെയാണ് എൽ.ഡി.എഫ്. സർക്കാർ ഭരണനേട്ടങ്ങൾ കൊയ്യുന്നത്. ജനശക്തി സമാഹരിച്ചുകൊണ്ട് കേരളത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന് ആക്കം കൂട്ടുന്നതാണ് ഈ ബഡ്ജറ്റ്. പ്രതിപക്ഷം വസ്തുനിഷ്ഠവും ക്രിയാത്മകവുമായ ഇടപെടലുകളിലൂടെ തങ്ങളുടെ ജനാധിപത്യ കടമകൾ നിറവേറ്റണമെന്ന എളിയ അഭ്യർത്ഥനയാണ് എനിക്കുള്ളത്. ഈ സർക്കാരിന്റെ നയപ്രഖ്യാപനം നടത്താൻ ആരാധ്യനായ ഗവർണർ എത്തിയപ്പോൾ ജനാധിപത്യ മര്യാദകളെല്ലാം ലംഘിക്കപ്പെട്ടത് ആത്മപരിശോധനയോടെ അവർ മനസ്സിലാക്കണം. ആ ദൃശ്യങ്ങൾ കണ്ടവരുടെ പ്രതികരണമെങ്കിലും ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ഇപ്പോൾ കേന്ദ്രഭരണം കയ്യാളുന്നത് ജനവിരുദ്ധ സർക്കാരാണെന്ന കാര്യത്തിൽ ഈ സഭയിലെ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും തർക്കമില്ല. കേരളത്തിനുവേണ്ടി ഭിന്നതകൾ മറന്ന് ഐക്യപ്പെടേണ്ട പല മേഖലകളും നമ്മുടെ മുന്നിലുണ്ട്. അത്തരം വിഷയങ്ങളേയും സന്ദർഭങ്ങളേയും വിവേകപൂർവ്വം തിരിച്ചറിയാനും വികസന വിഷയങ്ങളിൽ ക്രിയാത്മക സമീപനം സ്വീകരിക്കാനും ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ തയ്യാറാകുമെന്ന് ഞാൻ കരുതുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി സ്വാഗതം ചെയ്തുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ബഡ്ജറ്റിനെ എതിർക്കുന്നു. ഈ തെരഞ്ഞെടുപ്പ് വർഷത്തിൽ എൽ.ഡി.എഫ്.-നുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയ വർണ്ണശബളമായൊരു വെടിക്കെട്ടാണ് സത്യത്തിൽ ഈ ബഡ്ജറ്റ്. അതൊരു രാഷ്ട്രീയ പ്രസംഗമാണ്. It is a political statement and political speech. യഥാർത്ഥത്തിൽ നൂല് പൊട്ടിപ്പോയ പട്ടം ആകാശത്തിൽ

അങ്ങോട്ടുമിങ്ങോട്ടും ഗതിയില്ലാതെ അലഞ്ഞുതിരിഞ്ഞ് നടക്കുന്നതുപോലെ ധനകാര്യ മന്ത്രിയുടെയോ ധനകാര്യ വകുപ്പിന്റെയോ നിയന്ത്രണത്തിലല്ല കേരളത്തിന്റെ സമ്പദ് വ്യവസ്ഥ. ഈ വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾക്ക് എന്ത് പ്രസക്തി യാണുള്ളത്? എന്ത് വിശ്വാസ്യതയാണുള്ളത്; അത് പരിശോധിക്കണമെങ്കിൽ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലെ പ്രൊപ്പോസലുകൾ നോക്കണം. റവന്യൂ കമ്മി, കഴിഞ്ഞ പ്രാവശ്യം ബഡ്ജറ്റ് എസ്റ്റിമേറ്റ് വച്ചത് 8,770 കോടി രൂപ. യഥാർ ത്ഥത്തിൽ 17,474 കോടി രൂപയാണ് റവന്യൂ കമ്മി. 10,000 കോടി രൂപയുടെ വ്യത്യാസം. അപ്പോൾ അങ്ങയുടെ ബഡ്ജറ്റ് നിർദ്ദേശത്തിന് എന്ത് പ്രസക്തിയും വിശ്വാസ്യതയുമാണുള്ളത്; റവന്യൂ വരുമാനം കഴിഞ്ഞ വർഷം അങ്ങ് കണക്കാ ക്കിയത് 1,15,000 കോടി രൂപ. യഥാർത്ഥത്തിൽ 99,000 കോടി രൂപയാണുള്ളത്. എന്നുവച്ചാൽ, റവന്യൂ വരുമാനം പ്രതീക്ഷിച്ചതിനേക്കാൾ 16,000 കോടി രൂപ കുറഞ്ഞു. സാധാരണ അല്പം കുറയുകയോ കൂടുകയോ ചെയ്യും. പക്ഷേ ഇത് ആ വ്യത്യാസമാണോ; ബഡ്ജറ്റ് പ്രൊപ്പോസലുകൾക്ക് യാതൊരുവിധ പ്രസക്തിയുമില്ല. പദ്ധതിച്ചെലവിന് 30 കോടി രൂപയാണ് വച്ചിട്ടുള്ളത്. എത്രയാണ് പദ്ധതിച്ചെലവ്; 22 കോടി രൂപയിൽ താഴെ. അതെങ്ങനെയാണ് സംഘടിപ്പിച്ചതെന്ന് ഇതിൽ തെളിവുണ്ട്. കാരണം, നോൺ പ്ലാൻ എക്സ്പെന്റിച്ചറായ കിഫ്ബിയിലേയ്ക്കെടുത്ത മോട്ടോർ വെഹിക്കിൾ സെസ്സും പെട്രോളിയം സെസ്സും രണ്ടുംകൂടി 2,200 കോടി രൂപയോളമുണ്ട്. അത് പ്ലാൻ സ്പേസിൽപ്പെടുത്തിയിരിക്കുകയാണ്. യഥാർത്ഥത്തിൽ അതിനേക്കാൾ എത്രയോ താഴെയാണ് പ്ലാൻ എക്സ്പെന്റിച്ചർ പോകുന്നത്. നോൺ പ്ലാൻ എക്സ്പെന്റിച്ചറിൽ വരേണ്ട കാര്യം പ്ലാൻ എക്സ്പെന്റിച്ചർ കൂട്ടിക്കാണി ക്കുകയാണ്. എന്തിനാണ് ഈ കള്ളക്കണക്ക്; ഈ സഭയിലല്ലേ അങ്ങ് ബഡ്ജറ്റ് അവതരിപ്പിച്ചത്; ഈ സഭയെ ഇങ്ങനെ കബളിപ്പിക്കാമോ; ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ പ്ലാൻ കട്ട് വരും. പല സർക്കാരുകളും സാമ്പത്തിക പ്രതിസന്ധികൊണ്ട് ചെയ്തിട്ടുണ്ട്. പക്ഷേ ചരിത്രത്തിൽ ആദ്യമായി ഒരു ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് പ്രൊപ്പോസലിൽ 3,000 കോടി രൂപയുടെ കുറവ് പ്ലാനിൽ കാണിച്ചിരിക്കുകയാണ്. എന്ത് attitude-ആണിത്; ഞാൻ പറയുന്നു, ഇത് ഇടതുപക്ഷ സമീപനത്തിൽനിന്ന് വലതുപക്ഷത്തേയ്ക്കുള്ള വ്യതിയാനമാണ്. ഇത് ബി.ജെ.പി.-യുടെ സമീപനമാണ്. എന്താണ് അവർ പറയുന്നത്; പ്ലാൻ വേണ്ട, പ്രോജക്ട് മതിയെന്നുള്ള ബി.ജെ.പി. സമീപനത്തിന് കുടപിടിച്ചുകൊടുക്കുന്ന right extreme, വലതുപക്ഷ വ്യതിയാനമാണ് 3,000 കോടി രൂപ ഗണ്യമായി അങ്ങ് പ്ലാനിൽനിന്ന് കുറച്ചിരിക്കുന്നത്. ഇത് ഒരു സമയത്തും കാണാത്തതാണ്. അങ്ങ് വലിയ സ്വപ്നങ്ങൾ കാണുകയാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റും ഈ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റും, റവന്യൂ റെസീപ്റ്റിൽപ്പോലും വരുമാനം കഴിഞ്ഞ പ്രാവശ്യത്തേക്കാൾ കുറവാണ്. ഇങ്ങനെ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് എന്ത് പ്രസക്തിയാണുള്ളത്.

19-ാം ഖണ്ഡികയിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടത്തിയ വികസന പ്രവർത്തനങ്ങളെക്കുറിച്ചും അതിനുശേഷം എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടത്തിയ വികസന പ്രവർത്തനങ്ങളെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. അന്നത്തേക്കാൾ കൂടുതൽ തുക ഇപ്പോൾ ചെലവാക്കിയിട്ടുണ്ട്, കൂടുതൽ കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്നാണ് പറഞ്ഞിട്ടുള്ളത്. ഇത് രാഷ്ട്രീയ പ്രസംഗത്തിൽ ആരെങ്കിലും പറഞ്ഞാൽ നമ്മളത് സമ്മതിക്കും. നമ്മളതിന് മറുപടി പറയും. അങ്ങയെപ്പോലെ സാമ്പത്തിക വിദഗ്ദ്ധനാണെന്ന് ഞങ്ങളെല്ലാം കരുതുന്ന ഒരു ധനകാര്യ മന്ത്രി ഇത്രയും വിലകുറഞ്ഞൊരു കാര്യം ബഡ്ജറ്റിൽ പറയാമോ; ചെലവാക്കിയ തുക വച്ച് 2011-2016-ലെ യു.ഡി.എഫ്. സർക്കാരിനെയും 2017-2021-ലെ എൽ.ഡി.എഫ്. സർക്കാരിനെയും എങ്ങനെ താരതമ്യപ്പെടുത്തും; 2011-ൽ നമ്മുടെ പ്ലാൻ സൈസ് 12,436 കോടി രൂപയായിരുന്നു;. 2020-ലെ പ്ലാൻ സൈസ് 30,000 കോടി രൂപ. അപ്പോൾ പ്ലാൻ സൈസുതന്നെ അന്നത്തേക്കാൾ രണ്ടര ഇരട്ടിയുണ്ട്. 2011-ലെ റവന്യൂ വരവ് എത്രയാണ്; 31,000 കോടി രൂപ. ഈ വർഷത്തെ നമ്മുടെ റവന്യൂ വരവ് എത്രയാണ്; ഒരു ലക്ഷം കോടി രൂപ. ഓരോ പ്ലാനും മാറുമ്പോൾ, ഓരോ 5 വർഷവും മാറുമ്പോൾ പ്ലാൻ സൈസിലും റവന്യൂ വരുമാനത്തിലും വർദ്ധനവ് വരില്ലേ; എന്നാൽപ്പിന്നെ 1957-ലെ കണക്ക് വയ്ക്കാം. 1957-ൽ 136 കോടി രൂപയാണ് പ്ലാൻ സൈസ്. അപ്പോൾ 1957-ലെ സർക്കാർ ഇത്രയും കാര്യം ചെയ്തു. 'ദേ, എന്റെ സർക്കാർ ഇത്രയും കാര്യം ചെയ്തു.' അതായിരിക്കും താരതമ്യപ്പെടുത്താൻ കുറച്ചുകൂടി നല്ലത്. അങ്ങയെപ്പോലെ ഒരാൾ ഇത് ചെയ്തത് അങ്ങയിലെ സാമ്പത്തിക വിദഗ്ദ്ധന് യോജിക്കാത്ത തരത്തിലുള്ള വിലകുറഞ്ഞ താരതമ്യമാണ്. ഇത് അങ്ങയെപ്പോലെ ഒരാൾ ചെയ്യാൻ പാടില്ലായിരുന്നു. രാഷ്ട്രീയ പ്രസംഗത്തിന് വേറെ എന്തെല്ലാം സ്കോപ്പുണ്ട്. ഈ ബഡ്ജറ്റിന്റെ പവിത്രതയും സാംഗത്യവുമല്ലേ അങ്ങ് തകർത്തത്; പാക്കേജുകളുടെ ഇടയിൽ കേരളം വീണ്ടും രണ്ടാമതൊരു പ്രളയത്തിൽ മുങ്ങിപ്പോകുമോ എന്നാണ് എന്റെ ഭയം. കൊച്ചിക്ക് 6,000 കോടി രൂപയുടെ പാക്കേജ്, ഇതുകണ്ട തിരുവനന്തപുരത്തുകാരൊക്കെ വയലന്റായിരിക്കുകയാണ്. ഞാൻ അവരോടുപറഞ്ഞു, പേടിക്കേണ്ട, കൊച്ചിക്ക് ഈ ബഡ്ജറ്റിൽ ആകെ കൊടുത്തിരിക്കുന്നത് 2.5 കോടി രൂപ മാത്രം എന്നാണ്. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയ എറണാകുളം - തൃക്കാക്കര മെട്രോ റെയിൽ എക്സ്റ്റൻഷൻ പദ്ധതിക്കുള്ള പണമാണ് 6,000 കോടി രൂപ. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നേരത്തേ തുടങ്ങിയ അമൃതം പ്രോജക്ട്, സ്മാർട്ട് സിറ്റി, വാട്ടർ മെട്രോ തുടങ്ങിയവയെല്ലാം ബഡ്ജറ്റിൽ കൂട്ടിച്ചേർത്തിരിക്കുകയാണ്. അതുകൊണ്ട് ശ്രീ. വി. എസ്. ശിവകുമാറിന് യാതൊരു ടെൻഷനും വേണ്ട. 6,000 കോടി രൂപയുടെ വർക്കുകൾ കൊച്ചിയിലുണ്ടെന്നുകരുതി തിരുവനന്തപുരത്തുകാരോ കോഴിക്കോട്ടുകാരോ വിഷമിക്കേണ്ടതില്ല, 2.5 കോടി രൂപമാത്രമാണ് നൽകിയത്.

തീരദേശ വികസന പാക്കേജിനെ സംബന്ധിച്ച് ബഡ്ജറ്റിൽ ഒരു തെറ്റ് സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 5,000 കോടി രൂപ ഉണ്ടായിരുന്നുവെന്ന് പറഞ്ഞിരിക്കുന്നു. കോടികളിട്ട് അമ്മാനമാടി കോടി തെറ്റിപ്പോകുകയാണ്. കഴിഞ്ഞ പ്രാവശ്യം തീരദേശ വികസന പാക്കേജിൽ 1,000 കോടി രൂപ മാത്രമേയുള്ളൂ. 5,000 കോടി രൂപ എന്ന് തെറ്റായി അച്ചടിച്ചിരിക്കുകയണ്. ആ തുക ഇടുക്കി പാക്കേജിനായിരുന്നു. അതിനുമുൻപ് തീരദേശ പാക്കേജിന് 2,000 കോടി രൂപ, പിന്നീട് 1000 കോടി രൂപ, ഇപ്രാവശ്യം 1,000 കോടി രൂപ, മൊത്തം 4,000 കോടി രൂപ വകയിരുത്തിയിട്ടും ഇതുവരെ പ്രോജക്ട് റിപ്പോർട്ടുപോലും ആയിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് പോലുമില്ലാതെ മൂന്ന് കൊല്ലം അടുപ്പിച്ച് പണം കൊടുക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ 5,000 കോടി രൂപയുടെ ഇടുക്കി പാക്കേജ് എന്ന് പ്രഖ്യാപിച്ചപ്പോൾ അന്നേ ഇതിനൊക്കെ പണം എവിടെ നിന്നാണെന്ന് ഞാൻ ചോദിച്ചപ്പോൾ, അതൊക്കെ വരും നോക്കിക്കോളൂ എന്നാണ് പറഞ്ഞത്. വീണ്ടും ഇടുക്കി പാക്കേജ് ഈ ബഡ്ജറ്റിൽ, മറ്റൊന്ന് വയനാട് പാക്കേജാണ്. ശ്രീ. കെ. എം. ഷാജി, നിങ്ങളുടെ അവിടെയുള്ള കാപ്പിക്കുരു ബ്രാന്റ് ചെയ്ത് പുതിയ സാധനം ഇറക്കും, വയനാട് മാറ്റിമറിക്കും എന്ന് പറഞ്ഞു. ഒറ്റ പൈസ ചെലവാക്കിയോ? വീണ്ടും വയനാട് പാക്കേജ് എന്നാണ് പറയുന്നത്. ഇനി അവസാനം തെരഞ്ഞെടുപ്പ് സ്പെഷ്യൽ പാക്കേജുണ്ട്, അതാണ് കുട്ടനാട് പാക്കേജ്. കുട്ടനാടിൽ ഉപതെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. അപ്പോൾ കുട്ടനാടിന് ഒരു സ്പെഷ്യൽ ഉപതെരഞ്ഞെടുപ്പ് പാക്കേജ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇപ്രാവശ്യത്തെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന്റെ വർക്ക് ലോഞ്ച് ചെയ്തിരിക്കുകയാണ്. തെരഞ്ഞെടുപ്പിലാകുമ്പോൾ എന്തും വാചകമടിക്കാമല്ലോ! ഗാന്ധി പാർക്കിൽ അല്ലെങ്കിൽ പുത്തരിക്കണ്ടം മൈതാനിയിൽ കൊണ്ടുപോയി മന്ത്രിക്ക് എൽ.ഡി.എഫ്. ജില്ലാ കമ്മിറ്റി സ്വീകരണം കൊടുക്കേണ്ടതാണ്. അത്രയും തെരഞ്ഞെടുപ്പ് കാര്യങ്ങളാണ്. അദ്ദേഹത്തിന്റെ അഞ്ചാമത്തെ ബഡ്ജറ്റിലാണ് ജൻഡർ ബഡ്ജറ്റിംഗ് എന്ന് പ്രഖ്യാപിച്ചത്. ഞാനും ആദ്യം കുളിരണിഞ്ഞുപോയി! ബഡ്ജറ്റ് അവതരണത്തിൽ ജൻഡർ ബഡ്ജറ്റിംഗ് എന്നത് എന്തൊരു ഡയമൻഷനാണ്, സ്ത്രീകൾക്കുവേണ്ടിയുള്ള ബഡ്ജറ്റ്. ഇത് അഞ്ചാമത്തെ പ്രാവശ്യമാണ് ജൻഡർ ബഡ്ജറ്റ് പറയുന്നത്, എന്നാൽ ഈ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചിട്ടും ഇന്നേവരെയും ഈ പാവപ്പെട്ട സ്ത്രീകൾക്കുവേണ്ടി കേരളത്തിൽ ഒരു ലേഡീസ് ടോയ്ലെറ്റ് പോലും പണിതു നൽകിയിട്ടില്ല. അടുത്തത് പൊതുഗതാഗതത്തെക്കുറിച്ചുള്ള സ്വപ്നമാണ്. തിരുവനന്തപുരത്തുനിന്നും കാസർഗോഡേയ്ക്ക് അതിവേഗപാത, ഡിസൈൻ റോഡുകൾ, കഴിഞ്ഞ പ്രാവശ്യം ഉണ്ടാക്കിയതിനേക്കാൾ ഇരട്ടി പി.ഡബ്ല്യു.ഡി. റോഡുകൾ, ജലപാത. പൊതുഗതാഗതത്തെക്കുറിച്ച് എത്ര മനോഹരമായ സ്വപ്നമാണ്. ആദ്യം നിങ്ങൾ ആ കെ.എസ്.ആർ.ടി.സി.-യെ നേരെയാക്കൂ. അങ്ങനെ ചെയ്യുമെന്ന്

പറഞ്ഞിരുന്നല്ലോ. കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി എന്താണ്? ഷെഡ്യൂൾ പകുതി കട്ട് ചെയ്ത് പാവപ്പെട്ടവൻ വഴിയിൽ കാത്തുനിൽക്കുകയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് ഒരു കുഴപ്പമുണ്ട്, അവർ വണ്ടി ഓടിക്കുകയുമില്ല, പ്രൈവറ്റ് സർവ്വീസ് ഓടിക്കാൻ സമ്മതിക്കുകയുമില്ല. സാധാരണക്കാരൻ വഴിയിൽ നിൽക്കുകയാണ്. വണ്ടി പോകുമ്പോൾ പണ്ട് കൊടിയേറ്റം ഗോപി വഴിയരികിൽനിന്നും പറയുന്ന പോലെ, 'പ്ഫൂ, എന്താ സ്പീഡ്'. അതുപോലെ ആ പാവപ്പെട്ടവനൊക്കെ അവിടെ നിന്ന് പറയുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ശരിയാക്കിക്കൊടുത്തശേഷം പൊതുഗതാഗതത്തെക്കുറിച്ചുള്ള വലിയ സ്വപ്നങ്ങൾ കാണണം. 1,103 കോടി രൂപയുടെ പുതിയ നികുതി ഉണ്ട്. ഈ ബഡ്ജറ്റിൽ മുഴുവൻ പറയുന്നത് മാന്ദ്യത്തെക്കുറിച്ചാണ്. എല്ലായിടത്തും മാന്ദ്യമാണ്. കേരളത്തിലും recession, ആൾ ഇന്ത്യാ തലത്തിലും recession. ഒരു രാജ്യത്ത് recession വന്നാൽ ഫസ്റ്റ് ഇംപാക്ട് Automobile Industry-യിലും സെക്കന്റ് ഇംപാക്ട് Real Estate-ലുമാണ്. ഞാൻ കേരളത്തിലെ ഡീലേഴ്സിനെ വിളിച്ചുചോദിച്ചു. കഴിഞ്ഞ വർഷം ചെലവായ വാഹനങ്ങളുടെ മുപ്പതു മുതൽ മുപ്പത്തഞ്ച് ശതമാനം, മൂന്നിലൊന്ന് വാഹനങ്ങൾ മാത്രമാണ് ഇപ്രാവശ്യം ചെലവായത്. നിങ്ങൾക്കറിയാവുന്നതുപോലെ Real Estate-ൽ ഒരു കച്ചവടവും നടക്കുന്നില്ല. ഫ്ലാറ്റിന്റെ പ്രശ്നം വന്നതോടുകൂടി ആകെ വിഷമമായി നിൽക്കുകയാണ്. ഈ മാന്ദ്യകാലത്ത് ഏറ്റവും കൂടുതൽ മാന്ദ്യം ബാധിച്ച രണ്ട് മേഖലകളെ തെരഞ്ഞെടുത്താണ് ശിക്ഷിച്ചിരിക്കുന്നത്. ഏറ്റവും കുഴപ്പമുള്ള മോട്ടോർ വെഹിക്കിൾ സെക്ടറിൽനിന്നും റിയൽ എസ്റ്റേറ്റിൽനിന്നുമാണ് 1,103 കോടി രൂപയുടെ പ്രധാനഭാഗവും അദ്ദേഹം കണ്ടെത്തുന്നത്. യഥാർത്ഥത്തിൽ അങ്ങേയ്ക്ക് എന്താണ് പറ്റിയത്? ഏറ്റവും കുഴപ്പം പിടിച്ച ആ മേഖലയിൽനിന്നും ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനംപോലും അടുത്ത വർഷം കിട്ടില്ല എന്ന കാര്യത്തിൽ ബെറ്റ് വയ്ക്കാം. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കൊടുക്കുന്ന ബഡ്ജറ്റിൽ ഈ പറയുന്ന രണ്ട് സെക്ടറിൽനിന്നും ഇപ്പോൾ കിട്ടുന്ന പണം അങ്ങേയ്ക്ക് കിട്ടാൻ പോകുന്നില്ല. യഥാർത്ഥത്തിൽ അഡീഷണലായിട്ടുള്ള ഒരു വരുമാനവും ഉണ്ടാകാൻ പോകുന്നില്ല. ഇവിടെ റവന്യൂ കമ്മി കുറച്ചുകാണിച്ചല്ലേ അങ്ങ് കഴിഞ്ഞ പ്രാവശ്യം നമ്മളെയെല്ലാം പറ്റിച്ചത്. 8,077 കോടിരൂപ മാത്രമായി റവന്യൂ കമ്മി കാണിക്കുകയും വരുമാനം വർദ്ധിപ്പിച്ചുകാണിക്കുകയും ചെയ്തു. എല്ലാ കാൽക്കുലേഷനും പോയത് അതുകൊണ്ടല്ലേ; റവന്യൂ കമ്മി കുറച്ച് കാണിച്ചത് എന്തിനാണ്? ഇപ്പോഴിതാ ആംനസ്റ്റി സ്കീം കൊണ്ടുവന്നിരിക്കുന്നു. നികുതി വകുപ്പിൽ അരാജകത്വമാണ്, ഞാൻ ആ വാക്ക് അടിവരയിട്ട് ആവർത്തിക്കുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ പരാജയപ്പെട്ടു, ജി.എസ്.ടി. 10,000 കോടി രൂപ പിരിച്ചെടുക്കുന്നതിൽ പരാജയപ്പെട്ടു, നികുതി പിരിവ് തോന്നിയതുപോലെയാണ്. എന്നിട്ടും വീണ്ടും ഒരു ആംനെസ്റ്റി കൊണ്ടുവരികയാണ്. കഴിഞ്ഞ പ്രാവശ്യം കൊണ്ടുവന്ന ആംനെസ്റ്റി സ്കീം പരാജയ

പ്പെട്ടിരിക്കുകയാണ്. അതുകഴിഞ്ഞ് repeal ചെയ്ത ആക്ടിന്റെ പുറത്ത് അമെന്റ്മെന്റ് കൊണ്ടുവരാൻ പാടില്ല എന്ന ബഹു. ഹൈക്കോടതി വിധിയുണ്ടായി. വാറ്റ് ജി.എസ്.ടി. വച്ച് റീപ്ലേസ് ചെയ്തതാണ്. വാറ്റ് repeal ചെയ്ത ഒരു ആക്ടാണ്. അതിൽ എങ്ങനെ വീണ്ടും അമെന്റ്മെന്റ് കൊണ്ടുവരും? അങ്ങനെ പാടില്ലെന്ന ബഹു. ഹൈക്കോടതി വിധിയുണ്ട്. രണ്ട്മാസം മുമ്പുള്ള ഹൈക്കോടതി വിധി അറിയാതെയാണോ വീണ്ടും ആംനെസ്റ്റി സ്കീമും എക്സ്റ്റൻഷനും കൊണ്ടുവരുമെന്ന് അങ്ങ് പറയുന്നത്? ഇവിടെ കുറച്ച് വലിയ പ്രോജക്ടുകളുണ്ട്. ഈ ആധുനിക കാലത്ത് നടക്കുന്നത് പ്രോജക്ടുകളുടെ കച്ചവടമാണ്. പ്രോജക്ട് കൺസൾട്ടൻസി, പ്രോജക്ട് ചെയ്യുക, ഇഷ്ടമുള്ളവർക്ക് പ്രോജക്ട് കൊടുക്കുക എന്നിങ്ങനെയാണ്. ഈ പ്രോജക്ട് വച്ചുള്ള കളിയാണ് യഥാർത്ഥത്തിൽ കേരളത്തിൽ നടക്കുന്നത്. എന്താണ് നമുക്കുള്ള പ്രശ്നം, വരുമാനമുണ്ടാക്കാനായി ഇന്ത്യയിലെ പ്രധാനപ്പെട്ട സംസ്ഥാനങ്ങളെല്ലാം ജി.എസ്.ടി.-യിലേയ്ക്ക് മാറിയപ്പോൾ ടാക്സസ് അഡ്മിനിസ്ട്രേഷൻ നികുതി വകുപ്പ് റീസ്ട്രക്ചർ ചെയ്തു. എന്നാൽ കേരളത്തിൽ ഇതുവരെ ചെയ്തില്ല. എന്നാൽ അങ്ങ് പറഞ്ഞിരിക്കുന്നത്, 75% പേരെ നികുതി പിരിവിന് വിടും എന്ന ഒറ്റ സെന്റൻസാണ്. ഞാൻ കരുതിയത് വലിയൊരു പാക്കേജ് ഉണ്ടാകുമെന്നാണ്. പണ്ട്, VAT വന്ന സമയത്ത് അങ്ങ് ചെയ്ത നടപടികളെ ഈ സഭയിൽ ഞാൻ അഭിനന്ദിച്ചിട്ടുണ്ട്. ജി.എസ്.ടി. വന്നപ്പോൾ അങ്ങേയ്ക്ക് എന്തുപറ്റി? ഒരു റീസ്ട്രക്ചറിംഗുമില്ല. ടാക്സസ് അഡ്മിനിസ്ട്രേഷൻ ഇതുപോലെ നശിച്ചുകിടന്ന കാലം കേരളത്തിലില്ല. ടാക്സസ് ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ച കുഴപ്പങ്ങൾ, അവിടെ നടക്കുന്ന അഴിമതികൾ എന്നിവ അടുത്ത ദിവസങ്ങളിൽ ഞാൻ കൊണ്ടുവരുന്നുണ്ട്. അങ്ങേയ്ക്ക് ഇപ്പോൾ മൈക്രോ മാനേജ്മെന്റിൽ ഒരു ശ്രദ്ധയുമില്ല. മാക്രോ മാനേജ്മെന്റിനെക്കുറിച്ച് മാത്രമാണ് അങ്ങ് സംസാരിക്കുന്നത്. ദുർച്ചെലവ് നിയന്ത്രിക്കാൻ അങ്ങെന്തെങ്കിലും ചെയ്യുന്നുണ്ടോ; ഒരു കമാൻഡുണ്ടോ? കാർ വാങ്ങിക്കരുതെന്ന് ഈ ബഡ്ജറ്റിൽ പറയുന്നുണ്ട്. അവിടെ ഇരിക്കുന്നത് മൂന്ന് സർക്കുലർ ഇറക്കിയ ആളാണ്. ഏതെങ്കിലും വകുപ്പിലെ ആരെങ്കിലും മൈൻഡ് ചെയ്തോ? ധനകാര്യ വകുപ്പ് പിന്നെയും സർക്കുലർ ഇറക്കുകയാണ്. എന്നിട്ടും പിന്നെയും കാർ വാങ്ങിക്കൊണ്ടിരിക്കുകയാണ്. ദുർച്ചെലവ് നിയന്ത്രിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെയും വകുപ്പുമന്ത്രിയുടെയും കമാൻഡ് നഷ്ടപ്പെട്ടിരിക്കുന്നു എന്നാണ് എന്റെ ആരോപണം. വരുമാനം ഒരു വശത്ത് ഗണ്യമായി കുറയുന്നു, മറുവശത്ത് ദുർച്ചെലവ് വർദ്ധിക്കുന്നു. കടക്കെണിയുടെ പാതാളത്തിലേയ്ക്ക് കൂപ്പുകുത്തുന്നു. എന്നിട്ടും ഇതെല്ലാം മറച്ചു വയ്ക്കാനുള്ള നാടകമാണ് അങ്ങ് കാണിച്ചിരിക്കുന്നത്. ഇത്രയും കാപട്യം നിയമസഭയിൽ വയ്ക്കുന്ന ഒരു ബഡ്ജറ്റിൽ പാടില്ല. അങ്ങ് ബഡ്ജറ്റ് നിറയെ കവിതകൾ കുത്തിനിറച്ചിരിക്കുകയാണ്. അഭിവന്ദ്യനായ കുഞ്ഞുണ്ണി മാസ്റ്റർ രചിച്ച ഈ കവിതകൂടി പറഞ്ഞ് അങ്ങ് കൺക്ലൂഡ് ചെയ്യണമായിരുന്നു.

കപട ലോകത്തിൽ, എന്നുടെ കാപട്യം

സകലരും കാണുന്നതാണെൻ പരാജയം,

സത്യത്തിൽ അങ്ങ് കാണിച്ചിരിക്കുന്ന ഈ കാപട്യം ഞങ്ങൾക്കെല്ലാവർക്കും മനസ്സിലായി. അങ്ങനെയൊരു കവിത കൺക്ലൂഡിംഗ് കവിതയായി വച്ചിരുന്നെങ്കിൽ വളരെ നന്നാകുമായിരുന്നു. ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, രാജ്യത്താകെ പടർത്തുന്ന ഇരുട്ടിലെ രജതരേഖയാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജറ്റ്. ഏറെ അഭിമാനത്തോടെ, ശുഭാപ്തി വിശ്വാസത്തോടെ നാടിനുവേണ്ടി ഈ ബഡ്ജറ്റിന് പൂർണ്ണമായ സ്വാഗതവും പിന്തുണയും നൽകുന്നു. ഇവിടെ എനിക്കുമുമ്പേ സംസാരിച്ചിട്ടുള്ള ശ്രീ. വി. ഡി. സതീശൻ പറഞ്ഞിരിക്കുന്നത് ഈ ബഡ്ജറ്റ് വെടിക്കെട്ടു പോലെയാണെന്നാണ്. 9,311 കോടി രൂപയാണ് ക്ഷേമപെൻഷനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്തിരുന്നത്. എന്നാൽ നാല് വർഷംകൊണ്ട് അത് 22,000 കോടി രൂപയായി വർദ്ധിപ്പിച്ചു. പതിമൂന്ന് ലക്ഷം വയോജന ങ്ങൾക്കുകൂടി പെൻഷൻ ലഭിക്കും, അവരുടെ മനസ്സിലെല്ലാം ലഡു പൊട്ടും, അവരുടെ കയ്യിൽ പണ്ട് ലഭിച്ചിരുന്ന 600 രൂപ 1,300 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. സാധാരണക്കാർക്ക് എല്ലാവിധ ആനുകൂല്യങ്ങളും കൊടുക്കുന്നതാണ് ഈ ബഡ്ജറ്റ് എന്ന് നമുക്ക് കാണാൻ കഴിയും. പുതിയ കേരള നിർമ്മാണത്തിനുതകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. കേരളത്തെ ഇത്രയേറെ കുഴപ്പത്തിലാക്കുകയും സാമ്പത്തികമായി തകർക്കുകയും ചെയ്യുന്ന കേന്ദ്ര ബഡ്ജറ്റിലെ കാര്യങ്ങളെക്കുറിച്ച് ശ്രീ. വി. ഡി. സതീശനെപ്പോലുള്ള ഒരു നിയമസഭാംഗം ഒന്നും പറയുന്നില്ല എന്നതാണ് ഏറെ ഖേദകരം. അതുകൊണ്ടുതന്നെ ആരാണ് ബി.ജെ.പി.-യുടെ താൽപ്പര്യങ്ങൾക്ക് ഒപ്പം നിൽക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഫെബ്രുവരി ഒന്നിന് അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ് കോർപ്പറേറ്റുകൾക്ക് വേണ്ടിയുള്ളതാണെന്ന് നമുക്ക് കാണാൻ കഴിയും. മുപ്പത്തിയാറ് ലക്ഷം കോടി രൂപ ആസ്തിയുള്ള എൽ.ഐ.സി.-യെപ്പോലും അവർ സ്വകാര്യവൽക്കരിക്കുകയാണ്. പ്രളയത്തെ തുടർന്ന് എട്ട്-ൽ ഏഴ് സംസ്ഥാനങ്ങൾക്കും ധനസഹായം നൽകിയപ്പോൾ കേരളത്തിനുമാത്രം അത് അനുവദിച്ചില്ല എന്ന കാര്യം നമുക്ക് കാണാൻ കഴിയും. പല കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും പണം നൽകുന്നതിൽ വളരെ താമസമുണ്ടാകുന്നു. പലതും കുടിശ്ശികയായി കിടക്കുകയാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ട 5,000 കോടി രൂപയുടെ കേന്ദ്ര വിഹിതം വെട്ടിക്കുറച്ചിരിക്കുന്നു. കേരളത്തിൽ ബി.ജെ.പി.-യുടെ നേതൃത്വം കേരളീയരുടെ താല്പര്യങ്ങൾക്കെതിരാണ്. ആർ.എസ്.എസ്.-ന്റെ നാഗ്പൂരുള്ള ആസ്ഥാനത്ത് ചർച്ച ചെയ്തിട്ട് അവർ അംഗീകരിച്ചിരിക്കുന്നത്

കേരളത്തിനകത്ത് ഐഡിയോളജിക്കൽ ഫൈറ്റ് നടത്തേണ്ട കാര്യമില്ലെന്നും അതുകൊണ്ടൊന്നും വലിയ പ്രയോജനം ലഭിക്കുകയുമില്ലെന്നുമാണ്. അതുകൊണ്ട് ഭരണപരമായി സാമ്പത്തിക ഞെരുക്കമുണ്ടാക്കണം. കേരളത്തെ തകർക്കാൻ യുദ്ധപ്രഖ്യാപനം നടത്തണം. കേരളത്തിന് യാതൊരുവിധ സഹായവും നൽകേണ്ടതില്ല എന്ന ആർ.എസ്.എസ്.-ന്റെ തീരുമാനമാണ് കേന്ദ്ര മന്ത്രിസഭ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് കേരളത്തെ ഇങ്ങനെ തകർക്കുന്നത് എന്ന് കാണാൻ കഴിയും. ഇത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. രാജ്യം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള ഒരു നിർദ്ദേശവും കേന്ദ്ര ബഡ്ജറ്റിൽ ഇല്ല. തൊഴിലില്ലായ്മ രൂക്ഷമാകുന്നു, കർഷക ആത്മഹത്യ വർദ്ധിക്കുന്നു, വിലക്കയറ്റം കൂടുന്നു. ഇന്ത്യയിലാകെ കർഷക ആത്മഹത്യ കൂടിവരുമ്പോൾ, ഏറ്റവും കുറഞ്ഞ ഒറ്റപ്പെട്ട അനുഭവങ്ങൾ മാത്രമേ കേരളത്തിൽ കാണാൻ കഴിയുന്നുള്ളൂ. വിലക്കയറ്റം, മിനിമം വേതനത്തിന്റെ നിഷേധം, വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ ഉയരുന്ന ചെലവുകൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ, ഇവയെല്ലാം പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ കേന്ദ്ര ബഡ്ജറ്റിൽ ഇല്ലെന്ന് നമുക്ക് കാണാൻ കഴിയും. കേന്ദ്ര ബഡ്ജറ്റിൽ സബ്സിഡി വലിയ രീതിയിലാണ് വെട്ടിക്കുറച്ചിരിക്കുന്നത്. ഈ സാമ്പത്തിക വർഷം എഫ്.സി.ഐ.-യിൽ മാത്രം 76,000 കോടി രൂപയും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 9,500 കോടി രൂപയുമാണ് വെട്ടിക്കുറച്ചിരിക്കുന്നത്. പട്ടികജാതി വിദ്യാർത്ഥികളുടെ ഫെലോഷിപ്പ് 360 കോടി രൂപയിൽ നിന്ന് 300 കോടി രൂപയായും ബേട്ടി ബഡാവോ ബേട്ടി ബച്ചാവോ പദ്ധതിയിൽ 60 കോടി രൂപയും കൃഷി, വളം എന്നിവയിൽ 11 ശതമാനവുമാണ് വെട്ടിക്കുറച്ചിരിക്കുന്നത്. കർഷകത്തൊഴിലാളികൾക്ക് മിനിമം കൂലി ലഭിക്കാനുള്ള ഒരു നിർദ്ദേശവും കേന്ദ്ര ബഡ്ജറ്റിൽ ഇല്ല. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്നൊക്കെ പറഞ്ഞുകൊണ്ടാണ് അധികാരത്തിൽ വന്നതെന്ന് നമുക്ക് കാണാൻ കഴിയും. സംസ്ഥാന സർക്കാരിനെതിരെ വലിയ സമ്മർദ്ദം ചെലുത്തി കാർഷിക വിപണി, ലാന്റ് ലീസിംഗ് ഇവയൊക്കെ നടപ്പിലാക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഇതിനെക്കുറിച്ച് പ്രതിപക്ഷത്തുനിന്നും ഒന്നും പറയുന്നില്ല എന്നുള്ളത് ഏറെ ഖേദകരമാണെന്ന് നമുക്ക് കാണാൻ കഴിയും. കേരള ഗവൺമെന്റ് സമർപ്പിച്ച ബഡ്ജറ്റ് ഇടതുപക്ഷത്തിന്റെ ബദൽ സമീപനങ്ങളാണ്. സാമൂഹ്യക്ഷേമ പെൻഷനുള്ള തുക വർദ്ധിപ്പിക്കുകയാണ്. സാധാരണക്കാർക്ക് കാർഷിക-വ്യാവസായിക മേഖലയിലേയ്ക്ക് മുന്തിയ പരിഗണന നൽകുകയാണ്. ആ രീതിയിൽ വലിയ മുന്നേറ്റമാണ് കേരളത്തിൽ ഉണ്ടാക്കാൻ ശ്രമിക്കുന്നത്. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകയാണ്. മറ്റൊന്ന്, ഒന്നും നടപ്പിലാകുന്നില്ലെന്ന് പറഞ്ഞ് പ്രതിപക്ഷ

നേതാവ് പത്രസമ്മേളനം നടത്തിയിട്ട് ഇതൊരു കവി സമ്മേളനമാണെന്ന് പറയുകയാണ്. കവികളെ ഇങ്ങനെ അപമാനിക്കേണ്ട വല്ല കാര്യവുമുണ്ടോ; ദേശീയ ഗാനം ആലപിച്ചുകൊണ്ട്, ദേശീയ ഗാന രചയിതാവിനെ ഇനി തള്ളിപ്പറയുമോ എന്നെനിക്കറിയില്ല. കവികളെല്ലാം നാടിന്റെ സ്വത്താണ്. അവരെ കളിയാക്കേണ്ട കാര്യമൊന്നുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിൽതന്നെ 469 കോടി രൂപയാണ് കിഫ്ബി വഴി അനുവദിച്ചിരിക്കുന്നത്. മൂന്ന് കോടി രൂപയുടെ വർക്ക് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഒരു പദ്ധതി കിട്ടാത്തതിന്റെ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞിരുന്നല്ലോ; ഇതെല്ലാം എല്ലാവരും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാർ കർഷകത്തൊഴിലാളികളുടെ പെൻഷൻപോലും കുടിശ്ശികയാക്കി വച്ചിട്ടാണ് പോയത്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അത് കൊടുക്കാൻ കഴിഞ്ഞത്. കർഷകത്തൊഴിലാളി ക്ഷേമനിധിക്ക് വി. എസ്. ഗവൺമെന്റ് 114 കോടി രൂപ കൊടുത്തപ്പോൾ നയാപൈസപോലും നിങ്ങളാരും കൊടുത്തില്ലല്ലോ. പാവപ്പെട്ടവരല്ലേ അവർ; പിന്നീട് ഈ ഗവൺമെന്റിന് 130 കോടി രൂപ കൊടുക്കാൻ വേണ്ടി വന്നല്ലോ. ഇപ്പോൾ 50 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഈ ഗവൺമെന്റ് സാധാരണക്കാരുടെ താല്പര്യങ്ങളാണ് സംരക്ഷിക്കുന്നത് എന്ന് തിരിച്ചറിയാൻ കഴിയണം. വയനാട് കർഷകരുടെയും ആദിവാസികളുടെയും തോട്ടം തൊഴിലാളികളുടെയും നാടാണ്. വയനാട്, ഇടുക്കി പാക്കേജുകൾ സ്വപ്നം കാണാനുള്ളതാണെന്നാണ് ഇപ്പോൾ നിങ്ങൾ പറയുന്നത്. ഇങ്ങനെയൊരു ജാള്യത പറയാമോ; വയനാടിന്റെ താല്പര്യങ്ങൾക്ക് എപ്പോഴാണ് യു.ഡി.എഫ്. ഗവൺമെന്റ് അനുകൂലമായി നിന്നത്? 1972-ൽ അന്നത്തെ ബേപ്പൂർ എം.എൽ.എ. ചാത്തുണ്ണി മാസ്റ്റർ വയനാടിനൊരു ജില്ല രൂപീകരിക്കണമെന്ന് പ്രമേയം കൊണ്ടുവന്നു. മൂന്നുപേരും കോൺഗ്രസിന്റെ എം.എൽ.എ.-മാർ ആയിരുന്നു. അന്ന് സൗത്ത് വയനാട്, നോർത്ത് വയനാട്, കല്പറ്റ എന്നീ മൂന്ന് മണ്ഡലങ്ങളിലെയും കോൺഗ്രസ് എം.എൽ.എ.-മാർ എണീറ്റ് നിന്നിട്ട് പാടില്ല എന്ന് പറഞ്ഞ് പരാജയപ്പെടുത്തിയതല്ലേ നമ്മുടെ സഭയുടെ ചരിത്രം. വയനാടിനോട് ഏറെ സ്നേഹവും കരുതലും കാണിച്ചതിനെ ഇങ്ങനെ കളിയാക്കേണ്ട കാര്യമുണ്ടോ? രണ്ടായിരം കോടി രൂപയുടെ പാക്കേജാണ്. ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം വയനാട്ടിലെ അമ്പത്തയ്യായിരം കാപ്പികൃഷിക്കാർക്ക് മാത്രമായി അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിക്കുകയല്ല ചെയ്തത്. ഒരു ധനമന്ത്രി എന്ന നിലയ്ക്ക് ഞങ്ങളോടൊപ്പം ആന്ധ്രാപ്രദേശിലെ അരക്ക് വാലി എന്നൊരു പ്രദേശത്ത് വന്ന് എങ്ങനെയാണിവിടെ കാപ്പി ഉല്പാദിപ്പിക്കുന്നതെന്നും കാപ്പിയുടെ വില എങ്ങനെ കൂട്ടാൻ കഴിയും എന്നൊക്കെയുള്ള കാര്യങ്ങൾ പഠിച്ചിട്ടാണ് തീരുമാനിച്ചിട്ടുള്ളത്. അല്ലാതെ സ്വപ്നംകണ്ട് ഇത് അവതരിപ്പിച്ചതാണെന്ന് നിങ്ങളാരും കരുതേണ്ടതില്ല.

കഴിഞ്ഞ വർഷം ഇത് തുടരാൻ കഴിയുമായിരുന്നു, ഇത്രയും നീട്ടിക്കൊണ്ട് പോയത് യു.ഡി.എഫ്. ഗവൺമെന്റാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റ് അവിടെ മെഗാ ഫുഡ് പാർക്കിനുവേണ്ടി അഞ്ഞൂറ് ഏക്കർ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതിനുള്ള ഒരു നിലപാടും സ്വീകരിച്ചില്ല. ഈ ഗവൺമെന്റ് വന്നപ്പോഴാണ് കോടതിയിൽ കേസ് കൊടുത്ത് കഴിഞ്ഞ രണ്ട് മാസങ്ങൾക്കുമുമ്പ് ഭൂമി ഏറ്റെടുക്കാനുള്ള നടപടിയുമായി മുന്നോട്ടുവന്നത്. ഇതെല്ലാം മനസ്സിലാക്കാതെയാണ് കാര്യങ്ങൾ പറയുന്നത്. അതുപോലെ ലോകത്തിലാദ്യമായൊരു ജില്ല കാർബൺ ന്യൂട്രലായി മാറുകയാണ്. അതോടുകൂടി വയനാട്ടിൽ ഉണ്ടാകുന്ന എല്ലാ കാർഷികോല്പന്നങ്ങൾക്കും ലോക മാർക്കറ്റുകൾക്കിടയിൽ ഇടം കിട്ടും. ഓക്സിജൻ സമ്മർദ്ദമായ അന്തരീക്ഷത്തിൽ അത് ഇവിടെ നടപ്പിലാക്കാൻ കഴിയും. മീനങ്ങാടി പഞ്ചായത്തിൽ അത് നടപ്പിലാക്കി. ഈ ജില്ലയിൽ ആകെ നടപ്പിലാക്കാൻ വേണ്ടിയിട്ടുള്ള പരിശ്രമങ്ങൾക്ക് ഈ ഗവൺമെന്റ് നല്ലതുപോലെ നേതൃത്വം കൊടുക്കുകയാണ്. പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രിതന്നെ നല്ല രീതിയിൽ ഇതിൽ ഇടപെടുന്നുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. വയനാട്ടിലെ മറ്റൊരു പ്രധാനപ്പെട്ട ജനവിഭാഗമാണ് ആദിവാസികൾ. അവർക്ക് ഭൂമികൊടുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. ഇപ്പോൾ അഞ്ഞൂറാളുകൾക്ക് ഭൂമി വിതരണം ചെയ്യുകയും ആയിരം പേർക്ക് ഭൂമി വിതരണം ചെയ്യാനുള്ളതെല്ലാം അളന്ന് തിരിച്ചുകഴിഞ്ഞിട്ടുമുണ്ട്. വയനാട്ടിൽ 241 ആദിവാസി ടീച്ചർമാരുണ്ട്. ആ ഊരുകളിൽ ഞാൻപോയി ചോദിച്ചപ്പോൾ അവർ പറഞ്ഞത്, ശമ്പളം കുറവാണെങ്കിലും നാട്ടിലൊരു അന്തസ്സുണ്ട്, ഞങ്ങളെ ടീച്ചർ എന്ന് വിളിക്കാൻ തുടങ്ങിയല്ലോ എന്നാണ്. അവരുടെ സാമൂഹ്യസ്ഥിതി എത്രമാത്രം വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം 241 പേരെയാണ് ഒറ്റയടിക്ക് മെന്റർ ടീച്ചർമാരായി നിയമിച്ചത്. അത് സംസ്ഥാനത്താകെ വ്യാപിപ്പിക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. 25 കോടി രൂപ ആദിവാസികൾക്കിടയിൽ തൊഴിൽ സംരംഭത്തിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. അതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ രീതിയിൽ വയനാടിലെ താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടിയുള്ള വലിയ നിലപാടുകളാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പ്ലാന്റേഷൻ കോർപ്പറേഷനിൽ ഡയറക്ടറേറ്റ് രൂപീകരിച്ച് മാറ്റങ്ങളുണ്ടാക്കാൻ പരിശ്രമിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. പ്രതിപക്ഷം അവിടെ പത്രസമ്മേളനമൊക്കെ നടത്തിയിട്ട് ഒന്നുമില്ലെന്ന് പറഞ്ഞു. വയനാട് ജില്ല വന്നപ്പോൾ കൈപൊക്കി പരാജയപ്പെടുത്തിയതുപോലെ ഇതിന്റെയൊരു ജാള്യത മറച്ചുവയ്ക്കാൻ വയനാടിലെ ജനങ്ങൾക്ക് മുഴുവനും അറിയാം. വയനാടിലെ ജനങ്ങൾക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിയേയും എൽ.ഡി.എഫ്. ഗവൺമെന്റിനേയും

ഞാൻ അഭിനന്ദിക്കുകയാണ്. തീർച്ചയായിട്ടും ഏറ്റവും ഭംഗിയായിതന്നെ അത് നടപ്പിലാക്കാൻ കഴിയും. സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ഒരു നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്യണമെന്ന് ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വയനാട്ടിലെ ജനങ്ങൾ വളരെ സന്തുഷ്ടരാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. വയനാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ജനവിഭാഗമാണ് സിക്കിൾ സെൽ അനീമിയ രോഗികൾ, ജനിതക രോഗമാണത്. ഏറ്റവും കൂടുതലുള്ളത് ആദിവാസികൾക്കിടയിലും വയനാടൻ ചെട്ടി സമുദായത്തിലുമാണ്. അവരെ ഈ പാക്കേജിൽ ഉൾപ്പെടുത്തി സഹായിക്കാൻ കഴിയണം. കിന്റർ ഗാർട്ടൺ ടീച്ചേഴ്സിന്റെ ശമ്പളവർദ്ധനവിനും ആവശ്യമായ നടപടി സ്വീകരിക്കണം. വയനാട്ടിലെ ജനങ്ങൾ 10-13 കോടിയോളം രൂപ പിരിച്ചെടുത്ത് നിർമ്മിച്ചിട്ടുള്ള സ്ഥാപനമാണ് ബ്രഹ്മഗിരി. അന്തരിച്ചുപോയ മുൻ എം.എൽ.എ. വർഗ്ഗീസ് വൈദ്യർ ഈ നിയമസഭയിൽ പ്രത്യേക പ്രമേയം കൊണ്ടുവന്ന് നിയമസഭയുടെ അംഗീകാരത്തോടെ പാസ്സാക്കിയതാണ് ബ്രഹ്മഗിരി എന്നുപറയുന്ന സ്ഥാപനം. മുൻ എം.എൽ.എ. കൂടിയായ ശ്രീ കൃഷ്ണപ്രസാദാണ് അതിന്റെ ചെയർമാനായി അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ബ്രഹ്മഗിരിക്ക് 10 കോടി രൂപ ഈ പാക്കേജിൽ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജനങ്ങളുടെ സ്വത്താണത്. വയനാടിനെ സംബന്ധിച്ചിടത്തോളം മുഴുവൻ ജനങ്ങളും ഗവൺമെന്റിന്റെ നിലപാടിൽ കൂടെയുണ്ട്. ഇതൊന്നും നടപ്പിലാകില്ലെന്ന് വിചാരിച്ചിട്ട് നിൽക്കേണ്ടൊരു കാര്യവുമില്ല. നടപ്പിലാക്കാൻ വയനാട്ടിലെ ജനങ്ങളും കർഷകരും ആദിവാസികളും അവിടത്തെ തോട്ടം തൊഴിലാളികളും എല്ലാപേരുംകൂടി ചേർന്ന് ഈ ഗവൺമെന്റിന്റെ പിന്നാലെ അണിചേർന്നുകൊണ്ടുതന്നെ ആവശ്യമായ നിലപാടുകൾ സ്വീകരിക്കും. വയനാട്ടിലെ ബത്തേരി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പുമന്ത്രി അഞ്ച് കോടി രൂപയുടെ കിഫ്ബി സ്കൂൾ ഉദ്ഘാടനം ചെയ്തുകൊണ്ട് ഈ ഗവൺമെന്റ് ചെയ്ത എല്ലാ കാര്യങ്ങളെക്കുറിച്ചും അവിടെ സംസാരിക്കുന്നത് ഞങ്ങളെല്ലാം കേട്ടതാണ്. അതുകൊണ്ട് വെറുതെയായിട്ടൊന്നും കാണേണ്ട കാര്യമില്ല. ഒരിക്കൽകൂടി രാജ്യത്തിനാകെ മാതൃകയായ ബദൽ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ള കേരളത്തിലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് പൂർണ്ണമായും ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്തുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഡ്ജറ്റ് എന്നത് കേരളത്തിലെ വരവുചെലവ് കണക്കല്ല; സാമൂഹ്യനീതിക്കുള്ള ഒരുപകരണമാണ് ബഡ്ജറ്റ്. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച് മന്ത്രി കവികളെയും കവിതകളെയുമാണ് പറഞ്ഞിട്ടുള്ളത്. അല്ലാതെ ബഡ്ജറ്റിലെ മറ്റുള്ള കാര്യങ്ങളെ

സംബന്ധിച്ചല്ല പറഞ്ഞത്. ബഡ്ജറ്റിൽ, ഗവർണർ സർക്കാരിന്റെ നയങ്ങൾ പ്രഖ്യാപിക്കുന്നു. ധനകാര്യ വകുപ്പുമന്ത്രി ആ നയങ്ങൾ നടപ്പിലാക്കാനുള്ള കാര്യങ്ങൾ ബഡ്ജറ്റിൽ പറയുന്നു. നയപ്രഖ്യാപനവും ബഡ്ജറ്റും തമ്മിൽ എന്ത് ബന്ധമാണുള്ളതെന്ന് പറയണം. കഴിഞ്ഞ പ്രാവശ്യം അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ച് ചോദിച്ചാൽ മന്ത്രി അടുത്ത തവണത്തെ കാവിലെ പാട്ട് ഉത്സവത്തിന് കാണാമെന്ന് പറയും. ശ്രീ. സലാം കൊടിയത്തൂരിന്റെ ലീക്ക് ബീരാൻ എന്നൊരു കഥാപാത്രമുണ്ട്. ലീക്ക് ബീരാൻ ഗൾഫിൽ പോയി. ഗൾഫിൽനിന്നും ബീരാൻ ജ്യേഷ്ഠനൊരു കത്തയച്ചു. ഞാൻ ഇരുപത്തയ്യായിരം രൂപ അയയ്ക്കുന്നു. അതിൽനിന്നും പതിനായിരം രൂപ ബാപ്പയ്ക്ക് കൊടുക്കണം. അയ്യായിരം രൂപ അമ്മായിക്ക് കൊടുക്കണം. രണ്ടായിരം രൂപ അനുജന് കൊടുക്കണം. ആയിരം രൂപ എന്റെ ചെറിയ അളിയന് കൊടുക്കണം. അഞ്ഞൂറ് രൂപ എന്റെ മൂന്ന് കുട്ടികൾക്കും കൊടുക്കണം. ഇതെല്ലാമെഴുതിയതിനുശേഷം അവസാനം കത്തിൽ പറയുകയാണ്, ഇതൊക്കെ എനിക്ക് ആഗ്രഹമുണ്ട്. പക്ഷെ എന്റെ കയ്യിലൊന്നുമില്ല. അതുകൊണ്ട്, ഇങ്ങനെയൊരു കത്ത് എനിക്കെഴുതാൻ സാധിച്ചതിലുള്ളൊരു സംതൃപ്തിയാണ്. അതുപോലെ ബീരാന്റെ ഒരു കഥാപാത്രമാണ് ഡോ. തോമസ് ഐസക് എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. നിങ്ങൾ ആലോചിച്ചുനോക്കണം. മന്ത്രിയുടെ പ്രഖ്യാപനം കേൾക്കണം; ബീരാൻ പറഞ്ഞതുപോലെത്തന്നെയാണ്. പൊതുമരാമത്ത് വകുപ്പിന്റെ മുഖച്ഛായ മാറ്റാൻ ഡിസൈനറെ വയ്ക്കണം. ഇത് 2019-2020 -ലെ ബഡ്ജറ്റാണ്. പൊതുമരാമത്ത് വകുപ്പിൽ പതിനായിരം കോടി രൂപയുടെ പാലങ്ങൾ, ഈ വർഷം പതിനായിരം ഇലക്ട്രിക് മോട്ടോറുകൾക്ക് സബ്സിഡി, കെ.എസ്.ആർ.ടി.സി.-യിൽ ഇലക്ട്രിക് ബസ്സുകൾ, അയ്യായിരം ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇതെല്ലാം കഴിഞ്ഞ ബഡ്ജറ്റിലേതാണ്. ഏതൊക്കെ കമ്പനികളാണ് ഇങ്ങോട്ട് വരുന്നതെന്ന് അറിയാമോ; മൂവായിരം പേർക്ക് തൊഴിൽ നൽകാൻ സ്പെയ്സ് ആന്റ് എയ്റോ സെന്റർ ഓഫ് എക്സലൻസ്, രണ്ടായിരം പേർക്ക് കോഴിക്കോട് സൈബർ പാർക്കിൽ ജോലി, ഏണസ്റ്റ് ആന്റ് യംഗ് കമ്പനി കേരളത്തിലേയ്ക്ക്, ടെറാനെറ്റ് എന്ന കനേഡിയൻ കമ്പനി തിരുവനന്തപുരത്തേയ്ക്ക്, തിരുവനന്തപുരത്ത് എയർബസ് കമ്പനിയുടെ ബിസ്‌ലാബ്, തേജസ്സ്, യൂണിറ്റി, ആൾട്ടോ തുടങ്ങിയ ബഹുരാഷ്ട്ര കമ്പനികൾ കൊച്ചിയിലേയ്ക്ക്, ഇങ്ങോട്ടുവരാനായി ഇവർക്കൊന്നും വണ്ടി കിട്ടിയില്ലേ? അതുപോലെ ടെക്നോപാർക്കിൽ നിസാൻ കമ്പനിയുടെ ഇലക്ട്രിക് വാഹന നിർമ്മാണ കേന്ദ്രം-രണ്ടായിരം പേർക്ക് തൊഴിൽ, തീർന്ന എം.ഒ.യു. പുതുക്കാൻപോലും സമയം കിട്ടിയിട്ടില്ല. കൊച്ചിയിലേയ്ക്ക് ബഹുരാഷ്ട്ര കമ്പനികൾ എപ്പോഴാണ് വരുന്നത്? ഫ്യൂജിത്സു, ഹിറ്റാച്ചി കമ്പനികൾ കേരളത്തിലേയ്ക്കാണ് വരുന്നത്. ഏതെങ്കിലുമൊരു കാര്യം വന്നിട്ടുണ്ടോ? മന്ത്രി

ഇങ്ങനെ പ്രഖ്യാപിക്കുകയാണ്. മുഖ്യമന്ത്രി രണ്ടാഴ്ച മുമ്പ് നടത്തിയ പ്രസംഗത്തിൽ പറഞ്ഞു, തിരുവനന്തപുരം മുതൽ ബേക്കൽ വരെ ജലപാത യാഥാർത്ഥ്യമാക്കുമെന്ന്. മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലും അത് പറയുന്നു. ബഹുമാന്യനായ മന്ത്രിയോടുള്ള എല്ലാ ബഹുമാനത്തോടുംകൂടി ഞാൻ ചോദിക്കട്ടെ, തിരുവനന്തപുരത്തുനിന്നും വടകര വരെ കനാലുണ്ട്. മാഹി, വളപ്പട്ടണം നീലേശ്വരം വരെ കനാലുണ്ടോ? കനാലിന്റെ പണി തുടങ്ങിയില്ല. പിന്നെ എങ്ങനെയാണ് അടുത്ത മാർച്ചിൽ പണി പൂർത്തിയാക്കുന്നത്? ബോട്ട് റോഡിൽക്കൂടി പോകുമോ? നിങ്ങൾ പറയണം; നിങ്ങൾ വെറുതെ പഴയ ആശയങ്ങളും കാര്യങ്ങളും പറഞ്ഞുകൊണ്ട് സ്വപ്നലോകത്തെ ബാലഭാസ്കരൻ എന്ന നിലമാറ്റണം. ഇരുപത്തഞ്ച് രൂപയ്ക്ക് ഊണും 2017-18 -ൽ കുപ്പിവെള്ളം പന്ത്രണ്ട് രൂപയ്ക്കും 2019-20-ൽ എൺപത്തിയഞ്ച് രൂപയ്ക്ക് കോഴി കൊടുക്കുമെന്നും പറഞ്ഞു. കോഴി ഇറച്ചിയുടെ കാര്യം എവിടെയായി? ഇരുപത്തിയഞ്ച് രൂപയ്ക്ക് ചോറും കൊടുക്കും, മീൻകറി കൊടുക്കുമെന്ന് പറഞ്ഞു. അതെവിടെ കിട്ടും? നൂറുരൂപ പെൻഷൻ വർദ്ധിപ്പിച്ചു. തണ്ടപ്പേരുണ്ടാക്കാൻ വില്ലേജ് ഓഫീസിൽ പോയാൽ നൂറ് രൂപ കൊടുക്കണം. പോക്കുവരവ് ചെയ്യാനാണെങ്കിൽ അമ്പത്തിയഞ്ച്, അങ്ങനെ നൂറ്റിയമ്പത് രൂപയോളം കൊടുക്കണം. നൂറുരൂപ പെൻഷൻ വർദ്ധിപ്പിച്ചിട്ട് എന്തുകാര്യമാണുള്ളത്? ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഈ സഭയിലെ എല്ലാ അംഗങ്ങൾക്കുംവേണ്ടിയാണ് പറയുന്നത്. അങ്ങ് ഞങ്ങളോട് ഇരുപത് പ്രൊപ്പോസൽ ചോദിച്ചു. കഴിഞ്ഞ വർഷവും ഇത്തവണയും കിഫ്ബിക്ക് പ്രോജക്ട് നൽകേണ്ടെന്നു പറഞ്ഞു. ഇരുപത് ശതമാനമുണ്ടെങ്കിലേ ബഡ്ജറ്റിൽ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കിട്ടുകയുള്ളൂ. ഇക്കൊല്ലം എല്ലാപേർക്കും ഒരു വർക്കാണ് തന്നത്. ബാക്കി പത്തൊമ്പത് വർക്കെന്താണ്? അപ്പുറത്തിരിക്കുന്ന എം.എൽ.എ.-മാരും പാർട്ടിക്കാരും കുറെ ഫ്ലക്സ് വച്ചിട്ടുണ്ടല്ലോ; നൂറ് രൂപയുടെ ടോക്കൺ പ്രൊവിഷനാണ് വച്ചിട്ടുള്ളത്. ഏതെങ്കിലും യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് നിങ്ങൾക്കോ എനിക്കോ പറയാൻ കഴിയുമോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, കഴിഞ്ഞ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കുമ്പോൾ അങ്ങയുടെ മറുപടി പ്രസംഗത്തിൽ ഞാനിടപെട്ട് ചോദിച്ചപ്പോൾ പറഞ്ഞു, നൂറ് രൂപയുടെ പ്രൊപ്പോസലുള്ളത് ആലപ്പുഴയിലൊക്കെ കൊടുത്തിട്ടുണ്ട്. അവിടെയൊക്കെ ഇരുപത് ശതമാനത്തിലാണ്. നൂറ് രൂപയ്ക്കുവേണ്ടി നാന്നൂറ് കോടി രൂപ അഡീഷണലായി ഇരുപത് ശതമാനം കവറുചെയ്യാൻ വച്ചിട്ടുണ്ട്. നൂറ് രൂപ വച്ച് ഏതെങ്കിലുമൊരു വർക്കിന് കഴിഞ്ഞ പ്രാവശ്യം അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തോ? കൊടുത്തിട്ടില്ലല്ലോ. ആർക്കെങ്കിലും എന്തെങ്കിലും പറയാൻ കഴിഞ്ഞിട്ടുണ്ടോ? അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, കിഫ്ബിയിൽ എം.എൽ.എ.-മാരോട് രണ്ട് വർഷം പ്രോജക്ട് നൽകേണ്ടെന്നു പറയുന്നു. പിന്നെ എങ്ങനെയാണ് കിഫ്ബിക്ക് അമ്പതിനായിരം കോടി രൂപയുണ്ടാകുന്നത്? ഏത് പ്രോജക്ടാണ് നിയോജകമണ്ഡലത്തിൽ നടന്നത്? നിങ്ങൾ

നടക്കാത്ത കാര്യങ്ങൾ കിഫ്ബിയിൽ പറയരുത്. ധൂർത്തല്ലേ നടക്കുന്നത്. ലൈഫ് മിഷൻ ഭവന പദ്ധതിക്ക് കൺസൾട്ടന്റിനെ വച്ചു. എത്ര രൂപയുടെ ധൂർത്താണ് നടക്കുന്നത്? കിഫ്ബിയിൽ പുതിയ ചീഫ് ആഡിറ്റർക്ക് ഒരു ലക്ഷം രൂപ ശമ്പളം. കിഫ്ബിയിലെ ഓംബുഡ്സ്മാൻ ആയ ശ്രീ. സലീം ഗംഗാധരൻ മുൻ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ എം.ഡി.-യും വിജിലൻസ് കേസ്സിലെ പ്രതിയുമാണ്. ഇവിടെ ബഹുമാന്യനായ ശ്രീ. വി. ഡി. സതീശൻ പറഞ്ഞു ബഡ്ജറ്റ് വായിച്ച് ജനങ്ങൾ അന്തംവിട്ടുകയാണ്. അയ്യായിരം ആദിവാസികൾക്ക് വീട്. പട്ടികജാതി വികസന വകുപ്പ് ഈ ഗവൺമെന്റ് വന്ന ആദ്യകാലങ്ങളിൽ ഏഴായിരം ആളുകൾക്ക് വീട് കൊടുത്തിട്ടുണ്ട്. കഴിഞ്ഞ തവണ ലൈഫ് പദ്ധതിയിൽ എവിടെയെങ്കിലും ആദിവാസികൾക്ക് വീട് കൊടുത്തോ? ബഹുമാനപ്പെട്ട ധനകാര്യമന്ത്രി, അങ്ങൊരു സാമ്പത്തിക വിദഗ്ദ്ധനാണ്. ജനകീയാസൂത്രണം 1996-ൽ വന്നപ്പോൾ അന്ന് പ്ലാനിംഗ് ബോർഡ് മെമ്പർ. അതിലെ എല്ലാ നൂലാമാലകളും ഒഴിവാക്കാൻ ഒരു പുസ്തകമെഴുതിയ വ്യക്തി, പ്രായോഗിക സാമ്പത്തിക ശാസ്ത്രത്തിന്റെ വക്താവെന്ന് അങ്ങ് സ്വയം അവകാശപ്പെടുകയും ചിലപ്പോൾ ഉൾക്കൊള്ളുകയോ ഉൾക്കൊ ള്ളാതിരിക്കുകയോ ചെയ്യുന്നൊരു വ്യക്തിയായ അങ്ങയോട് ഞാൻ ചോദിക്കട്ടെ, ഭൂമിയില്ലാത്ത പാവപ്പെട്ടവർക്ക് രണ്ട് ലക്ഷം രൂപ കൊടുക്കാൻ സർക്കുലർ ഇറക്കി. പഞ്ചായത്തിന്റെ പദ്ധതിയിൽ ആ പണം നീക്കിവയ്ക്കാൻ പറഞ്ഞു. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഇരുപത് ശതമാനം നീക്കിവച്ചു. അതിന്റെ അപേക്ഷ വിളിച്ചു. ഈ വരുന്ന ആദ്യത്തെ സർക്കുലർ വീടില്ലാത്തവർക്ക് കൊടുക്കുമെന്നറിഞ്ഞു. രണ്ടാമത് എന്തുചെയ്തു? ഭവനസമുച്ചയം ആലോചിക്കുകയാണെന്ന് പറഞ്ഞു. കേരളത്തിലെ ഏതെങ്കിലും ബ്ലോക്ക്-ജില്ലാ-ഗ്രാമ പഞ്ചായത്തുകളിൽ 2019-2020-ൽ 858 കോടി രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് ആലോചിക്കണം. പ്രതിപക്ഷം നിങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ച് അത് തിരുത്താനുള്ള അവസരമാണ് തരുന്നതെന്നുള്ളത് മനസ്സിലാക്കണം. ഒരാൾക്കും വീട് കൊടുക്കാൻ സാധിച്ചില്ല. അതത് പഞ്ചായത്തുകളിലും വില്ലേജ് ഓഫീസിലും അതിന്റെ ലിസ്റ്റ് പ്രസിദ്ധീക രിച്ചാൽ പോരേ? അതിനെന്തിനാണ് തിരുവനന്തപുരത്തേയ്ക്ക് അയയ്ക്കുന്നത്? ഇനി ഇവിടൊരു ആപ്പ് ഉണ്ടാക്കുകയാണ്. ആപ്പ് അല്ലാതെ വേറെയൊന്നും നടക്കു ന്നില്ലല്ലോ. നമ്മുടെ നാട്ടിലെ പ്രാദേശിക പത്ര പ്രവർത്തകർ വളരെയേറെ പ്രതികൂല സാഹചര്യങ്ങളുള്ളവരാണ്. വേണ്ടത്ര ശമ്പളമോ അലവൻസോ ആനുകൂല്യങ്ങളോ ഇല്ലാത്തവരാണ്. അവർക്കൊരു ക്ഷേമപെൻഷൻ ഏർപ്പെടുത്താനുള്ള സംവിധാനം അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് സാമാജികനെന്ന നിലയിൽ ബഡ്ജറ്റ് ചർച്ചയിൽ പറയാനുള്ളത്. ഇത് സ്വപ്നങ്ങളുടെ ബഡ്ജറ്റാണ്. യാഥാർത്ഥ്യങ്ങളുടെയോ പരിഹാരങ്ങളുടെയോ വസ്തുതകളുടെയോ ബഡ്ജറ്റല്ല.

ഇതിൽ വാഗ്ദാനങ്ങളും പ്രതീക്ഷകളും മാത്രമേയുള്ളൂ. ഇത് എൽ.ഡി.എഫ്.-ന്റെ ഒരു പ്രചരണ നോട്ടീസ് മാത്രമാണ്. ശ്രീ. റഫീഖ് അഹമ്മദിന്റെ കവിത അങ്ങയുടെ പ്രസംഗത്തിൽ വായിച്ചു. ശരിക്കും വേണ്ടത് 'മരണം എത്തുന്ന നേരത്ത് നീ എന്റെ അരികിൽ ഇത്തിരി നേരം ഇരിക്കണേ' എന്നായിരുന്നു. വളരെ പരിതാപകരമാണ് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി. ഈ ബഡ്ജറ്റിനെ എതിർത്തു കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി സ്വാഗതം ചെയ്യുകയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച എന്റെ സുഹൃത്തുക്കളിൽ ചില ആളുകൾ ചില വസ്തുതകൾ പറഞ്ഞിട്ടുണ്ട്. ഈ ബഡ്ജറ്റ് പൂർണ്ണമായും പാപ്പരാണെന്നുള്ള ശ്രീ. വി. ഡി. സതീശന്റെ അഭിപ്രായമുണ്ട്. ഈ ബഡ്ജറ്റ് വെറും കണക്കല്ല. സാമൂഹ്യപ്രതിബദ്ധത കൂടി പ്രകടിപ്പിക്കേണ്ടതാണെന്ന് ശ്രീ. പി. കെ. ബഷീറിന്റെ അഭിപ്രായത്തെ ഞാൻ അംഗീകരിക്കുകയാണ്. കാരണം, സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്ന ബഡ്ജറ്റ്, വരവുചെലവ് കണക്കിന്റെ പുസ്തകമല്ല.

12.00 Noon]

പ്രതിപക്ഷനിര ഈ രാജ്യത്ത് നടക്കുന്ന സംഭവങ്ങളും ഞെട്ടിപ്പിക്കുന്ന അനുഭവങ്ങളും കാണുന്നില്ലേ? ഇന്ത്യാ മഹാരാജ്യമാകെ കൈവിട്ടുപോകുന്ന അവസ്ഥയുടെ ദാരുണചിത്രമാണ്. ഇവിടെ കലാപവും വർഗ്ഗീയതയുമാണ് നടക്കുന്നത്. രാജ്യം വഴിതെറ്റുകയാണ്. ഈ രാജ്യത്തെ രക്ഷിക്കാൻ ഏതെങ്കിലും സംസ്ഥാനം മുന്നോട്ടു വരുമോ എന്ന പ്രതീക്ഷയോടുകൂടി ജനങ്ങൾ നോക്കുകയാണ്. ആ സമയത്ത് ഇവിടെ ഗണിതശാസ്ത്രം മാത്രമല്ല, രാജ്യത്തിന്റെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക സ്ഥിതിഗതികളുടെ അവലോകനം സ്വാഭാവികമായും ബഡ്ജറ്റിൽ വരും. അതാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിന്റെ ആദ്യ ഭാഗം. ഇത് ഞങ്ങളുടേതല്ല, പ്രതിപക്ഷം ഇക്കാലമത്രയും കൊണ്ടുനടന്ന ഒരു മനുഷ്യന്റെ അന്ത്യചിത്രമാണിത്. (2020-21-ലെ ബഡ്ജറ്റിന്റെ മുഖചിത്രം ഉയർത്തിക്കാട്ടി). പറഞ്ഞാൽ തീരാത്ത ഒരുപാട് അദ്ധ്യായങ്ങളുള്ള നമ്മുടെ രാഷ്ട്രപിതാവിന്റെ ദാരുണമായ ഒരു ചിത്രം കേരളത്തിന്റെ ബഡ്ജറ്റിന്റെ മുഖചിത്രമായി കൊടുത്തിട്ട് ഒരു നല്ല വാക്കുപറയാൻ ഒരു കോൺഗ്രസുകാരോ ഒരു യു.ഡി.എഫ്.-കാരോ ഇവിടെ ഉണ്ടോ? ശ്രീ. രമേശ് ചെന്നിത്തല, എന്റെ ബാല്യകാലം മുതൽ മഹാത്മാഗാന്ധിയുടെ ഒരാളാണ് ഞാൻ. അദ്ദേഹത്തെ ഈ ഗതിയാക്കിയിട്ട് നിങ്ങളാരെങ്കിലും ഇന്ന് പ്രതിഷേധിക്കുന്നുണ്ടോ? മഹാത്മാഗാന്ധിയെ തമസ്കരിച്ചില്ലേ; അദ്ദേഹത്തെ വെടിവച്ചുകൊന്ന ആൾക്കുവേണ്ടിയല്ലേ ഇന്ന് മന്ദിരം പണിയുന്നത്? ഇത് വെറും നിയമസഭാ ബഡ്ജറ്റ് മാത്രമാണ്. നിയമസഭയിൽ, സമകാലീന

രാഷ്ട്രീയ സംഭവങ്ങളിൽ ഒരു ജനത സ്വീകരിക്കേണ്ട നിലപാടുകൾ, കണക്ക്, ബഡ്ജറ്റ്, പ്ലാനിംഗ്, പദ്ധതികൾ തുടങ്ങിയവയെക്കുറിച്ച് പറയാം. പക്ഷേ, അക്കാര്യത്തിൽ രാഷ്ട്രീയ പാപ്പരത്തം ബാധിച്ചവരാണ് ഇരിക്കുന്നത്. ഇതിൽ രാഷ്ട്രീയത്തിന്റെ അതിപ്രസരമല്ല, അനിവാര്യമായ രാഷ്ട്രീയമാണ് ആവശ്യം. ഇന്ന് ഇന്ത്യ ഫാസിസത്തിലേയ്ക്ക് നീങ്ങുകയാണ്. അതിന്റെ പ്രഥമ ലക്ഷണങ്ങളാണ് ഭരണഘടന തുടങ്ങി രാജ്യത്തിന്റെ വിലപ്പെട്ടതെല്ലാം കത്തിയെരിയുന്നത്. ജനരോഷം രാജ്യവ്യാപകമായി അലയടിച്ചുയരുകയാണ്. കലാശാലകളെല്ലാം അഗ്നിപർവ്വതങ്ങളായി മാറുകയാണ്. ജനത നിരാശരാണ്. എങ്ങനെയാണ് ഇത് സംഭവിച്ചത്? ഈ ലോകത്ത് വരാൻപോകുന്ന ആപത്തിനെയും ഫാസിസത്തെയും ചെറുത്തുതോൽപ്പിക്കാൻ, അന്ന് ലോകത്തുയർന്ന കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിലെ ജോർജി ദിമിത്രോവ് 1935, ആഗസ്റ്റ് രണ്ടാം തീയതി നടത്തിയ ഒരു പ്രസംഗമുണ്ട്. അതാണ് ഇന്ന് ലോകത്തും ഇന്ത്യയിലും വളരെ പ്രസക്തമായി നിൽക്കുന്നത്. അതിൽ അദ്ദേഹം പറഞ്ഞു, "to open terrorist dictatorship of the most reactionary, most chauvinistic, and most imperialist elements of finance capital." അതാണ് ഇന്ന് ഇന്ത്യയെ കൈകാര്യം ചെയ്യുന്നത്. "Fascism does not immediately venture to abolish parliament. Fascism aims at the most unbridled exploitation of the masses. Fascism promised the working youth a broad highway to a brilliant future. But actually it has brought wholesale dismissals of young workers, labour camps and incessant military drilling for a war of conquest. Fascism promised the workers "a fair wage," but actually it has brought them an even lower, a pauper, standard of living." ഇതാണ് നമ്മുടെ രാജ്യം ഇന്ന് നേരിടുന്നത്. ഇതിന് ബദൽ എന്താണ്? ജനാധിപത്യത്തെ സംരക്ഷിക്കാനുള്ള സമീപനം ഉണ്ടാകുക എന്നതാണ് ഇതിന് ബദൽ. ജനാധിപത്യത്തിന്റെ സ്ഥാപനങ്ങളായ പബ്ലിക് സെക്ടർ പൊതുജനങ്ങളുടേതാണ്. കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളുടെ സമീപനമെന്താണ്? കേന്ദ്രത്തിൽ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിലൂടെ വിഭവസമാഹരണം നടത്തുകയാണ്. എന്തെല്ലാമാണ് വിറ്റത്? നവരത്ന സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ ലാറ്റക്സ്, FACT (Fertilisers and Chemicals Travancore), ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, BPCL (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്), ബി.എസ്.എൻ.എൽ., എയർ ഇന്ത്യ, വിമാനത്താവളങ്ങൾ, എൽ.ഐ.സി. തുടങ്ങി എല്ലാം പൂർണ്ണമായും വിറ്റു. ഇനി ബി.ജെ.പി.-യുടെ കയ്യിൽ അവശേഷിക്കുന്നത് പാർലമെന്റ് മന്ദിരം മാത്രമാണ്. അത് ബഹുരാഷ്ട്ര കുത്തകകൾ കയ്യടക്കും. അതോടുകൂടി രാജ്യത്തിന്റെ ഭാവി അവസാനിക്കുകയാണ്. ഇതിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഡോ. ടി. എം. തോമസ് ഐസക്കിന്റെ സമീപനമെന്താണ്? പൊതുമേഖലാ

സ്ഥാപനങ്ങൾ സംരക്ഷിക്കുക, വികസിപ്പിക്കുക, ലാഭത്തിലാക്കുക, പ്രസ്തുത സ്ഥാപനങ്ങളിൽനിന്നുണ്ടാകുന്ന സമ്പത്ത് ഉപയോഗിച്ച് വികസനപ്രവർത്തനങ്ങൾ നടത്തുക, നഷ്ടങ്ങൾ കുറച്ചുകൊണ്ടുവരിക തുടങ്ങിയ കാര്യങ്ങൾക്ക് തൊഴിലാളികൾ സഹകരിക്കുകയാണ്, രാജ്യവും അതിന് തയ്യാറാകും. ഇതാണ് ഫാസിസ്റ്റ് എക്കോണമിക്ക് ബദൽ. അതിനെ സ്വാഗതം ചെയ്യാൻ പ്രതിപക്ഷം തയ്യാറാകാത്തത് നിർഭാഗ്യകരമാണ്. ഇവിടെ വലിയ കുഴപ്പം പിടിച്ചുപോയി, ഇവിടെ എല്ലാം സ്വപ്നങ്ങളാണ് പറയുന്നത് എന്നാണ് പ്രതിപക്ഷം പറയുന്നത്. അവ സ്വപ്നങ്ങളാണോ? നിങ്ങളുടെയെല്ലാം മണ്ഡലങ്ങളിൽ അഞ്ചും മൂന്നും ഒന്നും കോടി രൂപയുടെ സ്കൂളുകൾ ശരിയായില്ലേ; ഫണ്ട് കിട്ടിയില്ലേ; ഉദ്ഘാടനം നടക്കുന്നില്ലേ; നിങ്ങൾ ഈ മന്ത്രിമാരുടെ ഫോട്ടോയുടെകൂടെ പഴയ എം.എൽ.എ.-മാരുടെ ഫോട്ടോ വച്ചില്ലേ; ബോർഡ് പ്രദർശിപ്പിച്ചില്ലേ? എന്തിനാണ് അന്ധമായ വിരോധം വയ്ക്കുന്നത്; നിങ്ങൾ ബഡ്ജറ്റിനെക്കുറിച്ച് എന്തൊക്കെയാണ് ഇവിടെ പറഞ്ഞത്; എന്തിനാണ് നിങ്ങൾ ഇതിന് എതിരാകുന്നത്? ഞാൻ ചോദിക്കട്ടെ, പെൻഷൻ നൂറ് രൂപ വർദ്ധിപ്പിച്ചതിന് പ്രതിപക്ഷം എതിരാണോ; പാവപ്പെട്ട ആളുകൾക്ക് ആയിരം ഹോട്ടലുകളിൽ 25 രൂപയ്ക്ക് ഊണ് കൊടുക്കുന്നത് മോശമാണോ; കേന്ദ്രത്തിൽനിന്ന് കിട്ടാനുള്ള ജി.എസ്.ടി. വിഹിതമായ 3,000 കോടി രൂപ വാങ്ങണ്ടേ? പ്രളയം, ഓഖി, നിപ, ഇപ്പോഴത്തെ ദുരന്തമായ കൊറോണ വൈറസ് ബാധ തുടങ്ങി എല്ലാം നാം നേരിട്ടു. ശ്രീ. നരേന്ദ്ര മോദിയുടെ ബി.ജെ.പി. കേന്ദ്ര ഗവൺമെന്റ് ഈ കേരളത്തോടുകാണിക്കുന്ന ശത്രുതാവും ജനാധിപത്യവിരുദ്ധവുമായ കാര്യങ്ങൾ പറയാൻ നാക്കില്ലാത്ത, കഴിവില്ലാത്ത, നട്ടെല്ലില്ലാത്ത ആളുകൾ തിരുവനന്തപുരത്തെ അവഗണിച്ചു എന്നുപറയുന്നു. തിരുവനന്തപുരമാണോ കേരളം; തിരുവനന്തപുരമാണോ ഇന്ത്യ? തിരുവനന്തപുരത്ത് പുതിയ ആളുകൾ വന്നിരിക്കുന്നു. തിരുവനന്തപുരത്ത് ഒന്നും നടക്കാത്തതാണോ? എത്രയോ കാര്യങ്ങൾ നടന്നതിന്റെ കണക്കുണ്ട്? കുട്ടികളുടെ യൂണിഫോമിന് 600 രൂപയാക്കിയത് തെറ്റാണോ; അതിനെ നിങ്ങൾ എതിർക്കുന്നുണ്ടോ; പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് 19,130 കോടി രൂപ അനുവദിച്ചത് തെറ്റാണോ? ബഡ്ജറ്റിന് പുറത്ത് അൻപതിനായിരം കോടി രൂപ വായ്പ സ്വീകരിച്ച കിഫ്ബിയെക്കുറിച്ച് ഇപ്പോൾ ആരും ഒന്നും പറഞ്ഞില്ല. അത് നടക്കുന്നില്ല, വേഗത പോരാ എന്നുള്ള വിമർശനം സ്വാഗതാർഹമാണ്. പക്ഷേ, കിഫ്ബിയും കേരള ബാങ്കുമാണ് കേരളത്തിന്റെ സമ്പദ് ഘടനയുടെ ഭാവി. അതുതന്നെയാണ് ബദൽ.

കാർഷിക രംഗത്ത് 1,186 കോടി രൂപ ചെലവിട്ടുകൊണ്ടിരിക്കുകയാണ്. നെൽകൃഷിക്കായി ഹെക്ടറിന് 5,500 രൂപ സബ്സിഡി കൊടുക്കുന്നതിനെ നിങ്ങൾ എതിർക്കുന്നുണ്ടോ; കാർഷിക മേഖലയ്ക്ക് 764 കോടി രൂപ നീക്കിവച്ചതിന് നിങ്ങൾ എതിരാണോ? സമ്പൂർണ്ണ കേരളത്തിന്റെ ഒരു പുതിയ ചിത്രമാണ് ഈ ബഡ്ജറ്റിൽ വരച്ചുകാണിക്കുന്നത്. ഇപ്പോഴത്തെ കേരളമല്ല, ഭാവിയിൽ വരുന്ന

കേരളവും ഞങ്ങളുടെ ഭാവന അനുസരിച്ച് മാറാൻ പോകുകയാണ്. ഈ സന്ദർഭത്തിൽ സങ്കുചിതമായ ചില കാര്യങ്ങൾ കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഞങ്ങൾ പത്രങ്ങളിൽ വായിക്കുന്നുണ്ട്. ഇങ്ങനെയൊക്കെ പറയാമോ? ഒരു സംസ്ഥാന ബഡ്ജറ്റിൽ കുറേ ആനുകൂല്യങ്ങൾ കുറേ ജില്ലകൾക്ക് കൊടുത്തു. അത് തെറ്റാണോ? തിരുവനന്തപുരം ജില്ലയ്ക്ക് ഒന്നും കിട്ടിയില്ലെന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്? അത് അദ്ദേഹം വെറുതെ പത്രത്തിൽ വരാൻ വേണ്ടി പറഞ്ഞതാണ്. തിരുവനന്തപുരത്തിന് കിഫ്ബിയിൽ 3,008 കോടി രൂപയുടെ 96 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അപ്പോൾ എവിടെയാണ് കൊടുക്കാതിരുന്നത്? വിഴിഞ്ഞം തുറമുഖത്തിനും ടെക്നോസിറ്റിക്കും കുടിവെള്ള പദ്ധതിക്കും ഫ്ലൈഓവറിനും തുക മാറ്റിവച്ചു. തിരുവനന്തപുരത്ത് ചരിത്രത്തിലില്ലാത്ത രീതിയിൽ സംഭ്രമജനകമായ വികസനമാണ് നടക്കുന്നത്. അത് കാണാതെ തിരുവനന്തപുരത്തിന് ഫണ്ട് ലഭിച്ചില്ല എന്നുപറയാൻ എന്ത് കാരണമാണുള്ളത്? തിരുവനന്തപുരം വിമാനത്താവളം, ഹിന്ദുസ്ഥാൻ ലാറ്റക്സ്, തിരുവനന്തപുരത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ കേന്ദ്ര ഗവൺമെന്റ് പിടിച്ചുവാങ്ങി വിറ്റ് കാശാക്കിയപ്പോൾ ഒരു ശബ്ദവുമുയർത്താതെ സമരത്തിന് നാക്കും മൂക്കുമില്ലാതെ നടന്ന ആളുകൾക്ക് ഇപ്പോൾ ബഡ്ജറ്റിൽ ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല എന്നുപറഞ്ഞ് പത്രത്തിലെഴുതാൻ നാണമില്ലേ; ഇങ്ങനെയാണോ തിരുവനന്തപുരത്തെ സംരക്ഷിക്കുന്നത്? കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാൻ പാടില്ല, അതിനുള്ള സമരത്തിന് ഞങ്ങൾ തയ്യാറാണെന്ന് പറയാൻ നിങ്ങൾ ഇനിയെങ്കിലും തയ്യാറാണോ? അല്ലാതെ ആരായാലും വെറുതെ കാര്യങ്ങൾ പറഞ്ഞുകൊണ്ട് രാഷ്ട്രീയ സംഘർഷം ഉണ്ടാക്കരുത്. ഭക്ഷ്യരംഗത്ത് ഗണ്യമായ മാറ്റങ്ങൾ വരികയാണ്. ഇന്ത്യ മുഴുവൻ വിലക്കയറ്റവും ദാരിദ്ര്യവും പ്രയാസങ്ങളും അനുഭവിക്കുമ്പോൾ കാര്യക്ഷമമായ പൊതുവിതരണ സമ്പ്രദായം നിലനിർത്തിപ്പോകുകയാണ്. കേന്ദ്രത്തിന്റെയും ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെയും സമീപനങ്ങളെല്ലാം നമ്മുടെ പൊതുവിതരണ സമ്പ്രദായം പൊളിച്ചുമാറ്റുമ്പോൾ വിലക്കയറ്റം തടയാൻ ഈ ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തണം. ക്ഷീര വികസന മേഖല വമ്പിച്ച മാറ്റത്തിലാണ്; അതിന്റെ സൂചനകൾ കണ്ടുതുടങ്ങി. കോൺഗ്രസുകാരുടെ ദുർഭരണം കാരണം മലബാറിലെ മിൽമ എൽ.ഡി.എഫ്. കയ്യടക്കി. നാലോ അഞ്ചോ സീറ്റ് നിങ്ങൾ ജയിച്ചിട്ടുണ്ട്.

ഞാൻ ഇതെല്ലാം പറഞ്ഞാലും എന്റെ മണ്ഡലമായ നെടുമങ്ങാടിന് ചെറിയ സഹായങ്ങൾ വേണം. നെടുമങ്ങാട് ആർ.ഡി.ഒ. ഓഫീസിന് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും ഈ ബഡ്ജറ്റിൽ തുക ഒന്നും മാറ്റിവച്ചിട്ടില്ല. ഞാൻ വാടകയ്ക്ക് കെട്ടിടം എടുത്തുകൊടുത്തതിലാണ് അത് ഇപ്പോൾ പ്രവർത്തിക്കുന്നത്. കഴിഞ്ഞ വർഷം 20% തുക അനുവദിച്ച പോത്തൻകോട് സിവിൽ സ്റ്റേഷന്റെ

വർക്ക് പൂർത്തിയാക്കണം. അതുപോലെ കഴിഞ്ഞ വർഷം 20% തുക അനുവദിച്ച കന്യാകുളങ്ങര സി.എച്ച്.സി.-യുടെ പണി പൂർത്തിയാക്കണം. ഞാൻ ഫണ്ട് കൊടുത്തതാണ്. ബഡ്ജറ്റിൽ ഒരു ചെറിയ തുകകൂടി വകയിരുത്തണം. തിരുവനന്തപുരത്തിന്റെ അവഗണനയൊന്നും നെടുമങ്ങാടിനോടില്ല. നെടുമങ്ങാട് മണ്ഡലം തിരുവനന്തപുരം ജില്ലയിലുള്ളതാണ്, അവിടെ വലിയ മാറ്റങ്ങളുമുണ്ട്. പക്ഷേ ഈ ചെറിയ കാര്യങ്ങൾകൂടി അങ്ങ് പരിഗണിക്കണം. അതോടൊപ്പം നെടുമങ്ങാട് ഗവൺമെന്റ് കോളേജിന് കേരളത്തിന്റെ ആരാധ്യനായിരുന്ന കെ. വി. സുരേന്ദ്രനാഥിന്റെ പേരിടണം എന്നുള്ള നിർദ്ദേശംകൂടി ഈ സഭയിൽ ഞാൻ വയ്ക്കുകയാണ്. ആശാൻ കൊണ്ടുവന്ന ആ കോളേജ് ആശാന്റെ പേരിൽ മാറ്റണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാവനാപൂർണ്ണമായ ബഡ്ജറ്റിന് ശക്തമായ പിന്തുണ നൽകുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി.കെ. ബഷീർ)

ശ്രീ. മാണി. സി. കാപ്പൻ: സർ, ബഹുമാന്യനായ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി, പ്രത്യേകിച്ച് പാവപ്പെട്ടവർക്കുവേണ്ടി ഒരു കൈത്താങ്ങായി നിയമസഭയിൽ അവതരിപ്പിച്ച 2020-21-ലെ സംസ്ഥാന ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. രാജ്യം നേരിടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധികളുടെയും വെല്ലുവിളികളുടെയും പശ്ചാത്തലത്തിലാണ് 2020-21 ധനകാര്യ വർഷത്തേയ്ക്കുള്ള ഒരു തിളക്കമാർന്ന ബഡ്ജറ്റ് അവതരിപ്പിച്ച് നമ്മുടെ സംസ്ഥാനം ഇന്ത്യയ്ക്കാകെ മാതൃകയാകുന്നത്. നാടിനെ ബാധിച്ചിരിക്കുന്ന സാമ്പത്തിക തകർച്ചയിലും ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ കാണാൻ കഴിയാത്ത കേന്ദ്ര ഭരണത്തിനെതിരെയുള്ള ഒരു ബദലായിട്ടാണ് ഞാൻ ഈ ബഡ്ജറ്റിനെ കാണുന്നത്. ഇന്ന് വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും കാര്യങ്ങൾ മാത്രം സംസാരിക്കുന്ന കേന്ദ്ര ഭരണകൂടം വർഗ്ഗീയവൽക്കരണത്തിന് പൂർണ്ണമായും കീഴ്പ്പെട്ടിരിക്കുകയാണ്. ഇതാണ് പൊതുവിൽ ഇന്ത്യയുടെ സ്ഥിതി. നമ്മുടെ നാടിനെ കീഴടക്കിയിരിക്കുന്ന സാമ്പത്തികത്തകർച്ചയും ജനങ്ങൾ ഇന്നനുഭവിക്കുന്ന ദുരിതങ്ങളുമല്ല പ്രശ്നം, വലിയ പ്രശ്നം പൗരത്വ നിയമമാണ്. ഇന്ന് പാവപ്പെട്ടവർ വാങ്ങിക്കൊണ്ടിരിക്കുന്ന വിവിധ ക്ഷേമപെൻഷനുകൾക്കുവേണ്ടി കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 9,311 കോടി രൂപ വിതരണം ചെയ്തപ്പോൾ എൽ.ഡി.എഫ്. സർക്കാർ 22,000 കോടി രൂപയാണ് വിതരണം ചെയ്തത്. നമ്മുടെ നാട്ടിലെ 13 ലക്ഷം വയോജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ഈ ബഡ്ജറ്റിൽ ക്ഷേമ പെൻഷൻ ആളൊന്നിന് 1,200 രൂപയിൽനിന്നും 1,300 രൂപയായി ഉയർത്തിയത് ഇവിടത്തെ പാവപ്പെട്ടവർക്ക് കിട്ടിയ ഒരു കൈത്താങ്ങാണ്. കേരളത്തിൽ 2011-16 കാലഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ് 7780 കിലോമീറ്റർ

റോഡുകൾ പുനരുദ്ധരിക്കുകയും നവീകരിക്കുകയും ചെയ്തപ്പോൾ 2016-19 കാലയളവിൽ എൽ.ഡി.എഫ്. സർക്കാർ ഇതുവരെ 14623 കിലോമീറ്റർ റോഡുകളും 68 പാലങ്ങളും പൂർത്തീകരിച്ചു. പൊതുമരാമത്ത് വകുപ്പിനുവേണ്ടി ഈ സർക്കാർ 1,102 കോടി രൂപയാണ് വകവച്ചിട്ടുള്ളത്. കൂടാതെ എം.എൽ.എ.-മാർ നിർദ്ദേശിച്ച 1,500 കോടി രൂപ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ സർക്കാർ അധികമായി അനുവദിക്കുകയും ചെയ്തു. സർക്കാരിന്റെ വികസന കാഴ്ചപ്പാടും നാട്ടിലെ വികസനപ്രവർത്തനങ്ങളും എന്താണെന്ന് മനസ്സിലാക്കാൻ സാധാരണ ജനങ്ങൾക്ക് കഴിഞ്ഞുവെന്ന് ഇതിലൂടെ തെളിയിച്ചിരിക്കുകയാണ്. നാം നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധിക്കിടയിലും നമ്മുടെ നാട്ടിലെ വികസനപ്രവർത്തനം കണക്കിലെടുത്ത് പ്രത്യേകിച്ച് സാധാരണ ക്കാരനുവേണ്ടി ഈ സർക്കാർ ഇനിയും തുക അനുവദിക്കണം എന്നുള്ളതാണ് എന്റെ അഭിപ്രായം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 4.9 ലക്ഷം കുടിവെള്ള കണക്ഷനുകൾ അനുവദിച്ചെങ്കിൽ ഈ സർക്കാർ 7.5 ലക്ഷം കുടിവെള്ള കണക്ഷനുകൾ അനുവദിച്ചു എന്നുള്ളത് ശ്രദ്ധേയമായ കാര്യമാണ്. മാത്രമല്ല, 2020-21-ൽ 2.5 ലക്ഷം വീടുകൾക്കുകൂടി പുതുതായി കുടിവെള്ള കണക്ഷൻ ലഭ്യമാക്കും എന്നുള്ള പ്രഖ്യാപനവും വളരെ സ്വാഗതാർഹമായ കാര്യമാണ്. കുടിവെള്ളത്തിനായി കേരളത്തിലെ ജനങ്ങൾ നെട്ടോട്ടമോടുമ്പോൾ ഈ പദ്ധതി ജനങ്ങൾക്ക് ആശ്വാസം പകരും. പാർപ്പിടം കഴിഞ്ഞാൽ വിദ്യാഭ്യാസത്തിനാണ് മുൻതൂക്കം നൽകുന്നത്. പൊതുവിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിയത്. ഒരു പുതിയ വെളിച്ചം വിദ്യാഭ്യാസ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞതിന്റെ തെളിവാണ് പൊതുവിദ്യാലയങ്ങളിൽ 2 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ 5 ലക്ഷം കുട്ടികൾ അധികമായി ചേർന്നതും ഇപ്പോൾ പഠനം നടത്തിവരുന്നതും. ഇതിന്റെ ഫലമായി പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ ആകെ എണ്ണത്തിൽ ശ്രദ്ധേയമായ വർദ്ധനവുണ്ടായി. കേരളത്തിലെ ഓരോ മണ്ഡലത്തിലെ സ്കൂളുകളും ഹൈടെക്കാക്കിയതും സ്മാർട്ട് ക്ലാസ് റൂമുകൾ, ലബോറട്ടറികൾ എന്നിവ സ്ഥാപിച്ചതും വഴി ഈ സർക്കാർ ജനകീയ സാമൂഹ്യ വിദ്യാഭ്യാസ ശ്രമമാണ് നടത്തിവരുന്നത്. സർക്കാരിന്റെ ഇത്തരം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിൽ പുതിയ ഉണർവ്വും കുട്ടികളുടെ വലിയ ഒഴുക്കും ഉണ്ടാക്കിയിരിക്കുകയാണ്.

ആരോഗ്യ മേഖലയിൽ ഈ സർക്കാർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന 41 ലക്ഷം കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതം ചികിത്സാ സഹായം നൽകും എന്നുള്ളത് നമ്മുടെ പാവപ്പെട്ട കുടുംബങ്ങൾക്ക് ആശ്വാസകരവും കൂടാതെ പഴയ കാരുണ്യ പദ്ധതിയുടെ ആനുകൂല്യങ്ങൾ തുടർന്നും ലഭ്യമാകുമെന്നുള്ളത് സ്വാഗതാർ ഹവുമാണ്. ജില്ലാ-താലൂക്കാശുപത്രികളിൽ ട്രോമാകെയറും ഡയാലിസിസ്

യൂണിറ്റും നടപ്പാക്കിവരുന്നതും പാലിയേറ്റീവ് നയത്തിന് അംഗീകാരം നൽകി എന്നുള്ളതും വർദ്ധിച്ചുവരുന്ന കാൻസർ രോഗികൾക്ക് ആശ്വാസകരമായി കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 50 കോടി രൂപ അനുവദിച്ചതും ഈ സർക്കാരിന്റെ എടുത്തുപറയാവുന്ന കാര്യമാണ്. മാത്രമല്ല, സാന്ത്വന ചികിത്സയ്ക്കും എൾഡർ കെയറിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഈ സർക്കാർ സമഗ്ര പിന്തുണ ഒരുക്കുന്നത് വളരെയധികം ശ്രദ്ധേയമായ കാര്യമാണ്. റബ്ബർ ഷീറ്റിന് 150 രൂപ മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുമ്പോൾ, സ്ക്രാപ്പിനും ഒട്ടുപാലിനുംകൂടി കിലോയ്ക്ക് 150 രൂപ അനുവദിക്കണമെന്ന ഒരു നിർദ്ദേശം ഞാൻ വച്ചിരുന്നു. ഇതിന് യഥാർത്ഥത്തിൽ റബ്ബർ ഷീറ്റുണ്ടാക്കുന്നതിന്റെ ഇരുപത് ശതമാനം എഫർട്ടേയുള്ളൂ. റബ്ബർ വെട്ടുകാരൻ രാവിലെ വന്ന് റബ്ബർ വെട്ടിവച്ചിട്ടുപോയാൽ പിന്നീട് ഒൻപത് മണിക്കുവന്ന് പാലെടുത്ത് വെള്ളവും ആസിഡും ചേർത്ത് ഉറ ഒഴിച്ച് മൂന്ന് മണിക്കൂർ കഴിഞ്ഞ് ഷീറ്റായി അടിച്ച് നാല് ദിവസം വെയിലത്തിട്ടും ആറ് ദിവസം പുകപ്പുരയിലിട്ടും ഉണക്കിയാണ് ഈ ഷീറ്റ് പുറത്തുവരുന്നത്. അതേസമയം ഇതിന്റെ ഇരുപത് ശതമാനം എഫർട്ട് മാത്രമേ സ്ക്രാപ്പിനും ഒട്ടുപാലിനും വേണ്ടിവരികയുള്ളൂ. അതിനാൽ അത് കൊടുക്കാൻ തയ്യാറായാൽ റബ്ബർ ഷീറ്റിന്റെ നിർമ്മാണം നിലയ്ക്കുകയും ഇതിലേയ്ക്ക് ആളുകൾ കോൺസൻട്രേറ്റ് ചെയ്യുകയും ചെയ്യും. ടയർ ഉൽപ്പാദനത്തിന് ഏറ്റവും അനിവാര്യമായ ഒരു കാര്യമാണിത്, കാരണം ഇതിൽ ആസിഡോ അമോണിയയോ ചേരുന്നില്ല.

പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും മൃഗപരിപാലന മേഖലയിലും ഈ സർക്കാർ മൊത്തം 422 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. വാണിജ്യാടിസ്ഥാനത്തിൽ ഡെയറി ഫാമുകൾക്കും മിൽക്ക് ഷെഡ് പദ്ധതിക്കും ഗണ്യമായ പ്രോത്സാഹനം നൽകിയതുവഴി ക്ഷീര-കാർഷിക രംഗത്ത് കുതിച്ചുചാട്ടം നടത്താൻ കഴിയും.

എന്റെ മണ്ഡലമായ പാലായിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളായ പാലാ-പാരലൽ റോഡ് നിർമ്മാണം സ്ഥലം ഏറ്റെടുക്കൽ, മേലുകാവിൽ-ഇലവീഴാപ്പൂഞ്ചിറ റോഡ് അങ്ങനെ മൂന്നുനാല് റോഡുകളുടെ കാര്യം നിർദ്ദേശിച്ചിരുന്നു. പക്ഷേ ബഡ്ജറ്റിൽ അതൊന്നും കാണാൻ കഴിഞ്ഞില്ലെന്നതിൽ ഖേദമുണ്ട്. എന്നാൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ അവകൂടി അംഗീകരിച്ചുകൊണ്ടുള്ള പ്രഖ്യാപനമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ നിരവധി പദ്ധതികൾ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച് കേരളത്തിന്റെ വികസന മാതൃകയ്ക്ക് ഒരു പുതിയ പതിപ്പ് സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അതിനായുള്ള പരിശ്രമങ്ങൾ ഫലം കാണുന്നതിന്റെ ഒരു നേർചിത്രമാണ് ഈ ബഡ്ജറ്റിലൂടെ നാം

കണ്ടത്. പൊതുവെ കേരളത്തിന്റെ രൂക്ഷമായ ധനപ്രതിസന്ധിക്കിടയിലും 2020-21-ലേയ്ക്ക് ഒരു മികച്ച ബഡ്ജറ്റ് കാഴ്ചവച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു, മാത്രമല്ല ഈ ബഡ്ജറ്റിനെ സർവ്വാത്മനാ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ എതിർക്കുകയാണ്. ഫെബ്രുവരി 7-ാം തീയതി വെള്ളിയാഴ്ച അങ്ങ് ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം കേരളത്തിനും തലസ്ഥാനത്തിനും ദുഃഖ വെള്ളിയായിരുന്നു. കേരള രൂപീകരണത്തിനുശേഷം തലസ്ഥാനത്തെ ഇത്രത്തോളം അവഗണിച്ച മറ്റൊരു ബഡ്ജറ്റ് ഉണ്ടായിട്ടില്ല. ക്യാപിറ്റൽ സിറ്റിക്ക് ഈ ബഡ്ജറ്റിലൂടെ ക്യാപിറ്റൽ പണിഷ്മെന്റാണ് അങ്ങ് നൽകിയത്. ഐക്യകേരള രൂപീകരണത്തോടനുബന്ധിച്ച് പൂർവ്വികർ തിരുവനന്തപുരത്തിനെ കേരളത്തിന്റെ തലസ്ഥാനമാക്കിയപ്പോൾ അങ്ങ് തിരുവനന്തപുരത്തിനെ അവഗണനയുടെ തലസ്ഥാനമാക്കി മാറ്റിയിരിക്കുന്നു. Das Capital-നെക്കുറിച്ചും capital expenditure-നെക്കുറിച്ചും വാചാലനാകുന്ന ധനകാര്യ വകുപ്പുമന്ത്രി ക്യാപിറ്റൽ സിറ്റിയായ തിരുവനന്തപുരത്തെക്കുറിച്ച് മൗനം പാലിക്കുകയാണ്. 2019-2020 ബഡ്ജറ്റിൽ 17 പ്രാവശ്യം തിരുവനന്തപുരത്തെക്കുറിച്ച് പരാമർശിക്കുന്ന സ്ഥാനത്ത് 2020-2021 ബഡ്ജറ്റിൽ അഞ്ചായി കുറഞ്ഞിരിക്കുന്നുവെന്നുള്ളതും തിരുവനന്തപുരത്തോടുള്ള അവഗണനയുടെ പ്രതിഫലനമാണ്. ഫെഡറൽ സംവിധാനത്തിൽ കേരളത്തെ അവഗണിക്കുന്നുവെന്ന് പറയുന്ന സർക്കാർ, സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും തുല്യ പ്രാധാന്യമുണ്ടാകണമെന്നത് അട്ടിമറിച്ചിരിക്കുകയാണ്. മറ്റ് ജില്ലകളിൽ ഫണ്ട് അനുവദിക്കുന്നതിന് ഞങ്ങൾ എതിരല്ല. പക്ഷെ എല്ലാ ജില്ലകൾക്കും അതിന് തുല്യമായിട്ടുള്ള അവസരമുണ്ടാകണം. ഇവിടെ അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റിൽ തലസ്ഥാനത്തോടുള്ള അവഗണന, കക്ഷിരാഷ്ട്രീയത്തിനതീതമായി ശക്തമായ പ്രതിഷേധമുണ്ടായിരിക്കുന്നത് കാണുന്നില്ലേ? വാർത്ത വരാൻവേണ്ടി കൊട്ടുകുന്നുവെന്നാണ് ശ്രീ. സി. ദിവാകരൻ പറഞ്ഞത്. ബഡ്ജറ്റ് വിലയിരുത്തിയതിനുശേഷം പത്രമാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. മലയാള മനോരമയിൽ 'തലസ്ഥാന വികസനത്തിന് ചില്ലിക്കാശുപോലും അനുവദിക്കാതെ ബഡ്ജറ്റ്', 'തലസ്ഥാനത്തിന് ലഭിച്ചത് ആനമുട്ട്', 'തലസ്ഥാനം പേരിനുമാത്രം, തീരദേശ മേഖലയിൽ അടിസ്ഥാന വികസനമുൾപ്പെടെ പ്രതീക്ഷകളെല്ലാം അസ്ഥാനത്ത്. മാതൃഭൂമിയിൽ 'കണ്ണുംനട്ട് കാത്തിരുന്നിട്ടും എല്ലാ മേഖലയിലും അവഗണന'. കേരള കൗമുദിയിൽ 'തലസ്ഥാനത്തിന് മെച്ചമില്ല'. മാധ്യമത്തിൽ 'നിരാശയിൽ തലസ്ഥാനം - തീരദേശ മേഖലയ്ക്ക് അവഗണന, വമ്പൻ പദ്ധതികളില്ല.' ഹിന്ദുവിലും ഇന്ത്യൻ എക്സ്പ്രസ്സിലുമുണ്ട്. കേരള കൗമുദിയിൽ 'തിരുവനന്തപുരത്തിന് ക്രൂര അവഗണന'. ചന്ദ്രികയും വീക്ഷണവും

ഞാൻ വായിക്കുന്നില്ല. പത്രമാധ്യമങ്ങൾ ബഡ്ജറ്റ് വിലയിരുത്തിയതിനുശേഷം കൊടുത്ത വാർത്തയാണിവ. അപ്പോൾ ഇത് യാഥാർത്ഥ്യമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പൗരത്വനിയമത്തിനെതിരെ ഭാരതത്തിൽ ഏറ്റവും വലിയ പ്രതിഷേധം തീർക്കുന്ന യുവാക്കൾക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ടാണ് അങ്ങ് ഈ ബഡ്ജറ്റ് ഉപസംഹരിച്ചത്. തലസ്ഥാന നഗരിയോടുള്ള അവഗണനയ്ക്കെതിരെ യുവജനതയുടെ സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള പ്രതിഷേധം അങ്ങ് കാണുന്നില്ലേ യെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ജനങ്ങളുടെ ശക്തമായ പ്രതിഷേധത്തെ ത്തുടർന്നാണ് ജില്ലയിലെ മന്ത്രിക്കും അങ്ങയുടെ പാർട്ടിക്കും വിശദീകരണവുമായി രംഗത്ത് വരേണ്ടിവന്നത്. വിവിധ വകുപ്പുകളിൽ നടക്കുന്ന പദ്ധതികളുടെ തുക കൂട്ടി, തിരുവനന്തപുരത്തിന് പദ്ധതിയുണ്ട് എന്ന് മന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞി രിക്കുന്നു. എല്ലാ വർഷവും നടക്കുന്ന സ്വാഭാവികമായിട്ടുള്ള പദ്ധതികളുടെ ഫണ്ടെല്ലാം കൂടി കൂട്ടി തിരുവനന്തപുരം പ്രദേശത്ത് താമസിക്കുന്ന ജനങ്ങളെ വിഡ്ഢികളാക്കുന്ന സമീപനമാണിത്. യു.ഡി.എഫ്. സർക്കാർ ഇവിടെ എന്തുചെയ്തു എന്ന് ചോദിച്ചു. തിരുവനന്തപുരത്തിന്റെ മുഖച്ഛായ മാറ്റി ഇന്ന് കാണുന്ന തരത്തിലാക്കിയത് യു.ഡി.എഫ്. സർക്കാരാണ്. ഇങ്ങനെയായിരുന്നോ തിരുവനന്തപുരത്തെ റോഡുകൾ? 42 കിലോമീറ്റർ റോഡ് വികസിപ്പിച്ചു, വിഴിഞ്ഞം തുറമുഖം പദ്ധതിക്ക് തുടക്കം കുറിച്ചു, നാഷണൽ ഹൈവേയ്ക്കും ബൈപ്പാസിനും സ്ഥലം ഏറ്റെടുത്തു, കരമന-കളിയിക്കാവിള പാത ഒന്നാംഘട്ടം സമയബന്ധിതമായി പൂർത്തീകരിച്ചു, പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിച്ചത് നിങ്ങൾ പൂട്ടി, വലിയതുറ-പൂന്തുറ ഫിഷിംഗ് ഹാർബറുകൾ ഉൾപ്പെടെ ബഡ്ജറ്റിൽ ഇതിനെല്ലാം തുക അനുവദിച്ച് പദ്ധതികൾ നടപ്പാക്കിയിരുന്നതാണ്. ഈ സർക്കാർ അധികാരമേറ്റതുമുതൽ പദ്ധതികളുടെ ഗതിവേഗം കുറയ്ക്കുകയും ഈ ബഡ്ജറ്റിലൂടെ അടുത്തഘട്ട വികസനത്തിന് വിരാമമിടുകയുമാണ് ചെയ്തത്. ബഡ്ജറ്റിലൂടെ എന്താണ് തിരുവനന്തപുരത്തിനു വേണ്ടി നൽകിയിട്ടുള്ളതെന്ന് അങ്ങ് പറയണം. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരാൻ ഭൂരിപക്ഷം എം.എൽ.എ.-മാരെ നൽകിയ തലസ്ഥാന ജില്ലയെ ബഡ്ജറ്റിലൂടെ അപമാനിച്ചിരിക്കുകയാണ്. മുൻ ബഡ്ജറ്റിൽ അങ്ങ് പ്രഖ്യാപിച്ചിരുന്ന ആറ്റുകാൽ ടൗൺഷിപ്പിന് തുക അനുവദിച്ചിട്ടുണ്ടോ? തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയത്തിന് തുക വകയിരുത്തിയിട്ടുണ്ടോ; പട്ടം-പേരൂർക്കട ജംഗ്ഷനിലെ അണ്ടർ പാസുകൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; സ്മാർട്ട് സിറ്റിക്ക് സംസ്ഥാന വിഹിതം അനുവദിച്ചിട്ടുണ്ടോ; പിന്നെ എന്താണ് നിങ്ങൾ ചെയ്തുവെന്ന് പറയുന്നത്? തീരദേശ പാക്കേജിനായി പ്രഖ്യാപിച്ച ആയിരം കോടി രൂപയിൽ ഒരു രൂപപോലും ചെലവഴിച്ചിട്ടില്ല. എല്ലാ ബഡ്ജറ്റിലും ആയിരം കോടി രൂപ എന്നത് പ്രഖ്യാപന ചടങ്ങായി മാറിയിരിക്കുകയാണ്. ഓഖി പാക്കേജിനായി പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയിൽ ഒരു രൂപപോലും ചെലവഴിക്കുകയോ

പദ്ധതി തയ്യാറാക്കുകയോ ചെയ്തിട്ടില്ല. 2020-ഓടെ തിരുവനന്തപുരം നഗരത്തിൽ ഇലക്ട്രിക് ബസ്സുകൾ മാത്രമായിരിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞു. ഒരു ഇലക്ട്രിക് ബസ്സെങ്കിലും തിരുവനന്തപുരത്തുകൂടി ഓടുന്നുണ്ടോ? സ്ത്രീശാക്തീകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് ശ്രീമതി ദാക്ഷായണി വേലായുധന്റെ പേരിൽ വാർഷിക അവാർഡ് ട്രഷറിയിൽനിന്ന് രണ്ട് കോടി രൂപ, അതിൽ ഒരു രൂപപോലും കൊടുത്തിട്ടില്ല, ആ അവാർഡ് ആർക്കാണ് കൊടുത്തതെന്ന് മന്ത്രി വ്യക്തമാക്കട്ടെ. പതിനാല് ജില്ലകളിൽ സാംസ്കാരിക നിലയം സ്ഥാപിക്കാൻ എഴുന്നൂറ് കോടി രൂപ പ്രഖ്യാപിച്ചതിൽ ഒരു രൂപപോലും ഇതുവരെ അനുവദിച്ചിട്ടില്ല. അങ്ങയുടെ ബഡ്ജറ്റുകളുടെ പ്രത്യേകത എന്നത് മാക്സിമം പ്രോമിസസ്സും മിനിമം ഡെലിവറിയുമാണ് എന്ന പൊതുധാരണയെ ശക്തിപ്പെടുത്തുന്നതാണ് കഴിഞ്ഞ കാലത്തെയും ഈ കാലത്തെയും ബഡ്ജറ്റ്. തലസ്ഥാന വികസനം ഒരു തുടർ പ്രക്രിയയാണ്. ഓരോ ഗവൺമെന്റും ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതോടൊപ്പം ആ പദ്ധതികൾ ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് കാലാനുസൃതമായി ഏറ്റെടുക്കുകയും വേണം. ജനസംഖ്യാ വർദ്ധനവനുസരിച്ച് വികസനത്തിനായി വീർപ്പുമുട്ടുന്ന പ്രദേശമാണ് തിരുവനന്തപുരം. മെട്രോയെക്കുറിച്ച് കഴിഞ്ഞ നാല് വർഷമായി ചർച്ച നടത്തുകയാണ്. ആ മെട്രോയുടെ റെഡ് സിഗ്നൽ ഇതുവരെ മാറിയിട്ടില്ല, തുകയും അനുവദിച്ചിട്ടില്ല. ഇവിടത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നതിനെതിരെ ഞങ്ങൾതന്നെയാണ് മുന്നിൽനിന്ന് സമരം നടത്തിയത്. വിമാനത്താവളത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ചില്ലിക്കാശ് അനുവദിച്ചിട്ടില്ല. എല്ലാവരും തിരുവനന്തപുരം ജില്ലയിൽ വരുന്നതാണ്. ബഹുമാന്യനായ മുഖ്യമന്ത്രിയടക്കം താമസിക്കുന്ന പ്രദേശമാണിത്. ഗതാഗതക്കുരുക്ക് കാരണം രാവിലെ യാത്ര ചെയ്യാൻ കഴിയുന്നുണ്ടോ? അഞ്ചോളം ഫ്ലൈഓവറുകൾക്ക് ബഡ്ജറ്റിൽ കഴിഞ്ഞ വർഷവും അതിന് മുമ്പും നൂറ് രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചു. ഒന്നുമില്ല തിരുവനന്തപുരത്തിന്. കുടിവെള്ള സംവിധാനത്തിന് മുപ്പത്തിയഞ്ച് ശതമാനമേയുള്ളൂ, കിഫ്ബിയിലൂടെയെങ്കിലും വേണ്ടേ. സ്വീവേജ് സംവിധാനം നാൽപ്പത് ശതമാനമേയുള്ളൂ, എന്തെങ്കിലും ഫണ്ട് അനുവദിക്കണ്ടേ? കരമനയാറും കിള്ളിയാറും പാർവ്വതീപുത്തനാറും മാലിന്യനദികളായി മാറിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ ഏറ്റവും മാലിന്യമുള്ള നദി കിള്ളിയാറെന്നാണ് ഹരിത ട്രൈബ്യൂണലിന്റെ പരാമർശം. സ്മാർട്ട് സിറ്റിക്കും ആറ്റുകാൽ ടൗൺഷിപ്പിനും കഴിഞ്ഞ പ്രാവശ്യം പറഞ്ഞ ഔട്ടർ റിംഗ് റോഡിനും ഫണ്ട് അനുവദിച്ചിട്ടില്ല. വിഴിഞ്ഞം തുറമുഖത്തോടനുബന്ധിച്ചുള്ള വികസന ഇടനാഴിയെക്കുറിച്ച് ബഡ്ജറ്റിൽ പരാമർശമില്ല. എറണാകുളം ജില്ലയ്ക്ക് ആറായിരം കോടി രൂപ അനുവദിച്ചതിന് ഞങ്ങൾ എതിരല്ല. പക്ഷെ രണ്ട് കോടി രൂപയേയുള്ളൂവെന്നാണ് ശ്രീ. വി. ഡി. സതീശൻ പറയുന്നത്.

പക്ഷേ ഇവിടെ പ്രഖ്യാപനം പോലുമില്ല, അതാണ് ഈ ബഡ്ജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി. അതുകൊണ്ട് ഞാൻ പറയുന്നത് ഈ ജില്ലയിലെ ഇടതുപക്ഷ എം.എൽ.എ.-മാർ എല്ലാവരുമടക്കം, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഇക്കാര്യങ്ങളെല്ലാം വച്ചുകൊണ്ട് സമഗ്രമായ തലസ്ഥാന വികസന പാക്കേജ് അതായത് Comprehensive Capital City Development Package പ്രഖ്യാപിക്കണം എന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. അതാണ് ഏറ്റവും പ്രധാനമായി ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

ഒരു ബഡ്ജറ്റ് എന്നത് സർക്കാരിന്റെ സാമ്പത്തിക വർഷത്തെ വികസന സാമൂഹ്യക്ഷേമ പദ്ധതികളുടെ പ്രവർത്തനരേഖയാണ്. അങ്ങയുടെ ഓരോ ബഡ്ജറ്റിലും വരുമാനവും ചെലവും വാഗ്ദാനങ്ങളും കൈനിറയെ നൽകിയിട്ട് റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കുറവ് വരുത്തുന്നതാണ് കുറച്ചുകാലമായി കേരളം കാണുന്നത്. 2019-2020-ൽ പ്രതീക്ഷിത റവന്യൂ വരുമാനം 1.5 ലക്ഷം കോടി രൂപയാണെങ്കിൽ ലഭിച്ചതാകട്ടെ 99,000 കോടി രൂപയാണ്. വിഭവ സമാഹരണത്തിലെ ദയനീയമായ സ്ഥിതിയാണ് ഇത് വെളിവാക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പുറത്തിറക്കിയ ധവളപത്രത്തിലും ആദ്യത്തെ ബഡ്ജറ്റിലും യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 13,000 കോടി രൂപ നികുതിയിനത്തിൽ പിരിച്ചെടുക്കാൻ കഴിയാത്തതാണ് ധനപ്രതിസന്ധിക്ക് കാരണമെന്ന് വ്യക്തമാക്കിയത് എല്ലാവരും ഓർമ്മിക്കുകയാണ്. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ അങ്ങേയ്ക്ക് പിരിച്ചെടുക്കാൻ കഴിഞ്ഞതാകട്ടെ വെറും 150 കോടി രൂപയാണ്. കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുത്തിരുന്നെങ്കിൽ കേന്ദ്ര സഹായം വെട്ടിക്കുറച്ചെങ്കിലും അധിക നികുതി അടിച്ചേൽപ്പിക്കാതെ തരണം ചെയ്യാമായിരുന്നു. ഈ ബഡ്ജറ്റിൽ അധിക നികുതിയായ 1,103 കോടി രൂപയും പ്രളയ സെസ് ഇനത്തിൽ 600 കോടി രൂപയും സാധാരണക്കാരനുമേൽ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. സാമ്പത്തിക സർവ്വേയിൽ സാമ്പത്തിക വളർച്ച 7.2 ശതമാനമാണ് സൂചിപ്പിച്ചിട്ടുള്ളതെങ്കിലും നികുതിവരവിൽ ഈ വർദ്ധനവ് പ്രതിഫലിക്കാത്തത് നികുതി പിരിവിലെ കെടുകാര്യസ്ഥതയും മിസ്‌മാനേജ്‌മെന്റും കൊണ്ടല്ലേ? കേന്ദ്ര സർക്കാർ യഥാസമയം തുക കൈമാറാത്തതു കൊണ്ടാണ് പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നതെന്ന് അങ്ങ് പറയുമ്പോൾ നാഷണൽ ഹെൽത്ത് മിഷന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുകയിൽ ഒരു രൂപപോലും ഇതുവരെ കൈമാറിയിട്ടില്ല എന്നതാണ് വസ്തുത. അവിടെ ഒരു പദ്ധതിയും നടക്കുന്നില്ല.

ചില കാര്യങ്ങൾ ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചതിനാൽ ഞാനത് ആവർത്തിക്കുന്നില്ല. ഇവിടെ നമുക്കെല്ലാവർക്കും അറിയുന്നതുപോലെ വികസന നേട്ടമായി യു.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനത്തെ താരതമ്യം ചെയ്യുന്നത്

ശരിയല്ല. ഓരോ വർഷവും പ്ലാൻ ആയിരക്കണക്കിന് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആശാ വർക്കേഴ്സിന് 900 രൂപ നമ്മൾ കൊടുത്തു. ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ ഭരണകാലത്ത് ഒരു രൂപപോലും ഇല്ലായിരുന്നു, അതിനുശേഷം അവർ ആ തുക വർദ്ധിപ്പിച്ചു. കാലാനുസൃതമായി സാമ്പത്തിക രംഗത്ത് നേട്ടമുണ്ടാകുമ്പോൾ ബഡ്ജറ്റ് വിഹിതം കൂട്ടുന്നതിനനുസരിച്ച് കാര്യങ്ങളൊക്കെ ചെയ്തുകൊണ്ട് മുന്നോട്ടുപോകാനാണ് സാധ്യത. അതുകൊണ്ട് അഞ്ച് വർഷം മുമ്പുണ്ടായിരുന്ന സർക്കാരുമായിട്ടല്ല, മറിച്ച് ഒരു ഫോർവേഡ് വിഷനാണ് വേണ്ടത്. ഒരു എഞ്ചിനീയറിംഗ് ബിരുദധാരി താൻ പ്ലസ് ടു വിദ്യാർത്ഥിയായിരുന്ന സമയത്തേക്കാൾ വേഗത്തിൽ പ്രോബ്ലം സോൾവ് ചെയ്യുന്നു എന്നുപറയുന്നതിന് തുല്യമാണ് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇക്കാര്യത്തെക്കുറിച്ച് ഒരുപാട് തുക ചെലവഴിക്കുന്നുവെന്ന് പറയുന്നത്. കഴിഞ്ഞ 11 ബഡ്ജറ്റുകളിലായി ബഹുമാനപ്പെട്ട അംഗം ധാരാളം വികസന സ്വപ്നങ്ങൾ നൽകി. ഇവയെല്ലാം സ്വപ്നങ്ങളായിത്തന്നെ അവശേഷിക്കുകയാണ്. ഒരുപാട് കവിതാശകലങ്ങൾ ഉദ്ധരിച്ചിട്ടുള്ള ഈ ബഡ്ജറ്റ് ഒരു പുനർവായന നടത്തുമ്പോൾ ഒ.എൻ.വി. കുറുപ്പിന്റെ രണ്ട് വരികളാണ് എനിക്ക് ഓർമ്മ വരുന്നത്.

'വെറുതെയീ മോഹങ്ങളെന്നറിയുമ്പോഴും

വെറുതെ മോഹിക്കുവാൻ മോഹം'

അതാണ് ഈ ബഡ്ജറ്റ്. കാരണം കഴിഞ്ഞ അഞ്ച് വർഷമായി പറഞ്ഞ കാര്യങ്ങളൊന്നും നടക്കാതെ മോഹിപ്പിക്കുന്ന ബഡ്ജറ്റായി നിൽക്കുകയാണ്. ഈ ബഡ്ജറ്റ് എന്തായിരുന്നുവെന്നത് നിസാൻ മാനേജിംഗ് ഡയറക്ടർ വിലയിരുത്തിയത്, അങ്ങയുടെ ബഡ്ജറ്റ് അവതരണത്തിനിടയിൽ ഭരണപക്ഷ അംഗങ്ങളുടെ വിവിധ ഭാവങ്ങൾ മാധ്യമങ്ങളിൽ വന്ന ചിത്രങ്ങളിൽനിന്ന് മനസ്സിലാക്കാമെന്നാണ്. ബഡ്ജറ്റിനെ ചുരുക്കിയാൽ, 'ഐസക് ഇൻ ഡ്രീംലാന്റ്' എന്ന് വീണ്ടും വെളിവാകുണമെന്നുള്ളതാണ്. അതുകൊണ്ട് ഒരു മേഖലയിലും ഒരു പുരോഗതിയും ഉണ്ടാക്കാൻ കഴിയാത്ത, കഴിഞ്ഞ കാലഘട്ടങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പിലാക്കാത്ത ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ ശക്തമായി എതിർക്കുന്നു.

തിരുവനന്തപുരത്തിന്റെ വികസനത്തിന് ഇത്രയധികം നിഷേധാത്മകമായ സമീപനം സ്വീകരിച്ചതിന് തിരുവനന്തപുരത്തെ എം.എൽ.എ.-മാരെ വിളിച്ച് ഇക്കാര്യത്തെക്കുറിച്ച് ചർച്ച നടത്തണമെന്നുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഈ നിർദ്ദേശങ്ങളെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഇന്ത്യയിലെ ഭീതിജനകമായ വർത്തമാനകാല സ്ഥിതിയെ മറികടക്കാൻ തെരുവിലേയ്ക്ക് പാഞ്ഞെത്തുന്ന യൗവനത്തിൽ പ്രതീക്ഷ യർപ്പിച്ചുകൊണ്ടാണ് ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെല്ലാം ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവച്ചത്. അപ്പോഴാണ് പാലക്കാട് ജില്ലയിലെ കാരാക്കുറിശ്ശി ജി.വി.എച്ച്. എസ്.എസ്.-ലെ പ്ലസ് വൺ വിദ്യാർത്ഥിനി കുമാരി ആർച്ച എം. ആർ., എഴുതിയ കവിതയെ ഞാൻ ശ്രദ്ധിച്ചത്. 'മരണക്കട' എന്നാണ് ആ കവിതയുടെ പേര്.

'നിങ്ങൾക്ക്

മരിക്കാൻ കൊതി

തോന്നുന്നുണ്ടോ?

വളരെക്കാലമായി

നിറവേറാതെ കിടക്കുന്ന

ആഗ്രഹമാണോ?

വരിൻ.... ഓടിവരിൻ....!

ഇപ്പോൾ എളുപ്പമാണ്,

വളരെയധികം എളുപ്പമാണ്.

നിങ്ങളെ ഞെട്ടിപ്പിക്കുന്ന

ഓഫറുണ്ട്.

മുടി വളർത്തണ്ട,

താടി വളർത്തണ്ട,

വണ്ടിയോടിക്കണ്ട,

............ എന്നെല്ലാം പറഞ്ഞ് പറഞ്ഞ് അവസാന ഭാഗത്ത്

എന്തിന്? പെണ്ണായി

പിറക്കണമെന്നുപോലും വേണ്ട.

വെറുതെ വെളുപ്പിന്

റോട്ടിലിറങ്ങി,

"ഞാൻ മനുഷ്യനാണ് "

എന്നൊന്ന്

വിളിച്ചു പറഞ്ഞാൽ മതി.

ആസാദി!

വേഗം വരൂ!

ഈ ഓഫർ

അനിശ്ചിതകാലത്തേയ്ക്ക് മാത്രം.... '

എന്നെഴുതിയ ആ കുട്ടിയെ ഞാൻ കഴിഞ്ഞ ദിവസമാണ് വിളിച്ചത്. അപ്പോൾ ആ കുട്ടി പറഞ്ഞു, പൗരത്വഭേദഗതി നിയമം വന്നപ്പോൾ തോന്നിയതാണ് ഞാൻ അന്ന് കുറിച്ചിട്ടത്. ഇപ്പോൾ ഡോ. ടി. എം. തോമസ് ഐസക്കിന്റെ പ്രസംഗം കേട്ടപ്പോൾ മറ്റൊരു കവിതയാണ് എനിക്ക് ചൊല്ലാൻ തോന്നുന്നതെന്ന് ആ കുട്ടി പറഞ്ഞു, ചില വരികൾ ഫോണിലൂടെ എന്നെ കേൾപ്പിച്ചു.

'നിങ്ങൾക്ക്

ജീവിക്കാൻ കൊതി

തോന്നുന്നുണ്ടോ?

വരിൻ..... ഓടി വരിൻ....!

ഒരു മതവും മാറണ്ട,

ആരെയും കൊല്ലണ്ട,

കക്കേണ്ട,

കവരേണ്ട,

വണ്ടികയറി വന്നേക്കൂ

ഞങ്ങൾ താമസിക്കും നാട്ടിലേയ്ക്ക്

കാത്തുകൊള്ളുമീ നാട്

നിങ്ങളെയും ഞങ്ങളെപ്പോൽ'

എന്ന് എഴുതിത്തുടങ്ങിയിരിക്കുന്ന സർ, എന്നാണ് ആ കുട്ടി പറഞ്ഞത്. ഇത്തരത്തിൽ ഒരുപാട് കുട്ടികളും രക്ഷിതാക്കളും കേരളമെന്ന് കേൾക്കുമ്പോൾ അഭിമാനബോധത്താൽ തലയുയർത്തിപ്പിടിക്കുന്ന കാഴ്ചയാണ് വർത്തമാനകാലത്ത്

നമ്മൾ കാണുന്നത്. സഖാവ് പിണറായി വിജയൻ നയിക്കുന്ന ഈ സർക്കാർ നാല് വർഷം തികയുമ്പോഴേയ്ക്കും എന്തെല്ലാം അത്ഭുതങ്ങളും വിസ്മയങ്ങളുമാണ് നമ്മുടെ നാട്ടിൽ തീർത്തുകൊണ്ടിരിക്കുന്നത്. രണ്ട് പേമാരിയും ഓഖി ചുഴലിക്കാറ്റും നിപ വൈറസും കൊറോണയും ഇതിനെക്കാളെല്ലാം മാരകമായ നോട്ട് നിരോധനവും ജി.എസ്.ടി.-യുമെല്ലാം കേരളത്തെ കീഴടക്കാൻ വന്നപ്പോൾ മാറിനിൽക്കാതെ കൂടെനിൽക്കാൻ ബാധ്യതപ്പെട്ട പ്രതിപക്ഷം പുറകിൽനിന്ന് കുത്തിവീഴ്ത്താൻ നോക്കിയപ്പോഴും വീഴാതെ വീറോടെ ഈ നാടിനെ കാത്ത ചരിത്രമാണ് സഖാവ് പിണറായി വിജയൻ നായകനായ എൽ.ഡി.എഫ്. സർക്കാരിന്റേത്. സാമ്പത്തിക വളർച്ചയിൽ കേരളം കേന്ദ്രത്തെ മറികടന്ന് 7.5 ശതമാനത്തിലെത്തി. ചില്ലറ കാര്യമാണോ; ഇന്ത്യയുടെ വളർച്ചാനിരക്ക് ഇപ്പോൾ 4 ശതമാനം കടക്കാൻ അവർ കള്ളക്കണക്ക് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്, അപ്പോഴാണ് കേരളത്തിന്റെ കുതിച്ചുപായൽ. യു.ഡി.എഫ്. ഭരിക്കുമ്പോൾ എല്ലാക്കാലത്തും കേരളം പുറകിലായിരുന്നല്ലോ; പ്രതികൂല കാലാവസ്ഥയിലും കലവറയിൽ പണം വന്നതിന്റെ കാരണമെന്താണ്? ഒറ്റക്കാരണം മാത്രമേയുള്ളൂ, പിണറായി ഭരണത്തിൽ പാലാരിവട്ടം മോഡൽ തട്ടിപ്പ് ഇവിടെ നടന്നില്ല. ലഭിച്ച പണംകൊണ്ട് പഞ്ചവടിപ്പാലങ്ങൾ പണിയാതെ നമ്മുടെ മുഖ്യന്റെ ഉരുക്കുപോലെയുള്ള ചങ്കുപോലെ നല്ല ഉറപ്പും ചന്തവുമുള്ള 68 പാലങ്ങൾ പണിതു. 14623 കി.മീ. റോഡ് നവീകരിച്ചു. 258658 പേർക്ക് താമസയോഗ്യമായ വീടെന്ന സ്വപ്നം സഫലമാക്കി. ആരോഗ്യ മേഖലയിൽ വലിയ കുതിച്ചുചാട്ടം, എല്ലാ വീട്ടിലും വൈദ്യുതി, പൊതുവിദ്യാലയങ്ങൾ, സ്വപ്നതുല്യമായ സൗകര്യം ഇങ്ങനെ പറഞ്ഞുപോയാൽ പാതിരാകഴിഞ്ഞാലും തീരില്ല. അതുകൊണ്ട് ഒറ്റ വർഷത്തെ ചില നേട്ടങ്ങൾ മാത്രം, ഒറ്റ നോട്ടത്തിലെ ചില കാഴ്ചകൾ മാത്രം, ഓർമ്മകളില്ലാത്ത ചില ഓട്ടത്തലകൾക്കായി ഒറ്റവാക്കിൽ ഞാൻ പറഞ്ഞുതീർക്കാം.

അഭ്യസ്തവിദ്യരായ കേരളത്തിലെ യുവതലമുറ തൊഴിലവസരങ്ങൾ ലഭിക്കാനാവശ്യമായ ഒരു പദ്ധതി 2019 ജനുവരിയിലല്ലേ ഉദ്ഘാടനം ചെയ്തത്; ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സും മേക്കർ വില്ലേജും. അതിന്റെ അടുത്തയാഴ്ചയാണ് കൊല്ലം ബൈപ്പാസിന്റെ ഉദ്ഘാടനം നടന്നത്. ആ ബൈപ്പാസിലൂടെ പാഞ്ഞുവന്ന പ്രതിപക്ഷമാണ് ഇപ്പോൾ പിണറായി സർക്കാരിനെ ഈ പ്രസംഗത്തിലുടനീളം കുറ്റം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഫെബ്രുവരി മാസത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ആദ്യഘട്ടം ഉദ്ഘാടനം. 'നിപ' പിടിപ്പെട്ടവരും അതുപോലെ നിപ വരുമെന്ന് ഭയപ്പെട്ട് പനിപിടിച്ചവരുമൊക്കെ കിടന്ന് ക്ഷീണം തീർത്ത് പായയിൽനിന്ന് എഴുന്നേൽക്കുമ്പോഴേയ്ക്കും വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സാധ്യമാക്കി. അതിഥി തൊഴിലാളികൾക്ക് 'അപ്നാ ഘർ' എന്ന സ്വപ്ന ഫ്ലാറ്റ്

നൽകിയതും അവരുടെ ആരോഗ്യം സുരക്ഷിതമാക്കാൻ 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയതും അതേ ഫെബ്രുവരി മാസത്തിലായിരുന്നു. അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ പരിരക്ഷയ്ക്കായി കാരുണ്യ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ആരംഭിച്ച മാസങ്ങളാണ് മാർച്ചും ഏപ്രിലും. കർഷകരുടെ കടത്തിന് മോറട്ടോറിയം പ്രഖ്യാപിച്ച മാസങ്ങളുമാണ്. കടൽകടന്ന് കേരളത്തിന്റെ യശസ്സുയരുന്ന കാഴ്ചകൾ കണ്ട കഴിഞ്ഞ മേയ് മാസമാണ് അന്താരാഷ്ട്ര പുനർനിർമ്മാണ കോൺഫറൻസിന്റെ പ്ലീനറി സെക്ഷനിൽ കേരള നായകൻ ശ്രീ. പിണറായി വിജയന് സ്വീകരണം. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ കേൾക്കാൻ ലോകം കാതോർത്ത നാളുകൾ, കിഫ്ബിയുടെ മസാല ബോണ്ട്, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യുന്ന വേദിയിലെ മുഖ്യനായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയെത്തിയതും മേയ് മാസത്തിലായിരുന്നു. കേരള നായകൻ ശ്രീ. പിണറായി വിജയൻ ഉലക നായകനാകുന്ന കാഴ്ചയാണ് ആ മാസം കണ്ടത്. ജൂൺ മാസം, നയം പ്രഖ്യാപിക്കാൻ മാത്രമുള്ളതല്ല, നടപ്പാക്കാനുമുള്ള താണെന്ന് ജനങ്ങളെ ഓർമ്മപ്പെടുത്തുന്ന പ്രോഗ്രസ്സ് കാർഡ് പുറത്തിറക്കി. പ്രകടന പത്രികയിലെ 600 ഇനങ്ങളിൽ 540 ഇനത്തിലും നടപടി ആരംഭിച്ചു. മറ്റൊരു ഗവൺമെന്റിന്റെ ഭരണകാലത്ത് ഇതുണ്ടായിട്ടുണ്ടോ; ഇവിടെ ഒന്നും നടന്നില്ലേ; എല്ലാം സ്വപ്നപദ്ധതികളാണ്, ഒന്നും നടക്കില്ലായെന്നാണ് പ്രതിപക്ഷത്തുനിന്നും പറയുന്നത്, അങ്ങനെ പറയുന്ന പ്രതിപക്ഷത്തിന്റെ തലയിലെ കിളിപോയതും ആ പ്രോഗ്രസ്സ് റിപ്പോർട്ട് കണ്ടപ്പോഴാണ്. ജൂലൈ മാസത്തിൽ രണ്ടായിരം പൊതു ഇടങ്ങളിൽ സൗജന്യ വൈ ഫൈ പദ്ധതി നടപ്പിലാക്കി; കേരളത്തിൽ നമ്മൾ നടപ്പാക്കിയതാണ്. യു.ഡി.എഫ്. ഭരിക്കുമ്പോൾ പൊതുയിടങ്ങളിൽ ആകെയു ണ്ടായിരുന്നത്, ഒ.ടി. സൗകര്യം, അത് ഓപ്പൺ ടോയ്ലെറ്റാണ്. അതിന്റെ സൗകര്യം മാത്രമാണ് കേരളത്തിലെ പൊതുയിടങ്ങളിലുണ്ടായിരുന്നത്. ഈ ഗവൺമെന്റ് ആഗസ്റ്റ് മാസം സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വനിതാ ഡ്രൈവർമാരെ നിയമിക്കാനുള്ള തീരുമാനമെടുത്തു. മല കയറാത്തവർ വണ്ടിയിൽ കയറില്ലെന്ന് കരുതിയ പ്രതിപക്ഷത്തെ നിരാശരാക്കി. വനിതകളെല്ലാം ഇപ്പോൾ എൽ.ഡി.എഫ്.-ന്റെ വണ്ടിയിൽ കയറിക്കൊണ്ടിരിക്കുകയാണ്. അസൂയപ്പെട്ടിട്ട് കാര്യമില്ല. സെപ്റ്റംബർ മാസം, വികസനത്തുടർച്ചയുടെ തീവണ്ടിയാത്ര, മഹാരാജാസ് മുതൽ തൈക്കൂടം വരെയുള്ള കൊച്ചി മെട്രോയുടെ റീച്ച് പൂർത്തിയാക്കി. ശ്രീ. പിണറായി വിജയന്റെ റീച്ച് കൂടുകയാണ്. ഇടമൺ-കൊച്ചി 440 കെ.വി. പവർ ഹൈവേ ചാർജ് ചെയ്തുകൊണ്ട് ശ്രീ. എം. എം. മണി പ്രതിപക്ഷത്തിന്റെ ഫ്യൂസ് ഊരിയത് ആ മാസത്തിലാണ്. അതിന് പിന്നാലെയാണ് ട്രോമാകെയർ പദ്ധതിയുടെ ഭാഗമായി 300 പുതിയ 108 ആംബുലൻസുകൾ പാഞ്ഞെത്തിയത്.

ഇതുകണ്ട് പ്രതിപക്ഷത്തെ പലർക്കും ബോധക്കേടുണ്ടായി. അവരിൽ പലരുടെയും ജീവൻ രക്ഷിക്കാനുള്ള ഓട്ടമാണ് ആ 108 ആംബുലൻസിന്റെ ആദ്യ ഓട്ടമായി കേരളത്തിൽ കിട്ടിയത്. കേരള ബാങ്കിന് ആർ.ബി.ഐ.-യുടെ അന്തിമ അനുമതി കിട്ടിയതുകേട്ട് മലപ്പുറം ബാങ്കിന്റെ മുകളിലിരുന്ന മുസ്ലീം ലീഗുകാരെല്ലാം ഞെട്ടിത്തെറിച്ച് താഴെവീണ മാസമാണ് ഒക്ടോബർ. അവരിൽ ആരുടെയെങ്കിലും സമനില തെറ്റിയോയെന്ന് എനിക്കറിയില്ല. കേരളപ്പിറവി ദിനത്തിൽ കേരളം കാത്തിരുന്ന കെ.എ.എസ്. നടപ്പാക്കുന്ന പ്രഖ്യാപനം വന്നു. ഡിസംബറിൽ രണ്ട് ലക്ഷം പേരുടെ ജീവിതസ്വപ്നം സഫലമാക്കിയ ലൈഫ് പദ്ധതിയുടെ പൂർത്തീകരണത്തിന്റെ ജില്ലാതല ഉദ്ഘാടനങ്ങൾ ആരംഭിച്ചു. ഇതെല്ലാം കണ്ടിട്ടും കേട്ടിട്ടും കോൺഗ്രസും പങ്കാളികളും 2020-ൽ ഒന്നും നടക്കില്ല, ബഡ്ജറ്റിൽ ഒന്നുമില്ല എന്നൊക്കെയാണ് പറയുന്നത്. ഇതെല്ലാം അസംബന്ധമല്ലേ? പാലക്കാട് ജില്ലയിൽ ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ അതിനിടയിൽ ആലത്തൂരിലെ ചില കാര്യങ്ങൾ മറന്നുപോയിട്ടുണ്ട് എന്നത് ഞാനിപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മപ്പെടുത്തുകയാണ്. അത് പരിഹരിച്ചുതരുമെന്നും പ്രതീക്ഷിക്കുകയാണ്. ഒന്നാമതായി, എല്ലാത്തിലും മാതൃകയായി, എല്ലാവരിലും ആവേശമായി, എക്കാലത്തും മാതൃകയായി, എല്ലാ രംഗത്തും മുന്നേറുന്ന എല്ലാവരുടെയും ഈ സർക്കാർ എല്ലാവർക്കുമായി അവതരിപ്പിച്ച ഏറ്റവും നല്ല ബഡ്ജറ്റിനെ ഏറെ അഭിമാനപൂർവ്വം പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, വളരെയേറെ പ്രതീക്ഷയോടെ കേരള ജനത നോക്കിയിരുന്ന ബഡ്ജറ്റ് പ്രതീക്ഷയ്ക്കൊത്തുയരാതെ നിരാശാജനകമായ സ്ഥിതിവിശേഷമാണ് കേരളത്തിന്റെ പൊതു അടിസ്ഥാന വികസനരംഗത്തും മണ്ഡലങ്ങളുടെ കാര്യത്തിൽ നോക്കിയാലും വ്യക്തമായി കാണാൻ സാധിക്കുന്നത്. ആകെ ഒരു ആശ്വാസം, മുൻ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണിയുടെ പേരിലൊരു സ്മാരക മന്ദിരം നിർമ്മിക്കാൻ ഗവൺമെന്റ് പണം മാറ്റിവച്ചുവെന്നുള്ളതിൽ ഞങ്ങൾക്കെല്ലാവർക്കും ചാരിതാർത്ഥ്യവും അതിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ആദ്യം തന്നെ നന്ദി പറയുകയുമാണ്. ഇതൊഴികെ ബാക്കി എല്ലാക്കാര്യത്തിലും അങ്ങയുടെ നിലപാടിനെ എതിർക്കേണ്ടി വന്നിരിക്കുകയാണ്. കേരളത്തിന്റെ പൊതുസ്ഥിതിയിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇവിടത്തെ വികസനകാര്യങ്ങളാണ്. വികസന പ്രവർത്തനങ്ങൾക്ക് വലിയ പ്രഖ്യാപനങ്ങൾ ആവർത്തിച്ചിരിക്കുന്നുവെന്നല്ലാതെ റോഡ് വികസനത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും രംഗത്ത് ഇന്നത്തെ പ്രതിസന്ധിയെ അതിജീവിക്കാനുള്ള ഒരു നടപടിയും ബഡ്ജറ്റിലില്ല. അതിനാലാണ് ബഡ്ജറ്റ് നിരാശാജനകമാണെന്ന് ഞാൻ പറഞ്ഞത്. ഇന്ന് കേരളത്തിലെ റോഡ് നിർമ്മാണ രംഗത്ത് മൂവായിരം കോടി രൂപയുടെ കുടിശ്ശികയാണ്. പി.ഡബ്ല്യൂ.ഡി. വഴി ഒരു കോടി രൂപയിൽ

താഴെയുള്ള tar ഗവൺമെന്റ് കൊടുക്കുന്ന സിസ്റ്റം എടുത്തുകളഞ്ഞു. കോൺട്രാക്ടർ തന്നെ tar വാങ്ങി പണി ചെയ്യേണ്ട സ്ഥിതിയാണ്. ഇതാണ് കേരള ഗവൺമെന്റ് മുന്നോട്ട് വച്ചിരിക്കുന്ന നിർദ്ദേശം. കുഴിയടയ്ക്കാൻപോലും കഴിയാത്ത രീതിയിൽ പ്രതിസന്ധി നിലനിൽക്കുകയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണമെങ്കിൽ ഗവൺമെന്റ് കരാറുകാരുടെ കുടിശ്ശികയായ മൂവായിരം കോടി രൂപ കൊടുത്തുതീർക്കാനുള്ള നടപടികൾ കുറെയെങ്കിലും സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പിലും കുടിശ്ശിക നിലനിൽക്കുകയാണ്. മുൻപ് ഒരു വർക്ക് ചെയ്താൽ എം.എൽ.എ. ഫണ്ടിന്റെ കാര്യത്തിൽ, പണം കിട്ടുമെന്ന് പ്രതീക്ഷയുണ്ടായിരുന്നു. ഇപ്പോൾ എം.എൽ.എ. ഫണ്ടിൽ ചെയ്ത വർക്കിന്റെ ബില്ലുകൾ രണ്ട് വർഷമായിട്ടും കളക്ടറേറ്റിൽനിന്ന് മാറിക്കിട്ടുന്നില്ല. പുതിയ വർക്കുകൾ എടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിലും എസ്.ഡി.എഫ്.-ലും ഒരുപോലെ പ്രതിസന്ധിയുണ്ടായ കാലഘട്ടം മുമ്പ് ഉണ്ടായിട്ടില്ല. ഇത്തരത്തിലുള്ള സാഹചര്യങ്ങളാണ് എം.എൽ.എ.-മാരുടെ മുൻപിലുള്ളത്. ഈ ബഡ്ജറ്റിൽ കേരളത്തിന്റെ പൊതു സ്ഥിതിയെക്കുറിച്ച് വിലയിരുത്തുന്ന ഓരോ മേഖലയിലും പ്രതിസന്ധി രൂക്ഷമായി കാണുന്നതോടൊപ്പം മണ്ഡലങ്ങളുടെ കാര്യത്തിലേയ്ക്ക് വന്നാൽ, പ്രതിപക്ഷത്തോട് മാത്രമാണ് അനീതി കാണിച്ചതെന്ന് എനിക്ക് തോന്നുന്നില്ല. അങ്ങ് എല്ലാപേരെയും ഒരുപോലെ തന്ത്രപൂർവ്വം ഒഴിവാക്കിയതായിട്ടാണ് കാണാൻ കഴിയുന്നത്. പാലാ നിയോജക മണ്ഡലത്തിൽനിന്ന് വിജയിച്ച ശ്രീ. മാണി സി. കാപ്പൻ സ്വാഭാവികമായും ഇത്തവണ കൂടുതൽ കാര്യങ്ങളാകും പ്രതീക്ഷിക്കുന്നത്. എം.എൽ.എ.-മാർക്ക് മണ്ഡലത്തിലെ വികസനകാര്യങ്ങൾ എങ്ങനെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾ ബഡ്ജറ്റിൽ ഒരു പ്രതീക്ഷ നൽകാത്ത സാഹചര്യം നിലനിൽക്കുകയാണ്. പരിഹരിക്കാൻ കഴിയുന്നൊരു സ്ഥിതിവിശേഷം രാഷ്ട്രീയത്തിനതീതമായി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സൃഷ്ടിക്കണമെന്ന അഭ്യർത്ഥന ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. അങ്ങ് ഇരുപത് പ്രൊപ്പോസൽ ചേർത്തു. ഇരുപത് ശതമാനമെങ്കിലും അതിനുള്ള പ്രൊവിഷൻ കാണുമെന്ന് ഞങ്ങൾ കരുതി. എന്നാൽ നൂറ് രൂപയുടെ ടോക്കൺ പ്രൊവിഷൻ എല്ലാപേർക്കും വച്ച് ആ ഇരുപത് പ്രൊപ്പോസൽ ഉൾപ്പെടുത്തിയെന്നല്ലാതെ അതിനപ്പുറത്തേയ്ക്ക് പോയിട്ടില്ല. മുൻവർഷങ്ങളിലെ അനുവാദം തരുമെന്ന് പ്രതീക്ഷിച്ചു. കിഫ്ബിയിലൂടെ കിട്ടിയിരിക്കുന്ന പദ്ധതികളിലുൾപ്പെടെ ഓരോ സാങ്കേതിക കാരണങ്ങളുടെ പേരിൽ കഴിഞ്ഞ വർഷം പ്രഖ്യാപിച്ച പദ്ധതികൾക്കുപോലും അനുവാദം നൽകിയിട്ടില്ല. ഇപ്രാവശ്യത്തെ ബഡ്ജറ്റിലും ഇതുതന്നെ ആവർത്തിക്കപ്പെടുമ്പോൾ ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുന്ന സ്ഥിതിവിശേഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുകയാണ്.

കാർഷിക മേഖലയെ വിസ്മരിച്ച ബഡ്ജറ്റാണിതെന്ന് പറയുന്നതിൽ ഖേദമുണ്ട്. ചങ്ങനാശ്ശേരി രൂപത, കർഷക പ്രക്ഷോഭത്തിന്റെ ഭാഗമായി നടത്തിയ നിയമസഭാ മാർച്ചിൽ പങ്കെടുത്ത ശേഷമാണ് ഇപ്പോൾ ഞാനടക്കമുള്ള ഭൂരിപക്ഷം എം.എൽ.എ.-മാരും ഇവിടെ എത്തിയിരിക്കുന്നത്. അവർ ഉന്നയിക്കുന്ന വിഷയങ്ങളെല്ലാം ഗവൺമെന്റിന്റെ മുന്നിൽ നിവേദനം നൽകിയിരിക്കുന്നവയാണ്. അനേകം സമരങ്ങൾ നടക്കുകയാണ്. കഴിഞ്ഞ ദിവസം കേരള കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്ത് കർഷക രക്ഷാ സംഗമം ശ്രീ. പി. ജെ. ജോസഫിന്റെയും ശ്രീ. സി. എഫ്. തോമസിന്റെയും നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. കാർഷിക മേഖലയിൽ ഇപ്പോൾ നെഗറ്റീവ് ഗ്രോത്താണ്. ഇത്തവണത്തെ ഇക്കണോമിക് റിവ്യൂ വന്നപ്പോൾ കേരളത്തിന്റെ കാർഷിക മേഖലയുടെ വികസനം നെഗറ്റീവ് ഗ്രോത്ത് രേഖപ്പെടുത്തുകയാണ്. കാർഷിക മേഖലയിൽ ഇത്രയേറെ കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടും നമുക്ക് തൃപ്തികരമായി മുന്നോട്ട് പോകാൻ കഴിയുന്നില്ല.

റബ്ബർ വിലസ്ഥിരതാ ഫണ്ട് 250 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടത് 200 രൂപയെങ്കിലുമാക്കണമെന്ന് ആവശ്യപ്പെടുന്നത് ഈ രംഗത്ത് കർഷകർക്ക് നിലനിൽക്കാൻ വേണ്ടിയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയും കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയും ആയിരിക്കുമ്പോൾ 150 രൂപ ഏർപ്പെടുത്തി. അതിൽനിന്ന് ഒരു രൂപ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ന് നമ്മൾ അത്തരം വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്യുകയാണ്. മൂന്ന് വർഷമായി നെല്ലിന്റെ പമ്പിംഗ് സബ്സിഡിയായി ഒരു രൂപപോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഉൾപ്പെടെ നെൽകർഷകർക്ക് നിരവധി കാര്യങ്ങൾ പ്രഖ്യാപിക്കുമ്പോഴും പമ്പിംഗ് സബ്സിഡി മൂന്ന് വർഷമായി കൊടുക്കാതെ എങ്ങനെ കർഷകർക്ക് മുന്നോട്ട് പോകാൻ കഴിയുമെന്ന പ്രശ്നം ഗവൺമെന്റ് പരിശോധിക്കണം. കുട്ടനാട്-അപ്പർ കുട്ടനാട് മേഖലയിൽ പി.ആർ.എസ്. (പാഡി റസീപ്റ്റ് ഷീറ്റ്) ഏർപ്പെടുത്തി. സൊസൈറ്റികൾ വഴി നെല്ല് സംഭരിക്കാൻ പറഞ്ഞു. രണ്ട് വർഷമായി ഈ സൊസൈറ്റികൾക്കൊന്നും അവർ സംഭരിച്ച നെല്ലിന്റെ തുക കൊടുത്തിട്ടില്ല. നെല്ല് സംഭരണത്തിന്റെ കാര്യത്തിലുൾപ്പെടെ വലിയ സാമ്പത്തിക പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഇത്തരം കാര്യങ്ങളെല്ലാം കാർഷിക മേഖലയിൽ നിൽക്കുമ്പോൾ കൃഷിക്കാരൻ ആത്മഹത്യയുടെ വക്കിലാണ്. ബഡ്ജറ്റിലൂടെ അതിന് സാധ്യമായ പരിഹാരം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ബഡ്ജറ്റിലെ ഏറ്റവും വലിയ പ്രഖ്യാപനങ്ങളിലൊന്നാണ് മിനി ഹൈസ്പീഡ് റെയിൽ കോറിഡോർ/വേഗ റെയിൽപ്പാതാ പദ്ധതി. കഴിഞ്ഞ ദിവസം ശ്രീ. പി. ജെ. ജോസഫ് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ഞാൻ ആവർത്തിച്ചുപറയാൻ

ആഗ്രഹിക്കുകയാണ്. ശ്രീ. ഇ. ശ്രീധരൻ റെയിൽവേയുടെ കാര്യത്തിൽ ഏറ്റവും വലിയ അതോറിറ്റിയായി നിൽക്കുകയാണ്. അദ്ദേഹം പറഞ്ഞിരിക്കുന്നത് ഒരുലക്ഷത്തിആറായിരം കോടി രൂപയുടെ പദ്ധതി കേരളത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ഒരു കാരണവശാലും നടക്കാൻ സാധ്യതയില്ലെന്നാണ്. അതുകൊണ്ട് ഗവൺമെന്റ് നടത്താൻ പാടില്ലെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ, ഇത്രയും കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ഒരു കാര്യത്തിനും പണം കൊടുക്കാൻ കഴിയാതെ പ്രതിസന്ധി നിലനിൽക്കുമ്പോൾ ഇതുപോലൊരു പദ്ധതി ഏറ്റെടുക്കുമെന്ന് ഗവൺമെന്റ് പറയുന്നത് സത്യസന്ധമാണോയെന്ന് ആലോചിക്കണം. അതിന്റെ വിശ്വാസ്യത തന്നെ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിരിക്കുന്നു. ശ്രീ. ഇ. ശ്രീധരൻ പറഞ്ഞിരിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ റെയിൽവേ പാക്കേജിൽ കേരളത്തിന്റെ മിനി റെയിൽ കോറിഡോർ ഉൾപ്പെടുത്തിയിട്ടില്ലെന്നാണ്. സർവ്വേയ്ക്ക് മാത്രമാണ് അനുവാദം കിട്ടിയതെന്ന് കേരള ഗവൺമെന്റ് ഇറക്കിയിരിക്കുന്ന ഉത്തരവിലും വ്യക്തമായി പറയുന്നുണ്ട്. മിനി റെയിൽ കോറിഡോറുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ഒരു കാര്യം ഗവൺമെന്റ് പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഈ റെയിൽപ്പാതയെക്കുറിച്ച് നേരത്തെ ചർച്ച ചെയ്തിരുന്നത് നിലവിലുള്ള റെയിൽവേ ലൈനിന് സമാന്തരമായി എന്നാണ്. രണ്ട് ലൈൻ നമുക്കുണ്ട്. ത്രീ ആൻഡ് ഫോർ എന്ന് ഗവൺമെന്റ് ഉത്തരവിൽ പറയുന്നുണ്ട്. 3-4 ലൈനുകൾ ഇനി വരാൻ പോകുന്നത് മറ്റൊരു പ്രദേശത്ത് കൊണ്ടുപോയി സർവ്വേ നടത്തി പുതിയ റെയിൽവേ ഉണ്ടാക്കാൻ ശ്രമിച്ചാൽ എത്ര വലിയ അപകടമാണ്. ജനങ്ങൾ മുഴുവൻ ആശങ്കയിലാണ്. കാസർഗോഡ് മുതൽ തിരൂർ വരെ നിലവിലുള്ള റെയിൽവേ ലൈനിന് സമാന്തരമായിട്ടാണ് സർവ്വേ വന്നിരിക്കുന്നത്. തിരൂർ മുതൽ തിരുവനന്തപുരം വരെ വേറെ സ്ഥലത്തേയ്ക്ക് മാറിപ്പോവുകയാണ്. ഇത്രയേറെ ഭൂമി ഏറ്റെടുത്ത് ഒരു പദ്ധതിയിലേയ്ക്ക് വരുമ്പോൾ ഇരുപതിനായിരം കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരികയാണ്. റെയിൽവേ ലൈൻ ആലോചിക്കണമെങ്കിൽപ്പോലും നിലവിലുള്ള ലൈനിന് സമാന്തരമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന ഒരു പദ്ധതിയായി ഇത് പുനഃക്രമീകരിക്കേണ്ടതുണ്ട്. കോട്ടയം-കുമരകം റോഡ് പദ്ധതി നേരത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. അവിടെ സർവ്വേക്കല്ലിട്ടു. പത്തിരുപത് വർഷമായി ആ ഭൂമി മനുഷ്യർക്ക് ഉപയോഗിക്കാൻ സാധിക്കാതെ ബ്ലോക്ക് ചെയ്തിരിക്കുന്നു വെന്നല്ലാതെ ഒരു വികസനവും ഉണ്ടായിട്ടില്ല. അതുപോലൊരവസ്ഥ ഇക്കാര്യത്തി ലുണ്ടാക്കി ജനങ്ങളെ ദ്രോഹിക്കരുതെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ഡാമിനകത്തുനിന്ന് മണ്ണ് മാറ്റുമെന്ന് അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്തും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യമാണ്. ഒന്നും ചെയ്തിട്ടില്ല.

അത്തരത്തിലുള്ള ജല രേഖകളായ പ്രഖ്യാപനങ്ങളായി മാറാതെ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പെൻഷൻ വർദ്ധിപ്പിച്ചപ്പോഴുള്ള ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. നേരത്തെ മറ്റുള്ളവർക്ക് 1,200 രൂപ പെൻഷൻ ആയിരുന്നപ്പോൾ കിടപ്പു രോഗികൾക്ക് 1,300 രൂപ ഉണ്ടായിരുന്നു. ഇവരുടെ പെൻഷൻ 1,500 രൂപയാക്കിയെങ്കിലും വർദ്ധിപ്പിക്കണം. നട്ടെല്ലിന് തളർച്ച ബാധിച്ച കിടപ്പുരോഗികൾ അടക്കമുള്ളവർ അങ്ങേയ്ക്ക് നിവേദനം നൽകിയിട്ടുണ്ട്, അതങ്ങ് പരിഗണിക്കണം. എല്ലാപേർക്കും 1,300 രൂപ എന്നുപറയുമ്പോൾ എഴുന്നേറ്റ് നടക്കാൻ കഴിയുന്ന മനുഷ്യർക്കാണ് പെൻഷൻ കൂട്ടിക്കിട്ടിയിരിക്കുന്നത്. എഴുന്നേൽക്കാൻ വയ്യാത്ത കിടപ്പുരോഗികൾക്ക് നേരത്തെ 1,300 രൂപയുണ്ടായിരുന്നതിനാൽ അവരുടെ പെൻഷൻ 1,500 രൂപയാക്കി വർദ്ധിപ്പിക്കാൻ കഴിയുന്ന പുനഃക്രമീകരണം ചെയ്യണമെന്നുകൂടി സൂചിപ്പിക്കുന്നു.

ഭാവനാപൂർണ്ണമായ ധാരാളം കാര്യങ്ങൾ ഈ ബഡ്ജറ്റിലൂടെ ഗവൺമെന്റ് പറഞ്ഞെങ്കിലും ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയില്ലാത്തതിന്റെ പേരിൽ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. കാരണം, ലോകത്തിലെ മറ്റു രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കുമെല്ലാം മാതൃകയായിട്ടുള്ള ബഡ്ജറ്റാണിത്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും 1,29,837 കോടി രൂപ ചെലവുചെയ്യുന്ന ബഡ്ജറ്റ്, ഇടതുപക്ഷ-ജനപക്ഷ-ജനക്ഷേമ ബഡ്ജറ്റാണ്. അമേരിക്ക രാജ്യങ്ങളെ തമ്മിലടിപ്പിച്ചുകൊണ്ടാണ് ഭരിക്കുന്നത്. എന്നാൽ, ഇന്ത്യ ഭരിക്കുന്ന ശ്രീ. നരേന്ദ്ര മോദി ജനങ്ങളെ തമ്മിലടിപ്പിച്ചും കോർപ്പറേറ്റുകളെ കെട്ടിപ്പിടിച്ചുമാണ് രാജ്യം ഭരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി കേരളത്തിലെ ഇടതുപക്ഷ സർക്കാർ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും ഈ ഗവൺമെന്റ് ധാരാളം പ്രതിസന്ധികൾ മറികടന്നുകൊണ്ടാണ് മികച്ച ജനകീയഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം സ്വകാര്യവൽക്കരിക്കുന്നതിന് ശ്രീ. നരേന്ദ്ര മോദി സർക്കാർ ഭരണത്തിൽ വരുന്നതിനുമുൻപ് യു.പി.എ. ഗവൺമെന്റ് ചൂണ്ടയിട്ട് തുടക്കം കുറിച്ചു, ഒന്നുകൂടി തെളിച്ചുപറയുകയാണെങ്കിൽ, പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കാൻ യു.പി.എ. ഗവൺമെന്റ് ഒരു സൂപ്പർ മാർക്കറ്റ് തുടങ്ങി. അതിനുശേഷം വന്ന ബി.ജെ.പി. ഗവൺമെന്റ് അത് ഹൈപ്പർ മാർക്കറ്റാക്കി, ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റുകൊണ്ടിരിക്കുകയാണ്. രണ്ടുകൂട്ടരും ഒരുമിച്ച് ഒരേ

നയങ്ങളാണ് ഇവിടെ നടപ്പാക്കുന്നത്. ഇവിടെ നേരത്തെ ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗം പറഞ്ഞു, ഒരു ഫോർവേഡ് വിഷൻ ഇല്ലാതെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കൃത്യമായ ഫോർവേഡ് വിഷനുണ്ടായി. സംസ്ഥാനത്തെ നല്ല രീതിയിൽ മുന്നോട്ട് നയിക്കുന്നതിനായി ഹരിത കേരള മിഷൻ, ലൈഫ് മിഷൻ, ആർദ്രം പദ്ധതി എന്നിവയുൾപ്പെടെ വിവിധ മിഷനുകൾ രൂപീകരിച്ച് അതിനാവശ്യമായ പണം ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാണ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. അതുപോലെ കേരളത്തെക്കുറിച്ച് ശ്രീ. സി. ദിവാകരൻ പറഞ്ഞു, കേരളത്തിൽ വലിയ രണ്ട് പ്രളയവും ഓഖി ദുരന്തവും ഉരുൾപൊട്ടൽപോലുള്ള ഒട്ടേറെ വിഷയങ്ങളുണ്ടായിട്ടും അതിനെയെല്ലാം മറികടക്കാൻ വളരെ നിസ്സാരമായി സാധിച്ചു എന്ന്. ഇപ്പോൾ കൊറോണ വൈറസിനെയും നമ്മൾ അതിജീവിച്ചുകൊണ്ടിരിക്കുന്നു.

സാധാരണക്കാരെല്ലാം വലിയ സന്തോഷത്തിലാണ്. ഇവിടെ പെൻഷനെപ്പറ്റി പലരും പറഞ്ഞ കാര്യങ്ങൾ നമുക്കറിയാവുന്നതാണ്. പെൻഷൻ കഴിഞ്ഞ കാലങ്ങളിൽ 600 രൂപ ആയിരുന്നപ്പോൾ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചതാണ് ഓരോ കൊല്ലവും 100 രൂപവീതം വർദ്ധിപ്പിക്കുമെന്ന്. അത് കൃത്യമായി ഓരോ കൊല്ലവും 100 രൂപവീതം വർദ്ധിപ്പിച്ച് മാന്യമായ പെൻഷൻ ലഭിക്കത്തക്ക രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ആശാ വർക്കർമാർക്കും നഴ്സറി അദ്ധ്യാപകർക്കും സ്കൂളിലെ പാചകത്തൊഴിലാളികൾക്കും മാന്യമായ വർദ്ധനവുണ്ടാക്കിയതിലൂടെ ഈ വിഭാഗം ആളുകളെല്ലാം വലിയ സന്തോഷത്തിലാണ്. ഇവിടെ ഒരു ഗവൺമെന്റ് എങ്ങനെയാകണം എന്നുള്ള മാതൃകയാണിത്. ദേശീയ പത്രങ്ങളെല്ലാം വളരെ വ്യക്തമായി എഴുതിയിട്ടുണ്ട്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ജനങ്ങളോട് പറഞ്ഞ വാക്കുകൾ പാലിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ് ഇതിന്റെ നോട്ടം. 'A Government that fulfills the promises' എന്ന് ദേശീയ പത്രങ്ങൾ വളരെ കൃത്യമായി എഴുതിയിരുന്നു. ഇത് വെറുതെയാണോ; ഈ ഗവൺമെന്റ് വാക്ക് പാലിക്കുന്നുവെന്നതിന്റെ സത്യമല്ലേ അത്. ബഡ്ജറ്റിൽ ആരോഗ്യ രംഗത്തിന് 1,530 കോടി രൂപ, ഇന്ന് ആരോഗ്യ രംഗത്ത് പുതുശൈലീരോഗങ്ങൾ എന്തെല്ലാം വന്നു, അതിനെയെല്ലാം മറികടക്കാൻ നല്ല രീതിയിലുള്ള ഇടപെടലും അതിനാവശ്യമായ സംഖ്യയും ഇവിടെ ഗവൺമെന്റ് കണ്ടെത്തിക്കൊടുക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വിദ്യാഭ്യാസരംഗത്ത് ഏതാണ്ട് 19,130 കോടി രൂപ. സ്കൂളുകളുടെ അവസ്ഥ നാം കാണേണ്ടതുണ്ട്, ഒന്നും ചെയ്യാതെ ഒരു കമ്പ്യൂട്ടർ വച്ചാൽ മതിയോയെന്ന് പലരും കളിയാക്കി സംസാരിച്ചിട്ടുണ്ട്. സ്കൂളുകളുടെ അവസ്ഥയെപ്പറ്റി അവരുടെ

ഭരണകാലത്ത്, എസ്.എസ്.എ. ഫണ്ട് കിട്ടുമ്പോൾ കുമ്മായം അടിക്കുന്ന പണി പോലും ചെയ്യുതരില്ല. ഹൈടെക് നിലവാരത്തിലും ആധുനിക രീതിയിലുമുള്ള ക്ലാസ്സ് മുറികളിലിരുന്ന് ഇന്ന് കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇത് നേട്ടമല്ലേ? ഈ നേട്ടമാണോ തെറ്റെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്.

റേഷൻ രംഗത്തെക്കുറിച്ച് പരിശോധിച്ചാൽ, കഴിഞ്ഞ നാല് കൊല്ലം ഈ ഗവൺമെന്റ് പറഞ്ഞൊരു കാര്യം, ഒരു കാരണവശാലും വിലവർദ്ധനവുണ്ടാകില്ലെന്നാണ്. യു.ഡി.എഫ്. ഭരണകാലത്തുണ്ടായ അതേ വിലയാണ് ഇപ്പോഴുമുള്ളത്. ഈ രംഗത്ത് എന്ത് പ്രയാസം വന്നാലും അതിനെയെല്ലാം മറികടന്നുകൊണ്ട് സാധാരണക്കാരന് കിട്ടുന്ന ആനുകൂല്യം ഒരു കാരണവശാലും ബുദ്ധിമുട്ട് വരാത്ത രീതിയിൽ കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ ആശ്വാസകരമായ രീതിയിൽ ഒരു വാർത്ത അറിയിക്കുകയുണ്ടായി, നമ്മുടെ നാട്ടിൽ സാധാരണക്കാരന് കഴിക്കാൻ 25 രൂപയ്ക്ക് ഭക്ഷണം കൊടുക്കാനുള്ള സൗകര്യമുണ്ടാക്കുമെന്ന് ഇവിടെ പ്രഖ്യാപിച്ചു. പ്രിയപ്പെട്ട കുടുംബശ്രീ സഹോദരിമാർ ഏറ്റെടുത്ത പണികളെല്ലാം വളരെ കൃത്യമായി സംസ്ഥാനത്തിനകത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. അവരും 1000 കേന്ദ്രങ്ങളിൽ ഭക്ഷണം കൊടുക്കാൻ തയ്യാറായിനിൽക്കുന്നു. നമുക്ക് 15 രൂപയ്ക്ക് ഇഡ്ഡലിയും സാമ്പാറും ചായയും പ്രഭാത ഭക്ഷണമായി കൊടുക്കാൻ സാധിക്കുമോയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് പരിശോധിക്കാൻ കഴിയുമോ എന്നതുകൂടി ചർച്ചയുടെ ഭാഗമായി എന്റെ ഒരു നിർദ്ദേശമായി എടുക്കണം. അതോടൊപ്പം വൈകിട്ട് കഞ്ഞിയും പയറും ചമ്മന്തിയും 15 രൂപയ്ക്ക് നൽകാൻ കഴിയുകയാണെങ്കിൽ തീർച്ചയായും പാവപ്പെട്ട ആളുകൾക്ക് വലിയ ആശ്വാസമുണ്ടാകുമെന്നതിൽ യാതൊരു തർക്കവുമില്ല. അതൊന്ന് പരിശോധിച്ച് നമുക്കൊരു ഭേദഗതി വരുത്താൻ കഴിയുമോയെന്ന് നോക്കേണ്ടതുണ്ട്.

കാർഷിക രംഗത്തും ചില്ലറ നേട്ടമാണോ? ഇവിടെ പ്രതിപക്ഷം എന്തെല്ലാം പറഞ്ഞു. ധാരാളം കാര്യങ്ങളുണ്ട്, അതെല്ലാം ഞാൻ പറയാൻ ഉദ്ദേശിക്കുന്നില്ല. കർഷകർക്ക് റോയൽറ്റി കൊടുക്കാൻ 40 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. കർഷകരെല്ലാം വലിയ സന്തോഷവും അഭിമാനവും കൊള്ളുന്ന നിമിഷമാണ്. അതുപോലെ മറ്റു മേഖലകളിലും മത്സരിച്ചുകൊണ്ടാണ് ഓരോ വകുപ്പും കൈകാര്യം ചെയ്യുകൊണ്ടിരിക്കുന്നത്. എല്ലാ രംഗത്തും മത്സരിച്ച് രാജ്യത്തിനുതന്നെ മാതൃകാപരമായ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് എന്തെല്ലാം കാര്യങ്ങൾ നമ്മൾ കണ്ടു. ഈ ബഡ്ജറ്റ് നൂല് പൊട്ടിയ പട്ടമാണെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞു. യഥാർത്ഥത്തിൽ യു.ഡി.എഫ്.-ന്റെ അല്ലെങ്കിൽ കോൺഗ്രസിന്റെ സ്ഥിതി ഇന്നതല്ലേ; നൂല് പൊട്ടിയ പട്ടമല്ലേ; ഒന്നിനും യോജിക്കാൻ കഴിയാതെ ഏത് സമരത്തിൽ മുമ്പിൽ നിൽക്കണമെന്നുപോലും അറിയാതെ ഇരുട്ടിൽ തപ്പുകയല്ലേ?

നമ്മുടെ നാട്ടിൽ, കേന്ദ്രത്തിൽ മത്സരിച്ച് നിൽക്കുമ്പോൾ ഒരു സമരംപോലും കൃത്യമായി നടത്താൻ കഴിയാത്ത കോൺഗ്രസ് ഇന്ന് കേരളത്തിനകത്തുവന്ന് ജനകീയ ബഡ്ജറ്റിനെ കുറ്റം പറഞ്ഞുകൊണ്ടിരിക്കുന്നു. ഈ നിലയ്ക്ക് യു.ഡി.എഫ്. പോയാൽ ഭരണിയിൽ ഉപ്പുമാങ്ങയിട്ട അവസ്ഥ ഭാവിയിൽ വരുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ലെന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

1.00 P.M.]

## IX അടിയന്തരപ്രമേയ ചർച്ച

### കാർഷിക മേഖലയിലെ പ്രതിസന്ധി

ശ്രീ. സണ്ണി ജോസഫ്: സർ, സംസ്ഥാനം നേരിടുന്ന കാർഷിക മേഖലയിലെ അതീവഗുരുതരമായ കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭങ്ങൾ, വിലത്തകർച്ച, വിളത്തകർച്ച, വന്യമൃഗശല്യം തുടങ്ങിയ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, കാർഷിക മേഖല തകർന്ന് അതീവ ഗുരുതരമായ പ്രതിസന്ധി നേരിടുന്നുവെന്നത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, കൃഷിയുടെ വളർച്ച 1.7 ശതമാനത്തിൽനിന്ന് -0.5 ശതമാനമായി താഴ്ന്നിരിക്കുന്നുവെന്നാണ്. കാർഷിക മേഖലയുടെ തകർച്ചയ്ക്ക് ഏറ്റവും വലിയ സാക്ഷ്യപത്രമാണിത്. 2019-ൽ കൃഷിക്ക് 945.74 കോടി രൂപയാണ് വകയിരുത്തിയതെങ്കിൽ ചെലവഴിച്ചത് കേവലം 340.17 കോടി രൂപ മാത്രമാണ്. വകയിരുത്തിയതിന്റെ 35% മാത്രമാണ് ചെലവഴിച്ചത്. കാർഷിക മേഖലയെ അവഗണിക്കുന്നതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഒരേ നിലപാടാണ് സ്വീകരിക്കുന്നത്. കേന്ദ്രം കേരളത്തിലെ കാർഷികരംഗത്തെ പൂർണ്ണമായി അവഗണിക്കുമ്പോൾ പരിഗണിക്കേണ്ട കേരള സംസ്ഥാനവും തിരിഞ്ഞുനോക്കുന്നില്ല. 'കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി' എന്ന നിലയിലുള്ള പ്രതിഷേധാർഹമായ സമീപനമാണ് കേരള സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കാർഷിക മേഖലയിലെ വൻതകർച്ച ലക്ഷക്കണക്കിന് കർഷക കുടുംബങ്ങളെ ദുരിതത്തിലാക്കിയിരിക്കുന്നു. പ്രകൃതിക്ഷോഭത്തിലും കാലാവസ്ഥാ വ്യതിയാനത്തിലും ഉൽപ്പന്നങ്ങളുടെ വിലയിടിവിലും കർഷകർ വലിയ കഷ്ടനഷ്ടങ്ങളിലാണ്. ഒട്ടുമിക്ക വിളകളും തകർച്ചയെ നേരിടുകയാണ്. ആത്മഹത്യകൾ കൂടിക്കൂടി വരുന്നതിന് കാരണം കടബാധ്യതകളാണ്. പ്രളയത്തിനുശേഷം

നിരവധി കൃഷിക്കാർ ഇടുക്കിയിലും വയനാട്ടിലും കണ്ണൂരിലും ആത്മഹത്യ ചെയ്തു. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ 3 പേർ കടബാധ്യതമൂലം ആത്മഹത്യ ചെയ്തു. ഒരുപക്ഷേ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ കാർഷിക കടാശ്വാസ കമ്മീഷന്റെ വായ്പാപരിധി ഉയർത്തിയിട്ടുണ്ട് അല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുന്നുണ്ടെന്നൊക്കെ പറയും. 2014 ഡിസംബർ 31 വരെ എടുത്ത വായ്പകൾക്ക് കടാശ്വാസ കമ്മീഷന്റെ പരിഗണനയും ആനുകൂല്യവും ലഭ്യമാകുന്നതിന് അപേക്ഷ ക്ഷണിക്കുകയും ലക്ഷക്കണക്കിന് കൃഷിക്കാർ ഇതിന് അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഈ അപേക്ഷകളെല്ലാം കടാശ്വാസ കമ്മീഷന്റെ ഓഫീസിൽ കെട്ടഴിക്കാതെ സൂക്ഷിക്കുകയാണ്. അത് പരിഗണിച്ചു കഴിഞ്ഞാൽ അവർക്ക് നൽകാൻ സർക്കാരിന് പണമില്ല. എല്ലാ മാസവും സിറ്റിംഗ് നടത്തിയിരുന്നു. ഞാൻ പ്രസിഡന്റായിരുന്ന ഒരു സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ വിളിച്ച് അന്വേഷിച്ചപ്പോൾ മുൻകാലങ്ങളിൽ എല്ലാ മാസവും സിറ്റിംഗ് നടത്തി കൃഷിക്കാർക്ക് ഈ ആനുകൂല്യം നൽകിയിരുന്നു എന്നാണ് പറഞ്ഞത്. എന്നാൽ കഴിഞ്ഞ ആറ് മാസമായി സിറ്റിംഗുമില്ല, കൃഷിക്കാർ കടബാധ്യതകൾ കൊണ്ട് ആത്മഹത്യയുടെ വക്കിലുമാണെന്ന കാര്യം തർക്കരഹിതമാണ്. 2018-ലെ വെള്ളപ്പൊക്കത്തിലുണ്ടായ നാശനഷ്ടത്തിൽ 88 ശതമാനവും കാർഷിക അനുബന്ധ മേഖലയിലെ വിളകൾ, കന്നുകാലികൾ, മത്സ്യബന്ധനം തുടങ്ങിയവയ്ക്കാണ് വലിയ നാശനഷ്ടങ്ങളുണ്ടായത്. ഉൽപ്പന്നനഷ്ടം 89600 ഹെക്ടർ സ്ഥലത്താണുണ്ടായത്. മൊത്തം വിളനാശത്തിന്റെ 40 ശതമാനവും വാഴകൃഷിയെയാണ് ബാധിച്ചത്. കുരുമുളക് 19 ശതമാനവും നെല്ല് 14 ശതമാനവുമാണ് നശിച്ചത്. വയനാട്, ആലപ്പുഴ ജില്ലകളിലെ യഥാർത്ഥ കൃഷി വിസ്തൃതിയിൽ യഥാക്രമം 36.74 ശതമാനവും 17.59 ശതമാനവും നാശനഷ്ടത്തിന് ഇടയായി. ദീർഘകാല വിളകളെയും ഹ്രസ്വകാല വിളകളെയും കാലവർഷം സാരമായി ബാധിച്ചു. വാഴ, തെങ്ങ്, അടയ്ക്ക, പച്ചക്കറികൾ, കുരുമുളക് തുടങ്ങിയവയെയാണ് സാരമായി ബാധിച്ചത്. 30945 ഹെക്ടർ സ്ഥലത്ത് ദീർഘകാല വിളകൾ നഷ്ടപ്പെട്ടു. വയനാട്, ഇടുക്കി, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മണ്ണിടിച്ചിൽമൂലം ധാരാളം നാശനഷ്ടങ്ങളുണ്ടായി. കൃഷിക്കാരുടെ ഭൂമിയാണ് പൂർണ്ണമായിട്ടും തകർന്നുപോയത്. കൂടുതലും വയനാട് ജില്ലയിലാണ്. എന്നാൽ യാതൊരു പരിഹാര നടപടികളും സ്വീകരിക്കുകയോ കർഷകർക്ക് ന്യായമായ നഷ്ടപരിഹാരം നൽകുകയോ ചെയ്തിട്ടില്ല. പ്രത്യേകിച്ച് മണ്ണൊലിപ്പിൽ ഭൂമി പൂർണ്ണമായും തകർന്നുപോയ കൃഷിക്കാരുടെ കാര്യംപോലും പരിഗണിക്കാൻ തയ്യാറായില്ല. പഠനം നടത്താൻ ആളുകളെ അയയ്ക്കുന്നു എന്നുപറഞ്ഞ് പഠനം നടത്തിയതല്ലാതെ പരിഹാരമുണ്ടായില്ല. കന്നുകാലികൾ നശിച്ചുപോയ ഉടമസ്ഥർക്കും വിളകൾ നശിച്ചവർക്കും മതിയായ നഷ്ടപരിഹാരം ഇതുവരെ നൽകിയിട്ടില്ല. വീട് നഷ്ടപ്പെട്ടവരുടെ കാര്യം പലവട്ടം ചർച്ച ചെയ്തതാണ്. ഇടുക്കി ജില്ലയിൽ വെള്ളപ്പൊക്കത്തിൽ തകർന്ന,

വാതിലില്ലാത്ത വീട്ടിൽ അവിടത്തെ ഗൃഹനാഥനായ ശ്രീ. സജീവൻ തന്റെ പെൺമക്കൾക്കുവേണ്ടി കഴിഞ്ഞ രണ്ട് വർഷമായി ഉറക്കമൊഴിഞ്ഞിരിക്കുകയാണ്. 'അച്ഛനുറങ്ങാത്ത വീട് ഇടുക്കിയിൽ' വീണ്ടും പത്രമാധ്യമങ്ങളിലൂടെ നമ്മൾ കണ്ടു. അതിനുപോലും പരിഹാരമായില്ല. സർക്കാരിന്റെ വിവിധ പദ്ധതികൾ എവിടെയും എത്താതെ നിൽക്കുകയാണ്. ഇപ്പോൾ ആ പദ്ധതികൾ തന്നെയില്ല. കേരളത്തിന്റെ പ്രധാനപ്പെട്ട കൃഷി നാളികേര കൃഷിയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. സർക്കാർ പച്ചത്തേങ്ങ സംഭരണത്തിൽനിന്ന് ഏതാണ്ട് പൂർണ്ണമായി പിന്മാറിയിരിക്കുന്നു. ഗവൺമെന്റ് സംവിധാനങ്ങൾ അവിടെ ഫലപ്രദമല്ല. സപ്ലൈകോയും കൺസ്യൂമർഫെഡും സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. ശുദ്ധമായ വെളിച്ചെണ്ണ ലഭിക്കുന്നില്ല. പച്ചത്തേങ്ങയുടെ വില 40 രൂപയായെങ്കിലും നിശ്ചയിച്ചുകൊണ്ട് കൃഷി വകുപ്പ് മാർക്കറ്റിലിറങ്ങി നാളികേരം സംഭരിക്കാൻ തയ്യാറാകണം. ചില്ലറ വിലയ്ക്ക് തേങ്ങ വാങ്ങുന്നവർ ഇപ്പോൾ 42 രൂപയോ അതിൽ കൂടുതലോ നൽകേണ്ടിവരുന്നു. പക്ഷേ കൃഷിക്കാരന് 34 രൂപ മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. സംഭരണം കാര്യക്ഷമമാക്കണം. ശരിയായ വില നൽകണം. കഴിഞ്ഞകാലങ്ങളിൽ നന്നായി പ്രവർത്തിക്കുന്ന നാളികേര കർഷകർക്ക് രക്ഷയില്ലെന്ന് മനസ്സിലാക്കി കൃഷിക്കാർ സ്വയം സംഘടിച്ച് ഷെയർ ക്യാപ്പിറ്റൽ എടുത്ത് നാളികേര മാർക്കറ്റിംഗ് സംഘങ്ങളും കമ്പനികളും രൂപീകരിച്ചിട്ടുണ്ട്. അവയെ സഹായിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നില്ല. നാളികേര ഉൽപ്പാദനം ഗണ്യമായി കുറയുകയാണ്. നിരവധി രോഗങ്ങൾ തെങ്ങുകൃഷിയെ ബാധിക്കുന്നു. വേരുകേട്, കുമ്പുചീയൽ, മഞ്ഞളിപ്പ്, കാറ്റുവീഴ്ച ഇതിനൊന്നും പരിഹാരമാർഗ്ഗം സ്വീകരിക്കാൻ കഴിയുന്നില്ല. ഹോർട്ടികോർപ്പിന്റെ പച്ചക്കറി സംഭരണം യഥാസമയം നടക്കാത്തതിനാൽ തമിഴ്നാട്ടിലെ കർഷകരാണ് ഇടുക്കി ജില്ല പോലുള്ള പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽനിന്ന് ഉൽപ്പാദന സീസണിൽ പച്ചക്കറി വാങ്ങിപ്പോകുന്നത്. ശീതകാല പച്ചക്കറി കൃഷിയിൽനിന്നാണ് ഏറ്റവും കൂടുതൽ ഉല്പാദനം ഉണ്ടാകുന്നത്. പച്ചക്കറി സംഭരണം ഒരു ജില്ലയിലും കാര്യക്ഷമമല്ല. കൃഷിഭവനുകൾ മുഖേന ഹോർട്ടികോർപ്പും VFPCK- (Vegetable and Fruit Promotion Council Kerala)യും പച്ചക്കറി സംഭരിക്കുകയും നേന്ത്രക്കായ് ഉൾപ്പെടെയുള്ള പഴവർഗ്ഗങ്ങൾക്ക് സംഭരണവില നിശ്ചയിക്കുകയും ചെയ്യണം. നെൽകൃഷിക്കാരെ സംബന്ധിച്ച്, 'നെൽകർഷകരുടെ വയറ്റത്തടിക്കരുത്'. ഇതൊരു പത്രത്തിന്റെ എഡിറ്റോറിയൽ പേജിലെ ഹെഡ്ഡിംഗാണ്. 'എടുക്കാത്ത കടത്തിന്റെ പേരിലുള്ള പ്രതിസന്ധി ഉടൻ പരിഹരിക്കണം'. ഇന്ന് ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന കൃഷിക്കാരുടെ നിയമസഭാ മാർച്ചിൽ ഞങ്ങൾ കുറച്ചുപേർ പോയി അഭിവാദ്യം അർപ്പിച്ചിട്ടാണ് വരുന്നത്. അവർ ഉന്നയിക്കുന്ന പ്രധാനപ്പെട്ട ആവശ്യം,

'എല്ലാവരും പാടത്തേയ്ക്ക്' എന്നത് തങ്ങളുടെ മുദ്രാവാക്യം എന്നുപറയുന്ന ഈ സർക്കാരിന്റെ കാലത്ത് പതിനായിരക്കണക്കിന് കർഷകർ ബാങ്ക് രേഖകളിൽ കടം തിരിച്ചടയ്ക്കാത്ത ഇടപാടുകാരായി തീർന്നിരിക്കുന്നു. ഒരുപാട് കടങ്ങൾ വേറെയുണ്ടെങ്കിലും തങ്ങളെടുക്കാത്ത കടത്തിന്റെ പേരിലാണ് കർഷകർ ഇപ്പോൾ പ്രതിസന്ധി നേരിടുന്നത്. കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച വകയിൽ സർക്കാരിന്റെ ജാമ്യത്തിൽ കർഷകർക്ക് വായ്പ നൽകിയ തുക സപ്ലൈകോ തിരികെ നൽകാത്തതുകൊണ്ട് ഇപ്പോൾ കർഷകർ കരിമ്പട്ടികയിലായി. ചികിത്സയ്ക്കോ വീട് നിർമ്മിക്കുന്നതിനോ മക്കളുടെ വിവാഹത്തിനോ പഠനത്തിനോ പോലും വായ്പ ലഭിക്കാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു. സർക്കാർ അടയ്ക്കേണ്ട വായ്പ കൃഷിക്കാർ കൊടുത്ത നെല്ലിന്റെ വിലയാണ്. അത് കൊടുക്കാതെ നെൽ കർഷകർ വലിയ പ്രതിസന്ധി നേരിടുകയാണ്. വയറ്റത്തടിക്കരുത് എന്നാണ് പത്രത്തിലെ ഹെഡ്ഡിംഗ് എങ്കിലും വയറ്റത്തല്ല കേരളത്തിലെ നെൽകർഷകരുടെ നെഞ്ചത്ത് കുത്തുന്ന സമീപനമാണ് ഇന്ന് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബാങ്ക് രേഖകളിൽ കടം തിരിച്ചടയ്ക്കാത്തവരായി ഇടപാടുകാർ മാറിയിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 1,200 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ട്. അതുസംബന്ധിച്ച് ഒരക്ഷരം പറയുന്നില്ലല്ലോ?

ശ്രീ. സണ്ണി ജോസഫ്: സർ, അത് ചോദിച്ചുവാങ്ങേണ്ടത് കേരള ഗവൺമെന്റല്ലേ? കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച വിലപോലും സർക്കാർ ഇതുവരെ കൊടുത്തുതീർത്തിട്ടില്ല. കർഷകർക്ക് വായ്പ എന്ന രീതിയിൽ നൽകിയ തുക സപ്ലൈകോ തിരികെ നൽകാത്തതുകൊണ്ടാണ് ഇപ്പോഴും കർഷകർ ഈ പ്രതിസന്ധി നേരിടുന്നത്. ...(ബഹളം)... ഞാനിപ്പോൾ ഇന്ത്യൻ പാർലമെന്റിലല്ല, കേരള നിയമസഭയിലാണ് നിൽക്കുന്നത്. അതുകൊണ്ടാണ് കേന്ദ്ര-കേരള ഗവൺമെന്റ് ഒരുപോലെ കർഷകരെ ദ്രോഹിക്കുന്ന നിലപാട് സ്വീകരിക്കുന്നുവെന്ന് ഞാൻ ആദ്യംതന്നെ പറഞ്ഞത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിരുന്നു. രണ്ടാം കുട്ടനാട് പാക്കേജ് ഒരു ജലരേഖയായി മാറി. പ്ലാനിംഗ് ബോർഡും കൃഷി വകുപ്പും പദ്ധതികൾ തയ്യാറാക്കി നൽകി. പക്ഷേ കുട്ടനാട് നെല്ല് സംഭരണം കൃഷിക്കാരെ ദുരിതത്തിലാക്കി. ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് തടയാൻ നടപടിയുണ്ടായില്ല. ജലാശയങ്ങളുടെ ആഴം കൂട്ടും, പുറംബണ്ട് ബലപ്പെടുത്തും. ഇതെല്ലാം പ്രഖ്യാപനങ്ങളായി മാറിയിരിക്കുകയാണ്. കായലിന്റെ ആഴം കൂട്ടുമെന്ന പ്രഖ്യാപനവും നടപ്പിലാക്കിയിട്ടില്ല. പ്രളയ പ്രതിരോധത്തിനായി കുട്ടനാട്ടിലെ പഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി സെന്ററുകൾ സ്ഥാപിക്കുമെന്ന് പറഞ്ഞതും നടന്നിട്ടില്ല. ക്യാറ്റിൽഷെഡ് നിർമ്മിക്കുമെന്നു

പറഞ്ഞു, 16 കോടി രൂപയുടെ താറാവ് പ്രജനന കേന്ദ്രം നടക്കാത്ത ഒരു ബഡ്ജറ്റ് പ്രഖ്യാപനമായി മാറിയിരിക്കുന്നു. കുട്ടനാട്ടിലെ കർഷകർ സമരത്തിലാണ്. റബ്ബറിന്റെ കാര്യത്തിൽ രാവിലെ ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച സബ്മിഷന് മറുപടിയായി മന്ത്രി പറഞ്ഞതെന്താണ്? വിലസ്ഥിരതാ ഫണ്ടിൽ 59 കോടി രൂപ സെപ്റ്റംബർ മുതലുള്ളത് കൊടുക്കാനുണ്ടെന്നാണ്. അദ്ദേഹം ശരിയായ വിവരങ്ങളല്ല സഭയിൽ ബോധിപ്പിച്ചത്. ഞാൻ അത് കേൾക്കുന്നുണ്ടായിരുന്നു. എന്നെ സ്ഥിരമായി വിളിക്കുന്ന, എനിക്ക് നേരിട്ട് അറിയില്ലെങ്കിലും എന്റെ നിയോജകമണ്ഡലത്തിലെ കൃഷിക്കാരനെന്ന നിലയിൽ അദ്ദേഹത്തിന്റെ ഫോൺ നമ്പർ എന്റെ ഫോണിൽ ഫീഡ് ചെയ്തിരുന്നു. ഞാൻ അപ്പോൾത്തന്നെ അദ്ദേഹത്തെ വിളിച്ച് ചോദിച്ചപ്പോൾ പറഞ്ഞത് മാർച്ച് മുതൽ 10 പൈസ കിട്ടിയിട്ടില്ലെന്നാണ്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞ പ്രസ്താവന തിരുത്തണം. മാർച്ച് മുതൽ വിലസ്ഥിരതാ ഫണ്ടിൽ 10 പൈസ കൃഷിക്കാരന് കിട്ടിയിട്ടില്ല. ഇപ്പോൾതന്നെ സെപ്റ്റംബർ മുതൽ കുടിശ്ശികയാണെന്ന് മന്ത്രി സമ്മതിക്കുമ്പോഴും അത് കൊടുത്ത് തീർക്കാനുള്ള എന്തെങ്കിലും നടപടിയുണ്ടെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുന്നില്ല. അതുപോലെ ഈ തുക വർദ്ധിപ്പിക്കണം. റബ്ബറിന് 80-100 രൂപ വിലയുണ്ടായിരുന്നപ്പോഴാണ് യു.ഡി.എഫ്. സർക്കാർ 150 രൂപ വിലസ്ഥിരതാ ഫണ്ടായി പ്രഖ്യാപിച്ചത്. ഇന്ന് 130 രൂപ ശരാശരി വിലയുണ്ട്. അതനുസരിച്ച് ഈ സംഖ്യ വർദ്ധിപ്പിക്കണം, അതിന് കേന്ദ്രവും കേരളവും തയ്യാറാകുന്നില്ല. അത് പ്രതിഷേധാർഹമായിട്ടുള്ള സമീപനമാണ്. ഏറ്റവും കുറഞ്ഞ വിലയാണ് കുരുമുളകിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. കുരുമുളക് കർഷകരും വലിയ പ്രതിസന്ധിയിലാണ്. വന്യമൃഗശല്യം സംബന്ധിച്ച് ഇവിടെ പറയുമ്പോൾ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി എപ്പോഴും പറയുന്ന മറുപടി, ഞങ്ങൾ പന്നിയെ വെടിവയ്ക്കാൻ ഓർഡറാക്കിയിട്ടുണ്ട് എന്നാണ്. 'കാട്ടുപന്നി കുറുകെചാടി ബൈക്ക് മറിഞ്ഞ് ഫുട്ബോൾ താരം മരിച്ചു'. ഇത് മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിലാണ്. അപകടത്തിൽ പരിക്കേറ്റ ഇരുവരും ചോരവാർന്ന് മണിക്കൂറുകളോളം റോഡിൽ കിടന്നു. കണ്ണൂർ, ഇരിട്ടിയിൽ കാട്ടുപന്നി കുറുകെ ചാടിയതിനെത്തുടർന്ന് നിയന്ത്രണംവിട്ട ബൈക്ക് മറിഞ്ഞ് യുവചേതനയുടെ ഫുട്ബോൾ താരമായ നിഖിൽ (22) ആണ് മരിച്ചത്.' ഈ സഭയിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ശ്രീ. എ. സി. മൊയ്തീൻ ഉൾപ്പെടെ എല്ലാവർക്കും ഈ സ്ഥലം എവിടെയാണെന്നറിയാം. ഇത് വനാതിർത്തിയിൽനിന്ന് 15-20 കിലോമീറ്റർ ദൂരത്തിലാണ്. വന്യമൃഗ ശല്യത്തിന് ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കുന്നില്ല.

കശുവണ്ടി സംഭരണം നടന്നിട്ടില്ല. ഏറ്റവും കൂടുതൽ കശുവണ്ടി ഉല്പാദിപ്പിക്കുന്ന ആറളം ഫാം ഉൾപ്പെടുന്ന പ്രദേശത്തുനിന്നാണ് ഞാൻ വരുന്നത്. കശുവണ്ടി സംഭരണത്തിന് കഴിഞ്ഞ സീസണിൽ അവിടെ ഒരു ഗവൺമെന്റ് ഡിപ്പോയുമുണ്ടായിരുന്നില്ല. ഈ വർഷം കശുവണ്ടി സീസൺ ആരംഭിച്ചിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. റൈസ്-റബ്ബർ പാർക്കുകൾ നടപ്പിലാക്കുമെന്ന കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്ന് ഈ ബഡ്ജറ്റ് പ്രസംഗത്തിലെ 111-ാം പേജിലെ 124-ാം പാരയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നു, സമ്മതിച്ചിരിക്കുന്നു. പല പ്രഖ്യാപനങ്ങളും പിന്നീട് നടക്കുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കൃഷിക്ക് ഉത്തേജക പാക്കേജുകളും പദ്ധതികളും ബഡ്ജറ്റിലില്ല. കൃഷി ഭൂമി, റിയൽ എസ്റ്റേറ്റ് ഇവയെ വേർതിരിക്കാതെയാണ് ന്യായവില പ്രഖ്യാപനം നടത്തുന്നത്. പുഞ്ചകൃഷിയുടെ തുക ഇതുവരെ നൽകിയിട്ടില്ല. ഇതെല്ലാം വളരെ വ്യാപകമായി കൃഷിക്കാർ ഇന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. കടബാധ്യതകളെത്തുടർന്ന് ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുന്നില്ല. കടബാധ്യതകളെത്തുടർന്ന് ഗൃഹനാഥന്മാർ ആത്മഹത്യ ചെയ്യേണ്ടി വന്ന മൂന്ന് കുടുംബങ്ങളിലെ വിധവകളുടെ അപേക്ഷ ഞാൻ ഗവൺമെന്റിന് സമർപ്പിച്ചതിന് യാതൊരു മറുപടിയും കിട്ടിയിട്ടില്ല. ഈ സർക്കാരിന്റെ ധനസ്ഥിതി വളരെ അപകടത്തിലാണെന്ന് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. പക്ഷേ, ധനസ്ഥിതി മാത്രമല്ല മനഃസ്ഥിതിയും അതിനേക്കാൾ അപകടത്തിലാണ്. കാരണം, ബഡ്ജറ്റ് തയ്യാറാക്കുന്ന സമയത്ത് കഴിഞ്ഞ വർഷത്തേതുപോലെ 20 നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഞങ്ങളോടെല്ലാം ആവശ്യപ്പെട്ടിരുന്നു. ഞങ്ങൾ അത് മെയിൽ ചെയ്യുകയും നേരിട്ട് നൽകുകയും ചെയ്തിരുന്നു. പക്ഷേ അതിലൊന്നുപോലും പരിഗണിച്ചില്ല. ബഡ്ജറ്റ് അവതരണത്തിനുശേഷം 8-ാം തീയതിയിലെ കണ്ണൂരിലെ പത്രങ്ങളിൽ കണ്ണൂർ ജില്ലയിൽ അനുവദിച്ച പദ്ധതികൾ, ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത പദ്ധതികൾ, പുതിയ പ്രഖ്യാപനങ്ങൾ, ബഡ്ജറ്റ് പ്രസംഗത്തിൽ അലോട്ട് ചെയ്ത പദ്ധതികൾ എന്നിവ സംബന്ധിച്ച് ഓരോ നിയോജകമണ്ഡലംവൈസ് ചാർട്ടായി കൊടുത്തിട്ടുണ്ട്. അതിൽ പേരാവൂരും ഇരിക്കൂറും അഴീക്കോടുമൊന്നുമില്ല. അഴീക്കോട് എന്താണ് ഇല്ലാത്തത്, ശ്രീ. കെ. എം. ഷാജിക്ക് ശമ്പളം നൽകുന്നതിനും അദ്ദേഹം അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിനുമല്ലേ തടസ്സമുണ്ടെന്ന് പറയാൻ പറ്റുകയുള്ളൂ? അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കാവശ്യമായ വികസനങ്ങൾക്ക് പണം അനുവദിക്കുന്ന കാര്യത്തിൽ തടസ്സമുണ്ടോ? അവിടെ കൃഷിക്കാരില്ലേ? അഴീക്കോട് മണ്ഡലത്തിൽ ധാരാളം നെൽകർഷകരുണ്ട്, അത് നന്നായി അറിയുന്ന കാര്യമാണ്. കാർഷിക മേഖലയോട് ഗവൺമെന്റ് വളരെ അവഗണനാപരമായ നിലപാട് സ്വീകരിക്കുന്നു, കൃഷിക്കാർ പ്രതിസന്ധിയിലാണ്. നിരവധി കർഷക സമരങ്ങൾ കണ്ണൂരിലും ഉത്തരമലബാറിലും നടന്നു.

കണ്ണൂർ കളക്ടറേറ്റിലേയ്ക്ക് ലക്ഷക്കണക്കിന് ആളുകളാണ് മാർച്ച് ചെയ്തത്. പാലായിലും ആലപ്പുഴയിലും കുട്ടനാട്ടും കർഷകസമരം നടന്നു. ഇന്ന് ചങ്ങനാശ്ശേരിയിലെ അഭിവന്ദ്യരായ ബിഷപ്പുമാരുടെ നേതൃത്വത്തിൽ നിയമസഭാ മാർച്ച് നടത്താൻ അവർ നിർബന്ധിതരായിരിക്കുന്നു. ഇതൊന്നും രാഷ്ട്രീയപ്രേരിത സമരങ്ങളല്ല. യഥാർത്ഥ കൃഷിക്കാരുടെ ജീവൽസമരങ്ങളാണ് ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ആ പ്രശ്നങ്ങൾക്കു നേരെ മുഖം തിരിഞ്ഞുനിൽക്കുന്ന ഗവൺമെന്റ് നിലപാട് മാറ്റി യഥാർത്ഥ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടികൾ വേണം. പ്രഖ്യാപനങ്ങളല്ല പ്രവർത്തനങ്ങളാണ് ആവശ്യം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്ത ബഹുമാനപ്പെട്ട സണ്ണി ജോസഫ് നോട്ടീസിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ, (1) കാലാവസ്ഥാ വ്യതിയാനം; (2) പ്രകൃതിക്ഷോഭങ്ങൾ; (3) വിലത്തകർച്ച; (4) വിളത്തകർച്ച; (5) കീടരോഗങ്ങൾ; (6) വന്യമൃഗശല്യം, ഇത് പാർലമെന്റിൽ അവതരിപ്പിക്കേണ്ട നോട്ടീസാണ്. അതുകൊണ്ടാണല്ലോ ഇത് നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ ചർച്ച ചെയ്യാമെന്ന് കൃഷി വകുപ്പുമന്ത്രി ധൈര്യപൂർവ്വം പറഞ്ഞത്. കാലാവസ്ഥാ വ്യതിയാനം ഈ സർക്കാരിന്റെ കുറ്റമാണോ? ഇത് സർക്കാരിന്റെ കുറ്റമാണെന്ന് പറയാനുള്ള തൊലിക്കട്ടി ഭയങ്കരമാണ്. പ്രകൃതിക്ഷോഭങ്ങളെപ്പറ്റി ചർച്ച നടത്തുകയെന്ന് പറഞ്ഞാൽ വലിയ കഷ്ടമാണ്. ദുരന്തം നേരിടുന്ന കാര്യത്തിലാണെങ്കിൽ സഹിക്കാമെന്ന് പറയാം. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് കന്നുകാലികൾ നഷ്ടപ്പെട്ടുവെന്നതാണ് ഇവിടെ പറഞ്ഞിട്ടുള്ള ആരോപണം. നഷ്ടപ്പെട്ട മുഴുവൻ കന്നുകാലികൾക്കും പകരം കന്നുകാലികളെ വാങ്ങിക്കൊടുത്തുവെന്ന് ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും വകുപ്പുമന്ത്രി പരസ്യമായി നിയമസഭയിൽ പറഞ്ഞതല്ലേ. സംശയമുണ്ടെങ്കിൽ ചോദിച്ചാൽ മതി. എത്ര കോടി രൂപയാണ് അതിനായി കൊടുത്തിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയും. നിങ്ങളുടെ കാലഘട്ടത്തിൽ കൊടുക്കാതിരുന്നതല്ല, കൊടുത്തതിന്റെ കണക്ക് പറയും. കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം ഇവിടെ ഇക്കണോമിക് റിവ്യൂവാണ് ആധാരപ്പെടുത്തിയിരിക്കുന്നത്. ഇവിടെ 2015-ലെ ഇക്കണോമിക് റിവ്യൂവുണ്ട്. നിങ്ങളുടെ നാല് വർഷത്തെ ഭരണം കഴിഞ്ഞ് അഞ്ചാം വർഷത്തെ ഇക്കണോമിക്ക് റിവ്യൂ. നാല് വർഷക്കാലത്തെ നേട്ടമാണെങ്കിൽ നേട്ടമാണെന്ന് പറയുമല്ലോ?

ശ്രീ. പി. ടി. തോമസ്: സർ, അങ്ങ് വളരെ വികാരപരമായി സംസാരിക്കുകയാണല്ലോ; അങ്ങയുടെ മണ്ഡലമായ റാന്നിയിലെ പാവപ്പെട്ട വ്യാപാരികൾക്ക് ഈ പ്രളയംമൂലമുണ്ടായ നാശനഷ്ടത്തിന് ഒരു പൈസയെങ്കിലും നൽകിയതിന് തെളിവ് പറയാമോ?

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഈ നോട്ടീസിൽ അതില്ല. ഞാൻ മറുപടി പറയാം. വ്യാപാരികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും 10 ലക്ഷം രൂപ വീതം നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ചു.

രണ്ട് ലക്ഷം രൂപ സബ്സിഡിയും ബാക്കി ബാങ്ക് ബാലൻസും. പക്ഷേ കൊമേഴ്സ്യൽ ബാങ്കുകൾ ആ തീരുമാനത്തെ അട്ടിമറിച്ചു. സംസ്ഥാന സർക്കാരിന്റെ കുഴപ്പമല്ല. അത് വാങ്ങിയ കുറേപേരുണ്ട്. അവർക്കെല്ലാം ഈ സബ്സിഡി കൃത്യമായി കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ പ്രധാനമായി നമ്മൾ കാണേണ്ട ഒരു പ്രശ്നം, 2015-ലെ ഇക്കണോമിക് റിവ്യൂവിൽ വളരെ ക്ലിയറായിത്തന്നെ പറയുന്നുണ്ട്, കേരളത്തെ സംബന്ധിച്ചിടത്തോളം കൃഷി അനുബന്ധ മേഖലയുടെ വളർച്ചാനിരക്ക് പദ്ധതിയിലുടനീളം അസ്ഥിരമായിരുന്നു. ഇത് 1.3 ശതമാനമായി കുറയുന്നതായി കാണാൻ കഴിഞ്ഞു. നിങ്ങളുടെ കാലഘട്ടത്തിൽ ഗണ്യമായ കുറവാണ് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ളത്. കാർഷിക മേഖലയിൽ നിങ്ങൾ എന്ത് സംഭാവനയാണ് ചെയ്തിട്ടുള്ളത്? വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്താനുള്ള കാരണം എന്താണ്; കാരണം നിങ്ങളാണ്. 2012 മുതൽ രാജ്യത്ത് അന്യായമായി റബ്ബർ ഇറക്കുമതി ചെയ്തതാരാണ്? നിങ്ങളുടെ കേന്ദ്ര സർക്കാർ. അന്ന് അപ്പുറത്തിരുന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ച ആളാണ് ശ്രീ. കെ. സുരേഷ് കുറുപ്പ്. ഞാനും ശ്രീ. സാജു പോളും സബ്മിഷൻ അവതരിപ്പിച്ചു. നിങ്ങൾ എന്ത് മറുപടിയാണ് പറഞ്ഞത്? 2012 മുതൽ 2014 വരെ നിങ്ങൾ തിരിഞ്ഞുനോക്കിയില്ല, 2015-ൽ വോട്ട് കിട്ടാൻവേണ്ടിയാണ് നിങ്ങൾ വിലസ്ഥിരതാ ഫണ്ട് കൊണ്ടുവന്നത്. നാമമാത്രമായ പണമല്ലേ നിങ്ങൾ കൊടുത്തത്. ഈ ഗവൺമെന്റല്ലേ ഇവിടെ വിലസ്ഥിരതാ ഫണ്ട് കൊടുത്തത്? അല്പം കുടിശ്ശികയുണ്ടെന്നത് ഞങ്ങൾ സമ്മതിക്കുന്നു. 500 കോടി രൂപ ബഡ്ജറ്റിൽ വച്ചുകൊണ്ടാണ് വിലസ്ഥിരതാ ഫണ്ട് കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കേന്ദ്രത്തിൽ പോയി 500 കോടി രൂപ ബഡ്ജറ്റിൽ വയ്ക്കണമെന്നാവശ്യപ്പെട്ടപ്പോൾ സമ്മതിച്ചില്ല. ആ 500 കോടി രൂപ കൂടി വച്ചിരുന്നെങ്കിൽ 150 രൂപയെന്ന അടിസ്ഥാന വില 200 രൂപയാക്കി മാറ്റാൻ കഴിയുമായിരുന്നു. പ്രളയത്തിൽ നഷ്ടപ്പെട്ട 49000 ഹെക്ടർ സ്ഥലം 'പുനർജ്ജീവനി' പദ്ധതിപ്രകാരം വീണ്ടും കൃഷിയോഗ്യമാക്കാൻ കഴിഞ്ഞു. ഉരുൾപൊട്ടിയാൽ നമ്മൾ എന്ത് ചെയ്യും? ഉരുൾപൊട്ടുന്ന ഭൂമി തിരികെ നൽകാൻ സാധിക്കില്ല. 2018-ലും 2019-ലും ഉണ്ടായ പ്രളയത്തെ മാറ്റിനിർത്തിയാൽ കാർഷിക മേഖലയുടെ കുതിച്ചുചാട്ടം വിവരിക്കുന്നതിനും എത്രയോ അപ്പുറമായിരിക്കും. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആധികാരികമായ കണക്ക് പറഞ്ഞു, നെൽകൃഷി ഒന്നര ലക്ഷം ഹെക്ടറിൽനിന്നും 2.20 ലക്ഷം ഹെക്ടറായി ഉയർന്നിരിക്കുന്നു. ഇക്കാര്യങ്ങൾ നമ്മൾ കണ്ടില്ലെന്ന്

നടിക്കരുത്. നിങ്ങൾ ഭരിച്ചിരുന്ന കാലഘട്ടത്തിൽ നെൽകൃഷിയുടെ വ്യാപ്തി ഒരു ഹെക്ടർ പോലും വർദ്ധിപ്പിക്കാൻ സാധിച്ചില്ല. 90,000 ഏക്കർ തരിശ് ഭൂമിയിൽ കൃഷി ആരംഭിക്കാൻ സാധിച്ചു എന്നുപറയുന്നത് അഭിമാനകരമായ നേട്ടമല്ലേ? ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ അക്കാര്യത്തിലുണ്ടോ? നമ്മുടെയെല്ലാം മണ്ഡലത്തിലുണ്ട്. ഇവിടത്തെ നെൽകൃഷിക്കാർക്കുവേണ്ടി മൂന്ന് റൈസ് മില്ലുകൾ പ്രഖ്യാപിച്ചതിൽ രണ്ടെണ്ണത്തിന്റെ നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. തൃശ്ശൂരിൽ മൂന്നാമത്തെ റൈസ് മിൽ ആരംഭിക്കുന്നതിന് സ്ഥലമേറ്റെടുത്തുകഴിഞ്ഞു. നിങ്ങളുടെ കാലഘട്ടത്തിൽ പ്രഖ്യാപനം മാത്രമാണുള്ളത്. ബഹുമാനപ്പെട്ട സണ്ണി ജോസഫ് കാറ്റുവീഴ്ചയെ സംബന്ധിച്ച് പറഞ്ഞു, കാറ്റുവീഴ്ച നാൽപ്പതോ അമ്പതോ വർഷങ്ങൾക്കുമുമ്പ് തുടങ്ങിയതല്ലേ? തെങ്ങിലെ കാറ്റുവീഴ്ച ഈ സർക്കാരിന്റെ കുഴപ്പമാണെന്ന് പറയുന്നത് എത്ര മോശമാണ്. അങ്ങേയ്ക്ക് ചർച്ച ചെയ്യാനുള്ള അവകാശമുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല.

പച്ചക്കറിയുടെ കാര്യം, 1500 ഉത്സവച്ചന്തകളിൽ 500 എണ്ണം ഹോർട്ടികോർപ്പ് വഴിയും ആയിരത്തോളം എണ്ണം സിവിൽ സപ്ലൈസ് വകുപ്പുവഴിയും ആരംഭിച്ചു. അതിലേയ്ക്ക് ഒന്നരലക്ഷം ടൺ പച്ചക്കറി കേരളത്തിൽനിന്ന് സംഭരിച്ചത് ചെറിയൊരു നേട്ടമാണോ? പച്ചക്കറി ഉൽപ്പാദനത്തിൽ വലിയ മാറ്റമല്ലേ ഉണ്ടായിരിക്കുന്നത്? പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുകയാണ്. 2015-16-ൽ 46500 ഹെക്ടറിലെ പച്ചക്കറി ഉൽപ്പാദനം 6.28 ലക്ഷം മെട്രിക് ടണ്ണായിരുന്നു. 2018-19-ൽ അത് 82166 ഹെക്ടറിലേയ്ക്ക് ഉയർന്നു. ഉൽപ്പാദനം 6 ലക്ഷത്തിൽ നിന്നും 12 ലക്ഷമായും ഉയർന്നു. ഉൽപ്പാദനത്തിൽ വളർച്ചയുണ്ടായി. അതുകൊണ്ടാണ് ഉത്സവകാലങ്ങളിൽ ഉത്സവച്ചന്തകൾ സംഘടിപ്പിക്കാൻ സാധിച്ചത്. 35,666 ഹെക്ടർ അധിക സ്ഥലത്താണ് കൃഷി ചെയ്തിട്ടുള്ളത്. വാർഡൊന്നിന് 75 തെങ്ങിൻ തൈകൾ വീതം നൽകാൻ ബഡ്ജറ്റിൽ തീരുമാനിച്ച് തുക മാറ്റിവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ വലിയ പ്രാധാന്യമാണ് പച്ചക്കറികൃഷിക്ക് നൽകിയത്. അദ്ദേഹം കേരളം മുഴുവൻ ഓടി നടന്നു. അതുകൊണ്ടാണ് പച്ചക്കറിയുടെ കാര്യത്തിൽ നേട്ടം കൈവരിക്കാൻ സാധിച്ചത്. രണ്ട് പ്രളയം ഇല്ലായിരുന്നെങ്കിൽ നമ്മുടെ ചിത്രം എത്രയോ മുന്നിലെത്തിക്കാൻ സാധിക്കുമായിരുന്നു. ഇന്ന് കുട്ടനാടിനെ സംബന്ധിച്ചിടത്തോളം കുടിശ്ശികയുണ്ട്, ഇവിടെ ശ്രീ. എ. കെ. ബാലൻ പറഞ്ഞല്ലോ? 1,200 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്. നിങ്ങൾക്ക് അതേപ്പറ്റി ഒരക്ഷരം മിണ്ടാനില്ല. ഇവിടേയ്ക്ക് നൽകേണ്ട പണമാണ്. കേരളത്തിന്റെ വിഹിതം പൂർണ്ണമായും നൽകി. ആ പണം കൂടി ലഭിച്ചാൽ ഒരു പ്രശ്നവുമില്ലായിരുന്നു. അത് ലഭിക്കുമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. അവിടെ കൃഷിക്കാരാരും പിന്നോട്ടില്ല. കാരണം ഇടതുപക്ഷ

ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും മുഴുവൻ ആളുകളും നെൽകൃഷി മേഖലയിലാണ്. ഇന്ന് തരിശിടുന്ന പാടശേഖരം പല പഞ്ചായത്തുകളിലും കാണാനില്ല. പഞ്ചായത്തുകളെ തരിശു രഹിതമായി പ്രഖ്യാപിക്കാൻ കഴിയുന്നുവെന്ന് പറഞ്ഞാൽ കേരളത്തിലെ കാർഷിക മേഖലയ്ക്ക് എത്ര പ്രാധാന്യമാണ് നൽകുന്നതെന്ന് തിരിച്ചറിയേണ്ടതുണ്ട്.

കർഷകക്ഷേമ ബോർഡ് ഇന്ത്യയിലാദ്യമായി ഒരു സംസ്ഥാനത്ത് കൊണ്ടു വരുന്നത് കേരളത്തിലാണ്. ഇന്ത്യാ രാജ്യത്തെ കണക്ക് നോക്കുമ്പോൾ ലക്ഷ കണക്കിന് കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് കർഷകർ ആത്മഹത്യ ചെയ്യുന്ന രാജ്യമായി ഇന്ത്യ മാറുമ്പോൾ അവിടെ ഒരു പച്ചത്തുരുത്തുപോലെ നിൽക്കുന്നത് കേരളമാണ്. നമുക്ക് വലിയ ഉൽപ്പാദന ശൃംഖലയൊന്നുമില്ല, കേന്ദ്ര നയങ്ങളെ അതിജീവിച്ചുകൊണ്ടാണ് നമ്മൾ പോരാട്ടം നടത്തുന്നത്. കേന്ദ്രം നമ്മളെ ഞെക്കിപ്പിഴിയുകയാണ്. അതാണ് ആസിയാൻ കരാർ. ആസിയാൻ കരാർ കൊണ്ടുവന്നത് നിങ്ങളാണ്. ഇവിടത്തെ മുഴുവൻ നാണ്യ വിളകളുടെയും വിലത്തകർച്ചയുടെയും ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത് ഈ അടിയന്തര പ്രമേയം കൊണ്ടുവന്ന യു.ഡി.എഫ്.-കാരാണ്. ഇഷ്ടംപോലെ ഇറക്കുമതി ചെയ്യുന്നതു കൊണ്ടാണ് കുരുമുളകിന്റെയും റബ്ബറിന്റെയും വില തകരുന്നത്. നിങ്ങൾക്കാണ് വിലത്തകർച്ചയുടെ ഉത്തരവാദിത്വം. ആ ഉത്തരവാദിത്വം ഏറ്റെടുത്ത് നാളെ നിങ്ങൾ പറയും ഇത് എന്റെ പിഴ, എന്റെ പിഴ എന്ന്. കാരണം ഇതിന്റെ ഒന്നാം നമ്പർ പ്രതി നിങ്ങൾ തന്നെയാണ്. ആസിയാൻ കരാർ കൊണ്ടുവന്നതിൽ ഇന്ന് ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾ നിയമസഭയിൽ ക്ഷമ പറയണം. അതാണ് കേരളത്തിലെ കൃഷിക്കാരോടും സെക്രട്ടേറിയറ്റ് പടിക്കലിലേയ്ക്ക് മാർച്ച് ചെയ്യുന്ന പാവം കൃഷിക്കാരോടും നിങ്ങൾ ചെയ്യേണ്ടത്. പരസ്യമായ ക്ഷമാപണം നിങ്ങൾ നടത്തണം. കാരണം ആസിയാൻ കരാറാണ് റബ്ബർ മേഖലയെയും കുരുമുളക് മേഖലയെയും തകർത്ത് തരിപ്പണമാക്കിയത്. ആകെ പച്ചപിടിച്ചത് ഏലം മാത്രമാണ്. വരൾച്ച വന്നപ്പോൾ ഏലവും തകർച്ചയിലേയ്ക്ക് പോകുന്നു. ഇത്തരം ജനദ്രോഹ നടപടികളുടെ കാരണക്കാർ നിങ്ങൾ തന്നെയാണ്. അത് തിരുത്താൻ ബി.ജെ.പി. ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അതിനാണ് കൃഷി വകുപ്പുമന്ത്രി പലപ്രാവശ്യം കേന്ദ്രത്തിൽ പോയത്. കാർഷിക മേഖലയ്ക്കുവേണ്ടിയാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റ് കടാശ്വാസ നിയമം കൊണ്ടുവന്നത്. നിങ്ങൾ കൃഷിക്കാർക്കുവേണ്ടി ഏതെങ്കിലും ഒരു നിയമം കൊണ്ടുവന്നിട്ടുണ്ടോ? കാർഷിക കടാശ്വാസത്തിന് കുടിശ്ശികയുണ്ടെന്ന് ഞങ്ങൾ സമ്മതിക്കുന്നു. പക്ഷേ കുടിശ്ശികയുണ്ടെന്ന് നിങ്ങൾ പറയുമ്പോഴും ആ നിയമം കൊണ്ടുവന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. എത്ര കോടി രൂപയാണ്

കാർഷിക കടാശ്വാസമായി നൽകിയത്, കാസർഗോഡ് മുതൽ പാറശ്ശാല വരെ സിറ്റിംഗ് നടത്തിക്കൊണ്ട് എത്ര കോടി രൂപയാണ് നൽകിയത്? കുടിശ്ശിക യുണ്ടെന്ന് ഞങ്ങൾ സമ്മതിക്കുന്നു. അതിനോടൊപ്പമാണ് പുതിയ നിയമം. പുതിയ നിയമം നടപ്പിലായി കഴിയുമ്പോൾ കേരളത്തിൽ അഞ്ച് സെന്റ് മുതൽ പതിനഞ്ച് ഏക്കർ വരെ സ്വന്തമായോ പാട്ടത്തിനെടുത്തതോ ആയ ഭൂമിയുള്ള കൃഷിക്കാർക്കെല്ലാം പെൻഷൻ നൽകാൻ പോകുകയാണ്. നിങ്ങൾ കൊണ്ടുവന്ന നിയമങ്ങൾമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കൃഷിക്കാരുടെ കണ്ണീര് കണ്ടുകൊണ്ടുതന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോകുന്നത്. കാർഷിക മേഖലയെ നയിക്കാൻ ശക്തനായ കൃഷി വകുപ്പുമന്ത്രിയും മാതൃകാപരമായി നേതൃത്വം നൽകുന്ന മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമുണ്ട്. തീർച്ചയായും സംസ്ഥാന സർക്കാർമൂലം കേരളത്തിലെ കർഷകൻ കണ്ണീര് കുടിക്കേണ്ടി വരില്ല. അതുകൊണ്ട് ഈ പ്രമേയം ചർച്ചയ്ക്കെടുത്തത് നന്നായി, ചർച്ചയ്ക്കെടുത്ത സർക്കാരിനെ അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കേരളത്തിന്റെ കാർഷികരംഗത്തെ അതിരൂക്ഷമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വേണ്ടിയുള്ള ഈ പ്രമേയത്തിന്റെ ചർച്ചയിൽ മലവെള്ളപ്പാച്ചിലിനെ പഴമുറം കൊണ്ട് തടുക്കാൻ ശ്രമിക്കുന്നതുപോലെയാണ് ശ്രീ. രാജു എബ്രഹാം സംസാരിച്ചത്. നമ്മൾ എന്ത് വാദഗതി ഉന്നയിച്ചാലും ശരി, കേരളത്തിന്റെ കാർഷികമേഖല വലിയ തകർച്ചയിലാണെന്നത് ഒരു യാഥാർത്ഥ്യമാണ്. പ്രതിക്കൂട്ടിൽ ആരാണെന്നുള്ളത് പിന്നെ നോക്കാം. ഇവിടെ പ്രളയക്കെടുതികൾക്ക് ജനങ്ങൾ നൽകിയ സംഭാവന 4,044 കോടി രൂപയാണ്. ഇതുവരെ അതിന്റെ പകുതിപോലും ചെലവഴിച്ചിട്ടില്ല. ആ പണം എവിടെപ്പോയി? ആ പണം നിങ്ങൾ വകമാറ്റി ചെലവഴിച്ചു. റീ-ബിൽഡ് കേരളയ്ക്കുവേണ്ടി വായ്പയായി ലഭിച്ച 1,752 കോടി രൂപയും വകമാറ്റി ചെലവഴിച്ചു. പ്രളയത്തിന് ലഭിച്ച സംഭാവനയെങ്കിലും കൃഷിക്കാർക്ക് കൊടുക്കണ്ടേ. അതുപോലും കൊടുക്കാൻ സാധിച്ചിട്ടില്ല. കേരളത്തിന്റെ കാർഷിക മേഖലയെ അവഗണിച്ചാൽ നാളെ നമ്മളെല്ലാപേരും അതിന് ഉത്തരം പറയേണ്ടിവരും. രാവിലെ ഞാൻ സബ്മിഷൻ ഉന്നയിച്ചപ്പോൾ 2019 സെപ്റ്റംബർ വരെയുള്ള റബ്ബർ വിലസ്ഥിരതാ ഫണ്ടിന്റെ കുടിശ്ശിക കൊടുത്തുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അങ്ങ് പറഞ്ഞത് തെറ്റിദ്ധാരണാജനകമാണ്. അത് കറക്ട് ചെയ്യണം. 2019 മാർച്ച് മുതൽ ഇന്നുവരെ 11 മാസമായി ഒരു പൈസപോലും കുടിശ്ശിക ഇനത്തിൽ കൊടുത്തിട്ടില്ല. റബ്ബറിന്റെ താങ്ങുവിലയ്ക്കുവേണ്ടി 500 കോടി രൂപ വകയിരുത്തുന്നുവെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതാണ്. ആ 500 കോടി രൂപയിൽ ആകെ ചെലവഴിച്ചത് 98.53 കോടി രൂപ മാത്രമാണ്. ബാക്കിവന്ന പണംകൊണ്ട് എന്തുകൊണ്ട് 2019 മാർച്ച് മുതലുള്ള

കുടിശ്ശിക കൊടുക്കുന്നില്ല. നിങ്ങൾ വകയിരുത്തിയ തുകയാണല്ലോ. അപ്പോൾ ഇതെല്ലാം പ്രഖ്യാപനങ്ങളാണ്. ഇവിടെ ശ്രീ. സണ്ണി ജോസഫ് പറഞ്ഞല്ലോ, രണ്ടാം കുട്ടനാട് പാക്കേജിനുവേണ്ടി 1,000 കോടി രൂപ വകയിരുത്തിയതിൽ നയാപൈസ ചെലവഴിച്ചോ? എ.സി. കനാൽ നവീകരണം, തോട്ടപ്പിള്ളി സ്പിൽവേ എന്നിവയ്ക്ക് 2019-20-ൽ 40 കോടി രൂപ ചെലവഴിക്കുമെന്നാണ് പറഞ്ഞത്. ഒരു പൈസയെങ്കിലും ചെലവഴിച്ചോ? കായലിലെ ചെളിവാരി ആഴം കൂട്ടാൻ, ബണ്ട് നിർമ്മിക്കാൻ രണ്ടാം കുട്ടനാട് പാക്കേജിൽ 1,000 കോടി രൂപ പ്രഖ്യാപിച്ചത് ചെലവഴിച്ചോ? സിയാൽ മോഡൽ റബ്ബർ പാർക്കിന് ചെലവഴിച്ചോ? റബ്ബറിന്റെ സംഭരണവില 200 രൂപയാക്കണമെങ്കിൽ കേന്ദ്രം സഹായിക്കണമെന്ന് രാവിലെ മന്ത്രിയും ഇപ്പോൾ ശ്രീ. രാജു എബ്രഹാമും പറഞ്ഞു. എന്റെ ചോദ്യം, കെ. എം. മാണി കേരളത്തിലാദ്യമായി റബ്ബറിന്റെ സംഭരണവില 150 രൂപയാക്കിയത് കേന്ദ്രത്തിന്റെ സഹായം ലഭിച്ചിട്ടാണോ? കേന്ദ്രം ഒന്നും തന്നില്ല. കേരള ഗവൺമെന്റിന്റെ ബാദ്ധ്യതയാണത്. നിങ്ങളിപ്പോൾ സംഭരണവില 200 രൂപയാക്കാതിരിക്കാൻ വേണ്ടിയുള്ള വാദമുഖങ്ങൾ പറയുന്നതല്ലാതെ നിങ്ങൾക്ക് ഇക്കാര്യത്തിൽ ആത്മാർത്ഥതയില്ല. കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നുവെന്ന് നിങ്ങൾ പറഞ്ഞു. ഈ മൊറട്ടോറിയം വിനാശകരമാണ്. മോറട്ടോറിയം പിരീഡ് കഴിഞ്ഞാൽ അതിന്റെ പലിശയടക്കം കൃഷിക്കാർ കൊടുക്കണം. നിങ്ങൾ മൊറട്ടോറിയം കാലഘട്ടത്തിലെ പലിശയ്ക്ക് ഇളവുകൊടുക്കുമോ? മധ്യപ്രദേശ് ഗവൺമെന്റ്, കർണ്ണാടകത്തിലെ സിദ്ധരാമയ്യ ഗവൺമെന്റ്, രാജസ്ഥാൻ ഗവൺമെന്റ്, പഞ്ചാബ് ഗവൺമെന്റ്, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെല്ലാം രണ്ട് ലക്ഷം രൂപ വരെയുള്ള കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളി. നിങ്ങൾ ഒരു പൈസയെങ്കിലും എഴുതിത്തള്ളിയോ? കടങ്ങൾ പോകട്ടെ, മോറട്ടോറിയം പിരീഡിലെ പലിശയെങ്കിലും നൽകാൻ സാധിക്കുന്നുണ്ടോ? അക്കാര്യത്തെപ്പറ്റി ബഡ്ജറ്റിൽ ഒരക്ഷരംപോലും മിണ്ടുന്നില്ലല്ലോ. നിങ്ങൾക്ക് ഇക്കാര്യത്തിൽ യാതൊരു ആത്മാർത്ഥതയുമില്ല. പകരം, കേന്ദ്ര സഹായം കിട്ടണമെന്നാണ് പറയുന്നത്. നമുക്കൊന്നിച്ച് വാങ്ങിക്കാം. കാർഷിക മേഖലയെപ്പറ്റി അറിയാവുന്ന ആളാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി. അങ്ങേയ്ക്ക് ആത്മാർത്ഥതയുണ്ട്. പക്ഷെ അങ്ങയുടെ വാചകക്കസർത്തുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലും വാരിക്കോരി വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ട്. ഇവിടെ കെ. എം. മാണി ഒരിക്കൽ പറഞ്ഞു. ഒരു വിവാഹ ബ്രോക്കർ കല്യാണം ആലോചിക്കാൻ പോയപ്പോൾ എന്ത് കൊടുക്കുമെന്ന് വധുവിന്റെ അപ്പനോട് വരന്റെ ബന്ധുക്കൾ ചോദിച്ചു, ഞങ്ങൾ 5 ലക്ഷം രൂപയും 10 പവന്റെ സ്വർണ്ണവും കൊടുക്കുമെന്ന് വധുവിന്റെ പിതാവ് പറഞ്ഞു. ഈ പറയുന്നതല്ലാതെ ഒന്നും തരില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പണവും സ്വർണ്ണവും കിട്ടുമെന്ന് വരന്റെ പിതാവ് വിചാരിച്ചു. കല്യാണം നടന്നു.

പണവുമില്ല സ്വർണ്ണവുമില്ല. നിങ്ങൾ വാഗ്ദാനം ചെയ്തത് എവിടെയെന്ന് വരന്റെ പിതാവ് ചോദിച്ചു. വധുവിന്റെ പിതാവ് പറഞ്ഞു, ഞാൻ അപ്പോഴെ പറഞ്ഞില്ലേ ഈ പറയുന്നതല്ലാതെ ഒരു പൈസപോലും തരില്ലെന്ന്. ഇതാണ് നിങ്ങളുടെ നിലപാട്. പ്രഖ്യാപനങ്ങൾക്കും വാഗ്ദാനങ്ങൾക്കും യാതൊരു പഞ്ഞവുമില്ല. ഡോ. ടി. എം. തോമസ് ഐസക്കിന്റെ എല്ലാ ബഡ്ജറ്റുകളിലും വാരിക്കോരിയുള്ള പ്രഖ്യാപനങ്ങളാണ്. ഇടുക്കി പാക്കേജ് 2,000 കോടി രൂപ, കുട്ടനാട് പാക്കേജ് 1,000 കോടി രൂപ, വിലയിരുത്തപ്പെടേണ്ടത് നിങ്ങളുടെ പെർഫോമൻസാണ്. ആത്മാർത്ഥതയില്ലാതെ വാഗ്ദാനങ്ങൾ മാത്രം വാരിക്കോരി കൊടുത്താൽ പ്രശ്നം പരിഹരിക്കപ്പെടില്ല. അതുകൊണ്ട് കൃഷി വകുപ്പുമന്ത്രിയോട് അപേക്ഷിക്കാനുള്ളത്, അങ്ങ് കുറച്ചുകൂടി ആത്മാർത്ഥത കാണിക്കണം. ഈ മേഖലയിൽ ഗൗരവമായ പ്രശ്നങ്ങളുണ്ട്. നമ്മൾ പരസ്പരം കുറ്റപ്പെടുത്തി ഈ വിഷയം അഡ്രസ് ചെയ്യാതെ പോയാൽ കേരളത്തിന്റെ കാർഷികമേഖല തകരും. ഞാൻ മലയോരത്തെ എം.എൽ.എ. ആണ്. മലയോരത്ത് ഇപ്പോൾ ആരും കൃഷി ചെയ്യുന്നില്ല. കൃഷിക്കാരെല്ലാം ഭൂമി വെറുതെയിട്ടിരിക്കുകയാണ്. റബ്ബറിന് വിലയില്ല. റബ്ബർ വെട്ടിക്കഴിഞ്ഞാൽ കൂലി കൊടുക്കാൻപോലും പണം ലഭിക്കുന്നില്ല. ഇങ്ങനെ പോയാൽ കേരളം അതിരൂക്ഷമായ പ്രയാസങ്ങളെ നേരിടും. പരസ്പരം കുറ്റപ്പെടുത്തി ഒഴിഞ്ഞുമാറാൻ ശ്രമിക്കാതെ ഈ പ്രശ്നം പരിഹരിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കണം. ഈ പ്രമേയത്തിലെ വിഷയങ്ങൾ ഗൗരവമാണ്. അത് അഡ്രസ് ചെയ്യാനുള്ള ആത്മാർത്ഥത സർക്കാരിനില്ലെങ്കിൽ കേരളത്തിന്റെ കാർഷികമേഖല വീണ്ടും തകർച്ചയിലേയ്ക്ക് പോകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഇവിടെ ഈ വിഷയവുമായി ബന്ധപ്പെട്ട് ചർച്ച നടത്തുമ്പോൾ കാർഷിക മേഖലയിലെ പ്രതിസന്ധിക്ക് പിന്നിൽ ആര് എന്ന ചോദ്യമുണ്ട്. തീർച്ചയായും നമ്മുടെ സമൂഹത്തിൽ ഓരോ പ്രതിസന്ധി രൂപപ്പെടുമ്പോഴും അതിന്റെ ദുരിതമനുഭവിക്കുന്നവരും അതിന്റെ ലാഭമനുഭവിക്കുന്ന മറ്റൊരു ജനവിഭാഗവുമുണ്ടാകും. കാർഷിക പ്രതിസന്ധിയിലെ നഷ്ടം കർഷകർക്കാണെന്നുള്ളത് എല്ലാവർക്കുമറിയാം. അങ്ങനെയാണെങ്കിൽ ഇതിന്റെ ലാഭമാർക്കാണ് ലഭിച്ചത്? അതിനുള്ള നയം സ്വീകരിച്ചതാരാണ്? ഇതൊരു എൽ.ഡി.എഫ്.-യു.ഡി.എഫ്. തർക്കമാകരുത്. ഇതൊരു നയപരമായ പ്രശ്നമായതുകൊണ്ട് അതിനെ അങ്ങനെ കാണണം. വിലക്കുറവു കാരണം കേരളത്തിലെ റബ്ബർ കർഷകർക്ക് മൂന്ന് വർഷം കൊണ്ട് നഷ്ടമായത് 8,000 കോടി രൂപയാണെന്നാണ് അന്ന് കെ. എം. മാണി പറഞ്ഞത്. അങ്ങനെയാണെങ്കിൽ ആ 8,000 കോടി രൂപ കിട്ടിയതാർക്കാണ്. നോട്ട് ആരും കീറിക്കളയില്ല. നോട്ട് ഒരു സ്ഥലത്തുനിന്നും വേറൊരു സ്ഥലത്തേയ്ക്ക് മാറുകയേ ഉള്ളൂ.

ശ്രീ. സി. എഫ്. തോമസ്: സർ, അങ്ങയുടെ സമീപനത്തെ സ്വാഗതം ചെയ്യുന്നു. വിഷമിക്കുന്ന കർഷകർക്ക് ഈ അടിയന്തരപ്രമേയ ചർച്ച കൊണ്ട് എന്തെങ്കിലും ചെയ്തുകൊടുക്കാൻ സാധിക്കുമോ? അങ്ങ് യു.ഡി.എഫ്.-എൽ.ഡി.എഫ്. വ്യത്യാസമില്ലാതെ കാണണമെന്ന് പറഞ്ഞു. ശരിയാണ്. ഇതിന്റെ കാരണക്കാർ ആരാണ്; പ്രതിയാരാണ് എന്ന് നോക്കിയിരിക്കാതെ ഇന്നത്തെ അവസ്ഥയ്ക്ക് നമുക്ക് എന്താണ് ചെയ്യാൻ സാധിക്കുന്നത്; അങ്ങ് കൃഷി വകുപ്പുമന്ത്രിയായിരുന്ന ആളല്ലേ. പ്രായോഗികമായ എന്തെങ്കിലും നിർദ്ദേശം അങ്ങയിൽനിന്നും പ്രതീക്ഷിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കർഷകർക്ക് നഷ്ടപ്പെട്ടതിന്റെ 90 ശതമാനവും കിട്ടിയിരിക്കുന്നത് ടയർ മുതലാളിമാർക്കും കേന്ദ്ര ഗവൺമെന്റിനുമാണ്. അതിന് വഴിയൊരുക്കം നടത്തിക്കൊടുത്തതിൽ കേരള ഗവൺമെന്റിന് ഒരു പങ്കുമില്ല. 2009-ൽ ഞാൻ കൃഷി മന്ത്രിയായിരുന്നപ്പോഴാണ് ആസിയാൻ കരാറിനെക്കുറിച്ചുള്ള ചർച്ച നടക്കുന്നത്. അന്ന് മസ്കറ്റ് ഹോട്ടലിൽവച്ച് നടന്ന യോഗത്തിൽ പ്രതിപക്ഷത്തെ പ്രതിനിധീകരിച്ച് ആ ചർച്ചയിൽ പങ്കെടുത്തത് ശ്രീ. വി. ഡി. സതീശനാണ്. ആസിയാൻ കരാർ വരുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഏതെല്ലാം മേഖയിലാണെന്നുള്ളതിനെക്കുറിച്ച് കൃത്യമായി ചർച്ചചെയ്യുകയും കേന്ദ്ര ഗവൺമെന്റിനെ കേരളത്തിന്റെ ആശങ്ക അറിയിക്കുകയും ചെയ്തിരുന്നു. ആ റിപ്പോർട്ട് കേരളത്തിൽ ഇപ്പോഴും പ്രവർത്തിക്കുന്ന WTO സെല്ലിൽ ആണ്. 2012 അവസാനം മുതൽ റബ്ബർ വിലയിടിഞ്ഞു തുടങ്ങുമെന്നും 2017-18 ആകുമ്പോൾ വലിയ പ്രതിസന്ധിയിലേയ്ക്ക് എത്തുമെന്നും പറഞ്ഞിരുന്നു. അന്ന് റബ്ബർ ഉല്പാദനകാര്യത്തിൽ ഇന്ത്യ മൂന്നാം സ്ഥാനത്തായിരുന്നു. ചൈന മൂന്നാം സ്ഥാനത്ത് വരികയും ഇന്ത്യ നാലാം സ്ഥാനത്ത് പോവുകയും ചെയ്യുമെന്ന് ആ റിപ്പോർട്ടിൽത്തന്നെ പറഞ്ഞിരുന്നു. അന്ന് കേന്ദ്രം ഭരിച്ചിരുന്ന യു.ഡി.എഫ്. പ്രാതിനിധ്യമുള്ള യു.പി.എ. ഗവൺമെന്റിനോട് കേരളത്തിന്റെ അഭിപ്രായവും ഇതുണ്ടാക്കുന്ന ആപത്തും അറിയിച്ചിരുന്നു. റബ്ബർ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കയറ്റുമതി ഇറക്കുമതി നയങ്ങളുണ്ടാകുമ്പോൾ സ്വാധീനിക്കുന്നത് കേരളത്തിലെ കാർഷികമേഖലയെയാണ്. കാരണം റബ്ബർ വില കുറയുമ്പോൾ കേരളത്തിലെ കർഷകന്റെ വാങ്ങൽശേഷി നഷ്ടമാകുകയും അത് കമ്പോളത്തെ ബാധിക്കുകയും ചെയ്യും.

ഡോ. എൻ. ജയരാജ്: സർ, അങ്ങ് അന്തർദ്ദേശീയ കരാറുകളെക്കുറിച്ച് പറഞ്ഞു. ശ്രീ. കെ. കൃഷ്ണൻകുട്ടി ചെയർമാനായി കേരളത്തിന്റെ കാർഷിക നയം രൂപപ്പെടുത്തിയിട്ടുണ്ട്. ആ കാർഷിക നയത്തിൽ ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശം കാർഷികോൽപ്പന്ന മേഖലയിൽ പ്രവർത്തിക്കുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് ലാഭവിഹിതം കൊടുക്കണമെന്നുള്ളതാണ്. വ്യവസായം പോലെതന്നെ കാർഷികമേഖലയിലെ ഉൽപ്പന്നങ്ങൾക്ക് അവരുണ്ടാക്കുന്ന റാ-മെറ്റീരിയൽ എന്ന

നിലയിൽ അവർക്കുകൂടി ലാഭം കിട്ടത്തക്കവിധത്തിൽ ലാഭവിഹിതം നൽകണമെന്ന നിർദ്ദേശമുണ്ട്. കഴിഞ്ഞ സെലക്ട് കമ്മിറ്റിയിൽ ഞാൻ അംഗമായിരുന്നു. കർഷകരുടെ ക്ഷേമ ബോർഡുമായി ബന്ധപ്പെട്ട് ഭാവിയിൽ പണം സമാഹരിക്കാനുള്ള ശ്രമം എന്ന നിലയിൽ വളരെ പ്രധാനപ്പെട്ട ആശയം അന്ന് വച്ചിരുന്നു. ഇക്കാര്യത്തിൽ, ലാഭവിഹിതം നടപ്പിലാക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ചാൽ കൃഷിക്കാർക്ക് ഏവർക്കും ലാഭകരമാകും. ഇടനിലക്കാരാണ് ഇതുമുഴുവനും കൊണ്ടുപോകുന്നത്. അക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, അങ്ങ് പറഞ്ഞതിനുള്ള അഭിപ്രായം ഞാൻ പറയാം. ഇങ്ങനെ കർഷകന് നഷ്ടപ്പെടുന്ന കോടികൾ വളരെക്കുറച്ച് മുതലാളിമാർക്കും കേന്ദ്ര ഗവൺമെന്റിനും ലാഭമായി കിട്ടുമ്പോൾ, ഈ കരാറുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെങ്കിൽ, കേരളത്തിലെ റബ്ബർ കർഷകരുൾപ്പെടെയുള്ളവർക്ക് കിട്ടേണ്ട വിഹിതം തരേണ്ടത് ആവശ്യമാണ്. ആ പങ്കിന് സ്വാഭാവികമായ അർഹത കേരളത്തിലെ കർഷകർക്കുണ്ട്. അക്കാര്യത്തിൽ കേരളത്തിലെ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ജനങ്ങളും കർഷകരും ഒരുമിച്ച് നിൽക്കണം. നമ്മുടെ നാട്ടിൽ കർഷകന്റെ ജീവിതത്തിൽ തീർച്ചയായും ഒരുപാട് പ്രയാസങ്ങൾ സംഭവിക്കുന്നുണ്ട്. അത് ഒന്നോ രണ്ടോ പത്തോ വർഷം കൊണ്ടല്ല. അതിന് മുമ്പുള്ള ആഗോള സാമ്പത്തിക വ്യവസ്ഥ, കമ്പോളാടിസ്ഥാനത്തിലും ലാഭേച്ഛയുടെ അടിസ്ഥാനത്തിലും വന്നുചേരുമ്പോൾ സംഘടിച്ചു നിൽക്കാത്തതുകൊണ്ടും പ്രാഥമിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതുകൊണ്ടും ലോകത്ത് എവിടെയുമുള്ള കർഷകൻ സത്യത്തിൽ നഷ്ടക്കണക്ക് പേറുന്നവനാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ ആത്മഹത്യ ചെയ്യുന്നത് മറ്റെന്തെങ്കിലും പ്രശ്നം കൊണ്ടല്ല. മൂന്നരലക്ഷത്തിലധികം കർഷകർ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഇന്ത്യയിൽ ആത്മഹത്യ ചെയ്തു. കർഷകന്റെ ജീവിതത്തെ ആത്മഹത്യയിലേയ്ക്ക് കൊണ്ടുപോകുന്ന ചില നയങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കുന്നുണ്ട്. അതിന്റെ ഗുണം ആരോ ചിലർ ഇന്ത്യയിലും പുറത്തും അനുഭവിക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ അവരാണ് പ്രതി. പ്രതികൾ അവരാണെങ്കിൽ അവരെ സഹായിക്കുന്ന മുഖ്യപ്രതി കേന്ദ്ര ഗവൺമെന്റിന്റെ ഈ നയമാണ്. ആ നയം ബി.ജെ.പി. മാത്രമല്ല, കോൺഗ്രസും കൂടി തുടങ്ങിയതാണ്. ആ നയങ്ങൾക്കെതിരെ ഇന്ത്യയിലെ കർഷകർക്കുവേണ്ടി എല്ലാപേരും ഒരുമിച്ച് നിൽക്കണമെന്ന ആഗ്രഹം ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും കാണുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം, എല്ലാപേരും ഈ കർഷകരെ പേറുന്നവരും കർഷകരെ കാണുന്നവരും അവന്റെ ദുരിതങ്ങൾ അറിയുന്നവരുമാണ്.

2006 മുതൽ 2011 വരെ കേരളം ഭരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് 2006 ഡിസംബർ മാസത്തിൽ പാതിരാനേരത്ത് കർഷക കടാശ്വാസ നിയമം (എല്ലാപേരും ഒരുമിച്ച്) പാസ്സാക്കുന്നത്. ആ നിയമം

പാസ്സാക്കുമ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത്, ഒരു സംസ്ഥാന നിയമസഭ പാസ്സാക്കുന്ന പണമിടപാട് സംവിധാനത്തിലെ ഏറ്റവും വലിയ പ്രശ്നം, സംസ്ഥാന നിയമസഭയ്ക്ക് അധികാരമുള്ള പണമിടപാട് സംവിധാനത്തിലേ ഇടപെടാൻ പറ്റൂ എന്നാണ്. സഹകരണ ബാങ്കുകളുടെ നിയന്ത്രണം മാത്രമേ പണമിടപാട് സംവിധാനത്തിൽ സംസ്ഥാന നിയമസഭയ്ക്കുള്ളൂ. ബാക്കിയെല്ലാം റിസർവ് ബാങ്കിന്റെയും പാർലമെന്റിന്റെയും അതിന്റെ നിയമങ്ങളുടെയും നിയന്ത്രണത്തിലാണ്. അതുകൊണ്ടാണ് അന്ന് കേന്ദ്രത്തോട് ആവശ്യപ്പെടാൻ ഈ സഭ തീരുമാനിച്ചത്. ഈ കടാശ്വാസ നിയമത്തിന്റെ ഒരു മാതൃനിയമം കേന്ദ്രത്തിലുണ്ടായാൽ, കർഷകൻ വാങ്ങിക്കുന്ന എല്ലാ കടങ്ങളെയും പണമിടപാട് സംവിധാനങ്ങളെയും നിയന്ത്രിക്കുന്ന നിയമം ഒരു മാതൃനിയമമായി വന്നാൽ ആ നിയമം ഇന്ത്യയിലാകെയുള്ള കർഷകർക്ക് പ്രയോജനപ്പെടും. എന്റെ ഇപ്പോഴത്തെ അഭിപ്രായം, കേന്ദ്ര സർക്കാർ മാതൃ കർഷക കടാശ്വാസ നിയമം പാസ്സാക്കണം. അങ്ങനെ ചെയ്താൽ ഏത് ബാങ്കിൽനിന്നും കർഷകന്റെ ആവശ്യത്തിന്മേൽ എടുക്കുന്ന ഏത് കടവും ന്യായമായി കർഷകന്റെ കുറ്റം കൊണ്ടല്ലാതെ കടത്തിൽപ്പെട്ട് പോവുകയാണെങ്കിൽ അവരെ സഹായിക്കാനുള്ള ഉത്തരവാദിത്വം ഇന്ത്യ ഭരിക്കുന്ന ഏത് ഗവൺമെന്റിനുമുണ്ടാകും. ആ ഗവൺമെന്റിന് ഉത്തരവാദിത്വം നിർവ്വഹിക്കാൻ കഴിയുന്ന തരത്തിൽ ശക്തമായ സമ്മർദ്ദം ഇവിടെനിന്നും മാത്രമല്ല, ഇന്ത്യയിൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനത്തിനും ചെലുത്താൻ കഴിയും. ഇങ്ങനെ ഒരു കടാശ്വാസ നിയമത്തിന്റെ മാതൃനിയമം കേന്ദ്രത്തിൽ ഉണ്ടാകണമെന്ന് കർഷകർ കടത്തിലാണ്ട് നിൽക്കുന്ന ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ആവശ്യപ്പെടണം. കേരളം 2006 മുതൽ കേന്ദ്രത്തോട് ആവശ്യപ്പെടുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറയുന്ന വാദഗതികളെല്ലാം ശരിയാണ്. അതിന്റെ പേരിൽ കേരളത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രഖ്യാപനങ്ങളും പാക്കേജുകളും നടപ്പിലാക്കാതിരിക്കുന്നത് ശരിയാണോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, തീർച്ചയായും കേരള ഗവൺമെന്റ് കർഷകരെ സഹായിക്കാൻ നടപ്പിലാക്കാവുന്നതെല്ലാം സാധ്യമായ തരത്തിൽ ചെയ്യണം. 2008-ൽ ഇടുക്കി പാക്കേജ് കേന്ദ്രത്തോട് ആവശ്യപ്പെട്ടതാണ്; അത് സ്വാമിനാഥൻ പാക്കേജാണ്. അത് അംഗീകരിക്കുമ്പോൾ അതിലെ എല്ലാ കാര്യങ്ങളും അംഗീകരിക്കണ്ടേ? ആ പാക്കേജിൽ ഏറ്റവും വലിയ സംഖ്യ വിലസ്ഥിരതാ ഫണ്ടിനുള്ള 250 കോടി രൂപയാണ്. കേന്ദ്ര ഗവൺമെന്റ് അതുമാത്രം അംഗീകരിച്ചില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സംസ്ഥാന ഗവൺമെന്റിന് ഇതിൽ ഒരു പങ്കുമില്ലെന്ന മട്ടിലാണ് അങ്ങ് സംസാരിക്കുന്നത്. നമ്മുടെ സഹകരണ പ്രസ്ഥാനങ്ങൾ സർഫാസി ആക്ട് വിനിയോഗിച്ചുകൊണ്ട് കർഷകന്റെ കയ്യിൽനിന്നും പിടിച്ചു പറിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന നിയമമല്ലേയെന്ന് വേണമെങ്കിൽ പറയാം. സർഫാസി ആക്ടനുസരിച്ച് സഹകരണ പ്രസ്ഥാനങ്ങൾ അവരുടെ പണം തിരിച്ചുപിടിക്കുന്ന നടപടിയെ നിരുത്സാഹപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഇന്നലെയും ഞാൻ ഒരു സഹകരണ പ്രസ്ഥാനത്തിന്റെ നോട്ടീസ് കണ്ടു. അതെങ്കിലും ചുരുങ്ങിയത് മാറ്റിവയ്ക്കണ്ടേ? അതിനുള്ള ആർജ്ജവവും സത്യസന്ധ്യതയും ഈ ഗവൺമെന്റ് കാണിക്കുമോ എന്നുള്ള ചോദ്യം നിൽക്കുകയല്ലേ? അങ്ങ് ഇതിനോട് യോജിക്കുമെന്ന് എനിക്കറിയാം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഒരു സമൂഹത്തിൽ അദ്ധ്വാനിച്ച് സത്യസന്ധരായി ജീവിക്കുന്ന ഏറ്റവും വലിയ വിഭാഗമെന്നുപറയുന്നത് കർഷകരും കർഷകത്തൊഴിലാളികളുമാണ്. മണ്ണിൽ വെയിൽകൊണ്ടും മഴ നനഞ്ഞും പണിയെടുത്ത് സ്വന്തം ജീവിതത്തെ കൃത്യമായി മുന്നോട്ട് കൊണ്ടുപോകുന്ന സത്യസന്ധത മറ്റാർക്കുമില്ലെന്ന് ഇന്ത്യയിൽ നമ്മളോട് പറഞ്ഞത് മഹാത്മാഗാന്ധിയാണ്. കോൺഗ്രസ് അന്ന് കമ്പോളവൽക്കരണ നയം സ്വീകരിച്ച് മുന്നോട്ട് പോകുമ്പോൾ നടപ്പാക്കിയ കരാറുകളും അവയുണ്ടാക്കിയ പ്രത്യേകതകളും സംബന്ധിച്ച് പറയുമ്പോൾ, രണ്ടാം ലോക മഹായുദ്ധകാലത്ത് മഹാത്മാഗാന്ധി പറഞ്ഞ പ്രസിദ്ധമായ വാചകമുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിന്റെ കാരണക്കാരൻ ഹിറ്റ്ലറാണ്. ആ സമയത്ത് ഇന്ത്യ ഭരിക്കുന്നത് ബ്രിട്ടീഷുകാരാണ്. മഹാത്മാഗാന്ധി അതിന് പറഞ്ഞത്, രണ്ട് കൊള്ളക്കാരുടെ ഇടയിൽപ്പെട്ട ഒരു പാവം സ്ത്രീയുടെ ഗതിയാണ് ഇന്ന് ഇന്ത്യയ്ക്കെന്നാണ്. സത്യത്തിൽ ബി.ജെ.പി.-യും കോൺഗ്രസും കൊണ്ടുവന്ന, ഒരേ സ്വഭാവമുള്ള രണ്ട് നയങ്ങൾക്കിടയിൽപ്പെട്ട പാവം സ്ത്രീയാണ് കേരളത്തിലുൾപ്പെടെയുള്ള ഇന്ത്യയിലെ ഇന്നത്തെ കർഷകർ. അങ്ങ് പറഞ്ഞ സർഫാസിയുടെ കാര്യത്തിലാണെങ്കിലും കടംകൊണ്ട് മുടിഞ്ഞ് അവർ ജപ്തി നടപടികൾ നേരിടേണ്ടി വരുന്ന കാര്യത്തിലാണെങ്കിലും സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യണമെന്ന് തന്നെയാണ് സർക്കാരിന്റെയും എന്റെയും അഭിപ്രായം. അതിൽ ഞാനും തിരുവഞ്ചൂർ രാധാകൃഷ്ണനും തമ്മിൽ തർക്കിച്ചിട്ട് കാര്യമില്ല, നമ്മൾ യോജിച്ച് നിൽക്കണം. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് പത്ത് ശതമാനം കർഷകർ ഓരോ വർഷവും കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽ കാർഷിക മേഖലയിൽനിന്നും പിന്നോട്ട് മാറുകയാണ്. ഇന്ത്യയിൽ മാറ്റം വല്ലാതാകുമ്പോൾ അങ്ങനെ പിന്നോട്ട് മാറിക്കൊണ്ടിരിക്കുന്ന

കേരളത്തിലെ കർഷകരെ കുറച്ചെങ്കിലും തടഞ്ഞുനിർത്തി കാർഷിക മേഖലയിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമം വിജയിച്ചുവെന്ന് കാണുന്ന കണക്കാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് കാണുന്നത്.

ഒരു നഗരവൽകൃത സമൂഹത്തിൽ കാർഷിക മേഖല എല്ലാകാലത്തും പ്രതിസന്ധിയിലാകും. ഒരു നഗരവൽകൃത ജീവിതമായിരിക്കും. അതുമായി ബന്ധപ്പെട്ട തൊഴിലുകളിൽ, സ്വഭാവങ്ങളിൽ, സംസ്കാരത്തിൽ അഭിരമിച്ച് നിൽക്കാനായിരിക്കും എല്ലാപേർക്കും താൽപ്പര്യം. അങ്ങനെയൊരു നഗരവൽകൃത സ്വഭാവത്തിന്റെയും കമ്പോളവൽകൃത താൽപ്പര്യങ്ങളുടെയും നയം ഇന്ത്യയിൽ രൂപീകരിച്ചത് ആരാണ്; അതിൽ കേരള കോൺഗ്രസിന് തർക്കമുണ്ടോ; അതിൽ ശ്രീ. സി. എഫ്. തോമസിന് തർക്കമുണ്ടോ; അതിൽ ശ്രീ. മൻമോഹൻ സിംഗിന്റെയും ശ്രീ. നരേന്ദ്ര മോദിയുടെയും നയങ്ങൾ ഏതാണ്ട് ഒരുപോലെയാണ്. ഇതിന് സ്പീഡും ക്രൂരതയും കൂടുതലാണ്. കേരള ഗവൺമെന്റാണ് കടാശ്വാസ നിയമവും ക്ഷേമപദ്ധതിയും കൊണ്ടുവന്നത്. ഒരാൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിന്റെ അവകാശം എത്രനാൾ വരെയെന്ന ചോദ്യമുണ്ട്. ഒരു കാർ നിർമ്മാതാവിന് അതിന്റെ അവസാനംവരെയും അവകാശമുണ്ട്. വേറെ ഏത് ഉല്പന്നം നിർമ്മിക്കുന്നവനും അതിന്റെ അവസാനം വരെയും അവകാശമുണ്ട്. എന്നാൽ ഒരു കർഷകൻ കുരുമുളകും നെല്ലും റബ്ബറുമൊക്കെ കൃഷി ചെയ്താൽ അതിന്റെ വിളവെടുത്ത് വിൽക്കുന്നതോടെ അവന്റെ അവകാശം നഷ്ടമാകുന്നു. അത് പാടില്ലെന്നാണ് ഈ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത്. അതായത് ഒരു ഉല്പന്നത്തിന് അവസാനം ലഭിക്കുന്ന വില എന്താണോ അതിന്റെ അവകാശി അത് ഉല്പാദിപ്പിക്കുന്ന കർഷകനാണ്. പാലോ നെല്ലോ ചേനയോ കാപ്പിയോ ആയാലും ഒരുല്പന്നമുണ്ടാക്കുന്നവനാണ് പിതാവും മാതാവും. ഇതൊരു ലോകതത്വമാണ്. അമേരിക്കയിലൊക്കെ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ കർഷകൻ പ്രാഥമിക ഉല്പന്നമായിട്ടല്ല, സെക്കന്റ് ഉല്പന്നമായിട്ടാണ് വിൽക്കുന്നത്. ഇന്ത്യയിലാണെങ്കിൽ അത് പ്രാഥമിക ഉല്പന്നമായിട്ടാണ് വിൽക്കുന്നത്. അതുകൊണ്ട് ആ ഉല്പന്നത്തിന്റെ ഹൈ എൻഡിലെ വില വളരെ വലുതാണ്. അത് മരുന്നാണെങ്കിലും അതിന്റെ പതിനായിരം ഇരട്ടി വലിപ്പമുള്ള വിലയാണ്. ആ വിലയുടെ ഒരംശത്തിനവകാശി കർഷകനാണ്. അങ്ങനെ തീരുമാനിച്ച് ഒരു മാതൃനിയമമുണ്ടാക്കിയാൽ, സംസ്ഥാന ഗവൺമെന്റിന് ആ ലാഭവിഹിതം നടപ്പാക്കാൻ പറ്റിയ ഒരു നിയമമുണ്ടാക്കാൻ, എത്രത്തോളം കരുത്തുണ്ടെന്നുള്ളതും നിയമപരമായി അത് നിലനിൽക്കുമോ എന്നുള്ളതും വേറൊരു ചോദ്യമാണ്. കർഷകനുണ്ടാക്കുന്ന ഉല്പന്നങ്ങൾ കൈമാറ്റം ചെയ്തതിന്റെ അവസാനം അതിന് ലഭിക്കുന്നത് വളരെ വലിയ വിലയാണെങ്കിൽ അതിന്റെ ഒരംശത്തിന് അവകാശി കർഷകനാണ്. കർഷകന് ആ ലാഭവിഹിതം കൊടുക്കാൻ തീരുമാനിച്ചാൽ,

അതിന് കേന്ദ്ര ഗവൺമെന്റ് ഒരു നയസമീപനം സ്വീകരിച്ചാൽ, സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ടെങ്കിൽ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കണം, പക്ഷെ ആ ഉല്പന്നം ഏറ്റവും അവസാനം വിൽക്കുന്നത് ഇവിടെയല്ല ബോംബെയിലും കൽക്കട്ടയിലും ദുബായിലും ന്യൂയോർക്കിലുമൊക്കെയാണ്. അങ്ങനെയാണെങ്കിൽ ഉല്പന്നത്തിന്റെ ഹൈ എൻഡിലെ വില എങ്ങനെ ലാഭവിഹിതമായി ഈടാക്കുമെന്ന പ്രശ്നമൊക്കെയുണ്ട്. എന്നാലും അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന് കഴിയുമെങ്കിൽ നിയമം കൊണ്ടുവരണം. പക്ഷെ അതിശക്തിയായി കേന്ദ്രത്തോട് ആവശ്യപ്പെടണം. അങ്ങനെയൊരു നിയമം കൊണ്ടുവന്നാൽ സമൂഹത്തിൽ ഇന്ന് കർഷകൻ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകും. ഉള്ളി ഉല്പാദിപ്പിക്കുന്ന സമയത്ത് 17 രൂപ, അത് വിൽക്കുന്ന സമയത്ത് 2 രൂപ, ഇപ്പോൾ ഉള്ളിക്ക് 90 രൂപ. അങ്ങനെയാണെങ്കിൽ ഇന്ത്യയിലെ ഉള്ളി കർഷകന് നഷ്ടപ്പെട്ടത് ആയിരക്കണക്കിന് കോടി രൂപയാണെന്നുള്ളതിന്റെ പല കണക്കുകളും വരുന്നുണ്ട്. അത് കൈവശം സൂക്ഷിച്ച മുതലാളിമാർക്കാണ് ആ പണം കിട്ടിയത്. അതിന് സൗകര്യം ചെയ്തുകൊടുത്തത് കേന്ദ്ര ഗവൺമെന്റാണ്.അങ്ങനെയാണെങ്കിൽ പ്രതിക്കൂട്ടിൽ നിൽക്കുന്നത് അവരാണ്. കർഷകന് നഷ്ടമുണ്ടാകാൻ വഴിയൊരുക്കിക്കൊടുത്തിട്ട് ആ നഷ്ടം നികത്താതെ ആർക്കെങ്കിലും ലാഭമുണ്ടാക്കിക്കൊടുക്കുന്ന നയം തിരുത്തണം. അതിനുവേണ്ടി ശക്തമായ ഇടപെടൽ നടത്തണം. കർഷകരുടെ ഭാഗത്തുനിൽക്കുന്ന ഗവൺമെന്റ് എന്ന നിലയിൽ, ഈ സഭയുടെ മുഴുവൻ ശക്തിയും അതിനുവേണ്ടി ഉപയോഗിച്ച് അവരുടെ താല്പര്യം സംരക്ഷിക്കാനും കാർഷിക മേഖലയിലെ ആത്മഹത്യ ഇല്ലാതാക്കാനും അവന്റെ കണ്ണുനീർ ഒപ്പാവുന്ന ചില കൈകൾ ഇവിടെയുണ്ടെന്ന് ലോകത്തെയും രാജ്യത്തെയും അറിയിക്കാനും നമുക്ക് കഴിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u>: സർ, ഒരു കാലത്ത് കർഷക കുടുംബത്തിൽ ജനിച്ച ആളുകൾക്ക് കൃഷി ഉത്സവമായിരുന്നു. എന്റെ ചെറുപ്പകാലത്ത് നെല്ലുകുത്തും കറ്റ നൂർന്ന് കൊണ്ടുവരലും നാട്ടിപ്പണിയും (ഞാറ് പറിച്ചുനടൽ) വയലിൽ നിൽക്കുന്ന കാരണവന്മാർക്കും ഉപ്പൂപ്പമാർക്കുമൊക്കെ ഭക്ഷണം കൊണ്ടുപോകുന്നതും വെള്ളത്തിൽ കളിക്കുന്നതും കറ്റ എണ്ണലും കൂട്ടുകുടുംബവുമൊക്കെ വളരെ ആനന്ദകരമായിരുന്നുവെന്ന് ഞാനിപ്പോഴും ഓർക്കുകയാണ്. പണ്ടൊരു കവി പറഞ്ഞതുപോലെ,

"യെ ദൗലത്ത് ഭി ലേ ലോ,

യെ ഷൊഹരത്ത് ഭി ലേലോ,

ഭലേ ഛീന്‌ലോ

മുഝ് സെ മേരി ജവാനി,

മഗർ മുഝ് കൊ ലൗട്ടാ ദോ

വൊ ബച്പൻ ക സാവാൻ

വൊ കാഗസ് കി കഷ്ത്തി

വോ ബാരിഷ് കി പാനി. "

എന്റെ ശക്തി നിങ്ങൾക്ക് തരാം, എന്റെ എല്ലാം നിങ്ങൾക്ക് തരാം, പക്ഷെ പകരം ആ കുട്ടിക്കാലം തിരിച്ചുതരുമോയെന്ന് തോന്നിപ്പോകുകയാണ്. അങ്ങനെയുള്ള ആനന്ദകരമായ കാലഘട്ടമെല്ലാം പോയിട്ട് ഇപ്പോൾ കൃഷിയൊക്കെ നശിച്ച് ലാഭകരമല്ലാത്ത സ്ഥിതിവിശേഷം വന്നു. എല്ലാ ഭാഗത്തുനിന്നും ആത്മാർത്ഥമായ ചർച്ചയിലൂടെ ഇതിനൊരു ശമനമുണ്ടായാലും രക്ഷപ്പെടാൻ കഴിയുന്ന ഏക മാർഗ്ഗം കൃഷി ആണെന്നാണ് ഞാൻ വിചാരിക്കുന്നത്. ഞാൻ ഒരു കർഷക കുടുംബത്തിലെ ആളാണ്. എന്റെ ഭാര്യ കെ.ജി.എം. എന്ന കർഷക ഗ്രൂപ്പിലെ അംഗമാണ്. എന്റെ വീട്ടിൽ കൃഷി ചെയ്യുന്നുണ്ടെങ്കിലും അത് ലാഭകരമല്ല. യഥാർത്ഥത്തിൽ കൃഷിക്ക് വേണ്ടിവരുന്ന ചെലവാണ് ഏറ്റവും വലിയ പ്രശ്നമെന്നുള്ളതിന് യാതൊരു സംശയവുമില്ല. അതിനാണ് കൂട്ടായി ചർച്ച നടത്തേണ്ടത്. രാഷ്ട്രീയമൊക്കെ പറയാം. വേണ്ടെന്ന് ഞാൻ പറയുന്നില്ല. 2011-ലെ തെരഞ്ഞെടുപ്പിൽ ഏറ്റവും വലിയ പ്രചാരണം നാളികേര പ്രശ്നമായിരുന്നുവെന്ന് നിങ്ങൾക്കെല്ലാപേർക്കും അറിയാവുന്നതാണ്. അന്ന് നാളികേരത്തിന് രണ്ട് രൂപയായിരുന്നു. ഒരു നാളികേരംകൊണ്ട് ഒരു നാരങ്ങപോലും കിട്ടാത്ത സാഹചര്യമായിരുന്നു. അതിനുശേഷം 2012-ലാണെന്ന് തോന്നുന്നു, നാളികേര സംഭരണം ഏർപ്പെടുത്തിയതുകൊണ്ട് നാളികേരത്തിന് രണ്ട് രൂപയെന്നുള്ളത് 12 രൂപ വരെയായി. പല ഘട്ടങ്ങളിലായി അത് 38 രൂപ വരെയായിട്ടുണ്ട്. അന്ന് ഉമ്മൻ ചാണ്ടി സർക്കാർ 392 പഞ്ചായത്തുകളിൽ നാളികേര സംഭരണത്തിനുള്ള നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ 2016 ജൂൺ 8-ന് അവതരിപ്പിച്ച ബഡ്ജറ്റിൽ എല്ലാ പഞ്ചായത്തിലും നാളികേര സംഭരണം ഏർപ്പെടുത്തുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ എത്ര പഞ്ചായത്തുകളിൽ ഏർപ്പെടുത്തിയെന്നുള്ളത് ഇവിടെ പറയേണ്ടതാണ്. ഞാൻ രാഷ്ട്രീയമല്ല പറയുന്നത്. ഇത് രാഷ്ട്രീയമായി കാണേണ്ട വിഷയവുമല്ല. ഇവിടെ നെല്ല് സംഭരണം ഏർപ്പെടുത്തിയതിനെത്തുടർന്ന് ബാങ്കുകളിലൂടെ 1,460 കോടി രൂപ വായ്പ കൊടുത്തു. ഇപ്പോൾ ആ കർഷകർ ജപ്തി ഭീഷണിയിലാണ്. കാരണം അത് ബാങ്ക് മുഖാന്തരം നൽകിയ വായ്പയാണ്. കർഷകരുടെ ഒപ്പ് വാങ്ങിയെങ്കിലും അതവർക്കറിയില്ലായിരുന്നു. എന്റെ നിയോജകമണ്ഡലമായ മഞ്ചേശ്വരത്ത് എൻമകജെ, പെർള പഞ്ചായത്തുകളിൽ കുറ്റ്യാടി തേങ്ങ പോലെ ലോകവിപണിയിൽ വളരെ ശ്രദ്ധ നേടിയിട്ടുള്ള

അടയ്ക്കയും അടയ്ക്ക പ്രോസസ്സിംഗ് യൂണിറ്റുമുണ്ട്. അത് വലിയ ഗുണം ചെയ്യും. രോഗം വന്ന് നശിച്ച കവുങ്ങുകൾക്ക് 10 രൂപ വച്ച് കൊടുക്കാമെന്ന് മുമ്പ് പ്രഖ്യാപിച്ച പാക്കേജ് നടപ്പിലാക്കിയോ? കർഷകരെ വെറുതെ മോഹിപ്പിച്ച് അവസാനം ഒന്നും ചെയ്യാത്ത അവസ്ഥാവിശേഷമാണ് സംജാതമായിട്ടുള്ളത്. ഒരു കാര്യവും നടപ്പാക്കിയിട്ടില്ല. അവിടെ ധാരാളം കർഷകർ വിഷമിക്കുകയാണ്, പ്രത്യേകിച്ച് അടയ്ക്കാ കർഷകർ. ഇപ്പോൾ പല സ്ഥലത്തും പഴവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നുണ്ട്. നമ്മുടെ വീടുകളിലൊക്കെ ധാരാളം വിദേശഫലങ്ങൾ കൃഷി ചെയ്യുന്നുണ്ട്. പക്ഷെ അതിന് ആനുകൂല്യങ്ങളൊന്നും കിട്ടുന്നില്ല.

2.00 P.M.]

ചെറിയ ചെലവിൽ വെള്ളം കുറച്ച് ഉപയോഗിച്ച് കൃഷി നന്നാക്കുകയെന്നുള്ള ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയാണ് വാസ്തവത്തിൽ ഇവിടെ നടപ്പിലാക്കേണ്ടത്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ആനുകൂല്യങ്ങൾ പഴവർഗ്ഗം കൃഷി ചെയ്യുന്നവർക്കുകൂടി നൽകണമെന്നാണ് വിനീതമായി സൂചിപ്പിക്കാനുള്ളത്. അതുപോലെ കൃഷിഭവൻ മുഖാന്തരമുള്ള ഇക്കോ ഷോപ്പുകളിൽ പച്ചക്കറി വേണ്ടവിധത്തിൽ കിട്ടുന്നില്ല. അതിനുകാരണമന്വേഷിച്ചപ്പോൾ അവർക്ക് വേണ്ടത്ര അവബോധം ലഭിച്ചിട്ടില്ലായെന്നുള്ളതാണ്. അതുകൊണ്ട് അതിനൊരു പ്രാക്ടീസ് കൊടുക്കാൻ ഒരു പാക്കേജ് തയ്യാറാക്കണമെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ജപ്തി നേരിടുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഇന്ന് ഇവിടെ ചർച്ച നടക്കുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും ആരോപണങ്ങളൊന്നും ആവശ്യമില്ല. എന്നാൽ, ഗവൺമെന്റ് ചിന്തിക്കേണ്ട ഒരു കാര്യം, ബഡ്ജറ്റിനുശേഷം ഇങ്ങനെയൊരു അടിയന്തരപ്രമേയം ശ്രീ. സണ്ണി ജോസഫിന് സഭയിൽ കൊണ്ടുവരേണ്ടിവന്നു എന്നുള്ളത് ഏറെ നിരാശാജനകമാണ്. ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്ക് പ്രതീക്ഷിച്ചതൊന്നും കിട്ടിയില്ലെന്നു മാത്രമല്ല യാതൊരു ഗുണവുമില്ലെന്നുള്ളതാണ് ഇതിന്റെ ഏറ്റവും വലിയ പ്രാധാന്യം. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, ഇടുക്കിയിലെ മലയോര മേഖലയിൽ ആത്മഹത്യകൾ പെരുകുകയാണ്. ആത്മഹത്യയ്ക്ക് ഒരു പരിഹാരമുണ്ടാക്കാൻ കഴിയുന്നില്ല. മോറട്ടോറിയം പീരീഡ് കൊടുക്കുന്നുണ്ടെങ്കിലും അത് കഴിയുമ്പോൾ വീണ്ടും കർഷകർ ഏറെ ദുരിതത്തിലേയ്ക്ക് വരുന്നു. 5,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ച ജില്ലയാണ്. ഒരു വർഷം കഴിഞ്ഞു; ഒരു രൂപ ചെലവഴിക്കാൻ കഴിഞ്ഞോ? വീണ്ടും ആയിരം കോടി രൂപ പറഞ്ഞിട്ടുണ്ട്. അതിൽ പ്രതീക്ഷ അർപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിലെല്ലാം ഒരു കൃത്യതയു

ണ്ടാവണം. ഉല്പാദനച്ചെലവിനനുസൃതമായി കർഷകരുടെ ഉല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കണം. ഇവിടെ റബ്ബറിന്റെ കാര്യം സൂചിപ്പിച്ചു. റബ്ബറിന്റെ കാര്യത്തിൽ 80 രൂപയുണ്ടായിരുന്നത് 150 രൂപയാക്കിയത് കെ. എം. മാണി സാറാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്...... ശ്രീ. എം. സി. കമറുദ്ദീനാണ് സംസാരിക്കുന്നത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇത് പ്രധാനപ്പെട്ട ഒരു വിഷയമല്ലേ; ബഹുമാനപ്പെട്ട മെമ്പർ വഴങ്ങിയിരിക്കുകയാണല്ലോ. നിലം, പുരയിടം, തോട്ടം വിഷയം ...(മൈക്ക് ഓഫ്)... ഇന്ന് ഇവിടെ ചങ്ങനാശ്ശേരി അതിരൂപതയുടെ സമരം നടക്കുന്നു.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, തീർച്ചയായും, ചങ്ങനാശ്ശേരി രൂപതയുടെ സമരം സർക്കാർ ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ കുറഞ്ഞ ചെലവിൽ വെള്ളം കൊടുക്കുന്ന ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി, അര ഏക്കറിന് കൊടുക്കുന്ന ആനുകൂല്യം രണ്ട് ഏക്കർ വരെ വർദ്ധിപ്പിച്ച് കൊടുക്കണമെന്നാണ് അക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്. കേന്ദ്ര ഗവൺമെന്റ് 4 ശതമാനം പലിശയ്ക്ക് സ്വർണ്ണപ്പണയ വായ്പ കൊടുക്കുന്നത് എടുത്തുമാറ്റി ഇപ്പോൾ 9 ശതമാനമാക്കിയെന്ന വാർത്ത ദിവസങ്ങ ൾക്കുമുൻപ് കണ്ടു. അനർഹർക്ക് ലഭിക്കുന്നു എന്നൊരു പരാതി ഇവിടെനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് അത് നിർത്തലാക്കിയത് എന്നൊരു വാർത്തയുമുണ്ട്. ഞാൻ ഇത് പത്രത്തിൽ വായിച്ചതാണ്. അതുസംബന്ധിച്ച് ഒരു വിശദീകരണം ലഭിച്ചാൽ നല്ലതായിരിക്കും. കാരണം, ഏതെങ്കിലും ഒരു പാവപ്പെട്ട കർഷകന് ലഭിക്കുന്ന ആനുകൂല്യം എടുത്തുകളയുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നത് ദൗർഭാഗ്യകരമാണ്. ഇതുപോലുള്ള ധാരാളം പ്രശ്നങ്ങൾ ശരിയായി വിലയിരുത്തി, അതിന്റെയെല്ലാം ഭാവി സംബന്ധിച്ച് ഗവൺമെന്റ് വിശദമായ ഒരു ചർച്ച നടത്തുകയും നാളികേര ഉല്പന്നങ്ങൾ, ഫ്രൂട്ട്സ് ഉല്പന്നങ്ങൾ (ഫ്രൂട്ട്സുകളിൽ നിന്നുണ്ടാക്കുന്ന ജാം പോലുള്ള സാധനങ്ങൾ) അതിനെല്ലാം അർഹിക്കുന്ന രൂപത്തിലുള്ള സബ്സിഡി ഉയർത്തിക്കൊണ്ട് വരണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ നാല് ശതമാനം പലിശ കൊടുത്ത് ലോണെടുക്കുന്ന ആളുകൾ ഇന്ന് വളരെയധികം വിഷമ ത്തിലാണ്. കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്നത് അനന്തമായി നീട്ടിക്കൊണ്ടു പോകുന്നതിനാൽ പാവപ്പെട്ട കർഷകർ സാമ്പത്തികമായി വളരെയധികം വിഷമത്തിലായ സ്ഥിതിവിശേഷമാണുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ജി.എസ്.ടി. പോലുള്ള തെറ്റായ നടപടികൾമൂലം നമ്മുടെ രാജ്യം സാമ്പത്തികമായി തകർന്ന് തരിപ്പണമാകുകയാണ്. എവിടെയും ജീവിക്കാൻ രക്ഷയില്ലാത്ത, ജീവിക്കാൻ വകയില്ലാത്ത, ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണിന്നുള്ളത്.

അതുകൊണ്ട് കാർഷിക ഉല്പന്നങ്ങൾക്ക് നല്ല രൂപത്തിലുള്ള ഒരു വിപണി കണ്ടെത്തേണ്ടതുണ്ട്. ഇപ്പോൾ അതിനൊന്നും വിപണിയില്ല. പലരും പച്ചക്കറികൃഷി ചെയ്യുകയും ജൈവ വളങ്ങൾ വരെ ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. അതിനെല്ലാം സർക്കാർ ഒരു വിപണിയുണ്ടാക്കി കൊടുക്കുകയാണ് വേണ്ടത്. എന്നാൽ അതിനുവേണ്ടി സർക്കാർ യാതൊന്നും ചെയ്യുന്നില്ല. വിദേശത്തുനിന്നും വ്യവസായികളെ കൊണ്ടുവന്ന് ഇവിടെ യോഗങ്ങളെല്ലാം നടത്തുന്നത് നല്ലതുതന്നെയാണ്. ഞാൻ അതിനെതിരല്ല. ഒരു കാലത്ത് തെങ്ങ് കയറുന്നതിന് 30 രൂപയായിരുന്നു. ഇപ്പോൾ അത് 40-ഉം 50-ഉം രൂപയായി. തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കണം. കൃഷിക്കുള്ള ചെലവ് 600 രൂപയായിരുന്നത് ഇപ്പോൾ 800 രൂപയായി ഉയർന്നു. ഓരോ കൃഷി യിടങ്ങളിലും കൃഷി ചെയ്യുന്നതിന് കണക്കുകളുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതൊന്നും പറയുന്നില്ല. കർഷകർ വലിയ നഷ്ടത്തിലാണ്. അതെല്ലാം ഉൾക്കൊണ്ട് എല്ലാത്തിനും നല്ല സംഭരണി ഏർപ്പെടുത്തിക്കൊണ്ടും അർഹമായ സബ്സിഡി കൊടുത്തുകൊണ്ടും പച്ചക്കറികൃഷിയും പഴവർഗ്ഗ കൃഷിയും പ്രോത്സാഹിപ്പിക്കുന്ന സാഹചര്യമുണ്ടാകണം. ഇപ്പോൾ ഓരോ വീടുകളിലും കൃഷിഭവൻ മുഖാന്തരം പല കാര്യങ്ങളും ചെയ്യുന്നുണ്ട്. കുറേക്കൂടി നല്ല രൂപത്തിൽ ക്ലാസ്സുകളും ട്രെയിനിംഗും കൊടുത്ത് താല്പര്യമുള്ള ആളുകളെ ഇതിലേയ്ക്ക് കൊണ്ടുവന്ന് സാമ്പത്തികത്തകർച്ച യിൽനിന്നും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. കർഷകരുടെ വിഷമവും പ്രയാസവും മനസ്സിലാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലും ഉൾപ്പെടുത്തിയിട്ടില്ല. കാർഷിക മേഖലയെ പാടെ അവഗണിച്ച ഒരു ബഡ്ജറ്റാണിത്. ഇവിടെ ധാരാളം തരിശുഭൂമിയുണ്ട്. അവിടെയെല്ലാം പച്ചക്കറികൃഷി ചെയ്യാനാവശ്യമായ സാഹചര്യമുണ്ടാക്കണം. ഒരു കാര്യംകൂടി പറയാനുണ്ട്. എന്റെ മണ്ഡലത്തിൽ ഒരു കാർഷിക സർവ്വകലാശാലയും 30 ഏക്കർ സ്ഥലവുമുണ്ട്. അവിടെ അക്കാഡമിക് മേഖലയിലുള്ള ഏതെങ്കിലും കോഴ്സോ മറ്റു കാര്യങ്ങളോ തുടങ്ങണം. ഒരു ഹോസ്റ്റലിന്റെയും മറ്റും പണി അവിടെ തുടങ്ങിയിട്ടുണ്ട്. വോർക്കാടി പഞ്ചായത്തിൽ ബഹുമാനപ്പെട്ട മന്ത്രി 3 പ്രാവശ്യം സന്ദർശിച്ചിട്ടുണ്ട്. അവിടെ കാര്യങ്ങൾ പഠിക്കാൻ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. അദ്ദേഹം പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടും യാതൊരു പരിഗണനയും ലഭിച്ചിട്ടില്ല. കർഷകർ ധാരാളം തിങ്ങിപ്പാർക്കുന്ന ഒരു മണ്ഡലംകൂടിയാണ് മഞ്ചേശ്വരം. അതുകൊണ്ട് ഞങ്ങളെ പരിഗണിക്കണമെന്ന് മാത്രമല്ല, ഇന്ന് ബിഷപ്പിന്റെ നേതൃത്വത്തിൽ അവിടെ സമരം നടക്കുകയാണ്. അതിൽ അവർ എന്തൊക്കെ ആവശ്യപ്പെട്ടിട്ടുണ്ടോ അതൊക്കെ പരമാവധി പരിഹരിച്ചുകൊടുക്കാൻ സാഹചര്യമുണ്ടാക്കണം. അതുകൊണ്ട് ശ്രീ. സണ്ണി ജോസഫ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട ഈ ചർച്ചയെ ഞാൻ ശക്തമായി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

റബ്ബറിന്റെ ഉല്പാദന ചെലവ് ഒരു കിലോയ്ക്ക് 176 രൂപയാണ്. റബ്ബർ ബോർഡ് കേന്ദ്രത്തിന് കൊടുത്തതാണ്. അതിന്റെ 50 ശതമാനം കൂട്ടി 250 രൂപയാക്കി വർദ്ധിപ്പിക്കേണ്ടതാണ്. പച്ചത്തേങ്ങയ്ക്ക് ഗവൺമെന്റിന്റെ സംഭരണവില ഒരു കിലോയ്ക്ക് 27 രൂപയാണ്. ഇപ്പോൾ ഇതിനേക്കാൾ വിലയുണ്ട്. അത് കുറഞ്ഞത് 40 രൂപയെങ്കിലുമാക്കിയാലേ കർഷകന് പ്രയോജനമുള്ളൂ. ഏലം ഒഴികെ എല്ലാ ഉല്പന്നത്തിന്റെയും വില കുറഞ്ഞിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ പച്ചത്തേങ്ങ 40 രൂപയ്ക്കെങ്കിലും സംഭരിക്കണം. കുരുമുളകിന്റെ സംഭരണവില 276 രൂപയാണ്. കുരുമുളകിന്റെ കാലം കഴിഞ്ഞു; കൃഷി ചെയ്താൽ ഒരു ലാഭവുമില്ല. കൃഷിക്കാരൻ എന്ത് ചെയ്യണം? എനിക്ക് 15 ഏക്കർ റബ്ബർ കൃഷിയുണ്ടായിരുന്നു. അതിന്റെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്ന ആളാണ് എന്റെ ഭാര്യ. എല്ലാംകൂടി 3 ലക്ഷം രൂപ വരുമാനം എന്നുപറഞ്ഞാൽ, ഒരേക്കർ റബ്ബർ കൃഷിക്ക് 20,000 രൂപയേ ലഭിക്കുകയുള്ളൂ. ഒരു കിലോ റബ്ബറിന് 176 രൂപ ചെലവ്, പിന്നെ റബ്ബർ കൃഷി ചെയ്യണോ? ആ റബ്ബർ വെട്ടി പൈനാപ്പിൾ കൃഷി ചെയ്തപ്പോൾ ഒരേക്കറിന് 70,000 രൂപ കിട്ടി. ഇപ്പോൾ റമ്പൂട്ടാൻ കൃഷി ചെയ്തു. അത് രണ്ടാം വർഷം പൂവിട്ടുതുടങ്ങി. റബ്ബർ കൃഷിയുമായി എങ്ങനെ മുന്നോട്ടുപോകും? നാളികേര കൃഷിയിൽനിന്നും എന്ത് ആദായമാണ് ലഭിക്കുന്നത്? ചെമ്പൻചെല്ലിയെ കൊല്ലുമെന്ന് അങ്ങ് പറയുന്നുണ്ടെങ്കിലും അതുകേട്ട് ഒരു ചെമ്പൻചെല്ലിയും പേടിച്ചിട്ടില്ല. ചെമ്പൻചെല്ലി വന്ന് തെങ്ങിനെ മറിക്കുകയാണ്. നാളികേര കൃഷി തുടരണോ? ഇവിടെ കർഷകന് ഒരു രീതിയിലും രക്ഷയില്ലാത്ത അവസ്ഥയാണ്. അതുകൊണ്ട് കർഷകരുടെ മാർച്ച് എല്ലായിടത്തും നടക്കുകയാണ്. ഈ കർഷകർ എന്ത് ചെയ്യണം? മിനിമം സപ്പോർട്ട് പ്രൈസ് ഗവൺമെന്റ് നയമായി സ്വീകരിക്കുമോ? സ്വീകരിക്കുമെങ്കിൽ റബ്ബറിന് 250 രൂപയാക്കണം, ഇപ്പോൾ ആർ.എസ്.എസ്. 5-ന് 131 രൂപയും ആർ.എസ്.എസ്. 4-ന് 135-ഉം ആണ്. അതുകൊണ്ട് ഇതെല്ലാം കേട്ടിട്ടും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് ഒരു അനക്കവുമില്ലല്ലോ.

"കണ്ണുതുറക്കാത്ത ദൈവങ്ങളേ......കണ്ണുതുറക്കാത്ത ദൈവങ്ങളേ

കരയാനറിയാത്ത, ചിരിക്കാനറിയാത്ത കളിമൺപ്രതിമകളേ.........."

ഇതിന് നടപടി സ്വീകരിക്കേണ്ട ആളുകൾ കണ്ണുതുറന്ന് കർഷകരെ രക്ഷിക്കണം. നാളികേരത്തിന് 27 രൂപ നൽകുന്നത് സംഭരണമില്ലാതാക്കാനാണ്. ഇന്ന് മാവേലിക്കരയിൽ അന്വേഷിച്ചപ്പോൾ 27 രൂപയാണ് വില, അതിൽ രണ്ട് തേങ്ങ കാണും. അപ്പോൾ ഒരു തേങ്ങയുടെ വില 13½ രൂപയാണ്. ഇതാണോ നയം.

റബ്ബറിന്റെ സംഭരണവില 70 രൂപയായിരുന്ന അവസരത്തിൽ കെ. എം. മാണി സർ അത് 150 രൂപയാക്കി വർദ്ധിപ്പിച്ചു. ഇപ്പോൾ 130 രൂപയാക്കി. റബ്ബർ സംഭരണവും കുരുമുളക് സംഭരണവും അടിയന്തരമായി തുടങ്ങണം. നെൽകൃഷിക്കാർക്ക് മിനിമം സപ്പോർട്ട് പ്രൈസ് കൊടുക്കുന്നുണ്ടോ? പല നെൽകൃഷിക്കാരും എടുത്ത ലോൺ തിരിച്ചടയ്ക്കാത്തതിനാൽ ജപ്തി നടപടി നേരിടുകയാണ്. ഇതെല്ലാം കേട്ട് അങ്ങയുടെ മനസ്സ് അലിയണം. അങ്ങ് മനസ്സലിവുള്ള ആളാണ്. പക്ഷേ കണ്ണ് മാത്രം തുറക്കുന്നില്ല. അങ്ങ് കണ്ണുതുറക്കാതിരുന്നാൽ ഒരു രക്ഷയുമില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ആ പാട്ട് ഒരിക്കൽ കൂടി പാടുമോ?

ശ്രീ. പി. ജെ. ജോസഫ്:

" കണ്ണുതുറക്കാത്ത ദൈവങ്ങളേ......കണ്ണുതുറക്കാത്ത ദൈവങ്ങളേ

കരയാനറിയാത്ത, ചിരിക്കാനറിയാത്ത കളിമൺപ്രതിമകളേ

മറക്കു നിങ്ങളീ ......................"

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ അങ്ങയോട് ആ പാട്ട് ഒരിക്കൽക്കൂടി പാടാൻ പറഞ്ഞത് നേരത്തെ പാടിയത് ശരിയാകാത്തതു കൊണ്ട് ശരിയാക്കി പാടാനാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, എത്ര പാടിയാലും കണ്ണുതുറക്കുമെങ്കിൽ വീണ്ടും വീണ്ടും ഞാൻ പാടാം. കണ്ണുതുറക്കുമോ? കൃഷിക്കാർ എല്ലായിടത്തും തെരുവിലിറങ്ങിയിരിക്കുകയാണ്. എല്ലാ സ്ഥലങ്ങളിലുമുള്ള പതിനായിരത്തോളം കൃഷിക്കാർ ഇന്ന് തിരുവനന്തപുരത്ത് എത്തിയിട്ടുണ്ട്. അവരുടെ ആവശ്യങ്ങളൊന്നും അംഗീകരിക്കാൻ സാധിക്കാത്തതാണോ? സിവിൽ സപ്ലൈസ് വകുപ്പ് സംഭരിച്ച നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ ഉടനെ ലഭ്യമാക്കുക. കേന്ദ്ര ഗവൺമെന്റ് കൃഷിക്കും ജലസേചനത്തിനും മത്സ്യകൃഷിക്കും മുൻഗണന നൽകിയെങ്കിലും ഇവിടെ ഇല്ല. കർഷകനെ സ്നേഹിക്കുന്ന ഗവൺമെന്റാണെങ്കിൽ അതിന് മുൻഗണന നൽകി മിനിമം സപ്പോർട്ട് പ്രൈസ് നടപ്പാക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞങ്ങൾക്കും ഇക്കാര്യത്തിൽ ഇടപെട്ട് സംസാരിക്കാൻ സാധിക്കുമെന്നതിനാൽ ഈ പ്രമേയം ചർച്ചയ്ക്കെടുത്തത് എന്തുകൊണ്ടും നല്ല കാര്യമായി. ഞാൻ സംസാരിക്കുമ്പോൾ കേരളത്തിലെ പല മണ്ഡലങ്ങളിലും ചെയ്യുന്നതുപോലെ എന്റെ മണ്ഡലത്തെയും സമ്പൂർണ്ണ തരിശു രഹിത മണ്ഡലമായി മാറ്റുന്നതിനുവേണ്ടി നടത്തിയ പരിശ്രമം വിജയം കണ്ടതിന്റെ അനുഭവംകൂടി

എനിക്കുള്ളതുകൊണ്ടാണ് അക്കാര്യങ്ങൾ ഈ സഭയിൽ പങ്കുവയ്ക്കാനാഗ്രഹിക്കുന്നത്. മൂന്ന് മാസങ്ങൾക്കുമുമ്പ് ബഹുമാന്യരായ കേരള മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ടാണ് എന്റെ മണ്ഡലത്തെ തരിശുരഹിത മണ്ഡലമായി പ്രഖ്യാപിച്ചത്. 14 ഹെക്ടർ സ്ഥലത്തുമാത്രം നെൽകൃഷിയുണ്ടായിരുന്ന പാറശ്ശാലയിൽ പുതിയതായി 60 ഹെക്ടർ സ്ഥലത്തുകൂടി നെൽകൃഷി കൊണ്ടുവരാൻ പരിശ്രമിച്ചു. കുന്നത്തുകാൽ, പാറശ്ശാല പഞ്ചായത്തുകളിലെ മാലിന്യം നിറഞ്ഞു കിടന്നിരുന്ന പല പാടശേഖരങ്ങളെയും നെൽകൃഷിക്ക് യോഗ്യമാക്കാൻ നടത്തിയ പരിശ്രമത്തിന്റെ ഭാഗമായി വലിയ മാറ്റമാണ് ആ പ്രദേശത്തെ ജനങ്ങളിലും കൃഷിയിലും കേരള ഗവൺമെന്റ് ഇടപെട്ട് നടത്തിയതും മാറ്റം വന്നതും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വാങ്ങിക്കൂട്ടിയ കാർഷികയന്ത്രങ്ങൾ കൂട്ടിയിട്ടിരുന്ന വെള്ളായണിയിൽനിന്നും കൃഷി വകുപ്പുമന്ത്രിയുടെ ഉത്തരവിൻപ്രകാരം അതെടുത്ത് എന്റെ മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയി ഭൂമി തരിശു രഹിതമാക്കാൻ നടത്തിയ പരിശ്രമം പലരെയും അത്ഭുതപ്പെടുത്തി. ഇത്രമാത്രം യന്ത്രോപകരണങ്ങൾ കാർഷികമേഖലയിൽ വാങ്ങിക്കൂട്ടിയിരുന്നല്ലോ എന്ന നിലയിൽ അഭിപ്രായം പറയാൻ ഇടവന്നു. കാർഷികമേഖലയിൽ നടത്തിയ ഈ മാറ്റത്തിന് കൃഷി വകുപ്പിനെ മാത്രമല്ല ഫിഷറീസ് വകുപ്പിനെയും വിദ്യാഭ്യാസ വകുപ്പിനെയും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. തരിശുരഹിതം എന്നുപറയുമ്പോൾ ഭൂമിയിലെ തരിശ് മാത്രമല്ല ജലാശയങ്ങളിലെ തരിശും മാറ്റുന്നതിനുവേണ്ട പരിശ്രമം നടത്തിയതിന്റെ ഭാഗമായി ഏകദേശം 14 ലക്ഷത്തോളം വരുന്ന മത്സ്യക്കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിക്കാനും സാമ്പത്തിക നേട്ടത്തിനായി ഇതിനെ പ്രയോജനപ്പെടുത്താനും കഴിയും. ഇതെല്ലാം ചെയ്യുമ്പോഴും കേരളത്തിലെ കാർഷിക മേഖല നേരിടുന്ന ഒട്ടനവധി പ്രശ്നങ്ങൾ നമ്മുടെ മുന്നിലുണ്ട്. കേരളത്തിലെ ഭൂരിപക്ഷം ജനതയുടെയും ജീവസന്ധാരണ മാർഗ്ഗം കാർഷികമേഖലയാണ്. കാർഷികേതര മേഖലകളിൽ അഭയംതേടിയവർക്കും ഒരു കൈത്താങ്ങായി കാർഷികമേഖല ഇപ്പോഴും തുടരുകയാണ്. ആദിവാസികളുടെയും ഹരിജന-പിന്നാക്കവിഭാഗങ്ങളിലെ ഭൂരിപക്ഷം പേരുടെയും ജീവിത സംരക്ഷണത്തിന്റെ ഉറവിടം കാർഷിക മേഖല തന്നെയാണ്. കാർഷികോല്പന്നങ്ങളുടെ വിലയിടിവോടു കൂടി ഈ വിഭാഗത്തിന് തൊഴിലും വരുമാനവും നഷ്ടപ്പെട്ടു. ഉല്പന്നങ്ങളുടെ വില നഷ്ടംമൂലം ഒരു വർഷം 8,000 കോടി രൂപയുടെ സാമ്പത്തികനഷ്ടം കേരളത്തിൽ സംഭവിച്ചു. അതുമൂലം യു.ഡി.എഫ്.-ന്റെ ഭരണമായിരുന്ന 2001 മുതൽ 2006 വരെ 1400-ഓളം വരുന്ന കൃഷിക്കാരാണ് കേരളത്തിൽ ആത്മഹത്യ ചെയ്തത്. ഏറിയപങ്കം കൃഷിക്കാർ ആത്മഹത്യ ചെയ്തത് വയനാട് ജില്ലയിലാണെന്ന് നിയമസഭയിൽ നിന്നും കിട്ടിയ പ്രസംഗങ്ങളും അന്ന് നടത്തിയ ചർച്ചകളും വഴി നമ്മുടെ മുന്നിൽ രേഖയായിട്ടുണ്ട്. കാർഷികത്തകർച്ച സമൂഹത്തെയാകെ പിടികൂടിയപ്പോൾ വ്യാപാര

മേഖല സ്തംഭിച്ചു. ചെറുകിട ഉല്പാദനമേഖലയും തകർന്നു. ഇതോടെ കാർഷിക മേഖലയുടെ തകർച്ചയാണെന്ന ബോധം കൃഷിക്കാർക്കുമുണ്ടായി. കൃഷി ഒരു വെറുക്കപ്പെട്ട കനിയായി മാറാൻ ഇടവന്നു. 1975-നുശേഷം കാർഷികമേഖലയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും ഗണ്യമായി കുറയുകയുണ്ടായി. ഗവൺമെന്റ് തലത്തിൽ നൽകിയിരുന്ന പ്രത്യേക കാർഷിക സംരക്ഷണങ്ങൾ 1980-90-കളിൽ ശക്തിയായി നടപ്പിലാക്കിയ നിയോ ലിബറൽ നയങ്ങളുടെ ഭാഗമായി ഇല്ലാതെപോയി എന്നർത്ഥമായി. കാർഷികവൃത്തി നഷ്ടമായിയെന്നറിഞ്ഞ് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം കേരളത്തിൽ ക്രമേണ കുറഞ്ഞുവന്നു. 1970-80-കളിൽ ജനസംഖ്യയുടെ 40 ശതമാനംവരെ കാർഷികമേഖലയെ ആശ്രയിച്ചുകഴിഞ്ഞിരുന്നു. എന്നാൽ ഇന്നും ആ നിലതന്നെ തുടരുന്നുണ്ടെങ്കിലും കാർഷികമേഖലയുടെ പങ്ക് ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം മൊത്തം സംസ്ഥാന ഉല്പാദനത്തിന്റെ 13 ശതമാനമായി കുറയുകയുണ്ടായി. കാർഷിക മേഖലയെ ആശ്രയിച്ചുകഴിയുന്ന 40 ശതമാനം ജനവിഭാഗത്തിന് പങ്കുവയ്ക്കാൻ 13 ശതമാനം സംസ്ഥാന വരുമാനം മാത്രമാണെന്നാണ് ഇതിനർത്ഥം. ഇവിടെയാണ് ആത്മഹത്യ കർഷകന്റെ മുന്നിൽ പരിഹാരമാർഗ്ഗമായി പ്രത്യക്ഷപ്പെടുന്നത്. മറ്റൊരു മാർഗ്ഗം അവരുടെ മുന്നിലില്ല. ഇന്നത്തെ അവസ്ഥയിൽ കേരളവികസനം എന്നത് പ്രധാനമായും കാർഷിക മേഖലയുമായി ബന്ധപ്പെട്ടിരിക്കുകയാണ്. എടുത്താൽ തീരാത്ത വസ്തുവാണ് മണ്ണ്. കൊടുത്താൽ അതുപോലെ തിരിച്ചുതരുന്നതാണ് മണ്ണ്. മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് അടിസ്ഥാനം മനുഷ്യനിണങ്ങിയ മണ്ണാണ്. ഈ മണ്ണിനെ സംരക്ഷിച്ച് വികസനത്തിന് അടിത്തറ പാകാം. ഇത്തരമൊരു വികസനതലംവച്ച് കഴിഞ്ഞ മൂന്ന് വർഷമായി ഇടതുപക്ഷ ഗവൺമെന്റ് നടത്തിയ പരിശ്രമത്തിന്റെ ഫലമായി കേരളത്തിൽ പ്രകടമായ മാറ്റം കാണാനിടവന്നു എന്ന യാഥാർത്ഥ്യം നമുക്ക് അംഗീകരിക്കേണ്ടി വരും. നെൽകൃഷി മേഖലയിൽ, കൃഷി ഇവിടെ വിജയിക്കില്ലെന്ന് പ്രചരിപ്പിച്ചവരുണ്ടായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധി കാരത്തിൽ വരുമ്പോൾ ആദ്യവർഷം 8.5 രൂപ ഒരു കിലോ നെല്ലിന് താങ്ങുവില നൽകി. രണ്ടാമത്, അത് 9 രൂപയായി വർദ്ധിപ്പിച്ചു. 35 ശതമാനം ഉൽപ്പാദന വർദ്ധനയാണ് കേരളത്തിനുണ്ടായത്. അതിന്റെ കണക്കുകളുണ്ട്. നിയമസഭയിൽ തന്നെ കൃഷി വകുപ്പുമന്ത്രി അവതരിപ്പിച്ച റിപ്പോർട്ടുകളിൽ കൃത്യമായ കണക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷിയുടെ വികസനവും വികേന്ദ്രീകരണ ആസൂത്രണവും നെൽകൃഷിയുടെ വികസനത്തിനായി പലിശരഹിത വായ്പയും കുറഞ്ഞ പലിശ 4 ശതമാനമാക്കി നിജപ്പെടുത്തിയതും വൈദ്യുതി സൗജന്യവും നെൽവയൽ സംരക്ഷണ നിയമവും പശ്ചാത്തല സൗകര്യങ്ങളുടെ സംരക്ഷണവും ലഭ്യമാകുന്നതോടെ ലക്ഷ ക്കണക്കിന് തൊഴിലവസരം ഈ രംഗത്ത് സൃഷ്ടിക്കപ്പെടും എന്നത് എൽ.ഡി. എഫ്. കാണുകയാണ്.

നാളികേര കൃഷിയിൽ തെങ്ങിൽനിന്നും ഏകദേശം 100 നാളികേരം എന്ന ലക്ഷ്യം നേടിയാൽ വമ്പിച്ച കുതിപ്പ് ഈ രംഗത്തുണ്ടാക്കാൻ കഴിയും. എൽ.ഡി.എഫ്. സ്വീകരിച്ച നയത്തിലൂടെ, കർഷക കടാശ്വാസ നിയമം നടപ്പായതോടെ കർഷക ആത്മഹത്യയ്ക്ക് വിരാമമിടാൻ കേരളത്തിൽ ഇക്കഴിഞ്ഞ മൂന്ന് വർഷമായി കഴിഞ്ഞിരിക്കുന്നു. കടാശ്വാസ നടപടിക്ക് നീക്കിവച്ച തുക ഏറെക്കുറെ പൂർണ്ണമായി ചെലവാക്കുന്നതോടെ ഇന്ത്യയിൽ ഒരിടത്തും ലഭിക്കാത്ത സംരക്ഷണം കേരളത്തിന് ലഭിച്ചുവരുന്നു. വരുംകാല കാർഷിക മുന്നേറ്റത്തിന് അടിത്തറ പാകുന്ന സമീപനം, വികേന്ദ്രീകൃത ആസൂത്രണം ആരംഭിച്ചതിന്റെ മാറ്റം കേരളത്തിൽ കാണുന്നുണ്ട്. ഉൽപ്പാദന മേഖലയ്ക്ക് 40 ശതമാനം നീക്കിവയ്ക്കുന്ന ആസൂത്രണ രീതി കാർഷിക വളർച്ചയുടെ അടിത്തറ വികസിപ്പിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. കാർഷിക മേഖലയിൽ നിക്ഷേപിക്കുന്ന ഓരോ തുകയും പാവപ്പെട്ട കർഷകത്തൊഴിലാളിയും ദരിദ്ര കർഷകനും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതും ഗ്രാമീണ ജീവിതം മെച്ചപ്പെടുത്തുന്നതുമായിരിക്കും. ഇക്കാര്യത്തിൽ നമുക്ക് യാതൊരു തർക്കവുമുണ്ടാകേണ്ടതില്ല. നിക്ഷേപത്തോത് വർദ്ധിപ്പിക്കാനും കാർഷിക മേഖലയെ ശക്തിപ്പെടുത്താനുമുള്ള സമീപനമാണ് എൽ.ഡി.എഫ്. സർക്കാരിന്റേതെന്ന് വ്യക്തമാക്കിക്കഴിഞ്ഞിരിക്കുകയാണ്. ഇന്ത്യയും ചൈനയും ലോകരാജ്യങ്ങൾക്കിടയിൽ ഉയർന്ന വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്ന രാജ്യങ്ങളാണ്. വളർച്ചാ നിരക്കിന്റെ കാര്യത്തിൽ കേരളം ഒട്ടും പുറകിലല്ലെന്ന് വ്യക്തമാക്കുകയാണ്. ദേശീയ ശരാശരിയെ വെല്ലുന്ന പ്രകടനമാണ് കേരളം ഈ കാലയളവിൽ കാഴ്ചവച്ചിട്ടുള്ളത്. കഴിഞ്ഞ 10 വർഷത്തിനിടയിൽ ഒരു ലക്ഷത്തിലധികം പേർ ആത്മഹത്യ ചെയ്യേണ്ടിവന്ന സ്ഥിതി നമുക്ക് ഓർമ്മയുള്ളതാണ്. രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് വലിയ തോതിൽ കർഷക ആത്മഹത്യകൾ രേഖപ്പെടുത്തിക്കാണുന്നത്. ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്തും അതിൽനിന്നും ഒട്ടും വ്യത്യസ്തമല്ല. അതാണ് ഇന്ത്യയുടെ ഗ്രാമീണ മേഖലയിൽ കാണുന്ന കാഴ്ച. കാർഷികത്തകർച്ചയുടെയും വില നഷ്ടത്തിന്റെയും കണക്കുകളാണ് രേഖപ്പെടുത്തിക്കാണുന്നത്. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായ ബദൽ നയം കാർഷിക മേഖലയിൽ ആവിഷ്കരിച്ചതിന്റെ ഭാഗമായി എന്തുമാറ്റമാണ് ഉണ്ടായതെന്ന് നമുക്ക് കാണാൻ കഴിയും. ഇതൊന്നും കാണാതെ കാർഷിക മേഖലയുടെ പ്രശ്നങ്ങൾ മുഴുവൻ കേരളത്തിൽ ഇടതുപക്ഷത്തിനുമേൽ കെട്ടിവയ്ക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. രണ്ടാം യു.പി.എ. സർക്കാർ സ്വീകരിച്ച നയത്തിന്റെ ഭാഗമായുണ്ടായ ആത്മഹത്യയുടെ കണക്കുകൾ നമ്മുടെ മുന്നിലുണ്ട്. അതൊന്നും പുറത്ത് പറയുന്നില്ല. കേരളത്തിൽ ഈ ഗവൺമെന്റ് സ്വീകരിച്ച ബദൽ നയങ്ങളുടെ ഭാഗമായി ഉണ്ടായ മാറ്റങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടി കാണാൻ ശ്രമിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. രാജ്യത്ത് പതിയിരിക്കുന്ന അപകടമാണ് കാർഷിക മേഖലയിൽ ദർശിക്കാൻ കഴിയുന്നത്. കൃഷി അനുബന്ധ മേഖലയുടെയും

പരമ്പരാഗത വ്യവസായങ്ങളുടെയും തകർച്ചയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി അഖിലേന്ത്യാ തലത്തിൽനിന്നും വ്യത്യസ്തമാണെന്നതും നാം കാണണം. നാളികേരകൃഷിയും നെൽകൃഷിയും അനുബന്ധ കൃഷികളും വളർത്തിയെടുക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നടത്തുന്നത്. ഇവിടെ ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഏറിയ പങ്കും പ്രോജക്ടുകൾ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള സമീപനമാണ് ബഡ്ജറ്റിലൂടെ വ്യക്തമാക്കിയിരിക്കുന്നത്. എന്നിട്ടും കാർഷിക മേഖലയ്ക്ക് യാതൊരുവിധ ഊന്നലും കൊടുക്കുന്നില്ലെന്ന പരാമർശമാണ് ചില പ്രതിപക്ഷ അംഗങ്ങളെങ്കിലും വ്യക്തമാക്കിയിട്ടുള്ളത്. കേരളത്തിന്റെ കാർഷിക മേഖലയെ സമ്പുഷ്ടമാക്കാതെ നമുക്ക് നിലനിൽപ്പില്ല എന്ന യാഥാർത്ഥ്യബോധം അംഗീകരിച്ചുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാരിന്റെ നീക്കങ്ങളെന്ന് വസ്തുനിഷ്ഠമായ യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്, ഒരുപാട് കണക്കുകളുണ്ട്. അതൊന്നും ഞാൻ പ്രസംഗത്തിലൂടെ വ്യക്തമാക്കുന്നില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ കേരളത്തിൽ വന്ന മാറ്റങ്ങളെ ശരിയായ തോതിൽ കാണാനും ദേശീയതലത്തിൽ ബി.ജെ.പി. ഗവൺമെന്റ് സ്വീകരിക്കുന്ന നയങ്ങളെ ശക്തമായി എതിർക്കുന്നതിനുംവേണ്ടി യോജിച്ച പോരാട്ടരംഗത്ത് കടന്നുവരാനുള്ള ബാദ്ധ്യതയാണ് പ്രതിപക്ഷത്തിനുള്ളതെന്ന കാര്യംകൂടി വ്യക്തമാക്കിക്കൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിലെ കർഷകർ ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സന്ദർഭമാണിത്. ഇന്ന് കേരളത്തിൽ നടക്കുന്ന കർഷക പ്രക്ഷോഭങ്ങളും സമരങ്ങളുമാണ് അതിന്റെ ഉദാഹരണങ്ങൾ. അത് കണ്ടില്ലെന്ന് നടിച്ച് ഒരു ഗവൺമെന്റിന് മുമ്പോട്ട് പോകാൻ കഴിയുകയില്ല എന്നത് അങ്ങയെ ഓർമ്മപ്പെടുത്താൻ വളരെ വിനയപൂർവ്വം ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഇവിടെ പ്രതിപാദിച്ച ഒരു കാര്യം, വിറ്റ നെല്ലിന്റെ പണം വായ്പയായി വാങ്ങേണ്ട ഗതികേടിലാണ് കേരളത്തിലെ കർഷകർ. ഇത്തരത്തിലുള്ള പ്രതിസന്ധി കേരളത്തിലെ കർഷകരെ സംബന്ധിച്ച് ആദ്യമായാണ് ഉടലെടുത്തിരിക്കുന്നത്. ബാങ്കുകൾക്ക് 400 കോടി രൂപ ഗവൺമെന്റ് നൽകാനുള്ളതിന് നോട്ടീസ് ലഭിക്കുന്നത് കേരളത്തിലെ പാവപ്പെട്ട കർഷകനാണ്. ഭാവിയിൽ ഒരു പക്ഷേ നിങ്ങൾ അത് കൊടുത്തു തീർത്തേക്കാം. അതിന് കേന്ദ്രത്തെ നിങ്ങൾ കുറ്റം പറയുന്നു. പക്ഷേ ചരിത്രത്തിൽ ഇന്നത് രേഖപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊടുക്കാനുള്ള കുടിശ്ശികയുടെ പേരിൽ പാവപ്പെട്ട കർഷകന് നോട്ടീസ് ലഭിച്ചിരിക്കുന്നു. ഇതാണോ ഇവരുടെ കർഷക നേട്ടം? ഇത് കർഷകർക്കുണ്ടാകുന്ന പ്രതിസന്ധി വളരെ വലുതാണ്. കൂടുതൽ വായ്പകൾ

ലഭിക്കുന്നതിനുപോലും ഇത് തടസ്സമായി മാറുന്നുവെന്നത് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും തിരിച്ചറിയണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ കർഷക ആത്മഹത്യകൾ ഉണ്ടായിട്ടില്ലെന്ന് ശ്രീ. സി. കെ. ഹരീന്ദ്രൻ ഇവിടെ സൂചിപ്പിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ 22-ഓളം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി രേഖാമൂലം നൽകിയിരിക്കുന്ന മറുപടിയിൽ കേരളത്തിൽ 12 കർഷകർ ആത്മഹത്യ ചെയ്തുവെന്നാണ് പറഞ്ഞിരിക്കുന്നത്. അത് തെറ്റാണ്. പ്രളയത്തെ ത്തുടർന്ന് 2018 ആഗസ്റ്റ് മാസത്തിനുശേഷം ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ആത്മഹത്യകൾ ഉണ്ടായതെന്നാണ് ഗവൺമെന്റ് ഇവിടെ പറഞ്ഞിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും പ്രകൃതിക്ഷോഭവും കീടരോഗങ്ങളും ഞങ്ങളുടെ കുറ്റമാണോയെന്ന് ശ്രീ. രാജു എബ്രഹാം സൂചിപ്പിക്കുന്നത് കേട്ടു. ഇതൊന്നും അവരുടെ കുറ്റമാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. പക്ഷേ ഈ വിഷയങ്ങൾ വരുമ്പോൾ, ഇതുമൂലം കർഷകർ അനുഭവിക്കുന്ന പ്രതിസന്ധികളുടെ മുന്നിൽ കണ്ണടച്ചുനിൽക്കുന്ന സമീപനമാണ് ഗവൺമെന്റിന്റേത്. അത് ചർച്ച ചെയ്യാനാണ് ഈ അടിയന്തരപ്രമേയം ഞങ്ങൾ മുന്നോട്ടുവച്ചത്. ഇത്തരത്തിലുള്ള വിഷയങ്ങൾ വളരെ ഗുരുതരമായ സ്ഥിതിവിശേഷത്തിലേയ്ക്ക് എത്തിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി പ്രളയമുണ്ടാകുമ്പോഴും കർഷകർ ആത്മഹത്യ ചെയ്യുമ്പോഴും നിങ്ങൾ പ്രഖ്യാപിക്കുന്ന ആശ്വാസ പദ്ധതികൾ എവിടെ എന്നൊരു ചോദ്യം സ്വയം ചോദിക്കേണ്ടതുണ്ട്. കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തണമെന്നുള്ള കാലാകാലങ്ങളായുള്ള ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കണം. കൃഷിനാശം ഉണ്ടായിക്കഴിഞ്ഞാൽ ഒരു സാധാരണ കർഷകന് ലഭിക്കുന്ന, ഗവൺമെന്റ് നൽകുന്ന നഷ്ടപരിഹാരത്തുക വളരെ കുറവാണെന്ന് നമുക്കറിയാം. അത് ബഹുമാനപ്പെട്ട മന്ത്രിയും സമ്മതിക്കും. അതിന് ഗവൺമെന്റിന് പരിമിതിയുണ്ട്, ഇല്ലെന്ന് പറയുന്നില്ല. പക്ഷേ സാധാരണ കർഷകരെ സംബന്ധിച്ച് അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനുള്ള സംവിധാനം ചെയ്തുകൊടുക്കാൻ ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ടെന്നാണ് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. കേരളത്തെ സംബന്ധിച്ച് ഇത്തരത്തിലുള്ള കാര്യങ്ങളിൽ മുമ്പോട്ടുവരേണ്ടതുണ്ട്. പ്രളയത്തിനുശേഷം കാർഷിക മേഖലയിൽ എന്തു കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞു എന്നത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പ്രളയത്തിനുശേഷം കന്നുകാലികൾ ചത്തുപോയവർക്കുള്ള നഷ്ടപരിഹാരത്തുക ഗവൺമെന്റിന് കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യം വളരെ ആധികാരികമായി എനിക്ക് പറയാൻ കഴിയും. എറണാകുളം ജില്ലയിലടക്കം പല സ്ഥലങ്ങളിലും ക്ഷീരകർഷകർ ഇതുമൂലം പ്രതിസന്ധി നേരിടുന്ന സാഹചര്യ ങ്ങളുണ്ട്. പ്രഖ്യാപിച്ച കാര്യങ്ങളെങ്കിലും അവർക്ക് നൽകാനുള്ള സന്മനസ്സ് ഗവൺമെന്റ്

കാണിക്കണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്ന് കേരളത്തിൽ ഉയർന്നുവരുന്ന കർഷക പ്രക്ഷോഭങ്ങൾ ഈ ഗവൺമെന്റിനെതിരെയുള്ള ഏറ്റവും വലിയ കുറ്റപത്രമാണെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് സമ്പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ് : സർ, ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച അടിയന്തരപ്രമേയം വസ്തുതാപരമായതുകൊണ്ടാണ് ഗവൺമെന്റ് ചർച്ചയ്ക്ക് സമ്മതിച്ചത്. ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച പ്രമേയത്തിൽ 'ചെറുകിട കർഷകർ' എന്നുകൂടി ചേർത്തിരുന്നുവെങ്കിൽ നൂറ് ശതമാനമാകുമായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്, വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ളവർക്കുള്ള റീപേമെന്റ് സപ്പോർട്ട് സ്കീംപ്രകാരം 40 ശതമാനം തുക തിരിച്ചടയ്ക്കുന്നവരുടെ വായ്പാ ബാധ്യത തീരുമെന്നും അതിൽ 60 ശതമാനം തുക ഗവൺമെന്റ് ബാങ്കുകൾക്ക് നൽകാമെന്നുമാണ് പ്രഖ്യാപിച്ചിരുന്നത്. ആ തുക ഗവൺമെന്റ് ബാങ്കുകളിൽ അടയ്ക്കാത്തതിന്റെ പേരിൽ 40 ശതമാനം തുക അടച്ച കുട്ടികളുടെ മാതാപിതാക്കളുടെ പേരിൽ ബാങ്കുകൾ നോട്ടീസയച്ച് ബുദ്ധിമുട്ടിക്കുകയാണ്. സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റികൾക്ക് ഗവൺമെന്റ് നൽകിയ എഗ്രിമെന്റ് പാലിക്കാത്തതാണ് ഇതിന് കാരണം. അക്കാര്യം പ്രത്യേകം പരിഗണിച്ചില്ലെങ്കിൽ ആത്മഹത്യയുടെ കുമ്പാരമായിരിക്കും കേരളത്തിലുണ്ടാവുകയെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇക്കാര്യത്തിൽ സർഫാസി ആക്ടിനെപ്പറ്റി പഠിക്കുന്നതിനായി ശ്രീ. എസ്. ശർമ്മ, അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു, ആ കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിക്കണ്ടേ; ആ റിപ്പോർട്ട് ഉറങ്ങാനുള്ളതല്ലല്ലോ. സർഫാസി ആക്ടിൽ പത്ത് ലക്ഷം രൂപവരെയുള്ളവരെ ഒഴിവാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അത് ഇരുപത് ലക്ഷം രൂപ എന്നാക്കി മാറ്റണം എന്നൊരു അമെന്റ്മെന്റ് കൂടി ഞാൻ പറയുകയാണ്. ആ നിലയിൽ അതിനെ മുന്നോട്ട് കൊണ്ടുപോകണം. ഈ സാഹചര്യത്തിൽ നമുക്കത് ഒളിച്ചുവച്ചിട്ട് കാര്യമില്ല. വലിയ നഷ്ടക്കച്ചവടമാണ്, മുഴുവൻ തകർന്ന് തരിപ്പണമായി; ജീവിക്കാൻ ഒരു മാർഗ്ഗവുമില്ലാത്ത അവസ്ഥയാണ്. ഒരു ഉദാഹരണം പറയുകയാണ്, ഒരു എൽ.ഡി. ക്ലാർക്കിന്റെ തുടക്ക ശമ്പളം എന്നത് ഇരുപത്തയ്യായിരം രൂപയാണ്. അപ്പോൾ ഒരു മാസം ഇരുപത്തയ്യായിരം രൂപവച്ച് മൂന്ന് ലക്ഷം രൂപയാകും ഒരു വർഷത്തെ വരുമാനം. അവർക്കത് കൊടുക്കണമെന്നാണ് പറയുന്നത്. അതിൽ എനിക്ക് തർക്കമൊന്നുമില്ല. എൽ.ഡി. ക്ലാർക്കിന് മൂന്ന് ലക്ഷം രൂപ കിട്ടുമ്പോൾ അഞ്ച് ഏക്കർ റബ്ബർ തോട്ടമുള്ള ഒരു കൃഷിക്കാരന് എത്ര രൂപ കിട്ടും? അറുപതിനായിരം രൂപയാണ് അവന്റെ ഒരു വർഷത്തെ വരുമാനം. അപ്പോൾ പത്തേക്കറുള്ള ഒരു കൃഷിക്കാരന് ഒരു ലക്ഷത്തി ഇരുപതിനായിരം

രൂപയും ഇരുപതേക്കർ കൃഷിഭൂമിയുള്ളയാൾക്ക് രണ്ട് ലക്ഷത്തി നാൽപ്പതിനായിരം രൂപയും മൂന്ന് ലക്ഷം രൂപയുടെ വരുമാനമുണ്ടാകണമെങ്കിൽ ഇരുപത്തഞ്ചേക്കർ റബ്ബർ തോട്ടവും വേണം. അപ്പോൾ കൃഷിക്കാർ എങ്ങനെ ജീവിക്കും? കൃഷിക്കാരന്റെ ജീവിതം എവിടെപ്പോയി അവസാനിക്കും? അവൻ ആത്മഹത്യയുടെ വക്കത്താണ്. ഇപ്പോൾ സർക്കാർ മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്, ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. അത് കഴിയുമ്പോൾ അവർ എവിടെപ്പോകും? നോട്ടീസയച്ച് തുടങ്ങിയിട്ടുണ്ട്. ആത്മഹത്യയുടെ കുമ്പാരം കേരളത്തിലുണ്ടാകും. അതിൽനിന്നും കർഷകരെ രക്ഷിക്കാനുള്ള ശക്തമായ ഇടപെടൽ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയെപ്പറ്റി എനിക്ക് പരാതിയേയില്ല. നിങ്ങൾ നേതൃത്വം കൊടുത്തുകൊണ്ട് ഈ പാവപ്പെട്ട ജനങ്ങളെ ആത്മഹത്യയിൽനിന്നും രക്ഷിക്കണമെന്നുമാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്

ശ്രീ. കെ. വി. വിജയദാസ്: സർ, ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയം കേന്ദ്ര ഗവൺമെന്റിനെതിരെയാണ് അവതരിപ്പിക്കേണ്ടതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. 2009-ആഗസ്റ്റ് 13-ാം തീയതി കർഷകരും യു.ഡി.എഫും മറക്കില്ല. കാരണം അന്നാണ് യു.പി.എ. ഗവൺമെന്റിന്റെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗ് ആസിയാൻ കരാറിൽ ഒപ്പുവച്ചത്. കേരളത്തിലെ മാത്രമല്ല ഇന്ത്യയിലെ കൃഷിക്കാരെ തകർക്കുമെന്ന് ഞങ്ങൾ ആദ്യംതന്നെ പറഞ്ഞു. എൽ.ഡി.എഫ്. അതിനെ രാഷ്ട്രീയമായി നേരിട്ടു. ഈ കരാർ രാജ്യത്ത് അപകടങ്ങളും ആത്മഹത്യയുമായിരിക്കുമുണ്ടാക്കുകയെന്ന് പറഞ്ഞു. ലക്ഷക്കണക്കിന് ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഞങ്ങൾ അന്ന് മനുഷ്യച്ചങ്ങല തീർത്തു. പക്ഷെ യു.ഡി.എഫ്.-ഉം. ഞങ്ങളെ പരിഹസിച്ചു, ഈ മനുഷ്യച്ചങ്ങല ഉണ്ടാക്കിയതുകൊണ്ട് വല്ലതും സംഭവിക്കുമോ, വല്ല ആശ്വാസവും ലഭിക്കുമോയെന്ന് ചോദിച്ചു, മാത്രമല്ല യു.ഡി.എഫ്. ഒന്നുകൂടി പറഞ്ഞു, ഈ ആസിയാൻ കരാർ കർഷകരെ സ്വർഗ്ഗത്തിലേയ്ക്ക് കൂട്ടിക്കൊണ്ടു പോകുമെന്ന്. ഇപ്പോൾ മൂന്നര ലക്ഷം കർഷകരാണ് പത്ത് വർഷത്തിനുശേഷം ഇവിടെ ആത്മഹത്യ ചെയ്തത്. കാർഷികോൽപ്പന്നങ്ങൾക്ക് വില കുറയുകയും വിവിധ രാജ്യങ്ങളിലൂടെയുള്ള ഇറക്കുമതി വർദ്ധിക്കുകയും നാട്ടിലെ കൃഷിക്കാർ ആത്മഹത്യയിലേയ്ക്ക് നീങ്ങുകയും ചെയ്തു. കർഷക കുടുംബങ്ങൾ വലിയ ആശങ്കയിലായതിന്റെ പ്രധാന ഉത്തരവാദി യു.ഡി.എഫ്.-ഉം കോൺഗ്രസ് ഗവൺമെന്റുമാണെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾ അത് മറച്ചുവയ്ക്കുകയാണ്. ഈ കരാറിനെക്കുറിച്ച് ഒരു വാക്കെങ്കിലും നിങ്ങൾ പറഞ്ഞോ? കേരളത്തിലേയും ഇന്ത്യയിലേയും കർഷകരെ ദ്രോഹ നടപടിയിലേയ്ക്ക് തള്ളിവിട്ടത് നിങ്ങളാണ് എന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല, ഇപ്പോൾ ആസിയാൻ കരാറിന്റെ ചുവടുപിടിച്ചുകൊണ്ട് വെള്ളം കൂടുതലായി ആവശ്യംവരുന്ന നെൽകൃഷിപോലുള്ള

കൃഷികൾക്കുള്ള സഹായം കുറയ്ക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നീതി ആയോഗ് പറഞ്ഞിരിക്കുകയാണ്. റബ്ബർ കൃഷിയെക്കുറിച്ച് വാ തോരാതെ സംസാരിക്കുന്ന ആളുകളുണ്ട്. അങ്ങനെ പ്രസംഗിക്കുന്ന ആളുകളോട് ഒരു കാര്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, റബ്ബറിനെക്കുറിച്ച് യു.പി.എ. ഗവൺമെന്റും എൻ.ഡി.എ. ഗവൺമെന്റും പറഞ്ഞത് റബ്ബർ ഒരു കാർഷികോൽപ്പന്നമല്ല വ്യാവസായികോൽപ്പന്നമാണെന്നാണ്. ഇതിനെക്കുറിച്ച് യു.ഡി.എഫ്.-ന് എന്തെങ്കിലും പറയാനുണ്ടോ? നിങ്ങൾ കേന്ദ്ര സർക്കാരിനോട് ഒരു വാക്കെങ്കിലും പറയുമോ? റബ്ബർ കാർഷികോൽപ്പന്നമാണെന്ന് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ നിങ്ങളുടെ പത്തൊൻപത് എം.പി.-മാരെ ഇവിടെനിന്നും തെരഞ്ഞെടുത്ത് വിട്ടിട്ടില്ലേ, അവരാരെങ്കിലും ഇതിനുവേണ്ടി ഒരു വാക്ക് സംസാരിക്കുമോ? ഞങ്ങൾക്കറിയാൻ ആഗ്രഹമുണ്ട്. ആസിയാൻ കരാറിൽ ഒപ്പ് വച്ചിട്ടില്ലെന്ന് സഭയിലെ ഒരംഗമായിരുന്ന ശ്രീ. പി. ടി. തോമസ് അന്ന് പറഞ്ഞിരുന്നു. എന്നിട്ട് അദ്ദേഹംകൂടി അംഗമായിരുന്ന ഗവൺമെന്റാണ് അന്ന് ആസിയാൻ കരാറിൽ ഒപ്പുവച്ചത്. ഇപ്പോൾ അതൊന്നും കണക്കിലില്ല. കേരളത്തിലെ കൃഷിക്കാർക്ക് നാഷണലൈസ്ഡ് ബാങ്കുകൾ വഴി 4 ശതമാനം നിരക്കിൽ സ്വർണ്ണപ്പണയം കൊടുക്കുന്ന സ്കീമുണ്ടായിരുന്നതും ഇപ്പോൾ പിൻവലിച്ചിരിക്കുകയാണ്. യു.ഡി.എഫ് എന്തെങ്കിലും പറഞ്ഞോ? കോൺഗ്രസ് പാർട്ടി ഇതിനെപ്പറ്റി എന്തെങ്കിലും പ്രതികരിച്ചോ? പാർലമെന്റിൽ ഏതെങ്കിലും ഒരു എം.പി. ശബ്ദിച്ചോ? നാഷണലൈസ്ഡ് ബാങ്കുകൾ വഴി കർഷകർക്ക് നാല് ശതമാനം നിരക്കിൽ നൽകിക്കൊണ്ടിരുന്ന സ്വർണ്ണപ്പണയ വായ്പപോലും കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കി. പാർലമെന്റിലോ മിണ്ടുന്നില്ല, നിയമസഭയിലെങ്കിലും ഒരു വാക്ക് സംസാരിച്ചുകൂടേ? ഒരു ഉപക്ഷേപം ഇതിനെസംബന്ധിച്ച് യു.ഡി.എഫ്.-ലെ ആർക്കെങ്കിലും സഭയിൽ സമർപ്പിച്ചുകൂടേ? നാട്ടിൻപുറത്തെ പാവപ്പെട്ട കൃഷിക്കാർക്കുവേണ്ടി നിരവധി പ്രവർത്തനങ്ങൾ എൽ.ഡി.എഫ്. സർക്കാർ ചെയ്തു. അതാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മാറ്റം. ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന സർക്കാർ അതിൽനിന്നും വിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നത്. കേരളത്തിൽ ഒരു പുതിയ കാർഷിക സംസ്കാരമുണ്ടാക്കണമെന്ന് പിണറായി സർക്കാർ തീരുമാനിച്ചു. നവകേരള നിർമ്മിതിക്ക് അർഹമായ പരിഗണന കർഷകർക്ക് കൊടുക്കുക എന്നതാണ് പിണറായി സർക്കാരിന്റെ നയം. കാർഷിക മേഖലയ്ക്ക് ബദൽ നയമുള്ള ഇന്ത്യയിലെ ഒരേയൊരു സർക്കാരാണ് കേരള സർക്കാർ. ഇത് നമുക്ക് തള്ളിക്കളയാൻ കഴിയില്ല. കേരളത്തിലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ബഡ്ജറ്റ് പ്രൊപ്പോസൽ പരിശോധിച്ചാൽ മനസ്സിലാകും. വലിയ മാറ്റമുണ്ട്. 2015-2016-ലെ ബഡ്ജറ്റിൽ, യു.ഡി.എഫ്. ഗവൺമെന്റ് 1,100 കോടി രൂപയാണ് വകയിരുത്തിയിരുന്നതെങ്കിൽ ഇപ്പോൾ

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാർഷിക മേഖലയ്ക്ക് രണ്ടായിരം കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2015-2016-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം 90:10 എന്ന അനുപാതത്തിലായിരുന്ന കേരളത്തിൽ നടപ്പാക്കിയിരുന്നതെങ്കിൽ 2020 ആയപ്പോൾ അത് 60:40 എന്ന നിരക്കിലാണ്. ആരെങ്കിലും മിണ്ടുന്നുണ്ടോ? യു.ഡി.എഫ്.-ന് അനക്കമില്ല. ഇതിനെതിരായി എന്തെങ്കിലും പറയേണ്ടതല്ലേ അവർ. പ്രമേയാവതാരകനെങ്കിലും ഇത് പറയുമെന്ന് ഞാൻ വിചാരിച്ചു. അദ്ദേഹവും ഒന്നും പറഞ്ഞില്ല. ഇതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളിന്മേൽ കേരളത്തോടുള്ള ദ്രോഹമല്ലേ? ഇതിനെക്കുറിച്ച് സംസാരിക്കണ്ടേ; അടിയന്തരപ്രമേയമെന്ന് പറയുമ്പോൾ എല്ലാ കാര്യങ്ങളും ഒരുമിച്ച് പറയേണ്ടതല്ലേ. എന്താണ് കേന്ദ്ര ഗവൺമെന്റിനോട് നിങ്ങൾക്കൊരു മൗനം? എന്തിനാണ് നിങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ദ്രോഹനയങ്ങളെ കണ്ടില്ലെന്ന് നടിക്കുന്നത്? ഇത് ശരിയാണോ? നിങ്ങൾക്കെന്താണ് കേന്ദ്ര സർക്കാരിനോട് ഇത്ര അനുകമ്പ? നിങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിനോട് ഏതെങ്കിലും തരത്തിലുള്ള പ്രേമമുണ്ടോ? പൗരത്വ ഭേദഗതി നിയമം അവതരിപ്പിച്ച മോദി ഗവൺമെന്റിനെ വിട്ട്, ബഹുമാന്യനായ ഗവർണറെ ആക്രമിക്കാമെന്ന ചെന്നിത്തലയുടെ നയം ഇതിൽനിന്നും വ്യക്തമാണ്. കേന്ദ്ര ഗവൺമെന്റല്ല തെറ്റുകാരൻ, ഗവർണറാണെന്ന് വരുത്തിവച്ച് കേന്ദ്ര ഗവൺമെന്റിനെ വെള്ള പൂശുകയല്ലേ നിങ്ങൾ ചെയ്തത്. അതെല്ലാം ഇതിന്റെ ഭാഗമല്ലേ? കേന്ദ്രാവിഷ്കൃത പദ്ധതികളുടെ റേഷ്യോ വർദ്ധിപ്പിച്ച ദ്രോഹ നടപടിയിൽപ്പോലും നിങ്ങൾ ഒന്നും മിണ്ടാത്തത് അതുകൊണ്ടല്ലേ? കാർഷിക മേഖലയോട് കാണിക്കുന്ന ഇത്തരം ദ്രോഹ നടപടികൾ നിങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നത് ജനങ്ങൾ മനസ്സിലാക്കും. അടുത്തകാലത്ത് മലബാർ മേഖലയിലെ ക്ഷീരോല്പാദകരുടെ തെരഞ്ഞെടുപ്പ് നടന്നു. 30 വർഷമായി കോൺഗ്രസ് ഭരിച്ചുകൊണ്ടിരുന്ന മലബാർ മേഖലാ റീജിയണൽ കോ-ഓപ്പറേറ്റീവ് യൂണിയൻ മിൽമ തെരഞ്ഞെടുപ്പിൽ 14-ൽ 9 സീറ്റും നേടി എൽ.ഡി.എഫ്. വിജയിച്ചു. കോൺഗ്രസിന്റെ 30 വർഷത്തെ കുത്തക അവസാനിപ്പിച്ചു. കർഷകരോടുള്ള അവഗണനയെ സംബന്ധിച്ചാണ് ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. യു.ഡി.എഫ്. കർഷകരെ വഞ്ചിക്കുകയാണെന്ന് അവർക്ക് മനസ്സിലായി.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, അങ്ങ് ജയിച്ചു എന്നുപറയുമ്പോൾ കർഷകൻ ജയിച്ചോ; പാലിന് കുറച്ചുകൂടി വില കൂട്ടിക്കൊടുക്കുമോ; കാലിത്തീറ്റയുടെ വില കുറയ്ക്കാമോ?

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, കർഷകരാൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതി പ്രസിഡന്റുമാരാണ് അതിലെ വോട്ടർമാർ. ക്ഷീര കർഷകരെ രക്ഷിച്ചത് എൽ.ഡി.എഫ്. സർക്കാരാണെന്ന് അവർക്കൊക്കെ അറിയാം. സ്വയംപര്യാപ്തത നേടി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പ്രളയകാലത്ത് മരിച്ച 9000 കന്നുകാലികൾക്ക് 22 കോടി രൂപയാണ് ബഹുമാനപ്പെട്ട വനം-പരിസ്ഥിതി വകുപ്പുമന്ത്രി നൽകിയത്. ഒരു പശുവിന് 33,000 രൂപവീതം കൊടുത്തു. ആലപ്പുഴയിൽ ഒരു പശുവിന് പുറമേ ഒരു കിടാവിനുംകൂടി കൊടുത്തു. അതൊക്കെ വാങ്ങിയിട്ടാണ് ഒന്നും ചെയ്തിട്ടില്ലെന്ന് പറയുന്നത്.

ശ്രീ. പി. ജെ. ജോസഫ്: സർ, 4 ലക്ഷം കന്നുകാലികൾ ചത്തുപോയിട്ട് 4000 എണ്ണത്തിന്റെ കണക്കാണ് കൊടുത്തത്.

ശ്രീ. പി. ടി. തോമസ്: സർ, മിൽമ പിടിച്ചെടുക്കാൻ പോകുന്നതിനെ കുറിച്ചാണല്ലോ എന്റെ സ്നേഹിതൻ ഇവിടെ പരാമർശിച്ചുകൊണ്ടിരിക്കുന്നത്. വയനാട്ടിൽനിന്നും വിജയിച്ച് വന്നുകൊണ്ടിരുന്ന ശ്രീ. ഗോപാലക്കുറുപ്പ് എന്നയാളെ ഒഴിവാക്കാൻ ആ സീറ്റ് സംവരണമാക്കി നിങ്ങൾ അട്ടിമറി നടത്തി. നിയമഭേദഗതി കൊണ്ടുവന്നിട്ടാണ് നിങ്ങൾ മിൽമയിൽ ചില അട്ടിമറികൾ നടത്തിയത് എന്നുള്ള വിവരം അറിയുമോ?

ശ്രീ. കെ. വി. വിജയദാസ്: സർ, നിങ്ങൾക്ക് എന്തെങ്കിലും ആത്മാർത്ഥ തയുണ്ടെങ്കിൽ ആസിയാൻ കരാറിനെ കുറിച്ചാണ് ഒരു വാക്ക് പറയേണ്ടത്.

ശ്രീ. പി. ടി. തോമസ്: സർ, ഇത് ആസിയാൻ കരാറിന്റെ രേഖയാണ്. (രേഖയുടെ പകർപ്പ് സഭയിൽ ഉയർത്തിക്കാണിച്ചു). നിങ്ങൾ അറിയേണ്ടൊരു കാര്യം, 1992 മുതൽ തുടർന്നുവരുന്ന Peace, Progress and Shared Prosperity എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ മാറിമാറി വന്ന സർക്കാരുകൾ തുടർന്നുവന്ന നയമാണ്. ഇത് കൃഷിക്ക് മാത്രമല്ല. അക്കാര്യം നിങ്ങളുടെ പാർട്ട്ണറായ സി.പി.ഐ. നേതാക്കന്മാരോട് ചോദിച്ചാൽ അവർ കൃത്യമായി പറയും. 1996-ൽ ചതുരാനൻ മിശ്ര എന്ന കേന്ദ്ര കൃഷി വകുപ്പുമന്ത്രിയാണ് ഇതിന്റെ രണ്ടാംവട്ട കൃഷി സംബന്ധമായ ഏറ്റവും വലിയ ചർച്ച നടത്തിയത്. അക്കാര്യം സംബന്ധിച്ച് ശ്രീ. വി. എസ്. സുനിൽ കുമാർ മറുപടി പറയുമ്പോൾ പറയട്ടെ. ഇത് അതിന്റെ രേഖയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ശ്രീ. പി. ടി. തോമസ് എനിക്ക് വളരെ സ്നേഹമുള്ള ഒരാളാണ്. എന്നും വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറയാൻ നല്ല ചാതുര്യമുള്ള ഒരാളാണ് അദ്ദേഹം. ചതുരാനൻ മിശ്ര ചർച്ചയിൽ പങ്കെടുത്തത് അതിനെതിരായിട്ടാണ്. ഞങ്ങൾ കരാറിൽ വരുന്ന കാര്യങ്ങളിൽ ശക്തമായ വാദഗതി ഉന്നയിച്ചത് ആ സർക്കാരിന്റെ കാലത്താണ്. നിങ്ങൾ വന്നിട്ടാണ് ഒപ്പിട്ടത്. നിങ്ങൾ എന്താണ് അത് പറയാത്തത്; ആസിയാൻ

കരാർ ഒപ്പിട്ടത് ആരാണ്; അങ്ങ് ചതുരാനൻ മിശ്രയെക്കുറിച്ച് ചതുരവടിവിൽ സംസാരിച്ചിട്ട് കാര്യമൊന്നുമില്ല. അങ്ങയുടെ പാർട്ടി ചെയ്തിരിക്കുന്ന അക്ഷന്തവ്യമായ തെറ്റിന് ചതുരാനൻ മിശ്രയുടെ പേരുംവച്ച് അതിനെ പരിഹരിക്കാൻ നോക്കരുത്. ഞാൻ ദയവായി അങ്ങയോട് പറയുകയാണ്. ഇനി ഈ സഭയിൽ അങ്ങ് ഇത് ആവർത്തിക്കരുത്.

ശ്രീ. പി. ടി. തോമസ്: സർ, 1992 മുതൽ തുടർന്നുവരുന്ന ചർച്ചയാണിത്. 1996-98-ൽ നിങ്ങളുടെ മന്ത്രിയാണ് കേന്ദ്രത്തിൽ കൃഷി വകുപ്പ് കൈകാര്യം ചെയ്തിരുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, അന്നത്തെ വാണിജ്യകാര്യ മന്ത്രി ആനന്ദ് ശർമ്മയാണ് ആസിയാൻ കരാറിൽ ഒപ്പുവച്ചത്. സഭയെ തെറ്റിദ്ധരിപ്പിക്കരുത്. അക്കാലത്ത് ശ്രീ. പി. ടി. തോമസ് നടത്തിയ പ്രസംഗം എന്താണെന്നറിയാമോ; ആസിയാൻ കരാറിന്റെ പേരിൽ ഇടതുപക്ഷം കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണെന്നാണ് അദ്ദേഹം പറഞ്ഞത്. അതിന്റെ രേഖ ഞാൻ കാണിച്ചുതരാം.

ശ്രീമതി വീണാ ജോർജ്ജ്: സർ. ബഹുമാന്യനായ പി. ടി. തോമസ് സംസാരിക്കുമ്പോൾ ഇപ്പോൾ അദ്ദേഹം എന്താണ് ചിന്തിക്കുന്നത്; ആസിയാൻ കരാർ കർഷകർക്ക് ഗുണകരമായോ എന്ന നിലപാട് അദ്ദേഹത്തിനുണ്ടോ എന്നുകൂടി അറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. വി. വിജയദാസ്: സർ, യു.ഡി.എഫ്. സർക്കാർ കർഷകർക്കുവേണ്ടി ചെയ്ത ആനുകൂല്യങ്ങൾ-ആറന്മുള വിമാനത്താവളത്തിനായി ആയിരക്കണക്കിന് ഏക്കർ ഭൂമി കൺവർട്ട് ചെയ്തു, റാണി, ചിത്തിര കായലുകൾ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടുന്നതിനായി മാറ്റിവച്ചു. ഇതെല്ലാം എൽ.എഡി.എഫ്. സർക്കാർ വന്ന് മാറ്റിമറിച്ചു. തെറ്റാണെന്ന് കണ്ടെത്തി. ഇപ്പോൾ ആറന്മുള ബ്രാൻഡ് അരി ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. റാണി, ചിത്തിര കായലുകൾ ഞങ്ങൾ തിരിച്ചുപിടിച്ചു. ഇവിടെ നെൽകൃഷി ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കി. നെൽകൃഷിയെ ഇല്ലാതാക്കുക എന്നതാണ് യു.ഡി.എഫ്.-ന്റെ സംഭാവന.

ശ്രീ. പി. ടി. തോമസ്: സർ, റാണി, ചിത്തിര കായലിനെ ആ നിലയിലാക്കിയതും നിങ്ങൾ തന്നെയാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, ഇവിടെ നെല്ലിന് ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത വിലയായ 26.95 രൂപ പിണറായി സർക്കാർ കൊണ്ടുവന്നു. 2015-16-ൽ നെല്ലിന്റെ വില 21.80 രൂപ. 2019-ൽ കേരളത്തിൽ നെല്ലിന്റെ വില 26.95 രൂപ. അതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. യു.ഡി.എഫ്. കൊടുത്തില്ലല്ലോ. കേന്ദ്രം ഇപ്പോഴും 17.60 രൂപയാണ് നൽകുന്നത്. എന്തുകൊണ്ടാണ് നിങ്ങൾ കേന്ദ്ര സർക്കാരിനെക്കുറിച്ച് ഒരക്ഷരം പറയാത്തത്.

ഇന്ത്യയിൽ എങ്ങുമില്ലാത്ത രീതിയിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ മാസം 5,000 രൂപ പെൻഷൻ കൊടുക്കുന്ന രീതിയിലേയ്ക്ക് കർഷക ക്ഷേമനിധി ബിൽ കൊണ്ടുവന്നു. കാർഷിക മേഖലയ്ക്ക് നവോന്മേഷമാണ്.

ഇന്ന് കേരളത്തിന്റെ കാർഷിക സംസ്കാരത്തിൽ വലിയ മാറ്റംവന്നു. IAS, IPS, മറ്റ് ഉദ്യോഗസ്ഥവൃന്ദം എന്നിവരെല്ലാം ഇന്ന് പച്ചക്കറി കൃഷി ചെയ്യുകയാണ്. സെലിബ്രിറ്റികൾ, സിനിമാ താരങ്ങൾ, മമ്മൂട്ടി, മോഹൻലാൽ, മഞ്ജുവാര്യർ തുടങ്ങിയവരെല്ലാം കൃഷി ചെയ്യുന്നു. കർഷക സംസ്കാരത്തിൽ മാറ്റം വന്നു. കൃഷിഭൂമി വർദ്ധിച്ചു. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം കാർഷികമേഖലയിൽ വലിയ മാറ്റമാണുണ്ടായത്. അതുകൊണ്ടുതന്നെ കർഷകർക്കെതിരെ ദ്രോഹനടപടി എടുക്കുന്ന കേന്ദ്ര സർക്കാരിനെതിരായിട്ടാണ് പ്രമേയം അവതരിപ്പിക്കേണ്ടതെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. പഞ്ചസാര എന്ന് കടലാസിൽ എഴുതിയിട്ട് അത് രുചിച്ച് നോക്കിയാൽ ഒരു മധുരവും ഉണ്ടാവില്ല. ബഡ്ജറ്റിൽ ഇങ്ങനെ കോടികൾ എന്ന് എഴുതിവച്ചതുകൊണ്ട് ഒരു ഗുണവും ഉണ്ടാവില്ല. അത് നടപടികളായി ജനങ്ങളിലേയ്ക്ക് എത്തിയാൽ മാത്രമേ കർഷകന് മാത്രമല്ല, ആർക്കും ഗുണമുണ്ടാകുകയുള്ളൂ. എനിക്കുമുമ്പ് പ്രസംഗിച്ച ശ്രീ. കെ. വി. വിജയദാസ് നെൽകർഷകരുടെ പ്രയാസങ്ങൾ അറിയാത്ത ആളൊന്നുമല്ല. നെല്ലിന്റെ വില യു.ഡി.എഫ്. സർക്കാരിന് 26.95 രൂപയാക്കാൻ കഴിഞ്ഞില്ലല്ലോ എന്ന് അദ്ദേഹം പ്രസംഗിച്ചു. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ കയറുമ്പോൾ 15 രൂപ മാത്രമായിരുന്നത് ഇറങ്ങുമ്പോൾ 21.50 രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. ഇവിടെ വർദ്ധിപ്പിച്ചത് മുഴുവൻ സർക്കാരിന്റെ മിടുക്കാണെന്ന് അദ്ദേഹം പ്രസംഗിക്കുകയാണ്. 26.95 രൂപയിൽ 18.15 രൂപ കേന്ദ്ര സർക്കാരും 8.80 രൂപ സംസ്ഥാന സർക്കാർ നൽകുന്നതുമാണ്. ചെറിയ ഏറ്റക്കുറച്ചിൽ ഉണ്ടാകാം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ അവസാന വർഷം ഒരു കിലോ നെല്ലിന് 7.40 രൂപ നൽകിയിരുന്നു. അഞ്ച് വർഷംകൊണ്ട് 1.40 രൂപയാണ് ഒരു കിലോ നെല്ലിന് നിങ്ങൾ വർദ്ധിപ്പിച്ചത്. ഇവിടെ കർഷകരുടെ മൊത്തം സംരക്ഷണത്തിന്റെ ഉത്തരവാദിത്വവും അവകാശവുമൊക്കെ ഏറ്റെടുക്കുന്ന ആളുകൾ അതറിയാത്തവരല്ല, കണ്ടില്ലെന്ന് നടിക്കുകയാണ്. ശ്രീ. പി. ജെ. ജോസഫ് പാടിയ പാട്ടിന് അർത്ഥം കൂടിക്കൊണ്ടിരിക്കുകയാണ്. കണ്ണുണ്ടായിട്ടും കണ്ടില്ലെന്ന് നടിക്കുന്ന അവസ്ഥ. എം.എസ്.പി. (മിനിമം സപ്പോർട്ട് പ്രൈസ്) 30

രൂപയാക്കണമെന്നുള്ള ആവശ്യം നിരവധി സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിന് മുന്നിൽ വച്ചിട്ടുണ്ട്. കേരളം ഇനിയും ശക്തമായൊരു മുന്നേറ്റം അക്കാര്യത്തിൽ ഉണ്ടാക്കിയിട്ടുണ്ടോ എന്നുള്ളത് നമുക്കിനിയും അറിയേണ്ട കാര്യങ്ങളാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, അങ്ങയിൽനിന്ന് വളരെ അകലെ ഇരിക്കുന്ന പ്രിയപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ അവർകളെപ്പോലെ തൊട്ടടുത്തിരിക്കുന്ന കൃഷി വകുപ്പുമന്ത്രിയെ അങ്ങ് അവഗണിക്കരുത് എന്നുള്ളത് കേരളത്തിലെ കർഷകർക്കുവേണ്ടി ഞാൻ പറയുകയാണ്. സീറ്റിന്റെ ദൂരം മാത്രമാണ് ഞാൻ സൂചിപ്പിച്ചത്.

ബഡ്ജറ്റിൽ പ്രഖ്യാപനങ്ങൾ വലുതാണ്. ശ്രീ. വി. ഡി. സതീശൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ബഡ്ജറ്റിലെ പേജ് നമ്പർ 92 മുതൽ 106 വരെ പാക്കേജുകളുടെ പ്രളയമാണ്. തീരദേശ പാക്കേജിന് 5,000 കോടി രൂപ, കുട്ടനാട് പാക്കേജിന് 2,400 കോടി രൂപ, വയനാട് പാക്കേജിന് 2,000 കോടി രൂപ, ഇടുക്കി പാക്കേജിന് 1,000 കോടി രൂപ, കാസർഗോഡ് പാക്കേജിന് വേറെ. ശ്രീ. കെ. വി. വിജയദാസിനോടും ശ്രീ. കെ. ഡി. പ്രസേനനോടും എനിക്ക് പറയാനുള്ളത്, വാളയാറിനിപ്പുറം പാലക്കാട് കേരളത്തിലാണെന്ന കാര്യം ഈ ഗവൺമെന്റിനെ ചെറുതായെങ്കിലും ഓർമ്മപ്പെടുത്തണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ നെല്ലിന്റെ 10.5 ശതമാനത്തോളം സംഭരിക്കപ്പെടുന്ന പാലക്കാട് ജില്ലയിലെ നെൽകർഷകർക്കായി ഒരു പാക്കേജും പ്രഖ്യാപിക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല എന്നുപറയുന്നതുതന്നെ കർഷകരോടുള്ള ഇവരുടെ സമീപനത്തിന്റെ തെളിവാണ്. നിങ്ങൾ, പാലക്കാടുനിന്നുള്ള ജനപ്രതിനിധികൾ ആവേശത്തോടെ പ്രസംഗിച്ചപ്പോൾ പാലക്കാട് ജില്ലയിലെ നെൽക്കർഷകന് ഒരു പാക്കേജ് വേണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടാതിരുന്നത് എന്തുകൊണ്ടാണ്; അവർക്കായി എന്തു പാക്കേജാണ് ഇവിടെ പ്രഖ്യാപിച്ചത്? ഇനിയെങ്കിലും അക്കാര്യം പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അങ്ങനെ പരിഗണിക്കപ്പെടുമ്പോൾ ഒരു ചെറിയ വ്യത്യാസം മറ്റു പാക്കേജുകളിൽ നിന്നും വരുത്തണം. മറ്റുള്ളവ പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങിപ്പോകുന്നതാണെങ്കിൽ കർഷകനുവേണ്ടി പ്രഖ്യാപിക്കുന്നത് നടപ്പിലാകുന്ന പാക്കേജായിരിക്കണം എന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. നെൽക്കർഷകരുടെ ഒന്നാം വിളയുടെ പണം നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്ന് ഇതുവരെ കർഷകന് കിട്ടിയിട്ടില്ല. എന്നുമാത്രമല്ല, നേരത്തേ വായ്പയായി കൊടുത്ത പണം അവരുടെ സിബിൽ റേറ്റിംഗ് (CIBIL Rating) -ൽ കുറവ് വരികയാണ്. മക്കളുടെ വിദ്യാഭ്യാസ ചെലവിനോ, മകളുടെ കല്യാണ ആവശ്യത്തിനോ വേണ്ടി ഒരു ലോണിനായി ബാങ്കിലേയ്ക്ക് പോകുമ്പോൾ കർഷകനുവേണ്ടി സർക്കാർ എടുത്ത ലോൺ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ റേറ്റിംഗ് കുറച്ച് പ്രയാസപ്പെടുത്തുകയാണ്. ശ്രീ. അനൂപ് ജേക്കബ് ഇവിടെ

സൂചിപ്പിച്ചു, ഇക്കാര്യത്തിൽ നോട്ടീസ് അയയ്ക്കുന്ന നടപടികൾ ഉൾപ്പെടെ ഉണ്ടാകുന്നു എന്നുള്ളത് കർഷകനെ സംബന്ധിച്ചിടത്തോളം ഏറെ ഖേദകരമാണ്. സ്വാശ്രയ കോളേജിൽ ഫീസ് നിശ്ചയിക്കുന്നതു പോലെയാണ് നെല്ലിന്റെ സംഭരണം. സ്വകാര്യ മില്ലുടമകൾക്ക് മെച്ചമുണ്ടാകാൻ ഇത് ഒരു സീസണൽ ഇഷ്യൂ ആയി നിലനിർത്തുകയാണ്. തമിഴ്നാട്ടിൽ നിന്നും നെല്ലെടുത്ത് പാലക്കാട്ടുള്ള കർഷകരെ വഞ്ചിക്കുന്ന സമീപനം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നു എന്നുള്ള കാര്യം ഒരിക്കൽ പാലക്കാട് ജില്ലാ വികസന സമിതി യോഗത്തിൽ ഒരു ഭരണകക്ഷി എം.എൽ.എ. തന്നെ ഉന്നയിച്ചത് ഈ സന്ദർഭത്തിൽ ഞാൻ കൃത്യമായി ഓർക്കുന്നു. കർഷകർ പ്രയാസത്തിലാണ്, ഒന്നാം വിളയുടെ പണമോ വിള ഇൻഷ്വറൻസോ കൃത്യമായി ലഭിക്കുന്നില്ല. മറ്റ് ആവശ്യങ്ങൾക്ക് ലോണെടുക്കാൻ പോകുമ്പോൾ ബാങ്കിൽനിന്നും പീഡനവും പ്രയാസവും നേരിടുകയാണ്. ഓപ്പൺ മാർക്കറ്റിൽ നെല്ല് വിറ്റഴിക്കേണ്ടി വന്ന സാഹചര്യം കർഷകനുണ്ടായിട്ടുണ്ടെന്ന് ഞാൻ തന്നെ സഭയിൽ ഉന്നയിച്ച ചോദ്യത്തിനുള്ള മറുപടിയായി തന്നിട്ടുണ്ട്. അങ്ങനെ വിറ്റഴിക്കുമ്പോൾ ലഭ്യമാകുന്ന പണം 26.95 രൂപ അല്ല, കാലാവസ്ഥയും മറ്റു പ്രയാസങ്ങളും നെല്ലിന്റെ ഉണക്കും പ്രയാസകരമായി ബാധിക്കുമ്പോഴൊക്കെ കർഷകർക്ക് നെല്ല് ചുരുങ്ങിയ വിലയ്ക്ക്, പതിനെട്ടോ പത്തൊമ്പതോ രൂപയ്ക്കൊക്കെ വിൽക്കേണ്ടി വരുന്നുണ്ട്. ഗവൺമെന്റിൽനിന്നുള്ള സംഭരണം വൈകുന്നതും പണം കിട്ടാത്തതുംകാരണം ഓപ്പൺ മാർക്കറ്റിൽ നെല്ല് വിറ്റഴിക്കേണ്ട ഗതികേടിലാണ് പാലക്കാട്ടെ കർഷകർ എന്നുള്ളകാര്യം അറിയാതെ പോകരുത്. ഇവിടെ കാര്യങ്ങൾ പരസ്പരം കുറ്റപ്പെടുത്തുന്നതിനുവേണ്ടി പറയുകയാണ്. വിജയ്മല്യയ്ക്കും മറ്റു കോർപ്പറേറ്റുകൾക്കും പതിനായിരക്കണക്കിന് കോടി രൂപ കൊടുത്തുകൊണ്ട് അവർക്ക് ലോൺ വേവറും (loan waiver) പാവപ്പെട്ട കർഷകന് തൂക്കുകയറും എന്നതാണ് കേന്ദ്രഗവൺമെന്റിന്റെ സമീപനം. ആ സാഹചര്യത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ സർക്കാരിന്റെ ഉത്തരവാദിത്വം വർദ്ധിക്കുകയാണ്. കർഷകനെ തൂക്കുകയറിലേയ്ക്ക് അയയ്ക്കുകയും ആത്മഹത്യയിലേയ്ക്ക് തള്ളിവിടുകയും ചെയ്തശേഷം, ആത്മഹത്യ ചെയ്ത കർഷകന്റെ കുടുംബത്തിന് നഷ്ടപരിഹാരം കൊടുക്കുന്നതിനേക്കാൾ നല്ലത് അവനെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടാതെ നോക്കുന്നതാണ്. കടങ്ങൾക്ക് മോറട്ടോറിയം നൽകുക എന്നതല്ല, ലോൺ തിരിച്ചടയ്ക്കാൻ കഴിയാതിരുന്ന സാഹചര്യങ്ങളും പ്രളയം ഉൾപ്പെടെയുള്ള കാരണങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് കോൺഗ്രസ് സർക്കാരുകൾ കർണ്ണാടകയിലും പഞ്ചാബിലും രാജസ്ഥാനിലും മദ്ധ്യപ്രദേശിലും ചെയ്തതുപോലെ കർഷകന്റെ വായ്പകൾ എഴുതിത്തള്ളി അവനെ ജീവനോടെ നിലനിർത്താനുള്ള നടപടികളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. എന്നാൽ അതുണ്ടാകുന്നില്ല. നെല്ല് സംഭരിച്ച വകയിൽ 1,341 കോടി രൂപയോളം കൊടുക്കാനുണ്ടെന്നാണ് ഈ മാസം മൂന്നാം തീയതി

സഭയിൽ തന്നെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത്. പത്തിരുപത്തിരണ്ട് കർഷകർ ജീവൻ വെടിഞ്ഞതായി പത്രവാർത്തകൾ വരുന്നു. 'എല്ലാം തോൽവി, കർഷകൻ തോറ്റതല്ല, തോൽപ്പിച്ചതാണ്' എന്ന പരമ്പരകൾ വരെ മാധ്യമങ്ങൾ കൊടുക്കേണ്ടി വരുന്നു. ഇതെല്ലാം അറിഞ്ഞിട്ടും കേരളത്തിലെ കർഷകർ മുഴുവൻ സേഫാണ്, അവരെല്ലാവരും വലിയ ആഘോഷമായി ജീവിച്ചുകൊണ്ടിരിക്കുകയാണ് എന്നു പറഞ്ഞുകൊണ്ട് രാഷ്ട്രീയ നേട്ടത്തിനുവേണ്ടി കവർഅപ് ചെയ്ത് സംസാരിക്കുമ്പോൾ ഈ ദൃശ്യങ്ങൾ അവരും കാണുന്നുണ്ടെന്ന് ഓർക്കണം. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ഇപ്പോഴും പ്രയാസപ്പെടുന്നത് നാട്ടിലെ കർഷകൻ തന്നെയാണെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാമെന്നിരിക്കെ അവരെ സഹായിക്കാൻ ഏതു തരത്തിലുള്ള നടപടികളുമായും മുമ്പോട്ടുപോകണമെന്നു തന്നെയാണ് പറയുന്നത്. ആ പ്രതിസന്ധി എങ്ങനെ മറികടക്കും എന്നതന്നെയാണ് ചിന്തിക്കേണ്ടത്. അർഹതപ്പെട്ട വിഹിതം കേന്ദ്രസർക്കാർ നമുക്ക് നൽകാത്തതിൽ തീർച്ചയായും ശക്തമായ പ്രതിഷേധമുണ്ട്. കോർപ്പറേറ്റുകൾക്ക് പണവും ലോണും നൽകുകയും അവ എഴുതിത്തള്ളി രാജ്യം വിടാനുള്ള സൗകര്യം നൽകുകയും ചെയ്യുമ്പോൾ, പാലക്കാട്ടെ കൃഷി ചെയ്യുന്ന പാവം കർഷകനായ ഒരു ഉണ്ണ്യേട്ടന് വിജയ് മല്യയെപ്പോലെ നാടുവിടാൻ കഴിയില്ല. കർഷകർ ജീവനോടെ നിലനിൽക്കണമെങ്കിൽ ഗവൺമെന്റ് അവരുടെ സഹായത്തിന് എത്തിയേ പറ്റൂ. കേന്ദ്രവിഹിതത്തിൽ കുറവുണ്ട്, കിട്ടാനുണ്ട്, അവ നേടിയെടുത്തേ മതിയാകൂ. അതേസമയം കൃഷി വകുപ്പിന്റെ പദ്ധതി നിർവ്വഹണം 40% മാത്രമാണ്. തെങ്ങുകൃഷിക്കുവേണ്ടി മാറ്റിവച്ചുവെന്നുപറയുന്ന 69 കോടി രൂപയിൽ ചെലവഴിച്ചത് 14 കോടി രൂപയും നെൽകൃഷിക്കുവേണ്ടി നീക്കിവച്ച 90.85 കോടി രൂപയിൽ ചെലവഴിച്ചത് 43 കോടി രൂപയുമാണ്. ഹൈടെക് കൃഷിക്കായി 55 ലക്ഷം രൂപ മാറ്റിവച്ചതിൽനിന്നും ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല. കുട്ടനാട് കാർഷിക വികസനത്തിനായി 20 കോടി രൂപ മാറ്റിവച്ചത് ഒന്നും ചെലവഴിക്കപ്പെടുന്നില്ല. വയനാട്ടിലെ കൃഷി വികസനത്തിനായി 17 കോടി രൂപ മാറ്റിവച്ചതിൽ ചെലവഴിക്കപ്പെട്ടത് 40 ലക്ഷം രൂപ മാത്രമാണ്. ചില സാമ്പത്തിക അവലോകന കണക്കുകൾ സൂചിപ്പിക്കുന്നപോലെ നെഗറ്റീവ് വളർച്ചയിലേയ്ക്ക് കാർഷികരംഗം പോകുകയാണെന്ന റിപ്പോർട്ടുകൾ നമ്മുടെ മുമ്പിൽ വരുന്നു. പ്രഖ്യാപനത്തിലെ കോടികളും കടലാസിലെ കോടികളും കർഷകനെ ജീവനോടെ നിലനിർത്താനും മുന്നോട്ടുപോകാനും സഹായിക്കുന്നില്ല. ആ സാഹചര്യം തിരിച്ചറിഞ്ഞ് അടിയന്തര ഇടപെടലുകളോടുകൂടി കേരളത്തിലെ കർഷകന്റെ നട്ടെല്ലൊടിയാതെ നോക്കാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ഈ വിഷയത്തിൽനിന്നും ഒഴിഞ്ഞുമാറാൻ ഗവൺമെന്റ് ശ്രമിക്കുന്നതിനെതിരെ കൊണ്ടുവന്ന പ്രമേയത്തെ ഞാൻ പരിപൂർണ്ണമായും കേരളത്തിലെ കർഷകനുവേണ്ടി പിന്താങ്ങുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വന്യമൃഗശല്യം, മൃഗസംരക്ഷണം തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ കാർഷിക മേഖല ഗുരുതരമായ പ്രതിസന്ധികൾ നേരിടുകയാണെന്നും അതിന്റെ കാരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും ശ്രീ. സണ്ണി ജോസഫ് എം.എൽ.എ. ഇവിടെ സംസാരിച്ചതിൽ ഒരുകാര്യം വന്യമൃഗശല്യം തുടങ്ങിയ കാരണങ്ങളാണ് എന്നുപറഞ്ഞു, പിന്നീടുള്ള അദ്ദേഹത്തിന്റെ വിശദീകരണത്തിൽ വീണ്ടും അത് പറയുകയുണ്ടായി. ചർച്ചയുടെ ഇടയിൽ ഉയർന്നുവന്ന ഒരു കാര്യത്തെപ്പറ്റി ആദ്യമായി വ്യക്തത വരുത്തേണ്ടതുണ്ട്. അത് മിൽമയുമായി ബന്ധപ്പെട്ടതാണ്. മിൽമ ഫെഡറേഷനിൽ യാതൊരു വിധത്തിലുള്ള ഭരണമാറ്റവും ഉണ്ടായിട്ടില്ല, ആരും പിടിച്ചെടുത്തിട്ടുമില്ല. ആ ഫെഡറേഷന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, മലബാർ എന്നീ മൂന്ന് മേഖലാ യൂണിയനുകളുണ്ട്. മലബാർ മേഖലാ യൂണിയൻ 6 ജില്ലകൾ ചേർന്നതാണ്. ഈ മൂന്ന് മേഖലാ യൂണിയനുകളിൽ വച്ച് ഏറ്റവും കൂടുതൽ പാൽ സംഭരിക്കുകയും ഏറ്റവും കൂടുതൽ വിപണനം നടത്തുകയും ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്ന മേഖലാ യൂണിയനാണിത്. ഒരു വർഷം ഏതാണ്ട് 1,000 കോടി രൂപയുടെ പ്രവർത്തനം നടന്നുവരുന്ന യൂണിയനാണ് മലബാർ മേഖലാ യൂണിയൻ. മലബാർ മേഖലാ യൂണിയനിൽ രണ്ട് ദിവസം മുമ്പ് തെരഞ്ഞെടുപ്പ് നടന്നു. കഴിഞ്ഞ 30 വർഷമായി ആ മേഖലാ യൂണിയൻ ഭരിച്ചിരുന്നത് യു.ഡി.എഫ്. ആയിരുന്നു. ഇപ്പോൾ അതിൽ 9 സീറ്റുകളിൽ എൽ.ഡി.എഫ്.-ഉം 5 സീറ്റുകളിൽ യു.ഡി.എഫ്.-ഉം ആയിമാറി. അതാണ് ഇപ്പോഴത്തെ സ്ഥിതി. മലബാർ മേഖലാ യൂണിയന്റെ ചരിത്രത്തിൽ ആദ്യമായി എൽ.ഡി.എഫ്. ഭരണത്തിലേയ്ക്ക് വന്നു. ഇതിൽ ഒരു ജനാധിപത്യവിരുദ്ധമായ നടപടികളും സ്വീകരിച്ചിട്ടില്ല. അതാണല്ലോ ശ്രീ. പി. ടി. തോമസ് ഇവിടെ ഉന്നയിച്ചത്. ഒരു ഭരണസമിതിയെയും പിരിച്ചുവിട്ടിട്ടില്ല. താങ്കൾ ഉദ്ദേശിക്കുന്നത് മേഖലാ യൂണിയന്റെ ഭരണസമിതിയെ പിരിച്ചുവിട്ടുവെന്നായിരിക്കും, കാര്യങ്ങൾ മനസ്സിലാക്കാത്തതുകൊണ്ട് പറയുന്നതാണ്. മലബാർ മേഖലാ യൂണിയന്റെ കാലാവധി തീർന്നതിനെത്തുടർന്നുള്ള തെരഞ്ഞെടുപ്പാണ് രണ്ട് ദിവസം മുമ്പ് നടന്നത്. അല്ലാതെ ഗവൺമെന്റ് ഇടപെട്ട് ഭരണസമിതി പിരിച്ചുവിട്ടശേഷം നടത്തിയ ഒരു തെരഞ്ഞെടുപ്പല്ല. നിയമസഭയിൽ ഒരു ഭേദഗതി കൊണ്ടുവന്ന് സഭ അംഗീകരിച്ച ഭേദഗതിയുടെ അടിസ്ഥാനത്തിൽ വയനാട് സീറ്റ് എസ്.സി. സംവരണ സീറ്റായി മാറി. എസ്.സി./എസ്.റ്റി. വിഭാഗം ഏറ്റവും കൂടുതലുള്ള പ്രദേശമായതിനാലാണ് അത് സംവരണ സീറ്റായി മാറിയത്; ആ ബൈലാ അനുസരിച്ചാണ് തെരഞ്ഞെടുപ്പ് നടത്തിയത്. ഗവൺമെന്റിന്റെ നടപടികൾക്കെതിരായി ഹൈക്കോടതിയിൽ ഫയൽ ചെയ്തത് 16 കേസ്സുകളാണെന്ന കാര്യം സഭ അറിഞ്ഞിരിക്കേണ്ടതാണ്. ആ

16 കേസ്സുകളിൽ 16 -ലും സർക്കാർ ജയിച്ചുവെന്ന കാര്യം ശ്രീ. പി. ടി. തോമസ് അറിഞ്ഞുവോ? അതിനുശേഷം തെരഞ്ഞെടുപ്പ് നടന്നു, റിസൾട്ട് വന്നു. എന്തു കൊണ്ടാണ്? ഈ ഗവൺമെന്റ് ക്ഷീരകർഷകർക്ക് അനുകൂലമായി കേരളത്തിലൊട്ടാകെ സ്വീകരിച്ച വ്യക്തമായ നടപടികളുടെ അടിസ്ഥാനത്തിലാണത്. ക്ഷീരകർഷകരും ക്ഷീരസംഘം ഭാരവാഹികളും അത് മനസ്സിലാക്കിയാണ് ഈ തെരഞ്ഞെടുപ്പിൽ അനുകൂലമായ വിധി എഴുതിയത് എന്നാണ് ഞാൻ കരുതുന്നത്. അക്കാര്യം നിങ്ങൾക്ക് അന്വേഷിക്കാം.

3.00 P.M.]

ശ്രീ. കെ. സി. ജോസഫ്: സർ, ഇലക്ഷൻ ജില്ലാ തലത്തിലാക്കി. നിരവധി സംഘങ്ങളെ പ്രവർത്തിക്കാതെയാക്കി. അഡ്മിനിസ്ട്രേറ്ററെ വച്ചു. പിൻവാതിലിലൂടെ നിങ്ങൾ ജയിച്ചു. വയനാട് സീറ്റ് എസ്.സി.-ക്കുവേണ്ടി മാറ്റിവച്ചു.

ശ്രീ. കെ. രാജു: സർ, ഈ പറഞ്ഞ കാര്യങ്ങളൊക്കെ പൂർണ്ണമായും നിഷേധിക്കുകയാണ്. അവിടെ ജനാധിപത്യപരമായ രീതിയിലാണ് തെരഞ്ഞെടുപ്പ് നടന്നത്. വയനാട് ജില്ലയിൽ യു.ഡി.എഫ്. ആണ് ജയിച്ചത്. അദ്ദേഹം അറിയാതെയാണ് പറയുന്നത്. യാതൊരു വിധത്തിലുള്ള ജനാധിപത്യവിരുദ്ധ നിലപാടും സ്വീകരിച്ചിട്ടില്ലെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. മാത്രമല്ല, ജനാധിപത്യവിരുദ്ധ നിലപാട് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുമില്ല. അങ്ങനെയാണെങ്കിൽ എന്തെങ്കിലും ന്യായം പറഞ്ഞ് ഫെഡറേഷനെ പിരിച്ചുവിടാമായിരുന്ന സമീപനമല്ല ഈ ഗവൺമെന്റ് സ്വീകരിച്ചത്. ഞാൻ ചോദിക്കട്ടെ, എറണാകുളം മേഖലയിൽ യൂണിയൻ തെരഞ്ഞെടുപ്പ് നടന്നല്ലോ; അവിടെ യു.ഡി.എഫ്. ആണല്ലോ ജയിച്ചത്. അപ്പോൾ ജനാധിപത്യവിരുദ്ധ നിലപാടാണ് സ്വീകരിച്ചതെങ്കിൽ അവിടെ എൽ.ഡി.എഫ്.-നെ ജയിപ്പിച്ചെടുത്തുകൂടായിരുന്നോ? അത്തരം ജനാധിപത്യവിരുദ്ധ നടപടികളുമായി പോകുന്ന നയമല്ല ഈ ഗവൺമെന്റിനുള്ളത് എന്നതാണ് അതുമായി ബന്ധപ്പെടുത്തി എനിക്ക് സൂചിപ്പിക്കാനുള്ളത്.

വന്യമൃഗശല്യത്തെക്കുറിച്ച് സാധാരണഗതിയിൽ എല്ലാ ചോദ്യോത്തരവേളകളിലും ചർച്ചകളിലും ഉയർന്നുവരുന്നതാണ്. സ്വാഭാവികമായും ബഡ്ജറ്റ് ചർച്ചകളുമായി ബന്ധപ്പെട്ട് സബ്ജക്ട് അടിസ്ഥാനത്തിൽ എടുക്കുമ്പോഴും ഉയർന്നുവരാൻ ഇടയുള്ള ഒരു സംഗതിയാണിത്. വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ The Kerala Rules for Payment of Compensation to victims of attack by wild animals പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 5-4-2018-ലെ സർക്കാർ ഉത്തരവുപ്രകാരം നഷ്ടപരിഹാര നിരക്ക് ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശം,

കന്നുകാലി നഷ്ടം, വീട് നഷ്ടം തുടങ്ങിയവയ്ക്ക്, നഷ്ടത്തിന്റെ 100 ശതമാനം പരമാവധി ഒരു ലക്ഷമെന്നുള്ള രീതിയിൽ തുക അനുവദിച്ചുവരുന്നുണ്ട്. വിവിധ ഡിവിഷനുകളുമായി പെൻഡിംഗുണ്ടായിരുന്ന കേസ്സുകൾക്കെല്ലാം പരിഹാരം കാണുന്നതിനുവേണ്ടി ഞാൻതന്നെ പങ്കെടുത്തുകൊണ്ട് കേരളത്തിലെ പതിനാല് ജില്ലകളിലും വനഅദാലത്തുകൾ സംഘടിപ്പിച്ചു. കണ്ണൂർ ജില്ലയിൽ നടന്ന അദാലത്തിൽ കാര്യങ്ങൾ കേട്ട് പരിഹാരമുണ്ടാക്കി മുപ്പത്തിയേഴ് ലക്ഷം രൂപ നഷ്ടപരിഹാരമായി അവിടത്തെ അപേക്ഷകർക്ക് കൊടുത്തതിലെ പ്രധാനി എന്റെ വലതുവശത്തിരുന്ന പ്രമേയാവതാരകൻ തന്നെയാണ്. ഇടതുവശത്തിരുന്നത് ശ്രീ. കെ. സി. ജോസഫാണ്. അവർ രണ്ടുപേരുംകൂടി എന്റെ വലത്തും ഇടത്തും ഇരുന്നാണ് കർഷകർക്കുവേണ്ടിയുള്ള ന്യായമായ പരിഹാരമുണ്ടാക്കിയത്. എല്ലാ ജില്ലകളിലും അദാലത്തുകൾ നടത്തി പെൻഡിംഗായ മുഴുവൻ അപേക്ഷകളിലും തീരുമാനമെടുക്കുകയും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വർദ്ധിപ്പിച്ച നഷ്ടപരിഹാരം ഇരട്ടിത്തുക കൊടുക്കുകയും ചെയ്തു. ശാശ്വത പരിഹാരം കാണുക എന്നുപറഞ്ഞാൽ അതിനുവേണ്ടി ഒട്ടേറെ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീറ്റർ നീളത്തിൽ സൗരോർജ്ജവേലി, 631 കി.മീറ്റർ നീളത്തിൽ ആനപ്രതിരോധ കിടങ്ങുകൾ, 178.133 കി.മീറ്റർ നീളത്തിൽ ആനപ്രതിരോധ വേലി, 11 കി.മീറ്റർ നീളത്തിൽ ആനപ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചത് ബഹുമാന്യനായിട്ടുള്ള പ്രമേയാവതാരകന്റെ മണ്ഡലത്തിൽത്തന്നെയാണ്. ഒരു കിലോമീറ്റർ മതിൽ കെട്ടാൻ ഒന്നേകാൽ കോടി രൂപയാണ് ചെലവ്. കല്ല് കെട്ടിയ കിടങ്ങുകൾ, 26 കിലോമീറ്റർ ജൈവവേലി, 248 കിലോമീറ്റർ കയ്യാല, 12 കിലോമീറ്റർ കോസ്റ്റ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസസ്ഥലങ്ങളിൽ ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിന് സൗരോർജ്ജവേലി, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, കോസ്റ്റ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നു. വനത്തിൽനിന്ന് പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ വഴിതെളിച്ച് തിരിച്ചുവിടുന്നതിന് ആവശ്യമായ സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകളുണ്ട്. മുമ്പുണ്ടായിരുന്നതിനെക്കാൾ കൂടുതൽ ടീമുകളെ ഇപ്പോൾ നിയോഗിച്ച് ആയുധവും നൽകിയിട്ടുണ്ട്. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് സംരക്ഷണം കൊടുക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്ന് അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യാനുള്ള നടപടികൾ നടന്നുവരികയാണ്.

മി. സ്പീക്കർ: ഇത്രയും വിശദമായ മറുപടി പ്രതീക്ഷിച്ചില്ലെന്നാണ് അദ്ദേഹം പറയുന്നത്.

ശ്രീ. കെ. രാജു: സർ, ഇതുകൂടാതെ പന്നി ശല്യമാണ് പ്രധാനമായും എല്ലാപേർക്കും പറയാനുള്ളത്. പന്നിശല്യം പരിപൂർണ്ണമായും ഒഴിവാക്കാനുള്ള നടപടികളിലേയ്ക്ക് സർക്കാർ പോകുകയാണ്. എല്ലാപേരുടെയും സഹകരണത്തോടു കൂടി അതും നടപ്പിലാക്കുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സപ്ലൈകോ ആണ് നമ്മുടെ സംസ്ഥാനത്ത് കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നത്. നേരത്തെ സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില എപ്പോഴാണോ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്നത്, അപ്പോഴാണ് കൃഷിക്കാർക്ക് നൽകിക്കൊണ്ടിരുന്നത്. സംസ്ഥാന ഗവൺമെന്റ് നൽകുന്ന സ്റ്റേറ്റ് ഇൻസെന്റീവ് പണം എപ്പോഴാണോ ലഭിക്കുന്നത് അതനുസരിച്ചാണ് നൽകിക്കൊണ്ടിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആ സമ്പ്രദായത്തിന് മാറ്റം വരുത്തി. സംഭരിക്കുന്ന നെല്ലിന് വൈകാതെ പണം കൊടുക്കാനാവശ്യമായ പി.ആർ.എസ്. (പാഡി റസീപ്റ്റ് ഷീറ്റ്) വായ്പാ പദ്ധതിക്ക് രൂപംകൊടുത്തു. കേരളത്തിലെ പ്രധാനപ്പെട്ട ദേശസാൽകൃത ബാങ്കുകളുമായി ഗവൺമെന്റ് ഗ്യാരന്റിയോടുകൂടി ഒരു സ്കീം തയ്യാറാക്കി. കൃഷിക്കാർ നൽകുന്ന നെല്ലിന്റെ വില അപ്പോൾത്തന്നെ അവർക്ക് ലഭ്യമാകണം എന്നുള്ളതിന് ഗവൺമെന്റ് ഗ്യാരന്റി നൽകുന്നു. തിരിച്ചടവ് കേന്ദ്രസർക്കാർ നൽകുമ്പോൾ സപ്ലൈകോ വഴി അത് സംസ്ഥാന സർക്കാർ ബാങ്കുകൾക്ക് നൽകണം. എന്നാൽ കഴിഞ്ഞ രണ്ട് സീസണുകളിലായി കേന്ദ്രത്തിൽനിന്ന് സംഭരണവില യഥാസമയം കിട്ടുന്നില്ല. പൊതുവിൽ വൈകിയാണ് പൈസ തരുന്നത്, എന്നാൽ അതിനെക്കാളേറെ വൈകിച്ചിട്ടും പണം ലഭിച്ചില്ല. 1,035 കോടി രൂപ നമുക്ക് കേന്ദ്രത്തിൽനിന്ന് താങ്ങുവില ഇനത്തിൽ ലഭിക്കാനുണ്ട്. നമ്മൾ ബാങ്കുകൾക്ക് നൽകേണ്ട തിരിച്ചടവ് മുടങ്ങി എൻ.പി.എ. ആയപ്പോൾ കൃഷിക്കാർക്ക് നോട്ടീസയച്ചു. ആ സമയത്ത് ഞാനും ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയുംകൂടി പങ്കെടുത്ത് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി വിളിച്ചുകൂട്ടി, ഈ മാർച്ച് 31-ാം തീയതിക്കകം പണം തിരിച്ചടച്ചുകൊള്ളാമെന്നും അതുകൊണ്ട് പി.ആർ.എസ്. വായ്പ തുടരണമെന്നും വായ്പ കൊടുത്തുതീർത്ത കൃഷിക്കാർക്ക് പി.ആർ.എസ്.-നമേൽ നൽകുന്ന വായ്പ തുടർന്നും നൽകണമെന്നും ആവശ്യപ്പെട്ടു. കേരളത്തിലെ കൃഷിക്കാർക്ക് മോറട്ടോറിയം പ്രഖ്യാപിച്ചത് പരിഗണിച്ച് അവർക്കുകൂടി പരിഗണന നൽകണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് അത് അംഗീകരിച്ചു. എന്നാൽ റിസർവ് ബാങ്കിന്റെ കൺഫർമേഷൻ അവർക്കാവശ്യമാണെന്ന് പറഞ്ഞതുകൊണ്ടാണ് ഒരാഴ്ചയുടെ വ്യത്യാസം വന്നത്. കഴിഞ്ഞ സീസണിൽ 5,236 ലക്ഷം രൂപയുടെ നെല്ലാണ് സംഭരിച്ചത്. 3,313 ലക്ഷം രൂപ കൊടുത്തുകഴിഞ്ഞു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എൻ.പി.എ. ആകുന്നതുകൊണ്ട് കർഷകർക്ക് നോട്ടീസ് വരുന്നുവെന്ന് മാത്രവുമല്ല പലതരത്തിലുള്ള പ്രയാസങ്ങളും കർഷകർ നേരിടുകയാണ്. നിരണത്തുനിന്നുള്ള റിട്ടയേർഡ് കേണലായ ഒരു കർഷകൻ എന്നെ വിളിച്ചിരുന്നു. അദ്ദേഹം കരുതുന്നത് നമ്മളെല്ലാപേരും കൂടിയാണ് ഇത് ചെയ്തുകൊണ്ടിരിക്കുന്നതെന്നാണ്. ഫോണിൽ വിളിച്ച് ഇനി പറയാനൊന്നുമില്ല. അയാളുടെ പേരിൽ സ്റ്റേറ്റ് ബാങ്കിൽനിന്ന് നോട്ടീസ് വന്നു. അതുകൊണ്ട് മറ്റ് ബാധ്യതകളുണ്ടായിരിക്കുന്നു; എൻ.പി.എ. ആയതിനാൽ മറ്റ് വായ്പകൾ ലഭിക്കില്ലല്ലോ; അപ്പോൾ ഇതിന് അടിയന്തരമായി പരിഹാരമുണ്ടാകണം. ഇന്ന് കുട്ടനാട്ടിലെ മുഴുവൻ കർഷകരും നേരിടുന്ന ഏറ്റവും വലിയ പ്രശ്നവും ഇതാണ്.

ശ്രീ. പി. തിലോത്തമൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. എൻ.പി.എ. ആയപ്പോൾ നോട്ടീസയച്ചു. ആ വിഷയമുൾപ്പെടെ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി മീറ്റിംഗിൽ ചർച്ച ചെയ്തുവെങ്കിലും യാതൊരു നടപടിയും അവർ സ്വീകരിച്ചില്ല. നമ്മുടെ അപ്പീൽ അവർ അംഗീകരിക്കും. റിസർവ് ബാങ്കിന്റെ കൺഫർമേഷൻ ആവശ്യമാണെന്നുപറഞ്ഞപ്പോൾ അത് അവർക്ക് ലഭിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറാ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, വിജയാ ബാങ്ക്, അഞ്ച് ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ ആ സമയത്തുതന്നെ വായ്പ കൊടുക്കാനുള്ള നടപടി ആരംഭിച്ചു. മറ്റ് ബാങ്കുകളും ഇപ്പോൾ ലഭിച്ച കൺഫർമേഷന്റെ അടിസ്ഥാനത്തിൽ പണം നൽകുമെന്നാണ് പറഞ്ഞിരിക്കുന്നത്. മാത്രമല്ല, ഡ്യൂ എമൗണ്ടിനുള്ള പലിശ അടച്ചുതുടങ്ങി. അതുകൊണ്ട് അവർ യാതൊരു തരത്തിലും തർക്കം പറയേണ്ടതില്ല. തീർച്ചയായും റെഗുലറായി തുക കൊടുക്കാനും പുതിയ പി.ആർ.എസ്. വായ്പ നൽകാനും സാധിക്കുമെന്നുള്ള കാര്യം ഉറപ്പാണ്. 5,236 ലക്ഷം രൂപയിൽ 3,313 ലക്ഷം രൂപയും കൊടുത്തതാണ്. ബാക്കിയാണ് കൊടുക്കാനുള്ളത്. ഇപ്പോൾ കൊയ്ത്ത് ആരംഭിച്ചിട്ടുണ്ട്. നെല്ലിന് പി.ആർ.എസ്. വായ്പ കിട്ടുമോയെന്നുള്ള ആശങ്കയാണ് കൃഷിക്കാർക്കുള്ളത്. ബാങ്കുകാർ കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. പി.ആർ.എസ്. വായ്പ നൽകുന്നതിന്റെ 29% വഹിക്കുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയാണ്. കാനറാ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, വിജയാ ബാങ്ക്, അഞ്ച് ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ യാതൊരു പ്രശ്നവുമില്ലാതെ വായ്പ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഫെഡറൽ ബാങ്കാണ് ഇനി വായ്പ കൊടുക്കേണ്ടത്. തീർച്ചയായും കൊടുക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവരുടെ ഡ്യൂ എമൗണ്ടിന് ഇപ്പോൾ പലിശ അടച്ചുതുടങ്ങിയിട്ടുണ്ട്. ഇതാണ് നെല്ല് സംഭരണത്തെക്കുറിച്ച് പറയാനുള്ളത്.

ശ്രീ. സി. എഫ്. തോമസ്: സർ, കർഷക കുടുംബങ്ങളിൽനിന്ന് അപേക്ഷിച്ചാൽ വായ്പ ലഭിക്കാത്ത സാഹചര്യം ഉണ്ടായത് ഒഴിവാക്കാൻ ചുമതല പ്പെട്ടവരുമായി ചർച്ച ചെയ്യുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ബാങ്കുകൾ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഒരു നടപടിയും സ്വീകരിക്കില്ലെന്ന് ഉറപ്പുപറഞ്ഞിട്ടുണ്ട്. അതുമാത്രമല്ല ബാങ്കുകൾ വായ്പ കൊടുത്തുതുടങ്ങി. പഴയ നോട്ടീസിന്റെ പ്രശ്നമില്ലാതായി.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, മറ്റ് ലോണുകൾക്കുവേണ്ടി പോകുമ്പോൾ ബാധിക്കുന്നുണ്ട്.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഇല്ല, ബാധിക്കുന്നില്ല. അവർ നോട്ടീസ് അയച്ചുവെന്നുള്ളത് ശരിയാണ്. എന്നാൽ ഒരുനടപടിയും സ്വീകരിച്ചില്ല. ഇനി സ്വീകരിക്കുകയുമില്ലെന്ന് പറഞ്ഞിരിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഇവിടെ നെല്ല് സംഭരണത്തെ ക്കുറിച്ച് നേരത്തെ പറഞ്ഞു. നെല്ല് സംഭരണത്തിനുവേണ്ടി സ്വകാര്യ കമ്പനികൾ വരികയാണ്. പാഡി ആഫീസറെയും കൂട്ടിയാണ് വരുന്നത്. നെല്ല് ഇങ്ങനെ കൂന കൂടിക്കഴിയുമ്പോൾ കർഷകന് അവ കൊടുക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. മഴ വന്നാൽ എല്ലാം നശിക്കും. അവന്റെ മനസ്സുമുഴുവൻ തീയാണ്. അങ്ങനെ വന്ന സ്ഥലത്ത് നേരെ അവർ വിലപേശുകയാണ്. അഞ്ച് കിലോ കുറയ്ക്കണം, പത്തുകിലോ കുറയ്ക്കണം, ഈ നിലയിൽ റേറ്റ് കുറയ്ക്കാൻ ശ്രമിക്കുകയാണ്. ഇതുവരുന്നതുകൊണ്ട് നെൽകർഷകൻ വളരെ വിഷമത്തിലാണ്. ഞാൻ തന്നെ ചില കാര്യങ്ങൾ അങ്ങയോട് വിളിച്ചുപറഞ്ഞിട്ടുള്ളതാണ്. പാടത്ത് കിടക്കുന്ന നെല്ല് എങ്ങോട്ടു കൊണ്ടുപോകും? ഒരു മഴ പെയ്താൽ അതുമുഴുവൻ കിളിർക്കും. ഇക്കാര്യത്തിൽ തൃപ്തികരമായ തീരുമാനമെടുക്കുന്നതിന് അങ്ങ് നേതൃത്വം കൊടുക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഇതിന് നിശ്ചയിച്ചിട്ടുള്ള ഗുണമേന്മാ മാനദണ്ഡങ്ങൾ പാലിച്ചാലേ നമുക്ക് ഇത്രുശതമാനം അരി ലഭിക്കൂ; അല്ലെങ്കിൽ ലഭിക്കില്ല. അതുകൊണ്ട് എന്തെല്ലാം മാനദണ്ഡങ്ങളാണ് നെല്ല് സംഭരിക്കുമ്പോൾ പരിഗണിക്കേണ്ടതെന്നുള്ളത് എല്ലാ പാടശേഖര സമിതിയെയും കൃഷിക്കാരെയും കർശനമായി അറിയിച്ചിട്ടുണ്ട്. ഓരോ പ്രദേശങ്ങളിലും മിൽ ഉടമകൾ വന്ന് നെല്ല് സംഭരണം നടത്തുമ്പോൾ, ഈ പ്രശ്നങ്ങളുള്ളപ്പോൾ പഞ്ചായത്ത് പ്രസിഡന്റും കൃഷി ആഫീസറും പാഡി ആഫീസറുമുൾപ്പെടെയുള്ള ആളുകൾ ഒന്നിച്ചിരുന്ന് അതിന്മേൽ തീരുമാനമെടുക്കണമെന്ന് പറഞ്ഞു. അത് ഞങ്ങൾ കർശനമായി നിരീക്ഷിച്ചു വരികയാണ്. എവിടെയെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ അവിടെ ഞങ്ങൾ ഇടപെടാറുണ്ട്. ഏതായാലും അങ്ങ് പറഞ്ഞ കാര്യം, അപ്പർ കുട്ടനാട് മേഖലയിൽ പ്രശ്നങ്ങളെപ്പോഴും സങ്കീർണ്ണമാകാറുണ്ട്. അത് നെല്ലിന്റെ ഗുണവുമായി ബന്ധപ്പെട്ട വിഷയമാണ്. അത് പരിശോധിച്ചാലേ ബോധ്യമാകുകയുള്ളൂ.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച അടിയന്തരപ്രമേയം ചർച്ച ചെയ്യാനുള്ള പ്രധാന കാരണം ഇതിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങളുടെ പ്രാധാന്യമാണ്. കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭങ്ങൾ, വിലത്തകർച്ച, വിളത്തകർച്ച, കീടരോഗങ്ങൾ, വന്യമൃഗശല്യം തുടങ്ങിയവ കേരളത്തിന്റെ കാർഷിക മേഖലയെ ബാധിച്ചുകൊണ്ടിരിക്കുന്ന വിഷയമാണ്. വസ്തുതകളെ അങ്ങനെതന്നെ കാണണം. ഇവിടെ ഈ വിഷയത്തെ സംബന്ധിച്ച് ബഹുമാന്യനായ പ്രമേയാവതാരകൻ പതിനഞ്ച് മിനിട്ടിലധികം സംസാരിച്ചു. സർവ്വശ്രീ. പി. ജെ. ജോസഫ്, സണ്ണി ജോസഫ്, കെ. സി. ജോസഫ് തുടങ്ങി ഒരുപാടുപേർ സംസാരിച്ചു. പക്ഷേ, എന്നെ അത്ഭുതപ്പെടുത്തിയ കാര്യം ഇവരെല്ലാവരും പറഞ്ഞ കാര്യങ്ങളുടെ കാരണഭൂതന്മാരായവരെപ്പറ്റി ഒരക്ഷരം മിണ്ടിയില്ല എന്നുള്ളതാണ്. അത് രാഷ്ട്രീയമായി മാത്രം കാണേണ്ട കാര്യമല്ല. നമുക്ക് തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകേണ്ട കാര്യം ഇതിലില്ല. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളെ സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. അതുമായി ബന്ധപ്പെട്ട് അവസാനം പ്രമേയംകൂടി പാസ്സാക്കണമെന്ന് ഞാൻ ആഗ്രഹിച്ചതാണ്. പക്ഷേ, ചർച്ചചെയ്ത് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കൃഷിയുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ ഒന്നുമില്ലെന്നിവിടെ പറഞ്ഞു. നമ്മൾ മനസ്സിലാക്കേണ്ട കാര്യം, കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച കഴിഞ്ഞ ബഡ്ജറ്റിലെടുത്ത സമീപനം സംബന്ധിച്ച് നിയമസഭയിൽ ചർച്ച ചെയ്യേണ്ടതാണ്. കാരണം കൃഷി കൺകറന്റ് ലിസ്റ്റിൽ വരുന്നതാണ്. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന പാക്കേജുകളും ആനുകൂല്യങ്ങളുമെല്ലാം മൂന്ന് നിയമങ്ങൾ പാസ്സാക്കിയ സംസ്ഥാനങ്ങൾക്കുമാത്രമായി പരിമിതപ്പെടുത്തിയിരിക്കു കയാണ്. അതിൽ എന്താണ് സെൻട്രൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്, അത് ഭരണഘടനാവിരുദ്ധമായ കാര്യമല്ലേ; നമ്മൾ ചർച്ച ചെയ്യേണ്ട കാര്യമായിരുന്നില്ലേ? കാരണം, അവർ പറയുന്ന മൂന്ന് നിയമങ്ങളിൽ ഒന്ന്, ഭൂപരിഷ്കരണ നിയമം പാസ്സായിരിക്കുന്ന സംസ്ഥാനമെന്ന നിലയിൽ പാട്ടകൃഷിയുമായി ബന്ധപ്പെട്ട നിയമം ഇവിടെ പാസ്സാക്കുന്നതിന് നിയമപരമായ നിരവധി പ്രശ്നങ്ങളുണ്ടെന്നാണ്. രണ്ടാമത്തെ കാര്യം, കന്നുകാലികളുടെ കച്ചവടവുമായി ബന്ധപ്പെട്ട നിയമമാണ്. ബി.ജെ.പി. ഗവൺമെന്റ് അനുവർത്തിച്ചുവരുന്ന പശുവുമായി ബന്ധപ്പെട്ട പല വിഷയങ്ങളും ഉൾപ്പെട്ട നിയമമാണത്. ആ നിയമം ഇവിടെ പാസ്സാക്കണമെന്ന് പറയുന്നു. മൂന്നാമത്തേത്, കോൺട്രാക്ട് കൃഷിയുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ രാജ്യത്തിന്റെ കൃഷി പൂർണ്ണമായും അടിയറവയ്ക്കാൻ തീരുമാനിച്ചിട്ടുള്ള കോർപ്പറേറ്റ് കൃഷിയെപ്പറ്റിയാണ് പറയുന്നത്. ഈ നിയമം ഇവിടെ ഒരുകാരണവശാലും പാസ്സാക്കാൻ കഴിയില്ലെന്ന കാര്യം കേന്ദ്രഗവൺമെന്റിനെ രേഖാമൂലം അറിയിച്ചു.

മറ്റു രണ്ടുനിയമങ്ങളെക്കുറിച്ചും സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായങ്ങളറിയിച്ചു. കൃഷി കൺകറന്റ് ലിസ്റ്റിലുള്ള ഒരു വിഷയമെന്നനിലയിൽ, ആ നിയമങ്ങൾ പാസ്സാക്കിയവർക്കുമാത്രമാണ് ഇതിന്റെ ആനുകൂല്യമെന്നുപറയുമ്പോൾ അതിനെപ്പറ്റി പ്രതിപക്ഷം അഭിപ്രായം പറയണ്ടേ? നിയമസഭ ഒറ്റക്കെട്ടായി അതിനെതിരെ നിലപാട് സ്വീകരിക്കേണ്ടതാണെന്നുമാത്രമല്ല, കൃഷിക്കാരന്റെ വരുമാനം ഇരട്ടിയായി വർദ്ധിപ്പിക്കുമെന്ന് കേന്ദ്ര സർക്കാർ പറയുമ്പോൾ അതിനുതകുന്ന ഒരു നടപടിയും അവിടെ സ്വീകരിക്കുന്നില്ല. രാസവളത്തിന്റെയും കീടനാശിനികളുടെയും വില വർദ്ധിക്കുന്നു, കൃഷിക്കാരന്റെ സബ്സിഡികൾ പിൻവലിക്കുന്നു. ശ്രീ. കെ. വി. വിജയദാസ് പറഞ്ഞൊരു കാര്യമുണ്ടായിരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ നമുക്ക് സൗജന്യമായി തരുന്നതാണോ; അല്ല, എന്നാൽ 90:10 എന്ന അനുപാതത്തിലുണ്ടായിരുന്ന കേന്ദ്രപദ്ധതികളിലെല്ലാം വൻതോതിൽ വെട്ടിക്കുറവ് വരുത്തിയെന്നു മാത്രമല്ല ഇപ്പോൾ ആർ.കെ.വി.വൈ. പദ്ധതിയിൽ മാറ്റം വരുത്തി 60:40-ൽനിന്ന് 50:50 ആക്കിയിരിക്കുകയാണ്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയും നടപ്പാക്കാൻ കഴിയാത്തവിധത്തിൽ സംസ്ഥാനങ്ങൾക്കുമേൽ അമിതമായ സാമ്പത്തികഭാരം അടിച്ചേൽപ്പിക്കുന്ന സ്കീമുകളാണ് കേന്ദ്രഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കുന്നത്. ഇത് കേരളത്തിന്റെ കാർഷിക മേഖലയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമല്ലേ? അതുമാത്രമല്ല, റബ്ബറിന്റെ വിലത്തകർച്ചയ്ക്ക് ആരാണ് ഉത്തരവാദി? സംസ്ഥാന ഗവൺമെന്റാണോ, നിങ്ങൾക്കെല്ലാവർക്കും അറിയാമല്ലോ; ആസിയാൻ കരാറിന്റെ കാര്യം പലതവണ ഇവിടെ ചർച്ച ചെയ്തതാണ്. ശ്രീ. പി. ടി. തോമസ് എന്തുന്യായം പറഞ്ഞാലും ശരി അത് കോൺഗ്രസ് കൊണ്ടുവന്ന നിയമമാണ്. എന്തുപൂശിയാലും ശരി അത് നിങ്ങളിൽനിന്ന് മാറാൻ പോകുന്നില്ല. കാരണം ആസിയാൻ കരാർ നിങ്ങൾ കൊണ്ടുവന്നതാണ്. അതിനെത്തുടർന്നുള്ള പ്രത്യാഘാതമല്ലേ റബ്ബറുൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെ വിലയിടിവിന്റെ പ്രധാന പ്രശ്നം. ആ പ്രശ്നം ഇവിടെ ചർച്ച ചെയ്തിട്ടില്ല. വളർച്ചാനിരക്ക് കുറഞ്ഞതിനെപ്പറ്റി പറഞ്ഞു. അത് സത്യമാണ്. വളർച്ചാനിരക്ക് നെഗറ്റീവ് ഗ്രോത്തിലേയ്ക്ക് പോകുകയാണെന്നാണ് ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞത്. നെഗറ്റീവ് ഗ്രോത്തിൽ പോകുകയാണെന്നുപറഞ്ഞാൽ 2013-14-ൽ യു.ഡി.എഫ്. ഭരണകാലത്ത് -6.31 ആണ് അന്നത്തെ ഗ്രോത്ത്. ശ്രീ. ഷാഫി പറമ്പിലിന് അതറിയില്ലേ? ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന 2015-16-ൽ ഗ്രോത്ത് എത്രയായിരുന്നു? -5.10 ആയിരുന്നതിൽനിന്നാണ് സംസ്ഥാന ഗവൺമെന്റ് 2016-17-ൽ +0.65-ലേക്ക് എത്തിയത്. 2017-18-ൽ അത് +1.78-ലേയ്ക്കെത്തി. 2018-19-ൽ -0.52-ലേക്കെത്തി എന്നുള്ളത് വസ്തുതയാണ്. അത് പറയുമ്പോൾ ഒരു കാര്യം മനസ്സിലാക്കേണ്ടത്, 2016-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ, നമുക്കുണ്ടായ ദുരന്തമെന്തായിരുന്നു എന്നുള്ളതാണ്.

67 ശതമാനം മഴയുടെ കുറവുണ്ടായ അന്ന് 50,917.62 ഹെക്ടർ സ്ഥലത്തെ കൃഷി ഉണങ്ങിപ്പോയി. പാലക്കാട് ജില്ലയിൽ പതിനായിരക്കണക്കിന് ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിക്കാൻ കഴിഞ്ഞില്ല. അന്ന് 50,917.6 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചുപോയി. 2017-ൽ ഓഖി ദുരന്തമുണ്ടായി. തിരുവനന്തപുരം മുതലുള്ള പല ജില്ലകളിലും ഓഖി ദുരന്തത്തെത്തുടർന്നുണ്ടായിട്ടുള്ള വ്യാപകമായ നാശം കൃഷിയെ പുറകോട്ടടിപ്പിച്ച കാര്യം എല്ലാവർക്കുമറിയാം. 2018-ലുണ്ടായ മഹാപ്രളയത്തിൽ 19,000 കോടി രൂപയുടെ നഷ്ടമുണ്ടായി. 2019-ൽ ഏഴായിരത്തി ചില്വാനം കോടി രൂപയുടെ നഷ്ടമുണ്ടായി. ഏകദേശം 25,000 കോടി രൂപയുടെ നഷ്ടമുണ്ടായ 2018-19 കാലഘട്ടത്തിലെ കണക്ക് എടുക്കുമ്പോൾ നമ്മുടെ വളർച്ചാ നിരക്ക് -0.052 എന്ന നിലയിലേയ്ക്ക് പിടിച്ചുനിർത്തിയത് എങ്ങനെയാണ്? സംസ്ഥാന ഗവൺമെന്റ് കാർഷിക രംഗത്ത് കാര്യക്ഷമമായും ആത്മാർത്ഥമായും ഇടപെട്ടുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഞാൻ കണക്കുകൾ വച്ചുകൊണ്ടുതന്നെ പറയാം. 2016 മുതൽ പ്രളയം പോലെയുള്ള കാര്യങ്ങളാൽ നഷ്ടം വന്നെങ്കിലും സംഭവിച്ചതെന്താണ്? 2018-ലെ പ്രളയത്തിൽ കുട്ടനാടടക്കമുള്ള എല്ലാ മേഖലകളിലും കൃഷി നശിച്ചുപോയി. 19,000 കോടി രൂപയുടെ നഷ്ടമുണ്ടായി. ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ പ്രദേശം കൂടിയാണ് കുട്ടനാട് മേഖല. സംസ്ഥാന ഗവൺമെന്റ് പ്രളയകാലത്ത് എടുത്ത നടപടികൾ എന്തായിരുന്നു എന്നുള്ളതാണ് പ്രതിപക്ഷത്തിരിക്കുന്ന കുട്ടനാട് മേഖലയിലെ എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവരോട് ഞാൻ ചോദിക്കുന്നത്? അന്ന് കുട്ടനാട് മേഖലയിൽ 163 ബണ്ടുകൾ തകർന്നുപോയി. പതിനായിരക്കണക്കിന് ഹെക്ടർ ഭൂമി വെള്ളംകയറി നശിച്ചുപോയി. കൃഷിക്കാർക്ക് തിരിച്ചുവരാൻ കഴിയുമോ എന്നതിൽ ആശങ്കയുണ്ടായി. ഇത്രയധികം ബണ്ടുകൾ തകർന്നുപോയിരിക്കുന്നതിനാൽ മൂന്ന് കൊല്ലത്തേയ്ക്ക് കുട്ടനാട്ടിൽ കൃഷി വരാൻ പോകുന്നില്ല എന്ന് പലരും പറഞ്ഞു. പക്ഷേ, സംസ്ഥാന ഗവൺമെന്റ് ഫലപ്രദമായി ഇടപെട്ടതിനെത്തുടർന്ന് 163 ബണ്ടുകളും യുദ്ധകാലാടിസ്ഥാനത്തിൽ പുനഃസ്ഥാപിച്ചു. കൃഷിക്കാർ ഒരു ഹെക്ടറിന് 120 കിലോ വിത്ത് വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ, അത്രയും വിത്തും സൗജന്യമായി കൊടുത്തു. അവർക്ക് കുമ്മായം വേണമെന്ന് പറഞ്ഞപ്പോൾ, അതും സൗജന്യമായി കൊടുത്തു. ഉഴവുകൂലി രണ്ടാമതും കൊടുത്തു. പമ്പിംഗ് സബ്സിഡിയുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന നിയമത്തിലെ പ്രശ്നങ്ങൾ പരിഹരിച്ച് പ്രത്യേക എക്സിക്യൂട്ടീവ് ഉത്തരവിറക്കി. അങ്ങനെ കൃഷിക്കാർ ആവേശത്തോടുകൂടി കൃഷിയിലേയ്ക്ക് തിരിച്ചുവന്നപ്പോൾ കേരളത്തിലെ നെൽകൃഷി രംഗത്ത് തകർച്ചയല്ല ഉണ്ടായത്, മറിച്ച്, ഒറ്റക്കൊല്ലംകൊണ്ട് അൻപതിനായിരം മെട്രിക് ടൺ അരി കേരളത്തിൽ അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. ഇത് കൃഷിയുമായി ബന്ധപ്പെട്ട് നാം നടത്തിയ ആത്മാർത്ഥമായ ഇടപെടലാണ്.

പ്രളയവുമായി ബന്ധപ്പെട്ട് അങ്ങ് ഉന്നയിച്ച മറ്റ് കാര്യങ്ങളുണ്ട്. ഒരു വാഴ നശിച്ചാൽ അഞ്ച് രൂപ ഇരുപത് പൈസ, ഒരു കിലോമീറ്റർ ബണ്ട് തകർന്നാൽ അറുപതിനായിരം രൂപ, നെൽകൃഷി നശിച്ചവർക്ക് ഹെക്ടറിന് 12,500 രൂപ എന്നിങ്ങനെയാണ് കേന്ദ്രഗവൺമെന്റ് സഹായം നൽകുന്നത്. ഈ ഗവൺമെന്റ് 497 കോടി രൂപ പ്രളയവുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലായി അവർക്ക് സഹായം കൊടുത്തു. അതിനുപുറമേ, ഇപ്പോൾ റീബിൽഡ് കേരളയിൽ 182 കോടി രൂപയുടെ സാമ്പത്തിക സഹായത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. ഇടുക്കി, വയനാട് ജില്ലകൾ ഏറ്റവും പ്രധാന പ്രശ്നമുണ്ടായ സ്ഥലങ്ങളാണ്. എല്ലാ എം.എൽ.എ.-മാർക്കും അനുവദിച്ചിരിക്കുന്ന സാമ്പത്തികസഹായത്തെയും പദ്ധതികളെയും സംബന്ധിച്ച് ഞാൻ കത്തുകൾ എഴുതിക്കൊണ്ടിരിക്കുകയാണ്. റീബിൽഡ് കേരളയിൽ വയനാടിനും ഇടുക്കിക്കും വേണ്ടി മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണത്തിനായി പ്രത്യേകമായി അൻപത് കോടി രൂപയുടെ സഹായം നൽകി. ഇടുക്കിയിലെയും വയനാട്ടിലെയും നശിച്ചു പോയ ഭൂമി എങ്ങനെ സംരക്ഷിക്കും എന്ന് ഇവിടെ ഏതോ ഒരംഗം ചോദിക്കുകയുണ്ടായി? വളരെ പ്രയാസപ്പെട്ട കാര്യമാണത്. നമ്മുടെ യൂണിവേഴ്സിറ്റി പഠനങ്ങൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ, 'ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്, ശാശ്വത പരിഹാരം ഉണ്ടാകണമെങ്കിൽ കാർഷിക രംഗത്ത് പൊളിച്ചെഴുത്ത് ആവശ്യമാണ്' എന്നുപറഞ്ഞു. മാസങ്ങളോളം നീണ്ടുനിന്ന ചർച്ചയ്ക്കൊടുവിൽ കേരളത്തിലെ കാർഷിക മേഖലയെ അഞ്ച് അഗ്രോ ഇക്കോളജിക്കൽ സോണുകളും ഇരുപത്തിമൂന്ന് അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളുമായി വിഭജിച്ച് ഉത്തരവിറക്കിയിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിൽ മണ്ണിന്റെയും ജലത്തിന്റെയും ലഭ്യതയും മണ്ണിന്റെ ഘടനയും അനുസരിച്ച് ശാസ്ത്രീയമായി കൃഷി പുനഃസംഘടിപ്പിക്കാൻ ആവശ്യമായ നടപടി സംസ്ഥാന കൃഷി വകുപ്പിന്റെയും യൂണിവേഴ്സിറ്റിയുടെയും നേതൃത്വത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, ഈ പശ്ചാത്തലത്തിൽ, കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ കഴിയുന്ന അഞ്ച് തരം നെൽവിത്തുകൾ ഇറക്കിക്കഴിഞ്ഞു. ശ്രീ. പി. ജെ. ജോസഫിന് താൽപ്പര്യമുള്ള വിഷയമായിരിക്കും ഇത്. അതുകൊണ്ട് ഞാൻ പറയുകയാണ്, കാർഷിക സർവ്വകലാശാല ഇറക്കിയിരിക്കുന്ന 'പൗർണ്ണമി' എന്ന വിത്തിനം വരൾച്ചയെ പ്രതിരോധിക്കാൻ കഴിയുന്നതാണ്. ഇപ്പോൾ വളരെ ഭംഗിയായി പൊയ്ക്കൊണ്ടിരിക്കുന്ന 'സുപ്രിയ' എന്ന ഇനം പുതിയ വിത്ത് സലൈൻ റെസിസ്റ്റന്റാണ്. ഇപ്പോൾ ഷോർട്ട് ഡ്യൂറേഷനിൽ വളരെ നന്നായി വിളവ് ലഭിച്ചുകൊണ്ടിരിക്കുന്ന, അതായത്, 90 ദിവസംകൊണ്ട് ആറ് ടൺ നെല്ല് തരുന്ന 'മനുപ്രിയ' എന്ന വിത്തിനം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാർഷിക സർവ്വകലാശാല കൃഷിക്കാർക്ക് നൽകിയിരിക്കുന്ന ഉജ്ജ്വലമായ സംഭാവനയാണ്. കാർഷിക മേഖലയിൽ ദീർഘവീക്ഷണത്തോടുകൂടിയാണ് ഇതെല്ലാം ചെയ്യുന്നത്.

ഇവിടെ നെല്ലിന്റെ കാര്യം പറഞ്ഞു. നെൽകൃഷി നശിപ്പിച്ചത് ആരാണ്? 2008-ൽ ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന സമയത്ത് നെൽവയൽ തണ്ണീർത്തട നിയമം കൊണ്ടുവന്നു. അന്ന് ശ്രീ. വി. ഡി. സതീശനെ പ്പോലുള്ളവരും ചെറുപ്പക്കാരായ കോൺഗ്രസ് നേതാക്കളുമൊക്കെ നെൽവയൽ നികത്തൽ എതിർത്തിരുന്നു. സന്തോഷ് മാധവന് 400 ഏക്കർ ഭൂമിയാണ് നികത്താൻ കൊടുത്തത്. അന്ന് ശ്രീ. വി. ഡി. സതീശൻ എതിർത്തു. നല്ല കാര്യമാണ്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം, ഇപ്പോൾ ഞങ്ങൾ ഏകദേശം എഴുപതിനായിരം ഏക്കറിൽ അധികം തരിശുനിലങ്ങളിൽ കൃഷി ചെയ്തുകൊണ്ടിരിക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെയില്ല. അദ്ദേഹത്തിന്റെ ഭൂമി തന്നെ ഇരുപത്തിയഞ്ച് കൊല്ലമായി തരിശ് കിടക്കുകയായിരുന്നു. അദ്ദേഹത്തെക്കൊണ്ടും അദ്ദേഹത്തിന്റെ ഭൂമിയിൽ വിത്തിറക്കിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. അങ്ങനെ ഞങ്ങൾ ഓരോ പ്രദേശത്തും ഇവിടെ നേരത്തെ പറഞ്ഞ സ്ഥലത്തുമാത്രമല്ല, മെത്രാൻ കായലിലും ആറന്മുളയിലും ഇപ്പോൾ കോട്ടയം ടൗണിന്റെ ചങ്ക് എന്നുപറയുന്ന സ്ഥലത്തുമൊക്കെ കൃഷിയിറക്കി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഞാനുംകൂടി പോയാണ് പല തവണ വിത്തെറിഞ്ഞത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആദ്യം എന്നോട് പറഞ്ഞത് - എം.പി. ആയി പോയ, ശ്രീ. അടൂർ പ്രകാശ്, നിങ്ങൾ ചുമ്മാ എവിടെയോകൊണ്ട് വിത്ത് ഇറക്കി യിരിക്കുകയാണ്, ആറന്മുളയിൽ വിത്തിറക്കാമോ എന്ന് ചോദിച്ചു എന്നാണ്. ആറന്മുളയിൽ വിത്തിറക്കി എന്നുമാത്രമല്ല 691 ഏക്കർ സ്ഥലത്ത് അധികമായി കൃഷി ഇറക്കുകയും ചെയ്തു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മണ്ഡലത്തിൽ അങ്ങുതന്നെ പരിശോധിക്കുക, കോട്ടയം ടൗണിൽ ആയിരത്തിലധികം ഏക്കർ സ്ഥലത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കൃഷിയിറക്കിയില്ലേ? ഈ ഗവൺമെന്റ് നെൽകൃഷിയെ ലാഭകരമായ കൃഷിയാക്കി മാറ്റി. നെൽകൃഷിക്ക് സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി 6,000 രൂപ, പ്രത്യേക നെല്ലിനങ്ങൾ കൃഷി ചെയ്യുകയാണെങ്കിൽ 10,000 രൂപ, കരനെൽകൃഷി ചെയ്യുമ്പോൾ 13,600 രൂപ, തരിശുനിലം കൃഷി ചെയ്യുന്നവർക്ക് 30,000 രൂപ, ഒരുപൂ-ഇരുപൂ കൃഷി ചെയ്യുന്നവർക്ക് 10,000 രൂപ, പ്രൊഡക്ഷൻ ബോണസ് 1,000 രൂപ തുടങ്ങി പമ്പിംഗ് സബ്സിഡിയും സൗജന്യ വൈദ്യുതിയുമെല്ലാം ഗവൺമെന്റ് കൊടുക്കുകയാണ്. മാത്രമല്ല, ഇപ്പോൾ ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ചിരിക്കുന്നതുപോലെ ഈ ബഡ്ജറ്റിൽ ഒരു ഹെക്ടറിന് രണ്ടായിരം രൂപ റോയൽറ്റിയായി, ഇന്ത്യയിലാദ്യമായി ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിലെ കൃഷിക്കാരെ സംരക്ഷിക്കാൻ ചെയ്തതാണ്. നിങ്ങളുടേതടക്കമുള്ള മണ്ഡലങ്ങളെ തരിശുരഹിത മണ്ഡലമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ വളരെ ബഹുമാനത്തോടുകൂടി അഭിനന്ദിക്കുകയാണ്. കാരണം, അദ്ദേഹം തന്റെ മണ്ഡലത്തെ സമ്പൂർണ്ണ തരിശുരഹിതം ആക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പ്രത്യേക പദ്ധതിയായ 'ഹരിതം ഹരിപ്പാട്' മാതൃകാപരമായ ഒന്നാണ്. സംസ്ഥാന കൃഷി വകുപ്പ് പണം കൊടുക്കുകയും പല തവണ ഞങ്ങൾ ഒരുമിച്ച് യോഗം ചേരുകയും ചെയ്തു. ശ്രീ. സി. കെ. ഹരീന്ദ്രന്റെ മണ്ഡലം സമ്പൂർണ്ണ തരിശുരഹിതമാക്കി മാറ്റിക്കഴിഞ്ഞിരിക്കുന്നു. അങ്ങനെ ഓരോ മണ്ഡലങ്ങളും തരിശുരഹിതമാക്കാൻ കൃഷിക്കാരൻ വരുന്നത് എന്തുകൊണ്ടാണ്? നിങ്ങളുടെ ഭരണകാലത്ത് നെൽകൃഷി മരിച്ചുപോയെങ്കിൽ ഞങ്ങളുടെ കാലത്ത് തളിർക്കുകയാണ്. ഇവിടെ കൃഷി വ്യാപിക്കുകയാണ്. അതിൽ നിങ്ങളും പങ്കാളികളാകുന്നു എന്നുള്ളതിൽ വളരെ സന്തോഷമുണ്ട്. അതിൽ ആർക്കും നിഷേധാത്മക സമീപനമില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണെങ്കിലും ഇവിടെ ഇരിക്കുന്ന ആരാണെങ്കിലും നെൽകൃഷിയെ പ്രോത്സാഹിപ്പിക്കും. കാരണം, നെൽകൃഷിയെ ലാഭകരമാക്കി മാറ്റാൻ ഈ സർക്കാരിന് സാധിച്ചു. ഇതൊക്കെ ചെയ്തശേഷവും നെല്ലുൽപ്പാദിപ്പിച്ചാൽ ഒരു കിലോ നെല്ലിന് 26.95 രൂപ കൊടുത്ത് സംഭരിക്കുന്ന സംവിധാനമുള്ള ഒരേയൊരു സംസ്ഥാനം കേരളമാണ് എന്ന് ഇവിടെ സൂചിപ്പിച്ചു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് തരിശുകൃഷിയെപ്പറ്റി പറഞ്ഞു. അങ്ങയോട് നെഗറ്റീവായി പെരുമാറിയ ഒരാളും ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ, ഒരു പ്രശ്നമുള്ളത്, കാവാലത്തും ആലപ്പുഴയിലുമെല്ലാം പാട്ടകൃഷിക്കാരാണ് വരുന്നത്. ഭൂമി തരിശിട്ടിരിക്കുന്ന കർഷകനെത്തന്നെ കൃഷിയിറക്കുന്നതിനുവേണ്ടി പ്രാപ്തരാക്കുക എന്നുള്ളതാണ് നമ്മൾ ഉദ്ദേശിക്കുന്നത്. പാട്ടകൃഷിക്കാർ വന്നു കഴിഞ്ഞാൽ സബ്സിഡി വാങ്ങി പോകുകയാണ്. പിന്നീട് എന്താണ് സംഭവിക്കുന്നത് എന്നതിനെക്കുറിച്ച് ഡിപ്പാർട്ട്മെന്റ് ആലോചിക്കണം. അതങ്ങ് പരിശോധിക്കണം. ഇപ്പോൾ ഇത്രയും വർഷമായില്ലേ? നമുക്ക് എത്ര രൂപ റിട്ടേൺ കിട്ടി, എത്ര രൂപ സബ്സിഡി കൊടുത്തു, അതിന്റെ പ്രയോജനം നമുക്കുണ്ടായിട്ടുണ്ടോ, അതിൽ എത്ര പാട്ടകൃഷിക്കാരുണ്ട്, എത്ര സ്ഥലമുടമകളെ കൃഷിയിൽ നിലനിർത്താൻ കഴിഞ്ഞു തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുകൂടി ആലോചിക്കണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, തീർച്ചയായും അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. കുട്ടനാട് മേഖലയിൽ ഇപ്പോൾ ഗവൺമെന്റ് തന്നെ നെൽവയലുകൾ കൃഷിക്കാർക്ക് പാട്ടത്തിന് ടെണ്ടർ ചെയ്ത് കൊടുക്കുന്ന കാര്യം അങ്ങേയ്ക്കറിയാമല്ലോ. എത്രയോ സ്ഥലങ്ങളിൽ അങ്ങനെ നടന്നുകൊണ്ടിരിക്കുകയാണ്. പൂച്ച കറുത്തതാണെങ്കിലും വെളുത്തതാണെങ്കിലും എലിയെപ്പിടിച്ചാൽ മതി എന്നൊരു തത്വമാണ് നമ്മൾ ഇവിടെ അംഗീകരിക്കേണ്ടത്. അതേസമയം അങ്ങ് പറയുന്നതുപോലെ ചൂഷണമുണ്ടെങ്കിൽ അത് പരിശോധിക്കാം. പക്ഷേ അങ്ങ് ഒരു കാര്യം മനസ്സിലാക്കണം, നേരത്തെ

ഒരു ഹെക്ടർ നെൽവയൽ പാട്ടത്തിന് കൊടുക്കുമ്പോൾ 2,000 രൂപയായിരുന്നു നിശ്ചയിച്ചിരുന്നത്. ഇപ്പോൾ ഏറ്റവും കുറഞ്ഞത് 15,000 രൂപ മുതൽ 25,000 രൂപ വരെയാണ് ഒരു ഹെക്ടർ നെൽവയൽ ടെണ്ടർ ചെയ്യുമ്പോൾ പാട്ടത്തിന് കൊടുക്കുന്നത്. മെത്രാൻ കായൽ അവിടത്തെ കൃഷിക്കാർ പാട്ടത്തിനെടുക്കുമ്പോൾ 50,000 രൂപയാണ് ഉടമസ്ഥർക്ക് കൊടുക്കുന്നത്. ഇവിടെ നെൽകൃഷി ചെയ്താൽ അത് ലാഭകരമാണെന്ന് വന്നപ്പോഴാണ് കേരളത്തിലെ കൃഷിക്കാർ നെൽകൃഷിയിലേയ്ക്ക് കടന്നുവന്നിരിക്കുന്നത്. അത് ഗവൺമെന്റിന്റെ ആസൂത്രിതമായ ഇടപെടലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക രംഗത്തുള്ള ആത്മാർത്ഥതയുടെ ഭാഗമായി അവർ ഉഴവുകൂലി കൊടുക്കുകയും കൃഷിക്കുവേണ്ടി പ്രത്യേക പദ്ധതി വയ്ക്കുകയും മാത്രമല്ല, കൃഷി വകുപ്പുമായി ഒരുമിച്ചുചേർന്ന് നടത്തുന്ന ഈ മുന്നേറ്റത്തിന്റെ ഭാഗമായിട്ടാണ് കാർഷിക രംഗത്ത് ഈ പുരോഗതി ഉണ്ടായത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞങ്ങൾ പരിശോധിച്ചപ്പോൾ കൃഷിക്കുവേണ്ടി മാറ്റിവച്ച പദ്ധതി തുകയിൽ 40% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അങ്ങ് കേരളത്തിലെ മണ്ഡലങ്ങളെ തരിശുരഹിതമാക്കി മാറ്റാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ, പദ്ധതി വിഹിതത്തിൽ ചെലവഴിച്ചത് 40% മാത്രമാണ്. തെങ്ങുകൃഷി വികസനത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ 69 കോടി രൂപയിൽ ചെലവാക്കിയത് 14 കോടി രൂപ മാത്രം; എന്നുവച്ചാൽ 20%. നെൽകൃഷി വികസനത്തിന് 90.85 കോടി രൂപയിൽ ചെലവാക്കിയത് 43 കോടി രൂപ മാത്രം; 47%. ഹൈടെക് കൃഷിക്കുവേണ്ടി 55 ലക്ഷം രൂപ മാറ്റിവച്ചിട്ട് ഒരു രൂപപോലും ചെലവഴിച്ചില്ല. അപ്പോൾ ഈ പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ നമ്മൾ എത്രമാത്രം പുറകിലാണെന്ന് അങ്ങ് കാണണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞ കണക്കുകളെല്ലാം ശരിയാണ്. പക്ഷെ കഴിഞ്ഞ വർഷത്തെപ്പോലെ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് കൃഷി വകുപ്പിന്റെ expenditure എപ്പോഴും ഉണ്ടാകുന്നത്. കാരണം എല്ലാ വിളകളുടെയും ഫൈനൽ വരുമ്പോഴാണ് എക്സ്പെന്റിച്ചർ കണക്കാക്കുന്നത്. എല്ലാം on-going സ്കീമുകളായതിനാൽ അതിനെപ്പറ്റി ആശങ്കകളൊന്നും വേണ്ട. കഴിഞ്ഞ വർഷം 95% ആണ് എക്സ്പെന്റിച്ചറെങ്കിൽ അതിനേക്കാൾ ഒരു ശതമാനമെങ്കിലും കൂടാൻ മാത്രമേ സാധ്യതയുള്ളൂ. അങ്ങ് പങ്കുവച്ച ആശങ്കയിൽ അടിസ്ഥാനമില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഇപ്പോൾ ways and means clearance-ന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിരിക്കുകയാണ്. അതിനുപുറമെ പഞ്ചായത്ത് കൃഷിയുമായി ബന്ധപ്പെട്ട് ഏകദേശം 967 കോടി രൂപയുടെ സ്കീമുകൾ നടപ്പാക്കുകയാണ്. അതുകൊണ്ട് എക്സ്പെന്റിച്ചറിന്റെ കാര്യത്തിൽ ആശങ്കയ്ക്ക് വലിയ അടിസ്ഥാനമുണ്ടെന്ന് തോന്നുന്നില്ല. അത് പരിഹരിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഒന്ന് ശ്രദ്ധിക്കൂ. അടിയന്തരപ്രമേയം നമ്മൾ രണ്ട് മണിക്കൂർ എടുത്ത് ചർച്ച നടത്തിയതാണ്. ഇനി വീണ്ടും നമുക്ക് ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ച തുടരേണ്ടതുണ്ട്. ദയവായി അങ്ങ് ബഡ്ജറ്റ് ചർച്ചപോലെ വഴങ്ങരുത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കുറച്ച് വസ്തുതകൾ പറയണം. കാരണം ഇവിടെ ഒരുപാട് കാര്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ്. ഇത് സർക്കാർ മറുപടി പറയേണ്ട കാര്യങ്ങളല്ലേ? ഞാൻ വഴങ്ങുന്നില്ല. എനിക്ക് സംസാരിക്കാൻ അവസരം തന്നാൽ മതി.

ഇവിടെ തെങ്ങിനെപ്പറ്റി പറഞ്ഞു. പ്രകൃതിദുരന്തങ്ങളൊക്കെ ഉണ്ടായ സാഹചര്യത്തിൽ തെങ്ങിന്റെ ഉൽപ്പാദനക്ഷമത കഴിഞ്ഞ പത്ത് കൊല്ലമായി താഴേയ്ക്ക് വരികയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു നാളികേര വികസന കൗൺസിൽ രൂപീകരിച്ചുകൊണ്ട് 2018 മുതൽ 2028, 2029 വരെ നീണ്ടുനിൽക്കുന്ന ഒരു മിഷൻ മോഡൽ പരിപാടി ആരംഭിച്ചത്. അതിനെത്തുടർന്ന് കേരഗ്രാമങ്ങൾ രൂപീകരിച്ചു. മലപ്പുറം ജില്ലയിലെ എം.എൽ.എ.-മാർ ഇവിടെയുണ്ടല്ലോ. ഏറ്റവും കൂടുതൽ കേരഗ്രാമം കൊടുത്തിരിക്കുന്നത് മലപ്പുറം ജില്ലയിലാണ്. എല്ലാ എം.എൽ.എ.-മാരും കേരഗ്രാമം ആവശ്യപ്പെടുന്നു. ഇപ്പോൾ 391 കേരഗ്രാമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അതിനെത്തുടർന്ന് പുറകിലേയ്ക്ക് പോയ നാളികേരത്തിന്റെ ഉൽപ്പാദന ക്ഷമത നേരിയ തോതിൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇന്നുള്ള ഉൽപ്പാദനക്ഷമത പത്ത് കൊല്ലംകൊണ്ട് 6996 ആകുമെന്ന് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റും 9000 ആകുമെന്ന് Coconut Development Board-ഉം (CDB) പറയുകയാണ്, കണക്ക് എന്തായാലും ഇപ്പോൾ ഉള്ളതിന്റെ മൂന്നിലൊന്ന് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി പറയുന്നതുപോലെ അവരുമായി ചേർന്നുകൊണ്ട് ഇറിഗേഷൻ മേഖലയിലും അതുപോലെതന്നെ സൂക്ഷ്മതല പരിപാലന രീതിയിലൂടെയും പത്ത് കൊല്ലംകൊണ്ട് കേരളത്തിൽ നാളികേരത്തിന്റെ വിസ്തൃതിയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ ആവശ്യമായ കാര്യക്ഷമമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ സീസൺ അനുസരിച്ച് നാളികേരത്തിന്റെ സംഭരണ വില 27 രൂപയാണ്. ഒരു കിലോ നിങ്ങൾക്ക് സംഭരിക്കാൻ പറ്റുമോ? ഇപ്പോൾ നാളികേരത്തിന് കിലോയ്ക്ക് 35 രൂപ വിലയുണ്ട്. അത് 40 രൂപയാണെങ്കിൽ മാത്രമേ സംഭരണം നടക്കുകയുള്ളൂ. എല്ലാ സ്ഥലത്തും ചെമ്പൻചെല്ലി തെങ്ങിനെ തകർത്തുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, മിനിമം സപ്പോർട്ട് പ്രൈസ് കേന്ദ്രം നിശ്ചയിക്കുന്നതാണ്. പച്ചത്തേങ്ങയ്ക്ക് പ്രത്യേക സംഭരണ വില 27 രൂപയാക്കി എൽ.ഡി.എഫ്. ഗവൺമെന്റ് നിശ്ചയിച്ചിരുന്നു. അന്നത് നിശ്ചയിക്കുമ്പോൾ ഗവൺമെന്റ് പറഞ്ഞതെന്താണ്? പച്ചത്തേങ്ങയുടെ വില 27 രൂപയിൽ താഴെ എന്ന് വരുന്നുവോ അന്ന് നാളികേരസംഭരണം നടത്തുമെന്നാണ്. ഇവിടെ ഇപ്പോൾ ഒരു സ്ഥലത്തും 27 രൂപയിൽ താഴെ പച്ചത്തേങ്ങയുടെ വിലയില്ല. 27 രൂപയേക്കാൾ എന്ന് വില താഴ്ന്നാലും 900 കേന്ദ്രങ്ങളിൽ പച്ചത്തേങ്ങ സംഭരിക്കാനുള്ള സർവ്വവിധ സംവിധാനങ്ങളും സംസ്ഥാന കൃഷി വകുപ്പ് ഒരുക്കിയിട്ടുണ്ട്. അതുകൊണ്ട് നാളികേരത്തിന് 30-32 രൂപ വിലയുള്ളപ്പോൾ ഒരു കൃഷിക്കാരനും 27 രൂപയ്ക്ക് പച്ചത്തേങ്ങ സംഭരിക്കില്ല. ഞാൻ ചോദിക്കട്ടെ, നാഫെഡ് സംഭരിക്കുന്നതെങ്ങനെയാണ്? 95 രൂപ 20 പൈസയാണ് ഒരു കിലോ കൊപ്രയുടെ വില. അത് 95 രൂപ 21 പൈസയായാൽ നാഫെഡ് സംഭരിക്കില്ല. ആ നയം തന്നെയാണ് നിങ്ങളും എടുത്തത്. അതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് പച്ചത്തേങ്ങ സംഭരണം സംസ്ഥാന ഗവൺമെന്റ് ഉപേക്ഷിച്ചതല്ല. പച്ചത്തേങ്ങ സംഭരിക്കാൻ വേണ്ട സംവിധാനം ഇവിടെയുണ്ട്. പച്ചത്തേങ്ങ സംഭരിക്കേണ്ട സന്ദർഭം വന്നാൽ, അത് 27 രൂപയ്ക്ക് താഴെയായിക്കഴിഞ്ഞാൽ ഞങ്ങൾ സംഭരിക്കും. ഇവിടെ ശ്രീ. ഷാഫി പറമ്പിൽ ചോദിച്ചു, കേന്ദ്ര ഗവൺമെന്റിന്റെ മിനിമം സപ്പോർട്ട് പ്രൈസ് കമ്മിറ്റിക്ക് മുൻപാകെ ഒരു കിലോ പച്ചത്തേങ്ങയ്ക്ക് 40 രൂപ ആക്കണമെന്ന ശിപാർശയാണ് സംസ്ഥാന ഗവൺമെന്റ് കൊടുത്തിരിക്കുന്നത്. അതുപോലെ നെല്ലിന്റെ വില 29 രൂപ 90 പൈസ ആക്കണമെന്നാണ് ഞങ്ങൾ കൊടുത്തിരിക്കുന്ന കണക്ക്. നമ്മൾ കണക്ക് വച്ചുകൊണ്ട് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ കേന്ദ്രത്തിന്റെ കണക്കുകൂട്ടലുകൾ പലപ്പോഴും വ്യത്യസ്തമാണ്. അവർ എം. എസ്. സ്വാമിനാഥൻ കമ്മീഷൻ പറയുന്ന കാര്യങ്ങളിൽ നിന്നും വ്യത്യസ്തമായ കണക്കുകൂട്ടലുകൾ വച്ച് എം.എസ്.പി. നിശ്ചയിച്ചുകൊണ്ട് കൃഷിക്കാരെ ദ്രോഹിക്കുകയാണ്. അതുകൊണ്ട് എം.എസ്.പി. നിശ്ചയിക്കുന്ന കാര്യത്തിൽ നമുക്കൊന്നും ചെയ്യാൻ കഴിയില്ല. കേരളത്തിലെ കൃഷിക്കാരെ സംരക്ഷിക്കാൻ ഇതുമാത്രമല്ല ഇവിടെ നടപ്പാക്കിയത്. ഇന്ത്യയിലാദ്യമായി കർഷക ക്ഷേമ ബോർഡ് നിയമം ഈ നിയമസഭ പാസ്സാക്കി. ഞാൻ ഇവിടെ ബഹുമാന്യനായ ശ്രീ. സണ്ണി ജോസഫിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നില്ല. അദ്ദേഹം കർഷക ക്ഷേമ ബോർഡിന്റെ സെലക്ട് കമ്മിറ്റിയിലുണ്ടായിരുന്ന ആളാണ്. ബഹുമാന്യനായ കെ. സി. ജോസഫും ഉണ്ടായിരുന്നു. അതിൽ ഏറ്റവും കൂടുതൽ കോൺട്രിബ്യൂട്ട് ചെയ്ത രണ്ട് മെമ്പർമാർ കൂടിയാണിവർ. കർഷക ക്ഷേമ ബോർഡ് നിയമം ഈ നിയമസഭയിൽ വന്നപ്പോൾ നിങ്ങൾക്ക് എന്തെങ്കിലും അഭിപ്രായ

വ്യത്യാസം ഉണ്ടായിരുന്നോ? ഇന്ത്യയിലാദ്യമായി കൃഷിക്കാർക്കുവേണ്ടി ക്ഷേമനിധി ബോർഡ് ഏർപ്പെടുത്തുന്ന, അവരുടെ മക്കളുടെ വിദ്യാഭ്യാസം, നിങ്ങളുടെ കർഷക നയത്തിൽ പറഞ്ഞിരുന്ന അവകാശലാഭം പ്രത്യേക സെക്ഷനായി ചേർക്കാൻ വേണ്ടി ഒന്നര ദിവസം എടുത്താണ് അത് ചർച്ച ചെയ്ത് പരിഹരിച്ചത്. ഇന്ത്യയിലാദ്യമായി കൃഷിക്കാർക്ക് അവകാശലാഭം ഉൾപ്പെടെയുള്ള കാര്യങ്ങൾ അനുവദിച്ചുകൊടുക്കുന്ന കർഷക ക്ഷേമ ബോർഡ് നിയമം നിയമസഭയിൽ ചർച്ചയ്ക്ക് വന്നപ്പോൾ അത് ബഹിഷ്കരിച്ചവരാണ് നിങ്ങൾ. അതിനെപ്പറ്റി ചർച്ച ചെയ്യാനോ മറുപടി പറയാനോ നിങ്ങൾ തയ്യാറായോ? എന്തുകാരണവും ആയിക്കൊള്ളട്ടെ, ഇപ്പോൾ കൃഷിക്കാരനാണ് ഏറ്റവും വലിയ കാര്യമെന്ന് നിങ്ങൾ പറയുമ്പോൾ ഏത് കാര്യത്തെപ്പറ്റിയും ഒത്തുതീർപ്പുണ്ടാക്കാൻ അന്ന് കഴിയുമായിരുന്നു. അങ്ങ് അന്ന് ബഹിഷ്കരണം ഒഴിവാക്കി ഇവിടെ നടന്ന ചർച്ചയിൽ പങ്കെടുത്തിരുന്നെങ്കിൽ സംസ്ഥാനത്ത് കൃഷിക്കാരനുമായി ബന്ധപ്പെട്ട സുപ്രധാനമായ നിയമം പ്രതിപക്ഷത്തിന്റെ ഒരു ശബ്ദംപോലുമില്ലാതെയല്ലേ പാസ്സാക്കിയത്? വളരെ വിഷമമുണ്ടാക്കിയ കാര്യമാണത്. ഒരു കൊല്ലം നീണ്ടുനിന്ന സെലക്ട് കമ്മിറ്റി ചർച്ചയിലൂടെ നാം കൊണ്ടുവന്ന ആ നിയമം ചർച്ച ചെയ്യാൻപോലും നിങ്ങൾ തയ്യാറായില്ല. അതുകൊണ്ടാണ് നിങ്ങളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യേണ്ടി വരുമെന്ന് ഞാൻ പറയുന്നത്. ആദിവാസി മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന നയങ്ങളെക്കുറിച്ചാണ് മറ്റൊരു കാര്യം പറഞ്ഞത്. അട്ടപ്പാടി മേഖലയിൽ മില്ലറ്റ് വില്ലേജ് പദ്ധതി, അതിരപ്പിള്ളി മേഖലയുമായി ബന്ധപ്പെട്ട് ആദിവാസി കർഷകർക്കുവേണ്ടിയുള്ള പദ്ധതി, വയനാട്ടിലെ കൃഷിക്കാർക്കുവേണ്ടിയുള്ള പദ്ധതി അങ്ങനെ തുടങ്ങി ആദിവാസി മേഖല അടക്കമുള്ള കാർഷിക മേഖലയിലെ കൃഷിക്കാർക്കുവേണ്ടി പ്രത്യേക പദ്ധതി കൊണ്ടുവന്നു. ഇവിടെ ഇൻഷ്വറൻസിനെ പ്പറ്റി ചോദിച്ചു. ഇന്ത്യയിലാദ്യമായി ഏറ്റവും വലിയ സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീം നടപ്പാക്കിയത് കേരളത്തിലാണ്. 1995-ൽ ഉണ്ടായിരുന്ന സ്കീമിൽ മാറ്റം വരുത്തി ഇവിടത്തെ കൃഷിക്കാരെ സംരക്ഷിക്കാൻ 26 വിളകൾക്ക് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളാകാൻ അവസരം ഉണ്ടാക്കിക്കൊടുത്തു. നിങ്ങളുടെ ഗവൺമെന്റ് ഭരിക്കുമ്പോൾ ഒരു വാഴ നശിച്ചാൽ നിങ്ങൾ കൊടുക്കുന്ന നഷ്ടപരിഹാരം എത്രയാണെന്നറിയാമോ? 50 രൂപ. അതും നേന്ത്രവാഴ, കപ്പവാഴ, റോബസ്റ്റ എന്നിവയ്ക്ക് മാത്രം. കുലയ്ക്കാത്ത വാഴയ്ക്ക് 20 രൂപ. എന്നാൽ സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമായി ഇപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഒരു വാഴയുടെ ഇൻഷ്വറൻസിന്റെ നഷ്ടപരിഹാരത്തുക 50 രൂപയിൽ നിന്നും 300 രൂപയായി വർദ്ധിപ്പിച്ചു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങേയ്ക്ക് വാഴയുണ്ടെങ്കിലേ മനസ്സിലാകൂ. വാഴ വയ്ക്കാത്തവർക്ക് അത് മനസ്സിലാകില്ല. 2016-ൽ നിങ്ങളുടെ ഭരണകാലത്ത് 89862 പേരാണ് ഇൻഷ്വറൻസിൽ ചേർന്നത്. അന്ന് കൊടുത്തത്

1,60,00,000 രൂപയാണ്. 2019-2020-ൽ ഈ ഇൻഷ്വറൻസിൽ ചേർന്നവരുടെ എണ്ണം 337554 ആയി. 54 കോടി രൂപ കൃഷിക്കാർക്ക് ഇൻഷ്വറൻസിന്റെ നഷ്ടപരിഹാരമായി കൊടുക്കാൻ കഴിഞ്ഞു. അതിന്റെ ഭാഗമായി തെങ്ങിന് 1,000 രൂപയെന്നത് 2,000 രൂപയാക്കി, കമുകിന് 100 രൂപയെന്നത് 200 രൂപയാക്കി, റബ്ബറിന് 500 രൂപയെന്നത് 1,000 രൂപയാക്കി, കശുമാവ് 200 രൂപയെന്നത് 750 രൂപയാക്കി, മരിച്ചീനി 5,000 രൂപയെന്നത് 10,000 രൂപയാക്കി മാറ്റി, കൈതച്ചക്ക 25 രൂപയെന്നത് 50 രൂപയാക്കി, കുരുമുളക് 40 രൂപയെന്നത് 200 രൂപയാക്കി, ഏലം 30,000 രൂപയെന്നത് 60,000 രൂപയാക്കി, ഇഞ്ചി 40,000 രൂപയെന്നത് 80,000 രൂപയാക്കി, മഞ്ഞൾ 40,000 രൂപയെന്നത് 60,000 രൂപയാക്കി, കാപ്പി 75 രൂപയെന്നത് 350 രൂപയാക്കി, തേയില 60,000 രൂപയെന്നത് 70,000 രൂപയാക്കി, കൊക്കോ 35 രൂപയെന്നത് 300 രൂപയാക്കി, നിലക്കടല 8,000 രൂപയെന്നത് 12,000 രൂപയാക്കി, എള്ള് 5,000 രൂപയെന്നത് 12,500 രൂപയാക്കി മാറ്റി. അതിനുപുറമേ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാപ്പി, കുരുമുളക്, റബ്ബർ, കവുങ്ങ് തുടങ്ങിയ എട്ട് മലയോര വിളകൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന നഷ്ടപരിഹാരത്തുക ഇരട്ടിയാക്കി. ഈ ബഡ്ജറ്റിൽ ഒന്നുമില്ലെന്ന് പറയുന്നത് കണ്ണുപൊട്ടന്മാരാണ്. നെൽകൃഷിക്കുള്ള ബഡ്ജറ്റ് വിഹിതം 9,085 ലക്ഷം രൂപയിൽനിന്നും 11,824 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. അതിനുപുറമേ നെൽകൃഷിക്ക് 2,000 രൂപ ഉടമസ്ഥന്മാർക്ക് റോയൽറ്റി കൊടുക്കുകയാണ്. നിങ്ങൾ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ. ശ്രീ. കെ. കൃഷ്ണൻകുട്ടി, കൃഷിയോട് താൽപ്പര്യമുള്ളയാൾ, യു.ഡി.എഫ്.-ലുള്ള കാലത്ത് ഒരുപാട് കരഞ്ഞ് പറഞ്ഞെങ്കിലും നിങ്ങൾ ഒന്നും ചെയ്തില്ല. കർഷക ക്ഷേമ ബോർഡിനെപ്പറ്റി പറഞ്ഞു, നടന്നോ? അദ്ദേഹത്തിനെ ചെയർമാനാക്കി നിങ്ങൾ പറഞ്ഞ നല്ല കാര്യങ്ങൾ നടപ്പാക്കുന്നത് ഞങ്ങളാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഞാൻ പറഞ്ഞത് മനസ്സിലായോ. സർക്കസ്സിലെ അടിമാത്രമാണ് നിങ്ങൾ നടത്തിയത്. പക്ഷെ ഞങ്ങൾ അത് നടപ്പാക്കി. ഞങ്ങൾ കർഷക ക്ഷേമനിധി നടപ്പാക്കി. ...(ബഹളം)... അതിനുപുറമേ തൃശ്ശൂർ ഓപ്പറേഷൻ കോൾ ഡബിളിന് 200 ലക്ഷം രൂപ. നാളികേര കൃഷിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ബഡ്ജറ്റിലെ 65 കോടി രൂപയായിരുന്നത് 74 കോടി രൂപയായി വർദ്ധിപ്പിച്ചു. അതിനുപുറമേ 20 കോടി രൂപ നാളികേര വികസന കൗൺസിലിന് മാറ്റിവച്ചിരിക്കുകയാണ്. ഹൈടെക് കൃഷിക്കുവേണ്ടി 205 കോടി രൂപയെന്നുള്ളത് 260 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. നമ്മുടെ ഭാവി മാറണമെങ്കിൽ കേരളത്തിലെ പഴവർഗ്ഗങ്ങളുടെ കൃഷിയും പുഷ്പ കൃഷിയും വർദ്ധിക്കണം. ഇത് പ്രധാനപ്പെട്ട കാര്യമാണ്. തേനിന്റെയും പഴവർഗ്ഗങ്ങളുടെയും പുഷ്പകൃഷിയുടെയും സാധ്യതയുടെ പത്ത് ശതമാനംപോലും

നമ്മൾ ഉപയോഗപ്പെടുത്തിയിട്ടില്ല. ഇതിന്റെ ഭാഗമായി ഒരു കൊല്ലം ഒരു കോടി പഴവർഗ്ഗങ്ങൾ കൃഷിചെയ്യുന്ന ഒരു വലിയ പദ്ധതി സർക്കാർ ആരംഭിക്കാൻ പോകുകയാണ്. കേരളത്തിൽനിന്ന് 20,000 കോടി രൂപയുടെ പഴവർഗ്ഗങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന സാധ്യതകളാണ് സംസ്ഥാനത്ത് ഉയർന്നു വന്നിരിക്കുന്നത്. പുഷ്പകൃഷിയുടെ ഭാഗമായി നെതർലാന്റ് ഗവൺമെന്റുമായി ചേർന്ന് Centre of Excellence സ്ഥാപിച്ചിരിക്കുന്നു, കരാർ ഒപ്പുവച്ചിരിക്കുന്നു. കേരളത്തെ പുഷ്പകൃഷിയുടെ ഹബ്ബാക്കി മാറ്റാൻവേണ്ടിയുള്ള നടപടി സംസ്ഥാന ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. അടുത്ത പത്ത് കൊല്ലം, രണ്ട് പതിറ്റാണ്ട്, ഞാൻ ഇത് അങ്ങയോട് പറയുകയാണ്, ലോകം മുഴുവനും ക്യാഷ് ക്രോപ്പിൽനിന്നും മാറുകയാണ്. ക്യാഷ് ക്രോപ്പ് മാറി എല്ലാവരും ഫുഡ് ക്രോപ്പിലേയ്ക്ക് വന്നു കൊണ്ടിരിക്കുകയാണെന്ന് നിങ്ങൾക്കറിയാം. കേരളത്തിന്റേത് അനന്തമായ സാധ്യതയാണ്. ചെറിയ സംസ്ഥാനമാണെങ്കിലും നല്ല മണ്ണും കാലാവസ്ഥയും മഴയും കിട്ടുന്ന സ്ഥലമാണ്. നമ്മൾ വേണ്ടവിധം അത് ഉപയോഗപ്പെടുത്തിയിട്ടില്ല. കൃഷി ശാസ്ത്രീയമായി മാറ്റിക്കഴിഞ്ഞാൽ കേരളത്തിന്റെ ഏറ്റവും വലിയ സാധ്യതയെന്ന് പറയുന്നത്, വരുന്ന രണ്ട് പതിറ്റാണ്ടിനുള്ളിൽ കേരളത്തിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയും. ചെറുപ്പക്കാർ കൃഷിയിലേയ്ക്ക് വരുന്നില്ലെന്ന് പറഞ്ഞു, സംസ്ഥാന ഗവൺമെന്റ് Value Addition for Income Generation in Agriculture, 'VAIGA' എന്ന പരിപാടി ആരംഭിച്ചു. നാല് കൊല്ലം കൊണ്ട് നാളികേരത്തിന്റെയും പഴവർഗ്ഗങ്ങളുടെയുമെല്ലാം മുപ്പത് സംരംഭകരെ വാല്യൂ അഡീഷൻ മേഖലയിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞു. കൃഷിക്കാരെയും ചെറുപ്പക്കാരെയും പങ്കെടുപ്പിച്ചുകൊണ്ട് കേരളത്തിൽ ഈ വർഷം നൂറ് സംരംഭങ്ങൾ കൊണ്ടുവരാൻ പോകുകയാണ്. ലോകം മുഴുവൻ ഫുഡ് ക്രോപ്പിലേയ്ക്ക് പോകുന്നതിന്റെ കാരണം കോർപ്പറേറ്റുകളെല്ലാം ഏറ്റവും അധികം ഇൻവെസ്റ്റ് ചെയ്യുന്നത് കാർഷിക മേഖലയിലാണ്. അതിന്റെ ചുവടുപിടിച്ചുകൊണ്ട് സഹായിക്കാനാണ് കേന്ദ്ര ഗവൺമെന്റ് കോൺട്രാക്ട് കൃഷി കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുന്നത്. കേരളത്തിൽ കോൺട്രാക്ട് കൃഷി വരാൻ പോകുന്നില്ല. ഇവിടത്തെ കൃഷി കൃഷിക്കാരെ തന്നെ ഏൽപ്പിക്കും. കൃഷിക്കാരന് വീണ്ടും പാട്ടക്കാരനാകാൻ കഴിയില്ല. ഇവിടെ ഇനി കോർപ്പറേറ്റ് തമ്പുരാക്കന്മാർ വരണ്ട. ഇവിടെ കൃഷിക്കാർ കൃഷിക്കാർ തന്നെയായിരിക്കും. അതിന്റെയടിസ്ഥാനത്തിൽ നാം ഇനി രണ്ട് പതിറ്റാണ്ട് ലോകം മുഴുവനും കാർഷിക രംഗത്ത് കേന്ദ്രീകരിക്കുമ്പോൾ ഏറ്റവും വലിയ തൊഴിൽ മേഖലയായി മാറാൻ കഴിയുന്ന ഐ.റ്റി. മേഖലയേക്കാൾ മറ്റ് വ്യവസായ മേഖലയേക്കാൾ ഏറ്റവും അധികം തൊഴിൽ നൽകാൻ കഴിയുന്നതും ഏറ്റവും അധികം സാധ്യതയുള്ളതും ഫുഡ് ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട മേഖലയ്ക്ക് ഏറ്റവും വലിയ സംഭാവന ചെയ്യാൻ കഴിയുന്ന ഒരു സംസ്ഥാനം കേരളമായിരിക്കും. ഇപ്പോൾ 14 ക്രോപ്പുകൾ ഭൗമസൂചിക പദവി (Geographical indication)

നേടിക്കഴിഞ്ഞു. ചങ്ങാലിക്കോടൻ നേന്ത്രവാഴ, തിരൂർ വെറ്റില, മറയൂർ ശർക്കര, വട്ടവിള വെളുത്തുള്ളി ഉൾപ്പെടെയുള്ള കേരളത്തിലെ 14 ക്രോപ്പുകൾക്ക് ജിയോ രജിസ്ട്രേഷൻ നേടിക്കൊടുത്തു. എന്തിനുവേണ്ടിയാണ്? കൃഷിക്കാരുടെ ഉൽപ്പന്ന ങ്ങളോട് വേറെ ആരും മത്സരിക്കാൻ പാടില്ല. കൃത്യമായ ആസൂത്രണത്തോടുകൂടി സംസ്ഥാന ഗവൺമെന്റ് കൃഷിക്കാരെ സംരക്ഷിക്കാൻവേണ്ടിയുള്ള കാര്യങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഇവിടെ പ്രമേയാവതാരകൻ സൂചിപ്പിച്ചതുപോലെ നമ്മൾ ചെയ്യേണ്ട കാര്യമെന്താണ്.

ശ്രീ. കെ. സി. ജോസഫ്: സർ, റബ്ബറിന്റെ കാര്യം പറയണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, റബ്ബറിന്റെ കാര്യം ഞാൻ പറയാം. ഞാൻ രാവിലെ മറുപടി പറഞ്ഞതാണ്. അങ്ങ് പറഞ്ഞ കാര്യം പരിശോധിക്കാമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. ഇൻസെന്റീവുമായി ബന്ധപ്പെട്ട് വന്ന തർക്കം നമുക്ക് പരിശോധിക്കാം. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കേണ്ടത്, നിങ്ങളാണ് ഈ സംഗതി കൊണ്ടുവന്നതെങ്കിലും നിങ്ങൾ അഞ്ച് കൊല്ലംകൊണ്ട് കൊടുത്ത തിനേക്കാളും മൂന്നും, നാലും, അഞ്ചും ഇരട്ടി തുക ഞങ്ങൾ കൊടുത്തു. നിങ്ങൾ അന്ന് 300 കോടി രൂപ മാറ്റിവച്ചു. നിങ്ങൾ നാല് വർഷം എന്തുചെയ്തു? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കണക്ക് പരിശോധിക്കൂ. നിങ്ങൾ 100 കോടി രൂപയിൽ താഴെ, 87 കോടി രൂപയാണ് കൊടുത്തിരിക്കുന്നത്. ആ കണക്ക് വേണമെങ്കിൽ പരിശോധിക്കാം. ഞങ്ങൾ ആയിരത്തി ഒരുന്നൂറ്റി ചില്ല്വാനം കോടി രൂപ ഈ നാല് കൊല്ലംകൊണ്ട് കൊടുത്തല്ലോ, അത് സത്യമല്ലേ. പിന്നെ ഒരു കാര്യം, റബ്ബർ കൃഷിക്കാരന്റെ കാര്യത്തിൽ 'കപ്പൽ മുങ്ങിയ ചേതം നമുക്ക് കാവ് ചോർന്ന് തീർക്കാൻ പറ്റില്ല'.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നാല് വർഷം ഒരു രൂപ അഡീഷണൽ റബ്ബറിന് കൊടുക്കുന്ന പ്രഖ്യാപനങ്ങളുമായിട്ട് കാലക്ഷേപം ചെയ്തിട്ട് അവസാന വർഷമല്ലേ അത് പ്രഖ്യാപിക്കാൻ കഴിഞ്ഞുള്ളൂ. നിങ്ങൾ ഒരു ചുക്കും ചെയ്തില്ല. ...(ബഹളം)...

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ..മൈക്ക് ഓഫ്.. അന്നാണ് വില 70 രൂപയായി കുറഞ്ഞത്. അന്നാണ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി വിലസ്ഥിരതാ ഫണ്ട് കൊണ്ടുവന്നത്. നിങ്ങൾ ഒരു രൂപ വർദ്ധിപ്പിച്ചോ? ...(ബഹളം)... ഒരു രൂപ വർദ്ധിപ്പിക്കാൻ തയ്യാറായോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടത്തെ ഓരോ ബഡ്ജറ്റിലും എത്ര വട്ടം ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, യു.ഡി.എഫ്. നേതാക്കന്മാരോട് എനിക്ക് പറയാനുള്ളത്, നിങ്ങൾ റബ്ബർ കൃഷിക്കാർക്കുവേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്നുവെന്നല്ലാതെ അവർക്കുവേണ്ടി ആത്മാർത്ഥമായി ഒന്നും ചെയ്തിട്ടില്ല. റബ്ബർ ഇൻഡസ്ട്രിയായ എം.ആർ.എഫ്.-നുവേണ്ടിയാണ് നിന്നത്. യു.ഡി.എഫ്. ഗവൺമെന്റ് റബ്ബർ ഇറക്കുമതിക്കുവേണ്ടി എല്ലാം ചെയ്തുകൊടുത്തില്ലേ. ...(ബഹളം)... റബ്ബർ ഇറക്കുമതിക്ക് കാരണക്കാരാരാണ്? എന്താ പറയാത്തത്? റബ്ബർ ഇറക്കുമതി നയം, ആസിയാൻ കരാർ കൊണ്ടുവന്നത് ആരാണ് ? അതിന്റെ ഭാഗമായി കേരളത്തിലെ കൃഷിക്കാരെ വഞ്ചിച്ചത് നിങ്ങളാണ്. എന്നിട്ട് ബഹുമാനപ്പെട്ട ബിഷപ്പുമാർ സമരം നടത്തുമ്പോൾ അതിന്റെ മുമ്പിൽപോയി പ്രസംഗിക്കുന്നതിൽ ഉളുപ്പുവേണം. ...(ബഹളം)....

<u>മി. സ്പീക്കർ</u>: എല്ലാവരും ഇരിക്കൂ. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, വസ്തുതകൾ പറയുമ്പോൾ പൊള്ളുന്നതു കൊണ്ടായിരിക്കും ഇവർക്ക് കാര്യങ്ങൾ ചർച്ചചെയ്യാൻ താല്പര്യമില്ലാത്തത്. പക്ഷെ ഞാൻ പ്രതിപക്ഷത്തോട് പറയുന്നത് നമുക്ക് ചർച്ച ചെയ്യാമെന്നാണ്. ...(ബഹളം)....

<u>മി. സ്പീക്കർ</u>: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അവർ ഇരിക്കട്ടെ.

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്കല്ലേ മൈക്ക്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ...(ബഹളം)... ഞാൻ വല്ല തെറ്റും പറഞ്ഞോ. ഇവർ ബഹളംവയ്ക്കാൻ മാത്രം എന്ത് തെറ്റ് ചെയ്തു? ശ്രീ. റോഷി അഗസ്റ്റിനൊക്കെ എന്തിനാണ് ബഹളം വയ്ക്കുന്നതെന്ന് എനിക്ക് മനസ്സിലായില്ല. ...(ബഹളം)...

<u>മി. സ്പീക്കർ</u>: അങ്ങ് ചർച്ചയ്ക്കുള്ള മറുപടി പറയൂ.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഞാൻ അസ്വസ്ഥനാവുകയാണ്. ഇവർ ശബ്ദമുണ്ടാക്കുമ്പോൾ എനിക്ക് സംസാരിക്കാൻ പറ്റുമോ, എനിക്ക് പ്രൊട്ടക്ഷൻ തരണം.

<u>മി. സ്പീക്കർ</u>: അതിനെയൊക്കെ അതിജീവിക്കാൻ ശേഷിയുള്ള ആളാണല്ലോ അങ്ങ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, റബ്ബറിന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്. കപ്പൽ മുങ്ങിയ ചേതം കാവ് ചോർന്ന് തീർക്കാൻ പറ്റില്ല. ഇവർ കപ്പൽ മുക്കിയവരാണ്. കപ്പൽ മുക്കിയിട്ട് കാവ് ചോർന്ന് തീർക്കാൻ പറഞ്ഞാൽ

നടക്കുമോ? ആർ.സി.ഇ.പി. കരാറിൽ നിങ്ങൾ സമീപനമെടുത്തു. ഞാൻ പ്രതിപക്ഷനേതാവിനെ അഭിനന്ദിക്കുന്നു. ആസിയാൻ കരാറിന്റെ കാര്യത്തിൽ നിങ്ങൾ ആ സമീപനം എടുത്തില്ല. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി. ആർ.സി.ഇ.പി. കരാറിൽ നിങ്ങളും നമ്മളും ഒരുമിച്ചുനിന്നു. ഞങ്ങളറിയാതെ ആസിയാൻ കരാർ ചെയ്തത് തെറ്റാണെന്നുള്ള അംഗീകാരംകൂടി അതിന്റെ പിന്നിലുണ്ട്. ഒരുകാര്യംകൂടി ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആർ.സി.ഇ.പി. കരാറിനെതിരെ നാം സംസാരിച്ചതുപോലെ വീണ്ടും സംസാരിക്കേണ്ട സമയമായിരിക്കുന്നു. ഇപ്പോൾ ഇൻഡോ-യു.എസ്. ചർച്ച നടക്കുകയാണ്. ഇന്ത്യയിലേയ്ക്ക് പാലുൽപ്പന്നങ്ങളും കാർഷികോൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യാൻവേണ്ടിയുള്ള കരാർ വരാൻ പോകുകയാണ്. ഞാൻ ഈ സഭയോടും പ്രതിപക്ഷനേതാവിനോടുമടക്കം അഭ്യർത്ഥിക്കുന്ന ഒരു കാര്യം, ഈ സഭ വീണ്ടും ഒരു പ്രമേയം പാസ്സാക്കണം. ഇൻഡോ-യു.എസ്. കരാറിൽ പാലുൽപ്പന്നങ്ങളെയും കാർഷിക വിളകളെയും ഒഴിവാക്കി കരാർ ഉണ്ടാക്കണമെന്നുള്ള അഭിപ്രായം നമ്മൾ രേഖപ്പെടുത്തണം. പാലുൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്തുകഴിഞ്ഞാൽ, ലക്ഷക്കണക്കിന് ക്ഷീരകർഷകർ ആത്മഹത്യ ചെയ്യേണ്ടിവരും. നാം യോജിക്കേണ്ട കാര്യങ്ങളെക്കുറിച്ച് സംസാരിക്കണം. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന നയങ്ങൾക്കെതിരായി സംസാരിക്കണം. കാർഷികവിളയ്ക്ക് വിലയുണ്ടാകണമെങ്കിൽ കേന്ദ്രം കൂടി സഹായിക്കണം. നമ്മൾ ടാസ്ക് ഫോഴ്സുണ്ടാക്കി, ഒരു മറുപടിപോലും തന്നില്ല. അത് നയം രൂപീകരിക്കുന്ന താണെന്ന് പറഞ്ഞു, നയം രൂപീകരിച്ചില്ല. അതുകൊണ്ട് കേന്ദ്രഗവൺമെന്റ് അനുവർത്തിക്കുന്ന കാർഷികനയത്തിന്റെ ഫലമായി കാർഷികവളർച്ചാ നിരക്ക് താഴുന്നതിന്റെ പ്രത്യാഘാതം ഇവിടെയുണ്ടാകും. രണ്ട് കൊല്ലം റബ്ബറിന്റെയും നാളികേരത്തിന്റെയും വിലയിടിഞ്ഞു, അത് സ്വാഭാവികമായും പ്രതിഫലിക്കും. അതിന്റെയെല്ലാം ഫലമായി നമ്മുടെ സംസ്ഥാനത്ത് വളർച്ചാനിരക്കിൽ ഒരു ചെറിയ മാറ്റമുണ്ടായിയെന്ന് പറഞ്ഞ് ദയവായി നിങ്ങൾ കാർഷിക മേഖലയിലുണ്ടായി രിക്കുന്ന ഈ നേട്ടങ്ങളെ കാണാതെ പോകാൻ പാടില്ല. പച്ചക്കറി ഉൽപ്പാദന രംഗം 6 ലക്ഷം ടണ്ണിൽനിന്നും പന്ത്രണ്ടേമുക്കാൽ ലക്ഷം ടണ്ണിലേയ്ക്ക് എത്തി. നിസ്സാര കാര്യമാണോ; ജീവനി എന്ന പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 470 ദിവസം കൊണ്ട് കേരളത്തിന്റെ പച്ചക്കറി ഉൽപ്പാദനം സ്വയംപര്യാപ്തതയിലേയ്ക്ക് കൊണ്ടു വരാനുള്ള നടപടിയിലേയ്ക്ക് പോകുകയാണ്. സംസ്ഥാന ഗവൺമെന്റ്, കൃഷി വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അങ്ങനെ നൂതനമായ പരിപാടികളുമായി കൃഷിക്കാരെ സംരക്ഷിക്കാൻ മുന്നോട്ടുപോകുമ്പോൾ കൃഷിക്കാർക്ക് എന്ത് ആനുകൂല്യം കൊടുത്താലും അധികമാവില്ല. പാടത്തും പറമ്പിലും വെയിലത്തും മഴയത്തും പണിയെടുക്കുന്ന കൃഷിക്കാരന് ഇവിടത്തെ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളം കൊടുക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. പക്ഷേ നമുക്ക് നിവൃത്തിയില്ല. ഞാൻ പ്രതിപക്ഷത്തെ കുറ്റപ്പെടുത്തുന്നതല്ല, നിങ്ങൾ വിചാരിച്ചാലും ഇപ്പോൾ പറ്റുന്ന കാര്യമല്ല. നമ്മൾ കൃഷിക്കാരെപ്പറ്റി പറയുന്നതാണ്, നിങ്ങളുടെ

ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നതല്ല. പക്ഷേ ഒരു കാര്യം, നമ്മൾ ഇനിയെങ്കിലും കൃഷിക്കാർക്കുവേണ്ടി ഉണരണം. ഈ രാജ്യത്തിന്റെ അന്നദാതാക്കളായ കൃഷിക്കാർക്കുവേണ്ടി നമുക്ക് പ്രവർത്തിക്കാൻ കഴിയണം. സംസ്ഥാന ഗവൺമെന്റ് പരിമിതമായ സാമ്പത്തിക സ്രോതസ്സുവച്ചുകൊണ്ടാണ് അവരെ സഹായിക്കാനായി കടാശ്വാസ കമ്മീഷൻ രണ്ട് ലക്ഷം രൂപയാക്കി മാറ്റിയത്. ഇവിടെ പറഞ്ഞു, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ കമ്മീഷൻ 592 സിറ്റിംഗ് നടത്തിയിരുന്നു. ഏകദേശം 87 കോടി രൂപ അതിന്റെ ഭാഗമായി കൊടുത്തുകഴിഞ്ഞു. ഇനിയും കൊടുക്കണം. ഞങ്ങളിപ്പോൾ മറ്റുബാങ്കുകളുമായി സംസാരിക്കുകയാണ്. കടാശ്വാസ കമ്മീഷന്റെ ഭാഗമായി മറ്റ് ബാങ്കുകൾ വരുമോ എന്നതൊക്കെ പരിശോധിക്കാൻ ഒരു കമ്മിറ്റിയെ വച്ചിരിക്കുകയാണ്. ആ കമ്മിറ്റി പരിശോധിക്കട്ടെ, മറ്റുബാങ്കുകളുടെ കടംകൂടി ഇതിലേയ്ക്ക് വന്നാൽ തീർച്ചയായും വലിയ മാറ്റമായിരിക്കും. കടാശ്വാസ കമ്മീഷൻ, കർഷക ക്ഷേമനിധി ബോർഡ്, എല്ലാ വിളകൾക്കും ഇൻഷ്വറൻസ്, എല്ലാ കൃഷിക്കാരെയും ഇൻഷ്വർ ചെയ്യുക, ആ രീതിയിൽ കൃഷിക്കാരന്റെ ജീവന് സംരക്ഷണം, അവന്റെ വിളകൾക്ക് സംരക്ഷണം, അവന്റെ കുടുംബത്തിന് സംരക്ഷണം കൊടുക്കാൻ കഴിയുന്ന ഒരു കർഷക ക്ഷേമ നയമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രഖ്യാപിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ കൃഷിക്കാർക്കുണ്ടാകുന്ന ഏത് പ്രതിസന്ധിഘട്ടത്തിലും നമുക്ക് ഒരുമിച്ച് മുന്നോട്ടുപോകാൻ കഴിയണം. ഈ ഗവൺമെന്റ് കർഷകരുടെ കൂടെയാണ്. കൃഷിക്കാരുടെ ഏത് പ്രശ്നമുണ്ടാകുമ്പോഴും അവിടെ ഈ ഗവൺമെന്റുണ്ടാകും. ഒരു സംശയവും വേണ്ട. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന് പറയാനുള്ള മറുപടി ഇതാണ്. ഇവിടെ ചർച്ച ചെയ്യാനുള്ള അവസരം ഉണ്ടായതിൽ എനിക്ക് സന്തോഷമുണ്ട്. ഞാൻ ചുരുക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ്, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു, കാർഷിക രംഗത്ത് എല്ലാം ഭദ്രമാണ്. 22 കർഷകരാണ് ഇവിടെ ആത്മഹത്യ ചെയ്തത്. കാർഷികവിളകളുടെ വില ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. നാളികേരത്തിന് 40 രൂപയെങ്കിലും കൂട്ടാതെ രക്ഷയില്ല. റബ്ബറിന് 150 രൂപയായിരുന്നത് 200 രൂപയാക്കണമെന്ന് 4 വർഷമായി പറയുന്നു.

ഇതൊന്നും ചെയ്യുന്നില്ല. കാർഷിക മേഖലയും കർഷകരും ഭദ്രമാണെന്ന് പറഞ്ഞ് കണ്ണടച്ച് ഇരുട്ടാക്കുന്ന മന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോയി)

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന കാലഘട്ടത്തിൽ 69 പേരെ ആത്മഹത്യയ്ക്ക് വിട്ട ഇവർക്ക്, ഇപ്പോൾ ഇവിടെ ഒന്നോ രണ്ടോ പത്തോ കൃഷിക്കാർ ആത്മഹത്യ ചെയ്തത് സത്യമാണ്, അതിന്റെ പേരിൽ ഇറങ്ങിപ്പോക്ക് നടത്താൻ എന്ത് ധാർമ്മികമായ അവകാശമാണുള്ളത്?

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## ധനകാര്യം (തുടർച്ച)

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനവിരുദ്ധ കോർപ്പറേറ്റ് മുതലാളിത്ത അനുകൂല സാമ്പത്തികനയ സമീപനങ്ങളോടുള്ള ശക്തമായ വിയോജിപ്പും ചെറുത്തുനിൽപ്പുമാണ് ഈ ബഡ്ജറ്റ്. കേന്ദ്ര ബഡ്ജറ്റ് കോർപ്പറേറ്റുകളെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുമ്പോൾ കേരളത്തിലെ സാധാരണക്കാരനെയും നാടിന്റെ വികസനത്തെയുമാണ് സംസ്ഥാന ബഡ്ജറ്റിൽ ഉറപ്പിച്ചുനിർത്തിയിരിക്കുന്നത്. പ്രതിപക്ഷം എപ്പോഴും അതിൽ അസഹിഷ്ണുത പുലർത്തുകയാണ്. അവർ ഈ നാട്ടിൽ നടക്കുന്ന ജനകീയ വികസന പ്രവർത്തനങ്ങൾ കാണാതെ, ഇടതുപക്ഷത്തോടുള്ള അസഹിഷ്ണുത ഇത്തരം വേദികളിൽ പ്രകടിപ്പിക്കുന്നത് സംസ്ഥാന താൽപ്പര്യത്തിന് നിരക്കുന്നതല്ല. സാധാരണക്കാരന്റെ എല്ലാ ജീവിത അടിസ്ഥാന മേഖലകളിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ-ആരോഗ്യ- കാർഷിക-സാമൂഹ്യക്ഷേമ മേഖലകളിലൊക്കെ നടക്കുന്ന പ്രവർത്തനങ്ങൾ കണ്ണുതുറന്ന് കാണാൻ കഴിയാത്ത കോർപ്പറേറ്റുവൽക്കരണത്തിന്റെ ദല്ലാളായി ഭരണതലത്തിലെല്ലാം പ്രവർത്തിച്ചിട്ടുള്ള യു.ഡി.എഫ്. ഇടതുപക്ഷത്തോട് കാട്ടുന്ന അസഹിഷ്ണുത പെട്ടെന്ന് ഉണ്ടായതല്ല. അത് ബോധപൂർവ്വം ഇടതുപക്ഷ നയത്തെ ചെറുത്തുതോൽപ്പിക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമാണ്. ഇടതുപക്ഷ നയത്തിനെതിരായി അവർ പ്രതികരിക്കുമ്പോൾ ജനപക്ഷ നയത്തിനെതിരായാണ് പ്രവർത്തിക്കുന്നതെന്ന് ഈ ബഡ്ജറ്റിന്റെ സമീപനം നോക്കിക്കണ്ടാൽ നിങ്ങൾക്ക് മനസ്സിലാകും. നമ്മുടെ നാട്ടിലെ

ദശലക്ഷക്കണക്കിന് സാധാരണക്കാരെയും കേരളത്തിന്റെ വികസനത്തെയുമാണ് സംസ്ഥാന ബഡ്ജറ്റിൽ ഗവൺമെന്റ് ഉറപ്പിച്ചുനിർത്തിയിരിക്കുന്നത്. എം.എൽ.എ.-മാർക്ക് ഈ ബഡ്ജറ്റിൽ 20 ശതമാനം തുക വച്ചതിനെ സംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ ചിലർ പരാമർശിക്കുന്നത് കേട്ടു. ഒന്നിലധികം തവണ എം.എൽ.എ.-മാരായിട്ടുള്ള ഭരണപക്ഷ/പ്രതിപക്ഷ എം.എൽ.എ.-മാർ ഈ സഭയിലുണ്ട്. ഞാനും രണ്ടാം തവണ എം.എൽ.എ. ആയ ആളാണ്. 2011-16 കാലയളവിൽ പ്രതിപക്ഷത്തായിരുന്ന എനിക്ക് ഉൾപ്പെടെയുള്ള എം.എൽ.എ.-മാർക്ക് ബഡ്ജറ്റിൽ 20 ശതമാനം പോയിട്ട് ഒരു തവണ ഒരു രൂപപോലും കാണാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സമീപനം അതല്ല. ഭരണ/പ്രതിപക്ഷ വ്യത്യാസമില്ലാതെ നാടിന്റെ വികസനം ഏറ്റെടുത്തുകൊണ്ടുള്ള സമീപനമാണ് ഈ ഗവൺമെന്റ് പിന്തുടരുന്നതെന്ന് അഭിമാനകരമായി സൂചിപ്പിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളേക്കാൾ സമസ്തമേഖലകളിലും മുമ്പിൽ നിന്നിട്ടും 15-ാം ധനകാര്യ കമ്മീഷൻ കേരളത്തിന്റെ വിഹിതം വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. അവഗണിച്ചും ആക്ഷേപിച്ചും ഫെഡറൽ സംവിധാനത്തെ തകർത്തെറിഞ്ഞും കേന്ദ്രം നമ്മെ അവഹേളിക്കുമ്പോൾ ആ മുഷ്ടിനുമുന്നിൽ നാം കീഴടങ്ങില്ലെന്ന് പ്രഖ്യാപിച്ചു കൊണ്ടുള്ള ആർജ്ജവം, അത് ഇടതുപക്ഷ സർക്കാരിന്റെയും മന്ത്രിയുടെയും ശക്തിയാണ്. അതാണ് ഈ ബഡ്ജറ്റിലൂടെ പ്രതിഫലിക്കുന്നത്. ബഡ്ജറ്റിന്റെ മുഖചിത്രമായി ഗാന്ധി ഹിംസ കൊടുത്തിട്ടുണ്ട്. ഗാന്ധിജിയെ തൊഴുതുമാറിയ തൊട്ടടുത്ത നിമിഷം ആ പാവം മനുഷ്യന്റെ നെഞ്ചിലേയ്ക്ക് തീയുണ്ട തുപ്പിയവർ ഭരണഘടനയെ വന്ദിച്ച് പാർലമെന്റിലേയ്ക്ക് കടന്നുവന്നപ്പോൾ അതിന്റെ ആശങ്ക എല്ലാവരും പങ്കുവച്ചതാണ്, അത് ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത് രാജ്യം കണ്ടുകൊണ്ടിരിക്കുകയാണ്. ഭരണഘടനയെ തകർക്കുന്ന ആർ.എസ്.എസ്. നയങ്ങൾ രാജ്യത്ത് നടപ്പിലാക്കുകയാണ്. ഗോഡ്സെമാർ രാജ്യഭരണം കയ്യാളുകയും ഈ രാജ്യത്തെ ഒന്നായിക്കണ്ട രാജ്യസ്നേഹികൾ തെരുവിൽ കൊലചെയ്യപ്പെടുകയുമാണ്. രാജ്യത്തെ മന്ത്രിമാർ സമരം ചെയ്യുന്നവരെ വെടിവെച്ച് കൊല്ലണമെന്ന് ആഹ്വാനം നൽകുകയാണ്. എതിർശബ്ദങ്ങളെ രാജ്യദ്രോഹികളെന്ന് മുദ്രകുത്തുകയാണ്. മഹാന്മാരായ സ്വാതന്ത്ര്യസമര സേനാനികൾപോലും ഇന്ന് അവഹേളിക്കപ്പെടുകയും സ്വാതന്ത്ര്യ സമരംപോലും നാടകമാണെന്ന് അണികളെ പഠിപ്പിക്കുകയും ചെയ്യുന്ന രാഷ്ട്രീയ നേതൃത്വത്തെ നമ്മൾ കാണുകയാണ്.

4.00 P.M.]

അസ്വസ്ഥതയുടെയും ഭയത്തിന്റെയും അലയൊലികൾ നിറഞ്ഞ കാലമായി മാറുകയാണ്. ഇപ്രകാരം പേടിപ്പെടുത്തുന്ന ഇരുട്ടിൽ, തികഞ്ഞ ആശ്വാസമയി, രാജ്യത്തിന്റെ വെളിച്ചമായി കേരളവും ഇടതുപക്ഷ സർക്കാരും രാജ്യം മുഴവൻ

ശ്രദ്ധനേടുകയാണ്. അതിൽ യു.ഡി.എഫ്. അസഹിഷ്ണുത കാണിച്ചിട്ട് കാര്യമില്ല. ഈ രാഷ്ട്രീയ ദശാസന്ധിയിലാണ് കേരളത്തിന്റെ ബഡ്ജറ്റും ശ്രദ്ധേയമാകുന്നത്. ആമാശയത്തിലൂടെയാണ് ഹൃദയത്തിലേയ്ക്കുള്ള എളുപ്പവഴിയെന്ന് ഒരു ചൈനീസ് പഴമൊഴിയുണ്ട്. ആ പഴമൊഴിയെ ഓർമ്മപ്പെടുത്തുകയാണ് ഈ ബഡ്ജറ്റ്. വിശക്കുന്നവർക്ക് ആഹാരം നൽകിയാൽ ആരുടെയും ഹൃദയത്തിൽ പെട്ടെന്ന് നമുക്ക് കടന്നുകൂടാൻ കഴിയും. വിശക്കുന്നവന് ദൈവം അപ്പവുമായി വരികയാണ്. 2019-ലെ ബഡ്ജറ്റിൽ ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിൽ ആരംഭിച്ച വിശപ്പ് രഹിത പദ്ധതി, ഏപ്രിൽ മാസത്തിൽ ആ മേഖലയെ മുഴുവൻ വിശപ്പ് രഹിത മേഖലയായി പ്രഖ്യാപിച്ച് ഈ പദ്ധതി കേരളം മുഴുവൻ വ്യാപിപ്പിക്കുകയാണ്. 25 രൂപയ്ക്ക് ഊണ് നൽകുന്ന 1000 ഭക്ഷണശാലകൾ കേരളമെമ്പാടും ആരംഭിക്കാൻ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള പരിശ്രമങ്ങൾ ഈ ബഡ്ജറ്റിലൂടെ ആരംഭിക്കുകയാണ്. കേന്ദ്ര സർക്കാർ വിശക്കുന്നവനെ ഉപേക്ഷിക്കുമ്പോൾ, കേന്ദ്ര ബഡ്ജറ്റിൽ ഭക്ഷ്യ സബ്സിഡികൾ വെട്ടിക്കുറയ്ക്കുമ്പോൾ ഈ സർക്കാർ ബഡ്ജറ്റിൽ ഭക്ഷ്യ സബ്സിഡിക്കായി എക്കാലത്തെയും റെക്കോർഡ് തുകയായ 1,036 കോടി രൂപ മാറ്റിവയ്ക്കുകയാണ്. ഇന്നിവിടെ സൂചിപ്പിച്ചതുപോലെ വിപണി ഇടപെടലിന് പരമാവധി തുക ഈ ബഡ്ജറ്റിൽ പ്രത്യേകമായി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. സാമൂഹ്യക്ഷേമ പെൻഷനുകൾ 600 രൂപയിൽ നിന്ന് 1,300 രൂപയായി ഗവൺമെന്റ് വർദ്ധിപ്പിച്ചു. ഈ വർഷവും 100 രൂപ വർദ്ധിപ്പിച്ചു. രാജ്യത്ത് ഏറ്റവുമധികം ഔഷധങ്ങൾ വിറ്റഴിക്കുന്ന സംസ്ഥാനമാണ് കേരളം. ചികിത്സാ സൗകര്യങ്ങളുടെ സാർവ്വത്രിക ലഭ്യതയിലും ഏറ്റവും കൂടുതൽ ഔഷധങ്ങൾ ഉപയോഗിക്കുന്ന സംസ്ഥാനമെന്ന നിലയിലും പൊതുമേഖലാ ഔഷധ വ്യാപാര മേഖലയ്ക്ക് വമ്പിച്ച പ്രാധാന്യമാണ് ഈ ബഡ്ജറ്റിലൂടെ നൽകുന്നത്. സാധാരണക്കാർക്ക് ഏറ്റവും വലിയ ആശ്വാസമായി ആ നിർദ്ദേശം മാറുകയാണ്.

റബ്ബർ കർഷകരുടെ കാര്യമിവിടെ പറഞ്ഞു: നാമമാത്രമായ തുക മാത്രമാണ് 2015-ൽ പ്രഖ്യാപിച്ച വിലസ്ഥിരതാ ഫണ്ടിലൂടെ യു.ഡി.എഫ്. ഗവൺമെന്റ് നൽകിയത്. 1,486 കോടി രൂപ ഇതിനകം ആ സ്കീമിൽ വിതരണം ചെയ്തു. അതിൽ 100 കോടിയോളം രൂപ മാത്രമാണ് യു.ഡി.എഫ്. പ്രഖ്യാപിച്ചത്. അതും പ്രഖ്യാപനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ വർഷവും 200 കോടി രൂപ അധികമായി വകയിരുത്തി. 300 കോടി രൂപ ഉണ്ടായിരുന്നത് 200 കോടി രൂപ കൂടി അധികമായി വകയിരുത്തി 500 കോടി രൂപയായി വില സ്ഥിരതാ ഫണ്ടിനെ മാറ്റിയിരിക്കുന്നതിന്റെ വിശദാംശങ്ങൾ ഇവിടെ ചർച്ച ചെയ്തുകഴിഞ്ഞു. ഗ്രാമീണ റോഡുകൾ, പൊതുമരാമത്ത് റോഡുകൾ, ജലപാത, മധ്യവേഗ റെയിൽവേ ഇടനാഴി അങ്ങനെ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യമെന്ന അവകാശത്തിന് ഈ ഗവൺമെന്റ്

നൽകുന്ന പ്രാധാന്യമാണ് ബഡ്ജറ്റിലൂടെ വെളിവാക്കുന്നത്. സാമ്പത്തിക മാന്ദ്യത്തിന്റെയും വിഭവ പരിമിതിയുടെയും കാലത്ത് കിഫ്ബി പ്രതിനിധാനം ചെയ്യുന്ന ആശയം ഇന്ന് രാജ്യത്തിനുതന്നെ മാതൃകയായി എന്ന് സംശയാലുക്കൾപോലും അംഗീകരിച്ച് തുടങ്ങിയിട്ടുണ്ട്. പൊതുമേഖലയ്ക്ക് 280 കോടി രൂപ മാറ്റിവച്ചു. പട്ടികജാതി ഉപപദ്ധതിക്ക് 2,730 കോടി രൂപയും പട്ടികവർഗ്ഗ ഉപപദ്ധതിക്ക് 786 കോടി രൂപയുമാണ് മാറ്റിയത്. ഭിന്നശേഷിക്കാർക്ക്, ആശാ വർക്കർമാർക്ക്, ഫല-വൃക്ഷ പച്ചക്കറി നെൽകൃഷി വ്യാപനം ഉൾപ്പെടെയുള്ള കാർഷിക മേഖലയ്ക്ക് രണ്ടായിരം കോടിയോളം രൂപയാണ് ചെലവഴിക്കുന്നത്. കാർഷിക മേഖല എവിടെനിന്ന് തുടങ്ങി എവിടെ എത്തിനിൽക്കുന്നുവെന്ന് ഇവിടെ പറഞ്ഞു. മൈനസ് അഞ്ചിൽനിന്നാണ് ഇന്നിവിടെ എത്തിനിൽക്കുന്നതെന്ന യാഥാർത്ഥ്യം ഈ കേരളത്തിന് ബോധ്യപ്പെടുകയാണ്. ഇത്തരത്തിൽ ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലുകളാണ് ഈ മേഖലയെ ഇങ്ങനെ പിടിച്ചുനിർത്തിയിരിക്കുന്നതെന്ന് ബോധ്യമായിട്ടുണ്ട്.

മൃഗസംരക്ഷണ മേഖല സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ വ്യക്തമായ കാഴ്ചപ്പാടാണ് മൃഗസംരക്ഷണ മേഖലയെ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ശാക്തീകരിക്കാൻ സാധിക്കുന്നത്. വരാൻപോകുന്ന കരാറുകളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ, വളരെ ശക്തമായി ഒരുമിച്ച് നിന്നുള്ള പ്രതിരോധം സൃഷ്ടിച്ച് ഈ മേഖലയെ സംരക്ഷിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി കേരളം പ്രകടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രവാസി ക്ഷേമം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് 30 കോടി രൂപയിൽനിന്ന് 90 കോടി രൂപയായി ഉയർത്തുകയാണ്. ശുദ്ധജല വിതരണ രംഗത്ത് എതാണ്ട് 8,523 കോടി രൂപ വിനിയോഗിച്ചുകൊണ്ടുള്ള 1891 പദ്ധതികൾ. പ്രതിദിനം 10 കോടി ലിറ്റർ ശുദ്ധജലം ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളിലേയ്ക്ക് പോകുകയാണ്. എല്ലാ മേഖലയിലും കേരളത്തിന്റെ സമഗ്ര വികസനം. 2011-16 കാലത്ത് 4.9 ശതമാനമായിരുന്നു കേരളത്തിന്റെ സാമ്പത്തിക വളർച്ച. അന്ന് ദേശീയ ശരാശരി 6.7 ശതമാനമായിരുന്നു. 2011-16 കാലയളവിൽ ദേശീയ ശരാശരിയേക്കാൾ താഴെയായിരുന്നു കേരളത്തിന്റെ സാമ്പത്തിക വളർച്ച. എന്നാൽ ഇന്ന് കേരളത്തിന്റെ സാമ്പത്തിക വളർച്ച 7.5 ശതമാനമാണ്. ഇന്ന് ദേശീയ ശരാശരി 6.9 ശതമാനം മാത്രമാണ്. അന്ന് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ദേശീയ ശരാശരിയേക്കാൾ താഴെയായിരുന്നുവെങ്കിൽ ഇന്ന് ദേശീയ ശരാശരി 6.9 ആയിരിക്കുമ്പോൾ കേരളത്തിന്റെ സാമ്പത്തിക വളർച്ച 7.5 ശതമാനം ആണെന്നുള്ളത് അഭിമാനത്തോടുകൂടി പറയുകയാണ്. അധിക ചെലവുകൾ നിയന്ത്രിച്ചും കാര്യക്ഷമത ഉയർത്തിയും സാമ്പത്തിക ഞെരുക്കത്തിന് പരിഹാരം കാണുന്ന ബഡ്ജറ്റാണിത്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്

അടിയന്തരമായി ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കാനുണ്ട്. വളരെ വലിയ ഒരു താലൂക്കാണ് കൊല്ലം. കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ താലൂക്ക് എന്നത് ദശാബ്ദങ്ങളായുള്ള ആവശ്യമാണ്. കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി താലൂക്ക് ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ബൈബിളിലെ പഴയ നിയമത്തിൽ ദാവീദ് ദൈവത്തിന്റെ ഹിതത്തിന് വിരുദ്ധമായി ജനസംഖ്യ നിജപ്പെടുത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ദാവീദിന്റെ തികച്ചും രാഷ്ട്രീയവും സാമ്രാജ്യപരവുമായ താൽപ്പര്യങ്ങളാണ് ഇതിന്റെ പിന്നിലു ണ്ടായിരുന്നത്. ഈ ജനസംഖ്യാ കണക്കെടുപ്പിനെ സാത്താന്റെ പ്രേരണ എന്നാണ് വേദപുസ്തകം വിശേഷിപ്പിക്കുന്നത്. പിന്നീട് ദാവീദ് തന്നെ തന്റെ പ്രവൃത്തിയെ അകൃത്യ മെന്നും ഭോഷത്വമെന്നും തിരിച്ചറിഞ്ഞിട്ടുണ്ട്. കേന്ദ്രത്തിന്റെ പൗരത്വ നിയമവും അതുമായി ബന്ധപ്പെട്ട ജനസംഖ്യാ കണക്കെടുപ്പും ഇന്നത്തെ ഭരണാധികാരികൾ തിരിച്ചറിയുന്നില്ലെങ്കിലും കാലം അവരുടെ പ്രവൃത്തി അകൃത്യവും ഭോഷത്വവുമാണെന്ന് രേഖപ്പെടുത്തുമെന്നുള്ളതിൽ സംശയമില്ല. ലോകമെമ്പാടും രാക്ഷസീയമായ ഫാസിസ്റ്റ് പ്രതിരൂപങ്ങൾ ഉണ്ടായിട്ടുണ്ട്. ആ ഭരണകൂടങ്ങളെല്ലാം ചരിത്രത്തിൽ ആണ്ടു പോയിട്ടുമുണ്ട്. പക്ഷേ ഫാസിസം ഇപ്പോഴും ബാക്കിയാണ്. ഫാസിസം എല്ലാ വൈവിദ്ധ്യങ്ങളെയും ബഹുസ്വരതകളെയും പരസ്പര സ്നേഹത്തെയും സാഹോദര്യത്തെയും നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭയം എന്ന രാക്ഷസീയതയിലേയ്ക്ക് രാജ്യത്തെ അകപ്പെടുത്തിയിരിക്കുകയാണ്. പക്ഷേ ഇതാ ഇവിടെ ഒരു പച്ചപ്പിന്റെ നവകേരളം, ചുവപ്പിന്റെ ശക്തിയിൽ ഭയത്തെ നേരിടാൻ സർവ്വസജ്ജമായിരിക്കുകയാണ്. പ്രതിരോധ ബോധമുള്ള, നീതി ബോധമുള്ള, സ്വാതന്ത്ര്യ ബോധമുള്ള, സ്നേഹവും സാഹോദര്യവും കാരുണ്യവുമുള്ള രാഷ്ട്രീയ ആർജ്ജവവുമുള്ള നമുക്ക് ഐക്യത്തോടെ അതിന് തയ്യാറാകാം. ഇപ്രകാരം കേരളം ഇന്ന് ഇന്ത്യയ്ക്ക് മാതൃകയാണ്. ഈ ബഡ്ജറ്റും ഇരുട്ടിന്റെ ശക്തികൾക്ക് ഒരിക്കലും തോൽപ്പിക്കാൻ സാധിക്കാത്ത ഒരു മാതൃകയാണ്. ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ....ബഡ്ജറ്റിന്റെ ചർച്ച നടക്കുന്ന ഈ വേളയിൽ ധനകാര്യ വകുപ്പ് സെക്രട്ടറിയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ഗ്യാലറിയിൽ ഹാജരല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അത് പരിശോധിക്കാം.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെതിരെ ഏതൊരവസരവും വിമർശനത്തിനായി ഉപയോഗപ്പെടുത്തുന്ന കേരളത്തിലെ ഒരു പ്രധാന ദിനപത്രം ബഡ്ജറ്റിനെക്കുറിച്ച് പറഞ്ഞത്, 'കൈക്കുടന്ന നിറയെ' എന്നാണ്. എതിരാളികൾപോലും കയ്യടിച്ച് അംഗീകരിക്കുന്ന ഒരു ബഡ്ജറ്റാണ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. ഇന്ത്യാ രാജ്യം കടുത്ത സാമ്പത്തിക മാന്ദ്യത്തിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയും നോട്ട് നിരോധനത്തിലൂടെയും അശാസ്ത്രീയമായ സാമ്പത്തിക പരിഷ്കരണ നടപടികളിലൂടെയും ജനജീവിതം മുരടിപ്പ് നേരിടുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. അതോടൊപ്പം കേന്ദ്ര ഭരണാധികാരികൾ കേരളത്തെ കടുത്ത സാമ്പത്തിക സംബന്ധത്തിൽ ഞെരുക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള സകല സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും നിലവിലുള്ള ക്ഷേമ പദ്ധതികളോ ആനുകൂല്യങ്ങളോ യാതൊരുവിധത്തിലും പരിമിതപ്പെടുത്താതെ കേരളത്തിലെ എല്ലാ സേവന മേഖലകളെയും പരിപോഷിപ്പിക്കുന്നതിന് പര്യാപ്തമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ വികസനത്തിന്റെ ബദൽ കാഴ്ചപ്പാടുകൾ ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നു. ഒരാഴ്ച മുൻപാണ് കേന്ദ്ര സർക്കാർ ബഡ്ജറ്റ് അവതരിപ്പിച്ചത്. തികച്ചും ദ്രോഹം നിറഞ്ഞ ഒരു ചിറ്റമ്മ നയമാണ് കേന്ദ്രം കേരളത്തോട് കാണിച്ചത്. കേരളത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിൽപ്പോലും ഗണ്യമായ വെട്ടിക്കുറവാണ് വരുത്തിയിരിക്കുന്നത്. ബി.ജെ.പി. ഭരണത്തിലുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് നല്ല പരിഗണനയും നൽകി. കേരളത്തിന്റെ നികുതി വിഹിതം 0.25 ശതമാനത്തിൽനിന്നും 0.19 ശതമാനമായി കുറച്ചു. കേരളത്തിനുവേണ്ടി പുതിയതായി യാതൊരു പദ്ധതിയും കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. എയിംസ് (ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്) അടക്കം കേരളത്തിന്റെ പ്രതീക്ഷകളെല്ലാം കേന്ദ്ര സർക്കാർ അവഗണിച്ചു. ഇത്രയും ദ്രോഹം ചെയ്ത കേന്ദ്രത്തിനെതിരെ കേരളം തെരഞ്ഞെടുത്തയച്ച 19 എം.പി.-മാരിൽ ആരെങ്കിലും പ്രതികരിച്ചതായി കണ്ടില്ല എന്നതും ശ്രദ്ധേയമാണ്. കേരള ജനത ഒരു പാഠം പഠിക്കട്ടേയെന്ന മനോഭാവം കേന്ദ്ര ഭരണക്കാരെപ്പോലെ കേരളത്തിലെ ചിലർക്കും ഉള്ളതായി സംശയിക്കാം. ബഡ്ജറ്റ് എന്നാൽ, ആദായ വിൽപ്പനയെന്നാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി മനസ്സിലാക്കിയിട്ടുള്ളത്. തന്ത്രപ്രധാനമായ എല്ലാ മേഖലകളിലും സ്വകാര്യ പങ്കാളിത്തം അനുവദിച്ചും ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഒന്നൊഴിയാതെ വിൽപ്പന നടത്തിയും വരുമാനമുണ്ടാക്കാനാണ് കേന്ദ്ര സർക്കാർ ബഡ്ജറ്റിലൂടെ വിഭാവനം ചെയ്യുന്നത്. എന്നാൽ, ഇതിനെല്ലാം എങ്ങനെ ബദൽ ഉണ്ടാക്കാമെന്നാണ് കേരള ബഡ്ജറ്റ് അന്വേഷിക്കുന്നത്. എയർ ഇന്ത്യയും ബി.എസ്.എൻ.എൽ.-ഉം എൽ.ഐ.സി.-യും അടക്കം ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ

ഓരോന്നായി കേന്ദ്ര സർക്കാർ വിറ്റഴിക്കുമ്പോൾ പതിറ്റാണ്ടുകളുടെ നഷ്ടം പേറുന്ന കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ കേരള ബഡ്ജറ്റിൽ 1,000 കോടി രൂപയാണ് നീക്കിവച്ചത്. കേന്ദ്രം കയ്യൊഴിയുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി കേരളം ഏറ്റെടുക്കുന്നു. ലക്ഷക്കണക്കിന് സാധാരണക്കാരുടെ യാത്രാ മാർഗ്ഗമായി കെ.എസ്.ആർ.ടി.സി.-യെ നിലനിർത്തുന്നതോടൊപ്പം പതിനായിരക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ സുരക്ഷയാണ് കേരള സർക്കാർ ഏറ്റെടുക്കുന്നത്. എന്നാൽ അതേസമയം 80000-ത്തിലധികം ജീവനക്കാരെയാണ് ബി.എസ്. എൻ.എൽ. കൂട്ടത്തോടെ ഒഴിവാക്കിയത്. രാജ്യത്തിന്റെ പരമോന്നതമായ ഭരണ ഘടനയെപ്പോലും ചോദ്യം ചെയ്യുന്ന പുതിയ ഇന്ത്യൻ ഭരണാധികാരത്തിനെതിരെ ശക്തമായി ഉയരുന്ന ഇന്ത്യൻ യൗവനത്തെ അഭിനന്ദിച്ചുകൊണ്ടും തിളച്ചുമറിയുന്ന ഇന്ത്യൻ കാമ്പസുകളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും നമ്മളാണ് ഈ കാലഘട്ടത്തിന്റെ ശരിയെന്ന് ഈ ബഡ്ജറ്റ് പ്രഖ്യാപിക്കുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ വ്യവസായ-വാണിജ്യ മേഖലയിൽ വൻ മുന്നേറ്റമാണുണ്ടായിട്ടുള്ളത്. ഈ മുന്നേറ്റത്തിന് ഊർജ്ജം നൽകുന്ന നിർദ്ദേശങ്ങളാണ് കേന്ദ്ര ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. 2018-ലെ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' ബിൽ പാസ്സാക്കിയതോടെ കേരളത്തിലെ വ്യവസായ മേഖലയ്ക്ക് വലിയ മാറ്റമാണുണ്ടായത്. കാലാകാലങ്ങളിലായി വികസനത്തിനുണ്ടായ തടസ്സങ്ങൾ നീക്കുന്നതിനായി ഏഴ് ചട്ടങ്ങളും പത്ത് നിയമങ്ങളും പരിഷ്കരിച്ചു. ഒരു സംരംഭകൻ അപേക്ഷ സമർപ്പിച്ച് മുപ്പത് ദിവസത്തിനകം ലൈസൻസ് നടപടി സ്വീകരിച്ചില്ലെങ്കിൽ അനുവാദം കിട്ടിയതായി കണക്കാക്കുമെന്ന നിയമ ഭേദഗതി വലിയ മാറ്റമാണ് ചെറുകിട നിക്ഷേപ രംഗത്തുണ്ടാക്കുക. ഇതുമൂലം ലൈസൻസിംഗ് സമ്പ്രദായത്തിൽ നിലനിന്നിരുന്ന അനാരോഗ്യ പ്രവണതകൾ ഇല്ലാതാക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിനും സാധിക്കും. അതുപോലെ, കേരളത്തിൽ പത്ത് കോടി രൂപവരെ മുതൽമുടക്കുള്ളതും റെഡ് കാറ്റഗറിയിൽപ്പെടാത്തതുമായ, നിയമ വിധേയമായി പ്രവർത്തിക്കാവുന്ന വ്യവസായങ്ങൾ അനുമതിയില്ലാതെതന്നെ ആരംഭിക്കാനും മൂന്ന് വർഷംവരെ അങ്ങനെതന്നെ പ്രവർത്തിക്കാനും സാധിക്കും. അതിനിടെ നടപടി പൂർത്തീകരിച്ചാൽ മതിയാകും. ഇതുമായി ബന്ധപ്പെട്ട് ആരംഭിച്ച 'കെ-സ്വിഫ്റ്റ്' എന്ന ഏകജാലക സംവിധാനം നിരവധി ആളുകൾ ഉപയോഗപ്പെടുത്താൻ തുടങ്ങിയിട്ടുണ്ട്. ഈ നിയമം വന്നതോടെ നീണ്ടുപോകുന്ന നടപടിക്രമങ്ങ ളിൽനിന്നും ചുവപ്പുനാടയിൽനിന്നും കേരളത്തിലെ ചെറുകിട സംരംഭകർ മോചിതരാകുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പും ഇതിനാവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. ഈ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്താൻ സംരംഭകരെ സഹായിക്കുന്ന നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. കേരളത്തിലെ വ്യവസായ

പാർക്കുകളുടെയും കോമൺ ഫെസിലിറ്റി സെന്ററുകളുടെയും വികസനത്തിന് 36 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. അതോടൊപ്പം, സംരംഭകത്വ വികസനത്തിന് 70 കോടി രൂപയും പീഡിത യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് 10 കോടി രൂപയും പലിശയിളവിന് 10 കോടി രൂപയും വകയിരുത്തിയതിനെ ഏറെ സന്തോഷത്തോടെയാണ് കേരളത്തിലെ ചെറുകിട വ്യവസായ സമൂഹം സ്വാഗതം ചെയ്യുന്നത്. രാജ്യത്ത് ആദ്യമായാണ് പുതിയ തൊഴിലവസരമുണ്ടാക്കുന്ന സംരംഭകർക്ക് ഒരു വർഷത്തെ പി.എഫ്. വിഹിതം അടയ്ക്കാൻ സർക്കാർ സന്നദ്ധമാകുന്നത്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ റാങ്കിംഗിൽ സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനത്തിൽ കേരളം ഒന്നാമതാണ്. വാണിജ്യരംഗത്ത് ഏറെ പ്രതിസന്ധികൾ നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ വ്യാപാര സമൂഹത്തോട് വലിയ പരിഗണനയാണ് ധനകാര്യ വകുപ്പുമന്ത്രി കാണിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാം. വാണിജ്യമേഖലയിലുണ്ടാകുന്ന പുതിയ പ്രവണതകളെയും ഉൽപ്പന്നങ്ങളെയും പരിചയപ്പെടുത്താൻ സഹായകരമാകുന്ന സ്ഥിരം മാർക്കറ്റിംഗ്-കം-എക്സിബിഷൻ കോംപ്ലക്സിന് 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിനെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം വ്യാപാരി ക്ഷേമനിധി പെൻഷൻ കുടിശ്ശികയ്ക്ക് 20 കോടി രൂപ വകയിരുത്തിക്കൊണ്ട് ഈ ബഡ്ജറ്റ് നല്ല സഹായം നൽകുന്നുണ്ട്. നികുതി കേരളത്തിലെ വ്യാപാരി വ്യവസായി സമൂഹത്തെ ഏറെ സഹായിക്കുന്നതാണ്. വാറ്റ് നികുതി കുടിശ്ശിക അടയ്ക്കാനുള്ളവർക്ക് സമഗ്രമായ ആംനെസ്റ്റി സ്കീമുകളാണ് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. സാധാരണ ആംനെസ്റ്റി സ്കീമുകൾ പ്രഖ്യാപിക്കുമ്പോൾ അപ്പീൽ പോയവർക്ക് ഓപ്ഷൻ നൽകാൻ സാധിക്കാറില്ലായിരുന്നു. എന്നാൽ, ഇത്തവണ മുഴുവൻ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിലൂടെ വലിയൊരു ശതമാനം ആളുകൾക്ക് പ്രയോജനം ലഭിക്കും. ഈ പദ്ധതിയിൽ ഓപ്റ്റ് ചെയ്ത് 30 ദിവസത്തിനകം പണം അടയ്ക്കുന്നവർക്ക് 10 ശതമാനം റിബേറ്റ് പ്രഖ്യാപിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതികളിൽ ചേരാൻ കഴിയാത്തവർക്കും ഇപ്പോൾ അവസരം നൽകിയിട്ടുണ്ട്. അതുപോലെ വാറ്റ് റിട്ടേൺ റിവൈസ് ചെയ്യാനുള്ള കാലാവധി 2020 ഡിസംബർ 31-വരെ ദീർഘിപ്പിക്കുന്നത് കൂടുതൽ പേർക്ക് അവസരം നൽകാൻ ഉപകരിക്കും. തർക്കത്തിലുള്ള കേസ്സുകളിൽ അൻപത് ശതമാനം അടച്ചാൽ മതിയെന്നത് സ്വാഗതാർഹമാണ്. എന്നാൽ ഒന്നും അടയ്ക്കേണ്ടതില്ലാത്ത നാമമാത്രമായ തുകയുള്ള കേസ്സുകളിൽ എത്രയോ ഇരട്ടി അസെസ്സ്മെന്റ് ചെയ്ത കേസുകളും നിലവിലുണ്ട്. ഇത്തരം കേസ്സുകൾ പരിശോധിക്കുന്നതിൽ പ്രത്യേകമായ നിലപാടും സംവിധാനവും ഒരുക്കുന്നത് നന്നായിരിക്കുമെന്നുകൂടി ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ മണ്ഡലത്തിൽ ഞാനാവശ്യപ്പെട്ട മിക്കവാറും കാര്യങ്ങളും ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. അതിൽ ഞാൻ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. മലബാറിന്റെ വികസനവുമായി

ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ട  ബേപ്പൂർ തുറമുഖത്തിനാവശ്യമായ ധാരാളം കാര്യങ്ങളിലൊന്നാണ് കപ്പൽ ചാൽ ആഴം കൂട്ടുന്നത്. വലിയ കപ്പൽ എത്തിക്കുന്നതിനാവശ്യമായ കാര്യമെന്നുള്ള നിലയ്ക്ക് അതിനുവേണ്ടി പ്രത്യേകമായൊരു പരിഗണന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി പറഞ്ഞുകൊണ്ട്  ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റ് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിന്റെ  ആവർത്തനമാണെന്ന് എല്ലാവരും വളരെ വ്യക്തമായി സൂചിപ്പിച്ചു. നടക്കാത്ത അല്ലെങ്കിൽ ആരംഭിക്കാത്ത ഒട്ടനവധി പദ്ധതികളുടെ ആവർത്തനമാണിവിടെ കണ്ടത്. എന്റെ കയ്യിലുള്ള കടലാസിൽ, 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നവകേരളത്തിനായി 25 പദ്ധതികൾ അങ്ങ് പ്രഖ്യാപിച്ചിരുന്നു. ഇതിൽ പലതും ഇതുവരെ തുടങ്ങിയിട്ടില്ല. എന്റെ മണ്ഡലത്തിൽ കഴിഞ്ഞ പ്രാവശ്യം 20 ശതമാനംവീതം അഞ്ച് വർക്കുകൾക്ക് അങ്ങ് അംഗീകാരം നൽകിയിരുന്നു. എല്ലാ എസ്റ്റിമേറ്റുകളും ആവശ്യമുള്ള കാര്യങ്ങളും ഇവിടെ നൽകിയിട്ടും ഒരു പദ്ധതിപോലും ഇതുവരെ തുടങ്ങാനായിട്ടില്ല. ഞങ്ങൾ എഴുതി നൽകിയ പ്രവൃത്തികൾക്ക് എന്തെങ്കിലും പ്രയോറിറ്റി നൽകിയിരുന്നെങ്കിൽ അത് വളരെ ഭംഗിയാകുമായിരുന്നു.  ഏറ്റവും കുറഞ്ഞ സംഖ്യ ഏതാണെന്ന് നോക്കി അതിന്റെ 20 ശതമാനമാണ് വച്ചത്. അതുകൊണ്ട് ബഡ്ജറ്റിനെ എതിർക്കാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല.  അങ്ങനെ ഒന്നും നടക്കാത്ത  കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ചിതയിൽനിന്നാണ് അങ്ങ് ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ, അതിൽ നിന്നുവരുന്ന ചാരത്തിൽനിന്ന് ഇനി ഒരിക്കലും ഈ ബഡ്ജറ്റിനെ രക്ഷിക്കാൻ കഴിയില്ലെന്ന് വളരെ വ്യക്തമാണ്. കാരണം, സാമ്പത്തികമായി സംസ്ഥാനവും കേന്ദ്രവുമൊക്കെ വളരെ പരിതാപകരമായ അവസ്ഥയിലാണ്. ആ അവസ്ഥയുണ്ടാകുമ്പോഴും അങ്ങ് പറയുന്നത് ഞാൻ വലിയ കാര്യം ചെയ്തു എന്നാണ്. ഈ ധനകാര്യ വ്യവസ്ഥിതിയിൽ പരിപൂർണ്ണമായ മാറ്റം വരുത്താൻ കഴിയുമെന്ന പ്രതീക്ഷയാണ് വച്ചുപുലർത്തുന്നത്. ആ പ്രതീക്ഷ വിജയിക്കട്ടെ എന്ന് ഞാൻ ആശിക്കുകയാണ്. പക്ഷേ, അങ്ങ് ഇവിടെ പറഞ്ഞ കണക്കുകളെടുത്ത് പരിശോധിക്കുമ്പോൾ കേരളത്തിൽ ആ പ്രതീക്ഷ ഒരിക്കലും വിജയിക്കാൻ കഴിയാത്ത ഒരവസ്ഥയാണുള്ളത്. അതിൽനിന്ന് ഒരിക്കലും  ഉയർന്നുവരാൻ സാധിക്കില്ല.  ചാരത്തിൽനിന്നും ഉയർന്നുവരുന്ന ഫിനിക്സ് പക്ഷിയെപ്പോലെ ഉയർന്നുവരാൻ അങ്ങേയ്ക്ക് കഴിയില്ലെന്നുള്ളത് സാമ്പത്തിക അവലേകനം നടത്തുമ്പോൾ കാണാൻ സാധിക്കും. പെൻഷൻ കാര്യത്തെക്കുറിച്ച് എല്ലാവരും

ഇവിടെ പറഞ്ഞു, അഞ്ച് ലക്ഷം പെൻഷൻകാരെ ഒഴിവാക്കി. നൂറ് രൂപ വർദ്ധിപ്പിച്ചതിനെ ഞാൻ അംഗീകരിക്കാതിരിക്കുന്നില്ല. പക്ഷേ, അങ്ങ് വിധവകളുടെ കാര്യത്തിൽവച്ച മാനദണ്ഡങ്ങൾ വിലയിരുത്തിയാണ് ധാരാളമാളുകളുടെ പെൻഷൻ ഒഴിവായത്. ഭർത്താവ് മരിച്ച സ്ത്രീകൾക്ക് മാത്രമേ പെൻഷൻ നൽകുകയുള്ളൂവെന്നും വിവാഹമോചിതരായ സ്ത്രീകൾക്ക് നൽകില്ലെന്നുമുള്ള മാനദണ്ഡം വച്ചതായി അങ്ങയുടെ ബഡ്ജറ്റിൽ പറഞ്ഞു. അങ്ങനെ നോക്കുമ്പോൾ മലപ്പുറം ജില്ലയിൽമാത്രം ഏകദേശം ഒമ്പതിനായിരത്തോളം ആളുകൾ ഒഴിവാക്കപ്പെടുമെന്നാണ് പറയുന്നത്. അതുകൊണ്ട് ആ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് അപേക്ഷിക്കുകയാണ്. അങ്ങ് ഉന്നത വിദ്യാഭ്യാസത്തിൽ നൂതന ആശയങ്ങളുമായി പുതിയ കോഴ്സുകൾ തുടങ്ങുന്നുവെന്ന് സൂചിപ്പിച്ചത് നല്ല കാര്യമാണ്. പക്ഷേ ആ കോഴ്സുകൾ തുടങ്ങുന്നതിന് വച്ച 3 മാനദണ്ഡങ്ങൾ മലബാർ മേഖലയിൽ വളരെ പ്രയാസകരമായ അനുഭവമുണ്ടാക്കുമെന്നതിൽ യാതൊരു സംശയവുമില്ല. 'എ' ഗ്രേഡ് അടക്കമുള്ള കോളേജുകൾ മലബാർ മേഖലയിൽ വളരെക്കുറവാണ്. അതുകൊണ്ടുതന്നെ ആ കോഴ്സുകൾ അനുവദിക്കുന്നതിന് ആ മാനദണ്ഡങ്ങൾക്കൊപ്പം ജനസംഖ്യാനുപാതികമായ കോഴ്സുകൾകൂടി അനുവദിക്കുക എന്നൊരു നിലപാട് അങ്ങയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നുണ്ടാകണം. കഴിഞ്ഞ ജനാധിപത്യമുന്നണി സർക്കാർ ആ നിലപാട് സ്വീകരിച്ചതിനാലാണ് ആ അസന്തുലിതാവസ്ഥ ഒഴിവാക്കപ്പെട്ടത്. ബഡ്ജറ്റിൽ ഒന്നര ലക്ഷം ആളുകൾക്ക് ജോലി നൽകുമെന്ന് പറഞ്ഞിരിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് മാത്രമാണ്. ഇന്ന് നാട്ടിലെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ ലേബർ സർവ്വേ റിപ്പോർട്ടിന്റെ കണക്കനുസരിച്ച് കേരളത്തിലെ തൊഴിലില്ലാത്ത ആളുകളുടെ കണക്ക് 11.14 ശതമാനമായി നിൽക്കുകയാണ്. അതിനാൽ ആ മേഖലകളിൽ അങ്ങേയ്ക്ക് വളരെ പ്രയാസകരമായ അനുഭവമുണ്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല. 2019-20-ലെ റവന്യൂ ഡെഫിസിറ്റ് 8,770 കോടി രൂപയായിരുന്നത് revised estimate-ൽ 17,474 കോടി രൂപയായി; ഏകദേശം 99.2 ശതമാനമാണ് റവന്യൂ ഡെഫിസിറ്റായി വന്നത്. ഈ വർഷം റവന്യൂ ഡെഫിസിറ്റായി അങ്ങ് പറയുന്നത് 15,201 കോടി രൂപയാണ്. അതേസമയം capital expenditure 2020-21-ൽ പ്രൊപ്പോസ് ചെയ്യുന്നത് 14,428 കോടി രൂപയാണെങ്കിൽ 2019-20-ലെ revised estimate-നെക്കാൾ 58 ശതമാനം കുട്ടതലാണ്. Capital Outlay 2019-20-ൽ 16,269 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. അത് revised ആയപ്പോൾ 50% മാത്രമേ കൊടുത്തുതീർക്കാൻ കഴിഞ്ഞുള്ളൂ. 2020-21-ലേത് 12,913 കോടി രൂപയായി ഈ ബഡ്ജറ്റിൽ അങ്ങ് ഉൾപ്പെടുത്തിയപ്പോൾ outlay അങ്ങ് എവിടെനിന്ന് കൊടുക്കുമെന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. നികുതി വിഹിതം 14-ാം ധനകാര്യ കമ്മീഷനിൽ നമുക്ക് അനുവദിച്ചത് 42 ശതമാനമായിരുന്നു. ഈ 15-ാം ധനകാര്യ കമ്മീഷനിൽ നമുക്ക് ലഭിക്കുമെന്ന് പറയുന്നത് 41 ശതമാനം നികുതി വിഹിതമാണ്.

അത് കേന്ദ്ര ഗവൺമെന്റിൽനിന്നും കുറവ് വന്നിട്ടുണ്ട്. സ്റ്റേറ്റിന്റെ GST 2019-20-ൽ പ്രതീക്ഷിച്ചത് 2,911 കോടി രൂപയാണെങ്കിൽ അത് റിവൈസ്ഡ് ആയപ്പോൾ 23,690 കോടി രൂപയായി മാറിയിട്ടുണ്ട്. ഇപ്രാവശ്യം പ്രതീക്ഷിക്കുന്നത് 32,388 കോടി രൂപയാണ്. അങ്ങയുടെ ഈ കണക്കുകൾ വളരെ വിരോധാഭാസമായ നിലപാടിലൂടെയാണുള്ളതെന്ന് പറയേണ്ടി വരികയാണ്. വിദ്യാഭ്യാസ മേഖലയിൽ, 2020-21-ൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ കണക്ക് പറയുമ്പോൾ 14235 ആളുകളുടെ എണ്ണമാണ് അങ്ങ് പറഞ്ഞത്. പക്ഷേ 3400-ഓളം പേർ മാത്രമേ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരായി നിലവിലുള്ളൂ എന്ന് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ വളരെ വ്യക്തമായി പറയുമ്പോൾ അങ്ങ് 2016 മുതൽ 2020 വരെയുള്ള മുഴുവൻ ആളുകളുടെയും കണക്കാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ടുതന്നെ അത് പരിശോധി ക്കേണ്ടതാണെന്ന് സൂചിപ്പിക്കുകയാണ്. അങ്ങനെ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റ് കണക്കുകൾകൊണ്ടുള്ള കളി മാത്രമായി അവസാനി പ്പിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ 30% നികുതി വരുമാനം പ്രതീക്ഷിച്ചിരുന്നു. സംസ്ഥാനത്തിന് കിട്ടിയത് 12% വർദ്ധനവ് മാത്രമാണ്. ഈ ബഡ്ജറ്റിൽ പ്രതീക്ഷിച്ചത് 20 ശതമാനമാണ്. അതുകൊണ്ടുതന്നെ ആ രൂപത്തിൽ വ്യക്തമാക്കുമ്പോൾ 20% നികുതി വർദ്ധനവ് എങ്ങനെ യാഥാർത്ഥ്യമാകുമെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയില്ല. മണൽ വാരുന്നതിനെക്കുറിച്ച് ഇവിടെ ചിലർ സൂചിപ്പിച്ചത് ഞാൻ ആവർത്തിക്കുന്നില്ല. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് GST നല്ലതാണെന്ന് അങ്ങ് പറഞ്ഞിരുന്നുവെങ്കിലും പ്രതീക്ഷിച്ച രൂപത്തിലേയ്ക്ക് പോകാൻ കഴിഞ്ഞില്ല. Non Tax വരുമാനം കൂട്ടുന്നതിനുവേണ്ടി 1,100 കോടി രൂപയുടെ അധിക വരുമാനം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ഫീസുകൾ കുത്തനെ കൂട്ടുക വഴി സാമ്പത്തിക മാന്ദ്യംമൂലമുള്ള ജീവിത ദുരിതങ്ങൾ നേരിടുന്ന ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ GDP 9.7 ലക്ഷം കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷം GDP 8.75 ലക്ഷം കോടി രൂപ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രതീക്ഷിച്ചിരുന്നത് 8.71 ലക്ഷം കോടി രൂപയായി പുതിയ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആറ് മാസം കഴിഞ്ഞ് അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് വരുമ്പോൾ തുക ഇനിയും കുറയാനാണ് സാധ്യത. നടപ്പുസാമ്പത്തിക വർഷം ഒന്നാം മേഖലയായ കൃഷിയുടെ വളർച്ചാനിരക്ക് നെഗറ്റീവാണ്. വ്യവസായ രംഗത്തെയും സേവന മേഖലയിലെയും വളർച്ചയാണ് GDP 7.5 ശതമാ നമായി വർദ്ധിക്കാൻ കാരണം. ഇക്കാര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്ക് തുലോം തുച്ഛമായതിനാൽ അവിടെ പ്രൊഫഷണൽ മാനേജ്മെന്റ് ഏർപ്പെടു ത്തുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ചിന്തിക്കണം. ഇതൊക്കെ പറയുമ്പോൾ ഈ ബഡ്ജറ്റിലൂടെയും പ്രസംഗത്തിലൂടെയും അങ്ങ് പരിപൂർണ്ണമായി കണ്ണടച്ച് ഇരുട്ടാക്കുകയാണ്. ഞാൻ കുഞ്ചൻനമ്പ്യാരുടെ ഒരു കവിത ഓർമ്മിക്കുകയാണ്.

" ഉരുളികൾ കിണ്ടികളൊക്കെയുടച്ചു,

ഉരലുവലിച്ചുകിണറ്റിൽമറിച്ചു;
ചിരവയെടുത്തതാ തീയിലെരിച്ചു,

അരകല്ലങ്ങുകുളത്തിലെറിഞ്ഞു;
അതുകൊണ്ടരിശം തീരാഞ്ഞവനപ്പുരയുടെ ചുറ്റും മണ്ടി നടന്നു. "

എന്നു പറയുന്നതുപോലെ എല്ലാം നശിപ്പിച്ചിട്ടും സംസ്ഥാനത്തിലെ വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ പ്രശ്നങ്ങളൊന്നും പരിഹരിക്കാൻ കഴിയാത്ത രൂപത്തിലുള്ള ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, 2020-21 ധനകാര്യ വർഷത്തെ കേരള ബഡ്ജറ്റിനെ ഹൃദയം നിറഞ്ഞുകവിയുന്ന സന്തോഷത്തോടെ അനുകൂലിക്കുകയാണ്. ഈ ബഡ്ജറ്റ് സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ സ്വാതന്ത്ര്യസമരത്തിന്റെ കാലയളവിലെ ബഡ്ജറ്റാണ്. ദേശീയ മാധ്യമങ്ങളും ദേശീയരാഷ്ട്രീയ നിരീക്ഷകരും വിലയിരുത്തി യതുപോലെ ദേശീയ പ്രക്ഷോഭത്തിന്റെ നായകസ്ഥാനം പ്രിയങ്കരനായ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനാണ്. ബ്രിട്ടീഷുകാർക്കെതിരായി സ്വാതന്ത്ര്യ സമരം നടത്തിയ ഈ നാട് അന്ന് ബ്രിട്ടീഷുകാർക്കൊപ്പംനിന്ന ഇന്നത്തെ ഫാസിസ്റ്റുകൾ ക്കെതിരായി നടത്തുന്ന വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം വിജയം കാണുമെന്ന് അദ്ദേഹം കൃത്യമായി പറഞ്ഞു. തീർച്ചയായും അതിന് സഭയിലെ എല്ലാ അംഗങ്ങളും ഒരുമയോടെ നേതൃത്വം നൽകിയതിൽ നമുക്കഭിമാനിക്കാൻ കഴിയും. ഈ രാജ്യം ഇന്ന് ചെന്നു പെട്ടിരിക്കുന്ന അവസ്ഥ ഈ ബഡ്ജറ്റിന്റെ താളുകളിലുണ്ട്. ഈ കൊച്ചു സംസ്ഥാന ത്തിനുനേർക്ക് മതഭീകരതയുടെ കടന്നാക്രമണമാണ് നടന്നുകൊണ്ടിരിക്കുന്നത്. അത് പ്രതിരോധിക്കാനുള്ള ഇച്ഛാശക്തിയുടെ, ധീരതയുടെ പ്രതിധ്വനികൾ അതോടൊപ്പം കൊച്ചുമനസ്സുകളുടെ വിഹ്വലത ഈ ബഡ്ജറ്റ് പ്രസംഗത്തിന്റെ താളുകളിൽ കാണാൻ കഴിയും. സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിലാണ് കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടത്. ചിറ്റമ്മനയം എന്നത് പറഞ്ഞുപഴകിയ വാക്കാണ്. രാക്ഷസീയമായ പ്രതികാര ബുദ്ധിയാണ് ബഡ്ജറ്റിലൂടെ കേരള സംസ്ഥാനത്തോട് കേന്ദ്രസർക്കാർ പ്രകടമാക്കിയത്.

എന്റെ നിയോജകമണ്ഡലത്തിലാണ് നേമം റെയിൽവേ ടെർമിനൽ. നേമം റെയിൽവേ ടെർമിനലിനുവേണ്ടി 131 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയത്. എന്നാൽ അതിനുവേണ്ടി നീക്കിവച്ചിരിക്കുന്നത് 50 ലക്ഷം രൂപ മാത്രമാണ്. നമ്മുടെ നാട്ടിൽ ജില്ലാ പഞ്ചായത്ത് സ്കൂളുകൾക്കുവേണ്ടി നീക്കിവയ്ക്കുന്നത് ഒരു കോടി രൂപയാണ്. ഇവിടെ മലയാളികളെ പരിഹസിക്കുകയാണ്. എയിംസ്

കേരളത്തിന്റെ പ്രതീക്ഷയായിരുന്നു. ആ പ്രതീക്ഷയെ തല്ലിക്കെടുത്തിയിരിക്കുന്നു. കൊച്ചുവേളി-കന്യാകുമാരി റെയിൽവേ പാത ഇരട്ടിപ്പിക്കൽ തുടങ്ങി എല്ലാ കാര്യത്തിലും മലയാളികളെ ശിക്ഷിക്കുന്ന സമീപനമാണ് അവർ സ്വീകരിച്ചിരിക്കുന്നത്. കേന്ദ്രം കേരളത്തോട് കാട്ടുന്ന ക്രൂരതയുടെ വിവരണമാണ് ബഡ്ജറ്റ് പ്രസംഗത്തിന്റെ 7 മുതൽ 14 വരെയുള്ള പേജുകളിലെ 8 മുതൽ 16 വരെയുള്ള ഖണ്ഡികകളിലുള്ളത്. അത് സ്വയം സംസാരിക്കുന്ന കണക്കുകളാണ്. അതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. GST വിഹിതത്തിൽ കുടിശ്ശിക 3,000 കോടി രൂപയാണ്. 2018-ലെ പ്രളയക്കെടുതികളിൽ നട്ടംതിരിഞ്ഞ കേരളത്തെ സഹായിക്കാൻ ചില്ലിക്കാശുപോലും തരില്ല എന്ന മാപ്പില്ലാത്ത ക്രൂരതയാണ് കേന്ദ്ര സർക്കാർ പ്രകടമാക്കിയിരിക്കുന്നത്. അപ്പോൾ അത്തരം അവഗണനകളെയും ആക്രമണങ്ങളെയും നിശ്ചയദാർഢ്യംകൊണ്ടും ധീരതകൊണ്ടും ഭാവനാപൂർണ്ണമായ ആസൂത്രണ മികവുകൊണ്ടും മറികടക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് ഈ ബഡ്ജറ്റ് വിശദീകരിക്കുന്നത്. ചില കണക്കുകൾ മാത്രം ഞാൻ അവതരിപ്പിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഞ്ച് വർഷംകൊണ്ട് 503 കോടി രൂപയാണ് വിതരണം ചെയ്തിരുന്നതെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ 44 മാസക്കാലംകൊണ്ട് 1,216 കോടി രൂപയാണ് വിതരണം ചെയ്തിരിക്കുന്നത്. ബഡ്ജറ്റിൽനിന്നുള്ള മൊത്തം മൂലധനച്ചെലവ് യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷവും 29,689 കോടി രൂപയായിരുന്നുവെങ്കിൽ 44 മാസക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് 40,497 കോടി രൂപയായി. 4.9 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് അഞ്ച് വർഷം യു.ഡി.എഫ്. കൊടുത്തിരുന്നതെങ്കിൽ കഴിഞ്ഞ നാല് വർഷംകൊണ്ട് 7.5 ലക്ഷം പേർക്ക് കുടിവെള്ള കണക്ഷൻ കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യ പരിപാലന മേഖലയിൽ 7,191 കോടി രൂപയാണ് അഞ്ച് വർഷംകൊണ്ട് യു.ഡി.എഫ്. കൊടുത്തിരുന്നതെങ്കിൽ 9,651 കോടി രൂപയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇത്രയും കാലംകൊണ്ട് കൊടുത്തിരിക്കുന്നത്. നെൽകൃഷിയുടെ കാര്യത്തിൽ 1.7 ലക്ഷം ഹെക്ടറായിരുന്നു അഞ്ച് വർഷത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടമെങ്കിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അത് 2.034 ലക്ഷം ഹെക്ടറായി ഉയർന്നിട്ടുണ്ട്. ഈ കണക്കുകൾ ബോധ്യപ്പെടുത്തുന്നത് പരിമിതികൾക്ക് നടുവിൽ നിന്നുകൊണ്ടും ഭാവനാപൂർണ്ണമായി വരുംകാലത്തേയ്ക്കുള്ള കരുതിവയ്പുകൾ നടത്താൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് കഴിയുന്നുവെന്നതാണ്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, ദേശീയ രാഷ്ട്രീയത്തിൽ പലപ്പോഴും കോൺഗ്രസ് പ്രകടമാക്കിയിട്ടുള്ളതുപോലെ കേവല രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി സങ്കുചിതമായ പ്രാദേശിക വികാരം ആളിക്കത്തിക്കുകയും

തലസ്ഥാന നഗരത്തെ അവഗണിച്ചുവെന്ന മുറവിളി ഉയർത്തുന്ന സമീപനവും കോൺഗ്രസ് സ്വീകരിക്കുകയാണ്. യഥാർത്ഥത്തിൽ ബി.ജെ.പി.-യുമായി ചേർന്ന് ഒരു പൊതുവേദി പങ്കിടുന്നതിനുള്ള തിരക്കഥയാണ് കോൺഗ്രസ് തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാണ്. തലസ്ഥാന നഗരത്തിന്റെ വികസന ചരിത്രം പരിശോധിച്ചാൽ ഏഷ്യയിലെ ആദ്യത്തെ ഐ.ടി. പാർക്ക് തിരുവനന്തപുരം നഗരത്തിൽ സ്ഥാപിതമായതും ദക്ഷിണേന്ത്യയിലെ ആദ്യത്തെ അന്താരാഷ്ട്ര വിമാനത്താവളം യശഃശരീരനായ പ്രധാനമന്ത്രി വി. പി. സിംഗ് ഉദ്ഘാടനം ചെയ്തതും സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. ഇവിടെ IISER സ്ഥാപിക്കപ്പെട്ടത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്താണ്. ഇന്ത്യയിലെ രണ്ടാമത്തെ എയർ ക്രാഫ്റ്റ് മെയിന്റനൻസ് സെന്റർ സ്ഥാപിതമായത് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ്. എല്ലാ കാലത്തും ഇടതുപക്ഷ ജനാധിപത്യ മുന്നണി തലസ്ഥാന നഗരത്തോടും തലസ്ഥാന ജില്ലയോടും പ്രകടമാക്കിയിട്ടുള്ള ആഭിമുഖ്യം വാക്കുകൾകൊണ്ട് വിവരിക്കാൻ കഴിയുന്നതല്ല. അവർ പറയുന്നത് കേട്ടാൽതോന്നും ഇത് ആദ്യത്തെയും അവസാനത്തേയും ബഡ്ജറ്റാണെന്ന്. ബഡ്ജറ്റുകൾ തുടർച്ചയാണെന്ന ബാലപാഠംപോലും മറന്നുകൊണ്ടാണ് പ്രാദേശിക വികാരം ആളിക്കത്തിക്കാൻ ശ്രമിക്കുന്നത്. മറ്റ് ജില്ലകൾക്ക് നൽകി, നമ്മുടെ ജില്ലയ്ക്ക് നൽകിയില്ല. നഗരത്തിന് നൽകിയില്ല, നാട്ടിൻപുറത്തിന് നൽകി. ഇത്തരം വിതണ്ഡവാദങ്ങൾ ആരോഗ്യപരമായ ജനാധിപത്യ സംവിധാനത്തിന് ഉതകുന്നതല്ല എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. തിരുവനന്തപുരം നഗരത്തിന്റെ പ്രധാന പ്രശ്നമാണ് കുടിവെള്ള ക്ഷാമം. തിരുവനന്തപുരത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി നെയ്യാർഡാമിൽനിന്ന് തിരുവനന്തപുരം നഗരത്തിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി 206 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ഇതിനെല്ലാമപ്പുറം കിഫ്ബിയിലൂടെ 3,008 കോടി രൂപയുടെ വികസന പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച മുൻ മന്ത്രികൂടിയായ തിരുവനന്തപുരം നിയമസഭാംഗം തലസ്ഥാന വികസനത്തിന്റെ അപര്യാപ്തതയെക്കുറിച്ച് വിലപിക്കുന്നത് കേട്ടു. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽ മാത്രം ഇക്കഴിഞ്ഞ കാലയളവിൽ, തിരുവനന്തപുരത്ത് വേളി പദ്ധതിക്കുവേണ്ടി 56.8 കോടി രൂപയും ശംഖുമുഖം ബീച്ച് വികസനത്തിനുവേണ്ടി 14.62 കോടി രൂപയും ചാല പൈതൃക പദ്ധതിക്കുവേണ്ടി 10 കോടി രൂപയുമാണ് ചെലവഴിച്ചത്. തലസ്ഥാന നഗരത്തെയും തിരുവനന്തപുരം ജില്ലയെയും എല്ലാകാലത്തും ശ്രദ്ധാപൂർവ്വം പരിഗണിക്കുന്ന സമീപനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രകടമാക്കിയിട്ടുള്ളത്. കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലും കിഫ്ബി പദ്ധതിയിലും അത് പ്രകടമാക്കാൻ കഴിഞ്ഞു. പരിമിതികൾകൊണ്ട് വീർപ്പുമുട്ടുന്ന കാട്ടാക്കട താലൂക്കാസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി,

ടൗൺഷിപ്പ് വികസനത്തിനുവേണ്ടി 100 കോടി രൂപ അനുവദിച്ച സംസ്ഥാന സർക്കാരിനെയും ധനകാര്യ വകുപ്പുമന്ത്രിയെയും നാടിനുവേണ്ടി, വരുംതലമുറകൾക്കു വേണ്ടി ഹൃദയപൂർവ്വം അഭിവാദ്യം ചെയ്ത് നന്ദി അറിയിച്ച് ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ച് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനോട് തർക്കമൊന്നുമില്ല. മലയാളത്തിലുള്ള ബഡ്ജറ്റിലെ പുറംചട്ടയിൽ മഹാത്മാഗാന്ധി വെടികൊണ്ട് കിടക്കുന്ന പടമാണ്. അത് ഇംഗ്ലീഷിലായപ്പോൾ ഒരു കുട്ടി പുസ്തകം വായിക്കുന്ന പടമാണ്. എന്തിനാണ് ഇങ്ങനെ ചെയ്തത്? ബഡ്ജറ്റ് ഒന്നല്ലേ; രണ്ടിലും ഒരേ പടം വയ്ക്കണ്ടേ; എന്തിനാണ് രണ്ട് പടമാക്കിയത്; ഗാന്ധിജിയോട് പിണക്കം വല്ലതുമുണ്ടോ? ഗാന്ധിജിയോട് പിണക്കമുള്ളയാളല്ല ഡോ. ഐസക് എന്നെനിക്കറിയാം. അതുകൊണ്ട് ചോദിച്ചതാണ്. ഏതായാലും ഇത് മോശമായിപ്പോയി. അത് ചെയ്യാൻ പാടില്ലായിരുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നാളിതുവരെയുള്ള ബഡ്ജറ്റുകളിൽ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ബഡ്ജറ്റുകളിലെ കവർ ചിത്രങ്ങൾ വ്യത്യസ്തമാണ്. ഇംഗ്ലീഷിലുള്ളതിൽ കുട്ടി ഇരുന്ന് വായിക്കുന്നതിന്റെ മുകളിലുള്ള പടം എന്താണ്; ഗാന്ധിജിയെ വെടിവയ്ക്കുന്നതാണ്. ജലജയെന്ന ഒരു ചിത്രകാരി രചിച്ചതാണ്. പലർക്കും ഇഷ്ടപ്പെട്ടിട്ടുള്ള കാര്യമാണ്. അതിന്റെ തീം ഒന്നുതന്നെയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഗാന്ധിജിയെ അപമാനിച്ചുവെന്ന അഭിപ്രായമൊന്നും എനിക്കില്ല. ഇംഗ്ലീഷിലും മലയാളത്തിലും ഒരേ പടം വന്നിരുന്നെങ്കിൽ കുറച്ചുകൂടി ഐശ്വര്യമായിരിക്കുമെന്നേ ഞാൻ പറഞ്ഞുള്ളൂ. ഈ ബഡ്ജറ്റിൽ സാംസ്കാരിക കേന്ദ്രത്തിനുവേണ്ടി പാലായിൽ ബഹുമാനപ്പെട്ട ഐസക് അഞ്ച് കോടി രൂപ വച്ചിട്ടുണ്ട്. കെ. എം. മാണിയുടെ ഓർമ്മയ്ക്കുവേണ്ടിയാണിത്. എനിക്ക് അഭിമാനം തോന്നി. അദ്ദേഹത്തിന്റെ പ്രതിമ നല്ലരീതിയിൽ ഉണ്ടാക്കണം. പ്രതിമയിൽ കോഴ മാണിയെന്ന് എഴുതിവയ്ക്കരുത്. അത് മാത്രം നിങ്ങൾ ഓർത്താൽ മതി. അദ്ദേഹം ഇവിടെയിരുന്നപ്പോൾ അതുപോലെ പറഞ്ഞവരാണ് നിങ്ങൾ. അതുകൊണ്ടാണ് പറയുന്നത്. 52 കൊല്ലം എം.എൽ.എ.-യായിരുന്ന കെ. എം. മാണിക്കുവേണ്ടി അഞ്ച് കോടി രൂപ മാറ്റിവച്ചപ്പോൾ വിശ്വപൗരനെന്ന് അറിയപ്പെടുന്ന കെ. ആർ. നാരായണൻ, അദ്ദേഹവും പാലാ നിയോജകമണ്ഡലത്തിലെ ഉഴവൂരിൽപ്പെട്ട ആളാണ്. അവിടെയുമുണ്ട് സാംസ്കാരിക നിലയം. അവിടത്തേയ്ക്ക് നീക്കിവച്ചത് ഒരു കോടി രൂപ. ഇന്ത്യൻ പ്രസിഡന്റായിരുന്ന, ലോകനേതാവായി മാറിയ, വിശ്വപൗരനായ കെ. ആർ. നാരായണന് ഒരു കോടി രൂപയും

മാണിസാറിന് അഞ്ച് കോടി രൂപയും കൊടുത്തതിൽ രാഷ്ട്രീയമായി വല്ല കാര്യവുമുണ്ടോയെന്ന് സംശയിച്ചാൽ കുറ്റപ്പെടുത്തരുതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

ശ്രീ. എ. എൻ. ഷംസീർ: സർ, ...(മൈക്ക് ഓഫ്)... മരിച്ചയാളെ അപമാനിക്കാൻ പാടില്ല.

ശ്രീ. പി. സി. ജോർജ്: സർ, ആരെയും അപമാനിക്കാൻ ഞാനില്ല. ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 20 പേരുടെ പേര് പറഞ്ഞിട്ടുണ്ട്. (1) ആനന്ദ്; (2) അൻവർ അലി; (3) ഒ. പി. സുരേഷ്; (4) ദ്രുപത് ഗൗതം; (5) പി. എൻ. ഗോപീകൃഷ്ണൻ; (6) പ്രഭാവർമ്മ; (7) വിനോദ് വൈശാഖി; (8) റഫീഖ് അഹമ്മദ്; (9) ബെന്യാമിന്റെ മഞ്ഞപ്പൂനിറമുള്ള പകലുകൾ എന്ന നോവലിലെ ഫ്രീഡം എന്ന അദ്ധ്യായം; (10) കെ. ജി. എസ്.; (11) വിഷ്ണുപ്രസാദ്; (12) ത്വാഹിത ഷിർ; (13) വിജില ചിറപ്പാട്; (14) ഡോ. ശാരദക്കുട്ടി; (15) ഗിരിജ പാതേക്കര; (16) സച്ചിദാനന്ദൻ; (17) ഫൈഖ ജാഫർ; (18) അശോകൻ മറയൂർ; (19) എം. ആർ. രാധാമണി; (20) രവീന്ദ്രനാഥ ടാഗോറിന്റെ ഗീതാഞ്ജലിയിലെ മുപ്പത്തിയഞ്ചാം സർഗ്ഗം നമ്മുടെ രക്തത്തിലുണ്ട്, എൻ. പി. ചന്ദ്രശേഖരന്റെ തർജ്ജമ. ആ ജോൺ ബ്രിട്ടാസിനെക്കൂടി വയ്ക്കാൻ പാടില്ലായിരുന്നോ. ഇത്രയുംപേരെ വച്ചതല്ലേ. ഓരോരുത്തരുടെ പേരിലും അങ്ങ് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഞാൻ വേണമെങ്കിൽ പറയാം. ഇത് മുഴുവനും ഞാൻ വായിച്ചു. ഞാൻ നിർത്തുകയാണ്. അങ്ങയുടെ ബഡ്ജറ്റിനോട് എനിക്ക് ഒരു പരാതിയുമില്ല. പക്ഷെ കടക്കെണിയിലായ പാവപ്പെട്ട കർഷകനെ രക്ഷിക്കാൻ എന്തെങ്കിലുമൊന്ന് ചെയ്യേണ്ടതായിരുന്നു. അത് ചെയ്യാൻ സന്മനസ് കാണിക്കണം എന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ഉണ്ണി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. ക്ഷേമം ഉറപ്പാക്കുന്ന വികസന കേരളത്തിനുള്ള കർമ്മ പദ്ധതിയാണ് ഈ ബഡ്ജറ്റിലുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക കെട്ടുറപ്പിനായി അവതരിപ്പിക്കപ്പെട്ട നയരേഖയാണ് ഈ ബഡ്ജറ്റ്. കേന്ദ്ര അവഗണനയുടെ അങ്ങേയറ്റത്തെ അവസ്ഥയിലാണ് ഇന്ന് നാം നിലകൊള്ളുന്നത്. സാമ്പത്തികമായി ഞെരുക്കി കേരളത്തെ രാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് അടിമപ്പെടുത്താമെന്ന കേന്ദ്രം ഭരിക്കുന്നവരുടെ ധാരണയ്ക്കുള്ള മറുപടിയാണ് ഈ ബജറ്റ്. 2020 ഫെബ്രുവരി മാസം ഒന്നാം തീയതി പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട കേന്ദ്ര ബജറ്റിലൂടെ കണ്ണോടിച്ചാൽ ബോധ്യപ്പെടുന്നതാണ് കേന്ദ്ര അവഗണന. ഏതെല്ലാം വിധത്തിൽ സംസ്ഥാനത്തെ പ്രതിസന്ധിയിലാക്കാമെന്ന ഗവേഷണം നടത്തുകയാണെന്നുതോന്നും കേന്ദ്ര ബജറ്റ് കണ്ടാൽ. രാജ്യം കടുത്ത സാമ്പത്തിക മാന്ദ്യം നേരിടുമ്പോൾ ബദൽ നയങ്ങളിലൂടെ

വികസനം സാധ്യമാക്കാനും ജനങ്ങൾക്ക് ആശ്വാസം നൽകാനും കഴിയുന്ന ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. തെരുവോര കച്ചവടക്കാരെപ്പോലെ കടന്നുവരൂ, കടന്നുവരൂ എന്ന് ഓരോ വാചകത്തിന്റെയും അവസാനഘട്ടത്തിൽ പറയുകയും സാധനങ്ങളുടെ വിൽപ്പന നടത്തുന്നതിന് പ്രോത്സാഹനവും പ്രചോദനവും കൊടുക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റിൽക്കൂടി സ്വീകരിച്ചത്. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതത്തിൽ ഉത്തരേന്ത്യയും ദക്ഷിണേന്ത്യയും തമ്മിലുള്ള അന്തരം പ്രകടമായി ബോധ്യപ്പെടും. 2019-20 വർഷത്തിൽ കേന്ദ്ര നികുതി വിഹിതമായി നീക്കിവച്ചിരിക്കുന്നത് 16,401.05 കോടി രൂപയാണെങ്കിൽ 2020-21 വർഷത്തിൽ ഇത് 15,236.64 കോടി രൂപയാണ്. 1,164.41 കോടി രൂപയുടെ കുറവാണ് വരുത്തിയിരിക്കുന്നത്. കേരളം പ്രകൃതിദുരന്തങ്ങളെ അതിജീവിച്ച് കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന സമയത്താണ് ഇത് ചെയ്തതെന്നുകൂടി ഓർക്കുമ്പോഴേ സംഗതിയുടെ ഗൗരവം നമുക്ക് ബോധ്യപ്പെടുകയുള്ളൂ. നമ്മുടെ കൊച്ചു സംസ്ഥാനത്തെ അകാരണമായി സാമ്പത്തിക ഉപരോധമേർപ്പെടുത്തി ബുദ്ധിമുട്ടിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ അനുവർത്തിക്കുന്നത്. അർഹതപ്പെട്ട വായ്പ അനുവദിക്കുന്നതിൽപ്പോലും വിവേചനം കാണിക്കുന്നു എന്നതുതന്നെ അവരുടെ നീചമായ മനസ്സിന്റെ പ്രതിഫലനമാണ്. ഗൾഫ് നാടുകളിലും മറ്റുംപോയി കേരളത്തിലേയ്ക്ക് യഥേഷ്ടം പണമയച്ചിരുന്ന പ്രവാസികൾക്ക് സാമ്പത്തിക മാന്ദ്യവും ഗൾഫ് മേഖലയിലെ സ്വദേശിവൽക്കരണ ഭീഷണിയും താങ്ങാവുന്നതിനും അപ്പുറത്തായിരുന്നു. അതിനുപുറകെയാണ് ഇരുട്ടടി പോലെ കേന്ദ്ര ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ വന്നിരിക്കുന്നത്. പ്രവാസികളുടെ വരുമാനത്തിന് നികുതി ഏർപ്പെടുത്താൻ തീരുമാനിച്ചത് ഒരുദാഹരണം മാത്രമാണ്. പ്രതിസന്ധികൾക്കിടയിലും ഇന്ത്യയ്ക്ക് ഏറ്റവും കൂടുതൽ വിദേശനാണ്യം നൽകുന്നത് ഗൾഫ് പ്രവാസികളാണ്. അവരെ സഹായിച്ചില്ലെങ്കിലും ഉപദ്രവിക്കാതിരിക്കാനെങ്കിലും കേന്ദ്ര സർക്കാരിന് തോന്നാമായിരുന്നു. എന്നാൽ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രവാസി ക്ഷേമത്തിന് 90 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ജോലി നഷ്ടപ്പെട്ട് ജന്മനാട്ടിലേയ്ക്ക് തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള സാന്ത്വനം സ്കീമിന് 27 കോടി രൂപ നീക്കിവച്ചത് അക്ഷരാർത്ഥത്തിൽ പ്രവാസികൾക്ക് സാന്ത്വനമാകും. ഞാൻ ഇത് ചൂണ്ടിക്കാണിക്കുന്നത് രണ്ട് സർക്കാരുകളുടെയും പ്രവാസികളോടുള്ള നിലപാട് വ്യക്തമാക്കാനാണ്.

കാർഷിക മേഖലയ്ക്ക് 2,000 കോടി രൂപ നീക്കിവച്ചതിന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നെൽകൃഷിയുള്ള ജില്ലക്കാരനായ ഞാൻ ഇതിനെ ആഹ്ലാദപൂർവ്വമാണ് സ്വാഗതം ചെയ്യുന്നത്. കാർഷിക മേഖലയ്ക്കാകെ ഉണർവ് നൽകുകയാണ് ഈ ബഡ്ജറ്റ് എന്നതിന് തെല്ലും

സംശയമില്ല. പാലക്കാട് റൈസ് പാർക്ക് ഈ വർഷം പ്രവർത്തനമാരംഭിക്കുമെന്ന പ്രഖ്യാപനത്തിന് ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക്കിനെ വ്യക്തിപരമായും അഭിനന്ദിക്കുകയാണ്.

ഉറ്റവരാലും ഉടയവരാലും തിരസ്കരിക്കപ്പെടുന്ന വയോജനങ്ങളെ പ്രത്യേകം ഓർത്തുകൊണ്ട് വിവിധ വകുപ്പുകളിലായുള്ള വയോജനക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് എൽഡർ ബഡ്ജറ്റ് രൂപപ്പെടുത്തുമെന്ന പ്രഖ്യാപനം അത്യന്തം ശ്ലാഘനീയമാണ്. ഒരു നേരത്തെ മരുന്ന് വാങ്ങുന്നതിനുപോലും മറ്റുള്ളവരോട് കൈ നീട്ടേണ്ടി വരുന്ന അവസ്ഥയിൽ കഴിയുന്ന വയോജനങ്ങളുടെ ക്ഷേമ പെൻഷൻ നൂറ് രൂപ ഈ ബഡ്ജറ്റിലും വർദ്ധിപ്പിച്ച് എക്കാലത്തെയും മനുഷ്യസ്നേഹിയായ ധനകാര്യ വകുപ്പുമന്ത്രിയാണ് താനെന്ന് പ്രിയങ്കരനായ ഡോ. ടി. എം. തോമസ് ഐസക് തെളിയിച്ചിരിക്കുകയാണ്. 2011-16 യു.ഡി.എഫ്. കാലത്ത് ക്ഷേമ പെൻഷൻ ഇനത്തിൽ 8,311 കോടി രൂപയാണ് വിതരണം ചെയ്തതെങ്കിൽ 28,000 കോടി രൂപ ക്ഷേമ പെൻഷൻ ഇനത്തിൽ ചെലവഴിച്ചുകഴിഞ്ഞു. കോർപ്പറേറ്റുകളെ വല്ലാത്ത രീതിയിൽ വളരാൻ അനുവദിക്കുകയും പൊതുമേഖലയെ വിറ്റുതുലയ്ക്കുകയും ചെയ്യുന്ന ബഡ്ജറ്റാണ് കേന്ദ്രത്തിൽ അവതരിപ്പിക്കപ്പെട്ടത്. എന്നാൽ ഇവിടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ വ്യവസായ പാർക്കുകളുടെയും കോമൺ ഫെസിലിറ്റി സെന്ററുകളുടെയും വികസനത്തിനായി 36 കോടി രൂപ വകയിരുത്തിയിരിക്കുന്നു. കൂടാതെ സംരംഭക വികസന പരിപാടിക്ക് 70 കോടി രൂപയും പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് 20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനം 2,899 കോടി രൂപയിൽ നിന്നും 3,442 കോടി രൂപയായി ഉയർത്തിയിരിക്കുന്നു. 2015-16 തുടക്കത്തിൽ 200 കോടി രൂപ നഷ്ടത്തിലായിരുന്ന വ്യവസായ മേഖലയെ 102 കോടി രൂപ ലാഭത്തിലാക്കിയ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. പൊതുമേഖലയ്ക്കായി ഈ ബഡ്ജറ്റിൽ 250 കോടി രൂപ വകയിരുത്തിയിരുന്നു. വ്യവസായ മേഖല ശക്തിപ്പെടുത്തുന്നതിനായി എൽ.ഡി.എഫ്. ശ്രമിക്കുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളെ ദഹിപ്പിച്ച് അതിന്റെ അസ്ഥി കലശത്തിലാക്കി ഒഴുക്കിക്കളയുന്ന നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്. അതിലുള്ള പ്രതിഷേധം ഈ അവസരത്തിൽ ശക്തിയായി ഉയർത്തുകയാണെന്നത് എന്റെ ഭാഗ്യമായി ഞാൻ കാണുകയാണ്.

2012-ലാണ് പാലക്കാട് കോച്ച് ഫാക്ടറിക്കുവേണ്ടി ആദ്യ തറക്കല്ലിടൽ നടന്നത്. അന്ന് യു.പി.എ. ഗവൺമെന്റാണ് ഭരിക്കുന്നത്. 2015-ലാണ് ഇന്ന് അധികാരത്തിലിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് രണ്ടാമതായി പാലക്കാട് കോട്ട മൈതാനത്ത് കോച്ച് ഫാക്ടറിക്കുവേണ്ടി തറക്കല്ലിടുന്നത്. അത് ഇപ്പോൾ

പാലക്കാട് റെയിൽവേ ഡിവിഷൻ ഓഫീസിന്റെ മതിലിനോട് ചാരിവച്ചിരിക്കുകയാണ്. ഇങ്ങനെ തുടർച്ചയായി ബി.ജെ.പി. ഗവൺമെന്റും യു.പി.എ. ഗവൺമെന്റും നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കിയിട്ടില്ല. അങ്ങനെ പരിക്കേറ്റ ഒരു കാലത്തെ അതിജീവിച്ചുകൊണ്ടിരിക്കുകയാണ് ഇന്ന് പാലക്കാട് വ്യവസായ മേഖല. അതിലേയ്ക്ക് വഴിവച്ച ഈ ഗവൺമെന്റിനെയും ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെയും ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. വി. അൻവർ: സർ, വലിയ സാമൂഹ്യ പ്രതിബദ്ധതയോടുകൂടി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. നാളിതുവരെയുള്ള സംസ്ഥാന ചരിത്രത്തിൽ വലിയ വികസന മുന്നേറ്റമാണ് കേരളത്തിൽ നടക്കുന്നത്. വിദ്യാഭ്യാസ-ആരോഗ്യ- അടിസ്ഥാന സൗകര്യ മേഖലയിൽ വലിയ കുതിപ്പാണ് സംസ്ഥാനത്ത് ഇന്നുള്ളത്. മുൻ യു.ഡി.എഫ്. സർക്കാർ ചെലവിട്ടതിൽ ഇരട്ടിയിലധികം പണം എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ നാല് വർഷംകൊണ്ട് സംസ്ഥാന വികസനത്തിനായി ചെലവിട്ടു. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾ നടത്താൻ ഇടതുപക്ഷ സർക്കാരിനായിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി നീതി ആയോഗിന്റെ ആദ്യ ദേശീയാരോഗ്യ റിപ്പോർട്ടിൽ കേരളം ഒന്നാമതാണ്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വിലയിരുത്തുന്ന സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സിലും നമ്മൾ തന്നെയാണ് ഒന്നാമതായിട്ടുള്ളത്. പബ്ലിക് അഫയേഴ്സ് സെന്ററിന്റെ റിപ്പോർട്ടിൽ രാജ്യത്തെ മികച്ച ഭരണം നടക്കുന്ന സംസ്ഥാനവും കേരളമാണ്. രാജ്യം വലിയ സാമ്പത്തിക മാന്ദ്യത്തിലകപ്പെട്ട കാലത്താണ് ഇടതുപക്ഷം സംസ്ഥാനത്തിന്റെ വികസനത്തെയും ജനങ്ങളുടെ ക്ഷേമത്തെയും മുൻനിർത്തി ഒട്ടേറെ ജനപ്രിയ പ്രഖ്യാപനങ്ങളുമായി ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്ര വിഹിതം വെട്ടിക്കുറച്ച് കേന്ദ്ര സർക്കാർ സാമ്പത്തികമായി ഞെരുക്കാൻ ശ്രമിച്ചിട്ടും സംസ്ഥാന വരുമാനം പ്രതീക്ഷയ്ക്കൊത്ത് ഉയരാതിരുന്നിട്ടും ഈവിധ പ്രതിസന്ധികളെയെല്ലാം മറികടക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കുന്നതാണ് ഈ വർഷത്തെ ബഡ്ജറ്റ്. ഏത് സാഹചര്യത്തിലും കേരളീയർക്ക് ലോകത്തിനുമുന്നിൽ തലയുയർത്തി നിൽക്കാമെന്ന ആത്മവിശ്വാസമാണ് ഈ ബഡ്ജറ്റ് നൽകുന്നത്. നാല് വർഷങ്ങൾക്കുമുമ്പ് ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന കേരളത്തിലെ സ്ഥിതിയും നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുമൊന്നും നമ്മളാരും മറന്നിട്ടില്ല. അഞ്ച് വർഷം സംസ്ഥാനം ഭരിച്ച യു.ഡി.എഫ്. സർക്കാരിനെ ജനങ്ങൾ താഴെയിറക്കി. 92 സീറ്റുകളോടുകൂടി ഇടതുപക്ഷ ജനാധിപത്യമുന്നണി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ അധികാരമേറ്റ് അന്നത്തെ ആദ്യത്തെ ബഡ്ജറ്റിൽത്തന്നെ ഇന്ന് ഇവിടെ പ്രസംഗിച്ച പല പ്രതിപക്ഷനേതാക്കളും അന്നുയർത്തിയ വാദഗതികൾ തന്നെയാണ്

ഇന്നത്തെ സമ്മേളനത്തിലും ഉയർത്തിയത്. കിഫ്ബി എന്ന സംവിധാനത്തെ അങ്ങേയറ്റം കളിയാക്കിയവർ, ഇത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സ്വപ്നമാണെന്ന് പറഞ്ഞവർ, അവർ തന്നെയാണ് ഇപ്പോഴും അതിനെ ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ നാല് വർഷത്തിൽ സർക്കാർ ഫണ്ടുപയോഗിച്ച് നൂറ് കോടി രൂപയുടെയെങ്കിലും പ്രവൃത്തി ഉദ്ഘാടനം നടത്തി വളരെ അഭിമാനത്തോടുകൂടി ജനങ്ങളുടെയിടയിൽ നടക്കുന്നവരാണ് ഇവിടെയുള്ള 140 എം.എൽ.എ.-മാരും. 140 എം.എൽ.എ.-മാരിൽ ഈ സംസ്ഥാനത്ത് ഒന്നും നടന്നില്ലെന്ന് പറയുന്ന ഈ വാദഗതി കേരളത്തിലെ ജനങ്ങളുടെ മുന്നിൽ വിലപ്പോകുമോ ഇല്ലയോ എന്ന് നമുക്കെല്ലാവർക്കുമറിയാവുന്നതാണ്. കഴിഞ്ഞ കാലങ്ങളിൽ ചെയ്തതുപോലെ ജനങ്ങളെ പറഞ്ഞുപറ്റിക്കാൻ സാധിക്കില്ല. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ വിൽക്കാൻ തീരുമാനിച്ചവരാണ് അപ്പുറത്തിരിക്കുന്നവർ. പഴയ കഥയിലേയ്ക്കൊന്നും നമ്മൾ കടക്കേണ്ടതില്ല. കാറ്റും മഴയും വന്നാൽ വീട്ടിൽനിന്ന് വിദ്യാർത്ഥികളെ സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് അയയ്ക്കാൻ പേടിച്ചിരുന്ന അമ്മമാരുള്ള നാടായിരുന്നു കേരളം. ഇന്ന് എന്താണ് സ്ഥിതി? വിദ്യാലയങ്ങളിൽ കോടിക്കണക്കിന് രൂപയുടെ വികസനം നടന്നു കൊണ്ടിരിക്കുകയാണ്. അതിന്റെ തറക്കല്ലിട്ട് പല കെട്ടിടങ്ങളും പൂർത്തിയാക്കി കേരളം മുന്നോട്ടു പോകുകയാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഈ ഗവൺമെന്റ് വിദ്യാലയങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചാണല്ലോ അങ്ങ് പറയുന്നത്. മുസ്ലീം ലീഗിന്റെ പ്രമുഖനായ ഒരു നേതാവ് ശ്രീ. കെ. പി. എ. മജീദ് ഇന്ന് നടത്തിയ ഒരു കമന്റ് ഇപ്പോൾ മാധ്യമങ്ങളിൽ വരുന്നുണ്ട്. അദ്ദേഹം നടത്തിയ കമന്റ്, 'ഏതോ ഒരു പെൺകുട്ടിയെ പാമ്പ് കടിച്ച് മരിച്ചതിന് മാളങ്ങൾ തപ്പുകയാണ് ഈ ഗവൺമെന്റ്' എന്നാണ് ആക്ഷേപിച്ചത്. അങ്ങ് അത് കണ്ടോ? എത്ര ലജ്ജാകരമാണ് ആ കമന്റ്.

<u>ശ്രീ. പി. വി. അൻവർ</u>: സർ, ബഹുമാന്യനായ കെ. പി. എ. മജീദ് അതുപോലെ പല പ്രസ്താവനകളുമിറക്കാറുണ്ട്. അദ്ദേഹം ഏറ്റവുമവസാനം നടത്തിയ പ്രസ്താവന എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാകും. ഇന്ത്യയിൽ നടന്ന പൗരത്വഭേദഗതി ബില്ലിനെതിരെയുള്ള സമരം കേരളത്തിൽ അധികമായിപ്പോയോ എന്ന് സംശയം പ്രകടിപ്പിച്ച വ്യക്തിയാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഇവിടെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ എം.എൽ.എ. ഈ സഭയിൽ അംഗമല്ലാത്ത ശ്രീ. കെ. പി. എ. മജീദിനെക്കുറിച്ച്, അദ്ദേഹം പറയാത്ത ഒരു സ്റ്റേറ്റ്മെന്റ് പറഞ്ഞു. അങ്ങനെ പലതും പറയുന്നത് വളരെ മോശമാണ്. അതൊന്നും സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അത് പരിശോധിക്കാം.*

ശ്രീ. പി. വി. അൻവർ: സർ, ഞാൻ പറഞ്ഞുവന്നത് നമ്മുടെ സംസ്ഥാനത്ത് നിലനിന്നിരുന്ന ആരോഗ്യ രംഗത്തെ സ്ഥിതി എന്തായിരുന്നു? ഇവർ ഭരിച്ചിരുന്ന കാലത്ത് ഗവൺമെന്റ് ആശുപത്രിയിൽ ഇ.സി.ജി., ലാബുകൾ ഒന്നും വർക്ക് ചെയ്തിരുന്നില്ല. അതിനായി ഈ രാജ്യത്തെ സ്വകാര്യസ്ഥാപനങ്ങളിലേയ്ക്ക് പോകുന്ന അവസ്ഥയായിരുന്നു. ആശുപത്രികളിൽ മരുന്നുണ്ടായിരുന്നില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രൈവറ്റ് ആരോഗ്യരംഗം തഴച്ചുവളർന്നിരുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലത്തായിരുന്നു. കഴിഞ്ഞ നാല് വർഷത്തിനിടയ്ക്ക് ഏതെങ്കിലുമൊരു പത്രത്തിൽ കേരളത്തിലെ പ്രൈവറ്റ് ആശുപത്രിയുടെ ഒരു പരസ്യംപോലും കാണാത്തവിധം ആ മേഖലയെ തളച്ചിടാൻ; ഈ നാട്ടിലെ സാധാരണക്കാർക്കാവശ്യമായ ആരോഗ്യ സംരക്ഷണം നൽകാൻ ഈ സർക്കാരിന് സാധിച്ചു. സാമൂഹ്യക്ഷേമ പെൻഷനെപ്പറ്റി ഇവർ പറഞ്ഞല്ലോ. 600 രൂപയായിരുന്നു ഇവർ സാമൂഹ്യക്ഷേമ പെൻഷൻ കൊടുത്തിരുന്നത്. ഇടതുപക്ഷം അധികാരത്തിൽ വരുമ്പോൾ 18 മാസത്തെ കുടിശ്ശികയുണ്ടായിരുന്നു. ഞങ്ങൾ അധികാരത്തിൽ വരികയാണെങ്കിൽ സാമൂഹ്യക്ഷേമ പെൻഷൻ 1,000 രൂപയാക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞു. വോട്ട് ചോദിക്കുമ്പോൾ നെഞ്ചിടിപ്പോടുകൂടിയാണ് ഞങ്ങൾ ഇത് പറഞ്ഞിരുന്നത്. ആ സ്ഥാനത്ത് 1,300 രൂപയാക്കാൻ കേരളത്തിലെ ഇടതുപക്ഷ സർക്കാരിനും അത് നയിക്കുന്ന മുഖ്യമന്ത്രിക്കും വളരെ അവധാനതയോടുകൂടി വളരെ ദീർഘദൃഷ്ടിയോടുകൂടി കേരളത്തെ മുന്നോട്ടുനയിക്കുന്ന ബഹുമാനപ്പെട്ട ധനമന്ത്രിക്കും സാധിച്ചുവെന്നത് വലിയ മാറ്റം തന്നെയാണ്. ഏത് മേഖലയെടുത്ത് പരിശോധിച്ചാലും നമുക്കത് കാണാൻ സാധിക്കും. ആ മാറ്റം കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുന്നു. ഇതാണ് ഇവർക്ക് ഭയം. ഈ രാജ്യത്തെ തകർത്ത് തരിപ്പണമാക്കുന്ന ബഡ്ജറ്റുകൾ കേന്ദ്ര ഗവൺമെന്റ് ആവർത്തിച്ച് പ്രഖ്യാപിക്കുമ്പോഴും അതിനെതിരെ ഒരു വാക്ക് പറയാനുള്ള മനഃസാക്ഷി ഇവർക്കാർക്കെങ്കിലുമുണ്ടായിട്ടുണ്ടോ? പ്രവാസികളെക്കുറിച്ച് വലിയ ശബ്ദമെടുക്കുന്നവരാണ് അപ്പുറത്ത്. പ്രവാസികളെ കഴുത്തിന് പിടിക്കുന്ന കേന്ദ്രത്തിന്റെ പുതിയ ബഡ്ജറ്റിനെതിരെ ശബ്ദിക്കാൻ ആരാണ് ഇവരുടെ ഭാഗത്തു നിന്നുണ്ടായത്? ഇവിടെ ലോക കേരള സഭ നടത്തി. ഈ രാജ്യത്തിലെ പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, വളരെ ദീർഘദൃഷ്ടിയോടുകൂടിയുണ്ടാക്കുന്ന പദ്ധതികൾ ചർച്ച ചെയ്യാൻ നടത്തിയ ലോക കേരള സഭയെപോലും ബഹിഷ്കരിച്ചവരാണ് ഇവർ. ഇവരെ സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 1024/ ഇ.ബി./2020/നി.സെ. തീയതി 11-2-2020) സഭാരേഖയിൽ നിലനിർത്തി

പൗരത്വ ഭേദഗതി ബില്ലിന്റെ സമരവുമായി ബന്ധപ്പെട്ട ചർച്ചകളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ആ സമരത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും ജനങ്ങളോടൊപ്പമുണ്ടായ മുന്നേറ്റത്തെ തകർക്കാനുള്ള ഗൂഢമായ ശ്രമങ്ങൾ നടക്കുന്നു. എന്തൊക്കെയാണ് എൻ.പി.ആർ.-നെക്കുറിച്ച് (നാഷണൽ പോപ്പുലേഷൻ രജിസ്റ്റർ) കേരളത്തിലെ ജനങ്ങളോട് പറയുന്നത്. കേരളത്തിലെ ജനങ്ങൾക്ക് ഇത് മനസ്സിലാക്കാനുള്ള ശേഷിയുണ്ടെന്നെങ്കിലും ബഹുമാന്യരായ പ്രതിപക്ഷനേതാക്കന്മാർ മനസ്സിലാക്കണ്ടേ. ഇവിടെ സമരത്തിനിടയിൽ നടന്ന വർഗ്ഗീയവാദികളുടെ ചില നുഴഞ്ഞുകയറ്റത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപാദിച്ചപ്പോൾ അത് കേന്ദ്രത്തിന് ഒറ്റിക്കൊടുത്ത് വാർത്തയാക്കാൻ ശ്രമിക്കുന്നവരാണ്. ആരാണ് ഇവരെ വിശ്വസിക്കുക? കേരളത്തിലെ ജനങ്ങൾ കൃത്യമായും ഇക്കാര്യങ്ങൾ മനസ്സിലാക്കുകയാണ്. മാസങ്ങൾക്കുമുമ്പ് നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ നേട്ടം കൊയ്തവരാണ് അപ്പുറത്തിരിക്കുന്നത്. 19 എം.പി.-മാർക്ക് കേരളത്തിലെ ജനങ്ങൾ പിന്തുണ നൽകി ഡൽഹിയിലേയ്ക്ക് അയച്ചിട്ട് അവർക്ക് എന്ത് നിലപാടാണുള്ളത്. ഈ രാജ്യത്തെ ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ ശ്രീ. രാഹുൽഗാന്ധി അധികാരത്തിൽ വരണമെന്ന് പറഞ്ഞ് വോട്ട് വാങ്ങിയവർ, ഈ രാജ്യത്ത് ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നുമെതിരെ നേതൃത്വം നൽകേണ്ട ശ്രീ. രാഹുൽഗാന്ധി വയനാട്ടിൽ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചത് ഇതുകൊണ്ട് എന്ത് സന്ദേശമാണ് നിങ്ങൾക്ക് നൽകാനുള്ളതെന്നാണ്. ഇന്ന് നമ്മുടെ രാജ്യം എവിടെയെത്തി. രാജ്യത്ത് ഫാസിസ്റ്റ് ശക്തികൾ ഉയർത്തുന്ന മുദ്രാവാക്യത്തിനെതിരെ സമരത്തിന് നേതൃത്വം നൽകാൻ ഇവർക്കാർക്കെങ്കിലും സാധിക്കുന്നുണ്ടോ? ജെ.എൻ.യു.-വിലും യൂണിവേഴ്സിറ്റികളിലും പാർലമെന്റ് ഹൗസിന് മുന്നിലും നടക്കുന്ന സമരങ്ങളിൽ അവർക്ക് ധാർമ്മിക പിന്തുണ നൽകാൻ കേരളത്തിലെ ഏത് യു.ഡി.എഫ്. എം.പി.-യാണുള്ളത്. ഇതെല്ലാം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. ആ മാറ്റം കേരളത്തിൽ പ്രതിഫലിക്കുന്നുണ്ട്. അതിന് ഇവിടെ കിടന്ന് ബേജാറായിട്ടും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ അവഹേളിച്ചിട്ടും ഒന്നും നടക്കാൻ പോകുന്നില്ല. ജനങ്ങൾ ഇത് തിരിച്ചറിയും. അതുകൊണ്ട് ബഹുമാന്യനായ ധനമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിന് എല്ലാവിധ പിന്തുണയും അറിയിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം വായിച്ചുനോക്കിയപ്പോൾ, മുമ്പ് കലാകൗമുദി വാരികയിൽ എം. കൃഷ്ണൻ നായരുടെ ഒരു സാഹിത്യ വാരഫലമുണ്ടായിരുന്നു. ലോകത്തിലുള്ള സാഹിത്യകാരന്മാരെ സംബന്ധിച്ച്, പ്രാദേശികമായി എഴുതിയ പുതിയ സാഹിത്യകാരന്മാരെ വരെ പരാമർശിക്കത്തക്കവിധത്തിലുള്ള

ഒരു സാഹിത്യ അന്വേഷണം നടത്തിയ ഒരു പംക്തിയായിരുന്നു വാരഫലം. അതിനുശേഷം അതിനെ അനുസ്മരിക്കുന്ന വിധത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം വായിച്ചുനോക്കിയപ്പോൾ അനുഭവപ്പെട്ടത്. അദ്ദേഹത്തിന്റെ സർഗ്ഗാത്മകമായ അന്വേഷണത്വരയെ ഞാൻ അഭിനന്ദിക്കുകയാണ്. യഥാർത്ഥത്തിൽ അദ്ദേഹം ഇപ്പോഴും റിയാലിറ്റിയിലേയ്ക്ക് വന്നിട്ടില്ല. കാല്പനികമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇവിടെ ശ്രീ. പി. സി. ജോർജ് സൂചിപ്പിച്ച, മീനങ്ങാടിയിലെ ഫൈഖ ജാഫർ മുതൽ ബാലചന്ദ്രൻ ചുള്ളിക്കാട് വരെയുള്ളവരുടെ ഗ്രന്ഥങ്ങളിലേയ്ക്ക് അദ്ദേഹം നോക്കുകയുണ്ടായി. മീനങ്ങാടിയിലെ ഫൈഖയുടെ ഷെൽഫിലെ പുസ്തകങ്ങളിലേയ്ക്ക് അദ്ദേഹം എത്തിനോക്കി. എന്നാൽ ഇവിടെ നേരത്തെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ സൂചിപ്പിച്ചതുപോലെ നമ്മൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയരാനുള്ള വെമ്പലിൽ ഒരു പാമ്പുകടി ഏറ്റാൽ ആ കുട്ടിക്ക് പ്രഥമശുശ്രൂഷ നൽകണമെന്നുള്ള ഗ്രാമീണമായ ഒരു നിലവാരത്തിലേയ്ക്കുപോലും നമുക്കുയരാൻ കഴിഞ്ഞില്ല എന്നുള്ളത് അങ്ങേയറ്റം ഖേദകരമാണ്. നമ്മൾ എല്ലാം നേടി; അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് വിദ്യാലയങ്ങൾ എത്തിപ്പോയി എന്നുപറയുമ്പോൾ സർവ്വജന ഹയർ സെക്കണ്ടറി സ്കൂളിലുള്ള ഷഹ്‌ല ഷെറിൻ എന്ന മരണപ്പെട്ട കുട്ടിയുടെ കൂട്ടുകാരിയുടെ രോദനം; ബഹുമാനപ്പെട്ട മന്ത്രി കേൾക്കാതെ പോയോ എന്നെനിക്കറിയില്ല. ഇവിടെ സ്കൂൾ ബസിന്റെ നികുതി വർദ്ധനവാണ് കാര്യമായി ഗവൺമെന്റിന്റെ ഒരു വരുമാനസ്രോതസ്സായി കാണിച്ചിട്ടുള്ളത്. അൺ-എയ്ഡഡ് സ്കൂളുകൾ എന്ത് തെറ്റാണ് ചെയ്തത്? എയ്ഡഡ് സ്കൂളിലും ഗവൺമെന്റ് സ്കൂളിലും സീറ്റ് കിട്ടാത്ത കുട്ടികളാണ് പലപ്പോഴും അൺ-എയ്ഡഡ് സ്കൂളിൽ പോകുന്നത്. ഞാൻ അൺ-എയ്ഡഡ് സ്കൂൾ നടത്തുന്ന ഒരു സ്ഥാപനത്തിന്റെ വിനീതനായ ഒരു പ്രവർത്തകനാണ്. പിന്നാക്ക പ്രദേശത്ത് ഓർഫനേജ് നടത്തുന്ന, അവിടെ പന്ത്രണ്ടോളം സ്കൂൾ ബസ്സുകളുണ്ട്. ഗവൺമെന്റ് സ്കൂളിൽ സീറ്റ് കിട്ടാത്തവർ, ദൂരെപ്പോയി പഠിക്കാൻ കഴിയാത്തവർ, മലമടക്കുകളിലെ കുട്ടികൾ, അവിടെയൊക്കെ പോകുന്ന പന്ത്രണ്ടോളം ബസ്സുകൾ, ലാഭേച്ഛ നോക്കാതെ ഓർഫനേജ് നടത്തുന്ന അങ്ങനെ എത്രയെത്രെ വിദ്യാലയങ്ങളുണ്ട്. അവിടെയൊക്കെ വലിയ രീതിയിലുള്ള വരുമാനം വർദ്ധിപ്പിക്കുമ്പോൾ, ഒരു ബസിന് ഒരു വർഷത്തിൽ 12,000 രൂപ വരെ വർദ്ധനവുണ്ടാകും.

5.00 P.M.]

പൊതുവിദ്യാഭ്യാസം നന്നാക്കണം, പുഷ്ടിപ്പെടുത്തണം, അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് കൊണ്ടുപോകണമെന്ന് പറയുമ്പോൾ സാധാരണക്കാരനും പാവപ്പെട്ടവനും പഠിക്കുന്ന അൺ-എയ്ഡഡ് വിദ്യാലയങ്ങൾ തകർക്കണമെന്നുള്ള ഉദ്ദേശ്യമുണ്ടോ? സംസ്ഥാന സർക്കാരിന് പണം ഉണ്ടാക്കുന്നതിനുവേണ്ടി ഇങ്ങനെ ചെയ്യുന്നത് വളരെ നിർഭാഗ്യകരമാണ്. വൻകിട പദ്ധതികൾ വരുമ്പോൾ 30

ശതമാനം ഫെയർ വാല്യൂ വർദ്ധനവ് ഉണ്ടാകുമെന്ന് പറയുന്നതിൽ എന്ത് തത്വദീക്ഷയാണുള്ളത്. ഏത് വൻകിട പദ്ധതിയാണ് ഉദ്ദേശിക്കുന്നത് ; സംഖ്യാപര മായാണോ പദ്ധതിയെ നമ്മൾ വിലയിരുത്തുന്നത്.? വാട്ടർ സപ്ലൈ സ്കീം നടത്തുമ്പോൾ, അതിന്റെ ട്രീറ്റ്മെന്റ് പ്ലാന്റും ടാങ്കുമെല്ലാം നിക്ഷേപിച്ച സ്ഥലത്ത് 100 കോടി രൂപ ചെലവ് വരും. അങ്ങനെ നൂറ് കോടി രൂപ വരുന്നതിന്റെ അടുത്തുള്ള സ്ഥലത്തൊക്കെ ഈ ഉദ്യോഗസ്ഥർ 30 ശതമാനം ടാക്സ് വർദ്ധിപ്പിച്ചാൽ, അവിടെയുള്ള പാവപ്പെട്ടവനെ സംബന്ധിച്ചിടത്തോളം തുണ്ടുഭൂമി വിൽക്കണമെന്ന് വിചാരിച്ചാൽ സാധ്യമാകുമോ? നമ്മുടെ ഉദ്യോഗസ്ഥർക്ക് വൻകിട പദ്ധതികളെ സംബന്ധിച്ച് നിർവ്വചിക്കാതെ കൊടുത്താൽ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് സ്റ്റാമ്പ് ഡ്യൂട്ടിയെ സംബന്ധിച്ച് ഞാൻ കൊണ്ടുവന്നിട്ടുള്ള സബ്മിഷൻ പോലുള്ള പരിണിതഫലമാണ് ഉണ്ടാകുക. അതിൽ ഞാൻ പറഞ്ഞ കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചുകാണും. 21 വർഷം മുമ്പ് കൈമാറിയ ഭൂമിയുടെ ഭൂനികുതിക്ക് ഇപ്പോൾ നോട്ടീസ് വന്നിരിക്കുകയാണ്. ഇതിന്റെ ലിമിറ്റേഷനെങ്കിലും നോക്കണ്ടേ? പത്ത് വർഷം കഴിഞ്ഞാൽ അവരിൽനിന്നും ഭൂനികുതി വാങ്ങാൻ പാടില്ലെന്ന് കൃത്യമായി കഴിഞ്ഞ സഭയിൽ പാസ്സാക്കിയ നിയമത്തിന് വിരുദ്ധമായി, ആയിരക്കണക്കിന് ആളുകളിൽനിന്നും ഇപ്പോൾ നികുതി ചുമത്തിക്കൊണ്ടിരിക്കുകയാണ്. വൻകിട പദ്ധതികൾ നടപ്പിലാക്കുമ്പോൾ അതിന് ചുറ്റുമുള്ള 30 ശതമാനത്തിന് ടാക്സ് ചുമത്തണമെന്ന് പറഞ്ഞാൽ, ആ മുപ്പത് ശതമാനത്തിന്റെ ഭൂപരിധി എത്രയാണ്; അതിന്റെ നിർവ്വചനം എന്താണ്? ഇപ്പോൾത്തന്നെ പൊതുവെ ദുർബ്ബലമായ ഭൂമി കച്ചവടവും റിയൽ എസ്റ്റേറ്റ് ബിസിന സ്സുകളൊന്നും നടക്കാത്ത സാഹചര്യത്തിൽ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് വളരെ ചെറിയ വരുമാനമാണെങ്കിൽ ഇതിനേക്കാൾ വലിയ രീതിയിലുള്ള, സാമ്പത്തിക രംഗത്തും അതുപോലെ ഭൂമിയുടെ രജിസ്ട്രേഷന്റെ കാര്യത്തിലും വലിയ രീതിയിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടായിത്തീരുമെന്ന് അങ്ങ് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ബഡ്ജറ്റിൽ അങ്ങ് അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ച് പറയുന്നത്, 25 വർഷം പിന്നിട്ട ജനകീയാസൂത്രണത്തിന്റെ വിലയിരുത്തൽ ആകുമെന്നാണ്. അതിന്റെ തൊട്ടടുത്ത പാരഗ്രാഫിൽ പഞ്ചായത്തുകൾക്ക് നൽകിയ അധികാരങ്ങൾ കവർന്നെടുക്കുന്ന കാര്യത്തെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. പാരഗ്രാഫ് 76-ൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതിയിൽ പണം വകയിരുത്തണമെന്നും പാരഗ്രാഫ് 79-ൽ ഹരിത കാമ്പയിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പത്ത് ശതമാനം തുക നീക്കിവയ്ക്കണമെന്നും പറയുന്നുണ്ട്. ഇപ്പോൾത്തന്നെ സംസ്ഥാന ഗവൺമെന്റ് താഴേയ്ക്ക് കെട്ടിയിറക്കിയിട്ടുള്ള നിരവധി

പദ്ധതികൾ ഏറ്റെടുക്കേണ്ട പഞ്ചായത്തുകൾക്ക് ഈ ബഡ്ജറ്റിൽ ഇനിയും ഇതുപോലുള്ള സാമ്പത്തികമായ വിവേചനാധികാരത്തെ കവർന്നെടുക്കുന്ന രീതിയിലുള്ള ക്ലാസ് വച്ച്, അങ്ങനെയുള്ള കാര്യം നടപ്പിലാക്കുമ്പോൾ, 25-ാം വാർഷികം ആഘോഷിക്കുമ്പോൾ അധികാര വികേന്ദ്രീകരണമല്ല, അധികാര കേന്ദ്രീകരണത്തിലേയ്ക്കാണോ ഈ ഗവൺമെന്റ് പോകുന്നതെന്ന് അങ്ങ് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സിൽവർ ലൈൻ എന്ന ഭാവനാപൂർണ്ണമായ പ്രോജക്ടിനെ സംബന്ധിച്ച് പറയുന്നുണ്ട്. 2024-25-ൽ 67740 യാത്രക്കാരുണ്ടാകുമെന്നാണ് പറയുന്നത്. 2051 ആകുമ്പോൾ 147120 യാത്രക്കാരുണ്ടാകുമെന്ന് കൃത്യമായി കണക്കാക്കി, 50 വർഷത്തിന് അപ്പുറത്തേയ്ക്കുള്ള ഒരു പ്രോജക്ടിനെ സംബന്ധിച്ചാണ് രണ്ടും മൂന്നും നാലും പാരഗ്രാഫുകളിൽ വളരെ കൃത്യമായി പറഞ്ഞിട്ടുള്ളത്. അതിനുള്ള പണം എവിടെനിന്നാണ് കണ്ടെത്തുന്നത്; ജപ്പാനിൽനിന്നുള്ള ചില ആളുകൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. അതുപോലെ ഒരിക്കലും നടപ്പിലാക്കാൻ കഴിയാത്ത ചില കാര്യങ്ങളെ സംബന്ധിച്ച് കൃത്യമായി പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള വ്യക്തതയില്ലാത്ത, ഭാവനാശൂന്യമായ ഒരു ബഡ്ജറ്റാണിത്. മുൻകാല ബഡ്ജറ്റിന്റെ അതേ ഗതിതന്നെ ഇതിനും ഉണ്ടായിത്തീരുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് വളരെയധികം ഭീതിയിലുള്ള സമൂഹത്തെയും ആളുകളെയും ചേർത്തുവച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പ്രസംഗിച്ചപ്പോൾ എനിക്ക് വളരെയധികം താൽപ്പര്യമുണ്ടായി. ചേർത്തുവയ്ക്കുക എന്നുപറഞ്ഞാൽ അത് എല്ലാ കാര്യത്തിലും കാണണ്ടേ. ബഡ്ജറ്റിന്റെ കാര്യത്തിൽ യാതൊരു ചേർത്തുവയ്ക്കലുമില്ല. ബഡ്ജറ്റുമായി ബന്ധപ്പെടുത്തിയിടത്തൊക്കെ അങ്ങനെയുള്ള യാതൊരു ചേർത്തുവയ്ക്കലുമില്ല. മലപ്പുറം ജില്ല 100 രൂപയിലാണ് ലീഡ് ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട പി. വി. അൻവർ പറയുകയുണ്ടായി. എല്ലാ പ്രോജക്ടുകൾക്കും നൂറ് രൂപ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുള്ളത് എല്ലാ പത്രങ്ങളിലും വളരെ കൃത്യമായി എഴുതിയിരുന്നു. അങ്ങ് 20 വർക്കുകൾ ചോദിച്ച് ഞങ്ങളെ എന്തിനാണ് കളിയാക്കുന്നത്? 20 വർക്ക് ചോദിച്ചാൽ, എട്ടോ പത്തോ വർക്കുകൾക്ക് പ്രയോറിറ്റി വച്ച് എ.എസ്. നൽകുമെന്നാണ് പ്രതീക്ഷിച്ചത്. ഒരു വർക്കിനുമാത്രം എ.എസ്. നൽകുന്നതിനുവേണ്ടി 20 വർക്കുകൾ എന്തിനാണ് ചോദിക്കുന്നത്. കഴിഞ്ഞ വർഷവും അതുതന്നെയാണ് പരീക്ഷിച്ചിട്ടുണ്ടായിരുന്നത്. എന്നിട്ട് അതുമായി ബന്ധപ്പെട്ട വർക്കുകൾക്കൊന്നും എ.എസ്. നൽകിയില്ല. കിഫ്ബിയിൽ 50,000 കോടി രൂപയ്ക്കുള്ള ബൃഹത്തായ പദ്ധതികളുണ്ടാകുമ്പോൾ, പുതുതായി ആരംഭിച്ച മഞ്ചേരി മെഡിക്കൽ കോളേജിന് ഒരു രൂപയുടെ പ്രോജക്ടുപോലും വയ്ക്കാതെ, അത് നടന്നാലും ഇല്ലെങ്കിലും ഒരു പ്രോജക്ടുണ്ടെന്ന് അഭിമാനിക്കാമായിരുന്നു. ഇവിടെ ഞങ്ങൾക്കാർക്കും ഇതുപോലെ വലിയ

രീതിയിലുള്ള ഫ്ലക്സൊന്നും വയ്ക്കാനുള്ള നിർഭാഗ്യം ഉണ്ടായിട്ടില്ല. അതുകൊണ്ട് അങ്ങനെയുള്ള ഫ്ലക്സൊന്നും വയ്ക്കാൻ ഞങ്ങൾക്ക് സാധിക്കുന്നില്ല. എവിടെയെങ്കിലും 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ പാർട്ടിക്കാർ തന്നെ പ്രോജക്ട് വച്ച് അവർ മുഖേന വന്നുവെന്ന് പറഞ്ഞുകൊണ്ട് നടക്കുകയാണ്. അതല്ലാതെ എം.എൽ.എ.-മാർ മുഖേന കൊണ്ടുവന്നതല്ല, പാർട്ടിയുടെ ക്രെഡിറ്റിൽ ഉൾപ്പെടുത്തുകയാണ്. ഇത് മുൻകാലത്ത് സി.പി.ഐ.(എം)-ൽ കാണാത്ത പ്രവണ തയാണ് കണ്ടുകൊണ്ടിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് എവിടെയെങ്കിലും നൂറ് രൂപ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ടെങ്കിൽ, അത് എം.എൽ.എ. എഴുതി ക്കൊടുത്താൽപ്പോലും ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഒരു റോഡ് ഉദ്ഘാടനം ചെയ്യുകയാണെങ്കിൽ അവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറ്റ് മന്ത്രിമാരുടെയും ചിത്രം വച്ച് ആഘോഷമാക്കി തീർക്കുന്ന പുതിയ പ്രവണത കാണുകയാണ്. ഞങ്ങളാരും ഫ്ലക്സിന്റെ പിന്നാലെ പോകുന്നില്ല. ഫ്ലക്സിന്റെ കൂടെ ആരാണ് പോകുന്നതെന്ന് സംസാരിച്ച ആളുകൾ പറയണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഈ ബഡ്ജറ്റ് പൊള്ളയായ ബഡ്ജറ്റാണ്. ഒരിക്കലും നടപ്പിലാക്കാൻ കഴിയാത്ത ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. സ്വതന്ത്ര ഭാരതത്തിലെ അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ രാജ്യം കടന്നുപോകുമ്പോൾ 'India on sale' എന്ന ബോർഡുമായിട്ടാണ് ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും ശ്രീമതി നിർമ്മലാ സീതാരാമനും രാജ്യം ഭരിക്കുന്നത്. ഈ മാന്ദ്യകാലത്തെ മറികടക്കാൻ കെൽപ്പുള്ള, ദീർഘവീക്ഷണമുള്ള, കൃത്യമായിട്ടുള്ള ഇടപെടലുകൾ പ്രഖ്യാപിച്ച ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചിരിക്കുന്നത്. ബഹുമാന്യനായ അംഗം എം. ഉമ്മർ പറഞ്ഞത്, ഭാവനാരഹിതമായ ബഡ്ജറ്റാണെന്നാണ്. പക്ഷെ, അതിനുമുമ്പ് സംസാരിച്ച പ്രതിപക്ഷാംഗങ്ങൾ പറയുന്നത് ഇതിൽ നിറയെ ഭാവനയാണെന്നാണ്. പ്രതിപക്ഷം ആകെ അസ്വസ്ഥമാണെന്ന കാര്യം അവരുടെ വാക്കുകളിൽനിന്നും വ്യക്തമാണ്. എന്തിനാണ് യു.ഡി.എഫ്.-എൽ.ഡി.എഫ്. ഭരണകാലത്തെ നിങ്ങൾ താരതമ്യം ചെയ്യുന്നത്. അന്നത്തെ രൂപയുടെ മൂല്യമാണോ ഇപ്പോഴുള്ളത്. അങ്ങനെയാണെങ്കിൽ ആദ്യത്തെ ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്തെ താരതമ്യം ചെയ്താൽ പോരേയെന്ന് ചോദിക്കുമ്പോൾ, താരതമ്യം നടത്തി ചർച്ചയ്ക്ക് ഞങ്ങൾ തയ്യാറാണ്. ക്ഷേമപെൻഷൻ - യു.ഡി.എഫ്.ന്റെ കാലത്ത് 9,000 കോടി രൂപയാണ് കൊടുത്തതെങ്കിൽ ഈ നാല് വർഷംകൊണ്ട് എൽ.ഡി.എഫ്. 22,000 കോടി രൂപയാണ് കൊടുത്തത്. ഇതിൽ 2,000 കോടി രൂപ നിങ്ങൾ കൊടുത്തുതീർക്കാനുള്ള ഒരു വർഷത്തെ കുടിശ്ശികയായിരുന്നു. അത് നിങ്ങൾ

കൊടുത്തിരുന്നവെങ്കിൽ നിങ്ങളുടേത് 11,000 കോടി രൂപയും ഞങ്ങൾക്ക് 20,000 കോടി രൂപയുമാകുമായിരുന്നു. പണപ്പെരുപ്പവും രൂപയുടെ മൂല്യച്യുതിയുമെല്ലാം കണക്കിലെടുത്താലും 9,000 കോടി രൂപയും 22,000 കോടി രൂപയും തമ്മിലുള്ള താരതമ്യം എന്താണ്? ഞങ്ങൾ പറയുന്നത് ഭൗതിക നേട്ടമാണ്. ക്ഷേമപെൻഷന്റെ കണക്ക് ഒഴിച്ചുനിർത്തിയാൽ ഭൗതികമായി സംസ്ഥാനം കൈവരിച്ച നേട്ടങ്ങളാണ്. പൊതുമരാമത്ത് വകുപ്പ്-യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏഴായിരത്തി ചില്വാനം കിലോമീറ്റർ നവീകരിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്തുവെങ്കിൽ നാല് വർഷംകൊണ്ട് ഈ സർക്കാർ ചെയ്തത് ഇരട്ടിയാണ്, 14777 കിലോമീറ്റർ റോഡാണ്. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ - യു.ഡി.എഫ്.ന്റെ കാലത്ത് അവർ ഭരിച്ചുതുടങ്ങിയതിനേക്കാൾ 2016-ൽ എത്തിയപ്പോഴേയ്ക്കും 490000 കുഞ്ഞുങ്ങൾ പൊതുവിദ്യാലയങ്ങളിൽ കുറവായിരുന്നുവെങ്കിൽ നാല് വർഷംകൊണ്ട് ഈ സർക്കാരിന്റെ ഭരണകാലത്ത് 5 ലക്ഷം കുഞ്ഞുങ്ങളാണ് പൊതുവിദ്യാലയങ്ങളിൽ വർദ്ധിച്ചത്. ആരോഗ്യ രംഗത്ത്, 350 പി.എച്ച്.സി.-കളെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. പത്തനംതിട്ടയിൽ കാത്ത് ലാബ് ഉൾപ്പെടെയുള്ള കാര്യങ്ങളാണ് പറയുന്നത്. ഒരു വർഷംകൊണ്ട് പത്തനംതിട്ട ജനറൽ ആശുപത്രിയിലെ കാത്ത് ലാബിൽ പ്രൈമറി ആഞ്ചിയോപ്ലാസ്റ്റി അടക്കം 500 കേസ്സുകളാണ് ചെയ്തത്. സി.സി.യു. തുടങ്ങി എന്തെല്ലാം വിപ്ലവകരമായ മാറ്റങ്ങളാണ്. നെൽ കൃഷിയിൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്തേക്കാൾ ഒന്നരലക്ഷം ടൺ അധികം നെല്ല് ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. 2016-ൽ പച്ചക്കറി 600000 ടൺ ആയിരുന്നുവെങ്കിൽ ഇപ്പോൾ 1250000 ടണ്ണാണ് ഉല്പാദിപ്പിക്കുന്നത്. ഞങ്ങൾ പറയുന്നത് തുകയുടെ കണക്കല്ല, ഈ സംസ്ഥാനം നേടിയിട്ടുള്ള ഭൗതികമായ നേട്ടങ്ങളെ സംബന്ധിച്ചാണ് പറയുന്നത്. 450000 പുതിയ കുടിവെള്ള കണക്ഷനുകളാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊടുത്തിരുന്നതെങ്കിൽ എൽ.ഡി.എഫ്. ഭരിച്ച നാല് വർഷം 750000 പുതിയ കണക്ഷൻ കൊടുത്തു. 87 മെഗാവാട്ട് വൈദ്യുതിയാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉത്പാദിപ്പിച്ചതെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് 205 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചു. ഒരു ദിവസം മുഴുവനുമിരുന്ന് ചർച്ച ചെയ്യത്തക്ക കണക്കുകളുണ്ട്. ബഹുമാന്യനായ വി. ഡി. സതീശൻ, കുട്ടനാട് പാക്കേജ് ഇലക്ഷൻ സ്പെഷ്യലാണെന്നാണ് പറഞ്ഞത്. ഇലക്ഷൻ സ്പെഷ്യൽ പാക്കേജാണെങ്കിൽ, പത്തനംതിട്ടയിൽനിന്നും അപ്പർ കുട്ടനാട് വഴി അമ്പലപ്പുഴയിലേയ്ക്ക് പോകുന്ന തിരുവല്ല-അമ്പലപ്പുഴ റോഡ് കേരളത്തിലെ ഏറ്റവും മികച്ച റോഡുകളിലൊന്നാണ്. അതുപോലെ ചമ്പക്കരയിലെ പാലവും. യു.ഡി.എഫ്. ഇവിടെ എത്രയോ തവണ ഭരിച്ചു. കുട്ടനാട്ടിലെ പാവപ്പെട്ട ജനങ്ങൾക്ക് തോട്ടിലെ മലിനജലം കുടിക്കേണ്ട ഗതികേടായിരുന്നുവെങ്കിൽ 290 കോടി രൂപയുടെ ശുദ്ധജല പദ്ധതിക്ക് ടെണ്ടർ നടപടികളായി. കുട്ടനാടൻ പാക്കേജ് ഇലക്ഷൻ സ്പെഷ്യൽ പാക്കേജ് അല്ല. ഇവിടെ മത്സ്യത്തൊഴിലാളികളെക്കുറിച്ച് പറഞ്ഞു.

ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ, തൊട്ടടുത്തുള്ള മുട്ടത്തറ വരെ പോകണം. ഒരു പ്രോജക്ടുപോലും മത്സ്യത്തൊഴിലാളി മേഖലയിലില്ലെന്ന് പറയുമ്പോൾ, നാല് വർഷംകൊണ്ട് ആ മേഖലയിൽ ചെയ്തിട്ടുള്ള പദ്ധതികൾ വളരെ വലുതാണ്. അതുകൊണ്ടാണ് ഓഖി പുനരധിവാസ പാക്കേജ് സംബന്ധിച്ച് ശ്രീമതി അരുണ റോയിയുടെ നേതൃത്വത്തിൽ സോഷ്യൽ ഓഡിറ്റ് നടത്താമെന്ന പ്രഖ്യാപനം സർക്കാർ നടത്തിയത്. ഇവിടെ പദ്ധതിയിനത്തിൽ കുറച്ച് തുക മാത്രമേ ചെലവഴിച്ചുള്ളൂവെന്ന് പറഞ്ഞു. ഇതിലും പ്രതിപക്ഷത്തിന്റെ കാപട്യമാണ് കാണുന്നത്. കേരളത്തിലെ ഇടതുപക്ഷ സർക്കാർ Right Extreme-ലേയ്ക്ക് പോകുന്നുവെന്ന് പറയുന്ന പ്രതിപക്ഷം എന്തുകൊണ്ടാണ് കേരളത്തിന് ആ ഗതികേടുണ്ടായതെന്ന് പറയുന്നില്ല. എനിക്കുമുമ്പ് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ, കേരളത്തിനെടുക്കാവുന്ന വായ്പാഅർഹത അതിന്റെ ആറിലൊന്നായി ചുരുക്കപ്പെട്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ കേരളത്തിന് നൽകാനുള്ള വിഹിതം സമസ്ത മേഖലകളിലും വെട്ടിക്കുറച്ചതിനെക്കുറിച്ച് ഒരക്ഷരം യു.ഡി.എഫ്. പറയുന്നില്ല. പ്രളയകാലത്ത് ധാന്യം നൽകിയതിന് 250 കോടി രൂപ ചോദിച്ച കേന്ദ്രത്തെക്കുറിച്ച് പ്രതിപക്ഷത്തിനൊന്നും പറയാനില്ല. പ്ലാൻ എക്സ്പെൻഡിച്ചറിനെക്കുറിച്ച് പറയുകയാണെങ്കിൽ ആർക്കാണ് ആത്മാർത്ഥതയുള്ളത്. എൽ.ഡി.എഫ്.-ന്റെയും യു.ഡി.എഫ്.-ന്റെയും കാലത്തുള്ള പ്ലാൻ എക്സ്പെൻഡിച്ചർ നമുക്ക് പരിശോധിക്കാം. പ്ലാനിനെയും ആസൂത്രണത്തെയും പ്ലാൻ ഫണ്ട് വിനിയോഗത്തെയും സംബന്ധിച്ച് ആത്മാർത്ഥതയുള്ളത് ആർക്കാണെന്ന് പരിശോധിക്കാവുന്നതാണ്. ഇവിടെ കേന്ദ്രത്തിനെതിരെയുള്ള ആരോപണങ്ങളിൽ, കുറ്റാരോപണങ്ങളിൽ പ്രതിപക്ഷം നിശബ്ദമാണ്. എന്തുകൊണ്ടാണ് ആ നിശബ്ദത; മുത്തലാഖ് ബില്ലിൽ പാർലമെന്റിൽ കാട്ടിയ നിശ്ശബ്ദതയുടെ തുടർച്ചയാണോ; കാശ്മീർ വിഷയത്തിൽ നിങ്ങൾ പാർലമെന്റിലെടുത്ത ഇരട്ട നിലപാടിന്റെയും നിശബ്ദതയുടെയും തുടർച്ചയാണോ? സി.എ.എ.-യ്ക്കെതിരെയുള്ള പ്രക്ഷോഭങ്ങളിൽ സംസ്ഥാന സർക്കാരുമായി ചേർന്ന് പ്രക്ഷോഭം നടത്താമെന്നുള്ള തീരുമാനത്തിൽനിന്നുള്ള പിന്തിരിപ്പ് ഇതിന്റെ തുടർച്ചയാണോ? ശ്രീ. സി. പി. ജോഷി കോൺഗ്രസ് നേതാവാണ്. അദ്ദേഹം രാജസ്ഥാനിലെ സ്പീക്കർ അല്ലേ? സി.എ.എ.-യും എൻ.ആർ.സി.-യും രാജസ്ഥാനിൽ നടപ്പിലാക്കുമെന്നാണ് ശ്രീ. സി. പി. ജോഷി പറഞ്ഞത്. നിങ്ങൾ ശ്രീ. സി. പി. ജോഷിക്കെതിരെ എന്ത് നടപടി സ്വീകരിക്കും; നിങ്ങൾ അദ്ദേഹത്തെ പുറത്താക്കുമോ; ശ്രീ. സി. പി . ജോഷി സ്പീക്കർ സ്ഥാനവും എം.എൽ.എ. സ്ഥാനവും രാജിവയ്ക്കണമെന്ന് നിങ്ങൾ പറയുമോ? ഇതാണ് കോൺഗ്രസിന്റെ ഇരട്ടത്താപ്പ്. ഇത് വളരെ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട വിഷയമാണ്. കേരളത്തിലെ ജനങ്ങൾ ഈ ഇരട്ടത്താപ്പ് തിരിച്ചറിയും. അതിഗുരുതരവും വളരെ പ്രധാനപ്പെട്ടതുമായ കാലഘട്ടത്തിലൂടെയാണ് രാജ്യം കടന്നുപോകുന്നതെന്നുള്ളതിൽ ആർക്കും തർക്കമില്ല. രാജ്യത്തിന്റെ മതേതരത്വത്തിനും ജനാധിപത്യത്തിനുമെതിരെ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.

സർക്കാർ ആക്രമണങ്ങൾ നടത്തുകയാണ്. നിങ്ങൾ ഭയക്കേണ്ടെന്നാണ് രാജ്യത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. അമിത് ഷാ പറയുന്നത്. ഞങ്ങൾ നിങ്ങൾ എന്നുള്ള വേർതിരിവ് വളരെ ബോധപൂർവ്വം ഇന്ത്യൻ സമൂഹത്തിൽ കൊണ്ടുവരികയാണ്. അതുകൊണ്ടാണ് ജാമിയ മിലിയ ഇസ്‌ലാമിയ യൂണിവേഴ്സിറ്റിയിൽ ഒരു അക്രമി 'യെ ലോ ആസാദി' (ഇതാണ് നിങ്ങളുടെ സ്വാതന്ത്ര്യം) എന്ന് അലറിവിളിച്ചു കൊണ്ട് ഒരു വിദ്യാർത്ഥിയുടെ നേരെ വെടിയുതിർത്തത്. ഇത് എതിർക്കപ്പെടേണ്ടതാണ്. ഇന്ത്യ ധ്രുവീകരിക്കപ്പെടാൻ പാടില്ല. ഇവിടെ വേണ്ടത് യോജിച്ച പ്രക്ഷോഭമാണ്. നിങ്ങളുടെ കാപട്യങ്ങളിൽനിന്ന് പുറത്തുവന്ന് ഇന്ത്യയുടെ ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കുന്നതിനുവേണ്ടി ഇടതുപക്ഷ സർക്കാരിനോടൊപ്പം നിലകൊള്ളണമെന്നാണ് എനിക്ക് പ്രതിപക്ഷത്തോട് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ലാൻഡ് റെഗുലറൈസേഷനുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാന വിഷയത്തിലേയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അതായത് ഡാറ്റാ ബാങ്കിലുൾപ്പെടാത്ത, അല്ലെങ്കിൽ ഡാറ്റാ ബാങ്കിൽ കരഭൂമിയായി 2008-നുമുമ്പ് കൺവെർട്ട് ചെയ്യപ്പെട്ടുവെന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഭൂമി റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് കാലതാമസം നേരിടുന്നു. സർക്കാർ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളനുസരിച്ച് ഭൂമി റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ വേഗത്തിലാക്കിയാൽ നിശ്ചയമായും സർക്കാരിനെ സംബന്ധിച്ചിടത്തോളം ഈ മാന്ദ്യകാലത്ത് വളരെ പ്രധാനപ്പെട്ട വരുമാനമാർഗ്ഗമായിരിക്കും. ഈ ബഡ്ജറ്റ് രാജ്യത്തിന്റെ ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കുന്നതിനുള്ള കേരള സംസ്ഥാനത്തിന്റെ ചെറുത്തുനിൽപ്പിന്റെ ഭാഗം കൂടിയാണ്. ദളിതന്റെയും കർഷകന്റെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ക്ഷേമത്തിനുവേണ്ടി നിലകൊള്ളേണ്ട ഒരു രാഷ്ട്രമാണ് ഇന്ത്യയെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനം മുന്നോട്ട് വച്ചിരിക്കുന്ന രാഷ്ട്രീയ വീക്ഷണത്തെയും സാമ്പത്തിക വീക്ഷണത്തെയും ഈ ബഡ്ജറ്റിനെയും ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഈ ബഡ്ജറ്റ് വായിച്ചപ്പോൾ പി. ഭാസ്കരന്റെ 'ഓർക്കുക വല്ലപ്പോഴും' എന്ന കവിതയാണ് ഓർമ്മവരുന്നത്.

"കഷ്ടമാക്കള്ളം കേട്ട്
ചിരിപ്പൂ കടൽകാറ്റ്;
കണ്ണ് പൊത്തുന്നു താരം"

അങ്ങ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഇതുമാത്രമല്ല, കഴിഞ്ഞ രണ്ടുമൂന്ന് ബഡ്ജറ്റുകൾ ഞങ്ങൾ പരിശോധിക്കുകയുണ്ടായി. ഒരു മിക്സിംഗ് സംവിധാനമാണ് അങ്ങ് ചെയ്തിരിക്കുന്നത്. ചില വാരികകളിൽ വാരഫലം സ്ഥിരമായി പ്രസിദ്ധീകരിക്കും. എല്ലാ ആഴ്ചയിലും ഇങ്ങനെ ഓരോരുത്തരുടെയും നാള് നോക്കി വാരഫലം

എഴുതാൻ കഴിയുമോയെന്ന് ഞാൻ എനിക്ക് പരിചയമുള്ള ഒരു പത്രാധിപനോട് ചോദിച്ചു. അതിന്റെ ആവശ്യമൊന്നുമില്ലെന്നും രണ്ടുമൂന്ന് വർഷത്തെ വാരികകൾ എടുത്തുനോക്കി നാളുകൾ അങ്ങോട്ടുമിങ്ങോട്ടും മാറ്റിയാൽ മതിയെന്നും അദ്ദേഹം പറഞ്ഞു. തിരുവോണം നാളുകാരന്റേത് അവിട്ടത്തിലേയ്ക്കും അവിട്ടം നാളുകാരന്റേത് പൂരുരുട്ടാതിയിലേയ്ക്കും പൂരുരുട്ടാതി നാളുകാരന്റേത് ഉത്രാടത്തിലേയ്ക്കും ചേർക്കും. അതേ തന്ത്രമാണ് അങ്ങ് ഈ ബഡ്ജറ്റിൽ കാണിച്ചിരിക്കുന്നത്. അങ്ങ് ധാരാളം കവിതകൾ ഈ ബഡ്ജറ്റിൽ എഴുതിയിട്ടുണ്ട്. അതുകൂടാതെ ഒട്ടനവധി നോവലുകൾ ക്വാട്ട് ചെയ്തിട്ടുണ്ട്. ബഡ്ജറ്റിലെ 6-ാം പേജിൽ ബെന്യാമിന്റെ "മഞ്ഞപ്പൂ നിറമുള്ള പകലുകൾ" എന്ന നോവലിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഈ പേരിൽ ഒരു പുസ്തകം ബെന്യാമിൻ എഴുതിയിട്ടില്ല. "മുല്ലപ്പൂ നിറമുള്ള പകലുകൾ " ബെന്യാമിൻ എഴുതിയിട്ടുണ്ട്. അതുകൂടാതെ അദ്ദേഹം എഴുതിയിട്ടുള്ളത് "മഞ്ഞവെയിൽ മരണങ്ങൾ" എന്ന നോവലാണ്. അത് രണ്ടുംകൂടി മിക്സ് ചെയ്ത ഒരു പേരാണ് ഇവിടെ ഇട്ടിരിക്കുന്നത്. മുല്ലപ്പൂ നിറമുള്ള പകലാണ് ഉദ്ദേശിച്ചതെങ്കിൽ അങ്ങ് മഞ്ഞ വെയിലിന്റെ മഞ്ഞ എടുത്ത് മുല്ലയുടെ സ്ഥാനത്ത് ചേർത്ത് പുതിയൊരു പേര് ഈ ബഡ്ജറ്റിലേതുപോലെ ഇട്ടിരിക്കുകയാണ്. അങ്ങ് അവതരിപ്പിച്ച മൂന്ന് ബഡ്ജറ്റിലും പ്രഖ്യാപനങ്ങളുടെ വലിയ പെരുമഴതന്നെയുണ്ടായിരുന്നു. ഈ ബഡ്ജറ്റിലും തനിയാവർത്തനം മാത്രമാണ്. കിഫ്ബി വന്നതിനുശേഷം പ്രഖ്യാപിച്ച വർക്കുകളൊക്കെ എന്തായെന്ന് അങ്ങ് വിലയിരുത്തിയിട്ടുണ്ടോ? എല്ലാം ഗണപതി കല്യാണം പോലെ നീണ്ടുനീണ്ട് പോകുകയല്ലാതെ ഒന്നും നടക്കുന്നില്ല.

എന്റെ നിയോജകമണ്ഡലത്തിന്റെ പരിസരത്തുള്ളതും ആദ്യം അങ്ങ് പ്രഖ്യാപിച്ചതുമായ മാമല-തിരുവാങ്കുളം ബൈപ്പാസ്, എന്റെ മണ്ഡലത്തിലൂടെ ചെറിയൊരു ഭാഗം കടന്നുപോകുന്ന പെരുമ്പാവൂർ ബൈപ്പാസ്, കഴിഞ്ഞ ദിവസം എന്റെ സബ്മിഷന് അങ്ങ് മറുപടി പറഞ്ഞ മനക്കക്കടവ് - നെല്ലാട് - പട്ടിമറ്റം-പത്താം മൈൽ റോഡ് ഇവയുടെയെല്ലാം വർക്കുകൾ ഇഴഞ്ഞിഴഞ്ഞ് നീങ്ങുകയാണ്. അങ്ങ് പ്രൊഫ. മുതുകാടിനെക്കാളും വലിയ മജീഷ്യനാണ്. സത്യസായി ബാബയെ പ്പോലെ ശൂന്യതയിൽനിന്നും എന്തും എടുത്തുതരുന്ന ആളാണ്. പക്ഷെ അതൊന്നും പ്രാക്ടിക്കലായി നടക്കുന്നില്ല. 87 രൂപയ്ക്ക് കോഴിയും 12 രൂപയ്ക്ക് മിനറൽ വാട്ടറും ഇപ്പോൾ 25 രൂപയ്ക്ക് ഊണും കൊടുക്കുമെന്ന് അങ്ങ് പറഞ്ഞിരിക്കുകയാണ്. അങ്ങ് എന്തായാലും കെ. എം. മാണി സാറിനുവേണ്ടി പ്രായശ്ചിത്തം ചെയ്തത് നന്നായി. അദ്ദേഹത്തിനുവേണ്ടി 5 കോടി രൂപ മാറ്റിവച്ചതിനെ ഞാൻ സ്വാഗതം ചെയ്യുക യാണ്. ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ, ആ നാട്ടുകാരൻ കൂടിയായ മുൻരാഷ്ട്രപതി കെ. ആർ. നാരായണന്റെ സ്മാരകത്തിനായി ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ആ തുക കുറവാണ്. ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ അത്

മാന്യമായി പരിഹരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അങ്ങ് പ്രഖ്യാപിച്ച കാര്യങ്ങളൊന്നും നടക്കാതിരിക്കുന്നതിന് അങ്ങയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാരണം ഈ സർക്കാരിന് ഇത്രയുംകാലം കണ്ടകശ്ശനിയായിരുന്നു. ഇപ്പോൾ കണ്ടകശ്ശനി മാറി ഏഴരശ്ശനിയിലേയ്ക്ക് കടന്നിരിക്കുകയാണ്. കണ്ടകശ്ശനി വന്നാൽ കൊണ്ടേ പോകുകയുള്ളൂവെങ്കിൽ ഏഴരശ്ശനി അതിലും മോശപ്പെട്ട അവസ്ഥയാണ്. ഈ സർക്കാരിന്റെ രാശി എടുത്തുനോക്കിയാൽ ഉദയം മേടം രാശിയും ആരൂഢം ഇടവം രാശിയുമായി കാണുകയാണ്. അതൊന്നും അങ്ങയുടെ കുഴപ്പമല്ല. കഷ്ട നഷ്ടങ്ങൾ, ശൂന്യമായ ഖജനാവ്, കടം ചോദിച്ചാൽ കിട്ടാതിരിക്കുക, അടിക്കടി ദുരന്തങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിക്ഷോഭങ്ങൾ, നീതിന്യായവിധികൾമൂലമു ണ്ടാകുന്ന അന്തഃഛിദ്രങ്ങൾ, വരുമാനത്തിൽ കൂടുതൽ ചെലവ്, ധൂർത്ത്, ഉപദേശ കർമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ, മാനഹാനി ഇവമൂലം ഏറെ ക്ലേശിക്കേണ്ടിവരും. ഡോ. തോമസ് ഐസക്കിന്റെ സമയം വലിയ കുഴപ്പമൊന്നുമില്ല. പക്ഷെ സർക്കാരിന്റെ സമയം മോശമായതുകൊണ്ട് ധനക്കമ്മി, റവന്യൂ കമ്മി ഇത്യാദി തടസ്സങ്ങൾ ഒട്ടനവധി ഇനിയും നേരിടേണ്ടിവരും. ഡോ. തോമസ് ഐസക് ഒരു സാമ്പത്തിക വിദഗ്ധനാണെങ്കിലും കൈനീട്ടംപോലും വയ്ക്കാൻ പറ്റാത്ത അവസ്ഥയിലേയ്ക്ക് നമ്മുടെ ഖജനാവ് മാറിയിരിക്കുകയാണ്. അറയിൽ ഒരുപറ അരിയില്ലെങ്കിലും പട്ടിണി ഭാവിക്കാതെ പഴയ ഇല്ലത്തെ നമ്പൂതിരിയെപ്പോലെ കൗപീനമായ കിഫ്ബിയെ പുരപ്പുറത്തിട്ട് പ്രതാപം നടിച്ച് നടക്കുകയാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി. ഏഴരശ്ശനി മാറാൻ ശനീശ്വര ഭഗവാനായ ശബരിമല ശാസ്താവിന് പരിഹാരം ചെയ്താൽ മതി. പക്ഷെ കനകദുർഗ്ഗ, ബിന്ദു ഇത്യാദി ആളുകളെ പോലീസ് അകമ്പടിയോടെ കാര്യനിവൃത്തി നടത്തിയതോടുകൂടി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പോലും സർക്കാരിന് കക്ഷിയാകാൻ വിഘ്നം കാണുകയാണ്. കിഫ്ബി എന്ന അങ്ങയുടെ ജാലവിദ്യയിൽനിന്നും വരുംവർഷങ്ങളിലും മുക്തി നേടാൻ കെട്ടുതാലി വരെ ഊരി കേരളത്തിലെ ജനങ്ങൾ കഷ്ടതയിലെത്തും. കേരളത്തിലെ സാമ്പത്തികനില തകർന്ന് കരാറുകാർക്ക് പണം കൊടുക്കാത്തതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ച് ട്രഷറിക്കകത്ത് ശമ്പളം വാങ്ങുന്ന കുറേ ഉദ്യോഗസ്ഥർ മാത്രമായി മാറി. കേരളത്തിലെ സാമ്പത്തിക രംഗത്ത് തോമാ കാലം അവസാനിക്കുകയാണ്. തോമാ കാലമെന്ന് പറഞ്ഞാൽ തോമസ് ഐസക്കിന്റെ തോമ അല്ല. തോമസ് ഐസക്കിന്റെ 'തോ' യും മാണി സാറിന്റെ 'മാ' യും ചേർത്തുള്ള തോമാ കാലം ഈ സാമ്പത്തിക വർഷത്തോടെ അവസാനിക്കുകയാണ്. സാമ്പത്തിക വളർച്ചയുടെ കേരള മാതൃക പഠിക്കാൻ ഫ്രഞ്ച് ധനതത്വ ശാസ്ത്രജ്ഞൻ Thomas Piketty കേരളത്തിലേയ്ക്ക് വരുന്നതായി പത്രത്തിൽ കണ്ടു. അങ്ങയുടെ പ്രഖ്യാപനങ്ങളും ബഡ്ജറ്റും ദയവുചെയ്ത് അദ്ദേഹത്തെ കാണിക്കരുത്. അദ്ദേഹം

തിരിച്ച് പാരീസിൽ ചെല്ലുമ്പോൾ ആട് തോമ, ആട് തോമ എന്ന് വിളിക്കുന്ന തരത്തിൽ അദ്ദേഹത്തിന്റെ സ്ഥിതി പരുങ്ങലിലാകുമെന്നുള്ളതുകൊണ്ടാണ് ഈ ബഡ്ജറ്റും അങ്ങയുടെ സാമ്പത്തിക പരിഷ്കാരവും അദ്ദേഹത്തെ കാണിക്കരുതെന്ന് പറഞ്ഞത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

സർക്കാരിന്റെ സമയം മോശമായതുകൊണ്ട് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനാണ്. അവശ്യം വേണ്ട ഫണ്ട് കിട്ടുന്നില്ലെന്ന് ഒട്ടനവധി പരാതികൾ അദ്ദേഹം പറയുന്നുണ്ട്. അദ്ദേഹത്തിന്റെ ബുദ്ധിക്കും ശക്തിക്കും രാശിവച്ചാൽ ഒരു കുഴപ്പവും കാണുന്നില്ലെങ്കിലും നാവിൽ അറിയാതെ ഗുളികൻ കയറിയിട്ടുണ്ട്. അതുകൊണ്ടാണ് കിഫ്ബിയെ 'കിംബി'യെന്നും 'പൂതന' 'ബകൻ' തുടങ്ങിയ പദങ്ങൾ അറിയാതെ നാവിൽ വന്നുകൊണ്ടിരിക്കുന്നത്. അടുത്തവർഷംകൊണ്ട് റോഡുകളുടെ മുഖച്ഛായ മാറ്റുമെന്ന് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പറഞ്ഞിരുന്നു. എന്നാൽ, ജനങ്ങൾ കുഴിയിൽ വീണ് ജനങ്ങളുടെ മുഖച്ഛായ ഇപ്പോൾ മാറിക്കൊണ്ടിരിക്കുകയാണ്. കോടതി നിരന്തരം ഇടപെട്ട സ്ഥിതി വന്നിട്ടും ഒരു പരിഹാരവും ഇപ്പോഴുമുണ്ടാകുന്നില്ല. ഈ വർഷവും അങ്ങ് ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. 5 വർഷം 5000 കിലോമീറ്റർ റോഡുകൾ നിർമ്മിക്കുമെന്നാണ് പ്രഖ്യാപനം. ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. നമ്മുടെ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെ 'ധനകാര്യ കയർ വകുപ്പുമന്ത്രി' എന്നുള്ളതിന്റെ കൂടെ 'ധനകാര്യ കയർ പാക്കേജ് പ്രഖ്യാപന വകുപ്പുമന്ത്രി' എന്നാക്കി മാറ്റണമെന്നുള്ള ഒരു അഭ്യർത്ഥന എനിക്ക് ഈയവസരത്തിൽ പറയാനുണ്ട്. ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല. ഇടുക്കി, വയനാട്, കുട്ടനാട് തീരദേശ പാക്കേജ് എല്ലാ ബഡ്ജറ്റിലും പ്രഖ്യാപിക്കും. പക്ഷെ, പ്രഖ്യാപിച്ച പാക്കേജുകളൊന്നും യഥാസമയം നടപ്പിലാക്കാൻ കഴിയാത്തത് അങ്ങയുടെ കുറ്റം കൊണ്ടല്ല, അത് ഈ ഗവൺമെന്റിന്റെ സമയമോശംകൊണ്ടാണ്. അത് തുടർവർഷങ്ങളിലും നടന്നുകൊണ്ടേയിരിക്കും. അതിന് പരിഹാരം കാണാൻ ഒരു മാർഗ്ഗവുമില്ലെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. കേന്ദ്ര ബഡ്ജറ്റ് പട്ടിൽ പൊതിഞ്ഞ ഒരു 'ചിതാഭസ്മ'മായിരുന്നെങ്കിൽ ഇവിടെ അവതരിപ്പിച്ചത് സ്വർണ്ണത്തിൽ പൊതിഞ്ഞ 'ജനകീയ ബഡ്ജറ്റാണ്'. കഴിഞ്ഞ നാല് വർഷം കേരളത്തിന്റെ മുഖവും മനസ്സും മാറ്റിമറിച്ച

ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനം ഭരിക്കുന്നത്. നാല് കേരള ബഡ്ജറ്റുകളും രാജ്യത്തിനാകെ മാതൃകയാണ്. രാജ്യത്തിന്റെ മുന്നിൽ സ്വകാര്യവൽക്കരണ കാലത്തെ ഒരു ബദൽ ബഡ്ജറ്റ് എന്ന നിലയിൽ വലിയ പ്രാധാന്യമുണ്ടെന്നാണ് ഞാൻ കണക്കാക്കുന്നത്. കേന്ദ്ര നയങ്ങളെപ്പറ്റി യു.ഡി.എഫ്.-ന്റെ ബഹുമാനപ്പെട്ട മെമ്പർമാർ ആരും പരാമർശിക്കാത്തതുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങൾ പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേന്ദ്രനയം വല്ലാത്ത നിലയിൽ രാജ്യത്തെ സാമ്പത്തിക കുഴപ്പത്തിലേയ്ക്ക് എത്തിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും അവസാനം എൽ.ഐ.സി. പോലും സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. വിദ്യാഭ്യാസ-ആരോഗ്യ-സേവന മേഖലകൾ സ്വകാര്യവൽക്കരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഏതാണ്ട് പതിനായിരം കോടി രൂപ വെട്ടിക്കുറച്ചിരിക്കുകയാണ്. ഗ്രാമീണ വികസന പദ്ധതികളുടെയെല്ലാം പണം വെട്ടിക്കുറച്ചു. പൊതുവിതരണ സമ്പ്രദായം തകർക്കുന്ന നിലപാട് സ്വീകരിക്കുന്നു. പണപ്പെരുപ്പം പ്രത്യേകിച്ച് ചില്ലറ വ്യാപാര മേഖലയിൽ 7.35 ശതമാനം വരെ ഉയർന്നിരിക്കുകയാണ്. മൊത്ത സൂചിക പ്രകാരം പണപ്പെരുപ്പം 2.59 ശതമാനം വരെ വർദ്ധിച്ചിരിക്കുകയാണ്. രാജ്യത്ത് ഡിമാന്റ് കുറഞ്ഞു. പണപ്പെരുപ്പവും വിലക്കയറ്റവും രൂക്ഷമായ ഒരു അന്തരീക്ഷത്തിൽ കേരളത്തോട് വലിയ രീതിയിലുള്ള അവഗണന കാണിക്കുന്ന സന്ദർഭത്തിൽ നമ്മുടെ സംസ്ഥാനത്ത് വളരെ അഭിനന്ദനാർഹമായ ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചതെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മളെ സംബന്ധിച്ചിടത്തോളം ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്യുമ്പോൾ, ഇന്ന് വളരെ അപ്രതീക്ഷിതമായി യു.ഡി.എഫ്.-ന്റെ ബഹുമാനപ്പെട്ട അംഗം ഇവിടെ റൂൾ 50 പ്രകാരം ഒരു പ്രമേയം അവതരിപ്പിച്ചു. ഞാൻ അത് പറഞ്ഞിട്ട് ഈ ബഡ്ജറ്റിന്റെ ഭാഗത്തേയ്ക്ക് വരാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ കാർഷിക മേഖലയിൽ ഇവർക്ക് എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ?

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വരുന്നതിന് തൊട്ടുമുൻപ് കൂടിയ മന്ത്രിസഭ 822 തീരുമാനങ്ങൾ എടുത്തിരുന്നതിൽ ബഹുഭൂരിപക്ഷവും ഭൂമി മറിച്ചുവിറ്റ് പണം കൊള്ളയടിക്കുന്നവയായിരുന്നു. കോട്ടയത്തെ മെത്രാൻ കായലിൽ 378 ഏക്കർ നിലം പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് കൊടുക്കാൻ തീരുമാനിച്ചു. കോടിമത മൊബിലിറ്റി ഹബ്ബിനായി ഭൂമി ഏറ്റെടുക്കുന്നതിന് നടത്തിയ അഴിമതി, എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കടമക്കുടിയിൽ 47 ഏക്കർ നെൽപ്പാടം നികത്താൻ അനുമതി കൊടുത്തത്, കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിലെ ചെമ്പ് പ്രദേശത്ത് 180.73 ഏക്കർ ഭൂമി നികത്താൻ അനുമതി കൊടുത്തത്, പീരുമേട് ഇക്കോ പ്ലാന്റേഷൻ 750 ഏക്കർ മിച്ചഭൂമി വിട്ടുകൊടുക്കാൻ തീരുമാനിച്ചത്, ഇതൊക്കെ ആർക്കുവേണ്ടി? മിച്ചഭൂമി സന്തോഷ് മാധവന്

വിട്ടുകൊടുക്കാൻ തീരുമാനിച്ചത് എന്തിനുവേണ്ടി? 2009-ൽ ആദർശ് പ്രൈം പ്രോജക്ട് ലിമിറ്റഡിന്റെ കയ്യിലുള്ള 128 ഏക്കർ ഭൂമി മിച്ച ഭൂമിയായി ഗവൺമെന്റ് കണ്ടെത്തിയിരുന്നു. അതിൽ 90 ശതമാനവും നെൽപ്പാടമായിരുന്നു. ഈ പ്രദേശം പതിച്ചുനൽകാൻ തീരുമാനിച്ചത് ആർക്കുവേണ്ടി? ഈ സംസ്ഥാനത്ത് 3 ലക്ഷം കുടുംബങ്ങൾക്ക് കിടക്കാൻ ഒരു സെന്റ് ഭൂമിപോലും ഇല്ലാതിരുന്ന നിങ്ങളുടെ കാലത്ത് വൻകിടക്കാർക്കുവേണ്ടി 25000 ഏക്കർ സ്ഥലം നികത്തി പണമുണ്ടാക്കു ന്നതിനുവേണ്ടി അഴിമതി നടത്താൻ തീരുമാനമെടുത്ത യു.ഡി.എഫ്.-കാരാണ് ഇന്നിവിടെ കൃഷിയെപ്പറ്റി പ്രസംഗിക്കാൻ മുന്നോട്ടുവന്നത്. സത്യം പറഞ്ഞാൽ വളരെയേറെ അപമാനകരമായിപ്പോയി. ഇത് കേരളത്തിലെ കർഷകരോട് കാണിച്ച ഒരു നീതികേടാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഒരു കാര്യം പറയാനുള്ളത്, പാലാ, കോന്നി, വട്ടിയൂർക്കാവ് തെരഞ്ഞെടുപ്പുകൾക്കുശേഷം ഇവർക്ക് വല്ലാത്തൊരു വെപ്രാളമാണ്. ഇതുസംബന്ധിച്ച് മാതൃഭൂമിയുടെ ഓൺലൈൻ പത്രം പറയുന്നത് 'പൗരത്വ നിയമത്തിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചു കൊണ്ടും ഉറച്ചുനിന്നുകൊണ്ടും സ്വന്തം പ്രസക്തി ദേശീയതലത്തിലേയ്ക്ക് ശ്രീ. പിണറായി വിജയനും കേരളത്തിലെ എൽ.ഡി.എഫ്.ഉം ഉയർത്തിയിരിക്കുന്നു. ഇതിന്റെ വിജയമാണ് ഒഴുകിവന്ന മനുഷ്യരുടെ 'മനുഷ്യ മഹാശൃംഖല'. ബി.ജെ.പി.-ക്കും മോദിക്കുമെതിരെ ഉറക്കെ ശബ്ദിക്കാനുള്ള പ്രാപ്തി കോൺഗ്രസിന് നഷ്ടമായിരിക്കുന്നു. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശക്തമായ ചെറുത്തുനിൽപ്പുമായി ഉറച്ചുനിൽക്കുകയാണ്. ഇതിൽ നിങ്ങൾ ഭയപ്പെടുന്നു. നിങ്ങളുടെ അടിത്തറ ഇളകുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പല്ല, നിയമസഭ, പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ; പാലാ, കോന്നി, വട്ടിയൂർക്കാവ് നിങ്ങളെ അസ്വസ്ഥരാക്കുന്നു. ഒരു കാര്യം ഉറപ്പിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. മാതൃഭൂമി ഓൺലൈൻ പത്രത്തിൽ അവസാനം പറഞ്ഞ ഒരു ഭാഗമുണ്ട്. 'ഒരു തുടർഭരണം കേരളത്തിലുണ്ടാകാൻ സാധ്യതയുണ്ട്', അതുകൊണ്ടാണ് ഇവർ വെപ്രാളം പിടിക്കുന്നത്. ഒരു കാര്യം ഞാൻ പറയട്ടെ, യോജിച്ച സമരത്തെക്കുറിച്ച് ഒരുപാട് ചർച്ചകൾ നടന്നു. സമയക്കുറവുകാരണം ഞാൻ വിശദീകരിക്കുന്നില്ല. ഈ യോജിച്ച സമരം തകർത്തതിനെപ്പറ്റി ലീഗിന്റെ അഭിപ്രായം അറിയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങളെ എന്നും പിന്തുണച്ചിട്ടുള്ള സമസ്തയുടെ മുഖപത്രം 'സുപ്രഭാതം' എഴുതിയ എഡിറ്റോറിയലുണ്ട്. നിങ്ങൾ വായിക്കാൻ സാധ്യതയുണ്ട്. ഇതിന്റെ പ്രസക്തഭാഗങ്ങൾ മാത്രം ഞാൻ പറയാം. 'കേരളത്തിലെ കോൺഗ്രസിന് കണക്ക് തീർക്കാനുള്ള സമയമല്ലയിത്'. മുസ്ലീം ലീഗ് അംഗീകരിക്കുന്നെങ്കിൽ അംഗീകരിച്ചുവെന്ന് പറയണം. ഇന്നുപറയണ്ട, നാളെ പറഞ്ഞാൽ മതി. ഡിസംബർ 16 തിങ്കളാഴ്ച പാളയം രക്തസാക്ഷി മണ്ഡപത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ എൽ.ഡി.എഫ്-ഉം യു.ഡി.എഫ്.-ഉം പൗരത്വ നിയമ ഭേദഗതിക്കെതിരെ, പൗരത്വ പട്ടികയ്ക്കെതിരെ സംയുക്തമായി നടത്തിയ സത്യാഗ്രഹം കേരളം കൺകുളിർക്കെ കണ്ടതാണ്. സംസ്ഥാന സർക്കാർ തനിച്ചുനടത്താനിരുന്ന സമരത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടൊപ്പം സമരം സംയുക്തമായി നടത്തിക്കൂടേയെന്ന് ചോദിച്ചതിന്റെ ഭാഗമായിട്ടാണ് സമരം മുന്നോട്ടുപോയത്. സംസ്ഥാനം ഒറ്റക്കെട്ടായി

ഈ നിയമത്തിനെതിരെ പോരാടുമെന്നും കേരളത്തിൽ അത് നടപ്പാകുകയില്ലെന്നുമുള്ള ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ഉറച്ച ശബ്ദവും ജനത ആവേശത്തോടെയാണ് സ്വീകരിച്ചത്. ഇത്തരമൊരു സന്ദർഭത്തിലാണ് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.ഉം യോജിച്ച് സമരം നടത്തിയത് ഉചിതമായില്ലെന്നും എല്ലാവരോടും ആലോചിച്ചിട്ടില്ലെന്നും ഇങ്ങനെയൊരു സമരം ഉണ്ടാകുകയില്ലെന്നും കെ.പി.സി.സി.-യുടെ ബഹുമാനപ്പെട്ട പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ പ്രഖ്യാപിച്ചത്. നിങ്ങളുടെ അഭിപ്രായം പറഞ്ഞാൽ മതി, ഇപ്പോൾ പറയണ്ട. മാത്രമല്ല, പൗരത്വ നിയമ ഭേദഗതിയും പൗരത്വ പട്ടികയും ന്യൂനപക്ഷത്തിനെ മാത്രം ബാധിക്കുന്ന പ്രശ്നമായി ചുരുക്കിക്കൊണ്ടുവരാൻ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും ലീഗിന്റെ ബഹുമാനപ്പെട്ട ഒരു മെമ്പറും ഇവിടെ ചർച്ചയിൽ പങ്കെടുത്ത് പറഞ്ഞ ഒരു കാര്യംകൂടി ഞാൻ ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. മുസ്ലീം ന്യൂനപക്ഷത്തെ ബാധിച്ച ഏറ്റവും വലിയ ആഘാതമായിരുന്ന ബാബറി മസ്ജിദ് ധ്വംസനം. അത് നടക്കുമ്പോൾ ഇന്ത്യ ഭരിച്ചിരുന്നത് പ്രധാനമന്ത്രി പി. വി. നരസിംഹറാവു ആയിരുന്നു. അന്ന് ബാബറി മസ്ജിദ് തകർക്കുന്നത് തടഞ്ഞിരുന്നുവെങ്കിൽ ഫാസിസ്റ്റ് കക്ഷികൾ ശക്തിയാർജ്ജിച്ച് പൗരത്വഭേദഗതി ബിൽ കൊണ്ടുവരാൻ ധൈര്യപ്പെടില്ലായിരുന്നു.'' ഇത് നിങ്ങളുടെ സമസ്തയുടെ പത്രമാണ്. ദേശീയ പ്രസ്ഥാനത്തിൽ ഗാന്ധിജിക്കും നെഹ്റുവിനും ഒപ്പം മൗലാനാം അബ്ദുൾകലാം ആസാദും മുഹമ്മദ് ജൗഹറും കൈകോർത്ത് മുന്നേറുമ്പോൾ കേരളത്തിൽ മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബിനോടും കെ. മാധവൻ നായരോടും കണക്ക് ചോദിക്കുന്നതായിരുന്നില്ല അന്നത്തെ കേരളത്തിലെ കോൺഗ്രസ് നേതൃത്വം. ഇതിൽ അവസാനം പറയുന്നു, "കൊടിയുടെയും പാർട്ടിയുടെയും ജാതകം നോക്കാതെ പ്രതിഷേധിക്കുന്ന ജനതയ്ക്കൊപ്പം നിൽക്കുകയാണ് ഈ സന്ദർഭത്തിൽ വേണ്ടത്. ഇന്ത്യൻ മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും അടിത്തറയാണ് ഫാസിസ്റ്റുകൾ മാന്തിക്കൊണ്ടിരിക്കുന്നത്. ഈ നിർണ്ണായകഘട്ടത്തിൽ എല്ലാവരെയും ചേർത്തുപിടിച്ചുകൊണ്ടുള്ള ഒരു സമരം മാത്രമേ വിജയിക്കൂ. അത്തരമൊരു സമരത്തിന് കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുപിന്നിൽ അണിനിരക്കാൻ ജനാധിപത്യമതേതര ശക്തികളോട് ഞങ്ങൾ ആവശ്യപ്പെടുന്നു. സുപ്രഭാതം.'' ഇത് അംഗീകരിക്കുന്നെങ്കിൽ നിങ്ങൾ അത് പറയണം. നിങ്ങളുടെ വെപ്രാളത്തിന്റെ അടിസ്ഥാനമെന്താണെന്ന് ഞാനിവിടെ വിശദീകരിച്ചുകഴിഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: ...യെസ്....പ്ലീസ്

ശ്രീ. സജി ചെറിയാൻ: സർ, രണ്ടുമിനിറ്റുകൂടി എനിക്ക് അനുവദിക്കണം. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തെക്കുറിച്ചുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മൾക്ക് നേരിടേണ്ടിവന്ന പ്രളയം, ഓഖി, നിപ, വരൾച്ച, നോട്ട് നിരോധനം, ജി.എസ്.ടി., കേന്ദ്ര അവഗണന, വായ്പാ പരിധി വർദ്ധിപ്പിക്കാത്ത സാഹചര്യം, കൊറോണ വൈറസ് എന്നീ പ്രതിസന്ധികളെ അതിജീവിപ്പിച്ച് 7.5% വളർച്ചയുണ്ടായ അഭിമാനകരമായ സമയമാണിത്. നിങ്ങളിത് അംഗീകരിക്കണ്ട. അതുകൊണ്ടും അവസാനിപ്പിക്കുന്നില്ല. ഞാനിവിടെ നേട്ടങ്ങളെക്കുറിച്ച് ധാരാളം വിശദീകരിച്ചു.

ഞാൻ സഹോദരതുല്യനായി സ്നേഹിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. ഉമ്മൻ ചാണ്ടി സാറും ജനിച്ച മണ്ഡലത്തിലെ എം.എൽ.എ.യാണ് ഞാൻ. നിങ്ങൾ കഴിഞ്ഞ അഞ്ച് വർഷം ഭരിച്ചു, അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയുമായിരുന്നു. ബഹുമാന്യരായ പ്രതിപക്ഷനേതാവോ ശ്രീ ഉമ്മൻ ചാണ്ടി സാറോ ആ മണ്ഡലത്തിനുവേണ്ടി പത്തുപൈസ തന്നോ? ശ്രീ. പി. സി. വിഷ്ണുനാഥിനെ തുലച്ചതിങ്ങനെയാണ്. ഞാൻ കൃത്യമായ കണക്കിവിടെ പറയുന്നില്ല, കാരണം കണക്കിവിടെ പറഞ്ഞാൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നാളെ എന്റെ മണ്ഡലത്തിനുവേണ്ടി തുക അനുവദിക്കില്ല. എന്നാലും ഞാനിവിടെ പറയുന്നു, ഈ ഗവൺമെന്റ് വന്നതിനുശേഷം ബൈപ്പാസിന് 200 കോടി രൂപയും കുടിവെള്ള പദ്ധതിക്ക് 200 കോടി രൂപയും ഉൾപ്പെടെ 4,000 കോടി രൂപ എന്റെ മണ്ഡലത്തിനുവേണ്ടി അനുവദിച്ചു. ഇത് പറഞ്ഞുവെന്ന കാരണത്താൽ ഡോ. ടി. എം. തോമസ് ഐസക് എനിക്ക് തുക അനുവദിക്കാതിരിക്കരുത്. നിങ്ങളുടെ ഭരണകാലത്ത് എന്റെ മണ്ഡലത്തിനുവേണ്ടി ഒരു തുകയും ചെലവഴിച്ചില്ല. എല്ലാ പ്രവൃത്തിയും ആരംഭിച്ചു. ബഹുമാനപ്പെട്ട ജി. സുധാകരൻ ഇവിടെ ഇരിക്കുന്നുണ്ട്. എന്റെ മണ്ഡലത്തിലെ മുഴുവൻ റോഡുകളുടെയും പണിചെയ്തുകൊണ്ടിരിക്കുകയാണ്. 25 വർഷം ഒരു രൂപപോലും അനുവദിക്കാത്തതെന്തുകൊണ്ടാണ്? നിങ്ങൾ തന്നില്ല. ശ്രീ. വി. ഡി. സതീശൻ കുട്ടനാടിനെപ്പറ്റി ഇപ്പോൾ പറഞ്ഞു, കുട്ടനാടിനുവേണ്ടി ഇപ്പോഴല്ല പണം അനുവദിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ദിവസം മുതൽ കോടിക്കണക്കിന് രൂപ വിനിയോഗിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടനാട്ടിൽ 20 പാലങ്ങളും 100 കണക്കിന് റോഡുകളുമാണ് പണിയുന്നത്. അവിടെ പണം മുടക്കിക്കൊണ്ടിരിക്കുന്നതിനാൽ കുട്ടനാട്ടിലെ കാർഷിക മേഖല സമൃദ്ധമായി. രാഷ്ട്രീയം പറഞ്ഞ് കുട്ടനാട്ടിൽ നടക്കുന്ന വികസനപ്രവർത്തനങ്ങളെ കൊച്ചാക്കേണ്ട. ഒരു പുതിയ പാക്കേജാണ് അവിടെ പ്രഖ്യാപിച്ചിരിക്കുന്നത്. അങ്ങ് ഇവിടെ പറഞ്ഞല്ലോ കിഫ്ബി ഒന്നും തന്നില്ലെന്ന്. വീയപുരം-മാന്നാർ റോഡ് ആരുടേതാണ്? അങ്ങയുടേതല്ലെങ്കിൽ അത് എനിക്ക് തരുമോ? ഹരിപ്പാട് മുതൽ പള്ളിപ്പാട് വരെയുള്ള ഭാഗം എനിക്ക് തരുമോ? ശ്രീ. ജി. സുധാകരൻ കല്ലിട്ടതല്ലേ? അതൊക്കെ അങ്ങ് മറക്കരുത്. ഈ അടുത്ത ദിവസം അങ്ങയുടെ മണ്ഡലത്തിലെ സ്കൂൾ കെട്ടിടം പൂർത്തീകരിച്ച് ഡോ. ടി. എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്തതില്ലേ? ചെങ്ങന്നൂര് അനുവദിച്ചവയെക്കുറിച്ച് നാളെ പറഞ്ഞാൽ മതി. വികസനം നടന്നില്ലെന്ന് പറഞ്ഞ് ആക്ഷേപിക്കരുത്. 600 രൂപയിൽ നിന്നും 1,300 രൂപയായി പെൻഷൻ വർദ്ധിപ്പിച്ച ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചില്ലെന്നുമാത്രം പറയരുത്. 14 മാസം കുടിശ്ശികയായിരുന്ന പെൻഷൻ തുക മുഴുവൻ കൊടുത്തു. 8,000 കോടി രൂപ ഗവൺമെന്റിന്റെ ആദ്യത്തെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം കൊടുത്തു. നാല് മിഷൻ വഴി, 254000 വീട് ഒരു

സംസ്ഥാനത്ത് നിർമ്മിക്കുക എന്നത് നിസ്സാര കാര്യമാണോ? എന്റെ മണ്ഡലത്തിന്റെ അനുഭവമാണ് ഞാൻ പറയുന്നത്. 1200 വീടുകളാണ് പൂർത്തീകരിച്ച് നൽകിയത്. ആർദ്രം, ഹരിത കേരളം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി. ശ്രീ. രമേശ് ചെന്നിത്തലയുടെ വീട്ടിന് മുന്നിലൂടെ പോകുന്ന കുട്ടമ്പേരൂർ ആറ് ഞങ്ങളാണ് നവീകരിച്ചത്. വരട്ടാറിന്റെ നവീകരണം ചെയ്തുകൊണ്ടിരിക്കുകയാണ്. എല്ലാ റോഡുകളും മനോഹരമാക്കി, പുതിയ പാലങ്ങൾ, പുതിയ നിർമ്മാണം, കണ്ണഞ്ചിപ്പിക്കുന്ന റോഡുകൾ, നിർമ്മാണത്തിൽ നൂതന സാങ്കേതിക വിദ്യയായ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ ബഹുഭൂരിപക്ഷം റോഡുകളും, 14000 കിലോമീറ്റർ പൂർത്തിയായി. സേഫ്റ്റി കോറിഡോർ പദ്ധതിയും മലയോര തീരദേശ പദ്ധതിയും കൊണ്ടുവന്നു. ദേശീയ പാത വികസനം ആരംഭിച്ചു. ഉപേക്ഷിക്കപ്പെട്ട കൊല്ലം ബൈപ്പാസ് പൂർത്തീകരിച്ചു. 17 വർഷം മുമ്പ് നിങ്ങൾ പറഞ്ഞുനടന്ന ആലപ്പുഴ ബൈപ്പാസ് ശ്രീ. പിണറായി വിജയന്റെ കാലത്ത് ഡോ. ടി. എം. തോമസ് ഐസക്കും ശ്രീ. ജി. സുധാകരനും കൂടി പൂർത്തീകരിക്കുന്നു. അങ്ങ് ആഭ്യന്തരമന്ത്രിയായിരുന്നപ്പോൾ ഇതിനുവേണ്ട നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടാണ്? 450 പാലങ്ങൾ, നിങ്ങൾ തർക്കിച്ചിട്ട് കാര്യമില്ല. കാർഷിക രംഗത്ത് സമഗ്ര വികസനം, പാലങ്ങൾ, കുടിവെള്ള പദ്ധതികൾ, തുറമുഖങ്ങൾ, മാർക്കറ്റുകൾ, സിനിമാ തിയേറ്ററുകൾ ഐ.ടി. രംഗത്ത് ലക്ഷക്കണക്കിന് ചതുരശ്രയടി കെട്ടിടങ്ങൾ, കൊച്ചി മെട്രോ രണ്ടാം ഘട്ടം, ഇലക്ട്രിസിറ്റി പവർ ഹൈവേ നിർമ്മാണം, ഏതാണ്ട് 1500 സ്റ്റാർട്ടപ്പ് സംരംഭങ്ങൾ, ഇതിൽ കൂടുതൽ പദ്ധതികളും നാല് വർഷം കൊണ്ട് നടപ്പിലാക്കി. കിഫ്ബി വഴി 50,000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ, വ്യവസായ ഇടനാഴി പദ്ധതിക്ക് 1,351 കോടി രൂപ മുടക്കി സ്ഥലമേറ്റെടുത്തു. മോഡേൺ ഇൻഡസ്ട്രിയൽ സെക്ടറിൽ 458000 പേർക്ക് തൊഴിൽ നൽകിയ, ഐ. ടി. മേഖലയിൽ 25 ദശലക്ഷം ചതുശ്ര അടി കെട്ടിടം പണിത ഗവൺമെന്റാണിത്. ക്ഷീര മേഖലയിലും വൻമാറ്റം വരുത്തിയിട്ടുണ്ട്. ഞാൻ ഓരോന്നും എടുത്തുപറയുന്നില്ല. ഇത്രയും കാര്യങ്ങൾ നേടിയെടുത്ത നിങ്ങൾ ഈ മന്ത്രിയെ ആക്ഷേപിച്ചുകൊണ്ട് നടത്തിയ വികസനങ്ങളെ ചുരുക്കിക്കാണിക്കണ്ട. ഡോ. ടി. എം. തോമസ് ഐസക് ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ യു.ഡി.എഫ്.-ന്റെ അന്ത്യം കുറിക്കുന്ന ബഡ്ജറ്റായി ഇത് മാറി. ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ........ ഓർഡർ........... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 ഫെബ്രുവരി മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.36-ന് പിരിഞ്ഞു.)

## അനുബന്ധം I

### നക്ഷത്രചിഹ്നമിട്ട 138-ാം നമ്പർ ചോദ്യത്തിന്റെ അനുബന്ധം

TOTAL NO. OF PERSONS KILLED (FATALITIES) IN ROAD ACCIDENTS IN LAST DECADE

| Month/Year | 2010 | 2011 | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 |
|---|---|---|---|---|---|---|---|---|---|---|
| January | 373 | 350 | 367 | 397 | 415 | 391 | 432 | 349 | 394 | 459 |
| February | 308 | 333 | 348 | 360 | 323 | 377 | 380 | 336 | 386 | 393 |
| March | 353 | 351 | 319 | 429 | 335 | 373 | 376 | 313 | 361 | 410 |
| April | 402 | 387 | 403 | 373 | 362 | 373 | 381 | 362 | 415 | 418 |
| May | 405 | 389 | 387 | 412 | 395 | 362 | 405 | 412 | 405 | 443 |
| June | 295 | 350 | 330 | 305 | 350 | 301 | 320 | 320 | 336 | 354 |
| July | 273 | 286 | 328 | 304 | 304 | 328 | 311 | 337 | 318 | 296 |
| August | 314 | 300 | 388 | 324 | 306 | 361 | 320 | 336 | 288 | 287 |
| September | 328 | 372 | 330 | 330 | 308 | 304 | 371 | 330 | 321 | 325 |
| October | 283 | 354 | 338 | 280 | 271 | 311 | 350 | 321 | 291 | 349 |
| November | 281 | 321 | 329 | 349 | 325 | 366 | 290 | 346 | 352 | 320 |
| December | 335 | 352 | 419 | 395 | 355 | 349 | 351 | 369 | 436 | 354 |
| Annual Total | 3950 | 4145 | 4286 | 4258 | 4049 | 4196 | 4287 | 4131 | 4303 | 4408 |
| % Variation from previous year | | 4.9% | 3.4% | -0.7% | -4.9% | 3.6% | 2.2% | -3.6% | 4.2% | 2.4% |

## അനുബന്ധം II

## 1-11-2019-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 137-ന്റെ തിരുത്തിയ ഉത്തരം

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി

ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീ. പി. വി. അൻവർ:

ശ്രീമതി യു. പ്രതിഭ:

ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2020-21-ലെ വാർഷിക പദ്ധതി സമർപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായക സ്ഥാനം വഹിക്കുന്നതിനാൽ പദ്ധതി പുരോഗതി വിലയിരുത്താൻ ജില്ലാതല യോഗങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഇ) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാളിതുവരെ എത്ര ശതമാനം തുക വിനിയോഗിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ 2020-21-ലെ വാർഷിക പദ്ധതി, വരുന്ന ഡിസംബർ, ജനുവരി മാസങ്ങളിലായി തയ്യാറാക്കുന്ന രീതിയിൽ സമയക്രമം നിശ്ചയിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) 2020-21 വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള

വിശദമായ മാർഗ്ഗരേഖകൾ 29-1-2018-ലെ സ.ഉ. (കൈ) നമ്പർ 11/2018/ത.സ്വ.ഭ.വ., 2-2-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/ത.സ്വ.ഭ.വ., 14-2-2018-ലെ സ.ഉ. (കൈ) നമ്പർ 22/2018/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2020-21 വാർഷിക പദ്ധതി രൂപീകരിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവിൽ അധിക മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

(സി) ഉണ്ട്. 23-10-2018-ലെ സ.ഉ.(സാധാ)നമ്പർ 2710/2018/ത.സ്വ.ഭ.വ. ഉത്തരവിൽ ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായുള്ള ജില്ലാതല യോഗങ്ങൾ മൂന്ന് ഘട്ടങ്ങളിലായി സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ട യോഗങ്ങൾ 2019 ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെ കാലയളവിൽ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ടം ഒക്ടോബർ 15 മുതൽ നവംബർ 15 വരെയും മൂന്നാംഘട്ടം ഡിസംബർ 15 മുതൽ ജനുവരി 15 വരെയുമായി സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു. (25-10-2019 വരെ)

തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| ഗ്രാമ പഞ്ചായത്ത് | 30.25% |
| ബ്ലോക്ക് പഞ്ചായത്ത് | 34.77% |
| ജില്ലാ പഞ്ചായത്ത് | 23.75% |
| മുനിസിപ്പാലിറ്റി | 27.06% |
| കോർപ്പറേഷൻ | 23.37% |
| ആകെ | 28.77% |

പൊതുവിഭാഗം, SCSP, TSP-യുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 35.61% | 23.94% | 26.86% |